ചിത്രം3.49	വിഭവങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയ്ക്കും ഊന്നൽ നൽകേണ്ടുന്ന പ്രദേശങ്ങൾ	141
ചിത്രം3.50	ജില്ലയിലെ ഗതാഗത ശൃംഖല	142
ചിത്രം3.51	നിർദ്ദിഷ്ട തീരദേശ ഹൈവേ	144
ചിത്രം3.52	ഹിൽ ഹൈവേ - ജില്ലയിലെ ഭാഗങ്ങൾ	145
ചിത്രം3.53	നിർദ്ദിഷ്ട കൊച്ചി മെട്രോ - റെയിൽപ്പാത	147
ചിത്രം3.54	നിലവിലുള്ള ജലഗതാഗത പാതകൾ	148
ചിത്രം3.55	കൊച്ചി വാട്ടർ മെട്രോ ജലപാതകളും ബോട്ട് ജെട്ടികളും	149
ചിത്രം3.56	കൊച്ചി തുറമുഖം	151
ചിത്രം3.57	വിമാനാത്താവളങ്ങളുടെ സ്ഥാനം	152
ചിത്രം3.58	ജില്ലയിലെ കവലകളുടെ നിർദ്ദിഷ്ട ക്രമം	153
ചിത്രം3.59	തദ്ദേശഭരണസ്ഥാപനങ്ങളുടെ നിർദ്ദിഷ്ട ക്രമം	153
ചിത്രം3.60	നിർദ്ദിഷ്ട റോഡ് ശൃംഖലാ കാഴ്ചപ്പാട്	154
ചിത്രം3.61	നിർദ്ദിഷ്ട ഗതാഗത ശൃംഖലാ കാഴ്ചപ്പാട്	155
ചിത്രം3.62	നിർദ്ദിഷ്ട ഗതാഗത ശൃംഖലാ - കൊച്ചി സിറ്റി റീജിയണൽ മാസ്റ്റർ പ്ലാൻ	155
ചിത്രം3.63	നിർദ്ദിഷ്ട ചമ്പക്കര - തൃപ്പൂണിത്തുറ - ചേപ്പനം ജലപാത	156
ചിത്രം3.64	നിർദ്ദിഷ്ട സീപോർട്ട് - എയർപോർട്ട് ജലപാത	157
ചിത്രം3.65	നിർദ്ദിഷ്ട പൂത്തോട്ട -കടമ്പ്രയാർ ഇക്കോടൂറിസം ഇടനാഴി	157
ചിത്രം3.66	സഞ്ചിത പ്രവർത്തക സൂചകം	159
ചിത്രം3.67	അധിവാസ കേന്ദ്രങ്ങളുടെ ക്രമം - സ്ഥലപര വിന്യാസം	161
ചിത്രം3.68	ജില്ലയിലെ ഒന്നും രണ്ടും ക്രമത്തിലുള്ള അധിവാസ കേന്ദ്രങ്ങൾ	164
ചിത്രം3.69	നിർദ്ദിഷ്ട രണ്ടാം ക്രമ അധിവാസ കേന്ദ്രങ്ങൾ	165
ചിത്രം3.70	രണ്ടാം ക്രമ അധിവാസ കേന്ദ്രങ്ങളും സേവന പ്രദേശങ്ങളും	166
ചിത്രം3.71	മൂന്നാം ക്രമ അധിവാസ കേന്ദ്രങ്ങളുടെ സേവന മേഖല	166
ചിത്രം3.72	അധിവാസ കേന്ദ്രങ്ങങ്ങളുടെ നിർദ്ദിഷ്ടക്രമം	167
ചിത്രം3.73	ജില്ലയുടെ കോണ്ടൂർ മാപ്പ്	171
ചിത്രം3.74	ഭൂപ്രകൃതി അനുസരിച്ച് ജില്ലയുടെ തരംതിരിവ്	172
ചിത്രം3.75	ജില്ലയിലെ വനപ്രദേശങ്ങൾ/ഉയർന്ന പ്രദേശങ്ങൾ	172
ചിത്രം3.76	പരിസ്ഥിതി ലോല പ്രദേശങ്ങൾ	173
ചിത്രം3.77	തീരദേശ പരിപാലനനിയമം ബാധകമാക്കിയിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ	173

ചിത്രം3.78	ദുരന്ത സാധ്യതകൾ	174
ചിത്രം3.79	വികസന നിയന്ത്രിത മേഖലകൾ	175
ചിത്രം3.80	നഗര പ്രവർത്തന പ്രദേശം	176
ചിത്രം3.81	പ്രാഥമിക പ്രവർത്തന പ്രദേശം	177
ചിത്രം3.82	വനത്തിന് ഹാനികരമല്ലാത്ത പ്രാഥമിക പ്രവർത്തനങ്ങൾ	177
ചിത്രം3.83	ദ്വിതീയ മേഖലയിലെ പ്രവർത്തന പ്രദേശം	178
ചിത്രം3.84	കാർഷികാനുബന്ധമായ പ്രവർത്തന പ്രദേശം	179
ചിത്രം3.85	ജില്ലയുടെ പ്രവർത്തന രൂപ മാതൃക	179
ചിത്രം3.86	ജില്ലയുടെ നിർദ്ദിഷ്ട സ്ഥലപര ഘടന	181
ചിത്രം4.1	ജില്ലാ - ഒറ്റനോട്ടത്തിൽ	188
ചിത്രം4.2	വിസ്തൃതിയും ഉത്പാദനക്ഷമതയും	188
ചിത്രം4.3	ചേരാനെല്ലൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി	201
ചിത്രം4.4	നിർമ്മാണം പൂർത്തിയാക്കിയ കടൽഭിത്തി	203
ചിത്രം4.5	പുറപ്പിള്ളിക്കാവ് റഗുലേറ്റർ കം ബ്രിഡ്ജ്	204
ചിത്രം4.6	ഭൂതത്താൻ കെട്ട് ബാരേജ് മുകൾഭാഗം	206
ചിത്രം4.7	ഓവുചാലുകളുടെ ഭൂപടം	218
ചിത്രം4.8	എറണാകുളം വാട്ടർഷെഡ്	219
ചിത്രം4.9	സോയിൽ ഇറോസിയൺ	220
ചിത്രം4.10	സോയിൽസ്	221
ചിത്രം4.11	സോയിൽ ഫെർട്ടിലിറ്റി മാപ്പ്	222
ചിത്രം4.12	ജില്ലാ മാപ്പ്	223
ചിത്രം4.13	കന്നുകാലി കാനേഷുകുമാരി മൃഗസംരക്ഷണ വകുപ്പ്	233
ചിത്രം4.14	ശതമാനകണക്കുകൾ കന്നുകാലികളിൽ	234
ചിത്രം4.15	കന്നുകാലികൾ പശുവർഗ്ഗം	234
ചിത്രം4.16	കോഴിവർഗ്ഗം ശതമാനത്തിൽ	235
ചിത്രം4.17	നായകൾ താലൂക്കടിസ്ഥാനത്തിൽ	236
ചിത്രം4.18	പാൽ ഉത്പാദനം	238
ചിത്രം4.19	മുട്ട ഉത്പാദനം	238
ചിത്രം4.20	ഇറച്ചി ഉത്പാദനം	238
ചിത്രം4.21	പാൽ ഉത്പാദനവും കുറവും	239
ചിത്രം4.22	മുട്ട ഉത്പാദനവും കുറവും	239
ചിത്രം4.23	മാംസം ഉത്പാദനവും കുറവും	239
ചിത്രം4.24	ആഗോളവത്ക്കരണം	263
ചിത്രം4.25	അശാസ്ത്രീയ മത്സ്യബന്ധന രീതികളും ചൂഷണവും	264
ചിത്രം4.26	ആരോഗ്യം - പി.എച്ച്.സി	265
ചിത്രം4.27	മാലിന്യ നിക്ഷേപം	267
ചിത്രം4.28	മാലിന്യം - ജലാശയങ്ങളിൽ	267
ചിത്രം4.29	കണ്ടൽക്കാടുകൾ	268
ചിത്രം4.30	കടൽതീരത്തിന്റെ അവസ്ഥ	269
ചിത്രം4.31	കണ്ടൽക്കാടുകൾ	279
ചിത്രം4.32	സാംക്രമിക രോഗങ്ങൾ	302
ചിത്രം4.33	ഡെങ്കിപ്പനി - സ്ഥലമാന വിശകലനം 2015	303
ചിത്രം4.34	ഡെങ്കിപ്പനി - സ്ഥലമാന വിശകലനം 2016	303
ചിത്രം4.35	ഡെങ്കിപ്പനി - സ്ഥലമാന വിശകലനം 2017	303
ചിത്രം4.36	എലിപ്പനി - സ്ഥലമാന വിശകലനം 2016	304
ചിത്രം4.37	എലിപ്പനി - സ്ഥലമാന വിശകലനം 2017	304
ചിത്രം4.38	മഞ്ഞപ്പിത്തം എ സ്ഥലമാന വിശകലനം	304
ചിത്രം4.39	മഞ്ഞപ്പിത്തം ബി സ്ഥലമാന വിശകലനം	305
ചിത്രം4.40	നവജാതു ശിശു-മാതൃ മരണങ്ങൾ	305
ചിത്രം4.41	ആദിവാസി മേഖല	307
ചിത്രം4.42	ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തിലെ ഹോമിയോ ചികിത്സാലയം	315

ചിത്രം4.43	നായരമ്പലം ഗ്രാമപഞ്ചായത്തിലെ ഫിസിയോ തെറാപ്പി യൂണിറ്റ് 2	318
ചിത്രം4.44	വിസർജ്ജ്യജന്യമായ സൂക്ഷ്മ രോഗാണുക്കളുടെ സാന്നിധ്യം (വർഷകാലവും വേനൽക്കാലവും താരതമ്യം) 2011	323
ചിത്രം4.45	വിസർജ്ജ്യജന്യമായ സൂക്ഷ്മ രോഗാണുക്കളുടെ സാന്നിധ്യം (വർഷകാലവും വേനൽക്കാലവും താരതമ്യം) 2012	324
ചിത്രം4.46	വിസർജ്ജ്യജന്യമായ സൂക്ഷ്മ രോഗാണുക്കളുടെ സാന്നിധ്യം (വർഷകാലവും വേനൽക്കാലവും താരതമ്യം) 2013	324
ചിത്രം4.47	വിസർജ്ജ്യജന്യമായ സൂക്ഷ്മ രോഗാണുക്കളുടെ സാന്നിധ്യം (വർഷകാലവും വേനൽക്കാലവും താരതമ്യം) 2014	325
ചിത്രം4.48	വിസർജ്ജ്യജന്യമായ സൂക്ഷ്മ രോഗാണുക്കളുടെ സാന്നിധ്യം (വർഷകാലവും വേനർക്കാലവും താരതമ്യം) 2015	325
ചിത്രം4.49	നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ വിവിധ നിരീക്ഷണ കിണറുകളിലെ ജല നിരപ്പ് അടിസ്ഥാനമാക്കി തയ്യാറാക്കിയ ഹൈഡ്രോഗ്രാഫുകൾ 1	327
ചിത്രം4.50	ഹൈഡ്രോഗ്രാഫുകൾ 2	327
ചിത്രം4.51	ഹൈഡ്രോഗ്രാഫുകൾ 3	328
ചിത്രം4.52	ഹൈഡ്രോഗ്രാഫുകൾ 4	328
ചിത്രം4.53	ജില്ലയിലെ പൊതു ശൗചാലയങ്ങളുടെ വിവരം	330
ചിത്രം4.54	ബ്രഹ്മപുരം പ്ലാന്റ്	333
ചിത്രം4.55	ജില്ലയിലെ വിവിധ കമ്മ്യൂണിറ്റി തല മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ 1	334
ചിത്രം4.56	മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ 2	335
ചിത്രം4.57	ജില്ലയിൽ നടക്കപ്പെട്ട ഹരിത വിവാഹങ്ങളിൽ നിന്നുള്ള ദൃശ്യങ്ങൾ	340
ചിത്രം4.58	വിവിധ ഗ്രീൻ പ്രോട്ടോക്കോൾ ഉത്സാവാഘോഷങ്ങളിലെ ദൃശ്യങ്ങൾ	341
ചിത്രം4.59	പുതുവൈപ്പിലുള്ള എൽ.എൻ.ജി. ടെർമിനൽസ്	375
ചിത്രം4.60	നെടുമ്പാശ്ശേരി വിമാനാത്താവളത്തിലുള്ള സോളാർ പ്ലാന്റ്	377
ചിത്രം4.61	കൊച്ചി മെട്രോ	385
ചിത്രം4.62	റോഡപകടങ്ങൾ (ശതമാനത്തിൽ)	388
ചിത്രം4.63	നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന വൈറ്റില മേല്പ്പാലത്തിന്റെ മാതൃക	390
ചിത്രം4.64	പിറവം മുനിസിപ്പാലിറ്റിയിലെ ജിപ്സംഅംഗൻവാടി	424
ചിത്രം4.65	കേരളത്തിലെ വിവിധ ജില്ലകളിലെ ഇതര സംസ്ഥാന തൊഴിലാളികൾ	444
ചിത്രം 5.1	കാറ്റഗറി 1	458
ചിത്രം 6.1	റോഡരികിൽബന്തിച്ചെടി, തൊട്ടുതാഴെ കുറ്റിപ്പയർ, അതിനും താഴെ നെല്ച്ചെടികൾ.	576
ചിത്രം 6.2	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ് വിഹിതമായി 2017-18 ൽ അനുവദിച്ച് നൽകിയ വികസന ഫണ്ട്.	582
ചിത്രം 6.3	ഉത്പാദന മേഖലയിൽ തദ്ദേശഭരണസ്ഥാപനങ്ങൾ വെച്ച പ്രൊജക്ടുകളുടെ എണ്ണം	583
ചിത്രം 6.4	കണ്ടെയ്നറുകളിൽ അലങ്കാര ചെടികളും കുറ്റിച്ചെടികളും വളർത്തൽ	588
ചിത്രം 6.5	ബ്രഹ്മപുരം മാലിന്യ സംസ്ക്കരണപ്ലാന്റിനു ചുറ്റും സംരക്ഷണബെർറ്റ് 2000 ചെടി/മരം 6,50,000	588
ചിത്രം 6.6	പച്ചതുരുത്തുകൾ വികസിപ്പിക്കൽ	588
ചിത്രം 6.7	ബ്ലോക്ക് തിരിച്ചുള്ള മരം വെച്ചുപിടിപ്പിക്കൽ	589
ചിത്രം 6.8	വെർട്ടിക്കിൾ കൃഷി/ഗ്രീൻവാൾ	589
ചിത്രം 6.9	ലാൻഡ്സ്കേപ്പിംഗ്	589
ചിത്രം 6.10	കണ്ടൽക്കാടുകളുടെ സംരക്ഷണം	589
ചിത്രം 6.11	ഗ്രീൻ സംരക്ഷണ വേലി നിർമ്മാണം	590
ചിത്രം 6.12	സേവന മേഖലയിൽ തദ്ദേശഭരണസ്ഥാപനങ്ങൾ വെച്ച പ്രൊജക്ടുകളുടെ എണ്ണം	592
ചിത്രം 6.13	പശ്ചാത്തല മേഖലയിൽ തദ്ദേശഭരണസ്ഥാപനങ്ങൾ വെച്ച പ്രൊജക്ടുകളുടെ എണ്ണം	603

അദ്ധ്യായം 1

1.1. ആമുഖം

ജില്ലാ പദ്ധതി

ഭരണഘടനയുടെ അനുഛേദം 243 ഇസഡ്.ഡി പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ജില്ലാ ആസൂത്രണ സമിതികളുടെ മുഖ്യ ചുമതലയാണ് ജില്ലക്ക് മൊത്തത്തിൽ ബാധകമായിയുള്ള ജില്ലാ പദ്ധതി തയ്യാറാക്കുക എത്. സർക്കാർ വകുപ്പുകൾ, പ്രാദേശിക സർക്കാരുകൾ, ഏജൻസികൾ തുടങ്ങി വികസനത്തിന്റെ മേഖലയിൽ ഇടപെടു ഓരോ യൂണിറ്റിനും ദിശാബോധം നൽകുതിന് സഹായിക്കുതും ജില്ലയുടെ സമഗ്രവികസനം വിഭാവനം ചെയ്യുതുമായ ഒരു രേഖയാണ് ജില്ലാ പദ്ധതി. അതാത് പ്രാദേശിക പദ്ധതി തയ്യാറാക്കുന്നതിനുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പദ്ധതികളുടെ ഏകോപന സംയോജന ചുമതല ജില്ലാ ആസൂത്രണ സമിതിക്കുമാണ്. സമഗ്രവികസനം സാദ്ധ്യമാക്കുന്നതിന് ലഭ്യമാക്കു മനുഷ്യ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങളെ ഫലപ്രദമായി ഉപയോഗിക്കുകയും ആവർത്തനങ്ങൾ ഒഴിവാക്കി പരിപാടികളുടെ പരിഹരിക്കുതിനുമുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുതിനുമുള്ള ഒരു സുപ്രധാന ഉപാധിയാണ് ജില്ലാ പദ്ധതി.

ജില്ലാ ആസൂത്രണ സമിതി തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾ സംയോജിപ്പിക്കുകയും സ്ഥലമാനാസൂത്രണം, ജലത്തിന്റെയും മറ്റ് പ്രകൃതിദത്തവുമായ വിഭവങ്ങളുടെയും പങ്കിടൽ, പരിസ്ഥിതി സംരക്ഷണം, അടിസ്ഥാന സൗകര്യങ്ങളുടെ സംയോജിത വികസനം എിവ ഉൾപ്പെടെ പൊതുതാൽപര്യമുള്ള കാര്യങ്ങളും സാമ്പത്തികവും അല്ലാത്തതുമായ വിഭവങ്ങളുടെ ലഭ്യതയും പരിഗണിച്ചാണ് കരട് ജില്ലാ വികസന പദ്ധതി തയ്യാറാക്കേണ്ടത്. വികസന വിടവുകൾ കണ്ടെത്തി ജില്ലാതല ലക്ഷ്യങ്ങളും മുൻഗണനകളും നിശ്ചയിക്കുവാനും വികസന പ്രക്രിയയിൽ ഇടപെടു ഓരോ യൂണിറ്റിന്റെയും സാദ്ധ്യതകളും പ്രവർത്തനങ്ങളും പരസ്പരം അറിയുവാനും സംയുക്തമായി ഏറ്റെടുക്കേണ്ട പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുതിനുള്ള പ്രവർത്തനങ്ങളിൽ ഓരോ യൂണിറ്റും ഏറ്റെടുക്കേണ്ട ഘടകങ്ങൾ ഏതൊക്കെയാണെ് വ്യക്തമായി നിർണ്ണയിക്കാനും സംയോജന ഏകോപന സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനും പരിസ്ഥിതിയെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ജില്ലാ

പദ്ധതി രൂപീകരണത്തിലൂടെ കഴിയണം. പ്രത്യേകമായ വകയിരുത്തലോ സ്കീമുകളോ പ്രൊജക്ടുകളോ ഇല്ലാത്ത പദ്ധതിയാണ് ജില്ലാ പദ്ധതി.

ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ പരമാവധി പങ്കാളിത്തത്തോടെ വേണം ജില്ലാ പദ്ധതി തയ്യാറാക്കേണ്ടത്. ജില്ലാ പദ്ധതിയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വേണം തദ്ദേശഭരണ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിലെ പദ്ധതിയും പ്രൊജക്ടുകളും തയ്യാറാക്കേണ്ടത്. ജില്ലാ തലത്തിലെ ഏകോപനത്തിനായി വകുപ്പുകളുടെയും മിഷനുകളുടെയും പദ്ധതികളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ജില്ലാ പദ്ധതിയെ ആധാരമാക്കി ആസൂത്രണ സമിതി നിർദ്ദേശിക്കേണ്ടതാണ്.

ജില്ലാ പദ്ധതിയുടെ ലക്ഷ്യം

ജില്ലാ പദ്ധതിയിലെ ജില്ലാ വികസന പരിപ്രേക്ഷ്യവും മാർഗ്ഗനിർദ്ദേശങ്ങളും പരിഗണിച്ചു വേണം തദ്ദേശഭരണ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ അവരുടെ പദ്ധതിയും പ്രൊജക്ടുകളും തയ്യാറാക്കി നടപ്പിലാക്കേണ്ടത്.

ജില്ലാ പദ്ധതിയുടെ ആവശ്യകത

നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളിൽ സംയോജനം സാദ്ധ്യമാക്കി അവ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ ഇരട്ടിപ്പോ അല്ലെങ്കിൽ അത്തരം ഗണത്തിൽ പ്പെടുന്നവയോ ആകാത്തവിധം അവയ്ക്ക് മുൻപിൽ ബന്ധങ്ങൾ ഉള്ളവ ആകേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ തന്നെ ആവശ്യകത മുൻനിർത്തിയല്ലാതെ വാർഡ് തിരിച്ചുള്ള പദ്ധതി വിഭജനത്തിന് മുൻതൂക്കം നൽകുന്നത് ഒഴിവാക്കി ജില്ലയുടെ പ്രാദേശിക സവിശേഷതകളും ആവശ്യകതയും അനുസരിച്ചും വികസനത്തിന് ഉതകുന്ന തരത്തിലും പദ്ധതികൾ നടപ്പിലാക്കാൻ കഴിയണം. കൂടാതെ പ്രതീക്ഷിത വരുമാനത്തിലേക്കും ഉല്പ്പന്ന വർദ്ധനവിലേക്കും നയിക്കുന്നതാകണം റോഡ്. കെട്ടിട നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, ജലവിതരണം എന്നിവക്കും സ്ഥലമാന ആസൂത്രണത്തിന്റെ ആവശ്യകതയുണ്ട്.
ജനകീയാസൂത്രണത്തിന്റെ നട്ടെല്ലായ ഗ്രാമസഭയിൽ ഗുണഭോക്താക്കൾ മാത്രം പങ്കെടുക്കുന്ന രീതി മാറി കൂടുതൽ ജനപങ്കാളിത്തം ഉണ്ടാകുന്ന സാഹചര്യം സൃഷ്ടിക്കാൻ കഴിയണം. ഇത്തരം സാഹചര്യത്തിൽ ജില്ലയുടെ പ്രാദേശിക സ്ഥലമാന വിശേഷതകൾ കണക്കിലെടുത്ത് മുൻഗണനകൾ നിശ്ചയിച്ച് സമഗ്ര വികസനത്തിനുള്ള ജില്ലാ പ്ലാനിന് വളരെയേറെ പ്രാധാന്യമുണ്ട്.

ജില്ലാ പദ്ധതിയുടെ ഘടന

ജില്ലാ പദ്ധതിക്ക് രണ്ട് ഭാഗങ്ങളുണ്ട്. ജില്ലയുടെ വികസനം സംബന്ധിച്ച വിശാല കാഴ്ചപ്പാട് വ്യക്തമാക്കുന്ന ജില്ലാ വികസന പരിപ്രേക്ഷ്യമാണ് ആദ്യഭാഗം. കേന്ദ്ര-സംസ്ഥാന വകുപ്പുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നടപ്പ് വാർഷിക പദ്ധതിയും വിശകലനം ചെയ്ത് ഭാവിയിൽ പദ്ധതികൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളാണ് രണ്ടാം ഭാഗം.

കരട് ജില്ലാ പദ്ധതി തയ്യാറാക്കൽ നടപടിക്രമം

- **ഉപസമിതികളുടെ രൂപീകരണം**

കരട് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുവാൻ 1995-ലെ കേരള ജില്ലാ ആസൂത്രണ സമിതി ചട്ടത്തിൽ പ്രതിപാദിക്കുന്ന പ്രകാരം ഉപസമിതികൾ രൂപീകരിക്കേണ്ടതുണ്ട്. എറണാകുളം ജില്ലയിൽ വിവിധ വിഷയ മേഖലകളെ അടിസ്ഥാനമാക്കി 24 ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- **ജില്ലാതല കൂടിയാലോചനായോഗം**

ജില്ലാ പദ്ധതി തയ്യാറാക്കാനുള്ള കർമ്മ പരിപാടിക്ക് രൂപം നൽകുന്നതിനും പൊതുനിർദ്ദേശങ്ങൾ

തയ്യാറാക്കുന്നതിനുമായി ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ഒരു കൂടിയാലോചനായോഗം 25.10.2017 ൽ സംഘടിപ്പിച്ചു.

➢ ജില്ലയുടെ മേഖലാതല വികസന പരിപ്രേക്ഷ്യം

ജില്ലാ പദ്ധതിയുടെ ആദ്യഘട്ടമായി ഓരോ വികസന മേഖലയുടെയും/ ഉപമേഖലയുടെയും നിലവിലെ ലഭ്യമായ സ്ഥിതിവിവര കണക്കുകളുടെ വിശകലനം നടത്തി. അവസ്ഥാ വിശകലനത്തിന്റെ ഭാഗമായി വികസനത്തിലെ വിടവുകൾ, വികസന പ്രശ്നങ്ങൾ, ജനകീയ ആവശ്യങ്ങൾ, വികസന സാദ്ധ്യതകൾ, ഏകോപന സാദ്ധ്യതകൾ, പുതിയ പ്രശ്നപരിഹാര രീതികൾ/ആശയങ്ങൾ തുടങ്ങിയവ കണ്ടെത്തി നടത്തേണ്ട ഇടപെടലുകൾ ഉണ്ടെങ്കിൽ അവയും കണ്ടെത്തി ജില്ലാ പദ്ധതിയുടെ ഭാഗമാക്കി. അവസ്ഥാ വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ വികസന മേഖലയുടെയും വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തിയിരിക്കുന്നത്. വികസന മേഖലയിൽ പതിമ്മൂന്നാം പദ്ധതിയുടെ കാലയളവിലും ദീർഘകാലാടിസ്ഥാനത്തിലും എന്തെല്ലാം മാറ്റങ്ങളാണ് ലക്ഷ്യമിടുന്നത് എന്നും ഇപ്രകാരം വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുമ്പോൾ കേന്ദ്ര-സംസ്ഥാന പ്രാദേശിക സർക്കാരുകളുടെ പദ്ധതി ലക്ഷ്യങ്ങൾ കൂടി കണക്കിലെടുത്ത് വിവിധ തട്ട് ഗവൺമെന്റുകളുടെ വികസന ലക്ഷ്യങ്ങളെ ജില്ലയുടെ സാദ്ധ്യതകളും പരിമിതികളും പരിഗണിച്ചുകൊണ്ട് ക്രമീകരിച്ചു. ജില്ലയുടെ ഭൂമിശാസ്ത്രപരവും, പരിസ്ഥിതിപരവും, ജനസംഖ്യാപരവും, സ്ഥലമാനപരവും, സാമൂഹികവും സാസ്കാരിക വുമായ സവിശേഷതകൾ പരിഗണിച്ചുകൊണ്ട് വിവിധ തട്ട് സർക്കാരുകളുടെ പദ്ധതി ലക്ഷ്യങ്ങൾ ഓരോ പ്രദേശത്തും ക്രമീകരിച്ചു നടപ്പാക്കുന്നതിന് പരമാവധി പരിശ്രമിച്ചിട്ടുണ്ട്. ജില്ലാ വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്ന പ്രക്രിയയിൽ വികസന ഗവേഷണ സ്ഥാപനങ്ങൾ, സന്നദ്ധ സാമൂഹ്യ സംഘടനകൾ, മറ്റ് വിദഗ്ധ സ്ഥാപനങ്ങൾ എന്നിവയുടെ വിദഗ്ധ ഉപദേശങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും ജില്ലയിലെ പ്രാദേശിക സർക്കാരുകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഉൾക്കൊള്ളിച്ച അദ്ധ്യായം 5 ഇതിന്റെ ഭാഗമാക്കിയിട്ടുണ്ട്. അദ്ധ്യായം 6-ൽ തദ്ദേശഭരണ സ്ഥാപനങ്ങൾ 2017-18 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് അവലംബിച്ച രീതി, ജനപങ്കാളിത്തം, വാർഷിക പദ്ധതിയുടെയും പ്രൊജക്ടുകളുടെയും ഗുണമേന്മ എന്നീ ഘടകങ്ങൾ വിശകലന വിധേയമാക്കി ഭാവിയിൽ അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു. മാതൃക പ്രൊജക്ടുകളും നൂതന പ്രൊജക്ടുകളും പ്രത്യേകം പട്ടികപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന പദ്ധതികളുടെയും പ്രാദേശിക പദ്ധതികളുടെയും അവലോകനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിനും പ്രാദേശിക സർക്കാരുകൾക്കും നൽകേണ്ട മേൽത്തട്ട്, കീഴ്ത്തട്ട് നിർദ്ദേശങ്ങൾ ഭാഗം-II ൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ വിഭവ ലഭ്യത എന്ന അദ്ധ്യായത്തിൽ മാനവ, പ്രകൃതി, ധന, സ്ഥാപന വിഭവങ്ങളുടെ സാദ്ധ്യതകൾ വിശദമായി വിശകലനം ചെയ്ത് ധനവിഭവത്തിൽ ജില്ലയിലെ ഓരോ യൂണിറ്റിനും ലഭിക്കാവുന്ന തുക കണക്കാക്കി പട്ടികയായി നൽകിയിരിക്കുന്നു.

➢ അഭിപ്രായ രൂപീകരണം

കരട് ജില്ലാ പദ്ധതി സംബന്ധിച്ച് അഭിപ്രായ രൂപീകരണത്തിന്റെ ഭാഗമായി ഒരു കരട് രേഖ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അയച്ച് നൽകുകയും സംസ്ഥാന ആസൂത്രണ ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച അഭിപ്രായങ്ങളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അഭിപ്രായങ്ങൾ രേഖാമൂലം നൽകുന്നതിനുള്ള സൗകര്യം ഡി.പി.സി സെക്രട്ടേറിയറ്റിൽ

ഏർപ്പെടുത്തുകയും ചെയ്തു. ഇത്തരത്തിൽ വിവിധ രംഗങ്ങളിൽ നിന്നും ലഭിച്ച അഭിപ്രായങ്ങൾ ഉപസമിതികളുടെ സഹായത്തോടെ വിഷയാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് മാറ്റങ്ങൾ വരുത്തിയാണ് പരിഷ്കരിച്ച ജില്ലാ പദ്ധതി തയ്യാറാക്കിയത്.

➢ ജില്ലാ വികസന സെമിനാർ

മേൽപ്പറഞ്ഞ പ്രകാരം അഭിപ്രായങ്ങൾ രൂപീകരിച്ച് പരിഷ്കരിച്ച കരട് ജില്ലാ പദ്ധതി ആസൂത്രണ സമിതി പരിഗണിച്ചു. 13.12.2017 ൽ ചേർന്ന ജില്ലാ വികസന സെമിനാറിൽ വിശദമായ ചർച്ചക്ക് വിധേയമാക്കുകയും ഉയർന്നുവന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ഉപസമിതികളുടെ സഹായത്തോടെ ജില്ലാ ആസൂത്രണ സമിതി കരട് രേഖ പരിഷ്കരിച്ചിട്ടുണ്ട്.

➢ ജില്ലാ പദ്ധതിക്ക് സർക്കാർ അംഗീകാരം

ജില്ലാ ആസൂത്രണ സമിതി അന്തിമമാക്കുന്ന ജില്ലാ പദ്ധതി കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ സെക്ഷൻ-53 ൽ അനുശാസിക്കുന്നത് പ്രകാരം സംസ്ഥാന സർക്കാരിന് അംഗീകാരത്തിന് നൽകുകയാണ് ചെയ്യുന്നത്.

➢ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി

സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയെ കൂടാതെ ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള ജില്ലാതല നിരീക്ഷണ സംവിധാനം ജില്ലാ ആസൂത്രണ സമിതി ചെയർമാൻ അദ്ധ്യക്ഷനായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് അതാത് സമയങ്ങളിൽ യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

ജില്ലാ ആസൂത്രണത്തിന്റെ ആവിർഭാവം

സ്ഥിതിവിവരകണക്കുകൾ ശേഖരിച്ച് മുൻഗണനകൾ നിശ്ചയിച്ച് അവയെ പരിമിതമായ വിഭവങ്ങൾ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രക്രിയയാണ് ആസൂത്രണം. കേരളത്തിൽ ജില്ലാതല ആസൂത്രണം, വാർഷിക പദ്ധതിയുടെ വിഹിതം ജില്ലകൾക്ക് നൽകുന്ന രീതിയിൽ 1970-ന്റെ ആദ്യകാലം മുതൽക്കേ നിലനിന്നിരുന്നു. ഗുണഭോക്താക്കളെയും പ്രാദേശിക പ്രാധാന്യവും കണക്കിലെടുത്ത് ഓരോ വകുപ്പും പദ്ധതികളുടെ ജില്ലാതല വിഭജനം നടത്തിയിരുന്നു. അത്തരത്തിലുള്ള വിഭജിച്ച പദ്ധതി രേഖകളെ ഒറ്റ രേഖയാക്കി മാറ്റിയത് സംസ്ഥാന ആസൂത്രണ ബോർഡ് ആയിരുന്നു. 1976 ൽ സംസ്ഥാന ആസൂത്രണ ബോർഡിൽ ജില്ലാ ആസൂത്രണത്തിനു വേണ്ടിയുള്ള ഒരു യൂണിറ്റ് ആരംഭിച്ചുകൊണ്ടാണ് ജില്ലാ ആസൂത്രണത്തിനായുള്ള ആദ്യശ്രമം തുടങ്ങിയത്. പിന്നീട് അത് ആസൂത്രണ ബോർഡിലെ വികേന്ദ്രീകൃത ആസൂത്രണ വിഭാഗമായി ഉയർന്നു. പുതുതായി രൂപീകരിക്കപ്പെട്ട വയനാട് ജില്ലക്കൊഴികെ മറ്റെല്ലാ ജില്ലകളിലും 1979 ഓടെ തന്നെ ജില്ലാ പ്ലാനിംഗ് ഓഫീസുകൾ പ്രവർത്തനമാരംഭിച്ചു. ഭരണപരമായ കാര്യങ്ങളിൽ ജില്ലാ കളക്ട്രേറ്റിനെ സഹായിക്കുന്ന നിലയിൽ പ്രവർത്തനം ആരംഭിച്ച ജില്ലാ പ്ലാനിംഗ് ഓഫീസുകൾ സംസ്ഥാന ആസൂത്രണ ബോർഡിനു കീഴിലായിരുന്നു. ജില്ലാ പ്ലാനിംഗ് ഓഫീസുകളുടെ ആദ്യചുമതല ദ്വിതീയ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ജില്ലക്കാവശ്യമായ ഡാറ്റാബേസ് തയ്യാറാക്കുക എന്നതായിരുന്നു. ആദ്യ ശ്രമമെന്ന രീതിയിൽ ഓരോ ജില്ലയിലെയും വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാറ്റസ് പേപ്പർ തയ്യാറാക്കുകയുണ്ടായി. ജില്ലയിലും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലും ജനപ്രതിനിധികൾ അടങ്ങിയ ഒരു ഉപദേശക സമിതിയും ഉൾപ്പെട്ട ജില്ലാ വികസന സമിതി (ഡി.ഡി.സി) നിലവിലുണ്ടായിരുന്നു. ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാ ആസൂത്രണ സമിതി രൂപീകരിച്ചത് ജില്ലാ വികസനത്തിനായുള്ള ഒരു രൂപരേഖ തയ്യാറാക്കുന്നതിനായിരുന്നു. ബ്ലോക്കുകൾക്കു കീഴിലുള്ള വിവിധ ഉദ്യോഗസ്ഥരെ അംഗങ്ങളാക്കിയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലും ബ്ലോക്ക് പ്ലാനിംഗ് കമ്മിറ്റികളും (ബി.പി.സി) രൂപീകരിക്കുകയുണ്ടായി.

1995 വരെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരങ്ങളും ധനപര വിഭവങ്ങളും നൽകുന്നത് കേരള പഞ്ചായത്ത്‌രാജ് നിയമം (1994) ജില്ലാതല/പ്രാദേശികതല ആസൂത്രണത്തിന്റെ ആവിർഭാവത്തിലെ നാഴികക്കല്ലായിരുന്നു.

കേരളത്തിലെ ജനകീയാസൂത്രണം

1996-ൽ അധികാരത്തിൽ വന്ന ഇടത് ജനാധിപത്യ മുന്നണി വികേന്ദ്രീകൃതാ സൂത്രണത്തിന് ജനകീയാസൂത്രണമെന്ന പേര് നൽകുകയും വിപുലമായ പ്രചാരണ പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്തു.

വികസന തന്ത്രം

സാമൂഹികനീതി ഉറപ്പുവരുത്തുന്ന സാമൂഹിക സാമ്പത്തിക അസമത്വങ്ങളെ ഇല്ലാതാക്കുന്നതിന് സ്വതന്ത്ര കമ്പോള വ്യവസ്ഥ പരാജയപ്പെടുമെന്ന തത്വത്തിലാണ് ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് സർക്കാർ തുടക്കം കുറിച്ചത്. ലാഭേഛയോടെ ഉണ്ടാകുന്ന നിക്ഷേപതീരുമാനങ്ങൾ സുസ്ഥിര വികസനം സാദ്ധ്യമാക്കുകയില്ലെന്ന് ചൂണ്ടികാണിക്കപ്പെട്ടു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരവും സാമ്പത്തിക വിഭവങ്ങളും നൽകുക വഴിയുള്ള സർക്കാരിന്റെ ഇടപെടൽ സാമ്പത്തിക സാമൂഹ്യനീതി ഉറപ്പാക്കുമെന്ന് മനസ്സിലാക്കി. കൂടാതെ മുൻകാലങ്ങളിൽ നിലനിന്നിരുന്ന കേന്ദ്രീകൃത ആസൂത്രണ സംവിധാനം പൊതുജന പങ്കാളിത്തമില്ലാതെ വകുപ്പുകളെയും, ഉദ്യോഗസ്ഥരെയും, പരിമിതമായ വിഭവങ്ങളെയും ആശ്രയിച്ചത് ഉദ്ദേശിച്ച നേട്ടങ്ങളെ സാക്ഷാത്കരിക്കുന്നതിൽ പരാജയപ്പെട്ടെന്ന വസ്തുത മനസ്സിലാക്കിയാണ് ഇത്തരമൊരു ഉദ്യമത്തിന് തുടക്കം കുറിച്ചത്. കൂടാതെ ഇതിലെ ജനപങ്കാളിത്തം എല്ലാത്തരം തടസ്സങ്ങൾക്കും ഉത്തരമാകുമെന്ന് ഉറപ്പായിരുന്നു.
വികേന്ദ്രീകൃതാസൂത്രണത്തിലെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയായിരുന്നു.

1. 9-ാം പഞ്ചവത്സര പദ്ധതിക്കാലത്തെ മുഴുവൻ പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്നതിലേക്കായി സംസ്ഥാന പ്ലാനിലെ 35 മുതൽ 40 ശതമാനം വരെ തുക അവർക്ക് വിഭജിച്ച് നൽകുക.

2. പ്രാദേശിക നിക്ഷേപത്തിന് ഊന്നൽ നൽകിയും പ്രാദേശിക വിഭവ സമാഹാരണത്തിലൂടെയും ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക.

3. തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

4. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക വിഭവങ്ങളും പൊതുജന സംഭാവനയും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി പ്ലാൻ ചെലവും പ്രവർത്തനങ്ങളും വിപുലീകരിക്കുക.

ജനകീയാസൂത്രണ പ്രക്രിയ ഘട്ടങ്ങൾ - സംഘടനാ സജ്ജീകരണം

പദ്ധതി നിർവ്വഹണത്തിന് സംസ്ഥാന, ജില്ലാ, പ്രാദേശിക തലങ്ങളിൽ വിപുലമായ സംഘടനാ സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. സംസ്ഥാന തലത്തിൽ നിർവ്വഹണ ഏജൻസി സംസ്ഥാന ആസൂത്രണ ബോർഡ് ആയിരുന്നു. സംസ്ഥാന തലത്തിൽ പ്രശസ്തരായ വ്യക്തിത്വങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഉന്നതതല നിർദ്ദേശക സമിതി സംസ്ഥാന ആസൂത്രണ ബോർഡിന് നിർദ്ദേശങ്ങൾ നൽകുന്നതിന് രൂപീകരിച്ചു. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡ്, തദ്ദേശഭരണ വകുപ്പ്, ഗ്രാമവികസന വകുപ്പ് എന്നിവയെ ഉൾക്കൊള്ളിച്ച് ഒരു ഏകോപന സമിതിയും രൂപീകരിച്ചു. പഞ്ചായത്ത്, ബ്ലോക്ക്തല, ജില്ലാതല പരിപാടിയുടെ ചുമതല ജില്ലാ ആസൂത്രണ സമിതികൾക്കായിരുന്നു. കോർപ്പറേഷനുകളുടെയും നഗരസഭകളുടെയും പദ്ധതി പ്രവർത്തനങ്ങൾ ജില്ലാ ആസൂത്രണ സമിതിക്ക് കീഴിലാക്കി. പദ്ധതി പ്രചരണത്തിനായി കീ റിസോഴ്സ് പേഴ്സൺ (കെ.ആർ.പി), ഡിസ്ട്രിക്ട്

റിസോഴ്സ് പേഴ്സൺ (ഡി.ആർ.പി), ലോക്കൽ റിസോഴ്സ് പേഴ്സൺ (എൽ.ആർ.പി) എന്നിവരെ നിയമിച്ചു. ജില്ലാതല പരിശീലന പരിപാടികൾ സംഘടിപ്പിച്ചത് കെ.ആർ.പി. കളായിരുന്നു. അവർ ജില്ലാ ആസൂത്രണ സമിതിക്ക് കീഴിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ഡി.ആർ.പി. കൾ ബ്ലോക്ക് പഞ്ചായത്തിന് കീഴിലും എൽ.ആർ.പി. കൾ ഗ്രാമപഞ്ചായത്തുകൾക്ക് കീഴിലും പ്രവർത്തിച്ചു.

1958 ഏപ്രിൽ ഒന്നിന് രൂപീകരിച്ച എറണാകുളം ജില്ലയിൽ 14 ബ്ലോക്കുകളിലായി 82 പഞ്ചായത്തുകളും 13 മുനിസിപ്പാലിറ്റികളും ഒരു കോർപ്പറേഷനുമാണുള്ളത്. മധ്യകേരളത്തിൽ സ്ഥിതിചെയ്യുന്ന ഈ ജില്ലയെ കേരളത്തിന്റെ വാണിജ്യ തലസ്ഥാനം എന്നറിയപ്പെടുന്നു. കടലിനോട് ചേർന്നു കിടക്കുന്നതിനാൽ പുരാതന കാലം മുതൽക്കേ ഋഷിനാഗക്കുളം എന്നാണ് എറണാകുളം ജില്ല അറിയപ്പെട്ടിരുന്നത്. റവന്യു തലത്തിലുള്ള ഭരണ സൗകര്യത്തിനായി ജില്ലയെ രണ്ട് റവന്യു ഡിവിഷനുകളും, ഏഴ് താലൂക്കുകളും 124 വില്ലേജുകളുമായി വിഭജിച്ചിരുന്നു.

എറണാകുളം ജില്ലാ ഒറ്റ നോട്ടത്തിൽ

സംസ്ഥാനത്തെ പരിഷ്കൃത ജില്ലയിൽ ഒന്നായ എറണാകുളം ജില്ലയുടെ ആകെ വിസ്തീർണ്ണം 3068 ചതുരശ്ര കിലോമീറ്റർ ആണ്. ഇത് സംസ്ഥാന വിസ്തൃതിയുടെ 7.9% ആണ്. ഉത്തരാംശം 9^0 47^0 ക്കും 10^0 18^0നുംദക്ഷിണാംശം 76^0 9^0 ക്കും 77^0 6^0 ക്കും ഇടയിലാണ് ജില്ല സ്ഥിതി ചെയ്യുന്നത്. പടിഞ്ഞാറ് അറബിക്കടൽ, വടക്ക് തൃശ്ശൂർ ജില്ല, കിഴക്ക് ഇടുക്കി, തെക്ക് കോട്ടയം, ആലപ്പുഴ ജില്ലകൾ എന്നിവയാണ് എറണാകുളത്തിന്റെ അതിർത്തികൾ.

ജില്ലയെ താഴ്ന്ന പ്രദേശം, മദ്ധ്യ പ്രദേശം, ഉയർന്ന പ്രദേശം എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. ജില്ലയുടെ പടിഞ്ഞാറ് തീരപ്രദേശവും കിഴക്ക് മലമ്പ്രദേശവും ആണ്. കേരളത്തിലെ ഏറ്റവും വലിയ നദിയായ പെരിയാർ ജില്ലയുടെ വടക്കു ഭാഗത്തെ ഒട്ടുമിക്ക പ്രദേശങ്ങളെയും സ്പർശിക്കുന്നു. മൂവാറ്റുപുഴയാറും ജില്ലയിലൂടെ കടന്നുപോകുന്നു. മനുഷ്യ നിർമ്മിതവും അല്ലാത്തതുമായ നിരവധി ചെറുദ്വീപുകൾ ജില്ലയുടെ പടിഞ്ഞാറൻ മേഖലയിലുണ്ട്. വർഷത്തിൽ നൂറ്റി മുപ്പതിലേറെ ദിവസവും മഴ ലഭിക്കുന്ന ഇവിടെ ശൈത്യകാലമൊഴികെ മിക്കപ്പോഴും നല്ല ചൂടനുഭവപ്പെടുന്നു.

പട്ടിക-1.1

ജനസംഖ്യ	3282388
പുരുഷൻമാർ	1619557
സ്ത്രീകൾ	1662831
ജനസംഖ്യ (ഗ്രാമം)	1048025
പുരുഷൻമാർ	518510
സ്ത്രീകൾ	529515
പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001-2011)	-35.7
ജനസംഖ്യ (നഗരം)	2234363
പുരുഷൻമാർ	1101047
സ്ത്രീകൾ	1133316
പതിറ്റാണ്ടിലെ വളർച്ചയുടെ ശതമാനം (2001-2011)	51.3
ജനസംഖ്യ വളർച്ചാനിരക്ക്	5.69%
പട്ടികജാതി ജനസംഖ്യ	268411

പുരുഷൻമാർ	131573
സ്ത്രീകൾ	136838
പട്ടികവർഗ്ഗ ജനസംഖ്യ	16559
പുരുഷൻമാർ	8349
സ്ത്രീകൾ	8210
മത്സ്യത്തൊഴിലാളികളുടെ എണ്ണം	133387
ജനസാന്ദ്രത	1069
സാക്ഷരത നിരക്ക്	95.68
പുരുഷൻമാർ	97.14
സ്ത്രീകൾ	94.27
കേരളത്തിലെ നെല്ലുല്പാദനം (ടണ്ണിൽ)	12652
ജലസേചനം നടത്തിയ മൊത്തം ഭൂവിസ്തൃതി (ഹെക്ടറിൽ)2014-15	21865
വാണിജ്യബാങ്കുകളുടെ എണ്ണം	965
റോഡുകളുടെ ദൈർഘ്യം (കിലോ മീറ്ററിൽ)	3085.281
വാഹനങ്ങളുടെ എണ്ണം	1559270
ജനസംഖ്യ	3282388
പുരുഷൻമാർ	1619557
സ്ത്രീകൾ	1662831
ജനസംഖ്യ (ഗ്രാമം)	1048025
പുരുഷൻമാർ	518510
സ്ത്രീകൾ	529515
പട്ടികജാതി ജനസംഖ്യ	268411
പട്ടികവർഗ്ഗ ജനസംഖ്യ	16559
മത്സ്യത്തൊഴിലാളികളുടെ എണ്ണം	133387
ജനസാന്ദ്രത	1069
സാക്ഷരത നിരക്ക്	95.68

അവലംബം - സെൻസസ് 2011

പട്ടിക-1.2

ജില്ലയിലെ ഭരണ സംവിധാനങ്ങൾ

റവന്യു ഡിവിഷനുകൾ	നിയമസഭാ മണ്ഡലങ്ങൾ	ജില്ലാ പഞ്ചായത്ത് ഡിവിഷനുകൾ	ജില്ലാ പഞ്ചായത്ത് ഡിവിഷനുകൾ	ബ്ലോക്ക് പഞ്ചായത്തുകൾ	നഗരസഭകൾ
ഫോർട്ടുകൊച്ചി	പെരുമ്പാവൂർ	ചെറായി	പുത്തൻകുരിശ്	ആലങ്ങാട്	ആലുവ
മൂവാറ്റുപുഴ	അങ്കമാലി	മൂത്തകുന്നം	കോലഞ്ചേരി	അങ്കമാലി	അങ്കമാലി
ലോകസഭാ നിയോജക മണ്ഡലങ്ങൾ	ആലുവ	കറുകുറ്റി	കോടനാട്	ഇടപ്പള്ളി	കളമശ്ശേരി
	കളമശ്ശേരി	മലയാറ്റൂർ	കുമ്പളങ്ങി	കൂവപ്പടി	കോതമംഗലം
എറണാകുളം	വൈപ്പിൻ	പുല്ലുവഴി	നേര്യമംഗലം	കോതമംഗലം	വടക്കൻ പറവൂർ
ചാലക്കുടി (പകുതി)	കൊച്ചി	ഭൂതത്താൻകെട്ട്	എടത്തല	മുളന്തുരുത്തി	മൂവാറ്റുപുഴ
ഗ്രാമ പഞ്ചായത്തുകൾ - 82 എണ്ണം	കോതമംഗലം	വാരപ്പെട്ടി	കീഴ്മാട്	മൂവാറ്റുപുഴ	പെരുമ്പാവൂർ
	തൃപ്പൂണിത്തുറ	ആവോലി	നെടുമ്പാശ്ശേരി	പള്ളുരുത്തി	തൃപ്പൂണിത്തുറ
	എറണാകുളം	വാളകം	ആലങ്ങാട്	പാമ്പാക്കുട	ഏലൂർ
	തൃക്കാക്കര	കാലടി	കടുങ്ങല്ലൂർ	പാറക്കടവ്	മരട്
	കുന്നത്തുനാട്	ഉദയംപേരൂർ	കോട്ടുവള്ളി	വടവുകോട്	തൃക്കാക്കര

പിറവം	പാമ്പാക്കുട	വല്ലാർപാടം	വാഴക്കുളം	കൂത്താട്ടുകുളം
മൂവാറ്റുപുഴ	വെങ്ങോല	വൈപ്പിൻ	വൈപ്പിൻ	പിറവം

1.2. ജില്ലയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിസ്തൃതിയും ഭൂപ്രകൃതിയും

കേരള സംസ്ഥാനത്തിന്റെ മദ്ധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന എറണാകുളം ജില്ല സംസ്ഥാനത്തിന്റെ വാണിജ്യ തലസ്ഥാനമായി അറിയപ്പെടുന്നു. അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന ഈ പ്രദേശം പ്രകൃതി ഭംഗികൊണ്ടും വിദ്യാഭ്യാസപരമായും മുന്നിൽ നിൽക്കുന്നു. ജില്ലയുടെ വടക്ക് തൃശൂർ ജില്ലയും കിഴക്ക് ഇടുക്കി ജില്ലയും തെക്ക് ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളും പടിഞ്ഞാറ് അറബിക്കടലും സ്ഥിതിചെയ്യുന്നു. ഭൂപ്രകൃതി അനുസരിച്ച് എറണാകുളം ജില്ലയെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി തരം തിരിക്കാവുന്നതാണ്. സഹ്യപർവതനിരയോട് ചേർന്ന്കിടക്കുന്നത് മലനാടും, സമതലപ്രദേശത്ത് ഇടനാടും, അറബിക്കടലിനോട് ചേർന്ന് തീരപ്രദേശവും സ്ഥിതിചെയ്യുന്നു.

പെരിയാർ, ചാലക്കുടിപ്പുഴ, മൂവാറ്റുപുഴയാർ തുടങ്ങിയ നദീജല സ്രോതസ്സുകൾ അടിസ്ഥാനപ്പെടുത്തിയ ജലസേചന പദ്ധതികളും കനാൽ ശൃംഖലകളും ജില്ലയിലെ കൃഷിയിടങ്ങളെ ജലസമ്പന്നമാക്കുന്നു. ഇവിടുത്തെ മണ്ണ് പ്രധാനമായും ലാറ്ററൈറ്റ് (ചെങ്കൽ) ആണ്. തീരപ്രദേശങ്ങളിൽ എക്കൽ മണ്ണും, പൊക്കാളി പ്രദേശങ്ങളിൽ പശിമയാർന്ന കളിമണ്ണും കാണപ്പെടുന്നു. എറണാകുളം ജില്ലയിലെ ഭൂപ്രകൃതി, പട്ടിക-1.3 പ്രകാരം വിശകലനം ചെയ്തിട്ടുണ്ട്.

ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള ഭൂപ്രകൃതി വിശദാംശങ്ങൾ (അനുബന്ധം 1.1) ചേർത്തിരിക്കുന്നു.

പട്ടിക-1.3
ജില്ലയിലെ ഭൂപ്രകൃതി

ജില്ലയിലെ ഭൂപ്രകൃത	വിസ്തീർണ്ണം	ശതമാനം
ജലാർദ്രപ്രദേശങ്ങൾ	13465505	26.59
വരണ്ട പ്രദേശങ്ങൾ	35845962	70.77
പുറമ്പോക്ക്	973575	1.92
വനം	360434	0.71
തരിശുഭൂമി	4985	0.01
ആകെ	50650461	100

അവലംബം: സ്ഥിതി വിവര കണക്കുകൾ

ചിത്രം – 1.1



അവലംബം :പഞ്ചായത്ത് തലത്തിലുള്ള സ്ഥിതി വിവര കണക്കുകൾ

പട്ടിക–1.4

മലനാട്		ഇടനാട്		തീരദേശം
കോതമംഗലം		വടവുകോട്		പറവൂർ
മൂവാറ്റുപുഴ		മുളന്തുരുത്തി		ഇടപ്പള്ളി
കൂവപ്പടി	ബ്ലോക്കുകളുടെ കിഴക്ക് ഭാഗം	പാറക്കടവ്		പള്ളുരുത്തി
അങ്കമാലി		ആലങ്ങാട്		വൈപ്പിൻ
പാമ്പാക്കുട		വാഴക്കുളം		
		കൂവപ്പടി	ബ്ലോക്കുകളുടെ പടിഞ്ഞാറ് ഭാഗം	
		അങ്കമാലി		
		പാമ്പാക്കുട		

അവലംബം :പഞ്ചായത്ത് തലത്തിലുള്ള സ്ഥിതി വിവര കണക്കുകൾ

1.3.ജില്ലയുടെ ജനസംഖ്യ സ്ഥിതി വിവര കണക്കുകൾ

1. ജനസംഖ്യ

സെൻസസ് ഡയറക്ടറേറ്റ് പ്രസിദ്ധീകരിച്ച 2011 – ലെ കനേഷുകുമാരി കണക്കുകൾ പ്രകാരം എറണാകുളം ജില്ലയിലെ ജനസംഖ്യ 32,82,388 (32.82 ലക്ഷം) ആണ്. ഇത് സംസ്ഥാന ജനസംഖ്യയുടെ 9.8% (32,82,388 / 33406061 x 100) മാത്രമാണ്. ഇതിൽ 16,19,557 (49%) പുരുഷൻമാരും 16,62,831 (51%) സ്ത്രീകളുമാണ്. 2001 – ൽ കനേഷുകുമാരി കണക്കെടുത്തപ്പോൾ എറണാകുളം ജില്ലയിൽ ആകെയുണ്ടായിരുനന 31,05,798 ലക്ഷം ജനങ്ങളിൽ 15,38,397 (49.5%) പുരുഷൻമാരും 15,67,401 (50.5%) സ്ത്രീകളുമാണ്. 60 വർഷങ്ങൾക്കുമുൻപ് 1951 – ൽ ജനസംഖ്യ 15.30 ലക്ഷമായിരുന്നു. 60 വർഷ കൊല്ലക്കാലത്ത് (1951 – 2011) ജില്ലയിലെ ജനസംഖ്യ (15.30/32.82 x 100) **47%** വർദ്ധിച്ചു. സംസ്ഥാനത്തെ വർദ്ധനയാകട്ടെ 146.53 ശതമാനം (135.5 ലക്ഷത്തിൽ നിന്നും 334.06 ലക്ഷം).

രണ്ട് സെൻസെസ്സുകൾക്കിടയിലെ ദശവത്സര വർദ്ധന നിരക്കുകൾ പരിശോധിച്ചാൽ കഴിഞ്ഞ ആറു ദശകങ്ങളിലും, ജില്ലയിലെ നിരക്ക് സംസ്ഥാനത്തെ നിരക്കിനേക്കാൾ കുറവാണെന്ന് കാണാം. ജില്ലയിലെ

ദശവത്സര വർധന നിരക്ക്, 1951 -61 - ലെ 21.89 ശതമാനത്തിൽ നിന്നും, 2011 - ൽ 5.68% (3282388/3105798) കുറഞ്ഞപ്പോൾ, സംസ്ഥാന നിരക്ക് 24.76% ൽ നിന്നും 4.92% ആയിട്ടാണ് കുറഞ്ഞിട്ടുള്ളത് (33406061/ 31838619).

ജനസംഖ്യയുടെ ദശാബ്ദ വളർച്ചാനിരക്ക് (2001-11) നോക്കുമ്പോൾ കേരളത്തിലെ ജില്ലകളിൽ 5-ാം സ്ഥാനം എറണാകുളം ജില്ലയ്ക്കുണ്ട്. അതായത് 9.8 ശതമാനം. ജില്ലകളിൽ ഏറ്റവും ഉയർന്ന വളർച്ചാനിരക്ക് മലപ്പുറം ജില്ലയ്ക്കും (13.45 ശതമാനം) ഏറ്റവും കുറവ് പത്തനംതിട്ട ജില്ലയ്ക്കുമാണ് (-2.97 ശതമാനം).

വിസ്തീർണ്ണത്തിൽ കേരളത്തിന്റെ 7.88% (3063/38,863 x 100) മാത്രമുള്ള നമ്മുടെ ജില്ലയിൽ സംസ്ഥാനത്തെ 9.8% ആളുകൾ അധിവസിക്കുന്നത്. (അനുബന്ധം 1.2).

2. വളർച്ചാനിരക്ക്

കഴിഞ്ഞ പത്തുക്കൊല്ലകാലത്താണ് കൂടുതൽ വളർച്ചാനിരക്ക് രേഖപ്പെടു ത്തിയിരിക്കുന്നത്. 2001-2011 ജനസംഖ്യയുടെ ദശവാർഷിക വളർച്ചാ നിരക്കിൽ എറണാകുളം ജില്ലയിൽ 5.69 ശതമാനം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നഗരത്തിലാണ് ഏറ്റവും വലിയ വളർച്ചാ നിരക്കുള്ളത്. എന്നാൽ എറണാകുളം ജില്ലയിലെ ആലുവ, കൂത്താട്ടുകുളം, പിറവം എന്നീ മുനിസിപ്പാലിറ്റികളിലും ചില പഞ്ചായത്തുകളിലും നെഗറ്റീവ് വളർച്ചാ നിരക്കാണ് കാണിക്കുന്നത്. എടത്തല 22.46 ശതമാനം, വാഴക്കുളം 22.13 ശതമാനവും വളർച്ചാ നിരക്ക് കാണിക്കുന്നു. നഗരവത്ക്കരണത്തിന്റെ കാര്യത്തിൽ 68.1 ശതമാനം ജനസംഖ്യയുള്ള എറണാകുളം ജില്ല കേരളത്തിലെ മറ്റു ജില്ലകളെ അപേക്ഷിച്ച് ഏറ്റവും മുന്നിലാണ്. മറ്റു ജില്ലകളെ അപേക്ഷിച്ച് കൂടുതൽ നഗരപ്രദേശമുള്ളത് എറണാകുളത്തിനാണ്. പൊതുവായി നഗരങ്ങൾ കേന്ദ്രീകരിച്ച് ജനങ്ങൾ കൂടുതൽ തിങ്ങിപ്പാർക്കുന്നതിനാലാണ് നഗരപ്രദേശങ്ങളിൽ ജനസംഖ്യാ വർദ്ധനവിന്റെ നിരക്ക് കൂടുന്നത്. ഗ്രാമപ്രദേശങ്ങളുടെ വളർച്ചാനിരക്കിന്റെ സ്വഭാവത്തിൽ നിന്നും വ്യത്യസ്തമാണ് നഗരപ്രദേശങ്ങളിലെ നിരക്ക്.

3. സ്ത്രീ - പുരുഷ അനുപാതം

സ്ത്രീപുരുഷാനുപാതം ഗ്രാമങ്ങളെ അപേക്ഷിച്ച് നഗരപ്രദേശങ്ങളിലാണ് കൂടുതൽ. ഗ്രാമങ്ങളിൽ 1021 സ്ത്രീകൾക്ക് 1000 പുരുഷൻമാരാണുള്ളത്. അതേ സമയം നഗരങ്ങളിൽ ഇത് 1029 ആണ്. കൊച്ചി കോർപ്പറേഷനിലും 13 മുനിസിപ്പാലിറ്റികളിലും ഏതാനും ഗ്രാമപഞ്ചായത്തുകളിലും സ്ത്രീകളുടെ അനുപാതമാണ് കൂടിയിരിക്കുന്നത്. ജില്ലയിലെ ഒരു കുടുംബത്തിലെ അംഗസംഖ്യ 4 എന്ന് രേഖപ്പെടുത്തുമ്പോൾ കുട്ടമ്പുഴ, ചേന്ദമംഗലം, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ 3.8 ഉം, പല്ലാരിമംഗലം പഞ്ചായത്തിൽ 4.4 ഉം രേഖപ്പെടുത്തുന്നു.പട്ടികവർഗ്ഗക്കാരുടെ ആകെ എണ്ണം 8.18 ശതമാനവും അതിൽ തന്നെ പുരുഷൻമാർ 8.12 ശതമാനവും സ്ത്രീകളുടേത് 8.23 ശതമാനവും ആണ്. പട്ടികവർഗ്ഗക്കാർ ആകെ ജനസംഖ്യയുടെ 0.50 ശതമാനം മാത്രമാണുള്ളത്.

2001 ലെ സെൻസെസുമായി താരതമ്യം ചെയ്യുമ്പോൾ 2011 - ൽ എറണാകുളം ജില്ലയിലെ സ്ത്രീപുരുഷാനുപാതം (1000 പുരുഷൻമാർക്ക് ഇത്ര സ്ത്രീകളുടെ എണ്ണം) 1027-ൽ എത്തി. 2001 -ൽ ഇത് 1000 പുരുഷൻമാർക്ക് 1019 സ്ത്രീകൾ എന്ന നിലയിലായിരുന്നു. 2011 - ലെ സെൻസെസ് പ്രകാരം ദേശീയ സ്ത്രീപുരുഷാനുപാതം സൂചിക 940 മാത്രമാണ്. എന്നിരുന്നാലും കുട്ടികളിലെ അനുപാതം 961 പെൺകുട്ടികൾക്ക് 1000 ആൺകുട്ടികൾ എന്ന നിരക്കിലാണ്. എന്നാൽ 2001-ലെ സെൻസെസിൽ 954 പെൺകുട്ടികൾക്ക് 1000 ആൺകുട്ടികൾ എന്ന തോതിലാണ്.

ജില്ലയിൽ ഏറ്റവും ഉയർന്ന സ്ത്രീപുരുഷാനുപാതം കണ്ണൂരും (1136), തൊട്ടുപിന്നിൽ (1132) പത്തനംതിട്ടയിലുമാണ്. ഏറ്റവും കുറവ് ഇടുക്കി (1006)

തൊട്ടുമുകളിൽ എറണാകുളം (1027). എറണാകുളത്തെ സ്ത്രീപുരുഷാനുപാതവും ഏറ്റവും ഉയർന്ന കണ്ണൂരും തമ്മിൽ 109 പോയിന്റിന്റെ വ്യത്യാസമാണുള്ളത്.

4. കുട്ടികളിലെ ലിംഗപരമായ അനുപാതം (0-6 വയസ്സ്)

സംസ്ഥാനത്തെ കുട്ടികളിലെ ആൺ-പെൺ അനുപാതം 2011-ലെ സെൻസെസ് പ്രകാരം 964 ആണ്. 2001-ൽ ഇത് 960 ആയിരുന്നു. ഏറ്റവും മുന്നിൽ പത്തനംതിട്ട ജില്ലയും (976) ഏറ്റവും പിന്നിൽ തൃശ്ശൂർ (950) ജില്ലയും ആണ്. ഏറ്റവും താഴ്ന്നതും ഉയർന്നതുമായ സൂചികകൾ തമ്മിൽ 26 പോയിന്റിന്റെ അന്തരമാണുള്ളത്.

പ്രായ വിഭാഗ വിതരണം 0-6 വയസ്സുവരെയുള്ള കുട്ടികൾ ജില്ലയിൽ ആകെ 304,242 പേരാണുള്ളത്. അതിൽ 155,182 പേർ ആൺകുട്ടികളും 149,060 പേർ പെൺകുട്ടികളുമാണ്. ഈ പ്രായത്തിലുള്ള കുട്ടികളിൽ സ്ത്രീകളുടെ അനുപാതം ആശങ്കാജനകമായി കുറഞ്ഞിരിക്കുന്നതായി കാണാം. എറണാകുളം ജില്ലയിൽ 961 ആയി കുറഞ്ഞിരിക്കുകയാണ്. ജില്ലയിലെ ഏലൂർ, പെരുമ്പാവൂർ, പിറവം, തൃക്കാക്കര എന്നീ മുനിസിപ്പാലിറ്റികളും ഏതാനും പഞ്ചായത്തുകളും ഒഴികെ എല്ലായിടത്തും 0-6 പ്രായത്തിലുള്ള കുട്ടികളിൽ പെൺകുട്ടികളുടെ എണ്ണം കുറയുന്നതായി കാണാം.

എറണാകുളം ജില്ലയിൽ കുട്ടികളിലെ ആൺ-പെൺ അനുപാത സൂചിക ഏറ്റവും കൂടുതൽ വടവുകോട് ബ്ലോക്കിലും (972) ഏറ്റവും കുറവ് വൈപ്പിൻബ്ലോക്കിലുമാണ് (929). ജില്ലയിലെ ബ്ലോക്കുകളിലെ കുട്ടികളിലെ ഏറ്റവും ഉയർന്നതും താഴ്ന്നതുമായ ആൺ- പെൺ തമ്മിലുള്ള അനുപാതം 43 പോയിന്റാണ്. നഗരസഭയുടെ കാര്യത്തിൽ 1032 പോയിന്റുമായി തൃക്കാക്കര നഗരസഭയും 908 പോയിന്റുമായി തൃപ്പൂണിത്തുറ നഗരസഭയും നിലകൊള്ളുന്നു. നഗരസഭകളിലെ ഏറ്റവും ഉയർന്നതും താഴ്ന്നതുമായ സൂചികകൾ തമ്മിൽ 124 പോയിന്റിന്റെ അന്തരമുണ്ട്.

5. ജനസാന്ദ്രത

ഒരു ചതുരശ്രകിലോമീറ്ററിൽ എത്ര പേർ താമസിക്കുന്നുവെന്ന് ഒരു ഏകദേശ തോത് നൽകുന്ന സൂചികയാണ് ജനസാന്ദ്രത. 2011 - ലെ സെൻസെസ് പ്രകാരം എറണാകുളം ജില്ലയിൽ ഒരു ചതുരശ്രകിലോമീറ്ററിൽ 1072 ആളുകൾ എന്ന നിരക്കിലാണ്. ഇത് കേരളത്തിന്റെ ജനസാന്ദ്രതയെക്കാൾ (860) ഏറെ ഉയർന്നതാണ്. 2011 ലെ സെൻസെസ് പ്രകാരം ജനസാന്ദ്രതയിൽ കേരളത്തിലെ ജില്ലകളിൽ 5-ാം സ്ഥാനം എറണാകുളം ജില്ലയ്ക്കുണ്ട്. ജില്ലകളിൽ തിരുവനന്തപുരം ഒന്നാമതും (1508) ഇടുക്കി (255) ഏറ്റവും പിന്നിലുമാണ്. 2001 ലെ സെൻസെസ് പ്രകാരം ജനസാന്ദ്രതയിൽ എറണാകുളം ജില്ലയ്ക്ക് 6-ാം സ്ഥാനമായിരുന്നു. (അനുബന്ധം 1.3, 1.4)

പട്ടിക-1.5

ജനസാന്ദ്രത - കേരളം, എറണാകുളം ജില്ല

	1951	1961	1971	1981	1991	2001	2011
സംസ്ഥാനം കേരളം	349	435	549	655	749	819	860
എറണാകുളം	579	706	899	1053	1170	1012	1072

അവലംബം: സ്ഥിതി വിവര കണക്കുകൾ

6. ജനനമരണ നിരക്കുകൾ

ഒരു രാജ്യത്തെ ജനസംഖ്യാ വ്യതിയാനം ബാധിക്കുന്ന കാര്യങ്ങൾ ജനനനിരക്ക്, മരണനിരക്ക്, ദേശാടനം, കുടിയേറിപാർക്കൽ (immigration, emigration) എന്നിവയാണ്. പോഷകാഹാരം, ഗവൺമെന്റ് നയങ്ങൾ, സാമൂഹ്യ മുല്യങ്ങൾ, fertility, attitudes about abortion, labour value of children, availability of contraception & culture എന്നിവ ജനനനിരക്കിനെയും അസുഖങ്ങൾ,

യുദ്ധം, മെഡിക്കൽ സാങ്കേതികവിദ്യ, ഇംപ്രൂവ്ഡ് ഹെൽത്ത് കെയർ, ഗതാഗത വികസനം, പോഷകം എന്നിവ മരണനിരക്കിനെയും ബാധിക്കുന്നു. ഏതെങ്കിലും ഒരു സ്ഥലത്തിന്റെ പ്രത്യേകത ആ സ്ഥലത്തേക്ക് കൂടുതൽ ആളുകളെ ആകർഷിക്കാറുണ്ട്. കൂടാതെ യുദ്ധം, വിവേചനം, പട്ടിണി, പ്രകൃതി ദുരന്തങ്ങൾ, ജിവന് ഭീഷണി എന്നിവയും ഒരു രാജ്യം വിട്ടുപോകുവാൻ ആളുകളെ നിർബന്ധിതരാക്കുന്നു.

7. സാക്ഷരത

ഒരു രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക പുരോഗതിയുടെ ഒരു പ്രധാന ഘടകം സാക്ഷരതയാണ്. 2011 - ലെ പഞ്ചായത്ത ലെവൽ സ്റ്റാറ്റിസ്റ്റിക്സ സെൻസെസ് പ്രകാരം എറണാകുളം ജില്ലയുടെ സാക്ഷരതാ നിരക്ക് 95.68 ശതമാനമാണ്. 2001-ൽ ഇത് 93.20 ശതമാനമായിരുന്നു. ഇതിൽ പുരുഷൻമാരുടെ സാക്ഷരതാ നിരക്ക് 95.81 ശതമാനവും സ്ത്രീകളുടേത് 90.66 ശതമാനവുമാണ്. അതേസമയം ജില്ലയിൽ 2011 ൽ പുരുഷൻമാരുടെയും സ്ത്രീകളുടെയും സാക്ഷരതാ നിരക്ക് യഥാക്രമം 97.14, 94.27 എന്നിങ്ങനെയാണ്. സാക്ഷരതയിൽ 97.2 ശതമാനവുമായി ഒന്നാം സ്ഥാനത്ത് കോട്ടയം ജില്ല നിൽക്കുമ്പോൾ 96.5 ശതമാനവുമായി പത്തനംതിട്ട ജില്ലയാണ് തൊട്ടു പിന്നിലുള്ളത്. 95.68 ശതമാനവുമായി എറണാകുളം ജില്ല മൂന്നാം സ്ഥാനത്ത് നിൽക്കുന്നു. സാക്ഷരത നിരക്ക് ഏററവും കുറഞ്ഞത് വയനാട്ടിലാണ് (89 ശതമാനം) 89.3 ശതമാനവുമായി തൊട്ടുമുന്നിൽ പാലക്കാട് ജില്ലയുമുണ്ട്. ദേശീയസാക്ഷരത നിരക്കായ 72 ശതമാനത്തിനു മുകളിലാണ് കേരളത്തിലെ എല്ലാ ജില്ലകളുടെയും സാക്ഷരതാ നിലവാരം.

ജില്ലയിലെ സാക്ഷരരുടെ എണ്ണം 2,855,676 ആണ്. ഇത് മൊത്തം 95.68 ശതമാനമാണ്. ഇതിൽ സ്ത്രീകളുടേത് 94.27 ശതമാനവും പുരുഷൻമാരുടേത് 97.14 ശതമാനവുമാണ്. ജില്ലയിലെ മുനിസിപ്പാലിറ്റികളിൽ 97.31 ശതമാനമായി ആലുവ ഒന്നാം സ്ഥാനത്താണ്. പഞ്ചായത്തുകളിൽ 97.88 ശതമാനമായി മുളവുകാടും ഏറ്റവും കുറവ് സാക്ഷരതയുള്ള അയ്യമ്പുഴയിൽ പോലും 90 ശതമാനത്തിൽ കൂടുതൽ സാക്ഷരതയാണുള്ളത്.

8. നഗരവത്ക്കരണം

2011 ലെ സെൻസെസ് പ്രകാരം ജില്ലയിലെ ജനസംഖ്യയിൽ 68.07 ശതമാനവും നഗരവാസികളാണ്. എന്നാൽ സംസ്ഥാനത്ത് 47.72 ശതമാനമേ നഗരവാസികളുള്ളു. 1961-ൽ ജില്ലയിലെ നഗരജനതയുടെ അനുപാതം 21.25 ശതമാനവും സംസ്ഥാനത്തെ നഗരവാസികളുടെ ശതമാനം 15.11 ഉം ആയിരുന്നു. സംസ്ഥാനത്ത് അഞ്ച് ലക്ഷത്തിൽപ്പരം ജനസംഖ്യയുള്ള നഗരമായ കൊച്ചിയും സമീപ പ്രദേശങ്ങളും മറ്റ് 13 മുനിസിപ്പാലിറ്റികളും എല്ലാം തന്നെ 2001-നുശേഷവും ജനങ്ങൾ തിങ്ങി നിറഞ്ഞ അവസ്ഥയിലാണ്. തന്മൂലം പാരിസ്ഥിതികവും, ആരോഗ്യവും, സാമൂഹ്യവുമായ ധാരാളം പ്രശ്നങ്ങൾ വർദ്ധിച്ച് വരുന്നു. ദൈനംദിനം വർദ്ധിച്ച് വരുന്ന മാലിന്യങ്ങൾ നഗരസഭകൾക്ക് കൈകാര്യം ചെയ്യാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കൊച്ചിയിലെ വ്യവസായ മാലിന്യങ്ങളും പാഴ് വസ്തുക്കളും പെരിയാർ പോലുള്ള നദികളിലേയ്ക്ക് ഒഴുക്കുന്നത് നദിയുടെ നാശത്തിന് കാരണമാകുന്നു. കൊച്ചി നഗരത്തിലെ കൊതുകുശല്യം പരിഹരിക്കാനാവാത്ത ഒരു പ്രശ്നമായി ഇന്നും നിലനിൽക്കുന്നു.

9. ബ്ലോക്ക് തലത്തിലുള്ള ജനസംഖ്യാ വിതരണം

ജില്ലയിലെ 14 ബ്ലോക്കുകളിലും 13 നഗരപ്രദേശങ്ങളിലുമായി, ജില്ലയിലെ ജനസംഖ്യാ വിതരണം ചെയ്യപ്പെട്ടിരിക്കുന്നു. വിസ്തൃതിയിൽ ഏറ്റവും വലുത് കോതമംഗലം ബ്ലോക്കും (795.01 ച.കി.മി.). ഏറ്റവും ചെറുത് ഇടപ്പള്ളി ബ്ലോക്കുമാണ് (23.51 ച.കി.മി.) 2011-ലെ സെൻസെസ് പ്രകാരം ഏറ്റവും കൂടുതൽ വാർഡുകളുള്ള ബ്ലോക്ക് വാഴക്കുളം (അതായത് 15

വാർഡുകൾ), തൊട്ടുപുറകിൽ കോതമംഗലം ബ്ലോക്കും (14 വാർഡുകൾ), ബാക്കിയുള്ള 12 ബ്ലോക്കുകളിലും 13 വാർഡുകൾ വീതവുമാണ്. ആകെ കുടുംബങ്ങളുള്ള ബ്ലോക്കുകളുടെ കാര്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് വാഴക്കുളം ബ്ലോക്കും (56,663), ഏറ്റവും പിന്നിൽ നിൽക്കുന്നത് ഇടപ്പള്ളി ബ്ലോക്കുമാണ് (11636). ജില്ലയിലെ ബ്ലോക്കുകളിൽ ജനസംഖ്യ ഏറ്റവും കൂടുതലുള്ളത് വാഴക്കുളം ബ്ലോക്കിലും (2,38,877) ഏറ്റവും കുറവ് ഇടപ്പള്ളി ബ്ലോക്കിലുമാണ്(46,889)ജനസാന്ദ്രതയുടെ കാര്യത്തിൽ ജില്ലയിലെ ബ്ലോക്കുകളിൽ മുന്നിട്ടു നിൽക്കുന്നത് പറവൂർബ്ലോക്കും (2348 ച.കി.മി.) തൊട്ടു പിന്നിലായി തീരപ്രദേശബ്ലോക്കായ വൈപ്പിനുമുണ്ട് (2,324 ച.കി.മി.). ഏറ്റവും കുറവ് ജനസാന്ദ്രതയുള്ളത് കോതമംഗലം ബ്ലോക്കിലാണ് (253ച.കി.മി). കൂടാതെ അങ്കമാലി, കൂവപ്പടി, കോതമംഗലം, മൂവാറ്റുപുഴ, പാമ്പാക്കുട, വടവുകോട് എന്നീ ബ്ലോക്കുകളിലെ ജനസാന്ദ്രത 1000-ൽ താഴെയാണ്.

സാക്ഷരത നിലവാരത്തിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ സാക്ഷരരുള്ളത് ഇടപ്പള്ളി ബ്ലോക്കിലും (97.40%) ഏറ്റവും കുറവ് കോതമംഗലം ബ്ലോക്കിലുമാണ് (94.90%) അങ്കമാലി, കൂവപ്പടി, കോതമംഗലം, പാറക്കടവ്, വാഴക്കുളം എന്നീ ബ്ലോക്കുകളിലെ സാക്ഷരതാ നിലവാരം 95 ശതമാനത്തിൽ താഴെയാണ്. ബ്ലോക്കുകളിലെ ദശാബ്ദ ജനസംഖ്യാ വളർച്ചാ നിരക്ക് നോക്കുമ്പോൾ ഏറ്റവും മുൻപിൽ നിൽക്കുന്നത് ജനസംഖ്യ കൂടുതലുള്ള വാഴക്കുളം ബ്ലോക്കാണ്(16.30). ഏറ്റവും കുറവ് തീരപ്രദേശ ബ്ലോക്കായ വൈപ്പിനിലുമാണ് (0.39).

10. നഗരസഭകളിലെ ജനസംഖ്യാ വിതരണം

ജില്ലയിൽ നിലവിൽ 13 നഗരസഭകളുണ്ട്. വിസ്തൃതിയിൽ ഏറ്റവും വലിയ നഗരസഭ കോതമംഗലവും (40.04ച.കി.മി.) ഏറ്റവും ചെറുത് ആലുവയുമാണ് (6.46ച.കി.മി.). ആകെ ജനസംഖ്യയുടെ കാര്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് തൃപ്പൂണിത്തുറ (92,550) നഗരസഭയുടെ ഏറ്റവും പിന്നിൽ നിൽക്കുന്നത് പുതുതായി രൂപം കൊണ്ട നഗരസഭകളിലൊന്നായ കൂത്താട്ടുകുളവുമാണ് (17,253). ജില്ലയിലെ നഗരസഭകളിൽ ജനസാന്ദ്രതയുടെ കാര്യത്തിൽ ഏറ്റവും മുന്നിട്ട് നിൽക്കുന്നത് മരട് നഗരസഭയും (3,620 ച.കി.മി.) ഏറ്റവും പിന്നിലുള്ള നഗരസഭ കൂത്താട്ടുകുളവുമാണ് (744 ച.കി.മി.). കൂടാതെ കോതമംഗലം, കൂത്താട്ടുകുളം, പിറവം എന്നീ നഗരസഭകളിലെ ജനസാന്ദ്രത 1000-ൽ താഴെയാണ്.

ജില്ലയിൽ ഏറ്റവും കൂടുതൽ സാക്ഷരത നേടിയിട്ടുള്ള നഗരസഭ ആലുവയും (97.90) ശതമാനം ഏറ്റവും പിന്നിലുള്ളത്പിറവം (95.73) ശതമാനവുമാണ്. ദശാബ്ദ ജനസംഖ്യ വളർച്ച നിരക്കുകൾ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഏറ്റവും മുന്നിൽ നിൽക്കുന്നത് തൃക്കാക്കര നഗരസഭയും (17.18) ശതമാനവും ഏറ്റവും പിന്നിലുള്ള നഗരസഭ ആലുവയുമാണ് (-6.98) ശതമാനം.

11. ജനസംഖ്യയുടെ പൊതുസ്വഭാവം

ജില്ലയിലെ ജനസംഖ്യ സംബന്ധിച്ച പൊതുസ്വഭാവത്തെപ്പറ്റി ഏതാനും വിവരണം.

2011 ലെ സെൻസെസ് പ്രകാരം സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 9.82 ശതമാനവും എറണാകുളം ജില്ലയിലാണ്. ജനസംഖ്യയിലെ 32.82 ലക്ഷം ജനങ്ങളിൽ 10.48 ലക്ഷം ജനങ്ങളും ഗ്രാമപ്രദേശങ്ങളിലും 22.34 ലക്ഷം ജനങ്ങൾ പട്ടണപ്രദേശങ്ങളിലും നിലകൊള്ളുന്നു. ആകെ ജനസംഖ്യയിൽ 9.26 ശതമാനവും 0-6 എന്ന പ്രായപരിധിലുള്ള കുട്ടികളാണ്.

ജില്ലയിലെ ജനസംഖ്യയുടെ 8.18ശതമാനവും പട്ടികജാതി വിഭാഗക്കാരും 0.50 ശതമാനവും പട്ടികവർഗ്ഗ വിഭാഗക്കാരുമാണ്. ഈ അനുപാതങ്ങൾ സംസ്ഥാനതലത്തിൽ യഥാക്രമം 9.10 ശതമാനവും 1.45 ശതമാനവുമാണ്. പട്ടികജാതി വിഭാഗക്കാർ ഏറ്റവും കൂടുതൽ പാലക്കാട് ജില്ലയിലും (14.37ശതമാനം) ഏറ്റവും കുറവ് കണ്ണൂർ

ജില്ലയിലുമാണ് (3.30 ശതമാനം). ഈ വിഭാഗത്തിൽ നമ്മുടെ ജില്ലയ്ക്ക് 8-ാം സ്ഥാനമാണുള്ളത്. പട്ടിക വർഗ്ഗ വിഭാഗത്തിൽ, വയനാട് ജില്ല 18.53 ശതമാനമായി സംസ്ഥാനത്ത് ഒന്നാമത് നിൽക്കുമ്പോൾ 0.30 ശതമാനമായി തൃശ്ശൂർ ജില്ലയാണ് ഏറ്റവും പിന്നിൽ നിൽക്കുന്നത്. ഈ മേഖലയിൽ എറണാകുളം ജില്ലയ്ക്ക് 10-ാം സ്ഥാനമാണുള്ളത്. (അനുബന്ധം 1.5, 1.6)

നഗരസഭകളിൽ പട്ടികജാതി വിഭാഗക്കാർ ഏറ്റവും കൂടുതലുള്ളത് തൃപ്പൂണിത്തുറയും (11.40ശതമാനം) ഏറ്റവും കുറവ് ആലുവ നഗരസഭയിലുമാണ് (3.72ശതമാനം). പട്ടികവർഗ്ഗ ക്കാരുടെ കാര്യമെടുത്താൽ ജനസംഖ്യയിൽ ഏലൂർ നഗരസഭ 0.98 ശതമാനമായി ഒന്നാമതും 0.09 ശതമാനവുമായി പെരുമ്പാവൂർ നഗരസഭ ഏറ്റവും പിന്നിലുമാണ്.

പട്ടികജാതി ജനവിഭാഗം ഏറ്റവും കൂടുതലുള്ളത് വടവുകോട് ബ്ലോക്കിലും (14.60ശതമാനം) ഏറ്റവും കുറവ് മൂവാറ്റുപുഴ ബ്ലോക്കിലുമാണ് (5.80 ശതമാനം) പട്ടികവർഗ്ഗ വിഭാഗത്തിൽ 2.51 ശതമാനവുമായി കോതമംഗലം ബ്ലോക്ക് മുന്നിലും 0.18 ശതമാനവുമായി പാറക്കടവ് ബ്ലോക്ക് ഏറ്റവും പിന്നിലുമാണ്.

എറണാകുളത്തിലെ മൊത്തം സംയോജിത മൂല്യം (അനുബന്ധം 1.7) ആയി ചേർത്തിരിക്കുന്നു.

മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ദാരിദ്ര്യത്തിന്റെ നിരക്ക് കേരളത്തിൽ വളരെ കുറവാണ്. ഗ്രാമപ്രദേശങ്ങളെയിലും നഗരപ്രദേശങ്ങളിലെയും ദാരിദ്ര്യത്തിന്റെ ആകസ്മികത കുറയുന്നതിന് കേരളം അതിവ്യാപനമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. 2011-12 ലെ കേരളത്തിലെ ദാരിദ്ര്യത്തിന്റെ അനുപാതം 11.3 ശതമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. ദാരിദ്ര്യം കണ്ടെത്തുന്നുതിനുള്ള വിവിധ സൂചകങ്ങൾ അടിസ്ഥാന മാക്കി എറണാകുളം ജില്ലയിലെ ദരിദ്ര ഗ്രാമീണ കുടുംബങ്ങളുടെ ശതമാനം ചുവടെ ചേർക്കുന്നു. (അനുബന്ധം 1.8).

ചിത്രം -1.2



അവലംബം : സാമൂഹ്യ സാമ്പത്തിക ജാതി സെൻസെസ്

1.4. വികസന ചരിത്രം

1958 ഏപ്രിൽ 1 നാണ് എറണാകുളം ജില്ലാ രൂപം കൊണ്ടത്. 1997-ൽ ഇടുക്കി ജില്ലയുടെ ഭാഗമായിരുന്ന കുട്ടമ്പുഴ വില്ലേജ് എറണാകുളം ജില്ലയോട് കൂട്ടിച്ചേർത്തു.

പഴയ കൊച്ചി-തിരുവിതാകൂർ-മലബാർ പ്രദേശങ്ങളുടെ വിവിധ ഭാഗങ്ങൾ ചേർന്നുണ്ടായ എറണാകുളം ജില്ലയിലാണ് കേരളത്തിലെ ദ്വീപുകളിൽ ഭൂരിഭാഗവും ഉള്ളത്. മനുഷ്യനിർമ്മിതമായ വില്ലിംഗ്ടൺ ഐലന്റ്, ലോകത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള വൈപ്പിൻ ദ്വീപ്, ചെറിയ കടമക്കുടി, വലിയ കടമക്കുടി, രാമൻതുരുത്ത്, പോഞ്ഞിക്കര, വല്ലാർപ്പാടം, കുമ്പളം, പനങ്ങാട്, ചേപ്പനം, നെട്ടൂർ, പിഴല, കൺകട്ടുത്തുരുത്ത്, കോരംപാടം, ചേരാനെല്ലൂർ, ചാത്തനാട്, ചേന്ദമംഗലം തുടങ്ങിയവയാണ് പ്രധാന ദ്വീപുകൾ. ദ്വീപുകളെല്ലാം ജനവാസകേന്ദ്രങ്ങളാണ്.

മലമ്പ്രദേശങ്ങളിൽ വനവിഭവങ്ങൾ ശേഖരിക്കലും കുട്ട, വട്ടി, മുറം, പനമ്പ് മുതലായവ നിർമ്മിക്കലുമായിരുന്നു പ്രധാന വരുമാനമാർഗ്ഗം. തീയിട്ട് തെളിയിച്ചെടുക്കാവുന്ന ഭാഗങ്ങളിൽ പുനം കൃഷി ചെയ്തുപോന്നിരുന്നു. ഇടനാട്ടിൽ കൃഷിയായിരുന്നു പ്രധാന ജീവനോപാധി. ഇവർ പ്രായേണ സമ്പന്ന വിഭാഗക്കാരായിത്തീർന്നു. തീരപ്രദേശത്ത് മത്സ്യബന്ധനം, കക്കവാരൽ, ചുണ്ണാമ്പ് ഉണ്ടാക്കൽ, മുത്തുവാരൽ, വഞ്ചി നിർമ്മാണം തുടങ്ങിയവ ആയിരുന്നു പ്രധാന തൊഴിൽ മാർഗ്ഗങ്ങൾ. എക്കൽ മണ്ണടിഞ്ഞ് ഫലഭൂയിഷ്ടമായ പ്രദേശത്ത് തെങ്ങും പൊക്കാളികൃഷിയും വ്യാപിക്കാനിടയായി. തിണൈ വ്യവസ്ഥിതിയിൽ ഉല്പന്നങ്ങൾ ആവശ്യത്തിനു മാത്രം ഉത്പാദിപ്പിക്കുകയും, കൈമാറ്റം ചെയ്യുകയും ചെയ്തിരുന്ന സ്വയംപര്യാപ്ത സാമ്പത്തിക വ്യവസ്ഥ നിലനിന്നിരുന്നു. ക്രിസ്ത്വാബ്ദം 8-ാം നൂറ്റാണ്ടു വരെ ഈ വ്യവസ്ഥ നിലനിന്നിരുന്നതായി കണക്കാക്കുന്നു. സുഗന്ധ വ്യഞ്ജനങ്ങളുടെ പ്രധാന വാണിജ്യ കേന്ദ്രമാണ് കൊച്ചി. ലോക വ്യാപാര ഭൂപടത്തിൽ കൊച്ചിക്ക് പ്രധാന സ്ഥാനം കൈവന്നത് എ.ഡി.1341 ലെ വെള്ളപ്പൊക്കം മൂലം കൊടുങ്ങല്ലൂർ തുറമുഖം നശിച്ചതോടെയാണ്.

ഉത്പാദന വ്യവസ്ഥ ഭൂമികേന്ദ്രീകൃതമായ കാർഷിക വ്യവസ്ഥയിൽ നിന്നും അങ്ങാടി ലക്ഷ്യമാക്കി ഉത്പാദനം നടത്തുന്ന നാണ്യവിള കൃഷിയും ഉത്പാദന രീതികളുമുള്ള മുതലാളിത്ത വ്യവസ്ഥിതിയിലേക്ക് മാറി. എറണാകുളം ജില്ലയിലെ പ്രധാന ആരോഗ്യ സംവിധാനങ്ങളിലൊന്നായ ജനറൽ ഹോസ്പിറ്റൽ 1845-ലാണ് സ്ഥാപിച്ചത്.

കൊച്ചി തുറമുഖം വ്യവസായ വളർച്ചയിൽ സ്വാധീനം ചെലുത്തി. ആലുവാപ്പുഴയോട് ചേർന്നുള്ള കരകളിൽ ആധുനിക വ്യവസായശാലകൾ ഉണ്ടായി. വളം നിർമ്മാണശാല, ഗ്ലാസ്സ് ഫാക്ടറി, ഓട് നിർമ്മാണ ഫാക്ടറികൾ തുടങ്ങിയവ ഇതിൽപ്പെടുന്നു. റെയിൽവേ ലൈൻ ഷൊർണ്ണൂർ നിന്നും എറണാകുളം വരെ നീട്ടിയത് 1896 മുതൽ 1901 വരെ ദിവാനായിരുന്ന പി. രാജഗോപാലാചാരിയുടെ കാലഘട്ടത്തിലാണ്. ഓഡിറ്റ് സമ്പ്രദായവും ഇക്കാലത്ത് നടപ്പിലാക്കി. 1902 ൽ മീറ്റർഗേജും 1936 ൽ ബ്രോഡ്ഗേജും ആയി. പ്രധാന റോഡുകൾ പണിതീർത്തത് 1878 കാലഘട്ടത്തിലാണ്. 1914 ൽ മൂവാറ്റുപുഴപാലവും 1935 ൽ നേര്യമംഗലം പാലവും 1940 ൽ മാർത്താണ്ഡവർമ്മപാലവും ഉണ്ടായി.

1940 ൽ പള്ളിവാസൽ ജലവൈദ്യുതപദ്ധതി കമ്മീഷൻ ചെയ്തു. ഇതെല്ലാം വ്യവസായ വളർച്ചക്ക് സഹായിച്ചു. ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ നിർമ്മിതമായ വെല്ലിംഗ്ടൺ ഐലന്റ് കര-കടൽ-വ്യോമ ഗതാഗതമായതും 250 ഹെക്ടർ വിസ്തൃതിയുള്ളതുമാണ്. 1866 ൽ ഫോർട്ടുകൊച്ചിയും 1912 ൽ മട്ടാഞ്ചേരിയും 1913 ൽ എറണാകുളവും മുനസിപ്പാലിറ്റികളായി മാറി. 1845 ൽ സ്ഥാപിച്ച ഇംഗ്ളീഷ് സ്ക്കൂൾ 1875 ൽ കോളേജ് ആക്കി. 1925 മുതൽ മഹാരാജാസ് കോളേജ് എന്ന പേരിൽ അറിയപ്പെട്ടു. 1921 ൽ യു.സി കോളേജ് സ്ഥാപിക്കപ്പെട്ടു. ഇന്ത്യയിലെ ആദ്യത്തെ യൂറോപ്യൻ കോട്ട, ഡച്ച് കൊട്ടാരം, സാന്താക്രൂസ് ഭദ്രാസനപ്പള്ളി, ജൂതപ്പള്ളി തുടങ്ങിയവ വിദേശാധിപത്യ കാലഘട്ടത്തിൽ ഉണ്ടായതാണ്. പുതിയ സാമ്പത്തിക മേഖലകളിലേക്ക് കടന്നു ചെല്ലാനും, പുത്തൻ സാങ്കേതിക വിദ്യകളും അറിവുകളും

സ്വായത്തമാക്കുവാനും ഇടയായി. മറ്റു നാട്ടുരാജ്യ പ്രദേശങ്ങളിലെന്നപ്പോലെ ഇവിടെയും ഉയർന്നുവന്ന സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ആദ്യനാമ്പുകൾ സത്ഭരണത്തിനുവേണ്ടിയും ഭരണത്തിന്റെ ജനാധിപത്യ വത്ക്കരണത്തിനു വേണ്ടിയുമായിരുന്നു.

കാർഷിക വികസനത്തിന്റെ ഭാഗമായി തീരദേശം കേന്ദ്രീകരിച്ചുകൊണ്ട് വാണിജ്യ അടിസ്ഥാനത്തിൽ തെങ്ങ് കൃഷി ആരംഭിച്ചു. ആധുനിക രീതിയിൽ സംഘടിക്കപ്പെട്ട തോട്ടങ്ങളുടെ ആവിർഭാവവും കൃഷിയുടെ വാണിജ്യവത്ക്കരണവും ഒട്ടേറെ നാണ്യവിളകളുടെ പ്രചാരവും കോളനി വാഴ്ചക്കാലത്താണ് തുടങ്ങിയത്. വിപണിയിൽ കയറ്റുമതി മാത്രം ലക്ഷ്യമാക്കി വൻതോതിൽ വളർന്ന ഈ പ്രവണത ക്രമേണ കേരളത്തിന്റെ ഭക്ഷ്യസുരക്ഷിതത്വത്തിനു ഭീഷണിയായി തീർന്നു. എന്നാൽ കയറ്റുമതി വരുമാനത്തിൽ വർദ്ധന രേഖപ്പെടുത്താനും കുറെയേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഇതിന്റെ ഫലമായി കഴിഞ്ഞു. എന്നാൽ നാണ്യവിളകളുടെ ഭ്രാന്തമായ വ്യാപനം കൂടുതൽ കൂടുതൽ വനഭൂമി കൈയ്യേറി വെട്ടിത്തെളിച്ച് റബ്ബർ, കാപ്പി, തേയില എന്നിവയെല്ലാം കൃഷി ചെയ്യുന്നിടത്തേക്ക് കാര്യങ്ങൾ ചെന്നെത്തി. നിരന്തരമായ വനനശീകരണത്തിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ പല രൂപങ്ങളിൽ നമ്മൾ അനുഭവിച്ചു വരികയാണ്.

ആധുനിക ഗതാഗത സംവിധാനങ്ങളുടെ വികസനവും കോളനിഘട്ടത്തിലാണ് ആരംഭിക്കുന്നത്. കേരളത്തിന്റെ സമ്പദ് ഘടനയെ ലോക സമ്പദ് ഘടനയുമായി വിളക്കിച്ചേർക്കുകയും നമ്മുടെ പ്രകൃതി വിഭവങ്ങളും മറ്റുല്പന്നങ്ങളും വിദൂര വിപണികൾ ലക്ഷ്യമാക്കി വൻതോതിൽ സഞ്ചരിക്കാൻ തുടങ്ങുകയും ചെയ്തതോടെയാണ് ഗതാഗത സൗകര്യങ്ങൾ വളരെ വേഗം വികസിക്കാൻ തുടങ്ങിയത്. വനവിഭവങ്ങളും തോട്ടവിളകളും തീരദേശത്തെ വാണിജ്യ കേന്ദ്രങ്ങളിൽ എത്തിക്കാനാണ് പ്രധാന റോഡുകളെല്ലാം നിർമ്മിക്കപ്പെട്ടത്. നാടിന്റെ സാമ്പത്തിക വളർച്ചക്ക് ഗതാഗത സൗകര്യങ്ങളുടെ വികസനം അത്യന്താപേക്ഷിതമാണെന്ന് ഇവിടുത്തെ പ്രമുഖരായ സാമൂഹ്യ പരിഷ്കർത്താക്കളും ഭരണനേതൃത്വവും മനസ്സിലാക്കിയിരുന്നു. കൊച്ചി രാജ്യത്തിന്റെ മന്ത്രി എന്ന നിലയിൽ എം.ജി. റോഡിന്റെ നിർമ്മാണം ആരംഭിക്കുകയും വിവിധ ദ്വീപുകൾ തമ്മിൽ ബന്ധിപ്പിക്കാനുള്ള പാലങ്ങളുടെ ആശയം അവതരിപ്പിക്കുകയും ചെയ്ത സഹോദരൻ അയ്യപ്പൻ ഇതിന്റെ നല്ല ഉദാഹരണമാണ്.

സ്വാതന്ത്ര്യാനന്തര കാലഘട്ടം

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ കേരളത്തോടൊപ്പം വികസനത്തിൽ എറണാകുളവും വളർച്ച നേടി. ജലസേചനപദ്ധതികളുടെ വരവും ഒട്ടേറെ പ്രദേശങ്ങളിൽ കാർഷിക രംഗത്ത് ചലനങ്ങളുണ്ടാക്കി. പഞ്ചവത്സര പദ്ധതികൾ മുഖേന നടപ്പാക്കപ്പെട്ട പെരിയാർ വാലി ഇറിഗേഷൻ പദ്ധതി, ഇടമലയാർ ഇറിഗേഷൻ പദ്ധതി, ചാലക്കുടി ഇരിഗേഷൻ പദ്ധതി, മൂവാറ്റുപുഴ ഇറിഗേഷൻ പദ്ധതി എന്നിവ ജില്ലയുടെ ഏതാണ്ട് മുഴുവൻ പ്രദേശത്തും ജലസേചനമെത്തിക്കുന്നതിനും കാർഷികമേഖലയുടെ വളർച്ചക്കും ആക്കം കൂട്ടുന്നതിനും സഹായിച്ചു. പെരിയാറിലേക്ക് കയറികൊണ്ടിരിക്കുന്ന ഓരുവെള്ളം നിയന്ത്രിക്കുന്നതിനായി പെരിയാർവാലി പദ്ധതികൊണ്ട് സാധിച്ചു.

കർഷക പ്രസ്ഥാനങ്ങളുടെ വളർച്ചയും അനുക്രമമായി ഭൂബന്ധനങ്ങളിൽ വന്ന മാറ്റവും ജന്മിത്വത്തിന്റെ അവഗണനയും കൃഷിഭൂമി കൃഷിക്കാരന് കിട്ടിയതും കാർഷിക രംഗത്ത് വലിയ ചലനങ്ങൾ സൃഷ്ടിച്ചു. എന്നാൽ ആളോഹരി ഭൂമി ലഭ്യത വളരെ കുറഞ്ഞ ഈ നാട്ടിൽ ആവിഷ്ക്കരിക്കപ്പെട്ട കൃഷി സംവിധാനങ്ങൾ പലവിധത്തിൽ തിരിച്ചടികളെ നേരിട്ട് കൊണ്ടിരിക്കുകയാണ്. സാമ്പത്തികവും പാരിസ്ഥിതികവുമായ സാമൂഹ്യ ഘടകങ്ങൾ കാർഷികരംഗത്ത് ഇന്നു കണ്ടു വരുന്ന പിന്നോട്ടടിക്ക് കാരണമായിട്ടുണ്ട്. കൃഷി

നടത്താനുള്ള ചെലവ് ഭീമമായി വർദ്ധിച്ചത് അതിനെ ലാഭകരമല്ലാത്ത തൊഴിലാക്കുന്നുണ്ട്. കൃഷിപണിയുടെ സ്വാഭാവിക മാന്യത നഷ്ടമായതും കാർഷിക ഉല്പ്പന്നങ്ങളുടെ വില തകർച്ചയും വിപണി ലഭ്യത കുറവും ഗൗരവകരമായ പ്രശ്നങ്ങളാണ്. പലതരം രോഗബാധകൾ കൊണ്ട് വൻതോതിൽ വിളവുതരുന്ന സ്ഥിരം കൃഷിയായ തെങ്ങുപോലും നശിക്കുന്നത് ഏറെക്കുറെ പതിവായിരിക്കുന്നു.

എന്നാൽ നെൽകൃഷിക്ക് കീഴിലുള്ളതിന്റെ ഇരട്ടിയിലധികം വിസ്തീർണ്ണമുള്ള സ്ഥലം റബ്ബർ കൃഷിക്ക് വേണ്ടിയാണ് ഈ ജില്ലയിൽ വിനിയോഗിച്ചിട്ടുള്ളത്. ഇപ്പോൾ നിലവിലുള്ള നെൽപ്പാടങ്ങൾ തന്നെ അതിവേഗം മറ്റാവശ്യങ്ങൾക്കായി മാറ്റപ്പെട്ടുകൊണ്ടിരിക്കുകയാണ്. പലകാരണങ്ങൾ കൊണ്ടും ഇവിടെ ഭൂമിയുടെ മേലുള്ള സമർദ്ധം വളരെ കൂടുതലാണ്. ജനസാന്ദ്രതയും കുടിയേറ്റവും കാരണങ്ങളാണ്. തത്ഫലമായി വിടുവെയ്ക്കാനും ഇഷ്ടിക നിർമ്മാണത്തിന് മണ്ണെടുക്കാനും വിശാലമായ നെല്പാടങ്ങൾ പ്രയോജനപ്പെടുത്തുകയാണ്. വർദ്ധിച്ചുവരുന്ന ഈ സമ്മർദ്ധം കുറയ്ക്കാനും കൃഷിയിടങ്ങളിൽ വ്യാപ്തി കുറയാതിരിക്കാനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഗൗരവകരമായ സാമൂഹ്യപ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന സംഗതിയായതുകൊണ്ട് ഇക്കാര്യം പ്രയോഗത്തിൽ വരുത്തുക ഏറെ പ്രയാസകരമാണ്. ജനങ്ങളുടെ സാമൂഹ്യ സാംസ്ക്കാരിക നിലപാടുകളിൽ ഗണ്യമായ പരിവർത്തനം ആവശ്യപ്പെടുന്ന പ്രശ്നം കൂടിയാണിത്. ഈ പുതിയ അവബോധം വളരെ സാവകാശത്തിലാണെങ്കിലും വളർന്നു വരുന്നുണ്ട് എന്നത് ആശാവഹമായ സംഗതിയാണ്. കുടിവെള്ളം പോലുള്ള അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുപോലും വൻതോതിലുള്ള സർക്കാർ ഇടപെടലുകൾ ആവശ്യമായി തീർന്നിരിക്കുന്ന പുതിയ സാഹചര്യം പരിസ്ഥിതി അവബോധത്തിലേക്ക് നയിക്കുന്നുണ്ട്. പരിസ്ഥിതി സംരക്ഷണവും പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും തുടർ ലഭ്യതയും ഇന്ന് വികസന ചർച്ചകളിലെ അപ്രധാനമല്ലാത്ത ഇനമായി ഉയർന്നിട്ടുണ്ട്. പരമ്പരാഗതമായ ജലസ്രോതസ്സുകളും ജലസംഭരണ സംവിധാനങ്ങളും സംരക്ഷിക്കാൻ വമ്പിച്ച ജനപങ്കാളിത്തത്തോടെ വ്യാപകമായി കർമ്മപരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

കേരളത്തിലെ രാഷ്ട്രീയ - സാമ്പത്തിക - സാമൂഹ്യ ചരിത്രത്തിലും എറണാകുളം ജില്ലയ്ക്ക് നിർണ്ണായക സ്ഥാനമുണ്ട്. 1949-ൽ തിരുകൊച്ചിയുടെയും 1956-ൽ കേരളത്തിന്റെയും ഹൈക്കോടതിയാവാൻ എറണാകുളത്തെ റാംമോഹൻ പാലസിനു കഴിഞ്ഞു. മലയാളത്തിന്റെ അഭിമാനഭാജനങ്ങളായ കേസരി ബാലകൃഷ്ണപിള്ള, ചങ്ങമ്പുഴ, ഇടപ്പിള്ളി, പി.കേശവദേവ്, വൈലോപ്പിള്ളി ശ്രീധരമേനോൻ, എം.വി.പോൾ, കുറ്റിപ്പുഴ കൃഷ്ണപ്പിള്ള, സി.ജെ തോമസ്, ജ്ഞാനപീഠം ജേതാവായ മഹാകവി ജി. ശങ്കരക്കുറുപ്പ്, മലയാറ്റൂർ രാമകൃഷ്ണൻ മുതലായവർ എറണാകുളം ജില്ലയുമായി അഭേദ്യമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നവരാണ്. ആദ്യത്തെ തിരുകൊച്ചി മുഖ്യമന്ത്രി പറവൂർക്കാരനായ ശ്രീ. റ്റി. കെ. നാരായണപ്പിള്ള ആയിരുന്നു. മന്ത്രിസഭകളിലും കേന്ദ്ര മന്ത്രിസഭകളിലും പ്രവർത്തിച്ചിട്ടുള്ള പനമ്പിള്ളി ഗോവിന്ദമേനോൻ, എം. എം. തോമസ്, സാമൂഹ്യ പരിഷ്ക്കർത്താവ് സഹോദരൻ അയ്യപ്പൻ, പണ്ഡിറ്റ് കറുപ്പൻ, കെ.പി. വള്ളോൻ, മത്തായി മാഞ്ഞൂരാൻ, സർവ്വോദയം കുര്യൻ, പി. ഗോവിന്ദപ്പിള്ള എന്നിവരെല്ലാം എറണാകുളത്തിന്റെ സന്തതികളാണ്. എറണാകുളം ജില്ലയുടെ വ്യവസായിക ചരിത്രത്തിൽ എഫ്.എ.സി.റ്റി യുടെയും അനുബന്ധ വ്യവസായ ങ്ങളുടെയും വളർച്ചയ്ക്ക് പ്രധാന പങ്ക് വഹിച്ച എം.കെ.കെ. നായരുടെ പേര് എടുത്തു പറയേണ്ടതാണ്.

സ്വാതന്ത്ര്യാനന്തരം 1956 ൽ കേരളം രൂപീകൃതമായതിനുശേഷം നിലവിൽ വന്ന ഭൂപരിഷ്ക്കരണ നിയമം ജന്മിത്വ വ്യവസ്ഥ

അവസാനിപ്പിച്ച് കർഷകന് കൃഷിഭൂമിയിൽ അധികാരം കൊടുക്കുകയും കാർഷിക സമ്പദ് വ്യവസ്ഥയെ സമൂലം പരിഷ്കരിക്കുകയും ചെയ്തു. പൊതുമേഖലയിൽ സാർവ്വത്രികമായ വിദ്യാഭ്യാസം നടപ്പിലായത് വിദ്യാഭ്യാസരംഗത്തെ വൻമാറ്റങ്ങൾക്ക് ഇടനൽകി. പ്രധാന വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ ഒന്നായി തീർന്നു എറണാകുളം. എഴുപതുകളുടെ അവസാനത്തിൽ സജീവമായി തീർന്ന സഹകരണ പ്രസ്ഥാനം കാർഷിക മേഖലയിൽ മാത്രമല്ല മറ്റിതര മേഖലകളിലും സ്വാധീനം ചെലുത്തി. വിവിധ സ്ത്രീ വിമോചന പ്രസ്ഥാനങ്ങളും കർഷക പ്രസ്ഥാനങ്ങളും തൊഴിലാളി പ്രസ്ഥാനങ്ങളും രൂപം കൊണ്ടതും സാർവ്വത്രികമായതും ഈ കാലഘട്ടത്തിലാണ്. എഴുപത് എൺപതുകളിൽ ആരംഭിച്ച വിവിധ ക്ഷേമപദ്ധതികൾ വഴി സമൂഹത്തിലെ പിൻതള്ളപ്പെട്ട വിഭാഗങ്ങളിൽ വൻമാറ്റങ്ങളുണ്ടായി.

കേന്ദ്രമേഖലയിൽ ഫാക്ട്, കൊച്ചിൻ ഷിപ്പ്യാർഡ്, എച്ച്.എം.ടി, കെ.ആർ.എൽ, ഐ.ആർ.ഇ, സംസ്ഥാന മേഖലയിൽ ടെൽക്, റ്റി.സി.സി, സ്വകാര്യ മേഖലയിൽ ഇൻഡാൽ, പ്രീമിയർ ടയേഴ്സ്, ട്രാവൻകൂർ റയോൺസ് തുടങ്ങിയ വ്യവസായ സ്ഥാപനങ്ങൾ രൂപീകൃതമാവുകയും ചെയ്തു. കൊച്ചിൻ പോർട്ട് വൻ കണ്ടെയ്നറുകൾ കയറ്റി അയക്കുന്ന കേന്ദ്രമായതോടെ സുഗന്ധ വ്യഞ്ജനങ്ങൾ വിദേശത്ത് കയറ്റി അയക്കുന്നതിന് സാധിക്കുന്നു. നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വരവ് പൊതു-സ്വകാര്യ പങ്കാളിത്ത മേഖലയിലെ ഇന്ത്യയിലെ തന്നെ ആദ്യത്തെ സംരംഭമാണ്.

കളക്ടറേറ്റ് കൊച്ചിയിൽ നിന്ന് കാക്കനാട്ടേക്ക് മാറ്റിയതോടെ കൊച്ചിയിൽ കേന്ദ്രീകരിച്ചിരുന്ന വികസനം ജില്ലയുടെ മറ്റ് മേഖലകളിലേക്ക് കൂടി വ്യാപിക്കുന്നതിന് സഹായകമായി.

എറണാകുളം ജില്ലയുടെ ചരിത്ര സാംസ്കാരിക പാരമ്പര്യം വിളിച്ചോതുന്ന നിരവധി ഹൈന്ദവ, ക്രൈസ്തവ, മുസ്ലീം ദേവാലയങ്ങളുണ്ട്. ഇവിടുത്തെ നിലവാരം പുലർത്തുന്ന ചുവർ ചിത്രങ്ങൾ ചരിത്ര ഗവേഷകർക്ക് മുതൽക്കൂട്ടാണ്. പെരുമ്പാവൂരിലുള്ള കല്ലിൽ എന്ന സ്ഥലത്ത് പാറയ്ക്കകത്തുള്ള ഗുഹയും ഗുഹാന്തർഭാഗത്തുള്ള വിഗ്രഹവും ജൈനമതത്തെ സൂചിപ്പിക്കുന്നു. കോട്ടയിൽ കോവിലകം, ചോറ്റാനിക്കരക്ഷേത്രം,കുന്നത്തളളി ക്ഷേത്രം, തൃക്കാക്കരക്ഷേത്രം, നായത്തോട് ശിവനാരായണ ക്ഷേത്രം, തൃപ്പൂണിത്തുറ സന്താനഗോപാല ക്ഷേത്രം തുടങ്ങിയവ അതിപുരാതന ക്ഷേത്രങ്ങളാണ്. പുരാതന ക്രിസ്ത്യൻ ദേവാലയങ്ങളായ പറവൂർ, മലയാറ്റൂർ, ഉദയംപേരൂർ, വല്ലാർപാടം, കാഞ്ഞൂർ, മട്ടാഞ്ചേരി, ഫോർട്ട്കൊച്ചി എന്നിവ ദേശീയ-വൈദേശീക ചരിത്ര ബന്ധമുള്ളവയാണ്. ഓർത്തോഡോക്സ് സഭയുടെ കോതമംഗലം പള്ളി, കോലഞ്ചേരി, മുളന്തുരുത്തി പള്ളികൾ കൊച്ചി സെന്റ് ഫ്രാൻസിസ് പള്ളി തുടങ്ങിയവയും വൈദേശിക ചരിത്രബന്ധത്തെ സൂചിപ്പിക്കുന്നു. ജൂതദേവാലയങ്ങളും അവയിലെ പുരാവസ്തുക്കളും ഗവേഷണ രംഗത്ത് രാജ്യത്തിന് തന്നെ മുതൽകൂട്ടാണ്. കാഞ്ഞിരമറ്റം, കാരിക്കോട് മുസ്ലീം ദേവാലയങ്ങളും ഈ ഗണത്തിൽപ്പെടുന്നവയാണ്. മട്ടാഞ്ചേരി, തൃപ്പൂണിത്തുറ, ഇടപ്പള്ളി, വെള്ളാരപ്പിള്ളി തുടങ്ങിയ രാജകൊട്ടാരങ്ങളും കോവിലകങ്ങളും ബോൾഗാട്ടി പാലസ്, ഡച്ച് കൊട്ടാരം, ചേന്ദമംഗലം, കോട്ടയിൽ കോവിലകം, തൃപ്പൂണിത്തുറ കളിക്കോട്ട തുടങ്ങിയവ വാസ്തുകലാചാതുരി നിലനിർത്തുന്നവയാണ്. ഈ കൊട്ടാരങ്ങളിൽ പലതിലും കേരളീയ വാസ്തു ശില്പ സങ്കേതങ്ങളുടെയും മനോഹരമായ കൂടിച്ചേരലുകൾ കാണാം. എ.ഡി. 1700 നും 1800 നും മറ്റോ വരയ്ക്കപ്പെട്ട ചുവർചിത്രങ്ങൾ കലാമേന്മ വിളിച്ചോതുന്നവയാണ്.

വെണ്ടുരുത്തി നാവികസേനാ കേന്ദ്രം, കൊച്ചി കപ്പൽ നിർമ്മാണശാല, നെടുമ്പാശ്ശേരി

വിമാനാത്താവളം (സിയാൽ) കൊച്ചിൻ നാവിക അക്കാദമി, കൊച്ചി തുറമുഖം, വല്ലാർപാടം തുറമുഖം, കേരള ഹൈക്കോടതി, കലൂർ ജവഹർ ലാൽ നെഹ്റു അന്താരാഷ്ട്ര സ്റേറഡിയം തുടങ്ങി നിരവധി സ്ഥാപനങ്ങൾ ജില്ലയിലുണ്ട്. അതിപ്രശസ്തവും പുരാതനവും ആയ കോളേജുകൾ മറ്റ് വിദ്യഭ്യാസ സ്ഥാപനങ്ങൾ എന്നിവയും എടുത്തു പറയാവുന്നതാണ്.

തട്ടേക്കാട് പക്ഷിസങ്കേതം എറണാകുളം ജില്ലയിൽപ്പെടുന്നു. വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ പൊങ്ങുംചുവട് കോളനി ജില്ലയിലെ അംഗീകൃത ഗിരിവർഗ്ഗ കോളനിയാണ്. എറണാകുളം ഹൈക്കോടതിക്ക് സമീപമുള്ള മംഗളവനം ശ്രദ്ധേയമായ പക്ഷിസങ്കേതവും വിനോദസഞ്ചാര കേന്ദ്രവുമാണ്. വിവിധയിനം ദേശാടന പക്ഷികളും നാടൻ പക്ഷികളും ഇവിടെയുണ്ട്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അപൂർവ്വയിനം കണ്ടൽക്കാടുകളുടെ പച്ചതുരുത്തു കൂടിയാണ് കൊച്ചി നഗരത്തിന്റെ പ്രാണവായു നിർമ്മാണകേന്ദ്രം എന്നു വിളിക്കാവുന്ന ഈ സങ്കേതം.

ജൈന-ബുദ്ധ-സിക്ക്-ജൂതമതസ്ഥരും എറണാകുളത്തെ തദ്ദേശീയരെ പോലെത്തന്നെ ഇവിടെ വസിക്കുന്നു. ഇസ്രായേൽ രൂപീകരണത്തോടെ ജൂതർ തിരിച്ചു പോയി.

കേരളീയ വാസ്തു ശില്പരീതിയിലുള്ള നാലുകെട്ടുകളും വാസഗൃഹങ്ങളും കുറഞ്ഞുവരുകയും തത്സ്ഥാനത്ത് കോൺക്രീറ്റ് സ്തൂപങ്ങൾ ഉയർന്നു വരുന്നതും എറണാകുളം ജില്ലയിൽ പ്രകടമായി കാണാവുന്നതാണ്. അണു കുടുംബങ്ങളുടെ ആവിർഭാവത്തോടെ ഫ്ളാറ്റ് സംസ്ക്കാരം വളർന്നുവന്നു. റിയൽ എസ്റ്റേറ്റ് വ്യവസായത്തിന്റെ പ്രധാന കേന്ദ്രമായി എറണാകുളം ജില്ലയിലെ കൊച്ചി നഗരവും പ്രാന്തപ്രദേശങ്ങളും മാറികഴിഞ്ഞു. നഗരവത്ക്കരണവും മറ്റ് പ്രദേശങ്ങളിൽ നിന്നും നഗരത്തിലേക്കുള്ള കുടിയേറ്റവും ഫ്ളാറ്റ് നിർമ്മാണത്തിന്റെ വളർച്ചയേയും അതുവഴി സ്ഥല കച്ചവടവും സ്ഥലത്തിന്റെ വിലയും അനിയന്ത്രിതമായി ഉയരുന്നതിനു കാരണമായി. ഇടത്തരക്കാർക്കും സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർക്കും നഗരജീവിതം അപ്രാപ്യവും ചെലവേറിയതുമായി. കൊച്ചി നഗരത്തിനും പ്രാന്തപ്രദേശത്തിലുമുള്ള വികസനവും വളർച്ചയും ജില്ലയുടെ കിഴക്കൻ പ്രദേശത്തേക്ക് എത്തിപ്പെട്ടിട്ടില്ലായെന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഉയർന്ന നിലകളുള്ള കെട്ടിടങ്ങൾ കൊച്ചി നഗരത്തിന്റെയും പ്രാന്ത പ്രദേശങ്ങളുടെയും പ്രത്യേകതയാണ്.

കഥകളി, കൂത്ത്, കൂടിയാട്ടം, ഹരികഥ, ചെണ്ടമേളം, തായമ്പക, നാദസ്വരമേളം എന്നിവ ജില്ലയിൽ പ്രചാരമുള്ള ക്ഷേത്രകലകളാണ്. ചവിട്ടുനാടകം, മാർഗ്ഗംകളി, പരിചമുട്ട്, അറവനമുട്ട്, ദേവാസ്തവിളി എന്നിവ മറ്റ് പ്രധാനപ്പെട്ട മതപരമായ കലകളാണ്. നിരവധി ഗ്രന്ഥശാലകൾ ജില്ലയിലുണ്ട്. എറണാകുളത്തെ പബ്ലിക് ലൈബ്രറി ഇതിൽ ശ്രദ്ധേയമാണ്. സർവ്വകലാശാലകൾ, കോളേജുകൾ എന്നിവയോട് ബന്ധപ്പെട്ടും മികച്ച ലൈബ്രറികൾ എറണാകുളത്തുണ്ട്.

തൃപ്പൂണിത്തുറ, എറണാകുളം, ചോറ്റാനിക്കര ഉത്സവങ്ങൾ, ആലുവ ശിവരാത്രി, മലയാറ്റൂർ, ഇടപ്പിള്ളി, കോതമംഗലം, വല്ലാർപാടം, കാഞ്ഞൂർ, കടമറ്റം പെരുന്നാളുകൾ, കാഞ്ഞിരമറ്റം കൊടികുത്ത്, തൃപ്പൂണിത്തുറയിലെ അത്തച്ചമയ ഘോഷയാത്ര തുടങ്ങിയവ ജനങ്ങളെ ആകർഷിച്ചു കൊണ്ടിരിക്കുന്ന ആഘോഷപരിപാടികളാണ്.

വിദ്യാഭ്യാസപരമായ ഉന്നതനിലവാരം പുലർത്തുന്ന ഒട്ടേറെ ഉന്നതസ്ഥാപനങ്ങൾ ജില്ലയിലുണ്ട്. ദീർഘമായ സാമൂഹ്യ രാഷ്ട്രീയ പരിവർത്തനത്തിന്റെ ഭാഗമായാണ് ഈ നേട്ടം കൈവരിക്കാനായത്. സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങളും ജനങ്ങളുടെ വിപ്ലവ മുന്നേറ്റങ്ങളുമെല്ലാം വ്യാപകമായ വിദ്യാഭ്യാസവളർച്ചക്ക് കാരണമായി. കേരളത്തിൽ അധികാരത്തിൽ വന്ന പുരോഗമന സർക്കാരുകളുടെ ഇക്കാര്യത്തിലുള്ള പ്രതിബദ്ധതയും സുപ്രധാന ഘടകമായിരുന്നു.

ആധുനിക വിദ്യാഭ്യാസത്തിന്റെ ആവിർഭാവവും വളർച്ചയും രാഷ്ട്രീയ സാമൂഹിക തൊഴിൽ മണ്ഡലങ്ങളിൽ വർദ്ധിച്ച മാറ്റം വരുത്തിയിട്ടുണ്ട്. എറണാകുളം ജില്ല പ്രധാന വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ ഒന്നായി ഇന്ന് മാറിയിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്), കേരള മത്സ്യ സമുദ്ര പഠന സർവ്വകലാശാല, പനങ്ങാട് (കുഫോസ്), കാലടി സംസ്കൃത സർവ്വകലാശാല, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കളമശ്ശേരി (നുവാൽസ്), ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റി, വെല്ലിംഗ്ടൺ ഐലന്റ് (ഐ.എം.യു), നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി (നിയോ), സിഫ്നെറ്റ്, സിഎംഎഫ്ആർഐ, കേരള ജുഡീഷ്യൽ അക്കാദമി എന്നിവ എറണാകുളം ജില്ലയിലാണ്. കൂടാതെ മഹാരാജാസ് കോളേജ്, തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക്ക് ആന്റ് ഫൈൻ ആർട്ട്സ് ഉൾപ്പെടെയുള്ള മികച്ച കോളേജുകളും എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളും മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ ജില്ലയുടെ ഭാഗമാണ്.

അത്യാധുനിക ചികിത്സാസംവിധാനങ്ങൾ സ്വായത്തമാക്കിയ ഒട്ടേറെ ആരോഗ്യരക്ഷാകേന്ദ്രങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നു. പൊതു-സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ആതുരശുശ്രൂഷ കേന്ദ്രങ്ങൾ നിരവധിയാണ്. പൊതുഉടമയിലുള്ള ആരോഗ്യപരിപാലന സംവിധാനങ്ങളുടെ വളർച്ചക്കും ജനകീയ രാഷ്ട്രീയ മുന്നേറ്റങ്ങളും തമ്മിൽ വലിയ ബന്ധമുണ്ട്. ആരോഗ്യരംഗത്ത് എറണാകുളം ജനറൽ ആശുപത്രി, ആലുവ ജില്ലാ ആശുപത്രി, കളമശ്ശേരി മെഡിക്കൽ കോളേജ് എന്നിവ സാധാരണക്കാർക്ക് പ്രാപ്യമായതും മികച്ച ചികിത്സാ സേവനം നൽകുന്നതുമായ സർക്കാർ സ്ഥാപനങ്ങളാണ്. ക്യാൻസർ ചികിത്സയുമായി ബന്ധപ്പെട്ട് വളർന്നുവരുന്ന സ്ഥാപനമായ കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ ക്യാൻസർ രോഗികൾക്ക് ആലംബവും പ്രതീക്ഷയുമാകുമെന്ന് കരുതാം. സാമൂഹ്യ സുരക്ഷയുടെ വിവിധവശങ്ങൾ ഭരണകൂടങ്ങളുടെ ചുമതലയായി അംഗീകരിക്ക പ്പെടുന്നതുതന്നെ വിപ്ലവ ബഹുജന പ്രസ്ഥാനങ്ങളുടെ വളർച്ചയോടെയാണെന്ന കാര്യം അവഗണിക്കാനാവില്ല. എന്നാൽ നിലവിലുള്ള ആരോഗ്യ സംവിധാനങ്ങൾ ഏറെ വെല്ലുവിളി നേരിടുകയാണ്.

അന്തർദ്ദേശീയ തലത്തിൽ തന്നെ മികച്ച ചികിത്സാ രീതികൾ അവലംബിക്കുന്ന ആസ്റ്റർ മെഡിസിറ്റി, ലേക്ഷോർ, അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്(എയിംസ്) എന്നിവയും ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടുള്ള ധാരാളം ആശുപത്രികളും എറണാകുളം ജില്ലയുടെ ഭാഗമാണ്. സാധാരണക്കാരിൽ ബഹുഭൂരിപക്ഷവും ചികിത്സാ സംവിധാനങ്ങൾക്ക് ഗവൺമെന്റ് സംവിധാനങ്ങളെയാണ് ആശ്രയിക്കുന്നത്. ചികിത്സ താങ്ങാനാവാത്ത ചെലവുള്ള ഏർപ്പാടാവുകയാണ്. കൂടുതൽ ജനവിഭാഗങ്ങൾ വിദഗ്ധ ചികിത്സ കിട്ടാൻ കഴിയാത്തവരുടെ കൂട്ടത്തിലേക്ക് തള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആരോഗ്യരംഗത്തെ വെല്ലുവിളികൾ പൊതുവികസന ചർച്ചകളിൽ അവഗണിക്കാൻ പാടില്ല. മികച്ച ചികിത്സയ്ക്കായി ജില്ലയുടെ കിഴക്കൻ പ്രദേശം ആശ്രയിക്കുന്നത് കൊച്ചി നഗരത്തെയാണ് എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

പട്ടികജാതി-പട്ടികവർഗ്ഗ മേഖലയുടെ സമൂലമായ ഉന്നമനത്തിനായി നവോത്ഥാനശ്രമങ്ങൾ ഉണ്ടായെങ്കിലും സാമ്പത്തിക ഉന്നമനത്തിനുതകുന്ന കേന്ദ്രീകൃത പ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല. വനിതകളുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും തൊഴിൽ സാധ്യതയുണ്ടാക്കുന്നതിനും കുടുംബശ്രീകളുടെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ ശ്ലാഘനീയമാണ്. ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും കുടുംബശ്രീ നേതൃത്വം നൽകുന്നുണ്ട്. മെട്രോ പദ്ധതിയിൽ ഭിന്നലിംഗക്കാർക്ക് തൊഴിൽ നൽകിയതും

ദേശീയ തലത്തിൽ മാദ്ധ്യമശ്രദ്ധ നേടിയ വിഷയമാണ്.

അപൂർവ്വ മലയോര പ്രദേശങ്ങളൊഴികെ വൈദ്യുതി എത്താത്ത ഒരു പ്രദേശവും ജില്ലയിലില്ല. എന്തുവിലകൊടുത്തും വൈദ്യുതക്ഷാമം പരിഹരിക്കുക എന്ന സർക്കാർ നയത്തിന്റെ ഫലമായിട്ടാണ് ഇന്ന് താരതമ്യേന മെച്ചപ്പെട്ട വൈദ്യുത വിതരണ സാഹചര്യങ്ങൾ നിലവിൽ വന്നത്. എന്നാൽ വൈദ്യുത ഉത്പാദനം ചെലവേറിയ കാര്യമാണ് വൈദ്യുത ഉപയോഗത്തിൽ നല്ല അടക്കവും മിതത്വവും പാലിക്കേണ്ടത് നമ്മുടെ കടമയാണ്.

തൊഴിൽ രംഗത്ത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ കുടിയേറ്റം ശ്രദ്ധിക്കപ്പെടേണ്ട ഒന്നാണ്. ആലുവ, പെരുമ്പാവൂർ എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വളരെയേറെ അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. കൂടാതെ ജില്ലയുടെ മറ്റ് ഭാഗങ്ങളിലും ഇവരുടെ സാന്നിദ്ധ്യം വ്യാപകമാണ്. കച്ചവട രംഗത്തും കെട്ടിട നിർമ്മാണ രംഗത്തും വ്യവസായ മേഖലകളിലും മറ്റ് അസംഘടിത മേഖലകളിലും അന്യ സംസ്ഥാനക്കാരുടെ സാന്നിദ്ധ്യം ഏറെയാണ്. തൊഴിൽ അന്വേഷിച്ച് കേരളത്തിലേക്കുള്ള കുടിയേറ്റത്തിന്റെ സാമൂഹ്യ-സാമ്പത്തിക പ്രത്യാഘാതങ്ങളെപ്പറ്റി സമഗ്രമായ പഠനങ്ങൾ നടക്കേണ്ടിയിരിക്കുന്നു. ഏതായാലും തൊഴിൽ തേടിയുള്ള കുടിയേറ്റവും അതിന്റെ പ്രത്യാഘാതങ്ങളും കൂടുതൽ ശ്രദ്ധാപൂർവ്വമായ പഠനങ്ങൾക്ക് വിധേയമാക്കേണ്ടതുണ്ട്.

ഇന്ത്യയിലെ തന്നെ മികച്ച രീതിയിലുള്ള ഗതാഗത സംവിധാനങ്ങൾ കൊണ്ട് അനുഗ്രഹീതമാണ് എറണാകുളം ജില്ല. റോഡ് ഗതാഗതം, ജല ഗതാഗതം, വ്യോമ ഗതാഗതം, റെയിൽ ഗതാഗതം, മെട്രോ - റെയിൽ ഗതാഗതം എന്നിവയുടെ സാന്നിദ്ധ്യം എറണാകുളം ജില്ലയുടെ മാത്രം പ്രത്യേകതയാണ്. എൻ.എച്ച് 66(മുൻപ് എൻ.എച്ച് -17, എൻ.എച്ച് -47 ന്റെ ഭാഗവും) പനവേൽ-കന്യാകുമാരി, എൻ.എച്ച്544 - വാളയാർ ഇടപ്പള്ളി, എൻ.എച്ച്85 - ബോഡിമേഡ് - കുണ്ടന്നൂർ, എൻ.എച്ച് 966 എ - കളമശ്ശേരി - വല്ലാർപാടം, എൻ.എച്ച്966ബി - കുണ്ടന്നൂർ - വെല്ലിംഗ്ടൺ ഐലന്റ് എന്നിവ ജില്ലയിലൂടെ കടന്നു പോകുന്ന പ്രധാന ദേശീയ പാതകളാണ്. എംസി റോഡ് ജീല്ലയുടെ കിഴക്കൻ പ്രദേശത്തെ പരസ്പരം ബന്ധിപ്പിച്ചിരിക്കുന്ന പ്രധാന റോഡ് മാർഗ്ഗമാണ്. റെയിൽ ഗതാഗതവുമായി ബന്ധപ്പെട്ട് തൃശ്ശൂർ, കോട്ടയം, ആലപ്പുഴ, കൊച്ചി ഹാർബർ ടെർമിനൽ, വല്ലാർപാടം എന്നിവയെ ബന്ധിപ്പിക്കുന്ന റെയിൽവെ പാതകൾ നിലവിലുണ്ട്. കൂടാതെ നിർദ്ദിഷ്ട അങ്കമാലി - എരുമേലി - ശബരി പാത ഗവൺമെന്റിന്റെ പരിഗണനയിൽ ഉള്ളതാണ്. എറണാകുളം ജംഗ്ഷൻ, എറണാകുളം ടൗൺ, ആലുവ എന്നിവയാണ് ജില്ലയിലെ പ്രധാനപ്പെട്ട റെയിൽവെ സ്റ്റേഷനുകൾ കൂടാതെ അങ്കമാലി, തൃപ്പൂണിത്തുറ, ഇടപ്പള്ളി, മുളന്തുരുത്തി, കൊച്ചി ഹാർബർ ടെർമിനൽസ്, കറുകുറ്റി, ചൊവ്വര, കളമശ്ശേരി, നെട്ടൂർ, കുമ്പളം, മട്ടാഞ്ചേരി ഹാൾട്ട്, ചോറ്റാനിക്കര റോഡ്, പിറവം റോഡ് എന്നിവയാണ് മറ്റ് റയിൽവെ സ്റ്റേഷനുകൾ. വ്യോമഗതാഗതവുമായി ബന്ധപ്പെട്ട് രണ്ടു വിമാനത്താവളങ്ങൾ നിലവിലുണ്ട്. വെല്ലിംഗ്ടൺ ഐലന്റിലെ നാവിക വിമാനത്താവളം, നെടുമ്പാശ്ശേരി വിമാനത്താവളം എന്നിവ. കേരളത്തിലെ വിമാനയാത്രക്കാരുടെ 63.86% കൈകാര്യം ചെയ്യുന്നത് നെടുമ്പാശ്ശേരി വിമാനത്താവളം വഴിയാണ്. മുംബൈ, ഡൽഹി, ചെന്നൈ എന്നിവയ്ക്ക് പിന്നിലായി വിദേശ യാത്രക്കാരെ കൈകാര്യം ചെയ്യുന്നതിൽ ഇന്ത്യയിൽ നാലാം സ്ഥാനത്താണ് നെടുമ്പാശ്ശേരി വിമാനത്താവളം.

പെരിയാർ, മൂവാറ്റുപുഴ നദികളുടെ സമതല പ്രദേശത്താണ് എറണാകുളം ജില്ല എന്നതും വേമ്പനാട്ട് കായലിന്റെ സാമീപ്യവും എറണാകുളം ജില്ലയ്ക്ക് ജലഗതാഗതത്തിൽ കൂടുതൽ പ്രാധാന്യം നൽകുന്നു. ഇത്ര സമ്പന്നമായ ജലഗതാഗത സൗകര്യങ്ങളുള്ള മറ്റൊരു പ്രദേശം സങ്കൽപ്പിക്കാൻ പ്രയാസമാണ്. എന്നാൽ ഇതിന്റെ മഹാസാധ്യതയുടെ ചെറിയൊരംശംപോലും നമ്മൾ പ്രയോജനപ്പെടുത്തുന്നില്ല.

എറണാകുളം ബോട്ട് ജെട്ടിയുമായി ബന്ധപ്പെട്ടാണ് പ്രധാന ബോട്ട് സർവ്വീസുകൾ നടക്കുന്നത്. മുളവുകാട്, മട്ടാഞ്ചേരി, വെല്ലിംഗ്ടൺ ഐലന്റ് എന്നിവിടങ്ങളിലേക്ക് ബോട്ട് സർവ്വീസ് നിലവിലുണ്ട്. കൂടാതെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഫെറി സർവ്വീസുകളും ഉണ്ട്. ദേശീയ ജലപാത 3 കൊച്ചിയിലൂടെയാണ് കടന്നുപോകുന്നത്. ജലഗതാഗതവും ചരക്കുനീക്കവും ഏറ്റവും വേഗതയോടെ ആധുനികവത്കരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കൊച്ചി മെട്രോയുടെ കീഴിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വാട്ടർ മെട്രോ ഈ രംഗത്ത് പ്രതീക്ഷ നൽകുന്നതാണ്. കേരളത്തിന്റെ ഗതാഗത രംഗത്ത് ഏറെ മാറ്റങ്ങൾക്ക് പ്രതീക്ഷ നൽകുന്ന മെട്രോ റെയിൽ പദ്ധതി (കൊച്ചി മെട്രോ) എറണാകുളം ജില്ലയിലാണ്. ആലുവ മുതൽ മഹാരാജാസ് കോളേജ് വരെയുള്ള ഭാഗത്ത് മെട്രോ ഗതാഗത സർവ്വീസ് ആരംഭിച്ചു എന്നത് കേരളത്തിന്റെ വികസന ചരിത്രത്തിലെ നാഴികക്കല്ലുകളിൽ ഒന്നാണ്. 5181.74 കോടി രൂപ അടങ്കൽ തുകയുള്ള മെട്രോ പദ്ധതി ജില്ലയുടെ സാമ്പത്തിക - വാണിജ്യ - വ്യവസായ രംഗത്ത് വൻ വളർച്ച നൽകുമെന്ന് പ്രതീക്ഷിക്കാം. മെട്രോ റെയിൽവേയുടെ ആദ്യഘട്ടം ആലുവ - പാലാരിവട്ടം (13.4 കി. മി.) 2017 ജൂൺ 17 നും പാലാരിവട്ടം - മഹാരാജാസ് കോളേജ് (5 കി. മി.) 2017 ഒക്ടോബർ 3 നും ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇതിന്റെ ഭാഗമായ രണ്ടാംഘട്ടം മഹാരാജാസ് - പേട്ട (7 കി.മി.) നിലവിൽ നിർമ്മാണ ഘട്ടത്തിലാണ്. കൂടാതെ പാലാരിവട്ടം - കാക്കനാട് മെട്രോ പദ്ധതിയും സർക്കാരിന്റെ പരിഗണനയിലാണ്. കൊച്ചി നഗരത്തിൽ കേന്ദ്രീകൃത ഗതാഗത സംവിധാനം കൊണ്ടുവരാനും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെഎംആർഎൽ) ഉദ്ദേശിക്കുന്നു എന്നതും ശുഭസൂചകമാണ്.

റോഡ് ഗതാഗത രംഗത്ത് സീപോർട്ട് - എയർപോർട്ട് റോഡ്, സഹോദരൻ അയ്യപ്പൻ റോഡ്, എം.സി. റോഡ്, അങ്കമാലി - കൂത്താട്ടുകുളം റോഡ്, ആലുവ - കോതമംഗലം റോഡ്, തൃപ്പൂണിത്തുറ - പിറവം റോഡ്, തൃപ്പൂണിത്തുറ - പൂത്തോട്ട, ചെല്ലാനം - തോപ്പുംപടി, വൈപ്പിൻ - പറവൂർ, ആലുവ - പറവൂർ, എയർപോർട്ട്- മൂവാറ്റുപുഴ, മൂവാറ്റുപുഴ - പിറവം എന്നിവ ജില്ലയിലെ സ്ഥലങ്ങളെ പരസ്പരം കൂട്ടിയിണക്കുന്ന പ്രധാന റോഡ് പാതകളാണ്. വികസനം എത്താതിരുന്ന വൈപ്പിൻ ദ്വീപിനെ നഗരവുമായി ബന്ധിപ്പിക്കുന്ന ഗോശ്രീ പാലങ്ങളുടെ നിർമ്മിതി ചരിത്രത്തിൽ രേഖപ്പെടുത്താവുന്നതാണ്. ബസ് ഗതാഗത സംവിധാനത്തിൽ കെ.എസ്.ആർ.ടി.സി, ജില്ലയുടെ പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിച്ച് ബസ് സർവ്വീസ് നടത്തുന്നുണ്ട്. ജനോറം പദ്ധതിയുടെ ഭാഗമായി കെ.യു.ആ.ർ.ടി.സി.യും ബസ് സർവ്വീസുകൾ നടത്തുന്നുണ്ട്.കൂടാതെ സ്വകാര്യ ബസ് സർവ്വീസുകളും പ്രധാനപ്പെട്ട ഒന്നാണ്. വാഹനപെരുപ്പം കൂടുന്നതിനനുസരിച്ച് റോഡ് വികസനവും അനുബന്ധ സൗകര്യങ്ങളും വളരുന്നില്ല എന്നതാണ് എറണാകുളം അഭിമുഖീകരിക്കുന്ന രൂക്ഷമായ പ്രശ്നങ്ങളിലൊന്ന്. ശ്വാസം മുട്ടിക്കുന്ന വാഹന കുരുക്ക് കുറയ്ക്കാനും അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കാനും നമ്മുടെ വിശാലമായ നടപ്പാതകൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. എറണാകുളം ഹൈക്കോടതിക്കു സമീപമുള്ള എറണാകുളം ടെർമിനൽസ് റെയിൽവേ സ്റ്റേഷൻ ചരിത്ര സ്മാരകമായി സംരക്ഷിക്കപ്പെടേണ്ട ഒന്നാണ്. ബ്രിട്ടീഷ് ഭരണകാലത്ത് മഹാത്മാഗാന്ധിയും ബ്രിട്ടീഷ് വൈസ്രോയി ഉൾപ്പെടെയുള്ള പ്രമുഖരും കൊച്ചിയിൽ എത്തിച്ചേർന്നത് ഈ സ്റ്റേഷൻ വഴിയാണ്. എറണാകുളം ജംഗ്ഷൻ, എറണാകുളം ടൗൺ സ്റ്റേഷനുകളുടെ വളർച്ചയോടെ 1960 കളിൽ റെയിൽവെ ഈ സ്റ്റേഷൻ ഉപേക്ഷിച്ചു.

സാമ്പത്തിക രംഗത്ത് കേരളത്തിന്റെ വാണിജ്യ - വ്യവസായ തലസ്ഥാനമാണ് കൊച്ചി. കേരളത്തിലെ ഒരേയൊരു സ്റ്റോക്ക് എക്സ്ചേഞ്ച് ആയ കൊച്ചിൻ സ്റ്റോക്ക് എക്സ്ചേഞ്ച് (സി.എസ്.ഇ) പ്രവർത്തിക്കുന്നത് കൊച്ചിയിലെ കലൂരാണ്. ബാങ്കുകളുടെ വലിയൊരു ശൃംഖല തന്നെ എറണാകുളം ജില്ലയിൽ ഉണ്ടെന്നുതന്നെ

സാമ്പത്തികരംഗത്തെ ജില്ലയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. ഇന്ത്യയിലെ മികച്ച സ്വകാര്യ വാണിജ്യ ബാങ്കായ ഫെഡറൽ ബാങ്കിന്റെ ആസ്ഥാനം ആലുവയിലാണ്. സ്റ്റോക്ക് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെ ഓഫീസും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഓഫീസും കൊച്ചിയിൽ പ്രവർത്തിക്കുന്നു. സംസ്ഥാന ജി.ഡി.പി. യുടെ 41.74% വും സംഭാവന ചെയ്യുന്നത് എറണാകുളം ജില്ലയാണ്. അതിൽ തന്നെ ജില്ലയുടെ നിർമ്മാണ മേഖലയും ഉത്പാദന മേഖലയും 37% വും വാണിജ്യം, ടൂറിസം, ഹോട്ടൽ വ്യവസായം എന്നിവ 20% വും സംഭാവന ചെയ്യുന്നു. എറണാകുളം കേന്ദ്രീകരിച്ച് വളരെയേറെ സാമ്പത്തിക - വാണിജ്യ - വ്യവസായ സ്ഥാപനങ്ങൾ സ്വകാര്യമേഖലയിലും പൊതുമേഖലയിലും പ്രവർത്തിക്കുന്നുണ്ട്. നിർമ്മാണം, ഉത്പാദനം, കപ്പൽ നിർമ്മാണം, കപ്പൽ ചരക്ക് ഗതാഗതം, മത്സ്യ സംസ്ക്കരണവും കയറ്റുമതിയും, രാസവ്യവസായങ്ങൾ, വിവര സാങ്കേതികത, ടൂറിസം, ആരോഗ്യം, ബാങ്കിംഗ്, കായികം, സുഗന്ധ വ്യഞ്ജനങ്ങളുടെ സംസ്ക്കരണവും കയറ്റുമതിയും എന്നീ മേഖലകളിൽ അഭൂതപൂർവ്വമായ മുന്നേറ്റമാണ് കൊച്ചി നഗരവും പ്രാന്തപ്രദേശങ്ങളും കേന്ദ്രീകരിച്ച് ഉണ്ടായിട്ടുള്ളത്.

വിദേശ ഇന്ത്യാക്കാരുമായി ബന്ധപ്പെട്ട് വളരെയേറെ വ്യവസായ - വാണിജ്യ സംരംഭങ്ങൾ എറണാകുളം ജില്ലയിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. ഹോട്ടൽ - ടൂറിസം വ്യവസായവുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ തന്നെ മികച്ച ഹോട്ടലുകൾ, കൺവെൻഷൻ സെന്ററുകൾ എന്നിവ കൊച്ചിയിൽ ഉണ്ടെന്നതും വിവിധ രീതിയിലുള്ള ഗതാഗത സംവിധാനങ്ങളുടെ സാന്നിധ്യവും വിനോദ സഞ്ചാര മേഖലയിൽ എറണാകുളത്തിനും വിശിഷ്യാ കൊച്ചിക്കും ലോകഭൂപടത്തിൽ സ്ഥാനം നൽകുന്നു. നഗരം വളരുന്നതോടൊപ്പം പുതിയൊരു □മാൾ□ സംസ്ക്കാരവും എറണാകുളം ജില്ലയിൽ പ്രത്യക്ഷത്തിൽ കാണാവുന്നതാണ്. ഇടപ്പള്ളിയിൽ പ്രവർത്തിക്കുന്ന ലുലു - മാൾ ലോകോത്തര സംവിധാനങ്ങൾ ഉള്ള വാണിജ്യ - വിനോദ കേന്ദ്രമെന്ന നിലയിൽ ലോക ശ്രദ്ധനേടിയ സ്വകാര്യ സംരംഭമാണ്. ഇതു കൂടാതെ വളരെയേറെ സ്വകാര്യ മാളുകൾ എറണാകുളം ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു. എറണാകുളം ജില്ലയിലുള്ളവർക്കും അന്യ ജില്ലയിലുള്ളവർക്കും വളരെയേറെ തൊഴിൽ സാധ്യത നൽകുന്ന മേഖലയാണ് ഇത്.

മലനാടിന്റെയും ഇടനാടിന്റെയും തീരപ്രദേശത്തിന്റെ വശ്യതയും അഴകും പേറുന്ന എറണാകുളം ജില്ല ടൂറിസവുമായി ബന്ധപ്പെട്ട് വളരെയേറെ സാധ്യതകൾ ഉള്ള ഒരു ജില്ലയാണ് എന്നതിൽ തർക്കമില്ല. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ ജില്ല ഒന്നാം സ്ഥാനത്താണ്. ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി, വൈപ്പിൻ ദ്വീപുകൾ, ചെറായി, ചേന്ദമംഗലം, പറവൂർ - പട്ടണം -മുസിരിസ്, തട്ടേക്കാട്, ആലുവ, മലയാറ്റൂർ, ഭൂതത്താൻകെട്ട്, വേമ്പനാട്ട് കായൽ തീരങ്ങൾ, കോടനാട്, മംഗളവനം, കുമ്പളങ്ങി മാതൃകാ ടൂറിസം, ബോൾഗാട്ടി, കാലടി, കൊച്ചി മറൈൻഡ്രൈവ്എന്നിവ വിനോദ സഞ്ചാര രംഗത്ത് ജില്ലയ്ക്ക് അനേകം സാധ്യതകൾ തുറന്നിടുന്നു. ഉൾനാടൻ ജലഗതാഗത സംവിധാനത്തിനു ജില്ലയിൽ വളരെയേറെ ഭാവിയാണുള്ളത്. ഇന്ത്യയിലെ തന്നെ പ്രധാന തുറമുഖമായ കൊച്ചിയിൽ അന്തർദ്ദേശീയ യാത്രാകപ്പലുകൾ വിനോദ സഞ്ചാരികളുമായി തുടർച്ചയായി വരുന്നു എന്നത് വിനോദ സഞ്ചാര ഭൂപടത്തിൽ ജില്ലയുടെ സ്ഥാനം ഉറപ്പിക്കുന്നതാണ്. ഇന്ത്യയിലെ തന്നെ ആദ്യ മറീനയായ കൊച്ചി ഇന്റർ നാഷണൽ മറീന കൊച്ചിയിലാണ്. സ്വകാര്യ മേഖലയിൽ ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഇന്ത്യയിലെ തന്നെ മികച്ച വിനോദ സഞ്ചാര പാർക്കായ 'വണ്ടർലാ' എറണാകുളം ജില്ലയിലെ പള്ളിക്കരയിലാണ്.

കോളനിവാഴ്ചക്കാലത്തുതന്നെ പരമ്പരാഗത വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും ക്ഷയോന്മുഖമായി തുടങ്ങിയിരുന്നു. സർക്കാർ സംരക്ഷണങ്ങളും ഒട്ടും ലഭിക്കാതിരുന്ന കോളനി ഭരണത്തിന്റെ കഥ

ഇവിടെയും മറ്റു പ്രദേശങ്ങളിൽ നിന്ന് ഭിന്നമല്ല. സ്വതന്ത്രഭാരതത്തിന്റെ ആദ്യ ദശകങ്ങളിലും വ്യവസായ വത്ക്കരണമെന്ന ഒരു മന്ത്രണത്തിന്റെ ഊന്നൽ വൻ വ്യവസായങ്ങളെ സങ്കൽപ്പിച്ചുകൊണ്ടായിരുന്നു. ഒരു പ്രത്യേക പ്രദേശത്തിനും നിയന്ത്രണമില്ലാത്ത ആഗോള സാമ്പത്തിക ശക്തികളുടെ അപ്രതീക്ഷിതമായ മുന്നേറ്റത്തിൽപ്പെട്ടും പരമ്പരാഗത വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും ഏറെക്കുറെ തകർന്നുതീർന്നു. ഇവയുടെ സംരക്ഷണത്തിനായി രൂപകല്പന ചെയ്ത നിരവധി പദ്ധതികൾ ഒട്ടൊക്കെ സഹായകരമായിത്തീരുന്നുണ്ട്. എങ്കിലും മേലാളന്മാർക്ക് അനുകൂലമായ ഒരു സാമൂഹ്യവ്യവസ്ഥിതിയും ഉദ്യോഗസ്ഥ മേധാവിത്വപരമായ ഭരണ സംവിധാനങ്ങളും ഇത്തരം പദ്ധതിയുടെ പ്രയോജനങ്ങൾ താഴെക്കിടയിൽ എത്തുന്നതിന് വലിയ തടസ്സമായി തുടരുന്നുണ്ട്. ഈ രംഗത്തും കാര്യമായ രചനാത്മകമായ ഇടപെടലുകൾ നടത്താൻ കഴിയുന്നത് ജനകീയാസൂത്രണത്തിന് തന്നെയായിരിക്കും ഉത്പന്നങ്ങളുടെ ആധുനികവത്ക്കരണവും ഉപഭോഗ അഭിരുചികളിൽ വരുത്തേണ്ട മാറ്റങ്ങളും ഈ വ്യവസായങ്ങളുടെ നിലനിൽപ്പിനും വളർച്ചക്കും അത്യന്താപേക്ഷിതമാണ്.

ആധുനിക വ്യവസായങ്ങളുടെ കാര്യത്തിൽ കേരളത്തിലെ മറ്റേതു ജില്ലയെക്കാളും സമ്പന്നമാണ് എറണാകുളം. ഇത് ജനജീവിതത്തിന്റെ നാനാതുറകളും ക്രിയാത്മകമായി സ്വാധീനിച്ചു. എന്നാൽ ആധുനിക വ്യവസായങ്ങൾ കലർപ്പില്ലാത്ത അനുഗ്രഹങ്ങളാണെന്ന് പറയാൻവയ്യ. അവയുടെ ദൂഷ്യവശങ്ങളാണ് കൂടുതൽ വ്യക്തമായി തെളിഞ്ഞു വരുന്നത്. പരിസ്ഥിതി നാശവും ജലമലിനീകരണവും അന്തരീക്ഷ മലിനീകരണവും അപകടകരമായി വർദ്ധിച്ച പ്രദേശങ്ങളാണെന്നാണ് പഠനങ്ങൾ വെളിവാക്കുന്നുത്. പവർകട്ട് സൃഷ്ടിച്ചിരുന്ന വ്യവസായ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള വിജയകരമായ നടപടികൾ കേരള സർക്കാർ കൈക്കൊണ്ടുവെങ്കിലും പുതിയ വെല്ലുവിളികളെ നേരിടുകയാണ് ഇവിടുത്തെ വ്യവസായങ്ങൾ. സമ്പദ്ഘടനയുടെ പുന:സംവിധാനത്തിന്റെ പേരിൽ നടക്കുന്ന ആഗോളവത്ക്കരണവും ഉദാരവത്ക്കരണ നടപടികളും ഇറക്കുമതി നയത്തിൽ അയവു വരുത്തിയും ജില്ലയിലെ വ്യവസായങ്ങളെ ഏറെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

എറണാകുളം ജില്ലയിലെ പ്രധാന വ്യവസായ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് കളമശ്ശേരി, ഏലൂർ, എടയാർ, കാക്കനാട്, പെരുമ്പാവൂർ, ആലുവ, ഇരുമ്പനം, അമ്പലമുകൾ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ്. കൊച്ചിൻ സ്പെഷ്യൽ എക്കണോമിക് സോൺ (പ്രത്യേക സാമ്പത്തിക മേഖല), ഇൻഫോ പാർക്ക്, ദുബായ് സ്മാർട്ട് സിറ്റി എന്നിവ കാക്കനാടാണ് പ്രവർത്തിക്കുന്നത്. വൈദ്യുതിയുടെ ലഭ്യത, കുടിവെള്ള ലഭ്യത, ദീർഘമായ തീരപ്രദേശം, ഉൾനാടൻ ഗതാഗതം, ബാങ്കിംഗ് രംഗത്തെ സൗകര്യങ്ങൾ, കൊച്ചി തുറമുഖത്തിന്റെ സാന്നിദ്ധ്യം, വല്ലാർപാടം കണ്ടെയ്നർ ട്രെയിൻഷിപ്പ്മെന്റ് ടെർമിനൽ, കൊച്ചിൻ പോർട്ട്, നെടുമ്പാശ്ശേരി വിമാനത്താവളം എന്നിവയുടെ സാന്നിധ്യം കൊച്ചി നഗരത്തിന്റെ പ്രാധാന്യത്തിനും എറണാകുളം ജില്ലയുടെ വികസനത്തിനും കൂടാതെ സമീപ ജില്ലകളുടെ വളർച്ചക്കും കാരണഭൂതമായിട്ടുണ്ട്. അടുത്ത കാലത്തായി സ്വകാര്യമേഖലയിൽ വൻതോതിലുള്ള നിക്ഷേപം നടത്തി വാണിജ്യ - വ്യവസായ സംരഭങ്ങൾ വരുന്നു എന്നത് ശ്ലാഘനീയമാണ്. ദുബായ് ഗവൺമെന്റിന്റെ സഹായത്തോടെ കാക്കനാട് ഉയർന്നു വരുന്ന ദുബായ് സ്മാർട്ട് സിറ്റിയെ രാജ്യം തന്നെ അത്ഭുതത്തോടെയാണ് നോക്കി കാണുന്നത്.

കേരളത്തിലെ തന്നെ പ്രധാനപ്പെട്ട വ്യവസായ കേന്ദ്രമായ ഏലൂരിൽ 250 ലേറെ ചെറുതും വലുതും ആയ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. കെമിക്കൽ ഉത്പന്നങ്ങൾ, രാസവളങ്ങൾ, പെട്രോ കെമിക്കൽസ്, കീടനാശിനികൾ, റബ്ബർ സംസ്ക്കരണം, സിങ്ക്, ക്രോമിയം എന്നിവയുടെ സംസ്ക്കരണം തുടങ്ങി വളരെയേറെ

ഉത്പന്നങ്ങളുടെ സംസ്ക്കരണവും നിർമ്മാണവും ആയി ബന്ധപ്പെട്ട വ്യവസായങ്ങൾ ഏലൂരിൽ നടക്കുന്നുണ്ട്. ഫെർട്ടിലൈസേഴ്സ് ആന്റ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ് (ഫാക്ട്) എന്നത് 1943 മുതൽ ഇവിടെ പ്രവർത്തിച്ചുവരുന്നു. ഇൻഡ്യൻ റെയർ എർത്ത് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് എന്നിവ ഇവിടെ പ്രവർത്തിച്ചുവരുന്ന കമ്പനികളാണ്.

അമ്പലമുകളിലെ ബിപിസിഎൽ - കൊച്ചി റിഫൈനറി ഇന്ത്യയിലെ തന്നെ പ്രധാനപ്പെട്ട പെട്രോളിയം ഉത്പന്നങ്ങളുടെ സംസ്ക്കരണ കേന്ദ്രമാണ്. പുതുവൈപ്പിനിലെ സി.എൻ.ജി ടെർമിനിലിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളായ നാളികേര വികസന ബോർഡ്, കയർ ബോർഡ്, സ്പൈസസ് ബോർഡ്, എം.പി.ഇ.ഡി.എ തുടങ്ങിയവയുടെ ആസ്ഥാനങ്ങൾ പ്രവർത്തിക്കുന്നത് കൊച്ചിയിലാണ്. സുഗന്ധവ്യജ്ഞനങ്ങളുടെ വ്യാപാരവുമായി ബന്ധപ്പെട്ട വേൾഡ് സ്പൈസ് ഓർഗനൈസേഷൻ (ഡബ്ലു.എസ്.ഒ) പ്രവർത്തിക്കുന്നതും കൊച്ചിയിലാണ്.

കളമശ്ശേരിയിലാണ് മറ്റൊരു പ്രധാനപ്പെട്ട വ്യവസായമേഖല. ഫാക്ട്, എച്ച്എംറ്റി, കിൻഫ്രാ ഹൈടെക് പാർക്ക് എന്നിവ കളമശ്ശേരിയിലാണ്. ഇരുമ്പനം ജില്ലയിലെ മറ്റൊരു പ്രധാന വ്യവസായ മേഖലയാണ്. പൊതുമേഖലാ എണ്ണ കമ്പനികളായ ബിപിസിഎൽ, ഐഒസി, എച്ച്പിസി എന്നിവയുടെ പ്ലാന്റുകൾ ഇവിടെയാണ്. തടി - പ്ലൈവുഡ് വ്യവസായവുമായി ബന്ധപ്പെട്ട കമ്പനികൾ പ്രവർത്തിക്കുന്നത് പെരുമ്പാവൂർ കേന്ദ്രീകരിച്ചാണ്. റബ്ബർ അധിഷ്ഠിത വ്യവസായവുമായി ബന്ധപ്പെട്ട റബ്ബർപാർക്ക് പെരുമ്പാവൂരിനടുത്തുള്ള ഐരാപുരത്താണ്. തടി വ്യവസായവുമായി ബന്ധപ്പെട്ട ഫോറസ്റ്റ് ഇൻഡസ്ട്രീസ് ഓഫ് ട്രാവൻകൂർ (ഫിറ്റ്) എന്ന സർക്കാർ സ്ഥാപനം ആലുവയിലാണ്. മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ കൂത്താട്ടുകുളം, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ അങ്കമാലി, കേരള സ്റ്റേറ്റ് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് മാരി ടൈം കോർപ്പറേഷൻ. കേരള സ്റ്റേറ്റ് ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് ഇരുമ്പനം, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്, കേരള അഗ്രോ മിഷിനറി കോർപ്പറേഷൻ ലിമിറ്റഡ് അത്താണി, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവ എറണാകുളം ജില്ല കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്.

ഏറ്റവും ചെലവുകുറഞ്ഞ 15 ജി.ബി.പി.എസ് ബാൻഡ് വിഡ്ത്ത് ലഭ്യമാകുന്ന സമുദ്രാന്തർ ഭാഗത്തുള്ള ഫ്ളാഗ്, സീ-മീ-വീ3, സേഫ് എന്നീ കേബിൾ ശൃംഖലയുടെ സാന്നിധ്യം വിവര സാങ്കേതികത (ഐ.ടി) വിവര സാങ്കേതികത അധിഷ്ഠിത സേവനങ്ങൾ (ഐ.ടി.ഇ.എസ്) വ്യവസായങ്ങൾക്ക് പ്രാധാന്യമുള്ള നഗരമാക്കി എറണാകുളത്തെ മാറ്റിയിരിക്കുന്നു. ഐ.റ്റി. യുമായി ബന്ധപ്പെട്ട് വിപ്രോ, നെസ്റ്റ്, എച്ച്.സി.എൽ, ഇ.എകസ്.എൽ, ടി.സി.എസ്, കോഗ്നിസന്റ്, ഐ.ബി.എസ് സോഫ്റ്റ് വെയർ സർവ്വീസസ്, യു.എസ്.ടി ഗ്ലോബൽ ഉൾപ്പെടെയുള്ള ബഹുരാഷ്ട്ര കമ്പനികൾ എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

മത്സ്യസമ്പത്തുമായി ബന്ധപ്പെട്ട് ചെല്ലാനം, തോപ്പുംപടി, ഫോർട്ട്കൊച്ചി, കണ്ണമാലി, മാലിപ്പുറം, ഞാറയ്ക്കൽ, നായരമ്പലം, പളളിപ്പുറം, എടവനക്കാട്, കുഴുപ്പിള്ളി, മുനമ്പം, വൈപ്പിൻ എന്നിവ ജില്ലയിലെ പ്രധാന മത്സ്യബന്ധന കേന്ദ്രങ്ങളാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട മികച്ച സ്ഥാപനങ്ങളായ സി.എം.എഫ്.ആർ.ഐ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി, സിഫ്നെറ്റ്, കുഫോസ്, എം.പി.ഇ.ഡി.എ എന്നിവ കൊച്ചിയിലാണ് പ്രവർത്തിക്കുന്നത്.

കയറ്റുമതിയും ഇറക്കുമതിയും അനുബന്ധ പ്രവർത്തനങ്ങളും ജില്ലയുടെ സാമ്പത്തിക വളർച്ചയ്ക്ക് മികച്ച പിന്തുണ നൽകുന്നതാണ്. 1926 - ൽ സ്ഥാപിതമായ കൊച്ചിൻ പോർട്ട് ട്രസ്റ്റും വല്ലാർപാടത്തെ കണ്ടെയ്നർ കൊച്ചിൻ ട്രെയിൻഷിപ്പ്മെന്റ്

ടെർമിനലും ഈ രംഗത്ത് പ്രഥമസ്ഥാനം അലങ്കരിക്കുന്നു. കപ്പലുകൾ, യുദ്ധകപ്പലുകൾ, വെസലുകൾ എന്നിവയുടെ നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവയുമായി ബന്ധപ്പെട്ട് 1972 ൽ സ്ഥാപിതമായി കൊച്ചി കപ്പൽ നിർമ്മാണ ശാല സാമ്പത്തിക മുന്നേറ്റത്തിൽ ഒരു ഘടകമാണ്.

വി-ഗാർഡ്, ഒ.ഇ.എൻ ലിമിറ്റഡ്, എഫ്.സി.ഐ - ഒ.ഇ.എൻ, സിന്തൈറ്റ്, കിറ്റെക്സ്, അന്ന അലുമിനിയം, അബാദ് ഫിഷറീസ്, അപ്പോളോ ടയേഴ്സ്, ഹിന്ദിസ്ഥാൻ ലിവർ, എച്ച്.എൽ.എൽ ലൈഫ് കെയർ തുടങ്ങിയ സ്വകാര്യ വ്യവസായ സ്ഥാപനങ്ങളും എറണാകുളത്ത് പ്രവർത്തിക്കുന്നു.

മാധ്യമരംഗവുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട ദിനപത്രങ്ങളെല്ലാം കൊച്ചിയിൽ നിന്ന് പ്രസിദ്ധീകരിക്കപ്പെടുന്നു. മലയാള മനോരമ, ജന്മഭൂമി, മാധ്യമം, ദേശാഭിമാനി, കേരളകൗമുദി, തേജസ്സ്, മെട്രോ മനോരമ, വീക്ഷണം മുതലായവ. പ്രമുഖ ഇംഗ്ലീഷ് ദിനപത്രങ്ങളായ ഡെക്കാൺ ക്രോണിക്കിൾ, ടൈംസ് ഓഫ് ഇൻഡ്യ, ഇന്ത്യൻ എക്സ്പ്രസ്, ഹിന്ദു എന്നിവയും ഇവിടെ നിന്ന് പ്രസിദ്ധീകരിക്ക പ്പെടുന്നു. കൂടാതെ അനേകം സായാഹ്ന പത്രങ്ങളും ഇവിടെനിന്ന് പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്. മാധ്യമ രംഗവുമായി ബന്ധപ്പെട്ട് കേരള സർക്കാരിന്റെ സ്ഥാപനമായ കേരള മീഡിയ അക്കാദമി (മുൻപ് കേരള പ്രസ്സ് അക്കാദമി) കാക്കനാടാണ് പ്രവർത്തിക്കുന്നത്. പ്രധാന ദൃശ്യമാധ്യമങ്ങളും കൊച്ചിയിൽനിന്നാണ് സംപ്രേക്ഷണം ചെയ്യുന്നത്. കാക്കനാട് ദൂരദർശന്റെ സംപ്രേക്ഷണ നിലയം പ്രവർത്തിക്കുന്നുണ്ട്. ആകാശ വാണിയുടെ എഫ്എം നിലയങ്ങളായ എയർ കൊച്ചി എഫ്.എം, (107.5 മെഗാ ഹെർട്സ്) എയർ റെയിൻബോ (107.5) കൂടാതെ അനേകം സ്വകാര്യ എഫ്.എം നിലയങ്ങളും കൊച്ചിയിൽ നിന്നും പ്രക്ഷേപണം നടത്തുന്നുണ്ട്.

വികസനത്തിന്റെ എല്ലാ മേഖലകളിലും എറണാകുളം ജില്ല മറ്റേതൊരു ജില്ലയേക്കാളും മുന്നിലാണെങ്കിലും ജില്ലയുടെ വികസന മുന്നേറ്റം കൊച്ചി നഗരത്തെയും സമീപ പട്ടണപ്രദേശങ്ങളെയും കേന്ദ്രീകരിച്ചിരിക്കുന്നു. മലയോര മേഖലയിലും തീരമേഖലയിലും വികസനം എത്തിപ്പെടേണ്ടതുണ്ട്. അന്തരീക്ഷ മലിനീകരണ തോത് കൂടിക്കൊണ്ടിരിക്കുന്നതിനൊപ്പം മാലിന്യനിർമ്മാർജ്ജന സംവിധാനത്തിനുള്ള ശരിയായ സംവിധാനങ്ങളുടെ അഭാവവും പ്രകടമാണ്. വികസന പ്രവർത്തനങ്ങൾക്ക് സ്ഥലം കണ്ടെത്തുക എന്നത് മറ്റേതി ജില്ലയിലുംഎന്നത് പോലെ ഇവിടെയും ബുദ്ധിമുട്ടായി മാറിയിരിക്കുന്നു. ജനകീയാസൂത്രണ മുന്നേറ്റങ്ങളും പ്രാദേശിക സർക്കാരുകളുടെ ഇടപെടലുകളെ വികസന വളർച്ചയെ ത്വരിതപ്പെടുത്തിയിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. പ്രാദേശിക ആവശ്യങ്ങൾ മനസ്സിലാക്കി പദ്ധതികൾ രൂപപ്പെടുന്ന തരത്തിലുള്ള പ്രാദേശികാസൂത്രണം വളർന്നു വരേണ്ടിയിരിക്കുന്നു.
കാർഷികോല്പാദനത്തിലുള്ള കുറവ്, തൊഴിലില്ലായ്മ, മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സാങ്കേതികതയുടെ അഭാവം, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള മാർഗ്ഗങ്ങൾ, പാർപ്പിടമില്ലായ്മ, മലയോര മേഖലയിലെയും തീരമേഖലയിലെയും പ്രശ്നങ്ങൾ തുടങ്ങിയവക്കുള്ള പരിഹാരമാർഗ്ഗം ജില്ലാതലത്തിൽ തന്നെ ഉണ്ടാകേണ്ടിയിരിക്കുന്നു. സർക്കാർ നടപ്പാക്കുന്ന നവകേരള മിഷൻ പദ്ധതിയിലൂടെ അടിസ്ഥാന മേഖലകളായ ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിയം, കാർഷികം എന്നീ മേഖലകളിൽ വലിയൊരു മുന്നേറ്റം പ്രതീക്ഷിക്കാം.

.....

അദ്ധ്യായം 2

2.1. മനുഷ്യ വിഭവങ്ങൾ

ആമുഖം

ഒരു പ്രദേശത്തെ മൊത്തം മനുഷ്യ വിഭവശേഷിയെ അവിടുത്തെ വികസന പ്രവർത്തനങ്ങളുമായി ഉൾച്ചേർക്കുന്നതാണ് വികസനാസൂത്രണത്തിന്റെ കാതൽ. അപ്രകാരമാണ് വികസനത്തിന്റെ നിലവാരം നിർണ്ണയിക്കുന്നതും. ആയതിനാൽ ഒരു പ്രദേശത്തെ വികസനാസൂത്രണത്തിൽ അവിടുത്തെ ജനസംഖ്യാപരമായ പ്രത്യേകതകൾ അപഗ്രഥിക്കേണ്ടതുണ്ട്. അതായത് മൊത്തം ജനസംഖ്യ, അതിൽ സ്ത്രീ പുരുഷാനുപാതം, പ്രായത്തിന്റെ അടിസ്ഥാനത്തിലുള്ള ഘടന, വിദ്യാഭ്യാസ നിലവാരം എന്നിങ്ങനെയുള്ള പ്രത്യേകതകളെ അടിസ്ഥാനപ്പെടുത്തിയുള്ള അപഗ്രഥനം നടത്തിയാൽ മാത്രമേ വികസന പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ ജനങ്ങളുടെ ആവശ്യങ്ങൾക്ക് അനുസൃതമായിട്ടുള്ളതാക്കുവാനും വികസന പ്രവർത്തനങ്ങൾ വഴി സമൂഹത്തിന് നേട്ടമുണ്ടാക്കുവാനും സാധിക്കുകയുള്ളൂ.

ഒരു സമൂഹത്തിനാവശ്യമായ സേവനങ്ങൾ ആ സമൂഹത്തിലെ പ്രായലിംഗ ഘടനയെ ആശ്രയിച്ചിരിക്കും. അതുപോലെ ജനസംഖ്യയിലെ തൊഴിൽ ഉള്ളവരുടെയും ഇല്ലാത്തവരുടെയും എണ്ണം കണക്കിലെടുത്താൽ മാത്രമേ തൊഴിലെടുക്കാനാവുന്ന മൊത്തം മനുഷ്യവിഭവശേഷിയെ വികസന പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയൂ. ഭാവിയിൽ ഉണ്ടായേക്കാവുന്ന ജനസംഖ്യാപരമായ മാറ്റങ്ങളും വികസനാ സൂത്രണത്തെ ബാധിക്കുന്ന ഒരു പ്രധാന ഘടകമായതുകൊണ്ട് ഇതും പരിഗണക്കാവുന്ന വിഷയമാക്കേണ്ടതുണ്ട്. അപ്പോൾ ബാല, കൗമാര പ്രായത്തിലുള്ളവർ, ശിശുക്കൾ, പ്രത്യുൽപാദന പ്രായത്തിലുള്ള സ്ത്രീകൾ എന്നിവയും പരിഗണിക്കപ്പെടേണ്ടതാണ്. ഇപ്രകാരം എറണാകുളം ജില്ലയിലെ ജനസംഖ്യ ഘടന, തൊഴിൽ പങ്കാളിത്തം, മറ്റ് പ്രത്യേകതകൾ എന്നീകാര്യങ്ങളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളും നിലവിലെ അവസ്ഥയും സംബന്ധിച്ച് ലഭ്യമായ വിഭവങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം നടത്തി ഒരു വികസനാസൂത്രണ രൂപരേഖയുണ്ടാക്കുവാനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്.

പട്ടിക-2.1

മുഖ്യതൊഴിലാളികളുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള വർഗ്ഗീകരണം - 2011

ക്രമ നമ്പർ	വിഭാഗം	എറണാകുളം ജില്ല	കേരള സംസ്ഥാനം
1.	കൃഷിക്കാർ	3.95	5.84
2.	കർഷക തൊഴിലാളികൾ	4.66	9.85
3.	കുടുംബ തല വ്യവസായം	1.75	2.13
4.	മറ്റ് സേവനങ്ങൾ	89.63	82.18
	ആകെ	100%	100%

അവലംബം: സ്ഥിതി വിവര കണക്കുകൾ 2011

പട്ടിക-2.2

പ്രാന്തവത്ക്കരിക്കപ്പെട്ട തൊഴിലാളികൾ

1.	കൃഷിക്കാർ	4.49	5.47
2.	കർഷക തൊഴിലാളികൾ	11.69	17.63
3.	കുടുംബ തല വ്യവസായം	2.85	3.26
4.	മറ്റ് സേവനങ്ങൾ	80.97	75.63

അവലംബം: സ്ഥിതി വിവര കണക്കുകൾ 2011

മേൽ പട്ടികയിൽ നിന്നും എറണാകുളം ജില്ലയിൽ കാർഷികരംഗത്ത് തൊഴിൽ ചെയ്യുന്നവരുടെ അനുപാതം സംസ്ഥാന നിരക്കിനേക്കാൾ കുറവാണെന്നും ഇതു തന്നെയാണ് കർഷക തൊഴിലാളികൾ, കുടുംബതല വ്യവസായം എന്നീ മേഖലകളിലെ സ്ഥിതിയും മറ്റ് സേവനങ്ങൾ എന്ന വിഭാഗത്തിൽ സംസ്ഥാന നിരക്കിനേക്കാൾ കൂടുതലാണ് എറണാകുളം ജില്ലയിലേത്.

ജില്ലയിലെ വികസന ബ്ലോക്ക് - നഗരസഭ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ എണ്ണവും തൊഴിൽ പങ്കാളിത്ത നിരക്കും അനുബന്ധം 2.1, 2.2 ൽ നൽകിയിട്ടുണ്ട്.

ആകെ ജനസംഖ്യയുടെ 32.34 ശതമാനമാണ് തൊഴിലാളികളുള്ളത്. അതിൽ പുരുഷൻമാർ 50.18 ശതമാനവും സ്ത്രീകൾ 20.12 ശതമാനവുമാണ്. തൊഴിലാളികൾ അല്ലാത്ത 61.94 ശതമാനം പുരുഷൻമാരും 79.79 ശതമാനം സ്ത്രീകളുമാണുള്ളത്. കുടിൽ വ്യവസായവുമായി ബന്ധപ്പെട്ട് 1.92 ശതമാനം ആളുകൾ ജോലി നോക്കിവരുന്നു. മറ്റു തൊഴിലെടുക്കുന്നവർ ആകെ 88.33 ശതമാനമാണ്. അതിൽ 88.67 ശതമാനം പുരുഷൻമാരും 87.42 ശതമാനം സ്ത്രീകളുമാണ്. എറണാകുളം ജില്ലയിൽ 38 ശതമാനം തൊഴിലാളികളാണ്. തൊഴിലെടുക്കുന്ന ജനസംഖ്യയിൽ കൃഷിക്കാർ 4.04 ശതമാനവും അതിൽ സ്ത്രീകളുടേത് 2.67 ശതമാനവും പുരുഷൻമാർ 4.54 ശതമാനവും ആണ്. കൃഷി അനുബന്ധ തൊഴിലെടുക്കുന്നവർ ആകെ ജനസംഖ്യയുടെ 5.71 ശതമാനമാണ്. അതിൽ പുരുഷൻമാർ 5.03 ശതമാനവും സ്ത്രീകൾ 7.58 ശതമാനവുമാണ്. കുട്ടമ്പുഴ ഈ സംഖ്യയുടെ 47 ശതമാനം തൊഴിലാളികളുള്ള പഞ്ചായത്താണ്. കുട്ടമ്പുഴ, കല്ലൂർക്കാട്, ഇലഞ്ഞി, കോട്ടപ്പടി, കീരമ്പാറ എന്നീ പഞ്ചായത്തുകളിൽ കർഷക തൊഴിലാഴികൾക്ക് പ്രാമുഖ്യം ഉള്ള പ്രദേശമാണ്. (അനുബന്ധം 2.3)

പദ്ധതി രൂപീകരണഘട്ടത്തിൽ മനുഷ്യ വിഭവങ്ങളുടെ വിശകലനം പ്രധാനപ്പെട്ട ഒന്നാണ്. ഓരോ മേഖലയിലെയും വികസന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും വികസന

സാധ്യതകൾ മനസ്സിലാക്കുന്നതിനും വിവിധ മേഖലകളിലെ വികസന വിടവുകൾ പരിഹരിക്കുന്നതിനും സ്ഥിതി വിവരണങ്ങൾ സഹായിക്കുന്നുണ്ട്. പ്രാദേശിക സർക്കാരുകൾ പദ്ധതികൾ രൂപീകരിക്കുന്ന ഘട്ടത്തിൽ മനുഷ്യ വിഭവങ്ങളുടെ ലഭ്യതയും സാധ്യതയും പരിമിതികളും കൃത്യമായ രീതിയിൽ വിശകലനം ചെയ്താൽ മാത്രമെ നാടിന്റെ സമഗ്ര വികസനത്തിന് ആവശ്യമായ രീതിയിൽ പ്രൊജക്ടുകൾ രൂപീകരിക്കാൻ കഴിയു. മനുഷ്യ വിഭവങ്ങളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ജില്ലാ തലത്തിലും താഴെതട്ടുകളിലും ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അതാത് പ്രദേശത്തെ വിഭവങ്ങളുടെ സാധ്യതകളും പരിമിതികളും പരിഗണിച്ചുകൊണ്ട് വികസന ലക്ഷ്യങ്ങൾ എത്തിപിടിക്കാൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയേണ്ടിയിരിക്കുന്നു.

2.2. ഭൂപ്രകൃതി വിഭവങ്ങൾ

ആമുഖം

ജൈവഭൗതിക വിഭവങ്ങൾ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയാണ്. ഈ വിഭവങ്ങളുടെ ശരിയായ അളവ്, അവയുടെ ഇപ്പോഴത്തെ അവസ്ഥ, ഭാവിയിൽ ഉപയോഗിക്കാനുള്ള സാധ്യതയെക്കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയവ ആസൂത്രണത്തിനും വികസന പദ്ധതികൾ തയ്യാറാക്കുന്നതിനും അത്യന്താപേക്ഷിതമാണ്.

• കാലാവസ്ഥാ

എറണാകുളം ജില്ലയിൽ ഉഷ്ണമേഖലാ ആർദ്ര കാലാവസ്ഥയാണുള്ളത്.

• ഊഷ്മാവ്

ജില്ലയിലെ ശരാശരി ഉയർന്നതും താഴ്ന്നതും ആയ ഊഷ്മാവുകൾ യാഥാക്രമം 31.4, 23.2 ഡിഗ്രി സെൽഷ്യസുകളാണ്. മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത്.

• ആപേക്ഷിക ആർദ്രത

എറണാകുളം ജില്ലയിൽ പകൽ സമയങ്ങളിൽ ആപേക്ഷിക ആർദ്രതയുടെ നിരക്ക് 68 മുതൽ 89 ശതമാനം വരെയും അസ്തമയ വേളകളിൽ 64 മുതൽ 87 ശതമാനം വരെയുമാണ്. ആപേക്ഷിക ആർദ്രത വർഷത്തിൽ മെയ് മുതൽ ഒക്ടോബർ മാസങ്ങളിൽ ഏറ്റവും ഉയർന്ന നിരക്കിലായിരിക്കും.

• ബാഷ്പീകരണ നിരക്ക്

ജനുവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിലാണ് ബാഷ്പീകരണ നിരക്ക് ഏറ്റവും ഉയർന്ന നിരക്കിൽ കാണപ്പെടുന്നത്. ഏറ്റവും ഉയർന്ന നിരക്ക് മാർച്ച് മാസത്തിൽ 4.8 മില്ലി മീറ്റർ പ്രതി ദിവസവും, ഏറ്റവും കുറഞ്ഞ നിരക്ക് ജൂലായ് മാസത്തിൽ 2.6 മില്ലി മീറ്റർ പ്രതി ദിവസവും കാണപ്പെടുന്നു.

• മഴ

കേരളത്തിന്റെ മറ്റ് പ്രദേശങ്ങളെപ്പോലെതന്നെ എറണാകുളം ജില്ലയിലും നല്ല മഴ ലഭിക്കുന്നുണ്ട്. തെക്കു പടിഞ്ഞാറൻ മൺസൂണിൽ നിന്നാണ് കൂടുതൽ മഴ ലഭിക്കുന്നത് ജില്ലയിലെ 2005 മുതൽ 2011 കാലയളവിൽ ലഭിച്ച മഴയുടെ അളവ് അനുബന്ധം 2.4-ൽ ചേർത്തിരിക്കുന്നു.

• ജലസമ്പത്ത്

ലഭ്യമായ ജലസമ്പത്ത് ഫലപ്രദമായി വിനിയോഗിക്കുന്നതിൽ ആസൂത്രണത്തിന് മുഖ്യ പങ്കാണുള്ളത്. നമുക്ക് ആവശ്യത്തിനുള്ള വൈദ്യുതി ലഭിക്കുന്നില്ല എന്നതുതന്നെയല്ല വേനൽക്കാലത്ത് കുടിവെള്ളത്തിന് ക്ഷാമവും ഉണ്ടാകുന്നു. കുടിവെള്ളം, ശുചീകരണം, ഇറിഗേഷൻ, വ്യവസായം, വൈദ്യുതി ഉത്പാദനം, മീൻവളർത്തൽ, ജലഗതാഗതം എന്നിവയ്ക്ക് ജനസംഖ്യാ വർദ്ധനവിനനുസരിച്ച് ആവശ്യമുള്ള ജലത്തിന്റെ ലഭ്യത ഇല്ല.

ആയതിനാൽ ലഭ്യമായ ജലസ്രോതസ്സുകൾ ശാസ്ത്രീയമായ ആസൂത്രണത്തിൽകൂടി ഉപയോഗിക്കേണ്ടിയിരിക്കുന്നു. ഇതു നേടുന്നതിനുവേണ്ടി നിലവിലുള്ള ഉപരിതല-ഭൂജല ലഭ്യതയുടെ വിവരങ്ങൾ പരിശോധിക്കേണ്ടിയിരിക്കുന്നു.

• ഉപരിതല ജലസമ്പത്ത്

പുഴകൾ, അരുവികൾ, തടാകങ്ങൾ, റിസർവോയറുകൾ, കായലുകൾ, കുളങ്ങൾ, കിണറുകൾ, ഉറവ എന്നിങ്ങനെ പലവിധത്തിലുള്ള ജലലഭ്യതകളാണുള്ളത്.

പട്ടിക-2.3
ജലാശയങ്ങളുടെ വിവരങ്ങൾ

ക്രമ നം	ജലാശയങ്ങളുടെ ഇനം	എണ്ണം	വിസ്തൃതി
1	ആകെ അക്വാകൾച്ചറിന്റെ വിസ്തൃതി (ഹെക്ടറിൽ)	-	4825
2	ജലസേചനത്തിനായുള്ള ടാങ്ക് (സെന്റിൽ)	72	25624
3	വിശുദ്ധ കുളങ്ങൾ(സെന്റിൽ)	195	5792
4	സ്വകാര്യ കുളങ്ങൾ(സെന്റിൽ)	1310	339029.38
5	റിസർവോയർ(സെന്റിൽ)	15	867038
6	പഞ്ചായത്ത് കുളങ്ങൾ(സെന്റിൽ)	746	215822
7	ക്വാറി കുളങ്ങൾ(ഏക്കറിൽ)	163	201.43

അവലംബം: സ്ഥിതി വിവര കണക്കുകൾ 2011

- **പുഴകളും പുഴനീർത്തടങ്ങളും**

എറണാകുളം ജില്ലയിലെ നദീതടങ്ങൾ പെരിയാർ, മൂവാറ്റുപുഴ, ചാലക്കുടി എന്നിവയാണ്. ജില്ലയുടെ വടക്കുവശത്തുകൂടി ഒഴുകുന്ന പെരിയാറും അതിന്റെ കൈവഴികളും തെക്ക് വശത്ത് കൂടി ഒഴുകുന്ന മൂവാറ്റുപുഴ ആറും ചേർന്ന് ജില്ലയെ ജലസമ്പന്നമാക്കുന്നു. ജില്ലയിലൂടെ ഏകദേശം നേരായ വഴിയിലൂടെ വടക്കു പടിഞ്ഞാറ് ദിശയിൽ ഒഴുകുന്ന പെരിയാർ ഭൂതത്താൻകെട്ട് ഡാമിനടുത്ത് വെച്ച് അതിന്റെ കൈവഴികളായ ചെറുതോണിയും ഇടമലയാറുമായി കൂടിച്ചേരുന്നു. ആലുവയ്ക്കടുത്ത് വെച്ച് ഈ നദി മാർത്താണ്ഡവർമ്മ, മംഗലപ്പുഴ എന്നീ രണ്ട് കൈവഴികളായി പിരിയുന്നു. മംഗലപ്പുഴശാഖ ചാലക്കുടിപ്പുഴയുമായി ചേർന്ന് മുനമ്പത്തുവെച്ച് അറബിക്കടലിൽ പതിക്കുന്നു. അതേ സമയം മാർത്താണ്ഡവർമ്മശാഖ തെക്ക് ഉദ്യോഗമണ്ഡലത്തിനടുത്ത് കൂടി ഒഴുകി വരാപ്പുഴയിൽ വെച്ച് വേമ്പനാട്ട് കായലുമായി ചേരുന്നു. എറണാകുളം ജില്ലയുടെ കുടിവെള്ളമാണ് പെരിയാർ നദി. ജില്ലയിലെ പ്രധാന വ്യവസായങ്ങളെല്ലാം തന്നെ പെരിയാർ നദീതടത്തിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. തൊടുപുഴയാറും, കാളിയാർ പുഴയും, കോതമംഗലം പുഴയും മൂവാറ്റുപുഴയിൽ വെച്ച് സംഗമിച്ചാണ് മൂവാറ്റുപുഴയാർ ആകുന്നത്. ഈ നദികൾ തൊടുപുഴ റിസർവ്വ് ഫോറസ്റ്റിൽ നിന്നാണ് ഉത്ഭവിക്കുന്നത്. രാമമംഗലം പഞ്ചായത്തുവരെ കിഴക്കു പടിഞ്ഞാറു ദിശയിൽ ഒഴുകുന്ന ഈ നദി പിന്നീട് തെക്കോട്ടൊഴുകി പാഴൂരിനു തെക്കുഭാഗം വരെ ജില്ലയുടെ ഭാഗമാകുന്നു. മേൽപറഞ്ഞ രണ്ട് പ്രധാന നദികൾ കൂടാതെ ചാലക്കുടിപ്പുഴയും ഈ ജില്ലയുടെ ജലസേചനത്തിനും കൃഷിക്കും സഹായകമാവുന്നുണ്ട്. ഈ നദി അതിന്റെ വൈവിധ്യമാർന്ന ജൈവ സമ്പത്താൽ അനുഗൃഹീതമാണ്.

പട്ടിക-2.4
നദികളുടെ വിവരങ്ങൾ

നദിയുടെ പേര്	കിലോമീറ്റർ	ജലധാരാ പ്രദേശം (സ്കയർ കി. മി.)	ജല ലഭ്യത മി. മീറ്റർ ക്യൂബ്
മൂവാറ്റുപുഴ നദി	121	1554	3560
പെരിയാർ	244	5398	4867.9
ചാലക്കുടിപ്പുഴ	140	1704	2033

അവലംബം: സ്ഥിതി വിവര കണക്കുകൾ 2011

• കായലുകളും ജലസംഭരണികളും

കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട്ട് കായലാണ് ജില്ലയ്ക്ക് തെക്ക് പടിഞ്ഞാറ് അതിരാവുന്നത്. അറബിക്കടലിൽ നിന്നും ഈ കായൽ ഒരു ചെറിയ ദ്വീപ് (വൈപ്പിൻ) വഴിയാണ് വേർതിരിക്കപ്പെട്ടിട്ടുള്ളത്. കൊച്ചി തുറമുഖം ഈ കായലിന്റെ തെക്കെ അറ്റത്താണ് സ്ഥിതി ചെയ്യുന്നത്. കൊച്ചി അഴി തൊട്ട് മുനമ്പം അഴി വരെയുള്ള കായൽ പ്രദേശമാണ് വരാപ്പുഴ. വേമ്പനാട്ട് കായലിന്റെ കൊച്ചിക്ക് ചുറ്റുമുള്ള പ്രദേശം കൊച്ചിക്കായൽ എന്നാണ് അറിയപ്പെടുന്നത്. വൈപ്പിനെ കൂടാതെ, മുളവുകാട്, വല്ലാർപാടം, വില്ലിംഗ്ടൺ ഐലന്റ് എന്നിവയാണ് ഈ കായലിലെ പ്രധാന ദ്വീപുകൾ. തെക്കുഭാഗത്ത് ആലപ്പുഴ മുതൽ വടക്കുഭാഗത്ത് അഴീക്കോട് വരെ നീണ്ടുകിടക്കുന്ന കോൾനിലങ്ങളുടെ ഭാഗമാണ് വേമ്പനാട്ട് കായൽ. മദ്ധ്യ കേരളത്തിലെ പ്രധാന നദികളായ അച്ചൻകോവിൽ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ, പമ്പ, പെരിയാർ തുടങ്ങിയവ ഉൾപ്പെടെ 10 നദികൾ ഈ കായലിൽ പതിക്കുന്നു. ഈ കായലിന്റെ ജലധാരാ പ്രദേശം 15,770 സ്കയർ കിലോ മീറ്റർ അതായത് ഏകദേശം കേരളത്തിന്റെ 40 ശതമാനത്തോളം പ്രദേശം ഈ കായലിന്റേതായുണ്ട്. ഭൂതത്താൻകെട്ട് ജലസംഭരണി സ്ഥിതി ചെയ്യുന്നത് എറണാകുളം ജില്ലയിലാണ് ഇതിന്റെ വിസ്തൃതി 608 ഹെക്ടറാണ്.

• ഭൂജല സമ്പത്ത്

ഭൂമിയിലെ ജലവിഭവത്തിന്റെ 97.2 ശതമാനം സമുദ്രത്തിലെ ലവണജലവും ശേഷിക്കുന്ന 2.8ശതമാനം ശുദ്ധജലവുമാണ്. ശുദ്ധജലത്തിൽ 2.2 ശതമാനം ഉപരിതല ജലപ്രവാഹമായും 0.6 ശതമാനം ഭൂഗർഭജലമായും കാണപ്പെടുന്നു. ഭൂമിക്കടിയിൽ വെള്ളം ശേഖരിച്ചു വെയ്ക്കാനും മതിയായ അളവിൽ പുറത്ത് വിടാനും കഴിവുള്ള ജിയോളജിക്കൽ ഫോർമേഷനിലെ (ജലസ്തരം) ജലമാണ്, കിണറുകളിലൂടെയും മറ്റും ലഭിക്കുന്നത്. എറണാകുളം ജില്ലയിലെ ഭൂഗർഭജല വിഭവങ്ങൾ എറണാകുളം ജില്ലയിലെ ഭൂഗർഭ ജലത്തിന്റെ ആകെ വാർഷിക റീചാർജ്ജും വാർഷിക ഭൂഗർഭജല ലഭ്യതയും മാർച്ച് 2011 ലെ കണക്ക് പ്രകാരം പട്ടിക--ൽ രേഖപ്പെടുത്തിയിരിക്കുന്നു. ജില്ലയിലെ ബ്ലോക്കനുസരിച്ചുള്ള ഭൂഗർഭ ജല ലഭ്യതയുടെ വിശദാംശങ്ങൾ അനുബന്ധം 2.5 ആയി ചേർത്തിരിക്കുന്നു.

പട്ടിക-2.5

എറണാകുളം ജില്ലയിലെ ഭൂഗർഭ ജല വിഭവങ്ങൾ എറണാകുളം ജില്ലയിലെ ഭൂഗർഭ ജലത്തിന്റെ ആകെ വാർഷിക റീചാർജ്ജും വാർഷിക ഭൂഗർഭ ജല ലഭ്യതയും

ക്രമ നം	ഭൂഗർഭജല വിഭവങ്ങൾ	അളവ് (ഹെ.മീ.)
1.	ഭൂഗർഭ ജലത്തിന്റെ ആകെ വാർഷിക റീചാർജ്ജ്	64499.47
2.	മൺസൂൺ ഇല്ലാത്ത സീസണിൽ ഭൂഗർഭജലത്തിന്റെ സ്വാഭാവിക റീചാർജ്ജ്	6172.78
3.	യഥാർത്ഥ വാർഷിക ഭൂഗർഭജല ലഭ്യത	58326.69
4.	ജലസേചനത്തിനു വേണ്ടി നിലവിലുള്ള മൊത്ത ഭൂഗർഭജലത്തിന്റെ ഡ്രാഫ്റ്റ്	10308.49
5.	ഗാർഹിക ആവശ്യത്തിനും വ്യാവസായിക ആവശ്യത്തിനും വേണ്ടി നിലവിലുള്ള മൊത്തം ഭൂഗർഭജലം	13931.32
6.	എല്ലാ ആവശ്യത്തിനും വേണ്ടി നിലവിലുള്ള മൊത്തം ഭൂഗർഭജലം	24239.82
7.	ഗാർഹിക ആവശ്യത്തിനും വ്യാവസായിക ആവശ്യത്തിനും വേണ്ടി 2025 വരെയുള്ള ഭൂഗർഭജലത്തിന്റെ വിഹിതം	15295.83
8.	ഭാവി ജലസേചനത്തിന് ആവശ്യമായ യഥാർത്ഥ ഭൂഗർഭജലം	32722.37
9.	നിലവിലുള്ള ഭൂഗർഭജല വികസനത്തിന്റെ സ്ഥിതി (ശതമാനത്തിൽ)	41.56

അവലംബം:കേന്ദ്ര ഭൂഗർഭജല വിതരണ ബോർഡ് (2011)

- **ജലവിതാന ഏറ്റക്കുറച്ചിലുകൾ**

ഭൂനിരപ്പിൽ നിന്ന് ജലവിതാനത്തിലേക്കുള്ള ആഴം ജില്ലയുടെ വിവിധഭാഗങ്ങളിൽ ഏതു പ്രദേശത്താണോ കിണറ് കാണപ്പെടുന്നത് എന്നത് അനുസരിച്ച് വളരെയധികം വ്യത്യാസപ്പെട്ടു കാണുന്നു.

- **നീർവാർച്ച**

പെരിയാറും ശാഖകളും ജില്ലയുടെ വടക്കു ഭാഗത്തു കൂടിയും മൂവാറ്റുപുഴയും അതിന്റെ ശാഖകളും തെക്കു ഭാഗത്തു കൂടിയുമാണ് ഒഴുകുന്നത്.

ഖനീജ ഭൂവിജ്ഞാനീയ മേഖല

- **ശിലാ വിഭാഗങ്ങൾ**

ഭൂമിയിലെ ഏറ്റവും പഴക്കമുള്ള ശിലകളിൽപെട്ട ആർക്കിയൻ ശിലകളിലെ ക്രിസ്റ്റലിയ വിഭാഗത്തിൽപെട്ട ചാർണൈക്കൈറ്റുകളും നൈസുകളും അവയിൽ പലപ്പോഴായി അന്തർവേധം ചെയ്ത അൽപ്പസലികങ്ങളായ ഗാബ്രോ വിഭാഗത്തിൽപെട്ട ഡൈക്കുകളും ആണ് ഈ പ്രദേശത്ത് അടിസ്ഥാന ശിലകളായി കാണപ്പെടുന്നത്. അവയെ തുടർന്ന് അവയുടെ അവസാദശിലകളായ ചെങ്കല്ലും തുടർന്ന് സമീപകാല സാമുദ്രിക തടാകോത്ഭവ ഊറലുകൾ അടിഞ്ഞുണ്ടാകുന്ന എക്കലുകളും കാണപ്പെടുന്നു.

- **ധാതുവിഭവങ്ങൾ**

എറണാകുളം ജില്ലയിൽ കാണുന്ന പ്രധാനപ്പെട്ട ധാതു വിഭവങ്ങളാണ് ഗ്രാഫൈറ്റും ചൈനാക്ലേയും. എറണാകുളം, ഇടുക്കി ജില്ലാ അതിർത്തി പ്രദേശമായ മൂവാറ്റുപുഴ, തൊടുപുഴ ഭാഗങ്ങളിൽ പലയിടത്തും ഗ്രാഫൈറ്റ് നിക്ഷേപങ്ങൾ കാണപ്പെടുന്നു. മൂവാറ്റുപുഴ താലൂക്കിലെ കല്ലൂർക്കാട് വില്ലേജിൽ ഏകദേശം 1.2544 ഹെക്ടർ ഗ്രാഫൈറ്റ് നിക്ഷേപങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പറവൂർ താലൂക്കിൽപ്പെട്ട പുത്തൻവേലിക്കര ചേന്ദമംഗലം കായൽ ഭാഗങ്ങളിൽ പലയിടത്തുമായി കക്കാ നിക്ഷേപങ്ങൾ ഉള്ളതായി മൈനിങ്ങ് ജിയോളജി വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലയിലെ ഇടനാട്ടിലും മലനാട്ടിലും ധാരാളം ചെങ്കൽ നിക്ഷേപങ്ങൾ ഉണ്ട്. ചൈനാക്ലേയുടെ നിക്ഷേപം ആമ്പല്ലൂർ പ്രദേശത്ത് കണ്ടെത്തിയിട്ടുണ്ട്.

- **എറണാകുളം ജില്ലയിലെ പ്രധാന മണ്ണിനങ്ങൾ**

ഭൂപ്രകൃതിയെയും സ്വഭാവ വ്യത്യാസങ്ങളെയും ആസ്പദമാക്കി ജില്ലയിലെ മണ്ണുകളെ താഴെ പറയും വിധം തരം തിരിയ്ക്കാം.

പട്ടിക-2.6

മണ്ണിനങ്ങൾ

• ലാറ്ററൈറ്റ് മണ്ണ്	മൂവാറ്റുപുഴ, കോതമംഗലം താലൂക്കുകളിലും ആലുവ, കുന്നത്തുനാട് താലൂക്കുകളിലെ ചില ഭാഗങ്ങളിലും കാണപ്പെടുന്നു.
• മണൽ കലർന്ന പശിമരാശി മണ്ണ്	പറവൂർ, കൊച്ചി, കണയന്നൂർ താലൂക്കുകളിൽ കാണപ്പെടുന്നു.
• എക്കൽ മണ്ണ്	ആലുവ, കുന്നത്തുനാട് താലൂക്കുകളിലെ ചില ഭാഗങ്ങളിലും കാണപ്പെടുന്നു.

അവലംബം:കേന്ദ്ര ഭൂഗർഭജല വിതരണ ബോർഡ് (2011)

2.3 ജൈവവൈവിധ്യം

ആമുഖം

ഒരു പ്രത്യേക ചുറ്റളവിലുള്ള ആവാസ വ്യവസ്ഥയിൽ എത്ര തരം ജീവരൂപങ്ങൾ കാണപ്പെടുന്നു എന്നതാണ് ജൈവവൈവിധ്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. സർവ്വ ജീവജാലങ്ങളും അടങ്ങിയതാണ് ജൈവവൈവിധ്യം. ആവാസവ്യവസ്ഥയുടെ ആരോഗ്യ ക്ഷമതയുടെ അളവുകോലാണ് ജൈവവൈവിധ്യം. കൂടുതൽ ജൈവവൈവിധ്യം ഉണ്ടെങ്കിൽ ആവാസ വ്യവസ്ഥ കൂടുതൽ ആരോഗ്യമുള്ളതായി

കണക്കാക്കപ്പെടുന്നു. കാലാവസ്ഥയുടെ ഭാഗവും കൂടിയാണിത്. സൂക്ഷ്മാണുതൊട്ട് വലിയ ജന്തുജാതികൾ വരെയുള്ളവരുടെ സീമാതീതമായ നിരതന്നെ ഉൾക്കൊള്ളുന്നതാണ് ജൈവവൈവിധ്യം. വെള്ളവും വെളിച്ചവും നന്നായി ലഭ്യമാകുന്ന ഉഷ്ണമേഖലയാണ് ജൈവവൈവിധ്യത്തിന്റെ വാസസ്ഥാനം. ഇന്ത്യ, ലാറ്റിൻ അമേരിക്ക എന്നീരാജ്യങ്ങളാണ് പ്രധാനപ്പെട്ട ഉദാഹരണങ്ങൾ. ജൈവവൈവിധ്യ സമ്പുഷ്ടമായ രാജ്യങ്ങളിൽ ഉപജാതി വൈവിധ്യം ധാരാളമായുള്ള ഒരേയൊരു രാജ്യമാണ് ഇന്ത്യ. മനുഷ്യവർഗ്ഗത്തിന്റെയും മറ്റുള്ള ജന്തുജാതികളുടെയും അതിജീവനത്തിന് ആവശ്യമായ എല്ലാവിധ ഉപഭോഗവസ്തുക്കളും സേവനങ്ങളും കരുതിവെയ്ക്കുന്നത് ജൈവവൈവിധ്യമാണ്. ആയതിനാൽ ജൈവവൈവിധ്യത്തിന്റെ പരിപാലനം മനുഷ്യ വർഗ്ഗത്തിന്റെ സ്ഥായിയായ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

കേരളത്തിൽ ജൈവവൈവിധ്യത്തിനുള്ള ഭീഷണി നേരിടുന്നതിനും പ്രകൃതി വിഭവങ്ങൾ അനധികൃതമായി ചൂഷണം ചെയ്യുന്നത് തടയുന്നതിനും സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2005 ഫെബ്രുവരി 28-ാം തീയതി സ്ഥാപിതമായി.

എറണാകുളം ജില്ലയിലെ ജൈവവൈവിധ്യം

മലനാട്, ഇടനാട്, തീരപ്രദേശം എന്നീ ഭുവിഭാഗങ്ങളിലായി വ്യാപിച്ചു കിടക്കുന്ന വളരെ സമ്പന്നമായ ഒരു ജൈവവൈവിധ്യം എറണാകുളം ജില്ലയ്ക്കുണ്ട്. എന്നാൽ ഈ ജൈവവൈവിധ്യ പാരമ്പര്യത്തെ ലാഭം ലാക്കാക്കിയുള്ള വിവിധ ഫാക്ടറികളുടെ നിർമ്മാണം, റിസോർട്ടുകളുടെ വ്യാപനം, റിയൽ എസ്റ്റേറ്റ് താത്പര്യങ്ങൾ, ടൂറിസം കൈയേറ്റങ്ങൾ, സർക്കാരിന്റെ വികസന പദ്ധതികൾ എന്നിവയെല്ലാം ഗുരുതരമായ രീതിയിൽ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ജൈവസമ്പത്തിന്റെ നാശം മരുവത്ക്കരണത്തിനും കാലാവസ്ഥ വ്യതിയാനത്തിനും ആഗോളതാപനത്തിനും ഇടയാക്കുന്നുണ്ട്. കൂടിവെള്ള ക്ഷാമം രൂക്ഷമാക്കുന്നതിനും കൃഷിയിടങ്ങൾ വറ്റിവരളുന്നതിനുമെല്ലാം ഇത് ഇടയാക്കുന്നു. നിയമവിരുദ്ധമായ കൈയേറ്റങ്ങൾ, കന്നുകാലിമേയ്ക്കൽ, വിറക് ശേഖരണം, വേട്ടയാടൽ, ഖനനം, സംഘം ചേർന്നുള്ള വിനോദസഞ്ചാരവും തീർത്ഥാടനവും, കാട്ടുതീ, നിയമവിരുദ്ധമായ മരംവെട്ടൽ എന്നീ കാരണങ്ങളും ജൈവവൈവിധ്യ ശോഷണത്തിന് ആക്കം കൂട്ടുന്നവയാണ്. ആയതിനാൽ ജില്ലയിലെ ജൈവവൈവിധ്യത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനു അതീവ പ്രാധാന്യമുണ്ട്.

25.16 ചതുരശ്ര കി.മി. വിസ്തീർണ്ണമുള്ള തട്ടേക്കാട് പക്ഷിസങ്കേതം എറണാകുളം ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്. പലവംശത്തിലുള്ള നാട്ടുപക്ഷികളുടെ ആവാസ വ്യവസ്ഥയും കേരളത്തിലെ പ്രശസ്തവുമായ പക്ഷിസങ്കേതവുമാണ്. അവകൂടാതെ പലതരം ദേശാടന പക്ഷികളും ഇവിടെ എത്തുന്നു. ഇന്ന് ഇവിടെ ദേശാടകരടക്കം 330 ഇനം പക്ഷികൾ ഉണ്ടെന്നാണ് കരുതുന്നത്. വെള്ളിമൂങ്ങ, മലബാർകോഴി, കോഴി വേഴാമ്പൽ, തീക്കാക്ക തുടങ്ങി നിരവധി അപൂർവ്വ പക്ഷികളെ ഈ പ്രദേശത്ത് കണ്ടുവരുന്നു. ലോകത്തുതന്നെ അപൂർവ്വമായ 'തവളവായൻ കിളി" (മാക്കാച്ചി കാട) എന്ന പക്ഷിയെയും ഇവിടെ കണ്ടെത്തിയിട്ടുണ്ട്. വനങ്ങളിൽ പക്ഷികൾക്ക് പുറമെ ശലഭങ്ങളും, ആന, കടുവ, കാട്ടുപന്നി, കാട്ടുപൂച്ച, കാട്ടുനായ്, നാടൻകുരങ്ങ്, പുലി, മാൻ, കുട്ടിത്തേവാങ്ക്, കാട്ടുപോത്ത്, ഉടുമ്പ്, ഈനാംപേച്ചി, മ്ലാവ്, കേഴമാൻ, കൂരമാൻ, കീരി, മുള്ളൻപന്നി, മരപ്പട്ടി, ചെറുവെരുക്, മലയണ്ണാൻ, കരടി മുതലായ മൃഗങ്ങളും കുഴിമണലി മുതൽ പെരുമ്പാമ്പും രാജവെമ്പാലയും വരെയുള്ള ഉരഗങ്ങളും സങ്കേതത്തിലുണ്ട്. ജലാശയങ്ങളിലുള്ള കനത്ത മത്സ്യ സമ്പത്ത് പക്ഷികൾക്ക് പ്രത്യേകിച്ച് നീർപക്ഷികൾക്ക് ഇവിടം പ്രിയപ്പെട്ട സ്ഥലമാക്കിയിരിക്കുന്നു.

2006 ലെ കേരള വനം വകുപ്പിന്റെ കണക്കനുസരിച്ച് എറണാകുളം ജില്ലയിലെ കണ്ടൽ വനങ്ങളുടെ വിസ്തീർണ്ണം 260 ഹെക്ടർ ആണ്. സമുദ്രതീരത്തെ

കണ്ടൽക്കാടുകൾ ഏററവും കൂടുതൽ കാണുന്നത് ജില്ലയിലെ പുതുവൈപ്പിനിലാണ്. മംഗളവനത്തിൽ വിവിധതരം കണ്ടൽ മരങ്ങളുണ്ട്. 50 ഏക്കറോളം സർപ്പക്കാവുകളും മുളങ്കാടുകളും ജില്ലയ്ക്കുണ്ട്. ഈ ജില്ലയിൽ രണ്ട് വ്യത്യസ്തങ്ങളായ കാടുകൾ കണ്ടുവരുന്നു. പശ്ചിമ തീര ഉഷ്ണമേഖല നിത്യഹരിതവനങ്ങളും, പശ്ചിമ തീര അർദ്ധ നിത്യഹരിതവനങ്ങളും.

സ്വാഭാവികമായി വളരുന്ന സസ്യങ്ങളുടെ ഒരു കലവറയായി ജില്ലകളുടെ ഇടനാട്ടിൽ ധാരാളം സർപ്പക്കാവുകൾ നിലനിൽക്കുന്നുണ്ട്. ഇതിൽ ഇരിങ്ങോൾക്കാവ് ഏററവും പ്രധാനപ്പെട്ട ഒന്നാണ്. അമ്പലത്തിനോട് ചേർന്ന് ഉള്ള ഈ കാവ് മതപരമായ ആചാരത്തിന്റെ ഭാഗമായി ഇന്നും സംരക്ഷിച്ചു പോരുന്നു. ഒരു ചെറുവനമായി കണക്കാക്കാവുന്ന ഇരിങ്ങോൾക്കാവ് എറണാകുളം ജില്ലയിലെ പെരുമ്പാവൂരിലാണ് സ്ഥിതിചെയ്യുന്നത്. 110 ഏക്കറാണ് ഇരിങ്ങോൾക്കാവിന്റെ വിസ്തീർണ്ണം. കാവിനുള്ളിലെ കാലാവസ്ഥ ചൂടും ഈർപ്പവുള്ളതും ആയതിനാൽ വളരെ സമ്പന്നമായ ഒരു ജൈവവൈവിധ്യം ഇവിടെ നിലനിൽക്കുന്നുണ്ട്. ഔഷധഗുണ മുള്ളചെടികളും, വിലയേറിയ സസ്യ ലതാദികളും, കുരങ്ങ്, അണ്ണാൻ, മൈന തുടങ്ങിയ ജിവിവർഗ്ഗങ്ങളെയും ഇവിടെ കാണാവുന്നതാണ്. വിശുദ്ധമായ ഈ ഉപവനം പലതരത്തിലുള്ള പക്ഷികളുടെയും മൃഗങ്ങളുടെയും ചെടികളുടെയും അഭയസ്ഥാനമാണ്. ഏകദേശം 722 തരത്തിൽപ്പെട്ട ചെടികൾ ഇവിടെ ഉണ്ടെന്നാണ് കണക്കാക്ക പ്പെട്ടിട്ടുള്ളത്. അവയിൽ 154 എണ്ണം പശ്ചിമഘട്ടത്തിൽ മാത്രം കണ്ടുവരുന്നവയാണ്. കാവിനുള്ളിൽ കണ്ടുവരുന്ന ചെറുമൃഗങ്ങളും ചെറുജീവികളും തുടർന്നുപറയുന്നവയാണ്. മുയൽ, അണ്ണാൻ, വവ്വാൽ, പക്ഷികൾ (19 ഇനം). പല്ലി (5 ഇനം), തവള, പൂമ്പാററ (22 ഇനം), തുമ്പി, നിശാശലഭം, ചിലന്തി (8 ഇനം), പുൽച്ചാടി, വണ്ട്, കടന്നൽ, വിട്ടിൽ, അട്ട (3 ഇനം), പഴുതാര, തേൾ, ഒച്ച് വിവിധ തരം ഉറുമ്പുകൾ മുതലായവ. ഈ ചെറുവനം ജനവാസകേന്ദ്രത്തിന് നടുക്ക് സ്ഥിതിചെയ്യുന്നതിനാൽ ജൈവവൈവിധ്യത്തിന്റെ സംരക്ഷണം കൂടാതെ മണ്ണിലെ ജലവിതാനം നിലനിർത്തുന്നതിനും പ്രധാന പങ്കുവഹിക്കുന്നു. കാവിനടുത്തുള്ള കുളങ്ങളും കിണറുകളും കൊല്ലം മുഴുവൻ ജലം ലഭിക്കുന്നവയാണ്.

❖ സസ്യജാലം

കാലടി, കോടനാട്, തുണ്ടത്തിൽ, കോതമംഗലം, അടിമാലി എന്നീ റേഞ്ചുകളിൽ ഉൾപ്പെട്ടവയാണ് ഈ ജില്ലകളിലെ വനങ്ങൾ. 1200 മീ വരെ ഉയരവും 250 സെന്റീമീററർ കുറയാതെ മഴയും ലഭ്യമാകുന്ന പ്രദേശങ്ങളിലാണ് നിത്യഹരിത മഴക്കാടുകൾ കണ്ടുവരുന്നത്. പലതരം വൃക്ഷലതാദികൾ ഈ വനങ്ങളിലുണ്ട്. അവയിൽ പ്രധാനമായവ തേക്ക്, ഈട്ടി, ചന്ദനം, തമ്പകം, കരിങ്ങാലി, ആഞ്ഞിലി, വേങ്ങ, തമ്പാവ് എന്നിവയാണ്. മറ്റു വനവിഭവങ്ങളിൽ മരോട്ടി, ഓടൽ, പുന്ന, ഇലുപ്പ, വെള്ളപ്പൈൻ, നാങ്ക് എന്നിവയുടെ കുരുക്കളും ഉൾപ്പെടുന്നു. കടലാസ്, തീപ്പെട്ടി വ്യവസായങ്ങൾക്ക് ആവശ്യമായ കടുപ്പം കുറഞ്ഞ മരങ്ങളും ഈറ, മുള എന്നിവയും ധാരാളമായി ഈ വനങ്ങളിൽ നിന്നും ലഭ്യമാകുന്നുണ്ട്.

❖ ജന്തുവർഗ്ഗങ്ങൾ

മലഞ്ചെരിവുകളും കാടുകളും കൂടുതൽ കൃഷിക്ക് ഉപയുക്തമാക്കുന്നതിനാൽ വന്യമൃഗങ്ങളുടെ സംഖ്യയിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. മലയാറ്റൂർ കാടുകൾ ആനകളുടെ വിഹാരരംഗമാണ്. പലതരം വാനരവർഗ്ഗങ്ങളും, കാട്ടുപോത്ത്, കരടി, പുള്ളിമാൻ, കേഴമാൻ, കാട്ടാട്, കാട്ടുപന്നി, വെരുക്, കീരി, നീർനായ്, മുയൽ, മരപ്പെട്ടി, അളുങ്ക്, അണ്ണാൻ, മുള്ളൻപന്നി, തുരപ്പൻ, മലയണ്ണാൻ എന്നീ മൃഗങ്ങളും വിവിധയിനത്തിലുള്ള പക്ഷികളും ധാരാളമായുണ്ട്.

പെരിയാർ, ചാലക്കുടി നദീതടപദ്ധതികൾ ഈ ജില്ലയുടെ കാർഷിക വികസനത്തെ സഹായിക്കുന്നു. നെല്ല്, കരിമ്പ്, ഇഞ്ചി, കുരുമുളക്, മഞ്ഞൾ, അടയക്കാ, വാഴ,

കശുവണ്ടി, നാളികേരം, മരച്ചീനി എന്നിവയാണ് പ്രധാന കാർഷിക വിളകൾ. കായൽതീരങ്ങളിൽ ബണ്ടുകൾ നിലനിർത്തിയും ഉപ്പുവെള്ളം വറ്റിച്ചും കൃഷിച്ചെയ്യുന്നുണ്ട്. ഇത് പൊക്കാളി കൃഷി എന്ന പേരിലാണ് അറിയപ്പെടുന്നത്. ചേറ് കുറുക, ചോറ്റുപൊക്കാളി, ചെട്ടിവിരിപ്പ് ആര്യൻ, കുതിരവാലി, തവളക്കണ്ണൻ, ഓണവാട്ടൻ, ചീര, ഇട്ടിക്കണ്ടലൻ, ചീറ്റേനി, അധികാരി, ചമ്പാവ് എന്നീയിനങ്ങളിലെ നെൽവിത്തുകളാണ് സാധാരണ ഉപയോഗിക്കുന്നത്. ജാതി, സർപ്പഗന്ധി എന്നിവയും ധാരാളമായി കൃഷി ചെയ്തുവരുന്നു.

❖ വനസമ്പത്ത്

തേക്ക്, ഈട്ടി, കരിന്താളി, കാഞ്ഞിരം, ചന്ദനം, വേങ്ങ, ആഞ്ഞിലി, മുള, ചൂരൽ, കടുക്ക, താന്നിക്ക, നെല്ലിക്ക, ആനക്കൊമ്പ്, തേൻ, അരക്ക് മുതലായവയാണ് പ്രധാനപ്പെട്ട വനവിഭവങ്ങൾ. കടലാസ്, തീപ്പെട്ടി, പ്ലൈവുഡ് തുടങ്ങിയ വ്യവസായങ്ങൾക്ക് ആവശ്യമായ ഈറ, മുള, യൂക്കാലിപ്റ്റ്സ്, പാഴ്മരങ്ങൾ എന്നിവ മലയാറ്റൂർ വനങ്ങളിൽ നിന്ന് ധാരാളമായി ലഭ്യമാണ്.

❖ മത്സ്യബന്ധനം

മത്സ്യബന്ധനത്തിന് പണ്ടുമുതലേ ഈ ജില്ല പ്രസിദ്ധമാണ്. നീണ്ട കടലോരവും കായൽപരപ്പു വിവിധതരം മത്സ്യങ്ങളാൽ സമ്പന്നമാണ്. ചെല്ലാനം, ഫോർട്ടുകൊച്ചി, കണ്ണമാലി, മരുവക്കാട്, മാലിപ്പുറം, ഞാറയ്ക്കൽ, നായരമ്പലം, പള്ളിപ്പുറം, മുനമ്പം എന്നിവയാണ് പ്രമുഖ മത്സ്യബന്ധന കേന്ദ്രങ്ങൾ.

ജൈവ വൈവിധ്യം സംരക്ഷിച്ച് എങ്ങനെ വികസനം സാദ്ധ്യമാക്കാം

തദ്ദേശ ഭരണ സ്ഥാപനങ്ങൾ വികസന പ്രവൃത്തികൾ വിഭാവനം ചെയ്യുമ്പോൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കണക്കിലെടുക്കേണ്ടതാണ്.

1. ജില്ലയെ വ്യവസായികം, പാർപ്പിടം, കാർഷികം, വനം എന്നീ മേഖലകളായി തിരിച്ച് ഇവ ഓരോന്നും അതാതു സ്ഥലങ്ങളിൽ കേന്ദ്രീകരിക്കുക.

2. ചെറുകിട-വൻകിട പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കുന്നതിനു മുൻപ് പരിസ്ഥിതി ആഘാത പഠനം നടത്തുക.

3. അതതു പ്രദേശങ്ങളിലെ വിരളവും ഔഷധഗുണമുള്ളതുമായ സസ്യങ്ങളുടെ ഒരു ശേഖരം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ചെറുതോട്ടങ്ങളിൽ സംരക്ഷിക്കുക.

4. ആയുർവേദ, ഹോമിയോ തുടങ്ങിയ മരുന്നുകൾ ഉണ്ടാക്കുന്ന കമ്പനികളുമായി ഔഷധ വിതരണത്തിന് കരാറുണ്ടാക്കി അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഔഷധ സസ്യങ്ങൾ നടുവാനും പരിപാലിക്കുവാനും സ്ഥലവും മറ്റു സൗകര്യങ്ങളും ലഭ്യമാക്കി കൊടുക്കുക.

5. നിലവിലുള്ള വനങ്ങൾ സംരക്ഷിക്കുകയും വെട്ടിമാറ്റിയിടത്തും നശിച്ചുപോയ സ്ഥലങ്ങളിലും, നദികളുടെ വൃഷ്ടിപ്രദേശങ്ങളിലും വനവത്ക്കരണം നടത്തുക.

6. നിലവിലുള്ള സർപ്പക്കാവുകൾ സംരക്ഷിക്കുക.

7. ചതുപ്പു നിലങ്ങളിൽ കണ്ടൽക്കാടുകൾ നട്ടുപിടിപ്പിക്കുക.

8. നദികളുടെ കരയടിയാതിരിക്കുവാൻ പ്രകൃത്യാ ഒഴുക്കുള്ള സ്ഥലങ്ങളിലും നദിതീരങ്ങളിലും തഴച്ചുവളരുന്ന മരങ്ങളെയും മറ്റു സസ്യങ്ങളെയും ഉപയോഗിക്കുക.

9. ഭൂജലത്തിന്റെ വിതാനം താഴ്ത്തുന്ന പാടശേഖരങ്ങളിലെ ഇഷ്ടിക നിർമ്മാണം, അമിതമായ മണൽ വാരൽ തുടങ്ങിയ പ്രവൃത്തികൾ നിയന്ത്രിക്കുക.

10. അലങ്കാര സസ്യകൃഷി, പുഷ്പകൃഷി, ഔഷധ സസ്യകൃഷി, കൂൺ കൃഷി, പരമ്പരാഗത ആഹാര സസ്യകൃഷി,

വന്യഫലകൃഷി, സുഗന്ധവ്യഞ്ജന സസ്യകൃഷി തുടങ്ങിയ കൃഷികളെ പ്രോത്സാഹിപ്പിക്കുക

11. ജൈവ വൈവിധ്യത്തിനെക്കുറിച്ചുള്ള ബോധവത്ക്കരണവും അവ സംരക്ഷിക്കാനുള്ള പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

12. ഏതൊരു വികസന പ്രവൃത്തിയും വിഭാവനം ചെയ്യുമ്പോൾ പ്രകൃത്യായുള്ള ജൈവ വൈവിധ്യം നാശമാകാതിരിക്കുവാൻ ശ്രദ്ധിക്കുക.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് താഴെപറയുന്ന സർക്കാർ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കാവുന്നതാണ്.

1) ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പാലോട്, തിരുവനന്തപുരം.

2) കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി, തൃശ്ശൂർ.

3) സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, ആക്കുളം, തിരുവനന്തപുരം.

4) കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര, തൃശ്ശൂർ.

5) സോഷ്യൽ ഫോറസ്ട്രി വിഭാഗം, കേരള സർക്കാർ.

6) ഔഷധ, സുഗന്ധ സസ്യ ഗവേഷണ വിഭാഗം, ഓടക്കാലി, പെരുമ്പാവൂർ, എറണാകുളം.

7) കേരള ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്, കേരള സർക്കാർ.

8) സെന്റർ ഫോർ വാട്ടർ റിസോഴ്സ്സ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ്, കുന്ദമംഗലം, കോഴിക്കോട്.

9) സ്പൈസസ് ബോർഡ്, പാലാരിവട്ടം, കൊച്ചി.

10) കേരള ഹോർട്ടികൾച്ചറൽ ഡെവലപ്പ്മെന്റ് വിഭാഗം.

എറണാകുളം ജില്ലയിൽ നിലവിലുള്ള കാർഷിക വിളകളുടെയും, സസ്യങ്ങളുടെയും, സസ്തനികളുടെയും, പക്ഷികളുടെയും, മത്സ്യങ്ങളുടെയും പേരുവിവരം ചുവടെ ചേർത്തിരിക്കുന്നു.

എറണാകുളം ജില്ലയിലെ ജൈവ വൈവിധ്യം
ജില്ലയിലെ സസ്യ ജീവി വിഭവങ്ങൾ

1. ഭക്ഷ്യധാന്യങ്ങൾ

1. നെല്ല് - Orysa sativa
2. അശ്വതി - O. Sativa (var)
3. ഐശ്വര്യ - O. Sativa (var)
4. കൾച്ചർ - O. Sativa (var)
5. കുഞ്ഞൂഞ്ഞ് - O. Sativa (var)
6. ജയ - O. Sativa (var)
7. ജ്യോതി - O. Sativa (var)
8. ഉമ - O. Sativa (var)
9. പൊൻമണി - O. Sativa (var)
10. പൊന്നി - O. Sativa (var)
11. ത്രിവേണി - O. Sativa (var)
12. രോഹിണി - O. Sativa (var)
13. പവിഴം - O. Sativa (var)
14. പ്രിയ - O. Sativa (var)
15. ശബരി - O. Sativa (var)
16. പൊക്കാളി - O. Sativa (var)
17. പൊക്കാളി ഏഴോം - O. Sativa (var)
18. പൊക്കാളി വൈറ്റില 4,5,6 -O. Sativa (var)
19. വെള്ളപ്പൊക്കാളി-O.Sativa (var)
20. ഞവര - O. Sativa (var)
21. ബസുമതി - O. Sativa (var)

2. എണ്ണക്കുരുക്കൾ

1. എള്ള്-Sesamum indicum (var)

a. കാരെള്ള് -S. indicum (var)
b. ചിറ്റെള്ള് - S. indicum (var)
2. തെങ്ങ് - Cocos nucifera (var)
a. കുറ്റ്യാടി - C. nucifera (var)
b. ഗൗളി - C. nucifera (var)
d. പതിനെട്ടാംപട്ട-C.nucifera(var)
e. വെസ്റ്റ് കോസ്റ്റ് -C. nucifera (var)

3. നാണ്യ വിളകൾ

1. പറങ്കിമാവ് - Anacardium Occidentale
2. മഞ്ഞൾ - Curcuma longa
3. റബർ - Hevea braziliensis (RRI. M.600)
5. റബർ - H. braziliensis (var) (RRI – 105)

4. കിഴങ്ങുവർഗ്ഗങ്ങൾ

1) ഇറച്ചിക്കാച്ചിൽ - Dioscorea bulbifera
കാച്ചിൽ - Dioscorea alata
2) കൂർക്ക - Coleus parviflorus
3) ചേന - Amorphophalus campanulatus
4) ചേമ്പ് - Colocasia esculenta
a) ഊരാളിച്ചേമ്പ് - C. esculenta (var)
b) കണ്ടിച്ചേമ്പ് - C. esculenta (var)
c) കൂവച്ചേമ്പ്-C.sculenta (var)
d) താമരക്കണ്ണൻ - C. esculenta (var)
e) നൂറോൻ - C. esculenta (var)
f) പിഡോൻ - C. esculenta (var)
g) മാറാഞ്ചേമ്പ് - C. esculenta (var)
c) ഏത്തക്കപ്പ - M. utilissima (var)
d) ചങ്ങനാശ്ശേരിക്കപ്പ - M. utilissima (var)
e) വെള്ളക്കപ്പ - M. utilissima (var)
f) വേളാങ്കി - M. utilissima (var)
d) മുള്ളൻ കിഴങ്ങ് - D. esculenta (var)
a. മരച്ചീനി - Manihot utilissima
a) 7-ാം മാസക്കപ്പ - M. utilissima (var)
b) ഇലമുറിയൻ - M. utilissima (var)

5 പയർ വർഗ്ഗങ്ങൾ

1. അമര - Dolichos lablab
2.ചതുരപ്പയർ- Psophocarpus tetragonalobus
3. ചെറുപയർ - Vigna radiata
4. തുവരപ്പയർ - Cajanus indicus
5. മുണ്ടോപ്പയർ - V.unguiculata (var)
6. കുരുത്തോലപ്പയർ - V. multiflorus
7. കോൽപയർ - V.unguiculata (var)
8. വിതപ്പയർ - V.unguiculata (var)
9. മുതിര - Macrylatoma uniflora
10. വള്ളപ്പയർ - Pueraria tuberosa
11. വാളമര - Canavalia gladiate

6. പച്ചക്കറി വിളകൾ

1. കടച്ചക്ക - Artocarpus incise (syn)altilis
2. കറിവേപ്പ് -Murraya koenigii
3. കുമ്പളങ്ങ - Benincasa cereifera
4. കോവൽ - Cephalandra indica
5. ചീര - Amaranthus bicolor
6. ചുരക്ക - Lagenaria vulgaris
7. തക്കാളി - Lycopersicum esculentum
8. നരി കുമ്പളങ്ങ - Benincasa hispida
9. നിത്യവഴുതിന - Ipomoca muricata
10. പടവലം - Trichosanthes anguina
11. പയർ - Vigna unguiculata
a) കുറ്റിപ്പയർ - V. unguiculata (var)
b) നാടൻ പയർ - V. unguiculata (var)
c) പുഞ്ചപ്പയർ - V. unguiculata (var)
d) 18 മണിയൻ - V. unguiculata (var)
12. പാവൽ - Momordica charantia
13. പപ്പായ/കപ്പങ്ങ -Carica papaya
14. പാൽചുരക്ക-Lagenaria vulgaris (var)
15. പീച്ചിൽ - Luffa acutangula
16. മത്ത - Cucurbita pepo
17. മാങ്ങ - Mangifera indica
18. മുരിങ്ങ - Moringa oliefera
19. മുളക് - Capsicum gladiata
20. വാളവര - Canavalia gladiata
21. വഴുതിന - Solanum melongena
22. വാഴ - Musa paradisiaca
23. വെണ്ട-നാടൻ-Hibiscus esculentes
24. വെണ്ട - H. esculentes
25. വെള്ളരി - Cucumis sativus

7. ഫലവൃക്ഷങ്ങൾ

1. ആഞ്ഞിലി/അയനി - Artocarpus hirsutus
2. കാരപ്പഴം - Elacocarpus serratus
3. കീരിപ്പഴം- Syzigium zeylanicum
4. കോട്ടപ്പഴം - Grewia microcos
5. കൊരണ്ടിപ്പഴം - Salacia reticulata
6. അന്നാരച്ചക്ക/കപ്പച്ചക്ക - Ananas comosu
7. ആത്തച്ചക്ക/ആന്തചക്ക - Anona reticulata
8. ചക്ക - Artocarpus hetrophyllus
a. ഉണ്ടച്ചക്ക - A. hetrophyllus (var)
b. കൂഴച്ചക്ക - A. hetrophyllus (var)
c. താമരച്ചക്ക - A. hetrophyllus (var)
d. വരിക്കച്ചക്ക - A. hetrophyllus (var)
9. ചാമ്പ - Eugenia jambosa
10. ചെത്തിപ്പഴം - Ixora coccinea
11. ഞാവൽപ്പഴം - Syzigium cumini
12. ഞാറപ്പഴം - Syzigium caryophylla
13. തൊണ്ടിപ്പഴം - Alangium salviflolium
14 . നാരങ്ങ - citrus limona

a. ചെറുനാരങ്ങ - C. limona (var)
b. ബംബ്ലൂസ് - C.decumana (var)
c. ഒടിച്ചു കുത്തി നാരങ്ങ - C.limona (var)
d. മധുരനാരങ്ങ - C.aurantium (var)

22. മുള്ളൻപഴം - Nephelium lappaccum
23. വാഴ - Musa paradisiaca

a. ഏത്തവാഴ - M. paradisiaca (var)
b. കണ്ണൻ - M. paradisiaca (var)
c. കാളിവാഴ - M. paradisiaca (var)
d. കിന്റൽ വാഴ - M. paradisiaca (var)
e. ചാരപ്പൂവൻ - M. paradisiaca (var)
f. ചുണ്ടില്ലാക്കണ്ണൻ - M. paradisiaca (var)
g. ചെങ്കദളി - M. paradisiaca (var)
l. റോബസ്റ്റ - M. paradisiaca (var)
i. ഞാലിപ്പൂവൻ - M. paradisiaca (var)
j. പാളയംതോടൻ - M. paradisiaca (var)
k. പൂവൻ - M. paradisiaca (var)
h. പൊന്തൻ/ചൊന്തൻ - M. paradisiaca (var)

8. ഔഷധ ഗുണമുള്ള സസ്യങ്ങൾ

1. അഗോരി/അഹോരി/അഘോരി - Flacourtia indica
2. അടപതിയൻ - Holostemma rheedii
3. അടയ്ക്കാമരം - Areca catechu
4. അടയ്ക്കാമണിയൻ - Sphaeranthus indicus
5. അമ്പഴം - Spondias mangifera
6. അമൽപൊരി - Rauwolfia serpentina
7. അണ്ണാൻതാളി - Acampe primosa
8. അരളി - Nerium indicum
9. അരയാൽ - Ficus religiosa
10. അങ്കോലം - Alangium salvifolium
11. ആനത്തകര - Cassia siamea
12. ആനയടിയൻ/ആനച്ചുവടി - Elephantopus scaber
13. അശോകം - Saraca indica
14. ആമ്പൽ - Nymphaea alba (syn.) N. Stellaris
15. ആടലോടകം - Adhatoda vasika
16. ആര്യവേപ്പ്/ആരുവേപ്പ് - Azadirachia indica
17. ആവണക്ക് - Ricinus communis
18. ആവിൽ/ആവൽ - Holoptelia integrifolia
19. ഇത്തിക്കണ്ണി - Loranthus axillaris
20. ഇഞ്ചി - Zingiber officinale
21. ഇഞ്ച - Acacia Instia
22. ഇഞ്ചിപ്പുല്ല് - Cymbapogan citrarus
23. ഇലക്കള്ളി - Euphorbia nereifoloa
24. ഇലമുളച്ചി - Bryophyllum calycineum
25. ഇല്ലിത്തിരി/മുളങ്കൂമ്പ് - Bambusa arundinacea
26. ഇലൂപ്പ - Madhuca longifolia
27. ഉമ്മം - Datura stramonium
28. ഉങ്ങ്/ഇങ്ങ്/പീനാരി/മീനാരി - Pongamia glabra
29. എള്ള് - Sesamum indicum
30. എരുക്ക് - Calotropis gigantea
31. ഏകനായകം - Salacia reticulata
32. ഏഴിലംപാല/യക്ഷിപാല - Alstonia scholaris
33. ഒടിച്ചുകുത്തി - Justicia Gendarussa
34. ഓരില - Desmodium gangeticum
35. കച്ചടിനായകം/കറടിനായകം - salacia chinensis
36. കച്ചോലം - Kaempferia galanga
37. കദളിവാഴ - Musa paradisiaca (var)
38. കയ്യുണ്യം/കുഞ്ഞുണ്ണി - Eclipta alba
39. കരളേകം/കരൾപേഗം/ഗരുഡക്കൊടി/ പുഷ്ക്കരമൂലി/ഈശ്വരമൂലി - Aristolochia indica
40. കറുക - Cynadon dactylon
41. കരിംകുറിഞ്ഞി/കുറിഞ്ഞി -Niligirianthus ciliatus
42. കരിങ്കൂവളം/കുളവാഴ - Eichhornia crassipes
43. കരിത്തുമ്പ - Adenosma capitata
44. കറിവേപ്പ് - Murraya koenigii
45. കരിനൊച്ചി - Vitex negundo
46. കണിക്കൊന്ന - Cassia fistula
47. കരയാമ്പൂ/ഗ്രാമ്പൂ - Eugenia
48. കാട്ടുചേന - Synanteris sylvatica
49. കാട്ടുജീരകം - Vernonia
50. കാട്ടുതൃത്താവ്/കാട്ടുകർത്താവ് - Moschosma sp.
51. കലയം/കലശു/കലശം/ഉതി - Odina wodier
52. കല്ലുരുക്കി - Scoparia dulcis
53. കശുമാവ് - Anacardium occidentale
54. കസ്തൂരിവെണ്ട -Abelmoschus moschatus
55. കസ്തൂരിമഞ്ഞൾ -Curcuma aromatic
56. കറ്റാർവാഴ - Aloe vera
57. കാക്കക്കൊടി - Daemia extensa
58. കാട്ടിഞ്ചി - Urginea indica
59. കാട്ടുതുളസി -Ocimum americanum
60. കാട്ടുപടവലം - Trichosanthus cucumerianum
61. കാട്ടുകടുക് - Cleome viscosa
62. കാട്ടുമുല്ല - Jasminum officinale
63. കാഞ്ഞിരം - Strychnos nuxvomica
64. കാട്ടുവെള്ളരി - Cucumis trigarus
65. കീഴാർനെല്ലി - Phyllanthus amarus
66. കിരിയാത്ത് - Andographics paniculata
67. കുന്നിക്കുരു - Abrus precatorius
68. കുടവൻ, കൊടങ്ങൽ - Centella
69. കുടലുരുക്കി - Spermacoce hispida
70. കുടകപ്പാല -Holarrhena antidysentrica
71. കുരുമുളക് - Piper nigrum
72. കൊഴുപ്പ - Portulaca oleracea
73. കൊടിത്തൂവ/ചൊറിയണം -Tragea involucrate
74. കൊടുവേലി - Plumbago capensis
75. കൊട്ടം - Anogeissus latifolia
76. കൂരുപ്പത്തി - Gossypium herbaccum
77. കൂമ്പിൾ - Gmelina arborea
78. കുറുന്തോട്ടി - Sida cordifolia
79. കൂടംപുളി - Garcinia Cambogea
80. കൂവ - Maranta arundinacea
81. കൂർക്ക -Coleus parviflorus
82. കൂവളം - Aegle marmelos
83. കോൽക്കള്ളി - Euphordia tirucalli

84. കോവൽ - Cephalandra indica
85. കൈതച്ചക്ക/അണ്ണാരച്ചക്ക - Annanas sativus
86. ചക്രത്തകര - Cassia siamea
87. ചക്കരക്കൊല്ലി - Gymnema sylvestris
88. ചങ്ങലംപെരണ്ട -cissus quadrangularis
89. ചപ്പങ്ങ്/ചപ്പങ്ങം - Caesalpinia sappan
90. ചിറ്റമൃത് - Tinospora cordifolia
91. ചെറുചീര - Amaranthus virdis
തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതം							
മെയ്ന്റനൻസ് ഫണ്ട് റോഡ് & നോൺ റോഡ്							
							തുക ലക്ഷത്തിൽ
ക്രമ നം	തദ്ദേശ സ്ഥാപനങ്ങൾ	വിഹിതം	പ്രതീക്ഷിത വിഹിതം				ആകെ
		2017-18	2018-19	2019-20	2020-21	2021-22	
1	2	3	4	5	6	7	8
1	ഗ്രാമ പഞ്ചായത്ത് (82)	11621.33	12783.46	14061.81	15467.99	17014.79	70949.38
2	ബ്ലോക്ക്പഞ്ചായത്ത്(14)	518.10	569.91	626.90	689.59	758.55	3163.05
3	മുനിസിപ്പാലിറ്റി (13)	3362.89	3699.18	4069.10	4476.01	4923.61	20530.78
4	ജില്ലാപഞ്ചായത്ത് (1)	5538.09	6091.90	6701.09	7371.20	8108.32	33810.59
5	കൊച്ചി കോർപ്പറേഷൻ (1)	3204.84	3525.32	3877.86	4265.64	4692.21	19565.87
	ആകെ(111)	**24245.25**	**26669.78**	**29336.75**	**32270.43**	**35497.47**	**148019.68**

അവലംബം ബഡ്ജറ്റ് 2017-18

കൂടാതെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട്, തദ്ദേശ ഭരണസ്ഥാപനങ്ങളുടെ തനത് ഫണ്ട്, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ എംപിമാരുടെ പ്രാദേശിക വികസന പദ്ധതി (ഒരു വർഷം 5 കോടി വീതം), എം.എൽ.എ. മാരുടെ പ്രാദേശിക - ആസ്തി വികസന ഫണ്ട് (ഒരു വർഷം - 1 കോടി-5കോടി വീതം), തൊഴിലുറപ്പ് പദ്ധതി വിഹിതം തുടങ്ങിയവയും വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമാണ്.

2.5 സ്ഥാപന വിഭവങ്ങൾ

എറണാകുളം ജില്ലയുടെ വിവിധ വകുപ്പുകളുടെ കീഴിൽ വരുന്ന സ്ഥാപനങ്ങൾ

I. കൃഷി

ജില്ല കൃഷി ഓഫീസ് - എറണാകുളം

- **ജില്ലയിലെ കൃഷി ഫാമുകൾ:** ഗുണമേൻമയുള്ള എല്ലാ നടീൽ വസ്തുക്കളും ഇവിടെ ഉൽപ്പാദിപ്പിക്കുന്നു

1) ജില്ലാ കൃഷി ഫാം, നേര്യമംഗലം
2) സ്റ്റേറ്റ് സീഡ് ഫാം, ഒക്കൽ
3) സ്റ്റേറ്റ് സീഡ് ഫാം, ആലുവ
4) കോക്കനട്ട് നേഴ്സറി, മരട്

(നെൽവിത്ത്,പച്ചക്കറി വിത്ത്/തൈകൾ തെങ്ങിൻതൈകൾ, പഴവർഗ്ഗ വിളകളുടെ തൈകൾ/ഒട്ടുതൈകൾ, സുഗന്ധവ്യഞ്ജനവിളകൾ,കിഴങ്ങുവർഗ്ഗവിളകൾ എന്നിവയുടെ നടീൽ വസ്തുക്കൾ എന്നിവ)

- **ബ്ലോക്ക് അടിസ്ഥാനത്തിലുള്ള കൃഷിഭവനുകൾ**

പട്ടിക 2.20

ക്രമ നം.	ബ്ലോക്ക്	ബ്ലോക്കിന്റെ പരിധിയിലുള്ള കൃഷിഭവനുകളുടെ എണ്ണം
1.	വൈപ്പിൻ	5
2.	പറവൂർ	6
3.	ആലങ്ങാട്	6
4.	പാറക്കടവ്	6
5.	ഇടപ്പള്ളി	6
6.	പള്ളുരുത്തി	7
7.	അങ്കമാലി	9
8.	വാഴക്കുളം	6
9.	കൂവപ്പടി	7
10.	വടവുകോട്	6
11.	മൂവാറ്റുപുഴ	9
12.	കോതമംഗലം	11
13.	പാമ്പാക്കുട	7
14.	മുളന്തുരുത്തി	6
ആകെ		**97**

- **മണ്ണുപരിശോധനശാല, മരട്**

മണ്ണറിഞ്ഞ് കൃഷി ചെയ്യുന്നതിന് കർഷകരെ സഹായിക്കുന്നതിന് ജില്ലാ മണ്ണ് പരിശോധന കേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഇവിടെ കർഷകർക്ക് നേരിട്ടും കൃഷിഭവൻ മുഖാന്തിരവും മണ്ണ് പരിശോധിക്കുന്നതിന് നൽകാവുന്നതാണ്.

- **ആർ.എ.റ്റി.റ്റി.സി, മരട്**

കർഷകർക്കും ഉദ്യോഗസ്ഥർക്കും സമയാസമയങ്ങളിൽവേണ്ട പരിശീലനം നൽകുന്നു.

- **അഗ്മാർക്ക് ലാബ്, മരട്**

ഭക്ഷ്യവസ്തുക്കളുടെ ഗുണമേൻമ ഉറപ്പു വരുത്തുന്നതിനായി "അഗ്മാർക്ക" ഗ്രേഡിഗ് നടത്തുന്നു.

- **പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ, മരട്**

തെങ്ങിന്റെ കീടങ്ങളെ നിയന്ത്രിക്കുന്നതിന് മിത്ര കീടങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു.

- **കാർഷിക മൊത്തവ്യാപാര വിപണന കേന്ദ്രം, മരട്, മൂവാറ്റുപുഴ**

കർഷകർക്ക് ഇടനിലക്കാരുടെ ഇടപെടൽ ഇല്ലാതെ ഉയർന്ന വിലക്ക് ഉൽപ്പന്നങ്ങൾ ലേല ചന്തകളിൽകൂടി വിൽക്കുന്നതിന് സാധിക്കുന്നു.

- **കാർഷിക എഞ്ചിനീയർ, കാക്കനാട്**

വകുപ്പിന്റെ കീഴിലുള്ള എല്ലാ നിർമ്മാണ പ്രവർത്തികളും, അടിസ്ഥാന സൗകര്യ വികസനവും യന്ത്രവൽക്കരണവും നടപ്പിലാക്കാൻ സഹായിക്കുന്നു.

എറണാകുളം ജില്ലയിലെ വിവിധ കാർഷിക സാങ്കേതിക വിവര കേന്ദ്രങ്ങളുടെ (എറ്റിഐസി) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. അഗ്രിക്കൾച്ചറൽ ടെക്നോളജി ഇൻഫോർമേഷൻ സെന്റർ (എടിഐസി), സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സിഎംഎഫ്ആർഐ), ബോക്സ് നമ്പർ 1603, എറണാകുളം, കൊച്ചിൻ - 682 014, കേരളം.
2. അഗ്രികൾച്ചർ ടെക്നോളജി ഇൻഫർമേഷൻ സെന്റർ (എടിഐസി), സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഐഎഫ്ടി), വെല്ലിംഗ്ടൺ ഐലൻഡ്, മത്സ്യപ്പുരി, കൊച്ചി - 682 029, കേരളം.

- **കാർഷിക സാങ്കേതിക ഇൻഫർമേഷൻ സെന്റർ**

കാർഷിക സാങ്കേതിക ഇൻഫർമേഷൻ സെന്റർ (എടിഐസി) എന്നത് ഒരു ഗവേഷണ സ്ഥാപനത്തിന്റെ വിവിധ യൂണിറ്റുകളെ സംയോജിപ്പിക്കുന്ന ഒരു "ഏകജാല" പിന്തുണാ സംവിധാനമാണ്. വിവിധ ജില്ലകളിൽ സ്ഥിതി ചെയ്യുന്ന പ്രാദേശിക കേന്ദ്രങ്ങളും കൃഷി വിജ്ഞാൻ കേന്ദ്രങ്ങളും ഉൾപ്പെടുന്നു.

സേവനങ്ങൾ

- ചെടിയുടെ/വിളയുടെ പ്രശ്നത്തിനും രോഗനിർണ്ണയത്തിനും
- ഫീൽഡ് പ്രശ്നങ്ങൾ കൈകാര്യം ചെയ്യുക.
- മണ്ണിന്റെ സാമ്പിളുകളുടെ വിശകലനം ചെയ്യുക.

ലക്ഷ്യങ്ങൾ

- കർഷകർക്ക് ആവശ്യമായ ആത്മവിശ്വാസം ഉറപ്പുവരുത്തുന്നതിനും സ്ഥാപനങ്ങളും കൃഷിക്കാരുമായുള്ള ബന്ധം ശക്തിപ്പെടുത്താനും.
- മണ്ണ് ടെസ്റ്റിംഗ്, പ്ലാന്റ് ഹെൽത്ത് ക്ലിനിക്, ഡീസീസ് ഐഡന്റിഫിക്കേഷൻ, വെറ്റിനറി സർവ്വീസ് ഇലക്ട്രിക്കൽ തുടങ്ങിയ രോഗനിർണ്ണയ, ഉപദേശ സേവനങ്ങൾ നൽകുക.
- വിത്തു സസ്യങ്ങൾ, കന്നുകാലി, മത്സ്യം, മത്സ്യവിത്ത്, കോഴി, പ്രോസസ് ചെയ്ത ഉത്പന്നങ്ങൾ എന്നിവ വില്ക്കുന്നതിനും വിതരണം ചെയ്യുന്നതിനും.
- പ്രസിദ്ധീകരിച്ച ലഘുലേഖകളും മറ്റ് ആശയവിനിമയ വസ്തുക്കളും ഉപയോഗിച്ച് മെച്ചപ്പെട്ട സാങ്കേതിക വിദ്യ കണ്ടെത്തി പ്രയോജനപ്പെടുത്തുക.

II. മൃഗ സംരക്ഷണ വകുപ്പ്

- ജില്ലാ മൃഗ സംരക്ഷണ ഓഫീസ് - ക്ലബ് റോഡ്, പള്ളിമുക്ക്, എറണാകുളം
- ജില്ലാ വെറ്റിനറി കേന്ദ്രം - (ചീഫ് വെറ്റിനറി ഓഫീസറുടെ കാര്യാലയം)
- ഡിസ്പെൻസറി - 75 (തദ്ദേശ ഭരണ സ്ഥാപന തലത്തിൽ വെറ്റിനറി സർജന്റെ ഓഫീസ്)
- വെറ്റിനറി ഹോസ്പിറ്റൽ - 23 (സീനിയർ വെറ്റിനറി സർജന്റെ ഓഫീസ്)
- വെറ്റിനറി പോളി ക്ലിനിക്കുകൾ - 5 എണ്ണം (ആലുവ, മട്ടാഞ്ചേരി, മൂവാറ്റുപുഴ, മുളന്തുരുത്തി, വടക്കൻ പറവൂർ)
- മൊബൈൽ വെറ്റിനറി ഹോസ്പിറ്റൽ - 1 എണ്ണം
- ഐ സി ഡി പി സബ് സെന്ററുകൾ - 84 എണ്ണം
- വെറ്റിനറി സബ് സെന്റർ - 1
- റീജിയണൽ പൗൾട്രി ഫാം - കുറുപ്പംപടി
- റീജിയണൽ ക്ലിനിക്കൽ ലാബ് - എറണാകുളം ജില്ലാ വെറ്റിനറി കേന്ദ്രത്തിൽ പ്രവർത്തിക്കുന്നു.
- ഇന്റൻസീവ് കാറ്റിൽ ഡെവലപ്പ്മെന്റ് പ്രോജക്ട് - (ഐ സി ഡി പി) - ആലുവ
- റീജിയണൽ ആനിമൽ ഹസ്ബന്ററി സെന്റർ - ആലുവ
- ലൈഫ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ്ങ് സെന്റർ (എൽ എം റ്റി സി) - ആലുവ
- റാബിറ്റ് ബ്രീഡിങ്ങ് ഫാം - അങ്കമാലി
- ആനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് (എ ഡി സി പി) - എറണാകുളം
- മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് - കുറുപ്പം പടി
- റിന്റർ പെസ്റ്റ് മൊബൈൽ യൂണിറ്റ് (ആർ പി യൂണിറ്റ്) - മൂവാറ്റുപുഴ
- സ്റ്റേറ്റ് ലാബ് ഫോർ മറൈൻ & അഗ്രോ പ്രോഡക്ട്സ് - മരട്
- കാറ്റിൽ സ്റ്റെറിലിറ്റി ഓഫീസ് - ആലുവ

III. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ

മുനിസിപ്പൽ കോർപ്പറേഷൻ	-	1
ജില്ലാ പഞ്ചായത്ത്	-	1
മുനിസിപ്പാലിറ്റികൾ	-	13
ബ്ലോക്ക് പഞ്ചായത്തുകൾ	-	14
ഗ്രാമ പഞ്ചായത്തുകൾ	-	82
ആകെ	**-**	**111**

V. റവന്യൂ വകുപ്പ്

താലൂക്കുകൾ	-	7
വില്ലേജുകൾ	-	124

V. മണ്ണു സംരക്ഷണ വകുപ്പ്

ജില്ലാ ഓഫീസ് - കാക്കനാട് എറണാകുളം
മണ്ണ് സംരക്ഷണ ഓഫീസ് - കോലഞ്ചേരി
മണ്ണ് സംരക്ഷണ ഓഫീസ് - മൂവാറ്റുപുഴ
സോയിൽ സർവ്വേ ഓഫീസ് - എറണാകുളം
} 2 എണ്ണം

VI. ക്ഷീര വികസന വകുപ്പ്

ജില്ലാ ഓഫീസ് - കാക്കനാട് എറണാകുളം
ഡയറി എക്സ്റ്റെൻഷൻ സെർവീസ് യൂണിറ്റ്, ക്ഷീര വികസന യൂണിറ്റ് ഓഫീസ്-14
ബ്ലോക്കുകളിലും വൈറ്റിലയിലും - ആകെ 15
കാളിറ്റി കൺട്രോൾ ഓഫീസ് - 1 എണ്ണം
മൊബൈൽ മിൽക്ക് ടെസ്റ്റിങ്ങ് ലാബ് - 1 എണ്ണം

VII. ജില്ലാ സാമൂഹ്യനീതി വകുപ്പ്

ജില്ലാ ഓഫീസ് - കാക്കനാട് എറണാകുളം
ജില്ലാതല ഐസിഡിഎസ് സെൽ - 1 ഓഫീസ്
ഐസിഡിഎസ് പ്രോജക്ട് ഓഫീസുകൾ - 23 എണ്ണം.
ജില്ലാ പ്രോബേഷൻ ഓഫീസ് - 2 (കാക്കനാട്, മൂവാറ്റുപുഴ)

ഡൗറി പ്രൊഹിബിഷൻ ഓഫീസ് - 1 (കാക്കനാട്)
ഡിസ്ട്രിക്ട് വുമൺ പ്രൊട്ടക്ഷൻ ഓഫീസ് - 1 (കാക്കനാട്)
റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് സോഷ്യൽ ജസ്റ്റിസ് - 1 കാക്കനാട് (എറണാകുളം, തൃശ്ശൂർ, കോട്ടയം, ഇടുക്കി ജില്ലകൾക്കായി)
ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസ് - 1 (ആലുവ)

വെൽഫെയർ ഇൻസ്റ്റിസ്റ്റ്യൂഷൻസ്

ആശാ ഭവൻ - 1 (കാക്കനാട്)
ഗവൺമെന്റ് ചിൽഡ്രൻസ് ഹോം - 1 (കാക്കനാട്)
ഗവൺമെന്റ് ഒബ്സർവേഷൻ ഹോം - 1 (കാക്കനാട്)
മഹിളാ മന്ദിരം - 1
ശാരീരിക അംഗവൈകല്യം ഉള്ള സ്ത്രീകൾക്കായുള്ള വീട് - 1 (തേവര)
ഗവൺമെന്റ് ഓൾഡ് എയ്ജ് ഹോം - 1 (തേവര)
ഡയബറ്റിക് & പാലിയേറ്റീവ് കെയർ ഹോം - 1 (വൈപ്പിൻ)

VIII. പട്ടിക വർഗ്ഗ വികസനം

ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് - 1 (മൂവാറ്റുപുഴ)
ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസുകൾ - 2 (ആലുവ, ഇടമലയാർ)
പ്രീ മെട്രിക് ഹോസ്റ്റലുകൾ - 4 എണ്ണം
ബോയ്സ് - 2 എണ്ണം (പിണവൂർക്കുടി, ഇടമലയാർ)
ഗേൾസ് - 2 എണ്ണം (മാതിരപ്പള്ളി, നേര്യമംഗലം)
ഗവൺമെന്റ് ആയുർവേദ ചികിത്സാലയം - 1 (പിണവൂർക്കുടി)
ട്രൈബൽ കോംപ്ലക്സ് - 1 (എറണാകുളം)

IX.പട്ടിക ജാതി വികസനം

ജില്ലാ പട്ടികജാതി വികസന ഓഫീസ് - കാക്കനാട് എറണാകുളം
ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് - 18 എണ്ണം
ഐറ്റിഐ - 1 (ഇടപ്പള്ളി)
എംആർഎസ് - 1
പ്രി എക്സാമിനേഷൻ ട്രെയിനിങ്ങ് സെന്റർ - കീഴ്മാട്
നഴ്സറി സ്കൂൾസ് - 18
പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ - 5 എണ്ണം
ഗേൾസ് - 3, ബോയ്സ് - 2 (ഏഴിക്കര, മൂവാറ്റുപുഴ, നീലേശ്വരം, പറവൂർ, പരുമ്പാവൂർ)
പോസ്റ്റ് മെട്രിക് ഹോസ്റ്റൽസ് - 3
ഗേൾസ് - 2
ബോയ്സ് - 1

X. വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഗവർമെന്റ് സ്കൂൾസ്	-	34
പ്രൈവറ്റ് എയ്ഡഡ് സ്കൂൾസ്	-	67
അൺ എയ്ഡഡ് സ്കൂൾസ്	-	31
ആകെ	**-**	**132**

കേരള സംസ്ഥാന എഡുക്കേഷൻ ബോർഡിനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ളത്

സി ബി എസ് ഇ സ്ക്കൂൾസ്	-	62
ഐജിസിഎസ്ഇ സ്ക്കൂൾസ്	-	2
ഐസിഎസ്ഇ സ്ക്കൂൾസ്	-	9
ആകെ	**-**	**73**
ഐ.റ്റി.ഐ. കൾ	-	50
പോളി ടെക്നിക് കോളേജ്സ്	-	8
എൻജിനീയറിംഗ് കോളേജ്സ്	-	15
ആർട്സ് & സയൻസ് കോളേജ്സ്	-	32
ആയുർവേദ കോളേജ്	-	2

ഹോമിയോ കോളേജ് – 1
ഡെന്റൽ കോളേജ് – 5
നേഴ്സിംഗ് കോളേജ് – 7
മാനേജ്മെന്റ് – 19
ഫാർമസി – 2
റ്റി.റ്റി.ഐ – 24

X I. വിദ്യാഭ്യാസ വകുപ്പ്

ഡെപ്യൂട്ടി ഡയറക്ടർ – 1
(എറണാകുളം)
ഡിസ്ട്രിക്ട് എഡുക്കേഷൻ ഓഫീസ് – 4
(കോതമംഗലം, മൂവാറ്റുപുഴ, ആലുവ, എറണാകുളം)
അസിസ്റ്റന്റ് എഡുക്കേഷൻ ഓഫീസ് – 14

XII. ഡി.എം.ഒ (ഹോമിയോ)

ഡി എം ഒ ഓഫീസ് – എറണാകുളം
ഹോമിയോ ഹോസ്പിറ്റലുകൾ – 3 എണ്ണം
ജില്ലാ ഹോസ്പിറ്റൽ (ഹോമിയോ) – 1
ഹോമിയോ ഹോസ്പിറ്റൽ – 2
(മൂവാറ്റുപുഴ/നോർത്ത് പറവൂർ)
ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറികൾ – 63 എണ്ണം
ആയുഷ് എൻ
എച്ച് എം ഡിസ്പെൻസറികൾ – 38 എണ്ണം
എസ് സി ഡിസ്പെൻസറികൾ
(കോളനികളിൽ) – 3 എണ്ണം (ചേരാനെല്ലൂർ, എടത്തല, തൃപ്പൂണിത്തുറ)

XIII. ഡി.എം.ഒ (ആരോഗ്യം)

ഡി എം ഒ ഓഫീസ് – എറണാകുളം
കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ – 23 എണ്ണം
പ്രൈമറി ഹെൽത്ത് സെന്റർ – (24*7) – 33 എണ്ണം
മിനി പ്രൈമറി ഹെൽത്ത് സെന്റർ – 42 എണ്ണം
സ്ക്കൂൾ ഓഫ് നേഴ്സിംഗ് – 1 എണ്ണം
ഡി വി യു – 1 എണ്ണം
റീജിയണൽ പ്രൈമറി ഹെൽത്ത് ലാബ് – 1 എണ്ണം
ജില്ലാ മൊബൈൽ ഒഫ്താൽമിക് യൂണിറ്റ് – 1 എണ്ണം
ഹൈക്കോർട്ട് ഡിസ്പെൻസറി – 1 എണ്ണം
ജനറൽ ഹോസ്പിറ്റൽ – 2 (മൂവാറ്റുപുഴ, എറണാകുളം)
ജില്ലാ ഹോസ്പിറ്റൽ – 1 (ആലുവ)
താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽസ് – 5 എണ്ണം (ഫോർട്ട് കൊച്ചി, കോതമംഗലം, നോർത്ത് പറവൂർ, പെരുമ്പാവൂർ, തൃപ്പൂണിത്തുറ)
താലൂക്ക് ഹോസ്പിറ്റൽസ് – 6 എണ്ണം
ടി ബി സെന്റർ – 1 (പള്ളുരുത്തി)
സ്ത്രീകളുടെയും കുട്ടികളുടെയും ഹോസ്പിറ്റൽ – 1 (മട്ടാഞ്ചേരി)

XIV. ഡി.എം.ഒ (ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ)

ഡി.എം.ഒ ഓഫീസ് – തമ്മനം
(എറണാകുളം)
ആയുർവേദ ആശുപത്രികൾ – 14 എണ്ണം (കിടപ്പു രോഗികൾക്കും & പുറത്തു നിന്നുള്ള രോഗികൾക്കും)
ആയുർവേദ ഡിസ്പെൻസറികൾ (പുറത്തു നിന്നുള്ള രോഗികൾ മാത്രം) – 68 എണ്ണം
നാഷണൽ ഹെൽത്ത് മിഷൻ ഡിസ്പെൻസറികൾ – 22 എണ്ണം

XV. മത്സ്യബന്ധന മേഖല

ജെഡി ഓഫീസ് – 1
(ഹൈക്കോർട്ട്)

ഡി ഡി ഓഫീസ് - 1 (ഹൈക്കോർട്ട്)

ഫിഷറീസ് സ്റ്റേഷൻ - 1 (വൈപ്പിൻ)

നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് മാനേജ്മെന്റ് & അഡ്മിനിസ്ട്രേഷൻ - 1

ജോയിന്റ് ഡയറക്ടർ (ട്രെയിനിംഗ്) - 1 എണ്ണം

ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്) - 1 എണ്ണം

അസിസ്റ്റന്റ് ഡയറക്ടർ (ട്രെയിനിംഗ്) - 1 എണ്ണം

മത്സ്യഭവൻ - 9 (എസ് ഐയുടെ കീഴിൽ) - ചെല്ലാനം, കുമ്പളങ്ങി, ഫോർട്ട് കൊച്ചി, മാനാശ്ശേരി, എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം, പള്ളിപ്പുറം, പറവൂർ, കുമ്പളം

ബാക്ക് വാട്ടർ സബ് ഇൻസെപ്കടർ ഓഫീസ് - 1 (ഹൈക്കോർട്ട്)

XVI. കെ. എസ് ഇ ബി

ഡെപ്യൂട്ടി സി ഇ - 3 (ഇലക്ട്രിക്കൽ സർക്കിൾ, എറണാകുളം, ഇലക്ട്രിക്കൽ സർക്കിൾ - പെരുമ്പാവൂർ, ട്രാൻസ്മിഷൻ സർക്കിൾ - കളമശ്ശേരി)

എക്സിക്യൂട്ടീവ് എൻജിനീയർ ഓഫീസസ് - 8 എണ്ണം (ഇലക്ട്രിക്കൽ ഡിവിഷൻ പറവൂർ, തൃപ്പൂണിത്തുറ, മൂവാറ്റുപുഴ, മട്ടാഞ്ചേരി, പെരുമ്പാവൂർ, എറണാകുളം, ചാലക്കുടി, ആലുവ)

XVII. കേരള വാട്ടർ അതോറിറ്റി

എക്സിക്യൂട്ടീവ് എൻജിനീയർ ഓഫീസസ് - 7 (പെരുമ്പാവൂർ, ആലുവ, പിറവം, പ്രോജക്ട് ഡിവിഷൻ കൊച്ചി, വാട്ടർ സപ്ലൈ ഡിവിഷൻ കൊച്ചി, മൂവാറ്റുപുഴ) സൂപ്രണ്ടിംഗ് എൻജിനീയർ ഓഫീസ് - 1 (മൂവാറ്റുപുഴ)

XVIII. വനം വകുപ്പ്

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസസ് - 3 എണ്ണം (മലയാറ്റൂർ, കോതമംഗലം & വാഴച്ചാൽ)

XIX ജില്ലയിലെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ

1. Transformers & Electricals Limited of Kerala, Angamaly
2. Travancore Cochin Chemicals (TCC), Udyogamandal
3. Kerala Electrical & Allied Engineering Company(KEL), Mamala
4. Traco Cables- Irumpanam
5. Forest Industries of Travancore(FIT) Aluva
6. Kerala Agro Machinery Corporation(KAMCO), Athani
7. Kerala State Bamboo Corporation
8. Nadukara Agro Processing Company Ltd-Nadukara, Muvattupuzha

XX കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ

1. FACT Ambalamughal/Udyogamandal
2. Cochin Refineries Ltd.Ambalamughal
3. Cochin Shipyard- Kochi
4. HMT-Kalamassery
5. HIL Ltd, Udyogamandal
6. IRE, Udyogamandal
7. HindustanOrganicChemicals,Ambalamughal

XXI സ്വകാര്യ മേഖല

1. Indian Aluminium Company, Angamaly
2. GTN Textilse, Chunangumveli, Aluva
3. OEN India Ltd., Mamala
4. Kancor extracts & Flavours, Angamaly
5. Carborandum universal, Kalamassery
6. Kerala Ayurveda Pharmasy, Athani
7. Appolo Tyres, Kalamassery
8. Synthite, Kadayiruppu

9. Cochin Minerals & Rutiles Private Ltd, Edayar
10. Anand Oil Extracts, Perumbavoor
11. Philips Carbon India Ltd, Karimughal
12. Kitex Garments, Kizhakkambalam

മറ്റ് സ്ഥാപനങ്ങൾ

1. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ
2. സിഡ്കോ
3. കിറ്റ്കോ
4. പ്രത്യേക സാമ്പത്തിക മേഖല, എറണാകുളം
5. നാളികേര വികസന ബോർഡ്, എറണാകുളം
6. സ്പൈസസ് ബോർഡ്, എറണാകുളം
7. കയർ ബോർഡ്, എറണാകുളം
8. കെ.എസ്.ഐ.ഡി.സി
9. കെ.എസ്.ബി.ഡി.സി
10. കെ.വി.ഐ.ബി. കലൂർ
11. കെ.ഐ.ഇ.ഡി. കളമശ്ശേരി
12. ഇ.ഡി.എം.ഐ.ഇ.സി.എസ്. ആലുവ

കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (കുസാറ്റ്) 1971 -ൽ കൊച്ചിയിൽ സ്ഥാപിക്കപ്പെട്ട ഒരു ഓട്ടോണമസ് സർവ്വകലാശാലയാണ്. ഈ സർവ്വകലാശാലയ്ക്ക് കൊച്ചിയിൽ രണ്ടും, ആലപ്പുഴയിലെ കുട്ടനാട്ടിൽ ഒന്നും ക്യാമ്പസ്സുകൾ ഉണ്ട്. രണ്ട്ടായിരത്തോളം വിദ്യാർത്ഥികൾ ഈ സർവ്വകലാശാലയിൽ അദ്ധ്യയനം നടത്തുന്നു.

സൂക്ഷ്മജീവികളുടെ പ്രോട്രീമോമീറർ, സ്പെക്ട്രോഫോട്ടോമീറർ, ഫ്ളൂറൈമീറർ, ലിക്വിഡ് നൈട്രജൻ പ്ലാന്റ്, ഹൈറേറ്റർ ഫർണസ്, എക്സ്-റേ ഡീപ്രൈറ്റോമീറർ, Nd: YAG ലേസർ പ്ലാസ്മ പഠനത്തിനുള്ള വാക്വം യൂണിറ്റ്, എച്ച്.പി. 4192 എൽ സി ആർ മീറർ, ഐ. ആർ പ്രതീകരണ യൂണിറ്റ് പി. എൻ. ജംഗ്ഷൻ ഹാൾ മെഷർമെന്റ് സിസ്റ്റം, ഒപ്റ്റിക്കൽ മൈക്രോസ്കോപ്പ്, ഡിഫറൻഷ്യൽ സ്കാനിംഗ് കലോറൈമീറ്റർ, HRXRD, XPS, FTIR, FESEM. ലഭ്യത അനുസരിച്ച് നാമമാത്ര ചാർജുകളിൽ സംസ്ഥാനത്തിനകത്തും പുറത്തും നിന്നുള്ള ഉപഭോക്താക്കൾക്ക് മേൽ ഉപകരണങ്ങളുടെ പ്രയോജനം ലഭ്യമാകുന്നതാണ്.

നെല്ല് ഗവേഷണ കേന്ദ്രം, വൈറിലെ

വൈറിലെ നെല്ല് ഗവേഷണ കേന്ദ്രം പൊക്കാളി പ്രദേശത്തിന്റെ പ്രാതിനിധ്യമുള്ള സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. 1958ൽ കുന്നറയിലെ ഒരു പാട്ടഭൂമിയിൽ പ്രവർത്തനം ആരംഭിച്ചു. 1963 ൽ ഈ പ്രദേശത്തേക്ക് മാറ്റി സ്ഥാപിച്ചു. ഈ കേന്ദ്രം 1974 ൽ കേരള കാർഷിക സർവ്വകലാശാല ഏറ്റെടുത്തു. ഉപ്പിനു മുമ്പുള്ള മത്സ്യകൃഷിയുടെ പ്രാധാന്യം കണക്കിലെടുത്ത് 1976 ൽ മത്സ്യ ഗവേഷണത്തിനായി ഒരു യൂണിറ്റും ആരംഭിച്ചു. നിലവിൽ ആകെയുള്ളത് 8.91 ഹെക്ടർ സ്ഥലത്തിൽ 4.25 ഹെക്ടർ സ്ഥലവും ഈർപ്പമുള്ള പ്രദേശമാണ്.

2015 ൽ പുതിയ ഇനം അരിയായ ജ്യോതി ഈ കേന്ദ്രത്തിൽ വികസിപ്പിച്ചെടുത്തു. ഉത്പാദന ശേഷിയുള്ള ജ്യോതി സംസ്ഥാനത്തെ ഏറ്റവും ജനപ്രിയമായ അരിയാണ്. വൈറിലയിലുള്ള റൈസ് റിസർച്ച് സ്റ്റേഷൻ എന്ന ഏജൻസി മാത്രമാണ് കാലാവസ്ഥയെ പ്രതിരോധിക്കുന്ന തരത്തിലുള്ള പൊക്കാളി കൃഷിരീതികളിൽ ഗവേഷണം നടത്തുന്നത്. ഇവിടെ നെൽകൃഷിയും മത്സ്യകൃഷിയും മാറിമാറി കൃഷി ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നത്. ഈ കേന്ദ്രം 9 തരത്തിലുള്ള പൊക്കാളി അരികൾ വൈറിലെ 1 മുതൽ വൈറിലെ 9 വരെയുള്ള പേരുകളിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

കേരളയൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്(കുഫോസ്)

കുമ്പളം പഞ്ചായത്തിലെ മാടവന പ്രദേശത്ത് ഇന്ത്യയുടെ പ്രഥമ ഫിഷറീസ് സർവ്വ കലാശാല കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്) സ്ഥിതി ചെയ്യുന്നു. മത്സ്യമേഖലയേയും സമുദ്രത്തേയും സംബന്ധിച്ച പഠനങ്ങളും ഗവേഷണങ്ങളും സർവ്വകലാശാലയിൽ നടപ്പിലാക്കി വരുന്നു. ദേശീയ, അന്തർദേശീയ സർവകലാശാലകളെ

കോർത്തിണക്കുന്ന നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. മത്സ്യപഠന രംഗത്ത് ആവശ്യമായ പാഠ്യക്രമങ്ങൾ ചിട്ടപ്പെടുത്തുന്നു. മേഖലയിലെ മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്നരീതിയിലുള്ള സാങ്കേതിക വൈദഗദ്ധ്യം നൽകുന്നതിനും സർവ്വകലാശാല പ്രവർത്തിക്കുന്നു. മത്സ്യമേഖലയിൽ ബിരുദം, ബിരുദാനന്തര ബിരുദം, ഡോക്ടറേറ്റ് എന്നിവ നൽകി വരുന്നു. ഇത് കൂടാതെ കേന്ദ്ര ഫണ്ടുകൾ ഉപയോഗിച്ച് ഗവേഷണ പദ്ധതികൾ സർവ്വകലാശാല മുഖേന നടപ്പിലാക്കുകയും ചെയ്യുന്നു.

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം

സെൻട്രൽ മറൈൻ ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ട് കൃഷിയും കാർഷികക്ഷേമവും വകുപ്പിന് കീഴിൽ 1947 ഫെബ്രുവരി 3 ന് ഇന്ത്യാ ഗവർമെന്റ് സ്ഥാപിച്ചു. ഇപ്പോൾ ലോകത്തിലെ തന്നെ മുൻനിര ഗവേഷണ സ്ഥാപനമായി സി.എം.എഫ്.ആർ.ഐ മാറിയിട്ടുണ്ട്.

കടലിൽ നിന്നും രാജ്യത്തിന്റെ വിവിധ നഗരങ്ങളിൽ പിടിച്ചെടുക്കുന്ന മത്സ്യങ്ങളുടെ കണക്കെടുപ്പ് മുതൽ മത്സ്യസമ്പത്തിന്റെ മൂല്യനിർണ്ണയവും കടലിൽ നിന്നുള്ള ഔഷധ നിർമ്മാണം വരെയുള്ള ഒട്ടനവധി ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്ന കേന്ദ്ര സമുദ്ര ഗവേഷണ സ്ഥാപനം രാജ്യത്തിന് ഏറെ സംഭാവനകൾ നല്കിയിട്ടുണ്ട്.

1947 ഫെബ്രുവരി മൂന്നിന് മറൈൻ ഫിഷറീസ് റിസർച്ച് സ്റ്റേഷൻ എന്ന പേരിൽ യൂണിവേഴ്സിറ്റിക്ക് കീഴിൽ മദ്രാസിലാണ് സി.എം.എഫ്.ആർ.ഐ സ്ഥാപിക്കപ്പെട്ടത്. എറണാകുളം ഞാറക്കലിൽ കൃഷിവിജ്ഞാന കേന്ദ്രവും സി.എം.എഫ്.ആർ.ഐ. യ്ക്ക് കീഴിൽ ഉണ്ട്. സമുദ്ര മത്സ്യമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കുന്നതിനും കരുത്ത് പകർന്നത് സി.എം.എഫ്.ആർ.ഐ. യുടെ ഗവേഷണ പഠനങ്ങളാണ്.

സി.എം.എഫ്.ആർ.ഐ: പ്രധാന സംഭാവനകൾ

ജി.ഐ.എസ് സാങ്കേതികവിദ്യയുടെ സഹായത്തോടെ, രാജ്യത്തെ 1511 ഫിഷ് ലാൻഡിംഗ് സെന്ററുകളിൽ നിന്ന് 1200 ലധികം മത്സ്യ ഇനങ്ങളുടെ കണക്കെടുപ്പ് നടത്തുന്നു.

നാൻസൻ എൻവയോൺമെന്റൽ റിസർച്ച് സെന്റർ ഇന്ത്യ

നാൻസൻ എൻവയോൺമെന്റൽ റിസർച്ച് സെന്റർ ഇന്ത്യ (എൻ.ഇ.ആർ.സി.ഐ)1999 ൽ സ്ഥാപിതമായ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഗവേഷണ കേന്ദ്രമാണ്. ഇവിടെ സമുദ്രശാസ്ത്രം, അന്തരീക്ഷ ശാസ്ത്രം, തീരദേശ പരിപാലനം എന്നിവയിൽ അടിസ്ഥാനവും പ്രായോഗികവുമായ ഗവേഷണങ്ങൾ നടത്തി ജി.ഐ.എസ് പ്ലാറ്റ്ഫോമിൽ സംയോജിപ്പിക്കുകയും ചെയ്യുകയാണ് ഈ സ്ഥാപനത്തിന്റെ ധർമ്മം. കാലാവസ്ഥാ വ്യതിയാനം, സമുദ്ര നിരപ്പിലെ വ്യതിയാനങ്ങൾ, സമുദ്ര ആവാസ വ്യവസ്ഥ, തീരദേശ പരിപാലനം എന്നിവ ഉൾപ്പെടെയുള്ള പഠനങ്ങൾ ഇവ മുലമുള്ള പ്രശ്നങ്ങൾ എന്നിവയാണ് പ്രധാന വിജ്ഞാന മേഖല. എൻ.ഇ.ആർ.സി.ഐ.ൽ ജി.ഐ.എസ് ഡാറ്റാ പ്രോസസിങ്ങിനുള്ള റിമോട്ട് സെൻസിങ് ലബോറട്ടറി, ജിയോ സ്പേഷ്യൽ ഡാററയുടെ വിശകലന സൗകര്യം എന്നിവയുമുണ്ട്. ഓപ്പൺ സോഴ്സ് ജിയോ സ്പെഷ്യൽ ടൂളുകൾ (ക്യു.ജി.ഐ.എസ്) ക്ലൗഡ് കമ്പ്യൂട്ടിങ് (എൻ.എൻ.എസ്.എ.എസ്), മറ്റ് ഡാറ്റാ പ്രോസസിംഗ് സോഫ്റ്റ് വെയറുകൾ എന്നിവയിൽ പരീശിലന പരിപാടികളും നടത്തുന്നുണ്ട്. റേഡിയോ മീററർ, സ്പെക്ട്രോ ഫോട്ടോമീറ്റർ, കറന്റ് മീററർ, ടൈഡ് ഗേജുകൾതുടങ്ങിയവ ഉപയോഗിച്ച് ഹൈഡ്രോഗ്രാഫിക് സർവ്വേകൾ, ജലത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കൽ തീരദേശ പരിപാലന പദ്ധതി തയ്യാറാക്കൽ എന്നിവ നടത്തുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐഎംജി) കാക്കനാട് എറണാകുളം

കേരള സർക്കാരിന്റെ സുപ്രധാന പരിശീലന സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് 1981 ൽ തിരുവനന്തപുരത്ത് ഒരു സ്വയം ഭരണ സ്ഥാപനമായി സ്ഥാപിതമായി. രണ്ട് റീജിയണൽ സെന്ററുകളാണുള്ളത്. ഒന്ന് കൊച്ചിയിലും മറ്റൊന്ന് കോഴിക്കോട്ടും. രണ്ട് സെന്ററുകളിലും പരിശീലനങ്ങൾക്കായി വരുന്നവർക്കുവേണ്ടിയുള്ള ആധുനിക കമ്പ്യൂട്ടർ ലാബും ഹോസ്റ്റൽ സൗകര്യവുമുണ്ട്.

ലക്ഷ്യങ്ങൾ

- ഗവൺമെന്റിന്റെ സാമ്പത്തിക-സാമൂഹ്യ പ്രവർത്തനങ്ങളുടെ വികസനത്തിന് ആധുനിക മാനേജ്മെന്റ് ശാസ്ത്രം ഒരു പ്രധാന മാർഗ്ഗമാണെന്നുള്ള അവബോധം സൃഷ്ടിക്കുക.
- മാനേജ്മെന്റ് കഴിവുകൾ, സംഘടനാ ശേഷി, നേതൃത്വ പാടവം, തീരുമാന ശേഷി, കഴിവുകൾ, ആസൂത്രണം നടപ്പാക്കൽ, കാര്യക്ഷമത എന്നിവ വികസിപ്പിക്കുക.
- ഗവേഷണ പ്രവർത്തനങ്ങളും നയങ്ങളും നടപ്പിലാക്കുന്നതിനും രാജ്യത്തിന് അനുയോജ്യമായ ആശയങ്ങളും ധാരണകളും പരിപോഷിപ്പിക്കുന്നതിനും പോളിസി മാറ്റങ്ങൾ രൂപപ്പെടുത്തുന്നതിനും സഹായിക്കുക.
- മാനേജ്മെന്റ് സയൻസിന്റെ ഉപയോഗം സംബന്ധിച്ച് വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്യുക.
- രാജ്യത്തിൽ സാമൂഹിക അവബോധം സൃഷ്ടിക്കുന്നതിനും, സാമൂഹ്യ ലക്ഷ്യങ്ങൾ സൃഷ്ടിക്കുന്നതിനും, അത് സംസ്ഥാനത്തും മേഖലയിലും സാമ്പത്തിക വികസനത്തിനും സാമൂഹിക മാറ്റത്തിനും ഉതകുന്ന ഒരു ഉപകരണമായി മാറ്റുക.
- മേൽ ലക്ഷ്യങ്ങൾ വിദ്യഭ്യാസ/പരിശീലന പരിപാടികൾ, ഗവേഷണം, കൺസൾട്ടൻസി, എക്സ്റ്റൻഷൻ സേവനങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയിലൂടെ നേടാൻ ശ്രമിക്കുന്നു.

മേൽ വിവരിച്ച സ്ഥാപനങ്ങൾ കൂടാതെ ജില്ലയിലെ വിവധങ്ങളായ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജില്ലയിലെ വിഭവ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്. ഉദാഹരണത്തിന്, ലൈഫ് മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സാങ്കേതിക നിർമ്മാണ പ്രവർത്തനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടവും ഗുണനിലവാര പരിശോധനയും നടത്തുന്നതിനുള്ള തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസിയായി (റ്റി.പി.റ്റി.എ) ജില്ലയിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗമുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിശ്ചയിച്ചിട്ടുണ്ട്.

ജില്ലയിലെ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കൃഷിഭവനുകൾ, പഞ്ചായത്ത് ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ മുതലായ സർക്കാർ സ്ഥാപനങ്ങളുടെ സേവനങ്ങൾ അനവധിയാണ്.

ജില്ലയിലെ വിഭവ ലഭ്യത പരമാവധി കണ്ടെത്തി ഉൾപ്പെടുത്തുവാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. ജില്ലയിലെ വികസനത്തിന് വിവിധ വകുപ്പുകൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും സഹായകമായ വിധത്തിൽ ടി വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.

.....

അദ്ധ്യായം 3

വികസനത്തിന്റെ സ്ഥലമാനങ്ങൾ

ആമുഖം

ഒരു പ്രദേശത്തിന്റെ വികസനം, അത് ഒരു പഞ്ചായത്തായാലും ജില്ലയായാലും ഒറ്റപ്പെട്ടല്ല നിൽക്കുന്നത്. ഒരു പഞ്ചായത്തിന്റെ വികസനം സമീപ പഞ്ചായത്തുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുപോലെ ജില്ലയുടെ വികസനം പഞ്ചായത്തുകളെ മറന്നുകൊണ്ടു ചിന്തിക്കാനുമാവില്ല. കൂടാതെ ഒരു പ്രദേശത്തിന്റെ വികസനം വിവിധ വികസന മേഖലകളുടെ സംയോജനത്തിലൂടെയാണ് കൈവരുന്നത്. വികസന മേഖലകളുടെ സംയോജനം പ്രദേശത്തിന്റെ പ്രത്യേകതകൾക്ക് അനുസൃതമായിരിക്കുകയും വേണം. ചുരുക്കത്തിൽ പ്രാദേശിക പ്രത്യേകതകൾക്കു മുൻതൂക്കം നൽകി വിവിധ തലങ്ങളിലെ, വിവിധ മേഖലകളുടെ, സംയോജനത്തിലൂടെയാണ് ഒരു പ്രദേശത്തിന്റെ യഥാർത്ഥ വികസനം കൈവരിക്കാൻ സാധിക്കുന്നതെന്നർത്ഥം. ഇതിനായി പ്രദേശത്തെ മർമ്മപ്രധാനമായ ചില മേഖലകളെയെങ്കിലും ഏകോപിപ്പിച്ച് അവയ്ക്ക് അനുപൂരകമായി മറ്റു മേഖലകളെ സ്ഥലപരമായി സംയോജിപ്പിക്കേണ്ടതുണ്ട്. ഒരു പ്രദേശത്തിന്റെ പ്രത്യേകതയ്ക്ക് മുൻതൂക്കം നൽകി വികസനം ആസൂത്രണം ചെയ്യുമ്പോൾ സമഗ്ര പ്രാദേശിക വികസനത്തിന് എല്ലാ വികസന മേഖലകളിലും മുതൽ മുടക്കേണ്ട ആവശ്യമില്ല. മറിച്ച് ഏറ്റവും അനുയോജ്യമായ വികസന മേഖലകൾ കണ്ടെത്തി അവിടെ മുതൽ മുടക്കിയാൽ മതി. ഇത് മൂലമുണ്ടാകുന്ന വികസന പ്രചോദനങ്ങൾ മറ്റ് വികസന മേഖലകളുടെ വളർച്ചയ്ക്ക് കാരണമാകുകയും, ആ പ്രദേശത്തിന്റെ സ്ഥലപരക്രമത്തിൽ (spatial order) മാറ്റമുണ്ടാകുകയും ചെയ്യുന്നു. അനുയോജ്യ വികസന മേഖലകളിൽ വേണ്ടവിധം മുതൽ മുടക്കുന്നതിനാവശ്യമായ നയങ്ങളും തന്ത്രങ്ങളും രൂപീകരിക്കുകയും അതുമൂലമുണ്ടാകാവുന്ന ഭൗതികമാറ്റങ്ങൾ മുൻകൂട്ടി മനസ്സിലാക്കി സ്ഥലപരക്രമത്തിന് അനുയോജ്യമായ തരത്തിൽ നിയന്ത്രിക്കുകയും ചെയ്യാം. ഇത്തരത്തിലുള്ള ഒരു സമഗ്ര ആസൂത്രണ രീതിയെ സ്ഥലപരാസൂത്രണ രീതി എന്നു പറയുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം അമൂല്യമെന്ന് പറയാവുന്ന സ്ഥലത്തിന്റെ ഏറ്റവും അനുയോജ്യമായ ഉപയോഗം ഇതുമൂലം സാധ്യമാകുന്നു.

സംസ്ഥാനത്തിന്റെ തീരദേശം, ഇടനാട്, മലനാട് എന്നിങ്ങനെയുള്ള തരംതിരിവിൽ തീരദേശം, തീരദേശ പരിപാലനനിയമംമൂലവും മലനാട് ചരിവുകൂടിയ പരിസ്ഥിതി ലോല പ്രദേശങ്ങളാലും വികസനത്തിന് ഉപയുക്തമാക്കുന്നതിന് പരിമിതികളുണ്ട്. ഇതുമൂലം വികസനത്തിന് പ്രയോജന പ്പെടുത്താവുന്ന സ്ഥലം സംസ്ഥാനത്ത് പരിമിതമാണ്. സ്ഥലപരാസൂത്രണത്തിന് സംസ്ഥാനത്തിന് ഇതുമൂലം വർദ്ധിച്ച പ്രാധാന്യമാണുള്ളത്.

നഗരമായാലും നാട്ടിൻ പുറമായാലും വിവിധ വികസന മേഖലകൾ പരസ്പര ബന്ധിതമാണ്. അതോടൊപ്പം ഈ മേഖലകളും ഭൂവിനിയോഗം ഭൂമിയുടെയും വെള്ളത്തിന്റെയും ലഭ്യത, ഭൂമിയുടെ കിടപ്പ് തുടങ്ങിയ പല ഘടകങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ വ്യത്യസ്ത വികസന മേഖലകളെ ദീർഘകാല പരിപ്രേക്ഷ്യത്തോടെ സംയോജിപ്പിച്ചു കൊണ്ട് മേഖലാ തലത്തിലും (ജില്ലാതല) നഗര/പ്രാദേശിക തലത്തിലും വികസന പദ്ധതികൾ തയ്യാറാക്കുന്നതിന് വളരെയേറെ പ്രാധാന്യമുണ്ട്. അത്തരത്തിലുള്ള ഒരു സ്ഥലപര പദ്ധതിയുടെ അടിസ്ഥാനത്തിൽ ജില്ലയിലെ ഓരോ നഗര ഗ്രാമ പ്രദേശങ്ങളുടേയും വികസനത്തിന് മാർഗ്ഗദർശനം നൽകുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

ഈ പശ്ചാത്തലത്തിൽ എറണാകുളം ജില്ലയുടെ വികസനത്തെ സ്വാധീനിക്കുന്ന സ്ഥല സംബന്ധിയായ ഘടകങ്ങളുടെ (ഭൂവിനിയോഗം, ഭൂപ്രകൃതി, പശ്ചാത്തല സൗകര്യങ്ങളുടെ വിതരണം, പരിസ്ഥിതിലോല പ്രദേശങ്ങളുടെ വിതരണം, ജനസംഖ്യാ വിന്യാസം, തൊഴിൽഘടന മുതലായവയുടെ) ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള സ്ഥലപര വിശകലനവും അതിന്റെ അടിസ്ഥാനത്തിൽ ജില്ലയുടെ നിലവിലെ സ്ഥലപരഘടന (spatial structure)യുടെ വിശകലനവും, ആസൂത്രിത വികസനം സാധ്യമാക്കുന്നതിന് ഈ സ്ഥലപരഘടനയിൽ വരേണ്ട മാറ്റങ്ങൾ എന്തൊക്കെയാണെന്ന വിലയിരുത്തലുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിലൂടെ ജില്ലയിലെ ഓരോ തദ്ദേശഭരണസ്ഥാപനവും ഊന്നൽ നൽകേണ്ട വികസനമേഖലകളെ സംബന്ധിച്ച് ഒരു പൊതുധാരണ ഉണ്ടാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

Perspective Plan 2030 – KERALA (Kerala State Planning Board, 2014) സംസ്ഥാനത്തെ ആവാസകേന്ദ്രങ്ങളുടെ സവിശേഷമായ വികസനസ്വഭാവം കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തിന് ഒരു സ്പേഷ്യൽ സ്ട്രാറ്റജി വികസിപ്പിക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് ഊന്നൽ നൽകുന്നുണ്ട്. ഈ പ്ലാൻ പ്രകാരം സംസ്ഥാനത്ത് നഗരവികസനത്തിന്റെ നാലു തൂണുകളായി കണ്ടെത്തിയിരിക്കുന്നത് Physical planning and Regulations, Attempts to influence residents behavior, Urban Governance, Transfer Kochi into a Global City എന്നിവയാണ്. അതായത് എറണാകുളം ജില്ലയിൽ ആദ്യ മൂന്നു തൂണുകളെ ശക്തിപ്പെടുത്തുന്നതോടൊപ്പം കൊച്ചിയെ ഗ്ലോബൽ സിറ്റി നിലവാരത്തിലേയ്ക്ക് ഉയർത്തി A.T.Kearney's index of Global Cities പ്രകാരം റാങ്ക് ചെയ്യപ്പെടുന്നതിനുള്ള ശ്രമങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.

3.1 റീജിയണൽ സെറ്റിംഗ്

ഭൂമിശാസ്ത്രപരമായി അക്ഷാംശം 9^0 47' നും 10^0 17' നും ഇടയിലും രേഖാംശം 76^0 9' നും $77^0$3' നും ഇടയിലുമായി കേരള സംസ്ഥാനത്തിന്റെ ഏകദേശം മദ്ധ്യത്തിൽ അറബിക്കടലിന്റെ തീരത്തായി എറണാകുളം ജില്ല സ്ഥിതി ചെയ്യുന്നു.

ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ ജില്ലയെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. മലകളും, താഴ്വരകളും, കാടും, കാട്ടരുവികളും അവയുടെ വിഭവ സമ്പത്തും പ്രകൃതി ഭംഗിയും നിറഞ്ഞ കിഴക്കൻ പ്രദേശങ്ങൾക്കും കടൽതീരവും കായൽ പ്രദേശവും നിറഞ്ഞ പടിഞ്ഞാറൻ തീരങ്ങൾക്കും ഇടയിലായി ജില്ലയിലെ സമതല പ്രദേശം സ്ഥിതി ചെയ്യുന്നു. ഈ സമതലങ്ങളിലൂടെ ഒഴുകുന്ന പെരിയാർ നദിക്കു പുറമേ ചാലക്കുടിപ്പുഴ, മൂവാറ്റുപുഴ എന്നീ നദികളും ജില്ലയിൽ കൂടി ഒഴുകുന്നുണ്ട്.

എറണാകുളം ജില്ലയുടെ വടക്ക് തൃശ്ശൂർ ജില്ലയും, കിഴക്ക് ഇടുക്കി ജില്ലയും, തെക്ക് ആലപ്പുഴ, കോട്ടയം ജില്ലകളും പടിഞ്ഞാറ് അറബിക്കടലും ആണ്. കേരളത്തിന്റെ തലസ്ഥാന നഗരമായ തിരുവനന്തപുരം തെക്കുഭാഗത്ത് 220 കി.മീ ദൂരത്തിലും കോഴിക്കോട് നഗരം വടക്കു ഭാഗത്ത് 200 കി.മീ ദൂരത്തിലും ആയി സ്ഥിതി ചെയ്യുന്നു.

വിവിധതരം ഗതാഗത മാർഗ്ഗങ്ങളാൽ അനുഗ്രഹീതമായ എറണാകുളം ജില്ല റോഡ്, റെയിൽ, വായു, ജലഗതാഗത മാർഗ്ഗങ്ങളാൽ സംസ്ഥാനത്തിന്റെയും, രാജ്യത്തിന്റെയും ലോകത്തിന്റെ തന്നെയും വിവിധ ഭാഗങ്ങളുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ജില്ലയിലെ ഗതാഗത ശൃംഖല ചിത്രം 3.1-ൽ കാണിച്ചിരിക്കുന്നു.

എറണാകുളം ജില്ലയിലൂടെ കടന്നു പോകുന്ന എൻ.എച്ച് 66, എൻ.എച്ച് 544, എൻ.എച്ച് 85 എന്നീ ദേശീയ പാതകളും തിരുവനന്തപുരം-ഷൊർണ്ണൂർ റയിൽ പാതയും ജില്ലയെ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും ഇതരഭാഗങ്ങളുമായി ബന്ധിപ്പിക്കുന്നു. ഒരു ദിവസം 128ൽ അധികം ഷെഡ്യൂൾഡ് ട്രെയിൻ സർവ്വീസുകൾ ഉള്ള തെക്കെ ഇന്ത്യയിലെ തന്നെ വളരെയധികം തിരക്കുള്ള റയിൽവേ സ്റ്റേഷനുകളിൽ ഒന്നാണ് എറണാകുളം ജംഗ്ഷൻ റെയിൽവേ സ്റ്റേഷൻ. ചരക്ക്/പാസഞ്ചർ ഗതാഗതത്തിനും ഈ പാതകൾ ഉപയോഗിക്കപ്പെടുന്നു.

കേരളത്തിലെ ഏറ്റവും വലുതും തിരക്കേറിയതുമായ നെടുമ്പാശ്ശേരി ഇന്റർ നാഷണൽ എയർപോർട്ട് എറണാകുളം ജില്ലയിലാണ്. ഇതിനു പുറമേ ഇന്ത്യയുടെ പ്രതിരോധ വകുപ്പിനു കീഴിലുള്ള നാവികസേനയുടെ വിമാനത്താവളം വെല്ലിംഗ്ടൺ ഐലന്റിൽ ഉണ്ട്. വ്യോമയാന മാർഗ്ഗത്തിലൂടെ രാജ്യത്തെ പ്രധാന വികസന കേന്ദ്രങ്ങളുമായും അന്താരാഷ്ട്ര തലത്തിലും ജില്ലയ്ക്ക് ഏറ്റവും വേഗമേറിയ ഗതാഗത ബന്ധം ഇതിലൂടെ സാധ്യമാകുന്നു. ഐ.റ്റി, ടൂറിസം മേഖലകളുടെ വികസനത്തിനും ഈ സൗകര്യം കാരണഭൂതമായിട്ടുണ്ട്.ജില്ലയുടെ തീരദേശമേഖലയും മധ്യമേഖലയും റോഡ് ശൃംഖലകളാൽ നന്നായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് കാണുന്നു. എന്നാൽ കിഴക്കൻ മേഖലയിലെ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് (ഉദാ:കുട്ടമ്പുഴ) ശരിയായ തോതിലുള്ള കണക്ടിവിറ്റി ലഭ്യമാകുന്നില്ല.

എറണാകുളം ജില്ലയിൽ ഉൾപ്പെടുന്ന കൊച്ചി തുറമുഖം ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖങ്ങളിൽ ഒന്നാണ്. ഇന്ത്യയിലെ ഏറ്റവും വലിയ കപ്പൽ നിർമ്മാണശാലയായ കൊച്ചിൻ ഷിപ്പ്യാർഡ് എറണാകുളം ജില്ലയിലാണ്. ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ, കൊച്ചി, എൽ.എൻ.ജി. ടെർമിനൽ, സ്മാർട്ട് സിറ്റി, ഇൻഫോ പാർക്ക് തുടങ്ങിയ പല പ്രധാനപ്പെട്ട പദ്ധതികൾ ജില്ലയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നുണ്ട്.

കൊല്ലം-കോട്ടപ്പുറം ദേശീയ ജല ഗതാഗത പാത-3 എറണാകുളം ജില്ലയിൽ കൂടി കടന്നു പോകുന്നുണ്ട്. ജലഗതാഗതത്തിൽ ജില്ലയ്ക്കുള്ള പ്രാധാന്യം ഇതിൽ നിന്ന് വ്യക്തമാണ്.

സംസ്ഥാനത്തെ സാമ്പത്തിക സിരാകേന്ദ്രമായ എറണാകുളം ജില്ലയിലെ പ്രധാന നഗരമായ കൊച്ചി കേരളത്തിന്റെ വാണിജ്യ തലസ്ഥാനമായി അറിയപ്പെടുന്നു. മറ്റു ജില്ലകളെ അപേക്ഷിച്ച് വ്യാവസായികമായി മുൻപന്തിയിലുള്ളതും ഏറ്റവും കൂടുതൽ വ്യാവസായിക പുരോഗതി സംഭവിച്ചു കൊണ്ടിരിക്കുന്നതുമായ ജില്ലയാണ് എറണാകുളം.

നാഷണൽ കമ്മീഷൻ ഓൺ അർബനൈസേഷന്റെ 1988ലെ റിപ്പോർട്ടിൽ രാജ്യത്തെ 49 സ്പേഷ്യൽ പ്രയോറിറ്റി അർബൻ റീജിയണുകളിൽ ഒന്നായി കൊച്ചി ഉൾപ്പെടുന്ന നഗരമേഖലയെ ഉൾപ്പെടുത്തിയിരിക്കുന്നു. നഗരഗ്രാമാസൂത്രണ വകുപ്പ് 2012-ൽ തയ്യാറാക്കിയ സംസ്ഥാന നഗരവത്ക്കരണ റിപ്പോർട്ട് പ്രകാരം കൊച്ചി നഗര സഞ്ചയം (കൊച്ചി അർബൻ അഗ്ലോമറേഷൻ) സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും സേവനം ലഭ്യമാക്കേണ്ട സംസ്ഥാനത്തെ ഒന്നാംക്രമം നഗരമാണ്. കൂടാതെ

ആലപ്പുഴ-എറണാകുളം-തൃശ്ശൂർ-പാലക്കാട് നഗര ഇടനാഴിക്കുള്ള കാഴ്ച്ചപ്പാടും ഈ റിപ്പോർട്ട് മുന്നോട്ട് വയ്ക്കുന്നു. സംസ്ഥാനത്തിന്റെ വികസനത്തിൽ ചാലകശക്തിയായി വർത്തിക്കുവാൻ ജില്ലയ്ക്കുള്ള പങ്കാണ് ഈ നിർദ്ദേശങ്ങളിലൂടെ വ്യക്തമാകുന്നത്.

ചിത്രം 3.1

എറണാകുളം ജില്ലയിലെ ഗതാഗത ശൃംഖല



വൈവിധ്യമാർന്ന സാമ്പത്തിക സ്രോതസ്സുകളുള്ള കൊച്ചി നഗരം സ്ഥാനീയമായ സവിശേഷതകളാലും നിലവിലുള്ള സൗകര്യങ്ങളുടെ ശ്രദ്ധേയമായ ഘടകങ്ങളാലും എന്തുകൊണ്ടും ഒരു ഗ്ളോബൽ സിറ്റിയായി വികസിപ്പിയ്ക്കാൻ സാധ്യതയുള്ള ഒന്നാണ്. ആയത് സംബന്ധിച്ച നിർദ്ദേശം കൊച്ചിയും, സമീപ പ്രദേശങ്ങളും ചേർന്ന റീജിയണിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള കൊച്ചി സിറ്റി റീജിയൺ മാസ്റ്റർപ്ളാൻ മുന്നോട്ടു വയ്ക്കുന്നുണ്ട്. ആയത് ചിത്രം 3.2 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.2

കൊച്ചി സിറ്റി റീജിയൺ മാസ്റ്റർ പ്ലാൻ - കൊച്ചി ഗ്ലോബൽ സിറ്റി നിർദ്ദേശം



•CONCEPT OF DEVELOPMENT OF THE PLANNING AREA (KOCHI CITY REGION) Kochi City and the urbanizing peripheral areas shall be planned as a single unit for planning purposes exploiting the development potentials

•This area (Kochi City Region) shall be developed to grow as a Global City. This may require attracting investments in very many higher order and new functions. Since it may be difficult to accommodate all such distinct functions within the city limits, the urbanizing peripheral areas of the city are also to be considered along with the city to meet these varied challenging requirements. This calls for planned development of the peripheral areas too.

•Diversification of economic base in the Kochi City Region shall be encouraged. Port based activities, IT sector, tourism, industrial and commercial activities etc shall be promoted wherever there is potential.

•The planning divisions shall be identified considering potential for development, physiography, contiguity and homogeneity and access to mass transit systems.

•There shall be a varied approach in the development of the different planning divisions and new major job activities shall be permitted only on a selective basis.

•The scope for densification of the city both in terms of population and activities shall be utilized to the optimum.

1.Integrated fast transit corridors shall be developed linking the major development centres (I.T., tourism, industries, trade) to support the 'global city'

2.Kochi shall exploit its vast potential for water front development. Quality urban spaces and landmarks shall be developed, especially in newly developing areas.

3.Promote Mass Transport and make Kochi a pedestrian friendly city and integrate different modes of transport viz. road, rail and IWT

4.Hierarchy of facilities an amenities shall be ensured in the planning area.

5.Activities of the informal sector shall be accommodated at specific designated areas within the planning areas

MASTER PLAN FOR KOCHI CITY REGION, (DRAFT)
Concept of Developing Kochi as a Global City

3.2 ഭൂവിനിയോഗം

ഓരോ ഭൂപ്രദേശത്തിന്റേയും ഭൂവിനിയോഗം അതതു പ്രദേശം പ്രധാനമായും ഏതു ഉപയോഗത്തിനാണ് ഉപയുക്തമാക്കിയിരിക്കുന്നത് എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതു കൊണ്ടുതന്നെ ഓരോ തുണ്ടുഭൂമിയും ഏതു രീതിയിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് അറിയുന്നതിനും, ഭാവിയിൽ ഭൂമിയുടെ ലഭ്യത ഉളവാക്കുന്ന തരത്തിൽ തുറസ്സായ ഭൂപ്രദേശങ്ങൾ കണ്ടെത്തുന്നതിനുമുള്ള ശ്രമങ്ങൾ അന്ത്യന്താപേക്ഷിതമായി വരുന്നു. വിശദമായ ഭൂവിനിയോഗ വിശകലനം സാധ്യമാകണമെങ്കിൽ ജില്ലയിലെ 96 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ഭൂവിനിയോഗ സർവ്വേ നടത്തേണ്ടിവരും. ആയത് വളരെയേറെ സമയം വേണ്ടി വരുന്ന ഒരു പ്രക്രിയ ആണ് എന്നതിനാൽ ഉപഗ്രഹ ചിത്രത്തിന്റെ സഹായത്തോടെ കേരള ലാൻഡ് യൂസ് ബോർഡ് തയ്യാറാക്കിയിട്ടുള്ള ഭൂവിനിയോഗ വിവരങ്ങളാണ് ഈ അവലോകനത്തിനായ് ആശ്രയിച്ചിരിക്കുന്നത്.

കേരള ലാൻഡ് യൂസ് ബോർഡിന്റെ ഭൂവിനിയോഗ വിശദാംശങ്ങൾ കാർഷിക മേഖലയ്ക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ഒരു ദിശാബോധത്തോടെ തയ്യാർ ചെയ്തിരിക്കുന്നതാകയാൽ പരിമിതമായ വിശകലന ഫലങ്ങളാണ് ലഭ്യമാകുന്നത്.

3.2.1 ഭൂവിനിയോഗരീതി-കേരളം

സംസ്ഥാനത്തിന്റെ മൊത്തം ഭൂപ്രദേശത്തെ പ്രകൃതിവിഭവങ്ങളുടേയും പാരിസ്ഥിതിക പ്രാധാന്യമുള്ള മേഖലകളുടേയും വിവരങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച് 9 പ്രധാന ഇനങ്ങളായി തരംതിരിച്ചിട്ടുണ്ട്. പ്രധാന ഇനങ്ങൾ പട്ടിക 3.1 ലും ചിത്രം 3.3 ലും വിശദമാക്കിയിരിക്കുന്നു. ആയതുപ്രകാരം ഏറ്റവും പ്രബലമായ ഭൂവിനിയോഗം വാസമേഖലയും കാർഷികമേഖലയും ചേർന്നുള്ളതാണ് എന്ന് കാണാം. സംസ്ഥാനത്തിന്റെ വനപ്രദേശം ആകെ വിസ്തൃതിയുടെ 23.18% വരുന്നു. കാർഷികമേഖലയിൽ ഉൾപ്പെടുന്നത് പ്രധാനമായും 10.17 % വരുന്ന കൃഷി ഭൂമിയും 10.01% വരുന്ന പ്ലാന്റേഷൻ ഭൂപ്രദേശവുമാണ്.

ചിത്രം 3.3
ഭൂവിനിയോഗത്തിന്റെ വിഭജനം- കേരളം



മേൽ വിവരങ്ങൾ സംസ്ഥാനത്തിന്റെ പ്രത്യേകതയായ നഗരഗ്രാമപ്രദേശങ്ങളുടെ ഒരു തുടർച്ചയെയാണ് ചൂണ്ടിക്കാണിക്കുന്നത്

പട്ടിക 3.1
ഭൂവിനിയോഗരീതി-കേരളസംസ്ഥാനം

ക്രമ നം	ഭൂവിനിയോഗം	ആകെ വിസ്തൃതിയുടെ %
1	വനം	23.81%
2	ജലാശയം	2.92%
3	ചതുപ്പ്	0.28%
4	വാസമേഖല	3.45%
5	കൃഷി	10.17%
6	പ്ലാന്റേഷൻ	10.01%
7	പാർപ്പിടം/കൃഷിമിശ്രിതം	41.38%
8	നിയന്ത്രിത മേഖല	0.48%
9	മറ്റുള്ളവ	8.13%

അവലംബം-കേരളാ ലാൻഡ് യൂസ് ബോർഡ്

3.2.2 എറണാകുളം ജില്ലയിലെ ഭൂവിനിയോഗം

ജില്ലയുടെ ആകെ വിസ്തീർണ്ണം 3062.97 ച.കി.മീ. ആണ്. ജില്ലയുടെ ഭൂവിനിയോഗ ഭൂപടം ചിത്രം 3.4 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.4
നിലവിലെ ഭൂവിനിയോഗം



പട്ടിക 3.2
ഭൂവിനിയോഗത്തിന്റെ വിഭജനം

ക്രമ നമ്പർ	ഭൂവിനിയോഗ ഇനം	വിസ്തൃതി ച.കി.മി.	ശതമാനം
1	വനം	709.69	23.17
2	ജലാശയം	174.53	5.7
3	ചതുപ്പ്നിലം	57.14	1.87
4	പാർപ്പിടം	173.56	5.67
5	കൃഷി	282.27	9.22
6	പ്ലാന്റേഷൻ	169.04	5.52
7	കൃഷി/പാർപ്പിട മേഖല	1468.85	47.96
8	നിന്ത്രിത മേഖല	4.15	0.14
9	മറ്റുള്ളവ	23.76	0.78
	ആകെ	3062.97	100

ജില്ലയുടെ ഭൂവിനിയോഗരീതി ചിത്രം 3.5 ലും പട്ടിക 3.2 ലും നൽകിയിരിക്കുന്നു. ജില്ലയിലെ പ്രബല ഭൂവിനിയോഗങ്ങൾ 1468.852 ച.കി.മീ. വിസ്തൃതിയുള്ള കൃഷി/പാർപ്പിട

മിശ്രിതമേഖല, 709.69 ച.കി.മീ. വിസ്തൃതിയുള്ള വനപ്രദേശങ്ങൾ, 282.272 ച.കി.മീ. കൃഷിഭൂമി എന്നിവയാണ്. സ്വാഭാവികമായ ഭൂവിനിയോഗങ്ങളായ വനം, ജലാശയം എന്നിവയിൽ ജില്ല സമ്പന്നമാണ്. ജലാശയങ്ങൾ 174.532 ച.കി.മി. ഉണ്ട്. പാർപ്പിടമേഖല മാത്രമായി 173.56 ച.കി.മി. ഉപയോഗിക്കുന്നു. മേൽ വിശദാംശങ്ങളിൽ നിന്നും വാണിജ്യ വ്യാവസായിക മേഖലകളിൽ സംസ്ഥാനത്ത് മുൻപന്തിയിൽ നിൽക്കുന്ന എറണാകുളം ജില്ല കാർഷിക ഭൂവിനിയോഗത്തിന്റെയും, സ്വാഭാവിക ഭൂവിനിയോഗങ്ങളുടെയും കാര്യത്തിലും മെച്ചപ്പെട്ട അവസ്ഥയിലാണെന്ന് കാണാം.

ചിത്രം 3.5

ജില്ലയുടെ ഭൂവിനിയോഗത്തിന്റെ വിഭജനം



അവലംബം-കേരളാ ലാൻഡ് യൂസ് ബോർഡ്

3.2.3 പ്രാദേശിക ഭൂവിനിയോഗ പഠനം

എറണാകുളം ജില്ലയുടെ ഭൂവിനിയോഗ വിശകലനം നടത്തുന്നത് സംസ്ഥാനത്തിന്റെ മൊത്തം ഭൂവിനിയോഗ രീതിയും സമീപ ജില്ലകളായ തൃശൂർ, കോട്ടയം, ഇടുക്കി, ആലപ്പുഴ എന്നിവയുടെ ഭൂവിനിയോഗ രീതികളും താരതമ്യപഠനത്തിനു വിധേയമാക്കിവയാണ്. സംസ്ഥാനത്തിന്റെ മൊത്തം ഭൂവിനിയോഗവുമായി പട്ടിക 3.3 ൽ എറണാകുളം ജില്ലയുടെ ഭൂവിനിയോഗം താരതമ്യം ചെയ്തിരിക്കുന്നു. പാർപ്പിടം, ജലാശയം, കൃഷി/പാർപ്പിട മിശ്രിതം എന്നീ ഭൂവിനിയോഗങ്ങളുടെ കാര്യത്തിൽ സംസ്ഥാനത്തെ അപേക്ഷിച്ച് ജില്ല മുൻപന്തിയിൽ നിൽക്കുന്നു എന്നു കാണാം. ജില്ലയുടെ ഭൂവിനിയോഗ വിഭജനത്തിന്റെ രീതി സമീപജില്ലകളുമായി താരതമ്യം ചെയ്ത് പട്ടിക 3.4ൽ നൽകിയിരിക്കുന്നു.

പട്ടിക 3.3

ഭൂവിനിയോഗത്തിന്റെ വിഭജനം - സംസ്ഥാനത്തിന്റെ ഭൂവിനിയോഗ രീതിയുമായുള്ള താരതമ്യം

ക്രമ നമ്പർ	ഭൂവിനിയോഗ ഇനം	വിസ്തൃതി ച.കി.മി.	ശതമാനം ജില്ലയിൽ	ശതമാനം സംസ്ഥാനം
1	വനം	709.69	23.17	23.18
2	ജലാശയം	174.53	5.7	2.92
3	ചതുപ്പ്നിലം	57.14	1.87	0.28
4	പാർപ്പിടം	173.56	5.67	3.45
5	കൃഷി	282.27	9.22	10.17
6	പ്ലാന്റേഷൻ	169.04	5.52	10.01
7	കൃഷി/പാർപ്പിട മേഖല	1468.85	47.96	41.38
8	നിർമ്മിത മേഖല	4.15	0.14	0.48
9	മറ്റുള്ളവ	23.76	0.78	8.13

അവലംബം-കേരളാ ലാൻഡ് യൂസ് ബോർഡ്

ഇതു കൂടാതെ ജില്ലയിലെ ഭൂവിനിയോഗ രീതി സമീപ ജില്ലകളുമായി താരതമ്യം ചെയ്യുകയും, സംസ്ഥാനത്തെ ഓരോ ഭൂവിനിയോഗത്തിന്റേയും ജില്ലാ തലത്തിലുള്ള വിഹിതം പഠനവിധേയമാക്കുകയും ചെയ്തിരിക്കുന്നു. ഇതുപ്രകാരം സംസ്ഥാനത്തെ ആകെ വനഭൂമിയുടെ 4 സമീപ ജില്ലകളിലെ വിഹിതവും വനഭൂമിയുടെ പ്രസ്തുത ജില്ലകളിലെ വിസ്തൃതിയുടെ ശതമാനവും താരത്യം ചെയ്തിരിക്കുന്നു. (ചിത്രം 3.6 കാണുക)

ഇതിൽ നിന്നും സംസ്ഥാനത്തെ ആകെ വനഭൂമിയുടെ 7.88% മാത്രമാണ് എറണാകുളം ജില്ലയിലുള്ളതെന്നു കാണാം. ആകെ വനഭൂമിയുടെ 17.98% വരുന്ന ഇടുക്കി ജില്ലയാണ് ഇക്കാര്യത്തിൽ മുന്നിട്ടു നിൽക്കുന്നത്. സമീപ ജില്ലകളുമായുള്ള താരതമ്യത്തിലും വനഭൂമിയുടെ ശതമാനം അധികം വരുന്നത് ഇടുക്കി ജില്ലയിലാണ്. ആകെ വിസ്തൃതിയുടെ 37.14 %. ആകെ വിസ്തൃതിയുടെ 23.17% വനഭൂമിയുള്ള എറണാകുളം ജില്ല മൂന്നാമതാണ് വരുന്നതെന്ന് കാണാം.

ചിത്രം 3.6

ആകെ വനഭൂമിയുടെ ജില്ലാതല വിഹിതം-താരതമ്യം



ചതുപ്പുനിലത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തെ ഏറ്റവും അധിക വിഹിതം എറണാകുളം ജില്ലയിലാണെന്ന് കാണാം. (ചിത്രം 3.7) സമീപ ജില്ലകളുമായുള്ള താരതമ്യ പഠനത്തിലും ചതുപ്പുനിലങ്ങളുടെ വിസ്തൃതിയിൽ എറണാകുളം ജില്ലയാണ് മുന്നിൽ. (ചിത്രം 3.8)

ചിത്രം 3.7

സംസ്ഥാനത്തെ ആകെ ചതുപ്പുനിലങ്ങളുടെ ജില്ലാതല വിഹിതം താരതമ്യം



ചിത്രം 3.8

ചതുപ്പുനിലങ്ങളുടെ ശതമാനം- സമീപ ജില്ലകളുമായുള്ള താരതമ്യം



ചിത്രം 3.9 ൽ പാർപ്പിട മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഭൂവിനിയോഗത്തിന്റെ ജില്ലയിലെ വിഹിതം സമീപ ജില്ലകളുമായി താരതമ്യം ചെയ്തിരിക്കുന്നു. ഇതിൽ നിന്നും പാർപ്പിട, മിശ്രിതനിർമ്മിതികൾ, എന്നിവയുടെ വിഹിതം കോട്ടയം ജില്ലയിലാണ് കൂടുതലായും കാണുന്നത്. എറണാകുളം ജില്ലയിൽ 12.94% ഭൂമിയാണ് ഈ ഇനത്തിൽ വിനിയോഗിച്ചിട്ടുള്ളത്.

ചിത്രം 3.9
പാർപ്പിട നിർമ്മിത മേഖലകളിലെ ആകെ ഭൂവിനിയോഗത്തിന്റെ ജില്ലാതല വിഹിതം - താരതമ്യം



ചിത്രം 3.10
എറണാകുളം ജില്ലയുടേയും സമീപ ജില്ലകളുടേയും പാർപ്പിട മേഖലയിലെ ഭൂവിനിയോഗം-താരതമ്യം



പ്രസ്തുത താരതമ്യത്തിൽ നിന്നും കോട്ടയം ജില്ലയിലാണ് പാർപ്പിട മേഖലയിലെ ഭൂവിനിയോഗത്തിന്റെ ശതമാനം ഏറ്റവും അധികമായിട്ടുള്ളത് എന്ന് കാണാം. എറണാകുളം ജില്ലയിൽ 5.67% ആണ്.

എറണാകുളം ജില്ലയുടെ 9.22% പ്രദേശം കാർഷിക ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നു. സംസ്ഥാനത്തെ മൊത്തം കൃഷിഭൂമിയുടെ 7.14% ആണ് എറണാകുളം ജില്ലയിലുള്ളത്. തൃശൂർ ജില്ലയിലാണ് കൃഷിഭൂമിയുടെ വിഹിതം അധികമെന്ന് കാണുന്നു. കാർഷിക ഭൂവിനിയോഗത്തിന്റെ താരതമ്യപഠനങ്ങൾ ചിത്രം 3.11, 3.12 എന്നിവയിൽ നൽകിയിരിക്കുന്നു . സംസ്ഥാനത്തെ ആകെ കൃഷി ഭൂമിയിൽ എറണാകുളം ജില്ലയുടെ വിഹിതം സമീപജില്ലകളുടെ വിഹിതവുമായി ചിത്രം 3.12 ൽ താരതമ്യം ചെയ്തിരിക്കുന്നു. സമീപ ജില്ലകളിലെ കൃഷിഭൂമിയുടെ വിഹിതത്തിന്റെ താരതമ്യം ചൂണ്ടിക്കാണിക്കുന്നത് ആലപ്പുഴ ജില്ലയിലാണ് ആകെ വിസ്തൃതിയിൽ കൃഷിഭൂമിയുടെ ശതമാനം അധികമുള്ളത് എന്നാണ്. (ചിത്രം 3.12) സംസ്ഥാനത്തെ പ്ലാന്റേഷൻ ഭൂമിയുടെ വിസ്തൃതിയുടെ വിശകലനം ചിത്രം 3.13, 3.14 എന്നിവയിൽ വ്യക്തമാക്കിയിരിക്കുന്നു.

ചിത്രം 3.11
കൃഷിഭൂമിയുടെ സംസ്ഥാനത്തെ ആകെ വിസ്തൃതിയുടെ ജില്ലകളിലെ വിഹിതം



ചിത്രം 3.12
കൃഷിഭൂമിയുടെ ശതമാനം സമീപജില്ലകളുമായുള്ള താരതമ്യം



പ്ലാന്റേഷൻ ഭൂവിനിയോഗത്തിന്റെ അധിക വിഹിതം കാണുന്നത് കോട്ടയം ജില്ലയിലാണ്. എറണാകുളം ജില്ലയിൽ ഇത് 4.35% മാത്രമാണ്. സമീപ ജില്ലകളിലെ പ്ലാന്റേഷൻ ഭൂവിനിയോഗം താരതമ്യം ചെയ്തിരിക്കുന്നതിൽ നിന്നും കോട്ടയം ജില്ല 64.33% വുമായി മുന്നിൽ നിൽക്കുന്നതായും എറണാകുളം 5.52%ത്തിൽ നിൽക്കുന്നതായും കാണുന്നു.

ചിത്രം 3.13
പ്ലാന്റേഷൻ ഭൂവിനിയോഗം – സംസ്ഥാനവിസ്തൃതിയുടെ ജില്ലാതലവിഹിതം



അർബൻ എന്ന് വിശേഷിപ്പിക്കുന്ന പ്രത്യേകമായ ഒരു വികസന രീതിയാണ് സംസ്ഥാനത്തുള്ളത്. ഇവിടെ നഗരപ്രദേശങ്ങളും ഗ്രാമപ്രദേശങ്ങളും തമ്മിലുള്ള അതിർവരമ്പുകൾ സുവ്യക്തമല്ല. 'കൃഷിയിടത്തിനു നടുവിൽ വീട്' എന്ന രീതിയിലുള്ള ഒരു സ്ഥലപര വികസനം സംസ്ഥാനത്തിന്റെ പ്രത്യേകതയാണ്. ആയതിനാൽ കൃഷിഭൂമിയേയും, പാർപ്പിട മേഖലയേയും പൂർണ്ണമായും വേർതിരിച്ചു കാണുക എന്നത് ഇവിടെ പ്രായോഗികമല്ല. ഈ രീതിയിലുള്ള വികസനസ്വഭാവം കാണിക്കുന്ന പ്രദേശങ്ങളെയാണ് കൃഷി/പാർപ്പിട മിശ്രിത ഭൂവിനിയോഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എറണാകുളം ജില്ലയുടെ വിസ്തൃതിയുടെ 47.96% പ്രദേശങ്ങളും ഈ ഭൂവിനിയോഗ ഇനത്തിൽപ്പെടുന്നു. കൃഷി/പാർപ്പിട മിശ്രിത ഭൂവിനിയോഗത്തിന്റെ താരതമ്യ പഠനങ്ങൾ ചിത്രം 3.15,3.16 എന്നിവയിലൂടെ വ്യക്തമാക്കിയിരിക്കുന്നു. സംസ്ഥാനത്തെ ആകെ വിസ്തൃതിയുടെ ജില്ലാതലവിഹിതം പഠന വിധേയമാക്കിയതിൽ നിന്നും തൃശൂർ ജില്ലയ്ക്കാണ് മുൻതൂക്കമെന്ന് കാണാം (9.6%). എറണാകുളം ജില്ലയിലേത് 9.13%. സമീപത്തെ ജില്ലകളിലേതുമായി താരതമ്യം ചെയ്യുമ്പോൾ ആലപ്പുഴ ജില്ലയാണ് കൃഷി/പാർപ്പിട മിശ്രിതമേഖലയിൽ ഒന്നാമത് നില്ക്കുന്നത് എന്നു കാണാം. (69.81%)

ചിത്രം 3.14

പ്ലാന്റേഷൻ ഭൂവിനിയോഗം - സമീപ ജില്ലകളുമായുള്ള താരതമ്യം



ചിത്രം 3.15

കൃഷി/പാർപ്പിട മിശ്രിത ഭൂവിനിയോഗം -സംസ്ഥാന വിസ്തൃതിയുടെ ജില്ലാതലവിഹിതം



ചിത്രം 3.16

കൃഷി/പാർപ്പിട മിശ്രിത ഭൂവിനിയോഗം -സമീപജില്ലകളുമായുള്ള താരതമ്യം



3.2.4 ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ രൂപ മാതൃക

ഒരു പ്രത്യേക ഭൂവിനിയോഗം ജില്ലയിൽ എവിടെയാണ് കേന്ദ്രീകരിച്ചിരിക്കുന്നത് എന്ന് മനസ്സിലാക്കുന്നതിന് ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ രൂപമാതൃക സഹായകമാണ്. ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ സൂചകം ഉപയോഗിച്ചാണ് ഈ വിശകലനം സാധ്യമാക്കിയിരിക്കുന്നത്.

ഒരു തദ്ദേശഭരണസ്ഥാപനത്തിലെ ഒരു ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ സൂചകം കണക്കാക്കുന്നത് താഴെപ്പറയും പ്രകാരമാണ്.

(തദ്ദേശഭരണസ്ഥാപനത്തിൽ ആ ഭൂവിനിയോഗത്തിന്റെ വിസ്തീർണ്ണം)/(തദ്ദേശഭരണസ്ഥാപനത്തിന്റെ ആകെ വിസ്തീർണ്ണം)
(ജില്ലയിലെ ആ ഭൂവിനിയോഗത്തിന്റെ വിസ്തീർണ്ണം)/(ജില്ലയുടെ ആകെ വിസ്തീർണ്ണം)

കേന്ദ്രീകരണ സൂചകത്തിന്റെ മൂല്യം ഒന്നോ,ഒന്നിൽ കൂടുതലോ, ഒന്നിൽ കുറവോ ആകാം. ഒരു തദ്ദേശഭരണ സ്ഥാപനത്തിലെ ഒരു പ്രത്യേക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ സൂചകം ഒന്നിൽ കൂടുതലാണെങ്കിൽ അത് സൂചിപ്പിക്കുന്നത് ആ പ്രത്യേക ഭൂവിനിയോഗം ജില്ലയിലെ മറ്റ് തദ്ദേശ ഭരണസ്ഥാപനങ്ങളെ അപേക്ഷിച്ച് ആ തദ്ദേശഭരണ സ്ഥാപനത്തിൽ കൂടുതലായി കേന്ദ്രീകരിച്ചിരിക്കുന്നു എന്നാണ്. മേൽ സൂചിപ്പിച്ചിരിക്കുന്നതു പ്രകാരം ജില്ലയിലെ പ്രധാന ഭൂവിനയോഗ ഇനങ്ങളെ വിശകലനം ചെയ്തിരിക്കുന്നു.

ഭൂവിനിയോഗം സംബന്ധിച്ച പ്രാദേശിക പഠനത്തിൽ നിന്നും ഉരുത്തിരിഞ്ഞ ഒരു പഠനഫലം ശ്രദ്ധേയമാണ്. എറണാകുളം ജില്ല ഭൂവിനിയോഗത്തിന്റെ നഗരഘടകങ്ങളുടെ കാര്യത്തിൽ (പാർപ്പിടം, മിശ്രിത നിർമ്മിതി, പാർപ്പിടം/കൃഷി മിശ്രിതം, മറ്റു നിർമ്മിതികൾ) ഒന്നാമതോ രണ്ടാമതോ ആയും കൃഷി, പ്ലാന്റേഷൻ എന്നിവയിൽ രണ്ടാമതോ നാലാമതോ ആയും വരുന്നു. അതായത് നഗരവൽക്കരണത്തിന്റെ കാര്യത്തിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന എറണാകുളം ജില്ല കാർഷിക പ്രവർത്തനങ്ങളുടെ കാര്യത്തിലും മുൻപന്തിയിൽ തന്നെയാണ്.

കാർഷിക ഭൂവിനിയോഗം

കാർഷിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ രൂപ മാതൃക ചിത്രം 3.17 - ൽ വ്യക്ത മാക്കിയിരിക്കുന്നു. ജില്ലയുടെ മധ്യഭാഗത്തും, ഉയർന്ന പ്രദേശങ്ങളിലുമാണ് കാർഷിക ഭൂവിനിയോഗം കേന്ദ്രീകരിച്ചിട്ടുള്ളതെന്ന് കാണാം. ജലാശയങ്ങളുടെ സാന്നിധ്യം ഈ കേന്ദ്രീകരണത്തെ സ്വാധീനിക്കുന്നുണ്ടെന്നും കാണാം. ജില്ലയിലെ തദ്ദേശഭരണ സ്ഥാപന പ്രദേശങ്ങളുടെ കാർഷിക ഭൂവിനിയോഗ കേന്ദ്രീകരണത്തിന്റെ സ്ഥലപര വിന്യാസം ചിത്രം 3.18 ൽ നൽകിയിരിക്കുന്നു. ഇതിൽ നിന്നും ശ്രീമൂലനഗരം, കുന്നുകര, ചെങ്ങമനാട്, പൈങ്ങോട്ടൂർ, വാളകം,

നെടുമ്പാശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് കാർഷിക ഭൂവിനിയോഗത്തിന് കൂടുതൽ പ്രാധാന്യമുള്ളതെന്ന് കാണാം.

ചിത്രം 3.17
കാർഷിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ രൂപമാതൃക



ചിത്രം 3.18
കാർഷിക ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണത്തിന്റെ സ്ഥലപര വിന്യാസം



നിർമ്മിത ഭൂവിനിയോഗം

നിർമ്മിത ഭൂവിനിയോഗം എന്ന ഇനത്തിൽ ഉൾപ്പെട്ടിരിക്കുന്നത് വാണിജ്യം, വ്യവസായം/ വ്യവസായപാർക്കുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ തുടങ്ങിയവയാണ്. ജില്ലയിലെ നഗരപ്രദേശങ്ങളിലും പ്രധാന ഗതാഗത ഇടനാഴികളോട് ചേർന്ന് വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലും ആണ് ഈ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം കാണുന്നത്. ജില്ലയിലെ ഉയർന്നപ്രദേശങ്ങളിൽ ഗതാഗത ഇടനാഴികളോട് ചേർന്ന പ്രദേശങ്ങളിൽ നിർമ്മിത ഭൂവിനിയോഗത്തിന് കാര്യമായ കേന്ദ്രീകരണം ഇല്ല എന്ന് കാണുന്നു. ഇതിൽ നിന്നും ജില്ലയുടെ ഉയർന്ന പ്രദേശങ്ങളുടെ സമ്പദ്ഘടന ദ്വിതീയ, ത്രിതീയ മേഖലകളെ

കാര്യമായി ആശ്രയിക്കുന്നില്ലെന്ന് വ്യക്തമാകുന്നതാണ്.

വനഭൂമി

വനഭൂമി എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് നിബിഡ മിശ്രിത നൈസർഗ്ഗിക വനഭൂമി, മുള, തേക്ക്, കശുവണ്ടി എന്നിവ ഉൾപ്പെടുന്ന നിക്ഷിപ്ത വനം, ഗുണപരമായ മാറ്റം സംഭവിച്ചിട്ടുള്ള പുല്മേടുകൾ എന്നിവയാണ്.

എറണാകുളം ജില്ലയിലെ വനഭൂമിയുടെ കേന്ദ്രീകരണത്തിന്റെ രീതി ചിത്രം 3.19 ൽ നൽകിയിരിക്കുന്നു.ചിത്രം സൂചിപ്പിക്കുന്നത് പ്രകാരം ജില്ലയിലെ വനഭൂമി കേന്ദ്രീകരിച്ചിരിക്കുന്നത് പ്രധാനമായും വടക്കുകിഴക്കു പ്രദേശത്താണ്. വനഭൂമിയുടെ കേന്ദ്രീകരണ സൂചകം ഒന്നി ൽ കൂടുതലായി കാണുന്നത് കവളങ്ങാട്, കുട്ടമ്പുഴ എന്നീ പഞ്ചായത്തുകളിലാണ്.ജില്ലയിലെ വനഭൂമിയുടെ കേന്ദ്രീകരണത്തിന്റെ സ്ഥലപരമായ വിന്യാസം ചിത്രം 3.20 ൽ കൊടുത്തിരിക്കുന്നു. ജില്ലയിൽ മലയാറ്റൂർ-നീലീശ്വരം, അയ്യമ്പുഴ, കീരമ്പാറ എന്നീ പഞ്ചായത്തുകളിലാണ് താരതമ്യേന ഉയർന്ന കേന്ദ്രീകരണ സൂചകം കാണുന്നത്. ജില്ലയുടെ ഉയർന്ന പ്രദേശങ്ങളിലാണ് പ്രധാനമായും വനഭൂമി കേന്ദ്രീകരിച്ചിരിക്കുന്നത്

ചിത്രം 3.19
വനഭൂമിയുടെ കേന്ദ്രീകരണ രൂപ മാതൃക



ചിത്രം 3.20
വനഭൂമിയുടെ കേന്ദ്രീകരണസൂചകത്തിന്റെ സ്ഥലപര വ്യത്യാസം



പാർപ്പിടം/കൃഷി മിശ്രിത ഭൂവിനിയോഗം

തെങ്ങ്, വാഴ, കപ്പ, റബർ തുടങ്ങിയവ തനിയെയും മിശ്രിതമായും കൃഷി ചെയ്യുന്ന പ്രദേശങ്ങൾ, നിലവിലെ തരിശുപ്രദേശങ്ങൾ എന്നിവയാണ് പാർപ്പിട/കൃഷി മിശ്രിത ഭൂവിനിയോഗ ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചിത്രം 3.21 ൽ സൂചിപ്പിച്ചിരിക്കുന്നതു പ്രകാരം ജില്ലയിലെ തീരദേശം, ഇടനാട് എന്നിവിടങ്ങളിലാണ് ഈ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം കാണുന്നത്.

ചിത്രം 3.21
പാർപ്പിട/കൃഷി മിശ്രിത ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ രൂപ മാതൃക



ജലാശയങ്ങൾ

ജില്ലയിലെ ജലാശയങ്ങളുടെ കേന്ദ്രീകരണ സൂചകത്തിന്റെ സ്ഥലപരമായ വിന്യാസം ചിത്രം 3.22 ൽ നൽകിയിരിക്കുന്നു. ജില്ലയുടെ തീരപ്രദേശത്തും പ്രധാനനദികളായ പെരിയാർ, മൂവാറ്റുപുഴയാർ, ചാലക്കുടി പുഴ എന്നിവയുടെ തടങ്ങളിലും വേമ്പനാട്ട് കായൽ, കൊടുങ്ങല്ലൂർ കായൽ, വരാപ്പുഴ കായൽ എന്നിവിടങ്ങളിലുമാണ് കേന്ദ്രീകരണം കാണാൻ സാധിക്കുന്നത്.

ചിത്രം 3.22
ജലാശയങ്ങളുടെ കേന്ദ്രീകരണ രൂപ മാതൃക



പ്ലാന്റേഷൻ (തോട്ടം)

റബർ, തേയില, കാപ്പി, ഏലം, യുക്കാലിപ്റ്റസ്, തേക്ക്, എണ്ണക്കുരു എന്നിവ ഒറ്റയായും മിശ്രിത വിളകളായും കൃഷി ചെയ്യപ്പെടുന്ന പ്രദേശങ്ങളെയാണ് ഈ ഭൂവിനിയോഗ ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജില്ലയിലെ തോട്ടങ്ങളുടെ സ്ഥലപര വിന്യാസം ചിത്രം 3.23 ൽ നൽകിയിരിക്കുന്നു.ജില്ലയുടെ വടക്കു കിഴക്ക് , തെക്ക് കിഴക്ക് പ്രദേശങ്ങളിലാണ് പ്രധാനമായും തോട്ടങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നതെന്ന് കാണുന്നു.

ചിത്രം 3.23
പ്ലാന്റേഷൻ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണസൂചകത്തിന്റെ സ്ഥലപര വിന്യാസം



ചതുപ്പ് ഭൂവിഭാഗം

താല്ക്കാലികമായി ചതുപ്പായി കാണുന്നവ, ചതുപ്പ് പ്രദേശമായി പരിണമിച്ചിട്ടുള്ളവ എന്നീ ഭൂവിനിയോഗ വിഭാഗങ്ങളെയാണ് ഈ ഭൂവിനിയോഗ ഇനത്തി ൽ പരിഗണിച്ചിരിക്കുന്നത്. പ്രസ്തുത ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ സൂചകത്തിന്റെ സ്ഥലപരമായ വിന്യാസം ചിത്രം 3.24 ൽ നൽകിയിരിക്കുന്നു. ഏറ്റവും അധികം കേന്ദ്രീകരണം കാണുന്നത് കൊച്ചി കോർപ്പറേഷൻ പ്രദേശത്താണെന്ന് കാണുന്നു.

ചിത്രം 3.24
ചതുപ്പ് നിലങ്ങളുടെ കേന്ദ്രീകരണസൂചകത്തിന്റെ സ്ഥലപര വിന്യാസം



മറ്റു ഭൂവിനിയോഗങ്ങൾ

മൈനിംഗ്, വ്യവസായം, തുറസ്സായ കളിസ്ഥലങ്ങൾ, വിമാനത്താവളം, തുറമുഖം തുടങ്ങിയ ഭൂവിനിയോഗങ്ങളെയാണ് മറ്റ് ഭൂവിനിയോഗങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ രൂപമാതൃക ചിത്രം 3.25 ൽ നൽകിയിരിക്കുന്നു. ജില്ലയുടെ പടിഞ്ഞാറു ഭാഗത്തുള്ള തീരപ്രദേശങ്ങളിലും വടക്കുഭാഗങ്ങളിലുമായിട്ടാണ് ഈ ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണം കാണുന്നത്.

ചിത്രം 3.25

മറ്റു ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണ രൂപ മാതൃക



3.2.5 പ്രവർത്തന സോണുകൾ

ജില്ലയിലെ ഓരോപ്രധാന ഭൂവിനിയോഗത്തിന്റേയും കേന്ദ്രീകരണം പ്രത്യേകമായി വേർതിരിച്ച് പരിശോധിക്കുകയാണ് ഇതുവരെ ചെയ്തത്. ഈ കേന്ദ്രീകരണ രൂപ മാതൃകകളെ സ്ഥലപരമായി യോജിപ്പിച്ച് തത്ഫലമായുണ്ടാകുന്ന രൂപമാതൃക വിശകലനം ചെയ്താൽ പ്രത്യേക തരം പ്രവർത്തനത്തിന്റെ സ്ഥാനം എവിടെയാണെന്ന് നിലവിലെ ഭൂവിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ വേർതിരിച്ച് കണ്ടെത്താവുന്നതാണ്.

പ്രവർത്തന സോണുകൾ നിർണ്ണയിക്കുന്നതിനായ് 9 ഇനങ്ങളിലായി തരംതിരിച്ചിട്ടുള്ള ഭൂവിനിയോഗങ്ങളെ 4 പ്രധാന ഭൂവിനിയോഗ ഇനങ്ങളിലേയ്ക്ക് പട്ടികപ്പെടുത്തിയിരിക്കുന്നു (പട്ടിക 3.5). കാർഷികേതര ഭൂവിനിയോഗം, കൃഷി, വനം, പ്ലാന്റേഷൻ എന്നിവയാണ് ഈ പ്രധാന ഭൂവിനിയോഗ വിഭാഗങ്ങൾ

പട്ടിക 3.4

ക്രമ നമ്പർ	പ്രധാന ഭൂവിനിയോഗം	ഒന്നിച്ചു ചേർക്കപ്പെട്ട ഭൂവിനിയോഗങ്ങൾ
1	കാർഷികേതരം	മറ്റു നിർമ്മിതികൾ+മറ്റുള്ളവ പാർപ്പിടം(പ്ലോട്ടു വിസ്തൃതി<50സെന്റ്)
2	കൃഷി	കൃഷി+കൃഷി/ പാർപ്പിടമിശ്രിതം പ്ലോട്ടു വിസ്തൃതി>50സെന്റ്)
3	വനം	വനം എന്ന വിഭാഗത്തിലുൾപ്പെടുന്ന എല്ലാ ഇനങ്ങളും.
4	പ്ലാന്റേഷൻ	തോട്ടങ്ങൾ എന്ന വിഭാഗത്തിലുൾപ്പെടുന്ന എല്ലാ ഭൂവിനിയോഗങ്ങളും.

ഭൂവിനിയോഗങ്ങളുടെ ഒന്നിച്ചു ചേർക്കൽ

ഈ 4 വിഭാഗങ്ങളിലുൾപ്പെടുന്ന ഭൂവിനിയോഗ ങ്ങളുടെ തദ്ദേശഭരണ സ്ഥാപനതല കേന്ദ്രീകരണ സൂചകങ്ങൾ അനുബന്ധം 3.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.5

LSG Wise Land Use Concentration Pattern

Sl. No.	Name of Panchayats	CI of Forest	CI of Agri	CI of Plantation	CI of Non-Agri	Result
1	Aikkaranad	0.000	1.800	0.000	0.480	AGRICULTURE
2	Alangad	0.000	1.950	0.000	0.000	AGRICULTURE
3	Aluva	0.000	0.720	0.000	15.640	URBAN
4	Amballur	0.000	1.640	0.000	0.000	AGRICULTURE
5	Angamaly	0.000	1.230	0.000	0.250	AGRICULTURE
6	Arakkuzha	0.000	1.450	0.000	0.000	AGRICULTURE
7	Asamannoor	0.000	1.380	0.000	0.110	AGRICULTURE
8	Avoly	0.000	1.720	0.000	0.320	AGRICULTURE
9	Ayavana	0.030	1.260	0.110	0.180	AGRICULTURE
10	Ayyampuzha	0.780	1.090	3.180	0.000	PLANTATION
11	Chellanam	0.000	1.580	0.000	0.000	AGRICULTURE
12	Chendamangalam	0.000	1.450	0.000	0.000	AGRICULTURE
13	Chengamanad	0.000	1.430	0.000	3.560	URBAN
14	Cheranalloor	0.000	1.550	0.000	0.000	AGRICULTURE
15	Chittattukara	0.000	1.250	0.000	5.380	URBAN

16	Choornikkara	0.000	1.470	0.000	9.830	URBAN
17	Chottanikkara	0.000	1.870	0.000	0.000	AGRICULTURE
18	Edakkattuvayal	0.000	1.870	0.000	0.000	AGRICULTURE
19	Edathala	0.000	2.040	0.000	0.000	AGRICULTURE
20	Edavanakkad	0.000	1.420	0.000	0.000	AGRICULTURE
21	Elamkunnappuzha	0.000	1.280	0.000	0.270	AGRICULTURE
22	Elanji	0.000	1.710	0.000	0.000	AGRICULTURE
23	Eloor	0.000	3.020	0.000	1.230	AGRICULTURE
24	Ezhikkara	0.000	1.050	0.000	0.000	AGRICULTURE
25	Kadamakkudy	0.000	1.440	0.000	0.000	AGRICULTURE
26	Kadungalloor	0.000	1.950	0.000	0.000	AGRICULTURE
27	Kalady	0.000	2.250	0.000	0.060	AGRICULTURE
28	Kalamassery	0.000	1.470	0.000	0.210	AGRICULTURE
29	Kalloorkkad	0.000	1.160	0.000	0.210	AGRICULTURE
30	Kanjoor	0.000	1.740	0.000	2.440	URBAN
31	Karukutty	0.000	1.810	0.000	0.110	AGRICULTURE
32	Karumalloor	0.000	1.530	0.000	0.000	AGRICULTURE
33	Kavalangad	1.070	0.620	2.740	0.260	PLANTATION
34	Keerampara	0.000	0.940	2.190	0.260	PLANTATION
35	Keezhmadu	0.000	1.440	0.000	0.000	AGRICULTURE
36	Kizhakkambalam	0.000	1.300	0.000	0.060	AGRICULTURE
37	Kochi corporation	0.000	0.310	0.000	21.680	URBAN
38	Koothattukulam	0.000	1.790	0.000	0.000	AGRICULTURE
39	Koovappady	0.000	1.620	0.310	0.070	AGRICULTURE
40	Kothamangalam	0.000	1.380	0.000	0.070	AGRICULTURE
41	Kottappady	0.000	1.600	4.040	0.080	PLANTATION
42	Kottuvally	0.000	1.480	0.000	0.000	AGRICULTURE
43	Kumbalam	0.000	0.690	0.000	0.000	AGRICULTURE
44	Kumbalangi	0.000	1.560	0.000	0.000	AGRICULTURE
45	Kunnathunad	0.000	1.410	0.000	0.000	AGRICULTURE
46	Kunnukara	0.000	0.950	0.000	0.000	AGRICULTURE
47	Kuttampuzha	3.440	0.100	2.390	0.000	FOREST
48	Kuzhuppilly	0.000	1.370	0.000	0.000	AGRICULTURE
49	Malayattoor Neeleshwaram	0.780	1.030	2.770	0.000	PLANTATION
50	Maneed	0.000	1.440	0.000	0.120	AGRICULTURE

51	Manjalloor	0.450	1.110	0.000	0.090	AGRICULTURE
52	Manjapra	0.000	1.630	0.050	0.070	AGRICULTURE
53	Maradu	0.000	1.080	0.000	4.600	URBAN
54	Marady	0.000	1.470	0.000	0.200	AGRICULTURE
55	Mazhuvannoor	0.010	1.390	0.000	0.000	AGRICULTURE
56	Mookkannoor	0.000	1.780	0.000	0.000	AGRICULTURE
57	Mudakkuzha	0.000	1.630	0.000	0.000	AGRICULTURE
58	Mulamthuruthy	0.000	1.770	0.000	0.000	AGRICULTURE
59	Mulavukad	0.000	0.640	0.000	1.840	URBAN
60	Muvattupuzha	0.000	1.430	0.000	0.100	AGRICULTURE
61	Nayarambalam	0.000	1.290	0.000	0.000	AGRICULTURE
62	Nedumbassery	0.000	0.770	0.000	0.610	AGRICULTURE
63	Nellidduzhy	0.000	1.120	0.000	0.310	AGRICULTURE
64	Njarackal	0.000	1.330	0.000	0.220	AGRICULTURE
65	Ockal	0.000	1.320	0.000	0.380	AGRICULTURE
66	Paingottur	0.200	0.660	0.990	0.000	PLANTATION
67	Paipra	0.050	1.310	0.000	0.230	AGRICULTURE
68	Palakkuzha	0.000	1.460	0.000	0.140	AGRICULTURE
69	Pallarimangalam	0.000	1.350	0.000	0.000	AGRICULTURE
70	Pallippuram	0.000	0.980	0.000	3.120	URBAN
71	Pambakkuda	0.000	1.430	0.000	0.080	AGRICULTURE
72	Parakkadavu	0.000	1.240	0.000	0.070	AGRICULTURE
73	Paravur	0.000	1.500	0.000	2.440	URBAN
74	Perumbavoor	0.000	1.380	0.000	0.070	AGRICULTURE
75	Pindimana	0.000	1.290	0.220	0.220	AGRICULTURE
76	Piravom	0.000	1.550	0.000	0.110	AGRICULTURE
77	Poothrikka	0.000	1.470	0.000	0.760	AGRICULTURE
78	Pothanikkad	0.000	1.730	0.000	0.000	AGRICULTURE
79	Puthenvelikkara	0.000	1.110	0.000	0.080	AGRICULTURE
80	Ramamangalam	0.000	1.640	0.000	0.000	AGRICULTURE
81	Rayamangalam	0.000	1.710	0.000	0.030	AGRICULTURE
82	Sreemoolanagaram	0.000	1.030	0.000	1.420	URBAN
83	Thirumarady	0.000	1.420	0.000	0.000	AGRICULTURE
84	Thiruvaniyoor	0.000	1.560	0.000	0.320	AGRICULTURE
85	Thrikkakkara	0.000	1.530	0.000	0.000	AGRICULTURE
86	Thrippunithura	0.000	0.930	0.000	12.280	URBAN

87	Thuravoor	0.000	1.740	0.000	0.000	AGRICULTURE
88	Udayamperur	0.000	1.590	0.000	0.000	AGRICULTURE
89	Vadakkekkara	0.000	1.200	0.000	3.420	URBAN
90	Vadavucode Puthencruz	0.000	1.550	0.000	0.180	AGRICULTURE
91	Valakom	0.000	0.980	0.000	0.000	AGRICULTURE
92	Varappety	0.000	1.470	0.000	0.000	AGRICULTURE
93	Varapuzha	0.000	2.700	0.000	0.000	AGRICULTURE
94	Vazhakkulam	0.000	1.410	0.000	0.240	AGRICULTURE
95	Vengola	0.000	1.340	0.000	0.010	AGRICULTURE
96	Vengoor	0.000	1.080	5.410	0.070	PLANTATION

പ്രസ്തുത 4 ഇനങ്ങളിലുൾപ്പെടുന്ന ഭൂവിനിയോഗങ്ങളുടെ കേന്ദ്രീകരണ രൂപ മാതൃകകളുടെ അടിസ്ഥാനത്തിൽ പ്രവർത്തന സോണുകൾ പട്ടിക 3.6 ൽ പ്രതിപാദിച്ച പ്രകാരം തയ്യാറാക്കിയിരിക്കുന്നു.

പട്ടിക 3.6
ഭൂവിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന സോണുകൾ കണ്ടെത്തുന്നതിന്റെ മാനദണ്ഡം

ക്രമ നമ്പർ	പ്രവർത്തന സോണുകൾ ഭൂവിനിയോഗത്തിന്റെ അടിസ്ഥാനത്തൽ	മാനദണ്ഡം
1	കാർഷികേതരം	കാർഷികേതര ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ സൂചകം മറ്റുള്ളവയേക്കാ അധികം
2	കൃഷി	കാർഷിക ഭൂവിനിയോഗത്തിന്റെ സൂചകം മറ്റുള്ളവയേക്കാൾ അധികം
3	വനം	വന ഭൂമിയുടെ സൂചകം മറ്റുള്ളവയേക്കാ അധികം
4	പ്ലാന്റേഷൻ	പ്ലാന്റേഷൻ ഭൂവിനിയോഗത്തിന്റെ സൂചകം മറ്റുള്ളവയേക്കാ അധികം

ഇപ്രകാരം നിർണ്ണയിച്ചിട്ടുള്ള പ്രവർത്തന സോണുകൾ വ്യക്തമാക്കുന്ന മാപ്പ് ചിത്രം 3.26 ൽ നൽകിയിരിക്കുന്നു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തിന്റെ പ്രവർത്തന സോൺ ഏതാണെന്നത് അനുബന്ധം 3.1– ൽ നൽകിയിരിക്കുന്നു.

വനം, പ്ലാന്റേഷൻ എന്നീ പ്രവർത്തനങ്ങൾ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് ജില്ലയുടെ ഉയർന്ന പ്രദേശങ്ങളിലും കാർഷിക പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നത് പ്രധാനമായും ഇടനാട് പ്രദേശത്തും, നഗരപ്രവർത്തനങ്ങൾ

പ്രധാനമായും തീരദേശങ്ങളിലും, ഗതാഗത ശൃംഖലയോട് അനുബന്ധിച്ചുമാണെന്ന് കാണുന്നു.

ചിത്രം 3.26
ഭൂവിനിയോഗത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തന സോണുകൾ



3.2.6 പ്രവർത്തന സ്വഭാവം.

ഒരു അധിവാസ കേന്ദ്രത്തിന്റെ പ്രവർത്തനം ആ അധിവാസകേന്ദ്രത്തിനുള്ളിലെ പ്രധാന പ്രവർത്തിയാണ്. അത് കൃഷിയുമായോ അനുബന്ധ പ്രവർത്തിയുമായോ ബന്ധപ്പെട്ട് ഗ്രാമീണ സ്വഭാവമുള്ള പ്രവർത്തനങ്ങളാകാം. അല്ലെങ്കിൽ ദ്വിതീയ, ത്രിദ്വീയ മേഖലകളുമായി ബന്ധപ്പെട്ട നഗരസ്വഭാവമുള്ള പ്രവർത്തനങ്ങളാകാം. അധിവാസകേന്ദ്രത്തിലെ പ്രധാന ഭൂവിനിയോഗവും പ്ലോട്ടുകളുടെ വലുപ്പവും പരിഗണിച്ച് അധിവാസ കേന്ദ്രത്തിന്റെ പ്രവർത്തനം നിർണ്ണയിക്കുകയാണ് ചെയ്യുന്നത്.

കേരളത്തിലെ അധിവാസകേന്ദ്രങ്ങളുടെ രൂപ മാതൃക മറ്റിടങ്ങളിൽ നിന്ന് ഭിന്നവും സവിശേഷവുമാണ്. അതിനാൽ അധിവാസ കേന്ദ്രങ്ങളുടെ പ്രവർത്തനം മാത്രം വച്ചുകൊണ്ട് നഗരഗ്രാമപ്രദേശങ്ങളെ സാധാരണ രീതിയിൽ തരംതിരിക്കാനാവില്ല. നഗരത്തിന്റേയും ഗ്രാമത്തിന്റേയും പ്രത്യേകതകൾ സംയോജിക്കുന്ന ഒരു സ്വഭാവം നിലനിൽക്കുന്നുണ്ട്. നഗരത്തിന്റേയും ഗ്രാമത്തിന്റേയും സ്വഭാവ വിശേഷം പ്രകടിപ്പിക്കുന്ന അധിവാസ കേന്ദ്രങ്ങളിൽ അർദ്ധഗ്രാമസ്വഭാവവും അർദ്ധനഗരസ്വഭാവവും കൂടി പ്രകടമാണെന്ന് ഭൂവിനിയോഗത്തിന്റേയും പ്ലോട്ടിന്റെ വലിപ്പത്തിന്റെയും അടിസ്ഥാനത്തിൽ നടത്തിയ അപഗ്രഥനങ്ങൾ വ്യക്തമാക്കുന്നു. ഒരു പ്രദേശത്തെ അർദ്ധനഗര പ്രദേശമെന്ന് വിളിക്കണമെങ്കിൽ അവിടെ നാഗരീകവും ഗ്രാമീണവുമായ പ്രവർത്തനങ്ങൾ ഉണ്ടായിരിക്കുകയും, നാഗരീക പ്രവർത്തനങ്ങൾ മഖ്യമായിരിക്കുകയും വേണം. മുഖ്യ പ്രവർത്തനങ്ങൾ ഗ്രാമീണമാണെങ്കിൽ ഈ ദേശത്തെ അർദ്ധഗ്രാമപ്രദേശമെന്ന് വിളിക്കാം. ഈ രീതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ അധിവാസകേന്ദ്രങ്ങളെ തരംതിരിക്കുന്നത്.ചിത്രം 3.27 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.27

ഭൂവിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ അധിവാസകേന്ദ്രങ്ങളുടെ പ്രവർത്തന സ്വഭാവം



ചിത്രത്തിൽ കാണുന്നതുപോലെ ജില്ലയിലെ മൂന്നിൽ ഒന്ന് തദ്ദേശഭരണ സ്ഥാപനങ്ങളും ഗ്രാമീണ സ്വഭാവം പ്രകടിപ്പിക്കുന്നു. ജില്ലയുടെ ഇടനാട്, ഉയർന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിലാണ് ഗ്രാമീണസ്വഭാവമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരി ച്ചിരി ക്കുന്നത്. കൊച്ചി നഗരസഭയും തുടർച്ചയായുള്ള കേന്ദ്രങ്ങളും മറ്റു നഗരസഭകളും വടക്കേക്കര, പള്ളിപ്പുറം, ചേന്ദമംഗലം, മുതലായ നഗരപ്രദേശങ്ങളോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളും നഗരസ്വഭാവം പ്രദർശിപ്പിക്കുന്നു. ചില തീരദേശ പഞ്ചായത്തുകളായ ചെങ്ങമനാട്, കുന്നുകര, മുളവുകാട്, കുമ്പളങ്ങി, ഞാറയ്ക്കൽ എന്നിവ അർദ്ധനഗരസ്വഭാവം പ്രകടിപ്പിക്കുന്നു. അർദ്ധനഗര സ്വഭാവം പ്രകടിപ്പിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഗ്രാമസ്വഭാവമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഇടയ്ക്ക് വരുന്ന ചില പഞ്ചായത്തുകളും ചില നഗരസഭകളും അർദ്ധഗ്രാമീണ സ്വഭാവം പ്രകടിപ്പിക്കുന്നതായി മനസ്സിലാക്കാം.

3.3 മാനവവിഭവശേഷി – ജനസംഖ്യാപഠനം

എല്ലാ വികസനപരിശ്രമങ്ങളിലും അടിസ്ഥാനമായി വർത്തിക്കുന്നത് ജനസംഖ്യാ സൂചകങ്ങളാണ്. പരമാവധി ജനങ്ങൾക്ക് ഏറ്റവുമധികം ഗുണകരമായ കാര്യങ്ങൾ പ്രാപ്യമാക്കുക എന്നതാണ് ഏതുതരം ആസൂത്രണത്തിന്റേയും ലക്ഷ്യങ്ങളിലൊന്ന്. അതിനാൽ ജനസംഖ്യ അപഗ്രഥനവിധേയമാക്കേണ്ടത് അത്യാവശ്യമാണ്. ജനസംഖ്യയുടെ വലുപ്പം, വളർച്ചാനിരക്ക്, സാന്ദ്രത കേന്ദ്രീകരണ പ്രവണതകൾ, തുടങ്ങിയവ ഈ അദ്ധ്യായത്തിൽ പഠനവിധേയമാക്കുന്നു. കൂടാതെ പ്രവണതകളുടെ അടിസ്ഥാനത്തിൽ ജില്ലയിലെ ഭാവിജനസംഖ്യ കണക്കാക്കുന്നതിനും ശ്രമിച്ചിരിക്കുന്നു.

3.3.1 ജനസംഖ്യ

2011 സെൻസസ് അനുസരിച്ച് എറണാകുളം ജില്ലയിലെ ആകെ ജനസംഖ്യ 3282388 ആണ്.സംസ്ഥാനത്തിന്റെ ആകെ ജനസംഖ്യയുടെ 9.8% ആണിത്. ജനസംഖ്യ വലിപ്പത്തിൽ സംസ്ഥാനത്ത് മൂന്നാം സ്ഥാനവും സമീപജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ജില്ലയ്ക്ക് ഒന്നാം സ്ഥാനമുണ്ട്.

ചിത്രം 3.28
ജനസംഖ്യ-കാലാനുസൃതമായ വ്യതിയാനം



ഓരോ ദശകത്തിലും ജില്ലയിലെ ജനസംഖ്യയിലുണ്ടായ വ്യതിയാനം കഴിഞ്ഞ മൂന്ന് ദശകങ്ങൾ പരിഗണിച്ച് ചിത്രം 3.28 ൽ നൽകിയിരിക്കുന്നു.

1981-91 ദശകത്തിൽ ജനസംഖ്യയിൽ 2.8ലക്ഷം വർദ്ധനവും 91-2001 ദശകത്തിൽ 2.9 ലക്ഷം വർദ്ധനവും ഉണ്ടായി. എന്നാൽ 2001-2011 ദശകത്തിൽ ജനസംഖ്യയിൽ 1.8ലക്ഷം വർദ്ധനവ് മാത്രമേ ജില്ലയിൽ ഉണ്ടായിട്ടുള്ളൂ. ഇത് ജില്ലയിലെ ജനസംഖ്യയുടെ വളർച്ചയിലുണ്ടായ കുറവിനെ സൂചിപ്പിക്കുന്നു.

3.3.2 വളർച്ചാനിരക്ക്

2011 സെൻസസ് അനുസരിച്ച് 2001-2011 കാലയളവിൽ എറണാകുളം ജില്ലയുടെ ജനസംഖ്യാവളർച്ചാനിരക്ക് 5.7% ആണ്. ആയത് ഇതേ കാലയളവിലെ സംസ്ഥാനശരാശരിയായ 4.92% ത്തേക്കാൾ കൂടുതൽ ആണ്.

ജില്ലയുടെ ജനസംഖ്യ വളർച്ചാ നിരക്കിലെ കാലാനുസൃതമായ വ്യതിയാനം സംസ്ഥാന കണക്കുകളുമായി താരതമ്യം ചെയ്തത് ചിത്രം 3.29 ൽ കാണിച്ചിരിക്കുന്നു. ജനസംഖ്യയുടെ വളർച്ചാനിരക്ക് സംസ്ഥാനത്ത് മൊത്തത്തിലും ജില്ലയിലും കുറയുന്ന പ്രവണതയാണുള്ളതെന്ന് ചിത്രം വ്യക്തമാക്കുന്നു.

ചിത്രം 3.29
എറണാകുളം ജില്ലയിലെ ജനസംഖ്യാ വളർച്ചാനിരക്കിലുള്ള കാലാനുസൃതമായ വ്യതിയാനം സംസ്ഥാനത്തിന്റേതുമായുള്ള താരതമ്യം



കഴിഞ്ഞ മൂന്ന് ദശകങ്ങളിൽ ജനസംഖ്യയുടെ വളർച്ചാനിരക്ക് ജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ സ്ഥലപരമായി എങ്ങനെ പ്രതിഫലിക്കുന്നു എന്ന് ചിത്രം 3.30 ൽ വ്യക്തമാക്കുന്നു.

ചിത്രം 3.30
ജനസംഖ്യയുടെ വളർച്ചാനിരക്ക് - തദ്ദേശഭരണസ്ഥാപനങ്ങളിലെ വിന്യാസം



1991-2001 കാലയളവിൽ ജനസംഖ്യയുടെ വളർച്ചാനിരക്ക് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും (കടുങ്ങല്ലൂർ, ചൂർണ്ണിക്കര, വാഴക്കുളം ഒഴികെ) കുറഞ്ഞു വരുന്ന പ്രവണതയാണെന്ന് ചിത്രത്തിൽ നിന്ന് വ്യക്തമാണ്. 2001-2011 ൽ നഗരപ്രദേശങ്ങളോട് (ആലുവ മുനിസിപ്പാലിറ്റി, പെരുമ്പാവൂർ മുനിസിപ്പാലിറ്റി) ചേർന്നുകിടക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ (കടുങ്ങല്ലൂർ, ചൂർണ്ണിക്കര, വാഴക്കുളം) താരതമ്യേന ഉയർന്ന വളർച്ചാനിരക്ക് പ്രകടമാണ് (ചിത്രം 3.31).

ചിത്രം 3.31
ജനസംഖ്യയുടെ വളർച്ചാനിരക്ക് ഉയർന്നു നിൽക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ



പ്രദേശങ്ങളിലേക്കുള്ള കുടിയേറ്റവും വ്യവസായ സ്ഥാപനങ്ങളുടെയും ഐ.ടി. മേഖലയുടെയും വളർച്ചയും ജനസംഖ്യാ വളർച്ചാനിരക്ക് ഉയരാൻ കാരണമായെന്ന് അനുമാനിക്കാം. തൃക്കാക്കര മുൻസിപ്പാലിറ്റി ഈ ദശകത്തെ ഏറ്റവും കൂടിയ ജനസംഖ്യാ വളർച്ചാനിരക്കും (33.53%) കല്ലൂർക്കാട് പഞ്ചായത്ത് (1.85%) ഏറ്റവും കുറഞ്ഞ ജനസംഖ്യാ വളർച്ചാനിരക്കും കാണിക്കുന്നു.

1991-2001 ലെ ജനസംഖ്യാവളർച്ചാനിരക്ക് പരിശോധിച്ചാൽ മുൻദശകത്തെ അപേക്ഷിച്ച് കുറഞ്ഞു വരുന്നതായാണ് കാണുന്നത്. (കടുങ്ങല്ലൂർ, ചൂർണ്ണിക്കര, വാഴക്കുളം എന്നിവ ഒഴികെ) ഈ പ്രദേശങ്ങളിലെ സാമ്പത്തിക അടിത്തറയിലുമണ്ടായ മാന്ദ്യത്തെയാണ് ഇത് സൂചിപ്പി ക്കുന്നത്. ഈ ദശകത്തിലും തൃക്കാക്കര മുൻസിപ്പാലിറ്റിയിലാണ് ഏറ്റവും കൂടിയ വളർച്ചാനിരക്ക് (28.96%) .കിഴക്കൻ മേഖലയിലെ പഞ്ചായത്തായ കീരംപാറ ഏറ്റവും കുറഞ്ഞ വളർച്ചാനിരക്കും (1.76%) കാണിക്കുന്നു.

2001-2011-ലെ ജനസഖ്യാ വളർച്ചാനിരക്ക് 1991-2001 ദശകത്തെ അപേക്ഷിച്ച്, കടുങ്ങല്ലൂർ, വരാപ്പുഴ, പല്ലാരിമംഗലം, വാരപ്പെട്ടി, കോട്ടുവള്ളി , ചൂർണ്ണിക്കര, എടത്തല, കീഴ്മാട്, വാഴക്കുളം, കൊച്ചി കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടിയിട്ടുള്ളതായി കാണുന്നു. മുൻദശകങ്ങളിൽ ഏറ്റവും ഉയർന്ന ജനസംഖ്യാ വളർച്ചാനിരക്ക് കാണിച്ചിരുന്ന തൃക്കാക്കര മുൻസിപ്പാലിറ്റി, 2011-ൽ ജനസംഖ്യാ വളർച്ചാനിരക്കിൽ 7-ാം സ്ഥാനത്തേക്ക് പിൻതള്ളപ്പെട്ടിരിക്കുന്നു. ഈ കാലയളവിൽ ജില്ലയുടെ അതിർത്തികളിൽ കിടക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലും (അയ്യമ്പുഴ, കീരമ്പാറ, കുട്ടമ്പുഴ, കല്ലൂർക്കാട്, ഇലഞ്ഞി, കൂത്താട്ടുകുളം, പാമ്പാക്കുട, പിറവം, രാമമംഗലം, കുന്നുകര, ഏഴിക്കര, വടക്കേക്കര, കോട്ടുവള്ളി, വടവുകോട്-പുത്തൻകുരിശ്) തീരപ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തുകളിലും(ഞാറക്കൽ, മുളവുകാട്), ആലുവ നഗരസഭ, കോട്ടുവള്ളി എന്നിവിടങ്ങളിലും ന്യൂനവളർച്ചാ നിരക്കാണുള്ളത്. ജനസംഖ്യ തന്നെ ഇവിടെ ഗണ്യമായി കുറഞ്ഞിരിക്കുന്നു.

3.3.3 ജനസാന്ദ്രത

ജില്ലയുടെ മൊത്തം ജനസാന്ദ്രതയും അറ്റ ജനസാന്ദ്രതയും അപഗ്രഥിക്കുകയുണ്ടായി. മൊത്തം ജനസംഖ്യയെ മൊത്തം ഭൂവിസ്തൃതികൊണ്ട് ഹരിച്ചാണ് മൊത്തം ജനസാന്ദ്രത കണക്കാക്കുന്നത്. അതേസമയം മൊത്തം ഭൂവിസ്തൃതിയിൽ നിന്ന് ജലാശയങ്ങൾ, വനം, നെൽപ്പാടങ്ങൾ, എന്നിങ്ങനെ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളുടെ വിസ്തീർണ്ണം കുറച്ച് അറ്റവിസ്തീർണ്ണം എടുത്ത് അറ്റജനസാന്ദ്രത കണക്കാക്കുന്നു.

മൊത്തം ജനസാന്ദ്രത

എറണാകുളം ജില്ലയുടെ ശരാശരി മൊത്തം ജനസാന്ദ്രത ച.കി.മീറ്ററിന് 1072 പേരാണ്. ഇത് സംസ്ഥാന ശരാശരിയായ ച.കി.മീറ്ററിന് 860പേർ എന്നതിനേക്കാൾ ഉയർന്നതാണ്.

എറണാകുളം ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മൊത്തം ജനസാന്ദ്രതയുടെ വിന്യാസം ചിത്രം 3.32 ൽ കാണിച്ചിരിക്കുന്നു. തീരപ്രദേശം, ഇടനാട്, മലമ്പ്രദേശം എന്നിവിടങ്ങളിൽ മൊത്തം ജനസാന്ദ്രതയിലുള്ള വ്യക്തമായ വേർതിരിവ് ചിത്രത്തിൽ പ്രകടമാണ്.

ചിത്രം 3.32
മൊത്തം ജനസാന്ദ്രത (2011 സെൻസസ്) തദ്ദേശ ഭരണസ്ഥാപനങ്ങളിൽ



തീരപ്രദേശങ്ങളിലെ മൊത്തം ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 3000-6000 പേർ എന്ന പരിധിയിൽ വളരെ ഉയർന്നു നിൽക്കുന്നു. എന്നാൽ ജില്ലയുടെ മധ്യഭാഗത്തുള്ള പഞ്ചായത്തുകളിൽ ച.കി. മീറ്ററിന് 1500-3000 പേർ എന്ന പരിധിയിലും കിഴക്കൻ മലമ്പ്രദേശങ്ങളിൽ ച.കി.മീറ്ററിന് 750പേർ എന്ന നിലയിലുമാണ് മൊത്തം ജനസാന്ദ്രത. (പട്ടിക 3.7).

ജില്ലയുടെ കിഴക്കൻ മലമ്പ്രദേശങ്ങളിലെ രണ്ട് ഗ്രാമപഞ്ചായത്തുകളിലാണ് (കുട്ടമ്പുഴ, വേങ്ങൂർ) ഏറ്റവും കുറഞ്ഞ ജനസാന്ദ്രതയുള്ളത്. അതിൽതന്നെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ ജനസാന്ദ്രതയാണ് ഏറ്റവും കുറവ്. ച.കി.മീറ്ററിന് 45 പേർ മാത്രമാണ് ഇവിടെയുള്ളത്. ജില്ലയിലെ വനപ്രദേശങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്ന പ്രസ്തുത പ്രദേശങ്ങളി ൽ കൂടുതൽ പ്രദേശങ്ങളും വനഭൂമിയാണ് എന്നതും വനഭൂമിയല്ലാത്ത പ്രദേശങ്ങളിൽ പശ്ചാത്തല/സേവന സൗകര്യങ്ങൾ അപര്യാപ്തമാണെന്നതും ഇതിന് കാരണമാകുന്നു. കൊച്ചി കോർപ്പറേഷൻ, ആലുവ, മരട്, നോർത്ത് പറവൂർ, തൃപ്പൂണിത്തറ മുൻസിപ്പാലിറ്റികളിലും തീരപ്രദേശത്തെ പഞ്ചായത്തുകളായ വരാപ്പുഴ, എളങ്കുന്നപ്പുഴ, വടക്കേക്കര, ചിറ്റാറ്റുകര എന്നിവിടങ്ങളിലുമാണ് ഏറ്റവും ഉയർന്ന ജനസാന്ദ്രത. അതിൽ തന്നെ കൊച്ചി കോർപ്പറേഷനിൽ ആണ് ഏറ്റവും കൂടുതൽ ജനസാന്ദ്രത(6677). ഭൂരിപക്ഷം തദ്ദേശഭരണ സ്ഥാപനങ്ങളും (32എണ്ണം) ച.കി.മീറ്ററിന് 750-1500 പേർ എന്ന പരിധിയിൽ ജനസാന്ദ്രതയുള്ളവയാണ്. 24എണ്ണം 750 ൽ താഴെ ജനസാന്ദ്രതയുള്ളതും 20എണ്ണം 1500-2250 പരിധിക്കുള്ളിൽ വരുന്നതും 10എണ്ണം 2250-3000 പരിധിക്കുള്ളിൽ വരുന്നതുമാണ്.

പട്ടിക 3.7

മൊത്തം ജനസംഖ്യയുടെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണസ്ഥാപനങ്ങളെ തരംതിരിക്കൽ

മൊത്തം ജനസാന്ദ്രതയുടെ പരിധി	തദ്ദേശഭരണ സ്ഥാപനം	മൊത്തം ജനസാന്ദ്രതയുടെ പരിധി	തദ്ദേശഭരണ സ്ഥാപനം
< 750	അയ്യമ്പുഴ,മലയാറ്റൂർ, നീലീശ്വരം, പൈങ്ങോട്ടൂർ, പിണ്ടിമന, കോട്ടപ്പടി, കവളങ്ങാട്, കീരംമ്പാറ, പോത്താനിക്കാട്, കുട്ടമ്പുഴ, വേങ്ങൂർ, എടക്കാട്ടുവയൽ, മണീട്,ആരക്കുഴ, കല്ലൂർകാട്, ആയവന, മാറാടി, ഇലഞ്ഞി, തിരുമാറാടി, പാലാക്കുഴ,പാമ്പാക്കുട, രാമമംഗലം, വടവുകോട്-പുത്തൻകുരിശ്, മഴുവന്നൂർ, കുത്താട്ടുകുളം	2250? 3000	ചേരാനല്ലൂർ, ചൂർണ്ണിക്കര, എടത്തല, ഞാറക്കൽ, പള്ളിപ്പുറം, ഏലൂർ കളമശ്ശേരി നഗരസഭ, മൂവാറ്റുപുഴ നഗരസഭ, തൃക്കാക്കര നഗരസഭ, കടുങ്ങല്ലൂർ, ചേന്ദമംഗലം
750-1500	മൂക്കന്നൂർ, മഞ്ഞപ്ര,കറുകുറ്റി, കടമക്കുടി, മുള വാരപെട്ടി, പല്ലാരിമംഗലം, അശമന്നൂർ, മുടക്കുഴ, രായമംഗലം, കൂവപ്പടി, മുളംതുരുത്തി, ആമ്പല്ലൂർ, ആവോലി, വാളകം, മഞ്ഞള്ളൂർ, പുത്തൻവേലിക്കര, നെടുമ്പാശ്ശേരി, പാറക്കടവ്, കുന്നുകര, ഏഴിക്കര, പൂതൃക്ക, തിരുവാണിയൂർ, ഐക്കരനാട്, കുന്നത്തുനാട്, വെങ്ങോല, കിഴക്കമ്പലം, അങ്കമാലി, കോതമംഗലം, പിറവം, പായിപ്ര.	>3000	വരാപ്പുഴ, എളങ്കുന്നപ്പുഴ, വടക്കേക്കര, ചിറ്റാറ്റുകര, ആലുവ, മരട്, നോർത്ത് പറവൂർ, തൃപ്പൂണിത്തറ നഗരസഭകൾ.
1500-2250	കരുമാല്ലൂർ, ആലങ്ങാട്, തുറവൂർ, കാഞ്ഞൂർ, കാലടി, ഒക്കൽ, നെല്ലിക്കുഴി, ഉദയംപേരൂർ, ചോറ്റാനിക്കര, ചെല്ലാനം, കുമ്പളങ്ങി, ശ്രീമൂലനഗരം, ചെങ്ങമനാട്, കോട്ടുവള്ളി, വാഴക്കുളം, കീഴ്മാട്, കുഴുപ്പിള്ളി, നായരമ്പലം, എടവനക്കാട്, പെരുമ്പാവൂർ മുൻസിപ്പാലിറ്റി	>6000	കൊച്ചി കോർപ്പറേഷൻ

അവലംബം-സെൻസസ് 2011

അറ്റജനസാന്ദ്രത (Net population density)

ജില്ലയുടെ ശരാശരി അറ്റജനസാന്ദ്രത ച.കി.മീറ്ററിന് 2739 പേർ എന്ന് കണക്കാക്കിയിരിക്കുന്നു. അറ്റജനസാന്ദ്രതയുടെ തദ്ദേശഭരണ സ്ഥാപനങ്ങളിലുള്ള സ്ഥലപരവിന്യാസം ചിത്രം 3.33 ൽ നൽകിയിരിക്കുന്നു. ഏറ്റവും ഉയർന്നപരിധി (5000-7000) യിലുള്ള അറ്റജനസാന്ദ്രത തീരപ്രദേശത്താണുള്ളത്. ഏറ്റവും കുറഞ്ഞ അറ്റജനസാന്ദ്രത കിഴക്കൻ മലമ്പ്രദേശങ്ങളിലുമാണ് (< 750).

ചിത്രം 3.33

തദ്ദേശ ഭരണസ്ഥാപന തലത്തിൽ അറ്റ ജനസാന്ദ്രതയുടെ വിന്യാസം (2011 സെൻസസ്)



മൊത്തം ജനസംഖ്യയെ വാസയോഗ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം കൊണ്ട് ഹരിക്കുമ്പോൾ അറ്റ ജനസാന്ദ്രത ലഭിക്കും. അറ്റജനസാന്ദ്രത ഏറ്റവും കൂടുതലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനം ആദ്യം എന്ന നിലയിൽ അവരോഹണക്രമത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ക്രമീകരിച്ച് ജനസംഖ്യയുടെ കേന്ദ്രീകരണരീതി കണ്ടെത്താവുന്നതാണ്.

ജില്ലയുടെ ജനസംഖ്യാ കേന്ദ്രീകരണത്തിന്റെ രീതി ചിത്രം 3.34 ൽ നൽകിയിരിക്കുന്നു. ജില്ലയുടെ ജനസംഖ്യയുടെ മൂന്നിൽ ഒരു ഭാഗം കേന്ദ്രീകരിച്ചിരിക്കുന്നത് ജില്ലയുടെ ഭൂവിസ്തൃതിയുടെ 14.33% പ്രദേശത്താണ്. ജില്ലയിലെ മൂന്നിലൊന്ന് ജനങ്ങളും അധിവസിക്കുന്നത് നോർത്ത് പറവൂർ മുൻസിപ്പാലിറ്റിയും കൊച്ചി കോർപ്പറേഷനും ഉൾപ്പെടുന്ന 15 തദ്ദേശ ഭരണ പ്രദേശങ്ങളിലാണ്. അതുപോലെ ജനസംഖ്യയുടെ പകുതിഭാഗം വിന്യസിച്ചിരിക്കുന്നത് ആലുവ, മൂവാറ്റുപുഴ, പെരുമ്പാവൂർ, അങ്കമാലി, കോതമംഗലം, തൃക്കാക്കര എന്നീ മുൻസിപ്പാലിറ്റികൾ ഒഴികെ മറ്റു മുൻസിപ്പാലിറ്റികൾ ഉൾപ്പെടുന്ന തദ്ദേശ ഭരണ പ്രദേശങ്ങളിലാണ്. അതുപോലെ ജില്ലയുടെ വിസ്തീർണ്ണത്തിന്റെ 45% ഭാഗത്താണ് മൊത്തം ജനസംഖ്യയുടെ 2/3 ഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത്.

ചിത്രം 3.34
ജനസംഖ്യാ കേന്ദ്രീകരണത്തിന്റെ രീതി



3.3.5 ജനസംഖ്യയുടെ പ്രൊജക്ഷൻ (പ്രവണതയെ അടിസ്ഥാനമാക്കി)

ജനസംഖ്യാവളർച്ചയുടെ നിലവിലുള്ള പ്രവണതകൾ തുടരുന്നുവെന്ന് സങ്കല്പിച്ചു കൊണ്ട് ജില്ലയുടേയും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും 2021-ലേയും, 2031-ലേയും ജനസംഖ്യാപ്രൊജക്ഷൻ നടത്തുകയുണ്ടായി. മൂല്യക്ഷയ രീതി, വിഭജനരീതി എന്നീ രണ്ടു രീതികൾ ഉപയോഗിച്ച് ജനസംഖ്യയുടെ പ്രൊജക്ഷൻ നടത്തിയ ശേഷം അവയുടെ ശരാശരിയാണ് 2021-ലേയും, 2031-ലേയും ജനസംഖ്യയായി തിട്ടപ്പെടുത്തിയിരിക്കുന്നത്.

(എ). മൂല്യക്ഷയരീതി (Decreasing rate method)

ജനസംഖ്യാ വളർച്ചയിൽ 2011-ൽ ഉണ്ടായിരുന്ന കുറവ് അതേ തോതിൽ അടുത്ത രണ്ടു ദശകങ്ങളിലും നിലനില്ക്കുമെന്ന സങ്കല്പത്തിലാണ് 2021-ലേയും 2031-ലേയും ജനസംഖ്യാ വളർച്ചാനിരക്ക് കണക്കാക്കുന്നത്. ഇപ്രകാരം കണക്കാക്കുന്ന വളർച്ചാനിരക്കിനെ ആസ്പദമാക്കി 2021-ലേയും, 2031-ലേയും ജനസംഖ്യ കണക്കാക്കിയിരിക്കുന്നു. (പട്ടിക 3.8 കാണുക).

പട്ടിക 3.8
ജില്ലയുടെ ജനസംഖ്യ പ്രൊജക്ഷൻ- മൂല്യക്ഷയരീതിയിൽ

വർഷം	ആകെ ജനസംഖ്യ	ജനസംഖ്യാ വളർച്ചാനിരക്ക്	ജനസംഖ്യാ വളർച്ചാനിരക്കിലെ കുറവ്
1971	2383178		
1981	2535294	6.38	
1991	2817236	11.12	74.29
2001	3105798	10.24	7.91
2011	3282388	5.69	-44.43
2021	3386111	3.16	-44.43
2031	3445707	1.76	-44.43

(ബി). വിഭജനരീതി (Apportionment method)

ജില്ലയുടെ ജനസംഖ്യക്ക് സംസ്ഥാനത്തിന്റെ ജനസംഖ്യയുമായുള്ള അനുപാതം കണക്കാക്കിയ ശേഷം ആ അനുപാതം അടുത്ത രണ്ട് ദശകങ്ങളിലേക്ക് പ്രൊജക്ട് ചെയ്യുകയാണ് വിഭജനരീതിയിൽ ചെയ്യുന്നത്. 2001-2011 കാലയളവിലെ അനുപാതത്തിന്റെ മൂല്യം തന്നെ 2011-2021 കാലയളവിലും 2021-2031 കാലയളവിലും തുടരും എന്ന നിഗമനമാണ് ഇവിടെ സ്വീകരിക്കുന്നത്. 2021-ലെയും 2031-ലെയും ജില്ലയുടെ ജനസംഖ്യ കണക്കാക്കുന്നതിന് പ്രസ്തുത വർഷങ്ങളിലെ സംസ്ഥാന ജനസംഖ്യയുടെ പ്രൊജക്ഷൻ മൂല്യക്ഷയരീതിയിൽ കണ്ടുപിടിക്കുന്നു. വിഭജനരീതി അനുസരിച്ച് ജില്ലയുടെ ജനസംഖ്യാ പ്രൊജക്ഷൻ പട്ടിക 3.9, 3.10 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 3.9
ജില്ലയുടെ ജനസംഖ്യാ പ്രൊജക്ഷൻ - വിഭജനരീതിയിൽ

വർഷം	ആകെ ജനസംഖ്യ		ജില്ലയുടെ ജനസംഖ്യക്ക് സംസ്ഥാനത്തിന്റെ ജനസംഖ്യയുമായുള്ള Y/X	അനുപാത വ്യത്യാസം
	കേരളം X	എറണാകുളം ജില്ല Y		
1971	21347375	2383178	0.1116	
1981	25453680	2535294	0.0996	-0.012
1991	29098518	2817236	0.0968	-0.0028
2001	31841374	3105798	0.0975	0.0007
2011	33406061	3282388	0.0983	0.0008
2021	34261256	3395290	0.0991	0.0008
2031	34716931	3468221	0.0999	0.0008

പട്ടിക 3.10
എറണാകുളം ജില്ലയുടെ ഭാവിജനസംഖ്യ

വർഷം	മൂല്യക്ഷയ രീതി അനുസരിച്ച് ആകെ ജനസംഖ്യ	വിഭജനരീതി അനുസരിച്ച് ആകെ ജനസംഖ്യ	ശരാശരി
2021	3386111	3395290	3390701
2031	3445707	3468221	3456964

3.4 മാനവവിഭവശേഷി – തൊഴിൽ ഘടന

2011 സെൻസസ് അനുസരിച്ചുള്ള ജില്ലയിലെ തൊഴിൽ ഘടനയെ അടിസ്ഥാനമാക്കി ജില്ലയുടെ നിലവിലെ സാമ്പത്തിക അടിത്തറയെക്കുറിച്ച് ചർച്ചചെയ്യുകയാണ് ഇവിടെ. ജില്ലയുടെ സാമ്പത്തിക അടിത്തറയ്ക്ക് സംഭവിച്ച മാറ്റം എന്താണെന്ന് അന്വേഷിക്കുകയും അതോടൊപ്പം വരും ദശകങ്ങളിലെ (2011-21, 2021-31) തൊഴിലാളികളുടെ എണ്ണം കണ്ടെത്തുകയും ചെയ്യുന്നു.

2011 സെൻസസ് പ്രകാരം എറണാകുളം ജില്ലയുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 38.06% ആണ്. അതായത് മൊത്തം ജനസംഖ്യയായ 33 ലക്ഷത്തിൽ 12.5 ലക്ഷം പേർ തൊഴിലാളികളാണ്. മൊത്തം ജനസംഖ്യയിൽ 32% പേർ പ്രധാന തൊഴിലാളികളാണ്. നാമമാത്ര തൊഴിലാളികൾ 6% ആണ്. 1991-2011 കാലയളവിലെ മൊത്തം തൊഴിലാളികളുടേയും പ്രധാന തൊഴിലാളികളുടേയും എണ്ണം ചിത്രം 3.35 ലും പട്ടിക 3.11 ലും നൽകിയിരിക്കുന്നു.

3.4.1 ജില്ലയുടെ തൊഴിൽ ശക്തി

പട്ടിക 3.11
തൊഴിലാളികളുടെ എണ്ണം

	1991	2001	2011
മൊത്തം തൊഴിലാളികൾ	942104	1117091	1249343
പ്രധാനതൊഴിലാളികൾ	873408	915756	1061388

അവലംബം-സെൻസസ് 2011

ചിത്രം 3.35
മൊത്തം തൊഴിലാളികളുടേയും പ്രധാനതൊഴിലാളികളുടേയും എണ്ണത്തിൽ കാലാനുസൃതമായി ഉണ്ടായ വ്യതിയാനം



മൊത്തം തൊഴിലാളികളുടെ എണ്ണവും പ്രധാന തൊഴിലാളികളുടെ എണ്ണവും കഴിഞ്ഞ മൂന്ന് ദശകങ്ങളിൽ ക്രമമായി വർദ്ധിച്ചുവരുന്നതായാണ് ചിത്രത്തിൽ

കാണുന്നത്. 2001-2011 കാലഘട്ടത്തിൽ തൊഴിലാളികളുടെ വളർച്ചാ നിരക്ക് 11.84 ശതമാനമാണ്. ഇത് മൊത്തം ജനസംഖ്യയുടെ വളർച്ചാ നിരക്കിന്റെ (5.69) ഇരട്ടിയാണ്. ജനസംഖ്യാ വളർച്ചയേക്കാൾ കൂടുതലായി തൊഴിലവസരങ്ങൾ വർദ്ധിക്കുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ജില്ലയുടെ സാമ്പത്തിക അടിത്തറയുടെ വളർച്ചയെ ഇത് സൂചിപ്പിക്കുന്നു.

3.4.2 മുഖ്യതൊഴിലാളി വിഭാഗങ്ങളുടെ സ്ഥലപര വിന്യാസം

കുടിൽ വ്യവസായ തൊഴിലാളികൾ, കർഷകർ, കർഷക തൊഴിലാളികൾ, മറ്റ് തൊഴിലാളികൾ എന്നീ 4 വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുടേയും കേന്ദ്രീകരണ സൂചകം തദ്ദേശഭരണ സ്ഥാപന തലത്തിൽ തയ്യാറാക്കി സ്ഥലസംബന്ധമായ വ്യതിയാനം വിശകലനം ചെയ്യുകയുണ്ടായി.

ജില്ലയിൽ വിവിധ വിഭാഗം തൊഴിലാളികളുടെ കേന്ദ്രീകരണ സൂചകത്തിന്റെ വ്യതിയാനം ചിത്രം 3.36 ൽ നൽകിയിരിക്കുന്നു.

കുടിൽ വ്യവസായ മേഖലയിലെ തൊഴിലാളികൾ ജില്ലയുടെ മദ്ധ്യഭാഗത്തും കിഴക്ക് ഭാഗത്തും ആണ് കേന്ദ്രീകരിച്ചിരിക്കുന്നത് എന്നും കർഷകതൊഴിലാളികൾ ഇടനാട്ടിലും മലമ്പ്രദേശങ്ങളിലുമാണ് കേന്ദ്രീകരിച്ചിരിക്കുന്നത് എന്നും ചിത്രത്തിൽ നിന്ന് വ്യക്തമാകും. കർഷക തൊഴിലാളികളുടെ കേന്ദ്രീകരണ സൂചകം ഏറ്റവും കൂടുതലുള്ളത് വേങ്ങൂർ, കോട്ടപ്പടി, കീരംപാറ, ഇലഞ്ഞി, കല്ലൂർക്കാട് എന്നീ പഞ്ചായത്തുകളിലാണ്. കർഷകർ കേന്ദ്രീകരിച്ചിരിക്കുന്നതും ഇടനാട്ടിലും മലമ്പ്രദേശങ്ങളിലുമായാണ് എന്ന് ചിത്രത്തിൽ നിന്നും കാണാം. കർഷകരുടെ കേന്ദ്രീകരണ സൂചകം ഉയർന്നു നിൽക്കുന്നത് കല്ലൂർക്കാട്, പോത്താനിക്കാട് ഇലഞ്ഞി എന്നീ പഞ്ചായത്തുകളിലാണ്.

ചിത്രം 3.36

ജില്ലയിൽ വിവിധ വിഭാഗം തൊഴിലാളികളുടെ കേന്ദ്രീകരണ സൂചകത്തിന്റെ വ്യതിയാനം









2011 സെൻസസ് അനുസരിച്ച് പ്രധാന തൊഴിലാളികളെ കർഷകർ, കർഷകതൊഴിലാളികൾ കുടിൽ വ്യവസായ തൊഴിലാളികൾ മറ്റ് തൊഴിലാളികൾ എന്നീ നാല് വിഭാഗങ്ങളിലായാണ് തിരിച്ചിരിക്കുന്നത്. മത്സ്യതൊഴിലാളികൾ, ഖനന തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ എന്നിങ്ങനെ പ്രാഥമിക മേഖലയുമായി ബന്ധപ്പെട്ടവരും മറ്റ് തൊഴിലാളികൾ എന്ന വിഭാഗത്തിൽപ്പെടുന്നു. 2011 സെൻസസ് പ്രകാരം എറണാകുളം ജില്ലയുടെ തൊഴിൽ പരമായ ഘടനാ ചിത്രം 3.37 ലും പട്ടിക 3.12 ലും നൽകിയിരിക്കുന്നു. പട്ടിക 3.12 ൽ നിന്ന് ജില്ലയിൽ കർഷകരും കർഷക തൊഴിലാളികളും കുടിൽ വ്യവസായ തൊഴിലാളികളും വളരെക്കുറവാണെന്നും ഭൂരിഭാഗം ജനങ്ങളും വാണിജ്യം, വ്യവസായം, തോട്ടം, സർവ്വീസ്, മത്സ്യബന്ധനം, ഖനനം തുടങ്ങിയ മേഖലകളിൽ തൊഴിൽ ചെയ്യുന്നു എന്നും മനസ്സിലാക്കാം. എറണാകുളം ജില്ലയുടെ സമീപ ജില്ലകളിലെ തൊഴിൽ ഘടന ചിത്രം 3.37 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.37
ജില്ലയുടെ തൊഴിൽഘടന



പട്ടിക 3.12
ജില്ലയിലെ തൊഴിലാളി വിഭാഗങ്ങൾ

	കർഷകർ	കർഷക തൊഴിലാളികൾ	കുടിൽവ്യവസായ തൊഴിലാളികൾ	മറ്റ് തൊഴിലാളികൾ	ആകെ
എണ്ണം	50423	71391	23976	1103553	1249343
%	4	6	2	88	100

അവലംബം-സെൻസസ് 2011

ജില്ലയിൽ പ്രധാന തൊഴിലാളികളുടെ മൊത്തം എണ്ണത്തിന്റെ 10% മാത്രമാണ് കർഷകരും കർഷക തൊഴിലാളികളും. അതേസമയം ബഹുഭൂരിപക്ഷം (88%) പ്രധാന തൊഴിലാളികളും മറ്റ് തൊഴിലാളികൾ എന്ന വിഭാഗത്തിൽപ്പെടുന്നു. (ചിത്രം 3.37) മുൻപ് സൂചിപ്പിച്ചതുപോലെ മത്സ്യത്തൊഴിലാളികൾ ഖനന തൊഴിലാളികൾ തോട്ടം തൊഴിലാളികൾ എന്നിങ്ങനെ പ്രാഥമിക മേഖലയിലെ തൊഴിലാളികളും മറ്റ് തൊഴിലാളികൾ എന്ന വിഭാഗത്തിലാണ് വരിക. മറ്റ് തൊഴിലാളികളിൽ 20% പേർ പ്രാഥമിക മേഖലയിലാണ് എന്ന് കണക്കാക്കിയാൽപ്പോലും മറ്റ് തൊഴിലാളികളിൽ 68% പേരും തൃതീയ മേഖലയിൽ തൊഴിലെടുക്കുന്നവരാണെന്ന് പറയാം. ഇത് ദേശീയ തലത്തിലെ ചിത്രത്തിൽ നിന്നും വ്യത്യസ്തമാണ്. ദേശീയതലത്തിൽ മൊത്തം തൊഴിലാളികളിൽ 60% ത്തിലേറെപ്പേർ പ്രാഥമിക മേഖലയിലാണ് തൊഴിലെടുക്കുന്നത്. അതിനാൽ

എറണാകുളം ജില്ലയിൽ പ്രാഥമിക മേഖല മന്ദീഭവിക്കുകയാണെന്ന് മനസ്സിലാക്കാം.

തൊഴിൽ ഘടന-നഗര ഗ്രാമ പ്രദേശങ്ങളിലെ വ്യതിയാനം

നാല് വിഭാഗം തൊഴിലാളികളും ജില്ലയിലെ നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും എത്രമാത്രം ഉണ്ടെന്ന് പട്ടിക 3.13 ൽ നിന്നു കാണാം. ചിത്രം 3.38 ലെ പൈചാർട്ടിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടിക 3.13
തൊഴിലാളി വിഭാഗങ്ങൾ നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും

	കർഷകർ		കർഷക തൊഴിലാളികൾ		കുടിൽവ്യവസായ തൊഴിലാളികൾ		മറ്റ് തൊഴിലാളികൾ	
	എണ്ണം	%	എണ്ണം	%	എണ്ണം	%	എണ്ണം	%
നഗര പ്രദേശം	8870	1	19162	2.3	15951	1.9	787363	94.7
ഗ്രാമ പ്രദേശം	41553	10	52229	12.5	8025	1.9	316190	75.6

അവലംബം-സെൻസസ് 2011

ചിത്രം 3.38
പ്രധാന തൊഴിലാളി വിഭാഗങ്ങൾ നഗര പ്രദേശങ്ങളിലും ഗ്രാമ പ്രദേശങ്ങളിലും



കർഷകരും കർഷക തൊഴിലാളികളും ആകെ തൊഴിലാളികളുടെ 3% മാത്രമാണ് നഗര പ്രദേശങ്ങളിൽ ഉള്ളത് എന്നും 22% മാണ് ഗ്രാമപ്രദേശങ്ങളിൽ ഉള്ളതെന്നും ചിത്രം വ്യക്തമാക്കുന്നു. എന്നാൽ കുടിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ നഗര പ്രദേശങ്ങളിലും ഗ്രാമ പ്രദേശങ്ങളിലും 2% വീതം മാത്രമാണെന്നു കാണാം. നഗരങ്ങളിലെ തൊഴിലാളികൾ മിക്കവരും (94.70%) തങ്ങളുടെ ജീവിതമാർഗ്ഗത്തിന് തൃതീയ മേഖലയാണ് ആശ്രയിക്കുന്നത്എന്ന് കാണാം.
ഗ്രാമ പ്രദേശങ്ങളിൽ മറ്റ് തൊഴിലാളികളിൽ 20% ത്തോളംപേർ പ്രാഥമിക മേഖലയുമായി ബന്ധപ്പെട്ട് പണിയെടുക്കുന്നവരാണെന്ന് കരുതിയാൽപ്പോലും തൃതീയ മേഖലയിൽ പണിയെടുക്കുന്നവർ 55% ൽ ഏറെവരും. ഇതിനർത്ഥം ഗ്രാമപ്രദേശങ്ങളിൽപോലും പ്രാഥമിക മേഖല മന്ദീഭവിക്കുന്നു എന്നാണ്.

തൊഴിൽ ഘടന - കാലാനുസൃതമായ വ്യതിയാനം

ജില്ലയുടെ വിവിധ വിഭാഗം തൊഴിലാളികളുടെ 1991, 2001, 2011 കാലയളവിലെ എണ്ണം പട്ടിക 3.14 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.14
വിവിധ വിഭാഗം തൊഴിലാളികൾ – ദശകങ്ങളിൽ

	കർഷകർ	കർഷക തൊഴിലാളികൾ	കുടിൽവ്യവസായ തൊഴിലാളികൾ	മറ്റ് തൊഴിലാളികൾ
1991	81198	137921	13733	709253
2001	58700	89026	32219	937146
2011	50423	71391	23976	1103553

അവലംബം–സെൻസസ് 1991,2001,2011

1991 മുതൽ 2011 വരെയുള്ള കാലയളവിൽ കർഷകരുടേയും കർഷക തൊഴിലാളികളുടേയും എണ്ണത്തിൽ വലിയ തോതിൽ കുറവ് (44%) സംഭവിക്കുകയുണ്ടായി. അതേസമയം മറ്റ് തൊഴിലാളികളുടെ എണ്ണത്തിൽ 56% വർദ്ധനവാണ് ഉണ്ടായത്. ജില്ലയുടെ പ്രാഥമിക മേഖലയുടെ പ്രത്യേകിച്ചും കാർഷിക മേഖലയുടെ തളർച്ചയെയാണ് ഇത് വ്യക്തമാക്കുന്നത്.

1991 മുതൽ 2011 വരെ കാലയളവിൽ നഗര പ്രദേശങ്ങളിലെ വിവിധ വിഭാഗം തൊഴിലാളികളുടെ എണ്ണത്തിലുണ്ടായ വ്യതിയാനമാണ് ചിത്രം 3.39 – ഉം പട്ടിക 3.15 – ഉം പ്രകടമാക്കുന്നത്. മറ്റ് തൊഴിലാളികൾ എന്ന വിഭാഗത്തിൽ ഇക്കാലയളവിൽ ഗണ്യമായ വർദ്ധനവും അതേസമയം കർഷകർ, കർഷക തൊഴിലാളികൾ എന്ന വിഭാഗത്തിൽ കുറവും സംഭവിച്ചു.

പട്ടിക 3.15
നഗര പ്രദേശങ്ങളിലെ വിവിധ വിഭാഗം തൊഴിലാളികളുടെ എണ്ണം

വർഷം	കർഷകർ	കർഷക തൊഴിലാളികൾ	കുടിൽവ്യവസായ തൊഴിലാളികൾ	മറ്റ് തൊഴിലാളികൾ
1991	12291	23732	5455	392588
2001	4027	9395	13431	478970
2011	8870	19162	15951	787363

അവലംബം–സെൻസസ് 1991,2001,2011

2001 മുതൽ 2011 വരെയുള്ള കാലയളവിൽ നഗര പ്രദേശങ്ങളിൽ കർഷകരുടേയും കർഷക തൊഴിലാളികളുടേയും എണ്ണം ഇരട്ടിയാവുകയും കുടിൽവ്യവസായ തൊഴിലാളികളിൽ നേരിയ വർദ്ധനവുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇതിന് കാരണം 2001 ൽ പഞ്ചായത്തുകളായിരുന്ന തൃക്കാക്കര, ഏലൂർ മരട്, തിരുവാങ്കുളം എന്നിവ മുനിസിപ്പാലിറ്റികളായി മാറിയതും 2001 സെൻസസിനേക്കാളും സെൻസസ് ടൗണുകളുടെ എണ്ണം 2011 സെൻസസിൽ കൂടിയതുമാണ് (31). ഈ കാലയളവിൽ നഗര ജനസംഖ്യയിൽതന്നെ 51% ത്തിലധികം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

ചിത്രം 3.39
നഗര പ്രദേശങ്ങളിലേയും ഗ്രാമ പ്രദേശങ്ങളിലേയും തൊഴിൽ ഘടനയിലുള്ള മാറ്റങ്ങൾ – 1991–2011



പട്ടിക 3.16
ഗ്രാമപ്രദേശങ്ങളിലെ വിവിധ വിഭാഗം തൊഴിലാളികളുടെ എണ്ണം

വർഷം	കർഷകർ	കർഷക തൊഴിലാളികൾ	കുടിൽവ്യവസായ തൊഴിലാളികൾ	മറ്റ് തൊഴിലാളികൾ
1991	68907	114189	8278	316665
2001	54673	79631	18788	458176
2011	41553	52229	8025	316190

അവലംബം- സെൻസസ് 1991, 2001, 2011

1991 മുതൽ 2011 വരെയുള്ള കാലയളവിൽ ഗ്രാമ പ്രദേശങ്ങളിലെ വിവിധ വിഭാഗം തൊഴിലാളികളുടെ എണ്ണത്തിലുണ്ടായ വ്യതിയാനം ചിത്രം 3.40, പട്ടിക 3.16 എന്നിവയിൽ കാണാം. വിവിധ വിഭാഗം തൊഴിലാളികളുടെ എണ്ണത്തിലുള്ള മാറ്റത്തിന്റെ രൂപമാതൃക നഗര പ്രദേശങ്ങളിലേതിന് സമാനമാണ് ഗ്രാമപ്രദേശങ്ങളിലും. ജില്ലയുടെ ഗ്രാമ പ്രദേശങ്ങളിലും പ്രാഥമിക മേഖലയുടെ, പ്രധാനമായും കാർഷിക മേഖലയുടെ പ്രവർത്തനങ്ങൾ തളരുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഒരു പ്രദേശത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ് ഉത്പാദന മേഖല എന്നിരിക്കെ അതിന്റെ ശോഷണം ആ പ്രദേശത്തിന്റെ സ്വയം പര്യാപ്തത, സാമ്പത്തിക ഭദ്രത എന്നിങ്ങനെ ബഹുമുഖ തലങ്ങളിൽ പ്രതിഫലിക്കും.

ജില്ലയിലെ നഗര പ്രദേശങ്ങളിലേയും ഗ്രാമ പ്രദേശങ്ങളിലേയും തൊഴിൽ പരമായ ഘടനയിലുള്ള മാറ്റങ്ങൾ ചിത്രം 3.39 ൽ താരതമ്യം ചെയ്തിരിക്കുന്നു.

ഗ്രാമ പ്രദേശങ്ങളിൽ പ്രാഥമിക മേഖലയിലെ തൊഴിലാളികളുടെ ശതമാനം കുറഞ്ഞുവരികയും അതേസമയം മറ്റ് തൊഴിലാളികൾ എന്ന വിഭാഗത്തിലുള്ളവരുടെ ശതമാനം വലിയ മാറ്റമില്ലാതെ തുടരുകയും ചെയ്യുന്ന കാഴ്ച്ചയാണ് ഈ ചിത്രം പ്രദാനം ചെയ്യുന്നത്. തൊഴിൽ ഘടനയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ജില്ലയുടെ ഗ്രാമ പ്രദേശങ്ങളുടെ ഗ്രാമീണ സ്വഭാവം ദുർബലമാകുന്നതായി കാണാം. നഗര പ്രദേശങ്ങളിൽ വ്യവസായ പ്രവർത്തനങ്ങൾ കുറയുകയും മറ്റ് തൊഴിലാളികൾ എന്ന വിഭാഗത്തിൽ തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി നഗര ഗ്രാമ പ്രദേശങ്ങളുടെ സ്വഭാവം വേർതിരിക്കുന്ന അതിർ വരമ്പ് ലോലമായി തീർന്നിരിക്കുന്നു.

3.4.4 തൊഴിൽ ഘടനയുടെ പ്രൊജക്ഷൻ (പ്രവണതയുടെ അടിസ്ഥാനത്തിൽ)

ഒരു പ്രദേശത്തിന്റെ തൊഴിൽ ഘടനയാണ് ആ പ്രദേശം നഗരമാണോ ഗ്രാമമാണോ

എന്ന് നിർണ്ണയിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നത്. ജില്ലയുടെ ആകെ നഗര ജനസംഖ്യ 2021-ൽ 2741602 ആയും, 2031-ൽ 3345589 ആയും വർദ്ധിക്കുമെന്ന് പ്രൊജക്ഷൻ നടത്തി കണക്കാക്കിയിട്ടുണ്ട്. ഇത് തൊഴിൽ പരമായ ഘടനയിലും സ്പഷ്ടമായി പ്രതിഫലിക്കുന്നുണ്ട്. ജില്ലയുടെ തൊഴിൽപരമായ ഘടന പ്രൊജക്ട് ചെയ്യുന്നതിനുമുമ്പായി 2001 ലേയും 2011 ലേയും തൊഴിൽ പങ്കാളിത്ത നിരക്ക് കണക്കാക്കുന്നു. നിശ്ചിത കാലയളവുകളിലെ തൊഴിൽ പങ്കാളിത്ത നിരക്ക് ചിത്രം 3.40 ലും പട്ടിക 3.17 ലും നൽകിയിരിക്കുന്നു.

ചിത്രം 3.40
തൊഴിൽ പങ്കാളിത്ത നിരക്കിന്റെ കാലാനുസൃതമായ വ്യതിയാനം.



പട്ടിക 3.17
തൊഴിൽ പങ്കാളിത്ത നിരക്ക്

വർഷം	1991	2001	2011
തൊഴിൽ പങ്കാളിത്ത നിരക്ക്	33.44	35.97	38.06
തൊഴിൽ പങ്കാളിത്ത നിരക്ക്-നഗര പ്രദേശം	31.61	34.24	37.21
തൊഴിൽ പങ്കാളിത്ത നിരക്ക്-ഗ്രാമ പ്രദേശം	35.18	37.53	39.88

അവലംബം-സെൻസസ് 1991, 2001, 2011

തൊഴിലവസരങ്ങൾ കണക്കിലെടുക്കുമ്പോൾ 40% തൊഴിൽ പങ്കാളിത്ത നിരക്ക് സുഖസൗകര്യങ്ങളുള്ള സമൂഹത്തെയാണ് സൂചിപ്പിക്കുന്നത് എന്ന വസ്തുത പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഇപ്പോഴത്തെ തൊഴിൽ പങ്കാളിത്ത നിരക്ക് 38.06% മാത്രമാണ്. ഈ സാഹചര്യത്തിൽ ജില്ലയുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 2031 ആകുമ്പോഴേക്കും 41.12% എന്ന തരക്കേടില്ലാത്ത നിലയിൽ എത്തുമെന്ന് പ്രതീക്ഷിക്കാം. തൊഴിൽ പങ്കാളിത്ത നിരക്കിൽ ക്രമാനുഗതമായ ഒരു വളർച്ച ഉണ്ടാകുമെന്ന സങ്കല്പത്തോടെ ജില്ലയുടെ തൊഴിൽ പങ്കാളിത്ത നിരക്ക് പ്രോജക്ട് ചെയ്തത് പട്ടിക 3.18 ലും ചിത്രം 3.41 ലും കാണാവുന്നതാണ്.

പട്ടിക 3.18
തൊഴിൽ പങ്കാളിത്തനിരക്ക് പ്രൊജക്ട് ചെയ്തത്

വർഷം	1991	2001	2011	2021	2031
തൊഴിൽ പങ്കാളിത്ത നിരക്ക്	33.44	35.97	38.06	39.76	41.12

ചിത്രം 3.41
തൊഴിൽ പങ്കാളിത്തനിരക്കിന്റെ പ്രോജക്ഷൻ



പ്രൊജക്ട് ചെയ്ത തൊഴിൽ പങ്കാളിത്ത നിരക്കിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ എണ്ണം പട്ടിക 3.19-ൽ കൊടുത്തിരിക്കുന്നു.

നഗര ഗ്രാമപ്രദേശങ്ങളിലെ തൊഴിൽ പങ്കാളിത്ത നിരക്ക് പ്രോജക്ട് ചെയ്തത് പട്ടിക 3.20 ലും കൊടുത്തിരിക്കുന്നു

പട്ടിക 3.19
തൊഴിലാളികളുടെ എണ്ണം (പ്രൊജക്ട് ചെയ്തത്)

വർഷം	1991	2001	2011	2021	2031
തൊഴിൽ പങ്കാളിത്ത നിരക്ക്	33.44	35.97	38.06	39.76	41.12
ജനസംഖ്യ	2817236	3105798	3282388	3386111	3445368
തൊഴിലാളികൾ	942104	1117091	1249343	1343668	1408292

പട്ടിക 3.20
നഗര പ്രദേശങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലേയും തൊഴിൽ പങ്കാളിത്ത നിരക്ക് (പ്രൊജക്ട് ചെയ്തത്)

വർഷം	ആകെ തൊഴിലാളികളുടെ നഗര ഗ്രാമ വിഭജനം		ആകെ തൊഴിൽ പങ്കാളിത്ത നിരക്ക്
	നഗരം	ഗ്രാമം	
	തൊഴിൽ പങ്കാളിത്ത നിരക്ക്	തൊഴിൽ പങ്കാളിത്ത നിരക്ക്	
1991	31.61	35.18	33.44
2001	34.24	37.53	35.97
2011	37.21	39.88	38.06
2021	40.35	42.23	39.76
2031	43.83	44.58	41.12

കാർഷികേതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷ□ാരുടെ ശതമാനം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എപ്രകാരമാണ് എന്ന് ചിത്രം 3.42 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.42
കാർഷികേതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷന്മാരുടെ ശതമാനം



വളർച്ച കാണിക്കുന്ന ഏകമേഖല സേവന മേഖലയാണ് എന്നാണ്. നാഗരിക തൊഴിലാളികളിൽ 95%-വും, ഗ്രാമീണ തൊഴിലാളികളിൽ 75%-വും തങ്ങളുടെ ഉപജീവനത്തിനായി സേവന മേഖലയെയാണ് ആശ്രയിക്കുന്നത്. അതായത് ഗ്രാമപ്രദേശങ്ങൾ പോലും പ്രാഥമിക മേഖലയിൽ പിന്നോക്കം പോകുകയും സേവനമേഖലയ്ക്ക് മുന്നോക്കം ലഭിക്കുകയും ചെയ്യുന്നു എന്നു കാണാം. കൃഷിയിൽ നിന്നും തൊഴിൽഘടനയിലെ മാറ്റത്തിന്റെ ഫലമായി ഗ്രാമപ്രദേശമായിരുന്ന സ്ഥലങ്ങൾ നഗരപ്രദേശങ്ങളായി മാറിയതാണ് ജില്ലയിൽ കൂടിയതോതിലുള്ള നഗരവത്ക്കരണത്തിന് കാരണം എന്ന് അപഗ്രഥനം വ്യക്തമാക്കുന്നു.

3.5 നഗരവൽക്കരണം

3.5.1 നഗരവൽക്കരണ പ്രവണത - കേരളം

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളത്തിലെ ജനസംഖ്യ 63.96 ലക്ഷമായിരുന്നു. ഇതിൽ 59.42 ലക്ഷം ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നവരായിരുന്നു. സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 92.89 ശതമാനമായിരുന്നു ഗ്രാമീണ ജനസംഖ്യ. നഗര ജനസംഖ്യ 7.11% മാത്രവും. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യമായപ്പോഴേയ്ക്കും കേരളത്തിന്റെ മൊത്തം ജനസംഖ്യ 3.18 കോടിയായും നഗര ജനസംഖ്യ മൊത്തം ജനസംഖ്യയുടെ 26.10% ആയും വർദ്ധിച്ചു.

ഒരു നൂറ്റാണ്ടിനകം നഗരജനസംഖ്യയുടെ ശതമാനം 7.11 ൽ നിന്നും 26.10 ആയി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ 2001-2011 കാലയളവിൽ കേരളത്തിലെ നഗരജനസംഖ്യയിൽ പെട്ടെന്നുള്ള ഒരു വികാസമാണ് കാണുന്നത്. കഴിഞ്ഞ 10 വർഷത്തിനിടെ (2001-2011) നഗരജനസംഖ്യ 92.8% വളർച്ചാനിരക്ക് നേടി. 2011 ൽ കേരളത്തിന്റെ നഗരജനസംഖ്യ 52.3% വും, ഗ്രാമീണ ജനസംഖ്യ 47.7% വുമായി.

സംസ്ഥാനത്ത് നഗരജനസംഖ്യയുടെ സ്ഥലപര വിന്യാസം പരിഗണിക്കുമ്പോൾ ഏറ്റവും കൂടുതലായി നഗരവൽക്കരിക്കപ്പെട്ട ജില്ല എറണാകുളം ആണെന്നു കാണാം. ജില്ലയിലെ ആകെ ജനസംഖ്യ 3282388 ആണ്. ഇതിൽ നഗരജനസംഖ്യ 2234363. അതായത് ആകെ ജനസംഖ്യയുടെ 68.07% ആണ്. തീരദേശ ജില്ലകൾ പൊതുവേ ഉയർന്ന നഗരഅംശം കാണിക്കുന്നു. എറണാകുളം ജില്ല ഉയർന്ന നഗര അംശമുള്ള ജില്ലയാണ്.

നഗരവത്ക്കരണ പ്രവണതകളെ സംബന്ധിച്ച് നഗരസഞ്ചയം എന്ന ആശയം ഭാരതീയ സെൻസസ് അവതരിപ്പിച്ചത് 1981 ൽ ആണ്. ഒരു പട്ടണവും അതിനോടു ചേർന്നുള്ള നഗര ബാഹ്യവളർച്ചയും, അല്ലെങ്കിൽ ഭൗതികമായ്

ചേർന്നു നിൽക്കുന്ന രണ്ടോ അതിലേറെയോ പട്ടണങ്ങളും, ഒപ്പം ആ പട്ടണങ്ങളുടെ നഗരബാഹ്യവളർച്ചയും ഉൾപ്പെടുന്ന തുടർച്ചയായ ഒരു നഗരവ്യാപനമാണ് നഗരസഞ്ചയം. 1981 ൽ കേരളത്തിൽ 9 നഗരസഞ്ചയങ്ങളാണ് ഉണ്ടായിരുന്നത്. 2011 ആയപ്പോഴേക്കും ഇത് 19 ആയി വർദ്ധിച്ചിട്ടുള്ളതായി കാണുന്നു. ഇതിൽതന്നെ 20 ലക്ഷത്തിലധികം ജനസംഖ്യ ഉള്ളതി കൊച്ചിയും കോഴിക്കോടും നഗരസഞ്ചയങ്ങളിലാണ്. ഏറ്റവും ഉയർന്ന ജനസംഖ്യ, അതായത് 21,17,990 ഉള്ളത് കൊച്ചി നഗര സഞ്ചയത്തിലാണെന്നത് ശ്രദ്ധേയമാണ്.

ജില്ലയിലെ നഗരവല്ക്കരണത്തിന്റെ വിശദാംശങ്ങളും സ്ഥലപര വിന്യാസവും വിലയിരുത്തേണ്ടത് ജില്ലയുടെ സ്ഥലപര ഘടന കണ്ടെത്തുന്നതിന് അത്യാവശ്യമാണ്.

3.5.2 നഗരവത്ക്കരണം – എറണാകുളം ജില്ല

എറണാകുളം ജില്ലയിലെ സെൻസസ് നഗരങ്ങൾ

2001 ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ ഏറ്റവും വലിയ നഗരസഞ്ചയം (urban agglomeration) കൊച്ചിയായിരുന്നു. എറണാകുളം ജില്ലയിൽ 2 നഗരസഞ്ചയങ്ങളാണുള്ളത്. കൊച്ചി നഗരസഞ്ചയവും, കോതമംഗലം നഗരസഞ്ചയവും. 21,17,990 ജനസംഖ്യ വരുന്ന കൊച്ചി നഗരസഞ്ചയത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ പട്ടിക 3.21 ൽ കൊടുത്തിരിക്കുന്നു. 1,14,5475 ജനസംഖ്യ വരുന്ന കോതമംഗലം നഗരസഞ്ചയത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ പട്ടിക 3.22 ൽ നൽകിയിരിക്കുന്നു.

പട്ടിക – 3.21 കൊച്ചി നഗരസഞ്ചയം

1)	കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
2)	കെടാമംഗലം ഔട്ട്ഗ്രോത്ത്
3)	ചെറിയകടവ് ഔട്ട്ഗ്രോത്ത്
4)	പെരുമ്പാവൂർ നഗരസഭ
5)	അങ്കമാലി നഗരസഭ
6)	ആലുവ നഗരസഭ
7)	പറവൂർ നഗരസഭ
8)	കളമശ്ശേരി നഗരസഭ
9)	തൃപ്പൂണിത്തുറ നഗരസഭ
10)	കൂവപ്പടി സെൻസസ് ടൗൺ
11)	ചേലാമറ്റം സെൻസസ് ടൗൺ
12)	മാറമ്പിള്ളി സെൻസസ് ടൗൺ
13)	വാഴക്കുളം സെൻസസ് ടൗൺ
14)	വെങ്ങോല സെൻസസ് ടൗൺ
15)	പെരുമ്പാവൂർ സെൻസസ് ടൗൺ
16)	കുന്നത്തുനാട് സെൻസസ് ടൗൺ
17)	പുത്തൻകുരിശ് സെൻസസ് ടൗൺ
18)	കാലടി സെൻസസ് ടൗൺ
19)	മറ്റൂർ സെൻസസ് ടൗൺ
20)	വടക്കുംഭാഗം സെൻസസ് ടൗൺ
21)	ചൊവ്വര സെൻസസ് ടൗൺ
22)	നെടുമ്പാശ്ശേരി സെൻസസ് ടൗൺ
23)	ചെങ്ങമനാട് സെൻസസ് ടൗൺ
24)	കിഴക്കുംഭാഗം സെൻസസ് ടൗൺ
25)	ചൂർണിക്കര സെൻസസ് ടൗൺ
26)	തെക്കുംഭാഗം സെൻസസ് ടൗൺ
27)	എടത്തല സെൻസസ് ടൗൺ
28)	പുത്തൻവേലിക്കര സെൻസസ് ടൗൺ

29)	ചേന്ദമംഗലം സെൻസസ് ടൗൺ
30)	മൂത്തകുന്നം സെൻസസ് ടൗൺ
31)	വടക്കേക്കര സെൻസസ് ടൗൺ
32)	കരുമാല്ലൂർ സെൻസസ് ടൗൺ
33)	കടുങ്ങല്ലൂർ സെൻസസ് ടൗൺ
34)	ആലങ്ങാട് സെൻസസ് ടൗൺ
35)	കോട്ടുവള്ളി സെൻസസ് ടൗൺ
36)	വരാപ്പുഴ സെൻസസ് ടൗൺ
37)	ഏലൂർ സെൻസസ് ടൗൺ
38)	ഞാറക്കൽ സെൻസസ് ടൗൺ
39)	എളങ്കുന്നപ്പുഴ സെൻസസ് ടൗൺ
40)	പുതുവൈപ്പ് സെൻസസ് ടൗൺ
41)	കുമ്പളങ്ങി സെൻസസ് ടൗൺ
42)	കാക്കനാട് സെൻസസ് ടൗൺ
43)	വാഴക്കാല സെൻസസ് ടൗൺ
44)	ചേരാനെല്ലൂർ സെൻസസ് ടൗൺ
45)	കടമക്കുടി സെൻസസ് ടൗൺ
46)	മുളവുകാട് സെൻസസ് ടൗൺ
47)	തിരുവാങ്കുളം സെൻസസ് ടൗൺ
48)	കണയന്നൂർ സെൻസസ് ടൗൺ
49)	കുരീക്കാട് സെൻസസ് ടൗൺ
50)	മരട് സെൻസസ് ടൗൺ
51)	കുമ്പളം സെൻസസ് ടൗൺ
52)	മണക്കുന്നം സെൻസസ് ടൗൺ
53)	മുളന്തുരുത്തി സെൻസസ് ടൗൺ
54)	ആമ്പല്ലൂർ സെൻസസ് ടൗൺ

പട്ടിക 3.22

കോതമംഗലം നഗരസഞ്ചയം

മൂവാറ്റുപുഴ നഗരസഭ
കോതമംഗലം നഗരസഭ
വെള്ളൂർക്കുന്നം സെൻസസ് ടൗൺ
എരമല്ലൂർ സെൻസസ് ടൗൺ

ചിത്രം 3.43

ജില്ലയിലെ നഗരപ്രദേശങ്ങൾ



3.5.3 നഗരജനസംഖ്യയുടെ തോത് (നിലവിലുള്ളത്)

ഒരു പ്രദേശത്തിന്റെ നഗരവത്ക്കരണ പ്രക്രിയ നിശ്ചയിക്കുന്നത് അവിടെ ഉൾക്കൊള്ളുന്ന നഗരജനസംഖ്യയുടെ തോതിനെ അടിസ്ഥാനമാക്കിയാണ്. നഗരജനസംഖ്യയുടെ തോത് സംസ്ഥാനത്ത് 52.3% വും എറണാകുളം ജില്ലയിൽ 68.07% വുമാണ്. സംസ്ഥാനത്തെ 14 ജില്ലകളുടേയും നഗരജനസംഖ്യയുടെ തോത് താരതമ്യം ചെയ്യുമ്പോൾ എറണാകുളം ജില്ല ഒന്നാം സ്ഥാനത്താണെന്ന് കാണാം. (പട്ടിക-3.23) 2001 ൽ ഇത് എട്ടാം സ്ഥാനത്തായിരുന്നു. നഗരവത്ക്കരണത്തിന്റെ ത്വരിതഗതി ഇതിൽ നിന്ന് വ്യക്തമാകുന്നു. എറണാകുളം ജില്ലയിലെ നഗര ജനസംഖ്യയുടെ തോതിന്റെ ദശക വളർച്ചാനിരക്ക് പട്ടിക 3.24 ൽ നൽകിയിരിക്കുന്നു. നഗരജന സംഖ്യയുടെ ശതമാനം 26.69% ൽ നിന്നും 68.07% മായി നാല് ദശകങ്ങളിലൂടെ വർദ്ധിച്ചതായി കാണാം. ഈ നിരക്ക് ഐക്യരൂപമുള്ളതായിരുന്നാൽ എന്നും 2001-2011 കാലയളവിൽ നിരക്ക് പെട്ടെന്ന് ഉയർന്നിട്ടുള്ളതായും കാണാം.

1971 മുതൽ 2011 വരെയുള്ള ദശകങ്ങളിൽ ജില്ലയിലെ നഗരപ്രദേശങ്ങളുടെ വിസ്തീർണ്ണത്തിലുണ്ടായ വർദ്ധനവ് സെൻസസ് കണക്കുകൾക്കനുസരിച്ച് 1971 ൽ എറണാകുളം ജില്ലയിലെ നഗരവിസ്തൃതി 217.9 ച.കി.മി ആയിരുന്നത് 1991 ആയപ്പോഴേക്കും 544.21 ച.കി.മി ആയി വർദ്ധിച്ചിട്ടുള്ളതായി കാണാം. ചില നഗരങ്ങളെ ഗ്രാമങ്ങളായി പുന:ക്രമീകരിച്ചതിനാൽ 2001 ൽ ജില്ലയിലെ നഗരവിസ്തൃതി ചെറിയതോതിൽ കുറഞ്ഞ് 530.30 ച.കി.മീ. ആയി. വീണ്ടും 2011 ൽ നഗരവിസ്തൃതി 925.26 ച.കി.മീ ആയി വർദ്ധിച്ചിരിക്കുന്നതായും കാണാം. പുതിയ നഗരസഭകൾ രൂപീകരിച്ചതും സെൻസസ് നഗരങ്ങളുടെ എണ്ണത്തിലെ വർദ്ധനവും ഇതിന് കാരണമായി. 1971-2011 കാലയളവിൽ ജില്ലയുടെ നഗരവിസ്തൃതിയുടെ വളർച്ച 325 ശതമാനം ആണെന്നും, നഗരജനസംഖ്യയുടെ വളർച്ച 251 ശതമാനം ആണെന്നും കാണാം. അതായത് നഗര വിസ്തൃതിയിലുണ്ടാകുന്ന വർദ്ധനവും നഗരജനസംഖ്യയുടെ വളർച്ചയും ആനുപാതികമല്ല. ഇത് ജില്ലയിൽ നഗരവ്യാപനം ഉണ്ടാകുന്നുണ്ട് എന്നതിന്റെ സൂചകമാണ്.

പട്ടിക 3.23
ജില്ലകളിലെ നഗര ജനസംഖ്യയുടെ ശതമാനം

2011 ജനസംഖ്യ					
(1) ജില്ല (2) നഗരം (3) ഗ്രാമം (4) ആകെ					
(5) നഗരജനസംഖ്യയുടെ ശതമാനം					
(6) നഗരജനസംഖ്യയുടെ തോത് അനുസരിച്ചുള്ള സ്ഥാനം					
(1)	(2)	(3)	(4)	(5)	(6)
കാസർകോഡ്	798328	509047	1307375	38.93%	9
കണ്ണൂർ	882017	1640986	2523003	65.04%	4
വയനാട്	785840	31580	817420	3.86%	14
കോഴിക്കോട്	1013721	2072572	3086293	67.15%	3
മലപ്പുറം	2295709	1817211	4112920	44.48%	8
പാലക്കാട്	2133124	676810	2809934	24.08%	11
തൃശ്ശൂർ	1024794	2096406	3121200	67.16%	2
എറണാകുളം	1048025	2234363	3282388	68.07%	1
ഇടുക്കി	1056929	52045	1108974	4.69%	13
കോട്ടയം	1409158	565393	1974551	28.63%	10
പത്തനംതിട്ട	1065799	1131613	1197412	10.99%	12
ആലപ്പുഴ	979643	1148146	2127789	53.95	5
കൊല്ലം	1448217	1187158	2635375	45.04	7
തിരുവനന്തപുരം	529831	1771596	3301427	53.66%	6

അവലംബം-സെൻസസ് 2011

പട്ടിക 3.24
എറണാകുളം ജില്ലയിലെ നഗര ജനസഖ്യയുടെ വ്യതിയാനം

വർഷം	ആകെ ജനസംഖ്യ	നഗര ജനസംഖ്യ	ജനസംഖ്യ (ശതമാനം)
1971	2383178	636010	26.69
1981	2535294	1002892	39.56
1991	3817236	1373177	48.74
2001	3105798	1477085	47.56
2011	3282388	2234363	68.07

അവലംബം-സെൻസസ് 2011

3.5.4 നഗരജനസംഖ്യയുടെ വളർച്ചാനിരക്ക്

എറണാകുളം ജില്ലയിലെ നഗര ജനസംഖ്യയുടെ ദശകതല വ്യതിയാനം പട്ടിക 3.24 ൽ നൽകിയിരിക്കുന്നു. ജില്ലയിലെ ആകെ നഗര ജനസംഖ്യ 1971 ലെ 636010 ൽ നിന്നും 2011 ലെ 2234363 ആയി വളർന്നിരിക്കുന്നതായി കാണാം.

1981 സെൻസസ് പ്രകാരം ജില്ലയിലെ ഗ്രാമീണ വിസ്തൃതി 2030.4 ച.കി.മി യും നഗര വിസ്തൃതി 377.60 ച.കി.മീ യും ജില്ലയുടെ ആകെ വിസ്തൃതി 2408 ച.കി.മി യും ആയിരുന്നു. 1991 ൽ ഗ്രാമീണ വിസ്തൃതി 1862.79 ച.കി.മി യും നഗരവിസ്തൃതി 544.21 ച.കി.മിയും ആയിരുന്നു. എന്നാൽ 2001 ൽ ജില്ലയുടെ വിസ്തൃതി 3068 ച.കി.മി. ആയി വർദ്ധിച്ചു. ഇടുക്കി ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്ത് എറണാകുളം ജില്ലയിലേക്ക് ചേർക്കുകയും കൂവപ്പടി പഞ്ചായത്ത് വിഭജിച്ച് കൂവപ്പടി , ഒക്കൽ എന്നീ പഞ്ചായത്തുകൾ രൂപീകരിക്കുകയും ചെയ്തതിനാൽ ആകെ പഞ്ചായത്തുകളുടെ എണ്ണം 2001 ൽ 88 ആയി വർദ്ധിച്ചിരുന്നു. കഴിഞ്ഞ മൂന്നു ദശകങ്ങളിൽ ജില്ലയിലെ ജനസംഖ്യയുടെ വളർച്ചാനിരക്കുമായി താരതമ്യം ചെയ്യുമ്പോൾ നഗര ജനസംഖ്യയുടെ വളർച്ചാനിരക്ക് എപ്രകാരമായിരുന്നു എന്ന് പട്ടിക 3.25 വ്യക്തമാക്കുന്നു.

ജില്ലയുടെ ജനസംഖ്യാ വളർച്ചാനിരക്ക് 1981 - ലെ 11.12% - ൽ നിന്ന് 2001 - ലെ 10.24% - ത്തിലേക്ക് താഴ്ന്നുവന്നപ്പോൾ നഗരജനസംഖ്യയുടെ വളർച്ചാനിരക്ക് 36.92% - ത്തിൽ നിന്ന് 7.57% ലേക്ക് കുറഞ്ഞുവന്നിരുന്നു. 2001-ൽ ചില

നഗരപ്രദേശങ്ങളെ ഗ്രാമപ്രദേശങ്ങളായി പുന:ക്രമീകരിച്ചിട്ടുള്ളതാണ് ഇതിനു ഹേതുവായിരിക്കുന്നത്. എന്നാൽ 2011-ൽ നഗരജന സംഖ്യയുടെ വളർച്ചാനിരക്ക് 51.26% ആയി ഉയർന്നിട്ടുണ്ട്. സംസ്ഥാനത്തെയും ജില്ലയിലെയും നഗരജനസംഖ്യയുടെ വളർച്ചാനിരക്കുകൾ പട്ടിക 3.25 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.25
നഗരജനസംഖ്യയുടെ വളർച്ചാനിരക്ക് - സംസ്ഥാനവുമായ് താരതമ്യം ചെയ്തത്

	1981-91	1991-01	2001-2011
കേരളം	60.89%	7.69%	92.8%
എറണാകുളം	36.92%	7.57%	51.26%

അവലംബം-സെൻസസ് 1991,2001,2011

1991-2001 കാലയളവിൽ നഗര ജനസംഖ്യയിൽ വളരെ വലിയ കുറവുണ്ടായിരുന്നെങ്കിലും 2001-2011 കാലയളവിൽ സംസ്ഥാനത്താകെയും, ജില്ലയിലും നഗരജനസംഖ്യാ വളർച്ചാനിരക്ക് കൂടി വരുന്നതായി കാണാം. ജില്ലയിൽ 2001 നുശേഷം നഗരപ്രദേശങ്ങളായി ക്രമീകരിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിച്ചത് ഇതിനൊരു കാരണമായേക്കാവുന്നതാണ്. 2001 ൽ നിയമപരമായ നഗരപ്രദേശങ്ങൾ 9 എണ്ണമായിരുന്നു. എന്നാൽ ഇപ്പോൾ ഇത് 14 എണ്ണമായി വർദ്ധിച്ചിരിക്കുന്നു.

എറണാകുളം ജില്ലയിലെ തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജനസംഖ്യ വളർച്ചാനിരക്ക് 2011 ലെ നിരക്കുകൾ പ്രകാരമുള്ളതിൽ ജില്ലയിലെ 17 തദ്ദേശ സ്ഥാപനങ്ങൾ നെഗറ്റീവ് വളർച്ചാനിരക്ക് കാണിക്കുന്നതായി വ്യക്തമാക്കുന്നു. എടത്തല, വാഴക്കുളം എന്നീ പഞ്ചായത്തുകൾ ഏറ്റവും ഉയർന്ന വളർച്ചാനിരക്ക് നേടിയിരിക്കുന്നു. ജില്ലയിലെ പ്രധാന ഗതാഗത മാർഗ്ഗങ്ങളായ എൻ.എച്ച് 47 നും എം.സി റോഡിനും ഇടയിലുള്ള തദ്ദേശഭരണപ്രദേശങ്ങളാണ് താരതമ്യേന ഉയർന്ന വളർച്ചാ നിരക്ക് പ്രകടിപ്പിക്കുന്നത്. തീരദേശ തദ്ദേശഭരണ സ്ഥാപനങ്ങളാകട്ടെ പൊതുവെ കുറഞ്ഞ വളർച്ചാ നിരക്കു കാണിക്കുന്നു.

1971 ൽ 12 നഗര കേന്ദ്രങ്ങളുണ്ടായിരുന്നത് 2001 ൽ 25 ആയി ഉയർന്നിട്ടുണ്ട്. 2011 ൽ ആകെ 56 നഗരകേന്ദ്രങ്ങളാണുള്ളത്. 1 കോർപ്പറേഷനും 8 നഗരസഭകളും 47 സെൻസസ് നഗരങ്ങളുമാണ് ഉള്ളത് (പട്ടിക 3.26 കാണുക).

പട്ടിക 3.26
നഗര അധിവാസ കേന്ദ്രങ്ങൾ വിവിധ കാലയളവിൽ

വർഷം	ആകെ നഗരകേന്ദ്രങ്ങൾ	കോർപ്പറേഷനുകൾ	നഗരസഭകൾ	സെൻസസ് നഗരങ്ങൾ	നഗരവിസ്തൃതി
1971	12	1	4	7	217.9
1981	16	1	7	8	377.6
1991	28	1	11	16	544.21
2001	25	1	8	16	530.3
2011	56	1	8	47	925.26
2017	56	1	13	42	925.26

3.5.5 ജില്ലയുടെ നിർദ്ദിഷ്ട നഗരവത്ക്കരണം

2012-ൽ തയ്യാറാക്കിയ സംസ്ഥാന നഗരവത്ക്കരണ റിപ്പോർട്ടിലെ കണ്ടെത്തലനുസരിച്ച് നിലവിൽ കൊച്ചി നഗരസഞ്ചയം ഒന്നാം ക്രമത്തിലും കോതമംഗലം നഗരസഞ്ചയം 5-ാം ക്രമത്തിലും ഉൾപ്പെടുന്നു. 2021 ലും

സംസ്ഥാനത്തിലെ ഒന്നാം ക്രമം നഗരസഞ്ചയമായി കൊച്ചി നഗരസഞ്ചയം തുടരുന്നതും, കോതമംഗലം നഗരസഞ്ചയം 4-ാമത് ക്രമത്തിൽ നിൽക്കുന്നതാണെങ്കിലും പ്രസ്തുത റിപ്പോർട്ട് വ്യക്തമാക്കുന്നു. ആയതിനാൽ സംസ്ഥാനത്തിനാകെ വേലനം നൽകേണ്ടുന്ന രീതിയിൽ കൊച്ചിയിലെ സൗകര്യങ്ങളും സേവനങ്ങളും വികസിപ്പേക്കണ്ടതായി കാണുന്നു. പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം 2031 ൽ നഗരസഞ്ചയങ്ങൾ വളർന്ന് നഗരഇടനാഴികൾ രൂപപ്പെടും എന്ന് കണ്ടെത്തിയിരിക്കുന്നു. ഇത്തരത്തിൽ രൂപപ്പെടുന്ന ആലപ്പുഴ - എറണാകുളം - തൃശ്ശൂർ - പാലക്കാട് ഇടനാഴിയിലെ പ്രധാന കണ്ണിയായി കൊച്ചി നഗരസഞ്ചയം നിലകൊള്ളുമെന്നതിനാലും എറണാകുളം ജില്ലയുടെ നഗരവത്ക്കരണം ഭാവിയിൽ വർദ്ധിച്ചു വരുന്നതിന് ഇടയാക്കും.

ജില്ലയുടെ തൊഴിൽ ഘടനയുടെ വിശകലനം സൂചിപ്പിക്കുന്നത് കാർഷിക മേഖല തളർച്ചയിലേക്ക് നീങ്ങുന്നു എന്നതാണ്. വളർച്ച പ്രകടിപ്പിക്കുന്നത് വ്യവസായം, സേവന മേഖല എന്നിങ്ങനെയുള്ളവയാണ്. ജില്ലയിലെ വ്യവസായവത്ക്കരണത്തിന്റെ പുരോഗതിമൂലം ജനങ്ങൾ പ്രാഥമിക മേഖലയിൽ നിന്ന് പിൻവാങ്ങി സേവനമേഖലയെ ആശ്രയിച്ചു തുടങ്ങിയിരിക്കുന്നു. ഈ മാറ്റം ജില്ലയുടെ ഗ്രാമീണ മേഖലകളിലും പ്രകടമാണ്.

താഴെ വരുന്ന ഖണ്ഡികകളിൽ ജില്ലയുടെ ഭാവിയിലെ നഗരവത്ക്കരണ പ്രവണത കണ്ടെത്തിയിരിക്കുന്നു. ഇതിനായ് 2011 ലെ സെൻസസ് പഠനഫലങ്ങൾ നഗരവത്ക്കരണത്തെ ത്വരിതപ്പെടുത്തുന്ന പ്രവർത്തനങ്ങൾ, അധിവാസ കേന്ദ്രങ്ങളുടെ ക്രമം എന്നിവ ഉപയോഗപ്പെടുത്തിയിരിക്കുന്നു.

(എ) സെൻസസ് നഗരപ്രദേശം

ജില്ലയിലെ വിവിധ അധിവാസ കേന്ദ്രങ്ങളുടെ നിലവിലുള്ള തൊഴിൽഘടന പരിശോധിക്കുമ്പോൾ ഏറെ വൈകാതെ നഗര പരിവേഷം ലഭിക്കാനിടയുള്ള പ്രദേശങ്ങളെ സംബന്ധിച്ച് ഒരു ഏകദേശ ധാരണ ലഭിയ്ക്കും. 2001, 2011 സെൻസസ് വിശദാംശങ്ങളിൽ തൊഴിലാളികളെ നാലായി തരംതിരിക്കുന്നുവെങ്കിലും 1991 കാലയളവിൽ തൊഴിലാളികളെ ഒമ്പതായി തരം തിരിച്ചിരിക്കുന്നു. 2011 ലെ കണക്കുകളെ മുൻവർഷങ്ങളിലേ കണക്കുകളിലേക്ക് തരംതിരിച്ച് ഒമ്പത് തരമാക്കി അതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രദേശത്തെ നഗരം എന്ന് നിശ്ചയിക്കുന്ന രീതി തീർത്തും കൃത്യമായ ഒന്നല്ല.അതിനാൽ 2011 ലെ സെൻസസ് കാർഷികേതര തൊഴിലാളികളിലെ ആൺ തൊഴിലാളികളുടെ ആകെ ശതമാനം 80% - ൽ കൂടുതലുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളെ കണ്ടെത്തിയിരിക്കുന്നു. നഗരസഭകൾ ഒഴികെ ആകെ 51 തദ്ദേശഭരണ സ്ഥാപനങ്ങളാണ് ഈ വിഭാഗത്തിൽ വരുന്നത്. ഇതിൽ തന്നെ 25 എണ്ണം സെൻസസ് നഗരപ്രദേശങ്ങളായി ഉൾപ്പെടുത്തിയിട്ടുള്ളവയാണ്.

(ബി) നഗരവത്ക്കരണത്തെ ത്വരിതപ്പെടുത്തുന്ന പ്രോജക്ടുകൾ

ജില്ലയിലെ നഗരവത്ക്കരണത്തെ ത്വരിതപ്പെടുത്തുന്ന പദ്ധതികൾ വിശകലനം ചെയ്യുമ്പോൾ കൊച്ചി കോർപ്പറേഷനുമായി ചേർന്ന് കിടക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളിലാണ് ഏറ്റവുമധികം സാധ്യതകൾ കണ്ടെത്താനാകുന്നത്. കൊച്ചി കോർപ്പറേഷനോട് ചേർന്നുള്ള വരാപ്പുഴ, മുളവുകാട് ഗ്രാമപഞ്ചായത്തുകളും തൃപ്പൂണിത്തുറ, അങ്കമാലി, പറവൂർ, തൃക്കാക്കര നഗരസഭകളോടു ചേർന്നുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുമാണ് ഇത്തരത്തിൽ സാധ്യതകളുള്ളത്. വല്ലാർപാടം കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ള അന്തർദേശീയ കണ്ടെയ്നർ ടെർമിനലിന് സമീപത്തുള്ള തദ്ദേശഭരണ പ്രദേശങ്ങളും നഗരവത്ക്കരണത്തിന് സാധ്യതയുള്ളവയാണ്. ആലുവ നഗരസഭാപ്രദേശം മുതൽ തൃപ്പൂണിത്തുറ വരെ പ്രവർത്തനമാരംഭിക്കുന്ന കൊച്ചി മെട്രോ റയിൽപാതയ്ക്കു സമീപപ്രദേശത്തുള്ള തദ്ദേശഭരണ സ്ഥാപനങ്ങളും സാധ്യതാ പട്ടികയിൽപ്പെടുത്താം. നെടുമ്പാശ്ശേരി അന്തർദേശീയ വിമാനത്താവളത്തിന്റെ

ഭാവിയിൽ നിർദ്ദേശിച്ചിരിക്കുന്ന നിരവധിയായ വികസനപ്രവർത്തനങ്ങൾ, എറണാകുളം ജില്ലയിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട ശബരി റെയിൽപാത കുന്നത്തുനാട് പഞ്ചായത്ത്, കേന്ദ്രീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുള്ള സ്മാർട്ട്സിറ്റി, ഇൻഫോപാർക്കിന്റെ മറ്റു വികസനങ്ങൾ എന്നിവയെല്ലാം പദ്ധതി പ്രദേശങ്ങളുടെ നഗരവത്ക്കരണത്തിന് ആക്കം കൂട്ടുന്നതായിരിക്കും. നിർദ്ദിഷ്ട കൊടുങ്ങല്ലൂർ – ചേർത്തല ഹൈവേയുടെ പാതയോരത്ത് വരുന്ന തദ്ദേശ ഭരണ പ്രദേശങ്ങൾക്കും നഗരവത്ക്കരണ സാധ്യത കൽപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ പരിഗണിക്കുമ്പോൾ അശമന്നൂർ, പാമ്പാക്കുട, രാമമംഗലം എന്നിവ കൂടി നഗരവത്ക്കരണ സാധ്യത പ്രദേശങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ്. അങ്ങനെ ആകെ 55 തദ്ദേശ ഭരണ സ്ഥാപന പ്രദേശങ്ങളാണ് പരിഗണനയിൽ വരുന്നത്. ഇതിൽ 25 എണ്ണം സെൻസസ് നഗരപ്രദേശങ്ങളായി പരിഗണിച്ചിട്ടുള്ളതിനാൽ 30 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഭാവിയിൽ നഗരവത്ക്കരിക്കപ്പെടാൻ സാധ്യത കൽപ്പിയ്ക്കുന്നത്.

(സി) അധിവാസകേന്ദ്രങ്ങളുടെ ക്രമം

നഗരവത്ക്കരണത്തിന് സാധ്യതയുള്ള തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ ലിസ്റ്റ് അന്തിമമാക്കുന്നതിന് മുൻപ് ജില്ലയുടെ മൊത്തത്തിലുള്ള സ്ഥിതിയെ ആസ്പദമാക്കി നേരത്തെ പരാമർശിച്ച തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ക്രമം അവലോകനം ചെയ്യേണ്ടതാണ്. അതുപ്രകാരം മേൽസൂചിപ്പിച്ച 30 തദ്ദേശഭരണ സ്ഥാപനങ്ങളുടെ ക്രമം പരിശോധിക്കുമ്പോൾ അവയിൽ 21 തദ്ദേശ ഭരണ സ്ഥാപനങ്ങൾ താഴ്ന്ന ക്രമത്തിലുള്ളവയാണെന്ന് കാണാം. അവയെ ഒഴിവാക്കി ബാക്കിയുള്ള 9 തദ്ദേശ ഭരണസ്ഥാപനങ്ങൾ സമീപഭാവിയിൽ നഗരവത്കൃതമാകും എന്ന് കണക്കാക്കാം (പട്ടിക 3.27 കാണുക).

പട്ടിക 3.27
ജില്ലയിലെ നഗരവത്ക്കരണ സാധ്യത പ്രദേശങ്ങൾ

ക്രമ നം.	തദ്ദേശഭരണ സ്ഥാപനം
1	ഐക്കരനാട് ഗ്രാമപഞ്ചായത്ത്
2	ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്
3	കാഞ്ഞൂർ ഗ്രമാപഞ്ചായത്ത്
4	കീഴ്ക്കാട് ഗ്രാമഞ്ചായത്ത്
5	നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്
6	പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്
7	രായമംഗലം ഗ്രാമപഞ്ചായത്ത്
8	ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്
9	വടവുകോട് – പുത്തൻ കുരിശ് ഗ്രാമപഞ്ചായത്ത്

3.5.6 നഗര വ്യാപനം

മേൽസൂചിപ്പിച്ച 9 തദ്ദേശ ഭരണ സ്ഥാപനങ്ങളും അടുത്ത ദശകത്തിൽ തന്നെ നഗരസ്വഭാവം കൈവരിക്കുമെന്ന് സങ്കല്പിക്കാനാവില്ല. ഇവയിൽ ചിലത് അടുത്ത ദശകത്തിലും ചിലത് അതിനടുത്ത ദശകത്തിലും മാത്രമേ നഗരസ്വഭാവം കൈവരിക്കുകയുള്ളു. ഒരു തദ്ദേശ ഭരണ സ്ഥാപനം എത്ര വേഗത്തിൽ നഗരസ്വഭാവം കൈവരിയ്ക്കുമെന്നത് അവിടുത്തെ ജനസംഖ്യാ വളർച്ചാനിരക്ക് പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. ആയതിനാൽ ഭാവിയിൽ നഗരസ്വഭാവം കൈവരിയ്ക്കും എന്ന് കണ്ടെത്തിയിട്ടുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2001 – 2011 ദശകത്തിലെ ജനസംഖ്യാ വളർച്ചാനിരക്ക് പഠനവിധേയമാക്കാവുന്നതാണ്. ആയത് പ്രകാരം 9 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 4 എണ്ണം അടുത്ത ദശകത്തിലും 5 എണ്ണം അതിനടുത്ത ദശകത്തിലും നഗരസ്വഭാവം

കൈവരിയ്ക്കുമെന്ന് അനുമാനിക്കാവുന്നതാണ്. പട്ടിക 3.28 ൽ വിശദാംശങ്ങൾ നൽകിയിരിക്കുന്നു.

പട്ടിക 3.28
നഗരവ്യാപനം – ദശകങ്ങളിൽ

അടുത്ത10വർഷത്തിനു ള്ളിൽ നഗരസ്വഭാവം കൈവരിക്കുന്നവ	അടുത്ത 20 വർഷത്തിനുള്ളിൽ നഗരസ്വഭാവം കൈവരിക്കുന്നവ
ചോറ്റാനിക്കര, കീഴ്മാട് നെല്ലിക്കുഴി, ഉദയംപേരൂർ	ഐക്കരനാട്, കാഞ്ഞൂർ, പള്ളിപ്പുറം, രായമംഗലം, വടവുകോട് പുത്തൻകുരിശ്

അടുത്ത പത്തു വർഷത്തിനുള്ളിൽ നഗരസ്വഭാവം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചോറ്റാനിക്കര, കീഴ്മാട്, നെല്ലിക്കുഴി, ഉദയംപേരൂർ എന്നിവയും അടുത്ത 20 വർഷത്തിനുള്ളിൽ നഗരസ്വഭാവം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഐക്കരനാട്, കാഞ്ഞൂർ, പള്ളിപ്പുറം, രായമംഗലം, വടവുകോട് – പുത്തൻകുരിശ് എന്നിവയുമാണ്. ചിത്രം – 3.44 ൽ ജില്ലയിലെ നിലവിലെ നഗരസഭകളും സെൻസസ് നഗരപ്രദേശങ്ങളായ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഭാവിയിൽ നഗരസ്വഭാവം കൈവരിയ്ക്കാനിടയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളും വ്യക്തമാക്കിയിരിക്കുന്നു.

ചിത്രം 3.44
ഭാവിയിലെ നഗരവത്ക്കരണചിത്രം



കേരളത്തിൽ ദശലക്ഷത്തിലേറെ ജനസംഖ്യയുള്ള ആദ്യത്തെ ജനസഞ്ചയം കൊച്ചി നഗരസഞ്ചയമാണ്. 1991 – ൽ തന്നെ ജനസംഖ്യ 10 ലക്ഷം കവിയുകയും 1995 – ൽ ഈ പ്രദേശത്തെ മെട്രോപോളിറ്റൻ പ്രദേശമായി വിജ്ഞാപനം ചെയ്യുകയും ചെയ്തു. എന്നാൽ 2011-ൽ കേരളത്തിൽ ദശലക്ഷത്തിലധികം ജനസംഖ്യയുള്ള 7 നഗരസഞ്ചയങ്ങളുണ്ട്.
നഗരജനസംഖ്യയിലെ 70%- ൽ ഏറെ പേരും ദശലക്ഷത്തിലേറെ ജനസംഖ്യയുള്ള ഈ 7 നഗര സഞ്ചയങ്ങളിലാണുള്ളത്. 20 ലക്ഷത്തിലേറെ ജനസംഖ്യയുള്ള 2 ജനസഞ്ചയങ്ങളാണ് കൊച്ചി, കോഴിക്കോട് എന്നിവ. എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ, ആലപ്പുഴ തിരുവനന്തപുരം എന്നീ 6 ജില്ലകളിലെ ജനസംഖ്യയിലെ നഗര അംശം 50% ൽ കൂടുതലാണ്. ഈ ജില്ലകളിലാണ് നഗരവത്ക്കരണത്തിന് ഏറ്റവും കൂടുതൽ വേഗതയുള്ളത്. നഗര അധിവാസ കേന്ദ്രങ്ങളുടെ ക്രമം അടിസ്ഥാനമാക്കി കൊച്ചി നഗരത്തിന് സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ഒന്നാം റാങ്കാണുള്ളത്.

കോതമംഗലം, പെരുമ്പാവൂർ, തൃക്കാക്കര എന്നിവയ്ക്ക് 5-ാം റാങ്കും ഉണ്ട്. തിരുവനന്തപുരം, എറണാകുളം, തൃശൂർ എന്നിങ്ങനെയുള്ള ചില ജില്ലകളിൽ മൊത്ത ആഭ്യന്തര ഉത്പാദനത്തിലെ പങ്കും നഗര അംശവും ഒരുപോലെ ഉയർന്നു നിൽക്കുന്നു.

കേരളത്തിലെ ജില്ലകളിൽ മാനവ വികസന സൂചകത്തിൽ ഏറ്റവും ഉയർന്ന മൂല്യം(0.801) എറണാകുളം ജില്ലയ്ക്കാണ്. കൊച്ചി നഗരസഞ്ചയം സംസ്ഥാനത്തെ ഒന്നാം ക്രമം നഗര കേന്ദ്രമാണ്. സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും അതിന്റെ സേവനം ഉണ്ടാകേണ്ടതാണ്. അതിനാൽ സേവന പ്രദേശ വിസ്തൃതി കൊണ്ടും അവിടുത്തെ ജനസംഖ്യ അനുസരിച്ചും സംസ്ഥാനത്തെ ഏറ്റവും വലിയ നഗര പ്രദേശമായാണ് കേരളത്തിലെ ഭാവിയിലെ നഗരവത്ക്കരണ കാഴ്ചപ്പാടിൽ കൊച്ചി നഗരസഞ്ചയത്തിന്റെ സ്ഥാനം. 2021-ലേയ്ക്കുള്ള കേരളത്തിന്റെ വിശദമായ നഗര വീക്ഷണ കാഴ്ചപ്പാടിൽ (SUR) 15 തദ്ദേശ ഭരണസ്ഥാപനങ്ങൾ ഉൾപ്പെട്ട കൊച്ചി നഗര സഞ്ചയവും, കോതമംഗലം, നെല്ലിക്കുഴി എന്നിവയുൾപ്പെട്ട കോതമംഗലം ക്ളസ്റ്ററും, മൂവാറ്റുപുഴ നഗരവും മറ്റു തദ്ദേശ ഭരണ സ്ഥാപനങ്ങളും ഉൾപ്പെടുന്നു. 2031-ലേയ്ക്കുള്ള നഗര വീക്ഷണത്തിൽ ആലപ്പുഴ-എറണാകുളം-തൃശൂർ-പാലക്കാട് നഗര ഇടനാഴിയുൾപ്പെട്ട 5 നഗര ഇടനാഴികൾ ഭൗതിക വികസനവും നഗര സമുച്ചയങ്ങളുമായും മറ്റു നഗരപ്രദേശങ്ങളുമായും ഉള്ള സാമിപ്യവും കണക്കിലെടുത്ത് വിഭാവനം ചെയ്തിട്ടുണ്ട്. (വിശദാംശങ്ങൾക്ക് സംസ്ഥാന നഗരവത്ക്കരണ റിപ്പോർട്ട് കാണുക)

3.5.7 നഗരപ്രദേശങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

പ്രകൃത്യായുള്ള വളർച്ചയാലും നഗരങ്ങളുടെ ആകർഷക ഘടകങ്ങൾ കുടിയേറ്റത്തെ പ്രോത്സാഹിപ്പിക്കുന്നതിനാലും ജനസംഖ്യാ വർദ്ധനവ് ഉണ്ടാകുന്നു. നഗരവത്ക്കരണത്തിന്റെ ഫലമായി വ്യാപാര-വ്യവസായ സ്ഥാപനങ്ങളുടേയും, മറ്റു സേവന മേഖലകളുടേയും ജോലി സാധ്യതകളുടേയും വിതരണത്തിന്റെ അടിസ്ഥാനത്തിൽ ഈ ജനസംഖ്യാ വർദ്ധനവ് വിതരണം ചെയ്യപ്പെട്ടിരിക്കുന്നത് സ്ഥലപരമായി വ്യത്യാസപ്പെടുന്നുണ്ട്. ജനപ്പെരുപ്പം കൂടുതൽ വാസസ്ഥലങ്ങളുടെ ആവശ്യകത ഉണ്ടാക്കുന്നു. എന്നാൽ നഗരകേന്ദ്രങ്ങളിൽ വാസയോഗ്യമായ സ്ഥലങ്ങൾ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി പരിവർത്തനം ചെയ്യപ്പെടുന്നതിനാൽ ഇതിന്റെ ലഭ്യത കുറയുന്നു. ഇങ്ങനെ നഗരകേന്ദ്രങ്ങളിൽ സ്ഥലവില വർദ്ധിക്കുകയും സാധാരണക്കാർക്ക് പ്രാപ്യമായ വാസസ്ഥല ലഭ്യത കുറയുകയും ചെയ്യുന്നു.

ഇടത്തരം വരുമാന വിഭാഗം നഗരത്തിനു പുറമെയുള്ള പ്രദേശങ്ങളിലേക്ക് വ്യാപിക്കുകയും നഗരവത്ക്കരണത്തിന്റെ വ്യാപ്തി കൂട്ടുകയും ചെയ്യുന്നു. ചിലയിടങ്ങളിലെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ കുറവും വാസയോഗ്യ പ്രദവുമല്ലാത്ത ചേരിപ്രദേശങ്ങൾ ഉണ്ടാകുകയും ചെയ്യുന്നുണ്ട്. നഗരങ്ങളിൽ തുറസ്സായ കളിസ്ഥലങ്ങൾ, പാർക്കുകൾ, പൊതുവിശ്രമ കേന്ദ്രങ്ങൾ എന്നിവ നിർവ്വചിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന നിരക്കിലും കുറവാണ്. നഗര കേന്ദ്രങ്ങളിലേക്ക് പ്രധാന പ്രവർത്തനങ്ങളൊക്കെയും കേന്ദ്രീകരിക്ക പ്പെടുന്നതും ജനസംഖ്യാ വർദ്ധനവും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ തികയാതെ വരുന്നതിന് കാരണമാകുന്നു. നഗര കേന്ദ്രങ്ങളിലെ ഇടുങ്ങിയ റോഡുകൾ, ക്യാരേജ് വേ ഇൽ പാർക്കു ചെയ്യപ്പെട്ടിരിക്കുന്ന വാഹനങ്ങൾ, നടപ്പാതയിലെ കൈയ്യേറ്റങ്ങൾ എന്നിവ വാഹന കാൽനട യാത്രകൾ ദുഷ്ക്കരമാക്കുന്നു. വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സ്ഥലങ്ങളുടെ ലഭ്യതക്കുറവ് റോഡിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഇടയാക്കുകയും അത് മറ്റ് വാഹനങ്ങളുടേയും കാൽനട യാത്രക്കാരുടേയും യാത്ര തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

3.6 വിഭവങ്ങൾ

2015-16 ലെ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ ജില്ലാതല വിതരണത്തിൽ

12.71% ഷെയറോടെ എറണാകുളം ജില്ല ഒന്നാംസ്ഥാനത്ത് നില്ക്കുന്നു. 2014-15 കാലയളവിനെ അപേക്ഷിച്ച് 12.73 ശതമാനം വളർച്ചയാണ് ഇക്കാര്യത്തിൽ എറണാകുളം ജില്ലയ്ക്കുള്ളത്.

2014-15 കാലഘട്ടത്തിൽ ജി.വി.എ.(Gross District Value Added) പരിഗണിക്കുമ്പോൾ സംസ്ഥാനത്തെ ജില്ലകളുടെ ഇടയിൽ ദ്വിതീയ, തൃതീയ മേഖലകളുടെ വിഹിതത്തിന്റെ കാര്യത്തിൽ എറണാകുളം ജില്ല ഒന്നാംസ്ഥാനത്ത് നിൽക്കുന്നു. അതോടൊപ്പംതന്നെ പ്രാഥമിക മേഖലയിൽ പാലക്കാട്, ഇടുക്കി, കൊല്ലം ജില്ലകൾക്കുശേഷം നാലാം സ്ഥാനം ജില്ലയ്ക്കുണ്ട്. ഇതിൽ നിന്നും എറണാകുളം ജില്ലയുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്ന വിഷയത്തിൽ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകൾക്ക് അർഹമായ പ്രാധാന്യം നൽകേണ്ടതുണ്ട് എന്നുകാണാം.

പ്രാഥമിക മേഖലയുമായി ബന്ധപ്പെട്ട് കൃഷി, വനം, മത്സ്യബന്ധനം എന്നീ മേഖലകൾക്കും, മൈനിംഗ് ആന്റ് ക്വാറിയിംഗിനും ജില്ലയിൽ പ്രാധാന്യമുണ്ട്. ദ്വിതീയമേഖല പരിഗണിക്കുമ്പോൾ മാനുഫാക്ച്ചറിംഗിലും സംസ്ഥാനത്ത് എറണാകുളം ജില്ലയാണ് മുന്നിട്ടു നിൽക്കുന്നത് എന്നു കാണാം. തൃതീയമേഖല പരിഗണിക്കുമ്പോൾ സംസ്ഥാനത്തിന്റെ വാണിജ്യ തലസ്ഥാനം എന്ന സ്ഥാനം അന്വർത്ഥമാക്കുംവിധം എറണാകുളം ജില്ല മറ്റ് ജില്ലകളെ അപേക്ഷിച്ച് വളരെയേറെ മുന്നിട്ടുനിൽക്കുന്നു. (സംസ്ഥാനത്തിന്റെ മേഖലാ വിഹിതത്തിന്റെ ഏതാണ്ട് 13.90 ശതമാനം ജില്ലയുടേതാണ്).

3.6.1 കൃഷി

ജനസംഖ്യയിൽ മൂന്നാം സ്ഥാനത്തു നിൽക്കുന്ന എറണാകുളം ജില്ല കേരളത്തിന്റെ വാണിജ്യ തലസ്ഥാനവും ഏറ്റവും കൂടുതൽ വരുമാനമുള്ള ജില്ലയുമാണ്. ജില്ലയിലൂടെ ഒഴുകുന്ന പെരിയാർ, മൂവാറ്റുപുഴ നദികളും, പെരിയാർവാലി ജലസേചന പദ്ധതികളും ജില്ലയെ ജലസേചന സമൃദ്ധമാക്കുന്നതിന് പ്രധാന പങ്ക് വഹിക്കുന്നു. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിൽ കാർഷിക അനുബന്ധ മേഖലയിലെ വിഹിതം 2011-12 ൽ 14.38% ആയിരുന്നത് 2014-15 ൽ 11.48% ഉം 2015-16 ൽ 10.38%വും ആയിക്കുറഞ്ഞു. 2015-16 ലെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ ജില്ലാ വിതരണത്തിൽ എറണാകുളം ജില്ല 68,11,532 ലക്ഷം രൂപയോടെ 1-ാം സ്ഥാനത്ത് തുടരുന്നുവെങ്കിലും പ്രാഥമിക മേഖലകളിൽ 12% വിഹിതം മാത്രമേ നൽകാൻ കഴിഞ്ഞിട്ടുള്ളൂ. ജില്ലയൽ കൃഷി ചെയ്തുവരുന്ന പ്രധാനപ്പെട്ട വിളകളാണ് നെല്ല്, തെങ്ങ്, കമുക്, ജാതി, ഏത്തവാഴ, മരച്ചീനി, പൈനാപ്പിൾ, റബർ എന്നിവ. 2015-16 കാർഷിക വർഷത്തിൽ ജില്ലയിൽ കൃഷി ചെയ്യുന്ന പ്രധാന വിളകളുടെ വിസ്തൃതി പട്ടിക 3.29 ൽ നൽകിയിരിക്കുന്നു.

അശമന്നൂർ, കോട്ടപ്പടി, പൈങ്ങോട്ടൂർ, പല്ലാരിമംഗലം, മണീട്, രാമമംഗലം, തിരുമാറാടി, കുന്നത്തുനാട്,തിരുവാണിയൂർ, കിഴക്കമ്പലം, പാമ്പാക്കുട, പിറവം മുനിസിപ്പാലിറ്റി എന്നീ തദ്ദേശ പ്രദേശങ്ങളിലാണ് സാമാന്യം ഭേദപ്പെട്ട നിലയിൽ നെൽകൃഷി ചെയ്തു വരുന്നത്. അതായത് നഗരപ്രദേശത്തു നിന്ന് മാറിക്കിടക്കുന്ന കിഴക്കൻമല പ്രദേശങ്ങളിലും തെക്കൻ പ്രദേശങ്ങളിലുമാണ് നെൽകൃഷി കൂടുതലുള്ളതെന്ന് കാണുന്നു. ജില്ലയിൽ മൊത്തം കൃഷി ഭൂമിയുടെ നാലിലൊന്ന് ഭാഗത്ത് തെങ്ങാണ് കൃഷി ചെയ്തിരിക്കുന്നത്. 2015-16 കാർഷിക വർഷത്തിൽ 41915 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ഉണ്ടായിരുന്നു. കേരകൃഷിയുടെ വളർച്ചാ നിരക്കും കുറഞ്ഞുവരുന്ന പ്രവണതയാണ് ജില്ലയിൽ ഉള്ളത്. കിഴക്കൻ മേഖലയിലെ പഞ്ചായത്തുകളായ കുട്ടമ്പുഴ, പിണ്ടിമന, കവളങ്ങാട്, കീരമ്പാറ, നെല്ലിക്കുഴി എന്നിവിടങ്ങളിലും ഉദയംപേരൂർ, കറുകുറ്റി എന്നീ പഞ്ചായത്തുകളിലും സാമാന്യം ഭേദപ്പെട്ട രീതിയിൽ കേരകൃഷി ചെയ്തുവരുന്നു.

2015-16 കാർഷികവർഷത്തിൽ മൊത്തം കൃഷിയിടത്തിന്റെ 3.10% മാത്രമാണ് മരച്ചീനി കൃഷി ചെയ്തിരുന്നത്. എറണാകുളം ജില്ലയിൽ നെല്ലിക്കുഴി, കിഴക്കമ്പലം കോതമംഗലം, വേങ്ങൂർ, അശമന്നൂർ എന്നീ തദ്ദേശ ഭരണപ്രദേശങ്ങളിൽ കൂടുതലായി കൃഷി ചെയ്തുവരുന്നു.

എറണാകുളം ജില്ലയിൽ 2015-16 കാർഷിക വർഷത്തിൽ 6614 ഹെക്ടർ സ്ഥലത്ത് ജാതി കൃഷി ചെയ്തിരുന്നു. ഇത് മൊത്തം കൃഷി സ്ഥലത്തിന്റെ 4% ആണ്. ജില്ലയിലെ മലയാറ്റൂർ-നീലേശ്വരം, പാറക്കടവ്, ആരക്കുഴ, മഴുവന്നൂർ എന്നീ പഞ്ചായത്തുകളിൽ ജാതികൃഷി കൂടുതലായിക്കാണുന്നു. സംസ്ഥാനത്ത് ജാതിക്കാ ഉല്പാദനത്തിൽ ജില്ലയ്ക്ക് 3-ാം സ്ഥാനമാണ് ഉള്ളത്.

ജില്ലയുടെ കിഴക്കൻ പഞ്ചായത്തുകളായ ആയവന, ആവോലി, ഇലഞ്ഞി, മഞ്ഞള്ളൂർ, മണീട്, പായിപ്ര എന്നീ പഞ്ചായത്തുകളിൽ പൈനാപ്പിൾ വ്യാപകമായി കൃഷി ചെയ്തുവരുന്നു. 2015-16 കാർഷിക വർഷത്തിൽ മൊത്തം കൃഷിയിടത്തിന്റെ 2.8% സ്ഥലത്ത് പൈനാപ്പിൾ കൃഷി ചെയ്തിരുന്നു. സംസ്ഥാനത്ത് പൈനാപ്പിൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ 57.76% വും പൈനാപ്പിൾ ഉല്പാദനത്തിന്റെ വലിയൊരു പങ്കും എറണാകുളം ജില്ലയിൽ നിന്നാണ്. 2015-16 കാർഷിക വർഷത്തിൽ മൊത്തം കൃഷി സ്ഥലത്തിന്റെ 1.1% സ്ഥലത്ത് മാത്രമാണ് കുരുമുളക് കൃഷി ചെയ്യുന്നത്. ജില്ലയിൽ കുട്ടമ്പുഴ, കല്ലൂർക്കാട്, മഞ്ഞള്ളൂർ എന്നീ പഞ്ചായത്തുകളിലാണ് കുരുമുളക് കൃഷി കണ്ടുവരുന്നത്.

പട്ടിക 3.29

2015-16 കാർഷിക വർഷത്തിൽ ജില്ലയിൽ കൃഷി ചെയ്യുന്ന പ്രധാന വിളകളുടെ വിസ്തൃതി (ഹെക്ടറിൽ)

ആകെ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി (ഹെക്ടറിൽ)	നെല്ല്	തെങ്ങ്	ജാതി	മരച്ചീനി	ഏത്തവാഴ	പൈനാപ്പിൾ	കമുക്	കുരുമുളക്	കശുമാവ്	റബർ
165536	5950	41915	6614	5152	4993	4569	4134	1864	433	60140
%	3.6	25.3	4	3.1	3	2.8	2.5	1.1	0.3	36.3

അവലംബം-കൃഷി സ്ഥിതിവിവരകണക്ക് 2016

ഇവയ്ക്ക് പുറമെ കമുക്, കശുമാവ്, ഏത്തവാഴ തുടങ്ങിയവയും ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ കൃഷി ചെയ്തു വരുന്നു. ജില്ലയിൽ തോട്ടവിളകളിൽ റബ്ബർ ആണ് കൂടുതലായി കൃഷി ചെയ്യുന്നത്. 2015-16 കാർഷിക വർഷത്തിൽ മൊത്തം കൃഷി ഭൂമിയുടെ 36.3% ജില്ലയിൽ റബ്ബർ കൃഷി ആയിരുന്നു. കോട്ടയം ജില്ല കഴിഞ്ഞാൽ റബ്ബർ ഉല്പാദനത്തിൽ അടുത്ത സ്ഥാനം എറണാകുളം ജില്ലയ്ക്കാണ്. ജില്ലയിൽ ആവോലി, ആയവന,പായിപ്ര, ഇലഞ്ഞി, തിരുവാണിയൂർ, വടവുകോട് - പുത്തൻകുരിശ്, പിറവം എന്നിവിടങ്ങളിൽ റബ്ബർ കൃഷി കൂടുതലായി കണ്ടുവരുന്നു. കൃഷിയിൽ നിന്നും മറ്റു വിഭാഗം തൊഴിലുകളിലേയ്ക്കുള്ള തൊഴിൽ ഘടനയുടെ മാറ്റത്തിന്റെ ഫലമായി ഗ്രാമപ്രദേശമായിരുന്ന സ്ഥലങ്ങൾ നഗരപ്രദേശങ്ങളായി മാറിയതിന്റെ ഫലമായുണ്ടായ ഭീമമായ നഗരവത്ക്കരണം ജില്ലയുടെ കാർഷിക ഘടനയിൽ തന്നെ ആഘാതം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. 2011 സെൻസസ് അനുസരിച്ച് ആകെ തൊഴിലാളികളുടെ 10% മാത്രമാണ് കർഷകരും കർഷകത്തൊഴിലാളികളും. വീടുകളും വ്യവസായ സംരംഭങ്ങൾക്കുള്ള കെട്ടിടങ്ങളും ഫ്ളാറ്റുകളും നിർമ്മിക്കുന്നതിനു വേണ്ടി ജില്ലയിലെ കൃഷി സ്ഥലങ്ങൾ വ്യാപകമായി നികത്തപ്പെടുന്നു. സുസ്ഥിര വികസനം ഉറപ്പുവരുത്തുന്നതിലേയ്ക്കും ഭക്ഷ്യസുരക്ഷയ്ക്ക് കോട്ടം വരാത്ത രീതിയിലും ജില്ലയിലെ കൃഷിഭൂമികൾ സംരക്ഷിക്കേണ്ടതാണ്.

3.6.2 മത്സ്യബന്ധനം

അറബിക്കടലിനോട് ചേർന്നുകിടക്കുന്ന എറണാകുളം ജില്ലയുടെ പടിഞ്ഞാറേ തീരമേഖല മത്സ്യബന്ധനത്തിന് അനുഗ്രഹീതമാണ്. കായലും, പുഴകളും,

തോടുകളും, ശുദ്ധജല ഓരു ജലാശയങ്ങളും ധാരാളമുള്ള നമ്മുടെ ജില്ലയിൽ ഉൾനാടൻ മത്സ്യബന്ധനവും കാര്യക്ഷമമാണ്.

സംസ്ഥാനത്തെ മൊത്തം തീരപ്രദേശമായ 590 കിലോമീറ്ററിൽ 46 കിലോമീറ്ററാണ് ജില്ലയിലുള്ളത്. അതായത് 7.8%. ജില്ലയിലെ മൊത്തം മത്സ്യത്തൊഴിലാളി ജനസംഖ്യയായ 1,36,339 പേരിൽ 26,148 പേർ മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്നു. ഇതിൽ കടലോര മത്സ്യത്തൊഴിലാളികൾ 13,314 - ഉം, ഉൾനാടൻ തൊഴിലാളികൾ 12,834 - ഉം ആണ്. ഇതിനുപുറമെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ടുള്ള മറ്റു ജോലികൾ ചെയ്യുന്ന 14,662 പേർ ജില്ലയിലുണ്ട്. മത്സ്യത്തൊഴിലാളികൾ കൂടുതലായി കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശങ്ങളെ മത്സ്യഗ്രാമങ്ങളായി കണക്കാക്കിയിരിക്കുന്നു. ജില്ലയിൽ 21 കടലോര മത്സ്യഗ്രാമങ്ങളും, 15 ഉൾനാടൻ മത്സ്യഗ്രാമങ്ങളും ഉണ്ട്. ജില്ലയുടെ കടലോര-ഉൾനാടൻ മത്സ്യത്തൊഴിലാളികളുടേയും മത്സ്യഗ്രാമങ്ങളുടേയും തദ്ദേശ ഭരണ പ്രദേശങ്ങൾ തിരിച്ചുള്ള എണ്ണം പട്ടിക 3.30 ലും, തദ്ദേശ ഭരണ പ്രദേശങ്ങളിലെ മത്സ്യഗ്രാമങ്ങളുടെ വിന്യാസം ചിത്രം 3.45 ലും കൊടുത്തിരിക്കുന്നു.

ചിത്രം 3.45
തദ്ദേശഭരണപ്രദേശങ്ങളിലെ മത്സ്യഗ്രാമങ്ങളുടെ വിന്യാസം



പട്ടിക 3.30
ജില്ലയുടെ കടലോര-ഉൾനാടൻ മത്സ്യത്തൊഴിലാളികളുടേയും മത്സ്യഗ്രാമങ്ങളുടേയും തദ്ദേശ ഭരണ പ്രദേശങ്ങൾ തിരിച്ചുള്ള എണ്ണം

	കടലോര			ഉൾനാടൻ	
തദ്ദേശഭരണ പ്രദേശം	മത്സ്യ തൊഴിലാളികൾ	മത്സ്യ ഗ്രാമങ്ങൾ	തദ്ദേശഭരണ പ്രദേശം	മത്സ്യ തൊഴിലാളികൾ	മത്സ്യ ഗ്രാമങ്ങൾ
പള്ളിപ്പുറം	2287	4	കൊച്ചി കോർപ്പറേഷൻ	4297	6
എടവനക്കാട്	744	2	ഉദയംപേരൂർ	3404	4
നായരമ്പലം	1115	1	തെക്കൻ പറവൂർ	4550	6
ഞാറക്കൽ	847	1	പറവൂർ മുനിസിപ്പാലിറ്റി	70	1

എളങ്കുന്നപ്പുഴ	1748	4	ചേരാനെല്ലൂർ	210	1
ചെല്ലാനം	3940	5	ആലങ്ങാട്	20	1
കൊച്ചി കോർപ്പറേഷൻ	2164	3	കാഞ്ഞൂർ	3	1
			ശ്രീമൂലനഗരം	5	1
			കുന്നത്തുനാട്	10	1
			കടുങ്ങല്ലൂർ	9	1

2015-16 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ ആകെ 722507 മെട്രിക് ടൺ മത്സ്യ ഉൽപ്പാദനം ഉണ്ടായതിൽ എറണാകുളം ജില്ലയുടെ വിഹിതം 119345 മെട്രിക് ടൺ ആണ്. അതായത് 16.40%. മത്സ്യ ഉൽപ്പാദനത്തിൽ ജില്ലക്ക് രണ്ടാം സ്ഥാനമുണ്ട്. 2015-16 ൽ സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിൽ മത്സ്യബന്ധന മേഖലയിൽ ജില്ലയുടെ വിഹിതം 106770 ലക്ഷമാണ്. 2015-16 സാമ്പത്തിക വർഷത്തിൽ ജില്ലയിലെ കടൽ-ഉൾനാടൻ മത്സ്യോൽപ്പാദനവും വിലയും പട്ടിക 3.31 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 3.31
2015-16 സാമ്പത്തിക വർഷത്തിൽ ജില്ലയിലെ കടൽ-ഉൾനാടൻ മത്സ്യോൽപ്പാദനവും വിലയും

ജില്ല	കടലോര		ഉൾനാടൻ	
	ഉത്പാദനം (മെട്രിക് ടൺ)	വില (ലക്ഷത്തിൽ)	ഉത്പാദനം (മെട്രിക് ടൺ)	വില (ലക്ഷത്തിൽ)
എറണാകുളം	80394	88523	38951	79009

ജില്ലയിൽ 55 ശീതീകരണ സംഭരണികളും, 46 കയറ്റുമതി യൂണിറ്റുകളും 29 ഉണക്കമീൻ സംസ്കരണ യാർഡുകളും പ്രവർത്തിക്കുന്നുണ്ട്. 45 ശീതീകരണ സംഭരണികളും, 35 കയറ്റുമതി യൂണിറ്റുകളും, ഒരു ഉണക്കമീൻ സംസ്കരണ യൂണിറ്റും ഉള്ള കൊച്ചി കോർപ്പറേഷനിൽ ആണ് കൂടുതൽ സംസ്കരണ യൂണിറ്റുകൾ. ചെല്ലാനം ഗ്രാമപഞ്ചായത്തിൽ 3 ശീതീകരണ സംഭരണികളും, 5 കയറ്റുമതി യൂണിറ്റുകളും, ഒരു ഉണക്കമീൻ യാർഡും പ്രവർത്തിക്കുന്നു. മറ്റ് സംസ്കരണ യൂണിറ്റുകൾ വിവിധ തീരദേശ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി സ്ഥിതി ചെയ്യുന്നു.

ജില്ലയിൽ 3 പ്രധാനപ്പെട്ട ഫിഷിങ്ങ് ഹാർബറുകൾ ഉണ്ട്. കോർപ്പറേഷൻ പരിധിയിൽ തോപ്പുംപടിയിലും, പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ മുനമ്പത്തും, എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ കാളമുക്കിലും ആണ് ഇവയുള്ളത്. ആകെയുള്ള 32 ലാന്റിങ്ങ് സെന്ററുകളിൽ 20 എണ്ണം കടലോര മത്സ്യബന്ധന മേഖലയിലും, 12 എണ്ണം ഉൾനാടൻ മത്സ്യബന്ധന മേഖലയിലുമാണ്. ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ 10, കൊച്ചി കോർപ്പറേഷൻ പരിധിയിൽ 8, ചെല്ലാനം ഗ്രാമപഞ്ചായത്തിൽ 5, കുമ്പളം ഗ്രാമപഞ്ചായത്തിൽ 3 വീതം ഫിഷ് ലാന്റിങ്ങ് സെന്ററുകൾ ഉണ്ട്. വരാപ്പുഴ, ഏഴിക്കര, വടക്കേക്കര, നായരമ്പലം, ഞാറക്കൽ

ഗ്രാമപഞ്ചായത്തുകളിലും തൃപ്പൂണിത്തുറ നഗരസഭയിലും ഓരോ ഫിഷ് ലാന്റിങ്ങ് സെന്ററുകൾ വീതമുണ്ട്.

കടലിൽ നിന്നും കായലിൽ നിന്നും ഉൾനാടൻ ജലാശയങ്ങളിൽ നിന്നും ലഭിക്കുന്ന വിലയേറിയ ചെറുതും വലുതുമായ മത്സ്യങ്ങൾ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനുള്ള സാങ്കേതിക വിദ്യയും പരിജ്ഞാനവും ഈ മേഖലയിൽ പണിയെടുക്കുന്നവർക്കില്ല. അതിനാൽ ഈ വിഷയങ്ങളിൽ വിദഗ്ധ പരിശീലനം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. എറണാകുളം ജില്ല ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫിഷറീസ് സർവ്വകലാശാലയുടെ മേൽനോട്ടത്തിൽ രണ്ട് വർഷവും, 3 വർഷവും ദൈർഘ്യമുള്ള ഡിപ്ലോമ കോഴ്സുകൾ മത്സ്യഗ്രാമങ്ങളോട് ചേർന്ന് ആരംഭിച്ചാൽ ഈ മേഖലയിൽ വൻകുതിച്ചുചാട്ടം നടത്തുവാൻ നമ്മുടെ ജില്ലയ്ക്ക് സാധിക്കും. മത്സ്യത്തൊഴിലാളികൾ ശേഖരിക്കുന്ന മത്സ്യം നേരിട്ട് മത്സ്യസംസ്കരണ യൂണിറ്റുകളിൽ എത്തിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കണം. ഇതിനായി കൂടുതൽ മത്സ്യത്തൊഴിലാളികൾ പണിയെടുക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുകയും പരിശീലനം നേടിയ ഈ മേഖലയിൽ നിന്നുള്ള ആളുകളെ ജോലിക്ക് നിയോഗിക്കുകയും ചെയ്യേണ്ടതുണ്ട്.

3.6.3 വ്യവസായം

കേരളത്തിന്റെ വ്യവസായ തലസ്ഥാനമായ എറണാകുളം ജില്ലയ്ക്കാണ് റവന്യൂ വരുമാനത്തിൽ സംസ്ഥാനത്തിലെ പ്രഥമ സ്ഥാനം. 2015-16 കാലയളവിൽ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനത്തിന്റെ 16.11 ശതമാനവും ജില്ലയിലായിരുന്നു (2050.94 ലക്ഷം രൂപ).

ധാതു വിഭവം

ജില്ലയിൽ ലഭ്യമായ ധാതുവിഭവങ്ങളുടെ ഉത്പാദനത്തിൽ 2010-11 കാലയളവിൽ പ്രധാനമായും ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണിന്റെ ഉത്പാദനമാണ് കൂടുതൽ (2563604 ടൺ). ഇതു കൂടാതെ മണൽ, ബ്രിക്ക്ലേ, ലാറ്ററൈറ്റ്, ലൈം ഷെൽ എന്നിവയും ജില്ലയിൽ ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്.

വ്യവസായ യൂണിറ്റുകൾ

ജില്ലയിൽ 25,387 വ്യവസായ യൂണിറ്റുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഇടത്തരം വ്യവസായത്തിന്റെ 22 യൂണീറ്റുകളിലായി 2990 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ജില്ലയിലുള്ള ഇടത്തരം വ്യവസായ സംരംഭങ്ങളെക്കാൾ കൂടുതൽ ടേൺഓവർ ലഭിക്കുന്നത് ചെറുകിടവ്യവസായ സംരംഭങ്ങളിൽ നിന്നാണ്. കേരള വ്യവസായ പശ്ചാത്തല വികസന കോർപ്പറേഷന്റെ (കിൻഫ്ര) കീഴിൽ ജില്ലയിൽ 3 വ്യവസായ പാർക്കുകൾ പ്രവർത്തിക്കുന്നു. കാക്കനാട് സ്ഥിതിചെയ്യുന്ന കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ വീഡിയോ പാർക്ക്, കളമശ്ശേരിയിലുള്ള കിൻഫ്ര ഹൈടെക് പാർക്ക്, മഴുവന്നൂർ ഉള്ള കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക് എന്നിവയിലായി 90 വ്യവസായ യൂണിറ്റുകളിലായി 2155 തൊഴിലാളികൾ ജോലി ചെയ്യുന്നു. ഇതിൽ മഴുവന്നൂരിലെ ഫുഡ് പാർക്കിൽ പ്രവർത്തന നിരതമായ 21 യൂണിറ്റുകൾ ഉണ്ട്. സംസ്ഥാനത്ത് കിൻഫ്രയുടെ കീഴിൽ പ്രവർത്തിക്കുന്ന 4 ഭക്ഷ്യസംസ്ക്കരണ പാർക്കുകളിൽ ഒന്നാണിത്. കിൻഫ്രയുടെ വ്യവസായ പാർക്കുകൾ സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചിത്രം 3.46 ൽ അടയാളപ്പെടുത്തിയിരിക്കുന്നു.

വിവിധതരം ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന യൂണീറ്റുകൾ ഉള്ള കൊച്ചിയിലെ പ്രത്യേക സാമ്പത്തിക മേഖലയിൽ (CSEZ) 136 പ്രവർത്തന യൂണിറ്റുകൾ ഉണ്ട്. കാക്കനാട് പ്രവർത്തിക്കുന്ന ഈ പ്രത്യേക സാമ്പത്തിക മേഖല വളരെയധികം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നു.

ചിത്രം 3.46
വ്യവസായ പാർക്കുകൾ - കിൻഫ്ര



സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ)

സംസ്ഥാനത്തെ 2016 ലെ സാമ്പത്തിക അവലോകനം അനുസരിച്ച് 2015-16 കാലയളവിൽ ഏറ്റവും കൂടുതൽ എം. എസ്. എം. ഇ കൾ ആരംഭിച്ചതും (2129 എണ്ണം) ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടതും (18857 എണ്ണം) എറണാകുളം ജില്ലയിലാണ്. ഇവയിൽ സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ ആണ് കൂടുതലായി (1678 എണ്ണം, 10176 തൊഴിലവസരങ്ങൾ) ആരംഭിച്ചത്. ചെറുകിട വ്യവസായ വാണിജ്യ ഡയറക്ട്രേറ്റിന്റെ കീഴിൽ ജില്ലയിൽ 341.861 ഹെക്ടറിലായി 7 വികസന പ്ലോട്ടുകൾ/പ്രദേശങ്ങൾ ഉണ്ട്. വാഴക്കുളം, ഇടയാർ, അങ്കമാലി, ആലുവ എന്നീ വികസന പ്രദേശങ്ങളിലും അങ്കമാലി, കളമശ്ശേരി, എച്ച്.എം.ടി.എ.ഐ.ഇ എന്നീ വികസന പ്ലോട്ടുകളിലും ആയി 789 വികസന യൂണിറ്റുകൾ ഉണ്ട്. ജില്ലാവ്യവസായ കേന്ദ്രങ്ങളുടെ കീഴിൽ എറണാകുളം ജില്ലയിൽ 19 മിനി എസ്റ്റേറ്റുകളിലായി 160 എസ്.എസ്.ഐ യൂണിറ്റുകൾ ഉണ്ട്. ഇതിൽ 123 പ്രവർത്തന യൂണിറ്റുകളിലായി 1528 തൊഴിലവസരങ്ങളും 2729 ലക്ഷം രൂപ വരുമാനവും ലഭിക്കുന്നുണ്ട്.

സിഡ്കോയുടെ കീഴിൽ മുടിക്കൽ, പള്ളുരുത്തി എന്നിവിടങ്ങളിലായി 170 ഓളം തൊഴിലവസരങ്ങൾ നൽകുന്ന 19 പ്രവർത്തന യൂണിറ്റുകൾ ഉള്ള 2 വ്യവസായ എസ്റ്റേറ്റുകൾ പ്രവർത്തിക്കുന്നു. സൗത്ത് വാഴക്കുളം, പിറവം, കോതമംഗലം, എടത്തല, രായമംഗലം എന്നിവിടങ്ങളിലായി 5 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും സിഡ്കോയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. 166 തൊഴിലാളികളുള്ള പ്രവർത്തനക്ഷമങ്ങളായ 35 യൂണിറ്റുകൾ ഇവയിൽ പ്രവർത്തിക്കുന്നു.

ജില്ലയിൽ നിലവിലുള്ള സൂക്ഷ്മ, ചെറുകിട വ്യവസായങ്ങളിൽ തടി/തടി ഉരുപ്പടി വ്യവസായത്തിൽ ആണ് ഏറ്റവും കൂടുതൽ (5121) യൂണീറ്റുകൾ ഉള്ളത്. സ്റ്റീൽ ഫാബ്രിക്കേഷൻ വിഭാഗത്തിൽ 4214 യൂണിറ്റുകളും കൃഷി അനുബന്ധ വ്യവസായത്തിൽ 2063 യൂണിറ്റുകളും ഉണ്ട്. ഇത്തരം സംരംഭങ്ങളിൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത്. കെമിക്കൽ/ കെമിക്കൽ സംബന്ധിത

യൂണിറ്റുകളിലും, തടി/തടി ഉരുപ്പടി അനുബന്ധിത യൂണിറ്റുകളിലും ആണ്. ഉത്പ്പന്ന നിർമ്മാണ വ്യവസായ മേഖലയിൽ പ്രധാനമായും 4 സൂക്ഷ്മ ചെറുകിട ക്ലസ്റ്ററുകൾ ജില്ലയിൽ ഉണ്ട്. പെരുമ്പാവൂരുള്ള കേരള ഫർണിച്ചർ കൺസോർഷ്യം, പ്ലൈവുഡ് ക്ലസ്റ്റർ, കൊച്ചിയിലെ ഫാബ്രിക്കേഷൻ ആന്റ് ജനറൽ എഞ്ചിനീയറിംഗ് ക്ലസ്റ്റർ, കാലടി റൈസ്മിൽ ക്ലസ്റ്റർ എന്നിവയാണിവ. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ ഉൾപ്പെടുന്ന വികസന പ്രദേശങ്ങൾ, സിഡ്കോയുടെ കീഴിൽ പ്രവർത്തിക്കുന്ന വ്യവസായ എസ്റ്റേറ്റുകൾ, മിനി എസ്റ്റേറ്റുകൾ, സൂക്ഷ്മ ചെറുകിട ക്ലസ്റ്ററുകൾ എന്നിവ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ പ്രദേശങ്ങൾ ചിത്രം 3.47 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.47
സൂക്ഷ്മ ചെറുകിട വ്യവസായ ക്ലസ്റ്ററുകൾ



ഇടത്തരം വ്യവസായ മേഖലയിൽ റബ്ബർ കൈയ്യുറകൾ, ശീതീകരിച്ചതും അല്ലാത്തതുമായ കടൽമത്സ്യ വിഭവങ്ങൾ, സോഫ്റ്റ്വെയർ സൊല്യൂഷൻസ് എന്നീ മേഖലകളുമായി ബന്ധപ്പെട്ട 16 യൂണിറ്റുകളാണ് പ്രധാനമായും ജില്ലയിലുള്ളത്.

വൻകിട വ്യവസായ മേഖലയിൽ കൊച്ചിൻ ഷിപ്പ്യാർഡ്, ഇൻഡ്യൻ റെയർ എർത്ത്സ്, ഫെർട്ടിലൈസേഴ്സ് ആന്റ് കെമിക്കൽസ്, ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, ഭാരത് പെട്രോളിയം തുടങ്ങിയ 22 പ്രമുഖ സ്ഥാപനങ്ങൾ ജില്ലയിൽ ഉണ്ട്. ഈ മേഖലയിൽ നല്ല വളർച്ചയാണ് ജില്ലയിൽ കാണുന്നത്.

പരമ്പരാഗത വ്യവസായങ്ങൾ

ഇൻഡ്യയുടെ ഭൗമ വികസന സൂചിക നിയമത്തിന്റെ കീഴിൽ കൊണ്ടുവന്നിട്ടുള്ള ചേന്ദമംഗലം മുണ്ടുകൾ പാരമ്പര്യ കൈത്തറി മേഖലയിലെ ജില്ലയുടെ സാന്നിദ്ധ്യം അറിയിക്കുന്നു. കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിനു കീഴിൽ 2015-16 വർഷത്തിൽ 12 കേന്ദ്രങ്ങളിലായി 678.63 ലക്ഷം രൂപയുടെ വില്പ്പന ജില്ലയിൽ നടന്നിട്ടുണ്ട്. മുള വ്യവസായ മേഖലയുടെ വിഭവ കേന്ദ്രമായ (റിസോഴ്സ് സെന്റർ) ബാംബൂ ഇന്നോവേഷൻ സെന്റർ ജില്ലയിലെ അങ്കമാലിയിൽ പ്രവർത്തിക്കുന്നു. പരമ്പരാഗത വ്യവസായ മേഖലയിൽ ജില്ലയ്ക്ക് ഉള്ള പങ്ക് ഇവ വ്യക്തമാക്കുന്നു.

3.6.4 വിനോദസഞ്ചാരം

സാമ്പത്തിക വളർച്ചയ്ക്കും വിദേശനാണ്യ വിനിമയത്തിലെ നേട്ടത്തിലും വിനോദ

സഞ്ചാരം ഇന്ത്യ ഉൾപ്പെടെ ലോകത്താകെയുള്ള രാജ്യങ്ങളിൽ പ്രധാന പങ്കാണ് വഹിക്കുന്നത്. വിനോദസഞ്ചാരം നേരിട്ടും അല്ലാതെയും ഉള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വിദഗ്ദ്ധരും അവിദഗ്ദ്ധരുമായ തൊഴിലാളികൾക്ക് അവസരങ്ങൾ നൽകുകയും ചെയ്യും. ഒരു ടൂറിസ്റ്റ് കേന്ദ്രം വികസിപ്പിക്കുന്നതിലൂടെ അവിടുത്തെ ജനങ്ങളുടെ സമഗ്രവികസനം സാധ്യമാകും. 2012-2013 വർഷത്തെ ടൂറിസം കണക്കുകൾ പ്രകാരം രാജ്യത്തിന്റെ ജി.ഡി.പി. യിൽ ടൂറിസത്തിന്റെ സംഭാവന 6.88% ആയിരുന്നു. തൊഴിൽമേഖലയിൽ നേരിട്ടും അല്ലാതെയും ടൂറിസത്തിന്റെ സംഭാവന രാജ്യത്ത് 12.36% ആയിരുന്നു. ടൂറിസത്തിലൂടെയുള്ള കേരളത്തിന്റെ 2016 ലെ വിദേശനാണ്യ വരുമാനം 7749.51 കോടി രൂപയാണ്. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 11.51 % വർദ്ധന രേഖപ്പെടുത്തിയിട്ടുണ്ട്. അതേസമയം ടൂറിസത്തിൽ നിന്നുള്ള കേരളത്തിന്റെ മൊത്തം വരുമാനം 29658.56 കോടി രൂപയാണ്. ഇത് 2015 ൽ നിന്നും 11.12% വർദ്ധിച്ചു.

കഴിഞ്ഞ രണ്ട് ദശാബ്ദക്കാലത്ത് വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കേരളവും സ്ഥിരതയുള്ള വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. 2015 ൽ 9,77,479 വിദേശ വിനോദ സഞ്ചാരികൾ കേരളത്തിലെത്തി. ഇത് മുൻ വർഷത്തെക്കാൾ 5.86 % വളർച്ച കൈവരിച്ചു. ഇന്ത്യയിലാകെയുള്ള വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 12.2% പങ്കോടെ കേരളം 7-ാം സ്ഥാനത്താണ്. കേരളത്തിലെ ജില്ലകളിൽ എറണാകുളത്താണ് ഏറ്റവും കൂടുതൽ വിദേശ വിനോദ സഞ്ചാരികൾ എത്തുന്നത്. വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 39.2 ശതമാനം എറണാകുളത്തിന്റെ പങ്കാണ്.

ആഭ്യന്തര വിനോദസഞ്ചാരികൾ

കേരളത്തിൽ വരുന്ന ആഭ്യന്തര വിനോദ സഞ്ചാരികളുടെ മുഖ്യങ്കും ലഭ്യമാക്കുന്നത് എറണാകുളം ജില്ലയാണ് (23.2 ശതമാനം). വിദേശ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിലും ജില്ല സ്ഥിരമായ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലേക്കുള്ള വിനോദ സഞ്ചാരികളുടെ ഏറ്റവും പ്രധാനപ്പെട്ട പ്രവേശനകവാടമാണ് കൊച്ചി. റോഡ്, റെയിൽ, വായു, ജലമാർഗം വഴി ഇവിടേയ്ക്ക് എത്താവുന്നതാണ്. അന്തർസംസ്ഥാന ബസ് സർവ്വീസുകൾ നഗരത്തെ തമിഴ്നാട്,കർണാടക, ആന്ധ്ര എന്നിവിടങ്ങളിലെ മറ്റു പ്രധാന നഗരങ്ങളുമായി ബന്ധിപ്പിക്കുന്നു. എറണാകുളം ജംഗ്ഷൻ റെയിൽവേ സ്റ്റേഷൻ ദക്ഷിണ റയിൽവേയുടെ പ്രധാന റെയിൽവേസ്റ്റേഷനാണ്. നെടുമ്പാശ്ശേരിയിലെ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് യാത്രക്കാരുടെ എണ്ണത്തിൽ രാജ്യത്തിലെ ഏഴാമത്തെ വലിയ വിമാനത്താവളമാണ്. കൊച്ചിൻ തുറമുഖത്തിന് പ്രത്യേകമായ 'ക്രൂയിസ്' ടെർമിനൽ ഉണ്ട്. പല പ്രമുഖ ക്രൂയിസ്ലൈനുകളും കൊച്ചിയിൽ നങ്കൂരം ഇടാറുണ്ട്.

സമ്പന്നമായ ചരിത്രവും പൈതൃകവുമൊക്കെയാണ് വിനോദ സഞ്ചാരികളെ ഈ നഗരത്തിലേയ്ക്ക് ആകർഷിക്കുന്നത്. കേരളത്തിന്റെ വാണിജ്യ തലസ്ഥാനം എന്ന നിലയിൽ ലോകോത്തര ഷോപ്പിംഗ് കേന്ദ്രങ്ങളും മികച്ച ടൂറിസ്റ്റ് ഇടങ്ങളും കൊച്ചി വാഗ്ദാനം ചെയ്യുന്നു.

ജില്ലയിലെ പ്രമുഖ വിനോദ സഞ്ചാര കേന്ദ്രങ്ങൾ താഴെ പറയുന്നവയാണ്

തീർത്ഥാടന ടൂറിസം

- ചോറ്റാനിക്കര ക്ഷേത്രം
- മണപ്പുറം ശിവ ക്ഷേത്രം
- മലയാറ്റൂർ പള്ളി
- കാഞ്ഞിരമറ്റം പള്ളി

സാംസ്കാരിക ടൂറിസം

- കൊച്ചി ബിനാലെ
- അത്തച്ചമയം

പൈതൃക ടൂറിസം

- ഫോർട്ട് കൊച്ചി
- ജൂത പട്ടണം

- ഹിൽപാലസ് മ്യൂസിയം
- ചീനവലകൾ
- മുസിരിസ് പൈതൃക പ്രദേശം

കടലോര കായലോര ടൂറിസം

- ചെറായി ബീച്ച്
- മുനമ്പം ബീച്ച്
- ഫോർട്ട് കൊച്ചി ബീച്ച്
- മറൈൻഡ്രൈവ്

ഇക്കോ ടൂറിസം

- കുമ്പളങ്ങി ടൂറിസ്റ്റ് ഗ്രാമം
- തട്ടേക്കാട് പക്ഷി സങ്കേതം
- ഏഴാറ്റുമുഖം പ്രകൃതി ഗ്രാമം
- കോടനാട് ആനപരിശീലന കേന്ദ്രം
- ഭൂതത്താൻ കെട്ട് ഡാം
- ഇടമലയാർഡാം ഫാംടൂറിസം
- ഞാറയ്ക്കൽ ഫിഷ് ഫാം

ടൂറിസ്റ്റ് സർക്യൂട്ടുകളുടെ സംയോജിത വികസനം

മൂന്നോ അതിൽ കൂടുതലോ വിനോദ സഞ്ചാരകേന്ദ്രങ്ങൾ ഉൾപ്പെടുന്ന പ്രധാന ഇടനാഴികളാണ് ടൂറിസം സർക്യൂട്ട്.

ഒരു പ്രദേശം ഉൾക്കൊള്ളുന്ന ടൂറിസം ഉൽപ്പന്നങ്ങളോ, ഒരേ തീം പങ്കിടുന്ന ഒരു കൂട്ടം ടൂറിസം ഉൽപ്പന്നങ്ങളോ ആയേക്കാം ഇതിൽ ഉൾപ്പെടുന്നത്. ഈ സ്ഥലങ്ങൾ വിനോദ സഞ്ചാരികൾക്ക് ഉപയോഗപ്രദമാംവിധം മുഖ്യ റോഡുകളും മറ്റു സംവിധാനങ്ങളുമായി കൂട്ടിച്ചേർക്കുന്നതിലും കൂട്ടായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലും ആണ് ഒരു ടൂറിസം സർക്യൂട്ടിന്റെ പ്രാധാന്യം. ഇതുവഴി സർക്യൂട്ടിലെ എല്ലാ സ്ഥലങ്ങൾക്കും ഒരു പോലെ ഗുണം ലഭിക്കും.

എറണാകുളം ജില്ലയിലെ നിലവിൽ അറിയപ്പെടുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളായ കുമ്പളങ്ങി, ഫോർട്ട് കൊച്ചി, ചെറായി എന്നീ സ്ഥലങ്ങളുടെ കൂടെ താരതമ്യേന അറിയപ്പെടാത്ത ഞാറയ്ക്കൽ, മുനമ്പം, പട്ടണംപ്രദേശം ഉൾപ്പെടുന്ന മുസിരിസ് പൈതൃക പ്രദേശം പോലെയുള്ള സ്ഥലങ്ങൾ ഉൾപ്പെടുത്തി എറണാകുളം, തൃശ്ശൂർ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന ഒരു തീരദേശ-പൈതൃക സർക്യൂട്ട് വികസിപ്പിച്ചെടുക്കാവുന്നതാണ്. അതുപോലെതന്നെ മലയാറ്റൂർ, എഴാറ്റുമുഖം, പാണിയേലി പോര്, കോടനാട്, തട്ടേക്കാട്, ഭൂതത്താൻകെട്ട്, ഇടമലയാർ തുടങ്ങിയ സ്ഥലങ്ങൾ ഉൾപ്പെടുത്തി ഒരു ഇക്കോ ടൂറിസം സർക്യൂട്ടിനും വലിയ സാധ്യതയുണ്ട്. ഇവിടങ്ങളിൽ എത്തിച്ചേരാനുള്ള വഴികൾ മെച്ചപ്പെടുത്തിയും നല്ല താമസസൗകര്യം ഒരുക്കിയും സഞ്ചാരികളെ ആകർഷിക്കുവാൻ സാധിക്കും. ജില്ലയിലെ പ്രധാന ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളും ടൂറിസ്റ്റ് സർക്യൂട്ടുകളും ചിത്രം 3.48 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.48

ജില്ലയിലെ പ്രധാന ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളും ടൂറിസ്റ്റ് സർക്യൂട്ടുകളും



3.6.5 വനമേഖല

നമ്മുടെ രാജ്യത്തിന്റെ ആകെ ഭൂവിസ്തൃതിയിൽ 21.34 ശതമാനം വനപ്രദേശമാണ്. നമ്മുടെ കൊച്ചുകേരളത്തിന്റെ ആകെ ഭൂവിസ്തൃതി 38863 ചതുരശ്ര കിലോമീറ്ററാണ്. ഇതിൽ 11309.47 ചതുരശ്ര കിലോമീറ്റർ വനപ്രദേശമാണ്. അതായത് കേരളത്തിന്റെ ആകെ വിസ്തൃതിയുടെ 29.1 ശതമാനം വനസമ്പത്താണ്. 3.34 കോടി ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കൊച്ചു കേരളത്തിൽ 29.1 ശതമാനം ഭൂമിയും വനപ്രദേശമായി പരിപാലിക്കപ്പെടുന്നു എന്ന കാര്യത്തിൽ നമുക്ക് അഭിമാനിക്കാം.

എറണാകുളം ജില്ലയുടെ മൊത്തം വിസ്തൃതി 3063 ചതുരശ്ര കിലോമീറ്ററാണ്. ഇതിൽ 709.69 ചതുരശ്ര കിലോമീറ്റർ വനമേഖലയാണ്. ജില്ലയുടെ ആകെ വിസ്തൃതിയിൽ 23.17 ശതമാനം വനപ്രദേശമാണ്. എറണാകുളം ജില്ലയുടെ കീഴിൽ മലയാറ്റൂർ ഡിവിഷൻ മുഴുവനും, കോതമംഗലം, വാഴച്ചാൽ, മൂന്നാർ ഡിവിഷനുകളുടെ കുറേഭാഗങ്ങളും ഇടുക്കി വന്യജീവി ഡിവിഷന്റെ ചില പ്രദേശങ്ങളും ഉൾപ്പെടുന്നു. മലയാറ്റൂർ ഡിവിഷന്റെ കീഴിൽ 5 റെയിഞ്ചുകളാണ് പ്രവർത്തിക്കുന്നത്. കാലടി, കോടനാട്, തുണ്ടത്തിൽ. കുട്ടമ്പുഴ, ഇടമലയാർ എന്നിവ. മൂന്നാർ ഡിവിഷനിലെ നേരിയമംഗലം റെയ്ഞ്ചിൽപ്പെട്ട 52.08 ചതുരശ്ര കിലോമീറ്റർ വനം എറണാകുളം ജില്ലയിൽപ്പെടുന്നു. ഇടുക്കി വന്യജീവി ഡിവിഷനിൽ ഉൾപ്പെട്ട തട്ടേക്കാട് പക്ഷി സങ്കേതം എറണാകുളം ജില്ലയുടെ ഭാഗമാണ്. ഇതിന്റെ വിസ്തൃതി 25.16 ചതുരശ്ര കിലോമീറ്ററാണ്. വാഴച്ചാൽ ഡിവിഷനിലെ അതിരപ്പിള്ളി റെയ്ഞ്ച് എറണകുളം ജില്ലയിൽ ഉൾപ്പെടുന്നു. കോതമംഗലം ഡിവിഷനിലെ മുള്ളരിങ്ങാട് റെയ്ഞ്ച് എറണാകുളം ജില്ലയുടെ ഭാഗമാണ്.

മലയാറ്റൂർ ഡിവിഷനിലെ കുട്ടമ്പുഴ, തുണ്ടത്തിൽ, ഇടമലയാർ എന്നീ റെയ്ഞ്ചുകളിൽ ധാരാളം ആദിവാസി സെറ്റിൽമെന്റുകളുണ്ട്. തേക്ക്, ഈട്ടി, ഇകുൾ, തമ്പകം, തുടങ്ങിയ വനവൃക്ഷങ്ങൾ ധാരാളമായി വളരുന്ന പ്രദേശമണ് മലയാറ്റൂർ, കോതമംഗലം ഡിവിഷനുകൾ.

മറ്റ് വനവിഭവങ്ങൾ - ശേഖരണം, വിപണനം

വന വികസന സമിതികളുടെ മേല്നോട്ടത്തിൽ വനമേഖലയിൽ നിന്നും തേൻ, കുരുമുളക്, കുടംപുളി, മെഴുക്, കസ്തൂരി മഞ്ഞൾ, യൂക്കാലി തൈലം, ഗ്രാംപു തുടങ്ങിയ വിഭവങ്ങൾ ശേഖരിക്കുന്നുണ്ട്. ഇഞ്ചപ്പുൽ, ഇഞ്ച, മുളയരി, എന്നിവയും ഇക്കോഡവലപ്മെന്റ് സമിതികൾ ശേഖരിക്കുന്നു. ശേഖരിക്കുന്ന വിഭവങ്ങൾ മൂല്യവർദ്ധിത ഉല്പ്പന്നങ്ങളാക്കി മാറ്റിയും അല്ലാതെയും ഇക്കോ ഡവലപ്പ്മെന്റ് ഷോപ്പുകൾ വഴി വിനോദസഞ്ചാരികൾക്ക് വില്പന നടത്തുന്നു. ഇതുവഴി ലഭിക്കുന്ന വരുമാനം വനവികസന പ്രവർത്തനങ്ങൾക്കും തൊഴിലാളികളുടെ ക്ഷേമപ്രവർത്തനത്തിനും ഉപയോഗിച്ചുവരുന്നു.

പ്ലാന്റേഷൻ തോട്ടങ്ങൾ : മലയാറ്റൂർ, കോതമംഗലം, വാഴച്ചാൽ ഡിവിഷനുകളിലെ ആയിരക്കണക്കിന് ഹെക്ടർ തോട്ടങ്ങൾ പ്ലാന്റേഷൻ കോർപ്പറേഷൻ പാട്ടത്തിനെടുക്കുകയും അവിടങ്ങളിൽ റബ്ബർ, എണ്ണപ്പന, കശുമാവ്, എന്നിവ വളർത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വനംവകുപ്പിന്റെ യൂക്കാലി, അക്കേഷ്യ, മാഞ്ചിയം തോട്ടങ്ങളും നമ്മുടെ ജില്ലയിൽ ധാരാളമുണ്ട്.

വിഭവങ്ങളുടെ സംസ്ക്കരണം

വനവിഭവങ്ങൾ ശരിയായ വിധത്തിൽ സംസ്ക്കരിക്കുന്നതിനും മൂല്യ വർദ്ധിത ഉല്പ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുമുള്ള സംരംഭങ്ങൾ ജില്ലയിൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഈ മേഖലയിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഇത്തരം സംരംഭങ്ങൾക്ക് കഴിയും. കശുവണ്ടി സംസ്ക്കരണത്തിൽ ജില്ല വളരെ പിന്നിലാണ്. എന്ന കാര്യം ഓർക്കേണ്ടതുണ്ട്.

മലയാറ്റൂർ ഡിവിഷനിലെ കോടനാട് റെയ്ഞ്ചിലുള്ള മംഗളവനം എറണാകുളം നഗരത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന കുട്ടിവനമാണ്. ധാരാളം പക്ഷികൾ കൂടണയുന്ന ഈ പ്രദേശം

വൃക്ഷനിബിഢമായ കായലോരമാണ്. മലിനീകരണവും ജനസാന്ദ്രതയും മൂലം വീർപ്പുമുട്ടുന്ന കൊച്ചിയിൽ മംഗളവനത്തെ ഒരു പൂങ്കാവനമാക്കി മാറ്റുന്നതിനുള്ള പദ്ധതി തയ്യാറാക്കാവുന്നതാണ്.

ഇരിങ്ങോൾക്കാവ് ഈ റേഞ്ചിലുള്ള മറ്റൊരു ക്ഷേത്രവനമാണ്. ജനവാസമേഖലക്കുള്ളിൽ ഒരു നിബിഡവനം. തീർത്ഥാടകർ ധാരാളമായി വന്നുപോകുന്ന ഈ വനക്ഷേത്രത്തെ അടിസ്ഥാന സൗകര്യങ്ങൾ നൽകി വികസിപ്പിച്ചാൽ ഒരു ദേശീയ തീർത്ഥാടന കേന്ദ്രമാവും എന്ന കാര്യത്തിൽ സംശയമില്ല. പെരിയാറിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന മലയാറ്റൂർ പള്ളിയും കുരിശുമുടിയും തീർത്ഥാടകർക്ക് പ്രിയങ്കരമായ ഇടങ്ങളാണ്. മലയാറ്റൂരിനെ അന്തർദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ആദിശങ്കരന്റെ ജന്മസ്ഥലമായ കാലടി ശൃംഗേരി മഠവും മുതലക്കടവും വടക്കേ ഇന്ത്യക്കാർക്ക് വളരെ പ്രധാനപ്പെട്ട ഇടങ്ങളാണ്. തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമാക്കി മലയാറ്റൂർ ഇരിങ്ങോൾക്കാവ്, കാലടി എന്നിവയെ ബന്ധപ്പെടുത്തിയാൽ ടൂറിസം സർക്യൂട്ട് വികസിപ്പിച്ചെടുക്കാൻ സാധിക്കും.

വികസന സാധ്യതകൾ

മലയാറ്റൂർ ഡിവിഷന്റെ കീഴിൽ വരുന്ന ഇടമലയാർ, ഭൂതത്താൻ കെട്ട്, മുളം കുഴി, ഇല്ലിത്തോട്, തുണ്ടത്തിൽ, കപ്രിക്കാട്, പാണിയേലിപോര് എന്നീ വനപ്രദേശങ്ങൾ വിനോദ സഞ്ചാര കേന്ദ്രങ്ങളാണ്. കൂടാതെ ഇടുക്കി വന്യജീവി ഡിവിഷന്റെ കീഴിൽ വരുന്ന തട്ടേക്കാട് പക്ഷി സങ്കേതം, വാഴച്ചാൽ ഡിവിഷൻ പരിധിയിലുള്ള ഏഴാറ്റുമുഖം പ്രകൃതി ഗ്രാമം എന്നിവ വിനോദ സഞ്ചാരികൾ ധാരാളമായി വന്നുപോകുന്ന സ്ഥലങ്ങളാണ്. എന്നാൽ ഇവയെല്ലാം വനമേഖലയിൽ ആയതിനാൽ വിനോദസഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല.

ഇക്കോ ടൂറിസത്തിന്റെ ഭാഗമായി വികസിപ്പിക്കേണ്ട വളരെ പ്രധാനപ്പെട്ട കേന്ദ്രങ്ങളാണ് ഇവയെല്ലാം. ആദ്യമായി ഈ സ്ഥലങ്ങളിലേയ്ക്ക് എത്തിച്ചേരുന്നതിനുള്ള യാത്രാമാർഗ്ഗം വികസിപ്പിക്കേണ്ടതുണ്ട്. നെടുമ്പാശ്ശേരി വിമാനത്താവളം, അങ്കമാലി ആലുവ റെയിൽവെസ്റ്റേഷനുകൾ, നാഷണൽ ഹൈവെ 47, എം.സി.റോഡ് എന്നീ പ്രധാന യാത്രാമാർഗ്ഗങ്ങളുമായി മേല്പ്പറഞ്ഞ വിനോദ സഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിന് ജില്ലാ നേതൃത്വം പദ്ധതി തയ്യാറാക്കണം.

രണ്ടാമതായി ഈ ഇക്കോ ടൂറിസം സെന്ററുകളെ തമ്മിൽ തമ്മിൽ ബന്ധിപ്പിക്കുന്ന വനപാതകൾ രൂപപ്പെടുത്തേണ്ടതായുണ്ട്. വിദേശത്തുനിന്നും, ആഭ്യന്തരമായും വരുന്ന വിനോദ സഞ്ചാരികൾക്ക് അനായാസം ഈ കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനുള്ള പാക്കേജ് തയ്യാറാക്കേണ്ടതാണ്.

പ്രകൃതിരമണീയമായ ഈ വനപ്രദേശങ്ങളിൽ കൂടുതൽ ദിവസങ്ങൾ താമസിക്കുന്നതിനോ, പ്രകൃതി ഭംഗി ആസ്വദിക്കുന്നതിനോ, മലകയറുന്നതിനോ നിലവിലുള്ള സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. കൂടുതൽ പേർക്ക് താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ കുറഞ്ഞ ചിലവിൽ ഒരുക്കുകയും ഇഷ്ടപ്പെട്ട ഭക്ഷണം ലഭ്യമാക്കുകയും ചെയ്താൽ, ഈ മേഖലയിൽ വലീയ കുതിച്ചുചാട്ടംതന്നെ എറണാകുളം ജില്ലയ്ക്ക് നടത്താനാകും. ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന ഒരു ബൃഹത് പദ്ധതിയായി ഇതിനെ വളർത്തിയെടുക്കാം.

തട്ടേക്കാട് പക്ഷിസങ്കേതം പക്ഷി നിരീക്ഷണത്തിന് പ്രശസ്തമാണ്. എന്നാൽ അവിടെ കൂടുതൽ ആളുകൾക്ക് താമസിക്കുന്നതിനോ പക്ഷി നിരീക്ഷണം നടത്തുന്നതിനോ സൗകര്യമില്ല. ഇതിനെ പ്രോത്സാഹിപ്പിക്കുന്ന യാതൊരു പ്രവർത്തനവും ഇന്നില്ല. അവിടെ എത്തിച്ചേരുന്നതിന് ഉയർന്ന വിലവാരമുള്ള റോഡുകൾ നിർമ്മിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്തുകൊണ്ട്, ലോക ടൂറിസം മാപ്പിൽ ഇടം പിടിക്കുന്ന നിലയിലേക്ക് ഈ

കേന്ദ്രത്തെ ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ് .

പ്രകൃതിയേയും മനുഷ്യനേയും തമ്മിൽ കൂടുതൽ അടുപ്പിക്കുന്ന രീതിയിൽ ആദിവാസി സെറ്റിൽമെന്റുകൾ പുന:ക്രമീകരിക്കുകയും കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. വനമേഖലകളിൽ മലിനീകരണം തടയുന്നതിനായി, പ്രകൃതിയുമായി ഇണങ്ങിപ്പോകുന്ന ഇലക്ട്രിക്, സോളാർ വാഹനങ്ങൾ കൂടുതലായി പ്രോത്സാഹിപ്പിക്കുന്ന പദ്ധതി വിഭാവനം ചെയ്യാവുന്നതാണ്. വനത്തെ നശിപ്പിക്കാതെ, പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട്, മനുഷ്യനെ വനവുമായി ബന്ധിപ്പിക്കാൻ ശ്രമിക്കാം.

വിഭിന്നങ്ങളായ പ്രകൃതിവിഭവങ്ങളാൽ സമ്പന്നമാണ് എറണാകുളം ജില്ല. വ്യവസായം, ടൂറിസം, മത്സ്യബന്ധനം, വനം കൃഷി, തുടങ്ങിയ മേഖലകളിൽ ജില്ലയ്ക്ക് അതിന്റേതായ പ്രാതിനിധ്യം ഉറപ്പിക്കാൻ സാധിച്ചിട്ടുണ്ട്. അതത് മേഖലകളുടെ വിശദമായ വിശകലനങ്ങളിലൂടെ മാത്രമേ സ്ഥലപരമായ വിന്യാസവും സാധ്യതകളും, കണ്ടെത്തുവാൻ സാധിക്കുകയുള്ളു എന്നുകാണുന്നു. ലഭ്യമായ ദ്വിതീയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ജില്ലയുടെ കിഴക്കൻ മേഖല കാർഷിക മേഖലയായും മദ്ധ്യമേഖല വ്യവസായമേഖലയായും വർത്തിക്കുന്നു. തീരദേശമേഖലയിൽ മത്സ്യബന്ധനവും കാര്യക്ഷമമാണ് . എല്ലാമേഖലകളിൽ നിന്നും സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിൽ കാര്യമായ സംഭാവന ചെയ്യുവാൻ ജില്ലക്ക് സാധിച്ചിട്ടുണ്ട്. ജില്ലയിൽ വിനോദസഞ്ചാര മേഖലയിലെ വളർച്ചാപ്രവണതയും വികസന സാധ്യതകളും കൂടുതലായികാണുന്നു. വിഭങ്ങളുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ഒരോ മേഖലയ്ക്കും ഊന്നൽ നൽകേണ്ടുന്ന പ്രദേശങ്ങൾ ചിത്രം 3.49 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.49
വിഭവങ്ങളുടെ അടിസ്ഥാനത്തിൽ ഒരോ മേഖലയ്ക്കും ഊന്നൽ നൽകേണ്ടുന്ന പ്രദേശങ്ങൾ



3.7 ഗതാഗത ശൃംഖലാ പഠനം

ഒരു രാജ്യത്തിന്റെ സാമൂഹികവും, സാമ്പത്തികവുമായ വികസനത്തിന് ഗുണ നിലവാരമുള്ള പശ്ചാത്തലമേഖല ഒരു അവശ്യഘടകമാണ്. വൈവിധ്യമാർന്ന ഭൂപ്രകൃതിയോടു കൂടിയ കേരളത്തിന്റെ പൊതുഗതാഗത മേഖലയിൽ റോഡ് ഗതാഗതമാണ് മുഖ്യപങ്കു വഹിയ്ക്കുന്നത്.

കേരള സംസ്ഥാനത്തിന്റെ വടക്കും തെക്കും ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിയ്ക്കുന്ന പ്രധാന കണ്ണികളാണ് എറണാകുളം ജില്ലയിലെ റോഡുകൾ. എറണാകുളം ജില്ലയ്ക്കായ് തയ്യാറാക്കിയിട്ടുള്ള നഗരവൽക്കരണ റിപ്പോർട്ട് പ്രകാരം ജില്ലയിലാണ് ഏറ്റവു മധികം റോഡുകളുടെ ലഭ്യതയുള്ളത്. ജില്ലയുടെ റോഡ്/ജല/റയിൽ/വ്യോമ ഗതാഗത ശൃംഖല ചിത്രം 3.50 – ൽ നൽകിയിരിക്കുന്നു.

3.7.1 റോഡ് ഗതാഗത ശൃംഖല

എറണാകുളം ജില്ലയിലൂടെ കടന്നു പോകുന്ന ദേശീയ പാതകളുടെ വിവരങ്ങൾ പട്ടിക 3.32 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.32
ദേശീയ പാതകൾ-എറണാകുളം ജില്ല

ക്രമ നം.	ദേശീയപാതയുടെ പേര്
1	NH 66 പനവേൽ – കന്യാകുമാരി
2	NH 544 സേലം – എറണാകുളം
3	NH 85 കൊച്ചി – തമിഴ്നാട്ടിലെ ടോണ്ടി പോയിന്റ്
4	NH 966 A വല്ലാർപാടം – കളമശ്ശേരി
5	NH 966 B വെല്ലിംഗ്ടൺ ഐലന്റ്-കുണ്ടന്നൂർ

ചിത്രം 3.50
എറണാകുളം ജില്ലാ ഗതാഗത ശൃംഖല



ജില്ലയിലെ മറ്റു പ്രധാന റോഡുകൾ അനുബന്ധം 3.2 – ൽ നൽകിയിരിക്കുന്നു. വളർന്നു വരുന്ന നഗരജനസംഖ്യയും, എറണാകുളം ജില്ലയുടെ, സമീപഭാവിയിൽ ഉണ്ടാകാനിടയുള്ള വാണിജ്യ, വ്യവസായ മേഖലകളിലെ മുന്നേറ്റവും, ജില്ലയുടെ വികസനത്തിന്റെ നട്ടെല്ലായി വർത്തിക്കുന്ന തുറമുഖം, അന്താരാഷ്ട്ര വിമാനത്താവളം, കാക്കനാട് വ്യവസായ മേഖല തുടങ്ങിയവയുടെ നിർദ്ദിഷ്ട പ്രവർത്തനങ്ങളും, എല്ലാം തന്നെ മികച്ച ഒരു ഗതാഗത ശൃംഖല ഉണ്ടാകേണ്ടതിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ഈ സാഹചര്യത്തിൽ ജില്ലയുടെ വികസനത്തിൽ സ്വാധീനം ചെലുത്താനുതകുന്ന രണ്ട് നിർദ്ദേശങ്ങളാണ് തീരദേശ ഹൈവേയും, ഹിൽ ഹൈവേയും.

അനുബന്ധം 3.2

നിലവിലുള്ള റോഡ് ഗതാഗത ബന്ധങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ

A) എറണാകുളം ജില്ലയിൽക്കൂടി കടന്നുപോകുന്ന ദേശീയ പാതകൾ

1) എൻ.എച്ച്.66 (എൻ.എച്ച്.47) - ഇടപ്പള്ളിയിൽ തുടങ്ങി തിരുവനന്തപുരം വഴി കന്യാകുമാരിയിലേക്കും പോകുന്നു.

   എൻ.എച്ച്.66 (എൻ.എച്ച്.17) - ഇടപ്പള്ളിയിൽ തുടങ്ങി വടക്കു ദിശയിലേയ്ക്ക് മംഗലാപുരം ഭാഗത്തേക്ക് പോകുന്നു. എൻ.എച്ച്.544 (എൻ.എച്ച്.47) - ഇടപ്പള്ളിയിൽ തുടങ്ങി വടക്കോട്ട് വാളയാർ ഭാഗത്തേക്ക് പോകുന്നു.

2) എൻ.എച്ച്.85 (എൻ.എച്ച്.49) - കുണ്ടന്നൂരിൽ തുടങ്ങി കിഴക്കു ദിശയിലേയ്ക്ക് മധുര വരെ

3) എൻ.എച്ച്.966 ബി(എൻ.എച്ച്.47 എ) - കുണ്ടന്നൂർ ജംഗ്ഷനിൽ നിന്ന് തുടങ്ങുന്ന ഈ ലിങ്ക് റോഡ് കൊച്ചിൻ പോർട്ടിനെ എൻ.എച്ച് 47 നുമായി ബന്ധിപ്പിക്കുന്നു.

4) എൻ.എച്ച്. 966 എ (എൻ.എച്ച്.47 സി) – വല്ലാർപാടം - കളമശ്ശേരി

B) എറണാകുളം ജില്ലയിൽക്കൂടി കടന്നുപോകുന്ന സംസ്ഥാന പാതകൾ

1) മെയിൻ സെൻട്രൽ റോഡ് - അങ്കമാലിയിൽ നിന്നും തുടങ്ങി കാലടി, പെരുമ്പാവൂർ, മൂവാറ്റുപുഴ, കൂത്താട്ടുകുളം വഴി തെക്കോട്ട് തിരുവനന്തപുരം വരെ.

2) ആലുവ - മൂന്നാർ റോഡ് - ആലുവയിൽ തുടങ്ങി പെരുമ്പാവൂർ, കോതമംഗലം, നേരിയമംഗലം വഴി കിഴക്കോട്ട് മൂന്നാർ വരെ.

3) എറണാകുളം - ഏറ്റുമാനൂർ കോട്ടയം റോഡ് - എറണാകുളം- ഗോതുരുത്ത് ലിങ്ക് റോഡ്

4) ചെല്ലാനം - തോപ്പുംപടി റോഡ്

5) എറണാകുളത്തു നിന്നും തൃപ്പൂണിത്തുറ, ഉദയംപേരൂർ, വൈക്കം, ഏറ്റുമാനൂർ വഴി തെക്കോട്ട് കോട്ടയം വരെ.

6) എറണാകുളം - ഇടുക്കി റോഡ് - മൂവാറ്റുപുഴയിൽ തുടങ്ങി തൊടുപുഴ വഴി ഇടുക്കി വരെ.

7) കോതമംഗലം - ലോവർ പെരിയാർ റോഡ് - കോതമംഗലത്തു നിന്നും തുടങ്ങി നേരിയമംഗലം, ലോവർ പെരിയാർ വഴി ഇടുക്കി വരെ.

8) ആലുവ - എറണാകുളം (പഴയ ദേശീയ പാത)

9) മൂതക്കുന്നം - ഫെറി (പഴയ ദേശീയ പാത)

10) ഗോതുരുത്ത് പാലവും അപ്രോച്ച് റോഡും

11) മൂത്തക്കുന്നം ജംഗ്ഷൻ

12) പാണ്ടിക്കുടി - ചെല്ലാനം റോഡും പി.ടി.ജേക്കബ് റോഡും

13) വൈപ്പിൻ - പള്ളിപ്പുറം റോഡ്

C) പ്രധാനപ്പെട്ട ജില്ലാറോഡുകൾ താഴെക്കൊടുത്തിരിക്കുന്നു.

1) ഇടപ്പള്ളി - മൂവാറ്റുപുഴ റോഡ്
2) ബാനർജി റോഡ്
3) ബ്രോഡ്വേ റോഡ്
4) ഷൺമുഖം റോഡ്
5) ഫോർഷോർ റോഡ്
6) ദേവൻകുളങ്ങര - കച്ചേരിപ്പടി റോഡ്
7) ചിറ്റൂർ - ചേരാനെല്ലൂർ റോഡ്
8) വടുതല - ചിറ്റൂർ റോഡ്
9) ഫാദർ മാത്യു കോതക്കാട്ട് റോഡ്
10) സാന്റോഗോപാലൻ റോഡ്
11) മാങ്കായിൽ - നെട്ടൂർ റോഡ്
12) കണ്ടനാട് ബ്രാഞ്ച് റോഡ്
13) എരൂർ - പുത്തൻകുളങ്ങര റോഡ്
14) വൈറ്റില - പാലാരിവട്ടം റോഡ്
15) എൻ.എച്ച്. തിരിയുന്ന റോഡ്
16) ഉദയംപേരൂർ - കുരീക്കാട് റോഡ്
17) പച്ചക്കറിച്ചന്ത റോഡ്

18) മാമല - ബ്രാഞ്ച് റോഡ്
19) പേപ്പതി ബ്രാഞ്ച് റോഡ്
20) മാങ്കായിൽ റോഡ്
21) കേട്ടെഴുത്ത്കടവ് റോഡ്
22) പേപ്പതിപ്പാറ റോഡ്
23) കാഞ്ഞിരമറ്റം റോഡ്
24) വെട്ടിക്കൽ റോഡ്
25) തിരുമറയൂർ റോഡ്
26) പൂത്തോട്ട - പിറവം റോഡ്
27) പെരുമ്പാവൂർ - ആലുവ റോഡ്
28) ചിത്രപ്പുഴ റോഡ്
29) ആലുവ - പറവൂർ റോഡ്
30) ആലുവ - വരാപ്പുഴ റോഡ്
31) എയർപോർട്ട് റോഡ്
32) കാലടി - മഞ്ഞപ്ര റോഡ്
33) അങ്കമാലി - മഞ്ഞപ്ര റോഡ്
34) അങ്കമാലി - പറവൂർ (മാഞ്ഞാലി വഴി) റോഡ്
35) കോട്ടപ്പുറം - കൂനമ്മാവ് റോഡ്
36) ഇടയാർ - പാനായികുളം റോഡ്
37) ഇടയാർ - മുപ്പതടം റോഡ്
38) കൊടുങ്ങല്ലൂർ - കൊങ്ങോർപ്പിള്ളി റോഡ്
39) ചേന്നമംഗലം റോഡ്,
40) കരിയാട് - മറ്റൂർ റോഡ്.

കേരളത്തിന്റെ തീരദേശ മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് തിരുവനന്തപുരം മുതൽ കാസർകോഡ് വരെ എത്തുന്ന വിധത്തിലുള്ള ഹൈവേയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ തീരദേശ പാത യാഥാർത്ഥ്യമാകുമ്പോൾ സംസ്ഥാനത്തിന്റെ ആകെയും, ജില്ലയുടെ പ്രത്യേകിച്ചും വിനോദസഞ്ചാര സാധ്യതകൾ മെച്ചപ്പെടും എന്ന് പ്രതീക്ഷിക്കപ്പെടുന്നു. ഇതു കൂടാതെ ദേശീയപാതകളിലെ തിരക്കു കുറയുന്നതിനും, വിഴിഞ്ഞത്തുള്ള നിർദ്ദിഷ്ട ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ, വല്ലാർപാടത്തെ ICTT എന്നിവിടങ്ങളിൽ നിന്നുള്ള ചരക്കു നീക്കത്തിനൊരു പാതയായും ഇത് വർത്തിക്കും. എറണാകുളം ജില്ലയിൽ ഈ പാത ചെല്ലാനം മുതൽ അഴീക്കോട് ബീച്ച് വരെയാണ് വിഭാവനം ചെയ്തിരിക്കുന്നത് (ചിത്രം 3.51 കാണുക).

ചിത്രം 3.51

നിർദ്ദിഷ്ട തീരദേശ ഹൈവേ എറണാകുളം ജില്ലയിലെ റോഡ്



സംസ്ഥാനത്തിന്റെ മലയോര മേഖലകളിലെ വികസനത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിയ്ക്കുന്ന തിനുദ്ദേശിച്ച് തീരദേശ ഹൈവേയ്ക്കു സമാനമായി സംസ്ഥാനത്തിന്റെ തെക്കു വടക്കായി കുന്നിൻ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കിഴക്കു വശത്ത് വിഭാവനം ചെയ്തിരിക്കുന്നതാണ് ഹിൽഹൈവേ. നിലവിലുള്ള റോഡുകളെ പരമാവധി ഉപയോഗപ്പെടുത്തി ക്കൊണ്ടാണ് ഹിൽഹൈവേ വികസിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ റോഡ് യാഥാർത്ഥ്യമാകുന്നതിലൂടെ സംസ്ഥാനത്തിന്റെ കിഴക്കൻ, മലയോര, കാർഷിക സങ്കേതങ്ങളിൽ നിന്നും വാണിജ്യ, ഉപഭോഗ, വ്യവസായ കേന്ദ്രങ്ങളിലേയ്ക്ക് ഒരു പാത അല്ലെങ്കിൽ പ്രവേശനം ലഭ്യമാകുന്നതാണ്. ഇതുവഴി അധിക ചിലവു വരാതെ ചരക്കു നീക്കം സാധ്യമാവുകയും, ഉല്പാദനമേഖല ശക്തിപ്പെടുകയും ചെയ്യും എന്ന് കരുതാവുന്നതാണ്. ഇതുകൂടാതെ സംസ്ഥാനത്തിന്റെ കിഴക്കൻ മേഖലകളിൽ കേന്ദ്രീകരിച്ചിരിക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കും, സഞ്ചാരികൾക്ക് എളുപ്പത്തിൽ എത്തിച്ചേരാനാകും എന്നത്

ചിത്രം 3.52
ഹിൽ ഹൈവേ – എറണാകുളം ജില്ലയിലെ ഭാഗങ്ങൾ



ഈ മേഖലയെ സമ്പന്നമാക്കുന്നതിനും ഇടയാക്കും. ഹിൽ ഹൈവേയുടെ (ചിത്രം 3.52) എറണാകുളം ജില്ലയിൽ ഉൾപ്പെടുന്ന ഭാഗങ്ങൾ വെറ്റിലപ്പാറയിൽ നിന്നു തുടങ്ങി പെരുമ്പംകുത്തിൽ അവസാനിക്കുന്നു. 2009 ൽ നിർദ്ദേശിക്കപ്പെട്ട 1267 കി.മീ നീളം വരുന്ന ഈ പാത 2016 ലെ KIIFB (കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്) യുടെ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

3.7.2 റയിൽ ഗതാഗത ശൃംഖല

സതേൺ റയിൽവേ സോണിനു കീഴിൽ വരുന്ന ജില്ലയിൽ മൂന്ന് ബ്രോഡ്ഗേജ് റയിൽ പാതകളാണുള്ളത്. ജില്ലയിൽ ആകെ 105 കി.മീ റയിൽ ട്രാക്ക് ഉള്ളതായി കണക്കാക്കുന്നു. മൂന്ന് ബ്രോഡ്ഗേജ് പാതകളായ ഷൊർണ്ണൂർ-കൊച്ചിൻ ഹാർബർ ടെർമിനൽ ലൈൻ, എറണാകുളം - തിരുവനന്തപുരം (കോട്ടയം വഴി) ലൈൻ, എറണാകുളം - തിരുവനന്തപുരം (ആലപ്പുഴ വഴി) ലൈൻ എന്നിവ കൂടാതെ വെല്ലിംഗ്ടൺ ഐലന്റിലേക്കും, ഇരുമ്പനം വ്യവസായ മേഖലയിലേയ്ക്കും രണ്ടു റയിൽപ്പാതകൾ നിലവിലുണ്ട്. ജില്ലയിലെ പ്രധാന റയിൽവെ സ്റ്റേഷനുകൾ എറണാകുളം ജംഗ്ഷൻ, എറണാകുളം ടൗൺ, ആലുവ, അങ്കമാലി എന്നിവയാണ്. ജില്ലയിലെ റയിൽവെ സ്റ്റേഷനുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 3.3 ൽ നൽകിയിരിക്കുന്നു.

അനുബന്ധം 3.3

എറണാകുളം ജില്ലയിലെ റയിൽവേ സ്റ്റേഷനുകൾ – ലഭിക്കുന്ന വരുമാനത്തെ അടിസ്ഥാനമാക്കിയുള്ള തരം തിരിക്കൽ

ലഭ്യമാകുന്ന വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേഷനുകളെ 7 ആയി തരം തിരിച്ചിരിക്കുന്നു. A1, A, B, C, D, E, F എന്നീ വിഭാഗങ്ങളായി 50 കോടിയലധികം വരുമാനമുള്ള സ്റ്റേഷനുകളെ **എ1** വിഭാഗത്തിലും, 6 കോടിയലധികവും 50 കോടിയിൽ താഴെയും വരുമാനമുള്ള സ്റ്റേഷനുകളെ **എ** വിഭാഗത്തിലും, 3 കോടിയലധികവും 6 കോടിയിൽ താഴെയും വരുമാനമുള്ള സ്റ്റേഷനുകളെയും, കൂടാതെ എല്ലാ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് പ്രാധാന്യമുള്ള സ്റ്റേഷനുകളും **ബി** വിഭാഗത്തിലും, എല്ലാ സബർബൻ സ്റ്റേഷനുകളും **സി** വിഭാഗത്തിലും, 1 കോടിയലധികവും 3 കോടിയിൽ താഴെയും വരുമാനമുള്ള സ്റ്റേഷനുകളെ **ഡി** വിഭാഗത്തിലും, 1 കോടിയിൽ താഴെ വരുമാനമുള്ള സ്റ്റേഷനുകളെ ഇ വിഭാഗത്തിലും, ഫ്ളാഗ് സ്റ്റേഷനുകളെ **എഫ്** വിഭാഗത്തിലും (മിക്കവാറും പാസ്സഞ്ചർ ട്രെയിനുകൾ ഈ സ്റ്റേഷനിൽ നിർത്താറില്ല) ഉൾപ്പെടുത്തുന്നു.

41) എറണാകുളം ജില്ലയിലെ റയിൽവേ സ്റ്റേഷനുകൾ – ലഭിക്കുന്ന വരുമാനത്തെ അടിസ്ഥാനമാക്കിയുള്ള തരം തിരിക്കൽ

പട്ടിക 3.33

ക്രമ നം.	റയിൽവേ സ്റ്റേഷന്റെ പേര്	വിഭാഗം (Category)
1.	എറണാകുളം ജംഗ്ഷൻ	A1
2.	എറണാകുളം ടൗൺ	A
3.	ആലുവ	A
4.	അങ്കമാലി	D
5.	തൃപ്പൂണിത്തുറ	D
6.	മുളന്തുരുത്തി	E
7.	കറുകുറ്റി	E
8.	ഇടപ്പള്ളി	E
9.	കളമശ്ശേരി	E
10.	ചൊവ്വര	E
11.	കുമ്പളം	E
12.	കാഞ്ഞിരമറ്റം	E
13.	തിരുനെട്ടൂർ	F
14.	ചോറ്റാനിക്കര റോഡ്	F

വെല്ലിംഗ്ടൺ ഐലന്റിൽ സ്ഥിതി ചെയ്യുന്ന കൊച്ചി ഹാർബർ ടെർമിനസ് സ്റ്റേഷന്റെ നവീകരണ ജോലികൾ നടന്നു വരുകയാണ്. ഇതിനെ ജില്ലയിലെ പ്രധാനപ്പെട്ട ഒരു സ്റ്റേഷനായി ഉയർത്തുന്നത്, റയിൽ ഗതാഗത മേഖലയുമായ് ബന്ധപ്പെട്ട സാധ്യമായ ഒരു നിർദ്ദേശമാണ്. ഇതിനു പുറമേ എറണാകുളം-കോട്ടയം-കായംകുളം, എറണാകുളം-ആലപ്പുഴ-കായംകുളം എന്നീ പാതകളുടെ ഇരട്ടിപ്പിയ്ക്കലും, ജില്ലയുടെ വികസനത്തിൽ സ്വാധീനം ചെലുത്തുന്ന ഒരു പദ്ധതിയാണ്.

കൊച്ചി മെട്രോ

ഭൂപ്രകൃതി, ജനസംഖ്യാ വിന്യാസം തുടങ്ങിയ വിവിധ കാരണങ്ങളാൽ റോഡു വികാസം

സാധ്യമാകാത്ത സ്ഥലങ്ങളിൽ വിവിധ ഗതാഗത മാർഗ്ഗങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ബദൽ മാർഗ്ഗങ്ങൾ അവലംബിക്കുക എന്നതിനുള്ള നൂതന ആശയങ്ങളിലേക്കുള്ള കേരളത്തിലെ ആദ്യത്തെ സംരംഭമാണ് കൊച്ചി മെട്രോ. റോഡ്, റെയിൽ, ജലഗതാഗത മാർഗ്ഗങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന രീതിയിലാണ് കൊച്ചി മെട്രോ വിഭാവനം ചെയ്തിരിക്കുന്നത്. എല്ലാ വർഷവും കേന്ദ്ര നഗര വികസന മന്ത്രാലയം നടത്തുന്ന Urban Mobility India (UMI) ഇന്റർനാഷണൽ കോൺഫറൻസിൽ 2017 ഒക്ടോബർ മാസം ഇന്ത്യയിലെ ഏറ്റവും മികച്ച നഗര ഗതാഗത പദ്ധതിയായി തെരഞ്ഞെടുത്തത് കൊച്ചി മെട്രോ പദ്ധതിയെയാണ്. മെട്രോ, ബസുകൾ, ഫെറി, Non motorised Transportation (NMT) സൗകര്യങ്ങൾ എന്നിവ കോർത്തിണക്കി ഒരൊറ്റ ശൃംഖലയായി വികസിപ്പിക്കാനും മെട്രോയുടെ സ്വാധീന മേഖലയിൽ NMT സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് അവസാന മൈൽ കണക്ടിവിറ്റി (last mile connectivity) കൂടുതൽ മെച്ചപ്പെടുത്താനും ശ്രമം നടക്കുന്നുണ്ട്. One loop ticketing സംവിധാനം നടപ്പിലാക്കി വിവിധതരം ഗതാഗത മാർഗ്ഗങ്ങളിൽ ഒരേ ടിക്കറ്റ് ഉപയോഗിക്കുവാൻ സാധിക്കുന്ന തരത്തിലുള്ള സംവിധാനങ്ങളും കൊച്ചിക്കുവേണ്ടി NMT മാസ്റ്റർ പ്ലാനും മെട്രോയുടെ ഭാഗമായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ചിത്രം 3.53
നിർദ്ദിഷ്ട കൊച്ചി മെട്രോ റെയിൽപ്പാത



ഇത്തരം പ്രവർത്തനങ്ങളിലൂടെ സുരക്ഷിതവും, സൗകര്യപ്രദവും സുഖപ്രദവുമായ പൊതു ഗതാഗത സൗകര്യങ്ങളെ പരസ്പര ബന്ധിതമായ ഒരൊറ്റ ശൃംഖലയായി വികസിപ്പിച്ചെടുക്കുവാനാണ് പദ്ധതിയിടുന്നത്. മെട്രോ പദ്ധതിയുടെ ആദ്യഘട്ടത്തിൽ 13.4 കി.മീ. ദൂരത്തിൽ 11 സ്റ്റേഷനുകൾ ഉള്ള ആലുവ - പാലാരിവട്ടം കോറിഡോറും, 12.1 കി.മീ. ദുരത്തിൽ 11 സ്റ്റേഷനുകൾ ഉള്ള പാലാരിവട്ടം - പേട്ട കോറിഡോറും ഉൾപ്പെടുന്നു. തുടർന്ന് 2 കി.മീ. ദൂരത്തിൽ പേട്ട മുതൽ എസ്.എൻ. ജംഗ്ഷൻ വരെ ബന്ധിപ്പിക്കുവാനും പദ്ധതിയുണ്ട്. ഒന്നാം ഘട്ടത്തിൽ ആലുവ മുതൽ മഹാരാജാസ് കോളേജ് സ്റ്റേഷൻ വരെ പ്രവർത്തനക്ഷമമായിട്ടുണ്ട്. ബാക്കിയുള്ള ദൂരം നിർമ്മാണം നടന്നുവരുന്നു. (ചിത്രം 3.53) രണ്ടാം ഘട്ടം 11.2 കി.മീ. ദൂരത്തിൽ 11 സ്റ്റേഷനുകൾ ഉള്ള JLN സ്റ്റേഷൻ, കലൂരിൽ നിന്നും തുടങ്ങി കാക്കനാട് വഴി ഇൻഫോപാർക്കിലേയ്ക്ക്

ബന്ധപ്പെടുത്തുവാനും പദ്ധതിയിട്ടിട്ടുണ്ട്. കൊച്ചി നഗരം അഭിമുഖീകരിക്കുന്ന രൂക്ഷമായ ഗതാഗതക്കുരുക്കിന് മെട്രോയുടെ രണ്ട് ഘട്ടങ്ങളും പൂർണ്ണമാകുന്നതോടെ ഒരു പരിധിവരെ പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു. നെടുമ്പാശ്ശേരി വിമാനത്താവളം, തൃപ്പൂണിത്തുറ റെയിൽവെ സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്നും കൊച്ചി മെട്രോയ്ക്ക് നേരിട്ടുള്ള ഗതാഗതബന്ധം നൽകുന്നതിനുള്ള ശ്രമങ്ങളും ആവശ്യമാണ് എന്നു കാണുന്നു.

3.7.3 ജലഗതാഗത മാർഗ്ഗങ്ങൾ, തുറമുഖങ്ങൾ

അന്തർദേശീയ കപ്പൽചാലുകളും, ഉൾനാടൻ ഗതാഗതപാതകളും, ദേശീയ പാതയും ചേർന്നതാണ് ജില്ലയുടെ ജലഗതാഗത ശൃംഖല. വേമ്പനാട്ടു കായലിന്റെ ഭാഗമായുള്ള കൊച്ചി കായലിലെ കപ്പൽച്ചാൽ കൊച്ചിൻ പോർട്ട്, ഇന്ത്യൻ നാവികസേന, കൊച്ചിൻ ഷിപ്പ്യാർഡ്, ഫാക്ട്, മുതലായ സ്ഥാപനങ്ങളും കൊച്ചിയിലേക്കു വരുന്ന വിനോദ സഞ്ചാരികളും കപ്പൽ മാർഗ്ഗമായ് ഉപയോഗിച്ചു വരുന്നു.

ദേശീയ ജലപാതയായ 3-ാം നമ്പർ കൊല്ലം-കോട്ടപ്പുറം പാത വേമ്പനാട്ട് കായലിലൂടെ കടന്നു പോകുന്നു. പ്രസ്തുത പാത ജില്ലയെ മറ്റു ജില്ലകളുമായ് ബന്ധിപ്പിയ്ക്കുന്നതും ഭാവിയിലെ ഒരു പ്രധാന ജലപാതയായി വികസിപ്പിക്കാവുന്നതുമാണ്. ജില്ലയിലെ ഉൾനാടൻ പാതകളിൽ നിന്ന് ഈ ദേശീയ പാതയിലേക്ക് ആവശ്യമായ സഞ്ചാര സൗകര്യങ്ങളും ലഭ്യമാണ്.

ജില്ലയിലെ പ്രധാന വ്യവസായ ശാലയായ FACT ആണ് ദേശീയജലപാതയെ ആശ്രയിച്ച് ചമ്പക്കര, ഉദ്യോഗമണ്ഡൽ കനാലുകൾ ഉപയോഗപ്പെടുത്തി ചരക്കുനീക്കം സാധ്യമാക്കുന്നത്. വളരെ അപകട സാധ്യതകളുള്ള നിരവധി ചരക്കുകളാണ് ദിവസേന ഈ പാതയിലൂടെ മറ്റു പല പ്രദേശങ്ങളിലേക്കും കയറ്റി അയക്കപ്പെടുന്നത്. (കൊച്ചി പോലെ ജനസാന്ദ്രതയേറിയതും, അതേ സമയം വ്യാവസായിക പ്രാധാന്യമുള്ളതുമായ ഒരു നഗരമേഖലയിൽ ചരക്കു നീക്കത്തിന് ഏറ്റവും ഉചിതമായ മാർഗ്ഗമാണ് ജലപാതകൾ. അവയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടത് അത്യാവശ്യമായ ഒന്നാണ്. ആയതിനാൽ റോഡ് ശൃംഖലകളുടെ ഭാവി വികസനങ്ങൾ ജലപാതകളുടെ സാധ്യതകളെകൂടി കണക്കിലെടുത്ത് നടത്തേണ്ടതാണ്) ചരക്കു നീക്കത്തിന് സൗകര്യമൊരുക്കിക്കൊണ്ട് ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി (IWAI);

ചിത്രം 3.54
നിലവിലുള്ള ജലഗതാഗത പാതകൾ



ടെർമിനലുകളും, റോ-റോ/ലോ-ലോ ഫെറി സംവിധാനങ്ങളും നിലവിലുണ്ട്. ആലുവ, മരട്, കാക്കനാട്, ബോൾഗാട്ടി, വെല്ലിംഗ്ടൺ ഐലന്റ്, വല്ലാർപാടം എന്നിവിടങ്ങളിലേയ്ക്കാണ് റോ-റോ/ലോ-ലോ ഫെറി സർവ്വീസുകൾ നിലവിലുള്ളത്.

ഇതിനു പുറമേയാണ് ജലഗതാഗത പാതകൾ ദിവസേന യാത്രക്കാർ ഉപയോഗിക്കുന്നത്. പ്രതിദിനം ഏകദേശം 12000-15000 യാത്രക്കാർ ജലഗതാഗത മാർഗ്ഗങ്ങളെ ആശ്രയിക്കുന്നുണ്ട്. നിലവിലെ ജലഗതാഗത പാതകളും-ബോട്ടു ജെട്ടികളും ചിത്രം 3.54 -ൽ നൽകിയിരിക്കുന്നു. നിലവിൽ ഈ ജലഗതാഗത സംവിധാനം അതിന്റെ പൂർണ്ണതയിൽ ഉപയോഗപ്പെടുത്തിയിട്ടില്ല എന്നു കാണുന്നു. സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ എണ്ണത്തിലെയും സൗകര്യങ്ങളുടെയും കുറവ്, പശ്ചാത്തല സൗകര്യങ്ങളുടെ കുറവ്, സുരക്ഷാ സംവിധാനങ്ങളുടെ അഭാവം എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ ഈ മേഖലയിലുണ്ട്. ഇപ്പോൾ പരിഗണനയിലുള്ള കൊച്ചി വാട്ടർ മെട്രോ പ്രോജക്ട്, മേൽപറഞ്ഞ പ്രശ്നങ്ങൾ പരിഹരിച്ച് മെച്ചപ്പെട്ട ജലഗതാഗത സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു. ഒരു ഏകീകൃത ജലഗതാഗത സംവിധാനം വഴി എല്ലാ ദ്വീപുകളേയും പ്രധാന കരയുമായി ബന്ധിപ്പിക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നിലവിലുള്ള ജലഗതാഗത മാർഗ്ഗങ്ങളെ ഉപയോഗപ്പെടുത്തി 76 കി.മീ വരുന്ന പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 3.4 ലും ചിത്രം 3.55 ലും നൽകിയിരിക്കുന്നു.

ചിത്രം 3.55

കൊച്ചി, വാട്ടർ മെട്രോ പ്രോജക്ട്ജലപാതകളും ബോട്ട് ജെട്ടികളും



കടപ്പാട് - കൊച്ചി

വാട്ടർ മെട്രോ പ്രൊജക്ട്- 2015

അനുബന്ധം 3.4

പട്ടിക 3.34
കൊച്ചി വാട്ടർ മെട്രോ പ്രോജക്ടിനുവേണ്ടി നിർദ്ദേശിച്ചിരിക്കുന്ന ജെട്ടികളും, യാത്രാമാർഗ്ഗങ്ങളും.

Route No.	Origin	Destination	Route Description	Route Length (Km)
1	തെക്കൻ ചിറ്റൂർ	എറണാകുളം	തെക്കൻ ചിറ്റൂർ, മുളവുകാട് പഞ്ചായത്ത്, പൊന്നാരിമംഗലം, താന്തോണിതുരുത്ത്	8.2
2	ഇടക്കൊച്ചി	തേവര	ഇടക്കൊച്ചി, കുമ്പളം, തേവര	3.74
3	എറണാകുളം	വൈപ്പിൻ	എറണാകുളം, എമ്പാർക്കേഷൻ ജെട്ടി, ഫോർട്ട്കൊച്ചി, വൈപ്പിൻ	6.4
4	എറണാകുളം	മട്ടാഞ്ചേരി	എറണാകുളം, എമ്പാർക്കേഷൻ, ഫോർട്ട്കൊച്ചി, മട്ടാഞ്ചേരി	6.1
5	ഹൈക്കോടതി	മുളവുകാട്	ഹൈക്കോടതി, ബോൾഗാട്ടി, താന്തോണിതുരുത്ത്, പൊന്നാരിമംഗലം, മുളവുകാട് പഞ്ചായത്ത്, മുളവുകാട് ആശുപത്രി, കൊറങ്കോട്ട, മുളവുകാട് വടക്ക്	11
6	വൈറ്റില	ഇൻഫോ പാർക്ക്	വൈറ്റില, എരൂർ, കാക്കനാട് & ഇൻഫോ പാർക്ക്	8
7	കുമ്പളം	തേവര	കുമ്പളം, നെട്ടൂർ, തേവര	4
8	ഇൻഫോ പാർക്ക്	ഇടക്കൊച്ചി	ഇൻഫോ പാർക്ക്, വൈറ്റില, കാക്കനാട്, തൈകൂടം, തേവര, കുമ്പളം, ഇടക്കൊച്ചി	12.6
9	മുളവുകാട്	തെക്കൻ ചിറ്റൂർ	മുളവുകാട് പഞ്ചായത്ത്, മൂലംപിള്ളി, പിഴല, കോതാട്, തെക്കൻ ചിറ്റൂർ	8
10	ഇടക്കൊച്ചി	വൈപ്പിൻ	ഇടക്കൊച്ചി, തോപ്പുംപടി, മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി വൈപ്പിൻ	13.6
11	തെക്കൻ ചിറ്റൂർ	ചേരാനെല്ലൂർ	തെക്കൻ ചിറ്റൂർ, മൂലംപിള്ളി, പിഴല, കോതാട്, ചേന്നൂർ, വരാപ്പുഴ, എലൂർ & ചേരാനെല്ലൂർ	6
12	എളങ്കുന്നപ്പുഴ	ഹൈക്കോടതി	എളങ്കുന്നപ്പുഴ- മുളവുകാട് പടിഞ്ഞാറ്, ബോൾഗാട്ടി, ഹൈക്കോടതി	15
13	കടമക്കുടി	പാലിയംതുരുത്ത്	കടമക്കുടി- പാലിയംതുരുത്ത് (പിഴല ദ്വീപ്)- കോതാട്	6
14	ചെന്നൂർ	തുണ്ടത്തുംകടവ്	ചെന്നൂർ വടക്ക്- ചരിയം തുരുത്ത് വടക്കൻ-തുണ്ടത്തും കടവ്	3
15	ചെറിയം തുരുത്ത്	ചേന്നൂർ	ചരിയം തുരുത്ത് തെക്കൻ-പിഴല ആശുപത്രി - ചേന്നൂർ തെക്ക്	3
16	കോതാട്	അമൃത ആശുപത്രി	കോതാട് - മെഡിസിറ്റി ആശുപത്രി - അമൃത ആശുപത്രി	3

തുറമുഖം

ഇന്ത്യയിലെ പ്രധാന പ്രകൃത്യാലുള്ള തുറമുഖങ്ങളിലൊന്നാണ് കൊച്ചി തുറമുഖം. വെല്ലിംഗ്ടൺ ഐലൻഡിൽ സ്ഥിതി ചെയ്യുന്ന ഈ തുറമുഖത്തേക്ക് Middle east to Far East sea route ൽ നിന്ന് വെറും 20 കി.മീ. ദൂരമേയുള്ളൂ. പ്രധാന മറൈൻ സീ റൂട്ടുകളോടുള്ള strategic proximity ഈ തുറമുഖത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു (ചിത്രം 3.56 കാണുക).

ചിത്രം 3.56
കൊച്ചി തുറമുഖം



ദക്ഷിണേന്ത്യയിലെ പ്രധാന പ്രദേശങ്ങളുമായുള്ള ദേശീയ പാതകൾ വഴി നേരിട്ടുള്ള കണക്ടിവിറ്റി (എൻ.എച്ച്.17, എൻഎച്ച് 66) ഈ തുറമുഖത്തിന്റെ ചരക്കുഗതാഗതത്തിലുള്ള പ്രാധാന്യം വർദ്ധിപ്പിക്കുന്നു. അനുപൂരകമായി റെയിൽ-ജല-വ്യോമ പാതകളുടെ സാന്നിധ്യംമൂലം കൊച്ചിതുറമുഖം ഒരു വലിയ മേഖലയുടെ കയറ്റുമതി/ഇറക്കുമതിയ്ക്കുള്ള preferred gate way ആയി വർത്തിക്കുന്നു ഇന്ത്യയിലെ ആദ്യത്തെ Container Transshipment Terminal ആയ വല്ലാർപാടം ICTT കൊച്ചി പോർട്ടിനോടനുബന്ധിച്ചാണ്.

ഇതുകൂടാതെ എറണാകുളം ചാനലിൽ കൊച്ചി ഓയിൽ ടെർമിനലും (offshore terminal, with remote operated hard arms for receiving/loading liquid cargo from/to ships) ഈ തുറമുഖത്തിന് അനുബന്ധമായുണ്ട്. കൂടാതെ തുറമുഖവുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാന സൗകര്യമായി കൊച്ചി എൽ.എൻ.ജി. (LNG and Re-gasification plant at puthuvypeen) ടെർമിനലും ഉണ്ട്. ദക്ഷിണേന്ത്യയിലെ തന്നെ ഇത്തരത്തിലുള്ള ഏക ടെർമിനലാണ് ഇത്.

സൗത്ത് ഏഷ്യാ റീജിയനിലെ ഒരു പ്രധാന ബങ്കറിംഗ് ഹബ്ബായി കൊച്ചി തുറമുഖം മാറിക്കൊണ്ടിരിക്കുകയാണ്. തുറമുഖത്തിനു സമീപംതന്നെയുള്ള റിഫൈനറിയുടെ സാന്നിധ്യം ഇതിനൊരു പ്രധാന കാരണമാണ്. പുറംകടലിൽ നങ്കൂരമിടുന്ന കപ്പലുകളിലേയ്ക്ക് ബങ്കറുകൾ സപ്ലൈ ചെയ്യുന്നതിനുള്ള സൗകര്യവും ഇവിടെയുണ്ട്.

3.7.4 വ്യോമഗതാഗത ശൃംഖല, വിമാനത്താവളങ്ങൾ

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന കൊച്ചി അന്തർ ദേശീയ വിമാനത്താവളം (CIAL) ആണ് സംസ്ഥാനത്തെ തന്നെ ഏറ്റവും വലുതും,

തിരക്കേറിയതുമായ വിമാനത്താവളം. ഇതിനു പുറമേ പ്രതിരോധ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മറ്റൊരു വിമാനത്താവളം വെല്ലിംഗ്ടൺ ഐലന്റിലും സ്ഥിതി ചെയ്യുന്നു.

രാജ്യത്തെ ആദ്യ ഗ്രീൻഫീൽഡ് എയർപോർട്ടാണ് കൊച്ചി ഇന്റർ നാഷണൽ എയർപോർട്ട്. എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരിയിൽ നാഷണൽ ഹൈവേ, റെയിൽവേ എന്നിവ മുഖേന റോഡ്, റെയിൽ കണക്ടിവിറ്റികിട്ടുന്ന തന്ത്രപ്രധാനമായ സ്ഥലത്താണ് ഈ എയർപോർട്ട് സ്ഥിതി ചെയ്യുന്നത്. കൊച്ചി മെട്രോയിലേയ്ക്ക് എയർപോർട്ടിൽ നിന്ന് നേരിട്ടുള്ള ലിങ്ക് നൽകുന്നതിനും, ജലപാതവഴി കൊച്ചി തുറമുഖമായി ബന്ധിപ്പിക്കുന്നതിനുമുള്ള സാധ്യതകളും ഈ എയർപോർട്ടിനുണ്ട്. 2016-17 കാലയളവിൽ ഏതാണ്ട് 8.9 മില്യൻ യാത്രക്കാരാണ് ഈ എയർപോർട്ടിന്റെ സേവനം ഉപയോഗിച്ചത്. ഏതാണ്ട് 1200 ഓളം എയർക്രാഫ്റ്റ് മൂവ്മെന്റുകളാണ് ഒരാഴ്ചയിൽ ഈ എയർപോർട്ട് കൈകാര്യം ചെയ്യുന്നത്. ഗൾഫ് രാജ്യങ്ങളിലേയ്ക്കും, ശ്രീലങ്ക, മലേഷ്യ, സിംഗപ്പൂർ, തായ്ലന്റ് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കും ഇവിടെ നിന്ന് നേരിട്ടുള്ള ഫ്ളൈറ്റുകൾ ഉണ്ട്. രാജ്യത്തെ പ്രധാന നഗരങ്ങളുമായും വ്യോമമാർഗ്ഗം ഈ എയർപോർട്ട് എറണാകുളത്തിനുമാത്രമല്ല, മധ്യകേരളത്തിനു മുഴുവൻ അതിവേഗ കണക്ടിവിറ്റി പ്രദാനം ചെയ്യുന്നു. ഇതിനുപുറമേ ദക്ഷിണേന്ത്യയിലെ തന്നെ പ്രധാന ഇന്റർനാഷണൽ കാർഗോ സെന്ററുകളിലൊന്നാണ് കൊച്ചി. കൊച്ചി തുറമുഖത്തു നിന്നും വെറും 20 കി.മീ. ദൂരം മാത്രമാണ് സിയാൽ കാർഗോ വില്ലേജിലേയ്ക്കുള്ളത് എന്നത് ഈ സൗകര്യത്തിന്റെ പ്രാധാന്യം കൂട്ടുന്നു. നെടുമ്പാശ്ശേരി എയർപോർട്ട് കൂടാതെ, വെല്ലിംഗ്ടൺ ഐലൻഡിൽ സ്ഥിതി ചെയ്യുന്ന നാവികസേനയുടെ വിമാനത്താവളവും എറണാകുളം ജില്ലയിലുണ്ട്. ചിത്രം 3.57 കാണുക.

ചിത്രം 3.57
വിമാനത്താവളങ്ങളുടെ സ്ഥാനം



3.7.5 കവലകളുടെ ക്രമം

കവലകളുടെ ക്രമം സംബന്ധിച്ചുള്ള പഠനത്തിൽ നിന്നും കൊച്ചി നഗരവും സമീപ പ്രദേശങ്ങളും ജില്ലയ്ക്കാകമാനമുള്ള വാണിജ്യ സേവന കേന്ദ്രങ്ങളായി വർത്തിക്കുന്നതായി കാണാം. എറണാകുളം ജില്ലയ്ക്കു വേണ്ടി തയ്യാറാക്കിയിട്ടുള്ള നഗരവൽക്കരണ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം ജില്ലയിലെ കവലകൾക്കു നൽകുന്ന നിർദ്ദിഷ്ട ക്രമം വ്യക്തമാക്കുന്നു ചിത്രം 3.58 ൽ.

ചിത്രം 3.58
ജില്ലയിലെ കവലകളുടെ നിർദ്ദിഷ്ട ക്രമം



3.7.6 തദ്ദേശഭരണ സ്ഥാപനങ്ങളുടെ ക്രമവും റോഡ് ശൃംഖലയും

ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സേവന പ്രദേശവും, അവ നൽകുന്ന സേവനങ്ങളും പരിഗണിച്ച് ജില്ലയുടെ നഗരവൽക്കരണ റിപ്പോർട്ടിൽ നിർദ്ദിഷ്ടക്രമം നൽകിയിട്ടുണ്ട്. അതു പ്രകാരമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ക്രമം ചിത്രം 3.59 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.59
തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിർദ്ദിഷ്ട ക്രമം



ചിത്രം 3.60
നിർദ്ദിഷ്ട റോഡു ശൃംഖല കാഴ്ചപ്പാട്



ജില്ലയിലെ ഉയർന്ന ക്രമത്തിലുള്ള എല്ലാ കവലകളെയും, തദ്ദേശഭരണ സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്ന രീതിയിൽ ആയിരിക്കണം ജില്ലയുടെ നിർദ്ദിഷ്ട റോഡ് ശൃംഖല. നിർദ്ദിഷ്ട റോഡ് ശൃംഖലയെ സംബന്ധിക്കുന്ന ഒരു കാഴ്ചപ്പാട് ചിത്രം 3.60-ൽ നൽകിയിരിക്കുന്നു. ചിത്രത്തിൽ നിന്നും ഉയർന്ന ക്രമത്തിലെ കവലകളെയും, തദ്ദേശഭരണ സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്ന രീതിയിൽ നാലു തരത്തിലുള്ള റോഡുകളുണ്ടെന്ന് കാണാം.

1) റേഡിയൽ റോഡുകൾ (ഒന്നാം ക്രമ റോഡുകൾ) - ഒന്നാം ക്രമം അധിവാസ കേന്ദ്രങ്ങളെയും രണ്ടാം ക്രമം അധിവാസ കേന്ദ്രങ്ങളെയും ബന്ധിപ്പിക്കുന്നത്.
2) ലൂപ്പ് റോഡുകൾ - എല്ലാ രണ്ടാം ക്രമം അധിവാസ കേന്ദ്രങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നത്.
3) മൂന്നാം ക്രമ റോഡുകൾ
4) ബൈപ്പാസ് റോഡുകൾ

3.7.8 നിർദ്ദിഷ്ട ഗതാഗത ശൃംഖല കാഴ്ചപ്പാട്

ജില്ലയിലെ റോഡ്, റെയിൽ, ജല, വ്യോമ ഗതാഗത ശൃംഖല സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് ഒരു കാഴ്ചപ്പാട് ചിത്രം 3.61-ൽ. മേൽവിവരിച്ച എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിച്ചിരിക്കുന്നു. വൈവിധ്യമാർന്ന സാമ്പത്തിക സ്രോതസ്സുകളുള്ള കൊച്ചി നഗരം സ്ഥാനീയമായ സവിശേഷതകളാലും നിലവിലുള്ള സൗകര്യങ്ങളുടെ ശ്രദ്ധേയമായ ഘടകങ്ങളാലും എന്തുകൊണ്ടും ഒരു ഗ്ലോബൽ സിറ്റിയായി വികസിപ്പിക്കാൻ സാധ്യതയുള്ള ഒന്നാണ്. ആയത് സംബന്ധിച്ച നിർദ്ദേശം കൊച്ചിയും, സമീപ പ്രദേശങ്ങളും ചേർത്ത് ഒരു റീജിയണു വേണ്ടി തയ്യാറാക്കിയിട്ടുള്ള കൊച്ചി സിറ്റി റീജിയൺ മാസ്റ്റർപ്ലാൻ മുന്നോട്ടു വയ്ക്കുന്നുണ്ട്.

ചിത്രം 3.61

നിർദ്ദിഷ്ട ഗതാഗത ശൃംഖല - കാഴ്ചപ്പാട്



ചിത്രം 3.62

നിർദ്ദിഷ്ട ഗതാഗത ശൃംഖല - കൊച്ചി സിറ്റി റീജിയൺ മാസ്റ്റർ പ്ലാൻ



കരട് കൊച്ചി സിറ്റി റീജിയൺ മാസ്റ്റർപ്ലാനിൽ കൊച്ചിസിറ്റി റീജിയണിലെ ഗതാഗത ശൃംഖലയെക്കുറിച്ച് വിശദമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ചിത്രം 3.62 കാണുക. ഈ പ്ലാനിൽ നിർദ്ദേശിച്ചിരിക്കുന്ന ജില്ലാതലത്തിൽ തന്നെ പ്രാധാന്യമുള്ള പ്രധാന പുതിയ ലിങ്കുകൾ താഴെപ്പറയുന്നവയാണ്.

1) മൂലമ്പള്ളി - ചാത്തനാട് റോഡ്.

2) കൊച്ചി മുനമ്പം റോഡിനെയും കണ്ടെയ്നർ ടെർമിനൽ റോഡിനെയും ബന്ധിപ്പിക്കുന്ന 22 മീറ്റർ വീതിയിലുള്ള പുതിയ റോഡ്.

3) കളമശ്ശേരി, തൃക്കാക്കര, വടവുകോട് - പുത്തൻകുരിശ് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന റോഡ് (നിലവിലുള്ള റോഡുകളുടെ ശക്തിപ്പെടുത്തലും, മിസ്സിംഗ് ലിങ്കുകളും ചേർത്ത്).

4) സീപോർട്ട് - എയർപോർട്ട് റോഡിന്റെ ഇരുമ്പനം ജംഗ്ഷൻ മുതൽ എൻ.എച്ച് 49 വരെയുള്ള നീട്ടൽ.

5) എൻ.എച്ച് 47 ബൈപാസിനെയും സ്മാർട്ട് സിറ്റി റോഡിനെയും ബന്ധപ്പെടുത്തി തമ്മനം - പുല്ലേപ്പടി റോഡിന്റെ തുടർച്ചയായുള്ള റോഡ്.

6) മാടവന ജംഗ്ഷനെയും, കലൂർ - കടവന്ത്ര റോഡിനെയും ബന്ധിപ്പിക്കുന്ന 22 മീറ്റർ റോഡ് (നിലവിലുള്ള റോഡിന്റെ ശക്തിപ്പെടുത്തൽ).

7) കുണ്ടന്നൂർ - ചോറ്റാനിക്കര - പുത്തൻ കുരിശ് ബൈപാസ് റോഡ് (45 മീറ്റർ വീതി).

8) ഗോശ്രീ റോഡിൽ നിന്നാരംഭിക്കുന്ന പച്ചാളം - പൊറ്റക്കുഴി - മാമംഗലം റോഡ്.

3.7.8 നിർദ്ദിഷ്ട ജലഗതാഗത ശൃംഖല

പ്രദേശത്തിന്റെ സുസ്ഥിര വികസനത്തിനായും വിനോദസഞ്ചാര മേഖലയുടെ ശാക്തീകരണത്തിനുമായി ഉൾനാടൻ ജലഗതാഗത സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനുതകുന്ന ചില സാധ്യതകളാണ് ഇവിടെ പ്രതിപാദിക്കുന്നത്.

1) ചമ്പക്കര - തൃപ്പൂണിത്തുറ - ചേപ്പനം റിംഗ് ജലപാത

ഈ ജലപാത സാധൂകരിച്ചാൽ ജില്ലയുടെ ഭരണ സിരാകേന്ദ്രമായും, സാങ്കേതിക - സാമ്പത്തിക കേന്ദ്രമായും പ്രവർത്തിക്കുന്ന കാക്കനാടിനേയും, പൈതൃക പ്രാധാന്യമേറെയുള്ള തൃപ്പൂണിത്തുറയേയും ജില്ലയുടെ വിനോദ സഞ്ചാര പ്രധാനമായ ചേപ്പനത്തേയും ദേശീയ ജലപാതയുമായി ബന്ധിപ്പിക്കന്നതിനു സാധിക്കും. വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്തുന്നതിനും, ജില്ലയിലൂടെയുള്ള അപായസാധ്യതാ ചരക്കു ഗതാഗതം ജലപാത കളിലൂടെയാക്കുന്നതിനും ഈ പദ്ധതി സഹായകമാകും. ഈ റിംഗ് ജലപാതയുടെ അലൈൻമെന്റ് ചിത്രം 3.63-ൽ നൽകിയിരിക്കുന്നു.

ചിത്രം 3.63 നിർദ്ദിഷ്ട ചമ്പക്കര - തൃപ്പൂണിത്തുറ - ചേപ്പനം ജലപാത



2) എയർപോർട്ട്-സീപോർട്ട് ജലപാത

എറണാകുളം ജില്ലയിലെ മാത്രമല്ല സംസ്ഥാനത്തിന്റെ ആകെ ചരക്കുനീക്കത്തെ സ്വാധീനിക്കുന്ന രണ്ടു കേന്ദ്രങ്ങളാണ് നെടുമ്പാശ്ശേരിയിലെ അന്തർദ്ദേശീയ വിമാനത്താവളവും കൊച്ചിയിലെ തുറമുഖവും. കൊച്ചി തുറമുഖം മുതൽ ഏലൂർ വരെയും, ഏലൂർ മുതൽ കാഞ്ഞൂർ വരെയുമുള്ള രണ്ട് പാതകളായാണ് ഈ ജലപാതയെ വിഭാവനം ചെയ്തിരിക്കുന്നത്. ചരക്കു ഗതാഗതത്തിനു പുറമേ, റോഡു ഗതാഗതത്തിന്റെ ഏകദേശം 15% ഉം ഈ പാതയിലൂടെയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പാതയുടെ ഏകദേശ അലൈൻമെന്റ് ചിത്രം-3.64 - ൽ നൽകിയിരിക്കുന്നു

ചിത്രം 3.64
നിർദ്ദിഷ്ട എയർപോർട്ട് - സീപോർട്ട് ജലപാത



3) പൂത്തോട്ട - കടമ്പ്രയാർ ഇക്കോ ടൂറിസം പദ്ധതി

ജില്ലയുടെ ഒരു പ്രബല സാധ്യതയായ വിനോദസഞ്ചാരം മെച്ചപ്പെടുത്തുന്നതിന് ഈ ജലപാത സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. പൂത്തോട്ട കായൽ മുതൽ ബ്രഹ്മപുരം വരെയും, ബ്രഹ്മപുരം മുതൽ മനയ്ക്കക്കടവ് വരെയുമുള്ള രണ്ട് ഇടനാഴികളായാണ് ഈ ജലപാത വിഭാവനം ചെയ്തിരിക്കുന്നത്. കടമ്പ്രയാർ വിനോദ സഞ്ചാര പദ്ധതിയുമായി ബന്ധിപ്പിക്കുന്നതാണ് പ്രസ്തുത പാത. ഈ ജലപാതയുടെ സാധ്യത ചിത്രം 3.65 - ൽ നൽകിയിരിക്കുന്നു.

ചിത്രം 3.65
നിർദ്ദിഷ്ട പൂത്തോട്ട - കടമ്പ്രയാർ ഇക്കോ ടൂറിസം ഇടനാഴി



ഗതാഗത ശൃംഖല – പൊതു നിർദ്ദേശങ്ങൾ

- റീജിയണൽ കോറിഡോറുകൾ ശക്തിപ്പെടുത്തുകയും ഉൾപ്രദേശങ്ങളിൽ നിന്ന് അവയിലേയ്ക്കുള്ള റോഡുകളിൽ മിസ്സിംഗ് ലിങ്കുകൾ കണ്ടെത്തി വികസിപ്പിച്ച് ശക്തമായ ഒരു റോഡ് ഗതാഗത ശൃഖല വികസിപ്പിയ്ക്കുക.
- നഗരകേന്ദ്രങ്ങളിൽ എൻ.എം.ടി. പ്രോത്സാഹിപ്പിക്കുക.
- തിരക്കേറിയ നഗരകേന്ദ്രങ്ങളിൽ/റോഡുകളിൽ പാർക്കിംഗിനുള്ള സൗകര്യങ്ങളും, ബസ്ബേകളും വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.
- എയർപ്പോർട്ടിനെയും പ്രധാന തൊഴിൽ/വാണിജ്യ കേന്ദ്രങ്ങളെയും മെട്രോ/റോഡ്/ റെയിൽ/ജലപാതകൾ വഴി ബന്ധിപ്പിക്കുന്ന ഹൈസ്പീഡ് കോറി ഡോറുകൾ വികസിപ്പിക്കുക.
- ചരക്കു ഗതാഗതത്തിന് (പ്രത്യേകിച്ച് അപായകരമായ ചരക്കുകളുടെ) ജലപാതകൾ പരമാവധി ഉപയോഗപ്പെടുത്തുക.
- നിലവിലുള്ള ഗതാഗത സംവിധാനങ്ങളെ പരമാവധി ഉപയോഗപ്പെടുത്തുന്നതിനു സഹായകമായ രീതിയിൽ ഹ്രസ്വകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക (ഉദാ: ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, അപകട സാധ്യതയുള്ള പ്രദേശങ്ങളിലും, തിരക്കേറിയ പ്രദേശങ്ങളിലും പ്രത്യേക ഇടപെടലുകൾ, ബസ് റൂട്ടിംഗ് പ്ളാൻ/റേഷനലൈസിംഗ് ബസ് സ്റ്റോപ്പ് ലൊക്കേഷനുകൾ, ബസ് ബേകൾ, ഫുട്ട് പാത്തുകൾ മുതലായവ വികസിപ്പിക്കൽ, സിഗ്നലൈസേഷൻ), നെറ്റ്വർക്ക് ഡെവലപ്മെന്റ് സകീം, മൾട്ടി മോഡൽ ഇന്റഗ്രേഷൻ എന്നിവയ്ക്കുതകുന്ന ദീർഘകാല പദ്ധതികൾ നടപ്പാക്കുക.
- ട്രാൻസിറ്റ് ഓറിയന്റഡ് വികസനം പ്രോത്സാഹിപ്പിക്കുക.

കൊച്ചി മെട്രോയുടെ സാധ്യതകൾ പൂർണ്ണമായും ഉപയുക്തമാക്കുന്നതിന് നിലവിലുള്ളതും നിർദ്ദിഷ്ടവുമായ മെട്രോ കോറിഡോറിൽ ഹൈ ഇന്റൻസിറ്റി മിക്സഡ് യൂസ് പ്രോത്സാഹിപ്പിക്കാവുന്നതാണ്.

കൊച്ചി നഗരത്തിന്റെ ആസൂത്രിതമല്ലാത്ത നഗരവ്യാപനം (അർബൻ സ്പ്രോൾ) തടയുക, നഗരമേഖലയിൽ പുതിയ വികസന കേന്ദ്രങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ കൊച്ചി സിറ്റി റീജിയന്റെ കരട് മാസ്റ്റർ പ്ളാനിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ കൊടുങ്ങല്ലൂർ – അങ്കമാലി – പെരുമ്പാവൂർ – കോലഞ്ചേരി – പിറവം – തലയോലപ്പറമ്പ് – ചേർത്തല എന്നീ കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് റോഡ് ബേസ്ഡ് ട്രാൻസിറ്റ് ഓറിയന്റഡ് ഡെവലപ്പമെന്റ് കോറിഡോർ വികസിപ്പിക്കേണ്ടതാണ്.

ഇതോടൊപ്പം തന്നെ അങ്കമാലി – നെടുമ്പാശ്ശേരി – ആലുവ – കളമശ്ശേരി – കൊച്ചി – തൃപ്പൂണിത്തുറ – മുളന്തുരുത്തി – പിറവം റോഡുകളെ ബന്ധിപ്പിച്ചും ഒരു ട്രാൻസിറ്റ് ഓറിയന്റഡ് ഡെവലപ്മെന്റ് കോറിഡോർ (റോഡ് ബേസ്ഡ്) വികസിപ്പിക്കാവുന്നതാണ്.

- പൊതുഗതാഗതം പ്രോത്സാഹിപ്പിക്കുക.

ഇതിനായി നിലവിലുള്ള റോഡുകളെ മെച്ചപ്പെടുത്തുകയും, വിവിധ റോഡുകളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് സംയോജിത ഗതാഗത സംവിധാനം ഏർപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

3.8 അധിവാസകേന്ദ്രങ്ങളുടെ ക്രമം

അധിവാസകേന്ദ്രങ്ങളുടെ ക്രമം, അവിടെ ലഭ്യമായ സൗകര്യങ്ങളുടെ എണ്ണത്തിന്റേയും ക്രമത്തിന്റെയും അടിസ്ഥാനത്തിലാണ് നിർണ്ണയിക്കുന്നത്. ഓരോ തദ്ദേശ ഭരണ പ്രദേശത്തിന്റേയും ഭാവിയിലെ നിർദ്ദിഷ്ട ക്രമം കൂടി നിർണ്ണയിക്കുകയാണിവിടെ.

3.8.1 അധിവാസകേന്ദ്രങ്ങളുടെ നിലവിലെ ക്രമം

അധിവാസകേന്ദ്രത്തിന്റെ ക്രമം ആ തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് ലഭ്യമായിരിക്കുന്ന സൗകര്യങ്ങളുടെ ഒരു കേന്ദ്രീകരണം അഥവാ ലഭ്യതയെ സൂചിപ്പിക്കുന്നു. അധിവാസ കേന്ദ്രങ്ങളുടെ ക്രമത്തിന്റെ സ്ഥലപരവ്യന്യാസവും ജനസംഖ്യയുടെ വ്യന്യാസവും തമ്മിലുള്ള താരതമ്യം പ്രദേശത്തെ സൗകര്യങ്ങളുടെ അഭാവം കണ്ടെത്തുന്നതിനും ആസൂത്രണതന്ത്രങ്ങൾ രൂപീകരിക്കുന്നതിനും സഹായകമാകുകയും ചെയ്യുന്നു. വികസനക്രമം കണ്ടെത്തുന്നതിന് സഞ്ചിതപ്രവർത്തന സൂചക (Cumulative Functional Index) രീതിയാണ് അവലംബിക്കുന്നത്. ഓരോ തദ്ദേശ ഭരണ സ്ഥാപന പ്രദേശത്തും ലഭ്യമായ താഴെപ്പറയുന്ന സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ സഞ്ചിതപ്രവർത്തന സൂചകം കണ്ടെത്തുന്നു.

1. വിദ്യാഭ്യാസ സൗകര്യങ്ങൾ
2. ആരോഗ്യ സൗകര്യങ്ങൾ
3. ചന്തകൾ
4. ഭൗതീകമായ അടിസ്ഥാന സൗകര്യങ്ങൾ
5. ഗതാഗത സൗകര്യങ്ങൾ

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഓരോ സൗകര്യങ്ങൾക്കും ജില്ലയിലുള്ള വെയ്റ്റേജിനെ അടിസ്ഥാനപ്പെടുത്തി കണക്കാക്കിയിട്ടുള്ള ഓരൊ തദ്ദേശഭരണ സ്ഥാപനത്തിന്റെയും സഞ്ചിത പ്രവർത്തന സൂചകം അനുബന്ധം 3.5 ൽ നൽകിയിരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളുടെ സഞ്ചിതപ്രവർത്തന സൂചകം വ്യക്തമാക്കുന്ന ഗ്രാഫ് ചിത്രം 3.66 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.66
സഞ്ചിത പ്രവർത്തന സൂചകം



അനുബന്ധം 3.5
Composite functional index (CFI) of settlement

പട്ടിക 3.35

Sl No	Name of LSG	CFI Value	Sl No	Name of LSG	CFI Value	Sl No	Name of LSG	CFI Value
1	Kochi corporation	1880.31	33	Kadamakkudy	61.43	64	Malayattoor Neeleshwaram	39.49
2	Kothamangalam	344.76	34	Edathala	60.78	65	Kuzhuppilly	39.48
3	Kalamassery	267.26	35	Kavalangad	59.75	66	Kizhakkambalam	39.09
4	Muvattupuzha	258.26	36	Rayamangalam	59.49	67	Valakom	38.55
5	Aluva	256.47	37	Kadungalloor	57.95	68	Karumalloor	38.4
6	Paravur	227.31	38	Kottuvally	56.3	69	Nayarambalam	38.33
7	Perumbavoor	213.23	39	Chendamangalam	56.14	70	Okkal	37.65
8	Thrippunithura	209.58	40	Cheranalloor	55.92	71	Elanji	36.05
9	Thrikkakkara	198.24	41	Alangad	54.97	72	Varappety	34.57
10	Angamaly	176.64	42	Kalloorkkad	54.92	73	Chittattukara	34.52
11	Maradu	126.76	43	Chottanikkara	54.32	74	Mudakkuzha	34.19
12	Kalady	118.06	44	Njarackal	53.51	75	Kuttampuzha	34.04
13	Eloor	113.77	45	Kottappady	53.39	76	Puthenvelikkara	32.75
14	Vadakkekkara	109.06	46	Poothrikka	51.27	77	Thirumarady	32.48
15	Nellidduzhy	108.62				78	Pothanikkad	32.37
16	Mulavukad	106.92	47	Kanjoor	50.97	79	Palakkuzha	32.05
17	Koothattukulam	101.72	48	Nedumbassery	50.26	80	Mookkannoor	31.65
18	Kumbalam	99.09	49	Edakkattuvayal	48.28	81	Vengoor	31.65
19	Vadavucode-Puthencruz	98.4	50	Mazhuvannoor	47.57	82	Parakkadavu	30.75
20	Pallippuram	93.44	51	Thiruvaniyoor	47.32	83	Arakkuzha	29.48
21	Aikkaranad	88.7	52	Ramamangalam	47.23	84	Pallarimangalam	28.97
22	Piravom	87.84	53	Sreemoolanagaram	45.96	85	Keezhmadu	28.86
23	Varapuzha	85.26	54	Chellanam	45.96	86	Thuravoor	28.6
24	Vengola	80.04	55	Avoly	43.98	87	Ayavana	27.62
25	Udayamperur	73.8	56	Manjalloor	42.26	88	Marady	27.39
26	Elamkunnappuzha	73.15	57	Kunnukara	42.25	89	Edavanakkad	25.78
27	Koovappady	72.94	58	Kunnathunad	41.48	90	Asamannoor	25.2
28	Kumbalangi	70.41	59	Chengamanad	40.87	91	Choornikkara	24.09
29	Mulamthuruthy	70.06	60	Amballur	40.52	92	Maneed	24.03
30	Keerampara	68.55	61	Ezhikkara	40.34	93	Paingottur	22.98
31	Karukutty	66.67	62	Pambakkuda	40.12	94	Pindimana	21.77
32	Vazhakkulam	66.32	63	Paipra	40.05	95	Manjapra	17.62
						96	Ayyampuzha	15.85

എറണാകുളം ജില്ലയിൽ സഞ്ചിതപ്രവർത്തന സൂചകം ഏറ്റവും ഉയർന്നു നിൽക്കുന്നത് കൊച്ചി കോർപ്പറേഷൻ പ്രദേശത്താണ്. (മറ്റുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ സൂചകം കൊച്ചിയുടേതിനെ അപേക്ഷിച്ച് തുലോം താഴെയായതിനാൽ ഗ്രാഫിൽ കൊച്ചി കോർപ്പറേഷന്റെ സൂചകത്തിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടുണ്ട്). കൊച്ചി കോർപ്പറേഷനാണ് ജില്ലയിലെ ഒന്നാം ക്രമത്തിലുള്ള അധിവാസ കേന്ദ്രം. ജില്ലയിലെ തദ്ദേശഭരണ സ്ഥാപന പ്രദേശങ്ങളുടെ ക്രമം താഴെപ്പറയും പ്രകാരമാണ്.

1. ഒന്നാംക്രമം അധിവാസകേന്ദ്രം - കൊച്ചി കോർപ്പറേഷൻ.
2. രണ്ടാംക്രമം അധിവാസകേന്ദ്രങ്ങൾ – കോതമംഗലം നഗരസഭ, കളമശ്ശേരി നഗരസഭ, മൂവാറ്റുപുഴ നഗരസഭ,

ആലുവ നഗരസഭ, പറവൂർ നഗരസഭ, പെരുമ്പാവൂർ നഗരസഭ.

3. മൂന്നാം ക്രമം അധിവാസകേന്ദ്രങ്ങൾ – തൃക്കാക്കര നഗരസഭ, അങ്കമാലി നഗരസഭ, മരട് നഗരസഭ, കാലടി ഗ്രാമപഞ്ചായത്ത്, ഏലൂർ നഗരസഭ, വടക്കേക്കര ഗ്രാമപഞ്ചായത്ത്, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്, മുളവുകാട് ഗ്രാമപഞ്ചായത്ത്.

4. നാലാംക്രമ അധിവാസകേന്ദ്രങ്ങൾ – അനുബന്ധം 3.6 കാണുക.

5. അഞ്ചാംക്രമ അധിവാസകേന്ദ്രങ്ങൾ – അനുബന്ധം 3.6 കാണുക

അധിവാസ കേന്ദ്രങ്ങളുടെ ക്രമത്തിന്റെ സ്ഥലപരവിന്യാസം ചിത്രം 3.67 ൽ നൽകിയിരിക്കുന്നു. ജില്ലയിലെ പ്രധാന റോഡുകളായ എൻ.എച്ച്.47, എൻ.എച്ച്.17 എന്നിവയുടെ സംഗമസ്ഥാനമാണ് കൊച്ചി നഗരസഭാ പ്രദേശം. മൂന്നാംക്രമത്തിൽ ഉൾപ്പെടുന്നതുവരെയുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ പ്രധാനറോഡ് ശൃംഖലയോട് ചേർന്നു വരുന്നുവെന്ന് കാണാം.

ചിത്രം 3.67
അധിവാസ കേന്ദ്രങ്ങളുടെ ക്രമം സ്ഥലപരവിന്യാസം



അനുബന്ധം – 3.6
പട്ടിക – 3.36

Sl No	Name of LSG	Heirarchy of settlement	Sl No	Name of LSG	Heirarchy of settlement
1	Kochi corporation	1	49	Edakkattuvayal	5
2	Kothamangalam	2	50	Mazhuvannoor	5
3	Kalamassery	2	51	Thiruvaniyoor	5
4	Muvattupuzha	2	52	Ramamangalam	5
5	Aluva	2	53	Sreemoolanagaram	5
6	Paravur	2	54	Chellanam	5
7	Perumbavoor	2	55	Avoly	5
8	Thrippunithura	2	56	Manjalloor	5
9	Thrikkakkara	3	57	Kunnukara	5
10	Angamaly	3	58	Kunnathunad	5
11	Maradu	3	59	Chengamanad	5
12	Kalady	3	60	Amballur	5
13	Eloor	3	61	Ezhikkara	5
14	Vadakkekkara	3	62	Pambakkuda	5
15	Nellidduzhy	3	63	Paipra	5
16	Mulavukad	3	64	Malayattoor Neeles	5
17	Koothattukulam	3	65	Kuzhuppilly	5
18	Kumbalam	4	66	Kizhakkambalam	5
19	Vadavucode-Puthencr	4	67	Valakom	5
20	Pallippuram	4	68	Karumalloor	5
21	Aikkaranad	4	69	Nayarambalam	5
22	Piravom	4	70	Okkal	5
23	Varapuzha	4	71	Elanji	5
24	Vengola	4	72	Varappety	5
25	Udayamperur	4	73	Chittattukara	5
26	Elamkunnappuzha	4	74	Mudakkuzha	5
27	Koovappady	4	75	Kuttampuzha	5
28	Kumbalangi	4	76	Puthenvelikkara	5
29	Mulamthuruthy	4	77	Thirumarady	5
30	Keerampara	4	78	Pothanikkad	5
31	Karukutty	4	79	Palakkuzha	5
32	Vazhakkulam	4	80	Mookkannoor	5
33	Kadamakkudy	4	81	Vengoor	5
34	Edathala	4	82	Parakkadavu	5
35	Kavalangad	4	83	Arakkuzha	5
36	Rayamangalam	4	84	Pallarimangalam	5
37	Kadungalloor	4	85	Keezhmadu	5
38	Kottuvally	4	86	Thuravoor	5
39	Chendamangalam	4	87	Ayavana	5
40	Cheranalloor	4	88	Marady	5
41	Alangad	4	89	Edavanakkad	5
42	Kalloorkkad	4	90	Asamannoor	5
43	Chottanikkara	4	91	Choornikkara	5
44	Njarackal	4	92	Maneed	5
45	Kottappady	4	93	Paingottur	5
46	Poothrikka	4	94	Pindimana	5
47	Kanjoor	4	95	Manjapra	5
48	Nedumbassery	4	96	Ayyampuzha	5

3.8.2 അധിവാസകേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമം

അധിവാസ കേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമം നിശ്ചയിക്കുന്നതിന് സ്വീകരിച്ച രീതി ശാസ്ത്രത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. അധിവാസകേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമം കണ്ടെത്തുന്നതിന് ഉപയുക്തമാക്കുന്ന ക്രിസ്റ്റല്ലറുടെ കേന്ദ്രസ്ഥാന സിദ്ധാന്തത്തിന്റെ (Crystallors Central theory) ആശയം ഇപ്രകാരമാണ്. സേവനം ലഭിക്കുന്ന പ്രദേശത്തേയോ ജനങ്ങളേയോ ആസ്പദമാക്കി വിവിധ ക്രമമുള്ള അധിവാസകേന്ദ്രങ്ങൾ കഴിവതും ഒരു കേന്ദ്രസ്ഥാനത്തായിരിക്കണം സ്ഥലപരമായി വിതരണം ചെയ്യപ്പേടേണ്ടത്. സൈദ്ധാന്തികമായി പറയുകയാണെങ്കിൽ ജില്ലയ്ക്കാകമാനം പര്യാപ്തമാംവിധം ഒന്നാം ക്രമമുള്ള ഒരു അധിവാസകേന്ദ്രം ഉണ്ടായിരിക്കണം. ക്രിസ്റ്റല്ലറുടെ സിദ്ധാന്തമനുസരിച്ച് ഒരു അധിവാസ കേന്ദ്രത്തിന്റെ സേവനപ്രദേശം ഷഡ്ഭുജാകൃതിയിലായിരിക്കണം. എന്നാൽ യഥാർത്ഥത്തിൽ എറണാകുളം ജില്ലയിൽ ഒന്നാംക്രമമുള്ള അധിവാസ കേന്ദ്രത്തിന്റെ (കൊച്ചി നഗരസഭയുടെ) സേവനപ്രദേശം ജില്ല മുഴുവനും ഒരു പക്ഷേ ജില്ലയ്ക്കു പുറത്തേയ്ക്കും വ്യാപിച്ചാണിരിക്കുന്നത്. ഇതുമൂലം ക്രിസ്റ്റല്ലറുടെ സിദ്ധാന്തമുപയോഗിച്ച് രണ്ടാം ക്രമമുള്ള അധിവാസ കേന്ദ്രങ്ങൾ കണ്ടെത്തുന്നതിന് പരിമിതികളുണ്ട്. ക്രിസ്റ്റലറുടെ സിദ്ധാന്തപ്രകാരം ഉയർന്ന ക്രമമുള്ള അധിവാസകേന്ദ്രത്തിന്റെ സേവന പ്രദേശത്തിന്റെ ഷഡ്ഭുജത്തിന്റെ ശീർഷങ്ങളിലാണ് താഴ്ന്ന ക്രമത്തിലുള്ള അധിവാസ കേന്ദ്രങ്ങളുടെ ഉചിതമായ സ്ഥാനം. എന്നാൽ ഇവിടെ ഒന്നാംക്രമം അധിവാസകേന്ദ്രമായ കൊച്ചിയുടെ സേവനപ്രദേശം ജില്ല ആകമാനം ആയതിനാൽ ജില്ലയുടെ സബ്റീജിയനുകളിലായി (വടക്കു കിഴക്കൻ ഭാഗം, വടക്കു പടിഞ്ഞാറൻ ഭാഗം, തെക്കുകിഴക്കൻ ഭാഗം, തെക്ക് പടിഞ്ഞാറൻ ഭാഗം) രണ്ടാംക്രമത്തിലുള്ള ഓരോ അധിവാസ കേന്ദ്രങ്ങളെങ്കിലും ഉണ്ടെന്നനുമാനിക്കാം. രണ്ടാംക്രമമുള്ള നാലു അധിവാസകേന്ദ്രങ്ങളെ യോജിപ്പിക്കുന്ന നേർരേഖയിലേക്ക് ലംബസമഭാജികൾ വരച്ച് രണ്ടാംക്രമമുള്ള അധിവാസകേന്ദ്രങ്ങളുടെ സേവന പ്രദേശങ്ങൾ കണ്ടെത്താവുന്നതാണ്. ഈ പ്രദേശം ആകൃതി കൊണ്ട് ഷഡ്ഭുജമോ ഷഡ്ഭുജത്തിന്റെ ഭാഗമോ ആയിരിക്കാം. ഷഡ്ഭുജത്തിന്റെ ശീർഷങ്ങൾ അടുത്ത താഴ്ന്ന ക്രമമുള്ള അധിവാസകേന്ദ്രങ്ങളെ നിശ്ചയിക്കുന്നു. മൂന്നാംക്രമത്തിലെ അധിവാസകേന്ദ്രങ്ങളുടെ സേവനപ്രദേശം ഷഡ്ഭുജാകൃതിയിൽ വേർതിരിച്ചെടുക്കാനാവും.

3.8.3 അധിവാസകേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമം- സ്വീകരിച്ച നടപടിക്രമം - രണ്ടാംക്രമമുള്ള അധിവാസകേന്ദ്രങ്ങൾ കണ്ടെത്തൽ

മുൻപു വിശദീകരിച്ച രീതിയിൽ അധിവാസകേന്ദ്രങ്ങളുടെ ഭാവിയിലെ ക്രമം നിശ്ചയിക്കുമ്പോൾ നിലവിലുള്ള ക്രമം അപ്പാടെ മാറ്റാൻ പാടില്ല. എറണാകുളം ജില്ലയിലെ അധിവാസകേന്ദ്രങ്ങൾ നിലവിൽ അഞ്ചു ക്രമങ്ങളിലായാണ് തരംതിരിച്ചിരിക്കുന്നത്. ഒന്നും രണ്ടും ക്രമത്തിലുൾപ്പെട്ട അധിവാസകേന്ദ്രങ്ങളെ ചിത്രം 3.68 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.68
എറണാകുളം ജില്ലയിലെ ഒന്നും രണ്ടും ക്രമത്തിലുള്ള അധിവാസകേന്ദ്രങ്ങൾ



വടക്കുകിഴക്ക് സബ്റീജിയനിൽ പെരുമ്പാവൂർ, കോതമംഗലം നഗരസഭകൾ, തെക്ക് കിഴക്കൻ സബ്റീജിയനിൽ മൂവാറ്റുപുഴ നഗരസഭ, തെക്ക് പടിഞ്ഞാറ് സബ്റീജിയനിൽ കൊച്ചി, തൃപ്പൂണിത്തറ നഗരസഭകൾ, വടക്ക് പടിഞ്ഞാറ് സബ്റീജിയനിൽ ആലുവ, കളമശ്ശേരി, പറവൂർ നഗരസഭകൾ എന്നിവ രണ്ടാംക്രമം അധിവാസകേന്ദ്രങ്ങളായി വർത്തിക്കുന്നു. സ്വീകരിച്ചിരിക്കുന്ന രീതി ശാസ്ത്രപ്രകാരം പുതിയ രണ്ടാംക്രമം അധിവാസകേന്ദ്രങ്ങൾ നിർദ്ദേശിക്കേണ്ടതില്ലെങ്കിലും പ്രദേശത്തിന്റെ അനന്യവും പ്രാദേശികവുമായ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് അങ്കമാലി, തൃക്കാക്കര എന്നീ നഗരസഭകളെ കൂടി രണ്ടാംക്രമത്തിൽ വടക്കുപടിഞ്ഞാറ് സബ്റീജിയനിലും തെക്ക് പടിഞ്ഞാറ് സബ്റീജിയനിലും യഥാക്രമം ഉൾപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം ജില്ലയിലെ നിർദ്ദിഷ്ട രണ്ടാംക്രമ അധിവാസകേന്ദ്രങ്ങൾ കോതമംഗലം നഗരസഭ, കളമശ്ശേരി നഗരസഭ, മൂവാറ്റുപുഴ നഗരസഭ, ആലുവ നഗരസഭ, പറവൂർ നഗരസഭ, പെരുമ്പാവൂർ നഗരസഭ, തൃപ്പൂണിത്തുറ നഗരസഭ, അങ്കമാലി നഗരസഭ, തൃക്കാക്കര നഗരസഭ എന്നിവയാണെന്ന് കാണാം. ജില്ലയിലെ നിർദ്ദിഷ്ട രണ്ടാംക്രമ അധിവാസകേന്ദ്രങ്ങൾ ചിത്രം 3.69 ൽ നൽകിയിരിക്കുന്നു.

രണ്ടാംക്രമത്തിലുള്ള അധിവാസ കേന്ദ്രങ്ങളുടെ സേവനപ്രദേശം കണക്കാക്കുന്നതിന് ക്രിസ്റ്റല്ലറുടെ സിദ്ധാന്തം ഉപയുക്തമാക്കിയിരിക്കുന്നു. സാധാരണയായി ഉയർന്ന ക്രമമുള്ള ഒരു അധിവാസ കേന്ദ്രം ചുറ്റുപാടുള്ള അധിവാസകേന്ദ്രങ്ങളുടെ രണ്ടാംക്രമം ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതായിരിക്കും. അതായത് ഒന്നാംക്രമമുള്ള അധിവാസകേന്ദ്രങ്ങൾ രണ്ടാം ക്രമമുള്ള അധിവാസകേന്ദ്രങ്ങളായും പ്രവർത്തിക്കുന്നതായിരിക്കും. അതുമൂലം രണ്ടാംക്രമമുള്ള അധിവാസകേന്ദ്രങ്ങളുടെ സേവനപ്രദേശം കണ്ടെത്തിയിട്ടുള്ളതിൽ ചില പുന:ക്രമീകരണങ്ങൾ ആവശ്യമായി വരുന്നു. ഇതുപ്രകാരം പുന:ക്രമീകരിച്ച സേവനപ്രദേശങ്ങൾ ചിത്രം 3.70-ൽ നൽകിയിരിക്കുന്നു.

മൂന്നാക്രമം അധിവാസകേന്ദ്രങ്ങളുടെ നിർണ്ണയം

ക്രിസ്റ്റല്ലറുടെ സിദ്ധാന്തം അനുസരിച്ച് രണ്ടാംക്രമം അധിവാസകേന്ദ്രങ്ങളുടെ സേവന പ്രദേശങ്ങളായ ഷഡ്ഭുജങ്ങളുടെ ശീർഷകങ്ങളിലാണ് മൂന്നാക്രമം അധിവാസകേന്ദ്രങ്ങൾ ഉണ്ടായിരിക്കുക. കൊച്ചി നഗരസഭയുടെ ഷഡ്ഭുജത്തിന്റെ കോണുകളിൽ വരുന്നത് മരട് നഗരസഭ, മുളവുകാട് ഗ്രാമപഞ്ചായത്ത്, നായരമ്പലം

ഗ്രാമപഞ്ചായത്ത് എന്നിവയാണ്. കേന്ദ്രീയത, നിലവിലെ ക്രമം, ഗതാഗത ബന്ധങ്ങൾ, ഭരണ വ്യവസ്ഥിതി എന്നീ മാനദണ്ഡങ്ങൾ പരിഗണിക്കുമ്പോൾ നായരമ്പലം ഗ്രാമപഞ്ചായത്തിന് പകരം ഞാറയ്ക്കൽ ആണ് മൂന്നാം ക്രമത്തിൽ വരുന്നത.

കളമശ്ശേരി നഗരസഭയുടെ സേവന പ്രദേശങ്ങളുടെ ബഹുഭുജത്തിന്റെ ശീർഷകങ്ങളിൽ വരുന്ന പൂത്യക്ക, മഴുവന്നൂർ, വെങ്ങോല, വാഴക്കുളം, ഏലൂർ എന്നിവ മൂന്നാംക്രമം എന്നു വരുന്നു. വെങ്ങോല, മഴുവന്നൂർ എന്നിവ ചേർന്നു കിടക്കുന്നതിനാൽ ഇതിനടുത്തുവരുന്ന കുന്നത്തുനാടിനെ പരിഗണിച്ചിരിക്കുന്നു.

കേന്ദ്രീയത, നിലവിലെ ക്രമം, ഗതാഗതബന്ധങ്ങൾ, തുടങ്ങിയവ പരിഗണിച്ച് പൂത്യക്ക ഗ്രാമപഞ്ചായത്തിന് പകരം വടവുകോട്-പുത്തൻകുരിശിനേയും, വാഴക്കുളം ഗ്രാമപഞ്ചായത്തിന് പകരം കീഴ്മാട് ഗ്രാമപഞ്ചായത്തിനേയും മൂന്നാം ക്രമമാക്കിയിരിക്കുന്നു.

വിവിധ പ്രദേശങ്ങളിലെ സേവനമേഖല വ്യക്തമാക്കുന്ന ഷഡ്ഭുജത്തിന്റെ വലുപ്പം പ്രദേശത്തിന്റെ ജനസാന്ദ്രതയുടെ അനുപാതത്തിലാണ്. ഇത്തരത്തിൽ ഓരോ ഉയർന്ന ക്രമത്തിലെ അധിവാസകേന്ദ്രത്തിന്റേയും (ഒന്നാംക്രമവും, രണ്ടാംക്രമവും, മൂന്നാംക്രമത്തിലെ അധിവാസ കേന്ദ്രത്തിന്റെ സേവനം നൽകുമെന്ന അനുമാനത്തിൽ) സേവനമേഖല ചിത്രം 3.71 ൽ വ്യക്തമാക്കിയിരിക്കുന്നു. ജില്ലയിലെ ചില പ്രദേശങ്ങൾ ഒരു മൂന്നാംക്രമം അധിവാസ കേന്ദ്രത്തിന്റേയും സേവനപ്രദേശത്ത് വരുന്നില്ല എന്നതു പരിഗണിച്ച് കൊച്ചി റീജിയണിൽ കുമ്പളങ്ങി ഗ്രാമ പഞ്ചായത്തിനേയും വടവുകോട് - പുത്തൻകുരിശ് ഭാഗത്ത് മുളന്തുരുത്തിയേയും മൂന്നാം ക്രമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ചിത്രം 3.69
നിർദ്ദിഷ്ട രണ്ടാംക്രമഅധിവാസകേന്ദ്രങ്ങൾ



ചിത്രം 3.70

രണ്ടാംക്രമ അധിവാസകേന്ദ്രങ്ങളും സേവനപ്രദേശങ്ങളും



ചിത്രം 3.71

മൂന്നാംക്രമ അധിവാസകേന്ദ്രങ്ങളുടെ സേവനമേഖല



നഗരസഭയായി ഉയർത്തപ്പെട്ട പിറവം നഗരസഭയെയും മൂന്നാംക്രമ അധിവാസകേന്ദ്രമായി ഉൾപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം എറണാകുളം ജില്ലയിലെ മൂന്നാംക്രമം അധിവാസകേന്ദ്രങ്ങൾ താഴെപ്പറയുന്നു.

മരട്	കീഴ്മാട്
കാലടി	വടവുകോട്-പുത്തൻകുരിശ്
ഏലൂർ	പിറവം

വടക്കേക്കര മുളന്തുരുത്തി
നെല്ലിക്കുഴി ഞാറയ്ക്കൽ
മുളവുകാട് കുന്നത്തുനാട്
കുമ്പളങ്ങി വരാപ്പുഴ

മൂന്നാംക്രമം അധിവാസകേന്ദ്രങ്ങളുടെ സേവനപ്രദേശങ്ങൾ കണ്ടെത്തുന്നതിനായി രൂപീകരിച്ചിരിക്കുന്ന ഷഡ്ഭുജങ്ങളുടെ അതിരുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അതിരുകളുമായി സംയോജിപ്പിച്ചിരിക്കുന്നു. എറണാകുളം ജില്ലയിലെ അധിവാസ കേന്ദ്രങ്ങളെ അഞ്ചു ക്രമങ്ങളിലായി തിരിച്ചിരിക്കുന്നത് അനുബന്ധം 3.7 ലും, ചിത്രം 3.72 ലും നൽകിയിരിക്കുന്നു.

ആദ്യ മൂന്നു ക്രമങ്ങളിൽ ഉൾപ്പെട്ട അധിവാസ കേന്ദ്രങ്ങൾ സേവനപ്രദേശങ്ങൾക്ക് നൽകേണ്ടതായ സൗകര്യങ്ങൾ പട്ടിക 3.37 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.37
ഉയർന്ന ക്രമങ്ങളിലെ അധിവാസ കേന്ദ്രങ്ങൾ ലഭ്യമാക്കുന്ന സേവനങ്ങൾ

ക്രമ നം.	സൗകര്യങ്ങൾ
1	ഉയർന്ന ക്രമത്തിലെ നഗര സൗകര്യങ്ങൾ
2	ഉയർന്ന ക്രമത്തിലെ നഗര, ഗ്രാമീണസൗകര്യങ്ങൾ
3	മധ്യ നിരയിൽ വരുന്ന നഗര, ഗ്രാമീണസൗകര്യങ്ങൾ

ചിത്രം 3.72
അധിവാസകേന്ദ്രങ്ങളുടെ നിർദ്ദിഷ്ടക്രമം



അനുബന്ധം 3.7
പട്ടിക 3.38

Order of settlement	Sl. No.	Name of LSGI
Ist order	1	Kochi Corporation
IInd order	1	Kothamangalam(M)
	2	Kalamassery(M)
	3	Muvattupuzha (M)
	4	Aluva (M)
	5	Paravoor(M)
	6	Perumbavoor (M)
	7	Thrippunithura (M)
	8	Angamaly (M)
	9	Thrikkakara
IIIrd order	1	Maradu
	2	Kalady
	3	Eloor
	4	Vadakkekara
	5	Nellikuzhi
	6	Mulavukad
	7	Kumbalangi
	8	Vadavucode-Puthencruz
	9	Piravom
	10	Mulanthuruthy
	11	Njarakkal
	12	Varapuzha
	13	Kunnathunadu
	14	Keezhmad
IVth order	1	Kumbalam
	2	Pallippuram
	3	Aikkaranad
	4	Vengola
	5	Udayamperur
	6	Elamkunnappuzha
	7	Koovappady
	8	Keerampara
	9	Karukutty

IVth order	10	Vazhakkulam
	11	Kadamakkudy
	12	Edathala
	13	Kavalangad
	14	Rayamangalam
	15	Kadungalloor
	16	Kottuvally
	17	Chendamangalam
	18	Cheranalloor
	19	Alangad
	20	Kalloorkkad
	21	Chottanikkara
	22	Kottappady
	23	Poothrikka
	24	Koothattukulam
	25	Kanjoor
	26	Nedumbassery
Vth order	1	Edakkattuvayal
	2	Mazhuvannoor
	3	Thiruvaniyoor
	4	Ramamangalam
	5	Sreemoolanagaram
	6	Chellanam
	7	Avoly
	8	Manjalloor
	9	Kunnukara
	10	Chengamanad
	11	Amballur
	12	Ezhikkara
	13	Pambakkuda
	14	Paipra
	15	Malayattoor Neeleshwaram
	16	Kuzhuppilly
	17	Kizhakkambalam
	18	Valakom
	19	Karumalloor
	20	Nayarambalam

Vth order	21	Okkal
	22	Elanji
	23	Varappety
	24	Chittattukara
	25	Mudakkuzha
	26	Kuttampuzha
	27	Puthenvelikkara
	28	Thirumarady
	29	Pothanikkad
	30	Palakkuzha
	31	Mookkannoor
	32	Vengoor
	33	Parakkadavu
	34	Arakkuzha
	35	Pallarimangalam
	36	Thuravoor
	37	Ayavana
	38	Marady
	39	Edavanakkad
	40	Asamannoor
	41	Choornikkara
	42	Maneed
	43	Paingottur
	44	Pindimana
	45	Manjapra
	46	Ayyampuzha

3.9 ഭൂപ്രകൃതി

ഭൂപ്രകൃതി സംബന്ധിച്ച പഠനത്തിന് ജില്ലയുടെ ഭൂപ്രദേശത്തിന്റെ ചരിവ്, കോണ്ടൂർ എന്നീ ഘടകങ്ങളെയാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ഉപഗ്രഹചിത്രത്തിന്റെ സഹായത്തോടെയാണ് പ്രസ്തുത വിശദാംശങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. ഭൂപ്രകൃതി അനുസരിച്ച് ജില്ലയെ മൂന്നായി തരംതിരിക്കാം. തീരപ്രദേശം, ഇടനാട്, പർവ്വതപ്രദേശം എന്നിങ്ങനെ ആകെ ഭൂവിസ്തൃതിയുടെ 20% തീരപ്രദേശമായാണ് കാണപ്പെടുന്നത്. കായലുകളും തോടുകളും ചേർന്ന ഒരു ജലനിർഗ്ഗമന സംവിധാനമുള്ള നിരപ്പുള്ള പ്രദേശങ്ങളാണ് പ്രധാനമായും ഇടനാട് തരത്തിൽപ്പെടുന്നത്. പശ്ചിമ ഘട്ടത്തിന്റെ ഭാഗങ്ങൾ ഉൾപ്പെട്ടതാണ് പർവ്വതപ്രദേശമായ് തരംതിരിച്ചിട്ടുള്ളത്. കണയന്നൂർ താലൂക്കിന്റെ കിഴക്കുഭാഗം, ആലുവ, മൂവാറ്റുപുഴ, കോതമംഗലം എന്നീ താലൂക്കുകളും കുന്നത്തുനാട് താലൂക്കിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഇടനാടിലും ബാക്കിയുള്ളവ പർവ്വതപ്രദേശ ഇനത്തിലും ഉൾപ്പെടുന്നു.

ജില്ലാതലത്തിൽ സ്ഥലലക്ഷണങ്ങളും നിമ്നോന്നതങ്ങളും വിശകലനം ചെയ്യുമ്പോൾ വിവിധ പ്രദേശങ്ങളുടെ ഉയരവും ചരിവും വ്യക്തമാകും. ഭൂപ്രദേശത്തിന്റെ ഉയരവും ചരിവും ആ പ്രദേശത്ത് കൊണ്ടുവരാവുന്ന പ്രവർത്തനങ്ങളെ നിർണ്ണയിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. ഉപഗ്രഹ ചിത്രങ്ങളിൽ നിന്ന് തയ്യാറാക്കിയെടുത്ത ജില്ലയുടെ കോണ്ടൂർമാപ്പ് ചിത്രം 3.73 - ൽ നൽകിയിരിക്കുന്നു. ഇതിൽ നിന്നും ഏറ്റവും കുറഞ്ഞ ഉയരവും കൂടിയ ഉയരവും എത്രയെന്നും, എവിടെയാണെന്നും വ്യക്തമാകുന്നു.

ചിത്രം 3.73

ജില്ലയുടെ കോണ്ടൂർ മാപ്പ്



ചിത്രം 3.74-ൽ ഭൂപ്രകൃതി അനുസരിച്ചുള്ള ജില്ലയുടെ തരംതിരിവ് വ്യക്തമാക്കിയിരിക്കുന്നു. ഇതിൽ നിന്നും ജില്ലയുടെ ആകെ വിസ്തൃതിയുടെ 89.26 ശതമാനം 15% ചരിവിലും താഴെയുള്ള പ്രദേശങ്ങളും 9.34 ശതമാനം 15% ചരിവിനും, 30% ചരിവിനും ഇടയ്ക്ക് ചരിവുള്ളവയാണ് എന്നും ബാക്കിപ്രദേശങ്ങൾ 30% ചരിവിനും മുകളിലുമാണെന്ന് കാണാം. 15% - ത്തിനു താഴെ ചരിവ് വരുന്ന പ്രദേശങ്ങൾ മനുഷ്യ ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമായിട്ടുള്ളതാണ്. 15% നും 30% നും ഇടയിൽ ചരിവു വരുന്ന പ്രദേശങ്ങൾ പ്രധാനമായും കാർഷിക പ്രവർത്തനങ്ങൾക്കാണ് അനുയോജ്യം, 30% നും 50% നും ഇടയിൽ ചരിവു വരുന്ന പ്രദേശങ്ങൾ ഹോർട്ടിക്കൾച്ചർ പ്രവർത്തനങ്ങൾക്ക് ഉപയുക്തമാണ്. ചരിവ് 50% നു മുകളിലാണെങ്കിൽ വനപ്രദേശത്തിന്റെ സ്വഭാവം പ്രദർശിപ്പിക്കുന്നതും , വികസന പ്രവർത്തനങ്ങൾക്ക് അനുയോജ്യമല്ലാത്തതുമാണ്.

ചിത്രം 3.74
ഭൂപ്രകൃതി അനുസരിച്ച് ജില്ലയുടെ തരംതിരിവ്



3.10 വികസന നിയന്ത്രിത മേഖലകൾ

എറണാകുളം ജില്ലയിലെ സംരക്ഷിക്കപ്പെടേണ്ട വികസന നിയന്ത്രിത പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് ഭൂവിനിയോഗം, ഭൂപ്രകൃതി,തീരദേശ നിയന്ത്രണ നിയമങ്ങൾ, പരിസ്ഥിതി പ്രദേശങ്ങൾ, പ്രകൃതി ദുരന്തങ്ങൾ സംഭവിക്കാനിടയുള്ള പ്രദേശങ്ങൾ, നിയമങ്ങൾ പ്രകാരം വികസനം നിയന്ത്രിച്ചിട്ടുള്ള പ്രദേശങ്ങൾ എന്നിവ പരിഗണിച്ച് കണ്ടെത്തുന്നതിന് ശ്രമിച്ചിരിക്കുകയാണിവിടെ.

3.10.1 ഭൂവിനിയോഗം/ഭൂപ്രകൃതി

ഭൂവിനിയോഗത്തിന്റെയും ഭൂപ്രകൃതിയുടേയും അടിസ്ഥാനത്തിൽ വികസന നിയന്ത്രണം ഏർപ്പെടുത്തേണ്ട പ്രദേശങ്ങൾ ചിത്രം 3.75 ൽ നൽകിയിരിക്കുന്നു. ജില്ലയുടെ വന പ്രദേശങ്ങളും ഉയർന്ന പ്രദേശങ്ങളും വികസന പ്രവർത്തനങ്ങൾക്ക് അനുയോജ്യമല്ലെന്ന് അനുമാനിക്കാവുന്നതാണ്. ജില്ലയുടെ കിഴക്ക് പ്രദേശവും വടക്കു കിഴക്ക് ഭാഗങ്ങളുമാണ് ഇത്തരത്തിൽ നിയന്ത്രണങ്ങൾക്കു വിധേയമായിരിക്കുന്നത് എന്ന് കാണാം.

ചിത്രം 3.75
ജില്ലയിലെ വനപ്രദേശങ്ങൾ /ഉയർന്ന പ്രദേശങ്ങൾ



3.10.2 പരിസ്ഥിതി ലോല പ്രദേശങ്ങൾ

എറണാകുളം ജില്ലയിൽ പരിസ്ഥിതി സംബന്ധമായ പരിഗണനയോടെ സംരക്ഷിക്കപ്പെടേണ്ട ജലാശയങ്ങളും, നദികളും ചേർന്ന് ജില്ലയുടെ ആകെ വിസ്തൃതിയുടെ 5.69% വരുന്നു.

മൂവാറ്റുപുഴയാറും, പെരിയാറുമാണ് ജില്ലയിലൂടെ ഒഴുകുന്ന പ്രധാന നദികൾ. വേമ്പനാട്ട് കായലിന്റെ ഒരുഭാഗം ജില്ലയിലാണുള്ളത്. വടക്കൻ പറവൂർ താലൂക്കിന്റെ വടക്കുഭാഗത്തായ് കൊടുങ്ങല്ലൂർ കായലും തെക്കുഭാഗത്ത് വരാപ്പുഴ കായലുമാണ്. ജില്ലയിലെ തീരപ്രദേശം ഭൂരിഭാഗവും ഉൾപ്പെട്ടിരിക്കുന്നത് കൊച്ചി താലൂക്കിലാണ്. ജില്ലയിലെ പരിസ്ഥിതി ലോല പ്രദേശങ്ങൾ ചിത്രം 3.76 നൽകിയിരിക്കുന്നു.

ചിത്രം 3.76
പരിസ്ഥിതിലോല പ്രദേശങ്ങൾ



3.10.3 തീരദേശപരിപാലന നിയമത്തിന്റെ നിയന്ത്രണങ്ങൾ

തീരദേശപരിപാലന നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിരിക്കുന്നത് ജില്ലയിലെ 24 തദ്ദേശഭരണ സ്ഥാപനങ്ങളാണ്. ഇതിൽ 3 നഗരസഭകളും 20 പഞ്ചായത്തുകളും കൊച്ചി കോർപ്പറേഷനും ഉൾപ്പെടുന്നു. ഈ പ്രദേശങ്ങളെല്ലാം ചേർത്ത് അഞ്ച് വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു. സി.ആർ.ഇസെഡ്. വിഭാഗം 1,2,3,4 എന്നിവയും ദ്വീപ് വിഭാഗത്തിലുൾപ്പെടുന്ന പ്രദേശങ്ങളും 06.01.11 ന് പ്രസിദ്ധീകരിച്ച തീരദേശ പരിപാലന നിയമത്തിന്റെ നിർദ്ദേശങ്ങൾ പ്രകാരമാണ് വിവിധ വിഭാഗങ്ങളിൽ നിയന്ത്രണങ്ങൾ നടപ്പാക്കുന്നത്. എന്നാൽ ഇപ്പോൾ നിയന്ത്രണങ്ങൾ നടപ്പിൽ വരുത്തുന്നതി നാവശ്യമായ വിശദാംശങ്ങൾ ലഭ്യമായിട്ടുള്ളത് 1991 ലെ വിജ്ഞാപന പ്രകാരമുള്ള ഭൂപടങ്ങളിലാണ്. തിരദേശ പരിപാലന നിയമം പ്രാബല്യത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ചിത്രം 3.77 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.77
തീരദേശ പരിപാലനനിയമം ബാധകമായിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ



3.10.4 എറണാകുളം ജില്ലയിലെ പ്രകൃതി ദുരന്തങ്ങൾക്കു സാധ്യതയുള്ള പ്രദേശങ്ങൾ

എറണാകുളം ജില്ലയിലെ പ്രകൃതി ദുരന്തങ്ങൾക്കു സാധ്യതയുള്ള പ്രദേശങ്ങൾ രേഖപ്പെടുത്തിയ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് തയ്യാറാക്കിയ ഭൂപടം ചിത്രം 3.78 ൽ നൽകിയിരിക്കുന്നു. കടലും കായലും കുന്നിൻ പ്രദേശങ്ങളും നിറഞ്ഞ ജില്ലയ്ക്ക് സുനാമി, പ്രളയം, ഭൂചലനം, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങൾക്കുള്ള സാധ്യതകളാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ജില്ലയുടെ കിഴക്കൻ പ്രദേശങ്ങൾ, അതായത് കോതമംഗലം താലൂക്കിലും ആലുവ താലൂക്കിലും ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളിലാണ് മണ്ണിടിച്ചിൽ സാധ്യത കാണപ്പെടുന്നത്. കൊച്ചി, കണയന്നൂർ താലൂക്കുകളിൽ ഉൾപ്പെട്ട തീരദേശ പ്രദേശങ്ങളിൽ സുനാമി, പ്രളയ സാധ്യതകളും പറവൂർ, ആലുവ, കുന്നത്തുനാട് താലൂക്കുകളിൽപ്പെട്ട പുഴകളോടും കായലുകളോടും ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ പ്രളയ സാധ്യതകളും കാണിച്ചിരിക്കുന്നു. ഭൂചലന സാധ്യത സോണുകളിൽ മൂന്നാമത് സോണിലുള്ള കേരളത്തിൽ അതിതീവ്രതയുള്ള ഭൂചലനങ്ങൾ പ്രവചിയ്ക്കപ്പെട്ടിട്ടില്ല. താഴ്ന്ന ഭൂനിരപ്പുപ്രദേശമായ എറണാകുളത്ത് കൊച്ചി താലൂക്കിലും മൂവാറ്റുപുഴ താലൂക്കിലും ഭൂചലന സാധ്യതകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ചിത്രം 3.78
ദുരന്ത സാധ്യതകൾ – എറണാകുളം ജില്ല



3.10.5 2008 ലെ കേരള നെൽവയൽ തണ്ണീർത്തട പരിധിയിലുള്ള പ്രദേശങ്ങൾ

സംസ്ഥാനത്തെ കാർഷികവളർച്ച പ്രോത്സാഹിപ്പിക്കുകയും, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും, പരിസ്ഥിതി വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യുന്നതിനുവേണ്ടി നെൽവയലുകളും, തണ്ണീർത്തടങ്ങളും സംരക്ഷിക്കുകയും അവ പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് പ്രാബല്യത്തിൽ വരുത്തിയിട്ടുള്ള ഈ നിയമപരിധിയിൽ വരുന്ന എറണാകുളം ജില്ലയിലെ പ്രദേശങ്ങൾ പ്രധാനമായും ഇടനാട്ടിലാണ് (ചിത്രം 3.79 കാണുക).

ചിത്രം 3.79
വികസന നിയന്ത്രിത മേഖലകൾ



3.10.6 മറ്റു നിയന്ത്രണങ്ങൾ

വിമാനത്താവളങ്ങളുടെ നിയന്ത്രണങ്ങൾ

ജില്ലയിലെ രണ്ടു പ്രധാന വിമാനത്താവളങ്ങളാണ് നെടുമ്പാശ്ശേരി അന്തർദേശിയ വിമാനത്താവളവും നാവികസേനയുടെ നിയന്ത്രണത്തിലുള്ള വിമാനത്താവളവും. ഈ വിമാനത്താവളങ്ങളുടെ സമീപം എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള നിയന്ത്രണങ്ങൾ ബാധകമാണ് (ചിത്രം 3.79 കാണുക).

ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യയുടെ നിയന്ത്രണങ്ങൾ

എറണാകുളം ജില്ലയിലെ പ്രധാനപ്പെട്ട രണ്ടു സംരക്ഷിത സ്മാരകങ്ങളാണ് ഫോർട്ട് കൊച്ചിയിലെ വിശുദ്ധ ഫ്രാൻസീസ് സേവ്യർ ദേവാലയവും മട്ടാഞ്ചേരിയിലെ ഡച്ച് കൊട്ടാരവും ഈ രണ്ടു സ്മാരകങ്ങളും കൊച്ചിയുടെ ചരിത്രത്തിന്റെ പ്രധാന നാൾവഴികൾ കുറിയ്ക്കുന്നവയാണ്. ഈ രണ്ടു സംരക്ഷിത സ്മാരകങ്ങൾക്കു ചുറ്റും 100 മീറ്റർ ചുറ്റളവിൽ no development zone ഉം 100 മീറ്റർ മുതൽ 300 മീറ്റർ വരെയുള്ള ചുറ്റളവിൽ നിർമ്മാണ നിയന്ത്രണങ്ങളും ബാധകമാണ്. പ്രസ്തുത പ്രദേശങ്ങളും ചിത്രം 3.81 ൽ നൽകിയിരിക്കുന്നു.

3.11 പ്രവർത്തനരൂപമാതൃക

അധിവാസ കേന്ദ്രങ്ങളുടെ വിശകലനത്തിൽ ചർച്ചചെയ്ത വിവിധ ഘടകങ്ങളുടെ സ്ഥലപര വിന്യാസത്തിന്റെ പഠനത്തിനെ അടിസ്ഥാനമാക്കിയാണ് ജില്ലയിൽ നിലനിൽക്കുന്ന പ്രവർത്തന രൂപമാതൃക കണ്ടെത്തുന്നത്. ഭൂവിനിയോഗത്തിന്റെ കേന്ദ്രീകരണ രൂപ മാതൃക, പ്രവർത്തനസ്വഭാവം നഗരരേഖാചിത്രം എന്നിവയെ അടിസ്ഥാനമാക്കിയാണ് ഇത് തയ്യാറാക്കുന്നത്. ഭൂവിനിയോഗത്തിന്റെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രവർത്തന സ്വഭാവം, തൊഴിൽ മേഖലയിലെ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നഗരരേഖാചിത്രം എന്നിവയാണ് ഇതിനായ് ഉപയോഗിക്കുന്നത്. ഭൂവിനിയോഗ ത്തിന്റെ കേന്ദ്രീകരണ രൂപമാതൃക, പ്രവർത്തനസ്വഭാവം, നഗരരേഖാചിത്രം എന്നീ സ്ഥിതികളുടെ അടിസ്ഥാനത്തിൽ അധിവാസ കേന്ദ്രങ്ങളെ തരംതിരിക്കുന്നത് പട്ടിക 3.39 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.39
അധിവാസ കേന്ദ്രങ്ങളുടെ തരംതിരിവ്

നഗര രേഖാ ചിത്രം	ഭൂവിനിയോഗ കേന്ദ്രീകരണം	പ്രവർത്തന സ്വഭാവം
നഗരം	കാർഷികേതരം	നഗരം
നഗരമല്ല	കാർഷികം	അർദ്ധനഗരം
	പ്ലാന്റേഷൻ	ഗ്രാമം
	വനം	അർദ്ധഗ്രാമം

മേൽ വിവരിച്ച മൂന്ന് ഘടകങ്ങളും ഒരുമിച്ച് അപഗ്രഥിച്ചാണ് പ്രവർത്തന രൂപമാതൃക കണ്ടെത്തുന്നത്.

ഒരു അധിവാസ കേന്ദ്രത്തിന്റെ സ്വഭാവം നഗരരേഖാചിത്രം അനുസരിച്ച് നഗരം എന്നും ഭൂവിനിയോഗ കേന്ദ്രീകരണം അനുസരിച്ച് കാർഷികേതരവും, പ്രവർത്തന സ്വഭാവം അനുസരിച്ച് നഗരവുമാണെങ്കിൽ, ആ പ്രദേശത്തെ പ്രവർത്തനം നഗരപ്രവർത്തനം (പ്രധാനമായും സേവന മേഖലാ പ്രവർത്തനങ്ങൾ) ആണ് എന്ന് കരുതാവുന്നതാണ്. ഇത്തരത്തിൽ തരംതിരിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ചിത്രം 3.80 ൽ നൽകിയിരിക്കുന്നു. ഈ പ്രദേശങ്ങളിൽ മുഖ്യമായും 80 ശതമാനത്തിലേറെ കാർഷികേതര തൊഴിലാളികൾ ഉള്ളതിനാൽ ഈ പ്രദേശത്തിന്റെ ഭൂവിനിയോഗം പ്രധാനമായും കാർഷികേതരമായിരിക്കും.

ചിത്രം 3.80
നഗരപ്രവർത്തന പ്രദേശം



ഒരു അധിവാസ കേന്ദ്രത്തിന്റെ സ്വഭാവം നഗരരേഖാചിത്രം അനുസരിച്ച് നഗരം അല്ല എന്നും ഭൂവിനിയോഗ കേന്ദ്രീകരണം അനുസരിച്ച് കാർഷികം എന്നും പ്രവർത്തന സ്വഭാവം അനുസരിച്ച് ഗ്രാമം എന്നും ആണെങ്കിൽ ആ അധിവാസ കേന്ദ്രത്തിന് ഏറ്റവും അനുയോജ്യമായ

പ്രവർത്തനം പ്രാഥമിക പ്രവർത്തനങ്ങൾ (കാർഷിക കാർഷികാനുബന്ധ പ്രവർത്തനങ്ങൾ) ആയിരിക്കും. അപ്രകാരം ഗ്രാമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കാണുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ ചിത്രം 3.81-ൽ നൽകിയിരിക്കുന്നു.

ചിത്രം 3.81
പ്രാഥമിക പ്രവർത്തന പ്രദേശം



പ്രദേശത്തിന്റെ സ്വഭാവം നഗരരേഖാചിത്രം അനുസരിച്ച് നഗരം അല്ലായെന്നും ഭൂവിനിയോഗ കേന്ദ്രീകരണ പ്രകാരം വനം എന്നും, പ്രവർത്തന സ്വഭാവം ഗ്രാമം എന്നും കാണുന്നെങ്കിൽ ആ പ്രദേശത്തിന് അനുയോജ്യമായത് വനത്തിന് ഹാനികരമല്ലാത്ത രീതിയിലുള്ള കാർഷിക പ്രവർത്തനങ്ങളായിരിക്കും. ഇത്തരത്തിൽ വനഭൂമിയെ നശിപ്പിക്കാത്ത രീതിയിൽ പ്രാഥമിക മേഖലയിലെ കാർഷിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകാവുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ചിത്രം 3.82ൽ നൽകിയിരിക്കുന്നു. ഒരു അധിവാസ കേന്ദ്രത്തിന്റെ സ്വഭാവം നഗരരേഖാ ചിത്രം അനുസരിച്ച് നഗരവും പ്രവർത്തന സ്വഭാവം അർദ്ധനഗരവും ഭൂവിനിയോഗ കേന്ദ്രീകരണം കാർഷികേതരവുമാണെങ്കിൽ ആ അധിവാസ കേന്ദ്രത്തിന് ഏറ്റവും അനുയോജ്യമായത് ദ്വിതീയ മേഖലയിലെ പ്രവർത്തനങ്ങളായിരിക്കും.

ചിത്രം 3.82
വനത്തിന് ഹാനീകരമല്ലാത്ത പ്രാഥമിക പ്രവർത്തനങ്ങൾ



ഈ പ്രദേശങ്ങളിൽ കാർഷികേതര തൊഴിലാളികളുടെ എണ്ണം 80 ശതമാനത്തിലധികം ആയിരിക്കുകയും, കാർഷികേതര ഭൂവിനിയോഗത്തിന് കേന്ദ്രീകരണം ഉണ്ടാവുകയും അർദ്ധനഗര സ്വഭാവം പ്രദർശിപ്പിക്കുന്നതിനാൽ പ്ലോട്ടു

വിസ്തൃതി 50 സെന്റിൽ താഴെയായിരിക്കുകയും ചെയ്യുന്നതിനാൽ ഈ പ്രദേശങ്ങൾ ദ്വിതീയ മേഖലയിലെ പ്രവർത്തനങ്ങൾക്കായിരിക്കും അനുയോജ്യം. ഇത്തരത്തിൽ വേർതിരിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾ ചിത്രം 3.83 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.83
ദ്വിതീയ മേഖലയിലെ പ്രവർത്തന പ്രദേശം



നഗരരേഖാചിത്രം അനുസരിച്ച് നഗരം അല്ലാത്തതും ഭൂവിനിയോഗ കേന്ദ്രീകരണം കൃഷിയോ പ്ലാന്റേഷനോ ആയിട്ടുള്ളതും, പ്രവർത്തന സ്വഭാവം അർദ്ധഗ്രാമം ആയിട്ടുള്ളതുമായ പ്രദേശങ്ങളെ യാണ് ഇനി ഒരുമിച്ചു ചേർക്കുന്നത്. ഈ പ്രദേശങ്ങളുടെ ശരാശരി പ്ലോട്ടു വിസ്തൃതി 50 മുതൽ 70 സെന്റ് വരെയും തൊഴിലാളികളിൽ ഭൂരിഭാഗവും കാർഷിക വിഭാഗത്തിലുള്ളവരുമായിരിക്കും. ഈ പ്രദേശം കാർഷിക വൃത്തിക്ക് അനുയോജ്യമാണെങ്കിലും പ്ലോട്ടു വിസ്തൃതി പരിമിതമായതിനാൽ ചെറുകിട കുടിൽവ്യവസായങ്ങൾക്കോ, മൃഗപരിപാലന പ്രവർത്തനങ്ങൾക്കോ ആയിരിക്കും കൂടുതൽ അനുയോജ്യം. ഇത്തരത്തിൽ വേർതിരിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ചിത്രം 3.84ൽ നൽകിയിരിക്കുന്നു.

ചിത്രം 3.84
കാർഷികവും കാർഷികാനുബന്ധവുമായ പ്രവർത്തന പ്രദേശം



മേൽ വിവരിച്ച പ്രകാരം തയ്യാറാക്കിയ രൂപ മാതൃകകൾ സംയോജിപ്പിച്ച് ജില്ലയുടെ പ്രവർത്തനരൂപ മാതൃക തയ്യാറാക്കിയിരിക്കുന്നത് ചിത്രം 3.85-ൽ നൽകിയിരിക്കുന്നു. പ്രവർത്തനരൂപമാതൃക പ്രകാരമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് പട്ടിക 3.40 ൽ നൽകിയിരിക്കുന്നു.

ചിത്രം 3.85
ജില്ലയുടെ പ്രവർത്തനരൂപമാതൃക



പട്ടിക 3.40
തദ്ദേശഭരണ സ്ഥാപനങ്ങൾ -പ്രവർത്തനരൂപമാതൃക പ്രകാരം

ക്രമ നം	തദ്ദേശഭരണ സ്ഥാപനം	ഊന്നൽ നൽകാവുന്ന പ്രവർത്തന മേഖല
1	ഐക്കരനാട്	പ്രാഥമിക പ്രവർത്തനങ്ങൾ
2	ആലങ്ങാട്	കാർഷിക/കാർഷിക അനുബന്ധപ്രവർത്തനങ്ങൾ
3	ആലുവ	നഗരപ്രവർത്തനങ്ങൾ
4	ആമ്പല്ലൂർ	പ്രാഥമിക പ്രവർത്തനങ്ങൾ
5	അങ്കമാലി	നഗരപ്രവർത്തനങ്ങൾ
6	ആരക്കുഴ	പ്രാഥമിക പ്രവർത്തനങ്ങൾ
7	അശമന്നൂർ	പ്രാഥമിക പ്രവർത്തനങ്ങൾ
8	ആവോലി	പ്രാഥമിക പ്രവർത്തനങ്ങൾ
9	ആയവന	പ്രാഥമിക പ്രവർത്തനങ്ങൾ
10	അയ്യമ്പുഴ	പ്രാഥമിക പ്രവർത്തനങ്ങൾ

11	ചെല്ലാനം	പ്രാഥമിക പ്രവർത്തനങ്ങൾ
12	ചേന്ദമംഗലം	ദ്വിതീയ മേഖല പ്രവർത്തനങ്ങൾ
13	ചെങ്ങമനാട്	കാർഷിക/കാർഷിക അനുബന്ധപ്രവർത്തനങ്ങൾ
14	ചേരാനല്ലൂർ	പ്രാഥമിക പ്രവർത്തനങ്ങൾ
15	ചിറ്റാറ്റുകര	നഗരപ്രവർത്തനങ്ങൾ
16	ചൂർണ്ണിക്കര	കാർഷിക/കാർഷിക അനുബന്ധപ്രവർത്തനങ്ങൾ
17	ചോറ്റാനിക്കര	ദ്വിതീയ മേഖല പ്രവർത്തനങ്ങൾ
18	എടക്കാട്ടുവയൽ	പ്രാഥമിക പ്രവർത്തനങ്ങൾ
19	എടത്തല	ദ്വിതീയ മേഖല പ്രവർത്തനങ്ങൾ
20	എടവനക്കാട്	പ്രാഥമിക പ്രവർത്തനങ്ങൾ
21	എളങ്കുന്നപ്പുഴ	നഗരപ്രവർത്തനങ്ങൾ
22	ഇലഞ്ഞി	പ്രാഥമിക പ്രവർത്തനങ്ങൾ
23	ഏലൂർ	നഗരപ്രവർത്തനങ്ങൾ
24	ഏഴിക്കര	പ്രാഥമിക പ്രവർത്തനങ്ങൾ
25	കടമക്കുടി	പ്രാഥമിക പ്രവർത്തനങ്ങൾ
26	കടുങ്ങല്ലൂർ	കാർഷിക/കാർഷിക അനുബന്ധപ്രവർത്തനങ്ങൾ
27	കാലടി	കാർഷിക/കാർഷിക അനുബന്ധപ്രവർത്തനങ്ങൾ
28	കളമശ്ശേരി	നഗരപ്രവർത്തനങ്ങൾ
29	കല്ലൂർക്കാട്	പ്രാഥമിക പ്രവർത്തനങ്ങൾ
30	കാഞ്ഞൂർ	നഗരപ്രവർത്തനങ്ങൾ
31	കറുകുറ്റി	പ്രാഥമിക പ്രവർത്തനങ്ങൾ
32	കരുമാലൂർ	കാർഷിക/കാർഷിക അനുബന്ധപ്രവർത്തനങ്ങൾ
33	കവളങ്ങാട്	പ്രാഥമിക പ്രവർത്തനങ്ങൾ
34	കീരമ്പാറ	പ്രാഥമിക പ്രവർത്തനങ്ങൾ
35	മഞ്ഞള്ളൂർ	പ്രാഥമിക പ്രവർത്തനങ്ങൾ
36	മരട്	നഗരപ്രവർത്തനങ്ങൾ
37	മാറാടി	പ്രാഥമിക പ്രവർത്തനങ്ങൾ
38	മഴുവന്നൂർ	പ്രാഥമിക പ്രവർത്തനങ്ങൾ
39	മൂക്കന്നൂർ	പ്രാഥമിക പ്രവർത്തനങ്ങൾ
40	മുടക്കുഴ	പ്രാഥമിക പ്രവർത്തനങ്ങൾ
41	മുളന്തുരുത്തി	പ്രാഥമിക പ്രവർത്തനങ്ങൾ
42	മുളവുകാട്	നഗരപ്രവർത്തനങ്ങൾ
43	മൂവാറ്റുപുഴ	നഗരപ്രവർത്തനങ്ങൾ
44	നായരമ്പലം	കാർഷിക/കാർഷിക അനുബന്ധപ്രവർത്തനങ്ങൾ
45	നെടുമ്പാശ്ശേരി	കാർഷിക/കാർഷിക അനുബന്ധപ്രവർത്തനങ്ങൾ
46	നെല്ലിക്കുഴി	പ്രാഥമിക പ്രവർത്തനങ്ങൾ
47	ഞാറക്കൽ	ദ്വിതീയ മേഖല പ്രവർത്തനങ്ങൾ
48	ഒക്കൽ	ദ്വിതീയ മേഖല പ്രവർത്തനങ്ങൾ
49	പൈങ്ങോട്ടൂർ	പ്രാഥമിക പ്രവർത്തനങ്ങൾ
50	പായിപ്ര	പ്രാഥമിക പ്രവർത്തനങ്ങൾ
51	പാലക്കുഴ	പ്രാഥമിക പ്രവർത്തനങ്ങൾ
52	പല്ലാരിമംഗലം	പ്രാഥമിക പ്രവർത്തനങ്ങൾ
53	പള്ളിപ്പുറം	നഗരപ്രവർത്തനങ്ങൾ
54	പാമ്പാക്കുട	ദ്വിതീയ മേഖല പ്രവർത്തനങ്ങൾ
55	പാറക്കടവ്	കാർഷിക/കാർഷിക അനുബന്ധപ്രവർത്തനങ്ങൾ
56	പറവൂർ	നഗരപ്രവർത്തനങ്ങൾ
57	പെരുമ്പാവൂർ	നഗരപ്രവർത്തനങ്ങൾ
58	പിണ്ടിമന	പ്രാഥമിക പ്രവർത്തനങ്ങൾ
59	പിറവം	കാർഷിക/കാർഷിക അനുബന്ധപ്രവർത്തനങ്ങൾ
60	പൂത്യക്ക	പ്രാഥമിക പ്രവർത്തനങ്ങൾ
61	പോത്താനിക്കാട്	പ്രാഥമിക പ്രവർത്തനങ്ങൾ

62	പുത്തൻവേലിക്കര	ദ്വിതീയ മേഖല പ്രവർത്തനങ്ങൾ
63	രാമമംഗലം	പ്രാഥമിക പ്രവർത്തനങ്ങൾ
64	രായമംഗലം	കാർഷിക/കാർഷിക അനുബന്ധപ്രവർത്തനങ്ങൾ
65	ശ്രീമൂലനഗരം	കാർഷിക/കാർഷിക അനുബന്ധപ്രവർത്തനങ്ങൾ
66	തിരുമാറാടി	പ്രാഥമിക പ്രവർത്തനങ്ങൾ
67	തിരുവാണിയൂർ	പ്രാഥമിക പ്രവർത്തനങ്ങൾ
68	തൃക്കാക്കര	നഗരപ്രവർത്തനങ്ങൾ
69	തൃപ്പൂണിത്തുറ	നഗരപ്രവർത്തനങ്ങൾ
70	തുറവൂർ	കാർഷിക/കാർഷിക അനുബന്ധപ്രവർത്തനങ്ങൾ
71	ഉദയംപേരൂർ	കാർഷിക/കാർഷിക അനുബന്ധപ്രവർത്തനങ്ങൾ
72	വാളകം	പ്രാഥമിക പ്രവർത്തനങ്ങൾ
73	വാരപ്പെട്ടി	പ്രാഥമിക പ്രവർത്തനങ്ങൾ
74	വരാപ്പുഴ	ദ്വിതീയ മേഖല പ്രവർത്തനങ്ങൾ
75	വാഴക്കുളം	ദ്വിതീയ മേഖല പ്രവർത്തനങ്ങൾ
76	വെങ്ങോല	ദ്വിതീയ മേഖല പ്രവർത്തനങ്ങൾ
77	വേങ്ങൂർ	പ്രാഥമിക പ്രവർത്തനങ്ങൾ
78	വടക്കേക്കര	നഗരപ്രവർത്തനങ്ങൾ
79	വടവുകോട് - പുത്തൻകുരിശ്	കാർഷിക/കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ

സ്ഥലപരഘടന

മേൽ സൂചിപ്പിച്ചിരിക്കുന്ന വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ജില്ലയുടെ നിർദ്ദിഷ്ട സ്ഥലപരഘടന ചിത്രം 3.86 ൽ നൽകിയിരിക്കുന്നു. വിഭവങ്ങളുടെ സ്ഥലപര വിന്യാസ പഠനം നടത്തുന്നതിനുള്ള വിശദാംശങ്ങളുടെ അഭാവത്തിൽ തയ്യാറാക്കിയിരിക്കുന്ന സ്ഥലപര ഘടനയാണ് ചിത്രത്തിൽ നൽകിയിരിക്കുന്നത്. പ്രസ്തുത സ്ഥലപരഘടന ജില്ലയുടെ ഭാവി വികസനത്തിനുള്ള ഒരു ചട്ടക്കൂട് ആയി വർത്തിയ്ക്കുന്നതും ഭാവിയിലെ വികസന പ്രവർത്തനങ്ങൾക്ക് ഒരു ദിശാബോധം നൽകുകയും ചെയ്യുന്നതാണ്.

ചിത്രം 3.86
ജില്ലയുടെ നിർദ്ദിഷ്ട സ്ഥലപര ഘടന



3.12 ജില്ലാ പഞ്ചായത്ത് മെമ്പർമാരുടെ അഭിപ്രായ/നിർദ്ദേശങ്ങൾ പ്രകാരം ജില്ലയുടെ സ്ഥലപര വികസനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പൊതുനിർദ്ദേശങ്ങൾ ഉൾക്കൊള്ളിക്കുന്നു

ഗ്രാമങ്ങളിൽ തരിശുകിടക്കുന്ന പ്രദേശങ്ങൾ കൃഷിയ്ക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

ഉദയംപേരൂരിലും തരിശുകിടക്കുന്ന പൊക്കാളി പാടശേഖരം വീണ്ടും കൃഷിയോഗ്യമാക്കി എടുക്കേണ്ടതിന്റെ ആവശ്യകത ഇതിന് ഉദാഹരണമാണ്. കാർഷികമേഖലയെ തൊഴിലുറപ്പുമായി ബന്ധിപ്പിക്കുന്നതിന്റെ സാധ്യതകളും പരിശോധിക്കേണ്ടിയിരിക്കുന്നു. വിനോദസഞ്ചാര മേഖലയുടെ ഭാവി പദ്ധതികളിൽ ആമ്പല്ലൂർ പഞ്ചായത്തിലെ പടിഞ്ഞാറൻ ഭാഗങ്ങളിലെ അക്വാടൂറിസം, കടമ്പ്രയാറിൽ എക്കോ ടൂറിസം, കരുമാലൂർ ടിപ്പു സുൽത്താൻ കോട്ട സംരക്ഷിക്കുക, വരാപ്പുഴ- കടമക്കുടി ബന്ധിപ്പിച്ചുള്ള വിനോദസഞ്ചാര സാധ്യതകൾ തുടങ്ങിയ പദ്ധതികളും ഉൾപ്പെടുത്താവുന്നതാണ്.

പൊതുഗതാഗത സൗകര്യങ്ങൾ അപര്യാപ്തമായ ഗ്രാമങ്ങളിൽ അവയുടെ ലഭ്യത വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. മെച്ചപ്പെട്ട റോഡുകൾ, ആവശ്യമുള്ള പാലങ്ങൾ എന്നിവ നിർമ്മിക്കുകയും കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിച്ച് പൊതുഗതാഗത മേഖലയെ ശക്തിപ്പെടുത്തുകയും വേണം. ഉൾനാടൻ ജലഗതാഗതത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയെന്നത് ചെലവുകുറഞ്ഞ ഗതാഗത മാർഗ്ഗമായി വികസിപ്പിക്കാൻ സാധിക്കും. പെരിയാറിന്റെ കൈവഴിയായ ചെങ്ങൽ തോട് നവീകരിച്ച് വിമാനത്താവളത്തിനെ ബന്ധിപ്പിക്കുന്ന ഒരു ജലഗതാഗത പാതയുടെ നിർമ്മാണം, ചാലക്കുടിപ്പുഴയിലൂടെയുള്ള ജലഗതാഗത സാധ്യതകൾ എന്നിവ പഠനം നടത്തി പ്രാവർത്തികമാക്കാമെങ്കിൽ അതും, വാട്ടർ മെട്രോ തുടങ്ങിയ പദ്ധതികളും ജില്ലയിലെ ഉൾനാടൻ ജലഗതാഗതത്തിന്റെ ഭാവി സാധ്യതകൾ ചൂണ്ടിക്കാണിക്കുന്നു.

കണ്ടൽ കാടുകളുടെ സംരക്ഷണം, സ്വാഭാവിക ജലസ്രോതസുകളുടെ സംരക്ഷണം, പുനരുദ്ധാരണം, നവീകരണം, എന്നിവ ആവശ്യമാണ്. ആലുവ തോട്, ചെങ്ങൽ തോട്, മാങ്ങം തോട്, റിപ്പബ്ളിക്കൻ കനാൽ, വലിയകുളം തുടങ്ങിയവയും ഗ്രാമങ്ങളിലെ മറ്റു സ്വാഭാവിക ജല സ്രോതസുകളും ഇത്തരത്തിൽ ശ്രദ്ധിക്കേണ്ടവയാണ്.

വേലിയേറ്റം മൂലമുണ്ടാകുന്നതും, അല്ലാത്തതുമായ വെള്ളപ്പൊക്ക കെടുതികളിൽ നിന്നും വരാപ്പുഴ, ആലങ്ങാട്, പെരുമറ്റം, പ്രായിപ്ര, കടാതി, റാക്കാട് (വാളകം), മാറാടി, പുത്തൻവേലിക്കര, കരുമാലൂർ, കുന്നുകര തുടങ്ങിയ മേഖലകളിലെ വേലിയേറ്റബാധിത പ്രദേശങ്ങളുടെ സംരക്ഷണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

മറ്റ് പൊതുനിർദ്ദേശങ്ങൾ

തദ്ദേശസ്വയംഭരണസ്ഥാപന പ്രദേശങ്ങളിൽ നിലവിലുള്ള പാർക്കുകൾ/പ്ലേ ഗ്രൗണ്ടുകൾ മറ്റ് പൊതുഉപയോഗത്തിലുള്ള തുറസ്സായ സ്ഥലങ്ങൾ എന്നിവ നിലനിർത്തുകയും അവയുടെ സംരക്ഷണം ഉറപ്പുവരുത്തുകയും വേണം.

നദികളുടെയും, കായലുകളുടെയും തീരങ്ങൾ പൊതുഇടങ്ങളായി നിലനിർത്തി വാക്ക്‌വേകൾ, പാർക്കുകൾ, പാതകൾ മുതലായവ വികസിപ്പിച്ച് കൈയ്യേറ്റവും ഖരമാലിന്യ നിക്ഷേപവും ഒഴിവാക്കി സംരക്ഷിക്കേണ്ടതാണ്. പ്രാദേശികതലം മുതൽ ജില്ലാതലം വരെ ഓർഗനൈസ്ഡ് ഗ്രീൻ സ്പേസുകൾ/ പാർക്കുകൾ/ റിക്രിയേഷണൽ സ്പേസുകളുടെ ഒരു ശ്രേണി വികസിപ്പിക്കേണ്ടതുണ്ട്. ഇതിനായി വാർഡ് തലങ്ങളിൽ ചെറിയ പാർക്കുകളും, തദ്ദേശസ്വയം ഭരണസ്ഥാപന തലത്തിൽ ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള പാർക്കുകളും, നഗരസഭ/ബ്ളോക്ക് തലത്തിൽ കമ്മ്യൂണിറ്റി പാർക്കുകളും, ജില്ലാ തലത്തിൽ സിറ്റിലെവൽ പാർക്കുകൾ/ പ്ളേഗ്രൗണ്ടുകൾ/ സമ്മേളന സ്ഥലങ്ങൾ എന്നിവയും ലഭ്യമാകത്തക്ക വിധത്തിൽ പൊതു ഇടങ്ങൾ ആസൂത്രിതരീതിയിൽ വികസിപ്പിക്കണം. ഇതിനു പുറമേ ജില്ലാതലത്തിൽ സ്പോർട്സ് സെന്റർ/കോംപ്ളക്സ്, ബോട്ടാണിക്കൽ/ സുവോളജിക്കൽ പാർക്ക് എന്നിവയും ഉണ്ടായിരിക്കേണ്ടതാണ്.

ജില്ലയുടെ പ്രകൃതിസമ്പത്തുകളായ നദികൾ, തോടുകൾ, കുളങ്ങൾ, കായലുകൾ മുതലായവ നികത്തപ്പെടാതെയും, ദുരുപയോഗം ചെയ്യാതെയും സംരക്ഷിക്കുന്നതിന് ശ്രദ്ധ

ചെലുത്തേണ്ടതാണ്. ജലാശയങ്ങളെ മലിനീകരണ മുക്തമായി സൂക്ഷിക്കുന്നതിനുള്ള ഇടപെടലുകളും ആവശ്യമാണ്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിലേയ്ക്കായി ജലാശയങ്ങളുടെ തീരത്ത് നിർമ്മാണ പ്രവർത്തനങ്ങൾ/ ഭൂവികസനങ്ങൾക്ക് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്. ജില്ലയുടെ ചില ഭാഗങ്ങളിലെങ്കിലും സ്വാഭാവിക ഭൂപ്രകൃതിയ്ക്ക് മാറ്റം വരത്തക്കവിധം കുന്നുകൾ ഇടിച്ചുമാറ്റുന്നതും, വയലുകൾ/ചതുപ്പുകൾ നികത്തുന്നതുമായ പ്രവർത്തികൾ നടക്കുന്നുണ്ട്. ഈ രണ്ടു കാര്യങ്ങളും പരിസ്ഥിതിയ്ക്ക് കാര്യമായ ആഘാതം ഉണ്ടാക്കും എന്നതിനാൽ നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്.

നഗരപ്രദേശങ്ങൾ അഭിമുഖീകരിക്കുന്ന അർബൻ ഹീറ്റ് ഐലന്റ് പോലുള്ള പ്രശ്നങ്ങൾ കുറയ്ക്കുന്നതിന് ഗ്രീൻ കൺസെപ്റ്റ്സ് പ്രയോഗത്തിലാക്കാവുന്നതാണ്. ജില്ലയിലെ വാസ്തുവിദ്യാ പ്രാധാന്യമുള്ളതും ചരിത്ര പ്രാധാന്യമുള്ളതുമായ പ്രദേശങ്ങളും കെട്ടിടങ്ങളും സംരക്ഷിക്കുന്നതിന് ആവശ്യമായ ശ്രമങ്ങൾ നടത്തേണ്ടതാണ്. (ഉദാ: ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി ഏരിയ, പട്ടണം പ്രദേശം) കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിൽ 'ഗേറ്റ്വേ' എന്ന സ്ഥാനം അർഹിക്കുന്ന കൊച്ചിയ്ക്കും ജില്ലയിലെ മറ്റ് വികസന കേന്ദ്രങ്ങൾക്കും അർബൻ ഡിസൈനിന് പ്രാധാന്യം നൽകേണ്ടതുണ്ട്. ഗ്രീൻ സെറ്റിൽമെന്റ് ഡെവലപ്പ്മെന്റ് ആശയങ്ങൾക്ക് പ്രാമുഖ്യം നൽകിയുള്ള ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കേണ്ടതാണ് (മാലിന്യ നിർമ്മാർജ്ജനം, ശുചിത്വം, മലിനീകരണ നിയന്ത്രണം, ഊർജ്ജ സംരക്ഷണം, ഗ്രീനിംഗ്/ഓപ്പൺ സ്പേസുകൾ, ജലാശയങ്ങളുടെ സംരക്ഷണം എന്നിങ്ങനെ വിവിധ കാര്യങ്ങളെ സമഗ്രമായി ഉൾക്കൊള്ളിക്കുന്ന സമീപനം ആവശ്യമാണ്) ജനസാന്ദ്രതയേറിയ പ്രദേശങ്ങളിൽ സീവറേജ് സംവിധാനം ഏർപ്പെടുത്തുകയും, ഉപരിതല ജല നിർഗ്ഗമനത്തിനുള്ള തടസ്സങ്ങളില്ലാത്ത സംവിധാനം ഉറപ്പുവരുത്തുകയും വേണം.

അദ്ധ്യായം 4

വികസന മേഖലകൾ - അവസ്ഥയും പരിപ്രേക്ഷ്യവും

ജില്ലാ പദ്ധതിയുടെ ആദ്യഘട്ടമായി ഓരോ വികസന മേഖലയുടെയും/ഉപമേഖലയുടെയും നിലവിലെ ലഭ്യമായ സ്ഥിതിവിവര കണക്കുകളുടെ വിശകലനം നടത്തി. അവസ്ഥാ വിശകലനത്തിന്റെ ഭാഗമായി വികസനത്തിലെ വിടവുകൾ, വികസന പ്രശ്നങ്ങൾ, ജനകീയ ആവശ്യങ്ങൾ, വികസന സാദ്ധ്യതകൾ, ഏകോപന സാദ്ധ്യതകൾ, പുതിയ പ്രശ്നപരിഹാര രീതികൾ/ആശയങ്ങൾ തുടങ്ങിയവ കണ്ടെത്തി നടത്തേണ്ട ഇടപെടലുകൾ ഉണ്ടെങ്കിൽ അവയും കണ്ടെത്തി ജില്ലാ പദ്ധതിയുടെ ഭാഗമാക്കി. അവസ്ഥാവിശകലനത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ വികസന മേഖലയുടെയും വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തിയിരിക്കുന്നത്. വികസന മേഖലയിൽ പതിമ്മൂന്നാം പദ്ധതിയുടെ കാലയളവിലും ദീർഘകാലാടിസ്ഥാനത്തിലും എന്തെല്ലാം മാറ്റങ്ങളാണ് ലക്ഷ്യമിടുന്നത് എന്നും ഇപ്രകാരം വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുമ്പോൾ കേന്ദ്ര-സംസ്ഥാന പ്രാദേശിക സർക്കാരുകളുടെ പദ്ധതി ലക്ഷ്യങ്ങൾ കൂടി കണക്കിലെടുത്ത് വിവിധ തട്ട് ഗവൺമെന്റുകളുടെ വികസന ലക്ഷ്യങ്ങളെ ജില്ലയുടെ സാദ്ധ്യതകളും പരിമിതികളും പരിഗണിച്ചുകൊണ്ട് ക്രമീകരിച്ചു. ജില്ലയുടെ ഭൂമിശാസ്ത്രപരവും, പരിസ്ഥിതിപരവും, ജനസംഖ്യാപരവും, സ്ഥലമാനപരവും, സാമൂഹികവും സാസ്കാരികവുമായ സവിശേഷതകൾ പരിഗണിച്ചുകൊണ്ട് വിവിധ തട്ട് സർക്കാരുകളുടെ പദ്ധതി ലക്ഷ്യങ്ങൾ ഓരോ പ്രദേശത്തും ക്രമീകരിച്ചു നടപ്പാക്കുന്നതിന് പരമാവധി പരിശ്രമിച്ചിട്ടുണ്ട്. ജില്ലാ വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്ന പ്രക്രിയയിൽ വികസന ഗവേഷണ സ്ഥാപനങ്ങൾ, സന്നദ്ധ സാമൂഹ്യ സംഘടനകൾ, മറ്റ് വിദഗ്ധ സ്ഥാപനങ്ങൾ എന്നിവയുടെ വിദഗ്ധ ഉപദേശങ്ങൾ സ്വീകരിച്ചിട്ടുണ്ട്.



കൃഷിയും അനുബന്ധ മേഖലകളും

4.1 കൃഷി

കേരള സംസ്ഥാനത്തിന്റെ മദ്ധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന എറണാകുളം ജില്ല സംസ്ഥാനത്തിന്റെ വാണിജ്യ തലസ്ഥാനമായി അറിയപ്പെടുന്നു. അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന ഈ പ്രദേശം പ്രകൃതിഭംഗി കൊണ്ടും വിദ്യാഭ്യാസപരമായും മുന്നിൽ നിൽക്കുന്നു. ജില്ലയുടെ വടക്ക് തൃശൂർ ജില്ലയും കിഴക്ക് ഇടുക്കി ജില്ലയും തെക്ക് ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളും പടിഞ്ഞാറ് അറബിക്കടലും സ്ഥിതിചെയ്യുന്നു. ഭൂപ്രകൃതി അനുസരിച്ച് എറണാകുളം ജില്ലയെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി തരം തിരിക്കാവുന്നതാണ്. സഹ്യപർവത നിരയോട് ചേർന്ന്കിടക്കുന്നത് മലനാടും, സമതലപ്രദേശത്ത് ഇടനാടും, അറബിക്കടലിനോട് ചേർന്ന് തീരപ്രദേശവും സ്ഥിതി ചെയ്യുന്നു. പെരിയാർ, ചാലക്കുടിപ്പുഴ, മൂവാറ്റുപുഴയാർ തുടങ്ങിയ നദീജലസ്രോതസ്സുകൾ അടിസ്ഥാനപ്പെടുത്തിയ ജലസേചന പദ്ധതികളും കനാൽ ശൃംഖലകളും ജില്ലയിലെ കൃഷി ഇടങ്ങളെ ജലസമ്പന്നമാക്കുന്നു. ഇവിടുത്തെ മണ്ണ് പ്രധാനമായും ലാറ്ററൈറ്റ് (ചെങ്കൽ) ആണ്. തീരപ്രദേശങ്ങളിൽ എക്കൽ മണ്ണും, പൊക്കാളി പ്രദേശങ്ങളിൽ പശിമയാർന്ന കളിമണ്ണും കാണപ്പെടുന്നു.

ജില്ലയുടെസമ്പദ്‌വ്യവസ്ഥയിൽ കൃഷിഒരു പ്രധാന പങ്ക് വഹിക്കുന്നു. മൊത്തം കൃഷി ചെയ്യുന്ന ഭൂമി 172449 ഹെക്ടർ ആണ്. ഇതിൽ 46376 ഹെക്ടർ തെങ്ങും, 7731 ഹെക്ടർ നെൽകൃഷിയുമാണ്. ഇതു കൂടാതെ വാഴ, പച്ചക്കറി, കിഴങ്ങ് വർഗ്ഗ വിളകൾ, സുഗന്ധ വിളകൾ, കമുക്, റബ്ബർ എന്നിവയും നല്ലരീതിയിൽ കൃഷി ചെയ്തുവരുന്നു. ജില്ലയുടെ തീരപ്രദേശങ്ങളിലെ തനത് നെൽകൃഷിയായ പൊക്കാളി പറവൂർ, ഞാറയ്ക്കൽ, വൈറ്റില, ഇടപ്പള്ളി, ആലങ്ങാട് എന്നീ ബ്ലോക്കുകളിലാണ് ചെയ്തുവരുന്നത്. ഈ ഇനം നെല്ലിന് ഭൗമസൂചിക ലഭ്യമായിട്ടുണ്ട്. ജില്ലയിൽ ഭൗമസൂചിക ലഭിച്ചിട്ടുള്ള മറ്റൊരു വിളയാണ് വാഴക്കുളം കൈതച്ചക്ക. പ്രകൃതി ഭംഗി നിറഞ്ഞു നിൽക്കുന്ന പൊക്കാളി മേഖലകളും വിവിധ ഫാമുകളും വിനോദ സഞ്ചാരത്തിന് സാധ്യതയുള്ള പ്രദേശങ്ങളാണ്.

എറണാകുളം ജില്ലയിൽ 14 ബ്ലോക്കുകളിലായി 97 കൃഷിഭവനുകളും നാലു ഫാമുകളും പ്രവർത്തിക്കുന്നു. കൂടാതെ മണ്ണു പരിശോധന കേന്ദ്രം മരട്, ആർ.എ. റ്റി.റ്റി.സി, മരട് (പരിശീലനകേന്ദ്രം) അഗ്മാർക്ക് ലാബ്, മരട്, പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ, മരട്, കാർഷിക എഞ്ചിനീയറുടെ കാര്യാലയം, ഈച്ചമുക്ക്, കാക്കനാട് കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രങ്ങൾ മരട്, മൂവാറ്റുപുഴ എന്നിവയും കർഷകരുടെ ഉന്നമനത്തിനായി പ്രവർത്തിച്ചുവരുന്നു.

എറണാകുളം ജില്ല - ഒറ്റനോട്ടത്തിൽ

കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമി -42941 ഹെക്ടർ

കൃഷിയോഗ്യമല്ലാത്തത് - 314 ഹെക്ടർ

കൃഷിയോഗ്യമായ തരിശുഭൂമി- 20309 ഹെക്ടർ

ചതുപ്പ് നിലം - 297 ഹെക്ടർ

ആകെ കൃഷിഭൂമി - 165536 ഹെക്ടർ

ചിത്രം - 4.1



അവലംബം: കൃഷി വകുപ്പ്

പട്ടിക - 4.1

പ്രധാന വിളകളുടെ വിസ്തൃതിയും, ഉൽപ്പാദനക്ഷമതയും

ക്രമ നം.	വിള	വിസ്തൃതി (ഹെ.)	ഉൽപ്പാദന ക്ഷമത (കി.ഗ്രാം/ഹെക്ടർ)
1)	**നെല്ല്**		
	വിരിപ്പ്	1246	1868
	മുണ്ടകൻ	4048	2218
	പുഞ്ച	656	2052
2)	തെങ്ങ്	41915	4485
3)	ഏത്തവാഴ	4993	9359
4)	മറ്റുവാഴകൾ	4560	9041
5)	കൈതച്ചക്ക	4569	9041
6)	പച്ചക്കറികൾ	2689	7500
7)	കിഴങ്ങുവർഗ്ഗങ്ങൾ	540	38000
8)	മരച്ചീനി	5152	46428
9)	കമുക്	4184	837
10)	കുരുമുളക്	1867	282
11)	ജാതി	6614	870
12)	ഇഞ്ചി	98	4789
13)	മഞ്ഞൾ	246	2761
14)	റബ്ബർ	60140	807

അവലംബം: കൃഷി വകുപ്പ്

ചിത്രം - 4.2



അവലംബം: കൃഷി വകുപ്പ്

കാർഷിക ഗവേഷണ കേന്ദ്രങ്ങൾ

1)ഔഷധസസ്യ സുഗന്ധവിള ഗവേഷണകേന്ദ്രം, ഓടക്കാലി (Aromatic and Medicinal Plants research Station, Odakkali)
2)നെല്ല് ഗവേഷണ കേന്ദ്രം, വൈറ്റില
3)കൃഷി വിജ്ഞാന കേന്ദ്രം, ഞാറയ്ക്കൽ
4)സ്പൈസസ് ബോർഡ്, എറണാകുളം
5)കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡ്, കൊച്ചി
6)സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കൊച്ചി
7)പൈനാപ്പിൾ ഗവേഷണ സംസ്ക്കരണ കേന്ദ്രം, വാഴക്കുളം
8)നടുക്കര ആഗ്രോപ്രോസസിങ്ങ് യൂണിറ്റ്
9)വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ് എന്നിവ കാർഷിക മേഖലയിലെ സഹോദര സ്ഥാപനങ്ങളാണ്

അവസ്ഥാ വിശകലനം

കേരളത്തിന്റെ വ്യവസായ തലസ്ഥാനമായാണ് എറണാകുളം ജില്ല അറിയപ്പെടുന്നതെങ്കിലും കാർഷിക മേഖലക്കും വലിയ പ്രാധാന്യമാണുള്ളത്. ഭൂപ്രകൃതിയും മണ്ണിന്റെ സ്വഭാവവും ജൈവവൈവിദ്ധ്യവും അടിസ്ഥാനപ്പെടുത്തി എറണാകുളം ജില്ലയെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. കോതമംഗലം, മൂവാറ്റുപുഴ ബ്ലോക്കുകൾ മുഴുവനായും കൂവപ്പടി, അങ്കമാലി, പാമ്പാക്കുട എന്നീ ബ്ലോക്കുകളുടെ കിഴക്കു ഭാഗവും മലനാട് മേഖലയിൽപ്പെടുന്നു. വടവുകോട്, മുളന്തുരുത്തി, പാറക്കടവ്, ആലങ്ങാട്, വാഴക്കുളം എന്നീ ബ്ലോക്കുകൾ പൂർണ്ണമായും കൂവപ്പടി, അങ്കമാലി, പാമ്പാക്കുട എന്നീ ബ്ലോക്കുകളുടെ പടിഞ്ഞാറ് ഭാഗവും ഇടനാട് മേഖലയിൽ ഉൾപ്പെട്ടിരിക്കുന്നു. പറവൂർ, ഇടപ്പള്ളി, പള്ളുരുത്തി, വൈപ്പിൻ എന്നീ ബ്ലോക്കുകളാണ് തീരദേശ മേഖലയിൽ ഉൾപ്പെട്ടിരിക്കുന്നത്.

പട്ടിക-4.2

<table>
<tr><th colspan="2">മലനാട്</th><th colspan="2">ഇടനാട്</th><th>തീരദേശം</th></tr>
<tr><td colspan="2">കോതമംഗലം</td><td colspan="2">വടവുകോട്</td><td>പറവൂർ</td></tr>
<tr><td colspan="2">മൂവാറ്റുപുഴ</td><td colspan="2">മുളന്തുരുത്തി</td><td>ഇടപ്പള്ളി</td></tr>
<tr><td>കൂവപ്പടി</td><td rowspan="3">ബ്ലോക്കുകളുടെ കിഴക്ക് ഭാഗം</td><td colspan="2">പാറക്കടവ്</td><td>പള്ളുരുത്തി</td></tr>
<tr><td>അങ്കമാലി</td><td colspan="2">ആലങ്ങാട്</td><td>വൈപ്പിൻ</td></tr>
<tr><td>പാമ്പാക്കുട</td><td colspan="2">വാഴക്കുളം</td><td></td></tr>
<tr><td colspan="2" rowspan="3"></td><td>കൂവപ്പടി</td><td rowspan="3">ബ്ലോക്കുകളുടെ പടിഞ്ഞാറ് ഭാഗം</td><td rowspan="3"></td></tr>
<tr><td>അങ്കമാലി</td></tr>
<tr><td>പാമ്പാക്കുട</td></tr>
</table>

അവലംബം: കൃഷി വകുപ്പ്

ഫലഭൂയിഷ്ടമായ മണ്ണും ജൈവവൈവിധ്യത്താൽ സമ്പന്നവുമായ ഈ പ്രദേശത്ത് ഏകദേശം ഒരേ കാർഷിക വിളകളും രീതികളും അനുവർത്തിച്ചുവരുന്നു. നാണ്യവിളകൾക്കൊപ്പം ബഹുവിള കൃഷി സമ്പ്രദായമാണ് ഇവിടെ അവലംബിച്ചുവരുന്നത്. ഇതിൽ പ്രധാനപ്പെട്ടവ സുഗന്ധവിളകളായ ജാതി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവയാണ്. ഭൗമസൂചിക പദവി ലഭിച്ച വാഴക്കുളം പൈനാപ്പിൾ ഈ പ്രദേശത്തിന്റെ തനത് വിളയാണ്. പുതുതലമുറ വിളകളായ

റമ്പൂട്ടാൻ, ദുരിയാൻ മുതലായ വിളകളും നാണ്യവിളയായ റബ്ബറിനെ ഒഴിവാക്കി ചെയ്യുന്ന ഒരു പ്രവണത അടുത്തിടെ കാണുന്നു. നെൽവയലുകൾ തരിശിടുന്ന അവസ്ഥ അല്പം കുറഞ്ഞിട്ടുങ്കെിലും സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ കാരണം നെൽകൃഷിയിൽ സ്ഥായിയായ പുരോഗതി ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

ഭൂരിഭാഗം പ്രദേശത്തെ മണ്ണ് വെട്ടുകൽ കലർന്ന അമ്ലസ്വഭാവമുള്ളതാണ്. പ്രധാനമായും മൂവാറ്റുപുഴയാർ, പെരിയാർ വാലി ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ടാണ് ജലസേചന സൗകര്യം നിലനിൽക്കുന്നത്. ചെറുകിട ജലസേചന പദ്ധതികൾ, മറ്റു സ്രോതസ്സുകൾ എന്നിവ ഉണ്ടെങ്കിൽ പോലും അവ കാര്യക്ഷമമല്ല എന്നതും കാലാവസ്ഥാ വ്യതിയാനം പോലുള്ള ബാഹ്യഘടകങ്ങളുടെ സമ്മർദ്ദവും സ്ഥിതി കൂടുതൽ ഗുരുതരമാക്കുന്നു. കാർഷിക മേഖലയിലെ തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കർമ്മസേനകൾ, കാർഷിക സേവന കേന്ദ്രങ്ങൾ എന്നിവ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച് പ്രവർത്തനക്ഷമമായിട്ടുണ്ടെങ്കിലും ശാശ്വതമായ പരിഹാരത്തിലേക്ക് ഇനിയും ഏറെ സഞ്ചരിക്കേണ്ടതുണ്ട്. വിവിധതരം കർഷക കൂട്ടായ്മകൾ വിള തിരിച്ചും സാമൂഹ്യപരമായും നിലവിലുള്ളത് ജനകീയ ഇടപെടലുകൾ ഈ മേഖലയിൽ നല്ല രീതിയിൽ ഉണ്ട് എന്നുള്ളതിന് തെളിവാണ്. ഇവ ഇനിയും ശാക്തീകരിക്കേണ്ടതുണ്ട്. സാമൂഹ്യ സാമുദായിക സംഘടനകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സന്നദ്ധരായി വന്നിട്ടുള്ളത് ശുഭസൂചകമാണ്. കാർഷിക ഉൽപ്പന്നങ്ങൾക്ക് താരതമ്യേന മെച്ചപ്പെട്ട വിപണന സൗകര്യം ഈ മേഖലയിൽ ലഭ്യമാണ്. മൂവാറ്റുപുഴയിൽ പ്രവർത്തിക്കുന്ന കാർഷിക മൊത്തവ്യാപാരവിപണി, സ്വാശ്രയ വിപണികൾ, പൊതു ചന്തകൾ എന്നിവ പഴയ കാല ചൂഷണങ്ങളിൽ നിന്നും ഒരു പരിധിവരെയുള്ള വിടുതലുകൾ സാധ്യമാക്കുന്നു.

നാണ്യവിളകളേക്കാൾ ഭക്ഷ്യ വിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജനവിളകളായ കുരുമുളക്, ജാതി എന്നിവയാണ് ഇവിടെ പ്രധാനമായും കൃഷി ചെയ്ത് വരുന്നത്. ആർദ്രതയുള്ള പുളിരസമുള്ള ചെങ്കൽ മണ്ണാണ് ഇവിടുത്തെ പ്രധാന മണ്ണ്തരം. മലനാട് പോലെ തന്നെ ബഹുവിള കൃഷി സമ്പ്രദായമാണ് ഇവിടെ അനുവർത്തിച്ചുവരുന്നത്. പെരിയാർവാലി, മൂവാറ്റുപുഴയാർ, ചാലക്കുടിയാർ, ഇടമലയാർ എന്നിവയാണ് പ്രധാന ജലസേചന പദ്ധതികൾ. മലനാട് മേഖലയിൽ പ്രതിപാദിച്ചതുപോലെയുള്ള കാര്യങ്ങൾ ഈ മേഖലയിലും പ്രസക്തമാണ്. സുഗന്ധവ്യഞ്ജന വിളയായ ജാതി ഈ മേഖലയിൽ ഏറെ പ്രാധാന്യമുള്ള ഒരു വിളയാണ്. വിലസ്ഥിരത ഉറപ്പാക്കുന്നതിനും നൂതന കൃഷി മുറകൾ അനുവർത്തിക്കുന്നതിനും ജാതി കർഷകരുടെ കൂട്ടായ്മ രൂപപ്പെട്ടിട്ടുണ്ട്.

ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലെ ലവണ നിലങ്ങളിൽ നിന്നും വ്യത്യസ്തതയുള്ള പൊക്കാളി നിലങ്ങളുൾപ്പെടുന്ന പറവൂർ കൊച്ചി താലൂക്കുകളും കണയന്നൂർ താലൂക്കിന്റെ പടിഞ്ഞാറൻ ഭാഗങ്ങളും ഉൾപ്പെടുന്ന പ്രദേശത്ത് പൊക്കാളി നെല്ലും, തെങ്ങും ഇടവിളകളായി വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങളും കൃഷി ചെയ്യുന്നു. വർഷത്തിൽ ആറുമാസം നെല്ലും ആറുമാസം ചെമ്മീൻ കൃഷിയും ചെയ്യുന്ന ഈ മേഖലയിലെ കൃഷി സമ്പ്രദായത്തിന് ഭൗമസൂചിക പദവി ലഭിച്ചിട്ടുള്ളതാണ്. ലവണാംശവും അമ്ലത്വവും വെള്ളക്കെട്ടും അതിജീവിക്കുവാനുള്ള സവിശേഷതയുള്ള നെല്ലിനമാണ് ലോക ശ്രദ്ധയാർജ്ജിച്ച പൊക്കാളി നെല്ലിനങ്ങൾ. ഈ കൃഷി സമ്പ്രദായം ആദ്യമായി ആരംഭിച്ച പ്രദേശത്തെ പൊക്കാളി കർഷക സമിതിയ്ക്ക് Plant Genome Savious Community Award – ഉം ലഭിച്ചിട്ടുള്ളതാകുന്നു. കേരളത്തിന്റെ ചെമ്മീൻ ഉൽപാദനത്തിന്റെ ഭൂരിഭാഗം സംഭാവന ചെയ്യുന്നത്

പൊക്കാളിപാടങ്ങളാണെങ്കിലും, 'പൊക്കാളി നെല്ലും ചെമ്മീനും' കൃഷി സമ്പ്രദായം പൂർണമായും ഈ പാടങ്ങളിൽ അവലംബിച്ച് വാർഷിക ഉൽപ്പാദനക്ഷമത വർദ്ധനവ് നാളിതുവരെ സാധ്യമായിട്ടില്ല. പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യക്കുറവും വിവിധ സാമൂഹിക സാമ്പത്തിക ഘടകങ്ങളും കാരണം പൊക്കാളി നെൽകൃഷി വിസ്തൃതി കുറഞ്ഞുവരുന്നു. കടലോര പ്രദേശത്ത് ലവണാംശമില്ലാത്ത ജലം പാടങ്ങളിൽ നെല്ല് കൃഷി ചെയ്യുക വഴി സംഭരിക്കുന്നതാകയാൽ ശുദ്ധജല സംഭരണം എന്ന രീതിയിലും പൊക്കാളി നെൽകൃഷി ചെയ്യുന്നതിന് പ്രാധാന്യമുണ്ട്.

പ്രധാന വിളയായ തെങ്ങ് കൃഷിയിൽ രോഗ കീടാക്രമണങ്ങൾ മൂലം ഉൽപാദനക്ഷമതയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. തെങ്ങിന്റെ ഇടവിളകൃഷികളായി വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ കൂടുതലായി കൃഷിചെയ്തുവരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയിലൂടെ നഗര കൃഷിയിൽ കഴിഞ്ഞ വർഷങ്ങളിൽ മുന്നേറ്റം ഉണ്ടാക്കുന്നതിന് സാധ്യമായിട്ടുണ്ട്. തീരപ്രദേശത്ത് മണൽ കൂടിയതിനാൽ മണ്ണിന്റെ ഫലഭൂയിഷ്ഠതാക്കുറവും ജലസേചനസൗകര്യങ്ങളുടെ കുറവും ഉൽപ്പാദനക്ഷമതക്കുറവിന് കാരണമാകുന്നു.

പൊക്കാളി

തീരദേശത്ത്, പോഷക സമ്പുഷ്ടമായ തനത് അരി ലഭ്യമാക്കുന്ന സവിശേഷതയാർന്ന കൃഷിരീതിയായ പൊക്കാളി നെൽകൃഷിക്ക് ജില്ലയിൽ മൂന്നു വർഷത്തേക്കായി 29.9976 കോടി രൂപയുടെ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. 2017-18 വർഷം മാത്രം പത്ത് പദ്ധതികളിലേക്കായി 28.26 ലക്ഷം രൂപ ചിലവഴിച്ചു കഴിഞ്ഞു. 2018-19 വർഷത്തേക്ക് പൊക്കാളി അനുബന്ധ പദ്ധതികൾക്കായി 2338.25 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 2019-20 വർഷം മൂല്യവർദ്ധനവ്, യന്ത്രവൽക്കരണം, ജീവാണുവളം എന്നീ ഇനങ്ങൾ കൂടി ഉൾപ്പെടുത്തി 633.25 ലക്ഷം രൂപ പദ്ധതിക്കായി നീക്കിവെച്ചിട്ടുണ്ട്.

ജില്ലയിൽ അഞ്ചു ബ്ലോക്കുകളിലായി 4000 ഏക്കറോളം കൃഷിയിടം പൊക്കാളി കൃഷിക്ക് അനുയോജ്യമെന്ന് വിലയിരുത്തൽ ഉണ്ട്. എന്നാൽ 1000 ഏക്കർ മാത്രമാണ് കഴിഞ്ഞ വർഷം വരെ കൃഷി ചെയ്യാൻ സാധിച്ചുള്ളു. 1225 ഏക്കർ സ്ഥലത്ത് നെൽകൃഷി വിജയകരമായി ചെയ്തു. ആയതിന്റെ സംക്ഷിപ്തരൂപം താഴെ നൽകുന്നു.

ബ്ലോക്ക്	പൊക്കാളി (ഏരിയ)
ഞാറയ്ക്കൽ	148
പറവൂർ	134
പള്ളുരുത്തി	87
കളമശ്ശേരി	14
വരാപ്പുഴ (ആലുവ ബ്ലോക്ക്)	12
ആലുവ	94
ആകെ	490 ഹെക്ടർ

തോട്ടറപുഞ്ച

തോട്ടറപുഞ്ചയിൽ നെൽകൃഷിക്ക് ഉപയുക്തമാക്കുന്ന മുളന്തുരുത്തി ബ്ലോക്കിലെ രണ്ട് കൃഷിഭവൻ പരിധി ഉൾപ്പെടുന്ന പാടശേഖരങ്ങളുടെയും കൃഷിയിടങ്ങളുടെയും ഒരു സംക്ഷിപ്ത വിവരം താഴെ നൽകുന്നു.

പാടശേഖരങ്ങൾ ആമ്പല്ലൂർ പഞ്ചായത്ത്
കൃഷി ചെയ്യുന്ന സ്ഥലം
(ഏക്കറിൽ)

1) കുന്നംകുളം	,,	80
2) മനയ്ക്കത്താഴം	,,	100
3) തോട്ടറപുഞ്ച	,,	45
4) വരിപ്പച്ചാൽ	,,	60
5) കണ്ണംകരമുട്ട്	,,	22
6) തുളളക്കരി	,,	55
ആകെ		362

എടയ്ക്കാട്ടുവയൽ

7) കൈപ്പട്ടൂർ	,,	87
8) തോട്ടറ	,,	31
9) ആച്ചക്കുന്നം	,,	82
ആകെ		200
ആകെ		**= 562**









വികസന പരിപ്രേക്ഷ്യം

വികസന പ്രശ്നങ്ങൾ

ശാസ്ത്രീയമായ കൃഷി രീതികൾ കർഷകർ പൂർണ്ണമായും അനുവർത്തിക്കാത്തത് സാധ്യമായ ഉൽപ്പാദനക്ഷമതയിൽ കുറവ് വരുത്തുന്നുണ്ട്. മണ്ണ് പരിശോധനയിൽ അധിഷ്ഠിതമായ വള പ്രയോഗം ഇപ്പോഴും വ്യാപകമായി പ്രാവർത്തികമായിട്ടില്ല. പ്രകൃതിദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും മുൻ കാലങ്ങളെ അപേക്ഷിച്ച് കൂടുതലായി വരുന്ന സാഹചര്യം നിലവിലുണ്ട്. ഇതിനനുസരിച്ച് കാർഷിക മുറകൾ ചിട്ടപ്പെടുത്താനായി കഴിയുന്നില്ല. നെൽവയലുകളുടെ വിനിയോഗം നല്ലതോതിൽ കാർഷിക ആവശ്യങ്ങളിൽ നിന്നും വ്യതിചലിക്കുന്നു. നിലവിലുള്ള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പല കാരണങ്ങളാലും കാര്യക്ഷമമായി പ്രാവർത്തികമാക്കാൻ സാധിക്കുന്നില്ല. കാർഷിക മേഖല അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം വിദഗ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവാണ്. ഇതിനുപുറമെ കൃഷി ഭൂമിയുടെ തുണ്ടവൽക്കരണം യന്ത്രവത്ക്കരണത്തിന്റെ സാധ്യതയെ പരമിതപ്പെടുത്തുന്നു. വിവിധ ജലസേചന പദ്ധതികൾ നിലവിലുണ്ടെങ്കിലും കാര്യക്ഷമമായ പ്രവർത്തനമില്ലായ്മ കൃഷിയെ സാരമായി ബാധിക്കുന്നു. കാർഷിക വൃത്തിയോടുള്ള പൊതു സമൂഹത്തിന്റെ മനോഭാവം കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് അനുകൂലമല്ലാത്ത സാഹചര്യങ്ങൾ സാമൂഹ്യ സാമ്പത്തിക കാരണങ്ങളാൽ നിലനിൽക്കുന്നു. കാർഷിക ഉൽപ്പന്നങ്ങളുടെ വില സ്ഥിരതയില്ലായ്മ സാമ്പത്തിക ഭദ്രതയെ സാരമായി ബാധിക്കുന്നു.

കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കാർഷിക മേഖലയിൽ സാങ്കേതിക വൈദഗ്ധ്യം ലഭിച്ച ജീവനക്കാർ നിലവിലുണ്ടെങ്കിലും സമയത്തിന്റെ സിംഹഭാഗവും ഇതര ജോലികൾ ചെയ്യുവാൻ നിർബന്ധിതരാകുന്നതിനാൽ വിജ്ഞാന വ്യാപന പ്രവർത്തനത്തിൽ സജീവമാകാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. ഗവേഷണ സ്ഥാപനങ്ങളുടെ കണ്ടത്തലുകൾ സമയബന്ധിതമായി കൃഷിയിടങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള കണ്ണികളായി പ്രവർത്തിക്കേണ്ട ഈ വിഭാഗത്തിന് അത് ഫലപ്രദമായി സാധ്യമാകുന്നില്ല എന്നത് എടുത്തു പറയേണ്ട ന്യൂനതയാണ്.

വിള തിരിച്ചുള്ള പ്രശ്നങ്ങൾ

1) നെല്ല്.

ഇരുപ്പൂ കൃഷി ചെയ്യാവുന്ന നിലങ്ങളാണ് എറണാകുളം ജില്ലയിലെ മിക്ക പ്രദേശത്തും ഉള്ളതെങ്കിലും ഒരു വിളപോലും ഇറക്കാൻ

പറ്റാത്ത സാഹചര്യമാണ് പല ഭാഗങ്ങളിലും പല കാരണങ്ങളാൽ സംജാതമായിട്ടുള്ളത്. നെൽകൃഷിക്ക് അനുയോജ്യമായിട്ടുള്ള ഭൂമിയുടെ പകുതിയിൽ താഴെ മാത്രമാണ് ഈ സാമ്പത്തികവർഷം കൃഷി ഇറക്കിയിട്ടുള്ളത്.

പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

- ജലസ്രോതസ്സുകളുടെ കാലാകാലങ്ങളിലുള്ള സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം, ജലസേചന സൗകര്യങ്ങളുടെ കാര്യക്ഷമതക്കുറവ്.
- നെൽവയലുകളുടെ കാർഷികേതര ഉപയോഗം
- കർഷക തൊഴിലാളികളുടെ ദൗർലഭ്യം
- കൃഷിഭൂമിയുടെ തുണ്ടുവൽക്കരണം
- കർഷക സൗഹൃദ യന്ത്രങ്ങളുടെ അപര്യാപ്തത
- യഥാസമയം ഗുണമേന്മയുള്ള ഉല്പാദനോപാധികളുടെ ലഭ്യതക്കുറവ്.
- മറ്റ് വിളകളുമായി താരതമ്യപ്പെടുത്തുമ്പോൾ അദ്ധ്വാനത്തിന് ആനുപാതികമായുള്ള ലാഭക്കുറവ്.
- പ്രാദേശിക സംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തത
- പ്രതികൂല കാലാവസ്ഥയെ അതിജീവിക്കാനുള്ള ബുദ്ധിമുട്ട്.

പ്രശ്നങ്ങൾ – പൊക്കാളി കൃഷി

1. പരമ്പരാഗത നെല്ലിനങ്ങളുടേയും കാർഷിക സർവ്വകലാശാല നെല്ലിനങ്ങളുടേയും ഗുണമേന്മയുള്ള വിത്തിന്റെ ലഭ്യതക്കുറവ്.
2. വിത്ത് മുതൽ കൊയ്ത്ത് വരെയുള്ള കാർഷിക പരിപാലനമുറകൾക്ക് പൂർണ്ണമായും തൊഴിലാളികളെ ആശ്രയിക്കുന്നതിനാൽ, വിദഗ്ദ്ധ തൊഴിലാളികളുടെ കുറവും അനുയോജ്യമായ യന്ത്രവൽക്കരണത്തിന്റെ അപര്യാപ്തതയും.
3. നെൽകൃഷി നശിപ്പിക്കുന്ന ആമ, നെല്ലിക്കോഴി, എലി, ആറ്റക്കിളി, തത്ത ഇവയെ നിയന്ത്രിക്കുന്നതിനും ഫലപ്രദമായ മാർഗ്ഗങ്ങൾ നിലവിലില്ല.
4. അദ്ധ്വാനമേറിയതും എന്നാൽ ഉത്പാദന ക്ഷമത കുറഞ്ഞതും ജൈവ രീതിയിൽ ഉൽപാദിപ്പിക്കുന്നതുമായ പൊക്കാളി നെല്ലിന് ലഭിക്കുന്ന വില മറ്റിടങ്ങളിൽ ഉൽപാദിപ്പിക്കുന്ന നെല്ലിനേക്കാൾ കൂടുതൽ വില ലഭിക്കുന്നില്ല.
5. പൊക്കാളി പാടങ്ങളിൽ അധ്വാനത്തിന് ആനുപാതികമായി നെല്ല് ഉൽപാദിപ്പിക്കപ്പെടുന്നില്ല.
6. പൊക്കാളിപ്പാടങ്ങളിൽ വർദ്ധിച്ചുവരുന്ന കവട, കുതിരവാലി, ചെല്ലി എന്നീ കളകളെ നിയന്ത്രിക്കുന്നതിന് ജൈവരീതിയിലുള്ള മാർഗ്ഗങ്ങൾ ലഭ്യമല്ല.
7. രാസരോഗ കീടനാശിനികൾ ഉപയോഗിക്കാൻ കഴിയാത്ത പൊക്കാളിപ്പാടങ്ങളിൽ തണ്ടുതുരപ്പൻ പുഴുവിന്റെ ആക്രമണം വർദ്ധിച്ചുവരുന്നു.
8. ഒരു പൂ മാത്രം കൃഷിയുള്ള പൊക്കാളിപ്പാടത്തേക്ക് യോജിച്ച ഉയരം കൂടിയതും മൂപ്പ് കുറഞ്ഞതും, ലവണ പ്രതിരോധ ശക്തിയുള്ളതും അത്യുൽപാദനശേഷിയുള്ളതുമായ വിത്തിനങ്ങളുടെ ലഭ്യത ഈ മേഖലയിലെ കർഷകരെ അലട്ടുന്ന പ്രധാന പ്രശ്നമാണ്.
9. ജില്ലയുടെ ചില ഭാഗങ്ങളിൽ പൊക്കാളി നെൽകൃഷിയിറക്കാതെ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ചെമ്മീൻ കൃഷി ഈ മേഖലയിലെ പ്രകൃതിയുടെ സന്തുലനാവസ്ഥക്ക് ഭീഷണിയാണ്.
10. തൂമ്പ നന്നാക്കലും, കണ്ണികൂട്ടലും, വെട്ടിനിരത്തലും അറിയാവുന്ന വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം.
11. കാർഷിക മേഖലയിലെ കൃഷിപ്പണികൾ അറിയാവുന്ന കർഷകർ മറ്റു തൊഴിൽ മേഖലയിലേക്ക് മാറിപ്പോയത്.
12. ഹെക്ടറു കണക്കിന് വിസ്തൃതിയുള്ള പൊക്കാളിപ്പാടശേഖരത്തിൽ കൃഷി ഭൂവുടമസ്ഥരിൽ ഭൂരിഭാഗം പേരും മറ്റ് പ്രദേശങ്ങളിൽ താമസിക്കുന്നവരായതു കാരണം പല നിലങ്ങളും തരിശായിക്കിടക്കുന്നു. വിസ്തൃതി കൂടിയ പാടശേഖരങ്ങളിൽ കൃഷി ഭൂമിക്ക് ഇടക്ക് കാടുപിടിച്ചുകിടക്കുന്ന

തരിശുനിലവും വരുന്നതിനാൽ കീടരോഗബാധയും നെല്ലിക്കോഴിയുടെ ആക്രമണവും വർദ്ധിച്ചുവരുന്നു.

2) തെങ്ങ്

കേരം തിങ്ങും നാടായ കേരളം 'കേരം തിങ്ങാത്ത' നാടായി മാറിക്കൊണ്ടിരിക്കുന്ന ദുരവസ്ഥ എറണാകുളം ജില്ലയിലും ഉണ്ട്. ജില്ലയിൽ 46367 ഹെക്ടർ സ്ഥലത്താണ് നിലവിൽ തെങ്ങ് കൃഷി ചെയ്ത് വരുന്നത്. ഇടക്കാലത്ത് ഈ മേഖലയിലുണ്ടായ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റികളുടെ (സി.പി.എസ്) രൂപീകരണവും നീരയുടെ ഉൽപാദന ആരംഭവും പ്രത്യാശ നൽകിയിരുന്നെങ്കിലും ഉദ്ദേശിച്ച രീതിയിൽ പുരോഗമിച്ചില്ല. അടുത്തിടെയുണ്ടായ വെള്ളീച്ചയുടെ ആക്രമണം കേര കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

പ്രധാന പ്രശ്നങ്ങൾ

1. കാലാകാലങ്ങളിലെ യഥാസമയത്തുള്ള പരിചരണക്കുറവ്
2. തെങ്ങ് കയറ്റ തൊഴിലാളികളുടെ ലഭ്യതക്കുറവ്
3. കീടരോഗങ്ങളുടെ ആക്രമണം
4. വിലസ്ഥിരതയില്ലായ്മ
5. കാര്യക്ഷമമായ സംഭരണ സംവിധാനത്തിന്റെ അപര്യാപ്തത.
6. നിലവിലുള്ള പ്രായം കൂടിയതും ഉൽപ്പാദന ക്ഷമത കുറഞ്ഞതുമായ തെങ്ങിനങ്ങൾ.

3) സുഗന്ധവ്യഞ്ജന വിളകൾ

ഏറ്റവും പ്രധാനപ്പെട്ട സുഗന്ധവ്യഞ്ജന വിളകൾ ജാതി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവയാണ്.

എ) ജാതി

1. വിലസ്ഥിരതയില്ലായ്മ
2. രോഗങ്ങളുടെ ആധിക്യം
3. ശാസ്ത്രീയ സംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തത
4. വിളവെടുപ്പിലും തുടർസംസ്കരണത്തിലുമുള്ള ന്യൂനതകൾ
5. ഗുണമേന്മയുള്ള അത്യുത്പാദന ശേഷിയുള്ള ഇനങ്ങളുടെ ലഭ്യതക്കുറവ്

ബി) ഇഞ്ചി, മഞ്ഞൾ

1. സ്ഥലപരിമിതികൾ
2. വിലസ്ഥിരതയില്ലായ്മ
3. കീടരോഗബാധ
4. പുതിയ ഇനം നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്

സി) കുരുമുളക്

1. സംഭരണ സംവിധാനങ്ങളുടെ അപര്യാപ്തത
2. വിലസ്ഥിരതയില്ലായ്മ
3. കീടരോഗബാധ
4. തൊഴിലാളികളുടെ അഭാവവും വിളവെടുപ്പിനുള്ള ബുദ്ധിമുട്ടും.
5. നല്ലയിനം താങ്ങ്മരങ്ങളുടെ അപര്യാപ്തത

4) പച്ചക്കറികൾ

ജില്ലയിലെ പ്രധാന പച്ചക്കറിവിളകൾ പയർ, വെണ്ട, കുമ്പളം, പടവലം, പാവൽ, വെള്ളരി, ചീര, വഴുതിന എന്നിവയാണ്. പച്ചക്കറികൾ പ്രധാനമായും വേനൽക്കാല വിളയായാണ് കൃഷി ചെയ്യുന്നത്.

1. വിളവെടുപ്പിനുശേഷമുള്ള കൈകാര്യം ചെയ്യലിലെ പാളിച്ചകൾ
2. സംഭരണത്തിലുള്ള അപാകതകൾ
3. പരിമിതമായ സൂക്ഷിപ്പ് കാലയളവ്
4. വാണിജ്യ കൃഷിയിലെ അമിതമായ രാസ കീടരോഗനാശിനികളുടെ ഉപയോഗം
5. വിലസ്ഥിരതയില്ലായ്മ.
6. കീടരോഗബാധ
7. വിളകൾ തെരഞ്ഞടുക്കുന്നതിലുള്ള ആസൂത്രണമില്ലായ്മ

5) ഫലവർഗ്ഗവിളകൾ

ജില്ലയിൽ വാഴ, കൈതച്ചക്ക, പപ്പായ എന്നിവ ശാസ്ത്രീയമായും മാവ്, പ്ലാവ്, എന്നിവ പരമ്പരാഗതമായും, പുതുതലമുറ വിളകളായി റമ്പൂട്ടാൻ, മാംഗോസ്റ്റീൻ, ദുരിയാൻ എന്നിവയും കൃഷി ചെയ്ത് വരുന്നു.

1. ശാസ്ത്രീയമായ സംസ്കരണ യൂണിറ്റുകളുടെ അഭാവം
2. അശാസ്ത്രീയമായ വിളവെടുപ്പ്
3. ലഭ്യമായ പരമ്പരാഗത ഫലങ്ങളുടെ മൂല്യത്തെക്കുറിച്ചും ശരിയായ ഉപയോഗ രീതിയിലും ഉള്ള പരിജ്ഞാനക്കുറവ്.

4. പരമ്പരാഗത ഫലങ്ങളുടെ കൃഷിയിലെ ഭൂപ്രദേശപരമായ വിന്യാസത്തിലെ അസമത്വം.
5. കീടരോഗബാധ

6) കിഴങ്ങ് വർഗ്ഗവിളകൾ

1. സ്ഥല ലഭ്യതക്കുറവ്
2. പരമ്പരാഗത കിഴങ്ങു വർഗ്ഗങ്ങളുടെ ലഭ്യതക്കുറവ്
3. പുതിയ ഇനങ്ങളുടെ പ്രചാരക്കുറവ്
4. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്
5. വിലസ്ഥിരതയില്ലായ്മ.

മണ്ണ് പരിശോധനയിൽ അധിഷ്ഠിതമായ ശാസ്ത്രീയ വളപ്രയോഗവും, പരിപാലനവും കാര്യക്ഷമമായി നടക്കാത്തതിനാൽ സാധ്യമായ ഉൽപ്പാദനക്ഷമതയിൽ വലിയ വിടവ് നിലനിൽക്കുന്നു. പ്രകൃതിദുരന്തങ്ങളും, കാലാവസ്ഥാ വ്യതിയാനങ്ങളും വർദ്ധിതമാകുന്ന സാഹചര്യം നിലവിലുണ്ട്. കാർഷിക മുറകൾ ഇതിനനുസരിച്ച് ചിട്ടപ്പെടുത്താൻ സാധിക്കുന്നില്ല. അശാസ്ത്രീയ ജലസേചന രീതികൾ ഭാവിയിൽ ജലദൗർലഭ്യതക്ക് വഴിതെളിക്കും.

വികസന ആവശ്യങ്ങൾ - വിടവുകൾ - സാദ്ധ്യതകൾ

വികസന ആവശ്യങ്ങളും സാധ്യതകളും നിലനിൽപ്പിന്റെ ആധാരമായ മണ്ണ്, ജലം, ജൈവ വൈവിദ്ധ്യം എന്നിവയിൽ നിന്നും തന്നെ ആരംഭിക്കണം. ഇതിനായി കർഷകരും സർക്കാരും തൃതല ജനകീയ സ്ഥാപനങ്ങളും, ഗവേഷണ സ്ഥാപനങ്ങളും ദീർഘ വീക്ഷണത്തോട് കൂടിയുള്ള നയസമീപനം സ്വീകരിക്കുകയും തഥനുസൃതമായ മാർഗ്ഗരേഖകൾ രൂപീകരിച്ച് നടപ്പിലാക്കേണ്ടതുമാണ്.

വിത്ത് ഒഴികെ പുറമേ നിന്നുള്ള ഉൽപ്പാദനോപാധികൾ യാതൊന്നുമില്ലാത്ത പൊക്കാളി കൃഷി പ്രത്യേക പരാമർശം അർഹിക്കുന്നു.

ഉയരുന്ന ജലനിരപ്പ്, കാഠിന്യമേറിയ അമ്ലത ലവണപൂരിതമായ മണ്ണും വെള്ളവും ജലനിർഗമനശേഷി നഷ്ടപ്പെട്ട അവസ്ഥ, ദിവസേനയുള്ള വേലിയേറ്റവും വേലിയിറക്കവും ഇങ്ങനെ കഷ്ടതകൾക്ക് നടുവിൽ പ്രകൃതിയുമായി സമരസപ്പെട്ടു എറണാകുളം ജില്ലയിൽ ആരംഭിച്ച പാരിസ്ഥിതിക സൗഹൃദകൃഷി എന്നനിലയിൽ പൊക്കാളികൃഷി സംരക്ഷിക്കപ്പെടേണ്ടതാണ്.

മറ്റു നെൽകൃഷി മേഖലയിൽ വിത്ത് മുതൽ വിത്ത് വരെ യന്ത്ര സാന്നിദ്ധ്യമുള്ളപ്പോൾ ഈ മേഖലയിൽ കാർഷികയന്ത്രവൽക്കരണ സാദ്ധ്യതകൾ പരമാവധി പ്രായോഗിക തലത്തിലെത്തുന്നതിന് കാർഷിക യൂണിവേഴ്സിറ്റി, സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുടെ പരീക്ഷണ നിരീക്ഷണങ്ങൾ ദ്രുതഗതിയിലാക്കുന്നതിന് പ്രത്യേക പരിഗണന ആവശ്യമുണ്ട്. കൃഷി ചെലവ് കുറയ്ക്കുന്നതിനും കൃഷി വ്യാപകമാക്കുന്നതിനും യന്ത്രവൽക്കരണം സഹായകമാകും.

- ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന അരിയെന്ന നിലയിൽ ഉയർന്ന താങ്ങുവില നൽകി സർക്കാർതലത്തിൽ സംഭരിക്കുന്നതിനും ഇതിന്റെ പോഷക സമ്പന്നത ഉപഭോക്തൃ വിഭാഗങ്ങളിലേക്ക് എത്തിക്കുന്നതിനും വേണ്ട വിപണനതന്ത്രങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കിയാൽ കാർഷിക ഉൽപ്പാദക സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാകുന്നതാണ്.
- സുഗമമായ ജല ആഗമന നിർഗമന സംവിധാനങ്ങൾ പൊക്കാളി നെൽകൃഷിയ്ക്കും ചെമ്മീൻ കൃഷിയ്ക്കും അനിവാര്യമാണ്. വർഷങ്ങളായി ആഴം കൂട്ടാതെ മണ്ണടിഞ്ഞ് നഗരവൽക്കരണഭാഗമായുള്ള നികന്ന ചാലുകൾ സുഗമമായ ജലപ്രവാഹത്തെ തടസപ്പെടുത്തുന്നുണ്ട്. ഏപ്രിൽ 15 ന് ആരംഭിക്കുന്ന കൃഷിയാകയാൽ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളായ ചാലുകളുടെയും പുറംബണ്ട് സംരക്ഷണവും

ജലനിയന്ത്രണത്തിനും വെള്ളം വറ്റിക്കുന്നതിനുമുള്ള സംവിധാനങ്ങളും കാര്യക്ഷമമാക്കുന്നതിനായി വാർഷിക പദ്ധതികൾ മുൻകൂട്ടി രൂപീകരിക്കുകയാണെങ്കിൽ കർഷകർക്ക് ഏറെ പ്രയോജനപ്പെടുന്നതാണ്.

പാരമ്പര്യ പരിസ്ഥിതി സൗഹൃദ തൊഴിലധിഷ്ഠിത കൃഷിയെന്ന രീതിയിൽ വിത്ത് മുതൽ വിത്ത് വരെയുള്ള കാർഷിക പദ്ധതികൾ കർഷകർക്കും കർഷക തൊഴിലാളികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പിലാക്കേണ്ടതുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംയോജിപ്പിക്കുകയാണെങ്കിൽ കാർഷികയന്ത്രവത്ക്കരണം സാധ്യമാകാത്ത അവസ്ഥയിൽ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത സ്ത്രീ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ പാരമ്പര്യ കൃഷി സംരക്ഷണം എന്ന രീതിയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ കർഷകർക്കും തൊഴിലാളികൾക്കും പ്രയോജനകരമാണ്. പ്രത്യേക കൊയ്ത്ത് ഇൻസെന്റീവ്, ഇൻഷ്വറൻസ് പരിരക്ഷ ഉൾപ്പെടെ പ്രത്യേക പരിഗണന കർഷകർ നേരിടുന്ന തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും കൃഷി വ്യാപകമാക്കുന്നതിനും സഹായകമാകും. വർഷത്തിൽ ഒരു സീസണിൽ മാത്രം കൃഷി ചെയ്യുന്നതിനാൽ വിത്തിന്റെ ലഭ്യതകുറവ് പരിഹരിക്കുന്നതിന് വെള്ളക്കെട്ടുള്ള മറ്റു മേഖലയിലെ പാടശേഖരങ്ങളുൾപ്പെടെ വിത്തുൽപ്പാദനം ചെയ്യാനുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. കർഷക ഉത്പ്പാദക സംഘങ്ങൾക്ക് പലിശരഹിത വായ്പ, റിവോൾവിംഗ് ഫണ്ട്, ഉത്പ്പാദനത്തിന്റെ അടിസ്ഥാനത്തിൽ ഇൻസന്റീവ്, കുട്ടനാട്കോൾ മേഖലയിൽ നൽകി വരുന്ന പമ്പിംഗ് സബ്സിഡിയുൾപ്പെടെ നൽകി ഉൽപ്പാദന സംഘങ്ങളുടെ ശാക്തീകരണവും ആവശ്യമാണ്. "Kerala Own' ഉൽപ്പന്നം എന്ന രീതിയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുൾപ്പെടെ വിപണനം പ്രോൽസാഹിപ്പിക്കുന്നതിനുള്ള സഹായ പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.

1000 ഹെക്ടറിലേക്ക് പൊക്കാളി കൃഷി ജില്ലയിൽ വ്യാപിപ്പിക്കുന്നതിന് പൊക്കാളി നില വികസന ഏജൻസിയുടെ നേതൃത്വത്തിൽ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കാവുന്നതാണ്. അത്യുൽപ്പാദന ശേഷിയുള്ള നെല്ലിനങ്ങളുടെ വികസനവും, നെല്ലിനോടൊപ്പമുള്ള സംയോജിത മൽസ്യ കൃഷിയും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ഇന്ന് നമ്മുടെ കൃഷിയിടങ്ങളിൽ കൃഷി ചെയ്ത് വരുന്ന മിക്കവാറും വിളകളുടേയും ഉൽപ്പാദനക്ഷമത അത് വികസിപ്പിച്ച ഗവേഷണ സ്ഥാപനങ്ങൾ വാഗ്ദാനം ചെയ്യുവുന്നതിൽ നിന്നും വളരെ പിറകിലാണ്. ശാസ്ത്രീയമായി മണ്ണ് പരിശോധന നടത്തി മണ്ണറിഞ്ഞ് സംയോജിത വള പ്രയോഗവും നല്ല കാർഷിക മുറകളും അനുവർത്തിക്കുന്ന പക്ഷം സാദ്ധ്യമായ ഉൽപ്പാദനക്ഷമത ഉറപ്പ് വരുത്താവുന്നതാണ്. കൃഷി ചെയ്യാൻ താൽപ്പര്യമുള്ളവർക്ക് ഭൂമിയില്ലാത്ത അവസ്ഥയും അതേ സമയം ഭൂമിയുള്ളവർക്ക് കൃഷിയോട് ആഭിമുഖ്യമില്ലായ്മയും കൃഷിയുടെ വ്യാപനത്തിന് പ്രതികൂലമായി നിൽക്കുന്നു. കരാർ കൃഷി നിയമവിധേയമാക്കിയാൽ ഒരു പരിധിവരെ ഇതിന് പ്രതിവിധിയാകും.

മണ്ണിനൊപ്പം പ്രാധാന്യമർഹിക്കുന്നതാണ് നടീൽ വസ്തുക്കളുടെ ഗുണമേന്മയും. ഗവേഷണ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്ത കീടരോഗ പ്രതിരോധ ശേഷിയുള്ള സങ്കരയിനം ഉൾപ്പെടെയുള്ള വിത്തിനങ്ങൾ കൃഷി ചെയ്യുന്ന പക്ഷം ഉൽപ്പാദനക്ഷമത ഏറെക്കുറെ ഉറപ്പുവരുത്താവുന്നതാണ്. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാമുകൾ നിലവിലുണ്ട്.

അളവിലുള്ള വർദ്ധനവിനോടൊപ്പം തന്നെയോ ഒരു പക്ഷെലതിനേക്കാളുപരിയോ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളാണ് സമൂഹം ആഗ്രഹിക്കുന്നത് എന്നതു കൊണ്ട് തന്നെ കർഷകർ വിള ഉൽപ്പാദനത്തിൽ ഈ ദിശയിലുള്ള മാറ്റം കൊണ്ടുവരേണ്ടത് ഒരു അനിവാര്യതയാണ്. നല്ല കാർഷിക മുറകൾ

ഉപയോഗിച്ച് കീടരോഗ നിയന്ത്രണം നടപ്പിലാക്കുന്നതിലൂടെ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ കർഷകർക്ക് ഉൽപ്പാദിപ്പിക്കാൻ സാധിക്കും. ഇതിന് ശരിയായ കീട/രോഗ/മൂലക അഭാവ നിർണ്ണയം അത്യന്താപേക്ഷിതമാണ്. എല്ലാ പഞ്ചായത്തുകളിലും വിള അരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലൂടെ രോഗ/കീട/മൂലക അഭാവം/മൂലക ആധിക്യം ശരിയായ രീതിയിൽ നിർണ്ണയിക്കാൻ സാധിക്കുന്നതിനോടൊപ്പം അഗ്രോ ബയോ ഫാർമസികൾ സ്ഥാപിക്കുന്നതുവഴി ഗുണമേന്മയുള്ള ഉൽപ്പാദനോപാധികൾ കർഷകർക്ക് ലഭ്യമാക്കാനും സാധിക്കും.

കൃത്യ സമയത്ത് കൃഷിയിറക്കുന്നതിനും യഥാസമയങ്ങളിൽ കൃത്യമായ പരിപാലന മുറകൾ അനുവർത്തിക്കുന്നതിനും കർഷകർക്ക് പലപ്പോഴും സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം സാധിക്കാതെ പോകാറുണ്ട്. ഇത് പലപ്പോഴും കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കാറുണ്ട്. ഇത് പരിഹരിക്കുന്നതിനായി കർഷകർക്ക് കിസ്സാൻ ക്രെഡിറ്റ് കാർഡുകൾ, പലിശ രഹിത വായ്പ എന്നിവ ലഭ്യമാക്കാനായുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട്. ഉത്പന്നത്തിന്റെ ഈടിൻ മേൽ കർഷകർക്ക് വായ്പകൾ ലഭ്യമാക്കുന്നതിനുള്ള സാഹചര്യവും ഉണ്ടാകേണ്ടതുണ്ട്. ഇതിനായി ദേശസാൽകൃത ബാങ്കുകളും, സഹകരണ ബാങ്കുകളും തയ്യാറാകേണ്ടതാണ്.

2015-16 കാലയളവിൽ കഴിഞ്ഞ സർക്കാർ ഭരണ കാലത്ത് കർഷകരും, ഉദ്യോഗസ്ഥരും, കാർഷിക വിദഗ്ധരും ചർച്ച ചെയ്ത് ഒരു കാർഷിക നയം രൂപീകരിക്കുകയും, അത് ഇതുവരെ പ്രാവർത്തികമാക്കുവാൻ സാധിക്കാതെയും വന്നിട്ടുണ്ട്. ഇതിൽ വന്നിട്ടുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള ശ്രമം ഉണ്ടാകേതുണ്ട്. കർഷക ക്ഷേമത്തിനായി ഇതിൽ അടങ്ങിയിട്ടുള്ള വളരെയധികം നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാവുന്നതാണ്. കാലാവസ്ഥാ വ്യതിയാനവും, പ്രകൃതിക്ഷോഭങ്ങളും, വന്യ മൃഗങ്ങളുടെ ശല്യവും കാർഷിക മേഖലക്ക് പ്രതിസന്ധികൾ ഉണ്ടാക്കുന്നു. പലപ്പോഴും ഒരു വിളമാത്രം കൃഷി ചെയ്യുന്ന കർഷകർക്ക് ഇത്തരം ദുരന്തങ്ങൾ കർഷക ആത്മഹത്യകളിലേക്ക് വരെ നയിക്കുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. കാർഷിക വിളകളെ ഇൻഷുർ ചെയ്തുകൊണ്ടുള്ള വിളകളുടെ സംരക്ഷണം അതിനാൽ തന്നെ അനിവാര്യമായിരിക്കുന്നു. 2017-ലെ പുതുക്കിയ ഉത്തരവ് പ്രകാരം നല്ലൊരു തുക കർഷകർക്ക് നഷ്ടപരിഹാരമായി സർക്കാർ നൽകി വരുന്നു. ഇത് കർഷകർ പ്രയോജന പ്പെടുത്തേണ്ടതുമുണ്ട്.

കൃഷി ചെയ്യുന്നതിനായി പുതുതലമുറ മടിക്കുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. കൂടാതെ കാർഷിക വൃത്തിക്ക് മതിയായ തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യവും ഉണ്ട്. ഇതിനൊരു പരിഹാരമായി ശാരീരിക ക്ഷമതയുള്ള തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്ന യുവതീയുവാക്കളുടെ കാർഷിക സേവനം നിർബന്ധമാക്കാൻ ശ്രമിക്കണം. കൂടാതെ കാർഷിക കർമ്മസേന, കാർഷിക സേവന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഇവരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തണം.

കർഷകർ നേരിടുന്ന ഒരു വലിയ പ്രശ്നമാണ് ഉൽപ്പന്നങ്ങളുടെ വിലയിടിവ്. ഉൽപ്പാദന ചിലവിന് ആനുപാതികമായി താങ്ങ് വില നിർണയിച്ചാൽ കർഷകർക്ക് വലിയ സഹായമാകും. എപ്പോഴൊക്കെ ഉൽപ്പന്നങ്ങളുടെ വില കുറയുന്നുവോ അപ്പോഴൊക്കെ സർക്കാർ സഹായം ലഭ്യമാക്കണം. താങ്ങുവില എല്ലാ വിളകൾക്കും പ്രഖ്യാപിച്ചാൽ കർഷകർക്ക് സ്ഥിരവരുമാനം ഉറപ്പാക്കാനും കൂടുതൽ ആളുകളെ കൃഷിയിലേക്ക് ആകർഷിക്കാനും സാധിക്കും.

പെരിയാർവാലി, മൂവാറ്റുപുഴയാർ എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യാപകമായ കനാൽ ശൃംഖലകൾ ജില്ലയെ ജലസമ്പന്നമാക്കുന്നു എങ്കിലും കർഷകർക്ക് ആവശ്യമുള്ള സമയത്ത് തന്നെ കനാലുകൾ വഴി ജലം ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. കനാലുകൾ സമയാസമയങ്ങളിൽ

കേടുപാടുകൾ നീക്കുകയും ആഴപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

പരമ്പരാഗത ജല സ്രോതസ്സുകളെ വീണ്ടെടുക്കുകയും മഴവെള്ള സംഭരണത്തിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. കാര്യക്ഷമമല്ലാത്ത ജലസേചന സൗകര്യങ്ങൾ (ഉദാ: ലിഫ്റ്റ് ഇറിഗേഷൻ) പുതിയ പമ്പുസെറ്റുകളും മറ്റും സ്ഥാപിച്ച് കൂടുതൽ കാര്യക്ഷമ മാക്കാവുന്നതാണ്. വറ്റി വരളുകയും നഷ്ടപ്പെടുകയും ചെയ്തിട്ടുള്ള കുളം, കാവുകൾ, തോടുകൾ, നദികൾ എന്നിവ ജനപങ്കാളിത്തത്തോടെ വീണ്ടെടുക്കുക. (ഉദാ. വരട്ടയാർ, പത്തനംതിട്ട ജില്ല) ജനകീയാസൂത്രണ പദ്ധതികളിൽ ഇവ ഉൾപ്പെടുത്താവുന്നതാണ്.

കാലാവസ്ഥാ വ്യതിയാനം ജലലഭ്യതയെ വളരെ പ്രതികൂലമായി ബാധിക്കാവുന്ന ഒരു കാലത്തെ മുന്നിൽക്കണ്ട് ജല ഉപഭോഗം പരമാവധി കുറക്കുന്ന രീതിയിലുള്ള തുള്ളിനന, തളിനന, തുടങ്ങിയ ജലസേചന മാർഗ്ഗങ്ങൾ കൃഷിയിടങ്ങളിൽ പരമാവധി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ജലസംഭരണത്തോടൊപ്പം ജല നഷ്ടം തടയുന്നതിനുള്ള നടപടികളും പ്രാധാന്യത്തോടെ കാണേണ്ടതാണ്. ഗാർഹിക ജല ഉപഭോഗം കുറക്കുന്നതിനുള്ള പ്രചരണ പരിപാടികളും കൃഷി ഭവനുകളും പഞ്ചായത്തുകളും മുഖേന നടപ്പിലാക്കാവുന്നതാണ്. മണ്ണിൽ നിന്നുള്ള ജലനഷ്ടം തടയുന്നതിന് പുതയിടൽ, ആവരണ വിളകൾ, ചകിരി നിരത്തൽ തുടങ്ങിയ കൃഷിമുറകളെ പരമാവധി പ്രോത്സാഹിപ്പിക്കണം. തോടുകൾ കനാലുകൾ എന്നിവയിൽ തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികളും ജലനഷ്ടം തടയുന്നതിന് സഹായകമാണ്. കിണർ റീചാർജ്ജിംഗ്, പടുതാകുളങ്ങളുടെ നിർമ്മാണം എന്നിവയും പ്രോത്സാഹിപ്പിക്കാം.

ജലാഗമന നിർഗ്ഗമന മാർഗ്ഗങ്ങളുടെ അപര്യാപ്തതമൂലം വെള്ളക്കെട്ട് ഉണ്ടാകുന്ന പല പ്രദേശങ്ങളിലും കൃഷി നടത്താൻ കഴിയുന്നില്ല. പല തോടുകളും ആഴപ്പെടുത്തുകയും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുകയും ചെയ്താൽ പല പ്രദേശങ്ങളും കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയും.

ജലസേചന സൗകര്യങ്ങളുടെ പുനരുദ്ധാരണം, വാർഷിക പരിപാലനം കനാലുകളുടെ ചോർച്ച തുടങ്ങിയ പ്രവർത്തനങ്ങൾ അതാത് പ്രദേശത്തെ പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ കർഷക കൂട്ടായ്മകളെ ഏൽപ്പിക്കുന്നത് ഈ പ്രവർത്തികൾ കാര്യക്ഷമമാക്കാൻ സഹായകമായിരിക്കും. ജലസേചനവും ജലസംരക്ഷണവുമായും ഇതുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും ഡിപ്പാർട്ട്മെന്റുകളുടെയും സംസ്ഥാനതലം മുതൽ പ്രാദേശിക തലം വരെയുള്ള ഏകോപനം ലക്ഷ്യപ്രാപ്തിയിലെത്താൻ അനിവാര്യമാണ്.

ഉത്പ്പാദന കേന്ദ്രീകൃതമായ നിലവിലുള്ള കാർഷിക വൃത്തിയിൽ നിന്നും വിപണനം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിലേക്ക് ശ്രദ്ധതിരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നിലവിലുള്ള വിപണന സംവിധാനത്തിൽ ഏറ്റവും അധികം ലാഭം കൊയ്യുന്നത് ഇടനിലക്കാരാണ്. വിളവെടുപ്പ് മുതൽ വിപണിവരെയുള്ള ഗ്രേഡിങ്, സോർട്ടിങ്, ബ്രാന്റിങ് അടക്കമുള്ള വിവിധ ഘട്ടങ്ങളിൽ കർഷക കൂട്ടായ്മക്ക് കാര്യമായ പങ്ക് വഹിക്കാനാകും. വി.എഫ്.പി.സി.കെ., ലേല ചന്തകൾ, മൊത്തവ്യാപാര വിപണനകേന്ദ്രങ്ങൾ എന്നിവ കർഷകർക്ക് കൈത്താങ്ങായി പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമേ കർഷകഗ്രൂപ്പുകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകൾ, ബി.എൽ.എഫ്.ഒ. എന്നിവ പ്രാദേശികമായി വിപണനരംഗത്ത് പ്രവർത്തിക്കുന്നു. കുറച്ച്കൂടി ഉയർന്ന തലത്തിൽ ഉപഭോക്തൃ സൗഹൃദമായ വിപണികളും ഇക്കോഷോപ്പുകളുടെ ശൃംഖല ഉണ്ടാക്കി അധിക ഉൽപ്പാദനം ഉള്ളിടത്തു നിന്നും ഉത്പ്പാദനം കുറഞ്ഞിടത്തേക്ക് ഉത്പ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു.

ശീതീകരണ വാഹനങ്ങൾ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങളും ഇതിനായി വിനിയോഗിക്കാം.

വിദഗ്ധതൊഴിലാളികളുടെ അഭാവം, തൊഴിലാളികൾക്ക് നൽകേണ്ട ഉയർന്ന കൂലി എന്നിവ കാർഷിക മേഖലയിലെ യന്ത്രവത്ക്കരണം അനിവാര്യമാക്കുന്നു. എന്നാൽ കൃഷിഭൂമിയുടെ തുണ്ടവൽക്കരണം യന്ത്രവത്ക്കരണത്തെ പരിമിതപ്പെടുത്തുന്ന ഒന്നാണ്. എന്നിരുന്നാലും കാർഷിക മേഖല മുന്നോട്ടുപോകണമെങ്കിൽ യന്ത്രവൽക്കരണം അനിവാര്യമാണ്. കർഷക പരിസ്ഥിതി സൗഹൃദമായ ഊർജ്ജക്ഷമതയുള്ള ചെറുയന്ത്രങ്ങൾ നമ്മുടെ കാർഷിക മേഖലയ്ക്ക് അത്യാവശ്യമാണ്. ഇത് സംബന്ധിച്ച ഗവേഷണങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും യന്ത്രങ്ങൾ കർഷകരിലെത്തിക്കുകയും വേണം. ഫോസിൽ ഇന്ധനങ്ങളുടെയും വൈദ്യുതിയുടെയും ഉപയോഗം പരമാവധി ഒഴിവാക്കി സൗരോർജ്ജത്തിലധിഷ്ഠിതമായ യന്ത്രങ്ങളാണ് ഭാവിയിലേക്കാവശ്യം. കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനങ്ങൾ കർഷകർക്കും കാർഷിക കർമ്മസേന, കാർഷിക സേവനകേന്ദ്രം എന്നിവയ്ക്കും നൽകേണ്ടതാണ്.

നിലവിൽ കാർഷികമേഖലയിൽ വിവിധ കർഷകകൂട്ടായ്മകൾ പ്രവർത്തിക്കുന്നുണ്ട്. പാടശേഖരസമിതികൾ, കേരസമിതികൾ പച്ചക്കറി ക്ലസ്റ്ററുകൾ, ആത്മ ഗ്രൂപ്പുകൾ എന്നിവ അവയിൽ ചിലതാണ്. ഈ കൂട്ടായ്മകൾ പലതും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും, ഇവ കൂടുതൽ ശാക്തീകരിക്കേണ്ടത് അത്യാവശ്യമാണ്. നിലവിൽ ഉൽപ്പാദന മേഖലയിൽ മാത്രം ഇത്തരം കൂട്ടായ്മകളുടെ പ്രവർത്തനം ഒതുങ്ങുന്ന സാഹചര്യമാണുള്ളത്. ഇത്തരം കൂട്ടായ്മകളുടെ പ്രവർത്തനം വിപണന മേഖലയിലേക്കു കൂടി വ്യാപിക്കത്തക്ക വിധത്തിൽ അവയെ ശാക്തീകരിക്കേണ്ടതാണ്. കൂടാതെ റസിഡന്റ്സ് അസോസിയേഷനുകളെ കൂടുതലായി ശാക്തീകരിച്ച് അവയുടെ സഹായത്തോടെ പഴം, പച്ചക്കറികളുടെ കൃഷിയും വിപണനവും നടത്തുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കാം. പാഴായി പോകാൻ സാദ്ധ്യതയുള്ള കാർഷിക ഉത്പ്പന്നങ്ങൾ സംസ്കരിച്ച് മൂല്യ വർദ്ധനവ് നടത്തി ആകർഷകമായ പാക്കിങ്ങിലൂടെ വിപണിയിലെത്തിക്കാൻ സാധിക്കും. ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ കാർഷിക ഏജൻസികളുടെ ഏകോപനവും ഇതിന് അനിവാര്യമാണ്.

4.2 ജലസേചനം

കേരളം ജലസമ്പത്തിന്റെ കാര്യത്തിൽ അനുഗ്രഹീതയാണ്. കരയുടെ വലിപ്പത്തിൽ കേരളം ഇന്ത്യയുടെ 1.2 ശതമാനം മാത്രമേയുള്ളൂവെങ്കിലും ജലസമ്പത്തിന്റെ ഏതാണ്ട് 5 ശതമാനും 72416 ദശലക്ഷം ഘനമീറ്റർ ജലവൈദ്യുതോല്പാദന ശേഷിയിൽ 6 ശതമാനവും – 2600 മെഗാവാട്ട് കേരളത്തിന്റേതാണ്. വർഷത്തിൽ ഏകദേശം 300 സെ.മീറ്റർ മഴ ലഭിക്കുന്നു. അല്പം ചില ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും ഏതാണ്ട് ആറു മാസക്കാലത്തോളം മഴ ലഭിക്കുന്നു. കേരളത്തിന്റെ സാമ്പത്തിക പുരോഗതി പൊതുവിലും കാർഷിക മേഖല ഒരു പരിധി വരെയും ഇവിടുത്തെ ജലസമ്പത്ത് വികസനവും അതിന്റെ കാര്യക്ഷമമായ ഉപയോഗപ്പെടുത്തലുമായി ബന്ധപ്പെട്ടിരിക്കുന്നു. കൃഷി ഭൂമിയുടെ വികസനം ഒരു പരിധി വരെ ജലസമ്പത്തിന്റെ വികസനത്തെ ആശ്രയിച്ചിരിക്കുന്നു.

എറണാകുളം ജില്ലയുടെ ജലസമ്പത്ത് പെരിയാർ, മൂവാറ്റുപുഴയാർ, ചാലക്കുടിപ്പുഴ എന്നീ മൂന്നു നദികളാൽ അനുഗ്രഹീതമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ജില്ലകളിലൊന്നാണ് എറണാകുളം, പക്ഷേ ഭൂപ്രകൃതിയുടെ പ്രത്യേകത മൂലം ലഭിക്കുന്ന ജലത്തിന്റെ നല്ലൊരു ഭാഗവും കടലിലേക്ക് ഒഴുകിപ്പോകുന്നു. കൂടാതെ വേനൽക്കാലത്ത് പുഴകളിലൂടെയും തോടുകളിലൂടെയും ഉപ്പു വെള്ളം കയറി വരുന്നത് തീരപ്രദേശത്തെ ശുദ്ധ ജലത്തിനെ ബാധിക്കുന്നുണ്ട്. ഉപ്പു വെള്ളത്തിന്റെ കടന്നുവരവ് ഈ പ്രദേശങ്ങളിലെ കൃഷിയെ വലിയൊരളവുവരെ ബാധിക്കുന്നുണ്ട്.

നിയന്ത്രണ വിധേയവും പര്യാപ്തവുമായ ജലസേചനം കാർഷികോൽപാദന വർദ്ധനവിന്റെ ആണിക്കല്ലാണ്. വേണ്ടസ്ഥലത്ത്, വേണ്ടസമയത്ത്, വേണ്ടത്ര വെള്ളം, കാലവർഷത്തിൽ ലഭിക്കുന്നില്ല. അതിനാലാണ് കൃത്രിമമായി ജലസേചനം ആവശ്യമായി വരുന്നത്.

ജലസേചനം വ്യാപകമാക്കുക വഴി നെല്ല്, തെങ്ങ്, കമുക്, വാഴ, പച്ചക്കറികൾ തുടങ്ങിയ വിളകളുടെ ഉല്പാദന ക്ഷമതയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുവാൻ കഴിയും. ജലം വേണ്ട സമയത്ത് വേണ്ടത്ര അളവിൽ വേണ്ട സ്ഥലത്ത് എത്തിക്കുക എന്ന സമീപനത്തോടെ പ്രദേശങ്ങൾക്കിണങ്ങിയ ജലസേചന സംവിധാനങ്ങൾ കൂട്ടായ ചർച്ചയുടെ അടിസ്ഥാനത്തിൽ രൂപകല്പന ചെയ്യണം. ഫലപ്രദമായ ജലവിനിയോഗത്തെപ്പറ്റി കർഷകനിൽ അവബോധം വളർത്തണം. ജില്ലയിൽ ജലസേചന വകുപ്പിന്റെ പ്രധാന വൻകിട ജലസേചനപദ്ധതികളായ PVIP, MVIP, IIP പിന്നെ CRDS ന്റെ ഇടതുകരകനാലിന്റെ ഒരു പ്രധാന ഭാഗവുമാണ് ഉള്ളത്. ഇതിനു പുറമെ വൻകിട ചെറുകിട ജലസേചന വിഭാഗവും ഉൾപ്പെടുന്നു. ഓരോ വിഭാഗത്തിന്റെയും പ്രവർത്തനങ്ങൾ താഴെ വിവരിക്കുന്നു.

- **ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ**

ജില്ലയിലെ കാർഷികമേഖലയ്ക്ക് കരുത്ത് പകരുന്ന പദ്ധതികളാണ് ലിഫ്റ്റ്ഇറിഗേഷൻ പദ്ധതികൾ. 1994 -ൽ സംസ്ഥാന രൂപികരണത്തിന് വളരെ മുമ്പുതന്നെ സംസ്ഥാനത്ത് ആദ്യമായി നടപ്പാക്കിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയാണ് പാറക്കടവ് പഞ്ചായത്തിലുള്ള പൂവത്തുശ്ശേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി. ജില്ലയിൽ ഇപ്പോൾ ഏകദേശം 139 ലിഫ്റ്റ്ഇറിഗേഷൻ പദ്ധതികൾ പ്രവൃത്തിക്കുന്നുണ്ട്. 15 H.P മുതൽ 190 H.P വരെ പ്രവർത്തനശേഷിയുള്ള പമ്പുകളും മോട്ടോറുകളുമുള്ള സ്കീമുകളാണ് ഇപ്പോഴുള്ളത്. (അനുബന്ധം 4.1)

ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി 2007-2008 സാമ്പത്തിക വർഷത്തിൽ ഏതാണ്ട് 35 കോടിയോളം രൂപ അനുവദിച്ചിരുന്നു. ആ ഫണ്ട് ഉപയോഗിച്ച് മിക്ക സ്കീമുകളിലും ഓരോ അധിക മോട്ടോറുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ നാശോന്മുഖമായിക്കിടന്നിരുന്ന പമ്പ് ഹൗസുകളിൽ മിക്കവാറും എണ്ണം പുതുക്കിപ്പണിയുകയും ചെയ്തിട്ടുണ്ട്. എന്നാൽ കനാലുകൾ പൂർണ്ണമായും പുനരുദ്ധരിക്കുവാൻ കഴിയാത്തത് വലിയൊരു പ്രശ്നമായി നിലനിൽക്കുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയക്ക് കനാലുകളുടെ ഭാഗങ്ങൾ പുനരുദ്ധരിച്ചു വരുന്നുണ്ട്. മോട്ടോറുകളുടെ അറ്റകുറ്റപ്പണികൾക്ക് മതിയായ ഫണ്ട് ലഭ്യമാകാത്ത അവസ്ഥയും നിലനിൽക്കുന്നു.

ചിത്രം- 4.3



ജലവിതരണം നടത്താത്ത മാസങ്ങളിൽ കനാലുകളിൽ മാലിന്യം തള്ളുന്നത് ഒരു നിത്യസംഭവമാണ്. കനാലുകളിൽ അടിഞ്ഞു കൂടുന്ന മണ്ണും മറ്റു മാലിന്യങ്ങളും കോരിമാറ്റുക, കനാലുകളിൽ മാലിന്യങ്ങളെത്തള്ളി വെള്ളം കെട്ടിക്കിടക്കാൻ ഇടയാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുക, വെള്ളത്തിന്റെ സുഗമമായ ഒഴുക്കിനായി നിർമ്മിച്ച സ്ട്രക്ചറുകൾക്ക് അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾ നടത്തുക, പൂർണ്ണമായും തകർന്നുപോയവ പുനർനിർമ്മിക്കുക തുടങ്ങിയവ ചെയ്യേണ്ടതു അത്യാവശ്യമാണ്. കാർഷിക ആവശ്യത്തിനുപരിയായി കൂടിവെള്ളത്തിനും മറ്റു ശുചീകരണ ആവശ്യങ്ങൾക്കും ലിഫ്റ്റ് ഇറിഗേഷൻ കനാലുകൾ വഴി ലഭിക്കുന്ന വെള്ളത്തിന്റെ നല്ലൊരുപങ്ക് പൊതു ജനങ്ങൾക്ക് വളരെ പ്രയോജനകരമാണ്.

- **സലൈനിറ്റി ബണ്ടുകൾ**

ജില്ലയിലെ തെക്കുപടിഞ്ഞാറൻ മേഖലകളിൽ വേനൽക്കാലത്ത് കായലുകളിൽ നിന്നും ഉപ്പു വെള്ളം കയറി കൃഷി നശിക്കാതിരിക്കുന്നതിനായി ഈ ഡിവിഷന്റെ നിയന്ത്രണത്തിൽ 18 ഉപ്പുവെള്ള നിയന്ത്രണ ബണ്ടുകൾ സ്ഥാപിക്കാറുണ്ട്. ഈ ബണ്ടുകൾ കുടിവെള്ളത്തിന്റെ ലഭ്യതയ്ക്കും വ്യവസായ മേഖലയുടെ സംരക്ഷണത്തിനും കൂടി സഹായകമാണ്.

- **കുളങ്ങളുടെ നവീകരണം**

ഓരോ പഞ്ചായത്തിലെയും കഴിയുന്നതും വലിയ കുളങ്ങൾ കണ്ടെത്തി, പാർശ്വങ്ങൾ പ്രകൃതിദത്തമായി സംരക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. പഞ്ചായത്തുകൾക്ക് മുൻഗണനാക്രമം കണ്ടെത്തി അതാതു വർഷം ഡിപ്പാർട്ടുമെന്റുകളെ അറിയിക്കാവുന്നതാണ്. അതുവഴി വരൾച്ചയുടെ നാളുകളിൽ ഉപയോഗിക്കുന്നതിന് ജലം സംഭരിക്കുവാൻ കഴിയും. പരമ്പരാഗതമായ ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ടത് ഒരു പഞ്ചായത്തിൽ ഒരുകുളം പദ്ധതിയിൽ ഉൾപ്പെടുത്തി 21 വലിയകുളങ്ങൾ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. കൂടാതെ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 20 കുളങ്ങളും RRR പദ്ധതിയിൽ ഉൾപ്പെടുത്തി 6 കുളങ്ങളും നവീകരിച്ചിട്ടുണ്ട്.

- **ചെക്ക് ഡാമുകളുടെ നിർമ്മാണം**

വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി തോടുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനായി 13 ചെക്ക് ഡാമുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ചെക്ക് ഡാമുകളുടെ നിർമ്മാണം വഴി പ്രദേശത്തെ 'വാട്ടർ ടേബിൾ' ഉയർത്തുവാൻ കഴിയും. തദ്വാരാ, ഭൂഗർഭ ജലത്തിന്റെ ഉപയോഗം കുറയ്ക്കുവാൻ കഴിയും.

മേജർ ഇറിഗേഷൻ

കായലുകൾ, മുവാറ്റുപുഴയാർ, പെരിയാർ എന്നീ നദികൾ പ്രധാന കനാലുകൾ എന്നിവയുടെ സംരക്ഷണവും പരിപാലനവും, ജലപാതകളിലെ ജെട്ടികളുടെ നിർമ്മാണം, കടവുകളുടെ നിർമ്മാണം, പരിപാലനം, കടൽക്ഷോഭം തടയുന്നതിനായി നിലവിലുള്ള കടൽഭിത്തികളുടെ അറ്റകുറ്റപണികൾ, പുലിമുട്ടുകളുടെ നിർമ്മാണം, ഉപ്പുവെള്ള നിയന്ത്രണത്തിനായുള്ള റെഗുലേറ്ററുകളുടെ നിർമ്മാണം, ജലദൗർലഭ്യം കുറയ്ക്കുന്നതിനായുള്ള തടയണകളുടെ നിർമ്മാണം എന്നീ പ്രവൃത്തികളാണ് മേജർ ഇറിഗേഷൻ വിഭാഗം നിർവ്വഹിച്ചു വരുന്നത്. (അനുബന്ധം - 4.2)

വെള്ളപ്പൊക്ക നിയന്ത്രണ/നിരോധനപണികൾ

എറണാകുളം ജില്ലയിൽ മുൻകാലങ്ങളിൽ ജലഗതാഗതയോഗ്യമായിവരുന്ന ധാരാളം കനാലുകൾ ഉണ്ടായിരുന്നു. ഇവ ഇപ്പോൾ വീടുകളിൽ നിന്നും മാർക്കറ്റുകളിൽ നിന്നും ഉള്ള മാലിന്യങ്ങൾ, ജലസസ്യങ്ങൾ, എക്കൽ ഇവ നിറഞ്ഞ് ഒഴുക്കില്ലാതെ കിടക്കുകയാണ്. ഇത് ജില്ലയിൽ വെള്ളക്കെട്ടിനും കാരണമാകുന്നു. ഇവയിൽപ്പെട്ട ചില തോടുകൾ ആയ ഇടപ്പള്ളിതോട്, ബൗണ്ടറികനാൽ, വിജയം കനാൽ, ആർ.എം.പി. തോട്, തൂമ്പാത്തോട്, ചെങ്കൽതോട്, അങ്കമാലി -മാഞ്ഞാലി കനാൽ, പെരിയാറിന്റെയും

മൂവാറ്റുപുഴയാറിന്റെയും വിവിധ കൈവഴികൾ എന്നിവ ആഴം കൂട്ടുന്നതിനും വൃത്തിയാക്കുന്നതിനുമായുള്ള പല പ്രവൃത്തികളും ഏറ്റെടുത്തിട്ടുണ്ട്. പലതും ഏറ്റെടുക്കാനും ഉണ്ട്.മൂവാറ്റുപുഴയാറിന്റെയും പെരിയാറിന്റെയും തീരസംരക്ഷണപണികൾ അത്യാവശ്യ സ്ഥലങ്ങളിൽ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ചും ഇത്തരം പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

2) **കടലാക്രമണനിരോധന/പ്രതിരോധ പ്രവൃത്തികൾ**

ജില്ലയിലെ 45.31 കി.മി. കടൽത്തീരത്തിന്റെ സംരക്ഷണ ചുമതല എറണാകുളം ഡിവിഷന്റെ പരിധിയിലാണ്. ഇതിൽ ചെല്ലാനം, മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി ഭാഗങ്ങളിലായി 20.46 കി.മീ ഉം, പള്ളിപ്പുറം, കുഴിപ്പിള്ളി, എടവനക്കാട്, ഞാറക്കൽ മുതലായ പഞ്ചായത്തുകളിലായി 24.85 കി.മീ. ഉം ദൈർഘ്യമുള്ള കടൽത്തീരം ഉണ്ട്. ഇതിൽ ഭൂരിഭാഗവും കടൽഭിത്തി നിർമ്മിച്ച് കഴിഞ്ഞതാണ്. എന്നാൽ രൂക്ഷമായ കടലാക്രമണം മൂലം കടൽഭിത്തിയുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും നടത്തേണ്ടതായി വരുന്നു. കരിങ്കലിന്റെ ക്ഷാമം മൂലം ജിയോബാഗ് ഉപയോഗിച്ചുള്ള പണിയാണ് നിലവിൽ ചെയ്തു വരുന്നത്.

അടുത്തവർഷത്തേക്കായി ചെല്ലാനം മേഖലയിൽ ഏറ്റവും കടലാക്രമണം കൂടുതലുള്ള 905 മീറ്റർ നീളം കടൽഭിത്തി പുനർനിർമ്മിക്കേണ്ടതായിട്ടുണ്ട്. കൂടാതെ ജിയോട്യൂബ് ഉപയോഗിച്ച് 500 മീറ്റർ നീളത്തിൽ കടൽഭിത്തി പുനർനിർമ്മിക്കുവാനും ഉള്ള ശുപാർശ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. വൈപ്പിൻ, എടവനക്കാട് മേഖലകളിലായി ഏകദേശം 6 കി.മീ നീളം രൂക്ഷമായ കടലാക്രമണം നേരിടുന്നുണ്ട്. വൈപ്പിൻ ദ്വീപിലെ കടലാക്രമണത്തെപ്പറ്റി ഐ.ഐ.ടി. മദ്രാസ് പഠനം നടത്തിയിരുന്നു. കടലാക്രമണത്തിന്റെ രൂക്ഷത കുറയ്ക്കാനായി 6 പുലിമുട്ടുകൾ നിർമ്മിക്കണം എന്ന് ഐ.ഐ.ടി. നിർദ്ദേശിച്ചിരുന്നു. ഇതിൽ 2 എണ്ണം സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചു. ബാക്കി 4 എണ്ണം നിർമ്മിക്കേണ്ടതായിട്ടുണ്ട്. കൂടാതെ ടി മേഖലയിലെ കടൽ ഭിത്തി പൂനർ നിർമ്മിക്കേണ്ടതും അത്യന്താപേക്ഷിതമാണ്.

ചിത്രം 4.4



3) **ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുള്ള പദ്ധതികൾ**

ഇതിലേക്കായി കണക്കൻക്കടവ്, മഞ്ഞുമ്മൽ, പാതാളം, പുറപ്പള്ളിക്കാവ് എന്നീ സ്ഥലങ്ങളിൽ സ്ഥിരം റെഗുലേറ്ററുകൾ നിർമ്മിച്ചിട്ടുണ്ട്. ഈ റെഗുലേറ്ററുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തേണ്ടത് വളരെ അത്യാവശ്യമുള്ള പ്രവർത്തികളാണ്.

ഉപ്പുവെള്ളം കയറാതിരിക്കാനായി കടമ്പ്രയാർ കോഴിച്ചിറയിൽ ഒരു റെഗുലേറ്റർ നബാർഡ് സഹായത്തോടെ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്ക് സാമ്പത്തിക സഹായവും ഭരണാനുമതിയും ലഭിയ്ക്കുന്ന മുറയ്ക്ക് നടപ്പിലാക്കാവുന്നതാണ്.

ചിത്രം 4.5



4) ഉൾനാടൻ ഗതാഗതം സുഗമമാക്കുന്നതിനുള്ള പ്രവൃത്തികൾ

ജില്ലയിലെ ബോട്ട് സർവ്വീസ് സുഗമമായി നടത്താൻ വിവിധ ബോട്ട് റൂട്ടുകളിൽ ബോട്ട് ജെട്ടി നിർമ്മാണം, ബോട്ട് റൂട്ടുകളിലെ ചെളി നീക്കം ചെയ്യൽ, ആഴം കൂട്ടൽ, ആവശ്യമായ താങ്ങുകുറ്റികൾ സ്ഥാപിക്കുക തുടങ്ങിയ പണികളും ഏറ്റെടുത്തു നടത്തുന്നുണ്ട്. വിജയം കനാൽ, ഉപ്പത്തിക്കാട് തോട്, നടുവേലിത്തോട് RNP Canal എന്നിവയുടെ പുനരുദ്ധാരണവും വരും വർഷങ്ങളിൽ ഏറ്റെടുത്തു നടത്താൻ ഉദ്ദേശിക്കുന്നു.

ഒരു വർഷത്തിനുള്ളിൽ നിർമ്മാണം ലക്ഷ്യമിടുന്ന പണികൾ

വിജയം കനാൽ, ആർ. എം. പി. തോട്, ചെങ്കൽ തോട്, തൂമ്പാത്തോട്, നടുവേലിത്തോട് , അങ്കമാലി - മാഞ്ഞാലി കനാൽ ഇവ വൃത്തിയാക്കി നീരൊഴുക്കു സുഗമമാക്കുക, ഹൈക്കോർട്ട് മുതൽ മുളവുകാട് വരെയുള്ള ബോട്ട് റൂട്ട് ഗതാഗത യോഗ്യമാക്കൽ, പെരിയാറിന്റെ കൈവഴികളുടെ പുനരുദ്ധാരണം നദീ സംരക്ഷണ പ്രവൃത്തികൾ റെഗുലേറ്ററുകളുടെ അറ്റകുറ്റപണികൾ, വൈപ്പിൻ മേഖലയിലെ പുലിമുട്ടുകളുടെ നിർമ്മാണം, കടൽഭിത്തിയുടെ സംരക്ഷണ-പുനർ നിർമ്മാണ പ്രവർത്തികൾ ഇവയാണ് അടുത്ത ഒരു വർഷത്തിനുള്ളിൽ ഏറ്റെടുത്തു നടത്തേണ്ടത്.

ഒരു വർഷത്തിനുമേൽ നിർമ്മാണം ലക്ഷ്യമിടുന്ന പണികൾ

കോഴിച്ചിറയിലെ റെഗുലേറ്ററിന്റെ നിർമ്മാണം, വിവിധ സ്ഥലങ്ങളിലായി പുതിയ റെഗുലേറ്ററുകളുടെ നിർമ്മാണം, സമഗ്ര നദീതട സംരക്ഷണം ലക്ഷ്യമാക്കിയുള്ള പ്രവൃത്തികൾ , പുലിമുട്ടുകളുടെ നിർമ്മാണം എന്നിവയാണ്.

പെരിയാർവാലി ജലസേചന പദ്ധതി

പെരിയാർ നദീതടത്തിലെ വിവിധ ജലവൈദ്യുത പദ്ധതികളിൽ നിന്ന് ലഭിക്കുന്ന ജലവും അതിന് താഴെയുള്ള സ്വതന്ത്രമായ കാച്ച്മെന്റ് ഏരിയായിൽ നിന്ന് ലഭിക്കുന്ന ജലവുമാണ് ഭൂതത്താൻകെട്ട് ബാരേജിൽ സംഭരിക്കുന്നത്. പ്രസ്തുതജലം ഇടതുകര കനാലിലൂടെ തിരിച്ചുവിട്ട് എറണാകുളം ജില്ലയിലെ 32800 ഹെക്ടർ കൃഷി സ്ഥലത്തിന് ജലസേചനം നൽകാൻ ഉദ്ദേശിക്കപ്പെട്ടതാണ് പെരിയാർവാലി ജലസേചന പദ്ധതി. കോതമംഗലം, മൂവാറ്റുപുഴ, കുന്നത്തുനാട്, ആലുവ, പറവൂർ, കണയന്നൂർ എന്നീ താലൂക്കുകളിൽ ഉൾപ്പെടുന്ന കൃഷി സ്ഥലങ്ങൾക്കാണ് ഈ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കുന്നത്.

1. ഭൂതത്താൻകെട്ടിൽ പെരിയാറിന് കുറുകെയുള്ള പെരിയാർബാരേജ് നീളം : 210.92 മീറ്റർ
2. ഇടതുകരപ്രധാന കനാൽ : 8 കിലോമീറ്റർ
3. താഴ്ന്ന തല കനാൽ (ലോ ലെവൽ കനാൽ) : 20.8കിലോമീറ്റർ

4. ഉയർന്ന തല കനാൽ (ഹൈലെവൽ കനാൽ) : 24കിലോമീറ്റർ

5. ഉപകനാലുകളുംശാഖകളും : 685കിലോമീറ്റർ

6. 3 ലിഫ്റ്റ് ഇറിഗേഷൻ സ്കീം

ചിത്രം 4.6



- പദ്ധതി പ്രവർത്തനം

1956-ൽ പ്രവർത്തനം ആരംഭിച്ച ഈ പദ്ധതി 1967-ൽ ഭാഗികമായി പ്രവർത്തന നിരതമായി. 1976-77 വർഷമായപ്പോഴേക്കും 18880 ഹെക്ടർകൃഷിഭൂമിക്ക് ജലസേചനം സാധ്യമാകത്തക്കവിധം പദ്ധതി പുരോഗമിച്ചു. 1977-ൽ പദ്ധതിവിപുലീകരിക്കുന്നതിനുള്ള നടപടികൾ എടുക്കുകയും ഹൈലെവൽ കനാലുകളും അനുബന്ധകനാലുകളും നിർമ്മിച്ച് പദ്ധതിയുടെ പ്രയോജനം 32800 ഹെക്ടർസ്ഥലത്തക്ക് വ്യാപിക്കുകയുംചെയ്തു.

- മറ്റ് പ്രയോജനങ്ങൾ

പദ്ധതിയുടെ പൂർത്തീകരണത്തോടെ 32800 ഹെക്ടർ കൃഷിഭൂമിക്ക് ജലസേചനം ലഭിക്കുന്നതിന് പുറമെ വിശാലകൊച്ചി മേഖലയിലെ വ്യാവസായികാവശ്യങ്ങൾക്കും കുടിനീരിന് വേണ്ടിയുള്ള ശുദ്ധജല വിതരണത്തിനും പെരിയാറിലെ ഓരുകയറ്റം നിയന്ത്രിക്കുന്നതിനും ലിഫ്റ്റ് ഇറിഗേഷൻ ആവശ്യങ്ങൾക്കും ഈ പദ്ധതി പ്രയോജനപ്പെടുന്നുണ്ട്. കൂടാതെ ഫാക്ട് കൊച്ചിൻ ഡിവിഷന്ആവശ്യമായ വെള്ളവും കനാൽവഴി എത്തിച്ചു കൊണ്ടിരിക്കുന്നു. ഭൂതത്താൻകെട്ട് ബാരേജിന്റെ വലതുകരയിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് 24 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന തിനുള്ള മിനി ഹൈഡ്രോ ഇലക്ട്രിക്ക് പ്രോജക്ടിന്റെ പ്രവർത്തികൾ നടന്നുവരുന്നു. 2018 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്.

- പ്രവർത്തന ഫണ്ട്

കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണിക്ക് വാർഷിക ബഡ്ജറ്റ് തുകയിൽനിന്നും ബാരേജിന്റെ റിപ്പയറിംഗ് വേലകൾ ഡാം സേഫ്റ്റി സ്കീമിൽ ഉൾപ്പെടുത്തിയും ചെയ്യുന്നുണ്ട്. എല്ലാവർഷങ്ങളിലും ബഡ്ജറ്റിൽവകയിരുത്തുന്ന 750കി.മി. വരുന്ന കനാലിന്റെ വാർഷിക അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണ വേലകൾക്കും മതിയായ ബജറ്റിൽ വകയിരുത്താറില്ല. കഴിഞ്ഞ വർഷങ്ങളിലായി 7 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തുന്നത്. 15 കോടി രൂപയെങ്കിലും ബജറ്റിൽ വകയിരുത്തേണ്ടത് അത്യാവശ്യമാണ്.

- കൃഷിയും കൃഷിരീതികളും

നാലു വ്യത്യസ്ത വിളകളാണ് പെരിയാർവാലി പദ്ധതി പ്രദേശത്ത് ഉത്പാദിപ്പിക്കുന്നത്.

മഴക്കാലവിളകൾ - നെല്ല്.

വേനൽക്കാലവിളകൾ - എള്ള്, പയർ തുടങ്ങിയവ.
ഇടവിള- തെങ്ങ്, കമുക്, കപ്പ, പച്ചക്കറികൾ മുതലായവ.
നാണ്യവിളകൾ - റബ്ബർ, കാപ്പി, ജാതി, കൊക്കൊ മുതലായവ.

ഈ പദ്ധതിയുടെ കനാലുകൾ യഥാസമയം അറ്റകുറ്റപണികളും പുനരുദ്ധാരണ പണികളും നടത്തി സംരക്ഷിക്കേണ്ടത് നമ്മുടേയും വരുംതലമുറയുടേയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

മൂവാറ്റുപുഴ നദീതടപദ്ധതി

മൂവാറ്റുപുഴ നദീതട ജലസേചനപദ്ധതി കേരളത്തിലെ ഒരു വിവിധോദ്ദേശ വൻകിട പദ്ധതിയാണ്. മൂലമറ്റം പവ്വർഹൗസിലെ വൈദ്യുതി ഉല്പാദനത്തിനുശേഷം പുറംതള്ളുന്ന ജലവും, തൊടുപുഴ നദിയുടെ വൃഷ്ടിപ്രദേശത്തുള്ള ജലവും പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി വിഭാവനം ചെയ്തിരിക്കുന്നതാണ് ഈ പദ്ധതി. തൊടുപുഴ നദിയിൽ മലങ്കരയിലാണ് അണക്കെട്ട് നിർമ്മിച്ചിരിക്കുന്നത്. ഇടതുകര വലതുകര മെയിൻ കനാലുകൾ, അതിന്റെ ബ്രാഞ്ച്, ഡിസ്ട്രിബ്യൂട്ടറി എന്നീ കനാലുകളിൽക്കൂടി ഇടുക്കി, എറണാകുളം, കോട്ടയം ജില്ലകളിൽ 18173 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇത് കൂടാതെ കുടിവെള്ളപദ്ധതികൾക്കും, ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ഫാക്ടറിക്കും ജലം നൽകുന്നു.10.5 മെഗാവാട്ട് ശേഷിയുള്ള ഹൈഡൽപ്രോജക്ടും ഈ ജലം ഉപയോഗിച്ച് 2005 മുതൽ വൈദ്യുതി ഉൽപ്പാദനം നടത്തിവരുന്നു. വിപുലമായ ടൂറിസം പ്രോജക്ടുകളും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി 1974-ൽ ആരംഭിച്ച് 1994-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. പണി പൂർത്തിയാക്കിയ കനാലിൽക്കൂടി വേനൽക്കാലത്ത് വെള്ളം തുറന്നു വിടുന്നു. ഇതുമൂലം കൃഷിയ്ക്കും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും സാധിക്കുന്നു. ഈ പദ്ധതിയുടെ പുതുക്കിയ അടങ്കൽ തുക 2014 നിരക്കു പ്രകാരം 945 കോടി രൂപയാണ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കനാലുകളുടെ വിവരം താഴെ പറയും പ്രകാരമാണ്.

പട്ടിക-4.3

ക്രമ നം.	കനാലിന്റെ പേര്	ആകെ നീളം	പൂർത്തീകരിച്ചത്	പുരോഗതിയിലുള്ളത്	ചെയ്യാനുള്ളത്	പൂർത്തികരിച്ച നിരക്ക്
1.	മെയിൻ കനാൽ	65.437	65.437	-	-	100.000
2.	ബ്രാഞ്ചുകൾ	57.154	54.645	2.509	-	96.000
3.	ഡിസ്ട്രിബ്യൂട്ടറീസ്	213.000	191.159	15.475	6.358	90.000
	ആകെ	335.591	311.241	17.984	6.358	93.000

അവലംബം: ജലസേചന വകുപ്പ്

എറണാകുളം ജില്ലയിലെ പാലക്കുഴ, ആരക്കുഴ, മാറാടി, മേമുറി, രാമമംഗലം, ഓണക്കൂർ, തിരുമാറാടി, കൂത്താട്ടുകുളം, ഇലഞ്ഞി, പിറവം, മുളക്കുളം, കല്ലൂർക്കാട്, മഞ്ഞള്ളൂർ, ഏനാനല്ലൂർ, മൂവാറ്റുപുഴ, പോത്താനിക്കാട്, വാരപ്പെട്ടി തുടങ്ങിയ വില്ലേജുകളിൽപ്പെട്ട സ്ഥലങ്ങൾ ഈ പദ്ധതിയുടെ ആയക്കട്ട് ഏരിയായിൽവരുന്നു. മേൽപ്പറഞ്ഞ വില്ലേജുകളിൽ 10986 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുവാൻ ഈ പദ്ധതികൊണ്ട് സാധിക്കും. നിലവിൽ പുരോഗതിയിലുള്ള പ്രവൃത്തികളായ മടക്കത്താനം, ആനിക്കാട് ഈസ്റ്റ്, ഇലഞ്ഞി, ഇടയാർ എന്നീ ഉപകനാലുകൾ പൂർത്തിയാക്കുന്നതോടെ ഈ പദ്ധതി 2018 ഡിസംബറോടുകൂടി പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. ആയക്കട്ടിൽ ഉൾപ്പെട്ട CADWM ൽ വരുന്ന പ്രവൃത്തികൾ 7/2012-ൽ ആരംഭിച്ചു. ഇതുവരെ 1992 ഹെക്ടർ സ്ഥലത്തേക്കുള്ള ജോലികൾ പൂർത്തിയായി. ബാക്കിയുള്ള പ്രവൃത്തികൾ 2020 മാർച്ചിൽ തീർക്കാനാണ് ഉദ്ദേശിക്കുന്നത്. ഇടതുകര വലതുകര പ്രധാന കനാലുകളുടെ വിശദാംശം എന്നിവ ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം 4.3).

കാലാനുസൃതമായ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തിയാൽ മാത്രമേ സുഗമമായ ജലവിതരണം സാധ്യമാകൂ. മാർച്ച് 2020-നു ശേഷം ജലവിതരണത്തിനു വേണ്ട അറ്റകുറ്റപ്പണികളാണ് നടത്തുവാനുള്ളത്.

ഇടമലയാർ ജലസേചന പദ്ധതി

ഇടമലയാർ വൈദ്യുത പദ്ധതിയുടെ എണ്ണക്കൽ ഡാമിൽ നിന്ന് വൈദ്യുതി ഉല്പാദനത്തിന് ശേഷം പുറത്തേക്ക് വിടുന്ന വെള്ളം പെരിയാർ നദിയിൽ ഭൂതത്താൻകെട്ട് ബാരേജിൽ തടഞ്ഞുനിർത്തി പെരിയാറിന്റെ വലതുകരയിലുള്ള കനാലുകളിൽകൂടി ഇടമലയാർ കനാലിലേക്കും ഇടതു കരയിലുള്ള കനാലിലൂടെ പെരിയാർവാലി

കനാലിലേക്കും തിരിച്ചുവിടുന്നു. ഈ പദ്ധതി പ്രകാരം ഇടമലയാർ കനാലിലൂടെ തിരിച്ചു വിടുന്ന ജലം ഉപയോഗപ്പെടുത്തി എറണാകുളം ജില്ലയിൽ ആലുവ, പറവൂർ താലൂക്കുകളിലും തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലുമായി 14394 ഹെക്ടർ പ്രദേശത്ത് കൃഷിയാവശ്യത്തിന് വെള്ളം എത്തിക്കുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഭൂതത്താൻകെട്ട് ബാരേജിന്റെ വലതുകരയിൽ നിന്നും ആരംഭിക്കുന്ന മെയിൻ കനാൽ (32.278 കി.മി.), ലോ ലെവൽ കനാൽ (27.25 കിലോമീറ്റർ), ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിലേക്ക് കൂടുതൽ ജലം നൽകുന്നതിലേക്ക് വേണ്ടിയുള്ള 7.575 കി. മീ. വരുന്ന ലിങ്ക് കനാൽ എന്നീ മൂന്നു കനാലുകളും ചേർന്നുള്ളതാണ് ഈ പദ്ധതി. പ്രധാന കനാലിന്റെ നിർമ്മാണം 1981-ൽ ആരംഭിച്ചു. ഇതിൽ മെയിൻ കനാലും 27 കിലോമീറ്ററോളം വരുന്ന ലൊ- ലെവൽ കനാലിന്റെ 10.49 കി.മീ. വരെയും ഇപ്പോൾ ജലവിതരണം നടത്തിയിട്ടുണ്ട്

പട്ടിക-4.4

പദ്ധതിയുടെ ആയക്കട്ട് വിശദാംശങ്ങൾ		
1	മെയിൻ കനാൽ	999 ഹെക്ടർ
2	ലോ ലെവൽ കനാൽ	4672 ഹെക്ടർ
3	ചാലക്കുടി റിവർ ഡൈവർഷൻ	7766 ഹെക്ടർ
	സ്കീമിലെ ഇടതുകരകനാൽ	
4	ചാലക്കുടി റിവർ ഡൈവർഷൻ	957 ഹെക്ടർ
	സ്കീമിലെ വലതുകര കനാൽ	
	ആകെ	14394 ഹെക്ടർ

അവലംബം: ജലസേചന വകുപ്പ്

32.278 കിലോമീറ്റർ നീളം വരുന്ന പ്രധാന കനാലിന്റെ 20.269 കി.മീ. നീളം പൂർണ്ണമായും സർക്കാർ വക വനഭൂമിയിൽക്കൂടിയാണ് കടന്നുപോകുന്നത്. 4.341 കി.മീ. കനാൽ സർക്കാർ വനഭൂമിയിൽക്കൂടിയും സ്വകാര്യ മേഖലയിൽക്കൂടിയും ഇടകലർന്ന് പോകുന്നു. ബാക്കി വരുന്ന 7.368 കി.മീ. നീളം സ്വകാര്യ ഭൂമിയിൽക്കൂടി മാത്രം കടന്നുപോകുന്നു. 2003-2004- ൽ മാത്രമാണ് പൂർണ്ണമായി വനഭൂമി കൈമാറി ഇടമലയാർ പ്രോജക്ടിന്റെ മെയിൻ കനാൽ പണികൾ തുടങ്ങാൻ സാധിച്ചത്.

ഐ.ഐ.പി. മെയിൻ കനാലിന്റെ അവസാന ഭാഗമായ ചെ.32.278 കി.മീറ്ററിൽ നിന്നും

ചാലക്കുടി ഇടതുകര കനാലിലേക്ക് ലിങ്ക് കനാൽ (7.575 കിലോമീറ്റർ) വഴി ജലം എത്തിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. പുതിയ അലൈമെന്റ് പ്രകാരം ചീരേലിയിൽനിന്നും ആരംഭിക്കുന്ന ലിങ്ക് കനാൽ ചെ.4/025 കി.മീറ്ററിൽ ഇപ്പോൾ ഇടതുകര കനാലിന്റെ ബ്രഞ്ച് കനാലായ പൂതംകുറ്റി ബ്രാഞ്ച് കനാലിന്റെ ചെ.3/550 കി.മീറ്ററിൽ ചെന്ന് ചേരുന്നു. പൂതംകുറ്റി ബ്രാഞ്ച് കനാലിന്റെ ഈ ചെ .3/550 കി.മീറ്റർ നീളം നവീകരിച്ച് നിർദ്ദിഷ്ട ലിങ്ക് കനാലായി ചാലക്കുടി ഇടതുകര കനാലിൽ എത്തിക്കുന്നു.

A മെയിൻ കനാൽ

മെയിൻ കനാൽ 32.278 കി.മീ. നീളം വരെ കനാൽ നിർമ്മാണം പൂർത്തിയാക്കി 2013 മുതൽ ജലവിതരണം ആരംഭിച്ചിട്ടുണ്ട്. 26-ാം കിലോമീറ്ററിലെ സ്ലൂയിസ് വഴി മണപ്പാട്ടുചിറയിലേക്ക് വെള്ളംഎത്തിക്കുന്നുണ്ട്.

B ലൊ-ലെവൽ കനാൽ

27.25 കി.മീ. ദൈർഘ്യമുള്ള ലോ ലെവൽ കനാലിന്റെ ചെ.10490 മീ. വരെയുള്ള എല്ലാ പണികളും പൂർത്തീകരിച്ച് വെള്ളം ഒഴുക്കിയിട്ടുണ്ട്. ചെ.10490 മീ. മുതൽ 15000മീ. വരെയുള്ള ഭാഗത്ത് ചില റീച്ചുകൾ ഒഴികെ (എം.സി റോഡ് ക്രോസ്സിംഗ്, റെയിൽവേ ക്രോസ്സിംഗ്, എൻ.എച്ച് ക്രോസ്സിംഗ്) പണികൾ പൂർത്തികരിക്കുവാനുണ്ട്.

ലോ ലെവൽ കനാലിൽ നിന്നും ചാലക്കുടി ഇടതുകര കനാലിലേക്കുള്ള സ്ലൂയിസുകൾ വഴി 2013 മുതൽ മഞ്ഞപ്ര, കാലടി,വേങ്ങൂർ എന്നീ കനാലുകളുടെവാലറ്റം വരെയുള്ള ഭാഗത്ത് സമൃദ്ധമായി ജലവിതരണം നടത്തുവാൻ സാധിച്ചിട്ടുണ്ട്. മെയിൻ കനാൽ 27-ാം കിലോമീറ്റർ പൈപ്പ് സ്ലൂയിസ് വഴിയും ജലവിതരണം നടത്തുന്നുണ്ട്. പദ്ധതിയുടെ ആകെ 14394 ഹെക്ടർ 2998 ഹെക്ടർ ആയക്കെട്ട് ആയക്കെട്ടിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ലോലെവൽ കനാലിന്റെ 15-ാം കിലോമീറ്റർ വരെ ശേഷിക്കുന്ന പണികളും ഒരുബ്രാഞ്ച് കനാലിന്റെ പ്രവൃത്തികൂടി പൂർത്തീകരിച്ചാൽ 4464 ഹെക്ടർ ആയക്കെട്ട് കൈവരിക്കാൻ സാധിക്കും. ചാലക്കുടി പദ്ധതിയുടെ പുനരുദ്ധാരണവും ലോലെവൽ കനാലിന്റെ 15-ാം കിലോമീറ്റർ വരെ ശേഷിക്കുന്ന പണികളും പൂർത്തീകരിച്ചാൽ മൊത്തം ആയക്കെട്ട് 13602 ഹെക്ടർ കൈവരിക്കുവാൻ സാധിക്കും. ഈ പദ്ധതിക്ക് 31.03.2017 വരെ 433 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇടമലയാർ ജലസേചന പദ്ധതി കടന്നു പോകുന്ന പ്രദേശത്തെ പഞ്ചായത്ത്/നിയോജമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 4.4 ൽ ചേർത്തിരിക്കുന്നു.

നിലവിലെ സ്ഥിതി

എൺപതുകളുടെ അവസാനം വരെ പൊതുമരാമത്ത് വകുപ്പിനു കീഴിൽ ജല സേചന വിഭാഗമായും അവയുടെ ഉപവിഭാഗങ്ങളായും പ്രവർത്തിച്ചിരുന്നവയെല്ലാം ഇപ്പോൾ കൂടുതൽ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി ഇറിഗേഷൻ എന്ന വകുപ്പിനു കീഴിലാണ് പ്രവർത്തിക്കുന്നത്. പ്രോജക്ട് വിഭാഗം, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, കോസ്റ്റൽ എഞ്ചിനീയറിംഗ് വിഭാഗം, ഗവേഷണ വിഭാഗം എന്നിവയും ഈ വകുപ്പിന് കീഴിലാണ്. ജില്ലയിൽ കാർഷിക വികസനത്തിനായി ഏറ്റവും കൂടുതൽ മുതൽ മുടക്ക് ഉണ്ടായിട്ടുള്ളത് ഏകദേശം 35 വർഷം കൊണ്ട് കമ്മീഷൻ ചെയ്ത പെരിയാർ വാലി ജലസേചനപദ്ധതിയും (മുഴുവൻ പ്രയോജനവും ജില്ലയ്ക്ക്) 74 -ൽ ആരംഭിച്ച് ഇരുപത് വർഷത്തിനു ശേഷം 94 -ൽ ഭാഗികമായി കമ്മീഷൻ ചെയ്ത മൂവാറ്റുപുഴ ജലസേചന പദ്ധതിയുമാണ്. (ജില്ലയ്ക്ക് ഭാഗിക പ്രയോജനം).

കേരളത്തിലെ മറ്റു ജില്ലകളെ അപേക്ഷിച്ച് കേരളത്തിലെ ജനങ്ങൾ കൃഷിയെ മുഖ്യ വരുമാന സ്രോതസ്സായി ആശ്രയിക്കുന്നത് കുറവാണ്. സംസ്ഥാന ആസൂത്രണ വകുപ്പ് പുറത്തുവിട്ട സാഹചര്യ വിലയിരുത്തൽ സർവ്വേ പ്രകാരം 2012-13 ൽ കേരളത്തിലെ കാർഷിക കുടുംബങ്ങൾ ഗ്രാമീണ കുടുംബങ്ങളുടെ 27 ശതമാനമായിരുന്നു. (എല്ലാ സംസ്ഥാനങ്ങളിലും വെച്ച് ഏറ്റവും കുറവ്) ഗ്രാമീണ കേരളത്തിലെ കാർഷിക കുടുംബങ്ങളിൽ 61 ശതമാനം പേരും കുടുംബ വരുമാനത്തിന്റെ പ്രധാന ഭാഗം കാർഷികേതര സ്രോതസ്സുകളിൽ നിന്നാണ് സമ്പാദിക്കുന്നത് എന്നുള്ളത് വരുമാന സ്രോതസ്സുകളുടെ ബഹുസ്വരതയും കേരളത്തിന്റെ ഗ്രാമീണ മേഖലയുടെ സവിശേഷതയും ചൂണ്ടിക്കാണിക്കുന്നു.

ജലഉപയോഗത്തിൽ മുൻപന്തിയിൽ നിൽക്കുന്നത് കാർഷികമേഖലയാണ്. ജല സേചന ആവശ്യത്തിനുള്ള വെള്ളം മിതമായി ചിലവഴിക്കുന്നതുവഴി കൂടുതൽ ജലം മറ്റ് ഉപയോഗത്തിനും ഗാർഹിക ആവശ്യങ്ങൾക്കും ഉപയോഗിക്കുവാൻ കഴിയും. ലഭ്യമായ പ്രകൃതി വിഭവങ്ങളിൽ ഏറ്റവും കൂടുതൽ അനുചിതമായി ഉപയോഗിക്കുന്നത് ജലസേചന ആവശ്യത്തിനുള്ള ജലമാണ്. ഇതുമൂലം, ചില പ്രദേശങ്ങളിൽ കുടിവെള്ളത്തിനു ജലസേചന ആവശ്യത്തിനും കടുത്ത ക്ഷാമം അനുഭവപ്പെടുന്നു. എന്നാൽ മറ്റ് ചില പ്രദേശങ്ങളിൽ വെള്ളം കെട്ടികിടക്കുന്നതു മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാകുന്നു. ആയതിനാൽ ജലവിതരണം എന്ന പരമ്പരാഗതമായ രീതിയിൽ നിന്നും ജലം സംരക്ഷണം എന്നതിലേക്ക് ഒരു മാതൃകാപരമായ മാറ്റം ആവശ്യമാണ്. ജലസമ്പത്തും പരിസ്ഥിതിയും നിലനിർത്തുന്നതിനും സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിനും ഇത് ആവശ്യമാണ്.

കേരളത്തിലെ കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിലെ ഒരു പ്രധാന തടസ്സം ജലസേചന സൗകര്യങ്ങളിലെ കുറവാണ്. ആസൂത്രണ ബോർഡ് പുറത്തുവിട്ട കണക്കുകളിൽ മൊത്തം കൃഷി ചെയ്ത പ്രദേശത്തിൽ മൊത്തം ജലസേചനം ചെയ്യപ്പെട്ട പ്രദേശത്തിന്റെ (gross irrigated area) പങ്ക് 18 ശതമാനമായിരുന്നു. വലുതും ഇടത്തരവുമായ ജലസേചന പദ്ധതികളിൽ നിന്നും ചെറുകിട ജലസേചന പദ്ധതികളിലേക്കുള്ള മാറ്റത്തിന് ഊന്നൽ നൽകാനാണ് പതിമൂന്നാം പദ്ധതി ലക്ഷ്യമിടുന്നത്. കനാലുകളുടെ ആധുനികവത്കരണത്തിന് കടുത്ത ജല ദൗർലഭ്യമുള്ള പ്രദേശങ്ങളിലെ ജലസേചനം വ്യാപിപ്പിക്കുന്നതിനുമാണ് പ്രത്യേകം പ്രാധാന്യം നൽകുന്നത്.

2016 കാലവർഷ കുറവും തുലാവർഷം ഇല്ലാതായതും വലിയതോതിലുള്ള അനിശ്ചിതത്വം സൃഷ്ടിച്ചു. കുടിവെള്ളത്തിന് പ്രാമുഖ്യം നൽകിയിട്ടു മതി ജലസേചനം എന്നതുകൊണ്ട് കേരളത്തിലെ പല ജില്ലകളും കൃഷിക്ക് വെള്ളം കൊടുക്കുന്നത് 2016-ൽ നിർത്തി വെച്ചു. 2016-ൽ ആണ് വയനാട്, പാലക്കാട് ജില്ലകളിൽ കടുത്ത വരൾച്ച ബാധിച്ചത്. പക്ഷേ പെരിയാർവാലി ജലസേചന പദ്ധതി, 139 ഓളം ചെറുകിട ജലസേചന പദ്ധതികൾ, മൂവാറ്റുപുഴ വാലി പദ്ധതി, ഇടമലയാർ പദ്ധതി ഇവയുടെ നിറസാന്നിദ്ധ്യം എറണാകുളം ജില്ലയെ വരൾച്ചയിൽ നിന്നും ഒരു പരിധിവരെ സംരക്ഷിച്ചു. മഴയെ മാത്രം ആശ്രയിക്കാതെ സമൃദ്ധമായി മഴ ലഭിക്കുന്ന വർഷങ്ങളിൽ ജലം ശേഖരിച്ചുവെക്കാനുള്ള മാർഗ്ഗങ്ങളാണ് നമ്മൾ സ്വീകരിക്കേണ്ടത്. വലിയ കുളങ്ങൾ ജലസംഭരണികളായി മാറ്റണം. ഒഴുകുന്ന ജലത്തെ പിടിച്ചു നിർത്താനുള്ള മാർഗ്ഗങ്ങളാണ് പ്രധാനമായും ചെയ്യേണ്ടത്. കിണറുകൾ നന്നാക്കി വർഷകാലത്ത് ജലംസംഭരിക്കുകയാണെങ്കിൽ കുടിവെള്ള പ്രശ്നം വലിയൊരളവിൽ പരിഹരിക്കാം.ജലം ദുരുപയോഗം ചെയ്യുന്നത് ജല സാക്ഷരതയിലൂടെ വലിയൊരളവുവരെ തടയാൻ കഴിയും.

ജനകീയ ആവശ്യങ്ങൾ

ജനങ്ങൾക്ക് ശുദ്ധമായ വെള്ളം ലഭ്യമാക്കുക എന്നതാണ് പ്രധാന ആവശ്യം. കുടിവെള്ളത്തിനും ജലസേചന സൗകര്യങ്ങൾക്കുമായി ജനങ്ങൾ മുറവിളി കൂട്ടുന്നു. വർദ്ധിച്ചു വരുന്ന മാലിന്യ നിക്ഷേപം മൂലം ജലാശയങ്ങളിലെ ജലം ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയാണത്. വലിയ നദികളെ ബന്ധിപ്പിക്കുന്ന കൈത്തോടുകളും ചെറുതോടുകളും പൂർണ്ണമായും മൂടപ്പെട്ടതു മൂലം ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുന്നു. മൂടപ്പെട്ട് പോയ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ച് ജലക്ഷാമം പരിഹരിച്ച് കൃഷി പ്രോത്സാഹിപ്പിക്കുക എന്നതാണ് പ്രധാന ആവശ്യം. താഴ്ന്നപ്രദേശങ്ങളിൽ കുടിവെള്ളം ലഭിക്കുന്നതിന് പുറമെ നദികളിലെയും കനാലുകളിലേയും വെള്ളം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പറ്റുന്ന തരത്തിൽ ശുദ്ധമായിരിക്കണം. പക്ഷെ നിർഭാഗ്യവശാൽ ഈ മേഖലയിലെ കനാലുകളിലെയും തോടുകളിലെയും ജലം

കൈകൊണ്ടു തൊടാൻ പറ്റാത്ത തരത്തിൽ മലിനമാണ്. കുളിക്കാനും തുണി അലക്കാനും മറ്റു ആവശ്യങ്ങൾക്കും ഉതകുന്ന തരത്തിൽ കനാലിലെയും തോടുകളിലെയും ജലം ഉപയുക്തമാകുന്ന തരത്തിൽ മാറ്റം വരണമെന്നതാണ് ജനകീയ ആവശ്യം.

വാട്ടർ ബഡ്ജറ്റ്

ഏതെങ്കിലും ഒരു പ്രത്യേക വിഷയങ്ങളിൽ ഊന്നിയുള്ള വികസന പ്രവർത്തനങ്ങൾ ആണ് വിവിധ വകുപ്പുകൾ ഏറ്റെടുത്തിരുന്നത്. എന്നാൽ അടിസ്ഥാനപരമായ ചില പ്രവർത്തനങ്ങളിൽ ശ്രദ്ധ വിട്ടുകൊണ്ട് ഒറ്റപ്പെട്ട രീതിയിലുള്ള ഇത്തരം വികസനപ്രവർത്തനങ്ങൾ നാൾക്കു നാൾ മറ്റും വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനമായ ഒന്നാണ് ജലദൗർലഭ്യം. ആവശ്യത്തിലധികം മഴയും, തോടുകളും, പുഴകളും ഉള്ളതു കൊണ്ട് കൃത്യമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ വളരെ കുറവായിരുന്നു. ചുരുക്കത്തിൽ ഇല്ലായിരുന്നു എന്നു തന്നെ പറയാം. ഏതൊരു വികസനപ്രവർത്തനങ്ങൾക്കും ജലം ഒരു അടിസ്ഥാന ഘടകം തന്നെയാണ്. കുടിവെള്ളം, കൃഷി, മൃഗസംരക്ഷണം, വൈദ്യുതി ഉത്പാദനം, വ്യവസായ യൂണിറ്റുകൾ, പരിസ്ഥിതി സംരക്ഷണം എല്ലാത്തിനും ജലത്തിന്റെ ആവശ്യം ഏറെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. നാൾക്കുനാൾ ഉണ്ടാകുന്ന വളർച്ചക്കനുസരിച്ച് ജലത്തിന്റെ ആവശ്യം കൂടി വരുന്നു. എന്നാൽ ആവശ്യങ്ങൾക്കനുസരിച്ചുള്ള ജലം നമ്മുക്ക് നിലവിൽ ലഭ്യമല്ല. ജലസംഭരണവും സംരക്ഷണവും ഇല്ലാത്തതാണ് ഇതിനുള്ള പ്രധാന കാരണം. വളർച്ചക്ക് അനുസരിച്ചുള്ള ആവശ്യകത തിട്ടപ്പെടുത്താത്തതും ലഭ്യതയിലുണ്ടാകുന്ന കുറവിനെ കുറിച്ച് അറിയാത്തതുമാണ് ജലസംരക്ഷണ സംഭരണ പ്രവർത്തനങ്ങളിൽ ശ്രദ്ധ കൊടുക്കാതിരുന്നത്. നമ്മുടെ ആവശ്യകത തിട്ടപ്പെടുത്തി നിലവിലും ഭാവിയിലേയ്ക്കുമുള്ള ജലസംഭരണ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള ഒരു പ്രവർത്തനമാണ് വാട്ടർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജില്ലാ തലത്തിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തി ജില്ലാ വാട്ടർ ബഡ്ജറ്റും സംസ്ഥാന വാട്ടർ ബഡ്ജറ്റും തയ്യാറാക്കിയിട്ടുണ്ട്. ജില്ലാ തലത്തിൽ തയ്യാറാക്കിയ കണക്കുകളിൽ നിന്നും ബ്ലോക്കുതലകണക്കുകൾ തയ്യാറാക്കി ഓരോ ബ്ലോക്കിന്റെയും നിലവിലെയും ഭാവിയിലെയും ആവശ്യങ്ങൾ പരിഹരിക്കുന്നതിനായുള്ള ജലസംരക്ഷണ-സംഭരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്. ജില്ലയിൽ ലഭിക്കുന്ന മഴയുടെ അളവ് ശരാശരി 2950 മി. മീ. എന്നാൽ കഴിഞ്ഞ വർഷത്തെ ഓരോ മാസത്തെയും മഴയുടെ ലഭ്യതയിൽ ഗണ്യമായ കുറവ് അനുഭവപ്പെടുന്നു. ലഭിക്കുന്ന മഴയുടെ കരുതലോടെയുള്ള ഉപയോഗവും സംഭരണവും ഈ പ്രതിസന്ധി പരിഹരിക്കാൻ അത്യാവശ്യമാണ്.

4.3 മണ്ണു-ജല സംരക്ഷണം.

കാർഷിക വളർച്ചയുടെ അടിസ്ഥാന ഘടകമാണ് മണ്ണു-ജലസംരക്ഷണം. ഭൂമിയുടെ ഉപരിതലത്തിലെ 30സെ.മീ. ആഴത്തിലുള്ള മണ്ണാണ് മനുഷ്യജീവിതത്തെ നിലനിർത്തുന്നത്. കേരളത്തിൽ ശരാശരി 3000മി.മീ. മഴ ഓരോ വർഷവും ലഭിക്കുന്നുണ്ടെങ്കിലും വേനൽ ക്കാലത്ത് വരൾച്ചയും മഴക്കാലത്ത് വെള്ളപ്പൊക്കവും അനുഭവിക്കുന്ന ഗതികേടിലാണ് നാമിപ്പോൾ എത്തിനിൽക്കുന്നത്. മണ്ണിന്റെ ആരോഗ്യത്തിനാവശ്യമായ വിവിധ രാസ, ഭൗതിക ഗുണങ്ങൾ പരിശോധിച്ച് വിലയിരുത്തുക, അവയുടെ ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക, മണ്ണൊലിപ്പ് തടയുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക, മണ്ണിന്റെ ആരോഗ്യം നിലനിർത്തുക, ഇതുമായി ബന്ധപ്പെട്ട വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് പൊതുസമൂഹത്തിൽ മണ്ണെന്ന അമൂല്യപ്രകൃതി വിഭവത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക എന്നിവ വകുപ്പിന്റെ

പ്രവർത്തന ലക്ഷ്യങ്ങളാണ്. താരതമ്യേന ഉയർന്ന വർഷപാതവും നിമ്നോന്നതമായ ഭൂപ്രകൃതിയും കണക്കിലെടുക്കുമ്പോൾ കേരളത്തിലെ കാർഷിക വികസനത്തിന്റെ അടിത്തറ ഭദ്രമാക്കുന്നതിന് മണ്ണ് സംരക്ഷണം അത്യന്താപേക്ഷിതമായ ഒരു പ്രക്രിയയാണ്.

നീർത്തട അടിസ്ഥാനത്തിലുള്ള മണ്ണു ജല സംരക്ഷണ പ്രവർത്തനം ഓരോ നീർത്തട ത്തിലേയും ഭൂമിയുടെ കിടപ്പ് മണ്ണിന്റെ തരം മുതലായവ കണക്കിലെടുത്താണ് മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്. ചരിവുള്ള പ്രദേശങ്ങളിൽ മണ്ണു സംരക്ഷണ പ്രവർത്തനത്തിനും വെള്ളക്കെട്ടുള്ള താഴ്ന്ന പ്രദേശങ്ങളിൽ ജലനിർഗ്ഗമനത്തിനും മഴ കുറഞ്ഞ പ്രദേശങ്ങളിൽ മഴ പെയ്യുന്ന സ്ഥലത്തുതന്നെ സംഭരിക്കാനുള്ള പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കേണ്ടത്.

നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടാതെ ജലവിതാനം താഴ്ന്ന് ജലക്ഷാമവും വരൾച്ചയും ഉണ്ടാകുന്നു. നിലവിലുള്ള തോടുകൾക്കും നീർച്ചാലുകൾക്കും ശരിയായ രീതിയിൽ സംരക്ഷണം നൽകാത്തതുമൂലം ഇരുകരകളും ഇടിഞ്ഞ് നീരൊഴുക്ക് തടസ്സപ്പെടു കയും തന്മൂലം വർഷകാലങ്ങളിൽ കൃഷിനിലങ്ങളിൽ രൂക്ഷമായ വെള്ളക്കെട്ട് അനുഭവപ്പെടു കയും വേനൽക്കാലങ്ങളിൽ യഥാസമയം വെള്ളം ലഭിക്കാത്തതുമൂലം കൃഷിനടപ്പാക്കാനാവാതെ കർഷകർ ഭൂമി തരിശ്ശിടുകയും ചെയ്യുന്നു.

അവസ്ഥാ വിശകലനം

എറണാകുളം ജില്ലയിലൂടെ ഒഴുകുന്ന പ്രധാനപ്പെട്ട മൂന്ന് പുഴകളാണ് പെരിയാർ, മൂവാറ്റുപുഴ, ചാലക്കുടി എന്നിവ. ഈ മൂന്ന് നദികളുടെ തടങ്ങൾ (റിവർബേസിൻ) വലിയ വനീർത്തടമായി പരിഗണിച്ച് വേണം മണ്ണ് ജല സംരക്ഷണ പദ്ധതികൾ നടപ്പിലാക്കേണ്ടത്. ഭൂപ്രകൃതി അനുസരിച്ച് മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി തിരിച്ച് ഓരോന്നിനും അനുയോജ്യമായ സംരക്ഷണപ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്. ഇവ ഓരോന്നിന്റെയും ഇന്നത്തെ അവസ്ഥ, നടപ്പിലാക്കിയ പദ്ധതികൾ പ്രശ്ന പരിഹാരമാർഗ്ഗങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

കടൽ നിരപ്പിൽ നിന്നും 75 മീ. മുകളിലുള്ള സ്ഥലങ്ങളാണ് മലനാടായിട്ട് പരിഗണിക്കുന്നത്. ചെങ്കുത്തായ ചരിവുള്ള ഭൂപ്രകൃതിയോടുകൂടിയതാണ് ഈ പ്രദേശം. വീതി വളരെ കുറഞ്ഞതും, ചരിവ് കൂടിയതുമായ തോടുകളാണ് ഇവിടെയുള്ളത്. ജില്ലയുടെ കിഴക്കേ ഭാഗത്തായി ഏകദേശം 30%ത്തോളം വിസ്തൃതിയോടുകൂടിയതും 8000 ഹെക്ടർ വനമേഖല ഉൾപ്പെടുന്നതുമാണ് ഈ പ്രദേശം. കുട്ടമ്പുഴ പഞ്ചായത്ത് ഏതാണ്ട് പൂർണ്ണമായും, കൂത്താട്ടുകുളം, ഇലഞ്ഞി പഞ്ചായത്തുകളുടെ കാൽ ഭാഗത്തോളവും, കല്ലൂർക്കാട് പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തുകളുടെ എട്ടിൽ ഒന്ന് ഭാഗവും ഉൾപ്പെടുന്ന പ്രദേശമാണ് മലനാട് .

നിലവിലുള്ള സ്ഥിതി.

വെള്ളപ്പൊക്കത്തേയും വരൾച്ചയേയും പ്രതിരോധിക്കാൻ വനങ്ങൾ സുപ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. മഴക്കാലത്ത് രണ്ട് മൂന്ന് മഴ ലഭിച്ചതിന് ശേഷം മാത്രമേ വനമേഖലയിൽനിന്ന് മഴവെള്ളം പുറത്തേക്ക് ഒഴുകുകയുള്ളൂ. ഈ കാരണം കൊണ്ടു തന്നെ താഴ്ന്നപ്രദേശത്തെ വെള്ളപ്പൊക്കം അത്ര പെട്ടെന്ന് ബാധിക്കാതിരിക്കുന്നത്. വനം ഇപ്രകാരം വെള്ളം സംഭരിക്കുന്നതു കൊണ്ടാണ് വേനൽക്കാലത്ത് പുഴകളിൽ വെള്ളത്തിന്റെ ഒഴുക്ക് നിലനിർത്താൻ സാധിക്കുന്നത്. വനങ്ങൾ വരൾച്ചയെയും വെള്ളപ്പൊക്കത്തേയും ഒരുപോലെ നിയന്ത്രിക്കുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് മൊത്തത്തിലുള്ള വനവിസ്തൃതിയും, നിബിഡ വനങ്ങളുടെ വിസ്തൃതിയും വളരെ കുറവായതിനാൽ വേനൽക്കാലത്ത് അതിരൂക്ഷമായ വരൾച്ചയെ നേരിടുന്നു. ഈ വനപ്രദേശത്തിന്റെ ഭൂരിഭാഗം സ്ഥലത്തും വ്യാപകമായി റബ്ബർ കൃഷിയായി തരംമാറ്റപ്പെട്ടതുകാരണം വരൾച്ച

കുറച്ചുകൂടി രൂക്ഷമായി അനുഭവപ്പെടുന്നു. ടി പ്രദേശത്ത് മണ്ണൊലിപ്പ് നിയന്ത്രിക്കുന്നതിനും ജലസംരക്ഷണത്തിനും വനവൽക്കരണമാണ് ആവശ്യമായിട്ടുള്ളത്. ആയതിന് നല്ല വേരോട്ടമുള്ള പലതരം വൃക്ഷങ്ങളാണ് വെച്ചു പിടിപ്പിക്കേണ്ടതാണ്. ഭാരിച്ച തോതിൽ വെള്ളം വലിച്ചെടുക്കുന്ന അക്കേഷ്യ, യൂക്കാലി, പോലുള്ള മരങ്ങൾ ഈ മേഖലയിൽ പ്രോത്സാഹിപ്പിക്കാൻ പാടുള്ളതല്ല. കൂടാതെ വനമേഖലയിൽ അധികം കൈകടത്താതെ വനത്തിന്റെ അടിക്കാടുകൾ നിലനിർത്തേണ്ടതും അത്യാവശ്യമാണ്. മലനാടിനും തീരപ്രദേശത്തിനും ഇടയിൽ കടൽ നിരപ്പിൽ നിന്നും 7.5 – 75 മീറ്റർ ഉയരത്തിൽ ഉള്ളതാണ് ഇടനാട് പ്രദേശം. ഈ ഇടനാട് പ്രദേശം തന്നെ പെരിയാർ നദീതടം, മൂവാറ്റുപുഴ നദീതടം, ചാലക്കുടി നദീതടം എന്നിങ്ങനെ മൂന്നായി തിരിക്കാവുന്നതാണ്.

പട്ടിക 4.5

തീരപ്രദേശത്ത് കാണുന്ന വിവിധ മണ്ണുശ്രേണിയുടെ വിശദാംശങ്ങൾ

മണ്ണ് ശ്രേണിയുടെ പേര്	പാക്യ ജനകം (N)	ഭാവഹം (P)	ക്ഷാരം (K)	അമ്ലരസം/ ആൽക്കലിൻ	നീർവാർച്ച	മണ്ണിന്റെ ആഴം
ഉദയംപേരൂർ	മധ്യമം	കുറവ്	മധ്യമം	അമ്ലരസമുള്ളത്	നീർവാർച്ച കൂടിയത്	ആഴം കൂടിയത്
വൈറ്റില	കുറവ്	കുറവ്	കുറവ്	അമ്ലരസം കൂടിയത്	നീർവാർച്ച കൂടിയത്	ആഴം കൂടിയത്
ഫോർട്ട് കൊച്ചി	കുറവ്	കുറവ്	കുറവ്	കുറച്ച് ക്ഷാരമുള്ളത്	നീർവാർച്ച കൂടിയത്	ആഴം കൂടിയത്
വൈപ്പിൻ	കുറവ്	കുറവ്	കുറവ്	കുറച്ച് ക്ഷാരമുള്ളത്		
തൃക്കാക്കര	കുറവ്	മധ്യമം	കുറവ്	അമ്ലരസം കൂടിയത്	നീർവാർച്ച കുറഞ്ഞത്	ആഴം കൂടിയത്

അവലംബം: മണ്ണ്–ജല സംരക്ഷണം

പട്ടിക 4.6

ഇടനാട് പ്രദേശത്ത് കാണുന്ന വിവിധതരത്തിലുള്ള മണ്ണിന്റെ (മണ്ണുശ്രേണിയുടെ) വിശദാംശങ്ങൾ

മണ്ണ് ശ്രേണിയുടെ പേര്	പാക്യ ജനകം (N)	ഭാവഹം (P)	ക്ഷാരം (K)	അമ്ലരസം/ ആൽക്കലിൻ	നീർവാർച്ച	മണ്ണിന്റെ ആഴം
നേര്യമംഗലം	കൂടുതൽ/മധ്യമം	മധ്യമം	മധ്യമം	അമ്ലം	നല്ല നീർവാർച്ച	വളരെ കൂടുതൽ
മലയാറ്റൂർ	കൂടുതൽ/മധ്യമം	കൂടുതൽ	മീഡിയം ടു ഹൈ	അമ്ലം	നല്ല നീർവാർച്ച	കൂടുതൽ
ഓടക്കാലി	മധ്യമം	കുറവ്	കുറവ്	അമ്ലരസം കൂടിയത്	സാമാന്യം	വളരെ കൂടുതൽ
പെരുമ്പാവൂർ	കുറവ്	മധ്യമം	കുറവ്	അമ്ലം	നല്ല നീർവാർച്ച	കൂടുതൽ
കിളിക്കുളം	മധ്യമം	മധ്യമം	മധ്യമം	അമ്ലം	നല്ല നീർവാർച്ച	വളരെ കൂടുതൽ
പുനമറ്റം	കൂടുതൽ	കൂടുതൽ	കുറവ്	അമ്ലം	നല്ല നീർവാർച്ച	വളരെ കൂടുതൽ
പാറേക്കടവ്	കൂടുതൽ/മധ്യമം	കുറവ്	കുറവ്	അമ്ലം	നല്ല നീർവാർച്ച	നല്ല ആഴം
കാലടി	മധ്യമം	മധ്യമം	മധ്യമം	അമ്ലരസം വളരെകുറവ്	മധ്യമം	നല്ല ആഴം
കങ്ങരപ്പടി	മധ്യമം	കുറവ്	കൂടുതൽ	അമ്ലം	നല്ല നീർവാർച്ച	നല്ല ആഴം
ഐരാപുരം	മധ്യമം	മധ്യമം	മധ്യമം	അമ്ലരസം	നല്ല	നല്ല ആഴം

				കുറവ്	നീർവാർച്ച	
ഐക്കരനാട്	മധ്യമം	മധ്യമം	മധ്യമം	അമ്ലരസം കൂടിയത്	കുറവ്	നല്ല ആഴം കൂടിയത്
ഐരൂർ	കുറവ്	മധ്യമം	കുറവ്	അമ്ലം	നല്ല നീർവാർച്ച	നല്ല ആഴം
മുളന്തുരുത്തി	കുറവ്	മധ്യമം	കുറവ്	അമ്ലരസം കൂടിയത്	കുറവ് നീർവാർച്ച	ആഴംകൂടിയത്
കോതമംഗലം	മധ്യമം	മധ്യമം	മധ്യമം	അമ്ലരസം കൂടിയത്	നല്ല നീർവാർച്ച	നല്ല ആഴം കൂടിയത്
കുട്ടമംഗലം	കുറവ്	കുറവ്	കുറവ്	അമ്ലരസം കൂടിയത്	സാമാന്യം	
വാരാപ്പെട്ടി	മധ്യമം	മധ്യമം	മധ്യമം	അമ്ലരസം കൂടിയത്	നല്ല നീർവാർച്ച	ആഴം കൂടിയത്
വാഴക്കുളം	കുറവ്	മധ്യമം	കുറവ്	അമ്ലരസമുള്ളത്	നല്ല നീർവാർച്ച	
പേഴക്കാപ്പിള്ളി	കുറവ്	മധ്യമം	കുറവ്	അമ്ലരസമുള്ളത്	നല്ല നീർവാർച്ച	ആഴം കുറവ്
ചരലാട്	കുറവ്	മധ്യമം	കുറവ്	അമ്ലരസം കൂടിയത്	സാമാന്യം നീർവാർച്ച	ആഴം കൂടിയത്

അവലംബം: മണ്ണ്-ജല സംരക്ഷണം

- പെരിയാർ നദീതടത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകൾ താഴെ വിവരിക്കുന്നു.

ആലങ്ങാട്ട് ബ്ലോക്കിൽപ്പെട്ട എല്ലാ പഞ്ചായത്തുകളും, അങ്കമാലി ബ്ലോക്കിൽപ്പെട്ട എല്ലാ പഞ്ചായത്തുകളും, കൂവപ്പടി ബ്ലോക്കിൽപ്പെട്ട അശമന്നൂർ (ഭാഗികം), മുടക്കുഴ, വേങ്ങൂർ, രായമംഗലം (ഭാഗികം) കൂവപ്പടി പഞ്ചായത്തുകൾ, വാഴക്കുളം ബ്ലോക്കിൽപ്പെട്ട എല്ലാ പഞ്ചായത്തുകളും, കോതമംഗലം ബ്ലോക്കിൽപ്പെട്ട പിണ്ടിമന (ഭാഗികം), കോട്ടപ്പടി (ഭാഗികം), കവളങ്ങാട് (ഭാഗികം), കീരമ്പാറ (ഭാഗികം) പഞ്ചായത്തുകൾ, പാറേക്കടവ് ബ്ലോക്കിൽപ്പെട്ട പുത്തൻവേലിക്കര (ഭാഗികം) നെടുമ്പാശ്ശേരി, പാറക്കടവ് (ഭാഗികം) പഞ്ചായത്തുകൾ എന്നിവയാണ് അവ.

- മുവാറ്റുപുഴ നദീതടത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകൾ താഴെ വിവരിക്കുന്നു.

കൂവപ്പടി ബ്ലോക്കിൽപ്പെട്ട വെങ്ങോല (ഭാഗികം), വാഴക്കുളം (ഭാഗികം), കിഴക്കമ്പലം, ചൂർണ്ണിക്കര (ഭാഗികം) എടത്തല, കീഴ്മാട് (ഭാഗികം) എന്നീ പഞ്ചായത്തുകൾ, ഇടപ്പള്ളി ബ്ലോക്കിൽപ്പെട്ട ചേരാനെല്ലൂർ (ഭാഗികം), മുളന്തുരുത്തി ബ്ലോക്കിൽപ്പെട്ട തിരുവാങ്കുളം, ചോറ്റാനിക്കര, എടയ്ക്കാട്ടുവയൽ, ആമ്പല്ലൂർ മണീട്, എന്നീ പഞ്ചായത്തുകളും, വടവുകോട് ബ്ലോക്കിൽപ്പെട്ട പൂത്തൃക്ക, തിരുവാണിയൂർ, വടവുകോട്-പുത്തൻകുരിശ്, ഐക്കരനാട്, കുന്നത്തുനാട്, മഴുവന്നൂർ പഞ്ചായത്തുകൾ കോതമംഗലം ബ്ലോക്കിൽപ്പെട്ട പൈങ്ങോട്ടൂർ (ഭാഗികം), നെല്ലിക്കുഴി, പിണ്ടിമന(ഭാഗികം), കോട്ടപ്പടി(ഭാഗികം), കവളങ്ങാട് (ഭാഗികം), വാരപ്പെട്ടി, കീരമ്പാറ(ഭാഗികം), പോത്താനിക്കാട്, പല്ലാരിമംഗലം പഞ്ചായത്തുകൾ, പാമ്പാക്കട ബ്ലോക്കിൽപ്പെട്ട എല്ലാ പഞ്ചായത്തുകളും, മൂവാറ്റുപുഴ ബ്ലോക്കിൽപ്പെട്ട എല്ലാ പഞ്ചായത്തുകളും, എന്നിവ ഉൾപ്പെടുന്നു.

- ചാലക്കുടി നദീതടത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകൾ താഴെ വിവരിക്കുന്നു.

അങ്കമാലി ബ്ലോക്കിൽപ്പെട്ട കറുകുറ്റി പഞ്ചായത്ത്, പാറക്കടവ് ബ്ലോക്കിലെ പാറക്കടവ് (ഭാഗികം), കുന്നുകര (ഭാഗികം) എന്നീ പഞ്ചായത്തുകളും കൂടി ഉൾപ്പെട്ടതാണ് ചാലക്കുടി റിവർബെസിൻ.

സാമാന്യം ചരിവുള്ള പ്രദേശമാണിത്. മലനാടിനെ അപേക്ഷിച്ച് തോടിന് കുറച്ചുകൂടി വീതിയുള്ളതും ജലപ്രവാഹം കൂടുതലുള്ളതുമായ പ്രദേശവുമാണിത്. മലനാട്ടിൽ നിന്നും വരുന്ന അധിക ജലവും ഈ പ്രദേശത്തുള്ള തോടുകളിൽക്കൂടി ഒഴുകിപ്പോകുന്നു. ഈ മേഖലയിൽ മഴയുള്ളപ്പോൾ തോട് കര കവിഞ്ഞൊഴുകുകയും മഴ കഴിഞ്ഞാൽ

ഉടനെതന്നെ അവയെല്ലാം വറ്റിവരണ്ടുപോകുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. മുൻകാലങ്ങളിൽ ഈ മേഖലയുടെ ഉയർന്ന ഭാഗങ്ങളെല്ലാം പച്ചപ്പ് നിറഞ്ഞ മൊട്ടക്കുന്നുകളോടു കൂടിയതായിരുന്നു. ഇപ്പോൾ ഇത്തരം മൊട്ടക്കുന്നുകൾ ഉൾപ്പെടുന്ന ജൈവവൈവിദ്ധ്യമുള്ള സ്ഥലങ്ങളെല്ലാം റബ്ബർമേഖലകളായി തരംമാറ്റപ്പെട്ടതുകൊണ്ട് ജൈവ വൈവിദ്ധ്യം കുറയുകയും തദ്ദാര ഭൂഗർഭജലവിതാനം കുറയുവാനും കാരണമായി.

കൂടാതെ റബ്ബർകൃഷിയുടെ ആദ്യ രണ്ടുമൂന്നു വർഷങ്ങളിൽ ഇടവിളയായി പൈനാപ്പിൾ കൃഷി ചെയ്യുന്നതിനായി വ്യാപകമായി കളനാശിനി ഉപയോഗിക്കുകയും അമിത രാസവളപ്രയോഗം നടത്തുകയും ചെയ്യുന്നതുകൊണ്ട് മണ്ണിന്റെ ജൈവാംശം നഷ്ടപ്പെടുകയും, തന്മൂലം ജലാഗിരണശേഷി വളരെയേറെ നഷ്ടമാകുകയും, മണ്ണ് ഫലഭൂയിഷ്ഠിയില്ലാത്ത മണലായി മാറുകയും ചെയ്യുന്നു. തോടുകളുടെ വശങ്ങൾ കൈയേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതുവഴി തോടിന്റെ വീതി കുറയുകയും മഴക്കാലത്ത് വെള്ളപ്പൊക്കത്തിന് കാരണമായിത്തീരുകയും ചെയ്യുന്നു. ചിലയിടങ്ങളിൽ ഇറിഗേഷൻ കനാലിലൂടെയുള്ള വെള്ളത്തിന്റെ ചോർച്ച കാരണം താഴ്ന്ന പ്രദേശങ്ങൾ വെള്ളക്കെട്ടിലാകുകയും തന്മൂലം കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയിലെത്തിച്ചേരുകയും ചെയ്യുന്നു.

എറണാകുളം ജില്ലയുടെ ഏകദേശം 20%ത്തോളം വിസ്തൃതി ഉൾപ്പെടുന്നതാണ് തീരപ്രദേശമേഖല. ഇതിനെ മൂവാറ്റുപുഴ നദീതടം, പെരിയാർ നദീതടം എന്നിങ്ങനെ രണ്ടായി തരിച്ചിരിക്കുന്നു. അവ താഴെ വിവരിക്കുന്നു.

- **മൂവാറ്റുപുഴ നദീതടത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകൾ**:-ഇടപ്പള്ളി ബ്ലോക്കിൽപ്പെട്ട തൃക്കാക്കര പഞ്ചായത്ത് , വൈപ്പിൻ ബ്ലോക്കിൽപ്പെട്ട മുളവുകാട് (ഭാഗികം) പഞ്ചായത്ത്, പള്ളുരുത്തി ബ്ലോക്കിൽപ്പെട്ട ചെല്ലാനം, കുമ്പളങ്ങി പഞ്ചായത്ത്, വൈറ്റില ബ്ലോക്കിൽപ്പെട്ട മരട്, കുമ്പളം പഞ്ചായത്ത്, മുളന്തുരുത്തി ബ്ലോക്കിൽപ്പെട്ട ഉദയംപേരൂർ പഞ്ചായത്ത് എന്നിവയാണ് അവ.

- **പെരിയാർ നദീതടത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകൾ**:- ചേന്ദമംഗലം, കോട്ടുവള്ളി, ഏഴിക്കര, വടക്കേക്കര, ചിറ്റാറ്റുകര പഞ്ചായത്ത്, ഇടപ്പള്ളി ബ്ലോക്കിൽപ്പെട്ട കടമക്കുടി, ചേരാനല്ലൂർ (ഭാഗികം) പഞ്ചായത്തുകൾ, വൈപ്പിൻ ബ്ലോക്കിൽപ്പെട്ട മുളവുകാട്, (ഭാഗികം), ഞാറക്കൽ പഞ്ചായത്തുകൾ, എടവനക്കാട്, എളങ്കുന്നപ്പുഴ, പള്ളിപ്പുറം, കുഴുപ്പിള്ളി പഞ്ചായത്തുകൾ എന്നിവയാണ് അവ.

മുൻകാലങ്ങളിൽ ജലം സുഗമമായി ഒഴുകിയിരുന്നതും ബോട്ട് സർവ്വീസ് നിർബാധം നടത്തിയിരുന്നതുമായ തോടുകൾ ഉൾപ്പെട്ടിരുന്നതാണ് ഈ പ്രദേശം. ഈ പ്രദേശത്ത് മുൻകാലങ്ങളിൽ ഉണ്ടായിരുന്ന തൊണ്ടുകൾ (ഇടവഴികൾ) പൂർണ്ണമായും അപ്രത്യക്ഷമായതിനാൽ ജല നിർഗ്ഗമനത്തിന് തടസ്സമായി. നെൽവയലുകളും കുളങ്ങളും നികത്തപ്പെട്ടതും വെള്ളപ്പൊക്കത്തിന് ഒരു കാരണമാണ്. പ്രധാന ജലനിർഗ്ഗമന മാർഗ്ഗമായിരുന്ന തോട് അവസാനിക്കുന്ന ഭാഗത്ത് തോട് തുടങ്ങുന്ന ഭാഗത്തേക്കാൾ വീതി വളരെ ചുരുങ്ങിപ്പോയതിനാൽ (കൈയ്യേറ്റങ്ങൾകാരണം) വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുകയും സമീപപ്രദേശം വെള്ളപ്പൊക്കബാധിത പ്രദേശമായി മാറുകയും ചെയ്യുന്നു. അശാസ്ത്രീയമായ പാലങ്ങളുടെ നിർമ്മാണം മൂലം (അതായത് തോടിന്റെ നിലവിലുള്ള വീതിയേക്കാൾ വളരെ കുറച്ചാണ് പാലങ്ങളുടെ സ്പാൻ), അടിത്തറ ഉയർന്നു നിൽക്കുന്നതുകൊണ്ടും വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് തടസ്സപ്പെടുന്നു. ഇതുകൊണ്ടുതന്നെ തോടുകളുടെ ആഴം വർദ്ധിപ്പിക്കാൻ സാധിക്കാതെ വരികയും, സംഭരണ ശേഷി കുറയുകയും ചെയ്യുന്നു. മിക്കസ്ഥലത്തും പാടങ്ങളും തോടുകളും ഒരേനിരപ്പായതിനാൽ നീർവാർച്ചയ്ക്കു തടസ്സമാവുകയും അത്

കൃഷിക്കു ദോഷകരമായിത്തീരുകയും ചെയ്യുന്നു.

ഏറ്റവും താഴ്ന്ന ഭാഗത്ത് വേനൽക്കാലത്ത് ഓരുവെള്ളം കയറുന്നത് കാരണം ഈ സ്ഥലങ്ങളിലെ കൃഷി നശിക്കുന്നു. ഈ പ്രദേശങ്ങളിൽ വീടുകളിൽ നിന്നും പുറത്തേക്കൊഴു കുന്ന മലിനജലം തോടുകളിലേക്ക് നേരിട്ട് ഒഴുക്കുന്നതിനാൽ ജലസ്രോതസ്സുകൾ മലിനമാകുന്നു. നഗരവൽക്കരണത്തിന്റെ ഫലമായിട്ടും, തീരപ്രദേശത്ത് ജനസാന്ദ്രത കൂടുതലുള്ളതി നാലും, കോൺക്രീറ്റ് കെട്ടിടങ്ങളുടെ ബാഹുല്യം കാരണവും മഴവെള്ളം മണ്ണിലേക്ക് കിനിഞ്ഞിറങ്ങാൻ അവസരം കിട്ടാതെ റോഡുകളിലേക്ക് ഒഴുക്കിവിടുന്ന അവസ്ഥയാണുള്ളത്. ഇതും വെള്ളക്കെട്ടിന് കാരണമാകുന്നു. മിക്ക തോടുകളിലും, കായലുകളിലും പോളകൾ തിങ്ങി നിറഞ്ഞതിനാൽ ജലത്തിന്റെ ഒഴുക്കിന് തടസ്സമുണ്ടാവുകയും ജലമലീനീകരണത്തിനു കാരണമാകുകയും ചെയ്യുന്നു.

മണൽ ചെക്ക്ഡാമിന്റെ ധർമ്മമാണ് നിറവേറ്റുന്നത്. പുഴയിലെ അനധികൃതമായ മണൽവാരൽ കാരണം അടിത്തട്ട് ചെളിയായി മാറുകയും, വെള്ളത്തിന് കിനിഞ്ഞിറങ്ങാൻ സാധിക്കാതെ വേഗത്തിൽ ഒഴുകിപ്പോകുന്നതിനും ഇടയാകുന്നു. മണലിലൂടെ വെള്ളം കിനിഞ്ഞിറങ്ങാൻ സാധിക്കാത്തതുകൊണ്ട് വേനൽക്കാലത്ത് പുഴകൾ വറ്റിവരളുവാനും പുഴയുടെ അടിത്തട്ട് ചെളിനിറഞ്ഞ് പുല്ലു മുളയ്ക്കുവാനും അത് പുഴയുടെ നാശത്തിലേക്ക് വഴിയൊരുക്കുന്നു. അനുവദനീയ മണൽവാരലിനേക്കാൾ 30 ഇരട്ടിയുടെ മുകളിൽ മണലൂറ്റുകൾ കാരണം താഴ്ന്ന ഭാഗത്ത് വലിയ കുഴികൾ രൂപാന്തരപ്പെടുകയും അവ ഓരുവെള്ളം കയറി ശുദ്ധജലത്തെ മലിനമാക്കുന്നു.

വികസന പരിപ്രേക്ഷ്യം

മലനാട് പ്രദേശത്തെ ഫസ്റ്റ് ഓർഡർ, സെക്കന്റ് ഓർഡർ സ്ട്രീമുകളിൽ ഉപരിതല ജലപ്രവാഹത്തിന്റെ വേഗത കുറച്ച് മണ്ണിലേക്ക് ജലം കിനിഞ്ഞിറങ്ങുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനായി പ്രദേശത്ത് ലഭ്യമാകുന്ന മുള, ചുള്ളിക്കമ്പുകൾ എന്നിവ ഉപയോഗിച്ചുള്ള ബ്രഷ്ബുഡ് തടയണകളും, താഴ്ന്ന ഭാഗത്ത് പ്രദേശത്ത് ലഭ്യമായ കല്ലുകൾ ഉപയോഗിച്ചുള്ള ലൂസ് ബോൾഡർ ചെക്ക്ഡാമുകളും നിർമ്മിക്കാവുന്നതാണ്. താഴ്ന്ന ഭാഗത്ത് തോടിനോട് ചേർന്ന് ചെറിയ കുളങ്ങൾ നിർമ്മിച്ചും വെള്ളത്തിന്റെ ഉപരിതല ജലപ്രവാഹത്തെ നിയന്ത്രിക്കാവുന്നതാണ്. 45% ചരിവു കുറവുള്ള പ്രദേശത്ത് കയ്യാലകൾ, നീർക്കുഴികൾ, എന്നീ സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്. കയ്യാലകൾക്ക് ബലം കൂട്ടുന്നതിനായി കയ്യാലപ്പുറത്ത് തീറ്റപ്പുൽ കൃഷിചെയ്യാവുന്നതാണ്. ഈ മേഖലയിലെ എല്ലാ കിണറുകളും, കുഴൽകിണറുകളും റീചാർജ്ജിംഗ് നടത്തി ഭൂഗർഭ ജലവിതാനം ഉയർത്താവുന്നതാണ്. കഴിയുന്നതും കുഴൽകിണറുകൾ പ്രോത്സാഹിപ്പിക്കുവാൻ പാടുള്ളതല്ല.

ജൈവമാലിന്യം കുടുംബശ്രീവഴി ശേഖരിച്ച് മറ്റൊരിടത്ത് സംസ്ക്കരിക്കുന്ന രീതിക്കു പകരം വീടുകളിൽ തന്നെ ബയോഗ്യാസ് നിർമ്മിച്ചാൽ അവിടെതന്നെ മാലിന്യങ്ങൾ സംസ്ക്കരിക്കാൻ കഴിയുന്നതാണ്. ഇപ്പോൾ ജൈവമാലിന്യങ്ങൾ പ്ലാസ്റ്റിക് ബാഗുകളിൽ പൊതിഞ്ഞ് വഴിയോരങ്ങളിൽ തള്ളുന്നതിനു പകരമായി ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിനുള്ള മേൽപറഞ്ഞ മാർഗ്ഗം അവലംബിക്കാവുന്നതാണ്. കൂടാതെ ജൈവവാതകത്തിന്റെ സ്ലറി ജൈവവളമായി കൃഷിയിടങ്ങളിൽ ഉപയോഗിക്കാനും കഴിയുന്നതാണ്. അങ്ങിനെ മണ്ണിലെ ജൈവാംശം വർദ്ധിപ്പിക്കുന്നതുകാരണം, മണ്ണ് കൂടുതൽ മഴവെള്ളത്തെ ആഗിരണം ചെയ്ത് കൂടുതൽനാൾ ഈർപ്പം തങ്ങിനിൽക്കുന്ന താവുകയും തന്മൂലം വരൾച്ചയെ പ്രതിരോധിക്കുന്നതായി തീരുകയും ചെയ്യും.

എ) കൃഷിയിടങ്ങളിലെ സംരക്ഷണം

റബ്ബർ മേഖലയെല്ലാം തട്ടു തിരിച്ച് കയ്യാല നിർമ്മിച്ച് സംരക്ഷിച്ചിട്ടുള്ളതുകൊണ്ട് കയ്യാലകളുടെ അറ്റകുറ്റപ്പണി മാത്രമേ ഈ പ്രദേശത്ത് ആവശ്യമുള്ളൂ. ആയത് തൊഴിലുറപ്പ് വഴി നടപ്പാക്കാവുന്നതാണ്. 1.50x0.60x0.60 സെ.മീ. വ്യാപ്തമുള്ള

മഴക്കുഴികൾ ശാസ്ത്രീയമായി നിർമ്മിച്ച് ജലത്തിന്റെ ഒഴുക്കിന്റെ വേഗതകുറച്ച് മണ്ണിലേക്ക് വെള്ളം കിനിഞ്ഞിറങ്ങുന്നതിനും, വെള്ളത്തിന്റെ സ്ലിറ്റ് കുഴികളിൽ അടിയുന്നതിനും സാധ്യമാക്കാവുന്നതാണ്. റബ്ബറില്ലാത്ത സ്ഥലത്ത് മഴക്കുഴികൾ നീളത്തിൽ കിടങ്ങുകളായി എടുക്കാവുന്നതാണ്. നിലവിലുള്ള കയ്യാലകളുടെ ബലം വർദ്ധിപ്പിക്കുന്നതിനായി കയ്യാലപ്പുറത്ത് തീറ്റപുല്ലുവെച്ച് പിടിപ്പിക്കുന്നത് കയ്യാലക്ക് ബലം കൂട്ടാനും, തൻമൂലം കന്നുകാലികൾക്ക് പുല്ല് ലഭ്യമാക്കാനും സാധിക്കും.

ബി) തോടുകളുടെ സംരക്ഷണം.

കേരളത്തിന്റെ നിമ്നോന്നത ഭൂപ്രകൃതിയും മൺസൂണിന്റെ പ്രത്യേകതയും കണക്കിലെടുത്ത് ഉപരിതല ജലപ്രവാഹത്തിന്റെ വേഗത കുറവ് മണ്ണിലേക്ക് ജലം കിനിഞ്ഞിറങ്ങുന്നതിനുള്ള സാഹചര്യം ഉണ്ടാകേണ്ടതിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. മണ്ണു സംരക്ഷണ തടയണകൾ ഉപരിതല ജല പ്രവാഹശക്തി കുറയ്ക്കുന്നതിനും ഭൂജല പരിപോഷ ണത്തിനും സഹായിക്കുന്നു. സ്ഥലത്ത് പ്രാദേശികമായി ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് തടയണകൾ നിർമ്മിക്കാവുന്നതാണ്. തടയണകൾ ഒഴുക്കിനെ പരിപൂർണ്ണമായി തടസ്സപ്പെടുത്താതെ ജലപ്രവാഹത്തിന്റെ വേഗത കുറച്ച് അധിക ജലത്തെ സംരക്ഷിതമായി പുഴകളിലെത്തിക്കുന്നു. തോടുകളോട് ചേർന്ന് ചെറിയ ഡഗ്-ഔട്ട് പോണ്ടുകൾ (കുളങ്ങൾ) പുറത്തേക്കുള്ളതും അകത്തേക്കുള്ളതുമായ വഴികളോടുകൂടി നിർമ്മിച്ചാൽ ജലം തോടുകളിൽ നിന്നും പെട്ടെന്ന് ഒഴുകിപ്പോകാതെ ഈ കുളങ്ങളിൽ സംഭരിച്ചുനിർത്തുവാൻ ഇടയാക്കുന്നു. തോടിന്റെ താഴ്ന്ന ഭാഗങ്ങളിൽ മണ്ണിടിഞ്ഞുപോകാതെ സംരക്ഷണഭിത്തി /കയർഭൂവസ്ത്രം നിർമ്മിച്ച് സംരക്ഷിക്കാവുന്നതാണ്.

സി) പാടശേഖരസംരക്ഷണം

പാടശേഖരങ്ങളുടെ ഭൗതിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് തോടിന്റെ ഒഴുക്ക് നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിന് തോടിന്റെ വീതിയും ആഴവും വർദ്ധിപ്പിക്കുക, തോടിന്റെ വശങ്ങളിൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുക, ആവശ്യാനുസരണം തൂമ്പുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ ചെയ്ത് പാടശേഖരങ്ങൾ സംരക്ഷിക്കാവുന്നതാണ്. പാടശേഖരങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനും പൊക്കാളി കൃഷി ചെയ്യുന്നതിനു മുള്ള അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി, പാടശേഖരങ്ങളിലെ തലക്കുളങ്ങളുടെ പുനരുദ്ധാരണം, തോടുകളുടെ ആഴവും വീതിയും വർദ്ധിപ്പിച്ച് സംരക്ഷണഭിത്തി നിർമ്മാണം, ജല വിതരണത്തിനായി തൂമ്പ്, വിസിബി, കലുങ്ക്, നടപ്പാത, ട്രാക്ടർ പാസ്സേജ് ഇവയുടെ നിർമ്മാണം മുതലായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി അഭിവൃദ്ധിപ്പെടുത്താവുന്നതാണ്.

ഡി) കുളങ്ങളുടെ സംരക്ഷണം

ചെറുതും വലുതുമായ അനേകം കുളങ്ങളാൽ അനുഗൃഹീതമാണ് എറണാകുളം ജില്ല. വർഷകാലത്ത് മഴവെള്ളം സംഭരിക്കുന്നതിനും വെള്ളപ്പൊക്കം തടയുന്നതിനും ഭൂഗർഭജല വിതാനത്തിന്റെ പരിപോഷണത്തിനും കുളങ്ങൾ സുപ്രധാനമായ പങ്കുവഹിക്കുന്നു. ഈ മേഖലയിലെ കുളങ്ങൾ ഭൂരിഭാഗവും നികത്തപ്പെടുകയോ, മണ്ണൊലിപ്പിന്റെ ഫലമായുണ്ടാകുന്ന മണ്ണ് വന്നടിഞ്ഞ് അവയുടെ സംഭരണശേഷി കുറയുകയോ ചെയ്തിട്ടുണ്ട്. കുളങ്ങളിലെ ചെളിനീക്കംചെയ്ത് അടിഭാഗം 1 മില്ലിമീറ്റർ ഉയരത്തിൽ വശങ്ങൾ കല്ലുപയോഗിച്ചും തുടർന്ന് മുകളിലേക്ക് വശങ്ങൾ കയർഭൂവസ്ത്രം ഉപയോഗിച്ചും സംരക്ഷിക്കാവുന്നതാണ്. പുതിയ കുളങ്ങൾ നിർമ്മിച്ചും നിലവിലുള്ളവ പുനരുദ്ധാരണം ചെയ്തും സംരക്ഷിക്കുന്നത് ഭൂഗർഭജലവിതാനം ഉയർത്തുന്നതിന് സഹായകരമാകുന്നു.

ഈ പ്രദേശങ്ങളിലുള്ള വീടുകളിലെ ജൈവമാലിന്യം നിർമ്മാർജ്ജനത്തിന് വീടുകളിൽ തന്നെ മാലിന്യപ്ലാന്റുകൾ

(ബയോഗ്യാസ്) നിർമ്മിച്ചു കൊടുത്താൽ പരിഹാരമാകുന്നതാണ്. കുടുംബശ്രീ മുഖേന ജൈവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ (ചെടിച്ചട്ടി, ബയോബിൻ, കമ്പോസ്റ്റ്) അവലംബിക്കാവുന്നതാണ്. കിണറുകൾ , കുഴൽകിണറുകൾ എന്നിവയ്ക്ക് റീചാർജ്ജിംഗ് നടത്തി ഭൂഗർഭ ജലവിതാനം ഉയർത്താവുന്നതാണ്. തോടുകളുടെ കയ്യേറ്റവുമായി ബന്ധപ്പെട്ട് റവന്യൂ അധികാരികളിൽ നിന്ന് അവയുടെ വീതി, അതിർത്തി എന്നിവ നിശ്ചയിച്ചാൽ മാത്രമേ നീർച്ചാലുകൾ പരിപൂർണ്ണമായി സംരക്ഷിക്കുവാൻ സാധിക്കുയുള്ളൂ. തോടുകളുടെ വശങ്ങളിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തോടുകളെ പൂർവ്വ സ്ഥിതിയിലേക്ക് കൊണ്ടുവരേണ്ടതാണ്.

ഇ) മഴവെള്ള സംഭരണി.

മേൽക്കൂരമഴവെള്ള സംഭരണം നഗരങ്ങളിൽ നിർബന്ധമാക്കേണ്ടതാണ്. ആയത് പ്രാവർത്തികമാക്കുന്നുണ്ടോ എന്ന പരിശോധന അനിവാര്യമാണ്. പൊക്കാളി പോലുള്ള പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നതിനാൽ ഗാർഹിക ആവശ്യത്തിനായി മേൽക്കൂര മഴവെള്ള സംഭരണം നടപ്പിലാക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി തോടിന്റെ ആഴവും വീതിയും വർദ്ധിപ്പിച്ച് മാലിന്യങ്ങൾ നീക്കം ചെയ്തും ജലനിർഗ്ഗമനശേഷി വർദ്ധിപ്പിക്കാവുന്നതാണ്.

പാടശേഖരങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ബണ്ടുകൾ ബലപ്പെടുത്താവുന്നതാണ്. കോൺക്രീറ്റ് തൂണുകൾ നിർമ്മിച്ച് വെള്ളത്തിന്റെ വിതരണം നിയന്ത്രിക്കാവുന്നതാണ്. തോട്ടിലെ പോളകൾ വാരിയും, വീതിയും ആഴവും വർദ്ധിപ്പിച്ചും ജലത്തിന്റെ ഒഴുക്ക് സുഗമമാക്കാവുന്നതും അതുവഴി നെൽകൃഷി മെച്ചപ്പെടുത്താവുന്നതുമാണ്.

മാലിന്യം നേരിട്ട് തോട്ടിലേക്ക് ഒഴുക്കാതിരിക്കാൻ എല്ലാ വീടുകളിലും സെപ്റ്റിക് ടാങ്കുകൾ നിർബന്ധമായും നിർമ്മിക്കേണ്ടതാണ്. പൊതു തോടുകളിലേക്ക് വീടുകളിലെ മാലിന്യം ഒഴുക്കുന്നത് ഒഴിവാക്കാൻ വീടുകളിൽ തന്നെ ബയോഗ്യാസ് പോലുള്ള മാലിന്യപ്ലാന്റുകൾ നിർമ്മിച്ചു കൊടുത്താൽ ഈ പ്രശ്നത്തിന് പരിഹാരമാകുന്നതാണ്. ജൈവമാലിന്യം കുടുംബശ്രീവഴി ശേഖരിച്ച് മറ്റൊരിടത്ത് സംസ്ക്കരിക്കുന്ന രീതിക്കു പകരം മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കേണ്ടതാണ്. സ്ഥലം ഇല്ലാത്തിടത്ത് ചെടിച്ചട്ടി, ബയോബിൻ എന്നിവ അവലംബിക്കാവുന്നതാണ്.

മണ്ണൊലിപ്പ് ഉണ്ടാകുന്നതിനുള്ള പ്രധാന കാരണങ്ങൾ

1. വനനശീകരണം
2. നദികളിലെ അനിയന്ത്രിതമായ മണൽവാരലും നദീതീരമണ്ണിടിച്ചിലും
3. മലകളും കുന്നുകളും വെട്ടിമാറ്റലും വയൽ നികത്തലും
4. ജലസ്രോതസ്സുകളുടെ സംരക്ഷണക്കുറവും മലിനീകരണവും
5. അപകടകരവും അനിയന്ത്രിതവുമായ ഭൂപരിവർത്തനങ്ങൾ
6. അശാസ്ത്രീയമായ ഭൂവിനിയോഗം
7. തെറ്റായ കൃഷിരീതികൾ
8. സംരക്ഷണപരമല്ലാത്ത വിള തെരഞ്ഞെടുക്കലും വിള സംവിധാനവും
9. ജൈവവളശോഷണം .
10. മണ്ണ് ജല സംരക്ഷണത്തിന്റെ അടിയന്തിര സ്വഭാവത്തെക്കുറിച്ചുള്ള ശരിയായ ധാരണക്കുറവ്.

<u>നീർത്തടാധിഷ്ഠിത വികസനം</u>
<u>വാട്ടർഷെഡ് വികസനം</u>

എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ പ്രദേശം സമതല പ്രദേശമായതുകൊണ്ട് നീരൊഴുക്ക് സുഗമമായി നടക്കുവാനുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടത്. ആയതിന് തോടുകളുടെ ആഴവും വീതിയും വർദ്ധിപ്പിക്കേണ്ടതാണ്. കൈയ്യേറ്റങ്ങൾ കാരണം മിക്ക തോടുകളുടെയും വീതി വളരെയധികം കുറവു വന്നിട്ടുണ്ട്. റവന്യു വകുപ്പിന്റെ സഹായത്തോടെ മാത്രമേ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ സാധിക്കുകയുള്ളു. കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുക തന്നെ ഒരു സാഹസികമായ കാര്യമാണ്. നീരൊഴുക്കിലേക്ക് / തോടുകളിലേക്ക് മാലിന്യം തള്ളുന്ന പ്രവണത അതാത് തദ്ദേശസ്വയം ഭരണ

സ്ഥാപനങ്ങൾ നിയന്ത്രിക്കേണ്ടതാണ്. കുളങ്ങൽ ചെളി മാറ്റി ആഴംകൂട്ടി സംരക്ഷിക്കേണ്ടതാണ്. പറ്റുന്ന സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഇവ ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്. അനുയോജ്യമായ സ്ഥലങ്ങളിൽ വലുതും ചെറുതുമായ കുളങ്ങൾ നിർമ്മിക്കാവുന്നതാണ്.

എറണാകുളം ജില്ലയെ 3 വാട്ടർഷെഡായി തരംതിരിക്കാം. ഓരോ പുഴയുടെയും ഡ്രെയിനേജ് ആസ്പദമാക്കിയാണ് വാട്ടർഷെഡ് ഡെലിമിനേറ്റ് ചെയ്യേണ്ടത് (മൂവാറ്റുപുഴ, പെരിയാർ, ചാലക്കുടി). മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ അവലംബിക്കേണ്ടത് റിഡ്ജ് റ്റു വാലി അപ്രോച്ച് തത്വങ്ങളിൽ കൂടിയാണ്. റിഡ്ജിൽ നിന്നു വേണം സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങാൻ. അവസാന ഘട്ടത്തിൽ വേണം ഔട്ട്ലെറ്റിൽ അനുയോജ്യ സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങാൻ. വാട്ടർഷെഡിൽ ഏറ്റവും മുകളിലത്തെ ഭാഗം വനവത്ക്കര ണമാണ് ഉത്തമം. അധികം ജലം ചൂഷണം ചെയ്യാത്ത നല്ല തായ് വേരോട്ടമുള്ള വൃക്ഷങ്ങൾ വേണം വനവത്ക്കരണത്തിന് പരിഗണിക്കാൻ.

ചരിവുള്ള ഭൂമിയിൽ തട്ടുതട്ടായി തിരിച്ചുവേണം കൃഷി ചെയ്യാൻ. കയ്യാല ഇല്ലാത്ത സ്ഥലങ്ങളിൽ കയ്യാല നിർമ്മിക്കാനും, നിലവിലുള്ളവ പുനരുദ്ധാരണവും ചെയ്യാവുന്നതാണ്. കയ്യാലകൾക്ക് ബലം നൽകുവാനായി കയ്യാലയുടെ മുകളിൽ തീറ്റപ്പുൽ വച്ചു പിടിപ്പിക്കാവുന്നതാണ്. ഭൂമിയിലേക്ക് മഴവെള്ളം കിനിഞ്ഞിറങ്ങുവാനും വെള്ളത്തിന്റെ ഒഴുക്കിന്റെ ശക്തി കുറക്കുവാനും മഴക്കുഴികൾ കുഴിക്കാവുന്നതാണ്. തോടിനോട് ചേർന്ന് ചെറുകുളങ്ങൾ ജലസംരക്ഷണത്തിനായി നിർമ്മിക്കാവുന്നതാണ്. ഗള്ളി പോലുള്ള സ്ഥലത്ത് മണ്ണൊലിപ്പ് തടയുവാൻ ചെക്ക്ഡാമുകൾ നിർമ്മിക്കാവുന്നതാണ്.

മണ്ണ് ജല സംരക്ഷണവുമായി ബന്ധപ്പെട്ട ജില്ലയിലെ വിവിധഭൂപടങ്ങൾ താഴെ കൊടുത്തിരിക്കുന്നു. (ചിത്രം 4.7 മുതൽ 4.12 വരെ)

ചിത്രം 4.7

ഓവുചാലുകളുടെ ഭൂപടം (Map on Drains)





ചിത്രം 4.8 – എറണാകുളം വാട്ടർഷെഡ്

ചിത്രം 4.9
സോയിൽ ഇറോസിയൺ



ചിത്രം 4.10
സോയിൽസ്


River
Soil associations
SOILS
ERNAKULAM DISTRICT
Legend
Soil association
Udayamperoor-Vyttila-Fort kochi
Vypeen-Thrikkakara
Perumbavoor-Odakkali-Panamkuzhy
Perumbavoor-Odakkali-Kilikulam-Irapuram
Perumbavoor-Kangarappady-Odakkali
Ikkaranadu-Ayiroor-Mulamthuruthy
Ikkaranadu-Thrikkakara
Thrikkakara-Ikkaranadu
Punnamattom-Parakkadavu-Kalady
Kothamangalam-Kuttamangalam
Kothamangalam-Vazhakulam-Kuttamangalam
Kothamangalam-Vazhakulam-Pezhakapally
Kuttamangalam-Kothamangalam-Charaladu
Malayattoor-Neriyamangalam-Odakkali
Neriyamangalam-Malayattoor-Thommankuttu
Minmutti - Anamudi - Adimali
Made up land
Reserved Forest
Geomatics Lab
Dept of Soil Survey & Soil Conservation
0 2 4 8 12
Kilometers
10°20'0"N
10°10'0"N
10°0'0"N
9°50'0"N
76°10'0"E
76°20'0"E
76°30'0"E
76°40'0"E
76°50'0"E
77°0'0"E

ചിത്രം 4.11
സോയിൽ ഫർട്ടിലിറ്റി മാപ്പ്



ചിത്രം 4.12
എറണാകുളം ജില്ല



മൃഗ സംരക്ഷണ മേഖല



4.4 മൃഗസംരക്ഷണമേഖല

എറണാകുളം ജില്ലയുടെ സാമ്പത്തിക വളർച്ചയിലും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിലും തൊഴിൽ സാധ്യതകൾ തുറന്നു നൽകുന്നതിനും കൃഷിഭൂമിയുടെ ഫലഭൂയിഷ്ഠത ഉറപ്പാക്കുന്നതിനും പൊതുജനാരോഗ്യരംഗത്തും രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കും മൃഗസംരക്ഷണ മേഖല ഒഴിച്ചുകൂടാനാകാത്ത സേവനങ്ങൾ നൽകിവരുന്നു.

പ്രാഥമികമായി പാൽ, മുട്ട, മാംസം എന്നിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളാണ് ഈ മേഖല നൽകിവരുന്നത്. അതോടൊപ്പം തന്നെ രോഗചികിത്സ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുക ജന്തുജന്യ രോഗനിർണ്ണയം എന്നിവയും ചെയ്തു വരുന്നു.

നമ്മുടെ രാജ്യത്തിന്റെ ആളോഹരി വരുമാനത്തിൽ മൃഗസംരക്ഷണ മേഖലയുടെ സംഭാവന 4.10 ശതമാനമാണ്. ഇന്ത്യയുടെ ആഭ്യന്തര ഉത്പാദനത്തിൽ 4.5 ശതമാനം സംഭാവന ചെയ്യുന്നത് മൃഗസംരക്ഷണവും അനുബന്ധമേഖലയുമാണ്. എറണാകുളം ജില്ലയിൽ കൃഷി അനുബന്ധ മേഖലയുടെ ജി.ഡി.പി. വിഹിതം 6 ശതമാനമാണ്. ജില്ലയിലെ ജനസംഖ്യ 3282388 ആണ്. ഇത്രയും ജനങ്ങളുടെ ആവശ്യത്തിനുള്ള പാൽ, മുട്ട, മാംസം എന്നിവ ഐ.സി.എം.ആർ – ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കണക്കുകൂടി എടുത്താൽ മാത്രമേ നമ്മുടെ ജില്ല ഭക്ഷ്യ സുരക്ഷയിൽ എത്രമാത്രം മുന്നിട്ടുനിൽക്കുന്നു എന്ന് മനസ്സിലാക്കാൻ സാധിക്കു. ഈ പദ്ധതി റിപ്പോർട്ടിന്റെ വരുംഭാഗങ്ങളിൽ ഇതു സംബന്ധിച്ച് വിശദമായ വിശകലനം നടത്തുന്നതാണ്.

എറണാകുളം ജില്ലയുടെ മലയോരമേഖലയോട് താഥാത്മ്യം പ്രാപിച്ചു കിടക്കുന്ന കുന്നത്തുനാട്, മൂവാറ്റുപുഴ, കോതമംഗലം താലൂക്കുകളിൽ നഗരവത്ക്കരണത്തിന്റെ കടന്നു കയറ്റം ഇല്ലാത്തതിനാലും കൃഷി അന്യം നിന്നു പോയിട്ടില്ലാത്തതിനാലും മൃഗസംരക്ഷണ മേഖലയ്ക്ക് സാധ്യതകൾ നിലനിൽക്കുന്നുണ്ട്. നഗരവത്ക്കരണം കവർന്നെടുത്ത കണയന്നൂർ, ആലുവ, കൊച്ചി താലൂക്കുകളിൽ സർക്കാരിന്റെ ഇടപെടലുകൾ മൂലം കൃഷി, മൃഗസംരക്ഷണ മേഖല ഇന്നും നിലനിൽക്കുന്നു. തീരദേശത്തോടടുത്ത കിടക്കുന്ന പറവൂർ താലൂക്കിന്റെ ചില പ്രദേശങ്ങളിൽ മൃഗസംരക്ഷണ മേഖല കോട്ടമില്ലാതെ നിലനിൽക്കുന്നുണ്ട്. ജില്ലയിൽ തൊഴിൽ എന്ന നിലയിൽ ചെറിയ യൂണിറ്റുകളും വൻകിട ഫൈടെക് ഫാമുകളും പ്രവർത്തന സജ്ജമാണ്.

എറണാകുളം ജില്ലാ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകാലി കാനേഷുകുമാരി കണക്കുകളും സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ പക്കൽ ലഭ്യമായിട്ടുള്ള സ്ഥിതി വിവരകണക്കുകളും അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതാകുന്നു. പദ്ധതി റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഘടകങ്ങൾ താഴെ പറയുന്നവയാണ്.

1. വിവരശേഖരണവും വിശകലനവും
2. അവസ്ഥാ വിശകലനം
3. വികസന വിടവുകൾ
4. വികസന വിടവുകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ
5. ജില്ലാതലത്തിലെ ലക്ഷ്യങ്ങളും അവ പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും. ഇവ കീഴ്ത്തട്ട് നിർദ്ദേശങ്ങളായി ഉൾക്കൊള്ളിച്ചിരിക്കുന്നു.
6. നടപ്പാക്കാൻ സാധ്യതയുള്ള സംയോജിത പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ.
7. മേൽത്തട്ട് നിർദ്ദേശങ്ങൾ
8. ജില്ലയ്ക്ക് ആവശ്യമുള്ള പദ്ധതികളുടെ നിർദ്ദേശങ്ങൾ

9. പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

2016-17 വർഷത്തിൽ 26.49 ലക്ഷം മെട്രിക് ടൺ പാൽ ആണ് കേരളത്തിൽ ഉത്പ്പാദിപ്പിച്ചത്. ഇതിൽ 26.17 ലക്ഷം ടൺ പാലുത്പാദിപ്പിച്ചിരിക്കുന്നത് എറണാകുളം ജില്ലയൽ നിന്നാണ്. ആളോഹരി പാലിന്റെ ഉപഭോഗം 280 ഗ്രാം എന്ന് നിഷ്കർഷിച്ചിരിക്കെ നമ്മുടെ ജില്ലയിലെ ഉപഭോഗം 219 ഗ്രാം ആണ്. 2020-21 വർഷമെത്തുമ്പോൾ കേരളം 35.8 ലക്ഷം മെട്രിക് ടൺ പാലുത്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ നേട്ടം കൈവരിക്കണമെങ്കിൽ ഒരു പശുവിന്റെ ഉത്പാദനം 8.92 ലിറ്ററിൽ നിന്നും 13 ലിറ്ററിലേക്ക് ഉയരണം.

2. വിഭവസ്രോതസ്സുകൾ

2(1) 2012-ലെ സെൻസസ് പ്രകാരം എറണാകുളം ജില്ലയിലെ കന്നുകാലി സമ്പത്തിന്റെ കണക്ക്

പട്ടിക 4.7

ഇനം	കേരളം	എറണാകുളം
പശു	1328627	106782
എരുമ	102667	12777
ആട്	1246077	123538
പന്നി	55782	5395
കോഴി	10611284	1006477

കേരളത്തിന്റെ മൊത്തം പാലുത്പാദനത്തിൽ 8.63% മാത്രമേ നമ്മുടെ ജില്ല സംഭാവന ചെയ്യുന്നുള്ളൂ. സംസ്ഥാന ആവിഷ്കൃത പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കിയ പദ്ധതികളുടെയും ഗുണഫലമായി പാലുത്പാദനം നിലനിർത്താൻ സാധിച്ചിട്ടുണ്ട്.

പട്ടിക 4.8

വാർഷിക പാലുത്പാദനം

വർഷം	കേരളം (മെട്രിക് ടൺ)	എറണാകുളം (മെട്രിക് ടൺ)
2014-15	2711.15	195.256
2015-16	2649.72	418.60
2016-17	2526.29	217.50

2(2) **മൃഗസംരക്ഷണ പ്രവർത്തനത്തിനുള്ള സാങ്കേതിക വിഭവശേഷി.**

എറണാകുളം ജില്ലയിൽ മൃഗപരിപാലനത്തിലും അനുബന്ധ തൊഴിൽ മേഖലയിലും ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആവശ്യമായ സേവനവും സർക്കാർ സഹായങ്ങളും എത്തിച്ചു നൽകുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും മൃഗാശുപത്രികളും, ഐ.ഡി.ഡി.പി ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

പട്ടിക 4.9

സ്ഥാപനങ്ങൾ

നമ്പർ	സ്ഥാപനങ്ങൾ	എണ്ണം
1.	ജില്ലാ മൃഗസംരക്ഷണ ഓഫീസ്	1
2.	ജില്ലാ വെറ്ററിനറി കേന്ദ്രം	1
3.	വെറ്ററിനറി പോളി ക്ലിനിക്	5
4.	വെറ്ററിനറി ഹോസ്പിറ്റൽ	23
5.	വെറ്ററിനറി ഡിസ്പെൻസറി	80
6.	മൊബൈൽ വെറ്ററിനറി ഹോസ്പിറ്റൽ	1

7.	മൊബൈൽ ഫാം എയ്ഡ് യൂണിറ്റ്	1
8.	ഐ.സി.ഡി.പി ഉപകേന്ദ്രങ്ങൾ	84
9.	മുയൽ ഫാം 3	1
10.	റീജണൽ പൗൾട്രി ഫാം	1
11.	പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം	1
12.	മൃഗസംരക്ഷണ പരിശീലന കേന്ദ്രം	1
13.	സംസ്ഥാന മൃഗോത്പ്പന്ന പരിശോധന കേന്ദ്രം	1
14.	കന്നുകാലി വന്ധ്യതാ പരിശോധന കേന്ദ്രം	
15.	കാലിവസന്ത പരിശോധന യൂണിറ്റ്	1
16.	ABC സെന്റർ	1
17.	രാത്രികാല മൃഗ ചികിത്സാ യൂണിറ്റ്	10 6

പട്ടിക 4.10

മൃഗസംരക്ഷണ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങളുടെ എണ്ണം

നമ്പർ	തൊഴിൽ	കുടുംബങ്ങളുടെ എണ്ണം
1.	പശു / എരുമ	53979
2.	വളർത്തൽ	48102
3.	ആടു വളർത്തൽ	164019
4.	കോഴി വളർത്തൽ	4250
	മറ്റുള്ളവ	

പട്ടിക 4.11

ഫാമുകളുടെ എണ്ണം

1.	സ്വകാര്യ കന്നുകാലി ഫാം	299
2.	ആടു ഫാം	32
3.	മുട്ടക്കോഴി ഫാം	424
4.	സർക്കാർ കോഴി ഫാം	1
5.	മുയൽ ഫാം	1

2(3) **മുട്ടക്കോഴി**

കേരളത്തിൽ ഒരു വർഷം 5063 ദശലക്ഷം മുട്ടകൾ ആവശ്യമുള്ളപ്പോൾ 1196 ദശലക്ഷം മുട്ടകൾ മാത്രമേ കേരളത്തിൽ ഉത്പ്പാദിപ്പിക്കുന്നുള്ളൂ. ആളോഹരി പ്രതിവർഷ ഉപയോഗം 180 എണ്ണമായി നിഷ്കർഷിക്കുമ്പോൾ 72 മുട്ട മാത്രമേ ഉപയോഗിക്കുന്നുള്ളൂ. കഴിഞ്ഞ 5 വർഷമായി ജില്ലയിൽ നടപ്പാക്കിയ വിവിധ പദ്ധതികൾവഴി 18.89 ലക്ഷം മുട്ട അധികമായി ഉത്പാദിപ്പിക്കാൻ കഴിഞ്ഞു.

ജില്ലയിൽ കൂവപ്പടിയിൽ സ്ഥിതിചെയ്യുന്ന സർക്കാർ കോഴിഫാമിൽ നിന്ന് ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴി കുഞ്ഞുങ്ങളെ ജില്ലയിലെ സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറികൾവഴി വളർത്തി 45-60 ദിവസം പ്രായമാകുമ്പോൾ ആവശ്യമുള്ള കർഷകർക്ക് വിൽക്കുന്നു. ജില്ലയിൽ പ്രവർത്തിക്കുന്ന 19 അംഗീകൃത എഗ്ഗർ നഴ്സറികൾവഴി പ്രതിവർഷം അറുപതിനായിരത്തോളം കോഴിക്കുഞ്ഞുങ്ങളെ വില്പന നടത്തുന്നു. ഇത് ജില്ലയുടെ ആഭ്യന്തര മുട്ട ഉത്പാദനം കൂട്ടാൻ പ്രധാനപ്പെട്ട കാരണമാണ്.

പട്ടിക 4.12
മുട്ട ഉല്പാദനം

നം	വർഷം	കേരളം (ലക്ഷം)	എറണാകുളം (ലക്ഷം)
1.	2015-16	24424.81	2056.76
2.	2016-17	23443.82	2075.65

2 (4) **ഇറച്ചി ഉത്പാദനം**

ജില്ലയിൽ മാംസാഹാരത്തിന്റെ ഉപയോഗം വളരെ വർദ്ധിച്ചു വരുന്നതായാണ് കാണാൻ സാധിക്കുന്നത്. കോഴി, താറാവ്, പോത്ത്, പന്നി, ആട് എന്നിവയുടെ മാംസം വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. ജില്ലയിലെ ആഭ്യന്തര ഉത്പാദനം വളരെ കുറവായതിനാൽ മറ്റ് അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് നമ്മുടെ ആവശ്യം നിറവേറ്റുന്നത്. ജില്ലയിൽ മൂന്ന് അംഗീകൃത അറവുശാലകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും നമ്മുടെ ആവശ്യത്തിന് മാംസം എത്തിച്ചു നൽകുന്നതിന് സാധിക്കുന്നില്ല. ജില്ലയിൽ ബ്രോയ്ലർ ചെറുകിട യൂണിറ്റുകൾ ഏകദേശം 400 എണ്ണത്തോളം പ്രവർത്തിക്കുന്നുണ്ട്.

പട്ടിക 4.13
ഇറച്ചി ഉല്പാദനം

നം	വർഷം	കേരളം (ലക്ഷം)	എറണാകുളം (ലക്ഷം)
1.	2015-16	466.04	64.49
2.	2016-17	467.84	52.84

3. നടപ്പു പദ്ധതികൾ

3 (1) കേന്ദ്രാവിഷ്കൃത പദ്ധതികൾ

കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, പ്രത്യേക ഘടക പദ്ധതി, സ്പെഷ്യൽ കംപോണന്റ് സ്കീം, ആർ.കെ.ബി.വൈ പദ്ധതി, നാഷണൽ ലൈവ് സ്റ്റോക്ക് മിഷന്റെ ഭാഗമായുള്ള കന്നുകാലി ഇൻഷ്വറൻസ് എന്നിവ നടപ്പിലാക്കുന്നു.

3 (2) സംസ്ഥാനാവിഷ്കൃത പദ്ധതികൾ

വന്ധ്യതാനിവാരണ ക്യാമ്പുകൾ, ആരോഗ്യപരിപാലന ക്യാമ്പുകൾ, കുളമ്പുരോഗ നിവാരണ പദ്ധതി, ബാക്ക് യാർഡ് പൗൾട്രി റെയറിംഗ് പദ്ധതി എന്നിങ്ങനെ ഒട്ടനവധി പദ്ധതികൾ കർഷകർക്കായി 2016-17 വർഷത്തിൽ നടപ്പാക്കി. ഇതിനോടൊപ്പംതന്നെ മൃഗചികിത്സാ കേന്ദ്രങ്ങളുടെയും, ഫാമുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യ മായ പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ജില്ലയിലെ മൃഗരോഗ ചികിത്സ മെച്ചപ്പെടുത്തുന്നതിന് രോഗനിർണ്ണയ സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും ആവശ്യമായ മരുന്നുകൾ യഥാസമയം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

പട്ടിക 4.14
നടപ്പിലാക്കിയ പദ്ധതികൾ

നം	പദ്ധതിയുടെ പേര്	തുക
1.	റൂറൽ ബായ്ക്ക് യാർഡ് പൗൾട്രി റെയറിംഗ്	64,00,000.00
2.	ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്	8,00,000.00
3.	താറാവ് വളർത്തൽ	1,68,000.00

4.	കറവ യന്ത്രം	25,00,000.00
5.	നഗരപ്രദേശത്ത് കൂടും കോഴിയും പദ്ധതി	2,50,000.00
6.	വന്ധ്യതാ നിവാരണ ക്യാമ്പ്	2,00,000.00
7.	ആരോഗ്യ പരിപാലന ക്യാമ്പ്	7,90,000.00
8.	ആനിമൽ വെൽഫെയർ ക്ലബ്	1,50,000.00
9.	കർഷക പരിശീലന പരിപാടികൾ	9,00,000.00
10.	കന്നുകുട്ടി പരിപാലന പദ്ധതി	3,22,87,500.00
11.	രാത്രികാല വെറ്ററിനറി സേവനം	29,24,935.00
12.	കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്	12,00,000.00
13.	പേവിഷ പ്രതിരോധ കുത്തിവയ്പ്	2,00,000.00
14.	ബ്ലോക്ക്തല കർഷക ബോധവത്ക്കരണ സെമിനാർ	1,40,000.00

6

7

3 (3) **<u>തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ പദ്ധതികൾ</u>**

മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കു പുറമെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി.

1. കാലിത്തീറ്റ വിതരണ പദ്ധതി
2. കിടാരി വളർത്തൽ പദ്ധതി
3. ആട് വളർത്തൽ പദ്ധതി
4. കറവപ്പശു വളർത്തൽ പദ്ധതി
5. താറാവ് വളർത്തൽ പദ്ധതി
6. മുട്ടക്കോഴി വളർത്തൽ പദ്ധതി
7. കന്നുകുട്ടി പരിപാലന പദ്ധതി
8. ചികിത്സാ സേവനം മെച്ചപ്പെടുത്തുന്നതിന് മരുന്നു വാങ്ങുക.
9. വന്ധ്യതാ നിവാരണ ക്യാമ്പുകൾ
10. ആരോഗ്യ പരിപാലന ക്യാമ്പ്

ജില്ലയിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ വഴിയും, കോർപ്പറേഷൻ, നഗരസഭ എന്നിവ വഴിയും മൃഗ സംരക്ഷണ വകുപ്പ് ഉല്പാദന മേഖലയിൽ ഉൾപ്പെടുത്തി ഏകദേശം 48 കോടി രൂപ കർഷകർക്ക് സഹായമെത്തിച്ചിട്ടുണ്ട്.

3 (4) **<u>കൃത്രിമ ബീജസങ്കലനം:</u>**

ജില്ലയിലെ 111 മൃഗാശുപത്രികൾ വഴിയും 84 ഐ.സി.ഡി.പി ഉപകേന്ദ്രങ്ങൾ വഴിയും 9000-ത്തോളം കൃത്രിമ ബീജസങ്കലനം പശുക്കളിലും എരുമകളിലും ചെയ്യുന്നു. ഇത് സർക്കാർ തികച്ചും സൗജന്യമായി കർഷകർക്ക് നൽകിവരുന്നു. കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് (ഗഘലഉആ) ഇതിനാവശ്യമായ ബീജ മാത്രകൾ എല്ലാ സ്ഥാപനങ്ങളിലും എത്തിച്ചു നൽകുന്നു. ഉല്പാദനശേഷി കൂടിയ പശുക്കൾക്ക് ഗുണമേന്മ കൂടിയ ബീജമാത്രകൾ കുത്തിവയ്ക്കുന്നതിനും പാലുല്പാദനം അടുത്ത തലമുറയിൽ വർദ്ധിപ്പിക്കുന്നതിനും ഇത് സാധ്യമാക്കുന്നു.

3 (5) **<u>ആനിമൽ ഡിസീസ് കൺട്രോൾ പ്രൊജക്ട് (എ.ഡി.സി.പി)</u>**

ജില്ലയിൽ പ്രവർത്തിക്കുന്ന എ.ഡി.സി.പി പദ്ധതി മുഖേന ജില്ലയിലെ രോഗപ്രതിരോധ പ്രവർത്തനങ്ങളും പ്രതിരോധ കുത്തിവയ്പുകൾ, പകർച്ച വ്യാധികൾ നിയന്ത്രിക്കൽ, ജന്തുജന്യരോഗ നിയന്ത്രണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. 2016-17-ൽ ജില്ലയിൽ 2 ഘട്ടമായി നടപ്പിലാക്കിയ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പിന് 96118 കന്നുകാലികളെ വിധേയമാക്കി. അസ്കാഡ് പദ്ധതി പ്രകാരം കുടുംബശ്രീ പ്രവർത്തകരുടെ സഹകരണത്തോടെ കോഴിവസന്ത, താറാവ് വസന്ത എന്നിവയ്ക്കുള്ള പ്രതിരോധ കുത്തിവയ്പുകൾ നടപ്പിലാക്കി.

RFKVC പദ്ധതി പ്രകാരം 39110 വളർത്തുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവയ്പ്പ് എടുത്തു.

കന്നുകാലികളെ ബാധിക്കുന്ന ഹെമറാജിക് സെപ്റ്റിസീമിയ, ബ്ലാക്ക് ക്വാർട്ടർ, ആന്ത്രാക്സ് ആടുകളെ ബാധിക്കുന്ന PPR താറാവുകളെ ബാധിക്കുന്ന ഡക്ക്

പാസറലോസിസ് എന്നീ രോഗങ്ങൾക്കെതിരായ പ്രതിരോധ കുത്തിവയ്പു കളും നടപ്പിലാക്കി.

3 (6) **മീറ്റ് പ്രൊഡക്സ് ഓഫ് ഇന്ത്യ**

ജില്ലയിൽ കൂത്താട്ടുകുളത്ത് പ്രവർത്തിക്കുന്ന മീറ്റ് പ്രൊഡക്സ് ഓഫ് ഇന്ത്യ എന്ന സ്ഥാപനം ആരോഗ്യമുള്ള മൃഗങ്ങളെ കശാപ്പ് ചെയ്ത് ഗുണമേന്മയുള്ള ഇറച്ചി അവരുടെ വില്പന ഔട്ട് ലെറ്റുകൾവഴി ആവശ്യക്കാർക്ക് എത്തിച്ചു നൽകുന്നതുവഴി ഇറച്ചിയുടെ ആവശ്യകത ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കുന്നു.

2012 കന്നുകാലി കാനേഷുമാരി കണക്കു പ്രകാരം താലൂക്ക് തലത്തിലുള്ള പക്ഷി മൃഗാദികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

19th LiveStock Census-Taluk wise Abstract in Ernakulam

District : Ernakulam												
	Cat tle			Total								
Taluk	*Cross bred*	*Indegeni ous*	*Total Cat tes*	*Buf faloes*	*Goat*	*Pig*	*Horses*	*Sheep*	*Dog*	*Rabbit*	*Elephant*	*Total Poultry*
Kunnathnadu	28505	414	28919	1874	27420	414	3	1	15771	3866	9	396330
Muvat tupuzha	20315	377	20692	1369	30765	1960	5	1	13438	3214	11	123619
Kanayannur	7807	74	7881	1353	11598	535	6	5	15292	3283	6	82433
Kothamangalam	17331	1321	18652	978	15633	682	1	2	9326	2193	4	96666
Aluva	16140	2282	18422	3397	23245	1658	4	38	13926	4668	1	193794
Kochi	2132	11	2143	271	3337	109	5	0	7569	1127	1	52372
Paravur	9406	68	9474	3486	10722	207	5	3	12514	3335	4	127164
Kochi corp	1786	22	1808	274	2427	158	4	0	11454	1177	2	19821
TOTAL	**103422**	**4569**	**107991**	**13002**	**125147**		**33**	**50**	**99290**	**22863**	**38**	**1092199**

പട്ടിക 4.15

അവലംബം 2012 ലെ 19-ാംമത് കന്നുകാലി കാനേഷുമാരി - കേരള മൃഗസംരക്ഷണ വകുപ്പ്

2012 കാനേഷുമാരി സ്ഥിതിവിവരകണക്ക് അവലോകനം

പട്ടിക (1) പ്രകാരം എറണാകുളം ജില്ലയിലെ 7 താലൂക്കിലെയും കൊച്ചി കോർപ്പറേഷനിലെയും പക്ഷി മൃഗാദികളുടെ കണക്കെടുക്കുമ്പോൾ ജില്ലയുടെ വടക്ക് കിഴക്കൻ മേഖലയായ കുന്നത്തുനാട് താലൂക്കിലാണ് ഏറ്റവും കൂടുതൽ സങ്കരയിനം കന്നുകാലികൾ കാണപ്പെടുന്നത്. ഏറ്റവും കൂടുതൽ നാടൻ പശുക്കളെ കാണപ്പെടുന്നത് ആലുവ താലൂക്കിലാണ്. ഈ മേഖലകളിൽ തീറ്റപ്പുൽകൃഷി പ്രോത്സാഹനം, ക്ഷീരോത്പന്ന യൂണിറ്റുകൾ ആരംഭിക്കുക, കന്നുകാലികളിൽ നിന്നുള്ള ഉത്പന്നങ്ങളുടെയും ഉപോത്പന്നങ്ങളുടെയും വിപണന യൂണിറ്റുകൾ ആരംഭിക്കുക എന്നിവ ചെയ്യാവുന്നതാണ്. കൂടുതൽ കിടാക്കളെ കന്നുകുട്ടി പരിപാലന പദ്ധതി പോലെയുള്ള സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്താവുന്നതുമാണ്.

എറണാകുളം ജില്ലയിൽ കാലിത്തീറ്റ ഉത്പാദനയൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല. ജില്ലയ്ക്ക് ആവശ്യമായ കാലിത്തീറ്റയ്ക്ക് പ്രധാനമായും ആശ്രയിക്കുന്നത് തൃശ്ശൂർ ജില്ലയിലെ കേരള ഫീഡ്സ് ആണ്. ജില്ലയിലെ തീറ്റ ഉത്പാദനത്തിലെ വിടവ് പരിഹരിക്കുന്നതിന് ജില്ലയിൽ പുതിയതായി കാലിത്തീറ്റ ഫാക്ടറി ആരംഭിക്കാവുന്നതാണ്. ക്ഷീരകർഷകർക്ക് എന്നും ബുദ്ധിമുട്ടാകുന്നത് കാലിത്തീറ്റയുടെ വിലവർദ്ധനവാണ്. ഇതിനായി സർക്കാർ സബ്സിഡി നൽകാവുന്നതാണ്. കൂടുതൽ ഉത്പാദന ശേഷിയുള്ള കന്നുകാലികളെ വിതരണം ചെയ്യുക വഴി പാലുത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാവുന്നതാണ്.

നാടൻ കന്നുകാലികൾ

ജില്ലയിൽ മൊത്തം 4569 നാടൻ കന്നുകാലികൾ ഉള്ളതായാണ് 19-ാംമത് ലൈവ്സ്റ്റോക്ക് സെൻസസ് പ്രകാരം

കണ്ടെത്തിയിട്ടുള്ളത്. വെച്ചൂർ, കാസർഗോഡ് കുള്ളൻ, ഗിർ വിഭാഗത്തിൽപ്പെട്ട കന്നുകാലികളെയാണ് പരിരക്ഷിച്ചു പോരുന്നത്. ഇവയുടെ പ്രജനനത്തിനു പര്യാപ്തമായ സൗകര്യങ്ങൾ മൃഗസംരക്ഷണ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. രോഗപ്രതിരോധശേഷി, ഗുണമേന്മയുള്ള പാൽ, സ്ഥലലഭ്യതകുറവുള്ള സ്ഥലത്ത് വളർത്താനുള്ള സൗകര്യം എന്നിവയാണ് ഇവയെ ആകർഷകമാക്കുന്നത്. എറണാകുളം ജില്ലയിൽ അവയുടെ പരിപാലനവും പ്രജനനവും വ്യാപിപ്പിക്കാൻ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

എരുമ/പോത്ത്

ജില്ലയിലെ തീരദേശ മേഖലയോട് ചേർന്ന് കിടക്കുന്ന പറവൂർ താലൂക്കിലാണ് ഏറ്റവും കൂടിതൽ എരുമ/പോത്ത് വർഗ്ഗത്തെ കാണപ്പെടുന്നത്. 9474 എണ്ണമാണ് 2012 സെൻസെസ് പ്രകാരം ആലങ്ങാട്, പറവൂർ ബ്ലോക്ക് ഉൾപ്പെടുന്ന പറവൂർ താലൂക്കിൽ കാണപ്പെടുന്നത്. ഇവയുടെ പരിപാലനത്തെ പ്രോത്സാഹിപ്പിക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്. ഇറച്ചിക്കായും പോത്തിനെ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുവാൻ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കാവുന്നതാണ്.

ആടുകൾ

ജില്ലയിലെ കിഴക്കൻ മേഖലയായ മൂവാറ്റുപുഴ താലൂക്കിലാണ് 2012 സെൻസെസ് കണക്കു പ്രകാരം ഏറ്റവും കൂടുതൽ ആടുകൾ കാണപ്പെടുന്നത്. 30765 എണ്ണം ഇറച്ചിക്കായും പാലിനായും ആടിനെ വളർത്തുന്നു. മലബാറി ഇനത്തിൽപ്പെട്ട ആടുകളുടെ പരിപാലനവും പ്രജനനവും സാധ്യമാകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്. ആടുകളിൽ കൃത്രിമ ബീജദാനത്തിനുതകുന്ന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി പദ്ധതിയിൽ സ്വീകരിക്കേണ്ടതാണ്.

പന്നികൾ

മൂവാറ്റുപുഴ പ്രദേശത്താണ് ഏറ്റവും കൂടുതൽ പന്നികൾ ഉള്ളതായി കണക്കുകൾ വ്യക്തമാക്കുന്നത്. കോതമംഗലം താലൂക്കും പന്നി വളർത്തലിന് അനുയോജ്യമായ പ്രദേശമായി കണകാക്കാം. എന്നാൽ മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾ മൂലം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും പന്നി വളർത്തലിന് ലൈസൻസ് ലഭിക്കാൻ ബുദ്ധിമുട്ട് നേരിടുന്നു. പരിസ്ഥിതി പ്രശ്നങ്ങൾ മൂലം പലപ്പോഴും ഫാമുകൾ അടച്ചു പൂട്ടേണ്ട അവസ്ഥയും നേരിടുന്നു. മലിനീകരണ നിയന്ത്രണ ചട്ടങ്ങളിൽ ഇളവ് വരുത്തുക വഴി പന്നി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ സാധിക്കും.

മുയലുകൾ

ജില്ലയിൽ ഉടനീളം ഏകദേശം ഒരുപോലെ കാണപ്പെടുന്ന മൃഗമാണ് മുയൽ. കൗതുകത്തിനായും ഇറച്ചിക്കായും മുയലിനെ വളർത്തുന്നു. ജില്ലയിൽ അങ്കമാലിയിൽ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ സ്ഥിതിചെയ്യുന്ന റാബിറ്റ് ബ്രീഡിംഗ് ഫാം വഴി മികച്ച ഇനം മുയൽ കുഞ്ഞുങ്ങളെ വില്പനയ്ക്ക് ലഭ്യമാണ്. മുയൽ മാംസം ആരോഗ്യകരവും കൊളസ്ട്രോൾ കുറവുള്ളതുമാണ്. മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കാൻ പദ്ധതി തയ്യാറാക്കാവുന്നതാണ്. മുയൽ മാംസത്തിന്റെ ഗുണത്തെ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ബോധവത്ക്കരണം നടത്തുന്നതു വഴി മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കാം. സ്ഥലപരിമിതിയുള്ള പ്രദേശങ്ങളിൽ ആദായകരമായ രീതിയിൽ കുറഞ്ഞ മുതൽ മുടക്കിൽ മുയൽ വളർത്തൽ ചെയ്യാവുന്നതാണ്.

വളർത്തുപക്ഷികൾ (കോഴി, താറാവ്, കാട)

ജില്ലയിൽ 2012 കാനേഷുകുമാരി അനുസരിച്ച് 1092199 എണ്ണം വിവിധ ഇനം പക്ഷികളാണ് ഉള്ളത്. ജില്ലയിലെ മൃഗസംരക്ഷണ മേഖലയുടെ കരുത്തായ കുന്നത്തുനാട് താലൂക്കിലാണ് ഏറ്റവും കൂടുതൽ വളർത്തു പക്ഷികൾ ഉള്ളത്. ഇതിൽ കോഴി, താറാവ്, കാട, ഗിനി പക്ഷി എന്നിവ ഉൾപ്പെടുന്നു. ഇറച്ചിക്കായും മുട്ടക്കായും ഇവയെ വളർത്തുന്നു. അതോടൊപ്പം തന്നെ ഗ്രാമീണ മേഖലയിലെ വനിതകൾക്ക് ചെറിയ

വരുമാനവും പ്രദാനം ചെയ്യുന്നു. ഇറച്ചിക്കോഴി യൂണിറ്റ്, മുട്ടക്കോഴി യൂണിറ്റുകൾ, കാട വളർത്തൽ യൂണിറ്റുകൾ എന്നിവ ചെറുതും വലുതുമായി നിരവധി എണ്ണം ജില്ലയിൽ പ്രവർത്തിക്കുന്നു. എറണാകുളം ജില്ലയിൽ കുറുപ്പുംപടിയിൽ പ്രവർത്തിക്കുന്ന റീജിയണൽ പൗൾട്രി ഫാം വഴി വിതരണം ചെയ്യുന്ന ഒരു ദിവസം പ്രായമായ മുട്ടക്കോഴികുഞ്ഞുങ്ങൾ തന്നെയാണ് ജില്ലയിലെ മുട്ടക്കോഴി നഴ്സറികളുടേയും മുട്ടക്കോഴി വളർത്തലിനും നെടുംതൂണായി നിൽക്കുന്നത്. ജില്ലയിൽ പ്രവർത്തിക്കുന്ന എഗ്ഗർ നഴ്സറികൾ വഴി പ്രതിവർഷം മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു. ജില്ലയുടെ തീരദേശ മേഖലയിലെ വെള്ളക്കെട്ടുള്ള പ്രദേശമായ വൈപ്പിൻബ്ലോക്ക്, പറവൂർ ബ്ലോക്ക് എന്നിവ താറാവ് വളർത്തലിന് അനുയോജ്യമായ പ്രദേശമാണ്. ഈ പ്രദേശങ്ങളിൽ താറാവ് വളർത്തലിന് അനുയോജ്യമായ പദ്ധതികൾ നടപ്പാക്കാവുന്നതാണ്. ജില്ലയിൽ 2012 കാനേഷുമാരി അനുസരിച്ച് (1.25ലക്ഷം) എണ്ണം താറാവുകളാണുള്ളത്. പ്രധാനമായും മുട്ടയുത്പാദനം ലക്ഷ്യമിട്ടാണ് ഇവയെ വളർത്തുന്നതെങ്കിലും ഇറച്ചിക്കായും ഇവയെ ഉപയോഗിക്കുന്നു. കാട വളർത്തൽ ജില്ലയിൽ ഏറെ പ്രചാരം സിദ്ധിച്ച് വരുന്നുണ്ട്. സ്ഥലപരിമിതി കണക്കിലെടുത്ത് നഗരപ്രദേശങ്ങളിൽ കാടവളർത്തൽ പ്രോത്സാഹിപ്പിക്കാൻ പദ്ധതി തയ്യാറാക്കാവുന്നതാണ്. കാട മുട്ടയുടെ ഔഷധ മൂല്യവും കൈകാര്യം ചെയ്യാൻ എളുപ്പമാണെന്നുള്ളതും കൂടിയ രോഗ പ്രതിരോധശേഷിയും കാട വളർത്തൽ പ്രോത്സാഹിപ്പിക്കാൻ സഹായകമാക്കാവുന്ന അനുകൂല ഘടകങ്ങളാണ്.

പട്ടിക – 4.16

2003, 2007, 2012

കാനേഷുമാരി കണക്കുകൾ (എറണാകുളം ജില്ല)

(ലക്ഷത്തിൽ)

	2003	2007	2012
Cattle	1.73	1.55	1.07
Buffaloes	0.068	0.051	.13
Goat	1.16	1.66	1.25
Pig	0.098	0.055	0.057
Poultry	20.19	11.73	10.92

, അവലംബം 2012 ലെ 19-ാം മത് കന്നുകാലി കാനേഷുകുമാരി – കേരള മൃഗസംരക്ഷണ വകുപ്പ്

അവസ്ഥാ വിശകലനം

2003, 2007, 2012 വർഷങ്ങളിൽ കേരള മൃഗ സംരക്ഷണ വകുപ്പ് നടപ്പാക്കിയ കന്നുകാലി കാനേഷുകുമാരി കണക്കു പ്രകാരം ജില്ലയിൽ മൃഗങ്ങളുടേയും വളർത്തുപക്ഷികളുടേയും എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. പശു/കാളകളുടെ എണ്ണം 1.73 ലക്ഷത്തിൽ നിന്നും 2012 ൽ 1.07 ലക്ഷമായി കുറഞ്ഞതായി കാണാൻ സാധിക്കുന്നു. എന്നാൽ എരുമ/പോത്തുകളുടെ എണ്ണത്തിൽ 6800 ൽ നിന്നും 13000 ആയി വർദ്ധിച്ചിട്ടുണ്ട്. ആടുകളുടെ എണ്ണം 2003 ൽ 1.16 ലക്ഷമായിരുന്നത് 2007 ൽ 1.66 ലക്ഷമായി ഉയർന്നെങ്കിലും 2012 ൽ 1.25 ലക്ഷമായി കുറയുന്ന സാഹചര്യമാണുണ്ടായത്. പന്നികളുടെ എണ്ണം 2003 ലെ 9800 ൽ നിന്നും 2012 ലെ 5700 ലേയ്ക്ക് കുറയുന്നതായാണ് കാണാൻ സാധിക്കുന്നത്. വളർത്തു പക്ഷികളുടെ എണ്ണത്തിൽ 2003 ലെ 20.19 ലക്ഷത്തിൽ നിന്നും 2012 ലേയ്ക്ക് 10.92 ലക്ഷമായി കുറയുന്നതായാണ് കാണാൻ സാധിക്കുന്നത്.

2012 ലെ കന്നുകാലി കാനേഷുകുമാരി പ്രകാരമുള്ള സ്ഥിതിവിവരകണക്ക് ജില്ലയിലെ മൃഗ സമ്പത്ത് കുറയുന്നതായാണ് കാണാൻ

സാധിക്കുന്നത്. സ്ഥലത്തിന്റെ ലഭ്യതക്കുറവ്, നഗരവത്ക്കരണം, ഉപഭോഗ സംസ്ക്കാരം, അധ്വാനം കുറവുള്ള ജോലിയോടുള്ള താത്പര്യവും അവസരങ്ങളും, കുറഞ്ഞ പ്രതിഫലം, കൂടുതൽ അദ്ധ്വാനം, കൃഷിയുടെ കുറവ്, ഉയർന്ന വിദ്യാഭ്യാസ നിരക്ക്, മറ്റ് തൊഴിൽ ലഭ്യത എന്നിവ മൃഗസംരക്ഷണ മേഖലയിൽ നിന്ന് ജനങ്ങൾ വിട്ടുനിൽക്കാൻ കാരണമാകുന്നു. ഈ മേഖലയിൽ ആകർഷകമായ പദ്ധതികൾ ആവിഷ്കരിക്കുക, ബാങ്ക് വായ്പ സൗകര്യം ലഭ്യമാക്കുക, ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുക, വിപണന സൗകര്യങ്ങൾ വിപുലപ്പെടുത്തുക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, എന്നീ ലക്ഷ്യങ്ങൾ മുൻപിൽ കണ്ടുകൊണ്ട് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയാൽ മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകാൻ സാധിക്കു മെന്നതിൽ തർക്കമില്ല. മലിനീകരണ നിയന്ത്രണ ചട്ടങ്ങളിലെ ഭേദഗതി, വായ്പാ ലഭ്യതയ്ക്കായുള്ള മാനദണ്ഡങ്ങളിലെ ഇളവുകൾ, ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കൽ എന്നിവയിലെ സർക്കാർ ഇടപെടൽ ഈ മേഖലയിലെ തകർച്ച മറികടക്കാൻ സാധിക്കും.

1997 മുതൽ ജനകീയാസൂത്രണ പദ്ധതിയിലൂടെയും മൃഗസംരക്ഷണ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന കർഷക ക്ഷേമ പദ്ധതിയിലൂടെയും നിരവധി വ്യക്തിഗത ആനുകൂല്യങ്ങൾ, പക്ഷിമൃഗാദികൾ, കാലിത്തീറ്റ, അടിസ്ഥാന സൗകര്യ വികസനം, മെച്ചപ്പെട്ട മൃഗചികിത്സാ സേവനങ്ങൾ, ഇൻഷുറൻസ് പദ്ധതികൾ എന്നീ തരത്തിൽ കർഷകരിലേക്ക് എത്തിക്കാൻ സാധിക്കുന്നത് തന്നെയാണ് നിലവിലുള്ള ക്ഷീരകർഷകരെ ഈ മേഖലയിൽ നിലനിർത്താൻ സാധിക്കുന്നത്. ഈ മേഖലയ്ക്ക് ഉണർവും അതിലൂടെ ഭക്ഷ്യസുരക്ഷയും ഉറപ്പാക്കാൻ അനുയോജ്യമായ പദ്ധതികൾ 13-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്.

ചിത്രം - 4.13

(അവലംബം - 2012 കന്നുകാലി കാനേഷുമാരി - മൃഗസംരക്ഷണ വകുപ്പ്)



ചിത്രം 4.13 പ്രകാരം 2003, 2007, 2012 കന്നുകാലി കാനേഷുമാരി കണക്കു പ്രകാരം വിവിധ മൃഗങ്ങളുടേയും പക്ഷിമൃഗാദികളുടേയും എണ്ണത്തിലുണ്ടായ കുറവ് വ്യക്തമാണ്. എരുമ/പോത്തുകളുടെ എണ്ണത്തിൽ മാത്രമാണ് വർദ്ധനവ് കാണുന്നത്. എരുമ/പോത്ത് വളർത്തൽ വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്.

കാനേഷുകുമാരി - ശതമാന കണക്കുകൾ കന്നുകാലികളിൽ **ചിത്രം - 4.14**



ചിത്രം - 4.14 (അവലംബം - 2012 കന്നുകാലി കാനേഷുമാരി - മൃഗസംരക്ഷണ വകുപ്പ്)

2012 ലെ കന്നുകാലി കാനേഷുമാരി പ്രകാരം ലഭ്യമായിട്ടുള്ള കണക്കനുസരിച്ച് ജില്ലയിലെ പക്ഷിമൃഗാദികളിൽ 49.86 ശതമാനം ആടുകളും 42.68 ശതമാനം പശു/കാളകളും 5.19 ശതമാനം എരുമ/പോത്തുകളഉം 2.27 ശതമാനം പന്നികളുമാണ്

കന്നുകാലികൾ - പശു വർഗ്ഗം (ആൺ/പെൺ)

പട്ടിക - 4.17

Cattle	Total
Male	10261
Female	97730

അവലംബം 2012 ലെ 19-ാംമത് കന്നുകാലി കാനേഷുമാരി - കേരള മൃഗസംരക്ഷണ വകുപ്പ്

ചിത്രം - 4.15



ചിത്രം - 4.15, (അവലംബം - 2012 കന്നുകാലി കാനേഷുമാരി - മൃഗസംരക്ഷണ വകുപ്പ്)

ജില്ലയിലെ കന്നുകാലികളുടെ ആൺ/പെൺ അനുപാതം എടുക്കുമ്പോൾ ഏകദേശം 8.67 ശതമാനം ആൺ വർഗ്ഗവും 91.33 ശതമാനം പെൺവർഗ്ഗവും ആണ്. വംശവർദ്ധനവിനും പാലുത്പാദനത്തിനും വേണ്ടി പെൺവർഗ്ഗത്തെ നിലനിറുത്തുകയും ആൺ വർഗ്ഗത്തെ ഇറച്ചിക്കായി ഉപയോഗിക്കുന്നതുകൊണ്ടും ശരിയായി പരിപാലിക്കാത്തതുകാരണം മരണപ്പെട്ടു

പോകുന്നതുകൊണ്ടുമാണ് പെൺ വർഗ്ഗം കൂടുതലായി കാണപ്പെടുകയും ആൺവർഗ്ഗം തുലോം കുറവായി കാണപ്പെടുകയും ചെയ്യുന്നത്. ലിംഗനിർണ്ണയം നടത്തിയ ബീജം കുത്തിവെയ്ക്കുക വഴി മെച്ചപ്പെട്ട പെൺ വർഗ്ഗത്തെ ലഭിക്കുന്നതിന് സാധ്യതകൾ പദ്ധതിയിൽ ഉൾപ്പെടുത്താം. കാളക്കിടാങ്ങളെ സംരക്ഷിച്ച് മെച്ചപ്പെട്ട തീറ്റയും പരിപാലന മുറകളും ഉറപ്പാക്കുക വഴി ഇറച്ചി ആവശ്യത്തിനായി അവയെ ഉപയോഗപ്പെടുത്താവുന്നതാണ്.

പട്ടിക – 4.18

കോഴി വർഗ്ഗം ശതമാനത്തിൽ

	Total Numbers
Poultry	850505
Duck	92816
Turkey	4354
Quails	18829
Other Poultry Birds	39373

അവലംബം 2012 ലെ 19-ാംമത് കന്നുകാലി കാനേഷുമാരി – കേരള മൃഗസംരക്ഷണ വകുപ്പ്

ചിത്രം – 4.16



(അവലംബം – 2012 കന്നുകാലി കാനേഷുമാരി – മൃഗസംരക്ഷണ വകുപ്പ്)

വളർത്തുപക്ഷികളുടെ കണക്കെടുക്കുമ്പോൾ 84.55 ശതമാനം കോഴികളും 9.23 ശതമാനം താറാവും 3.91 ശതമാനം മറ്റു പക്ഷി ഇനങ്ങൾ (എമു, ഗിനി പക്ഷി) വിഭാഗത്തിൽപ്പെട്ടവയുമാണ്. ടർക്കി, കാട എന്നിവ 3.31 ശതമാനം മാത്രമാണ്. ജില്ലയിൽ ഏറ്റവും കൂടുതൽ സാധ്യത കോഴിവളർത്തലിനാണ്. ഇറച്ചിക്കായും മുട്ടയ്ക്കായും കോഴികളെ വളർത്തുന്നു. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ താറാവ് വളർത്തുന്നതിന് അനുയോജ്യമായ പദ്ധതികൾ നടപ്പാക്കാവുന്നതാണ്. അലങ്കാര പക്ഷി വളർത്തലിലൂടെ വിനോദവും വരുമാനവും പ്രദാനം ചെയ്യാൻ സാധിക്കുന്നു. ഇതിന്റെ സാധ്യത കണക്കിലെടുത്ത് അനുയോജ്യമായ തൊഴിൽ സംരഭങ്ങൾ ആരംഭിക്കാൻ പദ്ധതികൾ വിഭാവനം ചെയ്യാവുന്നതാണ്. കുടുംബശ്രീ പോലെയുള്ള സംഘടിത കൂട്ടായ്മയിലൂടെ ബ്രോയിലർ കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ, അലങ്കാര പക്ഷി വളർത്തൽ, കാട വളർത്തൽ എന്നീ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കാവുന്നതാണ്.

പട്ടിക – 4.19

Taluk	*Dog*	*Stray Dogs*
Kunnathnadu	15771	**16647**
Muvattupuzha	13438	
Kanayannur	15292	
Kothamangalam	9326	
Aluva	13926	
Kochi	7569	
Paravur	12514	
Kochi corp	11454	
TOTAL	**99290**	

അവലംബം 2012 ലെ 19-ാം മത് കന്നുകാലി കാനേഷുമാരി – കേരള മൃഗസംരക്ഷണ വകുപ്പ്

പട്ടിക – 4.20

	Total
Domestic Dogs	99290
Stray Dogs	16647

(അവലംബം – 2012 കന്നുകാലി കാനേഷുമാരി – മൃഗസംരക്ഷണ വകുപ്പ്)

ചിത്രം – 4 .17



നായ്ക്കളെ സംബന്ധിച്ചുള്ള സ്ഥിതിവിവരകണക്ക്

അവലോകനം

ഓമന മൃഗം എന്ന വിഭാഗത്തിൽ ജനങ്ങൾ വളരെ കരുതലോടെ വളർത്തുന്ന മൃഗമാണ് നായ്ക്കൾ. അരുമ മൃഗമായും കാവലിനായും പണ്ട് മുതൽക്കേതന്നെ വളർത്തിവരുന്നു. പൊതുജനാരോഗ്യത്തിന് നായ്ക്കൾ ഉയർത്തുന്ന വെല്ലുവിളി വളരെ വലുതാണ്. ജന്തുജന്യ രോഗങ്ങളുടെ ഉറവിടമായ മൃഗങ്ങളിൽനിന്നുതന്നെ മനുഷ്യരിലേയ്ക്ക് പകരാവുന്ന ഏറ്റവും മാരകമായ പേവിഷബാധയുടെ പ്രധാന സ്രോതസ് നായ്ക്കളാണ്. ജില്ലയിൽ 2012 സെൻസസ് അനുസരിച്ച് 99290 വളർത്തു നായ്ക്കളും 16647 തെരുവു നായ്ക്കളുമുണ്ട്. പൊതുജനാരോഗ്യം മുൻനിർത്തി കൃത്യമായ ആസൂത്രണം നടത്തി പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്. തെരുവു നായ്ക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തെരുവുനായ നിയന്ത്രണ പദ്ധതികൾക്ക് ആവശ്യമായ സാങ്കേതിക സഹായം കാലാകാലങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന എ.ബി.സി. പദ്ധതി മേൽനോട്ടം വഹിക്കുന്നു.

പട്ടിക - 4.21

ഉത്പാദന നില 2016-2017

ക്രമ നം.	ഇനം	ഇന്ത്യ	സ്ഥാനം (ലോകത്തിൽ)	കേരളം	സ്ഥാനം (ഇന്ത്യയിൽ)	എറണാകുളം
1	പാൽ	1636936710MT	1	2520340 MT	14	217.5MT
2	മുട്ട	88138511000 No.	3	2344383000 No.	9	2075.65527 lakhs
3	ഇറച്ചി	7385610 MT	5	468840 MT	7	52.84 MT

അവലംബം സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

2016-17 വർഷത്തിൽ എറണാകുളം ജില്ല 217.5 MT പാൽ 2075.65527 ലക്ഷം മുട്ടകൾ 52.84 MT ഇറച്ചിയും ഉത്പാദിപ്പിച്ചു. പാലുത്പാദന ത്തിൽ എറണാകുളം ജില്ലയുടെ ഉത്പാദനം കേരളത്തിന്റെ ഉത്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ഉത്പാദിപ്പിച്ച പാലിന്റെ 8.6 ശതമാനവും മുട്ടയും 8.8 ശതമാനവും മാംസത്തിന്റെ 11.2 ശതമാനവും സംഭാവന നല്കികൊണ്ട് കേരളം 3-ാംസ്ഥാനം കൈവരിച്ചിട്ടുണ്ട്.പ്രതികൂലമായ ചില ഘടകങ്ങൾ നിലനിൽക്കുമ്പോഴും ഈ നേട്ടംഅഭിമാനർഹമാണ്

പട്ടിക-4.22

Sl. No.		Ernakulam Dist.	Kerala	% wrt Kerala
1	Milk (MT)	217502.657	2520340	8.6
2	Egg (Nos.)	207565527	2344383000	8.8
3	Meat (MT)	52842.9	468840	11.2

അവലംബം സാമ്പത്തിക സ്ഥിതിവിവര വകുപ്പ്

പട്ടിക-4.23

ഉത്പാദനം - താരതമ്യ പഠനം

ക്രമ നം.	ഇനം	2015-16	2016-17
1	പാൽ	218.6 MT	217.5 MT
2	മുട്ട	205676637No.s	207565527No.s
3	ഇറച്ചി	52.84 MT	64.79 MT

അവലംബം സാമ്പത്തിക സ്ഥിതി വിവര വകുപ്പ്

ചിത്രം - 4.18



ചിത്രം - 4.19



ചിത്രം - 4.20



ഉത്പാദനം - താരതമ്യപഠനം

2015-2016, 2016-17 വർഷത്തെ ഉത്പാദനം താരമ്യപ്പെടുത്തുമ്പോൾ പാലുത്പാദനത്തിൽ നേരീയ കുറവ് ഉണ്ടെങ്കിലും മുട്ടയുത്പാദനത്തിലും മാംസോത്പാദനത്തിലും നമുക്ക് നില മെച്ചപ്പെടുത്താൻ സാധിച്ചു എന്നത് വലിയ നേട്ടം തന്നെയാണ്. ഈ മേഖലയിലേക്ക് കൂടുതൽ ആൾക്കാർ കടന്നുവരുന്നതിന്റെ സൂചനയായി നമുക്കിതിനെ കണകാക്കാം.

പട്ടിക – 4.24

പാൽ, മുട്ട, മാംസം എന്നിവയുടെ വാർഷിക ആവശ്യകത ഐ.സി.എം.ആർ ശുപാർശ പ്രകാരം

Item	ICMR Recommendation	Annual Requirement(Ltr.)
പാൽ	250ml./day	299517905
മുട്ട	180 NO./YRS	590829840
മാംസം	10.95Kg/Yrs	35942148.6

ചിത്രം – 4.21



ചിത്രം – 4.22



ചിത്രം – 4.23



നമ്മുടെ ജില്ലയുടെ ജനസംഖ്യ 3282388 ആണ്. ഐ.സി.എം.ആർ ന്റെ ശുപാർശ അനുസരിച്ച് ഒരു വ്യക്തിക്ക് പ്രതിദിനം പാലിന്റെ ആവശ്യകത 250 ഗ്രാം, പ്രതിവർഷം മുട്ടയുടെ ആവശ്യകത 180 എണ്ണം, പ്രതിവർഷം മാംസത്തിന്റെ ആവശ്യകത 10.95 കി. ഗ്രാം എന്നിങ്ങനെയാണ്. പട്ടിക 9 പ്രകാരം പാൽ, മുട്ട, മാംസം എന്നിവയുടെ വാർഷിക ആവശ്യകത നമുക്ക് മനസ്സിലാക്കാൻ സാധിക്കും. നമ്മുടെ ആവശ്യകതയുമായി താരതമ്യം ചെയ്യുമ്പോൾ പാലിന്റെ ഉത്പാദന കമ്മി 27.37% ആണെന്നിരിക്കെ മുട്ടയുത്പാദന കമ്മി 64.87 ശതമാനവും മാംസത്തിന്റെ ഉത്പാദന കുറവ് 40.45 ശതമാനവും ആണ്. നമ്മുടെ ആവശ്യകതയും ഉത്പാദനവും തമ്മിലുള്ള അന്തരം വളരെ വലുതാണെന്ന് വിശകലനം ചെയ്യാൻ സാധിക്കും. ഉത്പാദന കുറവ്

പരിഹരിക്കാൻ നമ്മൾ മറ്റ് ജില്ലകളിൽ നിന്നോ, മറ്റ് സംസ്ഥാനങ്ങളിൽ നിന്നോ ഇവ എറണാകുളം ജില്ലയിൽ ലഭ്യമാക്കേണ്ട സാഹചര്യമാണുള്ളത്. അതുകൊണ്ടുതന്നെ മെച്ചപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടത് വളരെ അനിവാര്യമാണ്. ഐ.ടി മേഖലയുടെ വളർച്ച പുതിയ വ്യവസായ സംരംഭങ്ങൾ എന്നിവയുടെ വളരർച്ച ജില്ലയിലേക്കുള്ള ഐ.ടി പ്രൊഫഷണനലുകളുടേയും മറ്റ് തൊഴിൽ മേഖലയിലേക്കുള്ളവരുടേയും കടന്നു കയറ്റത്തിന് ആക്കം കൂട്ടുകയും ജില്ലയിലെ ജനസാന്ദ്രത വളരെ കൂടുകയും ചെയ്ത സാഹചര്യത്തിൽ നമ്മുടെ ആഭ്യന്തര ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരവും കൂടി വരുന്നു. പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിലെ കുറവ് പരിഹരിക്കാൻ കൂടുതൽ പക്ഷി മൃഗാദികളെ ജില്ലയിൽ വളർത്താൻ കർഷകർക്ക് പ്രചോദനം നല്കുന്നതോടൊപ്പം മെച്ചപ്പെട്ട പദ്ധതികൾ നടപ്പാക്കുകയും ചെയ്യാവുന്നതാണ്.

<u>വികസന വിടവുകൾ</u>

1. പാൽ, മുട്ട, മാംസം എന്നിവയുടെ ഉപയോഗവുമായി തട്ടിച്ചുനോക്കുമ്പോൾ ഉത്പാദന കുറവ് 27.3 ശതമാനം, 64.87 ശതമാനം, 40.45 ശതമാനം എന്നിങ്ങനെയാണ്. ഈ അന്തരം കുറയ്ക്കുന്നതിനായി ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ മൃഗങ്ങളെ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യണം. ഗുണനിലവാരമുള്ള വെറ്റിനറി സേവനം 24 മണിക്കൂർ ജില്ലയിൽ ലഭ്യമല്ല.

2. നഗരവത്ക്കരണത്തിന്റെ കടന്നുകയറ്റത്തിൽ മൃഗസംരക്ഷണമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് സ്ഥലത്തിന്റെ ലഭ്യത കുറഞ്ഞു വരുന്നു.

3. കൃഷി അനുബന്ധ മേഖലയിൽ പ്രത്യേകിച്ച് നെല്കൃഷിയിലുണ്ടായ കുറവ്, പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യത കുറയ്ക്കുകയും ക്ഷീരോത്പാദന മേഖല ലാഭകരമല്ലാതാക്കി.

4. കാലിത്തീറ്റയുടെ വിലവർദ്ധനവും, പാലിന്റെ താരതമ്യേനയുള്ള വിലക്കുറവും ഈ മേഖലയെ അനാകർഷകമാക്കി.

5. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ ഈ മേഖലയിലേയ്ക്ക് കടന്നുവരാൻ വിമുഖത കാട്ടുന്നു. മൂലധനം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട്, താത്പ്പര്യക്കുറവ്, വർദ്ധിച്ച അദ്ധ്വാനം, കുറഞ്ഞ വരുമാനം എന്നിവ ഇതിന് കാരണമാണ്.

6. ആട്, കോഴി, താറാവ്, പശു വളർത്തൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ വിതരണത്തിനാവശ്യമായ പക്ഷി മൃഗാദികളെ ലഭിക്കാതെ വരുന്നു. പലപ്പോഴും ഗുണനിലവാരം കുറഞ്ഞതിനെ വിതരണം ചെയ്യുന്നതുവഴി ഉദ്ദേശിച്ച പ്രയോജനം ലഭിക്കാതെ വരുന്നു. പല തദ്ദേശഭരണ സ്ഥാപനങ്ങളിലും പദ്ധതികൾ ഒരേസമയം നടപ്പിലാക്കുന്നതും ആവശ്യമുള്ള എണ്ണത്തിനെ ലഭിക്കാതെ പോകുന്നതിന് കാരണമാകുന്നു.

7. മൃഗാശുപത്രികളിൽ ആവശ്യത്തിന് കെട്ടിടം, വാഹനം, രോഗനിർണ്ണയ സൗകര്യങ്ങൾ, ജീവനക്കാർ, ഫർണീച്ചർ, മരുന്നുകൾ, കമ്മ്യൂണിക്കേഷൻ സൗകര്യം എന്നിവയുടെ പോരായ്മകൾ നേരിടുന്നു.

8. മൃഗസംരക്ഷണ മേഖലയിൽ ലാഭകരമായി കൊണ്ടുപോകാവുന്ന സംരംഭങ്ങളായ ആടുവളർത്തൽ, ബ്രോയ്ലർ കോഴി വളർത്തൽ എന്നിവയ്ക്കായി കാര്യമായ പദ്ധതികൾ നൽകുന്നില്ല.

9. പന്നി വളർത്തലിലേർപ്പെട്ടിരിക്കുന്നവർ പലപ്പോഴും പൊല്യൂഷ്യൻ കൺട്രോൾ ബോർഡ് അനുശാസിക്കുന്ന മാലിന്യ നിർമ്മാർജ്ജന ക്രമീകരണങ്ങളിലെ അപാകത മൂലവും പരിസ്ഥിതി

പ്രശ്നങ്ങളാലും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു.

10. ജില്ലയിൽ നിലവിൽ 19 സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറികൾ മാത്രമാണുള്ളത്. ജില്ലയിലെ മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ ആവശ്യത്തിനനുസരിച്ച് കോഴികളെ നൽകാനിവർക്ക് സാധിക്കുന്നില്ല.

11. മുയൽ വളർത്തലിൽ പ്രചാരം കുറവാണ്. ഇവയെ വളർത്തുന്നതിന് പ്രോത്സാഹനം നൽകുന്ന പദ്ധതികളും കുറവാണ്.

12. ബ്രോയ്ലർ യൂണിറ്റുകൾ ഇറച്ചി ഉപയോഗവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവാണ്. കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്, വിപണന ശൃംഖലയുടെ അപര്യാപ്തത, ബ്രോയ്ലർ വിപണിയുടെ സാധ്യതയെപ്പറ്റി കർഷകർക്കുള്ള അറിവില്ലായ്മ എന്നിവ സംരംഭകരെ അകറ്റുന്നു.

13. പദ്ധതികളും ധനസഹായങ്ങളും കർഷകർക്ക് നൽകുന്നതിൽ എ.പി.എൽ, ബി.പി.എൽ മാനദണ്ഡങ്ങൾ നിലവിലുള്ളതിനാൽ പലപ്പോഴും അർഹരായ കർഷകർക്ക് ആനുകൂല്യം ലഭിക്കാതെ പോകുന്നു.

13. മാംസ ഉത്പാദനം കൂട്ടുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്.

15. പശുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ള പദ്ധതികളും, ബാങ്ക് വായ്പകളും, നിബന്ധനകളും പലപ്പോഴും കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കും.

16. ചികിത്സയും പദ്ധതി നിർവ്വഹണവുമെല്ലാം വെറ്റിനറി ഡോക്ടർമാർ തന്നെ ചെയ്യുന്നതുമൂലം പലപ്പോഴും രോഗ ചികിത്സ കർഷകർക്ക് ലഭിക്കാൻ താമസം നേരിടുന്നു. തണ്ടൂല്ലം ഉത്പാദന നഷ്ടവും സാമ്പത്തിക നഷ്ടവും ഉണ്ടാകുന്നു.

17. ബ്ലോക്ക് തലത്തിൽ ലബോറട്ടറി സൗകര്യങ്ങളുടെ അപര്യാപ്തത രോഗനിർണ്ണയത്തിൽ കൃത്യതകുറവും കാലതാമസവും ഉണ്ടാക്കുന്നു.

18. ന്യായവില, മെഡിക്കൽ ഷോപ്പിന്റെ അഭാവം മൂലം കർഷകർക്ക് അധിക വില കൊടുത്ത് മരുന്ന്പുറത്തു നിന്ന് വാങ്ങേണ്ടിവരുന്നു.

19. സർക്കാർ നിയന്ത്രണത്തിലുള്ള ഉത്പന്ന സംഭരണത്തിനും വിപണനത്തിനുമുള്ള സൗകര്യങ്ങൾ നിലവിൽ എറണാകുളം ജില്ലയിൽ ലഭ്യമല്ല.

20. മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനത്തിനുള്ള മാനവ വിഭവശേഷി ഇല്ല.

21. സംരഭകർക്ക് സഹായങ്ങൾ നൽകുന്നതിനുള്ളസഹായ സെൽ ജില്ലയിൽ നിലവിലില്ല.

22. മൃഗസംരക്ഷണ മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താത് മൂലം ക്ഷീര കർഷകരുടെ അദ്ധ്വാനം കണകാക്കി അവർക്ക് വരുമാനം ലഭ്യമല്ല.

23. മൃഗസംരക്ഷണ മേഖലയിലെ എ.പി.എൽ. ബി.പി.എൽ തരംതിരിവ് കാരണം പല ക്ഷീര കർഷകർക്കും ആനുകൂല്യം ലഭിക്കാതെ വരുകയും കാലക്രമേണ ഈ മേഖലയിൽ നിന്ന് വിട്ടുപോകുന്നതായും കാണുന്നു.

24. ഫോഡർ / തീറ്റ പുൽ കൃഷിക്കായി കർഷകർക്ക് സ്ഥലസൗകര്യങ്ങളില്ല. ഭക്ഷ്യസുരക്ഷയെപ്പറ്റിയുള്ള അവബോധം കുറവായതിനാൽ സ്വന്തമായി ഉത്പാദിപ്പിക്കാൻ പലരും മുൻകൈ എടുക്കുന്നില്ല.

25. ജില്ലയിലെ വെറ്റിനറി സേവനങ്ങൾ പരമാവധി കർഷകരിലേയ്ക്ക് എത്തിച്ചു നൽകാൻ വകുപ്പിലെ വിഭവ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുന്നുണ്ട്. പഞ്ചായത്തിലേയ്ക്ക് ആവശ്യമായ എല്ലാവിധ മരുന്നുകളും

വാങ്ങുന്നതിനായി നിലവിൽ പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്.

26. ചികിത്സയുടെ ഗുണനിലവാരം ഉറപ്പാക്കാൻ ആവശ്യമായ ലബോറട്ടറികൾ, ഉപകരണങ്ങൾ എന്നിവ അത്യന്താപേക്ഷിതമാണ്.

27. ജില്ലയിൽ രാത്രികാല വെറ്റിനറി സേവനങ്ങൾ നിലവിൽ 7 ബ്ലോക്കുകളിൽ മാത്രമാണ് പ്രവർത്തിക്കുന്നത്. ജില്ലയിലെ ബാക്കിയുള്ള 7 ബ്ലോക്കുകളിലേയ്ക്കു കൂടി പ്രവർത്തനം വ്യാപിപ്പിച്ചാൽ മാത്രമേ കർഷകർക്ക് മെച്ചപ്പെട്ട സേവനം നൽകാൻ സാധിക്കൂ.

വികസന പരിപ്രേക്ഷ്യം

എറണാകുളം ജില്ലയിലെ ഉയർന്ന ജനസാന്ദ്രത, ഉയർന്ന വാങ്ങൽ ശേഷി, നഗര കേന്ദ്രീകൃതമായ ജീവിതശൈലി, സൂപ്പർ മാർക്കറ്റുകളുടെ ബാഹുല്യം, ഉപഭോഗ സംസ്ക്കാരം എന്നീ കാരണങ്ങൾ മൃഗസംരക്ഷണമേഖലയിലെ ഉത്പന്നങ്ങളായ പാൽ, മുട്ട, മാംസം എന്നിവയുടെയും ഉപോത്പന്നങ്ങളായ തൈർ, പേട, പനീർ എന്നിവയുടെ വിപണനത്തിന് സാധ്യതകൾ തെളിയിക്കുന്ന ഘടകങ്ങളാണ്. മാലിന്യ നിർമ്മാർജ്ജന പ്രക്രിയയിലെ അപാകതകൾ, വൃത്തിഹീനമായ ചുറ്റുപാടുകളിലെ ജീവിതം, അന്തരീക്ഷ മലിനീകരണം എന്നീ ഘടകങ്ങൾ പൊതുജനാരോഗ്യത്തിന് ആശങ്കയുളവാക്കുന്ന ഘടകങ്ങളാണ്. പൊതുജനാരോഗ്യത്തിന് വെല്ലുവിളിയാകുന്ന പല ജന്തുജന്യരോഗങ്ങളും നിയന്ത്രിക്കുന്നതിൽ വകുപ്പിന് കാര്യക്ഷമമായ പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കും. മൃഗപരിപാലനം, മൃഗചികിത്സ, ഭക്ഷ്യസുരക്ഷ, പൊതുജനാരോഗ്യം, ശുദ്ധമായതും ഗുണനിലവാരമുള്ളതുമായ ഭക്ഷ്യ ഉത്പന്നങ്ങളുടെ ഉത്പാദനം, രോഗനിയന്ത്രണം എന്നീ മേഖലകളിൽ മൃഗസംരക്ഷണ വകുപ്പിന്റെ ഇടപെടൽ സാധിക്കും. ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങൾക്ക് ഉയർന്ന വിപണിമൂല്യം ഉറപ്പാക്കി വിപണനം നടത്താൻ ജില്ലയിലെ സാദ്ധ്യതകൾ വിലയിരുത്തി പദ്ധതികൾ നടപ്പാക്കണം. ഉത്പാദന വിടവ് പരിഹരിക്കുന്നതിന് കൂടുതൽ പക്ഷിമൃഗാദികളെ വളർത്തുന്നതിനോടൊപ്പം ഉത്പാദനക്ഷമത കൂട്ടുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്.

4.5 ക്ഷീര മേഖല



ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തതയെന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് ക്ഷീര വികസന വകുപ്പിലൂടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതി പ്രവർത്തനങ്ങൾക്ക് പുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ മേഖലയിലേക്ക് നിർദ്ദേശിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, ആത്മ മുഖേനയുള്ള പ്രവർത്തനങ്ങൾ ക്ഷീര കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ എന്നിവയും ക്ഷിര വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ക്ഷീര സഹകരണ സംഘങ്ങളുടെ ഭരണപരമായ മേൽനോട്ടം വകുപ്പിന്റെ ചുമതലയിലായതിനാൽ സംഘങ്ങളുടെ പരിശോധന, ഭരണസമിതി തെരഞ്ഞെടുപ്പ്, പരാതി പരിഹരണം എന്നിവയും വകുപ്പിലെ ഉദ്യോഗസ്ഥർ നിർവ്വഹിച്ചുപോരുന്നു. ജില്ലാതലത്തിലുള്ള ക്വാളിറ്റി കൺട്രോൾ ഓഫീസുകൾ ക്ഷീര സഹകരണ സംഘത്തിൽ കൈകാര്യം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ക്ഷീര സഹകരണ സംഘങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ക്ഷീര ഉൽപാദകരെ ബോധവൽക്കരിക്കുന്നതിനും ഉൽപാദകരുടെയും ഉപഭോക്താക്കളുടെയും പരാതികൾ പരിഹരിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുകയും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം 7.10 കോടി രൂപയുടെയും പ്രാദേശിക സർക്കാരുകളുടെ പദ്ധതി പ്രകാരം 6.0 കോടി രൂപയുടെയും പട്ടികജാതിക്കാർക്കുള്ള പ്രത്യേക ഘടകപദ്ധതി പ്രകാരം 45.6 ലക്ഷം

രൂപയുടെയും ഉൾപ്പെടെ ആകെ 13.56 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങളാണ് 2016-17 വർഷം ജില്ലയിൽ നടപ്പാക്കിയിട്ടുള്ളത്.

ഫോഡർ വികസന പദ്ധതികൾ:-

സംയോജിത ക്ഷീര വികസന പദ്ധതി, തീറ്റപ്പുൽകൃഷി പദ്ധതി തുടങ്ങിയ രണ്ട് ശീർഷകങ്ങളിലായി. അറുപത്തിയൊന്ന് ലക്ഷത്തി നാൽപത്തിയ്യായിരം രൂപ 2016-17 സാമ്പത്തിക വർഷം വിനിയോഗിച്ചു. തീറ്റപ്പുൽകൃഷിക്കുള്ള ധനസഹായം, അസോള കൃഷി, വനിതാഗ്രൂപ്പിനുള്ള പുൽകൃഷി പദ്ധതി, ജലസേചന സൗകര്യം, യന്ത്രവത്കരണം, വെർമി കമ്പോസ്റ്റ്, സൈലേജ് യൂണിറ്റുകൾ, സീസൺ വിളകൾ, സംഘങ്ങൾ വഴിയുള്ള ഉണക്കപ്പുൽവിതരണം, ഫോഡർ ട്രീ നഴ്സറി, ട്രാൻസ്പോർട്ടേഷൻ, ഫോഡർ കം അസോള നഴ്സറി എന്നിങ്ങനെ തീറ്റപ്പുൽകൃഷിക്കാവശ്യമായതും കറവമാടുകളുടെ തീറ്റയ്ക്ക് സഹായകമായതുമായ പദ്ധതികൾ നടപ്പിലാക്കുന്നു. 2016-17 വർഷം പുതുതായി കൃഷി ചെയ്തതുൾപ്പെടെ 700 ഹെക്ടർ ഭൂമിയിൽ തീറ്റപ്പുൽകൃഷി ചെയ്തിട്ടുണ്ട്. ഇതുവഴി 1,75,000 MT ഗുണനിലവാരമുള്ള തീറ്റപുൽ ഉൽപാദിപ്പിക്കാൻ നമുക്ക് സാധിക്കുന്നു.

പട്ടിക - 4.25

FODDER DEVELOPMENT SCHEMES - 2016-17

Sl no.	Item	Units	Amount
	IDDP SCHEME		
1	Fodder Cultivation(Non subsidy(ha))	100	
2	Fodder Cultivation(Subsidy(ha))	200	4750000
3	Azola	400	240000
4	Gopalika	5	375000
5	Irri. Asst.	30	300000
6	Mechanisation	30	300000
7	Vermi Compost Pit	10	195000
8	Silage Units (T)	10	120000
9	Silage Units (B)	20	75000
10	Sea. Crops	20	60000
11	Dry fodder	20	200000
12	Fodder nursery	3	270000
13	Transportation		40000
	COMMERCIAL FODDER SCHEME		
14	Fodder tree(under fodder scheme)	4000	20000
	TOTAL		**6945000**

വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

ലാഭകരമായ ക്ഷീരോല്പാദനത്തിനുതകുന്ന ക്ലാസ്സുകൾ ഉൾപ്പെടുത്തികൊണ്ടുള്ള കർഷക സമ്പർക്ക പരിപാടികൾ ക്ഷീരോൽപാദ കർക്കും ഗുണഭോക്താ ക്കൾക്കുമായി പാലിന്റെ ഗുണനിലവാരം സംബന്ധിച്ച ക്ലാസ്സുകൾ ക്ഷീര മേഖലയിലെ എല്ലാ ഏജൻസികളെയും ഉൾപ്പെടുത്തി മികച്ച ക്ഷീര കർഷകരെയും, ക്ഷീരസംഘങ്ങളെയും ആദരിക്കുന്നതിനും കർകഷർക്ക് അവരുടെ അഭിപ്രായങ്ങൾ കൈമാറുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ബ്ലോക്കുതലങ്ങളിലും ജില്ലാതലങ്ങളിലുമുള്ള ക്ഷീര സംഗമങ്ങൾ, സ്കൂൾ കുട്ടികൾക്ക് ഡയറിയിംഗിൽ താത്പര്യം ജനിപ്പിക്കുന്നതിനായി സ്കൂളുകളിൽ ഡയറി ക്ലബുകൾ എന്നിങ്ങനെ

വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ വകുപ്പുമുഖേന നടപ്പാക്കുന്നു. ആധുനിക രീതിയിലുള്ള തൊഴുത്ത് നിർമ്മാണം, ചാണക സംസ്കരണ യൂണിറ്റ് എന്നിങ്ങനെയുള്ള പദ്ധതികളും കൂടാതെ ഇൻഷുറൻസ് പരിരക്ഷയില്ലാതെ ചത്തുപോകുന്ന കാലികളുടെ ഉടമകൾക്ക് ആശ്വാസമെന്ന നിലയ്ക്ക് കണ്ടിജൻസി ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയും ഈ ശീർഷകത്തിൽ നിന്നും നടപ്പിലാക്കി വരുന്നു.

പാൽ ഗുണനിയന്ത്രണ വിഭാഗം ശാക്തീകരണം

ഈ ശീർഷകത്തിൽ നിരവധി ഗുണനിയന്ത്രണ ബോധവത്കരണ പരിപാടികളും കർഷക ക്ഷീര സഹകരണ സംഘതലങ്ങളിൽ ഗുണമേന്മ ലക്ഷ്യമാക്കിയുള്ള പദ്ധതികളും നടപ്പിലാക്കുന്നു. ഈ ശീർഷകത്തിൽ 7.76 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പാക്കി.

സംയോജിത ക്ഷീര വികസന പദ്ധതി

ക്ഷീര കർഷകരുടെ ആവശ്യങ്ങൾ സംയോജിപ്പിച്ച് സംയോജിത ക്ഷീര വികസന പദ്ധതി എറണാകുളം ജില്ലയിൽ 2016-17 കാലയളവിൽ നടത്തിയിട്ടുണ്ട്. പശു വളർത്തൽ, തീറ്റമിശ്രിതം, ആവശ്യാധിഷ്ഠിത സേവനം, തൊഴുത്ത് നിർമ്മാണം കറവയന്ത്രം, അന്തരീക്ഷ സമ്മർദ്ദം ലഘൂകരിച്ചുകൊണ്ടുള്ള ആധുനിക തൊഴുത്ത് നിർമ്മാണം, തീറ്റപ്പുൽകൃഷി, അസോള കൃഷി, യന്ത്രവത്കരണം, ജലസേചനം, സൈലേജ്, ഉണക്കപ്പുല്ല് വിതരണം, ഫോഡർ കം നഴ്സറി, വനിതാഗ്രൂപ്പുകൾക്ക് തീറ്റപ്പുല്ല് വിതരണ പദ്ധതി, സീസണൽ വിളകൾ എന്നിങ്ങനെ കർഷകരുടെ ഒട്ടേറെ ആവശ്യങ്ങൾക്ക് പരിഹാരമായി ഈ പദ്ധതി വിജയകരമായി നടപ്പാക്കി. പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനവും വകുപ്പ് പ്രദാനം ചെയ്തു. ആകെ 7.76 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള പദ്ധതികൾ.

ജില്ലയിലെ ബ്ലോക്കുപഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയിലൂടെ പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരകർഷകർക്ക് അനുവദിച്ച ധനസഹായ പദ്ധതി പ്രകാരം 3.69 കോടി രൂപയും, ക്ഷീരകർഷകർക്ക് കറവപശുവിനെ വാങ്ങുന്നതിന് പരിശരഹിതവായ്പ അനുവദിക്കുന്നതിലേക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി അനുവദിച്ച 2.5 കോടി രൂപയുമുൾപ്പെടെ 6.19 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

ഡയറക്ട് ബനഫിറ്റ് ട്രാൻസ്ഫർ

സംഘങ്ങളിലൂടെ പാലളക്കുന്ന ക്ഷീര കർഷകർക്ക് അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപാ വീതം അക്കൗണ്ടുകളിലേക്ക് എത്തിച്ചുകൊടുക്കാൻ 2016-17 വർഷം സാധിച്ചിട്ടുണ്ട്. ധാതുലവണ മിശ്രിതം ടി പദ്ധതിയിലൂടെ നൽകിയിട്ടുണ്ട്. ആകെ 97.8 രൂപയുടെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

പട്ടിക 4.26 - ക്ഷീര വികസന വകുപ്പ്, എറണാകുളം

DBT 2016-17

Sl. No	BLOCK	APRIL	MAY	JUNE	JULY	TOTAL
1	Alangad	0.78038	0.87932	0.81332	0.28456	2.75758
2	Angamaly	2.40654	2.50391	2.34414	0.84142	8.09601
3	Edappally	0.26786	0.30042	0.26969	0.10272	0.94069
4	Koovappady	4.21239	4.61686	4.26678	1.53775	14.63378
5	Kothamangalam	3.99128	4.41825	4.33905	1.56571	14.31429
3	Mulanthuruthy	1.69856	1.90425	1.79482	0.68097	6.0786

7	Muvattupuzha	2.59718	3.22833	2.7438	1.03492	9.60423
8	North Paravur	0.2832	0.31437	0.29232	0.09116	0.98105
9	Palluruthy	0.19005	0.20945	0.20327	0.07272	0.67549
10	Pambakkuda	3.66221	3.98306	3.92588	1.48924	13.06039
11	Parakkadavu	1.61814	1.79126	1.71885	0.62064	5.74889
12	Vadavukode	2.49933	2.71304	2.64553	1.02564	8.88354
13	Vazhakkulam	2.0588	2.20874	2.14635	0.77855	7.19244
14	Vyppin	0.88266	0.89547	0.80906	0.31949	2.90668
15	Vyttila	0.52574	0.53981	0.53207	0.33947	1.93709
	Total	27.67432	30.50654	28.84493	10.78496	**97.811**

ക്ഷീരസഹകരണസംഘങ്ങളുടെ ശാക്തീകരണം

സംഘങ്ങളുടെ ശാക്തീകരണം ലക്ഷ്യമാക്കി, ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം വകുപ്പ്പദ്ധതിയിലുൾപ്പെടുത്തിനൽകിയിട്ടുണ്ട്. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേസ് ആക്ട് സംബന്ധിച്ച പരിശീലന പരിപാടി, ഹൈജീനിക് മിൽക് കളക്ഷൻ മുറി, ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേസ് ആക്ട് പ്രകാരം ക്ഷീര സഹകരണ സംഘങ്ങളുടെ നിലവാരം ഉയർത്തുന്ന ആവശ്യങ്ങൾക്കുള്ള ധനസഹായം, പുതിയ സംഘങ്ങൾക്കും പുനരുദ്ധരിക്കുന്നസംഘങ്ങൾക്കുമുള്ള പ്രവർത്തനാരംഭ ധനസഹായം, ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ, വിജ്ഞാന വ്യാപനത്തിനുള്ള കിയോസ്ക് തുടങ്ങിയ പദ്ധതികൾനടപ്പിലാക്കിയിട്ടുണ്ട്.
പദ്ധതികളുടെ വിശദാംശങ്ങൾ 4.27, 4.28-ൽ പ്രതിപാദിച്ചിട്ടുണ്ട്.

പട്ടിക 4.27

DAIRY DEVELOPMENT SCHEMES - 2016-17

Sl. No.	Item	Units/No. of beneficiaries	Amount
	RDEAS		
1	Farmers Contact Programmes	130	325000
2	Quality Awareness Programme	15	75000
3	Consumer Interface Programme	1	10000
4	Observation of World Milk Day	1	28113
5	Exposure visit for farmers - Within State		70000
6	Contingency Fund - General	54	529000
7	Contingency Fund - FMD	7	51000
8	Block ksheera sanghamam	14	350000
9	District ksheera sanghamam	1	60000
10	New Students Dairy Clubs at schools	1	20000
11	Assistance to the existing SDCS	5	25000
12	Provision for Conducting Exhibitions	14	86000
13	Technical Training Program for Departmental Technical staff	2	1500
14	Extension Activities through Print& Electronic media plus documentations	14	100000
15	Assistance for existing information centres	17	346000
16	SREP - Construction of modern and scientific cattle sheds in context of the climatic changes	1	100000

17	SREP-Documentation, Monitoring and Implementation charges		
18	SREP-Conventional and low cost method for production and marketing of dried cow dung	1	22000
19	SREP-Documentation, Monitoring and Implementation charges		4000
	STRENGTHENING QUALITY CONTROL LABS		
1	Special quality control testing drives	1	15000
2	Assistance to existing labs for modernization, strengthening & well equipping, NABL accreditation and ISO 9001 accreditation expenses	1	100000
3	Assistance for improving farm level hygiene at farm level. (Purchase of Milking Machine)	10	250000
4	Need Based Assistance to DCS for improving the quality control activities	3	112500
5	Setting up of advanced milk testing facility and completion of missing link for DCS	3	225000
6	Assistance for installing fly traps, u.v light, improving the effluent disposal mechanism of the DCS	2	75000
	IDDP		
1	IDDP - Godhanam (Single Cow)	150	4800000
2	IDDP - 2 Cow Unit	120	7680000
3	IDDP - 5 Cow Unit	24	4200000
4	IDDP - 10 Cow Unit	20	7000000
5	IDDP - 5 Heifer unit	7	633500
6	IDDP - 10 Heifer unit	10	1812000
7	IDDP - GOKULAM Dairy Units	4	720000
8	IDDP - Mineral Mixture	3000	300000
9	IDDP - Need Based Assistance to Progressive Dairy farmers	106.088	5304400
10	IDDP - Assistance for purchase of Milking Machines	25	625000
11	IDDP - Construction of scientific cattle shed	22	1100000
12	IDDP - Assistance for measures to minimise environmental stress to milch animals	10	250000
13	IDDP - Fodder cultivation -20 cents & above (Ha)	200	4712500
14	IDDP - Fodder cultivation - below 20 cent (Ha)	100	37500
15	IDDP - Transportation cost (Fodder)	0	40000
16	IDDP - Assistance for Azolla cultivation	400	240000
17	IDDP - Mechanization & Modernization of fodder cultivation	30	300000
18	IDDP - Irrigation Assistance	30	300000
19	IDDP - Vermi Compost Pit	10	195000
20	IDDP - Silage Units - Tank Silo	10	120000
21	IDDP - Silage Units - Bag Silo	20	75000
22	IDDP - Seasonal crops for fodder production (seed cost)	20	58880
23	IDDP - Assistance to Purchase preserved Dry fodder/fodder grains by DCS	20	200000
24	IDDP - Fodder cultivation and marketing by women groups (GOPALIKA GROUP)	5	375000
25	IDDP - Fodder cum Azolla Nursery	3	270000

26	IDDP - Specialised training programme for beneficiaries and department officers		200000
27	IDDP - Implementation, Documentation Evaluation & Monitoring charges		188000
	CATTLE FEEDING SUBSIDY		
1	CATTLE FEED SUBSIDY		9781000
2	DISTRIBUTION OF FEED SUPPLEMENT	8000	808000
	ASSISTANCE TO DCS		
1	Food safety Orientation Programme for Elite , Progressive Dairy Farmers (1000 man days)	90	27000
2	Construction or renovation of hygienic Milk collection rooms/Storage rooms	11	4125000
3	Provide Assistance to Assess& Ensure the FSSA 2006 requirements	32	1440000
4	Operational Assistance to Newly Registered DCS /Assistance for Revival of defunct Societies	2	123000
5	Need Based Assistance to DCS	42	5040000
6	Automatic Milk Collection Units	4	420000
7	Farmer's facilitation cum information centre	7	3675000
8	Assistance to District wise consortium to monitor and maintain the automation & networking system	0	200000
9	Assistance for transportation of milk to the milk route of MILMA.	3	81000
10	Provision for conducting review meeting for DCS personnals and officials at DESU level and District Level	62	102000
11	Documentation & Data Bank Creation		109824
12	40 information KIOSK in 40 Potential DCS .	3	330000
13	Operational Cost		0
14	Preparation of Poster/Brochure/Board at Farm & Dairy Cooperative level		42120
	TOTAL		**71020837**

പട്ടിക 4.28

KSHEMANIDHI DETAILS - (as on 2016)

Sl. No.	Scheme	No. of beneficiaries
1	Membership	23414
2	Pension	6272
3	Family pension	460
4	Other assistance	1171
5	Education scholarship	277

കാലിത്തീറ്റ വിവരങ്ങൾ

ജില്ലയിലെ ക്ഷീര സംഘങ്ങളിലൂടെ 32.92 കോടി രൂപയുടെ കാലിത്തീറ്റ 201617 വർഷം വിപണനം ചെയ്തിട്ടുണ്ട്.

ക്ഷീരകർഷക ക്ഷേമനിധി പ്രവർത്തനങ്ങൾ

സംസ്ഥാനത്തെ ക്ഷീര കർഷകരുടെ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ക്ഷീര വികസന വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിൽ പ്രവർത്തിക്കുന്ന ക്ഷീരകർഷക ക്ഷേമനിധി, എറണാകുളം ജില്ലയിലെ ക്ഷീര കർഷകർക്കായി നാളിതുവരെ അനുവദിച്ച വിവിധ ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

- 7868 ക്ഷീര കർഷകർക്ക് നിലവിൽ പ്രതിമാസം 1100/- രൂപ നിരക്കിൽ പെൻഷൻ നലകി വരുന്നു. ഇപ്രകാരം പ്രതിമാസം 86.54 ലക്ഷം രൂപ ചെലവഴിക്കുന്നു.
- 565 നോമിനികൾക്ക് പ്രതിമാസം 125/- രൂപ നിരക്കിൽ കുടുംബപെൻഷൻ നൽകുന്നു.
- 721 ക്ഷീര കർഷകർക്ക് വിവാഹ ധനസഹായം അനുവദിച്ചിട്ടുണ്ട്. നിലവിൽ 5000/- രൂപയാണ് ധനസഹായം.
- 1033 അവകാശികൾക്ക് മരണപ്പെട്ട ക്ഷേമനിധി അംഗത്തിന്റെ മരണാനന്തര ക്രിയകൾക്കുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. നിലവിൽ 3000 രൂപയാണ് ധനസഹായം.
- 353 ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.
- 97 ക്ഷേമനിധി അംഗങ്ങൾക്ക് ചികിത്സാസഹായം ഇൻഷ്വറൻസ് പദ്ധതിയിലൂടെ അനുവദിച്ചിട്ടുണ്ട്.
- 373 ക്ഷേമനിധി അംഗങ്ങൾക്ക് ക്ഷീര സുരക്ഷ പദ്ധതി പ്രകാരം ചികിത്സാസഹായം അനുവദിച്ചിട്ടുണ്ട്.
- 4 ക്ഷേമനിധി അംഗങ്ങളായ മികച്ച ക്ഷീര കർഷകർക്ക് ജില്ലാതല അവാർഡ് നൽകി ആദരിച്ചിട്ടുണ്ട്.
- നാളിതുവരെ 26756 ക്ഷീര കർഷകർ ക്ഷേമനിധിയിൽ അംഗത്വം നേടിയിട്ടുണ്ട്.

ക്ഷീര സഹകരണ സംഘങ്ങൾ

എറണാകുളം ജില്ലയിൽ 15 പരമ്പരാഗത സംഘങ്ങളും 333 ആപ്കോസ് സംഘങ്ങളുമായി ആകെ 348 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 313 സംഘങ്ങൾ പ്രവർത്തിക്കുന്നു. 243610 പേർ നിലവിൽ സംഘങ്ങളിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 13225 കർഷകരാണ് പാലളക്കുന്നത്.

പാൽ സംഭരണ വിപണന വിവരങ്ങൾ

ജില്ലയിൽ പ്രവർത്തിക്കുന്ന 313 ക്ഷീര സംഘങ്ങളിലായി 2016-17 വർഷം 409.83 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിട്ടുണ്ട്. ഇതിൽ 243.25 ലക്ഷം ലിറ്റർ പാൽ മിൽമയ്ക്കും. ലക്ഷം ലിറ്റർ പാൽ പ്രാദേശിക വിൽപനയിലൂടെയും വിപണനം ചെയ്തു. ഫാമുകളും പുൽകൃഷി പ്ലോട്ടുകളും സംബന്ധിച്ച വിശദാംശങ്ങൾ. ക്ഷീര കർഷകർക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ ഓരോ വർഷവും കൂടുതലായി വിതരണം ചെയ്തുവരുന്നു. ഇതുസംബന്ധിച്ച വിവരം (അനുബന്ധം 4.5) -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടിക - 4.29

MILK PROCUREMENT DETAILS

Year	No of Societies	Total Milk collection (LAKH LITRE)	Dairy sales(LAKH LITRE)	Local sales (LAKH LITRE)
2016-17	310	409.825	243.25	166.58

പട്ടിക - 4.30

FODDER PRODUCTION DETAILS

Year	AREA OF FODDER CULTIVATION-CO3 (Ha)	FODDER PRODUCTION(MT)
2016-17	700	175000

പട്ടിക - 4.31

DETAILS OF SOCIETIES-ERNAKULAM DISTRICT

Sl. No.	Name of block	Total no. of societies	APCos	Traditional	No.of members	Total Pouring Members
1	Alangad	14	12	2	6199	8501
2	Angamaly	40	40	0	19060	3287
3	Edappally	10	9	1	1642	11036
4	Koovappady	35	34	1	120775	6621
5	Kothamangalam	51	50	1	19776	5047
6	Mulamthuruthy	15	15	0	12483	14892
7	Muvattupuzha	31	30	1	11059	3458
8	North Paravoor	17	17	0	4451	0
9	Palluruthy	8	8	0	661	9489
10	Parakkadavu	24	24	0	10938	9471
11	Pattimattom	31	31	0	13022	6052
12	Piravom	36	34	2	13667	5104.1
13	Vazhakkulam	26	26	0	5903	26409
14	Vypin	4	1	3	2624	7670
15	Vyttila	6	2	4	1350	55425
	Total	**348**	**333**	**15**	**243610**	**172462.1**

4.6 മത്സ്യമേഖല



അടിസ്ഥാന വിവരങ്ങൾ

കേരളത്തിന്റെ മദ്ധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന എറണാകുളം ജില്ലയുടെ വിസ്തീർണ്ണം 3,068 ചതുരശ്ര കി.മീറ്ററാണ്. സംസ്ഥാനത്തിന്റെ വ്യവസായിക തലസ്ഥാനം കൂടിയായ ജില്ലയിൽ ആകെ ഏഴു താലൂക്കുകളാണുള്ളത്. ജില്ലയിലെ 96 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 82 ഗ്രാമപഞ്ചായത്തുകൾ, 13 മുനിസിപ്പാലിറ്റികൾ, 1 കോർപ്പറേഷൻ എന്നിവ ഉൾപ്പെടുന്നു. എറണാകുളം ജില്ല സംസ്ഥാനത്തെ ഒരു പ്രധാനപ്പെട്ടതീരദേശമേഖലയാണ്. ജില്ലയുടെ സാമ്പത്തിക വ്യവസ്ഥയെ ഗണ്യമായി ബാധിക്കുന്ന ഒന്നാണ് മത്സ്യബന്ധനം. കൃഷി, മൃഗസംരക്ഷണം കഴിഞ്ഞാൽ ജനങ്ങൾ ഏറ്റവും അധികം ഉപജീവനത്തിനായി ആശ്രയിക്കുന്നമേഖലയാണ് മത്സ്യബന്ധ നവും അതിന്റെ അനുബന്ധതൊഴിലുകളും. നിലവിൽജില്ലയിലെതീരദേശം ചെല്ലാനത്തിന്റെ തെക്കുഭാഗം മുതൽ മുനമ്പത്തിന്റെ വടക്കുഭാഗം വരെ ഏകദേശം 46 കി.മീ. നീളമുണ്ട്. ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന തൊഴിൽ കടലിൽ നിന്നുള്ള മത്സ്യബന്ധനമാണ്. ജില്ലയിലെ മത്സ്യത്തൊഴി ലാളികളുടെ എണ്ണം 1.3 ലക്ഷമാണ്. തീരദേശപ്രദേശങ്ങൾ കൂടുതലായി കാണപ്പെടുന്നത് കൊച്ചി, കണയന്നൂർ,പറവൂർ എന്നീ താലൂക്കുകളിലാണ്. ജില്ലയിൽ ഒട്ടാകെ 24 മത്സ്യബന്ധനവില്ലേജുകൾ ഉണ്ട്. അതിൽ 21 എണ്ണം തീരദേശമേഖലയിലും 3 എണ്ണം ഉൾനാടൻ മേഖലയിലും ഉൾപ്പെടുന്നു. നിലവിലെ വിവരങ്ങൾ അനുസരിച്ച് എറണാകുളം ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 25,702 മത്സ്യത്തൊഴിലാളികളുണ്ട്. അതിൽ 15,023 പേർ തീരദേശ മേഖലയിലും 10,679 പേർ ഉൾനാടൻ മേഖലയിലും തൊഴിലെടുക്കുന്നു. ഇത് കൂടാതെ 14,701 പേർ അനുബന്ധ മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നു.

1 ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ

കേരളത്തിലെ മൊത്തം തീരദേശ ദൈർഘ്യത്തിന്റെ 7.8 % എറണാകുളം ജില്ലയിലാണ്.

പട്ടിക 4.32 :ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ

വിസ്തീർണ്ണം	
ആകെ	3068 ചതു. കി.മീ.
തീരദേശം	46 കി.മീ.
ആകെ ജനസംഖ്യ	3.28 മില്യൺ
മത്സ്യത്തൊഴിലാളികൾ	25,702
കോർപ്പറേഷൻ	1
മുനിസിപ്പാലിറ്റികൾ	13
ഗ്രാമപഞ്ചായത്തുകൾ	82
നദികൾ	2
ജലാശയങ്ങൾ (ഏക്കറിൽ)	
പഞ്ചായത്ത് കുളങ്ങൾ	481.25
അമ്പലകുളങ്ങൾ	94.78
സ്വകാര്യ കുളങ്ങൾ	395.91
അഴിമുഖങ്ങൾ	2
കണ്ടൽകാട് (ഹെക്ടറിൽ)	260

അവലംബം: കേരള സർക്കാർ 2015

പ്രധാനമായും 2 അഴിമുഖങ്ങളാണ് എറണാകുളം ജില്ലയിൽ ഉള്ളത്, കൊച്ചി, മുനമ്പം ഇവയെ ആശ്രയിച്ചാണ് എറണാകുളം ജില്ലയുടെ മത്സ്യബന്ധന മേഖല നിലനിൽക്കുന്നത്. ജില്ലയിലെ മത്സ്യത്തൊഴിലാളികൾ താരതമ്യേന മെച്ചപ്പെട്ട മത്സ്യബന്ധന വൈദഗ്ദ്യമുള്ളവരാണ്.

2 ജനസംഖ്യപരമായ കാര്യങ്ങൾ

എറണാകുളം ജില്ലയിൽ പ്രധാനമായും 21 തീരദേശ മത്സ്യഗ്രാമങ്ങളും 3 ഉൾനാടൻ മത്സ്യ ഗ്രാമങ്ങളുമാണ് ഉള്ളത് ഇതിൽ തീരപ്രദേശത്ത് 12809 മത്സ്യത്തൊഴിലാളി കുടുംബങ്ങളും ഉൾനാടൻ പ്രദേശങ്ങളിൽ 9770 മത്സ്യത്തൊഴിലാളി കുടുംബങ്ങളുമാണ് ഉള്ളത്.

പട്ടിക 4.33 :മത്സ്യത്തൊഴിലാളി വിഭാഗം (ജനസംഖ്യപരമായ കാര്യങ്ങൾ)

മത്സ്യഗ്രാമങ്ങൾ	
കടൽ	21
ഉൾനാടൻ	15
ആകെ	24
മത്സ്യത്തൊഴിലാളി കുടുംബങ്ങൾ	
കടൽ	12809
ഉൾനാടൻ	9770
ആകെ	22579

അവലംബം: കേരള ഫിഷറീസ് 2015-16

പട്ടിക 4.34 :മത്സ്യത്തൊഴിലാളികളുടെ മത്സ്യഗ്രാമം തിരിച്ചുള്ള കണക്ക്

പ്രധാനമായും 6 ഗ്രാമ പഞ്ചായത്തുകളും 1 കോർപ്പറേഷനും കേന്ദ്രീകരിച്ചുമാണ് മത്സ്യഗ്രാമങ്ങൾ സ്ഥിതിചെയ്യുന്നത്. ഇതിൽ ഭൂരിപക്ഷവും തീരദേശവുമായി അതിർത്തി പങ്കിടുന്നവയാണ്.

ക്രമ നം.	പഞ്ചായത്ത്	മത്സ്യഗ്രാമം	മത്സ്യതൊഴിലാളി ജനസംഖ്യ
			കർമ്മോത്മുഖം
1.	പള്ളിപ്പുറം	മുനമ്പം	824
		പള്ളിപ്പുറം	672
		ചെറായി	773
		അയ്യമ്പിള്ളി	174
		കുഴുപ്പിള്ളി	245
2.	എടവനക്കാട്	പഴങ്ങാട്	273
		എടവനക്കാട്	840
3.	നായരംബലം	നായരംബലം	855
4.	ഞാറക്കൽ	ഞാറക്കൽ	587
5.	എളങ്കുന്നപ്പുഴ	എളങ്കുന്നപ്പുഴ	450
		മാലിപ്പുറം	378
		അഴീക്കൽ	543
		ഓച്ചതുരുത്ത്	426
6.	ചെല്ലാനം	ചെല്ലാനം	1556
		മറുവുക്കാട്	452
		കണ്ണമാലി	1065
		കണ്ടക്കടവ്	434
		ചെറിയകടവ്	416
7.	കൊച്ചിൻ കോർപ്പറേഷൻ	മാനാശേരി	1582
		സൗദി	804
		ഫോർട്ട്കൊച്ചി	1674
	ആകെ		**15023**

അവലംബം: പ്രാഥമിക വിവര ശേഖരം കമ്മ്യൂണിറ്റി മോട്ടിവേറ്റേഴ്സ് , മത്സ്യവകുപ്പ് 2016

പട്ടിക 4.35 :അനുബന്ധമത്സ്യത്തൊഴിലാളികളുടെ മത്സ്യഗ്രാമം തിരിച്ചുള്ള കണക്ക്. മത്സ്യമേഖല

ക്രമ നം.	പഞ്ചായത്ത്	മത്സ്യഗ്രാമം	എണ്ണം
തീരപ്രദേശം			
1.	പള്ളിപ്പുറം	മുനമ്പം	534
		പള്ളിപ്പുറം	910
		ചെറായി	992
		അയ്യമ്പിള്ളി	250
		കുഴുപ്പിള്ളി	504
2.	എടവനക്കാട്	പഴങ്ങാട്	334
		എടവനക്കാട്	768
3.	നായരംബലം	നായരംബലം	634
4.	ഞാറക്കൽ	ഞാറക്കൽ	603
5.	എളങ്കുന്നപ്പുഴ	എളങ്കുന്നപ്പുഴ	407
		മാലിപ്പുറം	428
		അഴീക്കൽ	462
		ഓച്ചതുരുത്ത്	361
6.	ചെല്ലാനം	ചെല്ലാനം	525
		മറുവുക്കാട്	245
		കണ്ണമാലി	656
		കണ്ടക്കടവ്	334
		ചെറിയകടവ്	199
7.	കൊച്ചിൻ കോർപ്പറേഷൻ	മാനാശേരി	946
		സൗദി	458
		ഫോർട്ട്കൊച്ചി	742
			11292

ഉൾനാടൻ			
1	എറണാകുളം	കൊച്ചിൻ കോർപ്പറേഷൻ	170
		മുളവുകാട്	112
		കുമ്പളം	92
		കുമ്പളങ്ങി	60
		കടമക്കുടി	117
		വരാപ്പുഴ	200
2	ഉദയംപേരൂർ	ഉദയംപേരൂർ	120
		ആമ്പല്ലൂർ	58
		തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി	49
		പിറവം മുനിസിപ്പാലിറ്റി	11
3	വടക്കൻപറവൂർ	പുത്തൻവേലിക്കര	852
		വടക്കേക്കര	195
		ഏഴിക്കര	540
		ചിറ്റാറ്റുകര	159
		കോട്ടുവള്ളി	138
		ചേന്ദമംഗലം	280
4	പറവൂർമുനിസിപ്പാലിറ്റി		28
5	ചേരാനെല്ലൂർ		102
6	ആലങ്ങാട്		68
7	കാഞ്ഞൂർ		0
8	ശ്രീമൂലനഗരം		0
9	കുന്നത്ത്നാട്		36
10	കടുങ്ങല്ലൂർ		0
		ആകെ	**3387**
		ആകെ മൊത്തം	**14679**

അവലംബം: പ്രാഥമിക വിവര ശേഖരം കമ്മ്യൂണിറ്റി മോട്ടിവേറ്റേഴ്സ് , മത്സ്യവകുപ്പ് 2016

മത്സ്യത്തൊഴിലാളികളുടെ മത്സ്യഗ്രാമം തിരിച്ചുള്ള സ്ഥിതി വിവര കണക്കുകളാണ് പട്ടിക 4.35 ൽ കാണിച്ചിരിക്കുന്നത്. ഇവയെല്ലാം തന്നെ അനുബന്ധ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികളാണ്. അവയിൽ തീരപ്രദേശത്തുള്ളവരും ഉൾനാടൻ മേഖലയിൽ ഉള്ളവരും ഉൾപ്പെട്ടിരിക്കുന്നു

പട്ടിക 4.36 :മത്സ്യത്തൊഴിലാളി കുടുംബങ്ങൾ- മത്സ്യഗ്രാമം തിരിച്ചുള്ള കണക്ക്

ക്രമ നം.	പഞ്ചായത്ത്	മത്സ്യഗ്രാമം	മത്സ്യതൊഴിലാളി ജനസംഖ്യ		മത്സ്യതൊഴിലാളികുടുംബങ്ങൾ	ക്ഷേമനിധി അംഗത്വമില്ലാത്തവരുടെ വിവരം
			കർമ്മോത്മുഖം	അനുബന്ധം		
1	പള്ളിപ്പുറം	മുനമ്പം	824	534	2248	56
		പള്ളിപ്പുറം	672	910		
		ചെറായി	773	992		
		അയ്യമ്പിള്ളി	174	250		
		കുഴുപ്പിള്ളി	245	504		
2	എടവനക്കാട്	പഴങ്ങാട്	273	334	1169	21
		എടവനക്കാട്	840	768		
3	നായരംബലം	നായരംബലം	855	634	845	51
4	ഞാറക്കൽ	ഞാറക്കൽ	587	603	571	9
5	എളങ്കുന്നപ്പുഴ	എളങ്കുന്നപ്പുഴ	450	407	1574	84

ജില്ലാ പദ്ധതി 2018, ജില്ലാ ആസൂത്രണ സമിതി

		മാലിപ്പുറം	378	428		
		അഴീക്കൽ	543	462		
		ഓച്ചതുരുത്ത്	426	361		
6	ചെല്ലാനം	ചെല്ലാനം	1556	525	3042	79
		മറുവുക്കാട്	452	245		
		കണ്ണമാലി	1065	656		
		കണ്ടക്കടവ്	434	334		
		ചെറിയകടവ്	416	199		
7	കൊച്ചിൻ കോർപ്പറേഷൻ	മാനാശേരി	1582	946	3360	164
		സൗദി	804	458		
		ഫോർട്ട്കൊച്ചി	1674	742		
			15023	**11292**	**12809**	**464**

അവലംബം: ക്ഷേമനിധി ബോർഡ് , മത്സ്യവകുപ്പ് 2016

പട്ടിക 4.37

ഉൾനാടൻ മത്സ്യഗ്രാമങ്ങൾ, മത്സ്യതൊഴിലാളി, അനുബന്ധമത്സ്യതൊഴിലാളി കണക്കുകൾ

ക്രമ നം.	പഞ്ചായത്ത്/ കോർപ്പറേഷൻ	മത്സ്യഗ്രാമം	മത്സ്യത്തൊഴിലാളി ജനസംഖ്യ		മത്സ്യതൊഴിലാളി കുടുംബങ്ങൾ
			കർമ്മോത്മുഖം	അനുബന്ധം	
1	എറണാകുളം	കൊച്ചിൻ കോർപ്പറേഷൻ	758	170	540
		മുളവുകാട്	338	112	150
		കുമ്പളം	270	92	350
		കുമ്പളങ്ങി	280	60	330
		കടമക്കുടി	350	117	481
		വരാപ്പുഴ	380	200	200
2	ഉദയംപേരൂർ	ഉദയംപേരൂർ	2465	120	1662
		ആമ്പല്ലൂർ	275	58	137
		തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി	510	49	1300
		പിറവം മുനിസിപ്പാലിറ്റി	225	11	150
3	വടക്കൻപറവൂർ	പുത്തൻവേലിക്കര	1100	852	1120
		വടക്കേക്കര	692	195	348
		ഏഴിക്കര	800	540	900
		ചിറ്റാറ്റുകര	645	159	542
		കോട്ടുവള്ളി	950	138	582
		ചേന്ദമംഗലം	305	280	450
4	പറവൂർമുനിസിപ്പാലിറ്റി		70	28	210
5	ചേരാനെല്ലൂർ		210	102	147
6	ആലങ്ങാട്		20	68	70
7	കാഞ്ഞൂർ		3	0	15
8	ശ്രീമൂലനഗരം		5	0	34
9	കുന്നത്ത്നാട്		10	36	24
10	കടുങ്ങല്ലൂർ		9	0	28
			10670	**3387**	**9770**

പട്ടിക 4.38
മത്സ്യ അനുബന്ധത്തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

മത്സ്യ ഗ്രാമം	പീലിംഗ് തൊഴിലാളികൾ		സംസ്കരണ തൊഴിലാളികൾ		ഉണക്ക ചെമ്മീൻ/ ചാപ്പ തൊഴിലാളികൾ	മോപ്പഡ് വിപണന തൊഴിലാളികൾ			മിനി ലാറി വിതരണക്കാർ & ഡ്രൈവർ & ക്ലീനർ തൊഴിലാളികൾ	തലചുമട് വിപണനക്കാർ		ബീച്ച് വർക്കർ	ഓട്ടോറിക്ഷ വിപണനക്കാർ		സൈക്കിൾ വിപണനക്കാർ	ചെറുകിട വിപണനക്കാർ		ആകെ
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	ആൺ	പെൺ	ആൺ	ആൺ	പെൺ	ആൺ	ആൺ	പെൺ	
വടക്കൻ പറവൂർ (ഉൾനാടൻ)	0	1384	62	0	50	0	297	0	114	12	324	27	55	0	95	0	0	2420
എറണാകുളം (ഉൾനാടൻ)	0	220	0		25	100	0	0	0	0	0	1	0	0	0	290	115	751
ഉദയം പേരൂർ	0		0	0	0	0	0	0	0	0	0	0	0	0	0	125	113	238
കണ്ണമാലി	0	939	104	7	864	0	0	0	31	0	0	0	0	0	6	0	0	1951
ചെറായി	0	2574	228	18	25	50	0	0	145	15	27	69	75	7	36	0	0	3269
ഫോർട്ട് കൊച്ചി	0	0	914	250	32	175	0	0	0	0	0	500	0	0	0	174	101	2146
ഞാറക്കൽ	0	2528	260	0	561	0	35	0	15	15	10	166	20	5	30	0	0	3645
ആകെ	**0**	**7645**	**1568**	**275**	**1557**	**325**	**332**	**0**	**305**	**42**	**361**	**763**	**150**	**12**	**167**	**589**	**329**	**14420**

പട്ടിക 4.39

മത്സ്യതൊഴിലാളി വനിതകളുടെ തൊഴിലിനെ സംബന്ധിച്ച വിവരങ്ങൾ

മത്സ്യഗ്രാമം	മത്സ്യമേഖലയിലെ തൊഴിൽ	ഇതര മേഖല/ അനുബന്ധ മോഖലകളിൽ	സ്വയംതൊഴിൽ	സാഫ് സംരംഭം	കുടുംബശ്രീ സംരംഭം
മുനമ്പം	മീൻ വിക്കൽ	മീൻ ഉണക്കൽ	ഉണ്ട്	ഒളം (മീൻ) ഹോട്ടൽ	
പള്ളിപ്പുറം	മീൻ ഉണക്കൽ	പാക്കിംഗ്		അരിപ്പൊടി	
ചെറായി	മീൻ ഉണക്കൽ	പാക്കിംഗ്			
അയ്യമ്പിള്ളി	മീൻ ഉണക്കൽ	പാക്കിംഗ്			
കുഴുപ്പിള്ളി	മീൻ ഉണക്കൽ	പാക്കിംഗ്			
പഴങ്ങാട്	മീൻവിക്കൽ/ മീൻ ഉണക്കൽ/ പാക്കിംഗ്	മീൻ വിക്കൽ/ മീൻ ഉണക്കൽ/ പാക്കിംഗ്	ഉണ്ട്	തയ്യൽ(10സ്റ്റാഫ്)	സോപ്പ്, അച്ചാർ
എടവനക്കാട്	മീൻ വിക്കൽ/ മീൻ ഉണക്കൽ/ പാക്കിംഗ്	മീൻ വിക്കൽ/ മീൻ ഉണക്കൽ/ പാക്കിംഗ്	ഉണ്ട്	സൂപ്പർമാർക്കറ്റ്	റൈസ് മില്ല്
ഞാറക്കൽ	മീൻ പിടിക്കൽ/ മീൻ വിൽക്കൽ	മീൻ വിക്കൽ/ മീൻ ഉണക്കൽ/ പാക്കിംഗ്	ഉണ്ട്	തയ്യൽ, കാറ്ററിംഗ്, തുണിവിൽക്കൽ, മത്സ്യം ഉണക്കൽ	മീൻ ഉണക്കൽ , സോപ്പ്, അച്ചാർ
എളങ്കുന്നപ്പുഴ	മീൻ ഉണക്കൽ		30% മത്സ്യവിപണനം		
മാലിപ്പുറം		മീൻവിക്കൽ/ മീൻ ഉണക്കൽ	തയ്യൽ, കാറ്ററിംഗ്	തയ്യൽ, കാറ്ററിംഗ്	തയ്യൽ
ഓച്ചന്തുരുത്ത്		മീൻ വിക്കൽ/ മീൻ ഉണക്കൽ	ചെമ്മീൻ ഉണക്കി വിപണനം	വെന്റിംഗ്യൂണിറ്റ്	കാറ്ററിംഗ്
അഴീക്കൽ		മീൻ വിക്കൽ/ മീൻ ഉണക്കൽ	മത്സ്യക്കച്ചവടം		
നായരമ്പലം	മീൻ വിക്കൽ/ മീൻ ഉണക്കൽ/ പാക്കിംഗ്	മീൻ വിക്കൽ/ മീൻ ഉണക്കൽ/ പാക്കിംഗ്	ഉണ്ട്	മീൻ ഉണക്കൽ, തയ്യൽ	മീൻ ഉണക്കൽ
ചെല്ലാനം	മീൻ ഉണക്കൽ	മീൻ ഉണക്കൽ			
മറുവക്കാട്	മത്സ്യക്കച്ചവടം/ മീൻ ഉണക്കൽ		ഉണ്ട്, മീൻ ഉണക്കൽ	തയ്യൽ, അച്ചാർ	മീൻ ഉണക്കൽ , കാറ്ററിംഗ്
കണ്ണമാലി	മീൻ ഉണക്കൽ				
ചെറിയകടവ്					
മാനാശ്ശേരി	പീലിംഗ് പ്രോസസിംഗ് (പ്ലാന്റിൽ വർക്ക് ചെയ്യുന്നവർ)	മീൻ കച്ചവടക്കാർ		തയ്യൽ, കാറ്ററിംഗ്, ഉണക്കമീൻ പാക്കിംഗ്	മീൻ ഉണക്കൽ
സൗദി	,,	മത്സ്യഫെഡ് പ്ലാന്റിൽ ജോലി ചെയ്യുന്നവർ	ഉണ്ട്	കാറ്ററിംഗ്	മീൻ ഉണക്കൽ
ഫോർട്ട് കൊച്ചി	,,				മീൻ ഉണക്കൽ
ഉദയംപേരൂർ	,,	മീൻ വിൽക്കൽ	ഉണ്ട്	തയ്യൽ	
എറണാകുളം	,,	മീൻ വിൽക്കൽ	ഉണ്ട്	അച്ചാർ	
നോർത്ത് പറവൂർ	,,	മീൻ വിൽക്കൽ	ഉണ്ട്		

പട്ടിക 4.36 ൽ എറണാകുളം ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ കുടുംബസ്ഥിതി വിവര കണക്കുകളാണ് സൂചിപ്പിച്ചിരിക്കുന്നത്, ഇതിൽ ഇനിയും ക്ഷേമനിധിയിൽ അംഗങ്ങളാകാത്തവരുടെ എണ്ണം 464 ആണ്.

1. മത്സ്യബന്ധനയാനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ

പട്ടിക 4.40 :യന്ത്രവത്കൃതമല്ലാത്ത യാനങ്ങളുടെ കണക്കുകൾ

	പ്രവർത്തന മണ്ഡലം		
	മുനമ്പം	കൊച്ചി	ആകെ
യന്ത്രവത്കൃതമല്ലാത്ത ഫൈബർ ക്രാഫ്റ്റ്	0	8	8
യന്ത്രവത്കൃതമല്ലാത്ത പ്ലൈവുഡ് വള്ളം	0	0	0
കരമടി	0	0	0
യന്ത്രവത്കൃതമല്ലാത്ത പരമ്പരാഗത വള്ളം	3	167	170
കട്ടമരം	0	0	0
താങ്ങ്വള്ളം (ഒ.എം)	0	5	5
കട്ടമരം	0	2	2
പ്ലൈവുഡ് വള്ളം(ഒ.എം)	3	52	55
ഫൈബർ ക്രാഫ്റ്റ്(ഒ.എം)	2	23	25
ഫൈബർ ക്രാഫ്റ്റ്	1	32	33
പരമ്പരാഗത വള്ളം (ഒ.എം)	19	423	442
ഫൈബർ വള്ളം	2	15	17

അവലംബം: ഫിഷറീസ് സ്റ്റേഷൻ , മത്സ്യവകുപ്പ് 2016-17

കടൽ മത്സ്യമേഖലയിലെ ആധുനീക വത്കരണത്തിനുശേഷവും ചെറുകിട മത്സ്യബന്ധന രീതികൾ തുടർന്ന് വരുന്നു. പരമ്പരാഗത ഉരുക്കളും ഉപകരണങ്ങളും ഇന്നും ഉപയോഗിച്ചു വരുന്നു. അത് ഇപ്പോൾ അവശേഷിക്കുന്ന മത്സ്യസമ്പത്തിന് സംരക്ഷിക്കുന്ന ഒന്നുകൂടിയാണ്.

പട്ടിക 4.41 :യന്ത്രവത്കൃത യാനങ്ങളുടെ കണക്കുകൾ

പ്രവർത്തന മണ്ഡലം	ഗില്ലനെറ്റർ	ഇൻബോർഡ് എൻജിൻ ഘടിപ്പിച്ച വള്ളം	ട്രോളർ	യന്ത്രവത്കൃത മത്സ്യ ബന്ധന ഗില്ലനെറ്റർ	യന്ത്രവത്കൃത തടി നിർമ്മിത മത്സ്യബന്ധന യാനം	താങ്ങ്വള്ളം (ഇൻബോർഡ്)
മുനമ്പം	18	4	569	0	0	2
കൊച്ചി	284	12	545	0	1	81
ആകെ	302	16	1114	0	1	83

അവലംബം: ഫിഷറീസ് സ്റ്റേഷൻ , മത്സ്യവകുപ്പ് 2016 - 17

ആധുനീക വത്കരണത്തിൽ എറണാകുളം ജില്ല സംസ്ഥാന സ്ഥിതി വിവരകണക്കുമായി താരതമ്യം ചെയ്യുമ്പോൾ ഒട്ടും പിന്നിലല്ല. യന്ത്രവത്കൃത യാനങ്ങളുടെ കാര്യത്തിലും ഉപകരണത്തിന്റെ കാര്യത്തിലും മുൻപന്തിയിൽ തന്നെ ആണ് എന്നിരുന്നാലും എറണാകുളം ജില്ലയിൽ ഫിഷറീസ് സ്റ്റേഷന്റെ സഹായത്തോട് കൂടി യന്ത്രവത്കൃത യാനങ്ങളുടെ അമിതമായ മത്സ്യ ചൂഷണത്തെ ഒരു പരിധി വരെ നിയന്ത്രിച്ചു വരുന്നു.

പട്ടിക 4.42 :മത്സ്യോത്പ്പാദനം

ഘടകങ്ങൾ	മേഖല	എറണാകുളം
അളവ്(മെട്രിക് ടൺ) 2015-16	തീരപ്രദേശം	80394
	ഉൾനാടൻ	38951
	ആകെ	119345

വില (ലക്ഷം രൂപയിൽ)	തീരപ്രദേശം	88523
	ഉൾനാടൻ	79009
	ആകെ	167532
മൊത്തം ആഭ്യന്തര ഉത്പാദനം(ലക്ഷം രൂപയിൽ) 2011-12		106770

അവലംബം: കേരള ഫിഷറീസ് 2015-16

എറണാകുളം ജില്ലയിൽ മത്സ്യ ലഭ്യത മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞു വരുകയാണ്, അതിനു പ്രധാന കാരണം ആഗോളവത്കരണവും , കടൽ മേഖലയുമായി നടക്കുന്ന വികസന പ്രവർത്തനങ്ങളുമാണ്. വർദ്ധിച്ച് വരുന്ന പരിസ്ഥിതി മലിനീകരണവും നഗരത്തിന്റെ വളർച്ചയും ഇതിന് ആക്കം കൂട്ടുന്നു. കപ്പൽ ചാലുകളും അനധികൃതമായ മത്സ്യബന്ധനവും മത്സ്യ പ്രജനനത്തിനും നാശം വിതയ്ക്കുന്നു. ഇവയെല്ലാമാണ് സംസ്ഥാനത്തിന്റെ മൊത്തം മത്സ്യ സമ്പത്തിലുള്ള വളർച്ചയിൽ എറണാകുളം പിന്നിലേക്കാക്കുന്നത്. എന്നാൽ ഉൾനാടൻ മേഖലയിൽ നടക്കുന്ന മത്സ്യകൃഷിയിൽ വൻ മുന്നേറ്റം നടത്താൻ സാധിച്ചിട്ടുണ്ട്.

പട്ടിക 4.43 :എറണാകുളം ജില്ല- മത്സ്യ ലഭ്യത

ക്രമ നമ്പർ	മത്സ്യയിനം	അളവ്(മെട്രിക് ടൺ)
1	നെയ്ച്ചാള	17395
2	ചാള	4103
3	കൊഴുവ	1726
4	ക്യാറ്റ് ഫിഷ്	332
5	അരണ മത്സ്യം	2545
6	കലവ	5885
7	കേര	1039
8	പമ്പാട	2560
9	വറ്റ	1659
10	അയ്ല	5034
11	ചൂര	5022
12	മുള്ളൻ	1694
13	ചെമ്മീൻ	15458

അവലംബം: കേരള മറൈൻഫിഷറീസ് സ്റ്റാറ്റിക്സ് 2015

ആകെ പ്രധാനമായും 13 ഇനം മത്സ്യങ്ങളാണ് ഇപ്പോൾ കൂടുതലുമായി ലഭ്യമാക്കുന്നത്. അതിന്റെ സ്ഥിതി വിവര കണക്കുകളാണ് പട്ടിക 4.43 ൽ ചേർത്തിരിക്കുന്നത്.

2. <u>ജില്ലയിലെ മത്സ്യകൃഷിയുടെ വിവരങ്ങൾ</u>

ജില്ലയിലെ തീരദേശങ്ങളിലെ ജലാശയം വിവിധങ്ങളും വൈവിദ്ധ്യവുമാർന്ന ജലവിഭവങ്ങളെ കൊണ്ട് സമ്പന്നമാണ്. അതുകൊണ്ട് തന്നെ മത്സ്യകൃഷിക്ക് വളരെ അനുയോജ്യമായ സാഹചര്യമാണ് ജില്ലയിലുള്ളത്. ജില്ലയിൽ നിലവിൽ 30% താഴെ ജലവിഭവങ്ങളും മാത്രമേ ശാസ്ത്രീയമായി ചൂഷണം ചെയ്തിട്ടുള്ളു. ജലവിഭവങ്ങളെ പൂർണ്ണമായി ഉപയോഗപ്പെടുത്തുകയാണെങ്കിൽ,മത്സ്യ മേഖലയലുടെ വളർച്ച ഗണ്യമായി ഉയർത്തുവാനും തൻമൂലം മത്സ്യോത്പാദനത്തിൽ സുസ്ഥിരത കൈവരിക്കാനും സാധിക്കും.

പ്രകൃത്യാലുള്ള കുളങ്ങൾ , പടുതാകുളങ്ങൾ, സിമന്റ് ടാങ്കുകൾ, പൊതുജലാശയങ്ങൾ എന്നിവ മത്സ്യകൃഷിക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. കിഴക്കൻ മേഖലയിൽ ധാരാളം പാറമടകൾ ഉണ്ട്. വെള്ളം വറ്റിച്ച് മത്സ്യം പിടിച്ചെടുക്കുവാൻ സാധിക്കുന്നവയാണ് മത്സ്യകൃഷിക്ക് അനുയോജ്യമായത്. എന്നാൽ

അധികം ആഴമുള്ള പാറമടകളിൽ കൂടുകളിൽ മത്സ്യങ്ങളെ വളർത്തുന്ന രീതി അവലംബിക്കാവുന്നതാണ്. കിഴക്കൻ മേഖലയിൽ ശുദ്ധജല മത്സ്യകൃഷിക്കുള്ള സാധ്യതകളാണ് ഉള്ളത്. ശുദ്ധജല മേഖലയിൽ കാർപ്പ് മത്സ്യയിനങ്ങൾ (കട്ല, രോഹു, മൃഗാൾ, ഗ്രാസ് കാർപ്പ്, ഗിഫ്റ്റ് തിലാപ്പിയ, അനബാസ് (കറൂപ്പ്), വരാൽ, മലേഷ്യൻ വാള എന്നീ മത്സ്യയിനങ്ങളാണ് മത്സ്യകൃഷിക്കായി ഉപയോഗിക്കുന്നത്.

ഓരുജല മേഖലയിൽ പൊക്കാളിപ്പാടങ്ങളിൽ കാരചെമ്മീൻകൃഷി, നാരൻ ചെമ്മീൻ കൃഷി, വനാമി ചെമ്മീൻകൃഷി പൊതു ജലാശയങ്ങളിൽ കൂട് മത്സ്യകൃഷി(കാളാഞ്ചി, കരിമീൻ, തിരുത) കുളങ്ങളിലെ സമ്മിശ്ര മത്സ്യകൃഷി (തിരുത, പൂമീൻ, കരിമീൻ, കണമ്പ്) ഞണ്ട് കൃഷി, കല്ലുമ്മേക്കായ കൃഷി, കായൽ മുരിങ്ങ കൃഷി എന്നിവയാണ് പ്രധാന മത്സ്യ കൃഷി രീതികൾ ഇത് കൂടാതെ മത്സ്യവും പച്ചക്കറികളും ഒരുമിച്ച് കൃഷി ചെയ്യുന്ന അക്വാപോണിക്സ് കൃഷി രീതിയും ജില്ലയിൽ നടപ്പിലാക്കി വരുന്നു.

പട്ടിക 4.44 :

ശുദ്ധജല മത്സ്യകൃഷി മേഖല

ബ്ലോക്കിന്റെ പേര്	ശുദ്ധജല വിസ്തൃതി	പദ്ധതിയിൽ പങ്കെടുത്ത കർഷകരുടെ എണ്ണം
കൂവപ്പടി	81.712	608
കോതമംഗലം	57.536	925
അങ്കമാലി	137.28	625
മൂവാറ്റുപുഴ	23.148	565
പാമ്പാക്കുട	17.54	475
ആലങ്ങാട്	28.336	155
മുളന്തുരുത്തി	21.592	189
വടുവുകോട്	26.244	292
പാറക്കടവ്	25.644	165
പറവൂർ	2.144	100
ഇടപ്പള്ളി	0.088	6
പള്ളുരുത്തി	0.016	1
വാഴക്കുളം	9.916	148
വൈപ്പിൻ	0.128	10
കോതമംഗലം മുനിസിപ്പാലിറ്റി	7.34	25
പിറവം മുനിസിപ്പാലിറ്റി	2.74	67
മൂവാറ്റുപുഴ മുനിസിപ്പാലിറ്റി	0.884	45
തൃക്കാക്കര മുനിസിപ്പാലിറ്റി	0.01	1
തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി	0.016	2
ആലുവ മുനിസിപ്പാലിറ്റി	0.04	1
കളമശ്ശേരി മുനിസിപ്പാലിറ്റി	0.02	2
പെരുമ്പാവൂർ മുനിസിപ്പാലിറ്റി	1.62	19
അങ്കമാലി മുനിസിപ്പാലിറ്റി	8.664	127

ഏലൂർ മുനിസിപ്പാലിറ്റി	1.14	6
കൂത്താട്ടുകുളം മുനിസിപ്പാലിറ്റി	1.704	83
കൊച്ചി കോർപ്പറേഷൻ	0.1	6
ആകെ	**455.602**	**4648**

അവലംബം: മത്സ്യ കർഷക വികസന ഏജൻസിയുടെ വിവര ശേഖരം 2016-17

എറണാകുളം ജില്ലയിൽ ഇപ്പോൾ ഏറ്റവും കൂടുതൽ പ്രചാരമുള്ള കൃഷി രീതിയായി മത്സ്യ കൃഷിയെ മാറ്റിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്. അതിൽ പ്രധാനമായും അക്വാപോണിക്സ് കൃഷി രീതി, കൂട് കൃഷി രീതി, പടുതാക്കുളം എന്നിവയാണ്.

പട്ടിക 4.45 :

ഓരു ജല മത്സ്യകൃഷി

ബ്ലോക്കിന്റെ പേര്	ചെമ്മീൻ വിത്ത് നിക്ഷേപിച്ച പ്രദേശം	പദ്ധതിയിൽ പങ്കെടുത്ത കർഷകരുടെ എണ്ണം	കൂട് മത്സ്യകൃഷി യൂണിറ്റുകൾ	ഞണ്ട് കൃഷി യൂണിറ്റുകൾ	കല്ലുമ്മേക്കായ കൃഷി യൂണിറ്റുകൾ
പറവൂർ	151.78	59	33	14	6
ഇടപ്പള്ളി	75.65	33	21	2	0
പള്ളുരുത്തി	9.985	7	1	1	0
വൈപ്പിൻ	84.102	23	1	0	0
ആലങ്ങാട്	25.8	6	1	3	0
പാറക്കടവ്	0	0	13	0	4
മുളന്തുരുത്തി	0	0	1	0	0
ആകെ	347.317	128	71	20	10

അവലംബം: മത്സ്യ കർഷക വികസന ഏജൻസിയുടെ വിവര ശേഖരം 2016-17

എറണാകുളം ജില്ലയിൽ മത്സ്യോത്പാദനത്തിൽ തീരദേശ മേഖലയിൽ 0.8 ലക്ഷം ടണ്ണും ഉൾനാടൻ മേഖലയിൽ 0.4 ലക്ഷം ടണ്ണും ചേർത്ത് ആകെ മത്സ്യോത്പാദനം 1.2 ലക്ഷം ടൺ ആണ്. ഉത്പാദിപ്പിക്കുന്ന മത്സ്യം തദ്ദേശീയ മത്സ്യ മാർക്കറ്റുകൾ, സ്വകാര്യമാർക്കറ്റുകൾ എന്നിവയിലൂടെയാണ് മത്സ്യങ്ങൾ ശീതീകരിച്ചും, ഉണക്കിയും മൂല്യവർധിത ഉത്പന്നങ്ങളായും വിപണനം നടത്തുന്നത്.

3. മത്സ്യവിപണനം സംബന്ധിച്ച വിവരങ്ങൾ,

പട്ടിക 4.46 : മത്സ്യ മാർക്കറ്റുകൾ

പ്രധാന മാർക്കറ്റുകൾ	8
വഴിയോര മാർക്കറ്റുകൾ	90
ആകെ	98

അവലംബം: സാഫിന്റെ വിവര ശേഖരം 2016-17

ജില്ലയിൽ മത്സ്യവിപണനത്തിന്റെ ഭൂരിഭാഗവും ഇടനിലക്കാർ വഴി നടത്തുന്നു. കൂടാതെ മത്സ്യഫെഡ് വഴി ലേലത്തിലൂടെയും മത്സ്യവിപണനം നടത്തുന്നു. മത്സ്യത്തൊഴിലാളികൾ നേരിട്ട് വളരെ കുറച്ച് ശതമാനം മാത്രമെ മത്സ്യവിപണനം നടത്തുന്നു.

ഫിഷറീസ് വകുപ്പിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള ഫുഡ് സേഫ്റ്റി കൗൺസിൽ നടത്തിയിട്ടുള്ള സർവ്വേയിൽ എറണാകുളം ജില്ലയിൽ ആകെ 98 മത്സ്യ

മാർക്കറ്റുകൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ ഭൂരിഭാഗവും സ്വകാര്യ ഉടമസ്ഥതയിൽ വഴിയോരങ്ങളിൽ പ്രവർത്തിക്കുന്നവയാണ്. എൻ. എഫ്. ഡി. ബി. യുടെ ധനസഹായത്തോടെ എറണാകുളം ജില്ലയിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 8 മത്സ്യ മാർക്കറ്റുകൾ നിർമ്മിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളായ അംഗങ്ങളുടെ സാമ്പത്തിക സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള സൊസൈറ്റി ഫോർ അസിസ്റ്റൻസ് ഫോർ ഫിഷർ വുമൺ (സാഫ്) എന്നഏജൻസിയുടെ കീഴിൽ 500 -ഓളം അംഗങ്ങൾ ഉൾപ്പെടുന്ന 167 ആക്റ്റിവിറ്റി ഗ്രൂപ്പുകൾ പ്രവർത്തിച്ചു വരുന്നു. ഇവയിൽ ഏകദേശം 16 ഗ്രൂപ്പുകൾ മത്സ്യത്തിലധിഷ്ഠിതമായ മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ വില്പനകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നു.

ഭാഗം II

മത്സ്യമേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ

മത്സ്യത്തിന്റെ ലഭ്യതക്കുറവാണ് മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിയ്ക്കുന്ന പ്രധാന പ്രശ്നം. അനിയന്ത്രിതമായ ചൂഷണവും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി കടലിൽ സംഭവിച്ചു കൊണ്ടിരിയ്ക്കുന്ന ആവാസവ്യവസ്ഥയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ മൂലവും കടൽ മേഖലയിൽ പണിയെടുത്ത് ഉപജീവനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഇന്ന് വളരെയേറെ ആശങ്കയിലാണ്. അടിക്കടി ഉണ്ടായികൊണ്ടിരിയ്ക്കുന്ന ഇന്ധനവില മത്സ്യത്തൊഴിലാളികൾക്ക് മുതൽ മുടക്കിന് അനുസൃതമായി വരുമാനം ലഭ്യമല്ലാത്ത സാഹചര്യവും നില നിൽക്കുന്നു. നൂതന മത്സ്യ ബന്ധന ഉപകരണങ്ങളുടെ അപര്യാപ്തതയും അവയെ ഉപയോഗിക്കാനുള്ള കഴിവില്ലായ്മയും മത്സ്യത്തൊഴിലാളികളെ അലട്ടുന്ന മുഖ്യ പ്രശ്നങ്ങളാണ്. തീരപ്രദേശത്ത് മത്സ്യബന്ധനത്തിന് വേണ്ടി വരുന്ന മത്സ്യബന്ധനയാനങ്ങളുടെ ഭീമമായ ചെലവും അവയുടെ നിർമ്മാണത്തിന് വേണ്ടി വരുന്ന ധനസഹായത്തിന്റെ ലഭ്യത ഇല്ലായ്മയും സാമ്പത്തികസഹായങ്ങൾ നൽകുവാൻ ധനസഹായ സ്ഥാപങ്ങൾ വൈമുഖ്യം കാണിക്കുന്നതും മത്സ്യബന്ധനത്തൊഴിലാളികളെ ഈ മേഖലയിൽ നിന്ന് വിട്ട് പോകുന്നതിന് വരെ പ്രേരിപ്പിയ്ക്കുന്ന സ്ഥിതി വിശേഷം നിലനിൽക്കുന്നു. ഇതിനെക്കാൾ ഉപരി മദ്ധ്യവർത്തികളുടേയും കമ്മീഷൻ ഏജന്റുമാരുടേയും ചൂഷണവും ഇന്നും ഈ മേഖലയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുവാൻ പറ്റാത്ത അവസ്ഥയും, മത്സ്യബന്ധനതൊഴിലിൽ ഏർപ്പെട്ട് ഉപജീവനം നടത്തുന്ന പരമ്പരാഗത തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അടിക്കടി ഉണ്ടാകുന്ന കടൽ ക്ഷോഭംമൂലം മത്സ്യബന്ധനത്തിനുള്ള യാനങ്ങൾക്ക് കേടുപാടുകൾ നേരിടുന്നതിനു ഇടവരാറുണ്ട്. ഇവ പുതുക്കി പണിയുന്നതിനും, പുതിയത് വാങ്ങുന്നതിനും ധനസഹായം ലഭ്യമല്ലാത്ത അവസ്ഥ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ പാർപ്പിട പ്രശ്നങ്ങളും മാലിന്യ സംസ്കരണവും കുടിവെള്ള പ്രശ്നങ്ങളും ഏറെക്കുറെ പരിഹരിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിലും പല പ്രദേശങ്ങളിൽ അസൗകര്യങ്ങൾ നിലനിൽക്കുന്നു. ജില്ലയിലെ ഉൾനാടൻ മേഖലയിൽ ലാന്റിങ്ങ് സെന്ററുകളുടെയും മത്സ്യം കരയ്ക്ക് അടുപ്പിക്കൽ കേന്ദ്രങ്ങളുടേയും അഭാവം ഉൾനാടൻ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം തികച്ചും അപര്യാപ്തമാണ്. ഉൾനാടൻ മത്സ്യഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈ പ്രദേശത്ത് സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപണിയും നിർമ്മാണവും,

റോഡുകളുടെ നവീകരണം, കുടിവെള്ളവിതരണ പദ്ധതികൾ എന്നിവ അടിയന്തിരമായി ഏറ്റെടുത്ത് നടപ്പിലാക്കേണ്ട പരിപാടികളാണ്. അതുപോലെ തന്നെ CRZ റെഗുലേഷൻ പ്രകാരം നിലനിൽക്കുന്ന നിയമങ്ങൾ മൂലം മത്സ്യത്തൊഴിലാളി ഭവനങ്ങളുടെ നിർമ്മാണം സംബന്ധിച്ച് ഒട്ടേറെ പ്രതിസന്ധികൾ ഇന്ന് മത്സ്യത്തൊഴിലാളികൾ നേരിടുന്നുണ്ട്.

ആഗോളവത്കരണം

കേരളത്തിന്റെ വ്യവസായിക തലസ്ഥാനമായ എറണാകുളം ജില്ലയുടെ തീരപ്രദേശം വളരെയേറെ പാരസ്ഥീതിക വെല്ലുവിളികൾ നേരിടുന്ന ഒന്നാണ്. അത് മത്സ്യമേഖലയെയും മത്സ്യസമ്പത്തിനെയും വളരെ രൂക്ഷമായി തന്നെ ബാധിക്കുന്നുണ്ട്.

ചിത്രം – 4.24
ആഗോളവത്ക്കരണം



കൃഷി, മത്സ്യകൃഷി, തുറമുഖ വികസനം, നഗരവത്കരണം വ്യവസായവത്കരണം എന്നിവയുടെ മുന്നേറ്റത്തിൽ പ്രകൃതിദത്തമായ ആവാസവ്യവസ്ഥകൾ അശാസ്ത്രീയമായി നികത്തിയെടുക്കുന്ന പ്രവണത പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

കായലുകൾ നികത്തി ഹോട്ടൽ ശൃഖലകളും കൺവെൻഷൻ സെന്ററുകൾ, പാർപ്പിട സമുച്ചയങ്ങൾ എന്നിവ നിർമ്മിച്ചിരിക്കുന്നു. ഇതു മൂലം പാരിസ്ഥിതിക തകർച്ച ഉണ്ടാവുകയും ഉത്പാദനക്ഷമത മരവിച്ചിരിക്കുകയും ചെയ്യുന്നു. ജലാശയത്തിന്റെ വ്യാപ്തി ക്രമാതീതമായി കുറയുന്നു. ഭീകരമായ ജലമലിനീകരണം മൂലം ജലത്തിന്റെ ഗുണമേൻമ വളരെ താഴ്ന്ന നിലയിലാണ്.

അശാസ്ത്രീയ മത്സ്യബന്ധന രീതികളും/ പരിസ്ഥിതി ചൂഷണവും

അനധികൃതമായ മത്സ്യബന്ധനരീതികൾ, ഡൈനാമിറ്റിംഗ്, ഇലക്ട്രിക് ഫിഷിംഗ്, നിരോധിത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം മുതലായവ മത്സ്യസമ്പത്ത് കുത്തനെ കുറയാൻ കാരണമായി. മത്സ്യത്തിന്റെ പ്രത്യുത്പാദന ആവാസ വ്യവസ്ഥയെ ഈ കാരണങ്ങൾ താറുമാറാക്കി കൊണ്ടിരിക്കുകയാണ്. മണൽ വാരൽ, കെട്ടിട നിർമ്മാണം, നദിക്കും കായലിനും കുറുകെയുള്ള പല നിർമ്മാണ പ്രവർത്തനങ്ങളും മത്സ്യങ്ങളുടെ ജീവിത ചക്രത്തെ ബാധിക്കുന്നു.

ചിത്രം – 4.25



പരിസ്ഥിതി /ശുചിത്വ കാര്യങ്ങളും മറ്റ് മാലിന്യ സംസ്കരണ സംവിധാനങ്ങളും പ്രാരംഭഘട്ടത്തിൽ നിൽക്കുകയാണ്. മിക്ക പഞ്ചായത്തുകളിലെയും ജലാശയങ്ങൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിഞ്ഞും അടുത്തുള്ള കരപ്രദേശങ്ങളിൽ നിന്നും കര വെള്ളത്തിലൂടെ മണ്ണ് ഒലിച്ചിറങ്ങിയും ആഴം കുറഞ്ഞ് വരുന്ന അവസ്ഥയിലാണ്. ഇത് ജലാശയങ്ങളിലെ ജീവജാലങ്ങൾക്ക് വൻഭീഷണിയായി നില നിൽക്കുന്നു. അജീർണ്ണ വസ്തുക്കളായ പാൽ കവർ, പ്ലാസ്റ്റിക്ക് കുപ്പികൾ മറ്റ് ഫൈബർ നിർമ്മിത അവശിഷ്ടങ്ങൾ, ടയറുകൾ എന്നിവ ധാരാളമായി ജലാശയങ്ങളിൽ നിക്ഷേപിക്കുക വഴി ആഴം കുറയുന്ന അവസ്ഥയാണ്. ഇത്തരം പ്രവൃത്തികൾ മൂലം ജലാശയങ്ങളിലെ ചൂട് കൂടുകയും അത് മത്സ്യ സമ്പത്തിനേയും മറ്റ് ജലജീവികളേയും സാരമായി ബാധിക്കുന്നു. ജീർണ്ണിക്കുന്ന മാലിന്യങ്ങളായ ആഹാര അവശിഷ്ടങ്ങൾ മറ്റ് മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കാൻ തക്കവിധം ബയോഗ്യാസ് യൂണിറ്റുകൾ വളരെ പരിമിതവുമാണ്. ഓരോ പഞ്ചായത്തിലും വാർഡ് തലത്തിൽ ഓരോ വീട്ടിലും പൈപ്പ് കംപോസ്റ്റ് അല്ലെങ്കിൽ ബയോഗ്യാസ് പ്ലാന്റ് നിർബന്ധമായും ഉപയോഗിക്കുകയാണെങ്കിൽ അതിൽ നിന്ന് ലഭിക്കുന്ന വളം അടുക്കള തോട്ടം, മറ്റ് കൃഷി എന്നിവയ്ക്കും ഉപയോഗിക്കാം. കുമ്പളങ്ങി പഞ്ചായത്തിൽ പ്ലാസ്റ്റിക് പോലുള്ള അജൈവ മാലിന്യങ്ങൾ വാർഡ് തലത്തി ശേഖരിച്ച് റീസൈക്ലിംഗിനായി പഞ്ചായത്ത് ഫണ്ട് വകയിരുത്തി പ്രാരംഭഘട്ടം എന്ന രീതിയിൽ ചെയ്തു കഴിഞ്ഞു. മുളവുകാട് പഞ്ചായത്തിൽ ബയോഡൈജസ്റ്റർ പോർട്ട് മാലിന്യസംസ്കരണത്തിനായ് പഞ്ചായത്ത് ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

ഉൾനാടൻ മത്സ്യകൃഷി വികസനത്തിന്റെ കാര്യത്തിലും നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ജില്ലയിലുള്ള പൊതു ജലാശയങ്ങളും കുളങ്ങളും പാടശേഖരങ്ങളും വിവിധങ്ങളായ ആവശ്യങ്ങൾക്കായി ഉപയുക്തമാക്കുന്നതും മത്സ്യവിത്തിന്റെയും ചെമ്മീൻ വിത്തിന്റെയും ലഭ്യത കുറവും മത്സ്യകൃഷിയുടെ വികസനത്തിന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

ആരോഗ്യം

ചിത്രം – 4.26



തീരദേശത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അവസ്ഥ ശോചനീയമാണ്. മുരിക്കുംപാടം, വളപ്പ് സബ്സെന്ററുകൾക്ക് നിലവിൽ കെട്ടിടം ഇല്ലാത്ത അവസ്ഥയാണ്. മാലിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 30 രോഗികൾക്ക് നിലവിൽ 5 ഡോക്ടർമാർ ആണ് ഉള്ളത്. സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പുതിയതായി കെട്ടിടവും 4 ഡോക്ടർമാരും അനുബന്ധ സേവകരും ആവശ്യമാണ്.

2.4.1 മാനസിക ശാരീരിക അവശത നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങൾ

തീരദേശ മേഖലകളിലും ഉൾനാടൻ മേഖലകളിലും ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നതായി ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കാവുന്നതാണ്. ആദ്യഘട്ടത്തിൽ കണ്ടെത്താൻ കഴിഞ്ഞാൽ പൂർണമായും സുഖപ്പെടാവുന്ന അസുഖമായി വിലയിരുത്തപ്പെട്ടിരിക്കുന്ന ഈ അസുഖം കൃത്യമായ പരിശോധനയുടെ അഭാവത്തിൽ മരണകാരണമാകുന്ന സ്ഥിതിയാണ്. ഫിഷറീസ് വകുപ്പ് നടപ്പാക്കി വരുന്ന മെഡിക്കൽ ക്യാമ്പുകൾ ഈ അവസ്ഥകൾക്ക് മാറ്റം വരുത്താവുന്ന പരിശ്രമത്തിന്റെ ഭാഗമാണ്. സ്തനാർബുദം പോലുള്ള രോഗങ്ങൾ കൃത്യമായ ബോധവത്ക്കരണത്തിന്റെ അഭാവം മൂലം സ്ത്രീകൾ പുറത്ത് പറയാൻ വൈമുഖ്യം കാണിക്കുന്നതിനാൽ മരണകാരണമാകുന്ന സ്ഥിതിയും നിലനിൽക്കുന്നുണ്ട്.

ക്യാൻസർ ബാധിച്ചവർക്ക് ചികിത്സാ സഹായ പദ്ധതികൾ, തീരദേശ മേഖലകളിൽ ക്യാൻസർ ഡിറ്റക്ഷൻ ക്യാമ്പുകൾ കൃത്യമായ ഇടവേളകളിൽ സംഘടിപ്പിക്കുന്ന പദ്ധതി, സ്തനാർബുദം നേരത്തേ കണ്ടെത്താൻ സഹായിക്കുന്ന സ്വയം പരിശോധന സംബന്ധിച്ചുള്ള ബോധവത്ക്കരണ പരിപാടികൾ, തുടർ പരിപാടികൾ, ജീവിത ശൈലീ രോഗങ്ങളെ ചെറുക്കുന്നതിന് ചെറിയ പ്രായത്തിൽ തന്നെ ഭക്ഷണ വ്യായാമ ശീലങ്ങൾ സ്വായത്തമാക്കൽ, സ്കൂളുകളിൽ ബോധവത്കരണ പരിപാടികൾ, തുടർ പ്രവർത്തനങ്ങൾ, രോഗാതുരർക്ക് ആശ്വാസം നൽകുന്ന പാലിയേറ്റീവ് കെയർ, തീരദേശത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഐ.സി.യു സൗകര്യമുള്ള ആംബുലൻസുകൾ ലഭ്യമാക്കൽ, മഴക്കാല രോഗങ്ങൾ, പ്രതിരോധ പ്രവർത്തനങ്ങൾ, തുടർ പ്രവർത്തനങ്ങൾ, വൃക്ക രോഗികൾക്ക് ഡയാലിസിസ് സൗകര്യം ഏറ്റവും അടുത്ത് ലഭ്യമാക്കൽ, മേല്പദ്ധതികൾക്ക് മുൻഗണന നൽകുന്നത് മൂലം മാറാരോഗത്താൽ ബുദ്ധിമുട്ടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഒരു പരിധി വരെ ആശ്വാസം പകരും.

2.4.2 മാനസികവും ശാരീരികവുമായ അവശത നേരിടുന്നവർ

മത്സ്യത്തൊഴിലാളികളുടെ മക്കളിൽ ഓട്ടിസം, ബുദ്ധിമാന്ദ്യം എന്നീ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരുണ്ട്. കുഞ്ഞുങ്ങളിൽ ശാരീരിക വൈകല്യങ്ങളും മാനസിക വൈകല്യങ്ങളും ഗർഭാവസ്ഥയിൽ തന്നെ കണ്ടെത്തി തടയുന്നതിനുള്ള കൃത്യമായ പരിശോധനകൾ ലഭ്യമാക്കുന്ന പദ്ധതി. ഭിന്നശേഷി ഉള്ളവർക്ക് റീഹാബിലിറ്റേഷൻ പദ്ധതികൾ, ഓട്ടിസം അടക്കമുള്ള ഭിന്നശേഷിക്കാരായ കുട്ടികളോ മുതിർന്നവരോ ആയവരെ വീടുകളിൽ ഒറ്റക്കാക്കി ജോലിക്ക് പോകാൻ സാധിക്കാത്തതിനാൽ പട്ടിണിയിലാകുന്ന കുടുംബങ്ങൾ ഉണ്ട്. മത്സ്യഗ്രാമത്തിൽ ഒന്ന് എന്ന നിലയിൽ ഡേകെയർ സെന്ററുകൾ ആരംഭിക്കുന്ന പദ്ധതി ഇത്തരക്കാർക്ക് സഹായകരമാകും. ഭിന്നശേഷിക്കാർക്ക് സ്കൂളുകളിൽ എത്തുന്നതിന് വാഹന സൗകര്യം നൽകൽ, സ്കൂളുകളിൽ പോയി പഠിക്കാൻ പറ്റാത്ത സാഹചര്യമുള്ളവർക്ക് ഹോം ട്യൂഷൻ നൽകുന്ന പദ്ധതി, വീൽ ചെയർ നൽകുന്ന പദ്ധതി എന്നിവ ഇവർക്കുള്ള കരുതൽ ആവും.

2.4.3. മദ്യം, മയക്കുമരുന്നിന് അടിമയായവർ

മത്സ്യമേഖലകളിൽ പുരുഷൻമാർ ഭൂരിഭാഗവും മദ്യം ഉപയോഗിക്കുന്നവരായി കാണുന്നു. മദ്യാസക്തിയിലേക്ക് ഇവർ വരാതിരിക്കാൻ കൃത്യമായ ബോധവത്ക്കരണ പരിപാടികൾ അത്യന്താപേക്ഷിതമാണ്. ഒഴിവു സമയങ്ങൾ ക്രിയാത്മകമായി വിനിയോഗിക്കാൻ മത്സ്യത്തൊഴിലാളികൾക്ക് അവസരമൊരു ക്കുവാനായി മത്സ്യഗ്രാമങ്ങളിൽ മികച്ച വായനശാലകൾ സ്ഥാപിക്കൽ, ഫുട്ബോൾ, വോളിബോൾ തുടങ്ങിയ കളി സ്ഥലങ്ങൾ ഒരുക്കൽ, മത്സ്യത്തൊഴിലാളികളുടെ വിശ്രമ ഇടങ്ങളിൽ കാരംബോർഡ്, ചെസ്സ് എന്നീ വിനോദ ഉപാധികൾക്ക് സൗകര്യമൊരുക്കൽ എന്നീ പദ്ധതികൾ ഒരു പരിധി വരെ മത്സ്യത്തൊഴിലാളികളെയും യുവജനങ്ങളേയും മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടാതിരിക്കാൻ സഹായകരമാകും വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ കാംപെയിനുകൾ, ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കൽ, കൃത്യമായി സ്കൂളുകളിൽ ഹാജരാകാത്ത കുട്ടികളുടെ വിവരങ്ങൾ രക്ഷിതാക്കളെ സ്കൂൾ ടൈമിൽ മെസ്സേജ് നൽകി അറിയിക്കുന്ന പദ്ധതി, തീരദേശത്തെ സ്കൂളുകളിലും ഉൾപ്പെടുത്തുക. തീരദേശത്ത് ബീച്ചിനോട് ചേർന്ന ഇടങ്ങളിൽ സംയുക്ത പോലീസ് പെട്രോളിംഗ് ശക്തമാക്കുന്നതിനുള്ള നടപടികൾ, പഠനത്തിൽ പിന്നോക്കാവസ്ഥയിലായതിനാൽ പഠനം തുടരാനാവാത്ത കുട്ടികളെ കണ്ടെത്തി അവർക്ക് താത്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി രാജ്യപുരോഗതിയിൽ അവരെ കൂടി പങ്കാളികളാക്കാനുതകുന്ന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, തൊഴിൽ രഹിതരായ തീരദേശ മേഖലയിലെ ആൺകുട്ടികൾക്ക് സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി അവലംബിക്കാവുന്നതാണ്. ഇത്തരം പദ്ധതികൾ ഏറ്റവും ഊർജ്ജസ്വലരായ മത്സ്യമേഖലയിലെ ആൺകുട്ടികൾ മദ്യം, മയക്കുമരുന്ന് തുടങ്ങിയ താത്പര്യത്തിൽ അടിമപ്പെടാതെ കർമോത്സുകരാകാൻ സഹായിക്കും.

മാലിന്യ നിക്ഷേപം

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എറണാകുളം ജില്ലയിൽ കനത്ത മലിനീകരണമുള്ളതായി കണക്കാക്കുന്നു. വൈറ്റില, ഇടയാർ, ബ്രഹ്മപുരം, ഏലൂർ, കളമശ്ശേരി എന്നിവിടങ്ങളിലെ കിണർ വെള്ളത്തിൽ കോളിഫോം കൗണ്ട് വളരെയധികം ഉയർന്നതായി കണ്ടിരിക്കുന്നു. ജനങ്ങൾ കനാലിലേക്കും മറ്റു ഉൾനാടൻ ജലാശയങ്ങളിലേക്കും വലിച്ചെറിയുന്ന മാലിന്യങ്ങൾ വളരെ അപകടകരമായ രീതിയിൽ വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

ചിത്രം – 4.27



2017 പെരിയാർ നദിയുടെ നിറം 10 പ്രാവശ്യം കറുത്ത് വന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏലൂർ, പാതാളം, ആലുവ എന്നീ മേഖലയിലെ ഫാക്ടറികളിൽ നിന്ന് വരുന്ന മാലിന്യങ്ങൾ പെരിയാറിനെ മലിനമാക്കിമാറ്റിയിരിക്കുന്നു. ഓടയിലൂടെയുള്ള മലിനജലം, മുനിസിപ്പൽ ഖരമാലിന്യം, വ്യവസായം, കൃഷി, മത്സ്യകൃഷി, മുതലായ സ്രോതസ്സുകളിൽ നിന്ന് മാലിന്യം ഉൾനാടൻ ജലാശയങ്ങളിൽ പതിക്കുന്നു.

ചിത്രം – 4.28



കണ്ടൽക്കാടുകൾ

എറണാകുളം ജില്ലയിൽ 260 ഹെക്ടർ സ്ഥലത്താണ് കണ്ടൽക്കാടുകൾ സ്ഥിതി ചെയ്യുന്നത്.

പട്ടിക – 4.47
കണ്ടൽക്കാടുകളുടെ നിലവിലെ സ്ഥിതിവിവരക്കണക്കുകൾ

പ്രധാന സ്ഥലങ്ങൾ	(ഹെക്ടർ)
വൈപ്പിൻ, പനങ്ങാട്, കണ്ണമാലി, ചെല്ലാനം, കുമ്പളങ്ങി, വളന്തകാട്, നെട്ടൂർ, മംഗളവനം, പനമ്പുകാട്, പുതുവൈപ്പ്, പള്ളിപ്പുറം, മൂത്തകുന്നം, കരുമാല്ലൂർ	260

കടുത്ത ഉപ്പുരസം, ദിവസം 2 നേരമുള്ള വേലിയേറ്റം എന്നീ പ്രത്യേക സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിവുള്ളവയാണ് കണ്ടൽച്ചെടികൾ. കരിക്കാടിയൊഴികെയുള്ള ചെമ്മീൻ ഇനങ്ങൾ, വിവിധ കടൽ മത്സ്യങ്ങൾ, കായൽ മത്സ്യങ്ങൾ, ഞണ്ടുകൾ മറ്റു ജലജീവികൾ ഇവയെല്ലാം അതിന്റെ പ്രജനനത്തിനും വളർച്ചയ്ക്കും കണ്ടൽക്കാടുകളെ ആശ്രയിക്കുന്നു. ജില്ലയുടെ തീരപ്രദേശങ്ങളിൽ മുഴുവൻ നല്ലൊരു ജൈവവേലി ആയി നിലനിന്നിരുന്ന കണ്ടൽക്കാടുകൾ വെട്ടി നശിപ്പിക്കപ്പെടുന്ന പ്രവണത കൂടുന്നു. ചെറിയകടവിലെ കുതിരൂർക്കരി, ചെല്ലാനം, മുളവുകാട് (കണ്ടെയ്നർ ടെർമിനൽ റോഡിന്റെ വശത്ത്), ഞാറക്കൽ, പള്ളിപ്പുറം, വടക്കേക്കര പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ മാത്രം ഇന്ന് കണ്ടൽക്കാടുകൾ ചെറിയ തോതിൽ നിലനിൽക്കുന്നു.

ചിത്രം – 4.29



ഭ്രാന്തൻ കണ്ടൽ,പേനക്കണ്ടൽ, ഉപ്പട്ടി, കമ്മട്ടി, വള്ളിക്കണ്ടൽ, ചക്കരകണ്ടൽ, ചെറുകണ്ടൽ, ചെറു ഉപ്പട്ടി തുടങ്ങിയവയാണ് പ്രധാന ഇനങ്ങൾ. ചാകര – ചെല്ലാനം തീരക്കടൽ, വൈപ്പിൻ തീരക്കടൽ എന്നിവിടങ്ങളിൽ ചാകര ഉണ്ടാകുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. പാരിന്റെ സാമീപ്യം – ഞാറക്കൽ തീരത്ത് പല സ്ഥലങ്ങളിലായി 4 പാരുകളുടെ സാമിപ്യം ഉണ്ട് എന്ന് മത്സ്യത്തൊഴിലാളികൾ അറിയിച്ചിട്ടുണ്ട്.

തണ്ണീർത്തടങ്ങൾ,ചെമ്മീൻകെട്ടുകൾ, കണ്ടൽകാടുകൾ എന്നിവിടങ്ങളിൽ പ്രജനനത്തിനും കുഞ്ഞുങ്ങളുടെ ഫീഡിംഗ് & നെഴ്സറി ഗ്രൗണ്ടിംഗ് ആയി ഉപയോഗപ്പെടുന്നതിനാൽ ദേശാടനപക്ഷികൾ എത്താറുണ്ട്. ജില്ലയിലെ കണ്ടക്കടവിൽ ദേശാടന പക്ഷികൾ കൂട്ടമായി എത്താറുണ്ട്. രാജഹംസം, എരണ്ട, വിവിധയിനം കൊക്കുകൾ, നെല്ലിക്കോഴി തുടങ്ങിയവ തീറ്റ തേടിയും അനുകൂല കാലാവസ്ഥയ്ക്കുമായി എത്താറുണ്ട്.

2.7.കടൽ തീരത്തിന്റെ അവസ്ഥ

എറണാകുളം ജില്ലയുടെ 46 കി. മി. കടൽ തീരത്ത് കടൽ ഭിത്തിയുടെ ആകെ നീളം 43 കി.മീ. ഇതിൽ 13 കി.മി. കടൽ ഭിത്തിയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. സൗത്ത് ചെല്ലാനം , കമ്പനിപ്പടി, വേളാങ്കണ്ണി, മറുവക്കാട്, ചാളക്കടവ്, കണ്ടക്കടവ്, പുത്തൻതോട്, കണ്ണമാലി, മാനാശ്ശേരി, ഫോർട്ട്കൊച്ചി, ഞാറക്കൽ, നായരമ്പലം, അണിയിൽ, എടവനക്കാട്, എന്നീ സ്ഥലങ്ങളിലാണ് കേടുപാടുകൾ സംഭവിച്ചിരിക്കുന്നത്.

പുതുവൈപ്പ് മുതൽ മാലിപ്പുറം വരെ 2.6 കിലോമീറ്ററും കുഴിപ്പിള്ളി മുതൽ തെക്കെ ചെറായി വരെ 3.6 കിലോമീറ്റർ വരെ സുസ്ഥിര മണൽതീരമുണ്ട്.

ചിത്രം – 4.30



കുഴുപ്പിള്ളി മുതൽ ചെറായി വരെ 3.4 കിലോമീറ്റർ കാറ്റാടി മരങ്ങൾ നിലവിലുള്ളത് കടൽതീരത്ത് ബയോഷീൽഡായ് പ്രവർത്തിക്കുന്നു.

ജില്ലയിലെ ജലവിഭവ സ്ഥിതി

പട്ടിക 4.48: ജില്ലയിലെ ജലവിഭവ സ്ഥിതി വിവരം

ക്രമ നമ്പർ	ബ്ലോക്ക്	പഞ്ചായത്ത്കുളം (ഏക്കർ)	ജലസേചന ടാങ്ക് (ഏക്കർ)	അമ്പലകുളങ്ങൾ (ഏക്കർ)	സ്വകാര്യകുളങ്ങൾ (ഏക്കർ)	ഓരു ജലം (ഏക്കർ)
1.	ആലങ്ങാട്	53.04	7.4	3.5	4.95	259.6
2.	അങ്കമാലി	154.36	197.77	5.65	76.55	662 ഏക്കർ 86.2 സെന്റ്
3.	ഇടപ്പള്ളി	10	0	8.1	0.95	162.84
4.	കൂവപ്പടി	40.19	4.84	2.38	121.63	0
5.	കോതമംഗലം	15.77	5.25	1.8	112.93	0
6.	മൂവാറ്റുപുഴ	19.75	4.5	56	10	
7.	മുളംതുരുത്തി	13.20	0.30	1.97	7.15	51.75
8.	പാമ്പാക്കുട	13.53	10.5	3.70	4.10	0
9.	പാറക്കടവ്	62.55	0.10	2.10	0.60	0
10.	പറവൂർ	3.81		3.87	0.70	3390.30
11.	വടവുകോട്	14.24	7.39	0.64	38.55	0
12.	വാഴക്കുളം	68.31	6.4	4.8	16.25	0
13.	വൈപ്പിൻ	12.20	0	0..15	0.60	1328.84
14.	പള്ളുരുത്തി	0.30	0	0.12	0.95	287.85
	ആകെ	481.25	13.79	94.78	395.91	1616.69

അവലംബം: കേരള സർക്കാർ – പാൻ ഫിഷ് ബുക്ക്.

വെള്ളത്താൽ ചുറ്റപ്പെട്ട എറണാകുളം ജില്ലയിൽ മത്സ്യകൃഷിക്ക് ഏറ്റവും അനുയോജ്യമായ ഒന്നുകൂടിയാണ്, എന്നാൽ തീരമേഖലയിലുള്ള ശുദ്ധജല ദൗർലഭ്യം ഒരു പ്രധാന പ്രശ്നമാണ്. ജില്ലയിലെ കിഴക്കൻ മേഖലയിലൂടെ ഒഴുകുന്ന പെരിയാറിനെയും മൂവാറ്റുപുഴയാറിനെയും ആശ്രയിച്ചാണ് തീരമേഖലയുടെ നിലനിൽപ്, എന്നാൽ അതിൽ പരിമിതികൾ ഏറെയാണ്.

പട്ടിക 4.49

ഓഖി ചുഴലിക്കാറ്റ് വീശിയതുമൂലം എറണാകുളം ജിÃയിലെ മത്സ്യത്തൊഴിലാളികൾക്കുണ്ടായ നാശനഷ്ടക്കണക്ക്

ക്രമ. നം.	നാശനഷ്ടമുണ്ടായതിന്റെ വിവരം	ആകെ	ഒരെണ്ണത്തിന് കണക്കാക്കിയ നഷ്ടം	ആകെ
1	യന്ത്രവത്കൃത ബോട്ട്	18		5256000
2	വല നഷ്ടപ്പെട്ടത്	83	15000	12,45,000
3	ഗിൽനെറ്റ് വല	57	30000	17,10,000
4	വലയ്ക്ക് -നാശം സംഭവിച്ചത്	69	5000	3,45,000
5	വള്ളം-നാശം സംഭവിച്ചത്	27	25000	6,75,000
6	പൊങ്ങ് വള്ളം - നാശം സംഭവിച്ചത്	15	10000	1,50,000
7	വീട് പൂർണ്ണമായി തകർന്നത്	3	400000	12,00,000
8	വീട് ഭാഗീകമായി തകർന്ന കുടുംബങ്ങൾ	112	100000	1,12,00,000
9	വീടിന് ചെറിയ തോതിലുള്ള അറ്റകുറ്റപണി ആവശ്യമുള്ളത്	125	25000	31,25,000
10	വീടുകളിൽ മണ്ണ് കൽയറിയത് മൂലമുണ്ടായ നാശനഷ്ടങ്ങൾ	20	10000	2,00,000
11	മതിലിന് നാശനഷ്ടം സംഭവിച്ചത്	17	20000	3,40,000
12	വീട് നിർമ്മാണ സാമഗ്രികൾക്ക് നാശനഷ്ടം സംഭവിച്ചത്	21	10000	2,10,000
13	വീട്ടുപകരണങ്ങൾ/പാത്രങ്ങൾ/മറ്റു വസ്തുക്കൾ നഷ്ടപ്പെട്ട വീടുകളുടെ എണ്ണം	120	5000	6,00,000
14	സെപ്റ്റിക് ടാങ്ക് /റിംഗ് തകർന്നത്	145	5000	7,25,000
15	സാഫ് ഗ്രൂപ്പ്- ഒരുമ-യുടെ പലചരക്ക് നഷ്ടപ്പെട്ടത്	1	50000	50,000
16	സാഫ് ഗ്രൂപ്പ്- ലക്ഷ്മിയുടെ വിറക് നഷ്ടപ്പെട്ടത്	2	8000	16,000
17	ആട് ചത്തത്	1	4000	4,000
18	ആട്ടിൻ കൂട് തകർന്നത്	1	2000	2,000
19	ചെമ്മീൻക്കെട്ട് തകർന്നത്	1	100000	1,00,000
	ആകെ			**2,71,53,000**

2.9. ഉൾനാടൻ മത്സ്യസമ്പത്തിന്റെ അവസ്ഥ

കരിമീൻ, തിലാപ്പിയ, കൂരി, വരാൻ, കട്ല, റോഹു, മൃഗാൽ, പുമീൻ, പാലാങ്കണ്ണി, നന്ദൻ, കണമ്പ്, തിരുത, പള്ളത്തി, കാളാഞ്ചി, ചെമ്മീൻ, കക്ക, ആറ്റുവാള, , ഞണ്ട്, പൂളാൻ തുടങ്ങിയവയാണ് പ്രധാനപ്പെട്ട നാടൻ മത്സ്യ ഇനങ്ങൾ. ഉൾനാടൻ മത്സ്യയിനങ്ങൾ വിവിധ തരത്തിലുള്ള ആവാസവ്യവസ്ഥയിൽ ഉൾപ്പെട്ടവയാണ്. അവയുടെ ആവാസ വ്യവസ്ഥയുടെ നശീകരണമാണ് മത്സ്യയിനങ്ങൾ കുറയുന്നതിന് കാരണം. ഇത് കൂടുതലായി മനുഷ്യന്റെ കൈകടത്തലാണ്. ജനത്തിന്റെ നിലനില്പിനും ഉന്നമനത്തിനു വേണ്ടി മത്സ്യങ്ങളുടെ ആവാസ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന തണ്ണീർത്തടങ്ങളും ഉൾനാടൻ ജലാശയങ്ങളും പ്രകൃതിദത്തമായ കുളങ്ങളും തോടുകളും മറ്റും നികത്തി അവിടെ പാർപ്പിടങ്ങളും, ഫാക്ടറികളും, കൃഷിയിടങ്ങളും,

മത്സ്യകൃഷിയിടങ്ങളും മറ്റുമായി മാറ്റികൊണ്ടിരിക്കുകയാണ്. കൂടാതെ അനധികൃതമായ മത്സ്യബന്ധനരീതികൾ, ഡൈനാമിറ്റിംഗ്, ഇലക്ട്രിക് ഫിഷിംഗ്, നിരോധിത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം മുതലായവ മത്സ്യസമ്പത്ത് കുത്തനെ കുറയാൻ കാരണമായി. മത്സ്യത്തിന്റെ പ്രത്യുത്പാദന ആവാസ വ്യവസ്ഥയെ ഈ കാരണങ്ങൾ താറുമാറാക്കി കൊണ്ടിരിക്കുകയാണ്. മണൽ വാരൽ, കെട്ടിട നിർമ്മാണം, നദിക്കും കായലിനും കുറുയുള്ള പല നിർമ്മാണ പ്രവർത്തനങ്ങളും മത്സ്യങ്ങളുടെ ജീവിതചക്രത്തെ ബാധിക്കുന്നു. കൂടാതെ നാടൻ മത്സ്യസമ്പത്തിനു പുറമേ പുറത്തു നിന്ന് ഇറക്കുമതി ചെയ്യുന്ന അപകടകാരികളായ മത്സ്യങ്ങളും നമ്മുടെ മത്സ്യങ്ങൾക്ക് ഭീഷണിയാകുന്നുണ്ട്. ഇതിനേക്കാളേറെ പ്രധാനമായ മറ്റൊരു പ്രശ്നം ജലമലിനീകരണമാണ്. ഫാക്ടറികളിൽ നിന്നും, മനുഷ്യന്റെ മാലിന്യങ്ങളും, കൃഷി, മത്സ്യ കൃഷിയിടങ്ങളിൽ നിന്നുള്ള കീടനാശിനികളും രാസവളങ്ങളും മറ്റും ജലമാലിന്യം വളരെ രൂക്ഷമാക്കുകയും ജലത്തിലെ ഓക്സിജന്റെ അളവ് തീരെ കുറയ്ക്കുകയും ചെയ്യുന്നത് മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നു.

വികസന കാഴ്ചപ്പാട്

കടലുമായി ബന്ധപ്പെട്ട് ഉപജീവന മാർഗം കഴിക്കുന്ന 22579 മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് എറണാകുളം ജില്ലയിലുള്ളത്. ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ എണ്ണം നാമമാത്രമാണ് എന്നാൽ മത്സ്യകൃഷി എന്ന മേഖലയിൽ വളർച്ച് പ്രാപിച്ചു വരുന്ന ഒരു ജില്ല കൂടിയാണ് എറണാകുളം ജില്ല. വികസന കാഴ്ചപ്പാടുകളും വികസന പ്രവർത്തനങ്ങളും തീരമേഖലയ്ക്ക് കനത്ത വെല്ലുവിളി ഉയർത്തുന്ന ഈ സാഹചര്യത്തിൽ അവയുടെ സംരക്ഷണത്തിനായിരിക്കണം മുൻഗണന, അത് പോലെ തന്നെ ഉൾനാടൻ മത്സ്യ ഉത്പാദനത്തിന് ലഭ്യമായ ജലാശയങ്ങൾ കണക്കിലെടുക്കുമ്പോൾ വളരെ വലിയ സാധ്യതയാണ്.

പട്ടിക – 4.50

ക്രമ നമ്പർ	കാഴ്ചപ്പാട്	ലക്ഷ്യങ്ങൾ
1.	കണ്ടൽക്കാട് സംരക്ഷണം	നിലവിൽ 260 ഹെക്ടർ കണ്ടൽക്കാടുകളാണുള്ളത് അവയെല്ലാം തന്നെ സംരക്ഷിക്കേണ്ടതാണ്.(വൈപ്പിൻ, പനങ്ങാട്, കണ്ണമാലി, ചെല്ലാനം, കുമ്പളങ്ങി, വളന്തകാട്, നെട്ടൂർ, മംഗളവനം, പനമ്പുകാട്, പുതുവൈപ്പ്, പള്ളിപ്പുറം, മൂത്തകുന്നം, കരുമാല്ലൂർ)
2.	അഴിമുഖങ്ങൾ	2 അഴിമുഖങ്ങൾ, (കൊച്ചി, മുനമ്പം) സംരക്ഷിക്കേണ്ടതാണ്
3.	കടൽ അപകടം കുറയ്ക്കുക	കടൽ അപകടങ്ങൾ പൂർണ്ണമായും കുറയ്ക്കുക
4.	സുരക്ഷ സംവിധാനങ്ങൾ	മത്സ്യബന്ധന യാനങ്ങളിൽ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പ് വരുത്തൽ.(ലൈഫ് ജാക്കറ്റ് , ലൈഫ് ബോയ് മുതലായവ)
5.	ജൈവ കടൽ ഭിത്തി	46 കി.മി. ജൈവ കടൽ ഭിത്തി നിർമ്മാണം
6.	പുലി മുട്ട്	7 പഞ്ചായത്തുകളുടെ പുലിമുട്ട് നിർമ്മാണം.
7.	മുൻ കരുതൽ സംവിധാനം	മത്സ്യഭവനുകൾ മുഖേനയുള്ള മുൻകരുതൽ സംവിധാനം ശക്തമാക്കൽ
8.	തോടുകളുടെ പുനരുദ്ധാരണം	പുത്തൻതോട്, ആർ.എം.പി, വേലൻതോട്, കമ്പനിതോട്, പുളിക്കപ്പിള്ളിതോട്, വസ്തേരി തോട് എന്നിവയുടെ പുനരുദ്ധാരണം
9.	ഖരമാലിന്യ സംസ്കരണം	തീരദേശത്തെ മത്സ്യമാർക്കറ്റുകളിലും , കരക്കടിപ്പിക്കൽ കേന്ദ്രങ്ങളിലും സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
10.	ദ്രവ്യ മാലിന്യ ജലാശയ	പുത്തൻതോട്, ആർ.എം.പി, വേലൻതോട്, കമ്പനിതോട്,

	ശുദ്ധീകരണം	പുളിക്കപ്പിള്ളിതോട്, വസ്തേരി തോട് , നഗരത്തിൽ നിന്നും എത്തുന്ന കൈത്തോടുകൾ എന്നിവയുടെ ശുചീകരണം
11.	മംഗളവനം സംരക്ഷണം	പക്ഷി സങ്കേതത്തെയും, കണ്ടൽക്കാടുകളുടെയും സംരക്ഷണം
12.	ശുദ്ധജല സംവിധാനം	പൊതു ടാപ്പ് സംരക്ഷണവും, ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കൽ.
13.	ഉൾനാടൻ മത്സ്യോത്പാദനം	ഉൾനാടൻ മേഖലയിലെ മത്സ്യകൃഷി വ്യാപിപ്പിക്കൽ.
14.	സമ്പൂർണ്ണ തീരദേശ വിദ്യാഭ്യാസം	സ്കൂളുകളിലെ കൊഴിഞ്ഞുപോക്കൽ പൂർണ്ണമായും അവസാനിപ്പിക്കുക, പഠന നിലവാരം മെച്ചപ്പെടുത്തൽ.
15.	ആരോഗ്യ കേന്ദ്രങ്ങളുടെ പുനരുദ്ധാരണം	പ്രാഥമീക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തൽ
16.	വീട്- നാശനഷ്ടം	കടൽക്ഷോഭവും, ഓഖിയിലും ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുക
17.	പുനരധിവാസം	ഭൂരഹിത-ഭവനരഹിത മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

4.7 വനം വകുപ്പ്



എറണാകുളം ജില്ലയുടെ റിസർവ് വനപ്രദേശത്തെ മലയാറ്റൂർ, വാഴച്ചാൽ, കോതമംഗലം എന്നീ ഡിവിഷനുകളിലായി തിരിച്ചിരിക്കുന്നു. ഓരോ ഡിവിഷനുകളിലും ഉൾപ്പെട്ട പഞ്ചായത്തുകൾ താഴെ പറയുന്നവയാണ്.

പട്ടിക-4.51

ഡിവിഷൻ	പഞ്ചായത്ത്
മലയാറ്റൂർ	വേങ്ങൂർ, കൂവപ്പടി, മലയാറ്റൂർ - നീലിശ്വരം കുട്ടമ്പുഴ
വാഴച്ചാൽ	അയ്യമ്പുഴ, മുക്കന്നൂർ
കോതമംഗലം	കവളങ്ങാട്, കീരമ്പാറ, പോത്താനിക്കാട്, പൈങ്ങോട്ടൂർ, പല്ലാരിമംഗലം

അവലംബം: വനം വകുപ്പ്

മലയാറ്റൂർ ഡിവിഷനിൽ കാലടി, കോടനാട്, തുണ്ടത്തിൽ, കുട്ടമ്പുഴ എന്നീ റേഞ്ചുകൾ ഉൾപ്പെടുന്നു. ഇതിൽ കുട്ടമ്പുഴ അടുത്തയിടെ ചേർക്കപ്പെട്ടതാണ്. വാഴച്ചാൽ ഡിവിഷനിൽ ആതിരപ്പിള്ളി റേഞ്ച് മാത്രമേയുള്ളു. കോതമംഗലം ഡിവിഷനിൽ കോതമംഗലം, മുളളരിങ്ങാട്, കാളിയാർ റേഞ്ചുകളാണുള്ളത്. മുന്നു ഡിവിഷനുകളിലും സ്വാഭാവിക വനപ്രദേശവും വനം വകുപ്പിന്റെ വിവിധ തോട്ടങ്ങളും സ്ഥിതിചെയ്യുന്നു.

എറണാകുളം ജില്ലയിലെ വനങ്ങളെ മൂന്ന് അഗ്രോ-എക്കോളജിക്കൽ ഏരിയാസ് ആയി കണക്കാക്കാം.

പട്ടിക-4.52

അഗ്രോ-എക്കോളജിക്കൽ പ്രദേശങ്ങൾ

അഗ്രോ-എക്കോളജിക്കൽ ഏരിയാസ്	ഹൈറ്റ്സ്	ഭൂമിശാസ്ത്രപരമായ വിസ്തീർണ്ണത്തിന്റെ ശതമാനം
ലോ ലാൻഡ്	അപ് റ്റു 7.5 എംഎസ്എൽ	0.6
മിഡ് ലാൻഡ്	7.5 എം -75 എം എംഎസ്എൽ	74.8
ഹൈ ലാൻഡ്	75എം750 എം എംഎസ്എൽ	24.6

അവലംബം: വനം വകുപ്പ്

ഈ വനപ്രദേശങ്ങളിൽ രണ്ടു തരത്തിലുള്ള വനവിഭാഗങ്ങളാണ് ഉള്ളത് - വെസ്റ്റ് കോസ്റ്റ് ട്രോപ്പിക്കൽ എവർഗ്രീൻ ഫോറസ്റ്റ് ഉം വെസ്റ്റ് കോസ്റ്റ് സെമി എവർഗ്രീൻ ഫോറസ്റ്റ് ഉം നമ്മുടെ ജില്ലയുടെ വിവിധ വന വിഭാഗങ്ങളുടെ വിതരണം ഭൂപടത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നു.

പട്ടിക-4.53

വന വിഭാഗങ്ങളുടെ വിതരണം

		എറണാകുളം	കേരളം
വനവിസ്തൃതി (സ്കയർ കിലോ മീറ്ററിൽ)		823.8302	11309.4172
പരിസ്ഥിതി ദുർബലമായ ഭൂമി (വിസ്തൃതി ഹെക്ടറിൽ)		ഇല്ല	14001.4676
വനംമേഖല (വിസ്തൃതി സ്കയർ കിലോ മീറ്ററിൽ)	വളരെ സാന്ദ്രമായ	12	1442
	മിത സാന്ദ്രമായ	298	9394
	തുറന്ന വനം	385	6464

അവലംബം: വനം വകുപ്പ്

മദ്ധ്യമേഖലയുടെയും വ്യാവസായിക തോട്ടം മേഖലയുടെയും പുന:സംഘടനയോട നുബന്ധിച്ച് 31.08.1981 ലെ GO(MS) 197/81/വനം ഉത്തരവ് പ്രകാരമാണ് കോതമംഗലം ഡിവിഷൻ രൂപീകരിച്ചിട്ടുള്ളത്. ഈ ഡിവിഷനിലെ ആകെ റിസർവ്വ് വനപ്രദേശം 316.99742 ചതുരശ്ര കിലോമീറ്റർ ആണ്. ഇതിൽ 36.4011 ചതുരശ്ര.കി.മീ. ഏക്കർ വനം എറണാകുളം ജില്ലയിൽ ഉൾപ്പെടുന്നു. ഈ ഡിവിഷനിൽ തൊടുപുഴ, കാളിയാർ, മുള്ളരിങ്ങാട്, കോതമംഗലം എന്നീ 4 റെയിഞ്ചുകളാണുള്ളത്. ഈ ഡിവിഷനിൽ എറണാകുളം ജില്ലാ പരിധിയിലുള്ള നദികളായ പെരിയാർ ഇടതുകര, കാളിയാർ മുവാറ്റുപുഴയാറിൽ ചേരുന്നു. ഈ രണ്ടു നദികളും പ്രദേശത്തെ ഹരിതാഭമാക്കാനും കുടിക്കാനും മറ്റാവശ്യങ്ങൾ സാധിക്കാനുമുള്ള ജലത്തിന്റെ ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നു പെരുമ്പാവൂർ മുനിസിപ്പൽ പ്രദേശത്തു സ്ഥിതി ചെയ്യുന്ന ഇരിങ്ങോൾക്കാവ് ഈ ഡിവിഷന്റെ പരിധിയിലുള്ളതാണ്.ഈ ഡിവിഷനിൽ കോതമംഗലം റെയിഞ്ച് പരിധിയിൽ GO(RT) 83/99/F&WLD dated 27.02.1999 പ്രകാരം CIAL ന് 1.9667 ഹെക്ടർ വനഭൂമി DVCR നിർമ്മാണത്തിന് വിട്ടുകൊടുക്കാൻ കേന്ദ്രഗവൺമെന്റ് അനുമതി ലഭിച്ചിട്ടുള്ളതാണ്. 01.01.1977 ന് മുൻപ് ഈ ഡിവിഷനിലെ എറണാകുളം ജില്ലയിൽ 168.274 ഹെക്ടർ വനം കൈയ്യേറ്റം ഉണ്ടായതിൽ 160 ഹെക്ടർ കേന്ദ്ര ഗവൺമെന്റ് അനുമതി ലഭ്യമാകുകയും ശേഷിക്കുന്ന 8.274 ഹെക്ടർ ഭൂമിയ്ക്ക് ഇനിയും അനുമതി ലഭ്യമാകേണ്ടതുണ്ട്. 01.01.1977 ന് ശേഷം എറണാകുളം ജില്ലയുടെ ഭാഗമായി വരുന്ന കോതമംഗലം വനം ഡിവിഷന്റെ പരിധിയിൽ വനം കൈയ്യേറ്റം ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

മലയാറ്റൂർ ഡിവിഷനിൽ കാലടി, കോടനാട്, തുണ്ടത്തിൽ, കുട്ടമ്പുഴ, ഇടമലയാർ എന്നീ റേഞ്ചുകൾ ഉൾപ്പെടുന്നു. അഞ്ച് റെയിഞ്ചുകളിലും സ്വാഭാവിക വനപ്രദേശവും വനം വകുപ്പിന്റെ വിവിധ തോട്ടങ്ങളും

സ്ഥിതിചെയ്യുന്നു. മലയാറ്റൂർ ഡിവിഷന്റെ പരിധിയിൽ എറണാകുളം ജില്ലയിൽ ഉൾപ്പെടുന്ന റിസർവ് വനപ്രദേശം 613.753 ചതുരശ്ര കിലോ മീറ്ററാണ്. ഇത് കൂടാതെ 2.150 ചതുരശ്ര കിലോ മീറ്റർ പ്രദേശം തൃശ്ശൂർ ജില്ലയിലും ഉൾപ്പെടുന്നു. മലയാറ്റൂർ ഡിവിഷനിലെ റിസർവ്വ് വനമേഖലയിൽ ആകെ 4225.6643 ഹെക്ടർ പ്രദേശം വിവിധ സർക്കാർ / പൊതു മേഖല സ്ഥാപനങ്ങൾക്കും മറ്റുമായി പാട്ടത്തിന് നൽകിയിട്ടുണ്ട്. ടി വിവരങ്ങൾ താഴെ നൽകിയിരിക്കുന്നു.

- കെ.എസ്.ഇ.ബി ലിമിറ്റഡ് - 3129.06 ഹെക്ടർ
- ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് - 1082.35 ഹെക്ടർ
- ബി.എസ്.എൻ.എൽ ലിമിറ്റഡ് - 0.35 ഹെക്ടർ
- കേരള വാട്ടർ അതോറിറ്റി - 3.357 ഹെക്ടർ
- മറ്റു സ്വകാര്യ വ്യക്തികൾ / സ്ഥാപനങ്ങൾ - 10.5473 ഹെക്ടർ

വനസംരക്ഷണം എന്നതുകൊണ്ട് പ്രധാനമായി ഉദ്ദേശിക്കുന്നത് അനധികൃതമായി വനത്തിൽ പ്രവേശിച്ച് തടിയും മറ്റു വിഭവങ്ങളും ശേഖരിക്കുന്നതു തടയുകയും വനത്തിന് നാശനഷ്ടങ്ങൾ ഉണ്ടാകാതെ നോക്കുകയും ആണ്. അനധികൃതമായി വനത്തിൽ പ്രവേശിച്ച് കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ വനനിയമം അനുസരിച്ച് നിയമനടപടികൾ സ്വീകരിച്ചു വരുന്നു. വനം കൈയ്യേറ്റം തടയാൻ വനാതിർത്തികളിൽ കയ്യാല തീർക്കുകയും ജണ്ടയിട്ട് സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്.

കാട്ടുതീയിൽനിന്നുള്ള വനസംരക്ഷണവും വളരെ പ്രധാനപ്പെട്ടതാണ്. കാട്ടുതീ സംരക്ഷണപ്രവർത്തനങ്ങളിൽ പ്രധാനമായത് ഫയർലൈൻ എടുക്കുകയും ഫയർ വാച്ചർമാരെ നിയോഗിക്കുകയും ആണ്. കാട്ടിൽ 5.2 മീറ്റർ വീതിയിൽ അടിക്കാടും കരിയിലയും ചെത്തിമാറ്റി തെളിച്ചാണ് ഫയർലൈൻ എടുക്കുന്നത്. ഇത് വശവും തോട്ടങ്ങൾക്കു ചുറ്റുമാണ് ചെയ്യുന്നത്. കാട്ടിൽ തീയിടാതിരിക്കാൻ തദ്ദേശവാസികളെ ബോധവത്ക്കരിക്കുന്നതിന് സമീപത്തുള്ള ക്ലബുകൾ, സാംസ്കാരിക സംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ സെമിനാറുകൾ വനം വകുപ്പിന്റെ മേൽനോട്ടത്തിൽ സംഘടിപ്പിച്ചു വരുന്നുണ്ട്.

വനസംരക്ഷണത്തോടൊപ്പം തന്നെ വന്യജീവി സംരക്ഷണവും വനം വകുപ്പിന്റെ പ്രധാന പ്രവർത്തനം ആണ്. വനംവകുപ്പിൽ ഒരു പ്രത്യേക വിഭാഗമായി ഒരു ചീഫ് കൺസർവേറ്ററുടെ കീഴിൽ വന്യജീവി വിഭാഗം പ്രവർത്തിച്ചു വരുന്നു. വന്യജീവി സംരക്ഷണത്തിനും പരിപാലനത്തിനും ആയി കേരളത്തിലെ വന്യജീവി മേഖലകളെ സാങ്ചറികൾ, നാഷണൽ പാർക്കുകൾ എന്നിവയായി പ്രഖ്യാപിച്ച് പ്രത്യേക പരിപാലന പ്രവർത്തനങ്ങൾ നടത്തുന്നു. എറണാകുളം ജില്ലയിലെ തട്ടേക്കാട് പക്ഷിസങ്കേതം ഇപ്രകാരം സംരക്ഷിച്ചുപോരുന്ന മേഖലയാണ്. വന്യജിവി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകികൊണ്ടുള്ള വനപരിപാലനം മാത്രമേ സാങ്ചറിയിലും നാഷണൽ പാർക്കിലും ഉള്ളു. ഇത്തരം സംരക്ഷിത മേഖലക്കളെക്കൂടാതെ എല്ലാ വനമേഖലകളിലുള്ള വന്യജീവികളെയും വനസംരക്ഷണത്തിന്റെ ഭാഗമായിത്തന്നെ വനം വകുപ്പ് സംരക്ഷിച്ചു പോരുന്നുണ്ട്. സസ്യഭോജികളും മാംസഭോജികളുമായ അനേകം വന്യജീവികൾ നമ്മുടെ വനങ്ങളിൽ കാണുന്നു. അവയിൽ പ്രധാനപ്പെട്ടവ ആന, പുലി, കടുവ, കരടി, കാട്ടുപോത്ത്, മുള്ളൻപന്നി, കാട്ടുപന്നി, കുരങ്ങ്, കരിംകുരങ്ങ്, മാൻ, മലയണ്ണാൻ, വെരുക്, കൂരൻ, കുട്ടിത്തേവാങ്ക്, കാട്ടുനായ്, നീർനായ് തുടങ്ങിയവയാണ്. ഇവയുടെ എണ്ണം ലഭ്യമല്ല. വേട്ടക്കാർ വന്യജീവികളെ വേട്ടയാടാൻ ശ്രമം നടത്താറുണ്ട്. എന്നാൽ വനം വകുപ്പ് ജീവനക്കാരുടെ സമയോചിതമായ ഇടപെടൽ മൂലം ഈ ശ്രമങ്ങളെ പരാജയപ്പെടുത്തുവാൻ കഴിയുന്നുണ്ട്. വിഷമുള്ളവയും ഇല്ലാത്തവയും ആയ വിവിധയിനം പാമ്പുകൾ വനാന്തരങ്ങളിലുണ്ട്. ഇവയിൽ രാജവെമ്പാല, മൂർഖൻ, അണലി, ശംഖുവരയൻ തുടങ്ങിയവ

ഉഗ്രവിഷമുള്ളവയും മലമ്പാമ്പ്, ചേര, നീർക്കോലി, പച്ചിലപാമ്പ് തുടങ്ങിയവ വിഷമില്ലാത്തവയുമാണ്. പാമ്പുകളെ കൂടാതെ ഉടുമ്പ്, ഓന്ത്, അരണ, ഈനാംപേച്ചി തുടങ്ങിയ ഇഴജന്തുക്കളെയും വനത്തിൽ കാണാം.

ആകർഷകമായ വിവിധയിനം പക്ഷികൾ വനപ്രദേശങ്ങളിൽ കാണാം. മയിൽ, തത്ത, മൈന, കൊക്ക്, വെള്ളകൊക്ക്, പൊൻമാൻ, കഴുകൻ, പരുന്ത്, ചങ്ങാലി എറിയൻ, കാക്ക തുടങ്ങിയവ ഇവയിൽ ചിലതു മാത്രമാണ്. വനം വകുപ്പിന്റെ കീഴിൽ തട്ടേക്കാടുള്ള ഡോ: സലീം അലി പക്ഷി സങ്കേതം എറണാകുളം ജില്ലയിലെ ഏക പക്ഷി സങ്കേതമാണ്. ഇതിന് 25.16 ചതുരശ്ര കിലോ മീറ്റർ വിസ്തീർണ്ണമുണ്ട്. കേരളത്തിലെ ഏറ്റവും ചെറിയ വന്യജീവി സംരക്ഷണ കേന്ദ്രവും ഇതു തന്നെ. വിവിധങ്ങളായ ദേശാടനപക്ഷികളും ഈ സങ്കേതത്തിൽ വന്നു പോകുന്നു. ധാരളം ടൂറിസ്റ്റുകളെയും പക്ഷി നിരീക്ഷകരെയും ആകർഷിക്കാൻ ഉതകുന്നതാണ് ഈ പക്ഷി സങ്കേതം.

വന്യജീവികൾ വനത്തിന് സമീപമുള്ള ജനവാസകേന്ദ്രങ്ങളിൽ ഇറങ്ങി പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന സംഭവ വികാസങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സൗരോർജ്ജവേലികൾ, ട്രഞ്ചുകൾ മുതലായ പ്രതിരോധ സംവിധാനങ്ങൾ നിർമ്മിച്ചും മുന്നറിയിപ്പു സംവിധാനങ്ങൾ ഒരുക്കിയും മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം പ്രതിരോധ സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിനും, അറ്റകുറ്റ പണികൾ യഥാസമയം നടത്തുന്നതിനും പൊതുജനങ്ങളുടേയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും സഹായസഹകരണങ്ങൾ അത്യന്താപേക്ഷിതമാണ്. ഇപ്രകാരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വനാതിർത്തി പങ്കിടുന്ന ഗ്രാമപഞ്ചായത്ത് മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് ജനജാഗ്രത സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വന്യജീവികൾ മൂലമുണ്ടാകുന്ന കൃഷിനാശം, ജീവഹാനി, പരിക്ക് പറ്റൽ, കന്നുകാലി നാശം, വസ്തുവഹകളുടെ നാശം എന്നിവയ്ക്ക് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിരക്ക് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ഇപ്രകാരം വിനിയോഗിച്ച തുകയുടെ വിവരങ്ങൾ ഇതോടൊപ്പം നൽകുന്നു.

പട്ടിക-4.54

വർഷം	അപേക്ഷകളുടെ എണ്ണം	തുക (ലക്ഷത്തിൽ)
2013-14	43	11.67
2014-15	85	17.40
2015-16	36	17.52
2016-17	84	27.75

അവലംബം: വനം വകുപ്പ്

പട്ടിക-4.55

വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി കൈമാറ്റം ചെയ്ത വനഭൂമിയുടെ വിവരങ്ങൾ

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	സ്ഥലം
1.	CIAL	തട്ടേക്കാട്

അവലംബം: വനം വകുപ്പ്

തോട്ടങ്ങൾ വച്ചുപിടിപ്പിക്കൽ

വ്യവസായിക ആവശ്യങ്ങൾക്കുവേണ്ടി പലതരം മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുള്ള തോട്ടങ്ങൾ വനം വകുപ്പിന്റെ കീഴിലുണ്ട്. എച്ച്. എൻ.എൽ. വെള്ളൂർ, കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ അങ്കമാലി തുടങ്ങിയ സ്ഥാപനങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളിൽ 3/4 ഭാഗവും ഈ തോട്ടങ്ങളിൽ നിന്നാണ് നൽകുന്നത്. സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ, പൊതു മേഖലാ സംരഭങ്ങൾ എന്നിവയ്ക്കും അസംസ്കൃത വസ്തുക്കൾ നൽകുന്നത് ഈ തോട്ടങ്ങളിൽ നിന്നു തന്നെയാണ്.

ഓരോ ഇനത്തിൽപ്പെട്ട മരങ്ങളും റൊട്ടേഷൻ അടിസ്ഥാനത്തിൽ ആണ് മുറിച്ചു നൽകുന്നത്. തേക്ക് തോട്ടങ്ങളിൽ നിന്നും അടച്ചുമുറി നടത്തിയും ഇടവെട്ടു നടത്തി-á¢ തടി ശേഖരിക്കുന്നുണ്ട്. നിശ്ചിത ഇടവേളകളിൽ - 5,10,15,20,30,40 എന്നീ വർഷങ്ങളിൽ - ഇടവെട്ടു നടത്തി മറ്റു മരങ്ങൾ വളരുന്നതിനുവേണ്ട സൗകര്യം ചെയ്തു കൊടുക്കുന്നു. ഇപ്രകാരം ഇടവെട്ടു നടത്തി ശേഖരിക്കുന്ന തടികൾ വനം വകുപ്പ് വിൽപന നടത്തുന്നു. 60വർഷം പൂർത്തിയാകു ന്നതോടെ തേക്ക് വളർച്ചയെത്തി വെട്ടാൻ പ്രായമാകുന്നു. ഈ ഘട്ടത്തിൽ മരങ്ങൾ മുഴുവൻ വെട്ടി ഡിപ്പോകളിൽ എത്തിച്ച് ലേലം ചെയ്തു വിറ്റ് സർക്കാരിലേക്ക് മുതൽക്കൂട്ടുന്നു. ശരാശരി 20 കോടി രൂപ ഒരു വർഷം ഇപ്രകാരം വിഭവസമാഹരണം നടത്താൻ വനംവകുപ്പിന് ജില്ലയിൽ കഴിയുന്നുണ്ട്. തോട്ടങ്ങളിൽ നിന്നും മുറിക്കുന്ന മരങ്ങൾ, വനം വകുപ്പിനു കീഴിൽ മുടിക്കൽ, വീട്ടൂർ എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന തടി ഡിപ്പോകൾ വഴിയാണ് പ്രധാനമായും വിറ്റഴിക്കുന്നത്. ന്യൂസ് പ്രിന്റ് നിർമ്മാണ ത്തിനുപയോഗിക്കുന്ന യൂകാലിപിറ്റ്സ്, ഈറ്റ, മുള തുടങ്ങിയ ഇനങ്ങൾ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, ബാംബു കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്കാണ് പ്രധാനമായും അനുവദിക്കുന്നത്. മലയാറ്റൂർ ഡിവിഷനിൽ വിവിധ തോട്ടങ്ങളിൽ നട്ടുവളർത്തുന്ന സ്പീഷീസുകളും അവയുടെ വിസ്തീർണ്ണവും താഴെ കൊടുക്കുന്നു.

പട്ടിക-4.56

ക്രമ നം.	സ്പീഷീസ്	വിസ്തീർണ്ണം (ഹെക്ടർ)
1	തേക്ക്	4903.26
2	അക്കേഷ്യ	142.834
3	തേക്ക് & ഇലവ്	2656.31
4	ഈറ്റ	74.70
5	മാഞ്ചിയം	65.90
6	കുമ്പിൽ	76.12
7	യൂക്കാലിപ്റ്റസ്	28.25
8	മുട്ടി	10.30
9	മറ്റുള്ളവ	3.00
	ആകെ	**7960.674**

അവലംബം: വനം വകുപ്പ്

കോതമംഗലം വനംഡിവിഷന്റെ എറണാകുളം ജില്ലാപരിധിയിൽ തേക്ക്, ഈട്ടി, അക്കേഷ്യ, മാഞ്ചിയം, തുടങ്ങിയ തോട്ടങ്ങൾ നിലവിലുണ്ട്.

കാട്ടുതീ

കോതമംഗലം വനം ഡിവിഷനിലെ എറണാകുളം ജില്ലാപരിധിയിലുള്ള റെയിഞ്ചുകളിൽ വിവിധ ഭാഗങ്ങളിൽ വിവിധ സംഭവങ്ങളിലായി 47.25 ഹെക്ടർ വനമേഖല അടിക്കാടുകൾ 2016-17 ൽ കാട്ടുതീ മൂലം കത്തിയിട്ടുണ്ട്. ടി അടിക്കാടുകൾ മഴയ്ക്ക്

ശേഷം തളിർത്തതിനാൽ വനം നശിച്ചിട്ടില്ലാത്തതും നഷ്ടമുണ്ടായിട്ടില്ലാത്തതുമാകുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കാട്ടുതീ തടയുന്നതിനായി തീയുണ്ടാകാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ 71.7 കിലോമീറ്റർ ഫയർലൈൻ തെളിക്കുകയും ചെയ്തിരുന്നു. ഈ സാമ്പത്തികവർഷം ഈ ഡിവിഷന് കീഴിൽ കാട്ടുതീ മൂലമുള്ള വനനശീകരണം തടയുന്നതിനായി ഫയർ സീസണിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി പരിസ്ഥിതി സംഘടനകൾ ഉൾപ്പെടെയുള്ള ഗവൺമെന്റ് ഇതര ഏജൻസികളുടെ സഹകരണത്തോടുകൂടി പൊതുജനാവബോധ പരിപാടികളും യോഗങ്ങളും പ്രചരണ റാലികളും സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഫയർ വാച്ചർമാരെ നിയോഗിക്കുവാനും ഫയർ ലൈൻ തെളിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

കാർഷിക ആവശ്യങ്ങൾക്കു വേണ്ടിയുള്ള ഭൂമി രൂപാന്തരണം

കാർഷികാവശ്യങ്ങൾക്ക് വേണ്ടിയുള്ള വനഭൂമി രൂപാന്തരണവുമായി ബന്ധപ്പെട്ട് ടി ജില്ലയിൽ പാർപ്പിടം നിർമ്മിക്കുന്നതിനോ കാർഷികാവശ്യങ്ങൾക്കായോ വനഭൂമി നശിപ്പിക്കപ്പെട്ടിട്ടില്ല. മലയാറ്റൂർ വനം ഡിവിഷനിലെ വനസംരക്ഷണ സമിതികളെ ഉൾപ്പെടുത്തിക്കൊണ്ട് രൂപീകരിച്ച മലയാറ്റൂർ വനവികസന ഏജൻസി 2002-ൽ ഇആർ-725/2002 നമ്പറായി രജിസ്റ്റർ ചെയ്തു പ്രവർത്തനം തുടങ്ങി. 6 ഫ്രിഞ്ച് ഏരിയ വനസംരക്ഷണ സമിതികളും 11 ആദിവാസി വനസംരക്ഷണ സമിതികളും ഉൾപ്പെടെ ആകെ 17 വനസംരക്ഷണ സമിതികൾ നിലവിൽ അംഗങ്ങളാണ്. കൂടാതെ കുട്ടമ്പുഴ റെയിഞ്ചിൽ പുതുതായി പന്തപ്ര വി.എസ്.എസ് രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിരവധി വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക വഴി മറ്റു പോംവഴികളില്ലാത്ത വനാശ്രിത സമൂഹത്തിന് സാമൂഹിക നീതി ലഭ്യമാക്കുന്നതിന് നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വഴി മലയാറ്റൂർ എഫ്.ഡി.എ - യ്ക്ക് സാധിച്ചിട്ടുണ്ട്. മലയാറ്റൂർ എഫ്.ഡി.എ. വഴി നടപ്പിലാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങളിൽ എടുത്തു പറയത്തക്കവ ഇവയാണ്.

ഗ്രീൻ ഇൻഡ്യാ മിഷൻ

കാലാവസ്ഥാവ്യതിയാനം മൂലമുള്ള ദുരിതങ്ങൾ ലഘൂകരിക്കുന്നതിനായുള്ള ദേശീയ കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ബൃഹത്പദ്ധതികളിലൊന്നാണ് ഗ്രീൻ ഇൻഡ്യാ മിഷൻ. ഇൻഡ്യയുടെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന വനാവരണം വർദ്ധിപ്പിക്കാവാനും, വനേതര മേഖലകളിലേയും ഹരിതാവരണം മെച്ചപ്പെടുത്തുവാനും ഇത് ലക്ഷ്യമിടുന്നു. ഈ പദ്ധതിയിലൂടെ വനാവരണം വർദ്ധിക്കുമ്പോൾ വനാശ്രിതരുടെ ജീവിതനിലവാരം കൂടുതൽ മെച്ചപ്പെടുകയും, വനവിഭവങ്ങളുടെ ലഭ്യത വർദ്ധിക്കുകയും, അതിലുപരി കാർബൺ സംഭരണ ശേഷി വർദ്ധിക്കുകയും ചെയ്യും. മലയാറ്റൂർ എഫ്.ഡി.എ.-യിലെ 14 വനസംരക്ഷണ സമിതികൾ വഴിയായും, എറണാകുളം സാമൂഹിക വനവത്ക്കരണ വിഭാഗം വഴിയായും ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

ഇക്കോ-ടൂറിസം മാനേജ്മെന്റ്

വിനോദ സഞ്ചാരികളുടെ അനിയന്ത്രിത കടന്നുകയറ്റം മൂലമുണ്ടാകുന്ന വനശോഷണം തടയുന്നതിനായി നടപ്പിലാക്കി വരുന്ന ഇക്കോ-ടൂറിസം പദ്ധതി ഈ ഡിവിഷനിലെ കോടനാട് റെയിഞ്ചിലെ പാണിയേലി പോർ, കാലടി റെയിഞ്ചിലെ മുളങ്കുഴി, തുണ്ടത്തിൽ റെയിഞ്ചിലെ ഭൂതത്താൻ കെട്ട് എന്നീ വി.എസ്.എസ് - കൾ വഴിയായി നടപ്പിലാക്കി വരുന്നു. 2017-18 വർഷത്തിൽ പാണിയേലി പോർ ഇക്കോ ടൂറിസം കേന്ദ്രത്തിൽ നിന്നും 65,071 സന്ദർശകരിൽ നിന്നായി 15,22,410/- രൂപയും കാലടി റെയിഞ്ചിലെ മുളങ്കുഴി വി.എസ്.എസ് - ൽ നിന്നും 29,267 സന്ദർശകരിൽ നിന്നായി 5,05,805/- രൂപയും ചേർത്ത് ആകെ 25,64,045/- രൂപ വരുമാനം 30-09-2017 വരെ ലഭിച്ചിട്ടുണ്ട്. വനസംരക്ഷണത്തിനും സന്ദർശക സുരക്ഷയ്ക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. വർഷംതോറും

സന്ദർശകരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും വർദ്ധിപ്പിയ്ക്കേണ്ടതുണ്ട്.

പട്ടിക-4.57

പ്രധാന ചെറുകിട വനോത്പന്നങ്ങൾ

ക്രമ നമ്പർ	ഇനം	ക്രമ നമ്പർ	ഇനം
1.	കാട്ടുതേൻ	11.	കല്ലൂർ വഞ്ചി
2.	കസ്തൂരി മഞ്ഞൾ	12.	കൂവ്വ
3.	കണ്ടൻ കൂവ	13.	കുടമ്പുളി
4.	പുളിഞ്ചിയ്ക്ക	14.	ഗ്രാമ്പൂ
5.	തെളളി	15.	ജാതിയ്ക്ക
6.	കല്ലുവാഴക്കായ	16.	ശതാവരിക്കിഴങ്ങ്
7.	ചെറുതേൻ	17.	പത്രിപ്പൂവ്
8.	ഇഞ്ച	18.	കാട്ടുകുരുമുളക്
9.	കുരുമുളക്	19.	നെല്ലിക്കായ്
10.	കാട്ടോലം	20.	കുറുന്തോട്ടി

അവലംബം: വനം വകുപ്പ്

വനാവകാശ നിയമം 2006

ആദിവാസികൾക്കും, മറ്റ് പരമ്പരാഗത വനവാസികൾക്കും വനഭൂമിയിലും, മറ്റ് വനവിഭവങ്ങളിലും അധികാരം നിജപ്പെടുത്തുന്നതിനും, വനത്തിനുളളിൽ തടിയിതര വനവിഭവങ്ങളുടെ ശേഖരണത്തിനുളള അധികാരം ലഭിക്കുന്നതിനും, വനം സംരക്ഷിച്ചുകൊണ്ടുളള പാരമ്പര്യ ജീവിതശൈലിക്ക് സംരക്ഷണം നൽകുന്നതിനുമുളള വനാവകാശ നിയമം 2006 നടപ്പിലാക്കി വരുന്നു. ഈ ഡിവിഷനിലെ പന്ത്രണ്ട് ആദിവാസി ഊരുകളിലേയ്ക്കും സാമൂഹിക വനാവകാശ രേഖ തയ്യാറാക്കി നൽകി സംസ്ഥാനത്തുതന്നെ മാതൃകയാകാൻ മലയാറ്റൂർ ഡിവിഷന് കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുളളനടപടികൾ ആരംഭിച്ചിട്ടുണ്ട്.

കണ്ടൽ കാടുകൾ

ചിത്രം-4.31



കായലോരങ്ങളിലും ചതുപ്പു പ്രദേശങ്ങളിലും കൂട്ടമായി വളരുന്ന ഉഷ്ണ മേഖലാ കുറ്റിച്ചെടികളുടെ കൂട്ടമാണ് കണ്ടൽ കാടുകൾ. പുഴയും കടലും ചേരുന്നിടത്തുളള ഉപ്പു കലർന്ന വെളളത്തിലും വേലിയേറ്റങ്ങളിൽ ജലാവൃതവും വേലിയിറക്കങ്ങളിൽ അനാവൃതവുമാകുന്ന ചതുപ്പുപ്രദേശങ്ങളിലുമാണ് കണ്ടലുകൾ കണ്ടു വരുന്നത്. ഭൂമിയിലെ ഏറ്റവും ജൈവ സമ്പന്ന ആവാസ വ്യവസ്ഥകളിൽ

പ്രധാനപ്പെട്ടവയാണ് ഇവ. ഉഷ്ണ മേഖല കാടുകൾ ആഗിരണം ചെയ്യുന്ന കാർബണിനേക്കാൾ അമ്പതിരട്ടി വലിച്ചെടുക്കാനുള്ള ശേഷി ഇത്തരം കണ്ടൽ കാടുകൾക്കുണ്ട്. വ്യത്യസ്തയിനം മത്സ്യങ്ങളടക്കമുള്ള ജലജീവികൾക്ക് സുരക്ഷിതമായി പ്രജനനം നടത്താനും ഇത്തരം കാടുകൾ ഉപകാരപ്പെടുന്നു. അരൂർ, പനങ്ങാട്, നെട്ടൂർ, കുമ്പളം, ഇടക്കൊച്ചി, കണ്ണമാലി, ചെല്ലാനം, കുമ്പളങ്ങി, വളന്തക്കാട്, മംഗളവനം, ബോൾഗാട്ടി, മുളവുകാട്, വല്ലാർപ്പാടം, പനമ്പുകാട്, പുതുവൈപ്പിൻ, വളാപ്പ്, എളംങ്കുന്നപ്പുഴ, ചെറായ്, മല്ല്യംങ്കര, സത്താർ ഐലന്റ് എന്നീ പ്രദേശങ്ങളിൽ ആണ് കണ്ടൽ കാടുകൾ പ്രധാനമായും കണ്ടു വരുന്നത്. ഒമ്പത് വ്യത്യസ്ത ഇനം കണ്ടലുകളാണ് കണ്ടെത്തിയിട്ടുള്ളത്.

- *Acanthus Illicifolius*
- *Avicennia Bruguiera*
- *Conjugata Bruguiera*
- *cylindrical*
- *E .Agalloca*
- *K. Candel*
- *R. Apiculata,*
- *R. Mucronaa*
- *S. Caseolaris*

Avicennia Offcinalis L ഏറ്റവും കൂടുതൽ കണ്ടു വരുന്ന കണ്ടൽ ഇനമാണ്., Acanthus ilicitolius & Rhizophora mucronata എന്നിവയും ഈ പ്രദേശങ്ങളിലുണ്ട്.

കണ്ടൽ കാടുകൾ വലിയ തോതിലുള്ള വംശനാശ ഭീക്ഷണി നേരിട്ടു കൊണ്ടിരിക്കുന്നു. അവയുടെ സങ്കീർണ്ണമായ ആവാസ വ്യവസ്ഥയും ഇല്ലാതാവുന്നു. വളർത്തുമൃഗങ്ങൾ കടിച്ചും വിറകിനായി ഉപയോഗിക്കുന്നതു വഴിയും കെട്ടിട നിർമ്മാണത്തിനായി ജലാശയങ്ങൾ നികത്തുന്നതു കാരണവും വ്യവസായ മാലിന്യങ്ങൾ മൂലവും കണ്ടലുകൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നു. കൂടുതൽ കണ്ടൽ ആവാസ വ്യവസ്ഥകൾ കണ്ടെത്തിയും സംരക്ഷിച്ചും, പുതിയ തൈകൾ നഴ്സറികളിൽ വളർത്തി ജനപങ്കാളിത്ത ത്തോടെ നട്ടു പിടിപ്പിച്ചും മാത്രമേ ഇവയെ സംരക്ഷിക്കാനാവൂ.

കാലാവസ്ഥാ വ്യതിയാനം/ പരിസ്ഥിതി

ആഗോള തലത്തിലും തദ്ദേശീയമായും ഇന്ന് ലോകം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് കാലാവസ്ഥാ വ്യതിയാനവും അതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക- ആരോഗ്യ- സാമ്പത്തിക തകർച്ചകളും. കാലാവസ്ഥാ വ്യതിയാനമെന്ന മഹാ വിപത്തിലേക്ക് മാനവശാരിയെ എത്തിച്ചതിൽ പരിസ്ഥിതി സൗഹൃദമല്ലാത്ത വികസന പ്രവർത്തനങ്ങളും, 'ഫോസിൽ ക്യാപിറ്റലിസവും', പ്രകൃതിയിൽ മനുഷ്യന്റെ അമിത ഇടപെടലുകളും കാരണമായി. ഈയൊരു വിഷമവൃത്തത്തെ നേരിടുന്നതിന് തെളിവുകളുടെ അടിസ്ഥാനത്തിൽ, ശാസ്ത്രീയ കാഴ്ചപ്പാടിൽ, ജനപങ്കാളിത്തത്തോടെ അവധാനത യോടുകൂടി പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. എറണാകുളം ജില്ലയിലെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന പരസ്പര ബന്ധിതമായ കാലാവസ്ഥാ വ്യതിയാനം - പരിസ്ഥിതി - വനവികസനം എന്നിവയെ ഒന്നായി കണ്ടുകൊണ്ട് പ്രായോഗികവും സുസ്ഥിരവും ജനക്ഷേമകരവുമായ പദ്ധതികളാണ് ആവിഷ്ക്കരിക്കേണ്ടത്.

സാമൂഹ്യ വനവത്ക്കരണം

കൂടിയ അന്തരീക്ഷ ഊഷ്മാവ്, വായുജലമലിനീകരണം, കുടിവെള്ളക്ഷാമം, കൂടിയ അളവിലുള്ള സാന്ദ്രതയും അനുബന്ധ പ്രശ്നങ്ങളും, ഗാർഹിക ആരോഗ്യ വ്യവസായ മാലിന്യങ്ങൾ, രോഗവ്യാപനം എന്നിവ മൂലം ജില്ലയിലെ ജനജീവിതം ദു:സ്സഹമാണ്. വാഹനങ്ങൾ ഒരു ലിറ്റർ ഡീസൽ ഉപയോഗിക്കുമ്പോൾ 2.5 കി.ഗ്രാം. കാർബൺഡയോക്സൈഡ് പുറന്തള്ളപ്പെടുന്നു. കുറ്റിച്ചെടികളും മരങ്ങളും വെച്ചുപിടിപ്പിക്കുകയാണ് ഇതുതടയുന്നതിനുള്ള വഴി. അടുത്തകാലത്തായി ജനങ്ങളുടെ ഇടയിൽ ഇതു സംബന്ധിച്ച് അവബോധം ഉണ്ടായിട്ടുണ്ട്. പച്ചക്കറികളും പഴവർഗ്ഗങ്ങളും മരങ്ങളും ചെടികളും കൃഷിചെയ്യുന്നതും നടുന്നതും ഈയിടെയുണ്ടായ ജനങ്ങളുടെ ജീവിതശൈലി മാറ്റത്തിന്റെ തെളിവാണ്.

റോഡ് വീതികൂട്ടൽ, ബഹുനില കെട്ടിട

നിർമ്മാണം, വൈദ്യുതി ലൈൻ വലിക്കൽ, ഭൂഗർഭ ജല വിതരണ പൈപ്പ് ലൈൻ ഇടൽ എന്നീ വികസനപ്രവർത്തനങ്ങൾ നടത്തിയതിനിടയിൽ മരം വച്ചുപിടിപ്പിക്കുന്നതിന് മതിയായ സ്ഥലം കണ്ടെത്താൻ വിട്ടുപോകുകയും അതിന്റെ പ്രാധാന്യം കുറച്ചു കാണുകയും ചെയ്തിട്ടുണ്ട്. മാറ്റി സ്ഥാപിക്കുവാൻ പറ്റുന്ന തരത്തിൽ കണ്ടെയ്നറുകളിലുള്ള ചെടി/മരം വെച്ചുപിടിപ്പിക്കൽ, പട്ടണങ്ങളിൽ പച്ച തുരുത്തുകൾ ഉണ്ടാക്കുക, വെർട്ടിക്കിൾ കൃഷി, വ്യവസായ സ്ഥാപനങ്ങൾക്കുള്ള സംരക്ഷിത ബെൽറ്റ്, സ്ഥാപനങ്ങളുടെ ഉള്ളിൽ ബ്ലോക്കുകളായുള്ള ചെടി നടൽ, റോഡ് സൈഡിലുള്ള നടീൽ, എന്നിവ ഇതിനൊരു പരിഹാരമായി ചെയ്യാവുന്നതാണ്.

കേരളീയ കാലാവസ്ഥയിൽ പ്രകടമായ മാറ്റങ്ങൾ അനുഭവ വേദ്യമായി തുടങ്ങിയത് 1980 കൾ മുതലാണ്. ഈയൊരു യാഥാർത്ഥ്യത്തിന് ശാസ്ത്രീയമായ ഒട്ടേറെ തെളിവുകളും ഇന്ന് ലഭ്യമാണ്. അതുകൊണ്ട് തന്നെ ഈ പ്രശ്നത്തെ ലഘൂകരിച്ച്, അതിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിന് ശാസ്ത്രബോധമുള്ള സാക്ഷരതയിൽ മുന്നിൽ നില്ക്കുന്ന കേരളീയ സമൂഹത്തിന് കഴിയില്ല. പ്രശ്നങ്ങൾ തിരിച്ചറിഞ്ഞു കഴിഞ്ഞു. അതുമൂലമുണ്ടാകുന്ന ദുരന്തങ്ങളും, വിവിധ തലങ്ങളിൽ - കാർഷിക ഉല്പാദനത്തിനുള്ള കുറവ് മുതൽ പുതുതായി ആവിർഭവിക്കുന്ന സാംക്രമിക രോഗങ്ങൾ വരെ നമുക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. പരിഹാരമാർഗ്ഗങ്ങളാണ് ഇനി ആവശ്യം. കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിന് പൊതുവെ രണ്ടു തന്ത്രങ്ങളാണ് ആഗോള തലത്തിൽ വെയ്ക്കപ്പെടുന്നത്. അത് മിറ്റിഗേഷനും (Mitigation), അഡാപ്റ്റേഷനും (Adaptation) ആണ്. അതായത് കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം ലഘൂകരിക്കുക/ശമിപ്പിക്കുക എന്നതും പൊരുത്തപ്പെടുക/ അനുകൂലനം നേടുക എന്നതുമാണ്. ഇതു രണ്ടും ശ്രമകരമായ പദ്ധതികൾ ആണ്. കാലാവസ്ഥാ പ്രശ്നം ഒരു ആഗോള പ്രശ്നം കൂടിയാണെങ്കിലും പ്രാദേശിക തലത്തിൽ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട്, തദ്ദേശീയമായി അതിന്റെ ആഘാതം കുറയ്ക്കുന്നതിനും അതിനോട് അനുകൂലനം നേടി അതിജീവനം സാധ്യമാക്കുന്നതിനും ഒരു പരിധി വരെ സാധിക്കും. ഇവിടെയാണ് ജില്ലാ പദ്ധതികളുടെ പ്രസക്തി.

കേരളീയ ഭൂപ്രകൃതിയുടെ ഒരു പരിഛേദമാണ് എറണാകുളം ജില്ല. മലനാടും, ഇടനാടും തീരദേശവും കിഴക്ക് - പടിഞ്ഞാറ് കയറ്റിറക്കങ്ങളിലൂടെ ഇവിടെ വിന്യസിക്കപ്പെട്ടിരിക്കുന്നു. 2047 ച.കി.മി. വിസ്തൃതിയുള്ള ജില്ലയിൽ 82 ഗ്രാമപഞ്ചായത്തുകളും, 13 മുനിസിപ്പാലിറ്റികളും ഒരു കോർപ്പറേഷനുമാണുള്ളത്. കിഴക്കൻ പ്രദേശങ്ങൾ കാർഷിക പ്രാധാന്യവും വനസമ്പന്നവുമാണ്. പടിഞ്ഞാറോട്ട് വ്യവസായങ്ങളും, കച്ചവടവും, മത്സ്യബന്ധനവുമാണ് പ്രധാന ഉപജീവനമാർഗ്ഗങ്ങൾ. ജനസാന്ദ്രതയിലും ജില്ല ഏറെമുന്നിലാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക തലസ്ഥാനവുമായി കൊച്ചി മാറിയിരിക്കുന്നു. ഇത്തരത്തിൽ ബൃഹത്തായും സങ്കീർണ്ണവുമായ ഒരു ഭൂപ്രദേശത്ത് പരിസ്ഥിതി സംരക്ഷണവും വികസന പ്രവർത്തനങ്ങളും ജനക്ഷേമകരമായ രീതിയിൽ ഏകോപ്പിക്കപ്പെടണം. അതിന് ഉതകുന്ന പദ്ധതികൾ രൂപപ്പെടണം. ഇതിനായി അടിസ്ഥാന വിവരങ്ങളുടെ ക്രോഡീകരണം പുതുക്കലും അടിയന്തിരമായി നടക്കേണ്ടതുണ്ട്. പദ്ധതി നടത്തിപ്പിൽ ലാൻഡ്സ്കേപ്പ് (ഭൂദൃശ്യം) അധിഷ്ഠിത സമീപനം ആയിരിക്കും കൂടുതൽ അഭികാമ്യം. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഒറ്റയ്ക്കും, കൂട്ടായും പദ്ധതികൾ ആവിഷ്കരിക്കുന്നതിനും തയ്യാറാകണം.

പ്രശ്നങ്ങളുടെ കൃത്യമായ വിശകലനത്തിലൂടെ മാത്രമേ പരിഹാരങ്ങൾ സാധ്യമാകുവെന്നതുകൊണ്ട് ആദ്യമേ അത് വിശകലനം ചെയ്യേണ്ടതുണ്ട്. അതിൽ പ്രധാനം പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം, വായു എന്നിവകൾക്ക് ഉണ്ടായിരിക്കേണ്ട ശോഷണവും ഗുണ നഷ്ടവുമാണ്. മറ്റൊന്ന് അശാസ്ത്രീയവും സുസ്ഥിരവുമല്ലാത്ത വികസന പ്രവർത്തനങ്ങളുടെ ഫലമായി

ആവിർഭവിച്ചിരിക്കുന്ന പ്രശ്നങ്ങളാണ്. മനുഷ്യന്റെ ഉപഭോഗ തൃഷ്ണയും പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണവും മൂലം ഉരുത്തിരിഞ്ഞിരിക്കുന്നതാണ് വേറൊരു കൂട്ടം പ്രശ്നങ്ങൾ. ഇവയെല്ലാം പരസ്പര ബന്ധിതങ്ങളാണുതാനും. അതുകൊണ്ട് പ്രശ്നപരിഹാരത്തിനായി രൂപപ്പെടുത്തുന്ന പദ്ധതികൾ പരസ്പരാപൂകമാണെങ്കിൽ അത്ഭുതത്തിന് വകയില്ല. പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിൽ രൂപപ്പെടുത്തുന്ന പദ്ധതികൾക്ക് പ്രാദേശികമായ വ്യത്യാസങ്ങളും, മുൻഗണനകളും ഉണ്ടാവുമെന്നതും അനിവാര്യമാണ്. എങ്കിലും അടിസ്ഥാന പ്രശ്നങ്ങിലും, പരിഹാരങ്ങളിലും ഐക്യരൂപം എല്ലായിടത്തും ഉണ്ടാകും.

വികസന പദ്ധതികൾ; സാധ്യതകൾ

- വികസന പദ്ധതികളുടെ സാമൂഹ്യ - സാമ്പത്തിക - പാരിസ്ഥിതിക നേട്ടങ്ങൾ/ കോട്ടങ്ങൾ വിലയിരുത്തി അവ സുസ്ഥിരവും, ജനക്ഷേമകരവും ആണോ എന്ന് തിരിച്ചറിയുന്നതിനുള്ള പരിപാടികൾ.
- ഇത്തരം പഠനവിവരങ്ങളുടെ പ്രസിദ്ധീകരണം /ലഭ്യമാക്കൽ
- കൃഷി, വ്യവസായം, മത്സ്യബന്ധനം എന്നീ മേഖലകളിലെ വെല്ലുവിളികൾ കണ്ടെത്തുന്നതിനും, പരിഹരിക്കുന്നതിനും ഉള്ള പദ്ധതികൾ (വിവിധ ഏജൻസികൾ - പബ്ലിക് - പ്രൈവറ്റ്)
- പരിസ്ഥിതി സൗഹൃദ ചെറുകിട /ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ (ഇവ വരുമാന വർദ്ധനവിന് ഉതകുന്നതും സുസ്ഥിരവുമാണെന്ന് ഉറപ്പാക്കണം)
- വികസന പദ്ധതികൾക്കായി ഭൂപ്രകൃതിയിൽ വരുത്തിയിരിക്കുന്ന മാറ്റങ്ങൾ (മരംവെട്ട്/ മണ്ണെടുപ്പ്/ കുളം നികത്തൽ/കായൽ നികത്തൽ) ലഘൂകരിക്കുന്നതിനുള്ളപദ്ധതികൾ (വനം വകുപ്പും - മറ്റു ഡിപ്പാർട്ടുമെന്റു കളുമായും സഹകരിച്ച്)
- വ്യവസായ ശാലകൾ, മാലിന്യ നിർമ്മാർജ്ജന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഹരിത ഭിത്തി (ഗ്രീൻ വാൾ/ബെൽറ്റ്) നിർമ്മാണം.
- പൊതു ഇടങ്ങളിൽ ശലഭോദ്യാനം/ നക്ഷത്രവനങ്ങൾ/തദ്ദേശീയ വൃക്ഷ സമൂഹങ്ങൾ എന്നിവയുടെ നട്ടുവളർത്തൽ
- സൗരോർജ്ജ ഉത്പാദനം/ സോളാർ കുക്കിംഗ് എന്നിവയ്ക്ക് പ്രോത്സാഹനം
- ഊർജ്ജ സംരക്ഷണ ഉപഭോഗ നിയന്ത്രണ പദ്ധതികൾ.
- ഊർജ്ജ ഓഡിറ്റിംഗ്/സംരക്ഷണ ബോധവത്ക്കരണ പദ്ധതികൾ

എന്നിങ്ങനെ വിവിധങ്ങളായ പദ്ധതികൾ വികസനവും ജീവിത ഗുണമേന്മയുമായി കൂട്ടിയിണക്കി ആവിഷ്ക്കരിക്കുന്നതിനു സാധിക്കും.

ആത്യന്തികമായി പ്രകൃതി സൗഹൃദവും സുസ്ഥിരവുമായ വികസന - ജീവിതശൈലി പിൻതുടരേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനായുള്ള ശാക്തീകരണ / ബോധവത്ക്കരണ പരിപാടികളും (പാരിസ്ഥിതിക സ്ത്രീശാക്തീകരണം, ബഹുജനങ്ങൾ വിദ്യാർത്ഥികൾ /ജനപ്രതിനിധികൾ ഉൾപ്പെടെ)പദ്ധതികളുടെ ഭാഗമാകണം, ഇതിനായി 'ഹരിത സാക്ഷരത (ഗ്രീൻ ലിറ്ററസി)' പദ്ധതികൾ.

കാലാവസ്ഥാ വ്യതിയാനത്തെ നേരിടണമെങ്കിൽ പരിസ്ഥിതിയും, സസ്യ-ജന്തു ജാലങ്ങളും പരിരക്ഷിക്കപ്പെടുകയും, ജീവിത ശൈലിയിൽ ഗുണപരവും ആരോഗ്യകരവും ആയ മാറ്റങ്ങൾ വരുത്തുകയും ചെയ്യേണ്ടതുണ്ട്. മേല്പറഞ്ഞ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ഇക്കാര്യങ്ങൾക്ക് ഊന്നൽ കൊടുക്കുകയും വേണം.

എറണാകുളം ജില്ലയെ സംബന്ധിച്ചിടത്തോളം ഉയർന്ന സാക്ഷരതയും, സാമ്പത്തിക നിലയും, ജീവിത സൗകര്യങ്ങളും മേല്പറഞ്ഞ പദ്ധതികളെ ഉചിതമായ രീതിയിൽ,

പ്രാദേശിക തലത്തിൽ രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും സഹായകരമാണ്. അതുകൊണ്ട് തന്നെ കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിനും പരിസ്ഥിതി സംരക്ഷണം സാധ്യമാക്കുന്നതിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പദ്ധതി സാധ്യതകൾ ഏറെയുണ്ട്. ശുദ്ധവായുവും ശുദ്ധജലവും, നല്ല ഭക്ഷണവും, വരുമാന വർദ്ധനവും ഉറപ്പാക്കുന്നതിലൂടെ മാത്രമേ ജനങ്ങളുടെ ആരോഗ്യവും സുരക്ഷയും സാധ്യമാകു. പദ്ധതികളുടെ രൂപീകരണവും, സമയബന്ധിതമായ നിർവ്വഹണവും, വിലയിരുത്തലും സുതാര്യവും ജനപങ്കാളിത്തവും ഉള്ളതാവണം. വിവിധ വകുപ്പുകളുടെ ഏകോപനവും സഹകരണവും ഇക്കാര്യത്തിൽ ഉറപ്പുവരുത്തുന്നതിന് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൂട്ടായി ശ്രമിക്കണം. എങ്കിൽ മാത്രമെ ഈ പദ്ധതി രൂപരേഖ യാഥാർത്ഥ്യമാകു.

1) **കണ്ടൽസംരക്ഷണം:** കായലോരങ്ങളിലെ കണ്ടൽ സംരക്ഷിക്കുന്നതിനും കൂടുതൽ തൈകൾ വച്ചുപിടിപ്പിച്ച് ജൈവ വൈവിധ്യം നിലനിർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്.

2) **കാവുസംരക്ഷണം:** ജൈവവൈവിധ്യ സംരക്ഷണം, ഗവേഷണം, അപൂർവ തദ്ദേശീയ ഇനം സസ്യങ്ങൾ നട്ടുപിടിപ്പിക്കൽ, കുളങ്ങൾ ശുദ്ധീകരിക്കൽ, ജന്തുജീവികളെ സംരക്ഷിക്കൽ, ജൈവവേലി നിർമ്മാണംതുടങ്ങിയപ്രവർത്തനങ്ങൾ കാവുകളിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനായി ധനസഹായം നൽകി വരുന്നു.

3) **നക്ഷത്രവനം:** നഗരത്തിലെ പല സ്ഥാപനങ്ങളിലായി 70 സെറ്റ് നക്ഷത്ര വൃക്ഷതൈകൾ വിതരണം ചെയ്തിട്ടുണ്ട്.

4) **കുട്ടിവനം:** നഗരത്തിലെ പല സ്ഥാപനങ്ങളിലായി 250 തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

5) **ഗ്രീൻ ഇൻഡ്യാ മിഷൻ:** കാലാവസ്ഥാവ്യതിയാനം മൂലം വനമേഖല നേരിടുന്ന പ്രശ്നങ്ങളാണ് ഗ്രീൻ ഇൻഡ്യാ മിഷൻ പ്രധാനമായും അഭിമുഖീകരിക്കുന്നത്. ഈ പദ്ധതിയിൽ താഴെപറയുന്ന വിഷയങ്ങളാണ് പ്രധാനമായും വിഭാവനം ചെയ്യുന്നത്.

- നിബിഢ വനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുക
- വനവിസ്തൃതി വർദ്ധിപ്പിക്കുക
- നഗരപ്രദേശങ്ങളിലെ വനവിസ്തൃതി വർദ്ധിപ്പിക്കുക
- അഗ്രോ ഫോറസ്ട്രിയും ഫാം ഫോറസ്ട്രിയും
- ചതുപ്പ് പ്രദേശങ്ങൾ പുനരുദ്ധരിക്കുക

ലക്ഷ്യങ്ങൾ

- വനവിഭവങ്ങളുടെ പരിപാലനവും സുസ്ഥിരമായ വികസനവും
- വനവും മരങ്ങളും സംരക്ഷിക്കുക വഴി വനവിസ്തൃതി വർദ്ധിപ്പിക്കൽ
- വനാശ്രിത സമൂഹത്തിന്റെ ജീവനോപാധികൾ മെച്ചപ്പെടുത്തൽ

പ്രവർത്തനങ്ങൾ

- വനങ്ങളുടെ സ്വാഭാവിക പുനരുജ്ജീവനത്തെ സഹായിക്കൽ
- ആർട്ടിഫിഷ്യൽ റീജനറേഷൻ (എ.ആർ.)
- പുൽമേടുകൾ അടക്കമുള്ള മേച്ചിൽ പ്രദേശങ്ങളുടെ വികസനം
- ചൂരൽക്കാടുകളുടെയും മുളംകാടുകളുടെയും പുനരുജ്ജീവനം
- തടിയിതരമൂല്യമുള്ളതും ഔഷധ ഗുണമുള്ളതും ആയ വൃക്ഷങ്ങൾ നട്ടുവളർത്തൽ

- വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന വൃക്ഷസസ്യങ്ങളുടെയും ഔഷധസസ്യങ്ങളുടെയും പുനരുജ്ജീവനം
- ഇതര ഊർജ്ജസ്രോതസ്സുകളെ പരിചരിക്കുക.
- ഊർജ്ജസ്രോതസ്സുകളെ പരിചരിക്കുക. ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെ കാണും പ്രകാരം 9 ഗ്രാമഹരിത സമിതികൾ രൂപീകരിച്ച് ഹരിതവത്ക്കരണം നടപ്പിൽ വരുത്തുന്നു.

പട്ടിക - 4.58

സമിതിയുടെ പേര്	പ്രവർത്തനങ്ങൾ
ചാപ്പ തീരസംരക്ഷണ വനവൽക്കരണ സമിതി	10000 കാറ്റാടിതൈകൾ മാലിപ്പുറത്ത് വച്ചുപിടിപ്പിച്ചു
മുന്നൂർപ്പിള്ളി ഗ്രാമ ഹരിത സമിതി	500 വിവിധ ഇനം തൈകൾ ഏഴാറ്റുമുഖം കനാൽ തീരത്ത് വച്ചു പിടിപ്പിച്ചു
എരൂർ തീരസംരക്ഷണ വനവൽക്കരണസമിതി	400 വിവിധ ഇനം തൈകൾ എരൂർ റോഡ് സൈഡിൽ വച്ചു പിടിപ്പിച്ചു
ഇടക്കൊച്ചി ഗ്രാമ ഹരിത സമിതി	-
കരുമാല്ലൂർ ഗ്രാമ ഹരിതസമിതി	കരുമാല്ലൂർ പഞ്ചായത്ത് റോഡ്സൈഡിൽ 200 വിവിധ ഇനം തൈകൾ വച്ചു പിടിപ്പിച്ചു
ദീപം ഗ്രാമ ഹരിത സമിതി	100 തൈകൾ തോലംകുളം ചിറയിൽ വച്ചുപിടിപ്പിച്ചു
മണിമലക്കുന്ന് ഗ്രാമ ഹരിത സമിതി	മൂവാറ്റുപുഴ ഇറിഗേഷൻ മെയിൻ കനാൽ സൈഡിൽ 200 തൈകൾ വച്ചുപിടിപ്പിച്ചു
ഗ്രീൻഹോപ്പർ ഗ്രാമ ഹരിതസമിതി	400 തൈകൾ അരൂർ എം.വി.ഐ.പി. എം.സി. റോഡ് സൈഡിൽ വച്ചു പിടിപ്പിച്ചു
പെരിയാർ ഗ്രാമ ഹരിത സമിതി	-

എറണാകുളം ജില്ലയിലെ മലിനീകരണ പ്രശ്നങ്ങൾ

ജില്ലയിലെ മലിനീകരണ നിയന്ത്രണം കാര്യക്ഷമമാക്കുന്നതിനായി 3 ജില്ലാതല ഓഫീസുകൾ എറണാകുളത്ത് പ്രവർത്തിച്ചു വരുന്നു. മൂവാറ്റുപുഴ, കോതമംഗലം, കുന്നത്തുനാട് താലൂക്കുകൾക്കായി പെരുമ്പാവൂർ കേന്ദ്രമായും (ജില്ലാ ഓഫീസ് - 2), പറവൂർ താലൂക്ക്, ഏലൂർ-ഇടയാർ മേഖലകൾക്കുമായി എൻവയോൺമെന്റൽ സർവൈലൻസ് സെന്റർ ഏലൂരിലും കണയന്നൂർ, ആലുവ, കൊച്ചി താലൂക്കുകൾക്കായി ഗാന്ധിനഗറിൽ ജില്ലാ ഓഫീസ് - 1 എന്ന പേരിലും ജില്ലാതല ഓഫീസുകൾ മലിനീകരണ നിയന്ത്രണ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

ജില്ലാ ഓഫീസ് - 1 (എറണാകുളം 1)

ജില്ലാ ഓഫീസ് - 1 ന് കീഴിൽ വരുന്ന പ്രദേശങ്ങൾ പ്രധാനമായും ആശുപത്രികൾ, ഫ്ളാറ്റ് സമുച്ചയങ്ങൾ ഇവയാണ് മലിനീകരണ പ്രശ്നങ്ങൾക്ക് കാരണമായി കണ്ടെത്തിയിട്ടുള്ളത്. ഇവയിൽ ആശുപത്രി മാലിന്യ നിർമ്മാർജ്ജനത്തിനായി ഭൂരിഭാഗം ആശുപത്രികളിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (എസ്.റ്റി.പി.) സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ ആശുപത്രിമാലിന്യങ്ങൾ പാലക്കാട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇമേജ് എന്ന ആശുപത്രി മാലിന്യ നിർമ്മാർജ്ജന കേന്ദ്രത്തിൽ ശാസ്ത്രീയമായി സംസ്ക്കരിക്കപ്പെടുന്നതിനായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വ്യവസ്ഥകളോടെ മാത്രമാണ് ആശുപത്രികൾക്ക് അനുമതി പത്രം നൽകിവരുന്നത്. ജില്ലയിലെ എല്ലാ ഫ്ളാറ്റുകളും സ്ഥാപനാനുമതി പത്രവും, പ്രവർത്തനാനുമതി പത്രവും കരസ്ഥമാക്കണം എന്ന നിബന്ധന യാണുള്ളത്. പ്രവർത്താനുമതി പത്രം

അനുവദിക്കുന്നതിനു മുമ്പായി എസ്.റ്റി.പി കാര്യക്ഷമമായി പ്രവർത്തിപ്പിക്കാത്തതും യഥാവിധി മെയിന്റനൻസ് നടത്താത്തതും മലിനജലം പുറന്തള്ളാൻ കാരണമായി കണ്ടെത്തിയിട്ടുണ്ട്. ഇത് ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽതന്നെ നടപടികളെടുത്തുവരുന്നു. ശരിയായവണ്ണം മലിനജല ശുദ്ധീകരണ പ്രക്രിയ നടക്കാത്തതുമൂലം ശുദ്ധീകരിക്കാത്ത മലിനജലം പ്രസ്തുത എസ്.റ്റി.പി കളിൽ നിന്നും ശേഖരിച്ച് ജില്ലയിൽ പലഭാഗത്തും പുറന്തള്ളുന്നതായി ആരോപിച്ച് പരാതികൾ ഉയർന്നുവരുന്നുണ്ട്. ഇവ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ബ്രഹ്മപുരത്ത് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇതിനുശേഷി 100 M^3/per day മാത്രമാണ്. ജില്ലയിൽ ഒട്ടാകെ ഇതിനേക്കാൾ പതിന്മടങ്ങ് Untreated Sewage പുറന്തള്ളപ്പെടുന്നതായി മനസ്സിലാക്കുന്നു. സ്വീവേജ് ട്രീറ്റ്മെന്റ് ഇല്ലാത്ത വീടുകളിലെയും, ചെറിയ വാണിജ്യ സ്ഥാപനങ്ങളിലേയും സെപ്റ്റിക് ടാങ്കുളിൽ നിന്നും മാലിന്യം സംസക്കരിക്കുവാനാണ് ആയത് സ്ഥാപിച്ചിരിക്കുന്നതെങ്കിലും വിവിധ ഹോട്ടലുകൾ, പാർപ്പിട സമുച്ചയങ്ങൾ തുടങ്ങിയവയിലേയും Untreated Sewage ഇവിടെ നിക്ഷേപിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പൊതുവേ നദി മലിനീകരണത്തിന് കാരണമാകുന്നത് സ്വീവേജ് പുറന്തള്ളുന്നതുമൂലമാണ്. തദ്ദേശസ്വയംഭരണങ്ങളോടൊപ്പം പാർപ്പിടസമുച്ചയങ്ങൾ, ഹോട്ടലുകൾ, ആശുപത്രികൾ എന്നിവയും പരിസ്ഥിതി നിയമങ്ങൾ കർശനമായി അനുസരിച്ചാൽ മാത്രമേ നദിമലിനീകരണ നിയന്ത്രണം സാധ്യമാകുകയുള്ളു.

ജില്ലാ ഓഫീസ് (എറണാകുളം - 2)

പെരുമ്പാവൂരിൽ പ്രവർത്തനം തുടർന്നുവരുന്ന ജില്ലാ ഓഫീസ് - 2 ന് കീഴിലുള്ള മേഖലയിൽ വ്യവസായിക മലിനീകരണം നടത്തുന്ന വ്യവസായങ്ങൾ, മേഖലകൾ എന്നിവ തിരിച്ച് പഠനം നടത്തിയിട്ടുള്ളതാണ്. വളരെയധികം പ്ലൈവുഡ് വ്യവസായങ്ങൾ ക്ലസ്റ്റർ രൂപത്തിൽ നിലനിൽക്കുന്നതുമൂലം രൂക്ഷമായ മലിനീകരണ പ്രശ്നങ്ങൾ ബോർഡ് കണ്ടെത്തിയിട്ടുള്ളതും മലിനീകരണ നിയന്ത്രണത്തിനായി 2011 മുതൽ കാര്യക്ഷമമായ മാർഗ്ഗങ്ങൾ ചെയ്തുവരുന്നതുമാണ്. ഇത്തരം സ്ഥാപനങ്ങളിൽ വൻതോതിലുള്ള മലിനീകരണ സാധ്യത ഇല്ലയെങ്കിലും ബോയിലറുകളിൽ saw dust, trimming waste എന്നിവ കത്തിക്കാൻ ഉപയോഗിക്കുന്നത് മൂലമുള്ള അന്തരീക്ഷ മലിനീകരണം, ഇതിൽ നിന്നുള്ള ചാരം ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യാത്തതുകൊണ്ടുള്ള പരിസര മലിനീകരണം, ഗ്ലൂ സ്പ്രഡറിൽ നിന്നുള്ള മലിനജലം, വാഷ് വാട്ടർ എന്നിവ നിർമ്മാർജ്ജനം ചെയ്യാൻ പര്യാപ്തമായ ട്രീറ്റ്മെന്റ് പ്ലാൻ ഏർപ്പെടുത്താത്തത് മൂലമുള്ള ജലമലിനീകരണം, തടികൾ മുറിക്കുമ്പോഴും, വിനീറാക്കുമ്പോഴും, ക്ലിപ്പർ ഉപയോഗിച്ച് മുറിക്കുമ്പോഴുമുള്ള പൊടി ശല്യം, ശബ്ദമലിനീകരണം എന്നിവയാണ് മലിനീകരണ സാധ്യതകൾ എന്ന് ബോർഡിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ട കമ്മിറ്റി കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. റിപ്പോർട്ടിന്മേലുള്ള നടപടി സ്വീകരിക്കുന്നതിന് പ്രധാനമായും വായുമലിനീകരണ നിയന്ത്രണത്തിനായി ഡസ്റ്റ് കളക്ടർ, വാട്ടർ സ്ക്രബ്ബർ 30 മീറ്റർ ഉയരത്തിൽ ചിമ്മിനി ഇവ ഏർപ്പെടുത്തുകയും ജലമലിനീകരണ നിയന്ത്രണത്തിനായി പശ കലർന്ന വെള്ളം യഥാവിധി ടാങ്കുകളിൽ ശേഖരിച്ച് പുനരുപയോഗിക്കുകയും ബാക്കിവരുന്ന സ്ലറി, ബോയിലർ ചാരവുമായി കൂട്ടിക്കലർത്തി, ഉണക്കി അമ്പലമുകളിലുള്ള കെയ്ൽ എന്ന ശാസ്ത്രീയമായി Hazardous waste disposal ചെയ്യുന്ന സ്ഥാപനത്തിൽ നൽകുകയാണ് ചെയ്തുവരുന്നത്. ഇത് ബോർഡ് കൃത്യമായി നിരീക്ഷിച്ചുവരുന്നു. പ്ലൈവുഡ് ഫാക്ടറികളെ കൂടാതെ വലിയ വ്യവസായങ്ങളായ ബിപിസിഎൽ-കൊച്ചിൻ റിഫൈനറി, എഫ്.എ.സി.ടി, എച്ച്.ഒ.സി.എൽ, ഫിലിപ്സ് കാർബൺ ബ്ലാക്ക് തുടങ്ങിയ കമ്പനികളും പ്രവർത്തിച്ചുവരുന്നു. ഈ കമ്പനികളുടെ പ്രവർത്തനം ബോർഡ് നിരീക്ഷിച്ചുവരുന്നതാണ്.

<u>എൻവയോൺമെന്റൽ സർവൈലൻസ്, ഏലൂർ</u>

എറണാകുളം ഏലൂർ-ഇടയാർ വ്യവസായ മേഖലയിൽ കൂടുതലായി കെമിക്കൽ ഇൻഡസ്ട്രീസ് ആണ് ഉള്ളത്. പെരിയാറിലെ മലിനീകരണം തടയുന്നതിനുവേണ്ടി ശുദ്ധീകരിച്ച പാഴ്ജലം സുരക്ഷിതമായി കടലിലേയ്ക്ക് വിടുന്നതിന് ബഹു: സുപ്രീം കോടതി നിയോഗിച്ച കമ്മിറ്റി നിർദ്ദേശിച്ചിരുന്നത് പ്രകാരം ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിനുവേണ്ടി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രഫി (എൻഐഒ) സമർപ്പിച്ച പ്രോപ്പൊസൽ സർക്കാർ പരിഗണനയിലാണ്. കൂടാതെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കായി കോമൺ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുവാനും ഒരു പ്രൊപ്പോസൽ നിലവിൽ ഉണ്ട്. ഇവ യഥാവിധി നടപ്പിലാക്കിയാൽ ഏലൂർ ഇടയാർ മേഖലയിലെ മലിനീകരണ പ്രശ്നങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കാവുന്നതാണ്.

അപകടകരമായ (ഹസാർഡസ്) മാലിന്യങ്ങൾ നിക്ഷേപിക്കപ്പെട്ട ഏലൂർ കുഴിക്കണ്ടം തോട് ഇത്തരത്തിലുള്ള അപകടകരമായ പാഴ്വസ്തുക്കളുടെ ഒരു ഡംപ്സൈറ്റ് ആയി മാറിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത തോടിനെ പുനരുജ്ജീ വിപ്പിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പരസ്പര സഹകരണത്തോടെ പദ്ധതി നടപ്പിലാക്കിവരുന്നു. ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടക്കുന്ന ഒരു പദ്ധതിയാണിത്. തോടിന്റെ പുനരുജ്ജീവനത്തിനായി ഏതാണ്ട് 25 കോടി രൂപയാണ് പ്രാരംഭ എസ്റ്റിമേറ്റ് കണകാക്കിയിരിക്കുന്നത്. ആകെ ചിലവ് 40:60 എന്ന അനുപാതത്തിലാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ 'നാഷണൽ ക്ലീൻ എനർജി ഫണ്ടിൽ' നിന്നുമാണ് തുക വകയിരുത്തുന്നത്. സംസ്ഥാന സർക്കാരിന്റെ ഭാഗം സർക്കാർ ഒറ്റക്കോ അല്ലെങ്കിൽ മലിനീകരണത്തിന് കാരണക്കാരായ കമ്പനികളുമായി സംയുക്തമായോ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് ആയോ ആണ് വഹിക്കുന്നത്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിയോഗിച്ച M/s. ERM India (P) Ltd. എന്ന ഏജൻസി വിശദമായ പഠനം നടത്തുകയും പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്. ഇത് ഗവൺമെന്റിന്റെ പരിഗണനയിലുമാണ്.

പെരിയാർ നദിയുടെ വിവിധ സ്ഥലങ്ങളിൽ നിന്നും ഏലൂർ ജില്ലാ കാര്യാലയത്തിനും ദിവസേന ജലം ശേഖരിച്ച് പരിശോധിച്ചു വരുന്നുണ്ട്. ഇതിന്റെ പരിശോധന റിപ്പോർട്ട് പ്രകാരം ടി കാര്യാലയത്തിൽ നിന്നും നടപടികൾ എടുത്ത് വരുന്നുണ്ട്. ഇതിനായി 24 മണിക്കൂറും നിരീക്ഷിക്കുന്നതിനായി ജലവായു ഗുണ നിലവാരം പരിശോധന ഉപകരണങ്ങളോടു കൂടിയ സർവൈലൻസ് വാൻ പ്രവർത്തിച്ചുവരുന്നു. പെരിയാർ നദിയിൽ മത്സ്യക്കുരുതി ഉണ്ടാക്കുന്നത് (ശുദ്ധമായ ഓക്സിജന്റെ അളവു കുറയുന്നത് കൊണ്ട്) ഇത് ലോക്കൽ ബോഡിയിൽ നിന്നുള്ള സ്വീവേജ് ഫ്ളോ ഉള്ളത് കൊണ്ടാണ്. ഇത് നിർത്തലാക്കാൻ വേണ്ട നടപടികൾ ജില്ലാ കാര്യാലയത്തിൽ നിന്നും എടുത്തുവരുന്നുണ്ട്. കൂടാതെ പാതാളത്ത് റഗുലേറ്റർ സ്ഥാപിച്ചിട്ടുള്ളത് യഥാസമയങ്ങളിൽ വേലിയേറവും വേലിയിറക്കവും അനുസരിച്ച് പ്രവർത്തിപ്പിക്കുകയാണെങ്കിൽ ബണ്ടിന്റെ താഴെയുള്ള ഉപ്പ് വെള്ളം മുകളിലേക്ക് കയറാതിരിക്കുകയും കൂടാതെ മുകളിലെ ജലം ശരിയായ രീതിയിൽ ഒഴുകി പോകുകയും ചെയ്യുക വഴി മറ്റ് മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുകയും ചെയ്യും. ഷട്ടർ യഥാസമയം തുറക്കാതിരുന്നാൽ പുഴയിലെ ജലം കെട്ടികിടക്കുകയും ഇതുമൂലം ഇവിടെ മത്സ്യനാശം ഉണ്ടാകുവാനുള്ള സാധ്യതയുണ്ട്. ഇക്കാര്യങ്ങൾ ഇറിഗേഷൻ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം പുഴയിൽ മാലിന്യം തള്ളുന്നത് കണ്ടെത്തുവാൻ ബോർഡിന്റെ രാത്രികാല മോണിറ്ററിംഗി നായുള്ള സർവൈലൻസ് ടീമിനെ ടീ ഓഫീസിൽ നിയമിച്ചിട്ടുണ്ട്. താരതമ്യേന മലിനീകരണ സാധ്യത കൂടുതലുള്ള വ്യവസായ സ്ഥാപനങ്ങളിലെ മലിനീകരണ നിയന്ത്രണം കാര്യക്ഷമമാണെന്ന് ഉറപ്പാക്കുന്നതിനായി ഈ വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള ശുദ്ധീകരിച്ച പാഴ് വായു/പാഴ്ജലം

എന്നിവയുടെ ഗുണനിലവാരം തത്സമയം നിരീക്ഷിക്കുന്നതിനായി ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബഹു: സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏലൂർ നഗരസഭയിലെ പഴയ വാർഡ് നമ്പറുകൾ 1,2,3,4,17,20 എന്നിവയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഏലൂർ സൗജന്യകുടിവെള്ളപദ്ധതി. ഈ പദ്ധതിപ്രകാരം 1.6 MLD ദിവസേന കുടിവെള്ളം വിതരണം ചെയ്യുകയും ഇതിന്റെ വാട്ടർ ചാർജ്ജായി വരുന്ന തുക ഫാക്ട്, ഐആർഇ, എച്ച്ഇഎൽ, മെർക്കം എന്നീ കമ്പനികൾ വഹിക്കുകയും ചെയ്തുവരുന്നു. മാസംതോറും ഈ തുക സമാഹരിച്ച് ഫാക്ടിന് നൽകേണ്ട ഉത്തരവാദിത്തം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനാണ് നൽകിയിരിക്കുന്നത്. 14.01.2017 വരെ ബോർഡ് ഫാക്ട്, ഐആർഇ, എച്ച്ഇഎൽ എന്നീ യൂണിറ്റുകളുമായി കരാർ ഉണ്ടാക്കിയിരുന്നതാണ്. എന്നാൽ കാലാവധി കഴിഞ്ഞതോടെ കേരള വാട്ടർ അതോറിറ്റി ഹഡ്കോ പദ്ധതിയുടെ ഭാഗമായി ടി വാർഡുകളിൽ ജലവിതരണം തുടരുന്നു. ഇത് ബോർഡ് നിരീക്ഷിച്ചുവരുന്നു. വായുമലിനീകരണ നിയന്ത്രണത്തിനായി ശാസ്ത്രീയ മാർഗ്ഗങ്ങൾ വിവിധ കമ്പനികൾ ഏർപ്പെടുത്തിയിട്ടുള്ളതും ഇതിന് ബോർഡ് അനുമതി പത്രങ്ങൾ നല്കിയിട്ടുള്ളതുമാണ്. ആമ്പിയന്റ് എയർ മോണിറ്ററിംഗ് ആയി ജില്ലയിൽ മൂന്ന് സ്ഥലങ്ങളിൽ റിയൽ ടൈം ആമ്പിയന്റ് മോണിറ്ററിംഗ് സ്റ്റേഷനുകളും (വൈറ്റില, എം.ജി. റോഡ്, ഏലൂർ) എന്നിവയും, എം.ജി. റോഡ്, സൗത്ത് ഓവർബ്രിഡ്ജ്, വൈറ്റില, ഇരുമ്പനം, കളമശ്ശേരി സ്ഥലങ്ങളിൽ മാനുവൽ ആമ്പിയന്റ് എയർ മോണിറ്ററിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ടി കേന്ദ്രങ്ങളിലെ പരിശോധന കൃത്യമായി ചെയ്തു വരുന്നതും അനാലിസ് റിപ്പോർട്ടുകൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശപ്രകാരം അയച്ചുകൊടുക്കുന്നതും ഡാറ്റാ ഡയറക്ടറി രൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ഖര മാലിന്യ നിർമ്മാർജ്ജനത്തിനായി ബ്രഹ്മപുരത്ത് ഖര മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതാണ്. അതിന്റെ പ്രവർത്തനം തൃപ്തികരം അല്ലാത്തതായി കണ്ടെത്തിയതിനാൽ എറണാകുളം പ്രദേശവും സമീപ മുനിസിപ്പാലിറ്റികളെയും ഉൾപ്പെടുത്തി നവീകരിച്ച ഒരു പ്ലാന്റ് നിർമ്മിക്കാൻ പദ്ധതിയുള്ളതാണ് (വേസ്റ്റ് എനർജി പ്ലാന്റ് പ്രൊപ്പോസ് ചെയ്തത് M/s G.J. Consultant)

4.8 വ്യവസായം



ഏതൊരു രാജ്യത്തിന്റെയും സാമ്പത്തിക പുരോഗതിയുടെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നായി വ്യവസായവൽക്കരണം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം മാത്രമാണ് നമ്മുടെ രാജ്യം ആധുനിക വ്യവസായങ്ങളുടെ ശക്തമായ അടിത്തറ സൃഷ്ടിച്ചെടുക്കാനുള്ള പരിശ്രമം ആരംഭിച്ചത്. വ്യവസായ വൽക്കരണത്തിന്റെ കാര്യത്തിൽ ഇൻഡ്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം പിൻനിരയിലാണ്. ത്വരിതഗതിയിലുള്ള വ്യവസായവൽ ക്കരണം വഴി മാത്രമേ കേരളത്തിന് സാമ്പത്തിക പുരോഗതി കൈവരിക്കാനാവൂ എന്ന യാഥാർത്ഥ്യം കണക്കിലെടുക്കേണ്ടതുണ്ട്. വ്യവസായ വികസനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ദേശീയതലത്തിൽ ഉയർന്ന സാദ്ധ്യതകൾ കാണുന്നത് ഗ്രാമവ്യവസായ രംഗത്തും വനിതാ വ്യവസായ രംഗത്തും ആണ്. വികസിതമായ ഗ്രാമങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ഉയർന്ന സാക്ഷരതാ നിരക്ക് ത്രിതല പഞ്ചായത്തിരാജ് സംവിധാനം എന്നിവയെല്ലാം ചെറുകിട ഗ്രാമവ്യവസായ ങ്ങൾക്ക് കേരളത്തിലുള്ള സാദ്ധ്യതകളി ലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്.

ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അനുകൂലമായ ഘടകങ്ങൾ

- ചെറുകിട വ്യവസായങ്ങൾക്ക് താരതമ്യേന കുറഞ്ഞ മൂലധനം മതിയാകും.
- ചെറുകിട വ്യവസായങ്ങൾ പ്രാദേശിക തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നു.
- വരുമാനവും ജീവിത നിലവാരവും ഉയർത്തുവാൻ സഹായിക്കുന്നു.
- ഗ്രാമങ്ങളുമായും അവികസിത പ്രദേശങ്ങളുമായും സാമ്പത്തിക പിന്നോക്കാ വസ്ഥ ഇല്ലാതാക്കുന്നു.
- പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നു.

ഇന്നത്തെ അവസ്ഥ

1958-ൽ രൂപീകൃതമായ എറണാകുളം ജില്ലയ്ക്ക് പിന്നീട് രൂപഭേദം വന്നു എങ്കിലും വ്യവസായ മേഖലയുടെ കാര്യത്തിൽ കാര്യമായ വ്യത്യാസം ഒന്നും ഉണ്ടായിട്ടില്ല. സംസ്ഥാനത്തുള്ള വൻകിട വ്യവസായങ്ങ ളിൽ വലിയ പങ്കും ജില്ലയിലാണ്. അവയുടെ അനുബന്ധ വ്യവസായങ്ങളും ഇവിടെ

വളർന്നുവന്നു. ഇപ്പോൾ തകർച്ചയിലാണെങ്കിലും കയർ, കൈത്തറി, മുള, മത്സ്യം മുതലായ പരമ്പരാഗത മേഖലകളിലും ധാരാളം വ്യവസായങ്ങൾ ജില്ലയുടെ പല പ്രദേശങ്ങളായിട്ടുണ്ട്. റബ്ബർ ഉൾപ്പെടെയുള്ള കാർഷിക ഉൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളും വനവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളും അത്യാധുനികം എന്ന പറയാവുന്ന ഇലക്ട്രോണിക്, കമ്പ്യൂട്ടർ വ്യവസായങ്ങളും ജില്ലയിൽ വളർന്നിട്ടുണ്ട്. ഇലക്ട്രോണിക്സ്/ കമ്പ്യൂട്ടർ രംഗത്ത് കൂടുതൽ വ്യവസായങ്ങൾ വളർന്നു വരുന്നു.

❖ **വൻകിട – ഇടത്തരം വ്യവസായങ്ങൾ:-** യന്ത്രങ്ങൾക്കായി 5 കോടിയിൽ ഏറെ മൂലധന നിക്ഷേപമുള്ള വ്യവസായങ്ങളെ ഈ വിഭാഗത്തിൽപ്പെടുത്തിയിരിക്കുന്നു. രാസവളം, രാസവസ്തുക്കൾ, ലോഹങ്ങൾ, കപ്പൽ നിർമ്മാണം, എണ്ണ ശുദ്ധീകരണം, യന്ത്രസാമഗ്രികൾ, കീടനാശിനികൾ, കയർ തുടങ്ങിയ നിരവധി മേഖലകളിൽ ജില്ലയിലെ വൻകിട ഇടത്തരം വ്യവസായങ്ങൾ പ്രവർത്തിക്കുന്നു.സംസ്ഥാനത്തുള്ള 8 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ 4 എണ്ണവും എറണാകുളം ജില്ലയിലാണ്. അതുപോലെതന്നെ സർക്കാർ ഉടമസ്ഥതയിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ 1/4 ഭാഗത്തോളം ജില്ലയിലാണ് പ്രവർത്തിക്കുന്നത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ അടുത്ത കാലം വരെ വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചിരുന്ന ചില സ്ഥാപനങ്ങൾ പീഡിത വ്യവസായമായി മാറിയിട്ടുണ്ട്. അവശ്യ ഉൽപ്പാദന യൂണിറ്റ് എന്ന നിലയിൽ വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന എണ്ണ ശുദ്ധീകരണ ശാലയും ജില്ലയിലുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാർ മേഖലയിൽ പ്രവർത്തിയ്ക്കുന്ന വ്യവസായങ്ങളിൽ ഭൂരിഭാഗവും പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിയ്ക്കുന്നു.

❖ **ചെറുകിട വ്യവസായങ്ങൾ**

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ചെറുകിട വ്യവസാങ്ങൾ ഈ ജില്ലയിലാണ്. ജില്ലയിൽ 26075 സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ തന്നെ സിംഹഭാഗവും ഭക്ഷ്യ സംസ്കരണം, മരാധിഷ്ഠിതം, ജനറൽ എഞ്ചിനീയറിംഗ്, റെഡിമെയ്ഡ് ഗാർമെന്റ്സ് എന്നീ വിഭാഗങ്ങളിൽപ്പെടുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി ഐ.ടി മേഖലയുമായി ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങളും വളർന്നുവരുന്നു.

പട്ടിക –4.59

ജില്ലയുടെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ പട്ടിക

	Micro	Small	Medium	Total
Number	22842	3151	82	26075
Investment (in P&M in lakhs):	103756	264953	38163	406872
Employment	160078	66496	4356	230930

അവലംബം: വകുപ്പു തല റിപ്പോർട്ട്

പട്ടിക – 4.60

വ്യവസായങ്ങളുടെ മേഖല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Sl. No.	TYPE OF INDUSTRY	NUMBER OF UNITS	INVESTMENT (Lakh Rs.)	EMPLOYMENT
1	Agro & Food based	4668	83280	40909
2	Soda water/Packaged drinking water	169	3259	1105
3	Woolen, silk & artificial Thread based clothes.	16	194	191
4	Ready-made garments &	1311	4334	11831

	embroidery			
5	Wood/wooden based furniture	2063	91362	18352
6	Paper & Paper products	456	5731	4100
7	Leather based	140	2698	1331
8	Chemical/Chemical based	861	15203	13284
9	Rubber, Plastic & petro based	850	10816	7415
10	Mineral based	155	9041	1438
11	Metal based (Steel Fab.)	810	20248	7473
12	Engineering units	3386	91248	27383
13	Electrical machinery and transport equipment	825	24586	9830
14	Repairing & servicing	3972	25721	20844
15	Others	6294	16974	65242
16	Artisan Units	99	509	202
	Total	26075	405204	230930

പട്ടിക - 4.61
വ്യവസായങ്ങളുടെ വളർച്ച (കാറ്റഗറി തിരിച്ച്)

No of units		2012-13	2013-14	2014-15	2015-16	2016-17
Micro	**Manufacturing**	1162	1306	1070	581	239
	Service	593	918	1012	754	235
Small	**Manufacturing**	107	156	136	81	42
	Service	75	91	68	79	59
Medium	**Manufacturing**	5	5	2	0	1
	Service	1	8	4	1	3

പട്ടിക - 4.62
വ്യവസായങ്ങളുടെ വളർച്ച (മേഖല തിരിച്ച്)

Sectors	2012-13	2013-14	2014-15	2015-16	2016-17
Textiles & Garment	**68**	**146**	**90**	**158**	**270**
Glass & Ceramics	**4**	**19**	**23**	**5**	**8**
Mechanical/General/Light Engineering	**264**	**217**	**147**	**241**	**246**
IT&ITES	**52**	**134**	**110**	**83**	**75**
IT Hardware	**14**	**26**	**13**	**18**	**4**
Rubber Products	**18**	**45**	**46**	**26**	**23**
Chemical	**30**	**31**	**48**	**64**	**32**
Plastics	**60**	**54**	**20**	**33**	**39**
Paper products	**30**	**54**	**42**	**15**	**39**
Fruits and Food based products	**12**	**69**	**31**	**180**	**111**
Wood products	**149**	**268**	**169**	**88**	**133**
Printing & Allied	**54**	**88**	**61**	**49**	**56**
Building Materials	**81**	**79**	**35**	**31**	**53**
Resin/Leather Products	**14**	**16**	**5**	**11**	**11**
Electrical & Electronics	**32**	**96**	**43**	**38**	**40**
Pharmaceuticals	**0**	**8**	**4**	**1**	**1**
Ayurvedic products	**5**	**8**	**4**	**10**	**11**
Service Activities	**466**	**512**	**766**	**846**	**662**
Miscellaneous	**317**	**387**	**413**	**313**	**154**
Food & Agro Based Products	**190**	**81**	**158**	**88**	**183**
Cement Products	**82**	**81**	**20**	**21**	**76**
Wax Candles	**9**	**42**	**15**	**19**	**40**
Total	**1951**	**2461**	**2263**	**2338**	**2267**

പട്ടിക – 4.63
തൊഴിൽ അവസരങ്ങളുടെ വളർച്ച

Employment		2012-13	2013-14	2014-15	2015-16	2016-17
Micro	Manufacturing	7881	8866	6852	3551	1155
	Service	4520	5956	5736	4820	1031
Small	Manufacturing	1887	2803	1891	1910	444
	Service	3241	1892	1237	1057	487
Medium	Manufacturing	962	265	48	0	22
	Service	45	388	128	9	56

ജില്ലയിലെ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ

18 പൊതുമേഖലാ സ്ഥാപനങ്ങളും 5 സംസ്ഥാന വിവിധ വികസന കോർപ്പറേഷനുകളും ഉണ്ട് എന്നാൽ സ്വകാര്യ മേഖലയിൽ 150-ൽ അധികം വൻകിട-ഇടത്തര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്.

1.Civil Supplies Corporation, Kochi
2. Kerala State Books Publishing, Kakkanad-
3. Kerala Agro Machinery Corporation ,Athani
4. Transformers & Electrical Kerala (TELK) Ltd, Angamaly
5. Kerala State Bamboo Corporation Ltd., Angamaly
6. Maritime Development Corporation, Pallimukku
7. Construction Corporation, Ponnurunni, Vyttila
8. Forest Industries Travancore (FIT) Ltd., Aluva
9. Kerala Electrical & Allied Engineering Company
10. Travancore Cochin Chemicals Ltd, Udyogamandal
11.Traco cable Company ltd
12.vazhakkulam Agro Processing Company Ltd
13.Kerala Shipping & Inland Navigation Corporation
14. Kerala state warehousing corporation
15. H M T Kalamassery
16.F A C T Kunnathunad / Eloor
17.B P C L Kunnathunad
18.Cochin Refineries, Ambalamughal
19.Cochin Shipyard Ltd Kochi
20. Hindustan Insecticides Ltd, Udyogmandal
21.Indian Rare Earths, Udyogmandal
22.Hindustan Organic Chemicals, Ambalamughal
23. Meat Products of India, Koothattukulam

വ്യവസായ ഭൂമി

ജില്ലാ വ്യവസായ കേന്ദ്രം,
കെ.എസ്.ഐ.ഡി.സി, കിൻഫ്രാ, സിഡ്കോ,
മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, തദ്ദേശ
സ്വയം ഭരണ സ്ഥാപനങ്ങൾ എന്നീ
ഏജൻസികളുടെ കീഴിൽ വികസിപ്പിച്ചെടുത്ത
വ്യവസായ

ഭൂമി/ഷെഡ്ഡ് എന്നിവ നിലവിൽ ഉണ്ട്. വ്യവസായ വകുപ്പ് വികസിപ്പിച്ചെടുത്തിട്ടുള്ള വ്യവസായ വികസന ഏരിയകളും വികസന പ്ലോട്ടുകളും 17 വ്യവസായ എസ്റ്റേറ്റുകളും ജില്ലയിലുണ്ട്. ഇവയും വ്യവസായ വികസനത്തിന് വളരെയധികം സഹായകമായിട്ടുണ്ട്.

പട്ടിക – 4.64
ഡി.എ/ഡി.ഐ/മൾട്ടി സ്റ്റോറീഡ് ഗാല

Name of plot/area	Area in acres	Land for dev .	Allotted area	No of units	No of units working	Not working units	SC/ST units	Women enterprises	Total Investment(in Rs lakhs)	Total Employment	Export in Rupees	Area of unutilised land
DA Aluva	57.82	5.67	52.15	90	80	10		5		1010		
DA Angamaly	219.52	1.57	217.95	52	47	5		4		5015		
DA Edayar	435.29	58.59	376.7	338	309	29				9770		
DA Vazhakkulam	15.26	3.1	12.16	40	37	3				542		
DP Angamaly	31.91	5.29	26.62	60	52	8				878		
DP Kalamassery	78.12	12.22	65.9	182	166	16				4016		
SME Tower(GALA)	0.85	0.85	21000 Sq. ft.	17	7	10		6	280.3	179		
Total	838.77	87.29	751.48	779	698	81		15	280.3	21410		

പട്ടിക – 4.65
മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്(സിഡ്കോ)

Name of plot/area	Area in cents	Land for Development	Allotted area	No of units	No of units working	Not working units	SC/ST units	Women enterprises	Total Investment(in lakhs)	Total Employment	Export in Rupees	Area of Unutilized Land in cents
Chelad	0.5		0.5	11	11	0	0	0	65	29	0	0
Piravom	100	23.37	76.63	8	5	6	0	1	90	35	0	23
Kuruppampady	98.96	15.08	83.88	4	4	0	0	0	-	25	0	4.5
Rayaramangalam	100	11.52	88.48	8	8	0	0	0	-	32	0	2.5
Edathala	100.37	13.13	87.24	5	5	0	0	0	120	30	0	0

പട്ടിക – 4.66
മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്(കോ-ഓപ്പറേറ്റീവ് സർവീസ്)

Name of plot/area	Area in acres	Land for Development	Allotted area	No of units	No of units working	Not working units	SC/ST units	Women enterprises	Total Investment(in lakhs)	Total Employment	Export in Rupees	Area of Unutilized Land
MIE Irimpanam	1		0.6	9	8	1	0	1	75	32	0	0
SC/ST Shed (under Ernakulam Mini Industrial Cooperative Society Ltd.No.IND E 64)	70	0	70	9	7	2	7	0				
Sreemoolanagaram	1	-	1	10	7	3	-	2	45	9		
Angamaly	35 Cent	-	-	3	3	-	3	1	-	-	-	-
Nayathode, Angamaly	1 Acre	-	-	10	9	1	-	1	-	-	-	-

പട്ടിക – 4.67
കിൻഫ്രാ/കെ.എസ്.ഐ.ഡി.സി/ഇൻകെൽ

Name of plot/area	Area in acres	Allotted area	No of units	No of units working	Not working units	Women enterprises	Total Employment	Area of Unutilized Land
KINFRA	244	176.59	30	27	3	1	1000	44.12
KSIDC	59	30 ACRES OF LAND IS HANDED OVER TO INKEL, 15 ACRES TO TCSP TOOL ROOM AND THE BALANCE 14 ACRES OF LAND IS WAITING FOR THE NEW PROJECTS						
INKEL	30	5.5	45					24.5

പട്ടിക – 4.68
എൽ.എസ്.ജി.ഡി ലാന്റ്(ബ്ലോക്ക്/ജില്ല)

Name of Block / District Panchayath	Name of Village	Survey No.	Extent of Land	Vacancy/ Availability of land	Fair Value of Land
Ernakulam District Panchayath	Aluva East		2425 Sq.m	Construction is going on	
Mulanthuruthy	Amballur	196/9	130.60 cent	Building Constructed	
Mulavukadu	Mulavukadu	740/2	3.62 Ar (8.95 cent)	Building Completed	
Koovappady	Perumbavoor	322/11	363 Sq.m	JobTraining Centre	
Vazhakkulam	Aluva East		92 Sq.m	Garment Unit	

പട്ടിക – 4.69
എൽ.എസ്.ജി.ഡി ലാന്റ്(പഞ്ചായത്ത്)

Name of Block / Municipality	Name of Panchayath/Village	Survey No.	Extent of Land	Vacancy/ Availability of land	Fair Value of Land
Vadavucode Puthencruz	Puthencruz	8/938	40 sqm	Vacant	
Vadavucode Puthencruz	Puthencruz	10/293	600 sqft	Vacant	
Thiruvaniyoor	Thiruvaniyoor	10/152K	169.05 sqm	Ruchi Catering	
Thiruvaniyoor	Thiruvaniyoor	10/152 L,M,N,P	21.60 sqm	Vacant	
Thiruvaniyoor	Thiruvaniyoor	10/152 Q	61.60 sqm	Vacant	
Thiruvaniyoor	Thiruvaniyoor	7/723 E	153.54 sqm	Vacant	
Thiruvaniyoor	Thiruvaniyoor	7/175 B	68.15 sqm	Amrutham Foods	
Poothrikka	Kolenchery North		66 sqm	Vacant	
Poothrikka	Kolenchery North		202.13 sqm	Vacant	
Mazhuvannoor	Irapuram Village		50 sqm	Kudumbasree Industries Centre	
Mazhuvannoor	Irapuram Village		48 sqm	Vacant	

Ikaranadu	Ikaranadu	163 A,B,C	1500 sqft	Kudumbasree Industries Centre	
Ikaranadu	Ikaranadu		1600 sqft	Vacant	
Kunnathunadu	Kunnathunadu			Vacant	
Kunnathunadu	Kunnathunadu	9/516	21 sqm	Homeo Hospital	
Rayaramangalam	Rayaramangalam	499	1Ha,22 Acre 60 sqm	6Units Occupied	
Vengola	Vengola		60 sqm	Closed	
Keezhmad	Keezhmad		139.4 sqm	Closed	
Kizhakambalam	Kizhakambalam		120 sqm	Closed	
Kizhakambalam	Kizhakambalam		450 sqm	Closed	
Choornikara	Choornikara		120 sqm	Closed	
Puthaenvelikkara	Puthaenvelikkara		1 Acre	Working	
Kunnukara	Kunnukara	496/1 A	10 Cent	Working	
Alangad	Alangad			Not Working	
Kottuvally	Kottuvally		3 cent	Not Working	
Chendamangalam	Chendamangalam		10 Cent	Not Working	
Chendamangalam	Chendamangalam		8 cent	Not Working	
Chendamangalam	Chendamangalam		5 Cent	Not Working	
Cheranallur	Cheranallur	525/14	4.66 Ar	Vacant	
Kalady	Kalady	285/13	1 acre	Vacant	
Karakutty	Karakutty	47/7/2.3	50 Cent	8 Utilized	
Chengamanad	Chengamanad		10 Cent	Utilized	

ബഹുനില വ്യവസായ സമുച്ചയം

വ്യവസായ ഭൂമിയുടെ അപര്യാപ്തത തരണം ചെയ്യുന്നതിനായി പരമ്പരാഗത പശ്ചാത്തല വികസന സമ്പ്രദായങ്ങളിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് കൂടുതൽ വ്യവസായ സംരംഭങ്ങൾ ഒരിടത്ത് കേന്ദ്രീകരിക്കുന്നതിനാണ് സർക്കാർ ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള ആദ്യ പദ്ധതി എറണാകുളം ജില്ലയിലെ എടയാർ വ്യവസായ വികസന ഏരിയയിൽ സ്ഥാപിച്ചിട്ടുണ്ട്. 21000 ചതുരശ്ര അടി ഏരിയയിൽ ആകെ 3 നിലകളിലായിട്ടാണ് ഈ കെട്ടിടം പണിതിട്ടുള്ളത്. ഇവിടെ നിലവിൽ 17 സംരംഭങ്ങൾക്ക് അലോട്ട്മെന്റ് നൽകിയിട്ടുണ്ട്.

❖ **പീഡിത വ്യവസായവും പുനരുദ്ധാരണവും**

പുതിയ വ്യവസായങ്ങൾ വളർന്നുവരുന്നതിനോടൊപ്പംതന്നെ പല വ്യവസായ സ്ഥാപനങ്ങളും പീഡിത വ്യവസായങ്ങളായി മാറുന്നു. ഇത് വ്യവസായ വളർച്ചയെ തടസ്സപ്പെടുത്തുന്നതിനോടൊപ്പം തന്നെ പുതിയ വ്യവസായ സംരംഭകരെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. വ്യവസായ നടത്തിപ്പിനാ വശ്യമായ സാമ്പത്തികം ലഭ്യമാകാതിരിക്കുക, ഉൽപ്പന്നങ്ങളുടെ വിപണനം ശരിയായ രീതിയിൽ നടക്കാതിരിക്കുക, ശരിയായ മാനേജ്മെന്റിന്റെ അഭാവം തുടർച്ചയായിട്ടുള്ള നഷ്ടം തുടങ്ങിയവയാണ് വ്യവസായം പീഡിതമാകുന്നതിന് സാധാരണ കണ്ടുവരുന്ന കാരണങ്ങൾ. പീഡിത വ്യവസായങ്ങളെ പുനരുദ്ധീകരിക്കേണ്ടത്

വ്യവസായ പുരോഗതിയ്ക്ക് അത്യന്താപേക്ഷിതമാണ്. പീഡിത വ്യവസായങ്ങളെ കണ്ടുപിടിച്ച് ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ പുനരുദ്ധീകരിക്കുവാൻ ജില്ലാ വ്യവസായ കേന്ദ്രം ശ്രമം നടത്തിവരുന്നു.

മേഖലാടിസ്ഥാനം- വിശകലനം

1. **കയർ മേഖല**-പരമ്പരാഗത വ്യവസായമായ കയറിന്റെ മേഖലയിൽ

ജില്ലയിൽ 20000-ൽ അധികം പേർ ജോലി ചെയ്തു വരുന്നു. ജില്ലയിൽ കയർ ഉൽപ്പാദനം നടത്തുന്നത് കയർ വ്യവസായ സംഘങ്ങൾ വഴിയാണ്. സംസ്ഥാനത്തുള്ള 10 കയർ പ്രോജക്ടുകളിൽ ഒന്ന് ജില്ലയിലെ കയർ കേന്ദ്രമായ പറവൂരിൽ പ്രവർത്തിക്കുന്നു. ഈ പ്രോജക്ടിന്റെ കീഴിൽ 52 കയർ സംഘങ്ങളിൽ കേവലം 14 എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. ഈ വ്യവസായം പല വിധ പ്രതിസന്ധികളെ നേരിടുന്നു. പുതിയ പ്ലാസ്റ്റിക് കയറുകളും മറ്റ് സിന്തറ്റിക് ഉൽപ്പന്നങ്ങളും രംഗത്ത് വന്നതിന്റെ ഫലമായി കയർ ഉൽപ്പന്നങ്ങൾക്ക് കമ്പോളമില്ലാതെയായി. തൊണ്ടിന്റെ ദൗർലഭ്യം മൂലവും ഉയർന്ന വില മൂലവും ഉൽപ്പാദന ചെലവ് കൂടുകയും അതുമൂലം ഈ രംഗത്തെ പ്രതിസന്ധി വർദ്ധിക്കുകയും ചെയ്യുന്നു. പല വിധ പദ്ധതികൾ സർക്കാർ ഈ രംഗത്ത് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. വിപണനത്തിനായി കയർ ബോർഡ്, കയർ ഫെഡ് എന്നീ സ്ഥാപനങ്ങളും ജില്ലയിൽ ഉണ്ട്.

2. **കൈത്തറി മേഖല-** ജില്ലയിലാകെ 21 സഹകരണ സംഘങ്ങൾ കൈത്തറി മേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 13 എണ്ണം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. അസംസ്കൃത പദാർത്ഥമായ നൂൽ നൽകുന്നതിനായി ഒരു യാൺ ബാങ്ക് പ്രവർത്തിച്ചുവരുന്നു. കൈത്തറിയുടെ പ്രധാന കേന്ദ്രം പറവൂർ താലൂക്കിലെ ചേന്ദമംഗലമാണ്. ചേന്ദമംഗലം മുണ്ട് ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ഹാന്റക്സ്, ഹാൻവീവ് എന്നീ സംഘങ്ങളുടെ സഹകരണം കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ലഭിയ്ക്കുന്നു. കഴിഞ്ഞ വർഷം മുതൽ സർക്കാർ ആരംഭിച്ച കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ജില്ലയിലെ എല്ലാ കൈത്തറി സംഘങ്ങളും സഹകരിച്ചുവരുന്നു.

3. **കരകൗശല മേഖല-** ജില്ലയിൽ 9 സഹകരണ സംഘങ്ങൾ ഈ മേഖലയിലുണ്ട്. അസംസ്കൃത വസ്തുവായ മരം, ഈറ്റ, പനമ്പ് തുടങ്ങിയവയുടെ ദൗർലഭ്യം മൂലം ഈ മേഖല പ്രതിസന്ധിയിലാണ്. ഈ രംഗത്തെ അപ്പെക്സ് സംഘമായ സുരഭിയുമായി ബന്ധപ്പെട്ട് ഇവ പ്രവർത്തിച്ചുവരുന്നു.

4. **ഖാദി-ഗ്രാമവ്യവസായം-** ഖാദി ഗ്രാമവ്യവസായ ബോർഡിനു കീഴിൽ ജില്ലയിൽ വിവിധ ഭാഗങ്ങളിലായി 17 നൂൽനൂൽപ്പ് കേന്ദ്രങ്ങളും, 7 നെയ്ത്തു കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ പേർക്ക് തൊഴിൽ എന്ന അടിസ്ഥാനത്തിലാണ് ഈ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. 99% സ്ത്രീ തൊഴിലാളികളാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. ബോർഡിന്റെ നിയന്ത്രണത്തിൽ ഒരു ഫയൽ ബോർഡ് നിർമ്മാണ യൂണിറ്റ് ജില്ലയിൽ പ്രവർത്തിയ്ക്കുന്നു. കൂടാതെ ഖാദി ബോർഡിനു കീഴിൽ നേര്യമംഗലത്ത് ഒരു തേൻ സംസ്കരണ യൂണിറ്റും പ്രവർത്തിയ്ക്കുന്നു. ഖാദി ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ജില്ലയിൽ കലൂർ, നോർത്ത് പറവൂർ, മൂവാറ്റുപുഴ, മുളന്തുരുത്തി എന്നിവിടങ്ങളിൽ ബോർഡിന് വിൽപ്പന ശാലകളും ഉണ്ട്.

5. **ഈറ്റ, പനമ്പ് ഉല്പന്നങ്ങൾ-** ആലുവ കുന്നത്തുനാട് താലൂക്കുകളിലായി വ്യാപിച്ചുകിടക്കുന്നതാണ് ഈ വ്യവസായം. പരമ്പരാഗതമായ ഈ വ്യവസായത്തെ സംരക്ഷിക്കുന്നതി നായി അങ്കമാലി കേന്ദ്രീകരിച്ച് ബാംബു കോർപ്പറേഷൻ പ്രവർത്തിച്ചു വരുന്നു. ആധുനിക ഉപയോഗ സാധ്യതയുള്ള ബാംബൂ പ്ലൈയുടെ നിർമ്മാണത്തിലേക്ക് ബാംബു കോർപ്പറേഷൻ കടന്നുവന്നതാണ് ഈ രംഗത്തുള്ള പ്രധാന മുന്നേറ്റം. ഈറ്റ, മുള എന്നിവയുടെ ദൗർലഭ്യം ഈ വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നു.

6. **മത്സ്യസംസ്കരണം-** മുനമ്പം മുതൽ കുമ്പളങ്ങി വരെ 46 കിലോമീറ്റർ തീരദേശമുണ്ട്. മത്സ്യസംസ്കരണ മേഖല പ്രധാനമായും കൊച്ചി താലൂക്കിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. വിദേശ കമ്പോളത്തെ ആശ്രയിച്ചാണ് ഈ മേഖലയിലെ യൂണിറ്റുകളുടെ നിലനിൽപ്പ്. കടമക്കുടി, ഏഴിക്കര, ചേരാനല്ലൂർ, മുളവുകാട്, മരട്, കുമ്പളം , ഉദയംപേരൂർ, എറണാകുളം(വെസ്റ്റ്), പൂണിത്തുറ, എറണാകുളം(ഈസ്റ്റ്), കുമ്പളങ്ങി, പള്ളുരുത്തി, വടക്കേക്കര, പുത്തൻവേലിക്കര എന്നീ പ്രദേശങ്ങളിൽ ഉൾനാടൻ മത്സ്യകൃഷി ചെയ്യുന്നുണ്ട്.

7. **എഞ്ചിനീയറിംഗ് മേഖല -** കൊച്ചിൻ ഷിപ്പ് യാർഡ്, എച്ച്.എം.ടി, ടെൽക്ക്, കാംകോ തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളെ ആശ്രയിച്ച് വളർന്നു വരുന്ന ഒരു മേഖലയാണ് ഇത്. ഈ മേഖലയിൽ ഉള്ള നൈപുണ്യമുള്ള നല്ലൊരു വിഭാഗം ജില്ലയിൽ ഉണ്ട്.

8. **റബ്ബറധിഷ്ഠിത വ്യവസായങ്ങൾ-** ജില്ലയിൽ വ്യാപകമായിട്ടുള്ള ഒന്നാണ് റബ്ബറധിഷ്ഠിത വ്യവസായങ്ങൾ. ടയർ റീട്രെഡിംഗ്, ഗ്ലൗസ്, സംസ്കരിച്ച റബ്ബർ തടികൊണ്ടുള്ള ഫർണീച്ചർ തുടങ്ങിയ ഉൽപ്പന്നങ്ങൾ ഇതിൽ പെടുന്നു. റബ്ബറിന്റെ മരം ഉപയോഗിച്ചുള്ള കോർ വിനീർ, പ്ലൈവുഡ് നിർമ്മാണ യൂണിറ്റുകൾ പെരുമ്പാവൂർ മേഖലയിൽ ധാരാളമായും ലാഭകരമായും പ്രവർത്തിച്ചുവരുന്നു. റബ്ബർ അധിഷ്ഠിത യൂണിറ്റുകൾക്കായി റബ്ബർ ബോർഡും കിൻഫ്രയും സംയുക്തമായി നടത്തുന്ന റബ്ബർ പാർക്ക് പെരുമ്പാവൂരിനടുത്ത് ഐരാപുരം എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്നു.

9. **മരാധിഷ്ഠിത വ്യവസായങ്ങൾ-** ജില്ലയിൽ കുന്നത്തുനാട് താലൂക്കിലെ പെരുമ്പാവൂർ കേന്ദ്രീകരിച്ച് മരാധിഷ്ഠിത യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. പാക്കിംഗ് കെയ്സുകൾ, കോർ വിനീർ, പ്ലൈവുഡ് തുടങ്ങിയവയുടെ നിർമ്മാണമാണ് പ്രധാനമായും ഉള്ളത്. ഏകദേശം 2000 യൂണിറ്റുകൾ ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്നു.

10. **കാർഷിക-ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾ -** ജില്ലയ്ക്ക് വളരെയധികം പ്രശസ്തി നൽകുന്ന ഒരു മേഖലയാണ് ഇത്. അരിമില്ലുകൾ ഈ മേഖലയിലെ പ്രധാനപ്പെട്ട ഒരു വ്യവസായമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ അരി മില്ലുകൾ സ്ഥിതി ചെയ്യുന്നത് പെരുമ്പാവൂർ-കാലടി മേഖലയിലാണ്. ഉയർന്ന മൂലധന നിക്ഷേപവും ഉയർന്ന ഉൽപ്പാദന ശേഷിയും ഉള്ള ഈ വ്യവസായം ധാരാളം തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുന്നുണ്ട്. മൂവാറ്റുപുഴ, കോതമംഗലം, കുന്നത്തുനാട് എന്നീ താലൂക്കുകളിൽ പൈനാപ്പിൾ കൃഷി വ്യാപകമായി ചെയ്തു വരുന്നു. എന്നാൽ ഇവയുടെ സംസ്കരണ - സംഭരണ സംവിധാനങ്ങൾ കുറവാണ്.

പട്ടിക - 4.70

Area, Production & Productivity of Agriculture crops 2015-16

Crop	Area (Ha)	Production (Ton)	Productivity (Kg/Ha)
Paddy	4048	12652	2126
Tapioca	1371	239195	46428
Banana	4993	46730	9359
Sugarcane	0.31	0	0
Plantain	4650	35881	7716
Pineapple	4569	41307	9041
Coconut	41915	188(Million Nuts)	4485(Nos./Ha)
Areca nut	4134	3460	837
Nut mug	6614	5751	870
Ginger	98	283	2888
Turmeric	246	674	240
Jack	4108	13(Million Nos.)	3165

Mango	4491	29059	6470
Cashew	433	118	273
Pepper	1867	527	282

അവലംബം: വകുപ്പു തല റിപ്പോർട്ട്

11. **കെട്ടിട നിർമ്മാണ സാമഗ്രികൾ-**ജില്ലയുടെ ത്വരിത നഗരവൽകരണത്തിന്റെ ഭാഗമായി കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ മേഖലയിൽ വലിയ വളർച്ചയുണ്ടായിട്ടുണ്ട്. മെറ്റൽ ക്രഷർ, ഹോളോ ബ്ലോക്ക് യൂണിറ്റുകൾ എന്നിവ ധാരാളമായി ജില്ലയിൽ പ്രവർത്തിയ്ക്കുന്നുണ്ട്.

12. **പ്ലാസ്റ്റിക് വ്യവസായങ്ങൾ-** പ്ലാസ്റ്റിക് വ്യവസായങ്ങളായ പി.വി.സി പൈപ്പ്, പൈപ്പ് ഫിറ്റിംഗ്സ്, വാട്ടർ ടാങ്ക്, പെറ്റ് ബോട്ടിലുകൾ, കസേരകൾ, ഗാർഹിക നിത്യോപയോഗ പ്ലാസ്റ്റിക് സാധനങ്ങൾ എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ ജില്ലയിൽ ധാരാളമായി നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

13. **വിവരസാങ്കേതിക വിദ്യ-**ജില്ലയുടെ ത്വരിത നഗരവൽക്കരണവും സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലന്വേഷകരുടെ ലഭ്യതയും ഐ.ടി മേഖലയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നു. ചെറുതും വലുതുമായ ധാരാളം സംരംഭങ്ങൾ ഈ മേഖലയിൽ ജില്ലയിൽ പ്രവർത്തിയ്ക്കുന്നു. South Asia for the Far East(SAFE) ന്റെ അതിവേഗ ഇന്റർനെറ്റ് ഗേറ്റ്വേ എറണാകുളം ജില്ലയിലെ കൊച്ചിയിലാണ് . അന്തർ ദേശിയ തലത്തിൽ ഉള്ള ഏക ഇന്റർനെറ്റ് ഗേറ്റ്വേയായ ഈ പ്രോജക്ട് അതിവേഗ ഇന്റർനെറ്റ് ആക്സസും ആശയവിനിമയവും സാദ്ധ്യമാക്കുന്നു. ഈ സൗകര്യം പ്രയോജനപ്പെടുത്തി കൊച്ചിയെ ബാംഗ്ലൂർ, ഹൈദ്രാബാദ് പോലെയുള്ള ഇൻഫോർമേഷൻ ടെക്നോളജി സെന്റർ ആക്കാവുന്നതാണ്.

14. **മറ്റിനങ്ങൾ:-**റെഡിമെയ്ഡ് ഗാർമെന്റുകളുടെ നിർമ്മാണ മേഖലയ്ക്ക് ജില്ലയിൽ വളരെ സാധ്യതകളുണ്ട്. ഒറ്റയ്ക്കും കൂട്ടായും സ്ത്രീകളാൽ നടത്തപ്പെടുന്ന ധാരാളം ഗാർമെന്റ് യൂണിറ്റുകൾ ജില്ലയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ നഗര ഹൃദയങ്ങളിൽ ധാരാളം പ്രിന്റിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു.

ആരോഗ്യസംരക്ഷണ മേഖല-

ആരോഗ്യ സംരക്ഷണ മേഖലയിലെ പ്രവർത്തനം എറണാകുളം ജില്ലയ്ക്ക് ഈ മേഖലയിൽ അന്തർദേശിയ തലത്തിൽ ഏറ്റവും മികച്ച സ്ഥാനം നേടിക്കൊടുത്തിട്ടുണ്ട്. അമേരിക്ക, യൂറോപ്പ്, ആഫ്രിക്ക, മിഡിൽ ഈസ്റ്റ് തുടങ്ങിയ വിദേശരാജ്യങ്ങളിൽ നിന്നും ചികിത്സ തേടി കൊച്ചിയിൽ എത്തുന്നുണ്ട്. ഹൃദയം മാറ്റി വയ്ക്കൽ ശസ്ത്രക്രിയ വിജയപ്രദമായി നടത്തുന്ന കേരളത്തിലെ ഏക സ്ഥലമാണ് കൊച്ചി.

പട്ടിക - 4.71

കൊച്ചിയിലെ പ്രധാനപ്പെട്ട മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളും സ്ഥാപനങ്ങളും

1	Amritha Institute of Medical Sciences and Research Centre, Edappally
2	Sun rise Hospital Kakkanad
3	Specialist Hospital, Ernakulam
4	Medical Trust Hospital
5	PVS Memorial Hospital, Kaloor
6	Lakeshore Hospital
7	Lissie Hospital

8	Aster Medicity
9	Rajagiri Institute of Medical Science
10	Ernakulam Medical Centre
11	KIMS Hospital
12	Renai Medicity
13	Lourdes hospital
15	Saraf Hospital

പട്ടിക – 4.72

വ്യവസായ വികസനവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ

Public Health	2016-17
Allopathic hospitals	94
Beds in allopathic hospitals	10556
Govt. Ayurveda hospitals	13
Ayurveda dispensaries	110
Homeo hospitals	3
Homeo dispensaries	169
Community health centers	23
Primary health center	75
Leprosy hospital	0
Mental health care	5
Sub health center	410
District T.B centers	1

ജില്ലയിലെ വ്യവസായ വികസനത്തിനായി സർക്കാർ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങളും അവയ്ക്കുള്ള സ്ഥാപനങ്ങളും താഴെ പറയുന്നവയാണ്.

ജില്ലാ വ്യവസായ കേന്ദ്രം- കാക്കനാട്

ജില്ലയുടെ വ്യാവസായിക പുരോഗതിയ്ക്കും വളർച്ചയ്ക്കും വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിയ്ക്കുന്ന ജില്ലാ ഓഫീസാണ് ജില്ലാ വ്യവസായ കേന്ദ്രം. സംരംഭം തുടങ്ങുന്നതി നാവശ്യമായ വിവരങ്ങൾ, ട്രെയിനിംഗുകൾ, സംരംഭകത്വ വികസന പരിപാടികൾ, സംരംഭങ്ങൾക്കുള്ള സബ്സിഡി, സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പകൾ, ക്ലസ്റ്റർ പദ്ധതികൾ തുടങ്ങിയവ ഈ ഓഫീസ് വഴി നടപ്പിലാക്കി വരുന്നു. സംരംഭകർക്ക് സഹായ ഹസ്ത സേവനം നൽകുന്നതിന് ഓഫീസിന്റെ കീഴിലുള്ള എല്ലാ താലൂക്ക് വ്യവസായ ഓഫീസുകളും സജ്ജമാണ്.

അടിസ്ഥാന സൗകര്യങ്ങൾ

വ്യാവസായികമായി സംസ്ഥാനത്ത് ഏറ്റവും മുന്നോക്കം നിൽക്കുന്ന ജില്ലയാണ് എറണാകുളം. വ്യവസായത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മറ്റ് ജില്ലകളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ ലഭ്യമായ ഒരു ജില്ലയാണിത്. വ്യവസായ വികസനത്തിന് ആവശ്യമായ അടിസ്ഥാന ഘടകങ്ങളായ റോഡ്, റെയിൽവേ, വൈദ്യുതി, വാർത്താവിനിമയ സൗകര്യങ്ങൾ ജലഗതാഗതം എന്നീ ഘടകങ്ങൾ ഈ ജില്ലയിൽ സുലഭമാണ്. കൂടാതെ എയർ പോർട്ട്, വല്ലാർപാടം കണ്ടെയിനർ ടെർമിനൽ, എൽ.എൻ.ജി ടെർമിനൽ തുടങ്ങിയവയും ജില്ലയുടെ വ്യവസായ മേഖലയ്ക്ക് നേട്ടമാകുന്നു. വ്യവസായ വകുപ്പ് വികസിപ്പിച്ചെടുത്തിട്ടുള്ള വ്യവസായ വികസന ഏരിയകളും വികസന പ്ലോട്ടുകളും 17 വ്യവസായ എസ്റ്റേറ്റുകളും ജില്ലയിലുണ്ട്. നല്ല ബാങ്കിംഗ് സംവിധാനം, ഉയർന്ന

സാക്ഷരതാ നിരക്ക്, നല്ല വ്യവസായികാന്തരീക്ഷം എന്നിവയും ജില്ലയുടെ വ്യവസായ വികസനത്തിന് വളരെയധികം സംഭാവന നൽകിയിട്ടുണ്ട്.

പട്ടിക -4.73

എറണാകുളം ജില്ലയിലെ വ്യവസായ വികസന ഏരിയകളും പ്ലോട്ടുകളും-വിവരങ്ങൾ

	സ്ഥലപ്പേര്	താലൂക്ക്	വിസ്തൃതി ഏക്കറിൽ	യൂണിറ്റുകൾ
1	അങ്കമാലി ഡെവലപ്മെന്റ് ഏരിയ	ആലുവ	219.52	52
2	എടയാർ	പറവൂർ	435.29	338
3	എരുമത്തല	ആലുവ	57.82	90
4	വാഴക്കുളം	കുന്നത്തുനാട്	15.26	40
5	കളമശ്ശേരി ഡവലപ്മെന്റ് പ്ലോട്ട്	കണയന്നൂർ	78.12	182
6	അങ്കമാലി	ആലുവ	31.91	60
	ആകെ		837.92	762

അവലംബം: വകുപ്പു തല റിപ്പോർട്ട്

പട്ടിക -4.74

എറണാകുളം ജില്ലയിലെ മിനി വ്യവസായ എസ്റ്റേറ്റുകൾ- വിവരങ്ങൾ

ക്രമനമ്പർ	സ്ഥലപ്പേര്	ഷെഡ്ഡുകളുടെ എണ്ണം
1	അങ്കമാലി	13
2	കാഞ്ഞൂർ	19
3	കാലടി	11
4	ശ്രീമൂലനഗരം	11
5	കീഴ്മാട്	11
6	വെങ്ങോല	11
7	പൂതൃക്ക	10
8	തിരുവാങ്കുളം	11
9	എളങ്കുന്നപ്പുഴ	11
10	പുത്തൻവേലിക്കര	11
11	ചേലാട്(സിഡ്കോ)	11
12	രാമമംഗലം(സിഡ്കോ)	12
13	തെക്കേവാഴക്കുളം(സിഡ്കോ)	12
14	എടത്തല(സിഡ്കോ)	9
15	പിറവം	12
16	അറയ്ക്കപ്പടി	10
	മേജർ എസ്റ്റേറ്റുകൾ	
1	പള്ളുരുത്തി	10
2	മുടിക്കൽ	15

അവലംബം: വകുപ്പു തല റിപ്പോർട്ട്

കൂടാതെ കിൻഫ്രാ, സിഡ്കോ മുതലായ സർക്കാർ സ്ഥാപനങ്ങൾ അങ്കമാലി, നെല്ലാട്, കാക്കനാട്, കളമശ്ശേരി എന്നിവിടങ്ങളിൽ വികസിപ്പിച്ചെടുത്ത വ്യവസായ പ്രദേശങ്ങളും ജില്ലയുടെ വ്യവസായ വികസനത്തിന് പ്രചോദനം നൽകുന്നു.

എയർപോർട്ട്:-കേരളത്തിലെ ഏറ്റവും തിരക്കേറിയ എയർപോർട്ടായ കൊച്ചിൻ

ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്(CIAL) കൊച്ചിയിൽ നിന്നും 27 കിലോമീറ്റർ ദൂരത്തിലാണ് സ്ഥിതി ചെയ്യുന്നത്. ആഭ്യന്തര-അന്തർദേശീയ ടെർമിനൽ ഉൾപ്പെടെ 20 ലക്ഷം ചതുരശ്ര അടി വിസ്തൃതിയുള്ള ഈ എയർപോർട്ട് ഒരു ദിവസം 13000 യാത്രക്കാർക്ക് സേവനം നൽകുന്നു. ലോകത്തിലെ ആദ്യത്തെ സമ്പൂർണ്ണ സൗരോർജ്ജ വൈദ്യുതീകരണം നടത്തിയിട്ടുള്ള എയർപോർട്ടാണ് ഇത്.

തുറമുഖം:- കൊച്ചി കായലിൽ വില്ലിംഗ്ടൺ ഐലന്റ്, വല്ലാർപാടം, ഫോർട്ട്കൊച്ചി, അറബിക്കടൽ എന്നിവയുമായി ബന്ധപ്പെട്ടാണ് കൊച്ചി തുറമുഖം സ്ഥിതി ചെയ്യുന്നത്. കൊച്ചി തുറമുഖത്തിന്റെ ഒരു ഭാഗമായ വല്ലാർപാടം ഇന്റർനാഷൻ കണ്ടെയ്നൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ(ICTT) ഇൻഡ്യയിലെ ഏറ്റവും വലിയ കണ്ടെയ്നൽ ട്രാൻസ്ഷിപ്പ്മെന്റ് സൗകര്യമുള്ള ടെർമിനൽ ആണ്.

II.സേവന മേഖല



4.9 ആരോഗ്യം (അലോപ്പതി)

ആരോഗ്യരംഗത്ത് ഗണ്യമായ നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ് കേരളം. എന്നാൽ സംസ്ഥാനം ഇപ്പോൾ ഒട്ടനവധി വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഉയർന്ന ചികിത്സാ ചെലവ്, ജീവിതശൈലീ രോഗങ്ങളുടെ വർദ്ധനവ്, മഴക്കാല പകർച്ചവ്യാധി രോഗങ്ങൾ തുടങ്ങിയവയെല്ലാം ഈ രംഗത്തെ സങ്കീർണ്ണതകൾ വർദ്ധിപ്പിക്കുന്നു. ആരോഗ്യരംഗത്ത് പൊതുമേഖലയുടെ ശക്തമായ തിരിച്ചുവരവും ശക്തിപ്പെടുത്തലും വഴി സമയബന്ധിതമായും ശാസ്ത്രീയമായും ആരോഗ്യമേഖലയെ പുനഃസംഘടിപ്പിക്കുവാൻ സംസ്ഥാനതലത്തിൽ ശ്രമങ്ങൾ നടക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ ആരോഗ്യനയവുമായി ഏകോപനം ചെയ്യുന്ന രീതിയിൽ തയ്യാറാക്കിയ എറണാകുളം ജില്ലാ ആരോഗ്യപദ്ധതി ചുവടെ ചേർക്കുന്നു.

പട്ടിക -4.75

അവസ്ഥാ വിശകലനം

	ആൺ	പെൺ	ആകെ
പട്ടികജാതി	131573	136838	268411
പട്ടികവർഗ്ഗം	8349	8210	16559
കൗമാരപ്രായക്കാർ	247319	234463	481782
ഭിന്നശേഷിയുള്ളവർ	34092	32005	66097

അവലംബം: വകുപ്പു തല റിപ്പോർട്ട്

ഇതരസംസ്ഥാനക്കാർ ജില്ലയിൽ 8 ലക്ഷത്തോളം ഉണ്ടാകും എന്ന് കണക്കാക്കപ്പെടുന്നു.

എറണാകുളം ജില്ല നിലവിലെ ആരോഗ്യ സംവിധാനങ്ങൾ

(പൊതുമേഖലയിൽ)

മെഡിക്കൽ കോളേജ് - 1

ജനറൽ ആശുപത്രി	–	2
ജില്ലാ ആശുപത്രി	–	1
സ്ത്രീകൾക്കും കുട്ടികൾക്കും (WNC)	–	1
താലൂക്ക് ആശുപത്രികൾ	–	11
സാമൂഹിക ആരോഗ്യകേന്ദ്രം	–	23
പ്രാഥമിക ആരോഗ്യകേന്ദ്രം	–	75
നഗരപ്രാഥമിക ആരോഗ്യകേന്ദ്രം	–	15
സബ് സെന്റർ	–	410

മാനവ വിഭവശേഷി (പൊതുമേഖല)

ആകെ 4651-സ്ഥിരം തസ്തികൾ ആരോഗ്യ വകുപ്പിന് ജില്ലയിൽ ഉണ്ട്. അതിൽ 381 തസ്തികൾ നിലവിൽ ഒഴിവുണ്ട്. ഇതു കൂടാതെ ദേശീയ ആരോഗ്യ ദൗത്യത്തിനു കീഴിൽ താത്കാലിക അടിസ്ഥാനത്തിൽ തസ്തികകൾ ഉണ്ട്.

പട്ടിക -4.76

സാംക്രമിക രോഗങ്ങൾ(2017 സെപ്റ്റംബർ 30 വരെ)

രോഗങ്ങൾ	*2017**	*2016*	*2015*
ഡെങ്കിപ്പനി	447	431	243
മലമ്പനി	117	156	184
എലിപ്പനി	76	66	115
മഞ്ഞപിത്തം എ	92	59	81
മഞ്ഞപിത്തം ബി	15	13	16
ടൈഫോയിഡ്	6	20	30
വയറിളക്ക രോഗങ്ങൾ	25910	31086	31006

അവലംബം: വകുപ്പു തല റിപ്പോർട്ട്

സാംക്രമിക രോഗങ്ങൾ ചിത്രം – 4.32



ഡെങ്കിപ്പനി സ്ഥലമാന വിശകലനം

2015 ചിത്രം – 4.33



2016 ചിത്രം – 4.34



2017 ചിത്രം – 4.35



എലിപ്പനി സ്ഥലമാന വിശകലനം 2016 ചിത്രം – 4.36



2017 ചിത്രം – 4.37



മഞ്ഞപിത്തംഎ സ്ഥലമാനവിശകലനം ചിത്രം – 4.38



മഞ്ഞപിത്തംബി സ്ഥലമാനവിശകലനം ചിത്രം – 4.39



ചിത്രം – 4.40



നവജാതശിശുമരണങ്ങൾ, മാതൃമരണങ്ങൾ

2015-2016 വർഷത്തിൽ 135 ശിശുമരണങ്ങളും 2010-2017 കാലഘട്ടത്തിൽ 122 ശിശു മരണങ്ങളും ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശിശുമരണങ്ങളുടെ കാരണങ്ങളിൽ 2016-2017 വർഷത്തിൽ 25 (20%) നായുള്ള ഹൃദയസംബന്ധമായ അസുഖങ്ങൾ ആണെന്ന് സൂചിപ്പിക്കുന്നു. 2015-2016, 2016-2017, വർഷങ്ങളിൽ 7 വീതം മാതൃമരണങ്ങൾ ജില്ലയിൽ ഉണ്ടായിട്ടുണ്ട്.

പ്രതിരോധ കുത്തിവെയ്പ്പ് നിരക്ക്

ജില്ലയിലെ പ്രതിരോധ കുത്തിവെയ്പ്പ് നിരക്ക് ഔദ്യോഗിക കണക്കുകൾ പ്രകാരം 88% ആണ്. നിലവിൽ നടത്തിയ പഠനങ്ങളും 12-23 വയസ്സുവരെ പ്രായമുള്ള കുട്ടികളിലെ പ്രതിരോധ കുത്തിവയ്പ്പ് നിരക്ക് 89% ആണെന്ന് സൂചിപ്പിക്കുന്നു. എന്നാൽ 18 മാസം, നാലര വയസ്സ് എന്നീ സമയങ്ങളിലെ പ്രതിരോധ കുത്തിവയ്പ്പ് നിരക്ക് കുറവാണ് എന്നും പഠനങ്ങൾ സൂചിപ്പിക്കുന്നു.

പട്ടിക – 4.77

	Fully Immunised (12-23 months)	Completely immunized (5-6 year
Kochi & Kanayannur	**89% (275/ 310)**	**72% (217/ 302)**
Aluva & Kunnathunadu	**86.3%(267/310)**	**59.6% (186/312)**
Paravoor	**96% (288/300)**	**82% (246/300)**
Moovattupuzha & Kothamangalam	**96.7% (294/304)**	**66.7% (196/294)**
Total	91.8% (1124/1224)	69.9% (845/1208)

വിളർച്ച

സ്കൂൾ കുട്ടികളിൽ ജില്ലയിലെ വിളർച്ച നിരക്ക് 30% ആണെന്ന് സമീപകാലത്തു നടത്തിയ പഠനം സൂചിപ്പിക്കുന്നു.

പട്ടിക – 4.78

	Severe Anaemia	Moderate Anaemia	Mild Anaemia	No Anaemia
Female	6 (1.3)	20 (4.5)	184 (41.8)	230 (52.3)
Male	1 (0.2)	11 (2.5)	168 (38.2)	260(59.1)
Total	7 (0.8)	31 (3.5)	352 (39.7)	496 (56%)

ജീവിതശൈലീ രോഗങ്ങൾ

ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചു വരുന്നതായി പലപഠനങ്ങളും സൂചിപ്പിക്കുന്നു. ജില്ലയുടെ വിവിധഭാഗങ്ങളിൽ നടത്തിയ പഠനങ്ങളിൽ മുതിർന്നവരിൽ പ്രമേഹരോഗനിരക്ക് 20%, രക്താതിമർദ്ദം 30% ആണെന്ന് കണ്ടെത്തിയിരിക്കുന്നു.

പൊണ്ണത്തടി

സ്കൂൾ കുട്ടികളുടെ ഇടയിൽ പൊണ്ണത്തടി വർദ്ധിക്കുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. 8% പേർ ഭാരക്കൂടുതൽ വിഭാഗത്തിലും 3% ഗുരുതരമായ ഭാരക്കൂടുതൽ വിഭാഗത്തിലും പെടുന്നതായി ജില്ലയിൽ നടത്തിയ പല പഠനങ്ങളും സൂചിപ്പിക്കുന്നു. എന്നാൽ പൊണ്ണത്തടി പ്രായപൂർത്തിയായ സ്ത്രീകളുടെ ഇടയിൽ 55% വരെ ഉണ്ട് എന്നത് ആശങ്ക ഉയർത്തുന്നു.

ശാരീരിക നിഷ്ക്രിയത്വം

സ്ത്രീകളുടെ ഇടയിൽ നടത്തിയ പഠനങ്ങളിൽ 80% പേർക്കും ശാരീരികമായി നിഷ്ക്രിയത്വം ഉള്ളവരാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്.

ലഹരിയുടെ ഉപയോഗം

കൗമാരക്കാരിൽ 15% (23% ആൺകുട്ടികൾ, 6% പെൺകുട്ടികൾ) ഒരിക്കലെങ്കിലും മദ്യം ഉപയോഗിച്ചിട്ടുള്ളവരായും ഇവരിൽ 25% പേർ അപകടകരമായ മദ്യപാനശീലം ഉള്ളവരായും പഠനങ്ങൾ സൂചിപ്പിക്കുന്നു. കൗമാര പ്രായക്കാരിൽ 12% നിലവിൽ പുകവലിക്കുന്നവരായും, 23% പേർ മറ്റൊരാൾ പുറത്തേക്ക് വിടുന്ന പുക സ്ഥിരമായി ശ്വസിക്കുന്നവരാണെന്നും എറണാകുളത്ത് നടത്തിയ മറ്റൊരു പഠനം സൂചിപ്പിക്കുന്നു.

അന്യസംസ്ഥാനക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ

അന്യസംസ്ഥാനത്തു നിന്നുള്ള 8 ലക്ഷത്തോളം പേർ ജില്ലയിൽ ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. അവരുടെ പ്രാഥമിക ശുചിത്വം, വാസസ്ഥലം, എന്നിവിടെ തന്നെ തുടങ്ങുന്ന പ്രശ്നങ്ങൾ, വ്യക്തിശുചിത്വം, അവരുടെ ഇടയിലുള്ള ലഹരി പദാർത്ഥങ്ങളുടെ അധികമായ ഉപയോഗം എന്നിവയും അടിയന്തിര ശ്രദ്ധ ആകർഷിക്കുന്ന വിഷയങ്ങളാണ്. അന്യസംസ്ഥാന തൊഴിലാളികളുടെ ഇടയിൽ ജില്ലയിൽ അടുത്തിടെ നടത്തിയ പഠത്തിൽ മലമ്പനി, മന്ത് എന്നിവയുടെ നിരക്ക് കേരളത്തിലെ സാധാരണക്കാരെക്കാൾ ഇരട്ടി ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഭാഷാ പ്രശ്നങ്ങളും പരിചയമില്ലായ്മയും അവരെ പ്രാഥമിക ആരോഗ്യസേവനങ്ങൾ തേടുവാൻ തടസ്സപ്പെടുത്തുന്നുണ്ട്.

ആദിവാസി മേഖലയും ആരോഗ്യപ്രശ്നങ്ങളും

എറണാകുളം ജില്ലയിലെ കുട്ടമ്പുഴ ജില്ലയിലെ ആദിവാസി മേഖലയിൽ പകർച്ച വ്യാധികളും അതുമായ ബന്ധപ്പെട്ട രോഗങ്ങളും വളരെ കുറവാണ്. എന്നാൽ ഇവരുടെ മരണത്തിന് കാരണമാകുന്ന രോഗങ്ങളിൽ പ്രധാനമായും കാണപ്പെടുന്നത് വിളർച്ച, പോഷകാഹാരക്കുറവ് എന്നിവയാണ്. പോഷകഹാരക്കുറവിനെക്കുറിച്ചുള്ള അറിവില്ലായ്മയാണ് ഈ പ്രദേശങ്ങളിൽ നിലനിൽക്കുന്നത്. ആദിവാസ മേഖലയിൽ

നിലനിൽക്കുന്ന 'വാലായ്മ' എന്ന ആചാരവും സ്ത്രീകളുടെയും ശിശുക്കളുടെയും മരണത്തിന് ആക്കം കൂട്ടുന്നു.

ഈ സാഹചര്യത്തിന് പരിഹാരം കാണുന്നതിനുവേണ്ടി ആരോഗ്യ വകുപ്പും പട്ടികവർഗ്ഗക്ഷേമ വകുപ്പും സംയോജിച്ച് പോഷകാഹാര ലഭ്യത, പ്രതിരോധവത്ക്കരണം എന്നീ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. കുട്ടമ്പുഴ മേഖലയിൽ മാത്രമായി ഇതുമായി ബന്ധപ്പെട്ട് 60 സന്നദ്ധ പ്രവർത്തകരെ നിയോഗിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗവകുപ്പ് കുട്ടമ്പുഴയിൽ മാത്രമായി 24 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ആദിവാസികളിൽ നിലനിൽക്കുന്ന പലരോഗങ്ങൾ കണ്ടെത്തുകയും ചികിത്സയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്.

ചിത്രം – 4.41

ആദിവാസി മേഖല



പട്ടിക – 4.79

Sl No	Name of Settlement	Houses	Population			Tribal communities
			T	M	F	
1	Thera	25	102	59	43	Muthuvan
2	Thalavachapara	64	245	126	119	Muthuvan
3	Kunchippara	45	170	81	89	Muthuvan
4	Manthimedu	47	169	88	81	Muthuvan
5	Variyam	65	236	129	107	Muthuvan, Mannan
6	Thalumkandam	43	147	82	65	Malayan
7	Uriyampetty	74	268	124	144	Muthuvan
8	Vellaramkuth	173	555	265	290	Muthuvan, Malayarayan, Ooralan
9	Pinavoorkudy	322	1152	548	604	Muthuvan, Malayarayan, Ulladan, Malayarayan Christian, Oorali
10	Panthapra	67	220	119	101	Muthuvan, Mannan
11	Elamblassery	128	583	269	314	Muthuvan, Malayarayan, Malayarayan Christian, Ulladan
12	Metnampara	88	281	140	141	Muthuvan, Malayarayan, Malayarayan Christian, Ulladan
13	Kottakuth	13	46	22	24	Muthuvan
14	Njandukulam	13	40	19	21	Muthuvan
	TOTAL	**1167**	**4214**	**2071**	**2143**	

ആദിവാസിമേഖലയിൽ നിലനിൽക്കുന്ന പല ആരോഗ്യപ്രശ്നങ്ങളും വർദ്ധിക്കുന്നതിന് പലകാരണങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ഇവർ വസിക്കുന്ന ഊരുകളിൽ നിന്നും വളരെ അകലെയാണ്. കുട്ടമ്പുഴ ആരോഗ്യ കേന്ദ്രത്തിലേക്ക് എത്തിച്ചേരാൻ വേണ്ട സമയത്തിന്റെ വിശദാംശങ്ങളാണ് പട്ടിക 4.80 ൽ പ്രതിപാദിച്ചിരിക്കുന്നത്.

പട്ടിക – 4.80

SL NO.	PLACE	DISTANCE FROM KUTTAMPUZHA PHC	TIME TAKEN TO TRAVEL { ONE SIDE}
1	ELAMPLASSERRY	20KM	2 Hours
2	KUNCHIPARA	18 KM	1.5 Hours
3	METNAMPARA	20KM	2 Hours
4	PANTHAPARA	5 KM	15 Minutes
5	THALAVECHAPARA	18 KM	1.5 Hours
6	VELLARAMKUTH	16 KM	45minuutes
7	VARIAM	30KM	3 Hours
8	URIYAMPETTI	35KM	3.5 Hours
9	THERA	32KM	3.5 Hours
10	PINOOKUDI	12KM	30minutes

പട്ടിക – 4.81

	Severe Anemia	Moderate Anemia	Mild Anemia	No Anemia	Total
Female	8 (16.3%)	25 (51%)	14 (28.6%)	2 (4.1%)	49 (100%)
Male	2 (8.3%)	3 (12.5%)	11 (45.8%)	8 (33.3%)	24 (100%)
Total	10 (13.7%)	28 (38.4%)	25 (34.2%)	10 (13.7%)	73 (100%)

മാലിന്യസംസ്കരണം

നഗരവത്കരണത്തിന്റെ ഭാഗമായി മാലിന്യങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. മാലിന്യപ്രശ്നങ്ങളും, മാലിന്യങ്ങൾ കാരണം ഉണ്ടാകുന്ന പ്രശ്നങ്ങളും കൈകാര്യം ചെയ്യുവാൻ മാനവശേഷി പര്യാപ്തമല്ല. ജില്ലയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പക്കൽ മാലിന്യത്തിന്റെ കണക്കുകൾ ലഭ്യമല്ല. ശാസ്ത്രീയമായ മാലിന്യ സംസ്കരണം നിലവിലുള്ളത് ചുരുക്കം ചില തദ്ദേശസ്ഥാപനങ്ങളിൽ മാത്രമാണ്. ജൈവമാലിന്യങ്ങൾ സംസ്കരിക്കുവാനുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. ജില്ലയിൽ വർദ്ധിക്കുന്ന പല ആരോഗ്യ പ്രശ്നങ്ങളുടെയും യഥാർത്ഥ കാരണം മാലിന്യം ശരിയായി സംസ്കരിക്കപ്പെടാത്തതാണ്. ജൈവമാലിന്യങ്ങൾ അജൈവ വസ്തുക്കളുടെ കൂടെ കൂട്ടുന്നത് സംസ്ക്കരണം കൂടുതൽ സങ്കീർണ്ണമാക്കുന്നു. സെപ്റ്റിക് മാലിന്യം മലിനജല സംസ്ക്കരണവും ജില്ലയിലെ പ്രധാന പ്രശ്നങ്ങൾ ആണ്. വൻതോതിൽ പല ഇടങ്ങളിലും മഞ്ഞപിത്തം എ പടർന്നു പിടിക്കുന്നത് ഇത്തരം പ്രശ്നങ്ങളെ അടിയന്തിര പ്രാധാന്യം ഉള്ളതായി മാറ്റുന്നു.

സ്വകാര്യ മേഖല

ആരോഗ്യ സംവിധാനങ്ങളിൽ ജില്ലയിൽ സ്വകാര്യ ആശുപത്രികൾക്ക് വ്യക്തമായ പ്രാതിനിധ്യം ഉണ്ട്. 70% രോഗികളും ചികിത്സക്കായി സ്വകാര്യ ആശുപത്രികളിലാണ് എത്തുന്നത്. 65 പ്രധാന ആശുപത്രികളും, 3 മെഡിക്കൽ കോളേജും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു.

4.10 ഹോമിയോപ്പതി വകുപ്പ്

ഇപ്പോഴത്തെ അവസ്ഥ:

എറണാകുളം ജില്ലയിൽ നിലവിൽ 63 ഗവ. ഹോമിയോ ഡിസ്പെൻസറികളും 41 എൻ എച്ച് എം ഡിസ്പെൻസറികളും 3 ആശുപത്രികളും ആണ് ഉള്ളത്. ടി സ്ഥാപനങ്ങളിൽ നിന്ന് പ്രതിവർഷം 21,67,274 രോഗികൾക്ക് ഒ.പി. ചികിത്സയും 8663 രോഗികൾക്ക് ഐ.പി. ചികിത്സയും ലഭ്യമാക്കി വരുന്നു. കൂടാതെ സ്ത്രീകളുടെ ശാരീരിക-മാനസിക പ്രശ്ന പരിഹാര ത്തിനുള്ള സീതാലയം, കുട്ടികളിലെ പഠന-പെരുമാറ്റ-സ്വഭാവ വൈകല്യങ്ങൾ പരിഹരിക്കുന്നതിനുള്ള സദ്ഗമയ ക്ലിനിക്, ജീവിതശൈലീ രോഗനിയന്ത്രണത്തിനുള്ള ആയുഷ്മാൻഭവ ക്ലിനിക്, ലഹരി വിമോചന ക്ലിനിക്, വന്ധ്യതാ നിവാരണ ക്ലിനിക്, സാന്ത്വന ചികിത്സയും ഹോംകെയറും നൽകുന്ന പെയിൻ & പാലിയേറ്റീവ് ക്ലിനിക് തുടങ്ങി നിരവധി സ്പെഷ്യൽ ക്ലിനിക്കുകളും ആശുപത്രിയിൽ കേന്ദ്രീകരിച്ച് നൽകി വരുന്നു. പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുമ്പോൾ സത്വര നിയന്ത്രണത്തിനായി ദ്രുതകർമ്മ പകർച്ചവ്യാധി നിയന്ത്രണസെല്ലും ജില്ലാ മെഡിക്കൽ ഓഫീസ് കേന്ദ്രീകരിച്ച് നടന്നു വരുന്നു.

മനുഷ്യവിഭവശേഷിയുടെയും സാമ്പത്തിക സ്രോതസ്സിന്റെയും ഭൗതിക സൗകര്യങ്ങളുടേയും അപര്യാപ്തതകൾ അതിജീവിച്ചുകൊണ്ടാണ് ഹോമിയോപ്പതി വകുപ്പ് ഇത്രയൊക്കെ സേവനങ്ങൾ നൽകി വരുന്നത്. ഇപ്പോഴത്തെ നിലവാരം മെച്ചപ്പെടുത്തി ഉന്നത ഗുണനിലവാരമുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിന് താഴെപ്പറയുന്ന ന്യൂനതകൾ പരിഹരിക്കപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്.

പട്ടിക -4.82

ജില്ലാ ഹോമിയോ ആശുപത്രി, എറണാകുളം: ലഭ്യമായ സേവനങ്ങൾ

സേവനം (പ്രതിവർഷ രോഗികളുടെ എണ്ണം)	നിലവിലുള്ളത്	അധികമായി ആവശ്യമുള്ളത്	
		ദിവസം, തസ്തിക, എണ്ണം	പ്രതിവർഷ ചെലവ് (രൂ)
റെഗുലർ ഒ.പി.(55500)	എല്ലാദിവസവും	എല്ലാദിവസവും	
ആയുഷ്മാൻഭവ ഒ.പി.(24800)	എല്ലാദിവസവും മെഡിക്കൽ ഓഫീസർ - 1, അറ്റൻഡർ - 1, നാച്ചുറോപ്പതി എം.ഒ. - 1, യോഗ ട്രെയിനർ - 1	എല്ലാദിവസവും ഫാർമസിസ്റ്റ് - 1	2,52,000
സദ്ഗമയ ഒ.പി.(8500)	ചൊവ്വ	എല്ലാദിവസവും മെഡിക്കൽ ഓഫീസർ - 1 ഫാർമസിസ്റ്റ് - 1 അറ്റൻഡർ - 1 സ്പീച്ച് തെറാപ്പിസ്റ്റ്- 1 സൈക്കോളജിസ്റ്റ്- 1	 4,98,000 2,52,000 2,08,000 2,52,000 4,98,000
പെയിൻ & പാലിയേറ്റീവ് കെയർ ഒ.പി.(250)	വ്യാഴം	എല്ലാദിവസവും മെഡിക്കൽ ഓഫീസർ - 1 ഫാർമസിസ്റ്റ് - 1 അറ്റൻഡർ - 1 പാലിയേറ്റീവ് നഴ്സ് - 1	 4,98,000 2,52,000 2,08,000 2,52,000
പെയിൻ & പാലിയേറ്റീവ് കെയർ ഹോംകെയർ (260)	തിങ്കൾ, വ്യാഴം	തിങ്കൾ, വ്യാഴം	
ഐ.പി.ചികിത്സ(2450)	എല്ലാദിവസവും	എല്ലാദിവസവും	
ലബോറട്ടറി	എല്ലാദിവസവും	എല്ലാദിവസവും	
സീതാലയം	ഇല്ല	എല്ലാദിവസവും മെഡിക്കൽ ഓഫീസർ - 1 ഫാർമസിസ്റ്റ് - 1 അറ്റൻഡർ - 1	 4,98,000 2,52,000 2,08,000

		ഡി.റ്റി.പി. ഓപ്പറേറ്റർ - 1	2,39,000
വന്ധ്യതാ നിവാരണ ക്ലിനിക്ക്	ഇല്ല	എല്ലാദിവസവും മെഡിക്കൽ ഓഫീസർ - 1 ഫാർമസിസ്റ്റ് - 1 അറ്റൻഡർ - 1 ഡി.റ്റി.പി. ഓപ്പറേറ്റർ - 1	 4,98,000 2,52,000 2,08,000 2,39,000
ലഹരി വിമോചന ക്ലിനിക്ക്	ഇല്ല	എല്ലാദിവസവും മെഡിക്കൽ ഓഫീസർ - 1 ഫാർമസിസ്റ്റ് - 1 അറ്റൻഡർ - 1 ഡി.റ്റി.പി. ഓപ്പറേറ്റർ - 1	 4,98,000 2,52,000 2,08,000 2,39,000
ജെറിയാട്രി ക്ലിനിക്ക്	ഇല്ല	എല്ലാദിവസവും മെഡിക്കൽ ഓഫീസർ - 1 ഫാർമസിസ്റ്റ് - 1 അറ്റൻഡർ - 1 ഡി.റ്റി.പി. ഓപ്പറേറ്റർ - 1	 4,98,000 2,52,000 2,08,000 2,39,000

പട്ടിക - 4.83 ജീവനക്കാരുടെ എണ്ണം

തസ്തിക	നിലവിലുള്ള എണ്ണം	അധികമായി ആവശ്യമുള്ളവ	
		എണ്ണം	പ്രതിവർഷ ചെലവ് (രൂ)
സൂപ്രണ്ട്	1	0	ഇല്ല
മെഡിക്കൽ ഓഫീസർ	1	2	9,96,000
ആർ.എം.ഒ.	1	0	ഇല്ല
മെഡിക്കൽ ഓഫീസർ (ആയുഷ്)	1	1	4,98,000
നഴ്സ്	3	2	5,04,000
ഫാർമസിസ്റ്റ്	1	2	2,52,000
നഴ്സിംഗ് അസിസ്റ്റന്റ്	3	2	4,16,000
ലാബ് ടെക്നീഷ്യൻ	1	1	2,77,000
ലാബ് അസിസ്റ്റന്റ്	1	1	2,08,000
ക്ലീനർ	1	1	2,08,000
സ്വീപ്പർകംസാനിട്ടേഷൻ വർക്കർ	1	1	2,08,000
കുക്ക്	1	1	2,08,000
ക്ലർക്ക്	1	1	2,39,000
ഓഫീസ് അറ്റൻഡന്റ്	1	1	2,08,000
നൈറ്റ് വാച്ചർ	ഇല്ല	1	2,08,000
ഡ്രൈവർകംഒ.എ.	ഇല്ല	1	2,08,000
ആംബുലൻസ് ഡ്രൈവർ	ഇല്ല	1	2,08,000
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്	ഇല്ല	1	4,98,000
ഫിസിയോതെറാപ്പിസ്റ്റ്	ഇല്ല	1	4,98,000
സ്പെഷ്യൽ എഡുക്കേഷൻ ടീച്ചർ	ഇല്ല	1	3,10,000
ഡി.റ്റി.പി. ഓപ്പറേറ്റർ	ഇല്ല	1	2,39,000

പട്ടിക - 4.84
ഭൗതിക സൗകര്യങ്ങൾ

ഇനം	നിലവിലുള്ളത്	അധികമായി ആവശ്യമുള്ളത്	
		എണ്ണം	പ്രതിവർഷ ചെലവ് (രൂ)
ഐ.പി.ബ്ലോക്ക്	കാലപ്പഴക്കത്താൽ ഉപയോഗശൂന്യം	പുതിയത്	4,00,00,000
ഒ.പി.ബ്ലോക്ക്	2 നില	4 നില	1,00,00,000

സൗരോർജ്ജ സംവിധാനം	ഇല്ല	10 കെവിഎ	12,00,000
ജനറേറ്റർ	ഇല്ല	10 കെവിഎ	15,00,000
ലാബ് ആധുനികവത്ക്കരണം	സെമി അനലൈസറുകൾ	ഫുള്ളി ഓട്ടോമേറ്റഡ്	20,00,000
വാഹനം	ഇല്ല	1	15,00,000
ആംബുലൻസ്	ഇല്ല	1	22,00,000
എൽ.സി.ഡി. പ്രൊജക്ടർ	ഇല്ല	1	70,000
പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം	ഇല്ല	1	40,000
എയർ കണ്ടീഷനിംഗ്	ഇല്ല	15	6,00,000
കമ്പ്യൂട്ടർ	4	10	5,00,000
മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ (ഖര ബയോ മെഡിക്കൽ)	ഇല്ല	1	6,00,000
മഴവെള്ള സംഭരണി	ഇല്ല	11	3,00,000

പട്ടിക – 4.85

ഗവൺമെന്റ് ഹോമിയോ ആശുപത്രി, മൂവാറ്റുപുഴ, ലഭ്യമായ സേവനങ്ങൾ

സേവനം (പ്രതിവർഷ രോഗികളുടെ എണ്ണം)	**നിലവിലുള്ളത്**	**അധികമായി ആവശ്യമുള്ളത്**	
		ദിവസം, തസ്തിക, എണ്ണം	**പ്രതിവർഷ ചെലവ് (രൂ)**
റെഗുലർ ഒ.പി.(69877)	എല്ലാദിവസവും	എല്ലാദിവസവും	
ആയുഷ്മാൻഭവഒ.പി.(24800)	ഇല്ല	എല്ലാദിവസവും മെഡിക്കൽ ഓഫീസർ – 1 ഫാർമസിസ്റ്റ് – 1 അറ്റൻഡർ – 1 നാച്ചുറോപ്പതി എം.ഒ.–1 യോഗ ട്രെയിനർ – 1	4,98,000 2,52,000 2,08,000 4,98,000 3,60,000
സദ്ഗമയ ഒ.പി.(4646)	ചൊവ്വഒഴികെ എല്ലാ ദിവസവും മെഡിക്കൽ ഓഫീസർ – 1	എല്ലാദിവസവും മെഡിക്കൽ ഓഫീസർ – 1 ഫാർമസിസ്റ്റ് – 1 അറ്റൻഡർ – 1 സ്പീച്ച് തെറാപ്പിസ്റ്റ്– 1 സൈക്കോളജിസ്റ്റ്– 1	4,98,000 2,52,000 2,08,000 2,52,000 4,98,000
പെയിൻ & പാലിയേറ്റീവ് കെയർ ഒ.പി.	ഇല്ല	എല്ലാദിവസവും മെഡിക്കൽ ഓഫീസർ – 1 ഫാർമസിസ്റ്റ് – 1 അറ്റൻഡർ – 1 പാലിയേറ്റീവ് നഴ്സ് – 1	4,98,000 2,52,000 2,08,000 2,52,000
പെയിൻ & പാലിയേറ്റീവ് കെയർ ഹോംകെയർ	ഇല്ല	ആഴ്ചയിൽ രണ്ട് ദിവസം	
ഐ.പി.ചികിത്സ(2337)	ഇല്ല	എല്ലാദിവസവും	
ലബോറട്ടറി(6100)	എല്ലാദിവസവും	എല്ലാദിവസവും	

സീതാലയം (1187)	എല്ലാദിവസവും മെഡിക്കൽ ഓഫീസർ - 1 ഫാർമസിസ്റ്റ് - 1 അറ്റൻഡർ - 1 ഡി.റ്റി.പി. ഓപ്പറേറ്റർ - 1 സൈക്കോളജിസ്റ്റ് - 1	എല്ലാദിവസവും മെഡിക്കൽ ഓഫീസർ - 1	4,98,000
വന്ധ്യതാ നിവാരണ ക്ലിനിക്ക് (2732)	ബുധൻ	എല്ലാദിവസവും മെഡിക്കൽ ഓഫീസർ - 1 ഫാർമസിസ്റ്റ് - 1 അറ്റൻഡർ - 1 ഡി.റ്റി.പി. ഓപ്പറേറ്റർ - 1	4,98,000 2,52,000 2,08,000 2,39,000
ലഹരി വിമോചന ക്ലിനിക്ക് (2050)	ചൊവ്വ	എല്ലാദിവസവും മെഡിക്കൽ ഓഫീസർ - 1 ഫാർമസിസ്റ്റ് - 1 അറ്റൻഡർ - 1 ഡി.റ്റി.പി. ഓപ്പറേറ്റർ - 1	4,98,000 2,52,000 2,08,000 2,39,000
ജെറിയാട്രി ക്ലിനിക്ക്	ഇല്ല	എല്ലാദിവസവും മെഡിക്കൽ ഓഫീസർ - 1 ഫാർമസിസ്റ്റ് - 1 അറ്റൻഡർ - 1 ഡി.റ്റി.പി. ഓപ്പറേറ്റർ - 1	4,98,000 2,52,000 2,08,000 2,39,000

പട്ടിക - 4.86

ജീവനക്കാരുടെ എണ്ണം

തസ്തിക	നിലവിലുള്ള എണ്ണം	അധികമായി ആവശ്യമുള്ളവ	
		എണ്ണം	പ്രതിവർഷ ചെലവ് (രൂ)
സൂപ്രണ്ട്	1	0	ഇല്ല
മെഡിക്കൽ ഓഫീസർ	1	2	9,96,000
ആർ.എം.ഒ.	1	0	ഇല്ല
മെഡിക്കൽ ഓഫീസർ (ആയുഷ്)	1	1	4,98,000
നഴ്സ്	3	2	5,04,000
ഫാർമസിസ്റ്റ്	1	2	2,52,000
നഴ്സിംഗ് അസിസ്റ്റന്റ്	3	2	4,16,000
ലാബ് ടെക്നീഷ്യൻ	1	1	2,77,000
ലാബ് അസിസ്റ്റന്റ്	1	1	2,08,000
ക്ലീനർ	1	1	2,08,000
സ്വീപ്പർകംസാനിട്ടേഷൻ വർക്കർ	1	1	2,08,000
കുക്ക്	1	1	2,08,000
ക്ലർക്ക്	1	1	2,39,000
ഓഫീസ് അറ്റൻഡന്റ്	1	1	2,08,000
നൈറ്റ് വാച്ചർ	ഇല്ല	1	2,08,000
ഡ്രൈവർകംഒ.എ.	ഇല്ല	1	2,08,000
ആംബുലൻസ് ഡ്രൈവർ	ഇല്ല	1	2,08,000

ക്ലിനിക്കൽ സൈക്കോളജിസ്റ്റ്	ഇല്ല	1	4,98,000
ഫിസിയോതെറാപ്പിസ്റ്റ്	ഇല്ല	1	4,98,000
സ്പെഷ്യൽ എഡുക്കേഷൻ ടീച്ചർ	ഇല്ല	1	3,10,000
ഡി.റ്റി.പി. ഓപ്പറേറ്റർ	ഇല്ല	1	2,39,000

പട്ടിക – 4.87

ഭൗതിക സൗകര്യങ്ങൾ

ഇനം	നിലവിലുള്ളത്	അധികമായി ആവശ്യമുള്ളത്	
		എണ്ണം	പ്രതിവർഷ ചെലവ് (രൂ)
ഐ.പി.ബ്ലോക്ക്	അപര്യാപ്തം	പുതിയത്	1,50,00,000
ഒ.പി.ബ്ലോക്ക്	നിലവിൽ 1 നില ഉണ്ട്	4 നില	50,00,000
സൗരോർജ്ജ സംവിധാനം	ഇല്ല	10 കെവിഎ	12,00,000
ജനറേറ്റർ	ഇല്ല	10 കെവിഎ	15,00,000
ലാബ് ആധുനികവത്ക്കരണം	സെമിഅനലൈസറുകൾ	ഫുള്ളിഓട്ടോമേറ്റഡ്	20,00,000
വാഹനം	ഇല്ല	1	15,00,000
ആംബുലൻസ്	ഇല്ല	1	22,00,000
എൽ.സി.ഡി. പ്രൊജക്ടർ	ഇല്ല	1	70,000
പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം	ഇല്ല	1	40,000
എയർ കണ്ടീഷനിംഗ്	ഇല്ല	15	6,00,000
കമ്പ്യൂട്ടർ	4	10	5,00,000
ടോക്കൺ സിസ്റ്റം, സി.സി.ടി.വി. തുടങ്ങിയവ	ഇല്ല	5	2,00,000
മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ (ഖര ബയോ മെഡിക്കൽ)	ഇല്ല	1	6,00,000
മഴവെള്ള സംഭരണി	ഇല്ല	1	3,00,000

പട്ടിക – 4.88

ഗവൺമെന്റ് ഹോമിയോ ആശുപത്രി, നോർത്ത് പറവൂർ, ലഭ്യമായ സേവനങ്ങൾ

തസ്തിക	നിലവിലുള്ളത്	അധികമായി ആവശ്യമുള്ളത്	
		ദിവസം, തസ്തിക, എണ്ണം	പ്രതിവർഷ ചെലവ് (രൂ)
റെഗുലർ ഒ.പി.(59494)	എല്ലാദിവസവും	എല്ലാദിവസവും	
സദ്ഗമയ ഒ.പി.(1040)	ബുധൻ	എല്ലാദിവസവും മെഡിക്കൽ ഓഫീസർ – 1 ഫാർമസിസ്റ്റ് – 1 അറ്റൻഡർ – 1	 4,98,000 2,52,000 2,08,000

		സ്പീച്ച് തെറാപ്പിസ്റ്റ്- 1 സൈക്കോളജിസ്റ്റ്- 1	2,52,000 4,98,000
പെയിൻ & പാലിയേറ്റീവ് കെയർ ഒ.പി.	ഇല്ല	എല്ലാദിവസവും മെഡിക്കൽ ഓഫീസർ - 1 ഫാർമസിസ്റ്റ് - 1 അറ്റൻഡർ - 1 പാലിയേറ്റീവ് നഴ്സ് - 1	4,98,000 2,52,000 2,08,000 2,52,000
പെയിൻ & പാലിയേറ്റീവ് കെയർ ഹോംകെയർ	ഇല്ല	തിങ്കൾ, വ്യാഴം	
ഐ.പി.ചികിത്സ(2671)	എല്ലാദിവസവും	എല്ലാദിവസവും	
ലബോറട്ടറി(11000)	എല്ലാദിവസവും	എല്ലാദിവസവും	
സീതാലയം	ഇല്ല	എല്ലാദിവസവും മെഡിക്കൽ ഓഫീസർ - 1 ഫാർമസിസ്റ്റ് - 1 അറ്റൻഡർ - 1 ഡി.റ്റി.പി. ഓപ്പറേറ്റർ - 1	4,98,000 2,52,000 2,08,000 2,39,000
വന്ധ്യതാ നിവാരണ ക്ലിനിക്ക്	ഇല്ല	എല്ലാദിവസവും മെഡിക്കൽ ഓഫീസർ - 1 ഫാർമസിസ്റ്റ് - 1 അറ്റൻഡർ - 1 ഡി.റ്റി.പി. ഓപ്പറേറ്റർ - 1	4,98,000 2,52,000 2,08,000 2,39,000
ലഹരി വിമോചന ക്ലിനിക്ക്	ഇല്ല	എല്ലാദിവസവും മെഡിക്കൽ ഓഫീസർ - 1 ഫാർമസിസ്റ്റ് - 1 അറ്റൻഡർ - 1 ഡി.റ്റി.പി. ഓപ്പറേറ്റർ - 1	4,98,000 2,52,000 2,08,000 2,39,000
ജെറിയാട്രി ക്ലിനിക്ക്	ഇല്ല	എല്ലാദിവസവും മെഡിക്കൽ ഓഫീസർ - 1 ഫാർമസിസ്റ്റ് - 1 അറ്റൻഡർ - 1 ഡി.റ്റി.പി. ഓപ്പറേറ്റർ - 1	4,98,000 2,52,000 2,08,000 2,39,000

പട്ടിക - 4.89

ജീവനക്കാരുടെ എണ്ണം

തസ്തിക	നിലവിലുള്ള എണ്ണം	അധികമായി ആവശ്യമുള്ളവ	
		എണ്ണം	പ്രതിവർഷ ചെലവ് (രൂ)
സൂപ്രണ്ട്	1	0	ഇല്ല
മെഡിക്കൽ ഓഫീസർ	1	2	9,96,000
ആർ.എം.ഒ.	1	0	ഇല്ല
മെഡിക്കൽ ഓഫീസർ (ആയുഷ്)	1	1	4,98,000
നഴ്സ്	3	2	5,04,000
ഫാർമസിസ്റ്റ്	1	2	2,52,000
നഴ്സിംഗ് അസിസ്റ്റന്റ്	3	2	4,16,000
ലാബ് ടെക്നീഷ്യൻ	1	1	2,77,000
ലാബ് അസിസ്റ്റന്റ്	1	1	2,08,000
ക്ലീനർ	1	1	2,08,000

സ്വീപ്പർകംസാനിട്ടേഷൻ വർക്കർ	1	1	2,08,000
കുക്ക്	1	1	2,08,000
ക്ലർക്ക്	1	1	2,39,000
ഓഫീസ് അറ്റൻഡന്റ്	1	1	2,08,000
നൈറ്റ് വാച്ചർ	ഇല്ല	1	2,08,000
ഡ്രൈവർകംഒ.എ.	ഇല്ല	1	2,08,000
ആംബുലൻസ് ഡ്രൈവർ	ഇല്ല	1	2,08,000
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്	ഇല്ല	1	4,98,000
ഫിസിയോതെറാപ്പിസ്റ്റ്	ഇല്ല	1	4,98,000
സ്പെഷ്യൽ എഡുക്കേഷൻ ടീച്ചർ	ഇല്ല	1	3,10,000
ഡി.റ്റി.പി. ഓപ്പറേറ്റർ	ഇല്ല	1	2,39,000

പട്ടിക – 4.90

ഭൗതിക സൗകര്യങ്ങൾ

ഇനം	നിലവിലുള്ളത്	അധികമായി ആവശ്യമുള്ളത്	
		എണ്ണം	പ്രതിവർഷ ചെലവ് (രൂ)
ഐ.പി.ബ്ലോക്ക്	കാലപ്പഴക്കത്താൽ ഉപയോഗശൂന്യം	പുതിയത്	4,00,00,000
ഒ.പി.ബ്ലോക്ക്	2 നില	4 നില	1,00,00,000
സൗരോർജ്ജ സംവിധാനം	ഇല്ല	10 കെവിഎ	12,00,000
ജനറേറ്റർ	ഇല്ല	10 കെവിഎ	15,00,000
ലാബ് ആധുനികവത്ക്കരണം	സെമിഅനലൈസറുകൾ	ഫുള്ളിഓട്ടോമേറ്റഡ്	20,00,000
വാഹനം	ഇല്ല	1	15,00,000
ആംബുലൻസ്	ഇല്ല	1	22,00,000
എൽ.സി.ഡി. പ്രൊജക്ടർ	ഇല്ല	1	70,000
പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം	ഇല്ല	1	40,000
എയർ കണ്ടീഷനിംഗ്	ഇല്ല	15	6,00,000
കമ്പ്യൂട്ടർ	4	10	5,00,000
ടോക്കൺ സിസ്റ്റം, സി.സി.ടി.വി. തുടങ്ങിയവ	ഇല്ല	5	2,00,000
മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ (ഖര ബയോ മെഡിക്കൽ)	ഇല്ല	1	6,00,000
മഴവെള്ള സംഭരണി	ഇല്ല	1	3,00,000

ചിത്രം – 4.42

ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തിലെ ഹോമിയോ ചികിത്സാലയം



മൊബൈൽ ക്ലിനിക്ക്

ജില്ലയിൽ ചികിത്സാ സൗകര്യങ്ങളും വാഹന സൗകര്യങ്ങളും വളരെ പരിമിതമായ കിഴക്കൻ മേഖലയിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കവസ്ഥയിലുള്ളവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി ജില്ലയിൽ ഒരു മൊബൈൽ ക്ലിനിക്ക് സജ്ജീകരിക്കേണ്ടത് അത്യാവശ്യമാണ്. അതിനായി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റും ഒരുക്കേണ്ടതാണ്.

ആഫ്റ്റർ – നൂൺ ഒ. പി.

ജില്ലയിലെ താലൂക്കുകളിൽ പ്രവർത്തിക്കുന്ന 11 ഡിസ്പെൻസറികളിൽ പ്രതിദിനം 100ൽ കൂടുതൽ രോഗികൾ ചികിത്സ തേടിയെത്തുന്നതിനാൽ അവിടങ്ങളിൽ ക്ലിനിക്കൽ ലബോറട്ടറിയും ഉച്ചയ്ക്ക് ശേഷം 2 മുതൽ 5 വരെ അധിക ഒ.പി.യും പ്രവർത്തിപ്പിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കേണ്ടത് ആവശ്യമാണ്.

വന്ധ്യതാ നിവാരണ ആശുപത്രി

നിലവിൽ മൂവാറ്റുപുഴ ഗവ. ഹോമിയോ ആശുപത്രിയിൽ സീതാലയം പദ്ധതിയോടനുബന്ധിച്ച് ആഴ്ചയിൽ ഒരു ദിവസം മാത്രം പ്രവർത്തിച്ചു വരുന്ന വന്ധ്യതാ നിവാരണ ക്ലിനിക്കിൽ എത്തുന്ന രോഗികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനയാണ് കണ്ടുവരുന്നത്. കുറഞ്ഞ ചെലവിൽ ഫലപ്രദമായ ചികിത്സ എല്ലാവർക്കും ലഭ്യമാക്കുവാൻ ഹോമിയോപ്പതിയുടെ അനന്തസാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനായി എറണാകുളം ജില്ലയിൽ ഒരു വന്ധ്യതാ നിവാരണ ആശുപത്രിയും കൂടുതൽ . ജീവനക്കാരും ഭൗതികസൗകര്യങ്ങളും അത്യന്താപേക്ഷിതമാണ്.

ദ്രുതകർമ്മ സാംക്രമികരോഗനിയന്ത്രണസെൽ

ജില്ലാ മെഡിക്കൽ ഓഫീസറുടെ നേരിട്ടിള്ള നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ദ്രുതകർമ്മ സാംക്രമിക രോഗനിയന്ത്രണസെൽ (RAECH) ആണ് ഇപ്പോൾ ഹോമിയോപ്പതി വകുപ്പിന്റെ സാംക്രമികരോഗ നിയന്ത്രണപരിപാടികൾക്ക് നേതൃത്വം നൽകി വരുന്നത്. മുൻകാലങ്ങളിൽ ചിക്കുൻഗുനിയ, ഡെങ്കിപ്പനി, ജപ്പാൻജ്വരം, പക്ഷിപ്പനി, ചിക്കൻപോക്സ് തുടങ്ങിയ പകർച്ച വ്യാധികൾ പൊട്ടിപ്പുറപ്പെട്ടപ്പോൾ എല്ലാം തന്നെ ഹോമിയോപ്പതി വകുപ്പിന്റെ ഈ വിഭാഗം സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് കാഴ്ച വെച്ചിട്ടുള്ളത്. ജില്ലയിലെ 104 ഡിസ്പെൻസറികളിലും 3 ആശുപത്രികളിലും നിന്ന് പ്രതിവർഷം 10 ലക്ഷത്തിൽപരംപേർക്ക് പ്രതിരോധ മരുന്നു വിതരണം ചെയ്യുകയും പ്രതിരോധ മരുന്ന് കൃത്യമായി കഴിച്ചവരിൽ രോഗപ്രതിരോധം സാധ്യമാകുകയും ചെയ്തിട്ടുണ്ട്. മനുഷ്യവിഭവശേഷിയുടെയും സാമ്പത്തിക സ്രോതസ്സിന്റെയും ഭൗതിക സൗകര്യങ്ങളുടെയും അപര്യാപ്തതകൾ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് തടസ്സമാകാറുണ്ട്.

4.11 ആയുർവേദം

ഭാരതീയ ചികിത്സാ സമ്പ്രദായമായ ആയുർവേദം സർക്കാർ തലത്തിലും സ്വകാര്യ മേഖലയിലും വേരൂന്നിയിട്ടുള്ള എറണാകുളം ജില്ലയിൽ സർക്കാർ മേഖലയിൽ 14 ആയുർവേദ ആശുപത്രികളും, 68 ഡിസ്പെൻസറികളും, 22 എൻ.എച്ച്.എം താൽക്കാലിക ഡിസ്പെൻസറികളും നിലവിലുണ്ട്. പിണവൂർക്കുടിയിൽ ഗിരിവർഗ്ഗത്തിനായി ഒരു ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു. എറണാകുളം ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ സ്ഥാപനങ്ങൾ നിലവിലുണ്ട്. ജില്ലാ ആയുർവേദ ആശുപത്രി കച്ചേരിപ്പടിയിലും താലൂക്ക് ആയുർവേദ ആശുപത്രി പെരുമ്പാവൂരും സ്ഥിതി ചെയ്യുന്നു.

പട്ടിക – 4.91

ജില്ലാ പഞ്ചായത്ത് പരിധിയിൽ	–	1 സ്ഥാപനം
കോർപ്പറേഷൻ പരിധിയിൽ	–	4 സ്ഥാപനങ്ങൾ
മുൻസിപ്പാലിറ്റി പരിധിയിൽ	–	14 സ്ഥാപനങ്ങൾ
ഗ്രാമപഞ്ചായത്ത് പരിധിയിൽ	–	86 സ്ഥാപനങ്ങൾ

എറണാകുളം ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ദിവസംതോറും അനേകായിരം രോഗികൾ ചികിത്സ തേടി വരുന്നു. ഇതിന്റെ സ്ഥിതി വിവരകണക്കുകൾ അനുബന്ധം 4.6 ൽ ചേർക്കുന്നു.

പട്ടിക – 4.92

NO. OF IN PATIENTS & OUT PATIENTS TREATED IN THE AYURVEDA HOSPITAL DURING THE YEAR 2016-17

Sl.No	Name of Institution	Men	Women	Children	Men	Women	Children
1.	GAH, ALUVA	104	138	1	18930	26278	2085
2.	GAH, CHERUVATTOOR	104	159	2	13658	20612	4188
3.	DIST. AYURVEDA HOSPITAL,	203	289	28	69560	101441	4619
4.	GAH, KADAMAKDUY	26	40	2	9820	13560	1659
5.	GAH, KOOTHATTUKULAM	103	160	0	13795	16881	1606
6.	GAH, MANNATHOOR	61	108	5	7456	13100	917
7.	GAH, MATTANCHERY	69	84	5	14250	29825	1648
8.	GAH, MUVATTUPUZHA	65	91	4	11006	19825	1277
9.	GAH, NAYARAMBALAM	86	104	5	19343	31134	825
10.	GAH, NORTH PARAVOOR	330	303	4	28891	40316	3062
11.	GAH, PALAKUZHA	111	202	9	11233	13254	2509
12.	GAH,PALLIPURAM	65	73	3	12104	18020	823
13.	GAH, PERUMBAVOOR	57	78	2	23103	30120	2598
14.	GAH, PIRAVOM	54	129	6	14264	28756	4446

ചിത്രം – 4.42
നായരമ്പലം ഗ്രാമ പഞ്ചായത്തിലെ ആയുർവേദ ഫിസിയോ തെറാപ്പി യൂണിറ്റ്



ഭാവി പരിപ്രേക്ഷ്യം

വീക്ഷണം

- ❖ കുറഞ്ഞ ചിലവിൽ കൂടുതൽ മെച്ചപ്പെട്ട ചികിത്സ രോഗികൾക്ക് ഉറപ്പുവരുത്തുക
- ❖ ആയുഷ് ചികിത്സാ സമ്പ്രദായങ്ങളെ പുനരുജ്ജീവിപ്പിക്കുക വഴി അവയെ ആരോഗ്യ പരിപാലന രംഗത്ത് പ്രമുഖ സ്ഥാനത്തെത്തിക്കുക.
- ❖ ഭൗതിക സാഹചര്യങ്ങളുടെയും മാനവ വിഭവങ്ങളുടെയും അപര്യാപ്തത നേരിടുന്ന മേഖലകളിൽ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുക.
- ❖ ഭാരതീയ ചികിത്സാ വകുപ്പിനെ ഇതര വകുപ്പുകളുമായി സംയോജിപ്പിച്ച് (ഉദാ. ടൂറിസം വകുപ്പ്, കൃഷി വകുപ്പ് തുടങ്ങിയവ) കൂടുതൽ മെച്ചപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കുക.
- ❖ എല്ലാ ചികിത്സകളുടെയും ഗുണഫലങ്ങൾ ഒന്നിച്ച് ഒരു രോഗിക്ക് ലഭിക്കത്തക്കവിധം ഒരു □ഹോളിസ്റ്റിക്ക്□ ചികിത്സാ സമ്പ്രദായം രൂപപ്പെടുത്തിയെടുക്കുക.

4.12 കുടിവെള്ളം



സമസ്ത ജീവജാലങ്ങളുടെയും നിലനിൽപ്പിനു ജലം അത്യന്താപേക്ഷിതമാകുന്നു. വെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക എന്നത് മറ്റേതൊരു പ്രവൃത്തിയേക്കാളും പ്രാധാന്യം അർഹിക്കുന്നു. എറണാകുളം ജില്ലയിൽ കിണർ, കുളം, മറ്റു ജലാശയങ്ങൾ എന്നീ പരമ്പരാഗത സ്രോതസ്സുകൾ കൂടാതെ കേരള ജല അതോറിട്ടി വിവിധ ശുദ്ധജല പദ്ധതികളും നടപ്പിലാക്കി വരുന്നു. നമ്മുടെ ജില്ലയിലെ പ്രധാന കുടിവെള്ള സ്രോതസ്സിനായി ആശ്രയിക്കുന്ന നദികൾ പെരിയാറും മൂവ്വാറ്റുപുഴയാറും ആകുന്നു. പ്രധാനപ്പെട്ട കുടിവെള്ള പദ്ധതികളെല്ലാം ഈ നീർത്തടങ്ങളെ ആശ്രയിച്ചാകുന്നു രൂപപ്പെടുത്തിയിട്ടുള്ളത്. കുളങ്ങളിലെ വെള്ളം പൊതുവെ കുടിക്കുന്നതിനായി ഉപയോഗിക്കുന്നില്ല. എന്നാൽ കുളിക്കുന്നതിനും വസ്ത്രം നനക്കുന്നതിനുമായി ഉപയോഗിക്കുന്നു. നമ്മുടെ കിണറുകൾ പ്രതിദിനം 1500 ലിറ്റർ ജലലഭ്യത ശേഷിയുള്ളവയാകുന്നു. ഇവയിൽ 35% ഉം വേനൽക്കാലത്ത് വറ്റുന്നവയാകുന്നു. ഇവയിൽ നിന്നെല്ലാം കൂടി പ്രതിദിനം 116.15 ദശലക്ഷം ജലം ലഭിക്കുമെന്ന് കണകാക്കാം. എറണാകുളം ജില്ലയിൽ ഇപ്പോൾ ആവശ്യമായ കുടിവെള്ളത്തിന്റെ അളവ് 985.72 ദശലക്ഷം ആകുന്നു. ഇപ്പോൾ ലഭ്യമായ കുടിവെള്ളം 701.86 ദശലക്ഷം ആകുന്നു. ആകെ ലഭ്യമായ കുടിവെള്ളം 71% ആകുന്നു. കേരള ജല അതോറിട്ടി ഉത്പാദിപ്പിക്കുനന ജലം 617.30 ദശലക്ഷം ആകുന്നു. കേരള ജല അതോറിട്ടി 585.71 ദശലക്ഷം കുടിവെള്ളം വിതരണം ചെയ്യുന്നു. ആകെ ജനസംഖ്യയായ 3282388 ൽ 1949738 പേർക്ക് കുടിവെള്ളം ലഭ്യമാകുന്നു. 59.40% ആകുന്നു ഇത്. കോർപ്പറേഷൻ പരിധിയിൽ 637583 പേർക്കും, മുനിസിപ്പൽ പരിധിയിൽ 552555 പേർക്കും പഞ്ചായത്ത് പരിധിയിൽ 2097280 പേർക്കും കുടിവെള്ളം ലഭ്യമാകുന്നു.

ഇപ്പോൾ 1949738 വീടുകളിൽ കുടിവെള്ളം കൊടുക്കുന്നുണ്ട്. ഇത് കോർപ്പറേഷൻ പരിധിയിൽ 158535 ഉം മുനിസിപ്പാലിറ്റിയിൽ 133246 ഉം പഞ്ചായത്തുകളിൽ 561973 ഉം ആകുന്നു. ആകെ 435514 ഗാർഹിക കണക്ഷനുകൾ ഉണ്ട്. എന്നാൽ കോട്ടപ്പടി, കുന്നത്തുനാട്, രാമമംഗലം എന്നീ പഞ്ചായത്തുകളിൽ ഭാഗികമായി കുടിവെള്ളം ലഭ്യമാകുന്നു. കൂടാതെ മഞ്ഞപ്ര, അയ്യമ്പുഴ, മലയാറ്റൂർ-നീലേശ്വരം, മുടക്കുഴ, വേങ്ങൂർ, അശമന്നൂർ, മഴുവന്നൂർ, പാമ്പാക്കുട, പല്ലാരിമംഗലം, പോത്താനിക്കാട് എന്നീ പഞ്ചായത്തുകളിൽ കേരള ജല അതോറിറ്റിയുടെ ജലവിതരണം തീരെയില്ല. കേരള ജല അതോറിട്ടി പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഒരു വ്യക്തിയുടെ പ്രതിദിന ഉപഭോഗം നഗരപ്രദേശങ്ങളിൽ 150 ലിറ്ററും ഗ്രാമപ്രദേശങ്ങളിൽ 100 ലിറ്ററുമായി കണക്കാക്കിവരുന്നു. ഇതു കൂടാതെ മറ്റ് സാമൂഹിക ആവശ്യങ്ങൾക്കായി 200 ലിറ്റർ ഒരാൾക്ക് അധികമായി വരുന്നു. ഇതിനു പുറമെ നഗരപ്രദേശങ്ങളിലെ ഫ്ളോട്ടിങ്ങ് ജനസംഖ്യ മൂലമുണ്ടാകുന്ന അധിക ഉപഭോഗവും വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കു വേണ്ടിവരുന്ന അവശ്യകതയും കണക്കിലെടുത്ത് കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

ജല അതോറിട്ടിയുടെ കുടിവെള്ള പദ്ധതികൾ

ജല അതോറിട്ടിയുടെ ചെറുതും വലുതുമായ ശുദ്ധീകരണശാലയോടുകൂടിയ 40 പദ്ധതികൾ ജില്ലയിലുണ്ട്. ഇവയിലെല്ലാമായി 617.30 ദശലക്ഷം ലിറ്റർ ഉത്പ്പാദന ശേഷിയുണ്ട്. എന്നാൽ ശരാശരി ഉത്പ്പാദനം ഇപ്പോൾ 585.71 ദശലക്ഷം ലിറ്റർ ആകുന്നു. വ്യാവസായിക വാണിജ്യ ആവശ്യങ്ങൾ കൂടി പരിഗണിക്കുമ്പോൾ ഇത് കുറവാണെന്ന് കാണാം. പ്രധാനപ്പെട്ട പദ്ധതികൾ താഴെ പറയുന്ന പ്രകാരമാകുന്നു.

- **എറണാകുളം - മട്ടാഞ്ചേരി കുടിവെള്ള വിതരണ പദ്ധതി:-** ഈ പദ്ധതിയുടെ സ്രോതസ്സ് പെരിയാർ നദിയാണ്. ആലുവയിലുള്ള നാലുശുദ്ധീകരണ ശാലകളിലുമായി 225 ദശലക്ഷം ലിറ്റർ പ്രതിദിനം ഉത്പ്പാദന ശേഷി തുടക്കത്തിൽ വിഭാവനം ചെയ്തിരുന്നു. ഇപ്പോൾ 270 ദശലക്ഷം ലിറ്റർ പ്രതിദിനം ഉത്പാദിപ്പിക്കുന്നുണ്ട്. ഈ പദ്ധതി 1965 ൽ കമ്മീഷൻ ചെയ്യപ്പെട്ടു. കൂടാതെ 1975, 2002, 2006 വർഷങ്ങളിൽ പുനർ നിർമ്മാണ, പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുമുണ്ട്.
- **പറവൂർ മുനിസിപ്പാലിറ്റിക്കും അനുബന്ധ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള പദ്ധതി:-**2006 ൽ കമ്മീഷൻ ചെയ്യപ്പെട്ട ഈ പദ്ധതിയുടെ സ്രോതസ്സും പെരിയാർ നദിയാണ്. 63 ദശലക്ഷം ലിറ്റർ പ്രതിദിനം ഉത്പ്പാദന ശേഷിയുള്ള ജലശുദ്ധീകരണ ശാല ചൊവ്വരയിൽ സ്ഥിതി ചെയ്യുന്നു. ഇത്ര തന്നെ ഉത്പ്പാദനവും നടക്കുന്നുണ്ട്.
- **തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിക്കും അനുബന്ധ പഞ്ചായത്തുകൾക്കുമുള്ള പദ്ധതി:-** 2009 ൽ കമ്മീഷൻ ചെയ്യപ്പെട്ട ഈ പദ്ധതിക്കായി 46 ദശലക്ഷം പ്രതിദിനം ഉത്പ്പാദന ശേഷിയുള്ള ജല ശുദ്ധീകരണ ശാല ചൂണ്ടിയിൽ സ്ഥിതി ചെയ്യുന്നു.
- **ചൊവ്വര കുടിവെള്ള വിതരണ പദ്ധതി:-**1912 ൽ കമ്മീഷൻ ചെയ്യപ്പെട്ട പെരിയാർ നദി സ്രോതസ്സായുള്ള ഈ പദ്ധതിയ്ക്ക് പ്രതിദിനം 13 ദശലക്ഷം ലിറ്റർ ഉത്പ്പാദന ശേഷിയുണ്ട്. ഇപ്പോൾ ശരാശരി 9 ദശലക്ഷം ലിറ്റർ പ്രതിദിന ഉത്പ്പാദനം നടക്കുന്നുണ്ട്.
- **പിറവം മുനിസിപ്പാലിറ്റിക്കും അനുബന്ധ പഞ്ചായത്തുകൾക്കുമുള്ള പദ്ധതി:-** പിറവത്തെ കക്കാടുള്ള രണ്ടു പ്ലാന്റുകളിലായി 25 ദശലക്ഷം ലിറ്റർ ഉത്പ്പാദന വിതരണ ശേഷിയുണ്ട്. മൂവ്വാറ്റുപുഴ നദിയാണു പ്രധാന സ്രോതസ്സ്.
- **മൂവാറ്റുപുഴ മുനിസിപ്പാലിറ്റിക്കു വേണ്ടിയുള്ള പദ്ധതി:-** മൂവാറ്റുപുഴ മുനിസിപ്പാലിറ്റിക്കും പായിപ്ര പഞ്ചായത്തിനും വേണ്ടിയുള്ള 10.50 ദശലക്ഷം ലിറ്റർ പ്രതിദിന ഉത്പ്പാദന വിതരണ ശേഷിയുള്ള ഈ പദ്ധതി മൂവ്വാറ്റുപുഴയിൽ 'മൂവാറ്റുപുഴ' നദി സ്രോതസ്സായി പ്രവർത്തിക്കുന്നു.

- **മരട് ശുദ്ധജല വിതരണ പദ്ധതി:-**ഈ പദ്ധതി മരട് സ്ഥിതി ചെയ്യുന്നു. 100 ദശലക്ഷം ലിറ്റർ പ്രതിദിന ഉത്പ്പാദന ശേഷിയുള്ള ജലശുദ്ധീകരണശാല മൂവ്വാറ്റുപുഴ നദി സ്രോതസ്സായി പ്രവർത്തിക്കുന്നു. എറണാകുളം നഗരത്തിനും അനുബന്ധ മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും വേണ്ടിയുള്ളതാണീ പദ്ധതി.

ഇവ കൂടാതെ ആധുനിക ജലശുദ്ധീകരണശാലയുള്ള 33 ഓളം പദ്ധതികൾ വേറെയുമുണ്ട്. കേന്ദ്ര സർക്കാരിന്റെ അമൃത്, സംസ്ഥാന സർക്കാറിന്റെ കിഫ്ബി എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയതായി ആരംഭിക്കുന്ന പദ്ധതികളുമുണ്ട്.

എറണാകുളം ജില്ലയിലെ കുടിവെള്ള പദ്ധതികളിലെ ഇപ്പോഴത്തെ അവസ്ഥ-
എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷനും 13 മുനിസിപ്പാലിറ്റികളിലും 82 ഗ്രാമ പഞ്ചായത്തുകളിലും കൂടി 617.30 ദശലക്ഷം ലിറ്റർ പ്രതിദിനം കുടിവെള്ളം ഉത്പാദിപ്പിക്കപ്പെടുന്നുണ്ടെങ്കിലും ഉപഭോഗം 585.71 ദശലക്ഷം ലിറ്റർ ആണ്. (അനുബന്ധം 4.7 മുതൽ 4.10 വരെ).

കുടിവെള്ളത്തിന്റെ ഗുണനിലവാരം

കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനക്കായി വിപുലമായ സൗകര്യങ്ങൾ കേരള ജല അതോറിട്ടി രൂപപ്പെടുത്തിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ ആലുവയിലുണ്ടായിരുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന ലാബിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമ മാക്കുന്നതിനു വേണ്ടി ഒരു സംസ്ഥാനതല റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് നമ്മുടെ ജില്ലയിലെ എറണാകുളത്തെ നെട്ടൂരിൽ 01-04-2009 മുതൽ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനത്തിന് എറണാകുളം ഉൾപ്പെടെ കേരളത്തിലെ 14 ജില്ലയിലേയും കുടിവെള്ളത്തിന്റെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിക്കുവാനുള്ള സംവിധാനം ഉണ്ട്. ഇന്ത്യൻ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ 10500 (2012) അനുശാസിക്കുന്ന തരത്തിലുള്ള ജലസാമ്പിളുകളുടെ പരീക്ഷണം നടത്തിവരുന്നു. രാസ,ഭൗതിക മാലിന്യങ്ങളുടെയും രോഗാണുക്കളുടെയും സാന്നിദ്ധ്യം ഇതിലൂടെ അറിയാൻ സാധിക്കും. ആലുവ കേന്ദ്രമാക്കി ഒരു ജില്ലാതല ലാബറട്ടറിയും മൂവ്വാറ്റുപുഴയും നെട്ടൂരും കേന്ദ്രമാക്കി ഓരോ സബ് ഡിവിഷണൽ ലാബറട്ടറികളും പ്രവർത്തിച്ചു വരുന്നു. ജല അതോറിട്ടിയുടെ വിവിധ പദ്ധതികളെ ഗുണഭോക്താക്കളുടെ ജനസംഖ്യ അനുസരിച്ച് എ, ബി, സി, ഡി എന്നീ വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഒരു ലക്ഷത്തിനു മുകളിൽ എ വിഭാഗത്തിലും, 50,000 മുതൽ ഒരു ലക്ഷം വരെ ബി വിഭാഗത്തിലും, 20,000 മുതൽ 49,000 വരെ സി വിഭാഗത്തിലും, 5000 മുതൽ 19,000 വരെ ഡി വിഭാഗത്തിലും, 5000 വരെ ഇ വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. എ വിഭാഗം സ്കീമുകൾ മാസത്തിൽ രണ്ടു പ്രാവശ്യവും ബി വിഭാഗം സ്കീമുകൾ മാസത്തിൽ ഒരു പ്രാവശ്യവും സി വിഭാഗം സ്കീമുകൾ രണ്ടു മാസത്തിൽ ഒരിക്കലും ഡി വിഭാഗം സ്കീമുകൾ വർഷത്തിൽ രണ്ടു പ്രാവശ്യവും ഇ വിഭാഗം സ്കീമുകൾ വർഷത്തിൽ ഒരു തവണയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കുടിവെള്ള സാമ്പിളുകൾ എടുക്കുന്നതിനു വിധേയമാക്കുന്നു.

❖ **ദേശീയ ഗ്രാമീണ ശുദ്ധജല പദ്ധതി പ്രകാരമുള്ള സർവ്വേ കൂടാതെ താഴെ പറയുന്ന ജല അതോറിറ്റിയുടെ ഗുണനിലവാര പരിശോധന സംവിധാനത്തിന്റെ പ്രവർത്തനങ്ങളും നടത്തിവരുന്നു.**

✓ ആലുവ ജില്ലാതല ലാബറട്ടറിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ എല്ലാ മാസവും മുൻകൂട്ടി തയ്യാറാക്കിയ ക്രിയാപദ്ധതി പ്രകാരമുള്ള ജല അതോറിറ്റിയുടെ പദ്ധതികളുടെ ജല സാമ്പിളുകളുടെ ശേഖരണം നടത്തുന്നു. ഇവ പിന്നീട് ജില്ലാതല ലാബിൽ ടെസ്റ്റ് ചെയ്ത് ഫലം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിക്കുന്നു. ഇതിനു പുറമെ ആലുവ സബ്ഡിവിഷണൽ ലാബിൽ ദേശീയ ഗ്രാമീണ ശുദ്ധജല പദ്ധതി പ്രകാരമുള്ള

ജല സാമ്പിളുകൾ ടെസ്റ്റ് ചെയ്ത് പരീക്ഷണ ഫലം യഥാസമയം കേന്ദ്ര ഗവൺമെന്റിന്റെ കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നുണ്ട്.

- ✓ നെട്ടൂരിലുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എല്ലാ മാസവും ജല അതോറിറ്റിയുടെ സ്കീമുകളിൽ നിന്നുള്ള സാമ്പിളുകൾ എടുത്ത് പരീക്ഷണം നടത്തി ഫലങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിച്ചുവരുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലയിൽനിന്നുള്ള 250 സാമ്പിളുകൾ എല്ലാ മാസവും സബ് ഡിവിഷണൽ ലാബിൽ ടെസ്റ്റ് ചെയ്ത് വരുന്നു. ഇവയുടെ ഫലം കേന്ദ്ര ഗവൺമെന്റിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ (www.indiawater.gov.in) കാണാവുന്നതാണ്.
- ✓ നെട്ടൂരിലുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കുടിവെള്ളത്തിന്റെ വിവിധ ഗുണനിലവാരം സംബന്ധിച്ച ഉയർന്ന രീതിയിലുള്ള വിശകലനങ്ങൾക്കായി അൾട്രാ വയലറ്റ് സ്പെക്ട്രോ ഫോട്ടോമീറ്റർ, ആറ്റമിക് അബ്സോർപ്ഷൻ സ്പെക്ട്രോ ഫോട്ടോമീറ്റർ എന്നീ ഉപകരണങ്ങൾ ഉണ്ട്. ഇവ ഉപയോഗിച്ച് അയേൺ, ഫ്ളൂറൈഡ്, നൈട്രേറ്റ് തുടങ്ങിയവയുടെ സാന്നിദ്ധ്യം, ഘന ലോഹങ്ങളുടെ സാന്നിദ്ധ്യം എന്നിവ യഥാക്രമം നിജപ്പെടുത്തുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാര ത്തെപ്പറ്റിയുള്ള സങ്കീർണ്ണമായ വിശകലനം നടത്തുന്നു.
- ✓ കുടിവെള്ളസാമ്പിളുകളിലുള്ള കീടനാശിനിയുടെ സാന്നിദ്ധ്യം അറിയുന്നതിനുള്ള ഗ്യാസ് ക്രോമറ്റോഗ്രാഫ് സാങ്കേതിക വിദ്യയും പ്രയോജനപ്പെടുത്തുന്ന ഉപകരണവും ഇവിടെ പ്രവർത്തിച്ചു വരുന്നു.
- ✓ ഈ സ്ഥാപനത്തിനു നാഷണൽ അക്രഡറ്റീഷൻ ബോർഡ് ഫോർ ടെസ്റ്റിങ്ങ് ഓഫ് ലാബറട്ടറീസിന്റെ മികച്ച ഭൗതിക സാഹചര്യങ്ങൾക്കും പ്രവർത്തനങ്ങൾക്കുമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്.
- ✓ കേരളത്തിലെ 44 നദികളിലേയും ജല അതോറിട്ടിയുടെ സ്കീമുകളുമായി ബന്ധപ്പെട്ട സ്രോതസ്സുകളുടെ സാമ്പിളുകൾ എല്ലാ മാസവും എടുക്കുന്നുണ്ട്. ഇവ പിന്നീട് രാസ, ഭൗതിക, രോഗാണു സാന്നിദ്ധ്യം അറിയുന്നതിനുള്ള പരീക്ഷണങ്ങൾക്ക് വിധേയമാക്കി ഫലങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അയച്ചു കൊടുക്കുന്നു. എറണാകുളം ജില്ലയിലെ ജല അതോറിറ്റിയുടെ സ്കീമുകൾ ആശ്രയിക്കുന്ന പെരിയാർ, മൂവ്വാറ്റുപുഴ, ചാലക്കുടി എന്നീ നദികളിലെ സാമ്പിളുകൾ ഇത്തരത്തിൽ പരീക്ഷണങ്ങൾക്ക് വിധേയമാക്കുന്നുണ്ട്.
- ✓ കുടിവെള്ളത്തിന്റെ ഉപഭോഗം കൃത്യമായി അറിയുന്നതിനായി സാക്ഷ്യപ്പെടുത്തപ്പെട്ട വാട്ടർ മീറ്ററുകൾ വ്യാപകമായി ഉപയോഗത്തിലുണ്ടെങ്കിലും ഇപ്രകാരമുള്ള വാട്ടർ മീറ്ററുകളുടെ ഗുണനിലവാരം ശാസ്ത്രീയമായി പരിശോധിച്ചറിയുന്നതിനുള്ള ലാബുകൾ വിരളമായാണു കണ്ടു വരുന്നത്. എന്നാൽ നെട്ടൂരിൽ വാട്ടർ അതോറിറ്റിക്ക് ഒരു വാട്ടർ മീറ്റർ ടെസ്റ്റിങ്ങ് ലാബ് പ്രവർത്തിച്ചു വരുന്നു. ഇന്ത്യൻ സ്റ്റാൻഡേർഡ് പ്രകാരമുള്ള ശാസ്ത്രീയ പരീക്ഷണങ്ങൾ ഇവിടെ നടത്താൻ സാധിക്കും.

മേല്പ്പറഞ്ഞ പ്രവൃത്തികൾ കൂടാതെ ഏതെങ്കിലും സ്ഥലത്ത് ജലജന്യ സാംക്രമിക രോഗങ്ങളോ കുടിവെള്ളത്തിന്റെ മാലിന്യം കലർന്നുള്ള പ്രശ്നങ്ങളോ ശ്രദ്ധയിൽപ്പെട്ടാലുടനെത്തന്നെ അവിടെയെത്തി കുടിവെള്ള സാമ്പിളുകൾ എടുത്ത് പ്രത്യേക പരിശോധനയ്ക്ക് വിധേയമാക്കുന്നു. മേൽപറഞ്ഞ എല്ലാ പ്രവർത്തനങ്ങൾക്കും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ നിർലോഭമായ സഹകരണവും അത്യന്താപേക്ഷിതമാണ്.

ജല അതോറിട്ടി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം

ജില്ലയിലെ ജല അതോറിട്ടിയുടെ എല്ലാ കുടിവെള്ള ശുദ്ധീകരണ ശാലകളിലും ജല ഗുണ നിലവാര പരിശോധന ലാബുകൾ പ്രത്യേകമായി പ്രവർത്തിച്ചു വരുന്നു. ശുദ്ധിചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പ്രതിദിനം രാസ, ഭൗതിക, രോഗാണു മാലിന്യങ്ങളുടെ സാന്നിദ്ധ്യത്തിന് വിധേയമാക്കി മേൽനടപടികൾ കൈക്കൊള്ളുന്നുണ്ട്. കൂടാതെ മുമ്പ് പ്രസ്താവിച്ചതു മാതിരി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എല്ലാ സ്കീമുകളിലെയും കുടിവെള്ള സാമ്പിളുകൾ എടുത്ത് പരിശോധന നടത്തുന്നു. ഇപ്രകാരമുള്ള പരിശോധന ഫലങ്ങൾ നിരീക്ഷിച്ചാൽ ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം സംശുദ്ധമാണെന്നു കാണാവുന്നതാണ്. എന്നാൽ ചില സ്കീമുകളിൽ ബഹുമാലിന്യങ്ങൾ കലരുന്നതുകൊണ്ടുള്ള പ്രശ്നങ്ങൾ ചിലപ്പോൾ ഉണ്ടാകാറുണ്ട്. ഇവ അപ്പപ്പോൾത്തന്നെ പരിഹരിച്ചു വരുന്നുണ്ട്.

നദികളിലെ ജലസാമ്പിളുകളുടെ സർവ്വേ

പെരിയാർ നദി, ചാലക്കുടിപ്പുഴ, മൂവാറ്റുപുഴയാറ് എന്നിവയിൽ നിന്നുള്ള ജലസാമ്പിളുകൾ എല്ലാ മാസവും എടുത്ത് രാസ, ഭൗതിക, രോഗാണു സാന്നിദ്ധ്യ പരിശോധനയ്ക്ക് വിധേയമാക്കി ഫലങ്ങൾ നിരീക്ഷിക്കുന്നു. കൂടാതെ വർഷത്തിൽ രണ്ടു തവണ കീടനാശിനിയുടെ സാന്നിദ്ധ്യം അറിയുന്നതിനുള്ള പരിശോധനയും നടത്തുന്നുണ്ട്. പെരിയാർനദിയിൽ 2011 മുതൽ 2015 വരെയുള്ള ജല സാമ്പിളുകളുടെ പരിശോധനാ ഫലം പ്രകാരമുള്ള വിശകലനത്തിൽ നിന്നുള്ള നിരീക്ഷണം താഴെപ്പറയും പ്രകാരം ഗ്രാഫ് ആയി കൊടുത്തിരിക്കുന്നു.

ചിത്രം – 4.44
വിസർജ്ജ്യജന്യമായ സൂക്ഷ്മ രോഗാണുക്കളുടെ സാന്നിദ്ധ്യം വർഷക്കാലത്തെയും വേനൽക്കാലത്തെയും താരതമ്യം ചെയ്തിരിക്കുന്നു (2011)



അവലംബം: വകുപ്പു തല റിപ്പോർട്ട്

ചിത്രം – 4.45

വിസർജ്ജ്യജന്യമായ സൂക്ഷ്മ രോഗാണുക്കളുടെ സാന്നിദ്ധ്യം വർഷക്കാലത്തെയും വേനൽക്കാലത്തെയും താരതമ്യം ചെയ്തിരിക്കുന്നു (2012)



അവലംബം: വകുപ്പു തല റിപ്പോർട്ട്

ചിത്രം – 4.46

വിസർജ്ജ്യജന്യമായ സൂക്ഷ്മ രോഗാണുക്കളുടെ സാന്നിദ്ധ്യം വർഷക്കാലത്തെയും വേനൽക്കാലത്തെയും താരതമ്യം ചെയ്തിരിക്കുന്നു (2013)



അവലംബം: വകുപ്പു തല റിപ്പോർട്ട്

ചിത്രം – 4.47
വിസർജ്ജജന്യമായ സൂക്ഷ്മ രോഗാണുക്കളുടെ സാന്നിദ്ധ്യം വർഷക്കാലത്തെയും വേനൽക്കാലത്തെയും താരതമ്യം ചെയ്തിരിക്കുന്നു (2014)



അവലംബം: വകുപ്പു തല റിപ്പോർട്ട്

ചിത്രം – 4.48
വിസർജ്ജജന്യമായ സൂക്ഷ്മ രോഗാണുക്കളുടെ സാന്നിദ്ധ്യം വർഷക്കാലത്തെയും വേനൽക്കാലത്തെയും താരതമ്യം ചെയ്തിരിക്കുന്നു (2015)



അവലംബം: വകുപ്പു തല റിപ്പോർട്ട്

ഈ ഡാറ്റയിൽ നിന്നും നമ്മുടെ കുടിവെള്ള സ്രോതസ്സ് എത്രമാത്രം മലിനപ്പെടുന്നു എന്നു കാണാവുന്നതാണ്. ഇന്ത്യൻ സ്റ്റാൻഡേർഡ് 10500–(2012) പ്രകാരം കുടിവെള്ളത്തിൽ കോളിഫോം ബാക്റ്റീരിയയുടെ സാന്നിദ്ധ്യം ഒട്ടും തന്നെ ഉണ്ടാകാൻ പാടില്ല. കുടിവെള്ളത്തിന്റെ ശുദ്ധീകരണ പ്രക്രിയയുടെ പ്രാധാന്യം ഇതിൽ നിന്നും കാണാവുന്നതാണ്.

കുടിവെള്ളം ഇന്നത്തെ അവസ്ഥ

നമ്മുടെ പരമ്പരാഗത സ്രോതസ്സുകളായ കിണറുകൾ, കുളങ്ങൾ, തോടുകൾ മറ്റു ജലാശയങ്ങൾ എന്നിവ ഭൂരിഭാഗവും മദ്ധ്യ വേനൽ ആകുന്നതോടെ വറ്റി വളരുകയും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. കൂടാതെ കുടിവെള്ളത്തിൽ മാലിന്യം കലരുന്നതു മൂലമുണ്ടാകുന്ന ജലജന്യ രോഗങ്ങളും വലിയഭീഷണിയാകുന്നു. മാത്രമല്ല വേനൽ രൂക്ഷമാകുന്നതോടെ കുടിവെള്ളത്തിന്റെ ദുരുപയോഗവും കൂടുന്നു.

ഈ അവസ്ഥയ്ക്കുള്ള കാരണങ്ങളും പരിഹാരങ്ങളും

നമ്മുടെ പരമ്പരാഗത ജലസ്രോതസ്സുകൾ മദ്ധ്യ വേനലാകുന്നതോടെ വരണ്ടു പോകുന്നതിനു കാരണങ്ങൾ പലതാകുന്നു. നമ്മുടെ കാർഷിക മേഖലയിൽ വന്ന മാറ്റം ഇതിൽ പ്രധാപ്പെട്ട ഒരു കാരണമാകുന്നു. ജില്ലയിൽ തീരദേശമൊഴികെ എല്ലാ പ്രദേശത്തും പ്രധാന കാർഷിക പ്രവൃത്തി റബ്ബറാകുന്നു. ഒരു കാലത്ത് നമ്മുടെ കരഭൂമിയിലെ വിളകൾ മരച്ചീനി, ഇഞ്ചി, മഞ്ഞൾ, ധാന്യങ്ങൾ, പച്ചക്കറികൾ എന്നിവയായിരുന്നു. ഇത്തരം കൃഷിക്കായി

ആണ്ടിൽ രണ്ടുപ്രാവശ്യമെങ്കിലും സ്ഥലം കിളച്ചിളക്കുമായിരുന്നു. കൂടാതെ എല്ലാ വർഷവും അതിരുകൾ വെച്ച് മണ്ണൊലിപ്പും തടയുമായിരുന്നു. മഴക്കാലത്ത് പെയ്തിറങ്ങുന്ന വെള്ളം അവിടെത്തന്നെ താഴ്ന്ന് ഭൗമോപരിതലത്തിലെ ജലസമ്പത്ത് അന്ന് സമ്പുഷ്ടമായിരുന്നു. എന്നാൽ ഇന്ന് റബ്ബർ തോട്ടങ്ങൾ കിളക്കാറില്ല. ഇക്കാരണങ്ങളാൽ പെയ്തിറങ്ങുന്ന വെള്ളം അപ്പാടെ തോടുകളിലൂടെയും നദികളിലൂടെയും ഒഴുകി കായലിൽ ചെന്നു ചേരുന്നു. പുഴകളിലും തോടുകളിലും അടിയണകളും തടയണകളും നിർമ്മിച്ച് മഴക്കാലത്തുണ്ടാകുന്ന വെള്ളം കെട്ടിനിർത്തി ഉപയോഗിച്ചാൽ കുടിവെള്ള സ്രോതസ്സുകൾ വറ്റാതിരിക്കും. നിലവിലുള്ള കുളങ്ങളും തടാകങ്ങളും മറ്റു വെള്ളക്കെട്ടുകളും പരിപാലിക്കുക, കിണറുകളും കുളങ്ങളും ഇനിയും ഉണ്ടാക്കുക, നിലം നികത്താതിരിക്കുക, നെൽപ്പാടങ്ങൾ തരിടിതാരിക്കുക എന്നീ പ്രവൃത്തികൾ ജലസ്രോത്സസുകളെ നിലനിർത്തുവാൻ അവശ്യം സ്വീകരിക്കേണ്ട നടപടികളാണ്. ശുദ്ധജല ലഭ്യത കുറഞ്ഞ തീരപ്രദേശത്തും ഉയർന്ന പ്രദേശങ്ങളിലും സ്വീകരിക്കാവുന്ന പദ്ധതിയാണ് മഴവെള്ള ശേഖരണം. കെട്ടിടങ്ങളുടെ മുകളിൽ പെയ്യുന്നമഴവെള്ളം പ്രത്യേക സംവിധാനം വഴി സംഭരണികളിൽ ശേഖരിച്ച് കുളിക്കുന്നതിനും മറ്റാവശ്യങ്ങൾക്കുമായി ഉപയോഗിക്കുകയും ശുദ്ധീകരിച്ച് കുടിക്കുന്നതിനുമായി ഉപയോഗിക്കുകയും ചെയ്യാം.

4.13 ഭൂജല വകുപ്പ്

അവസ്ഥാ വിശകലനം

ഭൂജല വകുപ്പ് എറണാകുളം ജില്ലയിൽ ഗാർഹിക-കാർഷിക-വ്യാവസായിക ആവശ്യങ്ങൾക്കുവേണ്ടി കിണർ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥാനനിർണ്ണയവും കുഴൽകിണർ നിർമ്മാണവും നടത്തുന്നു. ചെറുകിട /ഇടത്തരം കർഷകർക്ക് കുഴൽകിണർ നിർമ്മാണത്തിന് 50% സബ്സിഡി നൽകുന്നു.

കുടിവെള്ളം പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മിച്ച് ജലലഭ്യതയുടെ അടിസ്ഥാനത്തിൽ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിപ്രകാരം ചെറുകിട കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ജലലഭ്യത കുറവുള്ള സ്ഥലങ്ങളിൽ ഹാൻഡ് പമ്പ് ഘടിപ്പിച്ച് നൽകുന്നു. പദ്ധതി പൂർത്തീകരിച്ചതിനുശേഷം അതാതു സ്ഥലത്തെ ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ, മറ്റു എജൻസികൾ എന്നിവയ്ക്ക് ഡെപ്പോസിറ്റ് പദ്ധതിപ്രകാരം ചെറുകിട കുടിവെള്ള പദ്ധതികളും ഹാൻഡ് പമ്പ് സ്കീമുകളും നടപ്പിലാക്കി വരുന്നു. വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലും, പഞ്ചായത്ത് ഡെപ്പോസിറ്റ് സ്കീമിലും പെടുത്തി കേടായ ഹാൻഡ് പമ്പുകൾ റിപ്പയർ ചെയ്ത് പ്രവർത്തനസജ്ജമാക്കുന്നു. ഭൂജലനിരപ്പ് താഴ്ന്ന സ്ഥലങ്ങളിൽ ജലനിരപ്പ് ഉയർത്തുന്നതിന് ഭൂപ്രകൃതി അനുസരിച്ച് തടയണ, മഴക്കുഴികൾ എന്നിവ നിർമ്മിച്ച് ഭൂജല പരിപോഷണം നടത്തുന്നു.

പട്ടിക - 4.93

സംസ്ഥാന സർക്കാർ വരൾച്ചാ ദുരിതാശ്വാസ പദ്ധതി

ക്രമ നം.	പദ്ധതിയുടെ തരം	പൂർത്തീകരിച്ചവയുടെ എണ്ണം	ആകെ ഗുണഭോക്താക്കളുടെ എണ്ണം
1	ചെറുകിട കുടിവെള്ള പദ്ധതി	14	500 കുടുംബങ്ങൾ
2	ഹാൻഡ് പമ്പ് സ്കീം	62	1500 കുടുംബങ്ങൾ
3	ഹാൻഡ് പമ്പ് റിപ്പയർ	101	2000 കുടുംബങ്ങൾ

അവലംബം: ഭൂഗർഭ ജല വകുപ്പ്

നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റ് പ്രകാരം, ജില്ലയിലെ വിവിധ സ്ഥലങ്ങളിലായി 38 കിണറുകൾ, 24 കുഴൽകിണറുകൾ, ഒരു ട്യൂബ് വെൽ എന്നിവ നിരീക്ഷണ കിണറുകളായി തെരഞ്ഞെടുത്ത് മാസം തോറും ജില്ലയിലെ ജലനിരപ്പ് അവലോകനം ചെയ്യുന്നു. നിരീക്ഷണ കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരവും പരിശോധനയ്ക്ക് വിധേയമാക്കുന്നു

അവസ്ഥ

2013, 2016 കാലഘട്ടങ്ങളിൽ ഉണ്ടായ അതിരൂക്ഷമായ വരൾച്ചയിൽ വകുപ്പിന്റെ പ്രവർത്തനത്തിന്റെ ഫലമായി കഠിനമായ ജലദൗർലഭ്യം അനുഭവിക്കുന്നതും മറ്റൊരു രീതിയിലും ജലം എത്തിക്കുവാൻ സാധിക്കാത്തതുമായ പ്രദേശങ്ങളുൾപ്പെടെ പതിനായിരത്തോളം കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുവാൻ സാധിച്ചിട്ടുണ്ട്. നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ വിവിധ നിരീക്ഷണ കിണറുകളിലെ ജല നിരപ്പ് അടിസ്ഥാനമാക്കി തയ്യാറാക്കിയ ഹൈഡ്രോ ഗ്രാഫുകളാണ് താഴെ നൽകിയിരിക്കുന്നത്.

ചിത്രം – 4.49



അവലംബം: ഭൂഗർഭ ജല വകുപ്പ്

ചിത്രം – 4.50



അവലംബം: ഭൂഗർഭ ജല വകുപ്പ്

ചിത്രം – 4.51



അവലംബം: ഭൂഗർഭ ജല വകുപ്പ്

ചിത്രം – 4.52



അവലംബം: ഭൂഗർഭ ജല വകുപ്പ്

എറണാകുളം ജില്ലയിലെ ജലനിരപ്പ് (ഡിസംബർ 2017)

2017 ഡിസംബർ മാസത്തെ ജില്ലയിലെ നിരീക്ഷണ കിണറുകളിലെ ജലനിരപ്പിന്റെ വിശകലന റിപ്പോർട്ട് അനുബന്ധത്തിൽ 4.11 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

- കഴിഞ്ഞ 10 വർഷത്തെ ശരാശരി ജലനിരപ്പുമായി താരതമ്യം ചെയ്യുമ്പോൾ ഡിസംബർ 2017-ലെ ജലനിരപ്പിൽ ഉണ്ടായിട്ടുള്ള വ്യതിയാനം കുറവാണ്
- 11 സ്ഥലങ്ങളിൽ ജലനിരപ്പ് ചെറിയ തോതിൽ താഴുന്നു.
- (-0.053 മുതൽ -0.950 വരെ)
- ഡിസംബർ 2016-ലെ ജലനിരപ്പ് ഡിസംബർ 2017-ലെ ജലനിരപ്പുമായി താരതമ്യം ചെയ്യുമ്പോൾ, 9 സ്ഥലങ്ങളിൽ ജലനിരപ്പ് കുറയുന്നതായി കാണുന്നു.
- വടക്കുകിഴക്കൻ മൺസൂണിൽ നിന്ന് 2017 ൽ ജില്ലയിൽ ലഭിച്ച മഴയുടെ തോത് 522 മില്ലീ മീറ്ററാണ്. സാധാരണ തോതിൽ നിന്നും 10% വർദ്ധനവാണ് ഈ കാലയളവിൽ ലഭിച്ചിരിക്കുന്നത്.
- 2016 ൽ വടക്കുകിഴക്കൻ മൺസൂണിൽ നിന്ന് ലഭിച്ചിരിക്കുന്ന മഴയുടെ തോത് 295 മില്ലീ മീറ്ററും ഇത് സാധാരണ തോതിൽ നിന്നും 40% കുറവുമാണ്.
- ഡിസംബർ 2017 ൽ വടക്കുകിഴക്കൻ മൺസൂണിൽ നിന്ന് ലഭിച്ച മഴയിൽ ജില്ലയിലെ പല സ്ഥലങ്ങളിലും മതിയായ തോതിൽ ജലനിരപ്പ് ഉയർന്നിട്ടുണ്ട്.

4.14 ശുചിത്വം



നാം കേരളീയർ വ്യക്തിശുചിത്വത്തിന് ഏറെ പ്രാധാന്യം നൽകുന്നവരാണ്. എന്നാൽ വ്യക്തിശുചിത്വത്തിനുപുറമെ ഗാർഹിക ശുചിത്വവും കൈവരിച്ചെങ്കിൽ മാത്രമെരോഗ്യപൂർണ്ണമായ ഒരു ജീവിതവും സമൂഹവും കെട്ടിപ്പടുക്കാൻ കഴിയൂ. അതിന് നാം കുടിക്കുന്ന ജലവും, ശ്വസിക്കുന്ന വായുവും കഴിക്കുന്ന ഭക്ഷണവും ശുദ്ധമായിരിക്കണം.

പ്രതിവർഷം ലോകത്തിലാകമാനം ലക്ഷക്കണക്കിന് ടൺ മാലിന്യം ജനങ്ങൾ പുറന്തള്ളുന്നു. മൃഗങ്ങളുടെ വിസർജ്യവസ്തുക്കൾ മുതൽ ശാസ്ത്ര സാങ്കേതിക പുരോഗതി സൃഷ്ടിച്ച സങ്കീർണ്ണ വസ്തുക്കളായ പ്ലാസ്റ്റിക് സാധനങ്ങളും പാത്രങ്ങളും മറ്റു സാധനങ്ങളും, ഗ്ലാസ് കുപ്പികൾ, പോളിത്തീൻ ബാഗുകൾ, വിവിധ ഇനം കടലാസുകൾ, നൈലോണുകൾ തുടങ്ങി മോട്ടോർ വാഹനങ്ങൾ വരെ ഇതിൽപെടുന്നു. നമ്മുടെ ജീവിതത്തിൽ മാലിന്യം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എത്രമാത്രം വലുതാണെന്ന് നാം ചിന്തിച്ചിട്ടുണ്ടോ?. വീടുകൾ, സ്ഥാപനങ്ങൾ, ഫ്ളാറ്റുകൾ, കച്ചവടസ്ഥാപനങ്ങൾ, ബസ്സ് സ്റ്റാന്റുകൾ റെയിൽവേ സ്റ്റേഷനുകൾ, ചെറുകിട-വൻകിട വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിലെല്ലാം മാലിന്യം സൃഷ്ടിക്കപ്പെടുന്നു. ഇവ ഖരം, ദ്രാവകം, വാതകമാലിന്യങ്ങൾ ഉൾപ്പെട്ട പാഴ്വസ്തുക്കൾ മനുഷ്യർ ഉൾപ്പെടെയുള്ള സകല ജീവജാലങ്ങൾക്കും പരിസ്ഥിതിക്കും ഭീഷണിയാണ്. ഇതോടൊപ്പം തന്നെ ആധുനിക ദൈനംദിന ജീവിതത്തിൽ ഏറ്റവും അധികം ഉപയോഗിക്കപ്പെടുന്നവ വസ്തുവാണ് പ്ലാസ്റ്റിക്ക്. റോഡുവക്കിലും പുറമ്പോക്കിലും കിടക്കുന്ന സ്ഥലങ്ങളിലും, ജലാശയങ്ങളിലും കുമിഞ്ഞുകൂടുന്ന പ്ലാസ്റ്റിക്കിന്റെ അളവ് നിയന്ത്രണാതീതമാണ്. ആരോഗ്യ-സാമ്പത്തിക-പാരിസ്ഥിതിക രംഗങ്ങളിലെല്ലാം അതിന്റെ ആഘാതം അലയടിക്കുന്നുണ്ട്. കടലിന്റെ ആഴങ്ങളിലോ ഭൂവൽക്കത്തിന്റെ അഗാധതയിലോ മാത്രമായിരുന്ന പെട്രോളിയത്തിൽ നിന്നും രൂപംകൊണ്ട ഈ വസ്തു ഇന്ന് ലോകത്തിനു തന്നെ ശാപമായിരിക്കുകയാണ്. ഘട്ടം ഘട്ടമായി നമ്മുടെ ജീവിതത്തിലേയ്ക്ക്

കടന്നുവന്ന പ്ലാസ്റ്റിക്കുകളെ ഒറ്റയടിക്ക് ഒഴിവാക്കുക എന്നത് പ്രയാസമുള്ള കാര്യമാണ്. അതിനാൽ ഇത്തരം പ്ലാസ്റ്റിക്ക് സാധനങ്ങൾ അനാവശ്യഘട്ടങ്ങളിൽ മാത്രം

ഉപയോഗിക്കുക (Reduce)

പുനരുപയോഗിക്കുക (Reuse)

പുന:ചംക്രമണം (Recycle) നടത്തുന്ന സ്ഥലത്തെത്തിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക എന്നതുമാത്രമേ കരണീയമായിട്ടുള്ളൂ.

എല്ലാവിഭാഗം ജനങ്ങളിലും ശുചിത്വ മനോഭാവശീലവും വളർത്തുക, ജൈവ-അജൈവ മാലിന്യങ്ങളും, ഇലക്ട്രോണിക് മാലിന്യങ്ങളും ഉൽപ്പാദിപ്പിക്കുന്നിടത്തുതന്നെ വേർതിരിക്കുകയും അനുയോജ്യമായ നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് അവയെ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക എന്നതായിരിക്കണം ത്രിതല പഞ്ചായത്തുകളിലും, മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സ്വീകരിക്കേണ്ട നയസമീപനം. എറണാകുളം ജില്ലയിലെ പൊതു ശൗചാലയങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

ചിത്രം – 4.53



ശുചിത്വം

ശുചിത്വ പ്രവർത്തനങ്ങളിലൂടെ എല്ലാ വിഭാഗങ്ങളിലും ഉള്ളവർക്ക് ഉപയോഗ പ്രദമായ ശൗചാലയങ്ങൾക്കുള്ള സൗകര്യം ഒരുക്കുകയാണ് നാം ചെയ്യുന്നത്. ഇതിനു വേണ്ടി ഒരു തീവ്രയത്ന ക്യാമ്പയിൻ സംസ്ഥാന തലത്തിൽ നടക്കുകയുണ്ടായി. ഇതിന്റെ ഫലമായി ശൗചാലയ സൗകര്യം ഇല്ലാത്ത എല്ലാ വീടുകളിലും അതിനുള്ള സൗകര്യം ഉണ്ടാക്കാൻ സാധിച്ചു. അങ്ങനെ 2016, ഒക്ടോബർ 15-ന് എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളും പിന്നീട് മാർച്ച് മാസത്തോടുകൂടി എല്ലാ നഗരസഭകളും വെളിയിട മലമൂത്ര വിസർജ്ജന നഗരമായി പ്രഖ്യാപിച്ചു. ഇത് കൂടാതെ വിദ്യാഭ്യാസ വകുപ്പ് മുഖേന വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സാമൂഹ്യ നീതി വകുപ്പിലൂടെ അങ്കണവാടികളിലും ശൗചാലയ സൗകര്യം ഉറപ്പു വരുത്തിയിട്ടുണ്ട്. മേൽ പറഞ്ഞ വകുപ്പുകളുടെ റിപ്പോർട്ട് അനുസരിച്ചു ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അങ്കണവാടികൾക്കും മതിയായ ശൗചാലയ സൗകര്യം നിലവിലുണ്ട്. മതിയായ പബ്ലിക് ടോയ്ലെറ്റ് യൂണിറ്റ് ഉണ്ടാവുക എന്നതും ജില്ലയുടെ ശുചിത്വ പരിസ്ഥിതി ഉറപ്പു വരുത്തുവാൻ വളരെ അത്യാവശ്യം ആണ്. പബ്ലിക് ടോയ്ലെറ്റുകളുടെ അഭാവം പല തദ്ദേശ സ്ഥാപനങ്ങളും ഇന്ന് നേരിടുന്ന ഗൗരവം ഏറിയ പ്രശ്നം ആണ്. പബ്ലിക് ടോയ്ലെറ്റുകളുടെ അഭാവം പല തദ്ദേശസ്ഥാപനങ്ങളും ഇന്ന് നേരിടുന്ന ഗൗരവം ഏറിയ പ്രശ്നം ആണ്.

പട്ടിക – 4.94

പബ്ലിക് ടോയ്ലെറ്റ് സൗകര്യം നിലവിൽ ലഭ്യമായ തദ്ദേശ സ്ഥാപനങ്ങൾ			
തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം		ആകെ തദ്ദേശസ്ഥാപനങ്ങൾ	%
നഗരസഭകൾ	14	14	100
ഗ്രാമപഞ്ചായത്തുകൾ	8	84	9.5
ആകെ	22	98	22

ശുചിത്വ – മാലിന്യ സംസ്കരണം – ഇന്നത്തെ അവസ്ഥ

ജൈവമാലിന്യം

ആധുനിക മനുഷ്യസമൂഹം നേരിടുന്ന പ്രധാന ഭീഷണികളിലൊന്നാണ് മലിനീകരണം. ജീവന്റെ നിലനിൽപ്പും ജനകോടികളുടെ ആരോഗ്യവും മലിനീകരണമൂലം അപകടത്തിലാകുന്നു. കുമിഞ്ഞുകൂടുന്ന ഖരമാലിന്യങ്ങൾ ഈ നൂറ്റാണ്ടിന്റെ ദുരന്തമായി മാറിക്കൊണ്ടിരിക്കുന്നു. ഇതിന് പരിഹാരം കാണേണ്ടവർ നാം തന്നെയാണ്. ഏറിവരുന്ന ഉപഭോഗ സംസ്ക്കാരം വ്യവസായവൽക്കരണം മാലിന്യങ്ങളുടെ തോത് വർദ്ധിപ്പിച്ചു. നിലവിലുള്ള യഥാർത്ഥസ്ഥിതിവിശേഷങ്ങൾ പരിശോധിച്ചാൽ ഇത്ര ഗുരുതരമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ/ മുനിസിപ്പാലിറ്റികൾ/ കോർപ്പറേഷനുകൾക്കു സാധിക്കാതെ വരുന്നു എന്ന് മനസ്സിലാകും. ഇവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട് എന്ന് വ്യക്തമാകും. ബാക്കി ആകുന്ന ഭക്ഷ്യവസ്തുക്കളും മറ്റ് ജൈവവസ്തുക്കളും പ്ലാസ്റ്റിക് സഞ്ചിയിൽകെട്ടി റോഡുവക്കിൽ വലിച്ചെറിയുന്നത് നിത്യക്കാഴ്ച്ചകളാണ്. ഇടവഴികളിൽ മാലിന്യങ്ങൾ കത്തിക്കുന്നതും വ്യാപകമായി ചന്തകളിൽ, പട്ടണങ്ങളിൽ, വീടുകളിൽ ദിനംപ്രതി ഉണ്ടാകുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്ക്കരിക്കാതെ പരിസരശുചിത്വത്തിന് ഭീഷണിയായി പുറംതള്ളുന്നു. അറവുശാല മാലിന്യങ്ങൾ റോഡുകളിൽ നിക്ഷേപിക്കുന്നു. ഇറച്ചികോഴി വളർത്തൽ കേന്ദ്രങ്ങളിൽ നിന്നും ദിനംപ്രതി മാലിന്യങ്ങൾ പുറംതള്ളുന്നതും നിത്യസംഭവങ്ങളായി മാറി. റോഡരികിലും തോടുകളിലും ജലാശയങ്ങളിലും ഉപേക്ഷിക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഗുരുതരമായ പ്രശ്നമായി മാറി. ഓരോ വർഷവും മാലിന്യങ്ങളുടെ തോത് വർദ്ധിച്ചുവരുന്നു. അവ ശേഖരിക്കാനോ മറ്റൊരിടത്തേക്ക് കൊണ്ടുപോകാനോ പുനരുപയോഗത്തിന് സാധ്യമാകാതെ മാലിന്യക്കൂമ്പാരങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

പൊതുജനാരോഗ്യത്തിന് കടുത്ത വെല്ലുവിളി ഉയർത്തുന്നു. പഴം പച്ചക്കറി ഭക്ഷണാവശിഷ്ടങ്ങൾ, മത്സ്യം, മാസം, ചപ്പ്ചവറുകൾ, ചത്ത മൃഗങ്ങൾ, ചാണകം, വളർത്തുമൃഗങ്ങളുടെ ഭക്ഷണാവശിഷ്ടങ്ങൾ, മുട്ടത്തോട്, തടി, പേപ്പർ, കാർഡ്ബോർഡ്, കോട്ടൺ തുണികൾ തുടങ്ങി മണ്ണിൽ വീണാൽ എളുപ്പത്തിൽ ദ്രവിച്ചുപോകുന്ന മാലിന്യങ്ങൾ തരംതിരിച്ച് സംസ്ക്കരിക്കേണ്ടതാണ്. ഇങ്ങനെ സംസ്ക്കരിക്കാത്തതാണ് നമ്മുടെ പ്രശ്നവും. അശാസ്ത്രീയമായ മാലിന്യപരിപാലനം കൊണ്ട് ഗുരുതരമായ പൊതുജനാരോഗ്യ പ്രതിസന്ധി ഉടലെടുത്തു. മാലിന്യങ്ങൾ സ്വന്തംപറമ്പിൽ പുനഃചംക്രമണം നടത്തുകയോ മണ്ണിൽ കിടന്ന് സ്വാഭാവിക വിഘടനത്തിന് വിധേയമാകുവാൻ നാം അനുവദിക്കുന്നുമില്ല. ജൈവമാലിന്യങ്ങൾ പ്ലാസ്റ്റിക്കിൽ പൊതിഞ്ഞാലും കോൺക്രീറ്റ് പ്രതലത്തിലും ജൈവവിഘടനം നടക്കില്ല എന്ന് അറിയാതെ പോകുന്നു. മാലിന്യ പരിപാലനത്തിൽ വീഴ്ച പറ്റിയാൽ അസഹനീയമായ ദുർഗന്ധം, കീടങ്ങളുടെ പെരുകൽ, വായു മലിനീകരണം, മാലിന്യങ്ങളിൽ നിന്ന് ഒളിച്ചുവരുന്ന മലിനദ്രാവക (ലിച്ചേറ്റ്) കാരണമുള്ള ജല/ഭൂഗർഭജലമലിനീകരണം തുടങ്ങിയ പ്രശ്നങ്ങൾ ഉടലെടുക്കുന്നു.

ശുചിത്വം: മാലിന്യ പ്രശ്നങ്ങൾ - ഗുരുലഘുത്വം

പട്ടിക - 4.95

ജൈവമാലിന്യ സംസ്കരണം- ജില്ലയിലെ അവസ്ഥ								
	കൃഷി/ വളക്കുഴിയിൽ നിക്ഷേപിക്കുന്നവർ	മൃഗങ്ങൾക്കും പക്ഷികൾക്കും തീറ്റായായി നൽകുന്നവർ	കമ്പോസ്റ്റ് വളം തയ്യാറാക്കുന്നവർ	ബയോ ഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുന്നു	പഞ്ചായത്ത്/ നഗര സഭയിൽ നൽകുന്നവർ	കത്തിക്കുന്നു	സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നു	പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നു
ഗ്രാമ പഞ്ചായത്ത്	153463	135280	45748	25271	8371	71723	12018	18747
നഗരസഭ	31248	17417	8344	2403	148621	7708	3605	10412
ആകെ	**184711**	**152697**	**54092**	**27674**	**156992**	**79431**	**15623**	**29159**

അവലംബം: വകുപ്പു തല റിപ്പോർട്ട്

പട്ടിക - 4.96

അജൈവമാലിന്യ സംസ്കരണ സംവിധാനം -ജില്ലയിലെ അവസ്ഥ							
	തുണി/ചാക്ക്/ചണം സഞ്ചി ഉപയോഗിക്കുന്നവർ	പ്ലാസ്റ്റിക് കവർ ഉപയോഗിക്കുന്നവർ	തുണിസഞ്ചി ഉപയോഗിക്കുന്നവർ	വീട്ടിൽ സൂക്ഷിക്കുന്നു	സ്വകാര്യ വ്യക്തികൾ/ ഏജൻസികളെ ഏൽപ്പിക്കുന്നവർ	പഞ്ചായത്ത്/ നഗരസഭയിൽ നൽകുന്നവർ	കത്തിക്കുന്നു
ഗ്രാമ പഞ്ചായത്ത്	105380	326939	81910	90916	177338	29416	124710
നഗരസഭ	39106	160524	21694	10327	42933	73233	10392
ആകെ	**144486**	**487463**	**103604**	**101243**	**220271**	**102649**	**135102**

അവലംബം:വകുപ്പുതലറിപ്പോർട്ട്

അറിവുള്ളവരും വിദ്യാഭ്യാസമുള്ളവരും ജൈവമാലിന്യങ്ങൾ കൂട്ടിക്കലർത്തി അലക്ഷ്യമായി വലിച്ചെറിയുന്നതും കൂട്ടിയിടുന്നതും അങ്ങേയറ്റം നിരാശാജനകമാണ്. 2017 ആഗസ്റ്റിൽ നടത്തിയ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം കാംമ്പയിൻ ജില്ലാ റിപ്പോർട്ട് പ്രകാരം 662063 വീടുകളിൽ നിന്നും 40272 കുടുംബം മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നവരാണ്. 23856 പേർ പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നു. Bio-gas സംവിധാനത്തിൽ നിക്ഷേപിക്കുന്നവർ കേവലം 27554 പേർ മാത്രം. എറണാകുളം വെജിറ്റബിൾ മാർക്കറ്റിലും GCDA മാർക്കറ്റിലും വാഴക്കുളം പൈനാപ്പിൾ വിപണന കേന്ദ്രങ്ങളിലും മൂവാറ്റുപുഴ EEC മാർക്കറ്റും ജൈവമാലിന്യ സംസ്കരണം നിയന്ത്രണാതീതമായ ജില്ലയിലെ ചില പ്രദേശങ്ങളാണ്. ഇതുപോലെതന്നെ വൈപ്പിൻ, ചെറായി തുടങ്ങിയ പ്രദേശങ്ങളിൽ മത്സ്യമാലിന്യങ്ങളും ഒരു വലിയ പ്രശ്നമാണ്.

ജില്ലാ പദ്ധതി 2018, ജില്ലാ ആസൂത്രണ സമിതി

പ്ലാസ്റ്റിക് മാലിന്യം

നമുക്ക് ഉപയോഗമില്ലാതെ വലിച്ചെറിയുന്നതെന്തും മാലിന്യമാണ്. പ്ലാസ്റ്റിക് മാലിന്യം പൊതു ആസ്തികളിലേക്ക് എത്തുന്ന വഴികൾ വിവിധ തരമാണ്. അവ ചുവടെ ചേർക്കുന്നു.

- വ്യക്തികൾ, ഗൃഹം
- ഓഫീസുകൾ മറ്റ് സ്ഥാപനങ്ങൾ
- പൊതു നിരത്തുകൾ
- തുറസ്സായ സ്ഥലങ്ങൾ
- ജലാശയങ്ങൾ
- ഓടകൾ

ഇപ്രകാരം വലിച്ചെറിഞ്ഞിട്ട പ്ലാസ്റ്റിക് മാലിന്യം മണ്ണിനെ, തോടുകളെ, ജലാശയങ്ങളെ, ജൈവവസ്തുക്കളെ, മൃഗങ്ങളെ എല്ലാം ബാധിക്കുംവിധം ജില്ലയിലെ അളവ് വളരെ വർദ്ധിച്ചിരിക്കുന്നു. ഇത് കൂട്ടിയിട്ട് കത്തിക്കുമ്പോഴുള്ള ഡയോക്സിൻ, ഫൂറാൻ തുടങ്ങിയ

വിഷവാതകങ്ങൾ ക്യാൻസറിനു കാരണമാകുന്നു. ഇത് പരിസ്ഥിതി മലിനീകരണത്തിനും ഇടയാക്കുന്നു. ജില്ലയിലെ പ്രധാനനഗരങ്ങൾ, ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾ ഉൾപ്പെട്ട റോഡുകൾക്ക് വശങ്ങളിൽ, സ്ഥാപനങ്ങളുടെ പരിസരങ്ങൾ, ജലാശയങ്ങൾ, തോടുകൾ മുതലായ ഭാഗങ്ങളിലെല്ലാം പ്ലാസ്റ്റിക് കവറുകളിൽ ജൈവമാലിന്യങ്ങൾ നിറച്ച് വലിച്ചെറിഞ്ഞിരിക്കുന്നത് നമുക്ക് കാണാൻ സാധിക്കും. വേർതിരിക്കാതെ (Segregate) കൂട്ടിയിട്ടിരിക്കുന്ന മാലിന്യം വേർതിരിച്ചെടുക്കുന്നത് സാധ്യമല്ല. പട്ടികൾ, എലികൾ, കൊതുകുകൾ ഇവയുടെ ആവാസകേന്ദ്രമായി ഈ പ്രദേശങ്ങൾ പലപ്പോഴും മാറുന്നു. ഇതു മൂലം പട്ടികടിച്ച് പേപിടിച്ചുള്ള മരണം, എലിപ്പനിമരണം, ഡെങ്കിപ്പനിമരണം ജില്ലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ ഇല്ലാതിരുന്ന പുതിയ പലരോഗങ്ങളും നമ്മെ തേടിയെത്തുന്നു. ഇത് ജനങ്ങളുടെ ആരോഗ്യകരമായ സ്വൈര്യജീവിതത്തിന് ഭീഷണിയാകുന്നു.

മാലിന്യ പ്രശ്നം (അലക്ഷ്യമായി വലിച്ചെറിയുന്നത്) നിയന്ത്രണാധീതമായ ചില സ്ഥലങ്ങൾ

- **കളമശ്ശേരി മെട്രോയാർഡിന് സമീപം**

ഇവിടെ മാലിന്യം വേർതിരിക്കാതെ ആളുകൾ വലിച്ചെറിയുന്നു. ഇപ്പോൾ ഇത് കൈകാര്യം ചെയ്യുന്നത് ഒരു സ്വകാര്യ ഏജൻസി ആണ്. ഇതിൽ വേർതിരിച്ചെടുക്കാവുന്നവ കമ്പനി സംസ്കരിക്കുന്നു. അവശേഷിക്കുന്ന മാലിന്യം ബ്രഹ്മപുരത്തേക്ക് കൊണ്ടുപോകുന്നു. ആയതിന്റെ നിലവിൽ പ്ലാസ്റ്റിക് മാത്രം വീടുകളിൽ നിന്ന് ശേഖരിക്കുകയും, ജൈവമാലിന്യങ്ങൾ വീടുകളിൽ തന്നെ സംസ്കരിക്കുന്നത് നിർബന്ധമാക്കിയിരിക്കുകയാണ്.

- **ബ്രഹ്മപുരം**

കേരളത്തിലെ തന്നെ ഏറ്റവും വലിയ കോർപ്പറേഷനായ കൊച്ചിയ്ക്കും സമീപ നഗരങ്ങൾക്കുമായി സ്ഥാപിക്കപ്പെട്ട പ്രധാന മാലിന്യസംസ്കരണ പ്ലാന്റാണ് ബ്രഹ്മപുരത്ത് സ്ഥിതി ചെയ്യുന്നത്.

ചിത്രം .4.54



കൊച്ചിൻ കോർപ്പറേഷന്റെ അധീനതയിലുള്ള പ്ലാന്റ് കൊച്ചിൻ കോർപ്പറേഷൻ, തൃപ്പൂണിത്തുറ, അങ്കമാലി, തൃക്കാക്കര, ആലുവ, ഏലൂർ, കളമശ്ശേരി നഗരസഭകളിലെ ജൈവ മാലിന്യങ്ങൾ ഈ പ്ലാന്റിന്റെ സഹായത്തോടെയാണ് സംസ്കരിക്കുന്നത്. കൊച്ചിൻ കോർപ്പറേഷൻ ഉൾപ്പെടെ 300 ടണ്ണിൽ അധികം മാലിന്യം ഇവിടെ സംസ്കരിക്കപ്പെടുന്നു. പ്ലാന്റിന്റെ കപ്പാസിറ്റിയെക്കാൾ മാലിന്യം ഈ പ്ലാന്റിൽ എത്തുന്നതിനാലും, ഉറവിടത്തിൽ മാലിന്യങ്ങൾ വേണ്ട രീതിയിൽ വേർതിരിച്ച് എത്തുന്നില്ല എന്നതിനാലും പ്ലാന്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്നതിന് നാളിതുവരെ സാധിച്ചിട്ടില്ല. ജൈവമാലിന്യങ്ങൾ ഒരു പരിധിവരെ വിൻഡ്രോ കമ്പോസ്റ്റിംഗ് മുഖേന സംസ്കരിക്കപ്പെടുന്നുണ്ടെങ്കിലും ഭൂരിഭാഗം മാലിന്യങ്ങളും ഉറവിടത്തിൽ തരംതിരിച്ചല്ല ശേഖരിക്കപ്പെടുന്നത്. പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ പ്ലാന്റിൽ കൂട്ടിയിട്ടിരിക്കുന്ന സ്ഥിതിയാണ് ഉള്ളത്. ആയതിനാൽ പ്ലാന്റിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടുവാൻ നാളിതുവരെ സാധിച്ചിട്ടില്ല.

ഈ പ്ലാന്റിനോടനുബന്ധിച്ച് ലീച്ചറ്റ് പ്ലാന്റ് ഇല്ല. ഇതുമൂലം സമീപത്തെ ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്ന സ്ഥിതി വിശേഷവുമുണ്ട്. ഈ പ്ലാന്റ് സന്ദർശിച്ച് പഠിച്ച പല വിദഗ്ദരും അടിയന്തിര സാഹചര്യത്തിൽ വലിയ തോതിൽ പുനരുദ്ധരിക്കപ്പെടേണ്ടതുണ്ട് എന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്.

നിലവിലുള്ള പ്ലാന്റിൽ കൂടുതൽ ആധുനിക യന്ത്ര സാമഗ്രികൾ ഉൾപ്പെടുത്തി നവീകരിക്കുന്നതിനോ, ആധുനിക കാലഘട്ടത്തിനനുസൃതമായ ഏറ്റവും പുതിയ

സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് പുതിയ പ്ലാന്റ് നിർമ്മിക്കുന്നതിനോ, 110 ഏക്കറോളം വരുന്ന സ്ഥല ലഭ്യത ഒരു അനുകൂല ഘടകമാണ്. ഈ പ്ലാന്റിൽ നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ സുരക്ഷാ സൗകര്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ടുള്ള നവീകരണമാണ് ആവശ്യമായിട്ടുള്ളത് .

പ്ലാന്റിന്റെ അകത്തേക്കുള്ള റോഡ് സൗകര്യങ്ങൾ സഞ്ചാരയോഗ്യമാക്കേണ്ടതും അത്യാവശ്യമാണ്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന BOT/PPT മാതൃകയിൽ നൂതന പ്ലാന്റ് സ്ഥാപിക്കുന്നതിന് അന്താരാഷ്ട്ര ഏജൻസിയുമായി കോർപ്പറേഷൻ പ്രാഥമിക കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ജൈവമാലിന്യങ്ങൾ കഴിയുന്നിടത്തോളം തരംതിരിച്ച് ഉറവിടത്തിൽ സംസ്കരിക്കുന്നതിനും ആയതിന് സാദ്ധ്യ ഇല്ലാത്ത സാഹചര്യത്തിൽ കേന്ദ്രീകൃത സംവിധാനത്തിലേക്ക് കോർപ്പറേഷന്റെ നേതൃത്വത്തിൽ ശേഖരിക്കുന്ന മാലിന്യം ഉറവിടത്തിൽ തന്നെ തരം തിരിക്കുന്നതിന് അനുയോജ്യമായ മനോഭാവമാറ്റം ജനങ്ങളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. ഇതിനുള്ള സംവിധാന ശ്രൃഖല കോർപ്പറേഷൻ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്.

തൃപ്പൂണിത്തുറ മിൽമ

60 സെന്റോളം ഉള്ള സ്ഥലത്ത് വേർതിരിക്കാതെ ഡംപ് ചെയ്യുന്നു. നിലവിൽ മാലിന്യങ്ങൾ വേർതിരിച്ചു ശേഖരിക്കുവാനും പ്ലാസ്റ്റിക് റീസൈക്ലിങ്ങ് ഷ്രെഡിംഗ് നടത്തുവാനും ബയോവേസ്റ്റ് വളമാക്കാനും സഹായിക്കുന്ന സജ്ജീകരണങ്ങൾ (തുമ്പൂർമുഴി മോഡൽ) അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്.

പട്ടിക – 4.97

അജൈവ മാലിന്യ സംസ്ക്കരണ സംവിധാനം	പഞ്ചായത്ത്	ബ്ലോക്ക്	നഗരസഭ	ആകെ
എം.സി.എഫ്	21	0	15	36
ആർ.ആർ.എഫ്	8	9	12	29

ജില്ലയിലെ വിവിധ കമ്മ്യൂണിറ്റി തല മാലിന്യ സംസ്ക്കരണ സംവിധാനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചിത്രം – 4.55



ചിത്രം – 4.56



സെപ്റ്റിക് മാലിന്യവും മലിനജല സംസ്ക്കരണവും

ആധുനിക സമൂഹത്തിൽ നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളിയാണ് സെപ്റ്റിക് മാലിന്യവും മലിനജല സംസ്ക്കരണവും. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഭൂഗർഭജലത്തെ നിത്യജീവിതത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് കേരളമാണ്. ജനസാന്ദ്രതയിലുള്ള വർദ്ധനവും വീടുകൾ നിർമ്മിക്കുമ്പോൾ ഓരോ വീടിനുമുള്ള സെപ്റ്റിക് ടാങ്കുകളുടെ അതിപ്രസരം മൂലം നമ്മുടെ ഭൂഗർഭജലം സെപ്റ്റിക് മാലിന്യവുമായി കലരുകയും ജലമലിനീകരണത്തിനു കാരണമാവുകയും ചെയ്യുന്നു. കൂടാതെ നിർമ്മാണ വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള മലിനജലം മലിനജലസംസ്കരണ സംവിധാനങ്ങളിലൂടെ ജലാശയങ്ങളിൽ എത്തുകയും തന്മൂലം നമ്മുടെ ജലസമ്പത്ത് മലിനമാക്കപ്പെടുന്നു. നിലവിൽ നമ്മുടെ ജില്ലയിൽ സെപ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണത്തിനായി ബ്രഹ്മപുരത്ത് 100 KLD ശേഷിയുള്ള ഒരു പ്ലാന്റ് പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന്റെ 60% മാത്രമേ നമുക്ക് പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നുള്ളൂ. അതോടൊപ്പം തന്നെ എറണാകുളം ജില്ലയിൽ 62-ൽ കൂടുതൽ അനധികൃത സെപ്റ്റിക് ടാങ്കുകൾ ക്ലീനിങ്ങിനുള്ള അനധികൃത ടാങ്കർ ലോറികൾ പ്രവർത്തിക്കുകയും അവ പൊതു സമൂഹത്തിന്റെ ആരോഗ്യകരമായ ജീവതത്തിന് വെല്ലുവിളി ഉയർത്തുകയും ചെയ്യുന്നു.

പട്ടിക – 4.98

മലിനജല സംസ്കരണം- ജില്ലയിലെ അവസ്ഥ					
	പാഴ്ജലക്കുഴി	സ്വീവേജ് പൈപ്പ്	മരങ്ങളുടെ തടത്തിൽ ഒഴുക്കുന്നു	കൃഷിക്ക് നനക്കുന്നു	കോമ്പൗണ്ടിന് പുറത്ത് ഒഴുക്കുന്നു
ഗ്രാമ പഞ്ചായത്ത്	174739	57506	141488	113941	57397
നഗരസഭ	55129	23361	10094	8691	35198
ആകെ	**229868**	**80867**	**151582**	**122632**	**92595**

അവലംബം: വകുപ്പു തല റിപ്പോർട്ട്

പട്ടിക - 4.99

സെപ്റ്റേജ് മാലിന്യം- ജില്ലയിലെ അവസ്ഥ					
	കുഴി നിർമ്മിച്ച് അതിലേക്ക് മാറ്റും	മുനിസിപ്പൽടാങ്കർ ലോറിയിലേക്ക് കൊണ്ടുപോകും	പ്രൈവറ്റ് ഏജൻസി	ഓടയിലോ തോട്ടിലോ ഒഴുക്കും	കുഴി ഇതുവരെ നിറഞ്ഞിട്ടില്ല
ഗ്രാമ പഞ്ചായത്ത്	71568	9297	75961	7165	268013
നഗരസഭ	17986	9172	54407	1089	58442
ആകെ	**89554**	**18469**	**130368**	**8254**	**326455**

അറവു മാലിന്യ സംസ്കരണം: -

നിലവിലെ സ്ഥിതി

നമ്മുടെ സംസ്ഥാനത്ത് അറവു മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ശാസ്ത്രീയമായ യാതൊരു സംവിധാനങ്ങളും നിലവിൽ ഇല്ല. നിലവിൽ കോഴി വ്യാപാര സ്ഥാപനങ്ങളിലെ മാലിന്യം പന്നി ഫാമുകൾ നടത്തുന്നവർ ശേഖരിച്ച് ഭക്ഷണമായി നൽകുന്നു. മാടുകളുടെയും മത്സ്യത്തിന്റെയും അവശിഷ്ടങ്ങൾ റോഡുകളിലും ജലാശയങ്ങളിലും തുറസ്സായ സ്ഥലങ്ങളിലും നിക്ഷേപിക്കുന്നു. (അനുബന്ധം 4.12) എറണാകുളം മാർക്കറ്റ്, GCDA മാർക്കറ്റ്, MPI കൂത്താട്ടുകുളം, വീട്ടൂർ വനപ്രദേശം, ആലുവ മാർക്കറ്റ് മുതലായവ ഇവ രൂക്ഷമായ പ്രശ്നമായി മാറിയ ചില പ്രദേശങ്ങളാണ്. മേൽ സൂചിപ്പിച്ച പ്രദേശങ്ങളിലെ മത്സ്യ-മാട് മാലിന്യങ്ങൾ സമീപവാസികൾക്ക് ഒരു ബാദ്ധ്യതയായി ദൈനംദിന ജീവിതത്തെ താറുമാറാക്കുന്നു.

ഇലക്ട്രോണിക് മാലിന്യങ്ങൾ

ഉപയോഗശൂന്യമായ ഇലക്ട്രോണിക് വസ്തുക്കളെ ശാസ്ത്രീയമായി സംസ്കരിക്കുക ആവശ്യമാണ്. പഴകിയ ഇലക്ട്രോണിക് വസ്തുക്കൾ ആരോഗ്യത്തിന് ഹാനികരമായ മെർക്കുറി, അർസെനിക്, ലെഡ് തുടങ്ങിയ മാരകമായ രാസവസ്തുക്കളെ പുറന്തള്ളുന്നു. ഇലക്ട്രോണിക് മാലിന്യങ്ങളെ അശാസ്ത്രീയമായി സംസ്കരിക്കുന്നതിലൂടെ വെള്ളത്തിൽ കൂടിയും ചെടികളിലെ ഇല, കായ്കനികളിലൂടെ മൃഗങ്ങളുടെ ഇറച്ചികളിലൂടെയും മനുഷ്യന്റെ ശരീരത്തിൽ പ്രവേശിക്കുകയും മാരകമായ പല രോഗങ്ങൾക്കും അടിമപ്പെടുന്നു. ഉപയോഗരഹിതമായ കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ഉപകരണങ്ങൾ, ടെലിവിഷൻ, വി.സി. ആർ, ഡി.വി.ഡി. പ്ലെയർ, സ്റ്റീരിയോ, മൊബൈൽ ഫോൺ/ചാർജറുകൾ, പ്രിന്ററുകൾ, ക്യാമറകൾ, വാഷിംഗ് മെഷീൻ, ഗ്രൈന്റർ തുടങ്ങിയ വിവിധങ്ങളായ ഇലക്ട്രോണിക് ഉപകരണങ്ങളാണ് ഇലക്ട്രോണിക് മാലിന്യങ്ങളായി കണക്കാക്കപ്പെടുന്നത്. സമീപകാലത്തെ കണക്കനുസരിച്ച് 1.5 മില്യൺ ടൺ ഇലക്ട്രോണിക് മാലിന്യങ്ങൾ സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്നു. ഇതിൽ 90% വും സർക്കാറിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ഏജൻസികൾ, ആക്രി കച്ചവടക്കാർ തുടങ്ങിയവർ അശാസ്ത്രീയമായി സംസ്കരിക്കുകയാണ്. ഇതിന്റെ ഗൗരവം മനസ്സിലാക്കിയ ഇന്ത്യൻ ഗവൺമെന്റ് 'ഇലക്ട്രോണിക് വേസ്റ്റ് മാനേജ്മെന്റിന്റെ ഹാൻഡലിംഗ് റൂൾസ് 2011' എന്ന നിയമം പുറപ്പെടുവിക്കുകയും പിന്നീട് 2016-ൽ അതിനു ഭേദഗതി വരുത്തി 'വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016' നിലവിൽ വന്നു. സമാന്തരമായ യത്നങ്ങൾ സംസ്ഥാനതലത്തിലും നടന്നു. ഇതിന്റെ അനന്തരഫലമായി സംസ്ഥാന സർക്കാറിന്റെ തദ്ദേശസ്വയംഭരണ വകുപ്പ് 1. സർക്കാർ ഉത്തരവ്(സാധ)നം.117/16 തസ്വഭവ തീയതി 07.03.2016 പ്രകാരം ഇലക്ട്രോണിക് മാലിന്യങ്ങളെ സംസ്കരിക്കുന്നതിനായ് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തി. ആയതു പ്രകാരം ക്ലീൻ കേരള കമ്പനി സ്ഥാപനങ്ങൾ, ഓഫീസുകൾ, സ്കൂളുകൾ

എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ചുവച്ചിരിക്കുന്ന ഇലക്ട്രോണിക് മാലിന്യങ്ങളെ സംസ്കരിക്കുന്നതിനായി പ്രവർത്തിക്കുന്നു. കൂടാതെ ഗാർഹിക തലത്തിലെ ഇലക്ട്രോണിക് മാലിന്യങ്ങളെ നിർമ്മാർജനം ചെയ്യുവാൻ തദ്ദേശ സ്ഥാപനങ്ങളിലെ ഹരിതസേനയുടെ സഹായം ഉപയോഗപ്പെടുത്തുന്നു. ക്ലീൻ കേരള കമ്പനിയുടെ ഔദ്യോഗിക കണക്കനുസരിച്ച് 353.5 ടൺ ഇലക്ട്രോണിക് വേസ്റ്റ് നാളിതുവരെ ശേഖരിച്ചു ശാസ്ത്രീയ സംസ്കരണം നടത്തി. എറണാകുളം ജില്ലയിൽ കളക്ട്രേറ്റിൽ നടന്ന വിവിധങ്ങളായ ഇലക്ട്രോണിക് മാലിന്യ നിർമാർജ്ജന പദ്ധതിയിലൂടെ 10 ടൺ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്കു കൈമാറി. എന്നിരുന്നാലും നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗാർഹികതലത്തിലും ഓഫീസ് തലത്തിലും ഇലക്ട്രോണിക് മാലിന്യസംസ്കരണ പദ്ധതികൾ ജില്ലയിൽ നടത്തേണ്ടത് ആവശ്യമാണ്.

അപകടകരമായ മാലിന്യങ്ങൾ

ആരോഗ്യത്തിനും പരിസ്ഥിതിക്കും ഹാനികരമായ മാലിന്യങ്ങൾ ആണ് അപകടകരമായ മാലിന്യങ്ങൾ ഇവയെ ക്യാരസ്ട്രിക്ക് മാലിന്യമെന്നും ലിസ്റ്റഡ് മാലിന്യങ്ങൾ എന്നും തരംതിരിക്കാം. ക്യാരസ്ട്രിക്ക് മാലിന്യങ്ങൾ അപകടകര മാലിന്യങ്ങൾ ആയി കണക്കാക്കാം. നിയന്ത്രണാധികാരികൾ അപകടകരമായി ചിട്ടപെടുത്തിയ മാലിന്യങ്ങളെയാണ് ലിസ്റ്റഡ് വേസ്റ്റ് എന്നുപറയുന്നത്. ഇവ ഖര, ദ്രവ, വാതക രൂപത്തിൽ കാണാം.
വീടുകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ദൈനംദിന ഉപയോഗ വസ്തുക്കളിൽ നിന്നും പുറപ്പെടുന്ന ഗാർഹിക അപകടകര മാലിന്യങ്ങളെ സംസ്കരിക്കേണ്ടതും വളരെ അത്യാവശ്യമാണ്. നമ്മുടെ ദൈനംദിന ജീവിതത്തിൽ ഉപയോഗശൂന്യമായി വരുന്ന ട്യൂബ്ലൈറ്റുകൾ, സി.എഫ്.എൽ ലാമ്പുകൾ, ടി.വി.യുടെയും മറ്റു അനുബന്ധ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗ ശൂന്യമായ വസ്തുക്കളാണ് വീടുകളിൽ പ്രധാനമായി ഉത്പാദിപ്പിക്കപ്പെടുന്ന അപകടകരമായ മാലിന്യങ്ങൾ.

അപകടകരമാലിന്യങ്ങൾ അശാസ്ത്രീയമായി സംസ്കരിക്കുന്നതിലൂടെ ഇവയിലെ വിഷാംശം മണ്ണിൽ ഇറങ്ങി ചെല്ലുന്നതിനും കാരണമാകും. ആയതിനാൽ ശാസ്ത്രീയമായി റീസൈക്ലിംഗിന് നൽകേണ്ടത് ആവശ്യമാണ്.
കേരള സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പ് സർക്കാർ ഉത്തരവ് നം.117/16 തസ്വഭവ തീയതി 04.03.2016 പ്രകാരം അപകടകരമായി മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും ക്ലീൻ കേരള കമ്പനിയ്ക്കു നൽകേണ്ടതും എന്നാൽ ആയതിന്റെ ചിലവ് ഉപഭോക്താക്കൾ തന്നെ വഹിക്കേണ്ടതും ആണ്. കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സമീപകാലത്തെ പഠന റിപ്പോർട്ട് അനുസരിച്ച് ഏകദേശം 71,050.88 മെട്രിക് ടൺ അപകടകര മാലിന്യങ്ങൾ ഉത്പാദിപ്പിക്കപ്പെടുന്നു. ഇതിൽ ഏകദേശം 45,560.808 മെട്രിക് ടൺ എറണാകുളം ജില്ലയിൽ ആണ് ഉൽപാദിപ്പിക്കപ്പെടുന്നത്. ഏകദേശം 28,518 മെട്രിക് ടൺ ഓരോ വർഷവും ജില്ലയിൽ ഉൽപാദിപ്പിക്കപ്പെടുന്നു. ഇതിൽ 13,050 മെട്രിക് ടൺ മാത്രമേ റീ സൈക്കിളിംഗിന് സാധ്യതയുള്ളൂ. എല്ലാ കൊല്ലവും ഏകദേശം 16,749 മെട്രിക് ടൺ റിസൈക്ലിംഗിന് സാധ്യതയുള്ള അപകടകര മാലിന്യങ്ങൾ ഉണ്ടാകുന്നു.
നിലവിൽ ജില്ലയിൽ അപകടകര മാലിന്യങ്ങൾ സംസ്കരിക്കുവാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. ഇവയെ ശാസ്ത്രീയമായി സംസ്കരിക്കുവാൻ വേണ്ട നടപടികൾ എടുക്കേണ്ടത് ആവശ്യമാണ്. പുത്തൻകുരിശു കേന്ദ്രീകരിച്ചു 'കേരള എൽവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്' എന്ന സ്ഥാപനം സംസ്ക്കരണ പ്രവർത്തികൾക്കായുള്ള പ്ലാന്റിനു വേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തി വരുന്നു. പഞ്ചായത്ത്, മുനിസിപ്പൽ തലത്തിൽ ശേഖരിച്ച് അനുബന്ധ പ്രവർത്തനങ്ങൾക്കായി നൽകേണ്ടതാണ്.

ബയോ മെഡിക്കൽ വേസ്റ്റ്

പകർച്ചവ്യാധികൾ വരുവാൻ സാധ്യതയുള്ളതും ആരോഗ്യ

സ്ഥാപനങ്ങളിൽ നിന്നും ഉത്പാദിപ്പിക്കപ്പെടുന്നതുമായ മാലിന്യങ്ങൾ ബയോ മെഡിക്കൽ വേസ്റ്റ് ആയി കണക്കാക്കപ്പെടുന്നു. പൊതുവെ ആശുപത്രികൾ, ഹെൽത്ത് ക്ലിനിക്കുകൾ, നഴ്സിംഗ് ഹോമുകൾ, മെഡിക്കൽ റിസർച്ച് ലബോറട്ടറികൾ, സ്പെഷ്യലിസ്റ്റ് ക്ലിനിക്കുകൾ, വെറ്റിനറി ആശുപത്രികൾ എന്നിവിടങ്ങളിലാണ് ബയോമെഡിക്കൽ വേസ്റ്റ് ഉത്പാദിപ്പിക്കപ്പെടുന്നത്. ഉപയോഗിച്ച ബാൻഡേജുകൾ, ഡ്രെസിംഗ്സ്സുകൾ, ഗ്ലൗസുകൾ, മെഡിക്കൽ ഉപകരണങ്ങൾ, ഉപയോഗശൂന്യമായ മൈക്രോ ബയോളജിക്കൽ കൾച്ചറുകൾ, രക്താംശങ്ങൾ, ശരീര അവശിഷ്ടങ്ങൾ മറ്റ് ലബോറട്ടറി മാലിന്യങ്ങൾ ഇവയാണ് ബയോ മെഡിക്കൽ വേസ്റ്റിൽ പെടുന്നത്.

പകർച്ചവ്യാധി വെല്ലുവിളി ഉണ്ടാവുന്നതിനാൽ ബയോമെഡിക്കൽ വേസ്റ്റ് ശാസ്ത്രീയമായി സംസ്കരിക്കേണ്ടതിന്റെ ആവശ്യകത ഏറെയാണ്. മാലിന്യ ശേഖരണം, ഇവയുടെ ട്രാൻസ്പോർട്ടേഷൻ, റീസൈക്ലിംഗ്, ഡിസ്പോസൽ ഇവ ഓരോന്നും വളരെയേറെ പ്രാധാന്യം അർഹിക്കുന്നു. കാർഡ്ബോർഡ്, പാക്കേജ് എന്നിവ മാത്രമേ റീസൈക്ലിംഗിന് സാധ്യതയുള്ളൂ. മറ്റു ബയോമെഡിക്കൽ വേസ്റ്റ് സർക്കാർ ചുമതലപ്പെടുത്തിയ കമ്പനികൾ മുഖേന ശാസ്ത്രീയമായി ഇൻസിനറേറ്റ് ചെയ്യുക മാത്രമാണ് നിലവിലെ സാധ്യത. പാലക്കാട് കേന്ദ്രീകരിച്ചുള്ള □ഇമേജ്□ എന്ന സ്ഥാപനം വഴിയാണ് കേരളത്തിൽ ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരിക്കപ്പെടുന്നത്. ഇതിനുവേണ്ടസൗകര്യം ഒരുക്കേണ്ടത് അതാതു സ്ഥാപനങ്ങളുടെ ചുമതലയാണ്. അതാത് ഹോസ്പിറ്റിലിന്റെ വികസന കമ്മിറ്റി ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടത് ആവശ്യമാണ്. കേരളത്തിലെ 6000 ആശുപത്രികൾക്കുമായി 'ഇമേജ്' എന്ന ഒറ്റ സ്ഥാപനത്തിന്റെ സർവ്വീസാണ് ആകെ ലഭ്യമായിട്ടുള്ളത്. എറണാകുളം ജില്ലയിൽ കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KEIL) ഏകദേശം 2.5 ഏക്കർ സ്ഥലം നീക്കി വെച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം തുടങ്ങിയിട്ടില്ല.

ജില്ലയിലെ ചില അനുകരണീയ മോഡൽ പ്രവർത്തനങ്ങൾ

ശരിയായ രീതിയിൽ മാലിന്യങ്ങളെ കൈകാര്യം ചെയ്യുവാൻ മാലിന്യങ്ങൾ പരമാവധി കുറക്കുക തന്നെ വേണം. സാധിക്കുന്നവത്ര കുറച്ചു മാത്രം മാലിന്യങ്ങൾ സൃഷ്ടിക്കുക എന്നതാണ് മാലിന്യ സംസ്കരണത്തിലെ ഒന്നാം പാഠം. മാലിന്യ സംസ്കരണത്തിലെ തത്വങ്ങൾ "Reduce Reuse, Recycle" എന്നീ മൂന്നു ഘടകങ്ങളാണ്. കുറച്ചു മാത്രം മാലിന്യം സൃഷ്ടിക്കുക, വീണ്ടും വീണ്ടും ഉപയോഗിക്കുക, പുന:ചംക്രമണം നടത്തുക ഈ 3 കാര്യങ്ങൾ ജനങ്ങളുടെ സ്വഭാവത്തിന്റെ ഭാഗമായാൽ മാത്രമേ മാലിന്യ സംസ്ക്കരണ പരിപാടികൾ വിജയിക്കൂ.

മാലിന്യങ്ങൾ കുറയ്ക്കുന്നതിനായി ഗ്രീൻ പ്രോട്ടോക്ക്ൾ പ്രവർത്തനങ്ങൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓഫീസിൽ മീറ്റിംഗുകൾ തുടങ്ങി പൊതുപരിപാടികളിൽ നടത്തുവാൻ ജില്ലാ ഭരണകൂടവും ശുചിത്വ മിഷനും ഹരിത കേരള മിഷനും പ്രവർത്തുച്ചു വരുന്നു. ഹരിത കേരള മിഷന്റെ ജില്ലാതല പ്രവർത്തനങ്ങളുടെ ഭാഗമായി 2017 ജനുവരിയോടികൂടി കളക്ടറേറ്റിൽ ഡിസ്പോസിബിൾസ് നിരോധിച്ചു. ഇതിനെത്തുടർന്ന് ഹിന്ദു/ മുസ്ലീം/ ക്രിസ്ത്യൻ മത മേധാവികൾ, എൻ.എസ്.എസ./ എസ്.എൻ.ഡി.പി. തുടങ്ങിയ വിവിധ സംഘടനാ ഭാരവാഹികൾ, കല്യാണ മണ്ഡപങ്ങൾ, കാറ്ററിംഗ് അസോസിയേഷൻ, ഓഡിറ്റോറിയം ഭാരവാഹികൾ തുടങ്ങിയവർക്ക് ജില്ലാ കളക്ടർ സ്വന്തം കൈപ്പടയിൽ ഒപ്പിട്ട അർദ്ധ ഔദ്യോഗിക കത്തുകൾ അയച്ചു. ജനുവരി അവസാന വാരത്തിൽ ഇവരുടെ ഒരു യോഗം വിളിച്ചു കൂട്ടുകയും, ഈ യോഗത്തിൽ വച്ച് ഹരിത ഉത്സവങ്ങളും വിവാഹങ്ങളും സത്ക്കാരങ്ങളും നടത്തുവാൻ ആവശ്യപ്പെടുകയും ചെയ്തു. കളക്ടറുടെ നിർദ്ദേശങ്ങൾ ജനങ്ങൾ സ്വീകരിച്ചതിന്റെ

ഫലമായി വിവിധ ഗ്രീൻ പ്രോട്ടോകോൾ പരിപാടികൾ ജില്ലയിൽ ഉടനീളം നടത്തുവാൻ സാധിച്ചു. ഇതോടൊപ്പം ഹരിത വിവാഹ സത്ക്കാരങ്ങൾക്ക് പ്രശംസാ പത്രവും വാഗ്ദാനം ചെയ്യപ്പെട്ടു. കൂടാതെ ഓഡിറ്റോറിയങ്ങൾക്ക് ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനാടിസ്ഥാനത്തിൽ സ്റ്റാർ റേറ്റിംഗുകൾ ഏർപ്പെടുത്തി.

റേറ്റിംഗ് മാനദണ്ഡങ്ങൾ :

കുടിവെള്ള ലഭ്യത- ഓരോ വ്യക്തിക്കും പരമാവധി 25 മീറ്ററിൽ കൂടാതെയുള്ള അകലത്തിൽ ബബിൾ ടോപ്പ്/വാട്ടർ പ്യൂരിഫയർ/സമാന വസ്തുക്കൾ ഉപയോഗിച്ച് ലഭ്യമാക്കണം.

- സ്റ്റാർ 1 പ്രവർത്തനങ്ങൾക്ക് പുറമെ, ഭക്ഷണ വിതരണത്തിലും ഭക്ഷണ ഉപയോഗത്തിലും പുനരുപയോഗ വസ്തതുക്കളുടെ മാത്രം ഉപയോഗം.
- സ്റ്റാർ 2 പ്രവർത്തനങ്ങൾക്ക് പുറമെ, പങ്കെടുക്കുന്നവരിലൂടെ ഗ്രീൻ പ്രോട്ടോക്കോൾ ആശയങ്ങൾ, വിഷയ സംബന്ധിയായ സന്ദേശങ്ങൾ പ്രകൃതി സൗഹൃദ ബാനർ/പോസ്റ്ററിലൂടെ (IEC വസ്തുക്കൾ- Information Education Communication) പ്രചരണം ഉറപ്പാക്കൽ.
- സ്റ്റാർ 3 പ്രവർത്തനങ്ങൾക്ക് പുറമെ, പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ ഭക്ഷണ സാധനങ്ങളുടെ നിരോധനം, ഡിസ്പോസബിൾ സാധനങ്ങളുടെ കാമ്പസിലെ നിരോധനം.
- സ്റ്റാർ 4 പ്രവർത്തനങ്ങൾക്ക് പുറമെ, ഉറവിട മാലിന്യ സംസ്കരണം നടത്തുന്നതിനായി ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റിംഗിന് വിധേയമാകുന്നുന്നുള്ളത് ഉറപ്പാക്കുക.

മേൽ സൂചിപ്പിച്ച വിവിധ പ്രവർത്തനങ്ങളുടെ ഫലമായി ഹരിത വിവാഹ സത്ക്കാരങ്ങളുടെ ആവശ്യവുമായി വിവിധ മത-സാംസ്കാരിക സംഘടനകളും കാറ്ററിംഗ് യൂണീറ്റ് ഭാരവാഹികളും മുമ്പോട്ടു വന്നു. ഇങ്ങനെ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊുള്ള വിവാഹങ്ങൾക്ക് കളക്ടറും മറ്റ് ജില്ലാതല ഉദ്യോഗസ്ഥരും പങ്കെടുക്കുകയും പ്രശംസാ പത്രങ്ങൾ നൽകുകയും ചെയ്തു. ഇതോടൊപ്പം പൊതു പരിപാടികൾ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാൻ ജില്ലയിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുകയും ചെയ്തു.

ചിത്രം – 4.57



ജില്ലയിൽ നടക്കപ്പെട്ട വിവിധ ഹരിത വിവാഹങ്ങളിൽ നിന്നുള്ള ദൃശ്യങ്ങൾ

ഹരിത വിവാഹങ്ങൾക്കും സത്കാരങ്ങൾക്കും ഒപ്പം ജില്ലയിലെ പ്രധാനപ്പെട്ട ഉത്സവങ്ങളിലും തിരുനാളുകളിലും ഗ്രീൻ പ്രോട്ടോകോൾ പാലിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിനായി തദ്ദേശികമായി ആഘോഷ കമ്മിറ്റികളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ശുചിത്വ മിഷൻ സർവീസ് പ്രൊവൈഡറുകളുടെയും സഹകരണം ലഭിച്ചിട്ടുണ്ട്. ഉത്സവാഘോഷ വേളയിൽ അമ്പലം / പള്ളി പരിസരത്തു പരിപാടിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടിയും ഉപയോഗശേഷം വലിച്ചെറിയുന്ന അജൈവ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും ക്യാരിബാഗുകൾ, ഡിസ്പോസിബിൾസ് എന്നിവ നിരോധിച്ചുകൊണ്ട് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. ശുചിത്വ മിഷന്റെ അംഗീകൃത സേവന ദാതാവിന്റെ നേതൃത്വത്തിൽ ഉള്ള ചിട്ടയായ കമ്മ്യൂണിറ്റി മൊബൈലിസേഷൻ പ്രവർത്തനങ്ങൾ, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുവാനായി ഉള്ള താത്ക്കാലിക മെറ്റീരിയൽ ഫെസിലിറ്റി സെന്ററിന്റെ പ്രവർത്തനം നാഷണൽ സർവ്വീസ് സ്കീം വോളന്റിയേഴ്സ്, പോലീസ്, ആരോഗ്യ വകുപ്പ്, പഞ്ചായത്ത് തുടങ്ങിയവരുടെ സന്നദ്ധസേവനത്തോടെ നടത്തിയ കമ്മ്യൂണിറ്റി മൊബിലൈസേഷൻ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് ഈ ഉദ്യമത്തിന്റെ ശ്രദ്ധേയമായ ഘടകങ്ങൾ. ഇതിന്റെ ഒക്കെ ഫലമായി ഏകദേശം ഏകദേശം 15 ടൺ മാലിന്യങ്ങൾ ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന് വിധേയമാക്കുകയും ചെയ്തു. കൂടാതെ ഈ പരിപാടികളിലെല്ലാം നേർച്ച സദ്യകളിലും മറ്റു അനുഷ്ഠാനങ്ങളിലും ഡിസ്പോസബിൾസ് പൂർണ്ണമായി ഒഴിവാക്കാൻ സാധിച്ചു. അങ്ങനെ തിരുവൈരാണിക്കുളം, മലയാറ്റൂർ, ആലുവ, മൂത്തകുന്നം, മരട് തുടങ്ങിയ പുണ്യ സ്ഥലങ്ങളിൽ സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിന്റെ വിജയ ചരിത്രം മറ്റു ആഘോഷങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, കൺവൻഷനുകൾ, കൂട്ടായ്മകൾ മുതലായ സ്ഥലങ്ങളിൽ അനുവർത്തിക്കാവുന്ന ഒരു പുതിയ പാഠം പകർന്നു തന്നിരിക്കുകയാണ്.

ചിത്രം - 4.58



വിവിധ ഗ്രീൻ പ്രോട്ടോക്കോൾ ഉത്സാവാഘോഷങ്ങളിലെ ദൃശ്യങ്ങൾ

ജില്ലയിൽ 2017-18 കാലഘട്ടത്തിൽ ആകെ 21 കല്യാണങ്ങളും, 15 മറ്റു പരിപാടികളും ശുചിത്വ മിഷന്റെ സഹായത്തോടെ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊ് നടത്തപ്പെട്ടു.

മാലിന്യ സംസ്ക്കരണം

ജില്ലയിൽ ദ്രുതഗതിയിൽ നഗരവത്ക്കരണം നടന്നു കൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി നമ്മുടെ ഗ്രാമ പ്രദേശങ്ങൾക്കും നഗര പ്രദേശങ്ങളുടെ സ്വഭാവം വന്നിരിക്കുന്നു. മാലിന്യ സംസ്ക്കരണം ഗ്രാമ പ്രദേശങ്ങളിലും ഒരു വലിയ പ്രശ്നം ആയിരിക്കുന്നു. വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായ റിപ്പോർട്ടുകൾ പറയുന്നത് ജില്ലയിൽ ഏകദേശം 1200 ഓളം ടൺ മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നു എന്നാണ്. ഇതിൽ 850ഓളം ടൺ മാലിന്യം ഉത്പാദിപ്പിക്കപ്പെടുന്നത് നഗരങ്ങളിൽ നിന്നാണ്. നഗര പ്രദേശങ്ങളിലെ മാലിന്യ ഉത്പാദനത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

പട്ടിക - 4.100

നഗരസഭ/കോർപ്പറേഷൻ	മാലിന്യം ടൺ
ആലുവ	4.2
അങ്കമാലി	16
പെരുമ്പാവൂർ	29.9
കോതമംഗലം	61.25
നോർത്ത് പറവൂർ	14.45
മൂവാറ്റുപുഴ	8
കളമശ്ശേരി	42.9
തൃക്കാക്കര	18.85
ഏലൂർ	6
മരട്	7
തൃപ്പൂണിത്തുറ	13.7
പിറവം	6
കൂത്താട്ടുകുളം	4
കൊച്ചി കോർപ്പറേഷൻ	617.5
ആകെ	**849.75**

പട്ടിക – 4.101

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അനുപാതം(ദിവസേന)

ഗാർഹിക മാലിന്യം	13.47 ടൺ
വ്യവസായിക സ്ഥാപനങ്ങൾ	32.99
ഓഡിറ്റോറിയം, കമ്മ്യൂണിറ്റി ഹാൾ മുതലായവ	4.75
ഹോട്ടൽ, റെസ്റ്റോറന്റ് മുതലായവ	29.9
മാർക്കറ്റുകൾ	20.39
സ്ഥാപനങ്ങൾ	14.75
നഗര ശുചീകരണം	31.3
സ്ലോട്ടർ ഹൗസ്	5.26
കെട്ടിടം പണി (കൺസ്ട്രക്ഷൻ)	17.00

അവലംബം: വകുപ്പു തല റിപ്പോർട്ട്

ജൈവ മാലിന്യങ്ങൾ പരമാവധി സൃഷ്ടിക്കപ്പെടുന്ന സ്ഥലത്തു തന്നെ സംസ്കരിക്കേണ്ടതുണ്ട്. ഇവ അജൈവ വസ്തുക്കളുമായി കൂടി കലരുമ്പോൾ വേണ്ടവിധത്തിൽ സംസ്കരണം നടക്കാൻ കഴിയാതെ പോകുന്നു. ജില്ലയിലെ മാലിന്യപ്രശ്നങ്ങൾ അപഗ്രഥിക്കുമ്പോൾ ആകെ 147877 (15%) വീടുകളിലെ മാലിന്യങ്ങൾ വെവ്വേറെ ശേഖരിക്കുന്നുവുള്ളൂ. ജില്ലയിൽ ദിവസവും ഉത്പാദിപ്പിക്കപ്പെടുന്നത് 270 ടൺ ആണ് ഇതിൽ മാലിന്യ സംസ്കരണ പ്ലാന്റുകളിൽ എത്തുന്നത് 250 ടൺ ആണ്. ഏകദേശം 79431(8%) വീടുകളിൽ ജൈവ മാലിന്യം കത്തിക്കപ്പെടുന്നു. ഏകദേശം 135102 വീടുകളിൽ അജൈവ മാലിന്യം കത്തിക്കപ്പെടുന്നു. സർവ്വേ അനുസരിച്ച് 29159 (3%) വീടുകൾ അജൈവ മാലിന്യം പൊതുനിലത്ത് നിക്ഷേപിക്കുന്നവരാണ്. ഏതെങ്കിലും മാലിന്യ സംസ്കരണ സംവിധാനം നിലവിലുള്ളത് കേവലം 189745(19%) വീടുകളിൽ മാത്രമാണ്. ജില്ലയിലെ വിവിധ തദ്ദേശസ്ഥാപനങ്ങളുടെ പഠനത്തിൽ കടയിൽ സാധനങ്ങൾ വാങ്ങാൻ പോകുന്നത് ജില്ലയിൽ മൊത്തമുള്ള 982405 വീടുകളിൽ 14486 ആണ്. അതായത് 1 % മാത്രമേ ഉള്ളൂ. നമ്മുടെ ജില്ലയിലെ ഏറ്റവും വലിയ സംസ്കരണ പ്ലാന്റാണ് കൊച്ചിൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ബ്രഹ്മപുരം പ്ലാന്റ്. 102 ഏക്കറോളം ഉള്ള സ്ഥലത്തു സ്ഥിതിചെയ്യുന്ന ഈ പ്ലാന്റ് കോർപ്പറേഷൻ കൂടാതെ സമീപ പ്രദേശത്തെ പലനഗരസഭയിലെയും മാലിന്യ സംസ്കരണത്തിനു സഹായിക്കുന്നു. എന്നാൽ മാലിന്യങ്ങൾ വേർതിരിക്കാതെ എത്തുന്നതും, പ്ലാന്റിന്റെ ശേഷിയെക്കാൾ ഉപരി മാലിന്യങ്ങൾ ഇവിടെ എത്തുന്നതും ഈ പ്ലാന്റിന്റെ പ്രവർത്തനത്തിന് വെല്ലുവിളിയായി വരുന്നു.

അറവുശാലകളും ചിക്കൻ സെന്ററുകളും ധാരാളമുള്ള ജില്ലയിൽ ആവശ്യാനുസൃതമുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ല. കൂത്താട്ടുകുളത്ത് സ്ഥിതി ചെയ്യുന്ന എം.പി.ഐ.യുടെ മാലിന്യ സംസ്കരണ സംവിധാനമൊഴികെ മറ്റു സംവിധാനങ്ങൾ ഒന്നുമില്ല. ഇതിന്റെ അഭാവത്തിൽ അറവു മാലിന്യവും ചിക്കൻ സെന്ററുകളിലെ മാലിന്യവും പലപ്പോഴും നമ്മുടെ ജലസ്രോതസ്സുകളിലേക്ക് തള്ളപ്പെടുകയാണ്.

ഇതുപോലെ തന്നെ ഗൗരവമേറിയതാണ് സെപ്റ്റിക് മാലിന്യവും മലിനജല സംസ്കരണവും. 500 ടൺ ആണ് ദിവസവും ശേഖരിക്കപ്പെടുന്ന സെവറ്റേജ് സെപ്റ്റിക് ടാങ്ക് നിറയുമ്പോൾ 157390 (16%) വീടുകൾ സമീപത്ത് കുഴി നിർമ്മിച്ച് അതിലേക്കു മാറ്റും. 18469 (2%) വീടുകൾ തദ്ദേശ സ്ഥാപനം ഏർപ്പാടാക്കുന്ന ലോറിയിൽ കൊണ്ടുപോവുകയും 130368(13%) വീടുകൾ പ്രൈവറ്റ് ഏജൻസികൾ വഴി ടാങ്കർ ലോറിയിലേക്ക് പമ്പു ചെയ്തു കൊണ്ടുപോകുന്നു. ബ്രഹ്മപുരത്ത് സ്ഥിതി ചെയ്യുന്ന ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാൻ ഒഴികെ തദ്ദേശ സ്ഥാപനങ്ങളുടെ ആവശ്യാനുസൃതം സെപ്റ്റേജ് സിവറേജ്

മാലിന്യ സംസ്കരണ സംവിധാനങ്ങൾ ജില്ലയിൽ ഇല്ല.
വേണ്ട രീതിയിലുള്ള മാലിന്യ സംസ്കരണത്തിന്റെ അഭാവം മൂലം ജല മലിനീകരണം വളരെ വലിയ ഒരു പ്രശ്നമായി മാറിയിരിക്കുന്നു. 240 മില്യൺ ലിറ്റർ ആണ്. ദിവസവും ഉത്പാദിപ്പിക്കപ്പെടുന്ന മലിന ജലം എന്നാൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തുന്നത് 4.5 മില്യൺ ലിറ്റർ ആണ്. 130368(13.2%) വീടുകൾ ഓടയിലോ തോട്ടിലോ ഒഴുക്കുന്നവരാണ്. സീവേജ് പൈപ്പ് ഉള്ളവർ കേവലം 8086 വീടുകൾ മാത്രമാണ്. ഏകദേശം 92595 (9.4%) വീടുകൾ കോമ്പൗണ്ടിന് പുറത്ത് ഒഴുക്കുന്നു. സീവേജ് ട്രീറ്റ്മെന്റ് സൗകര്യമുള്ളവർ 677550(68%) വീടുകളിലാണ്. ജൈവ മാലിന്യങ്ങൾ പൊതുനിരത്തിൽ നിക്ഷേപിക്കപ്പെടുന്നപോലെ ഗൗരവമേറിയതാണ്. പുഴയിലും തോടിലും നിക്ഷേപിക്കപ്പെടുന്നതും വളരെ ഗൗരവമേറിയ വിഷയമാണ്. ഇവ പലപ്പോഴും ജലവിഭവശേഷിക്ക് വെല്ലുവിളിയാണ്. അതുപോലെ മാർക്കറ്റുകളിലെ അവശിഷ്ടങ്ങളും പലപ്പോഴും വേണ്ട രീതിയിൽ സംസ്കരിക്കപ്പെടുന്നില്ല. ജില്ലയിൽ 70 മാർക്കറ്റുകളാണ് ഉള്ളത്. എന്നാൽ മരട് മാർക്കറ്റ് ഒഴികെ മറ്റ് ഒരു മാർക്കറ്റിലും വേണ്ട രീതിയിൽ ഉള്ള സംസ്കരണ ഉപാധികൾ ഇല്ല. ആരോഗ്യത്തിന് വളരെ വലിയ അപകടം സൃഷ്ടിക്കുന്നവയാണ് ഇലക്ട്രോണിക്, അപകടകര മാലിന്യം, ബയോ മെഡിക്കൽ മാലിന്യം എന്നിവ. കേരള സർക്കാറിന്റെ നയം അനുസരിച്ച് ഇലക്ട്രോണിക്കും അപകടകരമായ മാലിന്യവും ക്ലീൻ കേരള കമ്പനിയെ ഏൽപ്പിക്കേണ്ടതാണ്. ഇതിന് ഒരു സംവിധാനം സൃഷ്ടിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ജില്ലയിൽ ശുചിത്വമിഷന്റെ നേതൃത്വത്തിൽ സർക്കാർ ഓഫീസുകളിലെ ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻ കേരള കമ്പനിയ്ക്കു കൈമാറി. എന്നാൽ തദ്ദേശ സ്ഥാപന തലത്തിൽ ഈ മേഖലയിൽ കാര്യമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ആയതിനാൽ അടിയന്തിരമായി സംവിധാനങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. പഠന റിപ്പോർട്ട് അനുസരിച്ച് ജില്ലയിൽ 15-20 ടൺ ബയോ മെഡിക്കൽ വേസ്റ്റ് ദിവസവും ഉത്പാദിപ്പിക്കപ്പെടുന്നു. ഇതിൽ 10 ടൺ കൊച്ചി സിറ്റിയിൽ തന്നെ ഉത്പാദിപ്പിക്കപ്പെടുന്നു. ഏറ്റവുമടുത്ത റിപ്പോർട്ട് അനുസരിച്ച് ജില്ലയിലെ വിവിധ ഗവൺമെന്റ് ആശുപത്രികളിൽ 40 ശതമാനത്തിൽ താഴയേ പാലക്കാട് കേന്ദ്രീകരിച്ചുള്ള ഇമേജിന് നൽകുന്നുള്ളൂ. ബാക്കി 65 ശതമാനം ആശുപത്രികളും കത്തിക്കുകയും കുഴിച്ചിടുകയുമാണ് ചെയ്യുന്നത്. ജൈവ മാലിന്യം ശരിയായ രീതിയിൽ സംസ്കരിക്കുന്ന ആശുപത്രികൾ 10 ശതമാനത്തിൽ താഴെയാണ്.

മാലിന്യ പ്രശ്നങ്ങൾ - വിവിധ സ്രോതസ്സുകൾ

മാലിന്യ പ്രശ്നങ്ങൾ എന്തൊക്കെയാണ് എന്ന് നാം ചർച്ച ചെയ്തു. എന്നാൽ ഇവയുടെ സ്രോതസ്സ് എന്തൊക്കെയാണ് എന്നും നാം വിശകലനം ചെയ്യേണ്ടതുണ്ട്. ശരിയായ മാലിന്യ സംസ്കരണങ്ങളില്ലാത്തതു മൂലം നമ്മുടെ പൊതു നിലം മലിനീകരണമാക്കുന്നത് പ്രധാനമായും ഫ്ളാറ്റ് സമുച്ചയങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, മാർക്കറ്റുകൾ, അറവു ശാലകൾ എന്നിവിടങ്ങളാണ്. ജില്ലയിൽ മൊത്തം 15000-ത്തിനു മുകളിൽ ഫ്ളാറ്റ് കോംപ്ലക്സുകളുണ്ട്. റിയൽ എസ്റ്റേറ്റുകാരുടെ അസോസിയേഷൻ എന്നനിലയിൽ ഫ്ളാറ്റുകൾ പ്രത്യേകം സംസ്കരണ പ്രവർത്തികൾക്കായി ക്രെഡായി പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ക്രെഡായിയുടെ കണക്കനുസരിച്ച് 600 - ൽ പരം ഫ്ളാറ്റുകളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ 600 ഫ്ളാറ്റുകളിലായി ഏകദേശം 1644 ബയോബിൻ സംവിധാനം ഉണ്ട്. എന്നാൽ യഥാർത്ഥ ആവശ്യം 3000-ന് മുകളിലാണ്. ജില്ലയിലെ മൊത്തം ഫ്ളാറ്റുകളിൽ 20% താഴെ ഫ്ളാറ്റുകളിൽ മാത്രമെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉള്ളൂ. നിരന്തരമായി ശ്രമിച്ചിട്ടും മാലിന്യ

സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഫ്ളാറ്റ് ഉടമകൾ തയ്യാറാകാത്ത ഫ്ളാറ്റുകളുടെ എണ്ണവും ഏറെയാണ്. മേൽ പറഞ്ഞ ഈ സാഹചര്യങ്ങൾ വളരെ ഗുരുതരമായി പ്രശ്നം ഉണ്ടാക്കുന്നു.
ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവ അജൈവ മാലിന്യങ്ങൾ സംസ്കരിക്കാൻ അടിയന്തര സംവിധാനമൊരുക്കുകയും ബീച്ചുകൾ, ടൂറിസം കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, ഫ്ളാറ്റുകൾ, മാർക്കറ്റുകൾ ഇവിടെയെല്ലാം മാലിന്യങ്ങൾ തരം തിരിച്ച് സംസ്കരണം നടത്തേണ്ടതും ആവശ്യമാണ്.
ടൂറിസ്റ്റു കേന്ദ്രങ്ങളും തീർത്ഥാടന കേന്ദ്രങ്ങളും കൂടി നൂറോളം സ്പോട്ടുകൾ ആണ് ജില്ലയിൽ ഉള്ളത്. എന്നാൽ ഇവിടെ ഒരിടത്തും തന്നെ ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ല. അവ വളരെ അത്യാവശ്യമാണ്.

വിവിധ നഗരസഭകളിൽ മാലിന്യങ്ങൾ എങ്ങനെയാണ് സംസ്ക്കരിക്കുന്നത് എന്ന് സംബന്ധിച്ചുള്ള റിപ്പോർട്ടുകളും ലഭ്യമായിട്ടുണ്ട്.

പട്ടിക – 4.102

നഗരസഭ/കോർപ്പറേഷൻ	ദിവസേന സംസ്കരിക്കുന്ന ജൈവമാലിന്യത്തിന്റെ അളവ്	സംസ്ക്കരിക്കുന്ന രീതി
ആലുവ	1.50	ബ്രഹ്മപുരത്തു വിൻഡ്റോ കമ്പോസ്റ്റിംഗ് രീതി
അങ്കമാലി	1.50	ബ്രഹ്മപുരത്തു വിൻഡ്റോ കമ്പോസ്റ്റിംഗ് രീതി
പെരുമ്പാവൂർ	6	ലാൻഡ് ഫില്ലിംഗ്
കോതമംഗലം	5.50	ലാൻഡ് ഫില്ലിംഗ്
നോർത്ത് പറവൂർ	14.45	വിൻഡ്റോ കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ് പ്ലാന്റുകൾ
മൂവാറ്റുപുഴ	2	ഡമ്പിംഗ് യാർഡിൽ ശേഖരിക്കപ്പെടുന്നു.
കളമശ്ശേരി	18	ബ്രഹ്മപുരത്തു വിൻഡ്റോ കമ്പോസ്റ്റിംഗ് രീതി
തൃക്കാക്കര	13	ബ്രഹ്മപുരത്തു വിൻഡ്റോ കമ്പോസ്റ്റിംഗ് രീതി
ഏലൂർ	2.25	എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ്
മരട്	0	ഗാർഹിക കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ
തൃപ്പൂണിത്തുറ	3.50	ബ്രഹ്മപുരത്തു വിൻഡ്റോ കമ്പോസ്റ്റിംഗ് രീതി
പിറവം	2.27	ഗാർഹിക കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ
കൂത്താട്ടുകുളം	0	
കൊച്ചി കോർപ്പറേഷൻ	220	ബ്രഹ്മപുരത്തു വിൻഡ്റോ കമ്പോസ്റ്റിംഗ് രീതി

പട്ടിക – 4.103

ജില്ലയിൽ ലഭ്യമായ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ			
സംസ്ക്കരണ സംവിധാനം	ഗ്രാമ പഞ്ചായത്തുകൾ	നഗരസഭകൾ /കോർപ്പറേഷനുകൾ	ആകെ
എയ്റോബിക് ബിൻ കമ്പോസ്റ്റിംഗ് (തുമ്പൂർമുഴി മോഡൽ)	0	3	3
പൊതു ബയോഗ്യാസ് പ്ലാന്റുകളുടെ എണ്ണം	32	3	5
കേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ പ്ലാന്റുകൾ			
വിൻഡ്രോ കമ്പോസ്റ്റ്	0	2	2
വെർമി കമ്പോസ്റ്റ്	0	1	1

ഈ റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നത് നമ്മുടെ സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ട ആവശ്യകതയെയാണ്. ജൈവ മാലിന്യ സംസ്കരണത്തിന് പ്രധാന വെല്ലുവിളിയാണ് ഹോട്ടൽ / റസ്റ്ററന്റുകൾ. ഇവയുടെ മാലിന്യ സംസ്കരണത്തെക്കുറിച്ച് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സർവ്വേ റിപ്പോർട്ടു പ്രതിപാദിക്കുന്നുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സർവ്വേ ഫലങ്ങൾ തെളിയിക്കുന്നത് ജില്ലയിലെ 64% ഹോട്ടലുകളിൽ നിർദ്ദിഷ്ടമായ പ്രക്രിയ ഒന്നുമില്ലാതെ വലിച്ചെറിയുകയും 25% കുടുംബശ്രീ പോലെയുള്ള ഏജൻസികളുടെ സഹായം തേടുകയും 6% ബയോഗ്യാസ് മുതലായ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുകയും അവ ഉപയോഗിക്കുകയും ചെയ്യുന്നുവെന്നാണ്. ജില്ലയിലെ 268 ഹോട്ടലുകൾക്കേ ശുചിത്വ സർട്ടിഫിക്കറ്റുകൾ ഉള്ളൂ.

പട്ടിക – 4.104

സംസ്കരണ രീതി	ഹോട്ടൽ/റസ്റ്ററന്റുകൾ	തട്ടുകട
വലിച്ചെറിയൽ / തദ്ദേശിക സംസ്കരണം	156	470
ബയോഗ്യാസ്	22	24
കുടുംബശ്രീ / മറ്റ് ഏജൻസികളുടെ സഹായം തേടുന്നു	395	270
മറ്റു സംസ്കരണ രീതി അവലംബിക്കുന്നു	32	0

സ്രോതസ്സ് : ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് കേരളത്തിലെ ഹോട്ടലുകളുടെയും റസ്റ്ററന്റുകളെയും കുറിച്ച് നടത്തിയ പഠന റിപ്പോർട്ട്, തട്ടുകടകളെക്കുറിച്ച് നടത്തിയ പഠനം

കൂടാതെ വിവിധ നഗരസഭകളിൽ മാലിന്യങ്ങൾ എങ്ങനെയാണ് സംസ്ക്കരിക്കുന്നത് എന്ന് സംബന്ധിച്ചുള്ള റിപ്പോർട്ടുകളും ലഭ്യമായിട്ടുണ്ട്.

പട്ടിക – 4.105

നഗരസഭ/ കോർപ്പറേഷൻ	ദിവസേന സംസ്ക്കരിക്കുന്ന അജൈവ മാലിന്യത്തിന്റെ അളവ്	സംസ്കരിക്കുന്ന രീതി
ആലുവ	1.00	സ്ക്രാപ്പ് ഡീലേഴ്സിനു കൈമാറുന്നു.
അങ്കമാലി	0.50	സ്ക്രാപ്പ് ഡീലേഴ്സിനു കൈമാറുന്നു.
പെരുമ്പാവൂർ	20	ലാൻഡ് ഫില്ലിംഗ്, സ്ക്രാപ്പ് ഡീലേഴ്സിനു കൈമാറുന്നു.
കോതമംഗലം	45	ലാൻഡ് ഫില്ലിംഗ്,
നോർത്ത് പറവൂർ	9.50	ശ്രഡിംഗ് സ്ക്രാപ്പ് ഡീലേഴ്സിനു കൈമാറുന്നു.
മൂവാറ്റുപുഴ	2	ഡമ്പിംഗ് യാർഡിൽ അജൈവ മാലിന്യങ്ങൾ വേർതിരിക്കപ്പെടുന്നു. അതിനു ശേഷം സ്ക്രാപ്പ് ഡീലേഴ്സിനു കൈമാറുന്നു.
കളമശ്ശേരി	20	സ്ക്രാപ്പ് ഡീലേഴ്സിനു കൈമാറുന്നു.
തൃക്കാക്കര	4.50	ശ്രഡിംഗ് സ്ക്രാപ്പ് ഡീലേഴ്സിനു കൈമാറുന്നു.
ഏലൂർ	0	
മരട്	0	
തൃപ്പൂണിത്തുറ	9.50	സ്ക്രാപ്പ് ഡീലേഴ്സിനു കൈമാറുന്നു.
പിറവം	8.50	സ്ക്രാപ്പ് ഡീലേഴ്സിനു കൈമാറുന്നു.
കൂത്താട്ടുകുളം	0	
കൊച്ചി കോർപ്പറേഷൻ	275	ശ്രഡിംഗ് സ്ക്രാപ്പ് ഡീലേഴ്സിനു കൈമാറുന്നു.

ജില്ലയിൽ ലഭ്യമായ മാലിന്യ സംസ്കരണ സംവിധാനങ്ങളെ കുറിച്ചു പഠിക്കുന്നതും ഉചിതമായിരിക്കും. തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായ റിപ്പോർട്ട് സൂചിപ്പിക്കുന്നത് അജൈവ മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട് എന്നാണ്.

പട്ടിക – 4.106

ജില്ലയിൽ ലഭ്യമായ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ 2			
സംസ്ക്കരണ സംവിധാനം	ഗ്രാമ പഞ്ചായത്തുകൾ	നഗരസഭകൾ/ കോർപ്പറേഷനുകൾ	ആകെ
ഹരിതകർമ്മസേന രൂപീകരിച്ച തദ്ദേശസ്ഥാപനങ്ങളുടെ എണ്ണം	22	6	28
എം.സി.എഫുകളുടെ എണ്ണം	5	10	15
ആർ.ആർ.എഫുകളുടെ എണ്ണം	2	4	6
പ്ലാസ്റ്റിക് ട്രേഡിംഗ് യൂണിറ്റ്	5	6	11
ഹരിതസഹായ സ്ഥാപനം	0	2	2
പ്രകൃതി സൗഹൃദ വസ്തുക്കളുടെ ഉൽപാദന കേന്ദ്രങ്ങളുടെ എണ്ണം	0	1	1

പട്ടിക – 4.107

സ്കൂളുകളിലെ ഉപയോഗപ്രദമായ ശൗചാലയങ്ങളുടെ വിവരങ്ങൾ			
Sl No	എ ഇ ഒ/ഡി ഇ ഒയുടെ പേര്	ഉപയോഗപ്രദമായ ടോയ്ലെറ്റുകളുടെ എണ്ണം	ഉപയോഗിക്കാൻ സാധിക്കാത്ത ടോയ്ലെറ്റുകളുടെ എണ്ണം
1	എറണാകുളം	2193	162
2	ആലുവ	1760	100
3	മൂവാറ്റുപുഴ	879	75
4	കോതമംഗലം	949	26
5	തൃപ്പൂണിത്തുറ	245	17
6	മട്ടാഞ്ചേരി	233	3
7	വൈപ്പിൻ	176	40
8	കോലഞ്ചേരി	184	37
9	അങ്കമാലി	284	15
10	നോർത്ത് പറവൂർ	161	12
11	മൂവാറ്റുപുഴ	96	0
12	കല്ലൂർകാട്	72	8
13	കൂത്താട്ടുകുളം	82	7
14	പിറവം	142	6
15	പെരുമ്പാവൂർ	283	38
ആകെ		7739	546

4.15 പാർപ്പിടം



ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യർക്ക് ഏറ്റവും പ്രധാനമായ അടിസ്ഥാന ആവശ്യമാണ് പാർപ്പിടം. വെയിലും മഴയുമേൽക്കാതെ കഴിഞ്ഞുകൂടാനുള്ള ഒരു സങ്കേതം മാത്രമല്ല, സമൂഹത്തിന്റെ പുരോഗതിക്കും സുരക്ഷിതമായ നിലനിൽപ്പിനുമായി ക്രിയാത്മക ഇടപെടൽ നടത്താനാകുന്ന നല്ല പൗരജനങ്ങളായി നമ്മുടെ ജനതയെ നിലനിർത്താൻ സഹായിക്കുന്ന സാമൂഹിക ഘടകം കൂടിയാണ് വീടുകൾ. അതുകൊണ്ടു തന്നെ എല്ലാവർക്കും സുരക്ഷിതമായ വീടുകളുണ്ടെന്ന് ഉറപ്പാക്കാനുള്ള ബാദ്ധ്യത സമൂഹത്തിനുണ്ട്. എന്നാൽ എല്ലാവർക്കും സുരക്ഷിതമായും നിർഭയമായും ജീവിക്കാനാകുന്ന വീടുകളുണ്ടെന്ന് ഉറപ്പാക്കുകയെന്നത് നമുക്ക് എത്തിപ്പിടിക്കാനാകാത്ത ലക്ഷ്യമായി ഇപ്പോഴും തുടരുന്നു. ഒരു ജില്ലയുടേയോ സംസ്ഥാനത്തിന്റേയോ രാജ്യത്തിന്റേയോ പുരോഗതി ത്വരിതപ്പെടുത്തണമെങ്കിൽ ഭവനരഹിതരായ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം കൈവരിക്കേണ്ടതുണ്ട്.

അവസ്ഥാ വിശകലനം

എറണാകുളം ജില്ലയിൽ ഇനിയും പണിപൂർത്തിയാക്കാത്ത **1360** വീടുകൾ അവശേഷിക്കുന്നുണ്ട്. വിവിധ തലങ്ങളിൽ പൂർത്തിയാകാതെ അവശേഷിക്കുന്ന ഭവനങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ബ്ലോക്ക് തലം	-	258
ഗ്രാമപഞ്ചായത്ത് തലം	-	236
മുനിസിപ്പാലിറ്റി തലം	-	87
കോർപ്പറേഷൻ തലം	-	69
മറ്റ് വകുപ്പുകൾ മുഖേനയുള്ളവ	-	424
ആകെ	**-**	**1074**

എറണാകുളം ജില്ലയിൽ നടന്ന ലൈഫ് സർവ്വേ പ്രകാരം ജില്ലയിൽ ഭവന രഹിതരായി 48,314 കുടുംബങ്ങളുണ്ടെന്നാണ് കണക്കാക്കുന്നത്. ഇതിൽ 37,763 ഭൂരഹിത ഭവന രഹിതരും 10,551 ഭൂമിയുള്ള ഭവന രഹിതരും ഉണ്ട്. വിവിധ തദ്ദേശ സ്വയംഭരണ പ്രദേശങ്ങൾ തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

പട്ടിക – 4.108

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ	അർഹതയുള്ള ഗുണഭോക്താക്കൾ		
	ഭൂരഹിത ഭവന രഹിതർ	ഭവന രഹിതർ	ആകെ
ഗ്രാമപഞ്ചായത്ത്	19196	9513	28709
മുനിസിപ്പാലിറ്റി	5655	515	6170
കോർപ്പറേഷൻ	12912	523	13435
ആകെ	37763	10551	48314

അവലംബം: വകുപ്പു തല റിപ്പോർട്ട്

വികസന വിടവുകൾ – പ്രശ്നങ്ങൾ

എറണാകുളം ജില്ലയിൽ വിവിധ പാർപ്പിട പദ്ധതികളുടെ നിർവ്വഹണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. പ്രധാന പ്രശ്നങ്ങൾ താഴെ വിവരിക്കും പ്രകാരമാണ്.

പട്ടിക – 4.109

1	സ്ഥല ലഭ്യതയുടെ കുറവും ഭൂമി വില വർദ്ധനയും	സ്വന്തമായി ഭൂമിയില്ലായ്മയും ഭൂമിയുടെ അമിത വിലയും ഭവന നിർമ്മാണത്തിന് തടസ്സമാകുന്നു.
2	തീരദേശ പരിപാലന നിയമം	നിയമം ഭവന നിർമ്മാണത്തിന് ആവശ്യമായ അനുമതി ലഭ്യമാകുന്നതിന് തടസ്സമാകുന്നു.
3	നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യവും വർദ്ധിച്ച വിലയും	മണൽ, കരിങ്കല്ല് മുതലായ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യവും, സിമന്റ്, കമ്പി, തടി മുതലായവയുടെ വില വർദ്ധനയും
4	പരിശീലനം സിദ്ധിച്ച വിദഗ്ധ തൊഴിലാളികളുടെ അഭാവം	ഭവന നിർമ്മാണചെലവ് വർദ്ധിക്കുന്നു.
5	വലിപ്പം കൂടിയ വീടുകളോടുള്ള അമിത താൽപര്യം ഭവന പൂർത്തീകരണം വൈകിക്കുന്നു.	ഭവന നിർമ്മാണ ചെലവ് വർദ്ധിക്കുന്നു.
6	വായ്പാ സൗകര്യങ്ങളുടെ കുറവ്	ആവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാകുന്നില്ല.

അവലംബം: വകുപ്പു തല റിപ്പോർട്ട്

വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ ഭവന വായ്പയുടെ നിരക്ക്
(സാമ്പത്തിക അവലോകനം 2016)

പട്ടിക – 4.110

ക്രമ നം.	ബാങ്കിന്റെ പേര്	വായ്പാ പദ്ധതി	തിരിച്ചടവ് കാലാവധി	പലിശ നിരക്ക് 2016
I	ഹൗസ് ഫെഡ്			
1	സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ	1 ലക്ഷം വരെ	5 വർഷം	11%
2	താഴ്ന്ന വരുമാനക്കാർ	3 ലക്ഷം വരെ	15 വർഷം	12%
3	ഇടത്തരം വരുമാനക്കാർ	5 ലക്ഷം വരെ	15 വർഷം	12.50%
4	ഉയർന്ന വരുമാനക്കാർ	5,00,001 രൂപ മുതൽ 15,00,000 വരെ	15 വർഷം	13%
5	അറ്റകുറ്റ പണികൾ 1	1 ലക്ഷം വരെ	10 വർഷം	11%
6	അറ്റകുറ്റ പണികൾ 2	3 ലക്ഷം വരെ	10 വർഷം	12%
7	അറ്റകുറ്റ പണികൾ 3	5 ലക്ഷം വരെ	10 വർഷം	12.50%
8	അറ്റകുറ്റ പണികൾ 4	5,00,001 രൂപ മുതൽ 7,50,000 വരെ	10 വർഷം	14%

II	**കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്**			
1	കെ.എസ്. സി.എ.ആർ.ഡി.ബി	20 ലക്ഷം	15 വർഷം	50,000 രൂപ വരെ 12.20% 50,000 മുതൽ 13.15%
III	**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ (എസ്.ബി.ഐ)**			
1	ഹെർ ഘർ ഭവന വായ്പ	ഒരു ലക്ഷത്തിന്	30 വർഷം	9.25%
2	മറ്റ് ഭവന വായ്പകൾ	ഒരു ലക്ഷത്തിന്	30 വർഷം	9.25%
3	മാക്സ് ഗെയ്ൻ (20 ലക്ഷം മുതൽ മാക്സ് ഗെയ്ൻ) 20 ലക്ഷം മുതൽ 75 ലക്ഷം രൂപ വരെ	ഒരു ലക്ഷത്തിന്	30 വർഷം	സമ്മത്രീ9.35% മറ്റുള്ളവർ -9.40%
4	മാക്സ് ഗെയ്ൻ 75 ലക്ഷം രൂപ വരെ	ഒരു ലക്ഷത്തിന്	30 വർഷം	സമ്മത്രീ 9.60% മറ്റുള്ളവർ -9.65%
5	സിമാക്സ് ഗെയിൻ ഇ.ആർ.	ഒരു ലക്ഷത്തിന്	30 വർഷം	സമ്മത്രീ 9.80% മറ്റുള്ളവർ -9.85%
IV	**ബാങ്ക് ഓഫ് ബറോഡ**			
1	ബറോഡ ഭവന വായ്പ	1000 ലക്ഷം	30 വർഷം	9.55% 10.55 %
V	**ബാങ്ക് ഓഫ് ഇൻഡ്യ**			
1	ബാങ്ക് ഓഫ് ഇൻഡ്യ ഭവന വായ്പ പദ്ധതി	പരമാവധി 300 ലക്ഷം രൂപ വരെ	പരമാവധി 30 വർഷം	30-09-2016 ൽ 9.70 % & 24-11-2016 ൽ 9.30%

അവലംബം: ലൈഫ് സർവ്വെ റിപ്പോർട്ട്

വികസന പരിപ്രേക്ഷ്യം

എറണാകുളം ജില്ലയിൽ വരുന്ന അഞ്ചുവർഷത്തിനുള്ളിൽ അർഹതയുള്ള എല്ലാ ഭവന രഹിതർക്കും ഭവനം നൽകുക എന്നതാണ് കാഴ്ചപ്പാട്. ആദ്യഘട്ടമായി ജില്ലയിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ലക്ഷ്യമിടുന്നു. സ്വന്തമായി ഭൂമിയുള്ള ഭവന രഹിതർക്ക് അടുത്ത 5 വർഷത്തിനുള്ളിൽ ഭവനം അനുവദിക്കുകയും ,വീട് ചെലവ് കുറച്ച് നിർമ്മിക്കുവാനുള്ള സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുകയും പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തുകയും ചെയ്യുക. വീട് നിർമ്മാണത്തിന് പരിശീലനം ലഭിച്ച വിദഗ്ദ്ധ തൊഴിലാളികളെ ഉപയോഗിക്കുകയും ലക്ഷ്യമിടുന്നു. ഭൂമിയില്ലാത്ത ഭവന രഹിതർ അടുത്ത 5 വർഷത്തിനുള്ളിൽ ജീവനോപാധികൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടുകൂടി പാർപ്പിടസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുവാനും ലക്ഷ്യമിടുന്നു.

പട്ടിക - 4.111

ഒന്നാം വർഷം	2017-18	പൂർത്തിയാക്കാത്ത 1360 വീടുകളുടെ പൂർത്തീകരണം
രണ്ടാം വർഷം	2018-19	2600 ഭവനങ്ങൾ നിർമ്മാണം 9600 പേർക്ക് പാർപ്പിട സമുച്ചയം
മൂന്നാം വർഷം	2019-20	2600 ഭവനങ്ങൾ നിർമ്മാണം 9600 പേർക്ക് പാർപ്പിട സമുച്ചയം
നാലാം വർഷം	2020-21	2600 ഭവനങ്ങൾ നിർമ്മാണം 9600 പേർക്ക് പാർപ്പിട സമുച്ചയം
അഞ്ചാം വർഷം	2021-22	2896 ഭവനങ്ങൾ നിർമ്മാണം 9644 പേർക്ക് പാർപ്പിട സമുച്ചയം

അവലംബം: വകുപ്പു തല റിപ്പോർട്ട്

പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തുകയും ചെയ്യുക. വീട് നിർമ്മാണത്തിന് പരിശീലനം ലഭിച്ച വിദഗ്ദ്ധ തൊഴിലാളികളെ ഉപയോഗിക്കുകയും ലക്ഷ്യമിടുന്നു. ഭൂമിയില്ലാത്ത ഭവനരഹിതർ അടുത്ത 5 വർഷത്തിനുള്ളിൽ ജീവനോപാധികൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടുകൂടി പാർപ്പിട സമുച്ചയങ്ങൾ വീട് നിർമ്മാണത്തിന് പരിശീലനം ലഭിച്ച വിദഗ്ദ്ധ തൊഴിലാളികളെ ഉപയോഗിക്കുകയും ലക്ഷ്യമിടുന്നു. ഭൂമിയില്ലാത്ത ഭവനരഹിതർ അടുത്ത 5 വർഷത്തിനുള്ളിൽ ജീവനോപാധികൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടുകൂടി പാർപ്പിട സമുച്ചയങ്ങൾ ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി ഈ പദ്ധതികാലത്തു തന്നെ ലക്ഷ്യമിടാൻ ഉദ്ദേശിക്കുന്നു. ത്രിതല പഞ്ചായത്തു കളുടേയും മറ്റ് സന്നദ്ധസംഘടനകളുടേയും പ്രവാസി മലയാളികളുടേയും സംയുക്ത ശ്രമഫലമായി ഭവനനിധി രൂപീകരിക്കുകയും ആവശ്യമായ ഫണ്ട് കണ്ടെത്തി ഭൂരഹിത, ഭവനരഹിതരെ സഹായിക്കുവാനുള്ള വികസന ക്ഴ്ചപ്പാട് പതിമൂന്നാം പദ്ധതികാലത്ത് ലക്ഷ്യമിടുന്നു.

വിഭവസമാഹരണം

പ്രധാനമായും ധനസമാഹരണം കണ്ടെത്തുന്നത് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടേയും ത്രിതല പഞ്ചായത്തുകളുടേയും പദ്ധതി വിഹിതത്തിൽ നിന്നുതന്നെയാണ്.

ധനസമാഹരണം കണ്ടെത്താവുന്ന മേഖലകൾ

- റോട്ടറി ക്ലബുകൾ
- പ്രവാസി മലയാളികൾ
- മതസ്ഥാപനങ്ങൾ
- ധനകാര്യസ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും സി.എസ്.ആർ. ഫണ്ട്
- സന്നദ്ധ സംഘടനകൾ
- കേന്ദ്രത്തിൽ നിന്നുള്ള അധിക ധനസഹായം - തുടങ്ങിയവയിൽ നിന്ന് ഭവനനിർമ്മാണത്തിനുള്ള ധനസഹായം സർക്കാരിന്റെ ഭവനനിധിയിലേക്ക് സമാഹരിക്കാവുന്നതാണ്.

വിഭവ സമാഹരണം - വിവിധ വകുപ്പുകൾ മുഖേന ലഭ്യമാകുന്ന തുകയുടെ വിവരങ്ങൾ

പട്ടിക - 4.112

ഫണ്ടിന്റെ സ്രോതസ്സ്	പൊതുവിഭാഗം വിഹിതം	പട്ടികജാതി വിഹിതം	പട്ടികവർഗ്ഗ വിഹിതം
പി.എം.എ.വൈ ഗ്രാമീൺ കേന്ദ്ര വിഹിതം	1,20,000	1,20,000	1,20,000
അധിക വിഹിതം-			
ഗ്രാമ പഞ്ചായത്ത്	20,000	20,000	32,500
ബ്ലോക്ക് പഞ്ചായത്ത്	32,000	32,000	52,000
ജില്ലാ പഞ്ചായത്ത്	28,000	28,000	45,500
പട്ടികജാതി വികസന വകുപ്പ്		1,00,000	
പട്ടിക വർഗ്ഗ വികസന വകുപ്പ്			1,00,000
Total	2,00,000	3,00,000	3,50,000
Revised	4,00,000	4,00,000	As per Estimate

അവലംബം ബഡ്ജറ്റ് 2017-18

❖ **ലൈഫ് - സമ്പൂർണ്ണ ഭവന പദ്ധതി**

അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായ ഭാഗമാക്കുവാനും സാമ്പത്തിക സമ്മനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമപദ്ധതികളുടേയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് കേരള സർക്കാരിന്റെ ലൈഫ്

പദ്ധതിയുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ, പുറമ്പോക്കിലോ, തീരദേശമേഖലയിലോ, തോട്ടം മേഖലയിലോ, താൽക്കാലിക ഭവനമുള്ളവർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ച് ഏകോപിപ്പിച്ചായിരിക്കും പദ്ധതി നടപ്പാക്കുക.

ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി ഏകമാനമായ ഒരു ഭവന നിർമ്മാണ സമ്മക്കീം അല്ല എന്നതാണ് ഈ മിഷൻ സമീപനത്തിന്റെ ആദ്യ സവിശേഷത. ഇത് പാർപ്പിട മേഖലയിൽ കേരളം അഭിമുഖീകരിക്കുന്ന ബഹുമുഖവും സമ്മിശ്രവുമായ പ്രശ്നങ്ങൾക്ക് ജനപങ്കാളിത്തത്തോടെയും ആധുനിക സാങ്കേതിക വിദ്യകളുടെ പിന്തുണ യോടെയും പരിഹാരം കാണാനുള്ള സമഗ്ര പദ്ധതിയാണ്.

പ്രത്യേകം ശ്രദ്ധ ആവശ്യപ്പെടുന്ന വിഭാഗമാണ് ഭൂരഹിത ഭവന രഹിതർ. ആകെ ഭവനരഹിതരിൽ പകുതിയോളവും ഉൾപ്പെടുന്ന ഇവർക്കായി വീട് വെയ്ക്കു വാനുള്ള സ്ഥലവും കൂടി സർക്കാർ കണ്ടെത്തേണ്ടതുണ്ട്. അതുകൊണ്ടുതന്നെ മുൻകാല ഭവനപദ്ധതികളിൽ താരതമ്യേന കുറഞ്ഞ പരിഗണന മാത്രം ലഭിച്ചിട്ടുള്ള വിഭാഗമാണ് ഇവർ. കേരളത്തിലെ സ്ഥലലഭ്യതയുടെ കുറവുതന്നെയാണ് ഈ വിഭാഗക്കാരുടെ പ്രശ്നപരിഹാരം ദുർവ്വഹമാക്കുന്ന ഒന്നാമത്തെ ഘടകം. ഈ സ്ഥലം എവിടെയെങ്കിലും കണ്ടെത്തിയാൽപോര എന്നതാണ് രണ്ടാമത്തെ പ്രശ്നം. ജീവിതോപാധിയായ തൊഴിലുകളിൽ ഏർപ്പെടുന്നതിനു കൂടി സഹായകമായ സ്ഥലത്താകണം വീട്.

4.16 വിദ്യാഭ്യാസം



ഏതൊരു സമൂഹത്തിന്റെയും മോചനത്തിന്റെയും വളർച്ചയുടെയും അടിസ്ഥാന ഉപാധിയാണ് വിദ്യാഭ്യാസം. കൊളോണിയൽ കാലഘട്ടത്തിൽ തന്നെ വിദ്യാഭ്യാസപരമായ വളർച്ചയുടെ തുടക്കം കുറിച്ചിരുന്നു. കേരളത്തിലെ നവോഥാന നായകന്മാരും മിഷനറിമാരും ഈ പ്രവർത്തനത്തിന് ആക്കം കൂട്ടി. നമ്മുടെ പല വിദ്യാഭ്യാസ സ്ഥാപനങ്ങളും ശതാബ്ദി പിന്നിട്ടതാണെന്നത് ശ്രദ്ധേയമാണ്. രാജ്യത്തിൻറെ ഭരണഘടന മുന്നോട്ടുവയ്ക്കുന്ന അടിസ്ഥാന തത്വങ്ങളിൽ നിന്നുകൊണ്ടാണ് നമ്മുടെ കരിക്കുലം വിഭാവനം ചെയ്തിരിക്കുന്നത്. ഇവ തലമുറകളിലേക്ക് എത്തിക്കുന്നതിനും പൊതുവിദ്യാലയങ്ങളെകൊണ്ട് മാത്രമേ സാധ്യമാകൂ എന്നത് സുവ്യക്തമാണ്.

2005 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടാണ് കരിക്കുലം സംബന്ധിച്ച് ഈ മേഖലയിൽ വലിയ മാറ്റങ്ങൾക്കു തുടക്കമിട്ടത്. പാഠ പുസ്തകത്തെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കുറക്കണമെന്നും സ്കൂളിന് പുറത്തുള്ള അറിവുകൾക്ക് കൂടുതൽ പ്രാധാന്യം നൽകണമെന്നും പഠനസാമഗ്രികളും പഠനാനുഭവങ്ങളും നിരന്തരം രൂപകല്പന ചെയ്യുന്നതിനും അതിലുപരിയായി തന്റെ പ്രകടനം നിരന്തരം വിലയിരുത്തൽ നടത്തി മുന്നേറുന്നതിലും അറിവും പ്രാപ്തിയുമുള്ള കർമനിരതരായ തൊഴിൽ വൈദഗ്ധ്യമുള്ള അധ്യാപകരെയാണ് നാടിന് ആവശ്യമെന്നും ദേശീയപാഠ്യപദ്ധതി ചട്ടക്കൂട് (എൻ.സി.എഫ്., 2005) നിരീക്ഷിക്കുന്നു. കുട്ടിയുടെ വളർച്ചക്കും വികാസത്തിനു മനുസൃതമായ അനുഭവങ്ങൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും വിമർശനാത്മകമായ അപഗ്രഥന തലത്തിലേക്ക് കുട്ടികളെ ഉയർത്തുന്നതിനും ക്ലാസ്മുറിക്ക് പുറത്തുള്ള അനുഭവങ്ങളുമായി ഇഴുകിച്ചേരാനുമുള്ള പരമാവധി അവസരങ്ങൾ കുട്ടികൾക്ക് ഒരുക്കിക്കൊടുക്കേണ്ടതുണ്ടെന്നും ഈ രേഖ ഓർമ്മപ്പെടുത്തുന്നു. അറിവു നിർമ്മാണം നടക്കാനാവശ്യമായ പ്രക്രിയ, പ്രക്രിയാശേഷികൾ, പ്രയോഗസന്ദർഭങ്ങൾ, ഇതുമായി ബന്ധപ്പെട്ട മനോഭാവങ്ങൾ, സർഗ്ഗാത്മകത എന്നിവകൂട്ടി സ്വന്തമായി രൂപപ്പെടുത്തുകയോ ആർജിച്ചെടുക്കുകയോ

ചെയ്യുന്നതിനുള്ള പഠനാന്തരീക്ഷമാണ് ജ്ഞാനനിർമ്മിതി വാദത്തിലൂന്നിയ പഠനത്തിനായി ഒരുക്കേണ്ടത്. ഇത് സൂചിപ്പിക്കുന്നത് ഇത്തരത്തിൽ പഠനാന്തരീക്ഷം ഒരുക്കുന്നതിനുള്ള പ്രാഗത്ഭ്യമുള്ളവരായിരിക്കണം അധ്യാപകർ എന്നും സംവിധാനം ഇതിനനുസൃതമായ ക്രമീകരണങ്ങൾ ഉറപ്പാക്കണമെന്നുമാണ്.

വിദ്യാഭ്യാസമേഖലയിലുള്ള ആധുനിക ആവശ്യങ്ങളും അതിന്റെ പ്രാധാന്യവും ഉൾക്കൊണ്ട് 13-ാം പഞ്ചവത്സരപദ്ധതിയിൽ സർക്കാർ ഇടപെടലിനുള്ള പ്രധാന മേഖലകളിൽ ഒന്നായി വിദ്യാഭ്യാസത്തെ ഉയർത്തിക്കാട്ടുന്നുണ്ട്. 2016-ൽ ആരംഭിച്ച നവകേരളമിഷന്റെ നാലുഘടകങ്ങളിൽ ഒന്നാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസ മിഷൻ അഥവാ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ശാക്തീകരിക്കുന്നതിനുവേണ്ടി പാഠ്യപദ്ധതിയും ക്ലാസ്സ് മുറികളും നവീകരിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ മൂന്ന് മേഖലകളിലെ - സ്ക്കുൾ, ഉന്നത - സാങ്കേതിക വിദ്യാഭ്യാസ മേഖലകളിലെ - സൂപ്രധാന വെല്ലുവിളികളെനേരിടുന്നതിന് പ്രത്യേകിച്ച് പ്രത്യേകഊന്നൽ നൽകേണ്ട പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വിദഗദ്ധരുമായുള്ള യോഗങ്ങൾക്കും കൂടിയാലോചനകൾക്കും ശേഷം ശുപാർശകളും അതിന്റെ അടിസ്ഥാനത്തുലുള്ള പ്രൊജക്ട് പ്രൊപ്പോസലുകളും ഉൾപ്പെടുന്ന റിപ്പോർട്ടുകൾ വർക്കിംഗ് ഗ്രൂപ്പിന് സമർപ്പിക്കുകയുണ്ടായി.

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം

പൊതു വിദ്യാഭ്യാസ നവീകരണ പ്രവർത്തനം ലക്ഷ്യം

1. 1000 വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുക.
2. 9 തൊട്ട് 12 വരെയുള്ള എല്ലാ ക്ലാസ്സമുറികളെയും നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന ക്ലാസ്സ് മുറികളാക്കി മാറ്റുക.
3. 1000-ത്തിൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്ക്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുക.
4. പ്രൈമറി സ്ക്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുക.
5. ഇംഗ്ലീഷ് ഭാഷാ പാടവത്തെ പ്രോത്സാഹിപ്പിക്കുക.
6. 50 ഉം 100 ഉം വർഷങ്ങൾ പൂർത്തിയാക്കിയ സ്ക്കൂളുകളുടെ നവീകരണത്തിനുള്ള പ്രത്യേക പാക്കേജുകൾ.

സംഘടനയുടെ ഘടന

പൊതുവിദ്യാഭ്യാസ നവീകരണ പ്രവർത്തനങ്ങളെ ക്രോഡീകരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ചെയർമാനും പൊതുവിദ്യാഭ്യാസ സെക്രട്ടറിയെ മിഷൻ സെക്രട്ടറിയായും സംസ്ഥാന തല മിഷൻ രൂപീകരിക്കുകയുണ്ടായി. മിഷൻ സെക്രട്ടറിയായി ജില്ലാ കളക്ടറും അധ്യക്ഷനായി ജില്ലാ ആസൂത്രണ കമ്മിറ്റി ചെയർപേഴ്സണും ഉൾപ്പെടുന്ന ജില്ലാതല മിഷനും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിനിന്റെ പ്രവർത്തനങ്ങളെ കൂട്ടിയോജിപ്പിക്കുന്നതിനായി സംസ്ഥാന - ജില്ലാതല ചുമതലാ സംഘടനകളെയും രൂപീകരിച്ചിട്ടുണ്ട്.

1000 വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി നിലവാരം ഉയർത്തുക.

ഒരു സ്ക്കൂളിനുവേണ്ടി മൊത്തം ചിലവിന്റെ 50 ശതമാനം അല്ലെങ്കിൽ പരമാവധി 5 കോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിക്കേണ്ടത്. ആവർത്തന ചെലവുകൾ വഹിക്കുന്നതിനായുള്ള ബാക്കി തുക സ്ക്കൂൾ പി.ടി.എ.യോ മറ്റ് ഏജൻസികളോ വഹിക്കേണ്ടതാണ്. ഇതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ 37 സ്ക്കൂളുകളുടെ മാസ്റ്റർ പ്ലാൻ കിറ്റ്കോ തയ്യാറാക്കുകയും പ്രസ്തുത സ്ക്കൂളുകൾക്ക് സർകകാർ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ കിറ്റ്കോ 69 സ്ക്കൂളുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും പ്രസ്തുത സ്ക്കൂളുകൾക്ക്

സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

അവസ്ഥാവിശകലനം

കേരള സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന ദൗത്യം വിഭാവനം ചെയ്യുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതികവും അക്കാദമികവുമായ നിലവാര വർധന അന്താരാഷ്ട്ര മാനദണ്ഡങ്ങളെയാണ് ലക്ഷ്യം വയ്ക്കുന്നത്. ജില്ലയിലെ തെരഞ്ഞെടുത്ത സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്നതിനും 8 മുതൽ 12 വരെ കുട്ടികളെ ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഏതൊരു പദ്ധതി രൂപീകരണത്തിനും നിലവിലെ സ്ഥിതിവിശേഷം വിശകലനം നടത്തേണ്ടതുണ്ട്. പ്രസ്തുത വിശകലനത്തിനായി ജില്ലയിലെ വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, കോർസുകൾ എന്നിവ തുടർന്നു വരുന്ന ഭാഗങ്ങളിൽ നൽകിയിരിക്കുന്നു.

പട്ടിക – 4.113

ജില്ലയിലെ അംഗൻവാടികളുടെയും അംഗൻവാടി അധ്യാപകരുടെയും കുട്ടികളുടെയും എണ്ണം

ക്രമ നം.	അംഗൻവാടികളുടെ എണ്ണം	കുട്ടികളുകളുടെ എണ്ണം			അധ്യാപകരുടെ എണ്ണം	ആയമാരുടെ എണ്ണം
		0-3 ys	3-6 ys	Preg&Lactating		
1	2858	28414	28834	20456	2858	2858

ജില്ലാ ഐ.സി.ഡി.എസ് ഓഫീസ് ഫയൽരേഖ (2017–18)

പട്ടിക – 4.114

ജില്ലയിലെ സ്ക്കൂളുകളുകളുടെ എണ്ണം

സ്ക്കൂളുകൾ	ഗവൺമെന്റ്	എയ്ഡഡ്	എൺ എയ്ഡഡ്	അംഗീകാര മില്ലാത്തവ	ആകെ
പ്രീ പ്രൈമറി	6	194	289		489
എൽ.പി	187	259	30	20	496
യു.പി	88	102	18	2	210
ഹൈസ്ക്കൂൾ	101	174	55	5	335
സാങ്കേതികസ്ക്കൂൾ	6				6
വൊക്കേഷനൽ ഹയർസെക്കന്ററി	22	12			34
ഹയർസെക്കന്ററി	61	69			130
ആകെ	***471***	***810***	***392***	***27***	***1700***

വിവരസ്രോതസ്സ്: വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഫയൽ രേഖ (2017–18)

ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (ഡയറ്റ്)

ദേശീയ വിദ്യാഭ്യാസനയത്തിന്റെ (1986) ഭാഗമായിപ്രൈമറി വിദ്യാഭ്യാസത്തിന്റെ നിലവാരം ഉറപ്പാക്കുന്നതിനായാണ് ഇന്ത്യയിലൂടനീളം ഡയറ്റുകൾ സ്ഥാപിക്കപ്പെട്ടത്. നിലവിൽ ഏഴ് ഫാക്കൽറ്റികളിലായാണ് ഡയറ്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഡയറ്റിന്റെ കീഴിൽ അധ്യാപക പരിശീലനങ്ങൾ, സാക്ഷരതാ പ്രേരക്മാർക്കുള്ള പരിശീലനം, ഗവേഷണവും ആക്ഷൻ റിസേർച്ചും ട്രൈഔട്ടുകളും, അന്തർദേശീയ, ദേശീയ, സംസ്ഥാന, ജില്ലാതല പഠനങ്ങൾ നടത്തൽ, പാഠ്യപദ്ധതി പരിഷ്ക്കരണത്തിനു വേണ്ട അടിസ്ഥാനരേഖകൾ ഗവേഷണാത്മകമായി വികസിപ്പിക്കൽ, ദേശീയ, സംസ്ഥാന, ജില്ലാതല മൂല്യ നിർണ്ണയ, വിലയിരുത്തൽ പഠനങ്ങൾ, സർവ്വേകൾ എന്നിവക്കു വേണ്ട അക്കാദമിക പിന്തുണ ഉറപ്പാക്കൽ, പരിശീലന ഫലപ്രാപ്തി വിലയിരുത്തൽ,

പരിശീലനാവശ്യങ്ങൾ കണ്ടെത്തൽ, വിദ്യാഭ്യാസമേഖല നേരിടുന്ന പ്രശ്നങ്ങൾ ക്ലാസുമുറി പ്രശ്നങ്ങൾ പരിഹരിക്കുന്ന തിനാവശ്യമായ ആക്ഷൻറിസേർച്ചുകൾ സംഘടിപ്പിക്കൽ നടത്തൽ, പാഠ്യപദ്ധതി വികസനവും, സാമഗ്രിവികസനവും മൂല്യനിർണ്ണയവും എന്നീ വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. കൂടാതെ റിസോർസ് സെന്ററും ഡോക്യുമെന്റേഷനും, ഓൺ സൈറ്റ് സപ്പോർട്ട്, പ്രീ സർവ്വീസ് ടീച്ചർ എഡ്യുക്കേഷൻ എന്നിവയും നടത്തുന്നു.

പൊതുവിദ്യാഭ്യാസവകുപ്പ്

വിദ്യാഭ്യാസവകുപ്പു മുഖേന സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തൽ, 8 മുതൽ 12 വരെ ക്ലാസ് മുറികൾ ഹൈടെക് ആക്കൽ, സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്കുകൾ സ്ഥാപിക്കൽ, 8, 9, 10 ക്ലാസുകളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഗിഫ്റ്റ് ചിൽഡ്രൻ പദ്ധതി, 3, 5, 8 ക്ലാസുകളിലെ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള ശ്രദ്ധ പദ്ധതി എന്നീ വികസനപ്രവർത്തനങ്ങൾ നടത്തി വരുന്നു.

വിശകലനവും കണ്ടെത്തലുകളും

❖ **അംഗൻവാടി വിദ്യാഭ്യാസം:** ജില്ലയിലെ അംഗൻവാടികളുടെയും അംഗൻവാടി അധ്യാപകരുടെയും കുട്ടികളുടെയും എണ്ണം പട്ടിക 4.116 ൽ ചേർത്തിരിക്കുന്നു.

- സ്ഥലവും കെട്ടിടവുമില്ലാലെയാണ് പല അംഗൻവാടികളും പ്രവർത്തിക്കുന്നത്.
- അംഗൻവാടികൾ കുട്ടികളെ ആകർഷിക്കുന്ന രീതിയിൽ മാറിയിട്ടില്ല.
- അംഗൻവാടികൾക്ക് നിർദ്ദേശിക്കപ്പെട്ട പഠനപ്രവർത്തനങ്ങൾ അനുവർത്തിക്കുന്നതിൽ രക്ഷിതാക്കൾ തൃപ്തരല്ല (പാഠ്യപദ്ധതി നിഷ്ക്കർഷിച്ച 'അങ്കണത്തെമാവ്' എന്ന പുസ്തകം ഉപയോഗിയോഗിച്ചുള്ള പഠനപ്രവർത്തനങ്ങൾ).
- 3 വയസ്സുള്ള കുട്ടികളെയാണ് നിലവിൽ അംഗൻവാടികളിൽ ചേർക്കുന്നത്. ഇത്രയും ചെറുപ്പത്തിലേ ഇവരെ എഴുത്ത് പഠിപ്പിക്കണം എന്നാണ് രക്ഷിതാക്കൾ ആവശ്യപ്പെടുന്നത് (പ്രത്യേകിച്ചും ഇംഗ്ലീഷ്). അതുകൊണ്ടുതന്നെ ഡിപ്പാർട്ടുമെന്റു താല്പര്യത്തിനനുസരിച്ച് അംഗനവാടികൾക്ക് പ്രവർത്തിക്കാൻ കഴിയുന്നില്ല.
- ആവശ്യത്തിന് കളിസ്ഥലമോ ടോയ്ലറ്റുകളോ എല്ലാ അംഗൻവാടികളിലും ഉറപ്പാക്കാനായിട്ടില്ല. ഉള്ള ബേബി ടോയ്ലറ്റുകൾ പ്രവർത്തനക്ഷമമല്ല.

❖ **പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെ വിശദാംശങ്ങൾ (പട്ടിക 4.118)**

- ക്ലാസ്സിനകത്തും പുറത്തുമായി കളിക്കാനുള്ള കളിപ്പാട്ടങ്ങളോ കളിസ്ഥലമോ വേണ്ടത്രയില്ല.
- എല്ലാപ്രീപ്രൈമറികളും ഇംഗ്ലീഷ് മീഡിയത്തിൽ പ്രവർത്തിക്കുന്നു.
- സ്ക്കൂൾകുട്ടികൾക്കുള്ള മെഡിക്കൽ ചെക്ക് അപ്പ്, ലംപ്സം ഗ്രാന്റ്, പഠനകിറ്റ് തുടങ്ങിയവക്ക് പ്രീപ്രൈമറി കുട്ടികളെ പരിഗണിക്കുന്നില്ല.
- കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ക്ലാസ്, അധ്യാപകർ, ആയമാർ എന്നിവരില്ലാത്തത് പ്രയാസം സൃഷ്ടിക്കുന്നു.

പട്ടിക – 4.115

ജില്ലയിലെ സ്ക്കൂൾ കുട്ടികളുകളുടെ എണ്ണം

Type	All		SC		ST	
	Boys	Girls	Boys	Girls	Boys	Girls
LP Govt	5974	5650	1296	1227	51	38
UP Govt	4700	4369	858	843	87	36
HS Govt	12829	10819	2186	2001	351	257

LP Aided	14287	15943	1768	1694	79	100
UP Aided	12435	10167	1432	1265	105	52
HS Aided	59944	63748	6146	6025	410	300
LP UnAided	2957	2957	305	306	9	11
UP UnAided	2612	2260	167	151	2	2
HS UnAided	16900	12873	868	692	26	15

പട്ടിക – 4.116

Un Recognized state Syllabus Schools		
	Total Students	
	Boys	Girls
LP Unrecognised	955	890
UPUnrecognised	65	52
HS Unrecognised	403	205

❖ **പ്രൈമറി, സെക്കന്ററി വിദ്യാഭ്യാസം**

എല്ലാ മേഖലകളിലും നിരന്തരമായ ഇടപെടലുകൾ വിവിധ ഏജൻസികൾ നടത്തിക്കൊണ്ടിരിക്കുന്നു. എസ്.എസ്.എ., ഡയറ്റ്, ആർ. എം. എസ്. എ. പൊതു വിദ്യാഭ്യാസവകുപ്പ്, തദ്ദേക സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മികച്ച അക്കാദമിക പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചുകൊണ്ടിരിക്കുന്നത്. അൺഎയ്ഡഡ് മേഖലയുടെ അതിപ്രസരവും ഇടപെടലുകളും അംഗീകാരമില്ലാത്ത സ്ക്കൂളുകളും ജില്ലയുടെ വിദ്യാഭ്യാസമേഖലയിൽ നിരന്തരം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ മികച്ച പ്രതിഫലനങ്ങൾ ജില്ലയിൽ പ്രകടമാണ്.

പട്ടിക – 4.117

പ്രീപ്രൈമറി വിദ്യാലയങ്ങൾ

പ്രീപ്രൈമറി വിദ്യാലയങ്ങൾ – വിശദാംശങ്ങൾ		
1	ജില്ലയിൽ പ്രവർത്തിക്കുന്ന സർക്കാർ മോഡൽ പ്രീപ്രൈമറി വിദ്യാലയങ്ങളുടെ എണ്ണം	6
a)	സർക്കാർ പ്രീപ്രൈമറി വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം	8
b)	സർക്കാർ പ്രീപ്രൈമറി വിദ്യാലയങ്ങളിലെ ആയമാരുടെ എണ്ണം	3
2	സർക്കാർ വിദ്യാലയങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്ന ഹോണറേറിയം ലഭിക്കുന്ന പ്രീസ്കൂളുകളുടെ എണ്ണം	193
a)	ഹോണറേറിയം ലഭിക്കുന്ന അധ്യാപകരുടെ എണ്ണം	246
b)	ഹോണറേറിയം ലഭിക്കുന്ന ആയമാരുടെ എണ്ണം	165
3	സർക്കാർ വിദ്യാലയങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്ന ഹോണറേറിയം ലഭിക്കാത്ത പ്രീസ്കൂളുകളുടെ എണ്ണം	49
a)	ഹോണറേറിയം ലഭിക്കാത്ത അധ്യാപകരുടെ എണ്ണം	74
b)	ഹോണറേറിയം ലഭിക്കാത്ത ആയമാരുടെ എണ്ണം	45
4	എയ്ഡഡ് വിദ്യാലയങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രീസ്കൂളുകളുടെ എണ്ണം	240
a)	അധ്യാപകരുടെ എണ്ണം	513
b)	ആയമാരുടെ എണ്ണം	259
5	ഹോണറേറിയം ലഭിക്കുന്ന പ്രീപ്രൈമറി സ്കൂളുകളുടെ എണ്ണം	1
a)	അധ്യാപകരുടെ എണ്ണം	2
b)	ആയമാരുടെ എണ്ണം	1

ഹയർസെക്കന്ററി വിദ്യാഭ്യാസം

ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി സെക്കന്ററി വിദ്യാഭ്യാസം പുന:ക്രമീകരിക്കുന്നതിനുവേണ്ടിയാണ് ഹയർസെക്കന്ററി കോഴ്സുകൾ 1990-91 കാലയളവിൽ സംസ്ഥാനത്ത് നിലവിൽ വന്നത്. 2016-ൽ സംസ്ഥാനത്ത് 2073 ഹയർസെക്കന്ററി സ്ക്കൂളുകൾ നിലവിലുണ്ട്. അതിൽ 833 എണ്ണം (40.18 ശതമാനം) സർക്കാർ സ്ക്കൂളുകളാണ്: 854 എണ്ണം (41.2 ശതമാനം) എയ്ഡഡ് സ്ക്കൂളുകളും ബാക്കി 386 എണ്ണം (18.62 ശതമാനം) അൺഎയ്ഡഡ് / ടെക്നിക്കൽ സ്ക്കൂളുകളുമാണ്. എറണാകുളത്ത് 209 എണ്ണമാണ് ഉള്ളത്.

പട്ടിക - 4.118

മാനേജ്മെന്റ് തിരിച്ചുള്ള ഹയർ സെക്കന്ററി സ്ക്കൂളുകളുടെ എണ്ണം - 2017									
ക്രമ നം.	ജില്ല	ഹയർ സെക്കന്ററി സ്ക്കൂളുകളുടെ എണ്ണം				ബാച്ചുകളുടെ എണ്ണം			
		ഗവൺമെന്റ്	എയ്ഡഡ്	അൺഎയ്ഡഡ്	ആകെ	സയൻസ്	ഹ്യുമാനിറ്റീസ്	കൊമേഴ്സ്	ആകെ
1	2	3	4	5	6	7	8	9	10
1	എറണാകുളം	68	93	48	209	371	83	200	654

പട്ടിക - 4.119

ഹയർ സെക്കന്ററി സ്ക്കൂളുകളിലെ കുട്ടികളുടെ പ്രവേശനം										
ക്രമ നം.	ജില്ല	ഗവൺമെന്റ്		എയ്ഡഡ്		അൺഎയ്ഡഡ്		ആകെ		ആകെ മൊത്തം
		ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	
1	2	3	4	5	6	7	8	9	10	11
1	എറണാകുളം	5248	5633	9455	10019	1777	1391	16480	17043	33523

വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം

വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം സംസ്ഥാനത്ത് ആരംഭിക്കുന്നത് 1983-84 കാലഘട്ടത്തിലാണ്. നേരിട്ടുള്ള വ്യക്തിഗത സാധ്യത വർദ്ധിപ്പിക്കുക, കഴിവുകൾ വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ പ്ലസ്ടു തലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുകയാണ് വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമിടുന്നത്.

പട്ടിക - 4.120

വൊക്കേഷണൽ ഹയർസെക്കന്ററി സക്കൂളുകളുടേയും കോഴ്സുകളുടേയും ജില്ല തിരിച്ചുള്ള കണക്ക് 2017-18							
ക്രമ നം.	ജില്ല	സ്ക്കൂളുകളുടെ എണ്ണം			കോഴ്സുകളുടെ എണ്ണം		
		സർക്കാർ	എയ്ഡഡ്	ആകെ	സർക്കാർ	എയ്ഡഡ്	ആകെ
1	2	3	4	5	6	7	8
1	എറണാകുളം	22	12	34	54	39	93

❖ **ഹയർ സെക്കന്ററി വിദ്യാഭ്യാസം & വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം**

- ഗുണമേന്മ വർദ്ധനവിനായി ഇടപെടലുകൾ കുറവാണ്.
- അധ്യാപകർക്കുള്ള ക്ലസ്റ്റർ പരിശീലനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല.
- കലാകായിക വിദ്യാഭ്യാസത്തിന് സമയമോ പിരീഡോ സമയമോ ഇല്ല.
- കുട്ടികളുടെ എണ്ണം കൂടുതലായതിനാൽ വ്യക്തിഗത പരിഗണന ഉറപ്പാക്കാൻ കഴിയുന്നില്ല.
- എല്ലാ സ്ക്കൂളുകളിലും മികച്ച ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, കളിസ്ഥലം എന്നിവ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.
- സ്മാർട്ട് ക്ലാസ് റൂം പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല
- പുതിയ സാങ്കേതിക വിദ്യകൾ ക്ലാസ്സുമുറികളിൽ പ്രയോജനത്തുന്നതിനുള്ള നിർബന്ധ നിർദ്ദേശങ്ങളും പരിശീലനങ്ങളും ഇല്ലാത്തതിനാൽ പഴയരീതിയിലുള്ള വിനിമയം തുടരുന്നു.
- മതിയായ ഓഫീസ് ജീവനക്കാരില്ലാത്തത് പ്രിൻസിപ്പാളിനും അധ്യാപകർക്കും പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.
- കുട്ടികളുടെ പ്രായത്തിനനുസരിച്ചുള്ള വ്യക്തിത്വവികസക്ലാസ്സുകളോ സൗകര്യങ്ങളോ സ്ക്കൂളുകൾക്ക് ഉറപ്പാക്കാൻ കഴിയുന്നില്ല.
- നിരന്തരവിലയിരുത്തൽ കാര്യക്ഷമമായി നടക്കുന്നില്ല.
- വിവിധ വിഷയങ്ങളിൽ മികവും താല്പര്യവും പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികൾക്കും അവരെ പരിശീലിപ്പിക്കുന്ന അധ്യാപകർക്കും മെച്ചപ്പെടാനുള്ള അവസരമില്ല.
- ഭിന്നശേഷി പരിഗണന സാധ്യമാകുന്നില്ല. ഇവർക്കുള്ള അനുരൂപീകരണ സാധ്യകളിൽ വേണ്ടത്ര ധാരണയില്ല.
- വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ വൊക്കേഷണൽ ലാബുകൾ ഉറപ്പാക്കാനായിട്ടില്ല.
- വൊക്കേഷണൽ വിദ്യാർത്ഥികൾക്ക് അവരുടെ വിഷയമേഖലയിലുള്ള വ്യവസായ അനുഭവങ്ങൾ ലഭിക്കുന്നതിനുവേണ്ടി വിവിധ കമ്പനികളുമായി കൂട്ടായ്മ (ഇൻഡസ്ട്രി ലിംഗേജ്) രൂപപ്പെടുത്താനായിട്ടില്ല.
- ലൈംഗിക വിദ്യാഭ്യാസം, മൂല്യാധിഷ്ടിതവിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട വിദഗ്ധ ക്ലാസ്സുകൾ, വിദഗ്ദരുടെ സേവനം എന്നിവ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.
- വിഷയമേഖലകളിൽ പരിശീലനകേന്ദ്രങ്ങളില്ല. വിപണകേന്ദ്രങ്ങളില്ല.വിദ്യാർത്ഥികളുടെ സ്റ്റാർട്ട് അപ്പ് പ്രോജക്റ്റ്സ് പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.
- അധ്യാപകവിദ്യാഭ്യാസം- വിശകലനവും കണ്ടെത്തലുകളും
- മാറിയ സമീപനങ്ങൾക്കും കാലാനുസൃതമായ മാറ്റങ്ങൾക്കും അനുസൃതമായി പാഠ്യപദ്ധതി വിനിമയം നടത്താനനുയോജ്യമായ ഭൗതികസൗകര്യങ്ങളൊരുക്കാൻ കഴിഞ്ഞിട്ടില്ല.
- വിഷയങ്ങൾ കൈകാര്യം ചെയ്യാൻ വേണ്ട അധ്യാപകരില്ല. ഉള്ളവർ പ്രാപ്തരല്ല.
- സ്ക്കൂൾ മേഖലകളിൽ നടക്കുന്ന മാറ്റങ്ങളൊന്നും അധ്യാപകവിദ്യാഭ്യാസസ്ഥാപനങ്ങറിയുന്നില്ല.
- മാറ്റങ്ങൾക്കനുസൃതമായ പരിശീലനങ്ങളൊന്നും ടീച്ചർ എഡ്യുക്കേറ്റർമാർക്കില്ല.
- മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നും പ്രവേശനം ലഭിക്കാത്ത പ്രാഗത്ഭ്യമില്ലാത്തവരാണ് അധ്യാപകരായി പുറത്തിറങ്ങുന്നത്.
- ഭൗതികസൗകര്യങ്ങളൊന്നുമില്ലാതെ പരിശീലനം നേടി പുറത്തിറങ്ങുന്നതിനാൽ

നൂതനസാങ്കേതികവിദ്യകളൊന്നും പഠനപ്രവർത്തനങ്ങളിൽ സന്നിവേശിപ്പിക്കാൻ ഇവർക്ക് കഴിയുന്നില്ല.

- എയ്ഡഡ്, അൺ എയ്ഡഡ്,മേഖലയിൽ ഭൗതിക അക്കാദമിക കാര്യങ്ങളിൽ ഇടപെടാൻ സംവിധാനത്തിന് കഴിയുന്നില്ല.
- ഈമേഖലയിൽ മോണിറ്ററിംഗ് നടക്കുന്നില്ല.
- പൂർവ്വകാല അധ്യാപകപരിശീലനത്തിനു വേണ്ട അനുവാദം നൽകുന്നതിനും സൗകര്യമൊരുക്കുന്നതിലും നിലവിൽ സ്ക്കൂളുകൾ അധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും വേണ്ടത്ര സഹകരിക്കുന്നില്ല.
- എൻ. സി. ടി. ഇ. നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചല്ല നിലവിൽ ഇവ പ്രവർത്തിക്കുന്നത്.
- ഡി. എഡ്. കോഴ്സ് പ്രൈമറി തലത്തിൽ അധ്യാപകരാവാൻ ഉദ്ദേശിച്ചാണ് പ്രവർത്തിക്കുന്നതെങ്കിലും
- ഇതിനുവേണ്ട അധ്യാപകനൈപുണികളൊന്നും നേടാതെയാണ് ഇവർ പുറത്തിറങ്ങുന്നത്. ഈ കോഴ്സ് നടത്തുന്ന ജില്ലാ വിദ്യാഭ്യാസസ്ഥാപനത്തിലും സ്ഥിതി വ്യത്യസ്തമല്ല.
- ബി. എഡ്. കോഴ്സ് സെക്കന്ററി തലം ഉദ്ദേശിക്കുന്നതെങ്കിലും മേൽ സൂചിപ്പിച്ച എല്ലാ പ്രശ്നങ്ങളും ഈ കോഴ്സിലും പ്രകടമാണ്.
- ഡി.എഡ്, ബി.എഡ് കോഴ്സുകളിലേക്ക് ഏറ്റവും മികച്ച വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിയുന്നില്ല

വികസനപ്രശ്നങ്ങളും, വികസനവിടവുകളും, വികസനസാധ്യതകളും

ജില്ലയിൽ അക്കാദമിക ഇടപെടലുകൾ നടത്തുന്ന സംവിധാനങ്ങളുടെ സർവ്വശിക്ഷാഅഭിയാൻ (എസ്. എസ്. എ), രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ. എം. എസ്. എ.), ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (ഡയറ്റ്), പൊതുവിദ്യാഭ്യാസവകുപ്പ്, എന്നിവയുടെ വികസനപ്രശ്നങ്ങൾ, വികസന വിടവുകൾ എന്നിവ താഴെ പ്രതിപാദിക്കുന്നു. ജില്ലയിലെ ഭിന്നശേഷിക്കാരായ സ്ക്കൂൾ കുട്ടികളുകളുടെ വിഭാഗം തിരിച്ചുള്ള വിവരങ്ങൾ (പട്ടിക 4.121 മുതൽ 4.124 വരെ)

പട്ടിക - 4.121

ജില്ലയിലെ ഭിന്നശേഷിക്കാരായ സ്ക്കൂൾ കുട്ടികളുകളുടെ വിഭാഗം തിരിച്ചുള്ള എണ്ണം

ക്രമ നം.	നേരിടുന്ന വെല്ലുവിളികൾ	ക്ലാസ്-1		ക്ലാസ്-2		ക്ലാസ്-3		ക്ലാസ്-4	
		ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1	Autism	36	11	47	12	29	18	39	12
2	Cerebral Palsy	32	31	27	12	30	21	20	17
3	Hearing impairment	33	20	30	25	33	28	34	27
4	Learning disability	38	18	116	59	145	62	174	76
5	Loco motor impairment	22	15	24	25	33	29	48	20
6	Mental Retardation	170	92	178	117	175	123	234	133
7	Multiple disability	21	19	14	13	28	17	21	22
8	speech impairment	46	26	29	14	25	16	13	15
9	Visual Impairment (Blindness)	4	5	3	5	2	2	4	4
10	Visual Impairment (Low-vision)	38	40	66	57	71	65	94	105
	ആകെ	**440**	**277**	**534**	**339**	**571**	**381**	**681**	**431**

സർവ്വശിക്ഷാഅഭിയാൻ ജില്ലാ പ്രോജക്ട് ഓഫീസ് ഫയൽ രേഖ (2016-17)

പട്ടിക - 4.122

ജില്ലയിലെ ഭിന്നശേഷിക്കാരായ സ്ക്കൂൾ കുട്ടികളുകളുടെ വിഭാഗം തിരിച്ചുള്ള എണ്ണം (യു.പി.)

ക്രമ നം.	നേരിടുന്ന വെല്ലുവിളികൾ	ക്ലാസ്-5		ക്ലാസ്-6		ക്ലാസ്-7		ക്ലാസ്-8	
		ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1	Autism	33	9	23	6	13	4	19	5
2	Cerebral Palsy	55	37	42	19	33	15	48	25
3	Hearing impairment	39	42	41	50	64	34	52	48
4	Learning disability	238	98	283	128	273	98	336	110
5	Loco motor impairment	50	22	36	26	31	21	48	24
6	Mental Retardation	231	131	253	150	277	177	418	218
7	Multiple disability	48	41	25	23	12	11	30	17
8	speech impairment	19	12	19	12	22	7	28	5
9	Visual Impairment (Blindness)	7	3	9	2	2	5	11	5
10	Visual Impairment (Low-vision)	172	185	166	163	191	157	182	175
	ആകെ	**892**	**580**	**897**	**579**	**918**	**529**	**1172**	**632**

സർവ്വശിക്ഷാഅഭിയാൻ ജില്ലാ പ്രോജക്ട് ഓഫീസ് ഫയൽ രേഖ (2016-17)

പട്ടിക - 4.123

ജില്ലയിലെ ഭിന്നശേഷിക്കാരായ സ്ക്കൂൾ കുട്ടികളുകളുടെ വിഭാഗം തിരിച്ചുള്ള എണ്ണം (എച്ച്.എസ്)

ക്രമ നം.	നേരിടുന്ന വെല്ലുവിളികൾ	ക്ലാസ്-9		ക്ലാസ്-10	
		ആൺ	പെൺ	ആൺ	പെൺ
1	Autism	7	3	2	2
2	Cerebral Palsy	17	16	16	7
3	Hearing impairment	26	23	30	19
4	Learning disability	140	77	248	110
5	Loco motor impairment	15	13	10	16
6	Mental Retardation	166	80	208	84
7	Multiple disability	6	8	10	3
8	speech impairment	8	1	6	2
9	Visual Impairment (Blindness)	5	6	9	1
10	Visual Impairment (Low-vision)	25	25	37	22
	ആകെ	**415**	**252**	**576**	**266**

RMSA ജില്ലാ പ്രോജക്ട് ഓഫീസ് ഫയൽ രേഖ (2016-17)

പട്ടിക – 4.124

ജില്ലയിലെ ഭിന്നശേഷിക്കാരായ മുഴുവൻ സ്ക്കൂൾ കുട്ടികളുകളുടെ എണ്ണം

ക്രമ നം.	നേരിടുന്ന വെല്ലുവിളികൾ	ആകെ കുട്ടികൾ		
		ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ കുട്ടികൾ
1	Autism	248	82	330
2	Cerebral Palsy	320	200	520
3	Hearing impairment	382	316	698
4	Learning disability	1991	836	2827
5	Loco motor impairment	317	211	528
6	Mental Retardation	2310	1305	3615
7	Multiple disability	215	174	389
8	speech impairment	215	110	325
9	Visual Impairment (Blindness)	56	38	94
10	Visual Impairment (Low-vision)	1042	994	2036
	ആകെ	**7096**	**4266**	**11362**

സർവ്വശിക്ഷാഅഭിയാൻ ജില്ലാ പ്രോജക്ട് ഓഫീസ് ഫയൽ രേഖ (2016-17)

സർവ്വശിക്ഷാഅഭിയാൻ (എസ്. എസ്. എ)

വികസനപ്രശ്നങ്ങൾ

കേന്ദ്രതലത്തിൽ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ പലതും കേരളത്തിൽ അനുചിതമാണെങ്കിലും നടപ്പിലാക്കേണ്ടി വരുന്നു, ജില്ലാ സ്ഥാപനത്തിൽ വേണ്ടത്ര പ്രോഗ്രാം ഓഫീസർമാരില്ല, കാലങ്ങളായി ഉപയോഗിക്കപ്പെട്ട ഫണ്ടുകൾക്കനുസൃതമായ ഗുണമേന്മ ഉറപ്പാക്കാനായിട്ടില്ല, വിഭവകേന്ദ്രം എന്നനിലയിൽ ബി.ആർ.സി.കളെ ശാക്തീകരിക്കാൻ സംവിധാനത്തിനായിട്ടില്ല, സ്ക്കൂളുകൾക്ക് വേണ്ട അക്കാദമിക പിന്തുണ നൽകാൻ നിലവിൽ ബി.ആർ.സി.കൾക്ക് കഴിയുന്നില്ല, ലക്ഷ്യം വെച്ച പോലെ സി. ആർ. സി. കളെ ശക്തിപ്പെടുത്താനായിട്ടില്ല, പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനുള്ള സംവിധാനങ്ങളാണെങ്കിലും ഡയറ്റും, എസ്.എസ്.എ. യും പരസ്പരപൂരകമായി സംയുക്തമായി കാര്യക്ഷമതയോടെ പ്രവർത്തിക്കാൻ കഴിയുന്നില്ല, സങ്കലിത വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിൽഫലപ്രാപ്തി ഉറപ്പാക്കാനായിട്ടില്ല, പ്രൈമറി തലത്തിൽ നിർദ്ദിഷ്ഠ പഠനനിലവാരം ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല എന്നിവയാണ് പ്രധാനപ്പെട്ടവ.

വികസന വിടവുകൾ

ഡയറ്റ്, പൊതുവിദ്യാഭ്യാസവകുപ്പ് എന്നിവയുമായി സംയുക്തമായി കാര്യക്ഷമമായി മുന്നേറുന്നതിനുള്ള ആസൂത്രണമില്ലായ്മ, ഒറ്റപ്പെട്ട പ്രവർത്തനങ്ങളായി ഫണ്ട് വിനിയോഗിക്കപ്പെടുന്നു, എല്ലാ വിഷയങ്ങളിലും പ്രാപ്തിയുള്ള ട്രൈനർമാരെ ഉറപ്പാക്കാനുള്ള ഇടപെടലുകളില്ല, ഭിന്നശേഷിക്കാരായ കുട്ടികൾക്കായുള്ള അനുരൂപീകരണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സംവിധാനമില്ല എല്ലാ വിഭാഗത്തിലുമുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്കായുള്ള വേണ്ടത്ര റിസോഴ്സുകൾ (മുറികൾ,തൊഴിൽ പരിശീലനകേന്ദ്രങ്ങൾ, ഓട്ടിസം സെന്റർ, ഫിസിയോതെറാപ്പി കേന്ദ്രങ്ങൾ) എന്നിവ ഉറപ്പാക്കാൻ കഴിയുന്നില്ല.

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ. എം. എസ്. എ.)

വികസനപ്രശ്നങ്ങൾ

നിലവിൽ സംവിധാനത്തിന്റെ സേവനം സർക്കാർ സ്ക്കൂളുകളിൽ മാത്രം ലഭിക്കുന്നു, ഗുണമേന്മ ഉറപ്പുവരുത്താനുള്ള സംവിധാനമാണെങ്കിലും അക്കാദമിക നിലവാരം ഉയർത്തുന്നതിൽ കാര്യക്ഷമമായി ഇടപെടാൻ കഴിയുന്നില്ല, ഹയർ സെക്കന്ററി വിഭാഗത്തിൽ ഫണ്ട് വിനിയോഗം നടത്താൻ കഴിയുന്നില്ല, വൊക്കേഷണൽ വിദ്യഭ്യാസ മേഖലയിൽ ലക്ഷ്യം വെച്ചിട്ടുള്ള ഇടപെടൽ നിലവിൽ നടക്കുന്നില്ല, പട്ടികവർഗ

മേഖലയിൽ വിദ്യഭ്യാസമേഖലയിൽ നിശ്ചിത ദൂരപരിധിയിൽ സ്ക്കൂളുകൾ ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല, സെക്കന്ററി തലത്തിലും ഹയർസെക്കന്ററി തലത്തിലും നിർദ്ദിഷ്ഠ പഠനനിലവാരം ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

വികസന വിടവുകൾ

ഭരണപരവും അക്കാദമികവുമായ ഇടപെടലുകൾ നടപ്പിലാക്കുന്നതിനുള്ള അംഗബലമില്ല, ഫണ്ട് വിതരണത്തിനനുസൃതമായ അക്കാദമിക വിനിയോഗം ഉറപ്പാക്കാനാകുന്നില്ല, ലാബ്, ലൈബ്രറി, സയൻസ്കിറ്റ്, പഠനസഹായികളുടെ ശേഖരണം, സ്ക്കൂൾ ഗ്രാന്റ് എന്നിവക്കായി ഫണ്ട് വിതരണം നടക്കുന്നുണ്ടെങ്കിലും മികച്ച മാതൃകകൾ സൃക്ഷ്ടിക്കാനായിട്ടില്ല, അക്കാദമികവും ഭരണപരവുമായ മോണിറ്ററിംഗിന് നിലവിൽ സംവിധാനമില്ല.

ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് (ഡയറ്റ്) വികസനപ്രശ്നങ്ങൾ

ഒരു അക്കാദമിക ഗവേഷണവിഭവകേന്ദ്രം എന്ന നിലയിൽ പ്രവർത്തിക്കാൻ അനുയോജ്യമായ ഭൗതിക, അക്കാദമിക സൗകര്യങ്ങളില്ല, പ്ലസ്ടു വരെ അക്കാദമിക പിന്തുണ നൽകേണ്ട സ്ഥാപനം എന്ന നിലയിൽ വേണ്ടത്ര അധ്യാപകരില്ല (20 + 1 എന്ന നില വേണ്ടിടത്ത് 6 + 1 മാത്രം), വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠനവിധേയമാക്കുന്നതിനും പരിഹാരപ്രവർത്തനങ്ങൾആസൂത്രണം ചെയ്യാനും നടപ്പിലാക്കാനാവും കഴിയുന്നില്ല, 1989-ൽ ഡയറ്റ് നിലവിൽ വന്ന കാലത്തുണ്ടായിരുന്ന സൗകര്യങ്ങൾ മാത്രം, ഡയറ്റിന്റെ പ്രധാന പ്രവർത്തനങ്ങളായ ക്രിയാഗവേഷണം, ട്രൈഔട്ടുകൾ, ഗവേഷണം, അധ്യാപകവിദ്യാഭ്യാസം, പരിശീലനങ്ങൾ (അധ്യാപകർ, എച്ച്. എം. എന്നിവർക്ക്), അധ്യാപകവിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്ക്കൂളുകൾ, എന്നിവിടങ്ങളിൽ സന്ദർശനം നടത്തി വേണ്ടതൽസമയ പിന്തുണ നൽകാൻ കഴിയുന്നില്ല, സംസ്ഥാനതലത്തിൽ ആവിഷ്ക്കരിക്കുന്ന വിദ്യാഭ്യാസ പദ്ധതികൾക്ക് അക്കാദമിക നേതൃത്വം നൽകേണ്ടതിനാൽ ജില്ലയിൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് സാവകാശം ലഭിക്കുന്നില്ല.

പട്ടിക - 4.125

ജില്ലയിലെ അധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ക്രമ നമ്പർ	കോഴ്സ്	എയ്ഡഡ്	ഗവൺമെന്റ്	അൺഎയ്ഡഡ്	യൂണിവേഴ്സിറ്റി സെന്ററുകൾ	ആകെ
1	D.Ed	10	04	03	0	17

വികസന വിടവുകൾ

കേന്ദ്രാവിഷ്കൃതസ്ഥാപനമായതിനാൽ ജില്ലാസംവിധാനങ്ങളുടെ സാമ്പത്തിക ആനുകൂല്യങ്ങൾ ഉപയോഗിക്കാൻ കഴിയുന്നില്ല, അധ്യാപകനിയമനം നടക്കുന്നില്ല, സംവിധാനത്തിന്റെ നടത്തിപ്പിനാവശ്യമായ താല്ക്കാലിക സംവിധാനങ്ങളൊന്നും നിലവിലില്ല, പ്രവർത്തന ബാഹുല്ല്യം നിമിത്തം ജില്ലയിലെ അക്കാദമിക പ്രശ്ന പരിഹരണത്തി നനുയോജ്യമായ പ്രവർത്തന പദ്ധതികളൊന്നും ഗവേഷണാൽകമായി ട്രൈഔട്ട് ചെയ്യാനും വ്യാപിക്കാനും കഴിയുന്നില്ല, പുതിയ കാലഘട്ടങ്ങൾ ക്കനുസൃതമായ രീതീയിൽ ഡയറ്റിനെ ശാക്തീകരിക്കാനുള്ള സാധ്യതകൾ നിലവിൽ നടക്കുന്നില്ല, പ്രൈമറി തലത്തിലും സെക്കന്ററി തലത്തിലും നിർദ്ദിഷ്ഠ പഠനനിലവാരം ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

പൊതുവിദ്യാഭ്യാസവകുപ്പ് വികസനപ്രശ്നങ്ങൾ

ഭരണപരമായ ഇടപെടലുകൾ കാര്യക്ഷമമാണെങ്കിലും അക്കാദമിക ഗുണമേന്മ ഉറപ്പാക്കാൻ കഴിയുന്നില്ല, അക്കാദമിക മേഖലയിൽ നിർദ്ദിഷ്ഠനിലവാരം ഉറപ്പാക്കാൻ കഴിയുന്നില്ല,

അംഗീകാരമില്ലാത്തസ്ക്കൂളുകൾ പ്രവർത്തിക്കുന്നത്, പ്രീപ്രൈമറിതലത്തിൽ പാഠ്യപദ്ധതിയില്ലാത്തത്, പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗഭാക്കാകുന്നതിൽ പല സ്ഥാപനങ്ങളും ആത്മാർത്ഥമായി സഹകരിക്കാത്തത്, ഗുണപരമായ മാസ്റ്റർപ്ലാനുകൾ രൂപപ്പെടാത്തത്, ഡയറ്റ്, എസ്. എസ്. എ., ആർ. എം. എസ്. എ തുടങ്ങിയവ കാര്യക്ഷമമായി പ്രയോജനപ്പെടുത്താൻ കഴിയാത്തത്, ജില്ലാ ഓഫീസിൽ ഡെപ്യൂട്ടി ഡയറക്ടർ ഒഴികെ മറ്റു അക്കാദമിക് ഉദ്യോഗസ്ഥ തസ്തിക ഇല്ലാത്തതിനാൽ അക്കാദമിക കാര്യങ്ങളിൽ ജില്ലാ ഓഫീസിനു കാര്യക്ഷമമായി ഇടപെടാൻ കഴിയുന്നില്ല.

സർവ്വകലാശാലയും ഉന്നതവിദ്യാഭ്യാസവും

സംസ്ഥാനത്ത് ആകെ 14 സർവ്വകലാശാലകൾ ഉണ്ട്. ഇതിൽ 4 സർവ്വകലാശാലകൾ - കേരള, മഹാത്മാഗാന്ധി, കോഴിക്കോട്, കണ്ണൂർ എന്നിവ പൊതുസ്വഭാവമുള്ളതും, വിവിധ കോഴ്സുകൾ നടത്തുന്നവയും ആണ്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, തുഞ്ചത്തെഴുത്തല്ലൻ മലയാളം സർവ്വകലാശാല, കേരള വെറ്റിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, കേരള കാർഷിക സർവ്വകലാശാല, കേരള ആരോഗ്യ സർവ്വകലാശാല, കേരള മത്സ്യ, സമുദ്രോത്പന്ന പഠന സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല തുടങ്ങിയവ പ്രത്യേക വിഷയങ്ങളിൽ വൈദഗ്ദ്ധ്യം നേടുന്നതിന് സഹായകമായ കോഴ്സുകൾ നടത്തി വരുന്നു.

ആർട്സ് ആൻഡ് സയൻസ് കോളേജുകൾ

സംസ്ഥാനത്ത് 217 ആർട്സ് ആന്റ് സയൻസ് കോളേജുകൾ നിലവിലുള്ളതിനാൽ 156 സ്വകാര്യ എയ്ഡഡ് കോളേജുകളും 61 സർക്കാർ കോളേജുകളും ആണ്. എറണാകുളം ജില്ലയിലാണ് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ഉള്ളത് (25 എണ്ണം)

പട്ടിക - 4.126

ജില്ലയിലെ ആർട്സ് ആന്റ് സയൻസ് കോളേജ് ജില്ല തിരിച്ച് (ഗവൺമെന്റ്, സ്വകാര്യ,എയ്ഡഡ്) 2016-17

ക്രമ നം.	ജില്ല	സർക്കാർ	പ്രൈവറ്റ്	ആകെ
1	എറണാകുളം	4	21	25

പട്ടിക - 4.127

യൂണിവേഴ്സിറ്റി തിരിച്ചുള്ള ജില്ലയിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അദ്ധ്യാപകരുടെ എണ്ണം (2014-15 മുതൽ 2016-17 വരെ)

ക്രമ നം.	സർവ്വകലാശാലയുടെ പേര്	അദ്ധ്യാപകരുടെ എണ്ണം								
		2014-15			2015-16			2016-17		
		പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ	പുരുഷൻ	സ്ത്രീ	ആകെ
1	2	3	4	5	6	7	8	9	10	11
1	മഹാത്മാഗാന്ധി സർവ്വകലാശാല	1540	1865	3405	1449	1925	3374	1379	2032	3411

സംസ്കാരം, പൈതൃക സംരക്ഷണം

o വികസന വിടവുകൾ

സംയുക്തമായി കാര്യക്ഷമമായി മുന്നേറുന്നതിനുള്ള ആസൂത്രണമില്ലായ്മ, പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ലക്ഷ്യം നേടുന്നതിനായി വിവിധ ഡിപ്പാർട്ടുമെന്റുകളേയും മനുഷ്യ വിഭവങ്ങളെയും ഏകോപിപ്പിക്കാൻ കഴിയാത്തത്, ദിർഘകാല അടിസ്ഥാനത്തിൽ വികസനകാഴ്ചപ്പാടുകളും പദ്ധതികളും രൂപപ്പെടാത്തത്, ഭാഷ (മാതൃഭാഷ, ഇംഗ്ലീഷ്) ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നിവയിൽ ഇടപെടലുകൾക്കനുസൃതമായ ഗുണമേന്മ പ്രതിഫലിക്കുന്നില്ല.

വികസനപ്രശ്നങ്ങളും വിടവുകളും

പുരാരേഖകൾ, പരമ്പരാഗത കലാരൂപങ്ങൾ ഇവയുടെ സംരക്ഷണം പൂർണ്ണമായും നടക്കുന്നില്ല. തനതു കലകൾ, ഗോത്രകലകൾ ഇവ സംരക്ഷിക്കപ്പെടേണ്ടതും, പ്രാദേശിക കലാസമിതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതും ആണ്. ഗ്രന്ഥശാലകളുടെ നവീകരണം നടക്കുന്നില്ല, സാംസ്കാരിക നിലയങ്ങൾ അവയുടെ ലക്ഷ്യം നേടുന്നില്ല. റസിഡന്റ് അസോസിയേഷനുകളുടെ സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുന്നില്ല സാംസ്കാരിക ഡാറ്റ ബാങ്ക് നിലവിൽ ഇല്ല. നവമാധ്യമങ്ങളുടെ ദുരുപയോഗം, പൊതു സാമൂഹിക പുരോഗതിക്കു അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തടസ്സം ആകുന്നു. സാംസ്ക്കാരിക സ്ഥാപനങ്ങളെയും ഗവേഷകരേയും ഉൾപ്പെടുത്തി വിവര ശേഖരണം നടന്നിട്ടില്ല. സാംസ്ക്കാരിക രംഗത്ത് ദുഷ്പ്രചരണതകളുടെ സ്വാധീനം ഒഴിവാക്കാൻ ആവശ്യമായ ബോധവൽക്കരണം നടക്കുന്നില്ല.

കായികം

വികസനപ്രശ്നങ്ങളും വിടവുകളും

കായിക അധ്യാപകർ, കളിസ്ഥലങ്ങൾ, കളി ഉപകരണങ്ങൾ, നീന്തൽ പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ കുറവ്, തുടർ പരിശീലനത്തിന്റെ കുറവ്, കായിക മേഖലയിൽ പ്രൊഫഷണലിസം ഉള്ളവരുടെ അഭാവം ഇവയാണ്. പട്ടിക വർഗ്ഗ, തീരദേശ, മലയോര മേഖലയിലെ കുട്ടികൾക്ക് പല കായിക പരിശീലനങ്ങളും, ഭിന്നശേഷിക്കാർക്ക് ഉതകുന്ന പരിശീലനം ലഭിക്കുന്നില്ല. പരിശീലനത്തിനായി ഭിന്നശേഷിക്കാർ മുന്നോട്ടു വരാത്തതും പ്രത്യേക പരിശീലകരുടെ അഭാവവും തടസ്സമാകുന്നു.

വികസനസാധ്യതകൾ

വിവിധ പദ്ധതികളുടെ വിശകലനത്തിലൂടെ കണ്ടെത്തിയ വികസനപ്രശനങ്ങളും വികസനവിടവുകളും പരിഗണിച്ച് വിവിധ മേഖലകളിലുള്ളവികസനസാധ്യതകൾ

പട്ടിക 4.128

അംഗൻവാടിമേഖലയുടെ വികസനസാധ്യതകൾ

മേഖല	പ്രശ്നം	വികസനസാധ്യതകൾ
ഭൗതിക സൗകര്യം	-സ്ഥലവും കെട്ടിടവുമില്ലാലെയാണ് പലഅംഗനവാടികളും പ്രവർത്തിക്കുന്നത്. -അംഗൻവാടികൾകുട്ടികളെ ആകർഷിക്കുന്നരീതിയിൽമാറിയിട്ടില്ല. -സ്ഥലംഉണ്ടെങ്കിൽകെട്ടിടംപണിയാൻ ഫണ്ടുണ്ട്. സ്ഥലം വാങ്ങാൻ ഫണ്ടില്ല	-സ്വന്തമായ ആകർഷകമായ കെട്ടിടം, ടോയ്ലറ്റ് സംവിധാനം, കളിസ്ഥലം, കുട്ടിക്കുളം, കുട്ടികളുടെ പാർക്ക്, പൂന്തോട്ടം, തുടങ്ങി കുട്ടിപ്പൂരകളടക്കമുള്ള വിപുലസംവിധാനം. പൂർണ്ണമായും വിദ്യാർത്ഥി സൗഹൃദ സ്വയം പര്യാപ്ത അന്തരീക്ഷം (പ്രകൃതിദത്ത ആവാസവ്യവസ്ഥ ക്രമീകരിച്ചത്). -(കുടിവെള്ളം, സ്വന്തം വീട്, അമ്മ എന്ന അനുഭവം ഓരോ കുട്ടിക്കും)
അക്കാദമികം	അംഗൻവാടികൾക്ക് നിർദ്ദേശിക്കപ്പെട്ട പഠനപ്രവർത്തനങ്ങൾ അനുവർത്തിക്കുന്നതിൽ രക്ഷിതാക്കൾ തൃപ്തരല്ല ചെറുപ്പത്തിലേ ഇവരെ എഴുത്ത് പഠിപ്പിക്കണം എന്നാണ് രക്ഷിതാക്കൾ ആവശ്യപ്പെടുന്നത് (പ്രത്യേകിച്ചും ഇംഗ്ലീഷ്). ഡിപ്പാർട്ടുമെന്റുതാല്പര്യത്തിനനുസരിച്ച് അംഗൻവാടികൾക്ക് പ്രവർത്തിക്കാൻ കഴിയുന്നില്ല.	-ഭാവി സ്ക്കൂളിലേക്ക് അവശ്യം വേണ്ട തയ്യാറെടുപ്പു മാത്രമായി അക്കാദമിക പ്രവർത്തനം നിജപ്പെടുത്തൽ - എഴുത്ത്, വായന എന്നിവ പൂർണ്ണമായും ഒഴിവാക്കി പാട്ട്, കളി, ചിത്രംവര, നിർമ്മാണം, കൃഷി പ്രവർത്തനങ്ങൾമാത്രം. ആശയവിനിമയത്തിനുള്ളകളിപ്പാട്ടങ്ങൾ, സ്മാർട്ടു ക്ലാസുമുറികൾ,അനുയോജ്യമായപഠനപ്രവർത്തനങ്ങളുള്ള സി.ഡികൾ എന്നിവ ഒരുക്കണം.

		പൂർണ്ണമായുംമാതൃഭാഷയിലൂടെയുള്ള ആശയവിനിമയം (എൽ.കെ.ജി, യു.കെ.ജി. എന്നിവക്കുള്ള തയ്യാറെടുപ്പു കേന്ദ്രങ്ങളല്ല അംഗനവാടികൾ).
ശാരീരീക മാനസിക ആരോഗ്യം	ഒരേതരം ഭക്ഷണം (പോഷകാഹാരം) കുട്ടികളിൽ മടുപ്പുളവാക്കുന്നു. 3 വയസ്സുള്ള കുട്ടികളെയാണ് നിലവിൽ അംഗനവാടികളിൽ ചേർക്കുന്നത്.	സ്ക്കൂൾ തലത്തിൽ വൈവിധ്യമാർന്ന പോഷകസമ്പുഷ്ഠമായ ഭക്ഷണം നൽകൽ നിശ്ചിതപ്രായത്തിലുള്ള കുട്ടികളെ മാത്രം അഡ്മിറ്റ് ചെയ്യുന്നു എന്ന് ഉറപ്പാക്കൽ. സ്ക്കൂളുകളിൽ അംഗനവാടി സർട്ടിഫിക്കറ്റ് നിർബന്ധമാക്കൽ
ഭരണപരം	മികച്ച ശാരീരിക മാനസിക ആരോഗ്യക്ഷമതരൂപപ്പെടേണ്ട പ്രായമായിനിശ്ചയദാർഢ്യമില്ലായ്മ	പ്രാദേശികവികസന ഫണ്ടുകൾ ഈ മേഖലയിലേക്കു കൂടി കാര്യക്ഷമമായി വിനൃസിക്കാൻ ഭരണപരമായ ധാരണയുണ്ടാകണം മികച്ച സേവനവേതന സംവിധാനം

അവലംബം: വിദ്യാഭ്യാസ വകുപ്പ്

✓ **പ്രീപ്രൈമറി വിദ്യാഭ്യാസം:-**

പൂർണ്ണമായും വിദ്യാർത്ഥി സൗഹൃദ സ്വയം പര്യാപ്ത അന്തരീക്ഷം (പ്രകൃതിദത്ത ആവാസവ്യവസ്ഥ ക്രമീകരിച്ചത്). ആകർഷകമായ ക്ലാസ് മുറി, കുടിവെള്ളം, അടുത്തുള്ള ടോയ്ലറ്റ് സംവിധാനം, കളിസ്ഥലം, കുട്ടിക്കുളം, കുട്ടികളുടെ പാർക്ക്, പൂന്തോട്ടം തുടങ്ങി കുട്ടിപ്പുരകൾ (സ്വന്തം വീട്, അമ്മ എന്ന അനുഭവം ഓരോ കുട്ടിക്കും) അടക്കമുള്ള വിപുല സംവിധാനം ഒരുക്കൽ. ഭാവി സ്ക്കൂളിലേക്ക് അവശ്യം വേണ്ട തയ്യാറെടുപ്പു മാത്രമായി അക്കാദമിക പ്രവർത്തനം നിജപ്പെടുത്തൽ, എഴുത്ത്, വായന എന്നിവ പൂർണ്ണമായും ഒഴിവാക്കി പാട്ട്, കളി, ചിത്രംവര, നിർമ്മാണം, കൃഷി പ്രവർത്തനങ്ങൾമാത്രം, ആശയ വിനിമയ ത്തിനുള്ള കളിപ്പാട്ടങ്ങൾ, സ്മാർട്ടു ക്ലാസുമുറികൾ, അനുയോജ്യമായ പഠനപ്രവർത്തനങ്ങളുള്ള സി.ഡികൾ എന്നിവ ഒരുക്കുക. പൂർണ്ണമായും മാതൃഭാഷയിലൂ ടെയുള്ള ആശയവിനിമയം (ഇംഗ്ലീഷ് മീഡിയം എൽ.കെ.ജി, യു.കെ.ജി. പോലെ പ്രവർത്തിക്കേണ്ടതല്ല).
നിശ്ചിതപ്രായത്തിലുള്ള കുട്ടികളെ മാത്രം അഡ്മിറ്റ് ചെയ്യുന്നു എന്ന് ഉറപ്പാക്കൽ. സ്ക്കൂളുകളിൽ ജനനസർട്ടിഫിക്കറ്റ് നിർബന്ധമാക്കൽ, സ്ക്കൂൾകുട്ടികൾക്കുള്ള മെഡിക്കൽ ചെക്ക് അപ്പ്, ലംപ്സം ഗ്രാന്റ്, പഠനകിറ്റ് തുടങ്ങിയവക്ക് പ്രീപ്രൈമറി കുട്ടികളെ പരിഗണിക്കുക. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ക്ലാസ്, അധ്യാപകർ, ആയമാർ എന്നിവ ഒരുക്കുക. സാമൂഹിക പിന്തുണയോടെ വൈവിധ്യമാർന്ന പോഷകാഹാരം ഉറപ്പാക്കൽ, സാമൂഹിക പിന്തുണയോടെ ഭക്ഷണസാമഗ്രികൾ കൃഷി നടത്തി ഉറപ്പാക്കൽ, അമ്മമാർക്ക് മാനസിക സാമൂഹികാരോഗ്യം ഉറപ്പാക്കുന്നതിനായുള്ള ബോധവൽക്കരണം .

✓ **പ്രൈമറി, സെക്കന്ററി,ഹയർ സെക്കന്ററി, വൊക്കേഷണൽ വിദ്യാഭ്യാസം**

ആധുനികകാഴ്ചപ്പാടുകൾക്കനുസൃതമായ ക്ലാസ്മുറി നിർമാണം (സ്മാർട്ട്ക്ലാസ്റൂം ഉൾപ്പെടെ) സ്വന്തമായ കെട്ടിടം, ടോയ്ലറ്റ് സംവിധാനം, (ഭിന്നശേഷിക്കാരായ കുട്ടികൾക്കും പെൺകുട്ടികൾക്കുള്ള ഗേൾസ് ഫ്രന്റ്ലി ടോയ്ലറ്റുകളടക്കം), കളിസ്ഥലം, കുട്ടികളുടെ പാർക്ക്, പൂന്തോട്ടം, തുടങ്ങി കുട്ടിപ്പുരകളടക്കമുള്ള വിപുലസംവിധാനം, പൂർണ്ണമായും വിദ്യാർത്ഥി സൗഹൃദ സ്വയം പര്യാപ്ത അന്തരീക്ഷം (കുടിവെള്ളം, സ്വന്തം വീട്, അമ്മ എന്ന അനുഭവം ഓരോ കുട്ടിക്കും), ആർട്ട് ഗ്യാലറി, മ്യൂസിയം ഉൾപ്പടെ സാംസ്ക്കാരിക സമുച്ചയം ഓരോ സ്ക്കൂളിലും, പൂർവ്വവിദ്യാർത്ഥികൾ, നാട്ടുകാർ എന്നിവർക്കുപയോഗി ക്കാവുന്ന സ്ഥിരം ലൈബ്രറികൾ, ആധുനിക അടുക്കള (പ്രഭാത ഭക്ഷണം അടക്കം തയ്യാറാക്കുന്നതിന്), ഡൈനിംഗ് ഹാൾ - വലുത് (300 കുട്ടികൾക്കെങ്കിലും ഒരേ സമയം

ഉപയോഗിക്കാവുന്നത്).
അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തൽ, ലാബ് കോംപ്ലക്സ്, ഓഫീസ് സമുച്ചയം, വിവിധ വിഷയലാബുകൾ-ശാസ്ത്രം (ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം) ഗണിതം, സാമൂഹ്യശാസ്ത്രം, ഭാഷ, കംപ്യൂട്ടർ, സെമിനാർഹാൾ, മിനി തിയ്യറ്റർ, സ്ക്കൂൾ മാർക്കറ്റ് (ഗുണമേന്മയുള്ള സ്റ്റേഷ്നറി, ഭക്ഷ്യവസ്തുക്കൾ, പാനീയങ്ങൾ ഉൾപ്പടെയുള്ളത്), പാർക്കിംഗ് ഏരിയ, സൗരോർജപാനൽ, കളിസ്ഥലം (മൈനർ ഗെയിമുകൾ, മേജർ ഗെയിമുകൾ എന്നിവക്കനുയോജ്യം), ഇന്റോർ സ്റ്റേഡിയം & മൾട്ടിപ്ലസ് ഗ്യാലറി, നീന്തൽകുളം, സ്പോർട്സ് കോംപ്ലക്സ്, കാർഷിക രംഗം (കാർഷികവിദ്യാഭ്യാസത്തിലെ ആധുനിക രീതികൾ പരിശീലിക്കാൻ), ചുറ്റുമതിൽ, ഗേറ്റ്, സെക്യൂരിറ്റ് ചേമ്പർ, ജലസംരക്ഷണ ജലശുദ്ധീകരണ യൂണിറ്റുകൾ (മഴവെള്ള സംഭരണം, കിണർ റീ ചാർജിംഗ്).
ജൈവവൈവിധ്യപാർക്ക്, പൂന്തോട്ടവും / ലാന്റ് സ്കേപ്പിംഗ് മേഖലയിൽ പ്രാവീണ്യം നേടിയ വ്യക്തികളുടെ സ്ഥിരസേവനം (കൃഷിക്കാർ, കലാകാരൻമാർ, കായികാധ്യാപകർ, ശാസ്ത്രജ്ഞൻമാർ, സാങ്കേതിക വിദഗ്ധർ)
ഭൗതികസൗകര്യങ്ങളുടെ നിരന്തരവും ജൈവികവുമായ ഉപയോഗവുംപ്രവർത്തനവും കൗൺസിലിംഗിൽ പ്രാഗൽഭ്യം പ്രകടിപ്പിക്കുന്ന അധ്യാപകർ, നിർദ്ദിഷ്ഠപഠനനേട്ടം ആർജിച്ച വിദ്യാർത്ഥികൾ, ഫിൻലാന്റ് മോഡൽ രക്ഷാകർതൃപങ്കാളിത്തം

വികസന പരിപ്രേക്ഷ്യവും വികസന ലക്ഷ്യങ്ങളും

വിവിധ പദ്ധതികളുടെ വിശകലനത്തിലൂടെ കണ്ടെത്തിയ വികസനപ്രശ്നങ്ങളും വികസനവിടവുകളും വികസനസാധ്യതകളും പരിഗണിച്ച് വികസന പരിപ്രേക്ഷ്യവും വികസന ലക്ഷ്യങ്ങളും ഹ്രസ്വകാല വികസന പരിപ്രേക്ഷ്യവും നൽകിയിരിക്കുന്നു.

പട്ടിക 4.129

ഹ്രസ്വകാല വികസന പരിപ്രേക്ഷ്യം -അംഗൻവാടി-(13 ാം പഞ്ചവൽസര പദ്ധതി കാലത്തേക്ക്)

ക്രമ നമ്പർ	വിഭാഗം	മേഖല	വികസന പരിപ്രേക്ഷ്യം
1	അംഗൻവാടി	ഭൗതികം	ഓരോ സ്ഥാപനവും ഓരോ വിഭവകേന്ദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഊന്നൽ നൽകിയ-വിദ്യാലയസമിതികൾ ശക്തിപ്പെടുത്തൽ, ഭൗതികസൗകര്യം മെച്ചപ്പെടുത്തൽ (ഇരിപ്പിടസൗകര്യം, കുടിവെള്ളം, ടോയ്ലറ്റ് സൗകര്യം, പഠനോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, സ്മാർട്ട് ക്ലാസുമുറികൾ, വായനാമൂലകൾ, പഠനമൂലകൾ), വിദ്യാർത്ഥി സൗഹൃദ പ്രകൃതി സൗഹൃദഅന്തരീക്ഷം, സ്വന്തം വീട്ടിലേതുപോലെ ഭയരഹിത ജനാധിപത്യ അന്തരീക്ഷം - അന്താരാഷ്ട്രനിലവാരം
		അക്കാദമികം	കുട്ടികളുടെ വളർച്ചയും വികാസവും പരിഗണിച്ചുള്ള പഠന പ്രവർത്തനങ്ങൾ - നിർമ്മാണം, കളികൾ, ചിത്രം വര, പാവ നിർമ്മാണം, മുഖം മൂടി നിർമ്മാണം, നാടകീകരണം, തിയ്യറ്റർ ഗെയിമുകൾ, മാതൃഭാഷയിലൂടെയുള്ള പഠനപ്രവർത്തനങ്ങൾ മാത്രം -സർട്ടിഫിക്കറ്റ് പഠനപദ്ധതിയായി മാറ്റണം
		സാമൂഹികം	-സാമൂഹിക പിന്തുണയോടെ വൈവിധ്യമാർന്നപോഷകാഹാരം ഉറപ്പാക്കൽ-സാമൂഹിക പിന്തുണയോടെ ഭക്ഷണസാമഗ്രികൾ കൃഷി നടത്തി ഉറപ്പാക്കൽ-മാനസിക സാമൂഹികാരോഗ്യം ഉറപ്പാക്കുന്നതിനായുള്ള ബോധവൽക്കരണം-ഗർഭിണികൾ, കുട്ടികൾ, കൗമാരക്കാർ, അമ്മമാർ

അവലംബം: വിദ്യാഭ്യാസ വകുപ്പ്

പട്ടിക 4.130

ഹ്രസ്വകാല വികസന പരിപ്രേക്ഷ്യം - സാമൂഹികം - (13 ാം പഞ്ചവൽസര പദ്ധതി കാലത്തേക്ക്) സ്ക്കൂൾതലം (1-ാം തരം മുതൽ 12-ാംതരം വരെ)

ക്രമ നമ്പർ	വിഭാഗം	മേഖല	വികസന പരിപ്രേക്ഷ്യം
1	സ്ക്കൂൾതലം (1-ാംതരം മുതൽ 12-ാം തരം വരെ)	സാമൂഹികം	-വിവിധ സമിതികളുടെ സജീവസാന്നിദ്ധ്യം -ഭൗതിക അക്കാദമിക പ്രവർത്തനങ്ങളിൽ നിരന്തരം ഇടപെടുന്ന സമിതികൾ -സ്വയം പര്യാപ്തമായ ഭൗതിക അക്കാദമിക അന്തരീക്ഷം രക്ഷിതാക്കളുടെയും വിവിധ സമിതികളുടെയും പഠനക്കൂട്ടായ്മകൾ, കലാഗ്രൂപ്പുകൾ, നാടകഗ്രൂപ്പുകൾ, പരിസ്ഥിതിസൗഹൃദ അന്തരീക്ഷം ഉറപ്പാക്കുന്ന കമ്മിറ്റികൾ പഠനപ്രവർത്തനങ്ങളുടെ ഫലമായി രൂപം കൊള്ളുന്നഉൽപന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ

അവലംബം: വിദ്യാഭ്യാസ വകുപ്പ്

ദീർഘകാല വികസന പരിപ്രേക്ഷ്യം (വരുന്ന 20 വർഷത്തേക്കുള്ള വികസനകാഴ്ചപ്പാട്)

വിദ്യാലയസമിതികൾ ശക്തിപ്പെടുത്തൽ, ഭൗതികസൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള സൗകര്യം, ടോയ്ലറ്റ് സൗകര്യം, ഇരിപ്പിടസൗകര്യം, പഠനോപകരണങ്ങളുടെ ലഭ്യത, എല്ലാവർക്കും കളിസ്ഥലം, കളിയുപകരണങ്ങൾ, സ്മാർട്ട് ക്ലാസുമുറികൾ, ലബോറട്ടറികളുടെ പുനരുദ്ധാരണം-എല്ലാ വിഷയങ്ങൾക്കും ലബോറട്ടറി സ്മാർട്ട് ക്ലാസുമുറികൾ, വിദ്യാർത്ഥി സൗഹൃദ അന്തരീക്ഷം ഉറപ്പാക്കൽ, കുട്ടിയുടെ ആശ്വാസ സ്ഥലമായി സ്ക്കൂളിനെ പരുവപ്പെടുത്തൽ, ജൈവവൈവിധ്യപാർക്ക്, ആധുനിക കാഴ്ചപ്പാടുകൾക്കനുസൃതമായ ക്ലാസ്മുറി നിർമാണം-നവീകരണം (സ്മാർട്ട് സാധ്യതകൾ).

സ്വന്തമായ കെട്ടിടം, ടോയ്ലറ്റ് സംവിധാനം, കളിസ്ഥലം, കുട്ടികളുടെ പാർക്ക്, പൂന്തോട്ടം, തുടങ്ങി കുട്ടിപ്പുരകളടക്കമുള്ള വിപുലസംവിധാനം, പൂർണ്ണമായും വിദ്യാർത്ഥി സൗഹൃദ സ്വയം പര്യാപ്ത അന്തരീക്ഷം (കുടിവെള്ളം, സ്വന്തം വീട്, അമ്മ എന്ന അനുഭവം ഓരോ കുട്ടിക്കും), പഠനോപകരണങ്ങളുടെ ലഭ്യത, എല്ലാവർക്കും കളിസ്ഥലം, കളിയുപകരണങ്ങൾ, വിവിധ വിഷയങ്ങൾക്കനുസൃതമായി സ്ക്കൂൾ പഠനാന്തരീക്ഷം ഒരുക്കൽ, വിവിധ വിഷയങ്ങൾക്കനുസൃതമായി ക്ലാസ് പഠനാന്തരീക്ഷം ഒരുക്കൽ, ആർട്ട് ഗ്യാലറി, മ്യൂസിയം ഉൾപ്പടെ സാംസ്ക്കാരിക സമുച്ചയം ഓരോ സ്ക്കൂളിലും, പൂർവ്വവിദ്യാർത്ഥികൾ, നാട്ടുകാർ എന്നിവർക്കുപയോഗിക്കാവുന്ന സ്ഥിരം ലൈബ്രറികൾ, ആധുനിക അടുക്കള (പ്രഭാത ഭക്ഷണം അടക്കം തയ്യാറാക്കുന്നതിന്), ഡൈനിംഗ് ഹാൾ - വലുത് (300 കുട്ടികൾക്കെങ്കിലും ഒരേ സമയം ഉപയോഗിക്കാവുന്നത്), ടോയ്ലറ്റ് സംവിധാനം വിപുലമായത് (ഭിന്നശേഷിക്കാരായ കുട്ടികൾക്കും പെൺകുട്ടികൾക്കുള്ള ഗേൾസ് ഫ്രന്റ്ലി ടോയ്ലറ്റുകളടക്കം), ലാബ് കോംപ്ലക്സ്, വിവിധ വിഷയലാബുകൾ-ശാസ്ത്രം (ഊർജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം) ഗണിതം, സാമൂഹ്യശാസ്ത്രം, ഭാഷ, കംപ്യൂട്ടർ, സ്ക്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, വായനാമൂലകൾ, പഠനമൂലകൾ, ശാസ്ത്രമൂലകൾ, പരീക്ഷണമൂലകൾ, സെമിനാർഹാൾ, മിനി തിയ്യറ്റർ, സ്ക്കൂൾ മാർക്കറ്റ് (ഗുണമേന്മയുള്ള സ്റ്റേഷ്നറി, ഭക്ഷ്യവസ്തുക്കൾ, പാനീയങ്ങൾ ഉൾപ്പടെയുള്ളത്), പാർക്കിംഗ് ഏരിയ, സൗരോർജപാനൽ, കളിസ്ഥലം (മൈനർ ഗെയിമുകൾ, മേജർ ഗെയിമുകൾ എന്നിവക്കനുയോജ്യം), ഇന്റോർ സ്റ്റേഡിയം & മൾട്ടിപ്ലസ് ഗ്യാലറി, നീന്തൽകുളം, സ്പോർട്സ് കോംപ്ലക്സ്, ഓഫീസ് സമുച്ചയം, കാർഷിക രംഗം (കാർഷികവിദ്യാഭ്യാസത്തിലെ ആധുനിക രീതികൾ പരിശീലിക്കാൻ), ചുറ്റുമതിൽ, ഗേറ്റ്, സെക്യൂരിറ്റി ചേമ്പർ, പ്രകൃതി സംരക്ഷണ, ജലസംരക്ഷണ ജലശുദ്ധീകരണ,

മാലിന്യസംസ്ക്കരണ സ്വയം പര്യാപ്ത അന്തരീക്ഷം -രക്ഷിതാക്കൾക്കും നാട്ടുകാർക്കും കണ്ടു പഠിക്കാനും ചെയ്തു പഠിക്കാനും പര്യാപ്തമായ സ്വയം പഠനസൗകര്യം, കുട്ടിയുടെ ആശ്വാസ സ്ഥലമായി സ്ക്കൂളിനെ പരുവപ്പെടുത്തൽ

ജൈവവൈവിധ്യപാർക്ക്, പൂന്തോട്ടവും / ലാന്റ് സ്കേപ്പിംഗ്, ഓൺലൈനായി വിദഗ്ധരായ അധ്യാപകരുടെ ക്ലാസുകൾ റെക്കോർഡിംഗ് സൗകര്യം, ഇതിനനുസൃതമായ മറ്റു ഇനങ്ങൾ വിവിധ വിഭാഗങ്ങളിൽ സൂചിപ്പിച്ചവ ഉറപ്പാക്കണം, ഇവയുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനുള്ള ശക്തമായ മോണിറ്ററിംഗ്, അക്കാദമികനില വാരം മെച്ചപ്പെടുത്തൽ, പ്ലാനിൽ വികസന സാധ്യതകളായി സൂചിപ്പിച്ചവയുടെ അക്കാദമികപ്രവർത്തനങ്ങളുടെ നിർബന്ധപൂർവ്വമായ സംഘാടനം - നടപ്പിലാക്കൽ-മോണിറ്ററിംഗ് (വിദ്യാഭ്യാസ അവകാശനിയമപ്രകാരം ഉറപ്പാക്കേണ്ടവ)**നിർദ്ദിഷ്ഠപഠനശേഷികൾ ആർജ്ജിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

(ഭാഷ, ഗണിത,ശാസ്ത്ര, ഹയർസെക്കന്ററി, വൊക്കേഷണൽ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനനേട്ടങ്ങൾ), ഇതിനായി നിലവിൽ ലഭ്യമായ ഭൗതികസൗകര്യങ്ങൾ എത്രമാത്രം വിനിയോഗിക്കുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്ക്കൂൾ, ക്ലാസ് എങ്ങനെ നടക്കണം എന്ന സൂചകങ്ങൾ (മാനദണ്ഡം)ക്കനുസൃതമായ പ്രവർത്തനം സൂചകങ്ങൾക്കനുസൃതമായി ഓൺലൈൻ റിപ്പോർട്ടിങ്ങ് - ബ്ലോക്ക് തല/ജില്ലാതല ഉദ്യോഗ സ്ഥർക്ക് സൂചകങ്ങൾക്കനുസൃതമായി ഓൺലൈൻ ഫീഡ്ബാക്ക് - ബ്ലോക്ക് തല/ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്ന് അതാത് സ്ക്കൂളുകളിലേക്ക് ഓൺലൈനായി വിദഗ്ധരായ അധ്യാപകരുടെ ക്ലാസുകൾ റെക്കോർഡിംഗ് - വിലയിരുത്തൽ - ഫീഡ്ബാക്ക് എന്നിവ നൽകാനുള്ള സൗകര്യം, മേഖലയിൽ പ്രാവീണ്യം നേടിയ വ്യക്തികളുടെ സ്ഥിരസേവനം (കൃഷിക്കാർ, കലാകാരൻമാർ, കായികാധ്യാപകർ, ശാസ്ത്രജ്ഞൻമാർ, സാങ്കേതിക വിദഗ്ദർ), ഭൗതികസൗകര്യങ്ങളുടെ നിരന്തരവും ജൈവികവുമായ ഉപയോഗവും പ്രവർത്തനവും, തിയ്യറ്റർ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തൽ, പഠനപ്രവർത്തനങ്ങളുടെ ആസൂത്രണവും ക്രമീകരണത്തിലും രക്ഷിതാക്കളുടെ പരമാവധി സാന്നിദ്ധ്യം, കൗൺസിലിംഗിൽ പ്രാഗൽഭ്യം പ്രകടിപ്പിക്കുന്ന അധ്യാപകർ, നിർദ്ദിഷ്ഠപഠനനേട്ടം ആർജിച്ച വിദ്യാർത്ഥികൾ വിഷയഗ്രാഹ്യം ശേഷികളുമുള്ള വ്യക്തികളാണ് അധ്യാപകർ എന്ന രീതി എല്ലാ സ്ക്കൂളിലും (അല്ലാതെ ക്ലാസ്സിൽ വിഷയം പഠിപ്പിക്കാൻ ഗവൺമെന്റ് നിയമിക്കുന്നവർ മാത്രമാണ് അധ്യാപകർ എന്ന പ്രാകൃതസങ്കൽപം മാറ്റി എഴുതുന്ന അക്കാദമിക സംവിധാനം), അധ്യാപകർ മികച്ച സംഘാടകർ എന്ന സങ്കൽപത്തിലൂന്നി യഥാർത്ഥ പഠനാനുഭവങ്ങൾ ഓരോ കുട്ടിക്കും ലഭിക്കുന്ന രീതിയിൽ അറിവിന്റെ കേന്ദ്രങ്ങളിൽ തന്നെ പഠനം നടക്കാനുള്ള ക്രമീകരണം -ഓരോ സ്ക്കൂളിലും, വൊക്കേഷണൽ വിദ്യാർത്ഥികൾക്ക് അവരുടെ വിഷയമേഖലയിലുള്ള വ്യവസായ അനുഭവങ്ങൾ ലഭിക്കുന്നതിനുവേണ്ടി വിവിധ കമ്പനികളുമായി കൂട്ടായ്മ (ഇൻഡസ്ട്രി ലിംഗേജ്), വൊക്കേഷണൽ വിഷയമേഖലകളിൽ പരിശീലനകേന്ദ്രങ്ങളും വിപണകേന്ദ്രങ്ങളും, വിദ്യാർത്ഥികളുടെ സ്റ്റാർട്ട് അപ്പ് പ്രോജക്റ്റുകൾ, സാമൂഹികപിന്തുണമെച്ചപ്പെടുത്തൽ, വിവിധ സമിതികളുടെ സജീവസാന്നിദ്ധ്യം, ഭൗതിക അക്കാദമിക പ്രവർത്തനങ്ങളിൽ നിരന്തരം ഇടപെടുന്ന സമിതികൾ, സ്വയം പര്യാപ്തമായ ഭൗതിക അക്കാദമിക അന്തരീക്ഷം, രക്ഷിതാക്കളുടെയും വിവിധ സമിതികളുടെയും പഠനക്കൂട്ടായ്മകൾ, കലാഗ്രൂപ്പുകൾ, നാടകഗ്രൂപ്പുകൾ, പരിസ്ഥിതിസൗഹൃദ അന്തരീക്ഷം ഉറപ്പാക്കുന്ന കമ്മിറ്റികൾ, പഠനപ്രവർത്തനങ്ങളുടെ ഫലമായി രൂപം കൊള്ളുന്ന ഉൽപന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ, ഫിൽലാന്റ് മോഡൽ - രക്ഷാകർത്തൃപങ്കാളിത്തം, വിവിധ വിഷയങ്ങളിൽ കുട്ടികളുടെ സെമിനാറുകൾ, രക്ഷാകർതൃ റിസോർസ് ബാങ്ക്

വികസനലക്ഷ്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ

മേൽ പ്രസ്താവിച്ച വികസനപ്രവർത്തനങ്ങളും വികസന പരിപ്രേഷ്യവും വികസന ലക്ഷ്യങ്ങളും പരിഗണിച്ച് വികസനലക്ഷ്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ പട്ടിക4.131, പട്ടിക 4.132, പട്ടിക 4.133 എന്നിവയിൽ നൽകിയിരിക്കുന്നു.

പട്ടിക – 4.131

വികസനലക്ഷ്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ (ഭൗതികമേഖല)

മേഖല	വികസനലക്ഷ്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ
1. ഭൗതികം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ ഊന്നൽ നൽകിയ- **-വിദ്യാലയസമിതികൾ ശക്തിപ്പെടുത്തൽ.** **-ഭൗതികസൗകര്യം മെച്ചപ്പെടുത്തൽ**	**എല്ലാ കുട്ടികൾക്കും** കുടിവെള്ളസൗകര്യം, ടോയ്‌ലറ്റ് സൗകര്യം, ഇരിപ്പിടസൗകര്യം, പഠനോപകരണങ്ങളുടെ ലഭ്യത, എല്ലാവർക്കും കളിസ്ഥലം, കളിയുപകരണങ്ങൾ, സ്ക്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, വായനാമൂലകൾ, പഠനമൂലകൾ, ശാസ്ത്രമൂലകൾ, പരീക്ഷണമൂലകൾ, ജൈവവൈവിധ്യപാർക്ക്, സ്മാർട്ട് ക്ലാസുമുറികൾ, ലബോറട്ടറികളുടെ പുനരുദ്ധാരണം എല്ലാ വിഷയങ്ങൾക്കും ലബോറട്ടറി, വിവിധ വിഷയങ്ങൾക്കനുസൃതമായി സ്ക്കൂൾ പഠനാന്തരീക്ഷം ഒരുക്കൽ, വിവിധ വിഷയങ്ങൾക്കനുസൃതമായി ക്ലാസ് പഠനാന്തരീക്ഷം ഒരുക്കൽ, സ്മാർട്ട് ക്ലാസുമുറികൾ -വിദ്യാർത്ഥി സൗഹൃദ അന്തരീക്ഷം ഉറപ്പാക്കൽ, കുട്ടിയുടെ ആശ്വാസ സ്ഥലമായി സ്ക്കൂളിനെ പരുവപ്പെടുത്തൽ, ജൈവവൈവിധ്യപാർക്ക്, പ്രകൃതി സംരക്ഷണ, ജലസംരക്ഷണ ജലശുദ്ധീകരണ, മാലിന്യസംസ്ക്കരണ സ്വയം പര്യാപ്ത അന്തരീക്ഷം -രക്ഷിതാക്കൾക്കും നാട്ടുകാർക്കും കണ്ടു പഠിക്കാനും ചെയ്തു പഠിക്കാനും പര്യാപ്തമായ സ്വയം പഠനസൗകര്യം. -ഓൺലൈനായി വിദഗ്ധരായ അധ്യാപകരുടെ ക്ലാസുകൾ റെക്കോർഡിംഗ് സൗകര്യം, -ഇതിനനുസൃതമായ മറ്റു ഇനങ്ങൾ വിവിധ വിഭാഗങ്ങളിൽ സൂചിപ്പിച്ചവ ഉറപ്പാക്കണം, ഇവയുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനുള്ള ശക്തമായ മോണിറ്ററിംഗ്

അവലംബം: വിദ്യാഭ്യാസ വകുപ്പ്

പട്ടിക – 4.132

വികസനലക്ഷ്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ(അക്കാദമികം)

മേഖല	വികസനലക്ഷ്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ
2. അക്കാദമികം	പ്ലാനിൽ വികസനാധ്യതകളായി സൂചിപ്പിച്ചവയുടെ അക്കാദമിക പ്രവർത്തനങ്ങളുടെ നിർബന്ധപൂർവ്വമായ സംഘാടനം നടപ്പിലാക്കൽ മോണിറ്ററിംഗ് (വിദ്യാഭ്യാസ അവകാശനിയമപ്രകാരം ഉറപ്പാക്കേണ്ടവ) നിർദ്ദിഷ്ഠപഠനശേഷികൾ ആർജ്ജിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ (ഭാഷ, ഗണിത,ശാസ്ത്ര, ഹയർസെക്കന്ററി, വൊക്കേഷണൽ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനനേട്ടങ്ങൾ) ഇതിനായി നിലവിൽ ലഭ്യമായ ഭൗതിക സൗകര്യങ്ങൾ എത്രമാത്രം വിനിയോഗിക്കുന്നു. -അനന്താരാഷ്ട്ര നിലവാരത്തിലുള്ള സ്ക്കൂൾ, ക്ലാസ് എങ്ങനെ നടക്കണം എന്ന സൂചകങ്ങൾ (മാനദണ്ഡം)ക്കനുസൃതമായ പ്രവർത്തനം, സൂചകങ്ങൾക്കനുസൃതമായി ഓൺലൈൻ റിപ്പോർട്ടിങ്ങ് - ബ്ലോക്ക് തല/ജില്ലാതല ഉദ്യോഗസ്ഥർക്ക്, സൂചകങ്ങൾക്കനുസൃതമായി ഓൺലൈൻ ഫീഡ്ബാക്ക് - ബ്ലോക്ക് തല/ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്ന് അതാത് സ്ക്കൂളുകളിലേക്ക് ഓൺലൈനായി വിദഗ്ധരായ അധ്യാപകരുടെ ക്ലാസുകൾ റെക്കോർഡിംഗ് വിലയിരുത്തൽ-ഫീഡ്ബാക്ക് എന്നിവ നൽകാനുള്ള സൗകര്യം.

അവലംബം: വിദ്യാഭ്യാസ വകുപ്പ്

പട്ടിക – 4.133

വികസനലക്ഷ്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ (സാമൂഹ്യമേഖല)

മേഖല	വികസനലക്ഷ്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ
3. സാമൂഹികം	വിവിധ സമിതികളുടെ സജീവസാന്നിദ്ധ്യം, ഭൗതിക അക്കാദമിക പ്രവർത്തനങ്ങളിൽ നിരന്തരം ഇടപെടുന്ന സമിതികൾ, സ്വയം പര്യാപ്തമായ ഭൗതിക അക്കാദമിക അന്തരീക്ഷം, രക്ഷിതാക്കളുടെയും വിവിധ സമിതികളുടെയും പഠനക്കൂട്ടായ്മകൾ, കലാഗ്രൂപ്പുകൾ, നാടകഗ്രൂപ്പുകൾ, പരിസ്ഥിതിസൗഹൃദ അന്തരീക്ഷം ഉറപ്പാക്കുന്ന കമ്മിറ്റികൾ, പഠനപ്രവർത്തനങ്ങളുടെ ഫലമായി രൂപം കൊള്ളുന്ന ഉൽപന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ, ഫിൽലാന്റ് മോഡൽ – രക്ഷാകർത്തൃപങ്കാളിത്തം, വിവിധ വിഷയങ്ങളിൽ കുട്ടികളുടെ സെമിനാറുകൾ, രക്ഷാകർതൃ റിസോർസ് ബാങ്ക്,

അവലംബം: വിദ്യാഭ്യാസ വകുപ്പ്

പട്ടിക – 4.134

വിദ്യാഭ്യാസം ഉപേക്ഷിച്ചതിന്റെ കാരണങ്ങൾ

ക്രമ നം.	വിദ്യാഭ്യാസം ഉപേക്ഷിച്ചതിന്റെ കാരണങ്ങൾ	പ്രൈമറി	സെക്കന്ററി	ഹയർസെക്കന്ററി	ബിരുദം/ ബിരുദാനന്തര ബിരുദം	സർട്ടിഫിക്കറ്റ്/ ഡിപ്ലോമ/മറ്റ് പ്രൊഫഷണൽ കോഴ്സുകൾ	ബി ടെക്	മെഡിക്കൽ	ആകെ	ശതമാനം
1.	ദാരിദ്ര്യം	10	41	24	11	3	1	–	90	5.4%
2.	സാമ്പത്തിക പരാധീനത	**35**	**226**	**100**	**30**	**12**	**1**	**--**	**404**	**24%**
3.	സ്ഥാപനത്തിലേക്കുള്ള ദൂരം	**2**	**2**	**2**	**1**	**--**	**--**	**--**	**7**	
4.	യാത്ര ദുർഘടം	**--**	**5**	**1**	**--**	**1**	**--**	**--**	**7**	
5.	തോൽവി	**41**	**568**	**288**	**40**	**2**	**2**	**--**	**941**	**57**
6.	അന്യതാബോധം	**3**	**9**	**8**		**1**			**21**	**1**
7.	മറ്റ് കാരണങ്ങൾ	**27**	**72**	**62**	**23**	**7**	**--**	**--**	**191**	**12**
	ആകെ	**118**	**923**	**485**	**105**	**26**	**4**	**--**	**1661**	
		7%	**56%**	**29%**	**6%**	**2%**				

III പശ്ചാത്തല മേഖല



4.17 ഊർജ്ജമേഖല

രാജ്യത്തിന്റെ സാമൂഹ്യസാമ്പത്തിക വികസനത്തിനും മാനവിക ക്ഷേമത്തിനും ഊർജ്ജം നിർണ്ണായക പങ്ക് വഹിക്കുന്നു. കാര്യക്ഷമവും ആശ്രയിക്കത്തക്കതുമായ ഊർജ്ജം മിതമായ വിലക്ക് ലഭ്യമാക്കുക എന്നത് സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനും തദ്വാരാ മനുഷ്യപുരോഗതിക്കും അത്യാവശ്യമാണ്. വരുമാനം, തൊഴിൽ, ജീവിതനിലവാരം തുടങ്ങിയവ വർദ്ധിപ്പിക്കുന്നതിനോടൊപ്പം ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും തദ്വാരാ സാമ്പത്തിക വികസനത്തിനും ഈ മേഖല സംഭാവന നൽകുന്നു. ഏതൊരു വികസ്വര രാജ്യത്തിന്റെയും സമഗ്ര വികസനത്തിന് ഊർജ്ജോത്പാദനം ഒഴിവാക്കാൻ പറ്റാത്ത ഘടകമാണ്. പ്രതിശീർഷ ഊർജ്ജ ഉപഭോഗം ഒരു രാജ്യത്തിന്റെ പുരോഗതിയുടെ അളവുകോലായി പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ താത്പര്യത്തിത്തിനനുസരിച്ചുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. എന്നാൽ സമഗ്രമായ കാഴ്ചപ്പാടോടെ രൂപം നൽകിയിട്ടുള്ള പ്രോജക്ടുകൾ കൈവിരലിലെണ്ണാവുന്നതാണ്. ഊർജ്ജോത്പാദന-സംരക്ഷണ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ശുഷ്കാന്തി കാണിച്ചിട്ടുള്ളതായി കാണുന്നില്ല. ജില്ലയിലെ മൊത്തം ഊർജ്ജാവശ്യത്തിന്റെ ഏകദേശം 20-25 ശതമാനം മാത്രമാണ് വൈദ്യുതിയിൽ നിന്നും ലഭിക്കുന്ന തെന്നിരിക്കെ ഊർജ്ജം എന്നാൽ വഴിവിളക്ക് എന്ന പരിമിതമായ കാഴ്ചപ്പാട് മാറ്റി ആവശ്യങ്ങളെ വേർതിരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കിടപെടാൻ കഴിയുന്ന മേഖലകൾ മെച്ചപ്പെടുത്താൻ ഉതകുന്ന ഊർജ്ജാസൂത്രണ പരിപാടിക്ക് രൂപം നൽകേണ്ടതാണ്.

നിലവിലുള്ള അവസ്ഥ:

❖ **ജൈവ ഇന്ധനങ്ങൾ:**

ഊർജ്ജമെന്നു കേൾക്കുന്ന മാത്രയിൽ വൈദ്യുതിയാണ് നമ്മുടെ മനസ്സിൽ തെളിയുക. എന്നാൽ ജില്ലയിലെ ഊർജ്ജാവശ്യം നിറവേറ്റുന്നതിൽ പ്രഥമസ്ഥാനം പെട്രോളിയം ഉത്പന്നങ്ങൾക്കും രണ്ടാം സ്ഥാനം ജൈവഇന്ധനങ്ങൾക്കുമാകുന്നു. വിറക്, ഓല, മടൽ, ചിരട്ട, തെങ്ങിൽ നിന്ന് ലഭിക്കുന്ന മറ്റ് അവശിഷ്ടങ്ങൾ, ചുള്ളിക്കമ്പ്, കരിയില മുതലായവയാണ് പ്രധാന ജൈവ ഇന്ധനങ്ങൾ. ഇവയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. വിറകിന്റെ വർദ്ധിച്ചു വരുന്ന ആവശ്യം വൃക്ഷ നശീകരണത്തിനും പാരിസ്ഥിതി കാഘാതത്തിനും ഇടവരുത്തിയേക്കാം. അതേസമയം പാചകവാതകമോ മണ്ണെണ്ണയോ എല്ലാവർക്കും ലഭ്യമാക്കുവാൻ സമീപകാലത്തൊന്നും കഴിയുമെന്ന് തോന്നുന്നില്ല. മാത്രമല്ല, മറ്റ് ഇന്ധനങ്ങളെ അപേക്ഷിച്ച് വിറകുപയോഗിക്കുന്നത് പരിസ്ഥിതിക്ക് അനുഗുണമാണ്. ഏതായാലും പാചകാവശ്യങ്ങൾ നിറവേറ്റുന്നതിന് പാചകവാതകം, മണ്ണെണ്ണ, വൈദ്യുതി എന്നിവയിലേക്ക് മാറുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണെങ്കിലും സമീപകാലത്തൊന്നും ഇതിന് സാദ്ധ്യതയില്ലാത്ത സാഹചര്യത്തിൽ വിറകിന്റെ ഉപയോഗം പരമാവധി നിയന്ത്രിക്കുകയാണ് തത്കാലം കരണീയമായിട്ടുള്ളത്.

ജില്ലയിലെ വിറകുപയോഗിക്കുന്ന 95% വീടുകളിലും, സ്ഥാപനങ്ങളിലും 10% മാത്രം ഇന്ധനക്ഷമതയുള്ള സാധാരണ വിറകടുപ്പുകളാണ് ഉപയോഗിക്കുന്നത്. ഇത് വളരെയേറെ ഊർജ്ജം നഷ്ടപ്പെടുന്നതിനിടയാക്കുന്നു. ഇവയ്ക്ക് പകരം കാര്യക്ഷമതയേറിയ അടുപ്പുപയോഗിച്ചാൽ വിറകുപയോഗം മൂന്നിലൊന്നായി കുറയ്ക്കുവാൻ കഴിയും. എന്നാൽ ഇതു സംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് മുതിരാത്തത് ഇത്തരം അടുപ്പുകളുടെ വ്യാപനം മന്ദഗതിയിലാകാൻ കാരണമാകുന്നു. ജില്ലയിലുള്ള കന്നുകാലികളുടെ എണ്ണത്തിന്റെ അത്രയും തന്നെ ഗോബർഗ്യാസ് പ്ലാന്റുകൾക്കുള്ള സാദ്ധ്യതയുണ്ടെങ്കിലും ഈ സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളോ, പ്രോത്സാഹനമോ വേണ്ടത്ര ഉണ്ടാകുന്നില്ല. മാത്രമല്ല, ഇത്തരം പ്ലാന്റുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള ഗവേഷണ പ്രവർത്തനങ്ങളും നടക്കുന്നില്ല. ഗ്രാമ നഗരഭേദമെന്യേ ടൺകണക്കിന് മാലിന്യങ്ങൾ ജില്ലയുടെ പലഭാഗങ്ങളിലും കുമിഞ്ഞു കൂടുന്നുണ്ട്. പ്രത്യേകിച്ച് നഗരങ്ങളിൽ ഇതിനെ ഇന്ധനമാക്കി മാറ്റുന്നതിനോ, ഇതുപയോഗിച്ചുള്ള ഊർജ്ജോത്പാദനം സാധ്യമാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതനുസരിച്ച് ബ്രഹ്മപുരത്ത് ഖരമാലിന്യത്തിൽ നിന്ന് വൈദ്യുതിയുണ്ടാക്കുന്നതിനായി 10 മെഗാവാട്ടിന്റെ ഒരുപ്ലാന്റ് ആരംഭിക്കുന്നതിനുള്ള കൊച്ചി കോർപ്പറേഷന്റെ പ്രോജക്ട് അഭിനന്ദനാർഹമാണ്.

❖ **പെട്രോളിയം ഉത്പന്നങ്ങൾ**

ആഗോളതലത്തിൽ തന്നെ ശേഖരം അപകടകരമാംവിധം കുറഞ്ഞു കൊണ്ടിരിക്കുന്ന ഇന്ധനരൂപമാണ് പെട്രോളിയം. പെട്രോളിയം ഉത്പന്നങ്ങളുടെ അനിയന്ത്രിത ഉപഭോഗം ആഗോളതാപനത്തിനിടയാക്കുന്ന ഒന്നാണ്. അതിനാൽ ഇതിന്റെ ഉപഭോഗം കൂടുതൽ കാര്യക്ഷമമാക്കേണ്ടത് അനിവാര്യമാണ്. ജില്ലയിലെ ഊർജ്ജാവശ്യം നിറവേറ്റുന്നതിൽ പ്രഥമസ്ഥാനം പെട്രോളിയം ഉത്പന്നങ്ങൾക്കാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പാചക വാതകം, മണ്ണെണ്ണ ഇവയൊഴികെ മറ്റുൽപന്നങ്ങൾ നിയന്ത്രണമില്ലാതെ ആവശ്യാനുസരണം ലഭിക്കുന്നതിനാൽ ആവശ്യവും ലഭ്യതയും തമ്മിൽ അന്തരമുണ്ട്. ആവശ്യക്കാർക്കെല്ലാം പാചകവാതകവും പാചകാവശ്യത്തിന് മണ്ണെണ്ണ പെർമിറ്റും നൽകാൻ കഴിയുന്നില്ലെന്നു മാത്രമല്ല ഇന്നത്തെ നിലയിലാണെങ്കിൽ എല്ലാവർക്കും പാചകവാതകം നൽകുക സമീപകാലത്തെങ്ങും സാധിക്കുന്നതല്ല. അതുകൊണ്ട് ഇതൊരു ദീർഘകാല ലക്ഷ്യമാക്കുവാനേ കഴിയൂ.

ജില്ലയ്ക്കകത്തുതന്നെയുള്ള കൊച്ചിൻ റിഫൈനറീസിൽ നിന്ന് IOC, BPC, HPC, IBPL എന്നീ വിതരണ സ്ഥാപനങ്ങൾ വഴിയാണ് പെട്രോളിയം ഉത്പന്നങ്ങൾ വിതരണം ചെയ്യപ്പെടുന്നത്. കേരളത്തിലെ മറ്റു ജില്ലകളെ അപേക്ഷിച്ച് ജില്ലയിലെ സ്വകാര്യ വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നത് ഉപഭോഗനിരക്ക് വർദ്ധനയെ ത്വരിതപ്പെടുത്തുന്നു. കൂടാതെ പെട്രോളിന്റെയും ഡീസലിന്റെയും ഉപയോഗം ക്രമാതീതമായി വർദ്ധിക്കുന്നത് അന്തരീക്ഷ മലിനീകരണത്തിനിടയാക്കുന്നു. എറണാകുളം ജില്ലയിൽ 31.03.2016-ലെ കണക്ക് പ്രകാരം 1568270 വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (അവലംബം: മോട്ടോർ വാഹന വകുപ്പ്). ജില്ലയിലെ ക്രമാതീതമായ വാഹനപ്പെരുപ്പമാണ് ഇതിൽ വ്യക്തമാവുന്നത്. ഇവയെല്ലാം പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളായ ഡീസൽ, പെട്രോൾ തുടങ്ങിയവയാണ് ഉപയോഗിക്കുന്നത്. ഇന്ധനക്ഷമത കുറഞ്ഞ വാഹനങ്ങളും ഉപകരണങ്ങളും പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഉപഭോഗം വർദ്ധിക്കുവാൻ കാരണമാകുന്നു. പൊതു യാത്രാ സംവിധാനത്തിന്റെ അപര്യാപ്തത സ്വകാര്യവാഹനങ്ങളുടെ ഉപയോഗം വർദ്ധിക്കുന്നതിനും തന്മൂലം പെട്രോളിന്റെയും ഡീസലിന്റെയും ഉപഭോഗം വർദ്ധിക്കുന്നതിനിടയാക്കുകയും ചെയ്യുന്നു.

ഈയിടെ പ്രവർത്തനം ആരംഭിച്ച കൊച്ചി മെട്രോ പൊതുയാത്രാ സംവിധാനം മെച്ചപ്പെടുത്തുന്നതിന് ഒരു പുതിയ കാൽവെയ്പാണ്. ജലഗതാഗതം പ്രോത്സാഹിപ്പിക്കുക എന്നത് മലിനീകരണം കുറക്കാനും റോഡിലെ ഗതാഗതം കുറക്കാനും സാധിക്കും.

ഡീസൽ, പെട്രോൾ എഞ്ചിനുകൾ ആന്തരിക ദഹനം (internal combustion) വഴി പുറത്തു വിടുന്ന കാർബൺ ആഗോള താപനം പോലുള്ള വിപത്തുകൾക്ക് കാരണമായേക്കാം. ഇതിനൊരു പരിഹാരമായി ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇവയിൽ ബാറ്ററിയിൽ സംഭരിച്ചിട്ടുള്ള ഇലക്ട്രിക്കൽ എനർജി ഉപയോഗിച്ച് മോട്ടോറുകൾ പ്രവർത്തിക്കുന്നതിനാൽ കാർബൺ പുറത്തു വിടുന്നില്ല. കൂടാതെ പ്രകൃതി വാതകം ഇന്ധനമാക്കിയിട്ടുള്ള വാഹനങ്ങളുടെ ഉപയോഗവും അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിന് സഹായിക്കുന്നതിനാൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ജനങ്ങളിൽ ഇലക്ട്രിക് വാഹനങ്ങളെക്കുറിച്ചും അവയുടെ പ്രകൃതി സൗഹൃദ സ്വഭാവത്തെക്കുറിച്ചും അവബോധമുണ്ടാക്കാൻ ഈ വർഷം അവസാനത്തോടുകൂടി കേരളത്തിലെ കൊച്ചി ഉൾപ്പെടെ മൂന്ന് സുപ്രധാന നഗരങ്ങളിൽ ഇലക്ട്രിക് കാർ പ്രോജക്ട് നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടിക - 4.135

ജില്ലയിലെ പെട്രോളിയം ഉത്പന്നങ്ങളുടെ ഉപഭോഗം (2016-17)(MT)

LPG	HSD	MOTOR SPIRIT	KEROSINE	FURNACE OIL/LSHS	BITUMEN	LUBES	ATF	AUTO LPG	LDO	LNG
127661	524612	174115	5441	232307	39828	18158	245990	1192	183	132460

അവലംബം: ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ

ചിത്രം – 4.59
പുതുവൈപ്പിലുള്ള എൽ.എൻ.ജി. ടെർമിനൽ



❖ വൈദ്യുതി മേഖല

സംസ്ഥാനത്തിന്റെ വ്യവസായ വാണിജ്യ സിരാകേന്ദ്രമായ എറണാകുളം ജില്ലയെ സംബന്ധിച്ചിടത്തോളം വൈദ്യുതി ഉപഭോഗരംഗം വളരെയേറെ പ്രാധാന്യമുള്ളതാണ്. കേന്ദ്ര-സംസ്ഥാന പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി 145 വൻകിട ഇടത്തരം വ്യവസായങ്ങൾ സ്ഥിതി ചെയ്യുന്നത് ജില്ലയിലാണ്. ഇവയിൽ TCC, FACT മുതലായവ വൻതോതിൽ വൈദ്യുതി ഉപയോഗിക്കുന്നവയാണ്. ഇവയ്ക്ക് പുറമെ 21315 ചെറുകിട വ്യവസായ യൂണിറ്റുകൾ ജില്ലയിൽ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ വൈദ്യുതി ഉപഭോഗ നിരക്ക് ദേശീയ ശരാശരിയെക്കാൾ പിന്നിലാണെങ്കിലും ജില്ലയിലെ ആളോഹരി ഉപഭോഗം ദേശീയ ശരാശരിയായ 1075 യൂണിറ്റിനോടടുത്താണ്. വൈദ്യുതി ഉത്പാദന രംഗത്ത് ജലവൈദ്യുത പദ്ധതികളെ മാത്രം ആശ്രയിച്ചിരുന്ന കേരളത്തിൽ ഇന്ന് താപ വൈദ്യുത നിലയങ്ങളും സോളാർ പ്ലാന്റുകളും കാറ്റിൽ നിന്നും വൈദ്യുതി ഉണ്ടാക്കുന്ന നിലയങ്ങളും പ്രവർത്തിച്ച് വരുന്നു. 2016-17 വർഷത്തിൽ ജില്ലയിലെ മൊത്തം വാർഷിക വൈദ്യുതി ആവശ്യം 3794.9 MU ആയിരുന്നു. 2014-15- ൽ ഇത് 3336.6 MU ആയിരുന്നു. 2 വർഷത്തിനിടക്ക് ഉപഭോഗത്തിൽ 13.73 ശതമാനത്തിന്റെ വർദ്ധന ഉണ്ടായിട്ടുണ്ടെന്നാണ് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രതിവർഷ വർദ്ധന 7% ആണ് പ്രതീക്ഷിക്കുന്നത്. വ്യവസായ വാണിജ്യ മേഖലയുടെ പുരോഗതി കണക്കിലെടുക്കുമ്പോൾ ആവശ്യം ഇതിനേക്കാൾ അധികമാകാൻ ഇടയുണ്ട്. കെ. എസ്.ഇ.ബി.എൽ. ന്റെ കണക്കുകൾ പ്രകാരം ജില്ലയിൽ 1,002,910 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണം 2017 പദ്ധതി പ്രകാരം ജില്ലയിലെ 5709 വീടുകൾ വൈദ്യുതീകരിച്ചിരുന്നു. കോതമംഗലം ഭാഗത്ത് വനത്തിനുള്ളിലുള്ള ഏതാനും കോളനികളൊഴിച്ച് ജില്ലയിലെ ബാക്കിയെല്ലാ വീടുകളും വൈദ്യുതീകരിച്ചു കഴിഞ്ഞു.

o വൈദ്യുതി മേഖലയിലെ ഏജൻസികൾ

കെ.എസ്.ഇ.ബി.എൽ., അനർട്ട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, എനർജി മാനേജ്മെന്റ് സെന്റർ എന്നീ നാല് ഏജൻസികൾ വഴിയാണ് കേരളത്തിൽ വൈദ്യുതി മേഖലയിലെ വികസന പ്രവർത്തനങ്ങൾ പ്രധാനമായും നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്ത്

വൈദ്യുതി ഉത്പാദനം, പ്രസരണം, വിതരണം എന്നിവ കെ.എസ്.ഇ.ബി.എൽ നിർവ്വഹിക്കുന്നു.

o വൈദ്യുതി ഉത്പാദനം

ജലവൈദ്യുതിനിലയങ്ങൾ, താപവൈദ്യുതിനിലയങ്ങൾ, കാറ്റാടിപ്പാടങ്ങൾ, സോളാർ വൈദ്യുതി നിലയങ്ങൾ എന്നിവ വഴിയാണ് കേരളത്തിൽ വൈദ്യുതോത്പാദനം നടത്തുന്നത്. ഇതിൽ ഭൂരിഭാഗവും ജല, താപ വൈദ്യുതിനിലയങ്ങൾ എന്നിവയിൽ നിന്നാണ്. കാറ്റാടിപ്പാടങ്ങൾ, സോളാർ വൈദ്യുതി നിലയങ്ങൾ എന്നിവയിൽ നിന്ന് നാമമാത്രമായ ഉത്പാദനം മാത്രമേ നടക്കുന്നുള്ളു. കേരളത്തിൽ ജലവൈദ്യുത നിലയങ്ങളുടെ പ്രവർത്തനം പ്രധാനമായും കാലവർഷത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. മഴ ലഭ്യതയിലുണ്ടാകുന്ന കുറവ് കേരളത്തിൽ വൈദ്യുതി പ്രതിസന്ധി ഉണ്ടാക്കാറുണ്ട്. എന്നൊരിക്കിലും ജലവൈദ്യുതിയാണ് കൂടുതൽ വിശ്വാസ്യവും ആശ്രയ യോഗ്യവുമായ സംസ്ഥാനത്തിന്റെ പ്രധാന ഊർജ്ജസ്രോതസ്സ്. ഈ പരിഗണനകൾക്കെല്ലാമപ്പുറം ഹരിതഗ്രഹവാതക പ്രസരണത്തിന്റെ സ്രോതസ്സില്ലാത്തതിനാൽ ജലവൈദ്യുതി ഒരു ഫലപ്രദമായ പാരമ്പര്യേതര ഊർജ്ജസ്രോതസ്സാണ്.

ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതിൽ വർഷങ്ങളായി നിലനിൽക്കുന്ന അപര്യാപ്തത, വർദ്ധിച്ച ആവശ്യ വിതരണ വ്യതിയാനം, ജലവൈദ്യുതി പദ്ധതിയിൽ അധിഷ്ഠിതമായ വിതരണരംഗം, പരിമിതമായ പാരമ്പര്യേതര ഊർജ്ജം, എനർജി കൺസർവേഷൻ പൊട്ടൻഷ്യലും റിയലൈസേഷനും തമ്മിലുള്ള അന്തരം, സ്വതന്ത്ര ഊർജ്ജ ഉത്പാദകരുടെയും കോ - ജനറേറ്റിംഗ് സ്റ്റേഷനുകളുടെയും വിരളമായ സാന്നിദ്ധ്യം, സ്റ്റാർ ലേബൽ ഉത്പന്നങ്ങളുടെ വിരളമായ ഉപയോഗം ഇവയാണ് സംസ്ഥാനത്തെ വൈദ്യുതി മേഖല നേരിടുന്ന വെല്ലുവിളികൾ.

മേഖലാടിസ്ഥാനത്തിലും ദേശീയാടിസ്ഥാനത്തിലും വൈദ്യുതി ഗ്രിഡിന്റെ വികസനം സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ഉത്പാദകരിൽനിന്നും സ്രോതസ്സിൽനിന്നും വലിയൊരളവിൽ വൈദ്യുതി വാങ്ങാൻ സഹായിക്കുന്നു എന്നത് സംസ്ഥാനത്തിന് അനുകൂലമായ ഘടകമാണ്. അതിനാൽ സ്ഥാപിതശേഷി വർദ്ധിപ്പിക്കൽ എന്നതിന് മുൻപ് ഉണ്ടായിരുന്നത്ര പ്രസക്തി ഇപ്പോഴില്ല. വിവിധ ഊർജ്ജ സ്രോതസ്സുകളുടെ ലഭ്യതയിൽനിന്ന് അനുയോജ്യമായ അളവ് ഊർജ്ജം ആവശ്യസമയത്തും ദിവസങ്ങളിലും മുൻകൂർ ഉടമ്പടി വഴി ഏറ്റവും അനുകൂലമായ വിലയിൽ കണ്ടെത്തുക എന്നതാണ് ഇതുമായി ബന്ധപ്പെട്ട പുതിയ വെല്ലുവിളി. പരമ്പരാഗത ഊർജ്ജത്തോട് പൊതുവെയുള്ള ആവേശവും താത്പര്യവും ഉണ്ടെങ്കിൽപ്പോലും പാരമ്പര്യേതര ഊർജ്ജ ഉത്പാദനവും പ്രതിഷ്ഠാപനവും പ്രതീക്ഷിച്ചത്ര ഉണ്ടായിട്ടില്ല. ആയതിനാൽ പാരമ്പര്യേതര ഊർജ്ജശേഷി വികസനത്തിലെ തടസ്സങ്ങൾ നീക്കുന്നതിനും പാരമ്പര്യേതര ഊർജ്ജശേഷി വർദ്ധിപ്പിക്കുന്നതിലേക്കും പ്രത്യേകം ശ്രദ്ധവക്കേണ്ടതാണ്.

ജില്ലയിലെ മൂന്ന് താപവൈദ്യുതി നിലയങ്ങളിലും ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ.ന്റെ പൊതുവായ ഗ്രിഡിലേക്കാണ് പോകുന്നത്. കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുതി നിലയമായ ഇടുക്കിയിൽ നിന്നും ശബരിഗിരി, ഷോളയാർ, നേര്യമംഗലം മുതലായ നിലയങ്ങളിൽ നിന്നും 220 kV/110 kV ലൈനിലൂടെ പ്രവഹിക്കുന്ന വൈദ്യുതി കളമശ്ശേരി 220 kV സബ്സ്റ്റേഷനിലൂടെയും അതുമായി ബന്ധിക്കപ്പെട്ട മറ്റ് സബ്സ്റ്റേഷനുകളിൽ നിന്നുള്ള ലൈനുകളിലൂടെയുമാണ് ജില്ലയിൽ വൈദ്യുതി വിതരണത്തിന് ആവശ്യമായ വൈദ്യുതി എത്തിക്കുന്നത്. ജില്ലയിലെ ബ്രഹ്മപുരം നിലയത്തിൽ നിന്നുള്ള വൈദ്യുതി ബ്രഹ്മപുരം 220 kV സബ്സ്റ്റേഷനിലേക്കും അവിടെ നിന്നും പൊതുവായ ഗ്രിഡിലേക്കും കൂട്ടിച്ചേർക്കപ്പെടുന്നു. ഏലൂർ നിലയത്തിൽ ഇപ്പോൾ തുടർച്ചയായി ഉത്പാദനം നടക്കുന്നില്ല. കരിമുകൾ ഫിലിപ്സ്

കാർബൺ ബ്ലാക് ലിമിറ്റഡ് (PCBL) നിലയത്തിൽ നിന്നുള്ള വൈദ്യുതി വൈറ്റില 110 kV സബ്സ്റ്റേഷനിലേക്കും അവിടെ നിന്നും പൊതുവായ ഗ്രിഡിലേക്കും പ്രവഹിക്കുന്നു.

o ജില്ലയിലെ നിലവിലുള്ള വൈദ്യുതി ഉത്പാദന നിലയങ്ങൾ

1.ബ്രഹ്മപുരം (തെർമൽ) (കെ.എസ്.ഇ.ബി.എൽ.)	–	63.96 MW (പൊതുമേഖല)
2.ഏലൂർ (തെർമൽ) (ബി.എസ്.ഇ.എസ്.)	–	159 MW (സ്വകാര്യമേഖല)
3.പി.സി.ബി.എൽ.	–	10 MW (സ്വകാര്യമേഖല)
4.കൊച്ചി വിമാനത്താവളം (സോളാർ)	–	20.180 MWP
5.ഇടമലയാർ	–	75 MW
6.മൈക്രോ ഹൈഡ്രോ (ചേലാട്)	–	15 kw
7.ചെറുകിട ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റുകൾ	–	1153.5 kwp
8.എടയാർ സോളാർ പവർ പ്ലാന്റ് (KSEBL)	–	1.25 MWP

ജില്ലയിൽ 2017 പകുതി വരെ 119 ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ നടപ്പിലാക്കിയിട്ടുണ്ട്.

ജില്ലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ 24 MW ശേഷിയുള്ള ഭൂതത്താൻകെട്ട് ജലവൈദ്യുതി നിലയം 2019 ആദ്യം കമ്മീഷൻ ചെയ്യുന്നതിന് വേണ്ടിയുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു.

കൂടാതെ 9 MW ശേഷിയുള്ള പാണിയോലി പോര് പദ്ധതിക്കുള്ള പ്രാരംഭ പ്രവൃത്തികൾ M/s. CIAL-ന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. റിന്യൂവബിൾ എനർജിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജം, കാറ്റിൽ നിന്നും വൈദ്യുതി തുടങ്ങിയ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കി വരുന്നു. പുതുതായി സ്വകാര്യ മേഖലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സോളാർ പ്ലാന്റുകൾ ഇവയാണ്.

- o ഐ.ഒ.സി. (ഇരുമ്പനം) – 4 MWP
- o 13 മെട്രോ സ്റ്റേഷനുകൾക്ക് മുകളിലായി 2.148 MWP ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.
- o കൊച്ചി വിമാനത്താവളം (സോളാർപ്ലാന്റ് ശേഷി വർദ്ധിപ്പിക്കൽ) – 10 MWP

ചിത്രം – 4.60
നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ നിലവിലുള്ള സോളാർ പ്ലാന്റ്



- **വൈദ്യുതി പ്രസരണം**

കൂടുതൽ ദൂരത്തിൽ ഉയർന്ന വോൾട്ടേജുള്ള പ്രത്യേകിച്ച് 110 കെ.വി.ക്ക് മുകളിൽ വോൾട്ടേജുള്ള വൈദ്യുതി മൊത്തമായി എത്തിക്കുക എന്നതാണ് വൈദ്യുതി പ്രസരണത്തിലൂടെ അർത്ഥമാക്കുന്നത്. ഭൂമി ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങൾ, ലൈൻ വലിക്കുന്നതിലെ പ്രശ്നങ്ങൾ എന്നിവമൂലം പ്രസരണരംഗത്ത് ജില്ലയിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. 220 kV, 110 kV, 66 kV, 33 kV എന്നീ വ്യത്യസ്ത ശ്രേണിയിലുള്ള സബ്സ്റ്റേഷനുകളും അവ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രസരണ ലൈനുകളുമാണ് ജില്ലയിലെ പ്രസരണ ശൃംഖലയുടെ മുഖ്യഭാഗം. ഇപ്രകാരമുള്ള പ്രസരണ ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുള്ള 5777 കി.മീ. ദൈർഘ്യമുള്ള 11 kV ലൈനുകളും 24342.85 km. LT ലൈനുകളും അടങ്ങുന്നതാണ് ജില്ലയിലെ വിതരണ ശൃംഖല. HT/LT ലൈനുകളുടെ മാതൃക അനുപാതം 1:1 ആണെങ്കിലും അത് 1:4:2 വരെയുള്ള ഒട്ടും അഭിലഷണീയമല്ലാത്ത സ്ഥിതി ജില്ലയിൽ നിലനിൽക്കുന്നു. ആവശ്യത്തിൽ വന്ന വർദ്ധന അനുസരിച്ച് പ്രസരണ രംഗത്ത് വളർച്ച നേടാൻ കഴിയാത്ത അവസ്ഥ പല പ്രദേശത്തും വിതരണത്തിൽ തുടർച്ചയായ കുഴപ്പങ്ങൾക്ക് കാരണമാകാറുണ്ട്. ഉദാഹരണത്തിന് ചെറായിയിൽ ഒരു 110 kV സബ്സ്റ്റേഷൻ കെ.എ സ്.ഇ.ബി.എൽ. പണികഴിപ്പിച്ചെങ്കിലും അത് അനുഭവവേദ്യമാക്കാൻ പറവൂർ-ചെറായി-കൊടുങ്ങല്ലൂർ ലൈനുകൾ കൂടി വലിക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുക്കാൻ ഉണ്ടായിട്ടുള്ള വിവിധങ്ങളായ തടസ്സങ്ങളിൽപ്പെട്ട് അത് ഇതുവരെ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

- **ജില്ലയിലെ നിലവിലുള്ള സബ്സ്റ്റേഷനുകൾ *(400 & 220* kV)**

പള്ളിക്കര – 400 kV
ബ്രഹ്മപുരം – 220 kV
കളമശ്ശേരി – 220 kV
അമ്പലമുകൾ – 220 kV

കൂടാതെ 23 എണ്ണം 110 kV സബ്സ്റ്റേഷനുകളും, 16 എണ്ണം 66 kV സബ്സ്റ്റേഷനുകളും 11 എണ്ണം 33 kV സബ്സ്റ്റേഷനുകളുമുണ്ട്. 110 kV ബ്രഹ്മപുരം, കടവന്ത്ര ഡബിൾ സർക്യൂട്ട് ലൈൻ പൂതിയ HTLS കണ്ടക്ടർ ഉപയോഗിച്ച് മാറ്റി ശേഷി വർദ്ധിപ്പിച്ചു.

- **2016-17-*ൽ* ജില്ലയിൽ പൂർത്തീകരിച്ച പദ്ധതികൾ താഴെ ചേർക്കുന്നു.**

- കാക്കനാട് 66 kV സബ്സ്റ്റേഷന്റെ ശേഷി 30 MVA-യിൽ നിന്ന് 42 MVA ആയി വർദ്ധിപ്പിച്ചു.
- 66 kV എറണാകുളം നോർത്ത് സബ്സ്റ്റേഷനെ 110 kV സബ്സ്റ്റേഷനായി ഉയർത്തി.
- ഇടത്തല 66 kV സബ്സ്റ്റേഷനിൽ 10 MVA യുടെ പുതിയ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് കപ്പാസിറ്റി കൂട്ടി.
- വൈറ്റിലയിലുള്ള രണ്ട് 110 kV സബ് സ്റ്റേഷനുകളെയും ബന്ധിപ്പിച്ച് 110 kV കേബിൾ സ്ഥാപിച്ചു.

ജില്ലയിലെ കെ.എസ്.ഇ.ബി.എൽ.ന്റെ വൈദ്യുതി വിതരണത്തിന്റെ ചുമതല എറണാകുളത്തും, പെരുമ്പാവൂരും ഉള്ള രണ്ട് ഇലക്ട്രിക്കൽ സർക്കിളുകളും എട്ട് ഇലക്ട്രിക്കൽ ഡിവിഷനുകളും വഴിയാണ്. ഈ എട്ട് ഡിവിഷനുകൾക്ക് കീഴിലായി 87 ഇലക്ട്രിക്കൽ സെക്ഷനുകൾ പ്രവർത്തിക്കുന്നു. കൂടാതെ വൈദ്യുതി വിതരണ ലൈസൻസികളായ കൊച്ചിൻ പോർട്ട് ട്രസ്റ്റും മറ്റ് വ്യവസായ പാർക്കുകളും അവരവരുടെ പ്രദേശത്തെ വൈദ്യുതി വിതരണം നിർവ്വഹിക്കുന്നു.

പട്ടിക – 4.136

HT/LT ലൈനുകളുടെ അനുപാതം – എറണാകുളം ജില്ല

ക്രമ നമ്പർ	ഇലക്ട്രിക്കൽ ഡിവിഷൻ	HT ലൈൻ നീളം (Km.)	LT ലൈൻ നീളം (Km.)	അനുപാതം
1	എറണാകുളം	580.88	1061.74	1:1.82
2	മട്ടാഞ്ചേരി	454.26	1658.47	1:3.65
3	തൃപ്പൂണിത്തുറ	913.15	4173.8	1:4.5
4	നോർത്ത് പറവൂർ	409.44	2052.09	1:5.01
5	പെരുമ്പാവൂർ	752.81	3530.47	1:4.6
6	അങ്കമാലി	465.85	1841.31	1:3.95
7	മൂവാറ്റുപുഴ	1488.49	7398.79	1:4.9
8	ആലുവ	713.68	2626.18	1:3.6

അവലംബം: വകുപ്പുതല റിപ്പോർട്ട്

ഇലക്ട്രിക്കൽ ഡിവിഷനുകളുടെ പരിധിയിലുള്ള വിതരണ ട്രാൻസ്ഫോർമറുകളുടെ എണ്ണം

എറണാകുളം	–	986
തൃപ്പൂണിത്തുറ	–	1506
പെരുമ്പാവൂർ	–	1687
മട്ടാഞ്ചേരി	–	688
മൂവാറ്റുപുഴ	–	1875
ആലുവ	–	1391
നോർത്ത് പറവൂർ	–	718
അങ്കമാലി	–	906

പട്ടിക – 4.137

എറണാകുളം ജില്ലയിലെ വൈദ്യുതി ഉപഭോക്താക്കൾ (*2016-17*)

ഇലക്ട്രിക്കൽ ഡിവിഷൻ	ഗാർഹികം	വാണിജ്യം	കാർഷികം	വ്യാവസായികം	മറ്റുള്ള ഉപഭോക്താക്കൾ
എറണാകുളം	125,775	40,665	167	1,865	3,560
മട്ടാഞ്ചേരി	121,995	19,985	449	1,459	620
തൃപ്പൂണിത്തുറ	180,253	33,417	4,971	2,766	1,893
നോർത്ത് പറവൂർ	93,847	17,332	3,467	1,820	1,023
ആലുവ	125,217	23,463	5,746	2,903	3,660
പെരുമ്പാവൂർ	108,727	22,745	6,974	4,504	2,453
മൂവാറ്റുപുഴ	178,056	36,077	11,512	4,123	878
അങ്കമാലി	70,777	14,007	7,161	1,847	1,632

അവലംബം: വകുപ്പുതല റിപ്പോർട്ട്

2017-18-ൽ ജില്ലയിൽ പ്രതീക്ഷിക്കുന്ന വാർഷിക വൈദ്യുതി ഉപഭോഗം – 4060 ദശലക്ഷം യൂണിറ്റ്

വരും വർഷങ്ങളിൽ പ്രതീക്ഷിത ആവശ്യം – (7% വളർച്ച ഓരോ വർഷവും)

2018–19	–	4326 MU
2019–20	–	4592 MU
2020–21	–	4857 MU
2021–22	–	5123 MU
2022–23	–	5389 MU
2023–24	–	5654 MU

2024-ലെ വൈദ്യുതി ആവശ്യം 5654 ദശലക്ഷം യൂണിറ്റ് ആയിരിക്കുമെന്ന് കണക്കാക്കാം. ഇത് നിലവിലുള്ള ഉപയോഗത്തിന്റെ 39% കൂടുതലാണ്. പ്രസരണ നഷ്ടം, AT&C loss ഇവയൊന്നും ഉൾപ്പെടാത്ത കണക്കാണിത്.

o ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനർട്ട്)

കേരള സർക്കാരിന്റെ ഊർജ്ജ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമായാണ് ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ പ്രചാരണത്തിനും നടപ്പാക്കലിനും അധികാരമുള്ള നോഡൽ ഏജൻസിയാണ് അനർട്ട്. സോളാർ വൈദ്യുതി നിലയങ്ങൾ, സോളാർ തെർമ്മൽ പരിപാടികൾ, വിന്റ് എനർജി പരിപാടികൾ, ബയോഗ്യാസ് പരിപാടികൾ, മെച്ചപ്പെട്ട ചൂള ബോധവൽക്കരണ പ്രചാരണ പദ്ധതികൾ തുടങ്ങിയവയാണ് അനർട്ട് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ. ജില്ലയിലും അനർട്ട് സജീവമായി പ്രവർത്തനം നടത്തിവരുന്നു.

o എനർജി മാനേജ്മെന്റ് സെന്റർ (EMC)

ഇത് കേരള ഊർജ്ജ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ്. സംസ്ഥാനത്ത് ഊർജ്ജ ക്ഷമത വർദ്ധിപ്പിക്കുക, ഊർജ്ജസംരക്ഷണം പ്രോത്സാഹിപ്പിക്കുക, ഗവേഷണം, പരിശീലനം, പ്രദർശനപരിപാടികൾ, ബോധവൽക്കരണം തുടങ്ങിയവയിലൂടെ ഊർജ്ജസംരക്ഷണം, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യ വികസിപ്പിക്കൽ തുടങ്ങിയവ ഇ.എം.സി.യുടെ പ്രധാന പ്രവർത്തനങ്ങളാണ്. ജില്ലയിലും ഈ ഏജൻസി സജീവമായി പ്രവർത്തിച്ചുവരുന്നു.

പ്രശ്നങ്ങൾ:

1. വൈദ്യുതി ഉപയോഗത്തിനനുസരിച്ചുള്ള ഉത്പാദനത്തിന്റെ അപര്യാപ്തത മൂലം വെളിയിൽ നിന്നുള്ള വൈദ്യുതി കൂടുതലായി ആശ്രയിക്കേണ്ടിവരുന്നു.
2. 11 കെ.വി., എൽ.റ്റി. ലൈനുകൾ ഓവർഹെഡ് ആയി വലിച്ചിരിക്കുന്നതുമൂലം കാറ്റും മഴയും വരുമ്പോൾ വൈദ്യുതി തടസ്സം പതിവാകുന്നു.
3. വാഹനങ്ങളുടെ ബാഹുല്യം നിമിത്തം വായുമലിനീകരണം, കാർബൺ നിർഗ്ഗമനം, റോഡുകളുടെ തിരക്ക് മുതലായവ കൂടുന്നു.

പരിഹാര നിർദ്ദേശങ്ങൾ

1. ചെറുകിട വികേന്ദ്രീകൃത ഉത്പാദന പദ്ധതികൾ ആരംഭിക്കുക.
2. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം കൂട്ടുക.
3. പൊതുഗതാഗതം കൂടുതൽ കാര്യക്ഷമമാക്കുക.
4. സ്വകാര്യ വാഹന ഉടമകളിൽ പൂളിംഗ് സമ്പ്രദായം നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുക.
5. ഓവർഹെഡ് ലൈനുകൾ മാറ്റി ഭൂഗർഭ കേബിളുകളും, എ ബി സി, കവേർഡ് കണ്ടക്ടർ മുതലായവ ഉപയോഗിക്കുക.

വികസന കാഴ്ചപ്പാട്

എറണാകുളം ജില്ലയിലെ എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും 24*7 ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുക, വൈദ്യുതി തടസ്സങ്ങൾ ഇല്ലാതാക്കുക, വികേന്ദ്രീകൃത ചെറുകിട വൈദ്യുതി ഉത്പാദന നിലയങ്ങൾ സ്ഥാപിക്കുക, സുരക്ഷിതമായ വൈദ്യുതി സുലഭമായി ഗുണമേന്മയോടുകൂടി ലഭ്യമാക്കുക എന്നിവയാണ് വൈദ്യുതി മേഖലയിൽ ഉദ്ദേശിക്കുന്നത്. പെട്രോളിയം ഉത്പന്നങ്ങളുടെ ഉപഭോഗം കുറയ്ക്കുന്നതും, സി.എൻ.ജി., എൽ.എൻ.ജി., എന്നിവയുടെ ഉപഭോഗം പരമാവധി പ്രോത്സാഹിപ്പിച്ച് ഹരിതഗൃഹ വാതകങ്ങളുടെ നിർഗ്ഗമനം കുറയ്ക്കുകയാണ് പെട്രോളിയം മേഖലയെ സംബന്ധിച്ചുള്ള കാഴ്ചപ്പാട്.

4.18.ഗതാഗതം



ഒരു ജനതയുടെ സർവോന്മുഖമായ വികസനത്തിന്റെ അളവു കോലായി കണക്കാക്കുന്നത് അല്ലെങ്കിൽ സമൂഹത്തിലെ ജനങ്ങളുടെ ജീവിത നിലവാരം വിലയിരുത്തുന്നത് പശ്ചാത്തല സൗകര്യങ്ങളുടെ വിലയിരുത്തലിലൂടെയാണ്. കേരളത്തിന്റെ വ്യാവസായിക തലസ്ഥാനമായി കണക്കാക്കപ്പെടുന്ന ജില്ലയുടെ വികസന കാഴ്ച്ചപ്പാട് വിലയിരുത്തുമ്പോൾ പശ്ചാത്തല മേഖലയുടെ സ്ഥാനം വളരെ പ്രധാനപ്പെട്ടതുമാണ്. നിലവിൽ ജില്ലയുടെ വികസനങ്ങൾ എന്നത്തെപ്പോലെയും ഗതാഗത സംവിധാനങ്ങളെ ആശ്രയിച്ചിരിക്കുന്നു. ചരിത്രപരമായ പ്രത്യേകതകൾ ജല, വ്യോമ, കര ഗതാഗതത്തിന്റെയും സാധ്യതകളെ ആശ്രയിച്ചായിരുന്നു. കൊച്ചിയുടെ ആദ്യകാല വിദേശ സഞ്ചാരികളുടെ പ്രധാന മാർഗ്ഗം ജലഗതാഗതത്തെ ആശ്രയിച്ചായിരുന്നു. അതു കൊണ്ട് തന്നെ ആ കാലഘട്ടത്തിലെ വാണിജ്യകേന്ദ്രമായി കൊച്ചി ഉയർന്നു പോകുകയും കൊച്ചി രാജ്യത്തിന്റെ വികസന സാധ്യതകൾ ഉന്നതിലെത്തുകയും ചെയ്തിരുന്നു. കാലഘട്ടങ്ങളുടെ മാറ്റങ്ങൾക്ക് അനുസരിച്ച് ജലഗതാഗതത്തിലുണ്ടായ

മാന്ദ്യം കൊച്ചി രാജ്യത്തിന്റെ വാണിജ്യ താൽപര്യങ്ങളുടെ പണ്ടികശാലകളുടെ കുത്തക മറ്റ് ഇടങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു. തീരഗതാഗതത്തിന്റെ പുരോഗതി ഈ മാറ്റങ്ങൾക്ക് ആക്കം വർദ്ധിപ്പിച്ചു.റോഡ്, റെയിൽ, വ്യോമ ഗതാഗതത്തിലുണ്ടായ പുരോഗതി ജില്ലയെ പുതിയ ദിശകളിലേക്ക് നയിക്കുന്നതിന് ഇടയാക്കുന്നത് കാലഘട്ടങ്ങളെ കണക്കാക്കി നമുക്ക് മനസ്സിലാക്കാവുന്നതാണ്. ജില്ലയുടെ വികസന പുരോഗതി നമുക്ക് ഇപ്പോൾ പതിറ്റാണ്ടുകൾ കണക്കാക്കി വിലയിരുത്തുന്ന സാധ്യതകളിലേക്ക് പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

കഴിഞ്ഞ പതിറ്റാണ്ടുകളിൽ പ്രധാന പാതയായി ദേശീയ പാതയെ കണക്കാക്കി അതിനനുസരിച്ചായിരുന്നു വികസനങ്ങൾ, ജില്ലയിൽ പ്രധാന പാതകൾ എല്ലാം ദേശീയ പാതയുമായി യോജിപ്പിക്കുകയും അതിനനുസരിച്ച് ഈ സ്ഥലങ്ങൾക്ക് നഗരത്തിലെ ജീവിതനിലവാരത്തിനോട് കിടപിടിക്കുന്ന ജീവിതനിലവാരം സാധ്യമാവുകയും ചെയ്തു. സേലം-കന്യാകുമാരി ദേശീയ പാതയുടെ ഇരുവശങ്ങളിലായി കണക്കാക്കിയാണ് വികസനം മുന്നോട്ട് നീങ്ങിയിരുന്നത്. വിമാനത്താവളം, കപ്പൽ ശാലകൾ മുതലായവ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്നതിന് ഉപപാതകളുടെ വികസനവും സാധ്യമായിട്ടുണ്ട്. ജില്ലയിലെ പ്രധാനപ്പെട്ട സ്ഥലങ്ങളുടെ വികസനം ദേശീയപാതയും സംസ്ഥാന പാതകളും സംഗമിക്കുന്ന സ്ഥലങ്ങളുടെ വികസനങ്ങൾക്ക് ആക്കം വർദ്ധിപ്പിച്ചു.

സമീപകാലത്ത് ദേശീയപാതയുടെ വികസനത്തിന് പരിമിതികൾ ഉണ്ടാവുകയും മേൽപ്പാലങ്ങൾ, ഗതാഗതക്കുരുക്ക് ഒഴിവാകുന്ന മറ്റ് നടപടികൾ എന്നിവയിലേക്ക് നഗരഗതാഗതം ശ്രദ്ധകേന്ദ്രീകരിച്ചപ്പോൾ സംസ്ഥാനപാതകളുടെ നിലവാരം ഉയർത്തി ജില്ലയിലെ ഗതാഗതം സുഗമമാക്കുന്നതിന് നഗരപ്രാന്തപ്രദേശങ്ങൾ ശ്രദ്ധയൂന്നി. ആയതിൽ ഒരു പരിധി വരെ വികസനകാഴ്ച്ചപാടിലേക്ക് എത്തിക്കുന്നതിന് സാധ്യമായി. ഗ്രാമ പ്രദേശങ്ങളുടെ ഗതാഗത സംവിധാനത്തിൽ അധികാര വികേന്ദ്രീയത്തിന്റെ ആദ്യഘട്ടങ്ങളിൽ ഉണ്ടായിട്ടുള്ള ജനകീയ മുന്നേറ്റത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള വികസനം തുടർ കാലഘട്ടങ്ങളിൽ മന്ദീഭവിക്കുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. പരമാവധി പ്രദേശങ്ങളിലേക്കും, വീടുൾക്കും സഞ്ചാരയോഗ്യമായിട്ടുള്ള ഗതാഗതം ഉറപ്പാക്കുന്നതിന് തദ്ദേശഭരണവകുപ്പിന്റെ ഭാഗത്തുനിന്നുള്ള ശ്രമങ്ങൾ അഭിനന്ദനീയം തന്നെയാണ്. പക്ഷേ ഈ കാലഘട്ടത്തിലെ വികസനങ്ങൾ ശുഷ്കവും ദീർഘവീക്ഷണത്തോടു കൂടിയുള്ളതുമാണ് എന്ന് കണക്കാക്കാൻ സാധ്യമല്ല. ജില്ലയിലെ ജനസാന്ദ്രതയും വാണിജ്യ തലസ്ഥാനമെന്ന നിലയിൽ സമീപ ജില്ലയിലെയും വാഹനങ്ങൾ ജില്ലയിൽ കൂടി ദിനംപ്രതി കടന്നുപോകുന്നു. സംസ്ഥാനത്തെ വാഹനങ്ങളുടെ കണക്കെടുത്താൽ ജില്ല മുൻപന്തിയിൽ നിൽക്കുന്നതായി കണക്കാക്കാം. ജില്ലയിലെ വാഹനത്തോത് അനുസരിച്ച് റോഡുകളും മറ്റ് അനുബന്ധ സൗകര്യങ്ങളും വികസിക്കുക എന്നത് അത്യന്താപേക്ഷിതമാണ്.

ടൂറിസവുമായി ബന്ധപ്പെട്ട് ജില്ലയിൽ അനന്തമായ സാധ്യതകളാണ് ഉള്ളത്. ഫോർട്ടുകൊച്ചി, ചെറായി ബീച്ച്, മുനമ്പം, കുഴുപ്പിള്ളി എന്നിവയും ഏഴാറ്റുമുഖം, ഇരിഞ്ഞോൾ, ഭൂതത്താൻകെട്ട് എന്നീ സ്ഥലങ്ങളും ഉൾപ്പെടുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങളെ രണ്ടായി തിരിക്കാം

- ജലഗതാഗതത്തെ ആശ്രയിക്കുന്നവ
- വനമേഖലയെ ആശ്രയിക്കുന്നവ

കഴിഞ്ഞ പതിറ്റാണ്ടിനു ശേഷം വിനോദ സഞ്ചാരമേഖലകളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ സ്വദേശിയരും വിദേശിയരുമായ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വൻ വർദ്ധന ഉളവാക്കുന്നവയാണ്. ജലഗതാഗതത്തെ ആശ്രയിച്ചു മുന്നേറുന്ന ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി എന്നിവ സ്വകാര്യ-പൊതുപങ്കാളിത്തത്തോടുകൂടി വിദേശിയരായ വിനോദ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഉറപ്പാക്കുന്നു. സർക്കാർ സൗകര്യങ്ങളുടെ പരിമിതികൾ

സ്വകാര്യ സംരഭകർ പരിഹരിക്കുന്ന രീതിയിൽ വികസിച്ചിട്ടുണ്ട് എന്നത് ആശ്വാസകരമാണ്. ആഭ്യന്തര സഞ്ചാരികൾക്ക് ഉതകുംവിധം ചെറായി ബീച്ച്, മുനമ്പം ബീച്ച്, കുഴുപ്പിള്ളി ബീച്ച്, എന്നിവ വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. ഈ സ്ഥലങ്ങൾ കൂടുതലായും തദ്ദേശീയമായ സഞ്ചാരികൾ മാത്രമാണ് ഉപയുക്തമാക്കുന്നത്. ഈ സ്ഥലങ്ങളിൽ ഉയർന്നു വരുന്ന സ്വകാര്യ സംരംഭകരേയും സംരക്ഷിക്കേണ്ട സംവിധാനങ്ങൾ സർക്കാർ സ്വീകരിക്കുന്നത് ഉചിതമെന്ന് കരുതാവുന്നതാണ്.

ഏഴാറ്റുമുഖം, ഇരിങ്ങോൾ, കോടനാട്, പാണിയേലിപ്പോർ, ഭൂതത്താൻ കെട്ട് മുതലായ ജില്ലകളിലെ മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്നത് പൊതുവേ തദ്ദേശീയരായ വിനോദ സഞ്ചാരികൾ മാത്രമായി പരിമിതപ്പെടുന്നതും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുങ്ങി വരേണ്ടത് വികസന കാഴ്ച്ചപ്പാടോടു കൂടി കൈകാര്യം ചെയ്യേണ്ട സംഗതിയുമാണ്. ജില്ലയുമായി അതിർത്തി പങ്കുവെയ്ക്കുന്ന ആലപ്പുഴ, കോട്ടയം, തൃശൂർ ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നത് അനുയോജ്യമാണ്. കഴിഞ്ഞ ജില്ലാ പദ്ധതികൾ തയ്യാറാക്കുന്ന വേളയിൽ ശുപാർശ ചെയ്യുന്ന പല കാര്യങ്ങളും പരിമിതികൾ മൂലം നാം ഒഴിവാക്കേണ്ടതായി വന്നിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനോടൊപ്പം ദീർഘ വീക്ഷണത്തോടു കൂടി ആസൂത്രണം നടത്തുന്നതിനു കഴിയുമെന്ന് നമുക്ക് ഉറച്ച് വിശ്വസിക്കാം.

ലക്ഷ്യങ്ങൾ

ആധുനികവും സുരക്ഷിതവും വൃത്തിയുള്ളതുമായ ഗതാഗത സംവിധാനങ്ങൾ സുഗമമായ യാത്രക്ക് ഉതകും വിധം സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. നടപ്പ്, സൈക്കിൾ, മറ്റു ഗതാഗത സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് മികച്ച നടപ്പാതകൾ, വെള്ളക്കെട്ട് ഒഴിവാക്കി മാലിന്യവിമുക്തമായ റോഡുകളുടെ നിർമിതി, പ്രധാന നഗരങ്ങളിൽ പുറം റിംഗ് റോഡുകൾ, ബൈപാസുകൾ റൗണ്ട് എബൗട്ടുകൾ എന്നിവ നിർമ്മിച്ച് മികച്ച ഗതാഗതം സംസ്ക്കാരം ഉയർത്തി കൊണ്ടുവരിക, ബസ് ബേകൾ അനുയോജ്യമായ വിധത്തിൽ ക്രമീകരിക്കുക, മുന്നറിയിപ്പ് ബോർഡുകളുടെ സ്ഥാപനം വഴി അപകടങ്ങൾ കുറക്കുക, പാർക്കിംഗ് സൗകര്യങ്ങൾ , പൊതുഗതാഗത സംവിധാനങ്ങളുടെ ഇപയോഗത്തിലേക്ക് ജനങ്ങളെ ആകർഷിക്കുന്ന രീതിയിൽ ഗതാഗത ക്രമീകരണം നടപ്പിലാക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്.

- **ജലഗതാഗതം**

ചിലവു കുറഞ്ഞതും മലിനീകരണ സാധ്യതകൾ കുറഞ്ഞതുമായ ജലഗതാഗത സാധ്യതകൾ ജില്ലയിൽ അവഗണിക്കപ്പെട്ടു കിടക്കുന്നു. ജലഗതാഗതവുമായി ഭാവിയിൽ ക്ഷയം സംഭവിക്കാമെങ്കിലും പൊതു-സ്വകാര്യ പങ്കാളിത്വത്തോടുകൂടി പരമാവധി പ്രോത്സാഹനം ഈമേഖലയിൽ ഉറപ്പുവരുത്തുക വഴി ആഭ്യന്തര ടൂറിസം രംഗത്ത് ജല-ഗതാഗത രംഗത്ത് തുറന്ന സാധ്യതകളാണ് ഉണ്ടായിട്ടുള്ളത്. ഉൾനാടൻ ജലഗതാഗത്തിന്റെ വികസനം മലിനീകരിക്കപ്പെട്ട് കിടക്കുന്ന ജലമാർഗ്ഗങ്ങളുടെ വികസനത്തിനും കൃഷിയേയും ആരോഗ്യരംഗത്തേയും പുഷ്ടിപ്പെടുത്തുന്നതാണ്. ജില്ലയിലെ ജലഗതാഗത സംവിധാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം – 4.13)

പട്ടിക – 4.138

കൊച്ചി തുറമുഖത്തെ ചരക്ക് ഗതാഗതം (ടണ്ണിൽ)	
വർഷം	കൊച്ചി
2012-13	19845
2013-14	20887
2014-15	21595
2015-16	22098
2016-17	25007
ആകെ	**109432**

- **ജലമെട്രോ**

CIAL – ന്റെ നേതൃത്വത്തിൽ ജില്ലയിലെ ദീപുകളെ കേന്ദ്രീകരിച്ച് ആധുനിക സൗകര്യത്തോടു കൂടിയുള്ള പുതിയ ബോട്ട് - ബോട്ട് ജെട്ടി എന്നിവയോടൊപ്പം വിഭാവനം ചെയ്തു വരുന്നു. മുവാറ്റുപുഴ-മുറിഞ്ഞപുഴ-തിരുവാങ്കുളം-രാജഗിരി- കടമ്പ്രയാർ-വീഗാലാന്റ്-വൈറ്റില ബന്ധിപ്പിച്ച് വിഭാവനം ചെയ്തിട്ടുള്ള പദ്ധതി ജില്ലയിലെ ജലഗതാഗത സാധ്യതകളെ നഗരവുമായി ബന്ധിപ്പിക്കുന്നതിന് ഉതകുമെന്ന് കരുതാവുന്നതാണ്.

- **റെയിൽ ഗതാഗതം**

കരഗതാഗതത്തിലും ജലഗതാഗത്തിലും ഊന്നി നടന്നിരുന്ന വികസനം ഇന്ന് ദിശവേഗം കൈവരിച്ച് മെട്രോയുടെ തൂണുകളിലേക്ക് സന്നിവേശിച്ചിരിക്കുന്നു. ഇത് ഇന്നിന്റെ സ്വപ്നങ്ങളെ കൊച്ചിയിലെ മെട്രോ അനുസരിച്ച് സംസ്ഥാനത്തെ മറ്റ് ഗതാഗത വീക്ഷണങ്ങളെ ആശ്രയിക്കും എന്ന് നിസ്സംശയം പറയാൻ സാധിക്കും.ജില്ലയിലൂടെ കടന്നു പോകുന്ന റെയിൽ മാർഗ്ഗമുള്ള യാത്ര -ചരക്ക് ഗതാഗതം വർദ്ധിച്ചു വന്നിട്ടുണ്ട്. ഉപഭോക്തൃ സംസ്ഥാനമായ

കേരളത്തിന്റെ വാണിജ്യ തലസ്ഥാനമായ ജില്ലയിൽ വിവിധ തരത്തിലുള്ള വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതു മൂലം റെയിൽ മാർഗ്ഗമുള്ള ചരക്ക് ഗതാഗതത്തിന്റെ ഏറിയ പങ്കും നിർവഹിക്കുന്നത് നഗര പ്രാന്തങ്ങളിലുള്ള റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചാണ്. അതു കൊണ്ടു തന്നെ ഹെവി വെഹിക്കിൾ ട്രാഫിക്ക് നഗരഗതാഗതത്തെ ബാധിക്കാതെ നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ട്. അരി, സുഗന്ധ വ്യജ്ഞനങ്ങളുടെ കൈമാറ്റം പ്രധാനമായും നടപ്പിലാക്കുന്നത് നഗരത്തിൽ നിന്ന് അകന്ന മറ്റ് സ്റ്റേഷനുകൾ, പ്രധാനമായും ആലുവ കേന്ദ്രീകരിച്ചാണ്. ആലുവ സ്റ്റേഷനോട് അനുബന്ധിച്ച് സ്ഥിതി ചെയ്യുന്ന കാലടി, ഒക്കൽ മുതലായ സ്ഥലങ്ങളുടെ വികസനവും ഇതിനോട് അനുബന്ധിച്ച് കൂട്ടി വായിക്കാവുന്നതാണ്.പൊതു ജനങ്ങളുടെ സഞ്ചാരമാർഗ്ഗമെന്നനിലയിൽ റെയിൽവേയുമായി ബന്ധപ്പെടുന്ന പാതകളുടെ വികസനം അത്യന്താപേക്ഷിതമാണ്.

- **കൊച്ചി മെട്രോ**

കൊച്ചി മെട്രോയുമായി ബന്ധപ്പെട്ട് ഒരു പുതിയ ഗതാഗത സംവിധാനം സംസ്ഥാന പ്രായോഗിക തലത്തിൽ പ്രാവർത്തികമാക്കിയത് ജില്ലയിലാണ്. മെട്രോയുമായി ബന്ധപ്പെട്ട്, മുന്നൊരുക്കങ്ങൾ നടത്തിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. തുടക്ക കാലഘട്ടത്തിൽ മെട്രോ പദ്ധതിയെക്കുറിച്ച് വിലയിരുത്തുന്നതിന് സമയമായിട്ടില്ല എങ്കിലും റോഡ് മുഖേന പൊതു ഗതാഗതത്തിന്റെ വിവിധ ഉപാധികളായ ബസ്, ടാക്സി, സൈക്കിൾ മുതലായവ മെട്രോയുമായി ബന്ധപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ടെങ്കിലും മതിയായ ജനവിഭാഗങ്ങളെ സ്ഥിരം യാത്രക്കാരായി ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. ഒരു ആഭ്യന്തര ടൂറിസം സംവിധാനം എന്ന നിലയിൽ മാത്രമാണ് സാധാരണക്കാരായ ജനങ്ങൾ മെട്രോയെ കാണുന്നത്. മികച്ച ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നിർമ്മിച്ചിരിക്കുന്ന കൊച്ചി മെട്രോയെ കൂടുതലും ഇന്ന് സ്ഥിരം യാത്രക്കാരായിട്ടുള്ളത് 20-40 വയസ്സിന് ഇടയിലുള്ള ജനവിഭാഗം മാത്രമാണ്.

ചിത്രം – 4.61



- **റോഡ് ഗതാഗതം**

ജില്ലയിലൂടെ ദേശീയ പാതകളും സംസ്ഥാന പാതകളും കടന്നു പോകുന്നു. കൂടാതെ നിരവധി പ്രധാന റോഡുകളും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ചെറുതും വലുതുമായ നിരവധി റോഡുകൾ ചേർത്തുള്ളതാണ് ജില്ലയുടെ റോഡ് ശൃംഖല.

പട്ടിക – 4.139

പൊതുമരാമത്ത് വകുപ്പ് സംരക്ഷിക്കുന്ന റോഡുകളുടെ ദൈർഘ്യം ജില്ലതിരിച്ചും ഇനം തിരിച്ചും 31.03.2017 വരെ (കി. മീറ്ററിൽ)						
ക്രമ നം.	ജില്ല	സംസ്ഥാന പാത	പ്രധാന ജില്ലാ റോഡുകൾ	ഇതര ജില്ലാ റോഡുകൾ	ഗ്രാമീണ റോഡുകൾ	ആകെ
1	എറണാകുളം	325.206	2760.075			3085.3

പട്ടിക – 4.140

പൊതുമരാമത്ത് വകുപ്പ് സംരക്ഷിക്കുന്ന ഉപരിതല ഇനം തിരിച്ചുള്ള ദൈർഘ്യം ജില്ല തിരിച്ച് 31.03.2017 വരെയുള്ളത്										
ക്രമ നം.	ജില്ല	രാജപാതകൾ				പ്രധാന ജില്ലാ റോഡുകൾ				ആകെ
		സിസി	ബിടി	ഡബ്ലു ബി എം	മറ്റുള്ളവ	സിസി	ബിടി	ഡബ്ലു ബി എം	മറ്റുള്ളവ	
1	എറണാകുളം		325.206				2760			3085.28

പട്ടിക – 4.141

പൊതുമരാമത്ത് വകുപ്പ് സംരക്ഷിക്കുന്ന റോഡുകളുടെ ജില്ല തിരിച്ചും ഉപരിതല ഇനം തിരിച്ചുള്ള ദൈർഘ്യം 31.03.2017						
ക്രമ നം.	ജില്ല	സിമന്റ് കോൺക്രീറ്റ്	ടാർ ചെയ്തത്	വാട്ടർ ബൗണ്ട് മെകാഡം	മറ്റുള്ളവ	ആകെ
1	എറണാകുളം		3085.281			3085.3

പട്ടിക – 4.142

	NHAI	544 - KARUKUTTY-AROOR
	NH	85 - KUNDANOOR-NERIYAMANGALAM
	NH	966B - KUNDANOOR -WILLINGTON
	NHAI	544 - KARUKUTTY-AROOR
	NH	85 - KUNDANOOR-NERIYAMANGALAM

മേല്പറഞ്ഞ പുതിയ മേല്പ്പാലം, പാലം എന്നിവയുടെ പൂർത്തീകരണം സാധിച്ചു.

- **സംസ്ഥാന പാതകൾ**

സംസ്ഥാന പാതകൾ പ്രധാനമായും അങ്കമാലി - കൂത്താട്ടുകുളം, ആലുവ-കോതമംഗലം, തൃപ്പൂണിത്തുറ-പിറവം, തൃപ്പൂണിത്തുറ-പൂത്തോട്ട എന്നീ ജില്ലയിലെ സ്ഥലങ്ങളെ ബന്ധിപ്പിച്ചാണ് കടന്ന് പോകുന്നത്. സംസ്ഥാന പാതകളുടെ വിശദാംശങ്ങൾ അനുബന്ധം 4.65 ആയി ചേർത്തിരിക്കുന്നു.

- **മറ്റ് പ്രധാന റോഡുകൾ**

ദേശീയപാതകൾക്കും സംസ്ഥാനപാതകൾക്കും സമാന്തരമായും നെടുകയും കുറുകെയും നിരവധി പ്രധാന റോഡുകൾ ജില്ലയിലൂടെ കടന്നുപോകുന്നു. പ്രധാനമായും തീരദേശപാതകൾ - തോപ്പുംപടി-ചെല്ലാനം, വൈപ്പിൻ-പറവൂർ, സീപോർട്ട് - ഏയർപ്പോർട്ട്, എയർപ്പോർട്ട് - മുവാറ്റുപുഴ, ആലുവ-പറവൂർ, മുവാറ്റുപുഴ-കോതമംഗലം, മൂവാറ്റുപുഴ-പിറവം, അങ്കമാലി - മൂക്കന്നൂർ എന്നിവ.

ഹാർബർ എഞ്ചിനീയറിംങ്ങ് വിഭാഗം

തീരദേശറോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഹാർബർ എൻഞ്ചിനീയറിംങ്ങ് വിഭാഗത്തിന്റെ ശ്രമങ്ങൾ നടക്കുന്നു. എങ്കിലും വലിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത് തടസ്സം നേരിടുന്നു. പ്രധാനമായും ഫിഷിങ്ങ് ഹാർബറുകൾ, ഫിഷ്ലാന്റിംഗ് സെന്ററുകൾ എന്നിവ പ്രധാന പാതയുമായി ബന്ധിപ്പിക്കുന്ന റോഡുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നു. ഫിഷിംങ്ങ് ഹാർബറുകളിൽ നിന്ന് നേരിട്ട് കപ്പൽ ഗതാഗതത്തേയൊ, റയിൽ ഗതാഗതത്തേയൊ ബന്ധിപ്പിക്കുന്ന കണ്ടെയ്നർ പോലുള്ള വാഹനങ്ങൾ കടന്നു ചെല്ലുന്നതിനുള്ള സാങ്കേതിക മേന്മ ഈ റോഡുകൾക്കില്ല.

4.143
സംസ്ഥാന പാതകൾ

SL NO	NAME	FROM	TO	LENGTH	REMARKS
1	SH 1	CHORAKUZHY	KALADY SREE SANKARA BRIDGE	45.45	M C ROAD
2	SH 8	ACHANKAVALA	MUVATTUPUZHA P O Jn	16	P M ROAD
3	SH 16	THADIYITTAPARAMBU	KOTHAMANGALAM	27.262	A M ROAD
4	SH 40	PERUMBADAVAM P O Jn	KOTTHATTUKULAM PANCHAYATH OFFICE	16	ALAPPUZHA- MADURA ROAD
5	SH 41	MANAKKAKKADAVU BRIDGE	PARAKKADAVU	35.93	ERNAKULAM -THEKKADY ROAD
6	SH 42	KODUVELY	MARIKA BRIDGE	29.68	KUMARAKOM-KAMBAMMED Road
7	SH 43	KAVUMKARA	VENGALLOOR-KALOOR ROAD	15.79	MUVATTUPUZHA -THENI ROAD
8	SH 44	KUMARAMANGALAM	NEEDAPARA	18.25	SABARIMALA -KODAIKKANAL ROAD
9	SH 16	THANKALAM	KOZHIPILLY	2.8	KOTHAMANGALAM- BYEPASS
10	OLD NH 47	HMT Jn	MUNCIPAL OFFICE KALAMASSERY	1.53	OLD NH
11	OLD NH 47	EDAPALLY BANK Jn	EDAPALLY SCHOOL Jn	0.5	OLD NH
12	OLD NH 47	SN Jn	St.MARTIN CHURCH	0.6	OLD NH

13	OLD NH 47	EDAPALLY STATION KAVALA	THEVERA BRIDGE	10.05	OLD NH
14	OLD NH 47	THOPPUMPADY	AROOR POLICE STATION	7.6	OLD NH
15		PANDIKUDY	CHELLANAM	17.9	PANDIKUDY -CHELLANAM ROAD
16	OLD NH 17	CHERANELOOR BUSSTAND	MANJUMMEL	1.8	
17		KARINGACHIRA	TRIPUNITHURA	1.42	
18		THOPPUMPADY	SOUDI Jn	1.9	
19		POOTHOTTA BRIDGE	PALLIMUKKU	18.53	ETTUMANOOR -ERNAKULAM ROAD
20		PALARIVATTOM	MANAKKADU BRIDGE	11.3	PALARIVATTOM - KUMARAPURAM ROAD
21	SH 1	ALUVA	VAZHAKULAM	8	ALUVA-MUNNAR ROAD
22	SH 1	KALADY	ANGAMALY	7.3	MC ROAD
23	SH6	VYPIN	PALLIPURAM	25.2	VYPIN -PALLIPURAM ROAD
24		MOOTHAKUNNAM FERRY	GOTHURUTHJUNCTION NH	0.85	OLD NH 17

അവലംബം: വകുപ്പു തല റിപ്പോർട്ട്

പട്ടിക- 4.144

വാഹന സാന്ദ്രത

	2013	2014	2015	2016	2017
PUBLIC TRANSPORT BUSES					
HEAVY VEHICLES	990	902	691	896	495
LMV VEHICLES	40919	36240	34258	37120	35708
TWO WHEELERS	83784	82804	80336	78009	75765
TOTAL	**125693**	**119946**	**115285**	**116025**	**111968**

അവലംബം: വകുപ്പു തല റിപ്പോർട്ട്

പട്ടിക- 4.145

ജില്ലയിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ എണ്ണം															
ജില്ല	ചരക്ക് വാഹനങ്ങൾ		ബസ്സുകൾ		നാല് ചക്ര വാഹനങ്ങൾ			മൂന്ന് ചക്ര വാഹനങ്ങൾ		ഇരു ചക്ര വാഹനങ്ങൾ		ട്രക്കുകളും/ ട്രെയിലറുകളും			ആകെ
	നാലും അതിൽ കൂടുതൽ ചക്രങ്ങളുള്ളവ	ടെമ്പോകളും മുചക്ര വാഹനങ്ങളും	സ്റ്റേജ് ക്യാരേജുകൾ	കോൺട്രാക്ട് വാഹനങ്ങളും ഓമനി ബസ്സുകളും	കാറുകൾ	ടാക്സികൾ	ജീപ്പുകൾ	ഓട്ടോറിക്ഷകൾ	യന്ത്രവത്കൃത സൈക്കിൾ റിക്ഷകൾ	യന്ത്രവത്കൃത സൈക്കിളുകൾ	സ്ക്കൂട്ടറുകളും മോട്ടോർ സൈക്കിളുകളും	ട്രാക്റ്ററുകളും ട്രെയിലറുകളും	ടില്ലറുകൾ	ട്രെയിലേഴ്സ്	
എറണാകുളം	72791	17680	4138	10732	365264	20689	0	59953	0	0	1081129	2119	147	40557	1675199

പട്ടിക- 4.146

മൾട്ടി ആക്സിൽ ആർട്ടിക്യൂലെറ്റഡ് വാഹനങ്ങൾ	നാല് ചക്ര വാഹനങ്ങൾ	മുചക്ര വാഹനങ്ങൾ	ആകെ	സ്റ്റേജ് ക്യാരേജുകൾ	കോൺട്രാക്ട് ക്യാരേജുകൾ	സ്വകാര്യ വാഹനങ്ങൾ	മറ്റു ബസ്സുകൾ	ആകെ	മോട്ടോർ ക്യാബുകൾ	മാക്സി ക്യാബുകളും / ടാക്സികളും	മറ്റ് ടാക്സകൾ	എം.എൽ.വി. ത്രീ സീറ്റുകൾ	എൽ.എം.വി. 4 മുതൽ 6 വരെ സീറ്റ് ഉള്ളവ
101	2334	496	2931	56	718	47	0	821	3224	0	8	0	1515

പട്ടിക- 4.147

2011-12		2012-13		2013-14		2014-15		2015-16		2016-17	
മോട്ടോർ വാഹനങ്ങൾ (എണ്ണം)	സൂചിക	മോട്ടോർ വാഹനങ്ങൾ (എണ്ണം)	സൂചിക	മോട്ടോർ വാഹനങ്ങൾ (എണ്ണം)	സൂചിക	മോട്ടോർ വാഹനങ്ങൾ (എണ്ണം)	സൂചിക	മോട്ടോർ വാഹനങ്ങൾ (എണ്ണം)	സൂചിക	മോട്ടോർ വാഹനങ്ങൾ (എണ്ണം)	സൂചിക
1103542	272	1238040	305	1467028	361	1617972		1559270	374	1675199	152

ചിത്രം - 4.62



അവലംബം: വകുപ്പു തല റിപ്പോർട്ട്

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

പട്ടിക - 4.148

കെ.എസ്.ആർ.ടി.സി. യുടെ 2016-17 ലെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ									
ക്രമ നമ്പർ	യൂണിറ്റ്	ബസ്സുകളുടെ എണ്ണം	ഷെഡ്യൂളുകളുടെ എണ്ണം	റൂട്ടുകളുടെ എണ്ണം	റൂട്ടുകളുടെ ദൈർഘ്യം (കി.മീ.)	സർവ്വീസ് നടത്തിയ ആകെ ദൂരം (ലക്ഷത്തിൽ)	ഫലപ്രദമായി ബസ്സുകൾ ഓടിയ ദൂരം (ലക്ഷത്തിൽ)	മൊത്തം യാത്രക്കാരുടെ എണ്ണം ലക്ഷത്തിൽ	ബസ്സിന്റെ ശരാശരി വാഹകശേഷി
		31.03.2017 ൽ							
1	എറണാകുളം	559	500	952		554.80	552	983	60

പട്ടിക - 4.149

കെ.എസ്.ആർ.ടി.സി. യുടെ 2016-17 ലെ പ്രവർത്തന സൂചികകൾ					
ക്രമ നമ്പർ	യൂണിറ്റ്	പ്രതിദിനം ഓടിച്ച ബസ്സുകളുടെ ശരാശരി എണ്ണം	പ്രതിദിനം ഒരു ബസ്സ് ഓടിയ ശരാശരി ദൂരം (കി.മീ.)	പ്രതിദിനം ഒരു ബസ്സിൽ നിന്നും ലഭിച്ച വരുമാനം (രൂപ)	ബസ്സ് ഒരു കി.മീ. ഓടിയ്ക്കുമ്പോൾ ലഭിച്ച ശരാശരി വരുമാനം (പൈസ)
1	എറണാകുളം	570	327	9866	30.15

പട്ടിക - 4.150

2017-ൽ കേരളത്തിൽ സംഭവിച്ച അപകടങ്ങളുടെ അടിസ്ഥാന കാരണങ്ങൾ സംബന്ധിച്ച വിവരങ്ങൾ (2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ)

ക്രമ നമ്പർ	ജില്ല	ഡ്രൈവർമാരുടെ പിഴവ് മൂലം	ഇതര വാഹനത്തിലെ പിഴവ് മൂലം	സൈക്കിൾ യന്ത്രങ്ങളുടെ പിഴവ് മൂലം	കാൽനട യാത്രക്കാരുടെ പിഴവ് മൂലം	യാത്രക്കാരുടെ പിഴവ് മൂലം	മോട്ടോർ വാഹനത്തിന്റെ തകരാർ മൂലം	റോഡിന്റെ തകരാർ മൂലം	മോശമായ കാലാവസ്ഥ	മറ്റു കരാണങ്ങൾ	അപകട കരാണങ്ങൾ അറിവില്ലാത്തവ	ആകെ
1	എറണാകുളം നഗരം	2530	3	0	5	0	0	0	0	15	1	2554
2	എറണാകുളം ഗ്രാമം	3450	6	0	2	0	1	0	0	18	5	3482

പട്ടിക – 4.151

എറണാകുളം ജില്ലയിൽ റോഡപകടങ്ങളിൽ ഉൾപ്പെട്ട വാഹനങ്ങളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ – 2017 (2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ)											
ക്രമ നമ്പർ	ജില്ല	കെ.എസ്.ആർ. ടി. സി ബസ്സുകൾ	മറ്റു ബസ്സുകൾ	ചരക്കു വാഹനങ്ങൾ	മോട്ടോർ കാറുകൾ	ജീപ്പുകൾ	ഓട്ടോറിക്ഷകൾ	ഇരുചക്ര വാഹനങ്ങൾ	പലവക	തരംതിരിച്ചിട്ടില്ലാത്തവ	ആകെ
1	എറണാകുളം നഗരം	81	303	100	936	19	188	952	161	8	2748
2	എറണാകുളം ഗ്രാമം	54	264	169	1066	40	290	1364	280	14	3541

- **നിരത്തുകളും പാലങ്ങളും**

നിലവിലുള്ള നിരത്തുകൾ മെച്ചപ്പെടുത്തുന്നതിന് ഇന്ത്യൻ നിരത്ത് കോൺഗ്രസിന്റെ മാനദണ്ഡങ്ങൾ അനുവർത്തിക്കേണ്ടതാണ്. ബജറ്റിലുള്ള വിഭവങ്ങളോടൊപ്പം എംഎൽഎ/എംപി എന്നിവരുടെ ഫണ്ടുകളും ഉപയോഗിക്കാനുള്ള സാധ്യത ആരായേണ്ടതാണ്. നിരത്തുകളെ സംബന്ധിച്ച പദ്ധതികൾ തയ്യാറാക്കുമ്പോൾ അടുത്ത് 15 വർഷത്തെ ആവശ്യങ്ങൾ മുന്നിൽ കാണണം. നമ്മുടെ സംസ്ഥാനത്തിന്റെ 80 ശതമാനത്തോളം ഗതാഗതം നടക്കുന്നത് ദേശീയ-സംസ്ഥാന-മുഖ്യ ജില്ലാ നിരത്തുകൾ വഴിയാണ്. അതുകൊണ്ട് ഈ ഗതാഗതത്തിന്റെ ഒരു ഭാഗം മറ്റു നിരത്തുകളിൽ കൂടി തിരിച്ച് വിട്ട് തിരക്ക് കുറയ്ക്കാൻ ശ്രമിക്കുന്നത് നന്നായിരിക്കും. കൊച്ചി മെട്രോ പ്രാരംഭ നിർമ്മാണഘട്ടത്തിൽ ഈരീതി കൊച്ചി നഗരത്തിൽ വിജയകരമായി നടപ്പാക്കിയിരുന്നു. ഏതാണ്ട് 80 ശതമാനത്തോളം നിരത്തുകൾ കൈകാര്യം ചെയ്യുന്നത് പ്രാദേശിക സർക്കാരുകളാണ്. 15 ശതമാനം നിരത്തുകൾ പൊതുമരാമത്തു വകുപ്പിന്റെ കീഴിലാണ്. ചില സംസ്ഥാന പാതകൾ അംഗീകൃത മാനദണ്ഡങ്ങൾക്കും താഴെയാണ്. സംസ്ഥാനത്തെ 61 ശതമാനത്തോളം പാലങ്ങൾ പുനർനിർമ്മാണമോ നവീകരണമോ ആവശ്യമുള്ളവയാണ്. തദ്ദേശീയ സർക്കാരുകളും ഈ ആവശ്യം പരിഗണിക്കേണ്ടതാണ്.

ചിത്രം – 4.63



നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്ന വൈറ്റില മേല്പ്പാലത്തിന്റെ മാതൃക

വിവിധ ഉറവിടങ്ങൾ

ബജറ്റ് തുക കൂടാതെ തദ്ദേശ സ്ഥാപനങ്ങൾക്ക് പലമാർഗ്ഗങ്ങളിലൂടെ കൂടുതൽ പണം കണ്ടെത്താൻ കഴിയും. കേരള റോഡ് ഫണ്ട് ബോർഡിന്റെ പണം ഉപയോഗിച്ച് തിരുവനന്തപുരം, കോഴിക്കോട് എന്നീ മുനിസിപ്പൽ കോർപ്പറേഷനുകൾ നിരത്ത് വികസനത്തിന് ശ്രമിച്ചതായി

2016-ലെ സാമ്പത്തിക അവലോകന രേഖയിൽ കാണുന്നു. ഇതേ ഉറവിടം കൊച്ചി കോർപ്പറേഷൻ ഉപയോഗിച്ചതായി കാണുന്നില്ല. കാൽനടക്കാർ, സൈക്കിൾ യാത്രക്കാർ, ഇരുചക്ര മോട്ടോർ സവാരിക്കാർ എന്നിവർ നിരത്ത് ഉപയോഗിക്കുന്ന സൂപ്രധാന കണ്ണികളാണ്. റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി, കേരള (റിക്ക്) എന്ന സ്ഥാപനം ഇതിനായി പ്രത്യേകമായ പ്രാധാന്യം നൽകേണ്ടതുണ്ട്. 65 ശതമാന ത്തോളം വാഹനങ്ങൾ ഇരുചക്ര മോട്ടോർ വാഹനങ്ങളാണ്. എറണാകുളം ജില്ലയിലെ തദ്ദേശ സർക്കാരുകൾ ഇതിൽ നിന്ന് വായ്പ ഉപയോഗിക്കേണ്ടതാണ്.

റെയിൽവെ പോരായ്മകൾ

- ജില്ലയിലെ റെയിൽവേ സ്റ്റേഷനുകളും അനുബന്ധ റോഡുകളുടേയും നിലവിലെ അവസ്ഥ അപര്യാപ്തമാണ്.
- ഗതാഗത നിലവാരവും സ്റ്റേഷന്റെ നവീകരണവും അപര്യാപ്തമാണ്.
- സ്റ്റേഷനുകളിൽ വിനോദ-വാണിജ്യ സ്ഥലങ്ങളുമായി ബന്ധിപ്പിക്കുന്ന പൊതു സംവിധാനങ്ങളുടെ അപര്യാപ്തത.
- റെയിൽവേ സ്റ്റേഷനുമായി ബന്ധപ്പെട്ട് മൊബിലിറ്റി ഹബ് - മെട്രോ സ്റ്റേഷൻ മുതലായവയുമായി ബന്ധിപ്പിക്കുന്ന ഫീഡർ സർവീസ് ആവിഷ്കരിച്ചിട്ടില്ല
- സ്ത്രീകൾക്ക് മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്താതിരിക്കുന്നത് പോരായ്മയായി കണക്കാക്കാം
- മതിയായ ജനവിഭാഗങ്ങളെ സ്ഥിരം യാത്രക്കാരായി ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ജലഗതാഗതം

- ജല മെട്രോയുമായി ബന്ധപ്പെട്ട ഫീഡർ സർവീസുകൾ ഉറപ്പാക്കുക.
- വിനോദ സഞ്ചാരികളെ ജലഗതാഗതം ശീലിപ്പിക്കുന്നതിൽ വരുത്തുന്ന വീഴ്ചകൾ
- ജലമലിനീകരണം തടയുന്നതിനുള്ള മാർഗ്ഗങ്ങളുടെ പോരായ്മകൾ
- ജലഗതാഗം ഉപയോഗപ്പെടുത്തി വിനോദസഞ്ചാരം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ വേഗതയുടെ കുറവ്,
- കായൽ ടൂറിസത്തിന്റെ സാധ്യതകൾ സംയോജിപ്പിക്കുന്നതിനുള്ള വീഴ്ച്ചകൾ
- ആഭ്യന്തര സഞ്ചാരികൾക്ക് ഉതകുംവിധം ചെറായി ബീച്ച്, മുനമ്പം ബീച്ച്, കുഴുപ്പിള്ളി ബീച്ച്, എന്നിവ വികസിപ്പിക്കേണ്ടത് അനിവാര്യമാണ്.
- കപ്പൽ ഗതാഗതം വഴിയുള്ള ചരക്ക്-വിനോദസഞ്ചാരങ്ങൾക്ക് ഉണ്ടായിട്ടുള്ള വീഴ്ച്ചകൾ മുതലായവയാണ്

കൊച്ചിൻ - വൈപ്പിൻ എറണാകുളം ഫോർട്ട് കൊച്ചി പൊതു സർവീസുകളുടെ പോരായ്മകൾ

- ജലാഗതാഗത്തെ പൊതു സമൂഹമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികളുടെ പോരായ്മകൾ
- ഫീഡർ സർവ്വീസുകളുടെ പോരായ്മകൾ
- വിനോദ സഞ്ചാരികളെ ജലഗതാഗതം ശീലിപ്പിക്കുന്നതിൽ വരുത്തുന്ന വീഴ്ചകൾ
- ജലമലിനീകരണം തടയുന്നതിനുള്ള മാർഗ്ഗങ്ങളുടെ പോരായ്മകൾ
- ജലഗതാഗം ഉപയോഗപ്പെടുത്തി വിനോദസഞ്ചാരം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ വേഗതയുടെ കുറവ്
- കായൽ ടൂറിസത്തിന്റെ സാധ്യതകൾ സംയോജിപ്പിക്കുന്നതിനുള്ള വീഴ്ച്ചകൾ
- കപ്പൽ ഗതാഗതം വഴിയുള്ള ചരക്ക്-വിനോദസഞ്ചാരങ്ങൾക്ക് ഉണ്ടായിട്ടുള്ള വീഴ്ച്ചകൾ

മുതലായവയാണ് ഇന്ന് ജലഗതാഗം നേരിടുന്ന പ്രധാന പോരായ്മകൾ.

റോഡ്

- റോഡുകളുടെ വീതികുറവ്

- പര്യാപ്തമായ ഓടകളുടെ അഭാവം
- മാലിന്യ നിക്ഷേപം
- അനധികൃത പാർക്കിംങ്ങ്
- റോഡ് കയ്യേറ്റം
- പരസ്യങ്ങൾ
- ഭൂമിയുടെ പ്രത്യേകത യനുസരിച്ചല്ലാത്ത നിർമ്മിതി മുതലായവ മൂലം റോഡുകൾ നിലവാരതകർച്ച നേരിടുന്നവയാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതിർത്തികൾക്ക് അകത്തുനിന്നും വികസനം നടപ്പിലാക്കുമ്പോൾ ഏകോപനം സാധ്യമാകാതെ വരുകയും നിർമ്മാണങ്ങൾ മെച്ചപ്പെട്ട കാഴ്ചപ്പാടുകൾക്ക് അനുസൃത മല്ലാത്തതുമാണ്. കേവലം 1 മുതൽ 2 വരെ വർഷം മുന്നിൽ കണ്ടാണ് പദ്ധതികൾ വിഭാവനം ചെയ്തും, നടപ്പിലാക്കുന്നതും.

➢ കൊച്ചി-മധുര ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് മികച്ച നിർദ്ദേശങ്ങളുമായി സജീവമായി രംഗത്ത് വന്നിട്ടില്ല. ദേശീയപാത വികസനം ഉപരിതലം മെച്ചപ്പെടുത്തൽ എന്ന പ്രവൃത്തി മാത്രമായി ചുരുങ്ങുന്ന അവസ്ഥ വർഷങ്ങളായി കണ്ടുവരുന്നു

➢ ഇടപ്പള്ളി-പനവേൽ ഹൈവേ പൊതുവേ ഇടുങ്ങിയ റോഡ് തന്നെയാണ്. പാത വീതി കൂട്ടുന്നതിനുള്ള നടപടികൾ വർഷങ്ങളായി ചർച്ച ചെയ്യപ്പെടുന്നുണ്ടെങ്കിലും കാര്യമായ പുരോഗതി ഉറപ്പായിട്ടില്ല.

➢ സംസ്ഥാന പാതകൾ പൊതുവേ നിലവാര തകർച്ച നേരിടുന്നതും ഉപരിതലം മെച്ചപ്പെടുത്താൻ മാത്രമാണ് വികസനം എന്ന കാഴ്ചപാടിലേക്ക് ഒതുങ്ങി നിൽക്കുന്നതുമാണ്. സംസ്ഥാനത്തെ മറ്റു ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ജില്ലയിലെ സംസ്ഥാന പാതകളുടെ നിലവാരം തീർത്തും മോശമാണ്

➢ റോഡിൽ രാത്രികാലയാത്രയ്ക്ക് ഉതകും വിധം പ്രകാശ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല

➢ അനധികൃത പാർക്കിങ്ങ് അപകട സാധ്യത വർദ്ധിപ്പിക്കുന്നു.

➢ ധനലഭ്യതയുടെ കുറവ് ജനങ്ങളുടെ അടിയന്തിര ആവശ്യം നിറവേറ്റുന്നതിനു മാത്രമെ ഇത് ഉപകരിക്കുന്നുള്ളു

➢ ഒരു വൻകിടപദ്ധതി വിഭാവനം ചെയ്യുകയും അതിനനുസരിച്ച് അനുബന്ധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനും ശ്രമിക്കുന്നില്ല

➢ ബഡ്ജറ്റ് വിഹിതം എളുപ്പത്തിൽ ചിലവഴിക്കുന്നതിന് പദ്ധതികളുടെ എണ്ണം വർദ്ധിപ്പിക്കുകയും അത് സാങ്കേതിക സൂക്ഷ്മത ഉറപ്പാക്കി നടപ്പിലാക്കുന്നതിന് വീഴ്ച വരുത്തുകയും ചെയ്യുന്നു.

➢ ജില്ലയുടെ ആവശ്യകതയും ലഭ്യതയും റോഡിന്റെ കാര്യത്തിൽ വലിയ അന്തരമാണ് കാണിക്കുന്നത്

➢ സംസ്ഥാനത്തു തന്നെ വാഹനങ്ങളുടെ എണ്ണത്തിലെ ന്നപോലെ അപകടങ്ങളിലും ജില്ല മുന്നിൽ നിൽക്കുന്നു.

➢ വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ എണ്ണവും അപകടങ്ങളും ഭീതി ജനിപ്പിക്കുന്നതാണ്.

➢ ഇന്ന് ജില്ലയിൽ നിലവിലുള്ള റോഡുകൾ വിഭാവനം ചെയ്തിട്ടുള്ള വേഗതയിൽ നിന്നും ഉയർന്ന തലത്തിലാണ് വാഹനങ്ങൾ സഞ്ചരിക്കുന്നത്.

➢ മതിയായ നടപ്പാതകൾ ഇല്ലാത്തത്

➢ ഓടകളുടെ അഭാവം

➢ ഹെവി വാഹനങ്ങളുടെ സഞ്ചാരം

➢ ഇടുങ്ങിയ പാലങ്ങൾ

➢ ദിശാസൂചകങ്ങൾ

➢ ക്രാഷ്ഗാർഡുകൾ

➢ ശാസ്ത്രീയമല്ലാത്ത റോഡ് വെട്ടിപ്പൊളിക്കൽ

- അനധികൃത പാർക്കിങ്ങ്,
- നേർകാഴ്ച മറയ്ക്കുന്ന ഘടകങ്ങൾ
- ഇന്നത്തെ തലമുറയുടെ റോഡുകളോടുള്ള കാഴ്ചപ്പാടുകൾ

മുതലായ നിരവധി ഘടകങ്ങൾ റോഡുകളുടെ പോരായ്മയായി ചൂണ്ടി കാണിക്കപ്പെട്ടിട്ടുള്ളതാണ്.

4.19.വിനോദസഞ്ചാരം



സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെ 2017 ലെ വിനോദസഞ്ചാര നയരേഖ പ്രകാരം കേരളത്തിന്റെ വികസനത്തിന് ഊന്നൽ നൽകി പുതിയ വളർച്ചാ മേഖലയാണ് വിനോദസഞ്ചാരത്തെ കാണുന്നത്. അതുകൊണ്ടുതന്നെ വിനോദസഞ്ചാര മേഖല കേരളത്തിന്റെ വികസന പ്രക്രിയയിലെ സുപ്രധാനമായ ഘടകമാണ്. വർത്തമാനകാലത്ത് വിനോദസഞ്ചാര രംഗം വളർച്ചയുടെയും മത്സരത്തിന്റെയും പാതയിലൂടെയാണ് നീങ്ങുന്നത്. ലോകമെമ്പാടുമുള്ള വിവിധ മേഖലകളുടെ വരുമാന വളർച്ച വിലയിരുത്തുമ്പോൾ ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനം മറ്റു മേഖലകളെ അപേക്ഷിച്ച് കൂടുതലാണെന്ന് മനസ്സിലാക്കുവാൻ കഴിയുന്നതാണ്. സംസ്ഥാന വരുമാനത്തിന്റെ 10 ശതമാനം ടൂറിസം മേഖലയിൽ നിന്നാണെന്നതും ശ്രദ്ധേയമായ ഒരു വസ്തുതയാണ്. രാജ്യത്തിന് വിദേശനാണ്യം നേടിക്കൊടുക്കുന്നതിൽ മൂന്നാംസ്ഥാനത്താണ് ഇന്ന് ടൂറിസം മേഖലയുടെ സ്ഥാനം. ഒഴിവുകാലം ഉല്ലാസത്തിനായി ചെലവഴിക്കുന്നതിന് വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് അഭൂതപൂർവ്വമായ ഒഴുക്കാണ് ലോകമെമ്പാടും കാണുന്നത്. കേരളത്തിലേക്കും സഞ്ചാരികൾ ധാരാളമായി എത്തിക്കൊണ്ടിരിക്കുന്നു. സ്വദേശികളും വിദേശികളുമായിട്ടുള്ളവരുടെ ഒഴിവുകാല ലക്ഷ്യകേന്ദ്രങ്ങളായി നമ്മുടെ സംസ്ഥാനവും ജില്ലകളും അതിവേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ആഗോളതലത്തിൽ വിനോദസഞ്ചാരം ഏറ്റവും വികസന സാധ്യതയുള്ള ഒരു വ്യവസായമായി മാറിക്കഴിഞ്ഞു. തൊഴിൽ വരുമാനം, വിദേശനാണ്യം, പ്രാദേശിക വികസനം തുടങ്ങിയ മേഖലകളിൽ വിനോദസഞ്ചാരത്തിനുള്ള സാമ്പത്തിക പ്രാധാന്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുൾപ്പെടെയുള്ള വിവിധ ഭരണ സംവിധാനങ്ങൾ ഇതിനകം തിരിച്ചറിഞ്ഞു കഴിഞ്ഞിട്ടുള്ളതും അപ്രകാരം പ്രാദേശികതലത്തിലും, ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും, ദേശീയതലത്തിലും ആവശ്യമായ നയരൂപീകരണങ്ങളും തുടർനടപടികളും സ്വീകരിച്ചു വരികയാണ്. (2015 ലും 2016 ലും എറണാകുളം സന്ദർശിച്ച സ്വദേശ വിദേശ സഞ്ചാരികളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.)

പട്ടിക - 4.152

വിനോദ സഞ്ചാരം: 2015 ലും 2016 ലും എറണാകുളം സന്ദർശിച്ച സ്വദേശ വിദേശ സഞ്ചാരികളുടെ എണ്ണം

ക്രമ നം.	മാസം	വിദേശികൾ		സ്വദേശികൾ	
		2015	2016	2015	2016
1	ജനവരി	46492	63223	261697	247452
2	ഫെബ്രുവരി	44050	62166	185995	190764
3	മാർച്ച്	34207	25261	210798	223220
4	ഏപ്രിൽ	33280	33000	198253	208962
5	മെയ്	19989	21658	232645	240197
6	ജൂൺ	16949	13151	183047	206843
7	ജൂലായ്	18641	20384	202884	204912
8	ആഗസ്റ്റ്	29459	30797	248975	258021
9	സെപ്റ്റംബർ	23514	25278	244314	259263
10	ഒക്ടോബർ	31758	33775	309982	357122
11	നവംബർ	37193	35607	311473	3486373
12	ഡിസംബർ	47961	43353	307850	327767

പ്രാദേശിക സർക്കാരുൾപ്പെടെ വിനോദസഞ്ചാര മേഖലയുടെ പ്രാധാന്യം കണ്ടറിഞ്ഞ് ആവശ്യമായ പ്രാരംഭനടപടികൾ ഇതിനകം തുടക്കമിട്ടുകഴിഞ്ഞിട്ടുള്ളതും ഒരു വസ്തുതയാണ്. പ്രകൃതിദത്തമായ സമ്പത്തും, സാംസ്കാരിക പൈതൃക പാരമ്പര്യങ്ങളും, വിനോദനഞ്ചാര വ്യവസായത്തിന്റെ മൂലധനമായി കണക്കാക്കപ്പെടുന്നു. തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിൽ ഈ മേഖലക്കുള്ള സ്ഥാനവും സ്വാധീനവും വളരെ വലുതാണെന്ന വസ്തുതയും ഇതിനകം തിരിച്ചറിവായിട്ടുള്ളാണ്. രാജ്യത്തിന്റെ മറ്റിടങ്ങളിലേക്കും ലോകത്തേക്കും സംസ്കാരങ്ങളുടെ വാതിലുകൾ തുറക്കുന്നു. ക്രമേണ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതുവഴി ദാരിദ്ര്യവും തൊഴിലില്ലായ്മയും വലിയൊരളവുവരെ വിനോദസഞ്ചാര മേഖല പരിഹാരമാകുന്നതും ഒരു വസ്തുതയാണ്. നമ്മുടെ സംസ്ഥാനം ജൈവവൈവിധ്യവും പ്രകൃതിസൗന്ദര്യവും കൊണ്ട് അനുഗ്രഹീതമാണ്. എന്നാൽ ടൂറിസം സാധ്യതകളെ ആ അർത്ഥത്തിൽ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിയാത്ത തരത്തിൽ പല പരിമിതികളും നിലനിൽക്കുന്നുണ്ട്. പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങളും ഉത്പന്നങ്ങളും അനുഭവങ്ങളും വികസിപ്പിച്ചെടുക്കുന്നതിലൂടെയും വിവിധതരക്കാരായ സഞ്ചാരികളുടെ താത്പര്യങ്ങൾക്കനുസൃതമായ പരിപാടികൾ രൂപപ്പെടുത്തുന്നതിലൂടെയും വിനോദസഞ്ചാര വ്യവസായം അന്താരാഷ്ട്ര വിപണിയിൽ ഒരു കുതിച്ചുച്ചാട്ടത്തിന് ഒരുങ്ങുകയാണ്. ഈ മേഖലയിലെ സാമ്പത്തിക വ്യാപാരങ്ങളിൽ അടുത്ത 10 വർഷക്കാലം 9.7 ശതമാനം എന്ന ഉയർന്ന വളർച്ചാനിരക്കും 14.3 ശതമാനം വിദേശസഞ്ചാരികൾ പണം ചെലവാക്കുന്നതും ധാരാളം തൊഴിൽ സൃഷ്ടിക്കപ്പെടുന്നതും ഇന്ത്യയിലായിരിക്കുമെന്നും കണക്കുകൾ സൂചിപ്പിക്കുന്നു.

പ്രകൃതിഭംഗിയും, കാലാവസ്ഥയും, സാംസ്കാരിക പൈതൃകമൂല്യങ്ങളും,

നമ്മുടെ പരമ്പരാഗത തൊഴിലും, കലാരൂപങ്ങളും ഉൾപ്പെടെയുള്ളവയാലാണ് കേരളത്തിന്റെ വിനോദസഞ്ചാര മേഖല മുന്നോട്ട് പോകുന്നത്. നമ്മുടെ കായലുകളും, വഞ്ചിവീടുകളും, ആയുർവേദവും, വനവും, ജൈവവൈവിധ്യവും, ചരിത്ര പൈതൃക സമ്പത്തുകളും, വൈവിധ്യ മാർന്ന കലാസാംസ്കാരിക കാഴ്ചകളും അനുഭവങ്ങളും ഒക്കെ അന്താരാഷ്ട്ര തലത്തിൽ മൂല്യവത്തായ വിനോദസഞ്ചാരാനുഭവം പകരുന്ന ഒരു ബ്രാൻഡായി മാറ്റിയെടുക്കുവാൻ നമ്മുടെ സംസ്ഥാനത്തിനും കഴിഞ്ഞിട്ടുണ്ട് ദൈവത്തിന്റെ സ്വന്തം രാജ്യമെന്ന നിലയിൽ ലോക വിനോദസഞ്ചാര ഭൂപടത്തിൽ വേറിട്ട ഒരു സ്ഥാനം ലഭിക്കുന്നതിനും അത് നിലനിർത്തുന്നതിനും നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നാൽ അത് മുന്നോട്ടുള്ള കാലത്തിന്റെ വെല്ലുവിളികൾ ഉൾക്കൊണ്ട് മത്സരാധിഷ്ഠിതമായ ഒരു വ്യവസായ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് പരിപോഷിപ്പിക്കുവാനം നിലനിർത്തുന്നതിനും കൂട്ടായ ശ്രമവും പരിഗണനയും ഒരു ബഹുമുഖ മൈസല holder വ്യവസായമെന്ന നിലയിൽ വിനോദസഞ്ചാര മേഖല സുപ്രധാനമായി പരിഗണിക്കപ്പെടേണ്ടതായിട്ടുണ്ട്. ദൈവത്തിന്റെ സ്വന്തം രാജ്യത്തിന്റെ പ്രവേശനകവാടമെന്ന് അറിയപ്പെടുന്ന നമ്മുടെ എറണാകുളം ജില്ല കേരളത്തിൽ ഏറ്റവും കൂടുതൽ സഞ്ചാരികൾ എത്തിച്ചേരുന്ന ടൂറിസം കേന്ദ്രമെന്ന നിലയിൽ സുപ്രധാനവും തന്ത്രപ്രധാനവുമായ ഒരു സ്ഥാനം അലങ്കരിക്കുന്നു. വിനോദ സഞ്ചാരാനുഭവങ്ങളുടെ കാര്യത്തിൽ ചരിത്രവും പൈതൃകവും ഇത്രയേറെ ഇഴയടുപ്പം കാണിക്കുന്ന ഒരു കേന്ദ്രം കൂടിയാണ് എറണാകുളം ജില്ല കേരളത്തിന്റെ വ്യവസായ വാണിജ്യ തലസ്ഥാനമായ എറണാകുളം, വിനോദസഞ്ചാര രംഗത്ത് ഒന്നാംസ്ഥാനം നേടുന്നതിന്റെയും കാരണം മറ്റൊന്നുമല്ല. അന്താരാഷ്ട്ര വിമാനത്താവളവും, തുറമുഖവും ആധുനിക നഗര സ്വഭാവത്തിലേക്കുള്ള വികസന കുതിപ്പുകളും അതോടൊപ്പം തന്ത്രപ്രധാനമായ ഭൂമിശാസ്ത്ര പ്രത്യേകതകളും മറ്റ് ജില്ലകളിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ എത്തിച്ചേരുന്നതിനുള്ള പ്രവേശന മാർഗ്ഗങ്ങളുടെ കേന്ദ്രസ്ഥാനമെന്ന നിലയിലും, ഏറ്റവുമധികം വിനോദസഞ്ചാരികളെ വരവേൽക്കുന്ന ഒരു ജില്ലയായി എറണാകുളത്തെ മാറ്റിയിരിക്കുകയാണ്. പുരാതനമായ കൊച്ചി നഗരവും അവിടത്തെ ചീനവലകളും, ജൂതപ്പള്ളി, ഡച്ച് കൊട്ടാരം, യൂറോപ്യൻ വാസ്തുവിദ്യാ ശൈലിയിലുള്ള കെട്ടിടങ്ങൾ, വിവിധ സാംസ്കാരിക പൈതൃകം പേറുന്ന ജനത എന്നിവ വിദേശ വിനോദസഞ്ചാരികൾക്ക് ഏറ്റവും പ്രിയങ്കരമായ സന്ദർശന കേന്ദ്രമായി മാറിയിരിക്കുകയാണ്. കൊച്ചി കായലിന്റെ മറുകരയിൽ സ്ഥിതിചെയ്യുന്ന എറണാകുളമാകട്ടെ മറൈൻഡ്രൈവ്, ഉദ്യാനങ്ങൾ, ഷോപ്പിംഗ് കേന്ദ്രങ്ങൾ, മെട്രോ റെയിൽ, ബോട്ടിംഗ് സൗകര്യങ്ങൾ എന്നിവയാൽ സമ്പുഷ്ടമാണ്. കൂടാതെ ആധുനിക സൗകര്യങ്ങളുള്ള കൊച്ചി നഗരം ഹോട്ടലുകൾ, സമ്മേളന ടൂറിസം കേന്ദ്രങ്ങളുടെയും മെഡിക്കൽ ടൂറിസത്തിനനുസൃതമായ ആശുപത്രി സമുച്ചയങ്ങളുടെയും കേന്ദ്രം കൂടിയാണ്. ആഡംബര യാത്രാകപ്പലുകളുടെ ആഗമന കേന്ദ്രം, കേരള ട്രാവൽമാർട്ട്, കൊച്ചി മുസിരിസ് ബിനാലെ, എറണാകുളം ദർബാർ ഹാൾ ഗ്രൗണ്ട് ആർട്ട് ഗ്യാലറി തുടങ്ങി നഗരത്തിന്റെ പ്രധാന പ്രദേശങ്ങളിൽ വ്യാപിച്ച്കിടക്കുന്ന മുസിരിസ് പൈതൃക മേഖലയിലുൾപ്പെട്ട പ്രദേശങ്ങളായ കടമക്കുടി, കുമ്പളങ്ങി തുടങ്ങി കായൽ ഗ്രാമകാഴ്ചകളുടെ ഇടങ്ങളും ടൂറിസം ഭൂപടത്തിൽ ഇതിനകം ഇടംപിടിച്ചു കഴിഞ്ഞിട്ടുണ്ട്. ജില്ലയിലെ അറിയപ്പെടുന്ന പക്ഷിസങ്കേതമായ തട്ടേക്കാട്, ഭൂതത്താൻകെട്ട്, കോടനാട്, പാണിയേലിൽപോര് വെള്ളച്ചാട്ടം, അഭയാരണ്യം തുടങ്ങി വനമേഖലകൾ, കൂടാതെ ചാലക്കുടിപ്പുഴയോരത്തുള്ള ഏഴാറ്റുമുഖം പ്രകൃതിഗ്രാമം പാർക്ക് എന്നിവ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന കേന്ദ്രങ്ങളാണ്. ഇപ്രകാരം എറണാകുളം

ജില്ലയുടെ സമഗ്രമായ വിനോദസഞ്ചാര വികസനത്തിന് ഉതകുന്ന സാധ്യതകൾ ഒട്ടനവധിയാണ്. ഇവ വേണ്ടതരത്തിൽ ഏകോപിപ്പിച്ച് മറ്റിതര വകുപ്പുകളുടെകൂടി സഹകരണത്തോടെ വികസന പ്രവർത്തനങ്ങൾ പരസ്പരപൂരകമായി സംയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ മാത്രമെ വിനോദ സഞ്ചാര വികസനം യാഥാർത്ഥ്യ മാകുകയുള്ളൂ. കൃത്യമായ ഏകോപനവും സമഗ്രാസൂത്രണവും അനിവാര്യമാണെന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, അറവുശാലകൾ എന്നിവിടങ്ങളുടെ ലിസ്റ്റും മറ്റു വിവരങ്ങളും അനുബന്ധം 4.14 ആയി ചേർത്തിരിക്കുന്നു

പട്ടിക – 4.153
കേരളത്തിൽ വന്ന വിനോദസഞ്ചാരികൾ

വർഷം	ആഭ്യന്തരം	വിദേശം	വ്യത്യാസം
2015	12465571	977479	5.67%
2016	13172535	1038419	6.23%

അവലംബം: സംസ്ഥാന വിനോദസഞ്ചാര വകുപ്പ്

- **ബാരിയർ ഫ്രീ കേരള ടൂറിസം** വിനോദ സഞ്ചാര കേന്ദ്രങ്ങളെ വിഭിന്നശേഷി സൗഹൃദമാക്കുന്നതിനായി ടൂറിസം വകുപ്പ് 44 ലക്ഷം രൂപ എറണാകുളം ജില്ലയ്ക്കായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായ ജില്ലയിലെ തെരെഞ്ഞെടുക്കപ്പെടുന്ന 6 ടൂറിസം കേന്ദ്രങ്ങളിൽ താഴെപ്പറയുന്ന സൗകര്യങ്ങൾ സജ്ജമാക്കി വിഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

വിഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രത്തിന്റെ ഭാഗമായി ഉൾപ്പെടുത്തുന്ന ഘടകങ്ങൾ.

1. കൈവരിയുള്ള റാമ്പ്
2. ബ്രയിൽ ലിപിയുള്ള ദിശാസൂചകം
3. ഭിന്നശേഷിസൗഹൃദ ടോയിലറ്റ്
4. വീൽചെയർ, വാക്കിംഗ് സ്റ്റിക്ക്,കൂട്ടുവടികൾ എന്നിവ ലഭ്യമാക്കുക
5. ശ്രവണ വഴികാട്ടി
6. തെരഞ്ഞെടുക്കപ്പെട്ട 5 ഗസ്റ്റ് ഹൗസുകൾ/യാത്രി നിവാസുകളിലും ലിഫ്റ്റുകൾ ലഭ്യമാക്കുക എന്നിവയാണ്.

പ്രധാന ദൗർല്ലഭ്യങ്ങൾ

- അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഫലപ്രദമായ സംയോജന സാധ്യതകൾ ഏകോപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസം
- മാലിന്യ നിർമ്മജന പ്രവർത്തനങ്ങളിലെ ശാസ്ത്രീയ പ്രവർത്തനങ്ങളു ടെ അഭാവം
- സ്ഥല ലഭ്യതയും ഉപയോഗാനുമതികളും ലഭിക്കുന്നതിലുള്ള കാലതാമസം
- ചെറുകിട ടൂറിസം സംരംഭങ്ങളുടെ അഭാവം
- അഡ്വഞ്ചർ ആക്റ്റിവിറ്റി അടിസ്ഥാനപ്പെടുത്തിയുള്ള ടൂറിസം സേവനങ്ങൾ പൊതു സ്വകാര്യപങ്കാളിത്തത്തോടെ ഏർപ്പെടുത്തു ന്നതിലെ സാങ്കേതിക തടസ്സങ്ങൾ
- ടൂറിസം കേന്ദ്രങ്ങളുടെ പരിപാലനത്തിൽ വിവിധ വകുപ്പുകളുടെയും ഏകോപനത്തിൽ നേരിടുന്ന വിവിധ വിഷയങ്ങൾ

വികസന പരിപ്രേക്ഷ്യം

സുസ്ഥിര വിനോദ സഞ്ചാരം സാധ്യമാകുന്നതിന് സഹായമായ തരത്തിൽ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ഉറപ്പാക്കുകയും മെച്ചപ്പെട്ട

വിനോദസഞ്ചാരനുഭവം നാട്ടുകാർക്കും സന്ദർശകർക്കും ലഭ്യമാക്കി ഒരു മികച്ച ടൂറിസം ലക്ഷ്യ കേന്ദ്രമായും കേരളത്തിന്റെ പ്രധാന ടൂറിസം ഹബ്ബായി എറണാകുളം ജില്ലയിലെ മാറ്റുന്നതാണ് വികസന പരിപ്രേക്ഷ്യം ലക്ഷ്യമിടുന്നത്.

പട്ടിക – 4.154
ഗ്രീൻ കാർപ്പെറ്റ് സംരഭത്തിലുൾപ്പെടുത്തി ടൂറിസം വകുപ്പിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ

ക്രമ നം.	പദ്ധതിയുടെ പേര്	ജില്ലയുടെ മണ്ഡലം
1	Marine Drive	29,21,751/-
2	Munambam Beach	51,11,484/-
3	Bhoothathankettu	50,07,982/-
4	Mattanchery	35,19,608/-
5	Kuzhuppilly Beach	51,62,283/-
6	Cherai Beach	50,37,454/-
7	Munambam Beach Parking Area Development	50,00,000/-
8	Kadumbrayar - Renovation works to Kadumbrayar Eco Tourism Destinations	64,40,000/-
9	Muziris – Reconstruction of collapsed netaining wall at Kottayil Kovilakam Boat Jetty & Resort	25,00,000/-
10	Bhoothathankettu - Aerobic Kiosk, Parking area & Toilet block	30,00,000/-
11	Cherai Beach - Repair & fixing additional lighting at beach	2,12,595/-
12	Cherai & Munambam - Proposal for Scientific Waste Management	70,37,400/-

IV. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

4.20 പട്ടികജാതി വിഭാഗം



പ്രാഥമിക വിവരങ്ങൾ

ചരിത്രപരമായ കാരണങ്ങളാൽ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നിലായിപ്പോയ പട്ടികജാതി ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങൾ ലളിതമായി മനസ്സിലാക്കപ്പെടേണ്ടതല്ല. ഭാരതത്തിന്റെ ഭരണഘടനാ നിർമ്മാണ വേളയിൽ തന്നെ ഈ പാർശ്വവത്കൃത ജനതയെ എങ്ങനെ മുഖ്യധാരയിലെത്തിക്കണം എന്നത് വിശദമായി ചർച്ച ചെയ്തിരുന്നു. കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ പട്ടികജാതി ജനവിഭാഗം വിദ്യാഭ്യാസപരമായും സാമ്പത്തികമായും സാമൂഹികമായും സാംസ്കാരികമായും വളരെയേറെ പുരോഗതി കൈവരിച്ചെങ്കിലും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് ഇനിയും നിരവധി ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതുണ്ട്. ഈ പാർശ്വവത്കൃത ജനതയുടെ പ്രശ്നം പരിഹരിക്കുന്നതിന് നാം ഇനിയും ഏറെ ദൂരം മുന്നോട്ട് പോകേണ്ടതുണ്ട്. മുഖ്യധാരാ സമൂഹവുമായി തുലനം ചെയ്യുമ്പോൾ ഇനിയും ഉദ്ദേശിച്ച ലക്ഷ്യത്തിൽ എത്തിയിട്ടില്ല എന്ന് തന്നെ പറയാം.

1. പട്ടികജാതി ജനസംഖ്യ

പട്ടിക – 4.155

വർഷം	സ്ത്രീകൾ	പുരുഷൻമാർ	ആകെ	കുടുംബങ്ങൾ	സ്ത്രീ പുരുഷാനുപാതം	ജനസംഖ്യാ വർദ്ധന നിരക്ക്
1981	108431	108012	216443	41476	1004	--
1991	121525	120194	241719	51315	1011	11 % (25275)

2001	133812	129706	263518	60982	1032	9 % (21799)
2011	136838	131573	268411	66754	1040	2 % (4893)

പട്ടികജാതി ജനവിഭാഗത്തിന്റെ പുരോഗതിക്കായി കേന്ദ്ര സംസ്ഥാന സർക്കാറുകൾ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ഇത്തരം പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവ് താഴെ തട്ടിൽ ലഭിക്കുന്നില്ല എന്നതാണ് നിലവിലെ സ്ഥിതി. ഈ ജനവിഭാഗങ്ങൾക്കിടയിൽ നിരന്തരമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക എന്നതാണ് പ്രധാന പരിഹാര മാർഗ്ഗം. ജില്ലയിലെ പട്ടികജാതി ജനവിഭാഗത്തിന്റെ

I ജനസംഖ്യ

II വിദ്യാഭ്യാസം

III ഭവനം

IV ആരോഗ്യം

V സാമ്പത്തികം

VI സാംസ്കാരികം

VII ആസ്തികൾ എന്നിവയുടെ

ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ചുള്ള ഒരു ധാരണ അവരുടെ ഭാവി വികസനത്തിന് വേണ്ടിയുള്ള പദ്ധതികളുടെ രൂപവത്ക്കരണത്തിന് അത്യാന്താപേക്ഷിതമാണ്.

സംസ്ഥാനത്തെ പട്ടികജാതി ലിസ്റ്റിൽ 69 വിഭാഗങ്ങൾ ഉണ്ടെങ്കിലും ജില്ലയിൽ പൊതുവെ കാണുന്ന പട്ടികജാതി വിഭാഗങ്ങൾ പുലയൻ, പറയൻ, വേട്ടുവൻ, വേലൻ, ഭാരതൻ, ചക്കിലിയൻ, കാക്കാലൻ, കുറവൻ, പടന്ന, പാണൻ, പുള്ളുവൻ, തണ്ടാൻ, വേടൻ, അരുന്ധതിയാർ, ചെറുമൻ, കള്ളാടി, മലയൻ, മുണ്ടാല, നൽക്കഭയ, നായാടി, പള്ളൻ, ചെമ്മാർ, വള്ളോൻ എന്നിവയാണ്. ഇവരിൽ ജനസംഖ്യയിൽ മുന്നിട്ടു നിൽക്കുന്നത് പുലയ, പറയ, വേട്ടുവൻ, വേലൻ എന്നീ വിഭാഗങ്ങളാണ്. കള്ളാടി, മലയൻ, മുണ്ടാല, നായാടി, വള്ളോൻ എന്നീ വിഭാഗങ്ങൾ നാമമാത്രമാണ്.

പട്ടിക - 4.156

ജനവിഭാഗം	ജനസംഖ്യ	ശതമാനം
പുലയൻ	220365	82.10 %
പറയൻ	17984	6.7 %
വേട്ടുവൻ	11005	4.10 %
വേലൻ	10736	4.00 %
മറ്റുള്ളവർ എല്ലാം കൂടി	8321	3.10 %
ആകെ	**268411**	**100 %**

അവലംബം: വകുപ്പു തല റിപ്പോർട്ട്

സംസ്ഥാനത്തെ മൊത്തം ജനസംഖ്യയിൽ 9.1% പട്ടികജാതി ജനവിഭാഗവും എറണാകുളം ജില്ലയിലെ മൊത്തം ജനസംഖ്യയിൽ 8.18%ഉം പട്ടികജാതിജനവിഭാഗമാണ്. ജില്ലയിൽ ഏതാണ്ടെല്ലാ ഭാഗത്തും പട്ടികജാതി ജനവിഭാഗങ്ങൾ ഉണ്ട്. കൂടുതലായി കാണപ്പെടുന്നത് കുന്നത്തുനാട് (11.54%), കണയന്നൂർ (8.67%), ആലുവ (8.76%), പറവൂർ (9.61%) എന്നീ പ്രദേശങ്ങളിലാണ്.

ജനസംഖ്യാ വിശകലനം & പരിപ്രേക്ഷ്യം

ജില്ലയിലെ പട്ടികജാതി ജനസംഖ്യാ വർദ്ധന നിരക്ക് ക്രമമായി കുറഞ്ഞു വരുന്നതായി കാണാം. 1981 -ൽ പട്ടികജാതി ജനസംഖ്യ 216443 ആയിരുന്നത് 1991 -ൽ 241719 ആയി വർദ്ധിച്ചു. വർദ്ധന നിരക്ക് 11%. അത് 2001 ൽ 263518 ആയി വർദ്ധിച്ചു വർദ്ധന നിരക്ക് 9%. 2011-ലെ ജനസംഖ്യ 268411 - വർദ്ധന നിരക്ക് 2% മാത്രം. കോളനി കേന്ദ്രീകരിച്ച് നടന്ന ബോധവത്കരണവും കൂടുതൽ ആളുകൾ കുടുംബാസൂത്രണമാർഗങ്ങൾ സ്വീകരിച്ചതും ചെറിയ കുടുംബം സന്തുഷ്ട കുടുംബം എന്ന കാഴ്ചപ്പാടുമാകാം ഇതിനു കാരണം. സ്ത്രീ പുരുഷാനുപാതം വർദ്ധിക്കുന്നതായി പട്ടികയിൽ നിന്നും മനസ്സിലാക്കാം. 1981 സെൻസസ് പ്രകാരം 1004, 1991 സെൻസസ് പ്രകാരം 1011, 2001 ലെ സെൻസസ് പ്രകാരം 1032, 2011 ലെ സെൻസസ് പ്രകാരം 1040 എന്നിങ്ങനെ തുടർച്ചയായി വർദ്ധിക്കുന്നതായി കാണാം. അതീവ ശ്രദ്ധ പതിയേണ്ട കാര്യങ്ങളിലേക്ക് ഈ കണക്കുകൾ വിരൽ ചൂണ്ടുന്നു. ജില്ലയിലെ ആകെ പട്ടികജാതി സങ്കേതങ്ങൾ, കുടുംബങ്ങൾ, ജനസംഖ്യ എന്നിവയും ജില്ലയിലെ ആകെ ഒറ്റപ്പെട്ട പട്ടികജാതി കുടുംബങ്ങൾ, ജനസംഖ്യ

പട്ടിക - 4.157

കുടുംബങ്ങൾ - ജനസംഖ്യ

സങ്കേതങ്ങൾ	സങ്കേതങ്ങളിൽ				ഒറ്റപ്പെട്ട കുടുംബങ്ങളിൽ				ആകെ			
	കുടുംബങ്ങൾ	ജനസംഖ്യ			കുടുംബങ്ങൾ	ജനസംഖ്യ			കുടുംബങ്ങൾ	ജനസംഖ്യ		
		പുരുഷന്മാർ	സ്ത്രീകൾ	ആകെ		പുരുഷന്മാർ	സ്ത്രീകൾ	ആകെ		പുരുഷന്മാർ	സ്ത്രീകൾ	ആകെ
1999	35206	68391	71183	139574	31548	63182	65655	128837	66754	131573	136838	268411

അവലംബം: വകുപ്പു തല റിപ്പോർട്ട്

പട്ടിക 4.158 ൽ നിന്നും ജനസംഖ്യയെ പ്രായാടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നു. ജനസംഖ്യയിൽ 7.4%, 65 വയസിനും അതിനു മുകളിലുള്ളവരാണെന്നും അവരുടെക്ഷേമത്തിന് പ്രത്യേക പദ്ധതികൾ ആവശ്യമാണെന്നും മനസിലാക്കാം.

പട്ടിക - 4.158

ജനസംഖ്യ പ്രായാടിസ്ഥാനത്തിൽ

0-5	6-14	15-17	18-21	22-25	26-29	30-44	45-59	60-64	65 വയസ്സും മുകളിലും	ആകെ
6.4 %	12.7%	4%	4.2%	6.9%	6.9%	26.6%	19.4%	3.8%	7.4%	
21785	34088	10736	11273	18480	18520	71397	52072	10200	19860	268411

അവലംബം: വകുപ്പു തല റിപ്പോർട്ട്

വിദ്യാഭ്യാസം

ലോകമെങ്ങും ഇന്ന് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന വിഷയം വിദ്യാഭ്യാസമാണ്. കാരണം, ലോകത്തിന്റെ മാറ്റം ആദ്യം പ്രതിഫലിക്കുന്നത് വിദ്യാഭ്യാസത്തിലാണെന്നതു തന്നെ. ഭാവി സമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വികസിപ്പിച്ചുകൊണ്ടു മാത്രമേ വിദ്യാഭ്യാസ രംഗത്തെ ഏതു പരിവർത്തനത്തിനും തുടക്കം കുറിക്കാൻ കഴിയൂ. പുരോഗമനപരമായ ദർശനങ്ങളുടെയും പഠനങ്ങളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കണം ഭാവി സമൂഹത്തെ വളർത്താനുതകുന്ന വിദ്യാഭ്യാസ പ്രക്രിയക്ക് കരുത്തു നൽകേണ്ടത്. നൂറ്റാണ്ടുകളായി അടിമത്വത്തിന്റെ നുകത്തിനു കീഴിൽ ജീവിച്ച് സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ, സാംസ്കാരിക രംഗങ്ങളിൽ നിന്നെല്ലാം അകറ്റി നിർത്തപ്പെട്ട ഒരു സമൂഹം; ആ ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിന് വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധിക്കൂ.

പട്ടിക – 4.159
സാക്ഷരതാ നിരക്ക്

വർഷം	സ്ത്രീകൾ	പുരുഷൻമാർ	ആകെ	ശതമാനം
1991	93074	84407	177481	73.4
2001	104409	97981	202390	76.8
2011	113117	111065	224182	83.5

അവലംബം: വകുപ്പു തല റിപ്പോർട്ട്

പട്ടിക 4.159 ൽ ജില്ലയിലെ പട്ടികജാതി ജനവിഭാഗങ്ങളുടെ സാക്ഷരതാ നിരക്ക് ക്രമമായി വർദ്ധിക്കുന്നതായി കാണാം. 1991-ൽ 73.4, 2001-ൽ 76.8, 2011-ൽ 83.5 എന്നിങ്ങനെ സാക്ഷരതാ നിരക്ക് കൂടുന്നു. പട്ടിക പരിശോധിച്ചാൽ പുരുഷ സാക്ഷരതയാണ് (86%) അല്പം മുന്നിട്ട് നിൽക്കുന്നത് എന്ന് മനസ്സിലാക്കാം. സ്ത്രീ സാക്ഷരത (81.16%) ആണ്. 2011-ലെ സെൻസസ് പ്രകാരം ജില്ലയിലെ പട്ടികജാതി ജനവിഭാഗങ്ങളിൽ 83.5% പേരും സാക്ഷരത നേടിയിട്ടുണ്ട്. വിദ്യാലയങ്ങളിൽ പഠിക്കുന്നവരുടെ കണക്ക് വിശകലനം ചെയ്യുമ്പോൾ ആശാസ്യമല്ലാത്ത വസ്തുത, വിദ്യാർത്ഥികൾ പഠന കാലയളവിൽ കൊഴിഞ്ഞു പോകുന്ന പ്രവണത മറ്റ് ജനവിഭാഗങ്ങളേക്കാൾ കൂടുതലാണ് എന്നതാണ്. വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്കിന്റെ കാരണം വിശകലനം ചെയ്യുമ്പോൾ തോൽവി മൂലം 57% പേർ പഠനം ഉപേക്ഷിക്കുന്നു എന്നാണ് മനസ്സിലാകുന്ന വസ്തുത. ദാരിദ്ര്യം (504%), സാമ്പത്തിക പരാധീനത (24%), അനൃതാബോധം (1%) തുടങ്ങിയവയാണ് പഠനം ഉപേക്ഷിക്കുന്നതിനുള്ള മറ്റ് കാരണങ്ങൾ. പ്രൈമിറി തലത്തിൽ 7% വും സെക്കന്ററി തലത്തിൽ 56% ഹയർസെക്കന്ററി തലത്തിൽ 29% ബിരുദം, ബിരുദാനന്തര ബിരുദ തലത്തിൽ 6%വും, സർട്ടിഫിക്കറ്റ്/ഡിപ്ലോമ മറ്റ് പ്രൊഫഷണൽ കോഴ്സുകളിൽ 2%വും പേർ കൊഴിഞ്ഞു പോകുന്നതായാണ് ഡേറ്റ വിശകലനം ചെയ്യുമ്പോൾ മനസ്സിലാകുന്നത്. സെക്കന്ററി തലത്തിലാണ് ഏറ്റവും കൂടുതൽ കുട്ടികൾ കൊഴിഞ്ഞു പോകുന്നത്. രക്ഷകർത്താക്കളുടെയും അദ്ധ്യാപകരുടെയും കൂടുതൽ ശ്രദ്ധ വിദ്യാർത്ഥികളുടെ മേൽ ഉണ്ടാകണം എന്ന വസ്തുതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ രംഗത്ത് ആർട്സ് ആന്റ് സയൻസ് കോളേജിൽ കഴിഞ്ഞ രണ്ടു വർഷം പഠിച്ച വിദ്യാർത്ഥികളുടെ സ്ഥിതി വിവര കണക്കുകൾ വ്യക്തമാക്കുന്നത് കോളേജ് വിദ്യാഭ്യാസ തലത്തിൽ തുടർ വിദ്യാഭ്യാസം കാര്യമായ രീതിയിൽ പുരോഗമിക്കുന്നുണ്ടെന്നാണ്. എന്നാൽ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ജനസംഖ്യാനുപാതികമായ വർദ്ധനവ് ഇക്കാലയളവിൽ ഉണ്ടായിട്ടില്ല. വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റം ഉണ്ടാക്കുവാൻ വേണ്ട പഠനവും അതിനനുസൃതമായ

പദ്ധതികളും വിദ്യാഭ്യാസ മേഖലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതായിട്ടുണ്ട്.

- **നേഴ്സറി സ്ക്കൂൾ**

ജില്ലയിൽ വകുപ്പിനു കീഴിൽ 18 നേഴ്സറി സ്ക്കൂളുകൾ പ്രവർത്തിച്ചു വരുന്നു.

- **ഐ ടി സി**

ഇടപ്പിള്ളിയിലുള്ള ഐ ടി സി-യിൽ മോട്ടോർ മെക്കാനിക് വെൽഡിംഗ് എന്നീ കോഴ്സുകളിൽ ആൺകുട്ടികളാണ് പഠിച്ചുവരുന്നത്. മോട്ടോർ മെക്കാനിക് കോഴ്സിനു പഠിക്കുന്ന 21 വിദ്യാർത്ഥികളിൽ 18 പേർ പട്ടികജാതിയിൽ പ്പെട്ടവരും വെൽഡിംഗ് കോഴ്സിനു പഠിക്കുന്ന 16 വിദ്യാർത്ഥികളിൽ 15 പേർ പട്ടികജാതിയിൽപ്പെട്ടവരുമാണ്.

- **മോഡൽ റസിഡൻഷ്യൽ സ്കൂൾ**

പട്ടികജാതിയിൽപ്പെട്ട സമർത്ഥരായ ആൺകുട്ടികളായ വിദ്യാർത്ഥികൾക്കുവേണ്ടി പബ്ളിക് സ്കൂൾ മാതൃകയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കീഴ്മാട് ആലുവയിൽ പ്രവർത്തിക്കുന്നു. 1998 ഒക്ടോബർ മാസത്തിൽ പ്രവർത്തനം തുടങ്ങിയ സ്കൂളിൽ ഇപ്പോൾ 5-ാം ക്ളാസ് മുതൽ പ്ളസ്ടു വരെയുള്ള ക്ളാസ്സുകളിലായി 253 കുട്ടികൾ പഠിക്കുന്നു. 16-17 വർഷത്തിൽ കുട്ടികളുടെ ചെലവിലേക്കായി 82,22,478/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

- **വിദ്യാഭ്യാസ വിശകലനം & പരിപ്രേക്ഷ്യം**

നമ്മുടെ ജനസംഖ്യയുടെ 32%വും കൗമാരക്കാരാണ്. അതു തന്നെയാണ് രാജ്യത്തിന്റെ ശക്തിയും ഈ യുവതലമുറയെ ഉപയോഗിച്ചു തന്നെ രാജ്യത്തിന് പുരോഗതി കൈവരിക്കാനാകും. മാന്യ കാലത്തു നിന്നു കര കയറി തുടങ്ങിയതിനാൽ ടൂറിസം, ഹോട്ടൽ, ഏവിയേഷൻ രംഗങ്ങളിൽ വൻ വളർച്ചയുണ്ടാകുമെന്നു കരുതാം. പരമ്പരാഗത ടെക്നിക്കൽ കോഴ്സുകൾക്ക് പുറമേ കമ്പ്യൂട്ടർ ടെക്നോളജി, നഴ്സിങ്, സേഫ്റ്റി എൻജിനീയറിംഗ്, ഹെവി എക്യുപ്മെന്റ് ഓപ്പറേഷൻ തുടങ്ങിയവയിൽ ഡിപ്ളോമകോഴ്സുകൾ ആരംഭിക്കണം. ഒപ്പം ഇംഗ്ളീഷിൽ പ്രാവീണ്യം നേടാൻ കമ്മ്യൂണിക്കേറ്റീവ് ഫൗണ്ടേഷൻ കോഴ്സുകളും ആരംഭിക്കുന്നത് നന്നായിരിക്കും ഭാവിയിൽ വൻ തൊഴിൽ സാധ്യതയും ഉയർന്ന വരുമാനവും ലഭിക്കാൻ സഹായിക്കുന്ന ഇത്തരം കോഴ്സുകൾ ദീർഘവീക്ഷണത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുക.

പട്ടികജാതി ജനവിഭാഗങ്ങളുടെ സാക്ഷരത നിരക്ക് ക്രമമായി വർദ്ധിച്ച് 83.5% ആയിട്ടുണ്ട്. 100% ആക്കുക എന്നതാണ് ലക്ഷ്യം കോളനികൾ കേന്ദ്രീകരിച്ച് ബോധവത്കരണ ക്ലാസ്സുകളും ചർച്ചകളും സംഘടിപ്പിച്ച് ലക്ഷ്യം നേടാവുന്നതാണ്. സെക്കന്ററി, ഹയർ സെക്കന്ററിതലത്തിലുള്ള പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്കാണ് വിദ്യാഭ്യാസതലത്തിൽ ഈ സമൂഹം നേരിടുന്ന ഒരു പ്രധാന പ്രശ്നം. കൊഴിഞ്ഞു പോക്കിന്റെ യഥാർത്ഥ കാരണം കണ്ടെത്തി പരിഹരിക്കുന്നതിന് സ്ക്കൂൾതലത്തിൽ പദ്ധതികൾ ആവിഷ്കരിക്കാവുന്നാണ്.

പട്ടിക – 4.160
വിദ്യാഭ്യാസ സ്ഥിതി

പട്ടികജാതിക്കാരുടെ പ്രായവും വിദ്യാഭ്യാസവും															
വിദ്യാഭ്യാസ നിലവാരം															
ക്രമ നം.	പ്രായം	നിരക്ഷരർ	സാക്ഷരർ/ നവ സാക്ഷരർ	പ്രൈമറി തലം	സെക്കന്ററി തലം	എസ്.എസ്.എൽ.സി ജയിച്ചു	പി.ഡി.സി/+2 ജയിച്ചു	ബിരുദം	ബിരുദാനന്തര ബിരുദം	എൻജിനീയറിംഗ് ബിരുദം	എൻജിനീയറിംഗ് ഡിപ്ലോമ	മെഡിസിനൽ ഡിപ്ലോമ	മറ്റ് പ്രൊഫഷണൽ ബിരുദം	മറ്റ് പ്രൊഫഷണൽ ഡിപ്ലോമ	ആകെ
1.	2.	3.	4.	5.	6.	7.	8.	9.	10.	11.	12.	13.	14.	15.	16.
1.	05-09 yrs	24	0	12715	0	0	0	0	0	0	0	0	0	0	12379
2.	10-14 yrs	10	0	9730	5217	0	0	0	0	0	0	0	0	0	14957
3.	15-21 yrs	27	0	760	6020	6065	5456	653	0	0	12	0	19	230	19242
4.	22-29 yrs	98	0	2234	10901	5418	4069	2847	580	146	102	13	204	720	27332
5.	30-44 yrs	640	70	13098	23079	9445	3365	1608	367	69	63	13	151	533	52501
6.	45-59 yrs	3204	333	20027	10576	2761	763	404	47	16	19	5	30	220	38405
7.	above 60 yrs	8639	625	10088	1993	566	107	95	20	2	7	3	9	89	22243
	ആകെ	12642	1028	686652	57786	24255	13760	5607	1014	233	203	34	413	1792	187419

ഭവനം

പട്ടിക – 4.161
കൈവശഭൂമിയുള്ള ഭവനരഹിത കുടുംബങ്ങൾ

സങ്കേതത്തിൽ താമസിക്കുന്നവർ		ഒറ്റപ്പെട്ടു താമസിക്കുന്നവർ		ആകെ	
കുടുംബങ്ങൾ	ഭൂമിയുള്ള ഭവന രഹിത കുടുംബങ്ങൾ	കുടുംബങ്ങൾ	ഭൂമിയുള്ള ഭവന രഹിത കുടുംബങ്ങൾ	കുടുംബങ്ങൾ	ഭൂമിയുള്ള ഭവന രഹിത കുടുംബങ്ങൾ
35206	1049	31548	827	66754	1876

അവലംബം: വകുപ്പു തല റിപ്പോർട്ട്

മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിലൊന്നാണ് വീട്. വീട് നിർമ്മിക്കാൻ ആവശ്യമായ ഭൂമി ഉണ്ടെങ്കിലും ജില്ലയിൽ 1876 പട്ടികജാതി കുടുംബങ്ങൾക്ക് ഇപ്പോഴും സ്വന്തമായി ഭവനമില്ല. ഇത്തരത്തിലൂടെ ഭവനരഹിതകുടുംബങ്ങൾ ജില്ലയിൽ എല്ലാ ഭാഗത്തുമുണ്ട്. മൂവാറ്റുപുഴ, ആലങ്ങാട്, വടവുകോട്, പാറക്കടവ് എന്നീ ബ്ളോക്കുകളിലാണ് ഭവനരഹിതർ കൂടുതലായിട്ടുള്ളത്. നഗരസഭകളിൽ പൊതുവെ ഭവനരഹിതരുടെ എണ്ണം കുറവാണ്. തൃപ്പൂണിത്തുറ (61), പെരുമ്പാവൂർ (34), കളമശ്ശേരി (35) എന്നീ നഗരസഭകളിലാണ് ഭവനരഹിതരുടെ എണ്ണം കൂടുതലായിട്ടുള്ളത്. കൊച്ചി കോർപ്പറേഷനിൽ 52 കുടുംബങ്ങൾ ഭവനരഹിതരായിട്ടുണ്ട്.

പട്ടിക – 4.162

സങ്കേതത്തിൽ താമസിക്കുന്നവർ		ഒറ്റപ്പെട്ടു താമസിക്കുന്നവർ		ആകെ	
കുടുംബങ്ങൾ	ഭൂരഹിത ഭവന രഹിത കുടുംബങ്ങൾ	കുടുംബങ്ങൾ	ഭൂരഹിത ഭവന രഹിത കുടുംബങ്ങൾ	കുടുംബങ്ങൾ	ഭൂരഹിത ഭവന രഹിത കുടുംബങ്ങൾ
35206	943	31548	1477	66754	2420

ഭൂരഹിത ഭവനരഹിത കുടുംബങ്ങൾ
അവലംബം: വകുപ്പു തല റിപ്പോർട്ട്

ഒരു തുണ്ട് ഭൂമിയുടെ ഉടമസ്ഥാവകാശം ഈ ജനതയുടെ അടിസ്ഥാനാവശ്യവും സാമൂഹികമായ അംഗികാരത്തിന്റെ ഒരു പ്രതീകവുമാണ്. ഭൂമിയുടെ വിതരണം മുഖ്യമായും പൊതുസമൂഹങ്ങൾക്കിടയിലാണുള്ളത്. 66754 പട്ടികജാതി കുടുംബങ്ങൾക്കായി 437978 സെന്റ് ഭൂമി മാത്രമാണ് കൈവശമുള്ളത്. ജില്ലയിൽ 1999 സങ്കേതങ്ങളിലായി 35206 കുടുംബങ്ങളും, 6548 (18.6%) ഉപകുടുംബങ്ങളുമുണ്ട്. ഒറ്റപ്പെട്ട് താമസിക്കുന്നവർക്ക് 31548 കുടുംബങ്ങളും 7887 (25) ഉപകുടുംബങ്ങളുമുണ്ട്. ജില്ലയിൽ ആകെ 14435 (21.6%) ഉപകുടുംബങ്ങളുണ്ട്. ഇവർക്ക് സ്വന്തമായി ഭൂമിയും ഭവനവും കൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. (അനുബന്ധം 4.15).

ഉപകുടുംബങ്ങളെ അധിവസിപ്പിക്കൽ കുടുംബങ്ങളും ഉപകുടുംബങ്ങളും

പട്ടിക – 4.163

സങ്കേതങ്ങളിൽ		ഒറ്റപ്പെട്ട കുടുംബങ്ങളിൽ		ആകെ	
കുടുംബങ്ങൾ	ഉപകുടുംബങ്ങൾ	കുടുംബങ്ങൾ	ഉപകുടുംബങ്ങൾ	കുടുംബങ്ങൾ	ഉപകുടുംബങ്ങൾ
35206	6548	31548	7887	66754	14435

ഭവനം വിശകലനം & പരിപ്രേക്ഷ്യം

പട്ടികജാതിക്കാരായ ഭൂരഹിത ഭവനരഹിതർക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ലൈഫ് മിഷൻ പദ്ധതിയിയലൂടെയും സർക്കാരിന്റെ മറ്റ് വിവിധ പദ്ധതികളിലൂടെയും സുരക്ഷിത ഭവനം എന്ന ലക്ഷ്യം കൈവരിയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആരോഗ്യം

കേരളം ആരോഗ്യ കാര്യത്തിൽ മുൻപന്തിയിൽ തന്നെ. മരണ നിരക്കിന്റെ ഗ്രാഫ് താഴേക്ക് മാറുന്നതും ആയുർ ദൈർഘ്യത്തിന്റെ ഗ്രാഫ് മേൽപ്പോട്ടുയരുന്നതും ഇതിന്റെ തെളിവുകളാണ്. 1995-ൽ ശരാശരി ആയുർ ദൈർഘ്യം 47 ആയിരുന്നത് 2005-ൽ 65 ആയി ഉയർന്നു. 2050 ആകുമ്പോഴേക്കും ആയുർദൈർഘ്യം 75-നു മുകളിലാകുമെന്ന് കണക്കാക്കുന്നു. 2001-ലെ ജനസംഖ്യാ പഠനമനുസരിച്ച് കേരളത്തിലെ ജനസംഖ്യയിൽ 10.5% ആൾക്കാരും വൃദ്ധരാണ്. 2011-ലെ നസംഖ്യയനുസരിച്ച് ഇത് 15% വർദ്ധിച്ചു. 2021-ഓടുകൂടി ഇത് 18 -20% ആയി വർദ്ധിക്കുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇത് വൃദ്ധ ജനങ്ങളുടെ എണ്ണം വളരെയധികം വർദ്ധിക്കാനിടയാക്കും. വളരെ ഗുരുതരമായ സാമൂഹ്യ പ്രശ്നങ്ങളിലേക്കായിരിക്കും ഇത് കൊണ്ട് ചെന്നെത്തിക്കുക. വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഭരണകൂടത്തിന് ഒഴിഞ്ഞു നിൽക്കുവാൻ സാധിക്കുകയില്ല. വാർധക്യം അനിവാര്യമായ സത്യമാണ്. നഷ്ടങ്ങളുടെയും പോരായ്മകളുടെയും കാലം. ജനിച്ചു വളർന്ന വീട്ടിൽതന്നെ ശിഷ്ടകാലം സന്തോഷത്തോടും സമാധാനത്തോടും കൂടി ജീവിക്കുന്നതിന് വേണ്ട പദ്ധതികൾക്കാണ് ഇനി ഊന്നൽ കൊടുക്കേണ്ടത്. ശേഷിച്ച കാലം സ്വസ്ഥമായി കഴിഞ്ഞു കൂടാൻ അവർക്കുള്ള അവകാശം ഒരിക്കലും ചോദ്യം ചെയ്യപ്പെടാവുന്നതല്ല. ചില കാരണങ്ങൾകൊണ്ട് അത് നിഷേധിക്കപ്പെട്ടാൽ ഭരണഘടനയുടെ

അടിസ്ഥാനത്തിൽ അവകാശ സംരക്ഷണത്തിന് അർഹതയുണ്ട്. മാറ്റത്തിൽ നിന്നും മാറ്റത്തിലേയ്ക്ക് പറന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ ആരോഗ്യ സംരക്ഷണമെന്നത് സവിശേഷ പ്രാധാന്യമർഹിക്കുന്ന വിഷയമാണ്. പത്തിരുപത് വർഷങ്ങൾക്ക് മുൻപുള്ള ജീവിത രീതികളിൽ നിന്നും വളരെയധികം മാറ്റങ്ങൾ സംഭവിച്ചിട്ടുള്ളതാണ് ഇന്നത്തെ ജീവിതചര്യകൾ. പ്രത്യേകിച്ചും ഫാസ്റ്റ് ഫുഡ് സംസ്കാരത്തിന്റെ വക്താക്കളായി മലയാളികൾ മാറിക്കൊണ്ടിരിക്കുന്നു. യുവത്വത്തിന്റെ ആരംഭ ദശയിൽ തന്നെ ഇന്ന് നല്ലൊരു വിഭാഗം ആൾക്കാർ അമിത വണ്ണം, പ്രമേഹം, ഹൃദയസംബന്ധിയായ പ്രശ്നങ്ങൾ കൊളസ്ട്രാൾ എന്നിവയ്ക്കടിമപ്പെടുന്നു.

പട്ടിക – 4.164
ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ

ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ				മാനസിക വെല്ലുവിളി നേരിടുന്നവർ				ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ			
കുടുംബങ്ങൾ	വ്യക്തികൾ			കുടുംബങ്ങൾ	വ്യക്തികൾ			കുടുംബങ്ങൾ	വ്യക്തികൾ		
	പുരുഷന്മാർ	സ്ത്രീകൾ	ആകെ		പുരുഷന്മാർ	സ്ത്രീകൾ	ആകെ		പുരുഷന്മാർ	സ്ത്രീകൾ	ആകെ
1639	916	841	1757	812	453	395	848	2451	1369	1236	2605

അവലംബം: വകുപ്പു തല റിപ്പോർട്ട

- **ആരോഗ്യം വിശകലനം & പരിപ്രേക്ഷ്യം**

ഇന്ത്യൻ സംസ്ഥാനങ്ങളിൽ ജീവിത ശൈലി രോഗങ്ങളിൽ ഏറ്റവും മുന്നിലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കേരളീയരെ പൊതുവെ ബാധിച്ചിരിക്കുന്ന ജീവിതശൈലി രോഗങ്ങളുടെ വ്യാപനം ജില്ലയിലെ പട്ടികജാതില ജനസമൂഹത്തിലും കാണാവുന്നതാണ്. ഹൃദ്രോഗം, ക്യാൻസർ,ദ മുതലായ രോഗങ്ങൾ സർവ്വസാധാരണമായികൊണ്ടിരിക്കുന്നു. വെറും മരുന്നിലും ശാസ്ത്രക്രിയയിലും തീരുന്നതല്ല കേരളത്തിന്റെ രോഗങ്ങൾ, മനസ്സിന്റെയും ശരീരത്തിന്റെയും സാഹചര്യങ്ങളുടെയും ലയം ഉറപ്പു വരുത്തുന്നതരത്തിൽ കേരളീയരുടെ ജീവിത ശൈലിയിലാണ് ചികിത്സ വേണ്ടത്.

ഭക്ഷണത്തെക്കുറിച്ചു മാത്രമല്ല വ്യായാമത്തെയും വിശ്രമത്തെയും രോഗം വന്നവരുടെ പുനരധിവാസത്തെയും കുറിച്ചെല്ലാം വ്യക്തമായ കാഴ്ചപ്പാട് സർക്കാരിനും സമൂഹത്തിനും ഉണ്ടാകണം. സ്ത്രീകൾക്കും കുട്ടികൾക്കും ഉൾപ്പെടെ വ്യായാമത്തെയും വിശ്രമത്തെയും രോഗം വന്നവരുടെ പുനരധിവാസത്തെയും കുറിച്ചെല്ലാം വ്യക്തമായ കാഴ്ചപ്പാട് സർക്കാരിനും സമൂഹത്തിനും ഉണ്ടാകണം. സ്ത്രീകൾക്കും കുട്ടികൾക്കും ഉൾപ്പെടെവ്യായാമം നടത്തുന്നതിനുള ഹെൽത്ത് ക്ലബുകൾ, ജിംനേഷ്യം എന്നിവ പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

- **സാമ്പത്തികാവസ്ഥ**

ജനസംഖ്യയുടെ 32% ഉം കൗമാര പ്രായക്കാരാണ്. അതു തന്നെയാണ് രാജ്യത്തിന്റെ ശക്തിയും. ഈ

യുവതലമുറയെ ഉപയോഗിച്ചു തന്നെ രാജ്യത്തിന് പുരോഗതി കൈവരിക്കാനാകണം.

- **സാമ്പത്തിക തൊഴിൽ രംഗത്തെ വിശകലനം & പരിപ്രേക്ഷ്യം**

ലോകം ആസന്നഭാവിയിൽ നേരിടാൻ പോകുന്ന ഏറ്റവും വലിയ പ്രതിസന്ധികളിൽ ഒന്ന് തൊഴിൽ രംഗത്ത് സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റങ്ങളും അത് സാമ്പത്തിക, സാമൂഹ്യ രംഗത്ത് സൃഷ്ടിക്കുവാൻ പോകുന്ന പ്രശ്നങ്ങളുമായിരിക്കും, സാങ്കേതിക വിദ്യായിലെ നൂതന കണ്ടുപിടിത്തങ്ങൾ തൊഴിലുകൾ ഗണ്യമായി കുറയ്ക്കും. ഭക്ഷ്യക്ഷാമം അതി രൂക്ഷമായി കൊണ്ടിരിക്കുന്ന ഇക്കാലത്ത് നമ്മുടെ തരിശായി കിടക്കുന്ന ഭൂമിയിലെല്ലാം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനാണ് സർക്കാരുകൾ മുൻഗണന കൊടുക്കേണ്ടത്. കാർഷിക മേഖലയെ ശക്തിപ്പെടുത്തിയാൽ ഇവിടത്തെ തൊഴിൽ മേഖലയും, സാമ്പത്തിക സ്ഥിതിയും ഭക്ഷ്യക്ഷാമവും പരിഹരിക്കപ്പെടും.

പട്ടിക – 4.165

തൊഴിൽ										
15-59 വയസ്സ് പ്രായമുള്ളവരുടെ തൊഴിൽ										
		സങ്കേതത്തിൽ താമസിക്കുന്നവർ			ഒറ്റപ്പെട്ട് താമസിക്കുന്നവർ			ആകെ		
ക്രമ നം.	തൊഴിൽ മേഖല	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പുരുഷന്മാർ	സ്ത്രീകൾ	ആകെ
1	2	3	4	5	6	7	8	9	10	11
1	സ്ഥിരം തൊഴിൽ - സർക്കാർ	1253	611	1864	1771	878	2649	3024	1489	4513
2	സ്ഥിരം തൊഴിൽ - അർദ്ധ സർക്കാർ സ്ഥാപനത്തിൽ	95	56	151	58	22	80	153	78	231
3	സ്ഥിരം തൊഴിൽ - സ്വകാര്യ സ്ഥാപനത്തിൽ	172	91	263	187	96	283	359	187	546
4	സ്ഥിരം തൊഴിൽ - സഹകരണ മേഖല	3	2	5	15	0	15	18	2	20
5	താത്കാലിക തൊഴിൽ - സർക്കാർ	76	97	173	49	83	132	125	180	305
6	താത്കാലിക തൊഴിൽ - അർദ്ധ സർക്കാർ സ്ഥാപനത്തിൽ	24	18	42	10	23	33	34	41	75
7	താത്കാലിക തൊഴിൽ - സ്വകാര്യ സ്ഥാപനത്തിൽ	1000	749	1749	1597	968	2565	2597	1717	4314
8	താത്കാലിക തൊഴിൽ - സഹകരണ മേഖല	90	98	188	5	6	11	95	104	199
9	സ്വയം തൊഴിൽ - മത്സ്യബന്ധനം	57	16	73	20	6	26	77	22	99
10	സ്വയം തൊഴിൽ - മത്സ്യവിപണനം	72	11	83	10	0	10	82	11	93
11	സ്വയം തൊഴിൽ - മൃഗപരിപാലനം	4	7	11	5	5	10	9	12	21
12	സ്വയം തൊഴിൽ - കാർഷിക മേഖല	3	4	7	2	0	2	5	4	9
13	സ്വയം തൊഴിൽ - പരമ്പരാഗത മേഖല	18	22	40	36	9	45	54	31	85
14	മറ്റ് സ്വയം തൊഴിൽ	669	204	873	573	237	810	1242	441	1683
15	കൂലിപ്പണി - കാർഷികേതര മേഖല	3669	1411	5080	2492	594	3086	6161	2005	8166
16	കൂലിപ്പണി - കൃഷിയും അനുബന്ധ മേഖലകളും	2843	1629	4472	2040	1157	3197	4883	2786	7669
17	കൂലിപ്പണി - മറ്റ് മേഖല	13043	3819	16862	11890	3524	15414	24933	7343	32276
18	തൊഴിലാളി - മത്സ്യബന്ധനം	444	94	538	396	32	428	840	126	966
19	തൊഴിലാളി - മത്സ്യവിപണനം	42	17	59	143	36	179	185	53	238

20	തൊഴിലാളി – മൃഗപരിപാലനം	6	14	20	2	5	7	8	19	27
21	തൊഴിലാളി – പരമ്പരാഗത മേഖല	33	23	56	16	6	22	49	29	78
22	തൊഴിലാളി – കെട്ടിട നിർമ്മാണ മേഖല	2142	343	2485	1204	152	1356	3346	495	3841
	ആകെ തൊഴിൽ ചെയ്യുന്നവർ	25761	9340	35099	22527	7846	30368	48288	17185	65465

സാമ്പത്തിക തൊഴിൽ രംഗത്തെ വിശകലനം & പരിപ്രേക്ഷ്യം

ലോകം ആസന്നഭാവിയിൽ നേരിടാൻ പോകുന്ന ഏറ്റവും വലിയ പ്രതിസന്ധി കളിൽ ഒന്ന് തൊഴിൽ രംഗത്ത് സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റങ്ങളും അത് സാമ്പത്തിക, സാമൂഹ്യ രംഗത്ത് സൃഷ്ടിക്കുവാൻ പോകുന്ന പ്രശ്നങ്ങളുമായിരിക്കും, സാങ്കേതിക വിദ്യായിലെ നൂതന കണ്ടുപിടിത്തങ്ങൾ തൊഴിലുകൾ ഗണ്യമായി കുറയ്ക്കും. ഭക്ഷ്യക്ഷാമം അതി രൂക്ഷമായി കൊണ്ടിരിക്കുന്ന ഇക്കാലത്ത് നമ്മുടെ തരിശായി കിടക്കുന്ന ഭൂമിയിലെല്ലാം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനാണ് സർക്കാരുകൾ മുൻഗണന കൊടുക്കേണ്ടത്. കാർഷിക മേഖലയെ ശക്തിപ്പെടുത്തിയാൽ ഇവിടത്തെ തൊഴിൽ മേഖലയും, സാമ്പത്തിക സ്ഥിതിയും ഭക്ഷ്യക്ഷാമവും പരിഹരിക്കപ്പെടും.

സാംസ്കാരികവും ആസ്തികളും

പട്ടിക – 4.166

സങ്കേതങ്ങളിലെ പൊതു ആസ്തികൾ

ക്രമ നം.	ആസ്തികളുടെ സ്ഥിതി	പൊതു ആസ്തികൾ														
		കമ്മ്യൂണിറ്റി ഹാൾ	കരിയർ ഗൈഡൻസ്	മാതൃ ശിശുകേന്ദ്രം	ആഗ്രോ സരവ്വീസ സെന്റർ	അംഗൻവാടി	ടിവി/റേഡിയോ കിയോസ്ക്	ലൈബ്രറി/വായനശാല	ക്ളബ്ബ്	പാരമ്പര്യ കലാകേന്ദ്രം	ജലവിതരണ പദ്ധതി	ജലസേചന പദ്ധതി	ലിഫ്റ്റ് ഇറിഗേഷൻ	പൊതു കെട്ടിടം	സോളാർ വിളക്ക്	മറ്റുള്ളവ
1	പ്രവർത്തിക്കുന്നവ	106	3	52	9	455	11	83	67	8	118	32	9	51	14	30
2	പ്രവർത്തനക്ഷമ മാണെങ്കിലും പ്രവർത്തിക്കാത്തവ	3	3	2	2	1	3	3	3	2	4	1	3	4	6	2
3	പ്രവർത്തനക്ഷമമല്ലാത്തവ	4	0	0	3	1	11	1	1	0	9	2	3	0	2	2
4	പുനരുദ്ധാരണം നടത്തി പ്രവർത്തനക്ഷമമാക്കാവുന്നവ	9	0	3	2	6	6	2	2	0	17	5	2	2	6	4

സാംസ്കാരികം – ആസ്തികൾ വിശകലനം & പരിപ്രേക്ഷ്യം

സാംസ്കാരിക സ്ഥാപനങ്ങളുടെ അപര്യാപ്തത സാംസ്കാരിക രംഗത്ത് ഈ ജനസമൂഹത്തെ വളരെ പിന്നോക്കം നിറുത്തുന്നു. ഈ രംഗത്ത് കൂടുതൽ സ്ഥാപനങ്ങൾ ഉണ്ടാക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

പട്ടികജാതി വികസന ക്ഷേമ പദ്ധതികൾ

A. പട്ടികജാതി വിഭാഗത്തിന് നിലവിലുള്ള പദ്ധതികളും പരിപാടികളും ര-ായി തരം തിരിക്കാം.

B. പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടപ്പാക്കുന്നവ

C. തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നവ

A. <u>വകുപ്പുതല പരിപാടികൾ</u>

I. വിദ്യാഭ്യാസപരിപാടികൾ
II. സാമ്പത്തികവികസന പരിപാടികൾ
III. സാമൂഹ്യക്ഷേമ പരിപാടികൾ
IV. സാംസ്കാരിക പരിപാടികൾ
V. നിയമാധിഷ്ഠിത സേവനങ്ങൾ

I. <u>വിദ്യാഭ്യാസപരിപാടികൾ</u>

പട്ടികജാതി വികസന വകുപ്പിന്റെ പ്രധാന മേഖല വിദ്യാഭ്യാസ പുരോഗതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ്. വിദ്യാഭ്യാസ പുരോഗതിയിലൂടെ മാത്രമേ ഒരു സമൂഹം ശാശ്വതമായി വളരുകയുള്ളൂ എന്നതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കുന്നത്.

1. **നഴ്സറി സ്കൂളുകൾ**:- എറണാകുളം ജില്ലയിൽ വകുപ്പ് 18 നഴ്സറി സ്കൂളുകൾ നടത്തി വരുന്നു. ഓരോ കുട്ടിക്കും 30/- രൂപ പ്രതിദിന ഫീഡിംഗ് ചാർജ്, യൂണിഫോമിന് 600/- രൂപ, 190/ രൂപ ലംപ്സം ഗ്രാന്റ് എന്നിവ നൽകുന്നു. ഓരോ നഴ്സറി സ്കൂളിലും 30 കുട്ടികൾക്ക് പ്രവേശനം നൽകുന്നു. ഇതിൽ പൊതു വിഭാഗത്തിൽ നിന്നും 25% വരെ കുട്ടികൾക്ക് പ്രവേശനം നൽകുന്നു.

2. **പ്രീ മെട്രിക് വിദ്യാഭ്യാസം (10-ാം ക്ളാസ് വരെ):-** എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാർ അംഗീകൃത അൺ എയ്ഡഡ് സ്കൂളിലും പഠിക്കുന്ന പട്ടികജാതി/മറ്റർഹ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നു.

a. **<u>ലംപ്സംഗ്രാന്റ് നിരക്ക്</u>**

1 മുതൽ 4 വരെ	320/-രൂപ
5 മുതൽ 7 വരെ	630/- രൂപ
8 മുതൽ 10 വരെ	940/- രൂപ

ഒരു വർഷം തോറ്റവർക്ക് പകുതി തുക

b. **<u>സ്റ്റൈപ്പന്റ്</u>**

വേടൻ, വേട്ടുവ നായാടി, അരുന്ധതിയാർ, കള്ളാടി എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നു.

1 മുതൽ 4 വരെ	30/-രൂപ
5 മുതൽ 7 വരെ	60/- രൂപ
8 മുതൽ 10 വരെ	190/- രൂപ

c. **<u>9,10 ക്ളാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര സഹായ പദ്ധതി) നിരക്കുകൾ</u>**

	ഹോസ്റ്റലേഴ്സ്	ഡേ സ്കോളർ
സ്കോളർഷിപ്പ് (പ്രതിമാസം)	350/-	150/-
ബുക്ക് ഗ്രാന്റ്	1000/-	750/-

d. **<u>വൃത്തിഹീനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം (കേന്ദ്ര സഹായ പദ്ധതി)</u>**

ജാതി മത പരിഗണന കൂടാതെ ഈ ആനുകൂല്യം നൽകുന്നു. പ്രതിമാസ സ്റ്റൈപ്പന്റ് 1-ാം ക്ളാസ് മുതൽ 10-ാം ക്ളാസ് വരെ 110/- രൂപ

അഡ്ഹോക്ക് ഗ്രാന്റ് 750/ രൂപ (ഡേ സ്കോളേഴ്സ്)
ഹോസ്റ്റൽ അന്തേവാസികൾക്ക് 1000/-രൂപ

e. അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ളാസ്സ് വരെ പഠിക്കുന്ന പട്ടികജാതി മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ് ചെയ്തു നൽകുന്നു.

f.

<u>നിരക്കുകൾ</u>

എൽപി യുപി ഫീസ്	- 1000/- രൂപ
സ്പെഷ്യൽ ഫീസ്	- 333/- രൂപ
എച്ച് എസ് ഫീസ്	-1500/- രൂപ
സ്പെഷൽ ഫീസ്	- 500/- രൂപ

g. **ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം**:-

പട്ടികജാതി വിഭാഗത്തിൽപ്പെട്ട മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരം പുലർത്തുന്ന സ്വകാര്യ ബോർഡിംഗ് സ്കൂളിൽ താമസിച്ച് പഠിക്കുന്നതിന് 5-ാം ക്ളാസ് മുതൽ സൗകര്യം

h. **ശ്രീ. അയ്യങ്കാളി ടാലന്റ് സർച്ച് സ്കോളർഷിപ്പ് :-**
4,7 ക്ളാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് 10-ാം ക്ളാസ്സ് വരെ പ്രതിവർഷം 4500/- രൂപ വീതം സ്കോളർഷിപ്പ്

i. **മോഡൽ റസിഡൻഷ്യൽ സ്കൂൾ :-**
5-ാം ക്ളാസ് മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി വകുപ്പിനു കീഴിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ആലുവ കീഴ്മാട് പ്രവർത്തിച്ചു വരുന്നു.

j. **പ്രീ മെട്രിക് ഹോസ്റ്റലുകൾ**:
ജില്ലയിൽ 5 പ്രി മെട്രിക് ഹോസ്റ്റലുകൾ ഉണ്ട്. ഇതിൽ 2 എണ്ണം ആൺകുട്ടികൾക്കും 3 എണ്ണം പെൺകുട്ടികൾക്കുള്ളതുമാണ്. 5-ാം ക്ളാസ് മുതലുള്ള വിദ്യാർത്ഥികൾക്കാണ് ഇവിടെ പ്രവേശനം അനുവദിക്കുന്നത്. ഓരോ കുട്ടിക്കും പോട്ടറ്റ് മണിയായി പ്രതിമാസം 130/- രൂപ വീതം നൽകുന്നു.
ഭക്ഷണത്തിനായി ഓരോ വിദ്യാർത്ഥിക്കും പ്രതിമാസം 2000/- രൂപ വീതം ചെലവിടുന്നു.

3. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം (10-ാം ക്ളാസിനു ശേഷം)

a. **<u>ലംപ്സം ഗ്രാന്റ് നിരക്ക്</u>**
പ്ളസ് ടു വി എച്ച് എസ് ഇ - 1130/- രൂപ
ഡിഗ്രി തത്തുല്യ കോഴ്സുകൾ - 1190/- രൂപ
പി ജി തത്തുല്യ കോഴ്സുകൾ - 1570/- രൂപ
പ്രൊഫഷണൽ കോഴ്സുകൾ -440 മുതൽ 3130/- രൂപ വരെ കോഴ്സ് അനുസരിച്ച്)

<u>മെയിന്റനൻസ് നിരക്ക്</u>

8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 630/- രൂപ
8 കിലോമീറ്റർ കൂടുതൽ യാത്ര ചെയ്തു വരുന്നവർക്ക് 750/- രൂപ

b. **<u>പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ</u>**

ജില്ലയിൽ രണ്ട് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ഉണ്ട്. കൊച്ചി കോർപ്പറേഷനിലാണ് ഇവ സ്ഥിതി ചെയ്യുന്നത്. ഒന്ന് ആൺകുട്ടി കൾക്കും ഒന്ന് പെൺകുട്ടികൾക്കും. അന്തേവാസികൾക്ക് ഭക്ഷണത്തി നായി പ്രതിമാസം ഒരാൾക്ക് 2300/- രൂപ ചെലവഴിക്കുന്നു. പോക്കറ്റ് മണിയായി 190/- രൂപ നൽകുന്നു.

c. **അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം:**
ഹോസ്റ്റൽ സൗകര്യം ഇല്ലാത്ത പ്രൊഫഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ബോർഡിംഗ് ഗ്രാന്റായി പ്രതിമാസം 1500/- രൂപ നൽകുന്നു.

d. **പ്രത്യേക പ്രോത്സാഹന സമ്മാനം** :
വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു. നിരക്ക് ചുവടെ.

<u>കോഴ്സ്</u>	<u>ഫസ്റ്റ് ക്ലാസ്/ ഗ്രേഡ്</u>	<u>ഡിസ്റ്റിംഗ്ഷൻ/ഗ്രേഡ്</u>
എസ് എസ് എൽസി	1500	2500
പ്ളസ് ടു /റ്റി റ്റി സി/ ഡിപ്ളോമ	2500	5000
ഡിഗ്രി	3500	7500
പി ജി മറ്റ് പ്രൊഫഷണൽ കോഴ്സുകൾ	5000	10000

e. **റാങ്ക് ജേതാക്കൾക്ക് സ്വർണ്ണ മെഡൽ**:

മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യ റാങ്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു പവൻ സ്വർണ്ണ നാണയം സമ്മാനമായി നൽകുന്നു.

പ്ളസ് ടു, എസ് എസ് എൽ സി പരീക്ഷകളിൽ എല്ലാ വിഷയത്തിനും എ പ്ളസ് ഗ്രേഡ് നേടുന്ന പട്ടികജാതി വിദ്യാർത്ഥി കൾക്ക് അരപവൻ സ്വർണ്ണ നാണയം നൽകി അനുമോദിക്കുന്നു.

f. **ക്ഷേത്ര പ്രവേശന വിളംബര സ്മാരക സ്കോളർഷിപ്പ് :**
1936 ലെ ക്ഷേത്ര പ്രവേശന വിളംബരത്തിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റ് തുകയുടെ പലിശയും സർക്കാർ ഗ്രാന്റും ചേർത്ത് ഡിഗ്രി/പിജി/എൽ.എൽ.ബി/ മെഡിക്കൽ/ എഞ്ചിനീയറിംഗ് പഠനം നടത്തുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നു.

g. **മെഡിക്കൽ എൻജിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം:**
എസ്എസ്എൽസിപരീക്ഷയിൽഎല്ലാവിഷയങ്ങൾക്കുംബി പ്ളസിനു മുകളിൽ ലഭിച്ച വിദ്യാർത്ഥികൾക്ക്മെഡിക്കൽ/എൻജിനീയറിംഗ് പരീക്ഷയ്ക്ക് ദീർഘ കാല കോച്ചിംഗിന് 20000/- രൂപ വരെ ധനസഹായം നൽകുന്നു.

h. **സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്ന വർക്ക് ആനുകൂല്യം:**

വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ സ്വാശ്രയ സ്ഥാപന ങ്ങൾ യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെരിറ്റിലോ റിസർവേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നൽകുന്നു.

i. എൻജിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവുകൾക്ക് തുക അനുവദിക്കുന്നു.

നിരക്ക്
മെഡിക്കൽ - 10000/-രൂപ
എൻജിനീയറിംഗ് - 5000/-രൂപ

j. **പ്രൈമറി എഡ്യൂക്കേഷൻ എയിഡ് :**
1 മുതൽ 4 വരെ ക്ളാസ്സുകളിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് യൂണിഫോം ബാഗ് കുട എന്നിവ വാങ്ങുന്നതിന് 2000/- രൂപ നൽകുന്നു.

k. **ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം**
പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി ധനസഹായം അനുവദിക്കുന്നു.

l. **സ്റ്റെതസ്കോപ്പ് വിതരണം :**
1-ാം വർഷ എം ബി ബി എസ്, ബി എം എസ്, ബിഎച്ച് എം എസ് വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റെതസ്കോപ്പ് നൽകി വരുന്നു.

m. **ബിരുദ/ബിരുദാനന്തര ബിരുദ കലാ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന/പരിശീലനോപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്നു.**

n. **ഗവ. ഓഫ് ഇന്ത്യ സ്കോളർഷിപ്പ് :**
ഇ ഗ്രാന്റ്സിന് അർഹതയില്ലാത്തതും 250000/- രൂപ വരെ വരുമാന മുള്ള പട്ടികജാതി കുടുംബത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് തലത്തിൽ കേരളത്തിനകത്തും പുറത്തും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

o. **സർക്കാർ സർക്കാർ അംഗികൃത സ്ഥാപനങ്ങളിൽ ഈവനിംഗ് കോഴ്സ് പഠിക്കുന്നതിന് കോഴ്സ് ഫീസ് അനുവദിക്കുന്നു.**

p. **വിദൂര വിദ്യാഭ്യാസത്തിനുള്ള സഹായം :**
യൂണിവേഴ്സിറ്റികളുടെ കറസ്പോണ്ടൻസ് കോഴ്സിൽ ചേർന്ന് പഠിക്കുന്നവർക്ക് കോഴ്സ് ഫീസ് അനുവദിക്കുന്നു.

q. **സംസ്ഥാനത്തിനു പുറത്ത് പഠനം നടത്തുന്നവർക്ക് ആനുകൂല്യം നൽകുന്നു.**

r. **ഭാരതത്തിന് വെളിയിൽ പഠിക്കുന്നതവർക്ക് ധനസഹായം :**
വിദേശ പഠനത്തിന് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കണമെന്ന ആവശ്യം ഓരോ അപേക്ഷയുടെയും മെറിറ്റ് പരിഗണിച്ച് യഥാസമയം യുക്തമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

s. **പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം :**
സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പ്ളസ് ടു, ഡിഗ്രി, പി ജി കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് പാരലൽ കോളേജ് പഠനത്തിന് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സം ഗ്രാന്റ് സ്റ്റൈപ്പന്റ് എന്നിവ അനുവദിക്കുന്നു.

t. **ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്**
ജില്ലകളിൽ ഒരു ഐ ടി ഐ ഇടപ്പള്ളിയിൽ പ്രവർത്തിക്കുന്നു.

u. **ബുക്ക് ബാങ്ക് പദ്ധതി :**
പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭിക്കുന്നതിനുള്ള പദ്ധതി.

v. **പഠനയാത്ര പര്യടന പരിപാടിക്ക് പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് 4000/- രൂപ ധന സഹായം അനുവദിക്കുന്നു.**

w. **<u>ഇ-ഗ്രാന്റ്സ്</u>**
പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠനം നടത്തുന്ന പട്ടികജാതി / മറ്റർഹ /ഒ.ബി.സി./ എസ്.ഇ.ബി.സി./ കെ.പി.സി.ആർ./ എഫ്.സി. വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് 2009-10 അദ്ധ്യയന വർഷം മുതൽ അവരുടെ കോഴ്സ് ഫീസ്, സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ്, ഹോസ്റ്റൽ ഫീസ് തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഓൺലൈൻ മുഖേന അനുവദി ക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്.

പട്ടിക - 4.167

x. **<u>എറണാകുളം ജില്ലയിലെ പട്ടികജാതിവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ</u>**

ക്രമ നം.	സ്ഥാപനത്തിന്റെ പേരും സ്ഥിതി ചെയ്യുന്ന സ്ഥലവും	സ്ഥാപനങ്ങളുടെ എണ്ണം	ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ
1.	മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ, കീഴ്മാട്, ആലുവ.	1	വാഴക്കുളം
2.	പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, കീഴ്മാട്, ആലുവ.	1	ആലുവ മുനിസിപ്പാലിറ്റി.
3.	പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ആൺ)	1	കൊച്ചി കോർപ്പറേഷൻ
4.	പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (പെൺ)	1	
5.	പ്രീമെട്രിക് ഹോസ്റ്റലുകൾ ഏഴിക്കര (ആൺ) നീലീശ്വരം (ആൺ) മൂവാറ്റുപുഴ (പെൺ) പറവൂർ (പെൺ) പെരുമ്പാവൂർ (പെൺ)	1 1 1 1 1	പറവൂർ ബ്ലോക്ക് പഞ്ചായത്ത് അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് മൂവാറ്റുപുഴ മുനിസിപ്പാലിറ്റി പറവൂർ മുനിസിപ്പാലിറ്റി പെരുമ്പാവൂർ മുനിസിപ്പാലിറ്റി
6.	നേഴ്സറി സ്ക്കൂളുകൾ	18	

7.	ഇൻഡസ്ട്രിയിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അഫിലിയേറ്റഡ് എൻ.സി.വി.റ്റി, ഇടപ്പള്ളി, പാലാരിവട്ടം (മെക്കാനിക്കൽ - മോട്ടോർ വെഹിക്കിൾ, വെൽഡർ കോഴ്സ്)	1	ഇടപ്പള്ളി

1. **<u>മോഡൽ റസിഡൻഷ്യൽ സ്കൂൾ</u>**

പട്ടികജാതിയിൽപ്പെട്ട സമർത്ഥരായ ആൺകുട്ടികളായ വിദ്യാർത്ഥികൾക്കുവേണ്ടി പബ്ലിക് സ്കൂൾ മാതൃകയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കീഴ്മാട് ആലുവയിൽ പ്രവർത്തിക്കുന്നു. 1998 ഒക്ടോബർ മാസത്തിൽ പ്രവർത്തനം തുടങ്ങിയ സ്കൂളിൽ ഇപ്പോൾ 5-ാം ക്ളാസ് മുതൽ പ്ളസ് ടു വരെയുള്ള ക്ളാസ്സുകളിലായി 253 കുട്ടികൾ പഠിക്കുന്നു. 16-17 വർഷത്തിൽ കുട്ടികളുടെ ചെലവിലേക്കായി 82,22,478/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

പട്ടിക - 4.168

സ്ഥാപനത്തിന്റെ പേര്	കെട്ടിടം (സ്വന്തം/വാടക)	ടൈൽ/കോൺക്രീറ്റ്	നിലം	ടോയ്ലറ്റുകളുടെ എണ്ണം	ഹോസ്റ്റൽ മുറികൾ/ഡോർമിറ്ററി	വാട്ടർ ലഭ്യത (കിണർ/വാട്ടർ കണക്ഷൻ)	മതിൽ/ഗേറ്റ്
പ്രീമെട്രിക് ഹോസ്റ്റൽ (ഗേൾസ്), മൂവാറ്റുപുഴ.	സ്വന്തം	കോൺക്രീറ്റ്	സിമന്റും ടൈൽസ്	8	ഡോർമിറ്ററി - 1 26 ബെഡുകൾ.	കിണർ	ഉണ്ട്
പ്രീമെട്രിക് ഹോസ്റ്റൽ (ഗേൾസ്), പെരുമ്പാവൂർ.	സ്വന്തം	കോൺക്രീറ്റ്	ടൈൽസ്	10	റൂം - 12	കിണർ	ഉണ്ട്
പ്രീമെട്രിക് ഹോസ്റ്റൽ(ബോയ്സ്), മലയാറ്റൂർ.	സ്വന്തം	കോൺക്രീറ്റ്	ടൈൽസ്	9	റൂം - 3 ഡോർമിറ്ററി - 1	വാട്ടർ കണക്ഷൻ	ഉണ്ട്
മൂത്തകുന്നം പ്രീമെട്രിക് ഹോസ്റ്റൽ ഏഴിക്കര , (ബോയ്സ്).	സ്വന്തം	കോൺക്രീറ്റ്	ടൈൽസ്	2	റൂം - 5 ഡോർമിറ്ററി - 2	വാട്ടർ കണക്ഷൻ	മതിൽ ഉണ്ട്, ഗേറ്റ് ഇല്ല.
പറവൂർ പ്രീമെട്രിക് ഹോസ്റ്റൽ ഏഴിക്കര , (ഗേൾസ്).	സ്വന്തം	കോൺക്രീറ്റ്	ടൈൽസ്	6	റൂം - 6 ഹാൾ - 2	വാട്ടർ കണക്ഷൻ	ഉണ്ട്
പോസ്റ്റ്മെട്രിക് ഹോസ്റ്റൽ(ബോയ്സ്)	സ്വന്തം	കോൺക്രീറ്റ്	ടൈൽസ്	18	റൂം - 21	വാട്ടർ കണക്ഷൻ	ഉണ്ട്

എറണാകുളം							
പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ഗേൾസ്) എറണാകുളം	സ്വന്തം	കോൺ ക്രീറ്റ്	ടൈൽസ് & മാർബിൾസ്	ടോയ്ലറ്റ്-11 ബാത്ത് റും-10	റൂം - 21	വാട്ടർ കണക്ഷൻ	ഉണ്ട്

2. <u>പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ :</u>

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവയിൽ ഗവ.പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ സ്ഥിതി ചെയ്യുന്നു. 2013 ഒക്ടോബർ മുതൽ സ്വന്തം കെട്ടിടത്തിൽ മൂന്നു നിലകളിലായി സ്ഥാപനം പ്രവർത്തിച്ചു വരുന്നു. കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലുള്ള വിദ്യാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെക്കുന്നതിന് മുന്നോടിയായി പരിശീലനം നടത്തിവരുന്നു. പി.എസ്.സി, ബാങ്ക് കോച്ചിംഗ് മറ്റു ഇതര കോഴ്സുകൾക്ക് പരിശീലനം നൽകിവരുന്നു. 70%എസ്.സി/എസ്.റ്റിയ്ക്കും 30% ഒ.ബിസിയ്ക്കും (വരുമാന അടിസ്ഥാനത്തിൽ) പ്രവേശനം നൽകുന്നതു. രാവിലെ 10 മുതൽ 12.30 വരെയും ഉച്ചയ്ക്ക് 1.00 മണി മുതൽ 3.30 വരെയുമാണ്. ക്ലാസുകളുടെ സമയം എസ്.സി / എസ്.റ്റി കുട്ടികൾക്ക് സ്റ്റൈപെന്റ് ഉം നൽകി വരുന്നുണ്ട്. ഇതു കൂടാതെ മെഡിക്കൽ / എഞ്ചിനീയറിംഗ് ക്ലാസുകളും മാർച്ച് മാസത്തിൽ മെഡിക്കൽ എഞ്ചിനീയറിംഗ് Weekend/ Holiday ക്രാഷ് കോഴ്സുകളും നടത്തപ്പെടുന്നുണ്ട്.

1. **<u>എറണാകുളം ജില്ലയിലെ പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ</u>**

II. <u>സാമ്പത്തിക വികസന പദ്ധതികൾ</u>

a. സ്വയം തൊഴിൽ പദ്ധതി

വ്യക്തികൾക്ക് 3 ലക്ഷം വരെയുള്ള വായ്പകൾക്കും ഗ്രൂപ്പു കൾക്ക് 10 ലക്ഷം വരെയുള്ള വായ്പകൾക്കും വായ്പ തുകയുടെ 1/3 സബ്സിഡി നൽകുന്നു. പദ്ധതി ബാങ്കുകളുമായി ചേർന്നു നടപ്പി ലാക്കുന്നു. ബാങ്ക് അംഗീകരിക്കുന്ന ഏത് സ്വയം തൊഴിൽ സംരഭവും തുടങ്ങാം. പ്രായം 18-40. വിദ്യാഭ്യാസ യോഗ്യത 7-ാം ക്ളാസ്. വരുമാന പരിധി ബാധകമല്ല.

യ. <u>വക്കീല•ണ്ടാർക്ക് ധന സഹായം</u> :

നിയമ വിദ്യാഭ്യാസം കഴിഞ്ഞ് എന്റോൾ ചെയ്ത് വക്കീലായി പരിശീലനം ചെയ്യുന്നതിന് 3 വർഷത്തേക്ക് ധനസഹായം നൽകുന്നു.

<u>ഒന്നാം വർഷം</u>

1. എന്റോൾമെന്റ് ഫീസ് 1550/- രൂപ
2. വസ്ത്രം വാങ്ങുന്നതിന് 2000/- രൂപ
3. പുസ്തകം വാങ്ങുന്നതിന് 6250/- രൂപ

<u>രണ്ടും മൂന്നും വർഷങ്ങളിൽ</u>

1. വസ്ത്രം വാങ്ങുന്നതിന് 2000/- രൂപ
2. പുസ്തകം വാങ്ങുന്നതിന് 6250/- രൂപ
3. മുറി വാടക 3000/- രൂപ

പ്രതിമാസം 250/- രൂപ)

c. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ്

ഐ ടി ഐ, ഡിപ്ളോമ, എൻജിനീയറിംഗ് ഡിഗ്രി എന്നിവ പാസ്സായവർക്ക് അപ്രന്റീസ്ഷിപ്പ്

<u>പ്രതിമാസ നിരക്ക്</u>

ഐ ടി ഐ - 2000/- രൂപ
ഡിപ്ളോമ - 2500/- രൂപ
എൻജിനീയറിംഗ് ഡിഗ്രി - 3000/- രൂപ

d. <u>ടൂൾ കിറ്റ്</u> :

വകുപ്പിന്റെ ഐടിഐകളിൽ വിവിധ ട്രേഡുകൾ പാസ്സായിട്ടുള്ളവർക്ക് പണി ആയുധങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് നൽകുന്നു.

III. <u>സാമൂഹ്യക്ഷേമ പരിപാടികൾ</u>

a. **<u>വിവാഹ ധനസഹായം</u> :**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് 75000/- രൂപ ധനസഹായം നൽകുന്നു.

b. **മിശ്രവിവാഹിതർക്ക് ധനസഹായം** : മിശ്രവിവാഹിതരായ ദമ്പതിമാർക്ക് വിവാഹത്തെതുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനുമായി 75000/- രൂപ ഗ്രാന്റായി നൽകുന്നു.

c. ഭൂരഹിത പുനരധിവാസ പദ്ധതി: പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമിയും മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമിയും വാങ്ങുന്നതിന് ഗ്രാമ/ മുൻസിപ്പൽ/ കോർപ്പറേഷനുകളിൽ യഥാക്രമം 375000/-, 450000/-, 600000/-രൂപ ഗ്രാന്റായി അനുവദിക്കുന്നു

d. **ഭവന നിർമാണ ധനസഹായം** : 2014-15 സാമ്പത്തിക വർഷം മുതൽ 3 ലക്ഷം രൂപ ഭവന നിർമാണ ധനസഹായമായി നൽകുന്നു. 45000/-, 90000/- 120000/-, 45000/- എന്നിങ്ങനെ നാലു ഗഡുക്കൾക്കായി നിർമ്മാണ പുരോഗതിക്കനുസരിച്ച് തുക ഓൺലൈനായി ബാങ്ക് വഴി വിതരണം ചെയ്യുന്നു.

e. ദുർബലവിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി 50000/- രൂപയിൽ താഴെ വരുമാനമുള്ള ഭൂരഹിത ഭവനരഹിതരായ വേടൻ, നായാടി, ചക്ളിയ, അരുന്ധതിയാർ, കള്ളാടി എന്നീ സമുദായങ്ങൾക്ക് 5 സെന്റ് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിന് 725000/- രൂപ ഗ്രാന്റായി നൽകുന്നു.

f. ടോയ്ലറ്റ് നിർമാണം

പട്ടികജാതി കുടുംബങ്ങൾക്ക് ടോയ്ലറ്റ് നിർമ്മിക്കുന്നതിന് 25000/- രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണ്.

g. ടി ഗ്രാന്റ്സ് - പട്ടികജാതി വികസന വകുപ്പു മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസ നിധി :

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ട വരുമായ 50000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50000/- രൂപ വരെ ചികിത്സാ ധനസഹായമായി അനുവദിക്കുന്നു. 2017 സെപ്റ്റംബർ 1 മുതൽ ചികിത്സാ ധനസഹായം ഓൺലൈനായി വിതരണം ചെയ്തു വരുന്നു. അപേക്ഷയും അനുബന്ധ രേഖകളും അക്ഷയ സെന്റർ മുഖേന അപേക്ഷകർക്ക് നേരിട്ട് സമർപ്പിക്കാവുന്നതാണ്. ഇതുമൂലം തുക വിതരണം ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കാം.

h. ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത പി എസ് സി, യു പി എസ് സി, വിവിധ സർക്കാർ ഏജൻസികൾ പൊതുമേഖല സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പരീക്ഷകളിലും ഇന്റർവ്യൂവിനും പങ്കെടുക്കാൻ പോകുന്ന പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികൾക്ക് അർഹമായ യാത്രാപ്പടി ഹാജർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു.

i. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം പട്ടികജാതി പട്ടിക വർഗ്ഗ ജനസമൂഹവും മുഖ്യധാരാ സമുദായ ങ്ങളും തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളമായും ഇഴയടുപ്പമുള്ള തുമാക്കി തീർക്കുന്നതിന് ഗാന്ധി ജയന്തി ദിനമായ ഒക്ടോബർ 2 മുതൽ 16 വരെ എല്ലാ വർഷവും സാമൂഹ്യ ഐക്യദാർഢ്യ പക്ഷമായി ആചരിക്കുന്നു.

j. **ഭവനപുനരുദ്ധാരണം/അഡീഷണൽ റൂം ധനസഹായ പദ്ധതി**: ഭവന നിർമ്മാണത്തിന് സർക്കാരിൽ നിന്ന് മുൻപ് ധനസഹായം കൈപ്പറ്റിയിട്ടുള്ളവരും എന്നാൽ ക്ഷയോന്മുഖമായ ഭവനത്തിൽ താമസിക്കുന്ന പട്ടികജാതി കുടുംബത്തിന് ഭവനപുനരുദ്ധാരണ ത്തിനും പുതിയതായി ഒരു മുറി കൂടി നിർമ്മിക്കുന്നതിനും ധനസഹായം നൽകുന്നു.

k. **വിജ്ഞാൻവാടി**: പട്ടികജാതി വിദ്യാർത്ഥികളുടെയും യുവതി യുവാക്കളുടെയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും സഹായകമാകുന്ന കേന്ദ്രങ്ങളാണ് വിജ്ഞാൻവാടികൾ. ജില്ലയിൽ വിജ്ഞാൻവാടികൾ നിലവിലുണ്ട്. എല്ലാ

പഞ്ചായത്തുകളിലും ഇത് നടപ്പാക്കുകയാണ് ലക്ഷ്യം.

l. **ഹോമിയോ ഹെൽത്ത് സെന്റർ** :
ജില്ലയിൽ പട്ടികജാതി സാങ്കേതങ്ങളോടനുബന്ധിച്ച് ഹോമിയോ ഹെൽത്ത് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

m. വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം :
അഭ്യസ്ത വിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി ഒരു ലക്ഷം രൂപ വരെ ധന സഹായം നൽകുന്നു.

n. **സ്വയം പര്യാപ്ത ഗ്രാമങ്ങൾ** :
സ്വയം പര്യാപ്ത ഗ്രാമങ്ങൾ എന്ന വികസന പദ്ധതി പ്രകാരം 2012-2013 വർഷത്തിൽ എറണാകുളം ജില്ലയിൽ 10 കോളനികളും 2013-2014 വർഷത്തിൽ 16 കോളനികളും തെരഞ്ഞെടുത്ത് ഓരോ കോളനികളിലും പരമാവധി ഒരു കോടി രൂപയുടെ വികസന പരിപാടികൾ നടത്തി വരുന്നു. എംഎൽഎമാർ നിർദ്ദേശിക്കുന്ന അംഗീകൃത ഏജൻസികൾ വഴിയാണ് സമഗ്ര കോളനി വികസന പദ്ധതികൾ നടപ്പിലാക്കുന്നത്. ആകെ 26 പദ്ധതികളിൽ 25 എണ്ണവും പൂർത്തീകരിച്ചു വരികയാണ്.

o. അംബേദ്കർ ഗ്രാമവികസന പരിപാടി 2016-17
സ്വയം പര്യാപ്ത ഗ്രാമം പദ്ധതി 2016-17 വർഷംമുതൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി എന്ന പേരിൽ നടപ്പിലാക്കുന്നു. ഒരു നിയമസഭാ മണ്ഡലത്തിൽ നിന്നും രണ്ട് കോളനിയാണ് തെരഞ്ഞെടുക്കുക. എറണാകുളം ജില്ലയിൽ നിന്നും ഈ പദ്ധതി പ്രകാരം 22 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. എംഎൽഎമാർ നിർദ്ദേശിക്കുന്ന അംഗീകൃത ഏജൻസികൾ വഴിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.
FIT, KEL, നിർമ്മിതികേന്ദ്ര തുടങ്ങിയ ഏജൻസികളാണ് പദ്ധതികൾ ഏറ്റെടുത്ത് നടത്തി വരുന്നത്.

IV. സാംസ്കാരിക പരിപാടികൾ

2. ഉത്പന്ന പ്രദർശന വിപണന മേള (ഗദ്ദിക)

പട്ടികജാതിക്കാരുടെ പാരമ്പര്യ ഉത്പന്നങ്ങൾക്കും പട്ടികജാതി സ്വയം ധനസഹായ സംഘങ്ങളുടെ ഉല്പന്നങ്ങൾക്കും വിപണി കണ്ടെത്തുന്നതിന് സഹായകമായ രീതിയിൽ സംസ്ഥാനാടിസ്ഥാനത്തിൽ ഒരു വർഷം 2 സ്ഥലങ്ങളിലായി വിപണന മേള സംഘടിപ്പിക്കുന്നു.

3. **സർഗോത്സവം** :
സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാപ്രതിഭക്ക് 10000/- രൂപ പ്രോത്സാഹനമായി നൽകുന്ന പദ്ധതി.

4. ഡോ. ബി ആർ അംബേദ്കർ മാധ്യമ അവാർഡ്
പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മികച്ച മാധ്യമ റിപ്പോർട്ടുകൾക്കും ഫീച്ചറുകൾക്കും ഡോ. ബി ആർ അംബേദ്കർ മാധ്യമ അവാർഡ് നൽകുന്നു.

5. സാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം
പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പുസ്തക രൂപത്തിൽ അച്ചടിക്കുന്നതിന് 20000/- രൂപ വരെ ധനസഹായം അനുവദിക്കുന്നു.

6. പടവുകൾ ദൈമാസിക
പട്ടികജാനതിവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനും പട്ടികജാതി വിഭാഗക്കാരുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പി
ക്കുന്നതിനുമായി പടവുകൾ എന്ന പേരിൽ ഒരു ദ്വൈമാസിക വകുപ്പ് പുറത്തിറ
ക്കുന്നു.

7. സാഹിത്യ ശില്പശാല
പട്ടികജാതി പട്ടിക വർഗത്തിലും ഇതര വിഭാഗത്തിലുംപെട്ട സാഹിത്യ കാരന്മാരുടെ സാഹിത്യവാസന പരിപോഷിപ്പിക്കുന്നതിനായി വർഷം തോറും സാഹിത്യ ശില്പശാല സംഘടിപ്പിക്കുന്നു.

8. അംബേദ്കർ ജയന്തി/അയ്യങ്കാളി ജയന്തി:
ഭരണഘടന ശില്പി ഡോ. അംബേദ്കറുടെ ജന്മദിനം ഏപ്രിൽ 14-ാം തീയതിയും കേരള അധ:സ്ഥിത വർഗത്തിന്റെ വിമോചന പോരാളി അയ്യങ്കാളിയുടെ ജ•ണ്ടദിനം ആഗസ്റ്റ് 28-ാം തീയതിയും വിവധ പരിപാടികളോടെ വകുപ്പ് ആചരിക്കുന്നു.

9. അംബേദ്കർ ഭവൻ
ഇൻഡ്യൻ ഭരണഘടനയുടെ ശില്പിയായ ഡോ. ബി ആർ അംബേദ്കറുടെ നാമധേയത്തിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ അംബേദ്കർ ഭവൻ എന്ന പേരിൽ ഒരു പഠന ഗവേഷണ കൺവെൻഷൻ സെന്റർ സ്ഥാപിതമായി

10.അയ്യങ്കാളി ഭവൻ:
അധസ്ഥിത ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിച്ച സാമൂഹിക പരിഷ്കർത്താവായ ശ്രീ. അയ്യങ്കാളിയുടെ നാമധേയത്തിൽ തിരുവനന്തപുരം വെള്ളയമ്പലത്ത് പ്രവർത്തുക്കുന്ന സ്ഥാപനമാണ്.

V. <u>നിയമാധിഷ്ഠിത സേവനങ്ങൾ</u>

1. 1995 പൗരാവകാശങ്ങൾ സംരക്ഷണ നിയമം :
1995 പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊട്ടുകൂടായ്മ അടക്കമുള്ള അനാചാരങ്ങൾക്കെതിരെ ബോധവത്ക്കരണം നടത്തുന്നതിനും പൗരാവകാശ സംരക്ഷണ നിയമപ്രകാരം തുക ചെലവവഴിക്കുന്നു.

1. **1989 ലെ അതിക്രമം തടയൽ നിയമം:**
ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 17ൽ പറയുന്ന Abolition of untouchability (തൊട്ടു കൂടായ്മ നിർത്തലാക്കൽ) എന്നതിനെ അടിസ്ഥാനമാക്കി ഇന്ത്യൻ പാർലമെന്റ് 11.09.1989 ൽ പാസ്സാക്കി 10.1.1990 മുതൽ നിലവിൽ വന്ന നിയമമാണ് പട്ടികജാതി/പട്ടിക വർഗ (അതിക്രമം തടയൽ) നിയമം 1989.

4.21 പട്ടികവർഗ്ഗ വികസനം

തദ്ദേശീയ ജനവിഭാഗം എന്ന് ഒരു സമൂഹത്തെ വിശേഷിപ്പിക്കുമ്പോൾ വിവക്ഷിക്കുന്നത് ഒരു നാടിന്റെ മൗലികജനവിഭാഗം എന്നാണ്. ആഗോളതലത്തിൽ ആദിവാസികളായ ജനങ്ങൾ ഏകദേശം 4% മാത്രമാണുള്ളത്. ഇതിൽ 25 ശതമാനത്തോളം പേർ ഇന്ത്യയിലാണ് വസിക്കുന്നത്. 2011-ലെ കാനേഷുമാരി പ്രകാരം ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 8.6% ജനങ്ങൾ ആദിവാസികളാണ്. കേരളത്തിൽ 36 വിഭാഗങ്ങളിലായി 4,84,839(1.5%) പേർ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ആദിവാസി വികസനം സാധ്യമാകേണ്ടത് അവരുടെ സർഗ്ഗാത്മക കഴിവുകൾക്ക് മുൻതൂക്കം നൽകിക്കൊണ്ടാണ്. അല്ലാതെ, മുഖ്യധാരാസമൂഹത്തിന്റെ ആശയങ്ങൾ അവരിൽ അടിച്ചേൽപ്പിച്ചുകൊണ്ടല്ല. അവരുടെ പാരമ്പര്യ കലകളെയും സംസ്ക്കാരത്തെയും സംരക്ഷിക്കുന്നതിനുള്ള പ്രോത്സാഹനം നൽകുക മാത്രമേ നാം ചെയ്യേണ്ടതുള്ളൂ. ഭൂമിക്കും കാടിനും മേൽ ആദിവാസികൾക്കുള്ള അധികാരത്തെ നാം ബഹുമാനിക്കണം. പുറത്തു നിന്നുള്ളവർ ധാരാളമായി ആദിവാസി മേഖലകളിലേക്കു പ്രവേശിക്കുന്നത് ഒഴിവാക്കണം. അവരുടെ ഇടയിൽ നിന്നും ഒരു സംഘത്തെ തിരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകി ആ സമൂഹത്തിന്റെ ഭരണപരവും വികസനപരവുമായ മേഖലകളിൽ നിയോഗിക്കണം. പദ്ധതികളുടെ ഫലമളക്കേണ്ടത് സ്ഥിതി വിവരകണക്കുകളുടെയോ എത്ര തുക ചെലവായി എന്നതിന്റെ അടിസ്ഥാനത്തിലാവാതെ, അവർക്കു പ്രദാനം ചെയ്ത ഗുണമേന്മയെ അടിസ്ഥാന മാക്കിയാവണം.

<u>പട്ടികവർഗ്ഗ വികസനവകുപ്പിന്റെ നാൾ വഴികൾ:-</u>

1975-ൽ പ്രത്യേക വകുപ്പായി രൂപീകൃതമായെങ്കിലും 1980 മുതലാണ് സ്വതന്ത്രവകുപ്പായി പ്രവർത്തനമാരംഭിച്ചത്.

വകുപ്പിന്റെ ആരംഭത്തിൽ അഞ്ചു പദ്ധതികളും 35 ലക്ഷം രൂപയും ആണ് പദ്ധതി വിഹിതമായി ഉണ്ടായിരുന്നത്. 1997-മുതൽ പട്ടികവർഗ്ഗ ഉപപദ്ധതിയുടെ 1/3 ഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. 2013-14 വരെ സംസ്ഥാന ബഡ്ജറ്റിന്റെ 2% ആണ് പട്ടികവർഗ്ഗ ഉപപദ്ധതിക്കായി നീക്കി വെച്ചിരുന്നത്. 2014-15 മുതൽ അത് 3% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിലെ സ്ഥിതി

2011-ലെ കനേഷുമാരി കണക്ക് പ്രകാരം എറണാകുളം ജില്ലയിൽ 16559 പട്ടികവർഗ്ഗക്കാർ അധിവസിക്കുന്നു. ഇതിൽ 8349 പുരുഷൻമാരും 8210 സ്ത്രീകളുമാണ്. എസ്.റ്റി.പ്രമോട്ടർമാർ വഴി വകുപ്പ് ശേഖരിച്ച കണക്കു പ്രകാരം ജില്ലയിൽ 10252 പട്ടികവർഗ്ഗക്കാർ ഉണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ ജനസംഖ്യയുടെ 2.45 ശതമാനമാണ് ജില്ലയിലുള്ളത്. ഉള്ളാടൻ, മുതുവാൻ, മലയൻ, മന്നാൻ എന്നീ വിഭാഗങ്ങൾ മാത്രമാണ് തദ്ദേശീയർ ആയിട്ടുള്ളത്. മറ്റുള്ളവർ ജോലി സംബന്ധമായി ജില്ലയിൽ എത്തിപ്പെട്ടതോ, മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ തേടി അയൽജില്ലകളിൽ നിന്ന് കുടിയേറിയവരോ ആണ്. ഇവർ പ്രധാനമായും മലയരയൻ വിഭാഗത്തിൽപ്പെട്ടവരാണ്. ജില്ലയിലെ പട്ടികവർഗ്ഗ സമുദായങ്ങളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

പട്ടിക - 4.169

സമുദായ അടിസ്ഥാനത്തിലുള്ള പട്ടികവർഗ്ഗജനസംഖ്യ - പൊതുവിവരങ്ങൾ

ക്രമ നം	വിഭാഗം	ജനസംഖ്യ (ശതമാനം)
1	അടിയാൻ	0.21
2	കാണിക്കാർ	0.62
3	കുറിച്യൻ	0.19
4	കുറുമർ	0.20
5	മലയരയൻ	11.18
6	മലവേടൻ	0.86
7	മലയൻ	6.09
8	മന്നാൻ	1.94
9	മുതുവാൻ	26.85
10	പണിയൻ	0.04
11	ഉള്ളാടൻ	51.09
12	ഊരാളി	0.73

ജില്ലയിലെ പട്ടികവർഗ്ഗക്കാർ സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലാണ്. പട്ടികവർഗ്ഗക്കാരിൽ ഭൂരിഭാഗവും മറ്റു സമുദായങ്ങളെപ്പോലെ ഗ്രാമാന്തരീക്ഷത്തിൽ കഴിയുന്നവരാണ്. കോതമംഗലം താലൂക്കിലും കുന്നത്തുനാട് താലൂക്കിലും അധിവസിക്കുന്ന പട്ടികവർഗ്ഗക്കാർ കൂടുതലും വനപ്രദേശങ്ങളിൽ കഴിയുന്നവരാണ്. ജില്ലയിൽ ഏറ്റവുമധികം പട്ടികവർഗ്ഗക്കാർ അധിവസിക്കുന്നത് കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ ഗ്രാമ പഞ്ചായത്തിലാണ്. ജില്ലയിലെ പട്ടിക വർഗ്ഗക്കാരിൽ 45 ശതമാനവും കുട്ടമ്പുഴ പഞ്ചായത്തിൽ അധിവസിക്കുന്നു.

വിദ്യാഭ്യാസം -

ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ സാക്ഷരത 80.19 ആണ്. ഇതു മറ്റു ജില്ലാ പട്ടികവർഗ്ഗ സാക്ഷരതയിൽ എട്ടാം സ്ഥാനത്താണ്. ജില്ലയിൽ 2 പ്രീമെട്രിക് ബോയ്സ് ഹോസ്റ്റലുകളും, 2 പ്രീമെട്രിക് ഗേൾസ് ഹോസ്റ്റലുകളും പ്രവർത്തനം നടത്തുന്നു. ജില്ലയിൽ രണ്ടിടങ്ങളിൽ പെൺകുട്ടികൾക്കായി 2 മൾട്ടിപർപ്പസ് ഹോസ്റ്റലുകളുടെ പണി നടന്നു വരുന്നു.

ബുദ്ധിവികാസത്തിന്റെ പ്രധാന കാലഘട്ടമായ പ്രീസ്കൂൾ ഘട്ടം പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് വേണ്ടത്ര ഗുണകരമാകുന്നില്ല. കോളനികളിൽ പലർക്കും പ്രീസ്കൂളുകൾ/ അങ്കണവാടി പ്രവേശനം പ്രാപ്യവുമല്ല. ശൈശവകാലത്തെ പോഷകാഹാരക്കുറവും ബുദ്ധിവളർച്ചയ്ക്ക് വിഘാതമായിത്തീരുന്നു. വീടുകളിലെ പ്രതികൂല സാഹചര്യം കുട്ടികളുടെ പഠനത്തെ ബാധിക്കുന്നു. രക്ഷിതാവിന്റെ മദ്യപാനം കുട്ടികളുടെ ആത്മവിശ്വാസം കെടുത്തുന്നു. താമസ സ്ഥലത്തു നിന്നും വളരെ അകലെയുള്ള വിദ്യാലയങ്ങളുമായി രക്ഷിതാക്കൾക്ക് ബന്ധം സ്ഥാപിക്കാൻ കഴിയുന്നില്ല.
ബദൽ സ്കൂളുകൾ, പ്രാദേശിക പഠന കേന്ദ്രങ്ങൾ, തുടങ്ങിയവ പ്രവർത്തിക്കുന്നി ടങ്ങളിൽ കുട്ടികൾ അതിൽ തന്നെ ഒതുങ്ങിക്കഴിയുന്ന ഒരു സാഹചര്യമുണ്ട്. പൊതുവിദ്യാലയങ്ങളിൽ പ്രവേശനം തേടി മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യം പാതിവഴിയിയിൽ ഉപേക്ഷിക്കാൻ ഇത്തരം ഇടത്താവളങ്ങൾ കാരണമാകുന്നു. മറ്റു വിഭാഗത്തിൽപ്പെട്ട കുട്ടികളുമായി ഇടപഴകിക്കഴിയാനുള്ള അവസരമില്ലായ്മ, പിന്നോക്കാവസ്ഥ തുടരുന്നതിന് കാരണമാകുന്നു. കോളനികളിൽ നിന്നും ഹയർസെക്കണ്ടറി പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഭൂരിപക്ഷവും മറ്റു സഹപാഠികളിൽ നിന്നും ബഹുദൂരം പിന്നിലാവും. ഇത് അപകർഷതാ ബോധം വളർത്തുന്നതിന് കാരണമാകുന്നു.

18 മുതൽ 40 വയസ്സ് വരെ പ്രായമുള്ളവരുടെ വിദ്യാഭ്യാസ നിലവാരത്തിന്റെ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക – 4.170

ക്രമ നം	കോഴ്സ്	വ്യക്തികളുടെ എണ്ണം
1	എസ്.എസ്.എൽ.സി.ക്ക് താഴെ	7
2	എസ്.എസ്.എൽ.സി.	298
3	പ്ലസ് ടു	394
4	ടി.ടി.സി/ബി.എഡ്	10
5	ഡിപ്ലോമ/ഐ.ടി.ഐ	29
6	നേഴ്സിംഗ്	9
7	ബി.എ/ബി.എസ്.സി/ബി.കോം	120
8	ബി.ടെക്	26
9	ബി.എ.എം.എസ്/എം.ബി.ബി.എസ്	4
10	എം.എ/എം.ബി.എ	24

<u>സാമൂഹ്യ സാമ്പത്തികാവസ്ഥ</u> –
പട്ടികവർഗ്ഗക്കാരിൽ 40 ശതമാനം മാത്രമാണ് സ്ഥിരമായ തൊഴിലുള്ളത്. താരതമ്യേന വരുമാനം കുറവുള്ള മേഖലകളിലാണ് പട്ടികവർഗ്ഗക്കാർ പണിയെടുക്കുന്നത്. കൃഷി, കൂലിവേല, വനവിഭവ ശേഖരണം, പച്ചമരുന്ന് ശേഖരണം, മരംവെട്ട്, ഈറ്റവെട്ട്, വള്ളം പണി, തെങ്ങുകയറ്റം, കെട്ടിടനിർമ്മാണ തൊഴിലുകൾ എന്നിവയിൽ ഇവർ ഏർപ്പെട്ടിരിക്കുന്നു. മുഖ്യതൊഴിലിനോടൊപ്പം ഉപതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ താരതമ്യേന കുറവാണ്. അഭ്യസ്ത വിദ്യരിൽ 15% പൊതുമേഖല സ്ഥാപനങ്ങളിലും സർക്കാർ സർവ്വീസിലുമായി ജോലി ചെയ്യുന്നു. 25% വരുന്ന അഭ്യസ്തവിദ്യർ സ്വകാര്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്നു. സ്വന്തമായി വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുള്ളവർ ഇവർക്കിടയിൽ വിരളമാണ്.
തൊഴിൽ വൈദഗ്ദ്ധ്യം ഉള്ളവരിൽ പലരും തൊഴിൽ രഹിതരാണെന്ന അവസ്ഥയും നിലനിൽക്കുന്നു. തൊഴിൽ ലഭ്യതയുടെ തോത് പരിശോധിച്ചാൽ പകുതിയോളം കുടുംബങ്ങൾക്ക് പ്രതിവർഷം 180 ൽ താഴെ തൊഴിൽദിനങ്ങളാണ് ലഭിക്കുന്നതെന്ന് കാണാൻ കഴിയും. സാമ്പത്തിക

പുരോഗതിക്കായി ഇവർക്ക് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. ഏർപ്പെട്ടിരിക്കുന്ന തൊഴിലുകളിൽ നിന്നും മതിയായ സാമ്പത്തിക പുരോഗതി കൈവരിക്കാൻ സാധിക്കുന്നില്ല എന്നതും ഒരു പോരായ്മയാണ്. ആധുനിക തൊഴിൽ മേഖലകൾ എത്തിപ്പിടിക്കാനുള്ള ശേഷി വർദ്ധിപ്പിച്ചാണ് ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടത്. ഇതിനായി വിവിധ പഞ്ചായത്തുകളുമായി ചേർന്ന് തൊഴിൽ മേഖലയിൽ സമഗ്രമായ പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതും, ടി പദ്ധതികളെക്കുറിച്ച് ഇവർക്ക് അറിവു നൽകേണ്ടതുമാണ്.

എറണാകുളം ജില്ലയിൽ 5.6% പേർ സ്വന്തമായി ഭൂമിയോ, ഭൂമിക്ക് കൈവശരേഖയോ ഇല്ലാത്തവരും, 16.15% പേർ സ്വന്തമായി വീടില്ലാത്തവരുമാണ്. 74% കുടുംബങ്ങൾ കടബാധ്യതയുള്ളവരാണ്. ഏറ്റവും കൂടുതൽ കടമെടുത്തിട്ടുള്ളത് സ്വകാര്യവ്യക്തികളിലും , സ്ഥാപനങ്ങളിലും നിന്നാണ്. ചികിത്സയ്ക്കും ലഹരിപദാർത്ഥങ്ങളുടെ ഉപയോഗത്തി നുമാണ് പട്ടികവർഗ്ഗക്കാരുടെ വരുമാനത്തിന്റെ നല്ലൊരു പങ്കും ചെലവഴിക്കുന്നത്.

ആരോഗ്യസ്ഥിതി -

ജില്ലയിൽ അധിവസിക്കുന്ന പട്ടിക വർഗ്ഗക്കാരായ ഉള്ളാടൻ, മലയൻ എന്നീ സമുദായങ്ങളിൽപ്പെട്ടവരുടെ ആരോഗ്യ സ്ഥിതി മെച്ചമല്ല. പട്ടികവർഗ്ഗക്കാർക്കിടയിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരും ദീർഘകാല രോഗങ്ങൾ ബാധിച്ചവരും പൊതുസമൂഹത്തേക്കാൾ വളരെ കൂടുതലാണ് എന്നാണ് കാണുന്നത്. രോഗബാധിതരിലും വെല്ലുവിളികൾ നേരിടുന്നവരിലും ഭൂരിഭാഗവും വിദ്യാഭ്യാസപരമായും, സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയാണ് ബഹുഭൂരിപക്ഷം കുടുംബങ്ങളും. ആരോഗ്യകേന്ദ്രങ്ങളുടെ അപ്രാപ്യതയാണ് പട്ടികവർഗ്ഗക്കാർ നേരിടുന്ന ഒരുപ്രധാന പ്രശ്നം. പ്രാപ്യമായ കേന്ദ്രങ്ങളിൽ നിന്ന് ഗുണമേൻമയുള്ള സേവനം ലഭിക്കുന്നത് അപൂർവ്വമായിട്ടാണ്. ജില്ലയിലെ പട്ടികവർഗ്ഗക്കാരിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരും, ദീർഘകാലരോഗങ്ങൾ ബാധിച്ചവരും ഏറെപ്പേരുണ്ട്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഏറ്റവും കൂടുതലുള്ളത് കോതമംഗലം ബ്ലോക്ക് പഞ്ചായത്തിലാണ്. വിവിധ വെല്ലുവിളികൾ അനുഭവിക്കുന്ന വ്യക്തികളുടെ തരം തിരിച്ചുള്ള എണ്ണം താഴെ കൊടുത്തിരിക്കുന്നു.

പട്ടിക - 4.171

ക്രമ നം	വെല്ലുവിളികൾ	എണ്ണം
1	ശാരീരിക പോരായ്മകൾ	272
2	സംസാര ശേഷിയില്ലായ്മ	5
3	കേൾവിയില്ലായ്മ	31
4	കാഴ്ചയില്ലായ്മ	39
5	ബുദ്ധിമാന്ദ്യം	6
6	മാനസികം	37
7	അപസ്മാരം	14
8	ഒന്നിലധികം വെല്ലുവിളികൾ	128
9	മറ്റുള്ളവ	150

<u>ഭൂരഹിതർ/ഭവനരഹിതർ</u> – ജില്ലയിൽ ഭൂരഹിതരും ഭവനരഹിതരുമായവരുടെ എണ്ണം താഴെ ചേർക്കുന്നു.

പട്ടിക – 4.172

ക്രമ നം	സ്ഥല പരിധി	ഭൂരഹിതരുടെ എണ്ണം	ഭവനരഹിതരുടെ എണ്ണം
1	ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, ആലുവ (എറണാകുളം ജില്ലയിൽ കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് ഒഴികെയുള്ള ഭാഗം മുഴുവനും)	174	157
2	ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്, ഇടമലയാർ (കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് മുഴുവനും)	35	505

4.22 സാമൂഹ്യ നീതി











ഒരു സമൂഹത്തിലെ എല്ലാ വ്യക്തികൾക്കും സാമൂഹ്യ സമത്വവും, സുരക്ഷിതത്വും ഒരു പോലെ ഉറപ്പുവരുത്തുക എന്നത് ജനാധിപത്യ ഭരണ സംവിധാനത്തിന്റെ അടിസ്ഥാന ധർമ്മമാണ്. അതിവേഗം മാറ്റം സംഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യ സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷിതത്വത്തിനുള്ള പദ്ധതികൾ മുകളിൽ നിന്നും താഴേക്കു നല്കുന്ന ഔദാര്യം എന്നതിൽനിന്നും അവകാശാധിഷ്ഠിത സമീപനത്തിലേക്ക് മാറ്റേണ്ടതുണ്ട്. സാമൂഹ്യ സുരക്ഷാ മേഖലയിൽ ഗുണകരവും പുരോഗമനപരവുമായ പരിവർത്തനങ്ങൾ സാധ്യമാകണമെങ്കിൽ എല്ലാ വിഭാഗങ്ങൾക്കും ഒരുപോലെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കികൊണ്ടുള്ള പദ്ധതി ആസൂത്രണം അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി താഴെ തട്ടുമുതൽ പ്രാവർത്തികമാക്കേണ്ടതുണ്ട്. താഴെ പറയുന്ന ഉപവിഭാഗങ്ങളായി സാമൂഹ്യക്ഷേമ മേഖലയിലെ ഗുണഭോക്താക്കളെ പട്ടികപ്പെടുത്താവുന്നതാണ്.

1. കുട്ടികൾ
2. സ്ത്രീകൾ
3. ഭിന്നശേഷിയുള്ളവർ
4. വയോജനങ്ങൾ
5. ട്രാൻസ്ജൻഡർ വിഭാഗം
6. സാമൂഹ്യ സുരക്ഷിതത്വം ആവശ്യമായ മറ്റുള്ളവർ

വികസന കാഴ്ചപ്പാട്:
സ്ത്രീകൾ,പലവിധത്തിലുള്ള ഒറ്റപ്പെടലും ചൂഷണവും അനുഭവിക്കുന്ന സ്ത്രീകൾ,വയോജനങ്ങൾ,ഭിന്നശേഷിയുള്ളവർ, എച്ച്.ഐ.വി ബാധിതർ, ട്രാൻസ് ജെൻഡർ വിഭാഗങ്ങൾ, കിടപ്പുരോഗികൾ എന്നിങ്ങനെ വിവിധ ജനവിഭാഗങ്ങൾക്ക് സമ്പൂർണ്ണസാമൂഹ്യ സുരക്ഷ എന്നതാവണം ഈ മേഖലയിലെ വികസന കാഴ്ചപ്പാട്.

കുട്ടികൾ

കുട്ടികൾ നമ്മുടെ രാഷ്ട്രത്തിന്റെ മുതൽക്കൂട്ടാണ്. അവർക്കുവേണ്ടി നടപ്പിലാക്കുന്ന ഓരോ പദ്ധതികളും നമ്മുടെ നാടിന്റെ മെച്ചപ്പെട്ട ഭാവിക്ക് വേണ്ടിയാണ്. കുട്ടികളുടെ അതിജീവനം (ആരോഗ്യം, ശുചിത്വം) വിദ്യാഭ്യാസം, വികസനം (പോഷകാഹാരം), സംരക്ഷണം (സാമൂഹിക സുരക്ഷിതത്വം) പങ്കാളിത്തം (കുട്ടികളുടെ പങ്കാളിത്തവും പശ്ചാത്തല സൗകര്യങ്ങളും) എന്നീ രംഗങ്ങളിൽ നേട്ടങ്ങൾ കൈവരിക്കുകയെന്നതാവണം പ്രധാന ലക്ഷ്യം. കുട്ടികൾക്കായി മുൻകാലങ്ങളിൽ രൂപം നൽകിയ കർമ്മപദ്ധതികൾ ശിശുമരണം കുറയ്ക്കുന്നതിനും രോഗപ്രതിരോധം, പ്രീസ്കൂൾ വിദാഭ്യാസം, പൊതുവിദ്യാഭ്യാസം, വൈകല്യനിയന്ത്രണം, മെച്ചപ്പെട്ട ഭൗതിക സാഹചര്യം തുടങ്ങിയ രംഗങ്ങളിൽ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുള്ളതാണ്. എറണാകുളം ജില്ലയുടെ ലഭ്യമായ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ ജനസംഖ്യ (ആൺപെൺ വേർതിരിച്ച്), ലിംഗാനുപാതം, മാതൃശിശു മരണനിരക്ക് എന്നിവ സംബന്ധിച്ച കണക്കുകൾ ശേഖരിച്ചുട്ടുള്ളതാണ്. ഐ.സിഡി.എസ്. സ്ഥിതിവിവരകണക്കുകൾ ഇതിന് അവലംബമാക്കായിട്ടുള്ളതാണ്.

സംയോജിത ശിശുവികസന സേവന പദ്ധതി
1974ൽ ദേശീയശിശുനയത്തിന്റെ ഭാഗമായി 1975 ഒക്ടോബർ 2ന് ആരംഭിച്ച 'സമഗ്ര ശിശുവികസന' പരിപാടിയാണ് ഐസിഡിഎസ്. ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വികസനത്തിന് അടിത്തറ പാകുന്നത് ബാല്യകാലത്താണ്. ഈ കാലഘട്ടത്തിൽ വികസനത്തിന നുയോജ്യമായ സേവന പരിപാടികൾ പ്രത്യേകിച്ച് അരക്ഷിതരും ദുർബ്ബലരുമായ സമൂഹവിഭാഗങ്ങൾക്കുവേണ്ടി ലഭ്യമാക്കുകയാണെങ്കിൽ ശിശുമരണം, അംഗവൈകല്യം, പോഷണക്കുറവ് വിദ്യാഭ്യാസത്തിലെ പിന്നോക്ക നില, മാനസിക കഴിവുകളുടെ വികസന കുറവ് എന്നിത്യാദി പ്രശ്നങ്ങളെ ലഘൂകരിക്കുവാൻ കഴിയും. എന്ന അനുഭവം പ്രാവർത്തിക മാക്കുകയാണ ഈ പരിപാടി കൊണ്ടുദ്ദേശിക്കുന്നത്. ആരോഗ്യമുള്ള ശിശുക്കൾക്ക് ജന്മംനൽകുവാൻ

ആരോഗ്യമുള്ള സ്ത്രീകൾക്ക് മാത്രമേ കഴിയു എന്നതുകൊണ്ട് അമ്മമാരുടെ പോഷണ പരിപാടിയും ഇതിന്റെ അവിഭാജ്യ ഘടകമാണ്. 800 ജനസംഖ്യയ്ക്കും ഒരു അംഗൻവാടി വീതം പ്രവർത്തിപ്പിക്കുകയാണ് പ്രാവർത്തിക പരിപാടി. എണ്ണൂറ് ജനതക്കുള്ളിലെ 10 ഗർഭിണികളും 10 പാലൂട്ടുന്ന അമ്മമാരും 35 പ്രീസ്കൂൾ കുട്ടികളും (3-6 വയസ്സ്). 3 വയസ്സിൽ താഴെ 35 കുട്ടികളും ഉൾപ്പെടെ ഏതാണ്ട് 90 ഗുണഭോക്താക്കൾ ഒരു അങ്കണവാടിക്കു കീഴിൽ ഉണ്ടാകുമെന്നാണ് കണക്കാക്ക പ്പെട്ടിരിക്കുന്നത്.

ലക്ഷ്യങ്ങൾ

- വയസ്സുവരെയുള്ള കുട്ടികളുടെ പോഷണനിലവാരം മെച്ചപ്പെടുത്തുക.
- ശിശുവിന്റെ മാനസികവും ശാരീരികവും സാമൂഹ്യപരവുമായ വികസനത്തിന് ശരിയായ അടിത്തറ പാകുക
- ശിശുമരണനിരക്ക്, രോഗാതുരത, പോഷണക്കുറവ്, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് ഇവയുടെ തോത് കുറയ്ക്കുക.
- ശിശുവിന്റെ വികസനത്തിന് അനുയോജ്യമായ വിധത്തിൽ വിവിധവകുപ്പുകൾ തമ്മിൽ നയ രൂപീകരണത്തിലും നടത്തിപ്പിലും ഏകോപനം വരുത്തുക.
- ശിശുക്കളുടെ ശരിയായ ആരോഗ്യവും, പോഷകാവശ്യകതയും ശ്രദ്ധിക്കുവാൻ തക്കവിധത്തിൽ അമ്മമാരുടെ കഴിവ് വർദ്ധിപ്പിക്കുക.

ചിത്രം - 4.64
പിറവം മുനിസിപ്പാലിറ്റിയിലെ ജിപ്സം അംഗൻവാടി



സേവനങ്ങൾ

1. അനുപൂരക പോഷകാഹാരം, വളർച്ചാ നിരീക്ഷണം
2. ആരോഗ്യ പരിശോധന
3. റഫറൽ സർവ്വീസസ്
4. ആരോഗ്യ പ്രതിരോധ കുത്തുവെയ്പും, ചികിത്സയും
5. ആരോഗ്യ പോഷണ വിദ്യാഭ്യാസം
6. അനൗപചാരിക പ്രീ-പ്രൈമറി വിദ്യാഭ്യാസം

❖ **അംഗൻവാടി വാടികൾ**

മാനവശേഷി വികസനത്തിന് ഉതകുന്ന മാതൃശിശുസംരക്ഷണ സേവനങ്ങൾ ഒരു കുടക്കീഴിൽകൊണ്ടുവന്ന് സാധാരണക്കാരായ ജനങ്ങളിലേക്ക് എത്തിക്കുന്ന സാമൂഹ്യ വിഭവകേന്ദ്രമാണ് അംഗൻവാടി.നിലവിൽ 15 ബ്ലോക്കുകളിലും കൊച്ചി കോർപ്പറേഷ നുമായി 2858 അംഗൻവാടികൾ അനുവദിച്ചിട്ടുണ്ട്. അവയിൽ 1902 അംഗൻവാടികൾ സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. 136 അംഗൻവാടികൾ വാടകരഹിത കെട്ടിടങ്ങളിലും 820 അംഗൻവാടികൾ വാടക കെട്ടിടങ്ങളിലും ആണ് പ്രവർത്തിക്കുന്നത്.

നിലവിലെ അവസ്ഥ

പോഷകാഹാര വിതരണത്തിന്റെ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. 2017 മാർച്ചിലെ കണക്കനുസരിച്ച് താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് പോഷകാഹാര പദ്ധതിയുടെ ആനുകൂല്യം അനുഭവിക്കുന്നവരാണ്.

- 6 മാസം മുതൽ 3 വയസ്സുവരെ
- 3-6 വയസ്സുവരെ
- ഗർഭിണികൾ
- മുലയൂട്ടുന്ന അമ്മമാർ
- കൗമാരക്കാർ

ഇതിനുവേണ്ടി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രതിവർഷം രൂപ ചെലവഴിക്കുന്നുണ്ട്. കുട്ടികൾക്ക് (2-15g പ്രോട്ടീനും 500 കലോറിയും മുതിർന്നവർക്ക് 18-20 പ്രോട്ടീനും, 600 കലോറിയും ലഭിക്കുന്ന വിധത്തിൽ പോഷകാഹാരങ്ങൾ അംഗൻവാടികൾ വഴി വിതരണം ചെയ്തുവരുന്നു.

അംഗൻവാടി പ്രീ സ്കൂൾ വിദ്യാഭ്യാസം

ശൈശവകാലപരിചരണത്തിനും വിദ്യാഭ്യാസത്തിനും ഗണ്യമായ പരിഗണന നൽകുന്ന സമൂഹത്തിന് മാത്രമേ ആരോഗ്യവും വിദ്യാഭ്യാസവുമുള്ള ഒരു ജനതയെ വാർത്തെടുക്കുവാനും അതുവഴി രാഷ്ട്രത്തെ പുരോഗതിയിലേക്ക് നയിക്കുവാനും സാധിക്കുകയുള്ളൂ. വിദ്യാഭ്യാസ അവകാശ നിയമം 2009 ന്റെയും 2013 ലെ ശൈശവകാല പരിരക്ഷയുടെ വിദ്യാഭ്യാസവും സംബന്ധിച്ച ദേശീയ നയരേഖയുടേയും വെളിച്ചത്തിലാണ് പാഠ്യപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. പ്രായത്തിനനുയോജ്യമായതും വികാസമേഖലകളെ പരിപോഷിപ്പിക്കുന്നതുമായ നിരവധി പ്രവർത്തനങ്ങൾ കളിരീതിയിലൂടെ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. കുട്ടിയുടെ ഏറ്റവും അടുത്ത പരിസരത്തിൽ നിന്ന് നടപടി ക്രമേണ വികാസം പ്രാപിക്കുന്ന തരത്തിൽ 24 തീമുകളും 6 ഉപതീമുകളും പ്രയോജനപ്പെടുത്തിയാണ് കളിപ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. അംഗൻവാടി പ്രവർത്തകർ മുതൽ വിദ്യാഭ്യാസ മന:ശാസ്ത്രജ്ഞർ വരെയുള്ളവരുടെ കൂട്ടായ്മയിൽ ഉരുത്തിരിഞ്ഞുവന്നിട്ടുള്ളതും, ശിശുകേന്ദ്രീകൃത അനൗപചാരിക വിദ്യാഭ്യാസരീതിയുമാണ് അംഗൻവാടികളിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കുഞ്ഞിന്റെ 6 വയസ്സുവരെയുള്ള കാലഘട്ടത്തിൽ ധ്രുതഗതിയിലുള്ള മസ്തിഷ്കവികാസവും, ശാരീരിക വളർച്ചയും നടക്കുന്നതിനാൽ ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും ഏറെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരും ഭാഷാപരമായ വ്യത്യാസമുള്ളവരുമായ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അംഗൻവാടികൾ മുഖേന പ്രത്യേക ശ്രദ്ധയും പരിചരണവും നൽകി വരുന്നു.

വനിതകൾ

എല്ലാ വർഷവും മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനമായി ലോകമൊട്ടാകെ ആചരിച്ചുവരുകയാണ്. ഇന്നത്തെ സമൂഹത്തിൽ സ്ത്രീകളും പെൺകുട്ടികളും നേരിടുന്ന അതിക്രമങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുമ്പോൾ ഈ വനിതാ ദിനാചരണത്തിന് വളരെയേറെ പ്രസക്തിയുണ്ട്. 6 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ, 18 നും 45 വയസ്സിനുമിടയിൽ പ്രായമുള്ള സ്ത്രികൾ എന്നിവർക്ക് ഐ.സി.ഡി.എസ്. മുഖാന്തിരം നൽകുന്ന സേവനങ്ങൾ കൂടാതെ അതിക്രമത്തിനിരയാകുന്ന സ്ത്രീകൾക്ക് സൗജന്യ ചികിത്സയും, കൗൺസിലിംഗും, നിയമസഹായവും പോലീസ് സഹായവും ഒരു കുടക്കീഴിൽ ജില്ലാ/താലൂക്ക് ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഭൂമികാ സെന്ററിൽ നിന്നും ലഭിക്കുന്നു. ഹോമിയോ വകുപ്പിലെ സീതാലയം വഴി കൗൺസിലിംഗ്, ലഹരി വിമുക്ത ചികിത്സ, പഠന വൈകല്യം എന്നിവയ്ക്ക് പരിഹാരം ലഭിച്ചുവരുന്നു. സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കുടുംബശ്രീ ഏറ്റെടുത്തു നടത്തി വരുന്നു.

ഗാർഹിക പീഡനത്തിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണനിയമം 2005 (Protection of Women from Domestic Violence Act, 2005)

- ഒരേ വീട്ടിൽ താമസിക്കുന്നതോ താമസിച്ചതോ ആയ ജന്മനാലുള്ള ബന്ധം, വിവാഹം കഴിക്കാതെയുള്ള ദാമ്പത്യബന്ധം എന്നീ ബന്ധത്തിലെ പുരുഷൻ ആ ബന്ധത്തിലെ സ്ത്രീയെ പീഡിപ്പിക്കുന്നത് ഗാർഹിക പീഡനമാണ്.
- ശാരീരികവും വാക്കാലോ വൈകാരികമോ ലൈംഗികമോ, സാമ്പത്തികമോ ആയ പീഡനങ്ങൾ ഇതിൽ ഉൾപ്പെടും
- ഇത്തരം പരാതി ജില്ലയിലെ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ സേവന ദാതാക്കൾ മുതലായവർ മുമ്പാകെ നൽകാം.
- മജിസ്ട്രേറ്റ് മുമ്പാകെ അഭിഭാഷകൻ മുഖാന്തിരവും നൽകാം
- സംരക്ഷണം, നഷ്ടപരിഹാരം, സാമ്പത്തിക നിവൃത്തി, കസ്റ്റഡി മുതലായ ഉചിതമായ ഉത്തരവ് കോടതി നല്കും.
- ഇത് കൂടാതെ പരാതിക്കാരിക്ക് താമസിക്കുന്ന വീട്ടിൽ നിന്ന് ഇറക്കി വിടാതിരിക്കാനോ താമസസൗകര്യം ഒരുക്കാനോ ഉള്ള റെസിഡൻസ് ഓർഡർ അഥവാ പാർക്കാനുള്ള ഉത്തരവും ലഭിക്കാം.
- നിയമസഹായം, ചികിത്സാ സഹായം പാർക്കാനുള്ള സംവിധാനം, കൗൺസലിങ് എന്നിവ സൗജ്യമായി ലഭിക്കുന്നതിന് നിയമം വ്യവസ്ഥ ചെയ്യുന്നു.
- സംരക്ഷണ ഉത്തരവിന്റെ ലംഘനം ഒരു വർഷംവരെ തടവും 20,000 രൂപ പിഴ ശിക്ഷയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

കുട്ടികളുടെ ആദ്യത്തെ 1000 ദിവസം വളരെയധികം പ്രാധാന്യമുള്ളതാണ്. ഗർഭാവസ്ഥയിൽ തുടങ്ങി 2 വയസ്സ് വരെ വളരെയധികം സംരക്ഷണം ലഭിക്കേണ്ട കാലഘട്ടമാണ്. (270 – ഗർഭാവസ്ഥ, 365 + 365 ജനനം മുതൽ 2 വയസ്സ് വരെയാണ് ഈ കാലഘട്ടം) അതുകൊണ്ട് തന്നെ ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും ശാരീരികവും മാനസികവുമായ സംരക്ഷണം നൽകേണ്ടത് അത്യാവശ്യമാണ്. സാമൂഹിക സാമ്പത്തിക ചുറ്റുപാടുകൾ വളരെയധികം പ്രാധാന്യമർഹിക്കുന്നു. അതുകൊണ്ട് തന്നെ ഇവർക്ക് ആവശ്യമായ പോഷകാഹാരം നൽകേണ്ടതും സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്.

പരിഹാര മാർഗ്ഗങ്ങൾ വികസന സാധ്യതകൾ

1) ഒറ്റപ്പെട്ട് ജീവിക്കേണ്ടിവരുന്ന വനിതകൾക്ക് ലൈഫ് മിഷനിൽ ഉൾപ്പെടുത്തി 1 bhk / Toilet സൗകര്യമുള്ള വീടുകൾ നൽകുക.
2) എല്ലാ കംഫർട്ട് സ്റ്റേഷനുകളിലും സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ എന്നിവ ലഭ്യമാകുന്ന കിയോസ്കുകൾ സ്ഥാപിക്കുക.
3) ബ്ലോക്ക് തലത്തിൽ, ലേബർ ബാങ്കും, തൊഴിൽ പരിശീലന കേന്ദ്രവും നടപ്പിലാക്കുക.
4) വുമൺ പ്രൊട്ടക്ഷൻ ആഫീസിന്റെ സേവനം കൂടുതൽ കാര്യക്ഷമം ആക്കുക.
5) ജാഗ്രത സമിതികൾ ശാക്തീകരിക്കുക. വാർഡ് തലം മുതൽ മുകൾ തട്ട് വരെ.
6) പഞ്ചായത്ത് തലം മുതൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ഉദ്യോഗസ്ഥ പങ്കാളിത്തം ഉറപ്പാക്കി കൊണ്ടും പ്രവർത്തനം ശക്തിപ്പെടുത്തുക.
7) ജെൻഡർ പാർക്കുകൾ സ്ഥാപിക്കുക.
8) വനിതാ പോലീസ് സ്റ്റേഷനുകളിൽ കൗൺസിലിങ്ങിനുള്ള സൗകര്യം ഏർപ്പെടുത്തുക
9) വനിതകൾക്ക് Pay & Use Toilet, Resting Room, Feeding Room എന്നിവ നിർബന്ധമായും എല്ലാ പൊതു സ്ഥലങ്ങളിലും നിർമ്മിക്കുക.

ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ

- അംഗൻവാടികൾ വഴി വിതരണം നടത്തുന്ന പോഷകാഹാരം 'ന്യൂട്രിമിക്സ് – റെഡി ടു കുക്ക്' രൂപത്തിൽ എറണാകുളം ജില്ലയിൽ പ്രാവർത്തികമാക്കുക. ഇതിനായി കൂടുതൽ കുടുംബശ്രീ യൂണിറ്റുകളെ സജ്ജമാക്കുക.
- 'മുലയൂട്ടൽ റൂം' എല്ലാ പൊതു സ്ഥലങ്ങളിലും പ്രത്യേകിച്ച് ബസ്സ്റ്റാന്റ്, ഗവ.സ്ഥാപനങ്ങൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സജ്ജമാക്കുക. With Toilet Facility
- ഗർഭിണികൾക്കും, മൂലയൂട്ടുന്ന അമ്മമാർക്കും കൗൺസിലിംഗ് നടത്തുക.
- കുട്ടികളിൽ ഉണ്ടാകുന്ന വൈകല്യങ്ങൾ തടയുന്നതിനായി നവദമ്പതികൾക്ക് ഫാമിലി പ്ലാനിംഗ് കൗൺസിലിങ്ങും പ്രി കൺസെപ്ഷൻ കാലയളവിൽ വിവാഹിത കൾക്ക് folicacid- ടാബ്ലറ്റും നൽകുക.

തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന ലൈംഗിക അതിക്രമങ്ങൾ തടയുന്ന നിയമം 2013:- സംഘടിത – അസംഘടിത തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന ലൈംഗിക അതിക്രമങ്ങളിൽ നിന്നും സംരക്ഷണം ഉറപ്പാക്കുന്നു. അതായത് സ്ഥാപനങ്ങളിലെ ഐസിസിയുമായോ ജില്ലാ കളക്ട്രേറ്റുകളിലെ എൽസിസിയുമായോ ബന്ധപ്പെടേണ്ടതാണ്.

- സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ മേഖലകൾ
- ഗാർഹികവൃത്തി, ഉൾപ്പെടെയുള്ള എല്ലാ അസംഘടിത മേഖലയും

ഭിന്നശേഷിക്കാർ

വികസന കാഴ്ച്ചപ്പാട്:- തന്റേതല്ലാത്ത കുറ്റം കൊണ്ടുണ്ടായ വൈകല്യത്തെ അതിജീവിക്കുന്നതിനും മറ്റേതൊരു വ്യക്തിയേയും പോലെ ഭിന്നശേഷിക്കാർക്കും ആത്മാഭിമാനത്തോടെ ജീവിക്കുന്നതിനും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനും പര്യാപ്തമായ ഒരു സമൂഹം സൃഷ്ടിക്കുക.

അവസ്ഥാ വിശകലനം

ഭാരതത്തിൽ ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണത്തിനും സാമൂഹ്യ സാമ്പത്തിക സുരക്ഷിതത്വത്തിനും രക്ഷാകർതൃത്വത്തിനും തുല്യ അവകാശത്തിനും ക്ഷേമത്തിനുമായി 2 നിയമങ്ങൾ നിലവിൽ ഉണ്ട് നാഷണൽ ട്രസ്റ്റ് ആക്ടും (1999) RPWD ആക്ടും (2016). RPWD ആക്ട് പ്രകാരം 21 തരം അംഗപരിമിതി നേരിടുന്നവർക്ക് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതുണ്ട്. സാമൂഹ്യനീതി വകുപ്പ് 2015 ൽ നടത്തിയ അംഗപരിമിത സെൻസസ് പ്രകാരം കേരളത്തിൽ 7,93,937 പേർ (മൊത്തം ജനസംഖ്യയുടെ 2.32%) വൈകല്യമുള്ളവരാണ്.

ഇതിൽ സാമൂഹ്യനീതി വകുപ്പ് നൽകുന്ന അംഗപരിമിത തിരിച്ചറിയൽ കാർഡ് നൽകാൻ കഴിഞ്ഞിട്ടുള്ളത് 3.5 ലക്ഷം പേർക്ക് മാത്രമാണ് എന്നത് പദ്ധതി ആസൂത്രണത്തിൽ പ്രത്യേക ശ്രദ്ധ ഈ വിഭാഗത്തിൽ പതിപ്പിക്കേണ്ടതുണ്ട് എന്നുള്ളതാണ് സൂചിപ്പിക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കേന്ദ്ര സംസ്ഥാന സർക്കാരുകളും വിവിധ ഏജൻസികളും ഒട്ടേറെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും ഈ വിഭാഗത്തിലുള്ളവരെ സമ്പൂർണ്ണ സാമൂഹിക സുരക്ഷിതത്വം നൽകി സമൂഹ ത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന് പൂർണ്ണമായും സാധിച്ചിട്ടില്ല. അംഗപരിമിത സെൻസസ്സ് മറ്റു വിവരസ്രോതസുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ജില്ലയിലെ അംഗപരിമിതരുടെ സ്റ്റാറ്റിസ്റ്റിക്സ് ജില്ലാ വികസന പരിപ്രേക്ഷയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

പട്ടിക-4.173

ജില്ലയിലെ അംഗപരിമിതരുടെ സ്റ്റാറ്റിസ്റ്റിക്സ്

Sl. No.	വൈകല്യം	ആൺ	പെൺ	ആകെ
1.	കാഴ്ച	4468	4984	9454
2.	കേൾവി	4442	5366	9808
3.	സംസാരം	1659	1335	2994
4.	ചലനം	8805	6381	15186
5.	ബുദ്ധിമാന്ദ്യം	3280	2808	6088
6.	മാനസിക വൈകല്യം	2796	3108	5904
7.	ഓട്ടിസം / CP, മറ്റ് വൈകല്യം	4220	3809	8029
8.	ബഹുവിധ വൈകല്യം	4422	4212	8634

അവലംബം:വകുപ്പുതല റിപ്പോർട്ട്

വിവര സ്രോതസ്സുകൾ

- അംഗപരിമിത സെൻസസ് - 2015
- സെൻസസ് -2011
- അംഗൻവാടി വാർഷിക സർവ്വേ-2011
- RPWD ആക്ട് - 2016
- നാഷണൽ ട്രസ്റ്റ് ആക്ട്-1999
- Disability Policy

വികസന ആവശ്യങ്ങൾ

വികസന ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ താഴെ പറയുന്ന വിഭാഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്.

- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന 21 വിഭാഗങ്ങൾ,
- സ്വന്തമായി വീടില്ലാത്തവർ,
- എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ടവർ,
- ജന്മനാ അംഗപരിമിതരായവർ, ആർജ്ജിത അംഗപരിമിതിയുള്ളവർ, പാരാപ്ളീജിക് വിഭാഗത്തിലുള്ളവർ, ഡീമെൻഷ്യ ബാധിച്ചവർ, ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർ, ശയ്യാവലംബർ, പരസഹായം ആവശ്യമുള്ളവർ, ഗൃഹപരിപാലനം ലഭിക്കുന്നവർ, സ്ഥാപന സംരക്ഷണം ലഭിക്കുന്നവർ

മേൽ വിഭാഗങ്ങളെ കൂടാതെ ജില്ലയിൽ ഭിന്ന ശേഷി വിഭാഗത്തിലുള്ള മറ്റ് പിന്നോക്കാ വസ്ഥയിലുള്ളവരെയും കൂടി കണക്കിലെടുത്തുകൊണ്ടുള്ള സമഗ്ര വികസനത്തിനുതകുന്ന പദ്ധതികളാ യിരിക്കണം ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടത്. വിദ്യാഭ്യാസം, ചികിത്സ, തൊഴിൽ പരിശീലനം, സാങ്കേതിക പരിജ്ഞാനം, പെൻഷൻ, പകൽ പരിചരണം തുടങ്ങി വിവിധ മേഖലകളിലെ ഇടപെടലുകൾക്ക് വ്യത്യസ്തങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്ത് ഇവരുടെ നിർണ്ണായകമായ ആവശ്യങ്ങൾക്ക് പരിഹാരം കാണുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുള്ളതാണ്.

വികസന കാഴ്ചപ്പാട്:

സ്ത്രീകൾ,പലവിധത്തിലുള്ള ഒറ്റപ്പെടലും ചൂഷണവും അനുഭവിക്കുന്ന സ്ത്രീകൾ,വയോജനങ്ങൾ,ഭിന്നശേഷിയുള്ളവ ർ, എച്ച്.ഐ.വി ബാധിതർ, ട്രാൻസ് ജെൻഡർ വിഭാഗങ്ങൾ, കിടപ്പുരോഗികൾ എന്നിങ്ങനെ വിവിധ ജനവിഭാഗങ്ങൾക്ക് സമ്പൂർണ്ണ സാമൂഹ്യ സുരക്ഷ എന്നതാവണം ഈ മേഖലയിലെ വികസന കാഴ്ചപ്പാട്.

വികസന വിടവുകൾ

ഭിന്നശേഷിയുള്ളവരെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ വ്യത്യസ്തമായ പദ്ധതികൾ ഈമേഖലയിൽ നടപ്പാക്കുന്നണ്ടെങ്കിലും പദ്ധതി നടത്തിപ്പിലുള്ള ആസൂത്രണമില്ലായ്മയും ആസൂത്രണ പ്രക്രിയയിൽ ഭിന്നശേഷിക്കാരുടെ

പങ്കാളിത്തമില്ലായ്മയും അനുയോജ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിനും അർഹരായവരിൽ പദ്ധതിയുടെ പ്രയോജനങ്ങൾ എത്തിക്കുന്നതിലും തടസ്സമുണ്ടാക്കുന്നു. വ്യത്യസ്ത തരം വൈകല്യമുള്ളവർക്ക് വ്യത്യസ്ത പദ്ധതികൾ ആവശ്യമായിരിക്കേ അവരെ ഒന്നായി കണ്ടു കൊണ്ടുള്ള ആസൂത്രണ പ്രക്രിയയാണ് നടന്നുവന്നിരുന്നത്. ഭൂമി ശാസ്ത്രപരമായും പ്രാദേശികമായും ജില്ലയുടെ പ്രത്യേകതകൾ ഉൾക്കൊണ്ടുള്ള പദ്ധതികളാകണം ഇത്തരക്കാർക്കുവേണ്ടി ഉരുത്തിരിഞ്ഞ് വരേണ്ടത്.

വികസന സാധ്യതകൾ

വികസന ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുള്ളതാണ്.

- പരിപൂർണ്ണ ഭിന്നശേഷി സൗഹൃദ പൊതു സ്ഥാപനങ്ങളും പൊതുഇടങ്ങളും
- എല്ലാ നിയമങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന അവകാശ സംരക്ഷണം ഭിന്നശേഷിക്കാരായ എല്ലാ വിഭാഗക്കാർക്കും എത്തിക്കുന്നതിനുള്ള പദ്ധതികൾ.
- ഓരോ ഭിന്നശേഷി വ്യക്തിയേയും അവരുടെ കുടുംബത്തേയും ഉൾപ്പെടുത്തി പ്രത്യേക ശ്രദ്ധാ പദ്ധതി രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ.
- തൊഴിൽ, സാമൂഹ്യ സ്വാശ്രയത്വം എന്നിവ കൈവരിക്കാൻ സാധിക്കാത്തവർക്കായി പുനരധിവാസ പദ്ധതികൾ.
- ഭിന്നശേഷിക്കാരെ സാധ്യമാകുന്നിടത്തോളം പൊതുസമൂഹത്തിൽ നിലനിർത്തി സകലിത വികാസം ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ
- ശാസ്ത്രീയവും വ്യക്ത്യധിഷ്ഠിതവുമായി രൂപകല്പന ചെയ്ത ചലന - പഠന - ശ്രവണ സൗകര്യം, ഭക്ഷണം, വസ്ത്രം, ആരോഗ്യം ഇവ ഉറപ്പാക്കുന്നതിനുള്ള സമഗ്ര പരിപാടികൾ, അസിസ്റ്റന്റ് ലിവിംഗ് സെന്ററുകൾ, സ്ക്കൂൾ / കോളേജുകൾ കേന്ദ്രീകരിച്ച് ആശയ വിനിമയത്തിനുതകുന്ന പരിപാടികൾ തികച്ചും അംഗപരിമിത കുട്ടികൾക്ക് സ്ഥിര നിക്ഷേപ പദ്ധതി ബാരിയർ ഫ്രീ അക്സസ് എന്നിവയുടെ സാധ്യതയും പരിശോധിക്കാവുന്നതാണ്.
- സ്വയം തൊഴിൽ പരിശീലനം
- ഡയപ്പർ വിതരണം, incinacator സ്ഥാപിക്കൽ, മരുന്നുവിതരണം, മെഡിക്കൽ ഉപകരണ വിതരണം, Medical Camp എന്നിവ ആവശ്യാനുസരണം ലഭ്യാക്കുക.
- Short Care home സ്ഥാപിക്കുക, ബ്ലോക്ക് തലത്തിൽ ഭിന്നശേഷിക്കാരെ പരിപാലിക്കുന്നതിനുള്ള പരിശീലനവും ഉൾപ്പെടുത്തുക.
- പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- പൊതുസ്ഥലങ്ങൾ ഭിന്നശേഷി സൗഹൃദമാക്കൽ

പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ

വിവിധ വകുപ്പുകൾ, സ്കീമുകൾ, ഏജൻസികൾ മുതലായവയിൽ നിന്നുള്ള ധനസഹായങ്ങൾ, സേവനങ്ങൾ, പരിപാടികൾ എന്നിവ പ്രാദേശികതലത്തിൽ പരസ്പര പൂരകമായി നടപ്പാക്കുന്നതിനുള്ള പദ്ധതികൾ തുടങ്ങിയ സാധ്യതകൾ പരിശോധിക്കാവുന്നതാണ്. കൂടാതെ വിദ്യാഭ്യാസം, തൊഴിൽ, സാമൂഹ്യവൽക്കരണം, ചികിത്സ, സംരക്ഷണ - പരിരക്ഷ എന്നിവ സാധ്യമാക്കുന്ന പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുള്ളതാണ്.

അംഗപരിമിതരെയും ബുദ്ധിവൈകല്യമുള്ള വരെയും സമൂഹത്തിൽ നിന്നും അകറ്റി നിർത്തിയിരുന്ന സമീപനത്തിൽ നിന്നും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഭാഗമാക്കിക്കൊണ്ടുള്ള സാമൂഹ്യ വ്യവസ്ഥിതിയിലേക്കെത്താൻ നമുക്കായിട്ടുണ്ട്. എന്നാൽ ഈ വ്യക്തികൾ ഉൾക്കൊള്ളുന്ന കുടുംബങ്ങൾക്ക് സാമൂഹ്യ സുരക്ഷിതത്വവലയം ഉണ്ടാക്കുന്നതിൽ നാം വിജയിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്കായി 12-10-2017 ന് മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ സാമൂഹ്യനീതിവകുപ്പ് നടത്തിയ ബോധവൽക്കരണ ക്ലാസ്സിനുശേഷം നടന്ന ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ

ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും താഴെപ്പറയും പ്രകാരം ക്രോഡീകരിച്ചിരിക്കുന്നു:-

- സർക്കാർ ഉത്തരവ് (എം. എസ്) നമ്പർ 80 /2017 തസ്വഭവ/03/04/17 പ്രകാരം അർഹതയുള്ള മുഴുവൻപേർക്കും, മുഴുവൻ തുകയും ലഭിക്കുന്ന തരത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കണം. ഏറ്റവും പുതിയ സെൻസസ് രേഖകളുടെ അടിസ്ഥാനത്തിലാകണം തുക വകയിരുത്തേണ്ടത്. നിലവിൽ മൊത്തത്തിൽ ഒരു തുക വകയിരുത്തുകയും അപേക്ഷകരുടെ എണ്ണംകൊണ്ട് ഹരിച്ച് തുക വീതം വയ്ക്കുകയും ചെയ്യുന്ന സമ്പ്രദായം അവസാനിപ്പിക്കണം.
- ബഡ്സ് സ്കൂളിന്റെ ഒരു ഉയർന്ന തലത്തിലുള്ള സംവിധാനം ഓരോ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലും വേണം. ഓന്നോ രണ്ടോ ദിവസം രാപ്പകൽ കുട്ടികളെ അവിടെ ഏൽപ്പിച്ച് രക്ഷിതാക്കൾക്ക് മനഃസമാധാനത്തോടെ പരിശീലന ക്ലാസുകളിലോ മറ്റ് അത്യാവശ്യകാര്യങ്ങൾക്കോ യാത്ര പോകാൻ സാധിക്കണം.
- ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾ വളരെ ഉയർന്ന തോതിൽ മാനസിക പിരിമുറുക്കം അനുഭവിക്കുന്നവരാണ്. അവർക്ക് ധൈര്യവും ആത്മവിശ്വാസവും നൽകുന്ന ഒരു പിന്തുണാ സംവിധാനം വേണം. വിവിധ ആനുകൂല്യങ്ങൾ, പരിശീലനങ്ങൾ, സേവനങ്ങൾ, പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും വഴിയൊരുക്കുന്ന ഒരു 'ഏകജാലക' സംവിധാനം ഓരോ ബ്ലോക്കിലും വേണം. അവിടെ രക്ഷിതാക്കൾക്ക് കൗൺസിലിംഗിനായി പരിശീലനം ലഭിച്ച കൗൺസിലർമാരെ ലഭ്യമാക്കണം. ആവശ്യമായി വരുന്ന പക്ഷം വീടുകളിൽ നേരിട്ട് പോയി കൗൺസിലർമാർ സേവനം നൽകണം.
- ചൈൽഡ് ലൈൻ, വനിതാ ഹെൽപ്പ് ലൈൻ, ക്രൈം സ്റ്റോപ്പർ എന്നിങ്ങനെ നിലവിൽ പല ഹെൽപ്പ്ലൈൻ സംവിധാനങ്ങളും നിലവിലുണ്ട്. അതുപോലെ വിവിധ സംശയ നിവാരണത്തിനും നിർദ്ദേശങ്ങൾ ലഭിക്കുന്നതിനും ഈ ഹെൽപ്പ്ലൈൻ വഴി സാധിക്കും.
- ആശുപത്രികളിലും ആരോഗ്യ കേന്ദ്രങ്ങളിലും ഭിന്നശേഷിക്കാർക്ക് ചികിത്സാ മുൻഗണന ലഭ്യമാക്കണം. അസ്സമയത്തും ചികിത്സ ലഭ്യമാക്കുന്നതിനായി ഒരു ''ഭിന്നശേഷി കുടുംബ ഡോക്ടർ'' സംവിധാനം ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഉണ്ടാകണം. വാഹന, ആംബുലൻസ് സേവനങ്ങളും ലഭ്യമാക്കണം.
- ആധാർ സേവനങ്ങൾ ഭിന്നശേഷിക്കാരുടെ വീട്ടിൽ നേരിട്ടെത്തിക്കണം. ഒരു കേന്ദ്രത്തിലേക്ക് എത്താൻ ആവശ്യപ്പെടുന്ന രീതി തീർത്തും അവസാനിപ്പിക്കണം.
- പ്രാഥമികാവശ്യങ്ങൾ പോലും സ്വന്തമായി ചെയ്യാൻ കഴിയാത്ത ചില ഭിന്നശേഷിക്കാർക്ക് ഡയപ്പറിന്റെ (പാം പേഴ്സ് പോലുള്ളവ) ഉപയോഗം ഒഴിച്ചു കൂടാനാകാത്തതാണ്. (അല്ലാത്തപക്ഷം അവർ സ്വന്തം മലമൂത്ര വിസർജ്യങ്ങളിൽ ആണ്ടുപോകുകയും വായിൽപോലും സ്വയമറിയാതെ വിസർജ്യം എത്തുകയും ചെയ്യും. ദിവസത്തിൽ 6-7 ഡയപ്പറുകൾ വരെ ഉപയോഗിക്കേണ്ടി വരുന്നവരുണ്ട്. 10-15 രൂപ വരെ ഒരു ഡയപ്പറിന് ചിലവുണ്ട്. ഇത്തരത്തിലുള്ള ഭിന്നശേഷിക്കാർക്കായി ഡയപ്പറുകൾ സൗജന്യമായോ സൗജന്യനിരക്കിലോ ലഭ്യമാക്കണം. മാത്രമല്ല, ഉപയോഗശേഷം ഡയപ്പറുകൾ ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിനും വലിയ പ്രയാസം നേരിടുന്നുണ്ട്. ഇത്തരത്തിലുള്ള ഡയപ്പറുകൾ ശേഖരിക്കുന്നതിനും മാലിന്യ സംസ്ക്കരണത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൗകര്യം ഏർപ്പെടുത്തണം.

- ഭിന്നശേഷിക്കാർക്കുള്ള ചില ഉപകരണങ്ങൾ ദീർഘകാലത്തേയ്ക്ക് ഉപയോഗിക്കേണ്ടവയാണ്. എന്നാൽ പ്രായത്തിനും വളർച്ചയ്ക്കും അനുസരിച്ച് ഉപയോഗിക്കുന്നവ മാറ്റേണ്ടിവരും. ഒരിക്കൽ ലഭിച്ച ഉപകരണങ്ങൾ പ്രായത്തിനും വളർച്ചയ്ക്കും അനുസരിച്ച് മാറ്റി നൽകാൻ നിലവിൽ സംവിധാനമില്ല. അതിനാൽ അവശ്യ ഉപകരണങ്ങളുടെ ലഭ്യതയിൽ തുടർച്ചയില്ലാതെ പോകുന്നു. വൻ ചിലവുള്ളതും ക്യാമ്പുകളിൽ കൂടി മാത്രം ലഭിക്കുന്നതുമായ ഉപകരണങ്ങൾ ആവശ്യത്തിനനുസരിച്ച് ലഭ്യമാക്കാനുള്ള സംവിധാനം വേണം.
- തന്റെ കാലശേഷം കുട്ടികളെ ആര് നോക്കും എന്ന ആകുലത ഭിന്നശേഷിക്കാരുടെ രക്ഷിതാക്കളെ നിരന്തരം വേട്ടയാടുന്ന ഒന്നാണ്. അവരുടെ ആകുലത പരിഹരിക്കുന്നതിനായി ആരോഗ്യമാർന്നതും, ആനന്ദകരമായതും അന്തഃസ്സാർന്നതുമായ പരിചരണം ലഭിക്കുന്ന കേന്ദ്രങ്ങൾ/സദനങ്ങൾ സർക്കാർ ഒരുക്കണം. രക്ഷിതാക്കൾക്ക് സമാധാനത്തോടെ മരിക്കാനുള്ള അവസ്ഥയുണ്ടാക്കണം.
- BRC കളിൽ SSA യുടെ നേതൃത്വത്തിൽ ലഭ്യമാകുന്ന തെറാപ്പി സൗകര്യങ്ങൾ വർഷത്തിൽ 4-5 മാസമേ നിലവിൽ ലഭിക്കുന്നുള്ളൂ. തെറാപ്പിസ്റ്റുകൾക്ക് ശമ്പളവും ചിലവുകളും കണ്ടെത്താൻ BRC കൾക്ക് കഴിയുന്നില്ല. വർഷത്തിൽ 12 മാസവും തെറാപ്പി നൽകാനും തെറാപ്പിസ്റ്റുകൾക്ക്ശമ്പളം നൽകാനും സർക്കാർ തയ്യാറാകണം.
- **ഗ്രീൻ പ്രോട്ടോകോൾ** പോലെ ഒരു **ഭിന്നശേഷി സൗഹൃദ പ്രോട്ടോക്കോൾ** സംസ്ഥാനമൊട്ടാകെ നിർബന്ധമായും നടപ്പാക്കണം. റോഡായാലും, ഫുട്പാത്തായാലും, പാർക്കായാലും ലൈഹലേ ആയാലും അത് ഭിന്നശേഷി സൗഹൃദമായിരിക്കണം. സംസ്ഥാനത്ത് സർക്കാർ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പുതുതായി ഉണ്ടാക്കുന്ന എല്ലാ നിർമ്മിതിയും ഭിന്നശേഷിക്കാരെ കൂടി പരിഗണിക്കുന്ന ഒന്നായിരിക്കണം. നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി കൂട്ടിച്ചേർക്കലുകളും മാറ്റങ്ങളും വരുത്താൻ തയ്യാറാകുകയും വേണം.
- മെഡിക്കൽ ബോർഡ് നൽകുന്ന വൈകല്യ ശതമാന സർട്ടിഫിക്കറ്റിനെപ്പറ്റി പരാതിയും സംശയവുമുള്ളവർക്ക് അത് പരിഹരിക്കുന്നതിനും സൗഹാർദ്ദപരമായി ബോധ്യം വരുത്തുകയും ചെയ്യുന്നതിനുള്ള സംവിധാനവും വേണം.
- വർഷത്തിൽ ഒന്നോ രണ്ടോ തവണ ഭിന്നശേഷിക്കാരും കുടുംബാംഗങ്ങളും ചേർന്ന് മാനസികോല്ലാസത്തിനായി നടത്തുന്ന ഏകദിന വിനോദ സഞ്ചാര പരിപാടി നടത്തണം. അത് ബ്ലോക്കു തലത്തിലോ പഞ്ചായത്ത് തലത്തിലോ ആകാം. അതിനുള്ള ചിലവ് ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾ കണ്ടെത്തണം.
- മുഴുവൻ സമയപരിചരണമോ കാത്തുരക്ഷയിലോ വേണ്ടിവരുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ജീവിത മാർഗ്ഗത്തിനായി പുറത്തുപോയി ജോലി ചെയ്യാൻ കഴിയുന്നില്ല. അതിനാൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് അവർ നേരിടുന്നത്. അത്തരത്തിലുള്ള കുടുംബങ്ങളിലെ തൊഴിൽ രഹിതരായ മറ്റ് അംഗങ്ങൾക്ക് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, കുടുംബശ്രീ സംരംഭങ്ങൾ, അക്ഷയകേന്ദ്രം എന്നിവിടങ്ങളിൽ ജോലിക്ക് സംവരണം നൽകണം. ഇത്തരത്തിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന മെട്രോ റെയിൽ കോർപ്പറേഷനോടും ഇത്തരം കുടുംബാംഗങ്ങൾക്ക് ജോലിയിൽ മുൻഗണന നൽകണമെന്ന് അഭ്യർത്ഥിക്കുകയും വേണം.
- ഓരോ രക്ഷിതാക്കളും നേരിടുന്ന പ്രശ്നങ്ങൾ വ്യത്യസ്തമാണ്. അതിനാൽ രക്ഷിതാക്കൾ ആഗ്രഹിക്കുന്ന തരത്തിലുള്ള വിഷയാധിഷ്ഠിത പരിശീലനങ്ങൾ ലഭ്യമാക്കണം.

- ഇപ്പോൾ നടന്നതുപോലുള്ള രക്ഷിതാക്കളുടെ കൂടിച്ചേരലുകൾ ഇടയ്ക്കിടയ്ക്ക് നടത്തണം. ഒരു വാട്സ് അപ്പ് ഗ്രൂപ്പുണ്ടാക്കി കാര്യങ്ങൾ പരസ്പരം പങ്കുവയ്ക്കണം.
- നിലവിൽ ഭിന്നശേഷിക്കാർക്ക് പലവിധ സേവനങ്ങളും ലഭ്യമാക്കുന്ന കഇഉട രംഗത്തുള്ളവർക്കും അംഗൻവാടി പ്രവർത്തകർക്കും ജോലിഭാരവും ഉത്തരവാദിത്വവും ഏറെയാണ്. അതിനാൽ അടിസ്ഥാനതലത്തിൽ തന്നെ ഭിന്നശേഷിക്കാർക്കായി ഒരു പുതിയ സംവിധാനം ഉണ്ടാക്കണം. നിലവിലെ സംവിധാനത്തിലുള്ള സേവനങ്ങൾ വിഭജിച്ച് പുതിയ സംവിധാനത്തിലൂടെ ഭിന്നശേഷിക്കാർക്ക് ലഭ്യമാക്കണം. അങ്ങനെ കാലതാമസം ഒഴിവാക്കി കൂടുതൽ ഗുണമേന്മയുള്ള സേവനം ഒരു കുടക്കീഴിൽ ലഭ്യമാക്കാൻ കഴിയണം. ഒരു പുതിയ അടിസ്ഥാനതല ഏകജാലക സംവിധാനം. ഉദാത്തവും ഉന്നതവുമായ സാമൂഹ്യക്ഷേമ പദ്ധതികൾ ഒരു ജനാധിപത്യ സംവിധാനത്തിന്റെയും പരിഷ്കൃത സമൂഹത്തിന്റെയും ഉത്തരവാദിത്വമായതിനാൽ ഇത്തരത്തിലുള്ള പുതിയ സംവിധാനത്തിനായി അധിക ബാധ്യത ഏറ്റെടുക്കാൻ ബഹുമാനപ്പെട്ട സർക്കാർ തയ്യാറാകണം. ഫോക്കസ് ഗ്രൂപ്പിനു വേണ്ടി ക്രോഡീകരിച്ചത്.

ട്രാൻസ് ജെൻഡർ വിഭാഗം

വികസ കാഴ്ചപ്പാട്:- ലിംഗവ്യത്യാസങ്ങളെ സംബന്ധിച്ച് പരമ്പരാഗത സാംസ്കാരിക മാതൃകയിൽ നിന്ന് ജന്മനാൽ ഉണ്ടായിരുന്ന ലിംഗത്തിൽനിന്ന് വ്യതിയാനം പ്രദർശിപ്പിക്കുന്ന അഥവാ അതിൽനിന്നും വിഭിന്നമായ ലിംഗവ്യക്തിത്വം സ്വഭാവം എന്നിവ പ്രകടിപ്പിക്കുന്ന ആളെ പൊതുവായി വിശേഷിപ്പിക്കുന്ന പദമാണ് ട്രാൻസ് ജെൻഡർ. സമൂഹത്തിന്റെ പരിഹാസവും വിവേചനവും ഒഴിവാക്കലും ഒറ്റപ്പെടലും മൂലം പൊതുജീവിതത്തിൽത്തന്നെ രഹസ്യമായി ജീവിക്കേണ്ടിവരുന്ന ഈ വിഭാഗത്തെ സമൂഹത്തിന്റ മുഖ്യധാരയിലേക്ക് എത്തിക്കുക എന്നുള്ളതാവണം ഇവർക്കായുള്ള വികസന പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാന ലക്ഷ്യം. ആയതിലേയ്ക്ക് ചുവടെ ചേർക്കുന്ന വികസന കാഴ്ചപ്പാടുകൾ സ്വീകരിച്ചിട്ടുള്ളതാണ്.

- ഭിന്നലിംഗം എന്ന വിശേഷണം വേണ്ട, ട്രാൻസ്ജെൻഡർ എന്നവിശേഷണം മതി.
- ഇലക്ഷൻ വോട്ടേഴ്സ് ഐഡി-കാർഡ്, റേഷൻകാർഡ്, എന്നിവ പഞ്ചായത്ത് തല രജിസ്ട്രേഷനിലൂടെ തന്നെ ടി വിഭാഗത്തിൽപ്പെട്ട എല്ലാവരിലേക്കും എത്തിക്കുക.
- ഐ.ഡി. കാർഡ് സിബിഒ വഴി സാമൂഹ്യനീതി വകുപ്പ് നൽകുക.
- idcard – For gender Certificate, Welfare Scheme
- ട്രാൻസ്വൽ വിഭാഗത്തിലെ - 40 വയസ്സ് കഴിഞ്ഞവർക്കും ട്രാൻസ്ജെൻഡർ വിഭാഗത്തിലെ 45 വയസ്സ് കഴിഞ്ഞ വർക്കും പെൻഷൻ ഏർപ്പെടുത്തുക.
- ട്രാൻസ്ജെൻഡർ - കമ്മീഷൻ സംസ്ഥാനതലത്തിൽ രൂപീകരിക്കണം

അനുബന്ധം

ടി വിഭാഗക്കാർക്കായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നിശ്ചിതശതമാനം തുക വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി CBO (Community based organisation) വഴി ഇവർക്കായി വ്യക്തിഗത ഗ്രൂപ്പ് ശ്രദ്ധാപദ്ധതിക്കായി വിനിയോഗിക്കണം.(CBO in Ernakuam eg: Marvell)ഭരണഘടന ഓരോ പൗരനും ഉറപ്പു നൽകിയിട്ടുള്ള എല്ലാ അവകാശങ്ങളും ഉറപ്പുവരുത്തുക. സംശയവും ആകുലതകളുമായി ചികിത്സ തേടിയെത്തുന്നവരേയും മാതാപിതാക്കളേയും തെറ്റായ വിവരങ്ങളും ചികിത്സാക്രമങ്ങളും ഡോക്ടേഴ്സ് നൽകുന്നു എന്ന് ഈകൂട്ടർ തന്നെ പറയുന്നു. ഇതുവഴി ശാരീരിക മാനസീക ബുദ്ധിമുട്ടുകളും ഉണ്ടാകുന്നു. പോലീസ് കേസുമായി ബന്ധപ്പെട്ടോ മറ്റുതരത്തിലോ ഇവർ പ്രശ്നങ്ങൾ നേരിടേണ്ടിവരുമ്പോൾ ട്രാൻസ് വുമൺ വിഭാഗത്തിൽപ്പെടുന്നവരെ വനിതാ പോലീസ്തന്നെ കൈകാര്യം

ചെയ്യണം. ട്രാൻസ്മെൻ വിഭാഗത്തിൽപ്പെടുന്നവരെ പുരുഷപോലീസുകാരുടേയും സേവനം ലഭ്യമാക്കണം. അല്ലാത്ത അവസരങ്ങളിൽ ഈ കുട്ടർ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുന്നു. മുകളിൽ പറഞ്ഞ ടി കാര്യങ്ങളിൽ ഇവർ ആവശ്യപ്പെടുന്നത് ഇന്ന് നമ്മുടെ സമൂഹത്തിൽ വനിതകൾക്ക് ലഭിക്കുന്ന എല്ലാ നിയമപരിരക്ഷയും ഇക്കൂട്ടർക്കും ലഭിക്കണമെന്നാണ് പറയുന്നത്. സോഷ്യൽ, ഇക്കണോമിക് മേഖലകളിലെല്ലാം ഭരണഘടന ഉറപ്പുനൽകിയിട്ടുള്ള എല്ലാ അവകാശങ്ങളെല്ലാം ഉറപ്പുവരുത്തുക.

- എല്ലാ മേഖലകളിലും സംവരണം ഏർപ്പെടുത്തുക
- Bed reservation in hospital പ്രത്യേക ശ്രദ്ധയും പരിചരണവും ആശുപത്രിയിൽ ഇവർ അർഹിക്കുന്നു.
- സീറ്റ്സംവരണം – പൊതുയാത്രാ സൗകര്യങ്ങളിൽ സംവരണം ഏർപ്പെടുത്തുക
- തൊഴിൽമേഖലയിൽ – ഗവ/പ്രൈവറ്റ് മേഖലയിൽ നിശ്ചിതശതമാനം സംവരണം ഏർപ്പെടുത്തുകയും ഉറപ്പാക്കുകയും ചെയ്യുക
- ട്രാൻസ്ജെൻഡേഴ്സിലെ വിദ്യാഭ്യാസപരമായും, സാമൂഹികമായും പാർശ്വവൽക്കരിക്കപ്പെട്ടവരെ കേന്ദ്രീകരിച്ചുള്ള പദ്ധതികൾ വിഭാവനം ചെയ്യണം.

സ്കൂൾതലത്തിൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി ട്രാൻസ്ജൻഡർ വിഭാഗത്തിനെക്കുറിച്ച് ടി വിഭാഗക്കാരെ കൂടി ഉൾപ്പെടുത്തികൊണ്ട് ടി വിഭാഗത്തിൽപ്പെടുന്ന ഇനിയും തിരിച്ചറിഞ്ഞിട്ടില്ലാത്തവരേയും സമൂഹത്തെ അഭിമുഖീകരിക്കാൻ കഴിയാത്തവരേയും പല പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ടി വിഭാഗക്കാരെയും എല്ലാം വേണ്ടവിധത്തിൽ നയിക്കാൻ സി. ബി.ഒ. വഴി സാധിക്കും. പലപ്പോഴും തങ്ങളെ സംരക്ഷിക്കേണ്ട പോലീസ്, അദ്ധ്യാപകർ, ഡോക്ടേഴ്സ് ഇവരിൽ നിന്നെല്ലാം പല പീഡനങ്ങളും ടി കൂട്ടർ ഏറ്റുവാങ്ങേണ്ടി വരുന്നു. ട്രാൻസ്മെൻ, ട്രാൻസ്വുമൺ ഹോസ്പിറ്റലിൽ ചികിത്സ നിഷേധിക്കപ്പെടുന്നു. ഏത് വിഭാഗത്തിൽപ്പെടുത്തി ഇവിടെ പരിഗണിക്കണം എന്നുള്ളതാണ് ഈ അവസ്ഥയ്ക്ക് കാരണം. കാഷ്വാലിറ്റി, വാർഡുകൾ എന്നിവിടങ്ങളിൽ പ്രത്യേക സംവരണം ഈ വിഭാഗക്കാർക്ക് അനുഭവിക്കണം എന്നുള്ളതാണ് ഇവരുടെ ആവശ്യം.

ട്രാൻസ്ജെൻഡർ എന്ന വിഭാഗം 2014 ഏപ്രിൽ 15-ാം തീയതി ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിലൂടെയാണ് പ്രഖ്യാപിക്കപ്പെട്ടത്. കേരള സംസ്ഥാനമാണ് ആദ്യമായി ട്രാൻസ്ജെൻഡർ പോളീസി രൂപീകരിച്ചത്. എറണാകുളം ജില്ലയിൽ 600 ഓളംപേർ നിലവിൽ ഉണ്ട്. തിരിച്ചറിയപ്പെടാത്തതായി ധാരാളം പേർ ഇനിയും ഉണ്ടാകാം. എന്നാൽ ഇവർക്കിടയിൽ നടത്തിയ ചർച്ചയിൽ പലപ്പോഴും ഇവർ അവഗണനയും ചൂഷണവും അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നു എന്നാണ് വ്യക്തമാകുന്നത്. അവർക്കിടയിൽ അവരാൽ തന്നെ രൂപീകരിച്ചിട്ടുള്ളതായ 'Community based organisation' (CBO) ന്റെ കീഴിൽ ഒത്തൊരുമിക്കാൻ ഇഷ്ടപ്പെടുന്നവരാണ് ഇവർ. അതിന്റെ കാരണം ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെടുന്ന ആളുകളുടെ കൂട്ടായ്മയിലൂടെ അവർക്കു ലഭിക്കുന്ന വിശ്വാസവും സംരക്ഷണവും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന്റെ ഭാഗമായി ടി വിഭാഗക്കാർക്ക് പേഴ്സണാലിറ്റി ട്രെയിനിംഗ് നൽകുക. ലിംഗമാറ്റ ശസ്ത്രക്രിയ – (SRS Surgery) യെക്കുറിച്ചുള്ള ബോധവത്ക്കരണം, ഡോക്ടേഴ്സ് ഉൾപ്പെടെ ആരോഗ്യ പ്രവർത്തകർക്ക് നൽകണം. ഷോർട്ട് സ്റ്റേഹോം, ഷോർട്ട് കെയർഹോം എന്നിവയോടൊപ്പം മെന്റൽ ഹെൽത്ത് കെയറിനുവേണ്ടിയുള്ള സ്ഥാപനവും വേണം. അതിൽ പിയർ ഗ്രൂപ്പ് കൗൺസലിംഗ് സെന്റർ ഉൾപ്പെടെ വേണം.ജില്ലാതലത്തിൽ Social Justice based വഴി ടി വിഭാഗത്തിനായി അനുവദിച്ചിട്ടുള്ള ഫണ്ട് എല്ലാം CBO's വഴി ടി

വിഭാഗത്തിൽപെടുന്ന എല്ലാവർക്കുമായി ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കണം.

ഔദ്യോഗികമായി ടി വിഭാഗക്കാരെ ട്രാൻസ്ജെൻഡർ എന്നുമാത്രമെ വിശേഷിപ്പിക്കാവൂ. **ഭിന്നലിംഗം** എന്ന വാക്ക് വിശേഷണപദം ടി വിഭാഗങ്ങൾ ഇഷ്ടപ്പെടുന്നില്ല. Focus group discussion നിലുടനീളം ഇവർ ഐക്യകണ്ഠേന ഉന്നയിച്ചകാര്യമാണ്. ആയതിനാൽ നമുക്കത് പരിഗണിക്കാതിരിക്കാൻ കഴിയില്ല.

ഓഫീസ് റൂം:- ഇവർക്ക് സംഗമ സ്ഥലമെന്നരീതിയിൽ ഇവരുടെ CBO യ്ക്ക് പ്രവർത്തിക്കുന്നതിനായി അത്യാവശ്യ സൗകര്യങ്ങളോടുകൂടിയ വാടക/വാടക രഹിത കെട്ടിടം ഓഫീസ് പ്രവർത്തനത്തിനായി ഇവർക്ക് ആവശ്യമാണ്. Community Based Transgender Project Office

- Election Id Card – Via Panchayath registration – Voters ID – Ration Card
- Pension Transexual – 40years Transgender -45 years
- Personality development Training – For facing the society
- Bed reservation in Hospitals – Special care and reservation needed in hospitals
- ഹൈസ്കൂൾ ക്ലാസ്സുകളിലെ കുട്ടികൾക്ക് – TG Pension നെകൊണ്ട് തന്നെ awareness ക്ലാസ്സ് നൽകുക.
- Transgender Commission – State Level ൽ രൂപീകരിക്കണം
- T G ക്കാർക്കായി നിശ്ചിതശതമാനം തുക വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചിലവഴിക്കണം. ടി തുക CBO വഴി TG's ന്റെ ആവശ്യമായ കാര്യങ്ങൾക്കായി വിനിയോഗിക്കണം. Community based organisations, eg: Marvell in EKM
- ജില്ലാതലത്തിൽ TG ക്കാർക്ക് ഗ്രൂപ്പായി ജോലി ചെയ്യാനായി ഓഫീസ് റൂം ആവശ്യമാണ്. അതിലേയ്ക്കായി ഫണ്ട് അനുവദിക്കണം. CBO's ന്റെ വളർച്ചയ്ക്കായി പ്രത്യേക ശ്രദ്ധ പതിപ്പിക്കണം.
- Reservation – Social, Economic, etc. is all fields
- ഭരണഘടന ഉറപ്പുനൽകിയിട്ടുള്ള എല്ലാ അവകാശങ്ങളും ഉറപ്പുവരുത്തുക
- TG ആയിട്ടുള്ള ആളുകൾ ഒരുപാട് അവഗണനയും അപമാനവും നേരിടുന്നു. ടി ആളുകളുടെ സംരക്ഷണത്തിനായി വനിതകൾക്ക് നൽകിയിട്ടുള്ളതുപോലെയുള്ള നിയമപരിരക്ഷ ഉറപ്പു വരുത്തുക
- SRS Surgery Training for – doctors
- Penalisation – Doctors ചികിത്സാ കാര്യത്തിൽ ആളുകൾക്ക് തെറ്റായ ധാരണ പരത്തിവിടുന്നു. ഇത് ഇവർക്കെതിരെയുള്ള അവകാശ നിഷേധവും ചൂഷണവും ദ്രോഹവുമാണ്. ആയതിനാൽ തെറ്റായ ധാരണ പരത്തിവിടുന്ന ഡോക്ടേഴ്സിനെയും നിയമ പരിരക്ഷണം ഉറപ്പാക്കുന്നകാര്യത്തിൽ ഡോക്ടേഴ്സിനെയും കുറ്റക്കാരായിതന്നെ കാണേണ്ടതാണ്.
- In Introduction : Age – Period Specify ചെയ്യണം
- Short Stay home, Short Care Home എന്നിവയോടൊപ്പം Mental Health care നു വേണ്ടിയുള്ള സ്ഥാപനവും വേണം. ഇതിൽ Peer Group Counselling Centre ഉം വേണം
- Police Care ഉം ആയി ബന്ധപ്പെട്ട് ട്രാൻസ്മെൻ നെ ആൺപോലീസും, ട്രാൻസ് വുമണിനെ വനിതാപോലീസും കൈകാര്യം ചെയ്യണം. പിന്നീട് ലീഗൽ മാറ്റേഴ്സിലെല്ലാം ഇത് പാലിക്കണം.
- Supreme Court ഇത് ഉറപ്പാക്കിയിട്ടുണ്ടെങ്കിലും പല സ്ഥലങ്ങളിലും ഇത് പാലിക്കപ്പെടുന്നില്ല.
- ID Card Issue - CBO വഴി തന്നെ Social Justice issue ചെയ്യണം
- Two Type Identity – ID card for – gender certificate
- Id card for – Welfare Schemes

ഈ നിർദ്ദേശങ്ങളെല്ലാം ട്രാൻസ്ജെൻഡേഴ്സിന്റെ അടിസ്ഥാന

ആവശ്യങ്ങളിൽപ്പെടുന്നു. ഇതെല്ലാം എത്രയും വേഗം തന്നെ നടപ്പിൽവരുത്തേണ്ടതാണ്.വിവേചനമില്ലാതെ ഒരു ട്രാൻസ് വ്യക്തിക്ക് സ്വന്തം സമൂഹത്തിൽ ജീവിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക.

- ഏതെല്ലാം സാമൂഹിക - സാമ്പത്തിക നിലവാരത്തിലുള്ളവരാണ് കടുത്ത വിവേചനം കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും നേരിടുന്നത്.

- സ്കൂൾകൊഴിഞ്ഞുപോക്കിനു ഉണ്ടാകുന്ന പ്രധാനകാരണങ്ങൾ (ആത്മാഭിമാനം നഷ്ടപ്പെടുക, അദ്ധ്യാപകരുടെ മതിയായ അവബോധക്കുറവ്മതിയാവ)

- വിദ്യാഭ്യാസംപൂർത്തിയാക്കാൻ സാധിക്കാത്തിടത്ത് തുടർവിദ്യാഭ്യാസം നൽകാൻ സാധിച്ചിട്ടുണ്ടോ?

- പെൻഷൻ സ്കോളർഷിപ്പ് എല്ലാ ട്രാൻസ് ജെൻഡറുകൾക്കും എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ തൊഴിൽസുരക്ഷ ഉറപ്പുവരുത്താനാവുക.

- ഇവർക്ക് സാമൂഹ്യ - മാനസിക പിന്തുണ നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ

  ഇത്പരിശോധിക്കപ്പെടേണ്ടതാണ്.

- ആരോഗ്യപരിരക്ഷഇൻഷ്വറൻസ് പരിരക്ഷ സംവിധാനത്തിന്റെ ലഭ്യത

- മതിയായ പാർപ്പിട സൗകര്യത്തിന്റെ ലഭ്യത

- ട്രാൻസ് വിഭാഗത്തിന് വിദ്യാഭ്യാസ തൊഴിൽ സുരക്ഷ ആരോഗ്യം ഉറപ്പാക്കുക.

വിവരസ്രോതസ്സുകൾ

ഇന്ത്യയിൽ 2011 സെൻസസ് മുതലാണ് ട്രാൻസ്ജെൻഡറുകളുടെ വിവരശേഖരണം ആരംഭിച്ചത്. ഈ സെൻസസ് പ്രകാരം ഇന്ത്യയിൽ 4.88 ലക്ഷം ട്രാൻസ് ജെൻഡറുകൾ ഉണ്ട്. കേരളത്തിൽ ലഭ്യമായ കണക്കുകൾ പ്രകാരം 3902 പേർ ട്രാൻസ്ജെന്ററുകൾ ആണ്. ഇവരെക്കുറിച്ചുള്ള വിവരശേഖരത്തിനായി താഴെപ്പറയുന്ന സ്ഥിതി വിവരക്കണക്കുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

- റ്റി. ജി. സർവ്വെ, 2015
- അംഗപരിമിത സെൻസസ് 2015
- സെൻസസ് 2011, സാക്ഷരതാ മിഷൻ സർവ്വെ
- ട്രാൻസ് നയം 2015

വികസന വിടവുകൾ

- ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചെങ്കിലും (പെൻഷൻ, സ്കോളർഷിപ്പ്) വേണ്ടത്ര അപേക്ഷകരെ ലഭിക്കുന്നില്ല.
- ഓരോ ട്രാൻസ് വ്യക്തിക്കും വ്യത്യസ്ത മേഖലകളിലെ തൊഴിൽ പരിശീലനം ആവശ്യപ്പെടുന്ന സാഹചര്യത്തിൽ പ്രത്യേകതൊഴിൽ പരിശീലന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള പരിമിതി.
- തിരിച്ചറിയൽ കാർഡ് എന്തൊക്കെ ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താം എന്നുള്ളത് സംബന്ധിച്ച വ്യക്തത ഇല്ലായ്മ
- മാതാപിതാക്കൾ, അദ്ധ്യാപകർ, പോലീസ് ഉദ്യോഗസ്ഥർ, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവരുടെ അവകാശ സംരക്ഷണത്തിനായി കൈകോർത്ത് പ്രവർത്തിക്കേണ്ടവരുടെ അജ്ഞത
- ക്ലേശകരമായ ജീവിത സാഹചര്യങ്ങൾ, മാനസിക നില എന്നിവ തരണം ചെയ്യുന്നതിനുള്ള ജീവിത നൈപുണ്യതയുടെ അഭാവം
- സൗജന്യ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പരിപാടിയുടെ ആവശ്യകത
- മതിയായ സുരക്ഷയോടെ തൊഴിൽ ചെയ്യുന്നതിനുള്ള അവസരമില്ലായ്മ
- അദ്ധ്യാപകരുടെ അജ്ഞതകൊണ്ടുണ്ടാകുന്ന സ്കൂൾ കൊഴിഞ്ഞുപോക്ക് തടയാനാകുന്നില്ല.
- ഇൻഷുറൻസ് പരിരക്ഷയുടെ അഭാവം

വികസന സാദ്ധ്യതകൾ

- ജില്ലാതലത്തിലുള്ള കൃത്യമായ സ്ഥിതിവിവരകണക്കുകൾ ഉണ്ടാക്കുക.

- അർഹരായ എല്ലാവർക്കും ഐ.ഡി. ലഭ്യമാക്കുക, എന്തൊക്കെ ആവശ്യങ്ങൾക്ക് ഐ.ഡി. ഉപയോഗപ്പെടുത്താമെന്ന് വ്യക്തത ഉണ്ടാക്കുക.
- ജില്ലയിലെ എല്ലാ അപേക്ഷകളിലും റിക്കോർഡുകളിലും ട്രാൻസ്ജെൻഡർ കോളം ഉൾപ്പെടുത്തുക
- അദ്ധ്യാപകരുടെ ബോധവത്കരണത്തിലൂടെ സ്കൂൾ കൊഴിഞ്ഞ് പോക്ക് പൂർണ്ണമായും ഇല്ലാതാക്കുക.
- തുടർവിദ്യാഭ്യാസത്തിനുള്ള അവസരമൊരുക്കുക
- അഭിരുചിയ്ക്കനുസരിച്ചുള്ള തൊഴിൽ നൈപുണ്യ പരിശീലനം
- സാമൂഹിക സ്വകാര്യതയ്ക്കും പിന്തുണയ്ക്കുമായി വ്യാപക ബോധവത്കരണം
- നിശ്ചിതശതമാനം തുക ഈ വിഭാഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾക്ക് മാറ്റിവയ്ക്കുക.

നടപ്പിലാക്കാവുന്ന പദ്ധതികൾ

- ഭിന്നലിംഗക്കാർക്ക് താത്പര്യത്തിനനുസരിച്ചുള്ള തൊഴിൽ
- പരിശീലനം നൽകുക തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക (ബ്യൂട്ടിഷ്യൻ, കലാരംഗങ്ങൾ)
- ജില്ലാ അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കുക.
- Help Desk (Legal aid, Health, Police Aid, Counselling) എന്നിവ നൽകുക. മറ്റ് ജനങ്ങൾക്ക് ലഭ്യമാകുന്ന അതേ രീതിയിൽ തുല്യപരിഗണന ഉറപ്പാക്കുക.
- Rehabilation Centre സ്ഥാപിക്കുക.
- ജില്ലാതലത്തിൽ ഒരു സെന്ററെങ്കിലും ഒരുമിച്ചുതാമസിക്കാൻ തക്ക സൗകര്യ പ്രദമായി സ്ഥാപിക്കുക.
- ID card Issuing എല്ലാ അടിസ്ഥാന വിവരങ്ങളും അടങ്ങിയ card ആണ് നൽകേണ്ടത്. സർക്കാർ മുദ്രയോടുകൂടിയ കാർഡ് ആയിരിക്കണം നൽകുന്നത്.
- SRS Sucgers- Assistance
- എല്ലാ മേഖലകളിലും male, female, TG എന്ന രീതിയിൽ ബോർഡുകൾ സ്ഥാപിക്കുക. (Especially Bathroom, Hospital, Public Transportation, Application Forms
- സംസ്ഥാന, പൊതുമേഖലാ രംഗത്ത് തൊഴിൽ രംഗങ്ങളിൽ സംവരണ വിഭാഗങ്ങളിൽ ഇവർക്കുകൂടി മുൻഗണന നൽകുക. നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തുക.
- സമൂഹത്തിന്റെ മുഖ്യധാരയിൽ എല്ലാ ജനവിഭാഗത്തിനുമൊപ്പം ജീവിക്കാനുള്ള സാദ്ധ്യതകൾ ഉണ്ടാക്കിയെടുക്കുക.
- എല്ലാ വിഭാഗത്തിലും പെട്ട ഉദ്യോഗസ്ഥർക്കും ജനങ്ങൾക്കും ഭിന്നലിംഗത്തിലുള്ളവരും ഈ സമൂഹത്തിൽ ജീവിക്കാൻ അവകാശമുള്ളവരാണെന്നും അവരുടെതല്ലാത്ത തെറ്റുകൊണ്ടാണ് അവർ ഈ വിധമായതെന്നും അവർക്ക് എല്ലാ പരിഗണനയ്ക്കും അർഹതയുണ്ടെന്നുമുള്ള അവബോധം നൽകാൻ തക്ക പരിശീലനം LSGD തലങ്ങളിൽ നൽകുക.
- ചികിത്സാ സൗകര്യങ്ങൾ നിഷേധിക്കുന്ന ഹോസ്പിറ്റലുകൾക്കെതിരെ നടപടികൾ കൈക്കൊള്ളുക
- തൊഴിൽരഹിതർക്ക് മാനദണ്ഡങ്ങൾക്കനുസരിച്ച് പെൻഷൻ സമ്പ്രദായം ഏർപ്പെടുത്തുക. (Above 35+yrs)
- ഇവർക്കായി പ്രത്യേകം ട്രാൻസ്ജണ്ടർ helpline (24hrs) നമ്പർ desk സ്ഥാപിക്കുക.
- കൃത്യമായ കണക്കെടുപ്പിന് ആവശ്യമായ സർവ്വെ നടത്തുക.

വയോജനങ്ങൾ

അറുപത് വയസ്സിനുമുകളിൽ പ്രായമുള്ള മുതിർന്ന പൗര•ണ്ടാർക്ക് അർഹമായ സ്നേഹവും ബഹുമാനവും നൽകുന്നതോടൊപ്പം അവരുടെ ആരോഗ്യം, സാമ്പത്തിക സ്ഥിതി സന്തോഷകരമായ കുടുംബാന്തരീക്ഷം എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകി അവരുടെ അറിവുകളും താല്പര്യവും കണക്കിലെടുത്ത് അവരുടെ അനുഭവസമ്പത്ത് ഉപയോഗപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കാനും അവർക്ക് ചെയ്യാൻ കഴിയുന്ന തൊഴിലുകളിൽ ഏർപ്പെടാനും അഭിമാനപൂർവ്വം സമൂഹത്തിലെ ഒരംഗമായി കഴിയാനുള്ള സാഹചര്യം ഉണ്ടാക്കിയെടുക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്കാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഊന്നൽ നൽകേണ്ടത്.

ഐക്യരാഷ്ട്രസംഘടന (യു.എൻ) യുടെ ജനറൽ അസംബ്ലി 1991 ഡിസംബർ 16 ന് വയോജനങ്ങളെ സംബന്ധിച്ച് 18 ഇനം അവകാശപ്പട്ടിക ഐക്യകണ്ഠ്യേന അംഗീകരിക്കുകയുണ്ടായി. സ്വാതന്ത്ര്യം, പൊതുപങ്കാളിത്തം, സംരക്ഷണം, സ്വയംപര്യാപ്തത, അർഹിക്കുന്ന പരിഗണന നൽകൽ എന്നിവയാണ് പ്രമുഖ സ്ഥാനത്തുള്ളത്. ആ അവകാശപത്രികയുടെ അടിസ്ഥാനത്തിൽ ലോകത്തെ ഭൂരിപക്ഷ രാജ്യങ്ങളും ഇന്ത്യ ഉൾപ്പടെ - വയോജന നയം പ്രഖ്യാപിക്കുകയുണ്ടായി.

കേരളം ജനസംഖ്യയുടെ കാര്യത്തിൽ വ്യത്യസ്തമായ ഒരുഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. വ്യത്യസ്ത പ്രായമുള്ളവരുടെ അനുപാതത്തിൽ അടുത്തകാലത്ത് വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ കുടുംബത്തിനുള്ളിലും സാമൂഹിക ജീവിതത്തിലും ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെപ്പറ്റി നാം വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. ജനനമരണ നിരക്കുകൾ കുറഞ്ഞതും ആയുർദൈർഘ്യം കൂടിയതും ജനസംഖ്യയിൽ വയോജനങ്ങളുടെ ശതമാനം കൂടുന്നതിന് ഇടയാക്കിയിട്ടുണ്ട്.

പട്ടിക - 4.174
വയോജന സ്ഥിതിവിവരകണക്കുകൾ

	ഇന്ത്യയിൽ	കേരളത്തിൽ (3.48 കോടി)
വയോജനങ്ങൾ	1.21 ബില്ല്യൻ	13.6%
പുരുഷന്മാർ	5%	11.8%
സ്ത്രീകൾ	5.7%	13.3%
	2050 ൽ 19% (വരുമെന്ന് കണക്കാക്കപ്പെടുന്നു)	2026 ൽ 18.3% (വരുമെന്ന് കണക്കാക്കപെടുന്നു)

അവലംബം 2011 സെൻസസ്

വയോജനങ്ങൾ നേരിടുന്ന പൊതുവായ പ്രശ്നങ്ങൾ

- സാമ്പത്തികം
- ശാരീരിക ആരോഗ്യം
- മാനസികാരോഗ്യം
- സാമൂഹ്യാരോഗ്യം

ഇവർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അനുയോജ്യമായ സാമൂഹ്യ സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടത്ര കഴിഞ്ഞിട്ടില്ല. ഒരു സംസ്ക്കാരത്തേയും സമൂഹത്തേയും വളർത്തുന്നതിനും നിലനിർത്തുന്നതിനും ജീവിതത്തിലെ സിംഹഭാഗവും ചെലവഴിച്ചു വയോജനങ്ങളുടെ ശിഷ്ടജീവിതം സന്തോഷകരമാക്കുവാനുള്ള ഉത്തരവാദിത്തം ഏതൊരു പരിഷ്കൃത സമൂഹത്തിനും ഉണ്ട്. മേൽ പശ്ചാത്തലത്തിൽ അറുപത് വയസ്സ് പൂർത്തിയായ എല്ലാവരേയും വയോജനമായി കണക്കാക്കി അവരുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് ദേശീയതലത്തിലും സംസ്ഥാനതലത്തിലും വയോജന നയം രൂപീകരിച്ചിട്ടുണ്ട്.

പകൽ വീട്

സാധ്യമായ മറ്റ് പ്രവർത്തനങ്ങൾ

- വയോജന ക്ലബ്ബുകൾ രൂപീകരിക്കുവാൻ മുൻകൈ എടുക്കുകയും

പ്രവർത്തനങ്ങൾക്കുവേണ്ട ധനസഹായം നൽകുകയും ചെയ്യുക.

- വയോജനൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുക
- വയോജന നയവും കർമ്മപരിപാടിയും കൃത്യമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തുക
- വയോജന സഹായ സമിതിയുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക
- വയോജനങ്ങൾക്ക് ആരോഗ്യ സുരക്ഷാപ്രവർത്തനങ്ങൾക്കുവേണ്ടി പദ്ധതികൾ തയ്യാറാക്കുക.
- പരിചരണം ആവശ്യമായവരെ പാലിയേറ്റീവ് കെയർ പാക്കേജിൽ ഉൾപ്പെടുത്തുക
- പട്ടികവർഗ്ഗ-പട്ടികജാതി വിഭാഗത്തിലെ വയോജനങ്ങൾക്ക് ഭക്ഷണം, വസ്ത്രം, ആരോഗ്യ സംരക്ഷണം, കിടപ്പാടം തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- വയോജനങ്ങളുടെ സേവനം നാടിന്റെ വളർച്ചക്കും സാമൂഹിക നിർമ്മിതിക്കും ഉപകാരപ്പെടുത്തുന്ന രീതിയിൽ സംവിധാനങ്ങൾ

  ക്രമപ്പെടുത്താവുന്നതാണ് (ഉദാ. TAG, Working groups etc.)
  വിദഗ്ദ്ധരായവരുടെ ഡേറ്റാബാങ്ക് പശ്ചാത്തലത്തിൽ തയ്യാറാക്കാവുന്നതാണ്.
- പി.എച്ച്.സി. കളിൽ Geriatric doctors ന്റെ സേവനവും ഒപ്പം തന്നെ കൗൺസിലർമാരുടെ സേവനവും

- **വയോജനങ്ങൾക്കുള്ള സംയോജിത സംരക്ഷണ പദ്ധതി**

വയോജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഗണിച്ച് കേന്ദ്രസർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. അവരുടെ സുരക്ഷിതത്വത്തിനും മാനസികോല്ലാസത്തിനും വൈദ്യസഹായത്തിനും ആവശ്യമായ സൗകര്യങ്ങൾ ഇവിടെ ഒരുക്കുന്നു. ഈ പദ്ധതിയുടെ ക്രിയാത്മക നടത്തിപ്പിനായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും കേന്ദ്ര സർക്കാർ ധനസഹായം നല്കുന്നു.

- **വൃദ്ധസദനം**

സംരക്ഷിക്കാനാളില്ലാത്ത വൃദ്ധജനങ്ങൾക്ക് സംരക്ഷണവും പരിചരണവും നൽകുന്നതിനാണ് ഇത്തരം സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നത്. 60 വയസ്സിനു മുകളിൽ പ്രായമുള്ളതും മേൽപറഞ്ഞ വിഭാഗങ്ങളിൽപ്പെടുന്നതുമായ എല്ലാ വയോജനങ്ങൾക്കും പ്രവേശനം ലഭിക്കും. അതാത് സ്ഥാപന സൂപ്രണ്ടുമാർക്ക് അപേക്ഷ നൽകേണ്ടതാണ്. സാമൂഹ്യനീതി വകുപ്പിനുകീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വൃദ്ധർക്കുവേണ്ടി സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു.

- **വൃദ്ധസദനങ്ങൾക്കുള്ള കേന്ദ്ര സഹായം**

ഏറ്റവും കുറഞ്ഞത് 25 വൃദ്ധജനങ്ങളെ താമസിപ്പിക്കുകയും അവർക്ക് നല്ല ഭക്ഷണം, വിനോദം, സംരക്ഷണം എന്നിവ സൗജന്യമായി നല്കുകയും ചെയ്യുന്ന വൃദ്ധസദനങ്ങൾക്ക് കേന്ദ്ര സഹായം നല്കുന്നു. അപേക്ഷകൾ അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കാണ് സമർപ്പിക്കേണ്ടത്.

- **ആശ്വാസ കേന്ദ്രങ്ങളും തുടർസംരക്ഷണ കേന്ദ്രങ്ങളും**

വൃദ്ധസദനങ്ങളിൽ കഴിയുന്നവർക്ക് അസുഖം ബാധിച്ചാൽ അവരെ ശുശ്രൂഷിക്കുന്നതിനും സംരക്ഷിക്കുന്നതിനായി സംരക്ഷണ ചെലവ് നല്കുന്നു.

- **വൃദ്ധർക്കായി വിവിധ സേവനങ്ങൾ നല്കുന്ന കേന്ദ്രങ്ങൾ നടത്തുന്ന പദ്ധതി**

വൃദ്ധരുടെ പകൽ സംരക്ഷണ കേന്ദ്രങ്ങളിൽ വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, സൗഹൃദബന്ധങ്ങൾ തുടങ്ങിയ സേവനങ്ങൾ നല്കുന്ന 90 പേരെങ്കിലുമുള്ള കേന്ദ്രത്തിന് ധനസഹായം നല്കുന്നു.

- **മെഡിക്കൽ കെയർ യൂണിറ്റ് നടത്തുന്നതിനുള്ള സഹായ പദ്ധതി**

ചേരി പ്രദേശങ്ങളിലും വികസനമെത്താത്ത ഗ്രാമങ്ങളിലും യാതൊരു സൗകര്യങ്ങളുമില്ലാതെ കഴിയുന്ന വൃദ്ധജനങ്ങൾക്കായുള്ള പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം കുറഞ്ഞത് 400 പേർക്കെങ്കിലും ഒരു മാസം ചികിത്സാ-സഹായമെത്തിക്കാൻ, വയോജന ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന

- സാമൂഹ്യ സുരക്ഷിതത്വം ആവശ്യമായ മറ്റുള്ളവർ

ഗുരുതരരോഗബാധിതർ

1. പാലിയേറ്റീവ് സംവിധാനം, മെഡിക്കൽ അസിസ്റ്റൻസ് എന്നിവ ഏർപ്പെടുത്തുക
2. വയോമിത്രം
3. വയോഅമൃതം
4. Treatment Knowledge
5. ചികിത്സാസംവിധാനങ്ങളെക്കുറിച്ചുള്ള അറിവുലഭിക്കൽ
6. ചെലവു കുറഞ്ഞ ചികിത്സാരീതികളെക്കുറിച്ചുള്ളinformation എത്തിക്കൽ
7. സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുക.
8. മുഴുവൻ സമയവും ചികിത്സ ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളുക.
9. മാരകമായതും ഗുരുതരമായതുമായ രോഗങ്ങൾക്കുള്ള മരുന്നുകൾ പരമാവധി സൗജന്യ നിരക്കിൽ ലഭ്യമാക്കുക
10. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് നൽകുക. സൗജന്യ മെഡിക്കൽ/പാലിയേറ്റിവ്കെയർ സംവിധാനം ഉറപ്പാക്കുക.
11. രോഗങ്ങൾ ആരംഭത്തിൽതന്നെ കണ്ടുപിടിക്കാൻ വിധത്തിൽ മെഡിക്കൽ ക്യാമ്പും Screening test ഉം നടത്താൻ നടപടികൾ കൈകൊള്ളുക.

50വയസ്സ് കഴിഞ്ഞ അവിവാഹിതർ, ജീവിതത്തിൽ ഒറ്റപ്പെട്ടുപോയവർ

1. സാമ്പത്തിക സാമൂഹിക സംരക്ഷണം ഏർപ്പെടുത്തുക

സന്നദ്ധസംഘടനകൾക്കും, വയോജനങ്ങൾക്ക് സൗജന്യ ചികിത്സ നല്കുന്ന സ്ഥാപനങ്ങൾക്കും, ആശുപത്രി, മെഡിക്കൽ കോളേജ്, നഴ്സിങ് ഹോമുകൾക്കും സംസ്ഥാന സർക്കാരിന്റെ ചുമതലയിൽപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർ നല്കുന്ന അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നല്കുന്നു.

2. Shorty stay home ഏർപ്പെടുത്തുക.
3. സാമൂഹ്യ സുരക്ഷാ പെൻഷൻ, ഭക്ഷണം, ആരോഗ്യപരിശോധന എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

അൽഷിമേഴ്സ്, ഡിമൻഷ്യരോഗങ്ങൾ

1. മെമ്മറി ക്ലിനിക്കുകൾ ആരംഭിക്കുക

   നിലവിൽ ഈ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനോ മനസ്സിലാക്കുന്നതിനോ ആവശ്യമായ സെന്ററുകൾ വളരെകുറവാണ്. ശരിയായ രീതിയിൽ ഇവരെ പരിചരിക്കേണ്ട രീതികളും അറിയില്ല. ഇതിനായി ജില്ലാതലത്തിലും, ബ്ലോക്ക് തലത്തിലും ഉള്ള ആശുപത്രികളിൽ മെമ്മറി ക്ലിനിക്കുകൾ ആരംഭിക്കുക.
2. ഇത്തരത്തിൽ ബുദ്ധിമുട്ടുന്നവരെ കണ്ടെത്താൻ പഞ്ചായത്തുതലത്തിലും സർവ്വേ നടത്തുക.
3. മേലേഡിമൻഷ്യ ഹെൽപ്പ്ലൈൻ നമ്പർ ഏർപ്പെടുത്തുക
4. ഡോക്ടർമാർക്ക് ARDSI (അൾഷിമേഴ്സ്റിലേറ്റഡ്ഡിസ്ഓർഡേഴ്സ് സൊസൈറ്റി ഓഫ് ഇൻഡ്യ) വഴി പരിശീലനം നൽകുക
5. കുടുംബശ്രീ പ്രവർത്തകർ, Pain and Paleative units, നഴ്സസ്, ICDS Staff, ആഷാ വർക്കർമാർ തുടങ്ങിയവരിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് പരിശീലനം നൽകുക.
6. അൾഷിമേഴ്സ് ദിനാചരണങ്ങളിൽ ഇത്തരത്തിലുള്ളവരുടെ കൂട്ടായ്മ നടത്തുക.

ക്ലേശമനുഭവിക്കുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടതുമായ ഇതര ജനവിഭാഗങ്ങൾ

സർക്കാരിന്റെ കരുതലും സംരക്ഷണവും ആവശ്യമായ ചിലർക്കെങ്കിലും ഇവർക്കായി മാത്രമുള്ള ക്ഷേമപദ്ധതികളുടെ അഭാവത്തിൽ പ്രത്യേക പരിഗണന ലഭിക്കാതെ പോകുന്ന സാഹചര്യം നിലവിലുണ്ട്. ഏറ്റവും ദുർബല ജനവിഭാഗങ്ങളോടുള്ള സമീപനം കൂടി ആസ്പദമാക്കിയാകണം ഒരു ജില്ലയുടെ വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തേണ്ടത്. അതിനാൽ ജില്ലാ പരിപ്രേക്ഷ്യത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട മുഴുവൻ ആളുകൾക്കും സാമൂഹ്യ സുരക്ഷിതത്വം എന്നതാവണം ഈ മേഖലയിലെ കാഴ്ചപ്പാട്.

അവസ്ഥാവിശകലനം

കേരളത്തിൽ 27,604 പേർ HIV/AIDS ബാധിതരാണ്. ഇതുപോലെ ഇതര സംസ്ഥാനതൊഴിലാളികൾ, ലൈംഗിക തൊഴിലാളികൾ, അനാഥരായ കിടപ്പുരോഗികൾ, പീഢനങ്ങൾക്കിരയായവർ എന്നിങ്ങനെ ജീവിതാവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടവരുടെ പട്ടിക വളരെ വലുതാണ്.

- ☐ കിടപ്പുരോഗികൾക്കുവേണ്ട ആരോഗ്യ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടുണ്ടോ?
- ☐ ഗുരുതര രോഗബാധിതർ, കാൻസർ, HIV/AIDS, വൃക്ക, ഹൃദയസംബന്ധിയായ രോഗങ്ങൾ ബാധിച്ച അനാഥരുടെ അവസ്ഥ
- ☐ മാനസിക രോഗവിമുക്തരുടെ കുടുംബ സാമൂഹ്യ പുനരധിവാസം
- ☐ ഇതര സംസ്ഥാന തൊഴിലാളികൾ, ലൈംഗിക തൊഴിലാളികൾ ഇവരുടെ സുരക്ഷിതത്വത്തിനായുള്ള പദ്ധതികൾ
- ☐ അഗതികൾ, ജീവിതത്തിൽ ഒറ്റപ്പെട്ടുപോയവർ എന്നിവരുടെ അവസ്ഥ
- ☐ ആകസ്മിക അപകടങ്ങളിൽപ്പെട്ട് പാരാപ്ലീജിക്ക് ആയവരുടെ കുടുംബത്തിന്റെ സാമ്പത്തികാവസ്ഥ
- ☐ പാർക്കിൻസൺസ്, ഡിപ്രഷൻ, ഡിമെൻഷ്യ എന്നിവ അനുഭവിക്കുന്നവരുടെ പ്രശ്നങ്ങൾ
- ☐ ജയിൽ മോചിതരും അവരുടെ കുടുംബാംഗങ്ങളും നേരിടുന്ന പ്രശ്നങ്ങൾ

വികസന വിടവുകൾ

- ☐ കിടപ്പുരോഗികൾക്കെല്ലാം സാന്ത്വന പരിചരണം, ചികിത്സ, മരുന്നുവിതരണം, ആവശ്യമായവർക്ക് പോഷകാഹാര പിന്തുണ എന്നിവ ഉറപ്പുവരുത്തുക.
- ☐ ആവശ്യത്തിനു പുനരധിവാസ കേന്ദ്രങ്ങൾ, റസ്ക്യൂ ഗ്രൂപ്പുകൾ (Psychosocial Worker, Awworker, JPHN, Voluntary Worker തുടങ്ങിയവർ അടങ്ങിയത്) ഉണ്ടോ എന്ന് പരിശോധിക്കുക.
- ☐ നിയമസംവിധാനങ്ങളുടെ ഇടപെടൽ കാര്യക്ഷമമാകുന്നുണ്ടോ?
- ☐ ഈ വിഭാഗങ്ങളുടെ കൃത്യമായ സ്ഥിതിവിവരകണക്കുകൾ ലഭ്യമാണോ?
- ☐ അന്യ സംസ്ഥാന തൊഴിലാളികളുടെ ശാരീരികമാനസിക ആരോഗ്യം, ശുചിത്വ ചുറ്റുപാടുകൾ, എന്നിവ നിർവ്വഹിക്കപ്പെടുന്നുണ്ടോ?

വികസന സാദ്ധ്യതകൾ

- ☐ ജില്ലാതലത്തിൽ Social Protection Network വിവിധ വകുപ്പുകളുമായി സംയോജിച്ച് രൂപപ്പെടുത്തുക.

- സാമൂഹിക വേർതിരിവുകൾ, തൊഴിൽ, വിദ്യാഭ്യാസ, സാമൂഹിക പങ്കാളിത്ത മേഖലകളിൽ അവസരങ്ങൾ നിഷേധിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക.
- പൊതുഇടങ്ങൾ യാചക നിരോധിത മേഖലകളാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

വികസന ആവശ്യങ്ങൾ

- ഈ വിഭാഗത്തിൽപ്പെട്ടവരുടെ പ്രാദേശിക വിവരശേഖരണം
- തുടർച്ചയായ ആരോഗ്യ പരിശോധന, ചികിത്സ, കൗൺസിലിംഗ്, തൊഴിൽ, വരുമാനം ഇവ ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
- HIVaffected/infected ആയ മുതിർന്നവർക്കും കുട്ടികൾക്കുമുള്ള ജീവിതനൈപുണ്യ പരിശീലനം
- അവയവദാനത്തിനു സന്നദ്ധരായവരുടെ ഫോറം
- സൈക്കോസോഷ്യൽ/പാരാപ്ലീജിക് റിഹാബിലിറ്റേഷൻ സെന്ററുകൾ
- മുഴുവൻ കിടപ്പുരോഗികളെയും കണ്ടെത്തി മുഴുവൻ സമയ പരിരക്ഷയും ഉറപ്പുവരുത്തുക.

HIV ബാധിതർ

1. എയ്ഡ്സ് ബാധിതരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തുക.
2. അവരെക്കുറിച്ചുള്ള ഭയം സമൂഹത്തിന് ഉണ്ടാകാതിരിക്കാൻ തക്കവിധം ബോധവൽക്കരണം നടത്തുക.
3. അവർക്കും അവരുടെ കുടുംബത്തിനും ജീവിക്കാൻ ആവശ്യമായ പെൻഷൻ ലഭ്യമാക്കുക
4. വിശപ്പടക്കാനുള്ള ഭക്ഷണത്തിന് പകരം പോഷണ സമ്പുഷ്ടമായ ഭക്ഷണം രോഗികൾക്ക് ലഭ്യമാക്കുക.
5. സ്വകാര്യ ആസ്പത്രികളിലും ഗർഭിണികളിൽ ആദ്യ ത്രൈമാസത്തിൽ തന്നെ HIV ടെസ്റ്റ് നടത്തുന്നതിനുള്ള നിർദ്ദേശം നൽകുക. ഇപ്രകാരം ചെയ്താൽ ഗർഭസ്ഥശിശുവിനെ രോഗബാധയിൽ നിന്നും ഒഴിവാക്കാനാകും.
6. രോഗബാധിതരുടെ കുട്ടികൾക്ക് സ്കൂളുകളിൽ പഠിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കുക.

അവിവാഹിത അമ്മമാർ, അതിക്രമത്തിനിരയായ സ്ത്രീകൾ വിവാഹ മോചിതർ, വിധവകൾ, ഉപേക്ഷിക്കപ്പെട്ടവർ

1. പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിനായി ഫണ്ട് അനുവദിക്കുക.
2. സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുക
3. സ്വയം തൊഴിൽ പരിശീലന കേന്ദ്രങ്ങളും - അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തു Eg. Sanitary Napkin unit, Diapper making Unit etc.
4. നിർഭയ ഹോമുകൾ കൂടുതൽ ആരംഭിക്കുക.
5. ഷോർട്ട് സ്റ്റേ ഹോമുകൾ കൂടുതൽ ആരംഭിക്കുക.
6. 'community based kitchen' സമൂഹ അടുക്കള പ്രോത്സാഹിപ്പിക്കുക
7. ഈ ഗ്രൂപ്പിൽ ആവശ്യമുള്ളവർക്കായി legal aid സംവിധാനം, Health Clinic സംവിധാനം ആരംഭിക്കുക
8. വനിതാ - പകൽ പരിപാലന കേന്ദ്രങ്ങൾ ആരംഭിക്കുക

9. അവിവാഹിതരായ അമ്മമാർക്ക് പ്രസാവാനുകൂല്യങ്ങളും മറ്റാനുകൂല്യ ങ്ങളും ലഭ്യമാക്കുക.

തൊഴിൽ

സ്ത്രീശാക്തീകരണ പദ്ധതികളിൽ ഏറ്റവും കൂടുതൽ ശ്രദ്ധയാകർഷിച്ച പദ്ധതിയാണ് തൊഴിലുറപ്പുപദ്ധതി. ഇതിലൂടെ ധാരാളം വനിതകൾക്ക് തൊഴിൽ നൽകാനായി. അതുവഴി അവരുടെ സാമൂഹ്യസാമ്പത്തിക സുരക്ഷിതത്വം ഒരുപരിധിവരെ ഉറപ്പിക്കാൻ കഴിയും.

ഇതരസംസ്ഥാന തൊഴിലാളികൾ

1. ID card നിർബന്ധമാക്കുക.
2. Vaccination നിർബന്ധമാക്കുക.
3. Labour camp ആധുനികവത്ക്കരിക്കുക – compulsory bathroom facilities
4. കുട്ടികൾക്കായി പഠനസൗകര്യം, ക്രഷുകൾ എന്നിവ ഏർപ്പെടുത്തുക
5. Help Desk പ്രവർത്തിപ്പിക്കുക.
6. പഞ്ചായത്തുതലത്തിൽ രജിസ്റ്റർ ചെയ്ത് ID card നൽകുക
7. Fitness certificate നിർബന്ധമാക്കുക
8. Registered employees നുമാത്രം labour നൽകുക
9. തൊഴിൽ ദാതാക്കളായവർ തന്നെ ഇവർക്ക് സുരക്ഷിതമായ പാർപ്പിട സൗകര്യങ്ങളും ഏർപ്പെടുത്തുക. വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉറപ്പാക്കുന്ന രീതിയിൽ അവരിൽ അവബോധമുണ്ടാക്കികൊടുക്കാൻ തക്ക പരിശീലനം നൽകുക. അതിനായി അവരുടെ ഭാഷ കൈകാര്യം ചെയ്യാൻ സാധിക്കുന്നവരെ കണ്ടെത്തുക
10. ഭാഷാപരിജ്ഞാന ക്ലാസ്സുകൾ ഏർപ്പെ ടുത്തുക
11. താമസിക്കുന്നിടത്ത് വൃത്തിയുള്ള ടോയ്ലെറ്റ്, കുടിവെള്ളം എന്നിവ ഏർപ്പെടുത്തുകയും അത് വൃത്തിയായി സൂക്ഷിക്കാനുള്ള പരിജ്ഞാനവും അവർക്ക് നൽകുക.

4.23 നിർമ്മാണ മേഖല



അവസ്ഥാ വിശകലനവും പരിപ്രേക്ഷ്യവും

നിലവിലുള്ള നിരത്തുകൾ മെച്ചപ്പെടുത്തുന്നതിന് ഇന്ത്യൻ നിരത്ത് കോൺഗ്രസിന്റെ മാനദണ്ഡങ്ങൾ അനുവർത്തിക്കേണ്ടതാണ്. ബജറ്റിലുള്ള വിഭവങ്ങളോടൊപ്പം എംഎൽഎ/എംപി എന്നിവരുടെ ഫണ്ടുകളും ഉപയോഗിക്കാനുള്ള സാധ്യത ആരായേണ്ടതാണ്. നിരത്തുകളെ സംബന്ധിച്ച പദ്ധതികൾ തയ്യാറാക്കുമ്പോൾ അടുത്ത് 15 വർഷത്തെ ആവശ്യങ്ങൾ മുന്നിൽ കാണണം. നമ്മുടെ സംസ്ഥാനത്തിന്റെ 80 ശതമാനത്തോളം ഗതാഗതം നടക്കുന്നത് ദേശീയ-സംസ്ഥാന-മുഖ്യ ജില്ലാ നിരത്തുകൾ വഴിയാണ്. അതുകൊണ്ട് ഈ ഗതാഗതത്തിന്റെ ഒരു ഭാഗം മറ്റു നിരത്തുകളിൽ കൂടി തിരിച്ച് വിട്ട് തിരക്ക് കുറയ്ക്കാൻ ശ്രമിക്കുന്നത് നന്നായിരിക്കും. കൊച്ചി മെട്രോ പ്രാരംഭ നിർമ്മാണഘട്ടത്തിൽ ഈരീതി കൊച്ചി നഗരത്തിൽ വിജയകരമായി നടപ്പാക്കിയിരുന്നു. ഏതാണ്ട് 80 ശതമാനത്തോളം നിരത്തുകൾ കൈകാര്യം ചെയ്യുന്നത് പ്രാദേശിക സർക്കാരുകളാണ്. 15 ശതമാനം നിരത്തുകൾ പൊതുമരാമത്തു വകുപ്പിന്റെ കീഴിലാണ്. ചില സംസ്ഥാന പാതകളും അംഗീകൃത മാനദണ്ഡങ്ങൾക്കും താഴെയാണ്. സംസ്ഥാനത്തെ 61 ശതമാനത്തോളം പാലങ്ങൾ പുനർനിർമ്മാണമോ നവീകരണമോ ആവശ്യമുള്ളവയാണ്. തദ്ദേശീയ സർക്കാരുകളും ഈ ആവശ്യം പരിഗണിക്കേണ്ടതാണ്.

വിവിധ ഉറവിടങ്ങൾ

ബജറ്റ് തുക കൂടാതെ തദ്ദേശ സ്ഥാപനങ്ങൾക്ക് പലമാർഗ്ഗങ്ങളിലൂടെ കൂടുതൽ പണം കണ്ടെത്താൻ കഴിയും. കേരള റോഡ് ഫണ്ട് ബോർഡിന്റെ പണം ഉപയോഗിച്ച് തിരുവനന്തപുരം, കോഴിക്കോട് എന്നീ മുനിസിപ്പൽ കോർപ്പറേഷനുകൾ നിരത്ത് വികസനത്തിന് ശ്രമിച്ചതായി 2016-ലെ സാമ്പത്തിക അവലോകന

രേഖയിൽ കാണുന്നു. ഇതേ ഉറവിടം കൊച്ചി കോർപ്പറേഷൻ ഉപയോഗിച്ചതായി കാണുന്നില്ല. കാൽനടക്കാർ, സൈക്കിൾ യാത്രക്കാർ, ഇരുചക്ര മോട്ടോർ സവാരിക്കാർ എന്നിവർ നിരത്ത് ഉപയോഗിക്കുന്ന സൂപ്രധാന കണ്ണികളാണ്. റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി, കേരള (റിക്ക്) എന്ന സ്ഥാപനം ഇതിനായി പ്രത്യേകമായ പ്രാധാന്യം നൽകേണ്ടതുണ്ട്. 65 ശതമാനത്തോളം വാഹനങ്ങൾ ഇരുചക്ര മോട്ടോർ വാഹനങ്ങളാണ്. എറണാകുളം ജില്ലയിലെ തദ്ദേശ സർക്കാരുകൾ ഇതിൽ നിന്ന് വായ്പ ഉപയോഗിക്കേണ്ടതാണ്

4.24 നഗരവൽക്കരണവും കുടിയേറ്റവും

അവസ്ഥാ വിശകലനവും പരിപ്രേക്ഷ്യവും

മെച്ചപ്പെട്ട ജീവിത അന്തരീക്ഷത്തിനും സാമ്പത്തികാവസ്ഥയ്ക്കുമായി സ്വന്തം ദേശത്തു നിന്നും മറ്റൊരു ദേശത്തേക്ക് ജോലി സംബന്ധമായി മാറി താമസിക്കുന്നതിന് കുടിയേറ്റമെന്ന് പറയുന്നു. കുടിയേറ്റത്തെ അന്താരാഷ്ട്രം. അന്തർ ദേശീയം, അന്തർ സംസ്ഥാനം എന്നെല്ലാം തരം തിരിക്കാം.

കേരളത്തിന്റെ ഉയർന്ന സാമൂഹിക സാമ്പത്തികാവസ്ഥ കുടിയേറ്റത്തെ പ്രോത്സാഹിപ്പിക്കുന്നതാണ്. മെച്ചപ്പെട്ട വേതനവും ജോലി സാധ്യതകളും സാമൂഹികാവസ്ഥയും തൊഴിലാളികളെ ഇവിടേക്കാകർഷിക്കുന്നു. കേരളത്തിലെ വർദ്ധിച്ചു വരുന്ന തൊഴിലാളി ക്ഷാമവും ഇതിന് ആക്കം കൂട്ടുന്നു.

വളരെ വേഗം നഗരവത്ക്കരിക്കപ്പെടുന്ന കേരളത്തിലെ ജില്ലയാണ് എറണാകുളം ജില്ല. കേരളത്തിന്റെ സാമ്പത്തിക തലസ്ഥാനമെന്നറിയപ്പെടുന്ന എറണാകുളം ജില്ലയിലേക്കാണ് ഏറ്റവും കൂടുതൽ കുടിയേറ്റം കേരളത്തിൽ നടക്കുന്നത്. 2011 ലെ സെൻസെസ് പ്രകാരം എറണാകുളം ജിലലയിലെ ജനസംഖ്യ 32,82,388 ആണ്. ഇതിൽ മറ്റ് ജില്ലകളിൽ നിന്നും, സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നുമുള്ള കുടിയേറ്റക്കാരം ഉൾപ്പെടുന്നു.

കേരളത്തിൽ ഏകദേശം 35 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികളുണ്ടെന്ന് കരുതപ്പെടുന്നു. അതിലേകദേശം 17% ആളുകൾ, 7 ലക്ഷത്തോളം, എറണാകുളം ജില്ലയിലാണ്.

ചിത്രം-4.65
കേരളത്തിലെ വിവിധ ജില്ലകളിലെ ഇതര സംസ്ഥാന തൊഴിലാളികൾ



അവലംബം: വകുപ്പു തല റിപ്പോർട്ട്

ഇതര സംസ്ഥാന തൊഴിലാളികൾ പ്രധാനമായും നിർമ്മാണ മേഖല, മത്സ്യബന്ധനം, പ്ലൈവുഡ്, തടി വ്യവസായ മേഖല, വസ്ത്ര വ്യാപാര മേഖല, ശുചീകരണ മേഖല, ഹോട്ടലുകൾ, ആരോഗ്യ മേഖല എന്നിവയിൽ ജോലി ചെയ്ത്

വരുന്നു. എറണാകുളം ജില്ലയിൽ വർധിച്ചു വരുന്ന ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ളതുമായ കുടിയേറ്റങ്ങൾ സാമൂഹികമായ നിരവധി വെല്ലുവിളികൾ ചെലുത്തുന്നു. പാർപ്പിട പ്രശ്നം, അതിരൂക്ഷമാകുന്നതിനോടൊപ്പം കുടിവെള്ള മാലിന്യപ്രശ്നങ്ങളിലേക്കും അത് നയിക്കുന്നു. ആരോഗ്യ രംഗത്ത് അതിരൂക്ഷമായ വെല്ലുവിളികളാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ കാരണമാക്കുന്നത്.

❖ ആലുവ നഗരസഭ

എറണാകുളം ജില്ലയിലെ വിവിധ ഭാഗങ്ങലിൽ പെരുമ്പാവൂർ, മൂവാറ്റുപുഴ, കോതമംഗലം എന്നിവിടങ്ങളിലേക്ക് ഇതര സംസ്ഥാന തൊഴിലാളികൾ ജോലിക്കു മറ്റും പ്രധാനമായി ആശ്രയിക്കുന്ന ആലുവ റെയിൽവേ സ്റ്റേഷൻ ആലുവ നഗരസഭ പരിധിയിൽ ആണ് സ്ഥിതി ചെയ്യുന്നത്. നഗരസഭയിൽ അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വ്യക്തമായ വിവരങ്ങളൊന്നും തന്നെ ഇല്ലാത്തതാണ്. എന്നിരുന്നാലും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 1200 ഓളം ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും മെട്രോ നിർമ്മാണത്തിനായി താമസിച്ചു വരുന്നതും ഇപ്പോൾ ഭൂരിഭാഗവും അവരുടെ സംസ്ഥാനങ്ങളിലേക്ക് തിരിച്ചു പോയിട്ടുള്ളതാണ്.

ഇതര സംസ്ഥാന തൊഴിലാളികൾ മൂലം നഗരസഭ നേരിടുന്ന വെല്ലുവിളികൾ

1. പകർച്ച വ്യാധികൾ
2. ശുചിത്വമില്ലായ്മ
3. ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ കൂടി ചേർന്നിട്ടുള്ള ക്രിമിനൽ സ്വഭാവമുള്ളവർ, മയക്കുമരുന്ന വ്യാപാരം.

ഇതര സംസ്ഥാന തൊഴിലാളികളെ ആശങ്കയോടെ അകറ്റി നിർത്തുന്നതിനു പകരം അവരുടെ അടിസ്ഥാന വിവരങ്ങൾ ക്രോഡീകരിച്ചു വിലയിരുത്തകിയും ജീവിത സാഹചര്യങ്ങൾ പരിശോധിച്ചിട്ട് മെച്ചപ്പെടുത്തുകയും ചെയ്യുകയാണ് വേണ്ടത്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പ്, ബോധവത്ക്കരണം, ഐ.ഡി. രജിസ്ട്രേഷൻ എന്നിവ പോലീസ്, ലേബർ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നിവരിടെ സഹകരണത്തോടെ മേല്സൂചിപ്പിച്ച പ്രവർത്തനങ്ങലിൽ ബോധവത്ക്കരണം നടത്തി ഒഴിവാക്കാവുന്നതാണ്.

കേരളത്തിൽ ജോലി തേടിയെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിന്റെ സംസ്ക്കാരത്തിലും സ്വഭാവത്തിലും വരുത്തിയ മാറ്റങ്ങൾ ഏറെയാണ്. എല്ലാ ഇന്ത്യാക്കാർക്കും എല്ലാ സംസ്ഥാനത്തും താമസിക്കാനും തൊഴിലെടുക്കാനും ഉള്ള ഭരണഘടന സ്വാതന്ത്ര്യത്തെ പരിഗണിച്ച് അവർക്കും നമുക്കും ഇടയിൽ സൗഹാർദ്ദ തൊഴിൽ സമീപനം സൃഷ്ടിക്കണം. ഇവരിൽ പലരും കാര്യഗ്രഹണത്തിലും തൊഴിൽ നൈപുണ്യത്തിലും വളരെ മുൻപന്തിയിലാണ്. ഈ ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ എല്ലാം പരിഹരിക്കുന്നതിന് നഗരസഭ തലത്തിൽ ജാഗ്രത സമിതികൾ രൂപീകരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പോലീസിന്റെയും സഹകരണത്തോടെ ഓരോ പ്രദേശത്തെയും ലേബർ ക്യാമ്പ് വാസസ്ഥലവും സന്ദർശിക്കുകയും തൊഴിലാളികളെ നേരിൽക്കണ്ട് കാര്യങ്ങൾ തിരക്കി ഒരു രജിസ്റ്റർ തയ്യാറാക്കിയിരിക്കണം. കൂടാതെ ഇവരിലെ ക്രിമിനലുകളെ കണ്ടുപിടിച്ചു കുറ്റകൃത്യങ്ങളുടെ സാധ്യത ഇല്ലാതാക്കണം. അവർക്ക് മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ ഉണ്ടാക്കികൊടുക്കണം. വിശ്വസനീയമല്ലാത്ത തിരിച്ചറിയൽ രേഖയില്ലാതെ ആരും സംസ്ഥാനത്ത് താമസിക്കാൻ അനുവദിക്കരുത്. ഇവരുടെ നാട്ടിലുള്ള പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് ക്രിമിനൽ പശ്ചാത്തലം ഉണ്ടോ എന്ന് അന്വേഷിച്ച് ഉറപ്പുവരുത്തണം. ഇതര സംസ്ഥാന തൊഴിലാളികളിൽ 20% പേർ മാത്രമേ പ്രശ്നക്കാരായി ഉള്ളു. പൊതുജന ങ്ങളെയും തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെയും കൂട്ടായ പരിശ്രമ ത്തോടെ

ഇവരെ പുനരധിവ സിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

- **നഗരവത്ക്കരണം**

ആലുവ നഗരത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനും ശുചീകരണം, തെരുവുവിളക്കുകൾ, റോഡുകൾ തുടങ്ങിയവയ്ക്ക് പ്രാമുഖ്യം നൽകിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പാക്കി വരുന്നു. തനതു ഫണ്ടിന്റെ ലഭ്യത കുറവായതിനാൽ പദ്ധതി വിഹിതം, വേൾഡ് ബാങ്ക് ഫണ്ട് തുടങ്ങിയവ വിനിയോഗിച്ചാണ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നത്. എല്ലാ വീടുകളിലും വാട്ടർ കണക്ഷന് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ നടത്തിയ സമ്പൂർണ്ണ കുടിവെള്ള പദ്ധതി ലക്ഷ്യം കണ്ടു കഴിഞ്ഞു. നിലവിലുള്ള റോഡുകൾ അറ്റകുറ്റപ്പണികൾ തീർത്ത് സംരക്ഷിക്കു ന്നതിനൊപ്പം ആവശ്യമുള്ള പ്രദേശങ്ങളിൽ പുതിയ റോഡുകളും നിർമ്മിച്ചു വരുന്നു. നഗരസഭയുടെ നിലവിലുള്ള ആസ്തികൾ (ടൗൺ ഹാൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റുകൾ തുടങ്ങിയവ) സംരക്ഷിക്കുന്ന തിനും വികസിപ്പിക്കുന്നതിനും ഉതകുന്ന പദ്ധതികൾ നടപ്പാക്കി വരുന്നതാണ്. ജനറൽ മാർക്കറ്റ് നവീകരണം എന്ന ബൃഹത് പദ്ധതിയും ഇതിൽ ഉൾപ്പെടും. അടിസ്ഥാന സൗകര്യ വികസനത്തിന് പശ്ചാത്തല മേഖലയിൽ 2017-18 വർഷത്തിൽ 2,76,54,366 രൂപ വകയിരുത്തിയിട്ടുള്ളതാണ്. മുൻവർഷങ്ങളിൽ ഈ രംഗത്ത് താഴെ പറയുന്ന പ്രകാരം വിവിധ പദ്ധതികൾക്ക് തുക വിനിയോഗിക്കുക ഉണ്ടായിരുന്നു.

2016-17	22,37,517 രൂപ
2015-16	2,54,48,052 രൂപ
2014-15	2,25,01,186 രൂപ
2013-14	2,29,50,070 രൂപ
2012-13	1,15,71,971രൂപ

ദേശീയ നഗര ഉപജീവന ദൗത്യപദ്ധതി പ്രകാരം നടത്തിയ സർവ്വേയിൽ 127 തെരുവ് കച്ചവടക്കാരെ നഗരപ്രദേശത്ത് കണ്ടെത്തുക യുണ്ടായി. ശേഷം നടപടികൾ പൂർത്തീകരിച്ച് ആദ്യഘട്ടത്തിൽ 39 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകി. 51 പേർക്ക് കൂടി തിരിച്ചറിയൽ കാർഡ് നൽകുന്ന നടപടി സ്വീകരിച്ചു വരുന്നു. നഗര കച്ചവട സമിതി ശുപാർശ ചെയ്തു ഫലങ്ങൾ കൗൺസിൽ അംഗീകരിക്കുന്ന മുറയ്ക്ക് സ്ട്രീറ്റ് വെൻഡിങ്ങ് സോൺ ആയി പ്രഖ്യാപിക്കുന്നതാണ്. അർഹരായ മുഴുവൻ തെരുവ് കച്ചവടക്കാർക്കും തിരിച്ചറിയൽ കാർഡ് നൽകുന്ന നടപടി എത്രയും വേഗം പൂർത്തിയാക്കുന്നതാണ്.

വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും വിസ്തൃതി കുറഞ്ഞതുമായ നഗരമായതിനാൽ വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ട സ്ഥലം ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും സ്ഥലം ലഭിക്കാൻ പ്രയാസമുണ്ട്. വേണ്ടത്ര ഗുണഭോക്താക്കളെ ലഭിക്കാത്തതിനാൽ പട്ടികജാതി ഘടക പദ്ധതി പ്രകാരമുള്ള ഫണ്ട് സമ്പൂർണ്ണമായും ചെലവഴിക്കാൻ ആകുന്നില്ല. നഗരം അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളി ഗതാഗത കുരുക്കാണ്. നഗരസഭ വിചാരിച്ചാൽ ഇതിന് പരിഹാരം കാണാൻ കഴിയില്ല. ഗതാഗത സൗകര്യം വർദ്ധിപ്പിക്കു ന്നതിനും മേല്പ്പാലങ്ങൾ നിർമ്മിക്കുന്നതിനും മറ്റുമായി സർക്കാർ തലത്തിൽ തീരുമാനങ്ങളും നടപടികളും ഉണ്ടായാൽ മാത്രമേ ഇതിന് ശാശ്വത പരിഹാരം കാണാൻ കഴിയു.

❖ **കളമശ്ശേരി നഗരസഭ**

നഗരസഭയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി റോഡുകൾ, തെരുവ് വിളക്കുകൾ, ജൈവ അജൈവ മാലിന്യ ശേഖരണം, ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം, പിഎംഎവാ, ലൈഫ് എന്നീ പദ്ധതികൾ ലോകബാങ്ക്, സംസ്ഥാന വിഹിതം, ധനകാര്യ കമ്മീഷൻ ഗ്രാൻഡ് തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് നടപ്പിലാക്കി വരുന്നു. നിലവിലുള്ള റോഡുകളും കാനകളും അറ്റകുറ്റപ്പണികൾ തീർത്ത് സംരക്ഷിക്കുന്നതിനോടൊപ്പം ആവശ്യമായസ്ഥലങ്ങളിൽ പുതിയത് നിർമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു നഗരസഭയുടെ നിലവിലുള്ള ആസ്തികൾ ആയ ടൗൺഹാൾ, ഷോപ്പിങ്

കോംപ്ലക്സുകളും, മാളുകൾ എന്നിവ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും ആയ നടപടികൾ സ്വീകരിച്ചു വരുന്നു.

നഗരസഭയ്ക്ക് സ്വന്തമായുള്ള ഡമ്പിംഗ് യാർഡിൽ ദിനംപ്രതി 5,000 കിലോഗ്രാം പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് കിലോയ്ക്ക് 63 പൈസ നിരക്കിൽ സ്വകാര്യവ്യക്തിക്ക് ടെൻഡർ നൽകിയത് പ്രകാരം ആഴ്ചതോറും കയറ്റി കൊണ്ട് പോവുകയാണ് ചെയ്യുന്നത്. ദിനംപ്രതി 15 ടൺ ജൈവ മാലിന്യം കൊച്ചി നഗരസഭയുടെ ബ്രഹ്മപുരം പ്ലാന്റിലേക്ക് കിലോയ്ക്ക് 1.20 രൂപ നൽകി സംസ്ക്കരിച്ചു വരുന്നു. ആയതിലേക്ക് ആയി നഗരസഭ 2017-18 സാമ്പത്തിക വർഷത്തേക്ക് 83,36,1683 രൂപയുടെ പ്രോജക്ട് വകയിരുത്തിയിട്ടുള്ളതാണ്. നഗരസഭയുടെ ഡമ്പിംഗ് യാർഡിനോട് ചേർന്ന് 1,16,59,981 രൂപ ചിലവഴിച്ച് 725 m2 വിസ്തൃതിയിൽ പൊതുശ്മശാനം നിർമ്മിച്ചിട്ടുള്ളതാണ്. എന്നാൽ മെട്രോറെയിൽ പണി നടത്തിയ വേളയിൽ ശ്മശാനത്തിലേയ്ക്കുള്ള മാർഗ്ഗം തടസ്സപ്പെട്ടതിനാൽ ടെൻഡർ നടപടി സ്വീകരിച്ചെങ്കിലും ആരും പങ്കെടുത്തിട്ടില്ലാത്തതിനാൽ നടത്തിപ്പ് തടസ്സം നേരിട്ടുണ്ട്. നിലിൽ ശ്മശാനം ഡമ്പിംഗ് യാർഡ് എന്നിവയുടെ പുനരുദ്ധാരണത്തിനുവേണ്ട് ബഹുമാനപ്പെട്ട ചെയർ പേഴ്സൺ, ബഹുമാനപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ബഹുമാനപ്പെട്ട ഭരണ പ്രതിപക്ഷ കൗൺസിലർമാർ, ജീവനക്കാർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത് സ്ഥലപരിശോധന നടത്തി പുനരുദ്ധാരണ പ്രോപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് എടുത്ത് ടെൻഡർ നടപടി സ്വീകരിച്ചു മാർച്ച് 2017 നുളളിൽ പുനരുദ്ധാരണ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പൊതുജനങ്ങൾക്ക് ശുദ്ധജലം നൽകുന്നതിന്റെ ഭാഗമായി വാട്ടർ ലൈൻ വലിക്കുന്നതിനായി 74,50,000 രൂപ 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.
മെട്രോലൈൻ കടന്നുപോകുന്ന എൻഎച്ചിന്റെ വശങ്ങളിൽ അനധികൃത പാർക്കിംഗ് പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയത് 2 മേഖലകളായി തിരിച്ച് നോർത്ത് കളമശ്ശേരി പത്തടിപ്പാലം പ്രദേശങ്ങളിൽ സ്ഥലം കണ്ടെത്തി പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിനും ഡ്രൈവർമാർക്കും ക്ലീനർമാർക്കും ആവശ്യമായ വിശ്രമമുറിയും ടോയ്ലറ്റ് സൗകര്യം ഉൾപ്പെടെ സജ്ജീകരിക്കേണ്ടതാണ്. ഫ്ളക്സ് ബോർഡുകൾ, ബാനറുകൾ, പ്ലാസ്റ്റിക് നിർമ്മാർജ്ജനം എന്നിവ നടപ്പിലാക്കുന്നതാണ്. റോഡിന്റെ വശങ്ങളിൽ വൃക്ഷങ്ങൾ, പുല്ലുകൾ എന്നിവ വച്ചുപിടിപ്പിച്ചു ഹരിതവത്ക്കരണം നടപ്പിലാക്കാവുന്നതാണ്.ഒഴിയോരത്ത് മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടുപിടിക്കേണ്ടതിന്റെ ആവശ്യത്തിലേക്ക് ക്യാമറകൾ സ്ഥാപിക്കുന്നതിനായി 13,00,000 രൂപ 2017-18 സാമ്പത്തിക വർഷത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നഗരത്തിലെ റോഡുകളുടെ ഗതാഗതകുരുക്കും അശാസ്ത്രീയമായ റോഡ് നിർമ്മാണവും സിഗ്നൽ സംവിധാനവും കാരമം നഗരസഭാ വെല്ലുവിളികൾ നേരിടുന്നുണ്ട്. ആയതിനാവശ്യമായ മേൽപ്പാലങ്ങളും സിഗ്നൽ ബോർഡുകളും സ്ഥാപിച്ചു പരിഹാരം കാണേണ്ടതാണ്. ആയത് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതാണ്. മെട്രോ റെയിലും നിലവിലുള്ള റെയിൽവേ സ്റ്റേഷനും ബസ് സ്റ്റാൻഡും തമ്മിൽ ബന്ധിപ്പിക്കാത്തത് കാരണം മെട്രോ റെയിലിന്റെ നിർമ്മാണം കളമശ്ശേരി നഗരസഭ പരിധിയിൽ പ്രതീക്ഷിച്ച ഫലം കാണുന്നില്ല. ആയത് പരിശോധിച്ചു ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

കളമശ്ശേരി നഗരസഭ നഗരവത്ക്കരണ ഭാഗമായി മൾട്ടി പർപ്പസ് സ്റ്റേഡിയം, ബസ് ടെർമിനൽ, സയൻസ് പാർക്ക്, സ്ട്രീറ്റ് ലൈറ്റ് വലിക്കൽ, ഒ ഡി എഫ് എന്നിവ നടപ്പിലാക്കിയിട്ടുള്ളതാണ്. മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരികയാണ്.

❖ മരട് നഗരസഭ

മരട് നഗരസഭ കൊച്ചി കോർപ്പറേഷനും വളരെ ചേർന്നു കിടക്കുകയും അതിവേഗം നഗരവത്ക്കരിക്കപ്പെട്ട് കൊണ്ടിരിക്കുകയും ചെയ്യുന്നു. അടിസ്ഥാന സൗകര്യ വികസനം നഗരസഭയുടെ ഒരു പ്രധാന അജണ്ടയാണ്. ഏകദേശം അയ്യായിരത്തോളം ഇതരസംസ്ഥാന തൊഴിലാളികൾ വിവിധ മേഖലകളിലായി ജോലി ചെയ്യുന്നു. അവരുടെ പാർപ്പിട പ്രശ്നം ഒരു പ്രധാന വെല്ലുവിളിയാണ്. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്ത ഇടുങ്ങിയ മുറികളിൽ തൊഴിലാളികളെ പാർപ്പിക്കുന്നത് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതും ആയതിന്റെ കെട്ടിടം ഉടമയ്ക്ക് നോട്ടീസ് നൽകി സൗകര്യം ഏർപ്പെടുത്തുന്നതിനു നിർദ്ദേശം നൽകുകയും ആയവ നടപ്പിൽ വരുത്തുന്നുണ്ടോ എന്ന് പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. തൊഴിലാളികൾക്ക് കുറഞ്ഞ ചിലവിൽ താമസിക്കുന്നതിന് സർക്കാർ ഉടമസ്ഥതയിൽ കെട്ടിടം നിർമ്മിച്ചു നൽകുന്നത് പരിഗണിക്കാവുന്നതാണ്. നഗരസഭ പ്രദേശത്ത് പ്രഖ്യാപിത ചേരി പ്രദേശങ്ങൾ ഇല്ല. താഴ്ന്ന വരുമാനക്കാർക്ക് പിഎംഎവൈ പദ്ധതിയിൽ കേന്ദ്ര നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

2016-17 155 ഗുണഭോക്താക്കൾ 4,65,00,000 രൂപ

2015-16 200 ഗുണഭോക്താക്കൾ 6,00,00,000 രൂപ

നഗരസഭാ പ്രദേശത്തുള്ള സ്ഥലവും വീടും ഇല്ലാത്തവർക്ക് ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന പദ്ധതിക്കായി സംസ്ഥാന സർക്കാറിന്റെ നിർദ്ദേശാനുസരണം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആയതിന്റെ മുന്നൊരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഖരമാലിന്യ സംസ്ക്കരണം സുസ്ഥിരമായ രീതിയിൽ നടപ്പിൽ വരുത്തുന്നത് നഗരസഭയിലെ ഒരു പ്രധാന ചുമതലയാണ്. വകയിരുത്തിയ തുക താഴെച്ചേർക്കുന്നു.

2016-17 23,33,000 രൂപ

2015-16 16,50,000 രൂപ

ബക്കറ്റ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ വീടുകളിൽ നൽകുന്നതിനു വേണ്ടിയാണ് ടി തുക വകയിരുത്തിയിരിക്കുന്നത്. മരട് നഗരസഭയിൽ കേന്ദ്രീകൃത മാലിന്യ സംസ്ക്കരണ സംവിധാനം നിലവിലില്ല. ഉറവിട മാലിന്യ സംസ്ക്കരണം അതതു വീടുകളിലും ഹോട്ടൽ മുതലായ സ്ഥാപനങ്ങളിലും നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്.

തെരുവുനായ വന്ധീകരണ പരിപാടി നടപ്പിലാക്കുന്നതിന് കുടുംബശ്രീ ജില്ലാ മിഷനുമായി സഹകരിച്ച് 2,10,00 രൂപയുടെ പദ്ധതി 2017-18 വർഷത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. നഗരസഭകൾ നേരിടുന്ന ഗുരുതരമായ പ്രശ്നമാണ് പ്ലാസ്റ്റിക് മാലിന്യ സംസ്ക്കരണം. നഗരസഭയിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഒരു പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റും ബെയിലിംഗ് യൂണിറ്റും നടപ്പിലാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. അതോടൊപ്പം മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിച്ചുകൊണ്ട് പുനരുപയോഗിക്കാവുന്ന മാലിന്യങ്ങൾ ശേഖരിച്ച് കൈമാറുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പൊടിച്ചെടുക്കുന്ന പ്ലാസ്റ്റിത് ടാറിൽ ചേർത്ത് റോഡ് നിർമ്മിക്കുന്നതിനുള്ള അനുവാദം ഗവൺമെന്റ് നൽകിയിട്ടുള്ളതാണ്. ഷ്രെഡിംഗ് യൂണിറ്റ് സജ്ജമാകുമ്പോൾ അത് പ്രാവർത്തികമാക്കുന്നതാണ്. 95% വീടുകളിലും കുടിവെള്ളം ലഭ്യമാക്കുന്നുണ്ട്. ഇനിയും ലഭ്യമാകാത്തതും ബിപിഎൽ വിഭാഗങ്ങളിലുള്ള കുടുംബങ്ങൾക്കും വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി നടപ്പിലാക്കിവരുന്നു.

❖ മൂവാറ്റുപുഴ നഗരസഭ

ആദ്യകാലത്ത് കൃഷിയായിരുന്നു ഇവിടുത്തെ ജനങ്ങളുടെ ഉപജീവനമാർഗ്ഗം. നഗരവത്ക്കരണ പ്രക്രിയയ്ക്ക് ആക്കം കൂടിയതോടെ കാർഷികേതര വൃത്തിയിലേയ്ക്ക് മാറാൻ ജനങ്ങൾ നിർബന്ധിതരായി. നേരത്തെ മലഞ്ചരക്കുകളുടെയും ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്കുള്ള നിത്യോപയോഗ വസ്തുക്കളുടെ സംഭരണ വിതരണത്തിന്റെ പ്രാമുഖ്യം നൽകിയിരുന്ന

വാണിജ്യരംഗം പിന്നീട് ജനങ്ങളുടെ പുതിയ പുതിയ ഉപഭോഗാവശ്യങ്ങൾ നിറവേറ്റാൻ ആവശ്യമായ വ്യാപാര മേഖലകളിലേക്ക് വികസിച്ചു. ഈ പ്രക്രിയയുടെ ഫലമായി നഗരത്തിന്റെ മുഖ്യ സാമ്പത്തിക അടിത്തറ വാണിജ്യമേഖലയാണ്.

മൂവാറ്റുപുഴ താലൂക്കിന്റെയും റവന്യു ഡിവിഷന്റെയും ആസ്ഥാനമെന്ന നിലയിൽ നിരവധി സർക്കാർ ആഫീസുകൾ നഗര പ്രദേശത്തുണ്ട്. ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന ആതുരാലയങ്ങൾ, ലബോറട്ടറികൾ, സ്കാനിങ്ങ് സെന്ററുകൾ, വിദ്യാഭ്യാസ രംഗത്തെ നിരവധി സ്ഥാപനങ്ങൾ, ബാങ്കിങ്ങ് സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാർത്താ വിനിമയ രംഗത്തെ സ്ഥാപനങ്ങൾ, മോട്ടോർ ഗതാഗത സംവിധാനം, മറ്റു രംഗങ്ങളിൽഎന്നിവയെ ആശ്രയിച്ച് ജീവിക്കുന്ന ഇടത്തരം ജനങ്ങൾ നഗരത്തിലെ ഒരു പ്രമുഖ ജനവിഭാഗമാണ്.

വൻകിട വ്യവസായ സ്ഥാപനം എന്നു പരിഗണിക്കാവുന്ന ഡെന്റ് കെയർ എന്ന സ്ഥാപനം നഗരത്തിൽ പ്രവർത്തിക്കുന്നുണ്ട്. 2800 പേരാണ് ഇവിടെ ജോലി ചെയ്യുന്നച്. പരമ്പരാഗത വ്യവസായം എന്ന ഗണത്തിൽപ്പെടുന്ന നെയ്ത്ത് പനമ്പ് വ്യവസായം എന്നിവ അപ്രത്യക്ഷ മായിരിക്കുന്നു.ഈർച്ചമില്ല്, ഇഷ്ടികച്ചൂള, മത്സ്യ സംസ്ക്കരണ യൂണിറ്റ്, ധാന്യം പൊടിക്കുന്ന യൂണിറ്റുകൾ, ഭക്ഷ്യസംസ്ക്കരണ യൂണിറ്റ്, ഓയിൽ മില്ല്, ഫർണീച്ചർ വർക്ക്ഷോപ്പുകൾ, വുഡ് ഇൻഡസ്ട്രീസ്, എൻജിനീയറിങ്ങ് വർക്ക്ഷോപ്പുകൾ, അച്ചടിശാലകൾ, മോട്ടോർ വർക് ഷോപ്പുകൾ, വസ്ത്ര നിർമ്മാണ യൂണിറ്റുകൾ എന്നിങ്ങനെയുള്ള ചെറുകിടവ്യവസായ യൂണിറ്റുകളെ ആശ്രയിച്ച് ജീവസന്ധാരണം നടത്തുന്ന ഗണ്യമായ ജനവിഭാഗവും ഇവിടെ ഉണ്ട്. നഗരത്തിൽവിവിധ രംഗങ്ങളിലെ ജോലികൾക്കായി നിരവധി ഇതരസംസ്ഥാനതൊഴിലാളികൾ ഇവിടെ വസിക്കുന്നു. അഭ്യസ്ത വിദ്യരിലെ തൊഴിലില്ലായ്മ ഒരു പ്രശ്നമാണ്. നഗരത്തിൽ തൊഴിലില്ലായ്മ വേതനം വാങ്ങുന്നവരുടെ സംഖ്യ 197 ആണ്. തൊഴിൽരഹിതർ കൂടുതലും സ്ത്രീകളാണ്. തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഉള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിലും ആശാവഹമായ ഫലപ്രാപ്തി ഉണ്ടായതായി അവകാശപ്പെടാൻ കഴിയുകയില്ല. പ്രവാസികൾ നിരവധി ഉള്ള സ്ഥലമാണ് ഇവിടം.

മൂവാറ്റുപുഴ നഗരം സമീപ നഗരങ്ങളുമായും പ്രദേശങ്ങളുമായും ദേശീയ സംസ്ഥാന പാതകൾ മറ്റു പ്രധാന പാതകൾ എന്നിവ മുഖാന്തിരം നല്ലരീതിയിൽ ബന്ധിക്കപ്പെട്ടി രിക്കുന്നു. നഗരത്തിലെ റോഡുകളുടെ ശൃംഖലയെ രണ്ടായി തരം തിരിക്കാം ഒന്നാമതായി പട്ടണത്തെ ഇതര പട്ടണങ്ങളും പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡ് ശൃംഖലകളാണ്. രണ്ടാമതായി പട്ടണത്തിന്റെ വിവിധ പ്രദേശങ്ങളെ തമ്മിൽ ബന്ധപ്പെടു ത്തുന്ന പ്രാദേശിക റോഡുകൾ. ഈ രണ്ടു വിഭാഗം എടുത്താലും ടൗൺ താരതമ്യേന സമ്പന്നമാണ്. എന്നാൽ റോഡുകളുടെ വീതി പരിശോധിക്കുമ്പോൾ സ്ഥിതി ദയനീയമാണ്. മുനിസിപ്പൽ പ്രദേശത്ത് 736 കിലോമീറ്റർ ദൈർഘ്യമുള്ള ദേശീയപാത 49 വീതി 7 മുതൽ 14 മീറ്റർ വരെയാണ്. എം.സി റോഡിന്റെ മുനിസിപ്പൽ പ്രദേശത്തെ ദൈർഘ്യം 6.45 കിലോമീറ്റർ ആണ്. വീതി 7 മുതൽ 9 മീറ്റർ വരെ മാത്രം. തൊടുപുഴ റോഡ് മുനിപ്പിൽ പ്രദേശത്തെ ദൈർഘ്യം 1.42 കിലോമീറ്ററും വീതി 7 മുതൽ 10 മീറ്റർ വരെയും ആണ്. ആരക്കുഴ റോഡിന് നഗരത്തിൽ 1.5 കിലോമീറ്റർ ദൈർഘ്യമാ ണുള്ളത്. പിറവം റോഡിന്റെ നഗരപ്രദേശത്തെ ദൈർഘ്യം 1.8 കിലോ മീറ്റർ വീട്ടൂർ റോഡിന്റേത് 0.62 കിലോമീറ്ററും ആണ്. ഈ റോഡുകളുടെ വീതി 5.5 മീറ്റർ മാത്രമാണ്. റോഡുകളുടെ വീതി കുറവ് വലിയ തോതിലുള്ള ഗതാഗത സ്തംഭന ത്തിന് ഇടയാക്കുന്നു. നഗരത്തിന്റെ കിഴക്കേ അതിർത്തിക്ക് സമീപം രണ്ടാറിനു കുറുകെയുള്ളചാലിക്കടവ് പാലത്തിന്റെ ആവിർഭാവം മൂവാറ്റുപുഴ-തേനി റോഡിന്റെ സൗകര്യം വർദ്ധിപ്പിച്ചെങ്കിലും ടി റോഡിനെ തൊടുപുഴ റോഡിമായി ബന്ധിപ്പിക്കുന്ന ശരിയായ ഒരു ലിങ്ക് റോഡിന്റെ അഭാവം പട്ടണത്തിന്റെ ഹൃദയഭാഗത്ത് അനുഭവപ്പെ

ടുന്ന ഗതാഗത കുരുക്ക് അഴിക്കാൻ പ്രയോജനപ്പെടുന്നില്ല. കെ.എസ്.ആർ.ടി.സി ബസ് സർവീസുകളും പ്രൈവറ്റ് ബസ് സർവീസുകളും ആണ് ഇതര പ്രദേശങ്ങളു മായി ബന്ധപ്പെടുവാനുള്ള യാത്രാ സൗകര്യം ഒരുക്കുന്നത്. ഈ സർവീസുകൾക്കായി ഒരു കെ.എസ്.ആർ.ടി. സി ബസ് സ്റ്റാൻഡും രണ്ട് പ്രൈവറ്റ് സ്റ്റാൻഡുകളും ആണ് നഗരത്തിൽ ഉള്ളത്. നിലവിൽ ഈ സൗകര്യങ്ങൾ തുലോം അപര്യാപ്തമാണ്.

നഗരത്തോട് അടുത്തുള്ള റെയിൽവെ സ്റ്റേഷൻ ആലുവയാണ്. മറ്റ് റെയിൽവെ സ്റ്റേഷനുകൾ വെള്ളൂർ റെയിൽവേ സ്റ്റേഷൻ, തൃപ്പൂണിത്തുറ റെയിൽവെ സ്റ്റേഷൻ, എറണാകുളം ജംഗ്ഷൻ, എറണാകുളം ടൗൺ എന്നിവയാണ്. നെടുമ്പാശ്ശേരിയിൽ ഉള്ള കൊച്ചിൻ ഇന്റർ നാഷണൽ എയർപോർട്ടാണ് സമീപത്തുള്ള വിമാനത്താവളം.

നഗരത്തിൽ മാനസിക കായിക വിനോദാപാ ധികൾ പരിമിതമാണ് 0.55 ഹെക്ടർ വിസ്തൃതിയുള്ള ആകർഷകമായ രീതിയിൽ സംവിധാനം ഹൃദയഭാഗത്ത് ഉണ്ട്. 0.78 വിസ്തീർണ്ണത്തിൽ ആധുനിക സജ്ജീകര ണങ്ങൾ ഒരുക്കി വരുന്ന ഒരു സ്റ്റേഡിയം നഗരമധ്യത്തിൽ ഉണ്ട്. താരതമ്യേന സൗകര്യങ്ങളുള്ള ഒരു ടൗൺ ഹാൾ, മാർക്കറ്റ് ഭാഗത്ത് ഒരു അർബൻ ഹാറ്റ് എന്നിവ മുനിസിപ്പാലിറ്റിക്കുണ്ട്. നിരവധി സ്വകാര്യ ഓഡിറ്റോറിയങ്ങളും, വലുതും ചെറുതുമായ നിരവധി സിനിമാ ശാലകളും ഇവിടെ പ്രവർത്തിക്കുന്നു. കലാകായിക സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ പട്ടണത്തിലുണ്ട്. സ്ഥാനീയ ആസൂത്രണത്തിന് ആവശ്യം വേണ്ട പരിഗണന നൽകുന്ന സമഗ്രമായ ഒരു പദ്ധതിയുടെ അഭാവം നഗരത്തിൽ ദൃശ്യമാണ്.

നിലവിലുള്ള ലോറി-വാൻ സ്റ്റാൻഡ് അപര്യാപ്തമാണ്. വലിയ ട്രക്കുകൾക്കും കൂടി പാർക്ക് ചെയ്യാൻ സാധ്യമാകുന്ന വിധത്തിൽ ട്രക്ക് ടെർമിനൽ നിർമിക്കണം. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സൗരോർജ്ജത്തെ പ്രോത്സാഹിപ്പിക്കണം. നഗരസഭ കെട്ടിടങ്ങളിലും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലും സോളാർ പാനൽ സ്ഥാപിച്ചു അവയുടെ പ്രവർത്തിനാവശ്യമായ വൈദ്യുതി സ്വന്തമായി ഉത്പാദിപ്പിക്കണം.

മുനിസിപ്പൽ സ്റ്റേഡിയം പണി പൂർത്തിയാ ക്കണം. മുനിസിപ്പൽ പാർക്കുകളുടെ സൗകര്യങ്ങൾ വർധിപ്പിക്കേ ണ്ടതുണ്ട്. നഗരത്തിലെ പാർക്കിങ്ങ് സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കണം. യാത്രക്കാർക്ക് ആവശ്യമായത്ര ബസ് ഷെൽട്ടറുകൾ നിർമിക്കണം.

ഏറ്റവും വലിയ വെല്ലുവിളി മാലിന്യമാണ്. നഗരത്തിന്റെ ജീവനഡിയായ നദി മലിനീകരിക്കപ്പെടുന്നു. പ്ലാസ്റ്റിക്കും മറ്റ് അജൈവ മാലിന്യങ്ങളും വൻ ഭീഷണിയാവുന്നു. മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ബഹുമുഖ കർമ്മപരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ദ്രവ മാലിന്യങ്ങളുടെ സ്രോതസ്സ് നിർഗമന സംവിധാനം തുടങ്ങിയവയുടെ സമഗ്ര സർവേ നടത്തേണ്ടതുണ്ട്. മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്ക്കരിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് അർഹതപ്പെട്ടവർക്ക് സബ്സിഡിയോടെ ബയോഗ്യാസ് പ്ലാന്റ് ബയോബിൻ തുടങ്ങിയവർഡ സ്ഥാപിക്കണം. മാർക്കറ്റ് ബസ് സ്റ്റാൻഡ് തുടങ്ങിയ സ്ഥലങ്ങളിൽ തുമ്പൂർമുഴി കമ്പോസ്റ്റിങ്ങ് രീതി നടപ്പാക്കണം. മാലിന്യ സംസ്ക്കരണ രംഗത്ത് അയൽക്കൂട്ട സമിതികൾ റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയ സംഘടനാ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തണം. ജൈവ മാലിന്യങ്ങളുടെ ശേഖരണത്തിന് മെറ്റീരിയൽ റിക്കവറി സെന്ററുകൾ സ്ഥാപിക്കണം. പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കണം. ദൈനംദിന നഗരത്തിലെത്തുന്ന അനേകായിരം ജനങ്ങൾക്ക് പ്രാഥമിക കൃത്യങ്ങൾ നിർവഹിക്കുന്നതിന് പര്യാപ്തമായ ശുചിമുറികൾ നഗരത്തിൽ ഇല്ല. ജനസാന്ദ്രതയുള്ള കേന്ദ്രങ്ങളിൽ പൊതുകക്കൂസുകൾ സ്ഥാപിക്കണം.

നഗരത്തിലെ 554 കുടുംബങ്ങൾക്ക് ഭൂമിയും വീടും ഇല്ലാതെ ഉണ്ട്, സംസ്ഥആന

സർക്കാറിന്റെ ലൈഫ് മിഷനുമായി സംയോജിപ്പിച്ച് അവർക്ക് പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ചു നൽകാൻ കഴിയും. ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാനും വാസയോഗ്യമല്ലാത്ത വീട്ടിലുള്ളവർക്ക് അറ്റകുറ്റപ്പണികൾക്കും ധനസഹായം നൽകി ആ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും.

നഗരത്തിന്റെ ഉയർന്ന ഭാഗങ്ങളിലെല്ലാം രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ദീർഘ വീക്ഷണത്തോടെയുള്ള പരിഹാര നടപടികൾ ഇതിനാവശ്യമാണ്. വീടുകളുടെയും കെട്ടിടങ്ങളുടെയും മുറ്റം കോൺക്രീറ്റ് ചെയ്യൽ, അശാസ്ത്രീയമായ നിർമ്മാണം തുടങ്ങിയ കാരണങ്ങളാൽ മഴവെള്ളം ഭൂമിയിലേക്ക് ഇറങ്ങാതെ പുഴയിലേക്ക് ഒലിച്ചുപോകുന്ന സ്ഥിതിയാണുള്ളത്. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി മഴക്കുഴികൾ നിർമ്മിക്കണം. കിണർ റീചാർജ്ജിംഗ്, തുറസ്സായ കിണറുകൾ ശുദ്ധജല കിണറുകൾ ആക്കൽ, മഴവെള്ള സംഭരണിയുടെ നിർമ്മാണം എന്നിവ നടപ്പാക്കണം. പൈപ്പ് ലൈൻ നീട്ടൽ, ഗാർഹിക കണക്ഷന് നൽകൽ എന്നിവയും നടപ്പാക്കണം. എസ്.സി വിഭാഗത്തിന് പിവിസി വാട്ടർ ടാങ്ക് വാങ്ങുന്നതിന് ധനസഹായം നൽകാം.

ഗുരുതരമായ ഗതാഗത കുരുക്കാണ് നഗരം നേരിടുന്ന മറ്റൊരു വെല്ലുവിളി. വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവിന് ആനുപാതികമായി റോഡുകൾ വികസിച്ചിട്ടില്ല. ചാലിക്കടവ് പാലത്തെ തൊടുപുഴ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്, മുറിക്കല്ല് പാലത്തിന്റെ അപ്രോച്ച് റോഡ് എന്നിവയുടെ പൂർത്തീകരണം കൊണ്ട് മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ. ഗതാഗത സൗകര്യം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ ഇടങ്ങളിലേക്ക് പുതിയ റോഡുകൾ നിർമ്മിക്കണം. കാൽനട യാത്രക്കാർക്ക് സുരക്ഷിതമായി നടക്കാൻ ഉള്ള സംവിധാനങ്ങൾ നഗരത്തിൽ വളരെ അപര്യാപ്തമാണ്. പ്രധാന റോഡുകളുടെ ഇരുവശവും നടപ്പാതകൾ നിർമ്മിക്കണം.

❖ വടക്കൻ പറവൂർ നഗരസഭ

കേരളത്തിന്റെ പുരാതന പട്ടണങ്ങളിലൊന്നാണ് പറവൂർ. ഉത്തമ സാംസ്കാരിക പാരമ്പര്യമുള്ള വികസിത നഗരമായിട്ടാണ് പറവൂർ അറിയപ്പെട്ടിരുന്നത്. വേഗം വളർന്നുകൊണ്ടിരിക്കുന്ന കൊച്ചിയുടെ ഉപഗ്രഹ നഗരമായി മാറുന്നതിനു പറവൂർ നഗരസഭയ്ക്ക് ഒത്തിരി മുന്നേറാനുണ്ട്. മെച്ചപ്പെട്ട യാത്രാസൗകര്യങ്ങൾ ആളുകൾക്ക് വിശ്രമിക്കാനുള്ള പൊതു ഇടങ്ങൾ മറ്റനേകം വികസനങ്ങൾ എന്നിവ നടപ്പാക്കേണ്ടതായിട്ടുണ്ട്. ഭൂവിസ്തൃതിയുടെ കുറവ്, വർദ്ധിച്ച ജനസാന്ദ്രത, ഖര-ദ്രവ-മാലിന്യ സംസ്ക്കരണം, ജലസ്രോതസ്സുകൾ മാലിന്യ മുക്തമാക്കൽ, പൊതുകുളങ്ങൾ, ജലാശയങ്ങൾ എന്നിവ സംരക്ഷിക്കൽ എന്നീ മുഖ്യപ്രശ്നങ്ങളുടെ പരിഹാരത്തിന് നഗരസഭ മുൻഗണന നൽകുന്നു.

പറവൂരിന്റെ ഭരണ നിർവഹണ കേന്ദ്രം നഗരസഭാ കാര്യാലയം ആണ്. പരിമിതമായ ഓഫീസ് സൗകര്യം നഗരസഭയുടെ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടെങ്കിലും ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നഗരസഭയുമായി എല്ലാ ഇടപാടുകളും സേവനങ്ങളും വരിൽതുമ്പിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നഗരസഭ ലക്ഷ്യമിടുന്നു. തെരുവ്നായ്ക്കളുടെ വർധന നഗരസഭാ പ്രദേശത്ത് അതീവ ഗുരുതര പ്രശ്നമായി നിലനിൽക്കുന്നു. നായ്ക്കളുടെ ജനന നിയന്ത്രണ പരിപാടികൾ നഗരസഭാ തലത്തിൽ നടപ്പിലാക്കുന്നുണ്ട് എങ്കിലും ആയത് പരിപൂർണ്ണ ഫലപ്രാപ്തിയിലേക്ക് എത്തിക്കേണ്ടതുണ്ട്. കൂടാതെ നഗരസഭാ പ്രദേശത്തുള്ളവർക്ക് ഗുണമേന്മയുള്ള മാംസം ലഭ്യമാക്കുകയും നിലവിലുള്ള അറവുശാലയുടെ പ്രവർത്തനം അപര്യാപ്തമാണ്. നരസഭയുടെ അറവുശാല സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശപ്രകാരം ആധുനിക വത്ക്കരിക്കുകയോ അല്ലെങ്കിൽ പുതിയതായി ശാസ്ത്രീയമായി ആധുനികവത്ക്കരിച്ച

അറലുശാല സ്ഥാപിക്കുകയോ ചെയ്യേണ്ടതായിട്ടുണ്ട്.

പറവൂർ നഗരസഭാ പരിധിയിലെ തൊഴിൽരഹിതർക്ക് ഉപകാരപ്രദമായ രീതിയിൽ ചെറുകിട വ്യവസായങ്ങൾ, സൂക്ഷ്മ സംരഭങ്ങൾ എന്നിവരും ശിശുക്കൾ, കുട്ടികൾ, അമ്മമാർ, വയോജനങ്ങൾ, കിടപ്പു രോഗികൾ എന്നിവർക്കുള്ളസംരക്ഷണ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ജനസംഖ്യയുടെ പകുതിയലധികം വരുന്ന സ്ത്രീ സമൂഹത്തിന് പ്രശ്നങ്ങൾക്ക് നഗരസഭ വളരെയധികം പ്രാധാന്യം നൽകുന്നു. നഗരസഭ പ്രദേശങ്ങളിൽ പെൺകുട്ടികൾക്കും സ്ത്രീകൾക്കും സൗകര്യപ്രദമായ രീതിയിൽ നഗരകേന്ദ്രങ്ങളിലെ പൊതു ഇടങ്ങളിൽ ടോയ്ലെറ്റുകളും മുലയൂട്ടൽ കേന്ദ്രങ്ങളും വിശ്രമ കേന്ദ്രങ്ങളും നിർമ്മിക്കുന്നതിലൂടെ സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കണ്ടെത്തുവാൻ കഴിയും. നഗരസഭാ പരിധിയിലെ സാമൂഹ്യ പരിരക്ഷ ആവശ്യമായ പട്ടിക വിഭാഗത്തിൽ പെട്ട ജനങ്ങളുടെ സ്വയം തൊഴിൽ ധനസഹായത്തിനും, വിവാഹ ധനസഹായ ത്തിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് അവരെ മുഖ്യധാരയിലേക്ക് നയിക്കേണ്ടതുണ്ട്. നഗരസഭാ പ്രദേശത്തുള്ളവരുടെ ആരോഗ്യ പരിപാലനത്തിൽ നിലവിലുള്ള അലോപ്പതി, ആയുർവേദ, ഹോമിയോ ആശുപത്രികൾ വളരെ നല്ലരീതിയിൽ പ്രവർത്തിക്കുന്നു ണ്ടെങ്കിലും നിലവിലുള്ള താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ ഒരു ജില്ലാ ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്തുന്ന തരത്തിൽ ഉള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. നഗരസഭയെ സീറോ വേസ്റ്റ് നഗരസഭയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. നഗരപ്രദേശം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ സമ്പൂർണ നിരോധിത മേഖലയാക്കി ഘട്ടം ഘട്ടമായി മാറ്റുന്നതിനും നഗരത്തെ ക്ലീൻ സിറ്റി ആക്കുന്നതിനുള്ള ക്ലീൻ-പറവൂർ-ഗ്രീൻ-പറവൂർ പദ്ധതി കാര്യക്ഷമമായി നടത്തുന്നതിനും വിഭാവനം ചെയ്യുന്നു. നഗര സഭയുടെ പ്ലാസ്റ്റിക് പദ്ധതി കേരളത്തിലെ മാതൃകാപരമായ പ്രോജക്ടായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ജില്ലയിലെ മാലിന്യ സംസ്ക്കരണത്തിന് മാതൃകയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 2 നഗരസഭകളിൽ ഒന്നാണ് പറവൂർ എന്നതും ശ്രദ്ധേയമാണ്. നഗരസഭാ പരിധിയിൽ ഒരു ആർട്സ് കോളേജ് ഇല്ല എന്നത് മാത്രമാണ് വിദ്യാഭ്യാസരംഗത്ത് നഗരസഭ നേരിടുന്ന പ്രധാന പ്രശ്നം. നഗരസഭാ പ്രദേശത്തെ വിദ്യാലയങ്ങളിൽ ഡിജിറ്റൽ ക്ലാസ്സ്റൂം പണിയുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതായിരുന്നു. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാസയോഗ്യമായ ഭവനം ഇല്ലാത്ത എല്ലാ ജനങ്ങൾക്കും കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതികൾ നഗരസഭ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. പരിസരപ്രദേശത്തുകൂടി പുതിയ നാഷണൽ ഹൈവേയുടെ സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും ആയത് ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. കൂടാതെ പറവൂർ പട്ടണത്തിലെ ഗതാഗതം സുഗമമാക്കുന്നതിനുള്ള പദ്ധതി എന്ന നിലയിൽ പറവൂരിന് ഒരു ബൈപ്പാസ് എന്ന ആശയവും നഗരസഭ മുന്നോട്ട് വെയ്ക്കുന്നു. ഇത് പട്ടണത്തിന്റെ സമഗ്രമായ മാറ്റത്തിന് അനിവാര്യമാണ് നഗരസഭാ പ്രദേശത്ത് ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് തടയുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചു വരുന്ന ഹോട്ടലുകൾ, പെട്രോൾ പമ്പുകൾ, സ്റ്റീൽ - ഇരുമ്പ് വ്യാപാര സ്ഥാപനങ്ങൾ, കെട്ടിട നിർമ്മാണ സ്ഥലങ്ങൾ, വഴിയോരകച്ചവടം എന്നിവയുമായി ബന്ധപ്പെട്ട് ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തു വരുന്നുണ്ട്. മേൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് അതാത് സ്ഥാപന ഉടമകൾ തന്നെ താമസ സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നുണ്ട്. പറവൂർ നഗരസഭയിലെ ചില പ്രദേശങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടമായി താമസിച്ചു വരുന്നുണ്ട്. ഇതര സംസ്ഥാന

തൊഴിലാളികൾ താമസിച്ചു വരുന്ന സ്ഥലത്തെ സമീപവാസികളിൽ നിന്നും മാലിന്യ നിക്ഷേപം, ശബ്ദശല്യം പോലുള്ള പരാചതികൾ നഗരസഭയിൽ ലഭ്യമായിരി ക്കുന്നു. ആയത് പരിഹരിക്കുന്നതിനും അവരെ ബോധവത്ക്കരിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നഗരസഭ തലത്തിൽ നടത്തേണ്ടതായിരിക്കുന്നു. നഗരസഭാ പരിധിയിലുളല ഇതര സംസ്ഥാന തൊഴിലാളികൾക്ക് നഗരസഭ വക ഷെൽട്ടർ ഹോം നിർമ്മിച്ച് വാടക ഈടാക്കി അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. താലൂക്ക് ആശുപത്രിയുമായി സഹകരിച്ച് ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മാസത്തിലൊരുതവണ ഏകദിന ക്യാമ്പ് സംഘടിപ്പിക്കുന്നതിന് നടപടിക്രമങ്ങൾ ആലോചിച്ചു വരുന്നു കൂടാതെ സ്വയം തൊഴിൽ സംരഭങ്ങൾ തുടങ്ങുന്നത് ധനസഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ട്.

❖ പെരുമ്പാവൂർ നഗരസഭ

മരാധിഷ്ഠിത വ്യവസായങ്ങളുടെ തലസ്ഥാനം എന്നറിയപ്പെടുന്ന പെരുമ്പാവൂരിൽ നഗരസഭയിലും പഞ്ചായത്തുകളിലും സ്ഥിതി ചെയ്യുന്ന പ്ലൈവുഡ് കമ്പനികളിൽ ധാരാളം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തു വരുന്നു. കൂടാതെ കേരളത്തിലെ മെച്ചപ്പെട്ട വേതന വ്യവസ്ഥയിലും തൊഴിൽ ലഭ്യതയിലും കാലാവസ്ഥയിലും ആകൃഷ്ടരായി എത്തിച്ചേർന്നിട്ടുള്ളവർ മറ്റു തൊഴിൽ മേഖലകളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പെരുമ്പാവൂർ നഗരസഭ പരിധിയിൽ വന്നുപോയി ജോലി ചെയ്യുന്നവർ വളരെ കൂടുതലാണെങ്കിലും സ്ഥിരമായ താമസം കുറവാണ്. സ്ഥിരം താമസക്കാർ കൂടുതലും പ്ലൈവൂഡ് കമ്പനികളെ ആണ് തൊഴിലിനായി ആശ്രയിക്കുന്നത്.

പെരുമ്പാവൂർ നഗരസഭയിൽ നിലവിലുള്ള പ്ലൈവൂഡ് നിർമ്മാണം യൂണിറ്റുകളിൽ എസ്ബിഎം പ്രവർത്തനങ്ങളുടെ ഭാഗമായി നഗരസഭാ ഹെൽത്ത് സൂപ്പർവൈസർ നേതൃത്വത്തിൽ പരിശോധന നടത്തി ശൗചാലയങ്ങളുടെ എണ്ണം അവയിലെ വൃത്തി താമസസ്ഥലത്ത് സൗകര്യങ്ങൾ എന്നിവ വിലയിരുത്തകയും ഇതിന്റെ തുടർ പരിശോധനകൾ നിലവിൽ ചെയ്യുകയും ചെയ്യുന്നുണ്ട്. പ്ലൈവുഡ് കമ്പനി കോമ്പൗണ്ടുകളിൽ പ്രത്യേകം നിലവിൽ ചെയ്യുകയും ചെയ്യുന്നുണ്ട്. പ്ലൈവുഡ് കമ്പനി കോമ്പൗണ്ടുകളിൽ പ്രത്യേകം നിർമ്മിച്ച മുറികളിലും പുറത്ത് വീടുകളിൽ വാടകയ്ക്കും ആണ് തൊഴിലാളികൾ താമസിച്ചു വരുന്നത്. നഗരസഭാ പരിധിയിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ സെറ്റിൽമെന്റ് കോളനികൾ ഇല്ല.

ഉദ്ദേശം 3711 വ്യക്തികൾ തൊഴിലിടങ്ങലിലും വാടകയ്ക്കുമായി താമസിച്ചു വരുന്നതായി കണകാക്കിയിട്ടുണ്ട്. തൊഴിലവസരങ്ങൾക്ക് അനുസരിച്ച് ഇതിൽ മാറ്റം വരും. ഇത്തരത്തിൽ താമസിക്കുന്നവർക്ക് 385 ടോയ്ലറ്റുകൾ ഉള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഇവ പരിസര മലിനീകര ണവും മറ്റും ഉണ്ടാകാതെ വിധത്തിൽ സൂക്ഷിച്ചു വരുന്നുണ്ട്. ആയത് പീരിയോഡിക്കൽ പരിശോധന നടത്തി ഉറപ്പു വരുത്തി വരുന്നു. ഇത്തരത്തിൽ നഗര പരിധിയിൽ താമസിക്കുന്നവരുടെ ആരോഗ്യ സുരക്ഷാ കാര്യങ്ങളിൽ നഗരസഭയും ആരോഗ്യ വകുപ്പും സംയുക്തമായി പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി പ്രത്യേക മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കുന്നുണ്ട്. താലൂക്ക് ആശുപത്രിയിലെ സൂപ്രണ്ടിനാണ് ഇതിന്റെ ചുമതല. കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്നഇടങ്ങളിൽ മൊബൈൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഒക്ടോബർ മാസത്തിൽ ഗവർമെന്റ് താലൂക്ക് ആശുപത്രി യിൽ വെച്ചു വിപുലമായ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. പെരുമ്പാവൂർ നഗരസഭയെ ഇതര സംസ്ഥാന തൊഴിലാളികളുടെ സാക്ഷരതാ യജ്ഞത്തിനെ പൈലറ്റ് പ്രോജക്ടായി തിരഞ്ഞെടുത്തിട്ടുള്ളതും വളരെ ഭംഗിയായി സാക്ഷരത പ്രവർത്തനം മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നതുമാണ്.

❖ കൊച്ചി നഗരസഭ

കൊച്ചി നഗരസഭാ പ്രദേശം കേരള സംസ്ഥാനത്തെ വ്യാവസായിക വാണിജ്യ തലസ്ഥാനം എന്നറിയപ്പെടുന്നതാണ്.

റെയിൽ, ജല, വ്യോമ, റോഡ് എന്നീ വിവിധ തരത്തിലുള്ള ഗതാഗത സൗകര്യങ്ങൾ വളരെ കൂടുതൽ ഉള്ളതിനാൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഇവിടേക്ക് ആളുകൾക്ക് എത്താൻ കഴിയും. ആസൂത്രണത്തിന് മുൻപേ വളർന്നു വികസിച്ച നഗരമാണ് കൊച്ചി. ആയതിനാൽ ഇവിടെ വിവിധ മേഖലകളിൽ തൊഴിൽ സാധ്യതകളുണ്ട്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഉള്ള അസംഘിടത മേഖലയിലെ തൊഴിലാളികൾ തൊഴിലിനായി കേരളത്തിലേക്ക് വരികയും തൊഴിൽ സാധ്യത കൂടുതലുള്ള കൊച്ചി നഗര പ്രദേശത്ത് താമസിച്ച് ജോലി ചെയ്യുകയും ചെയ്യുന്നു.

ഇപ്രകാരം കുടിയേറുന്ന തൊഴിലാളികൾ നഗരസഭ പ്രദേശത്ത് താമസമാക്കുന്നതുമൂലം ജനസാന്ദ്രത വർദ്ധിക്കുന്നു. ഇതുമൂലം ടി സ്ഥലത്ത് ആരോഗ്യ ശുചിത്വ പ്രശ്നങ്ങൾ വർദ്ധിക്കുന്നു. ഇപ്രകാരം കുടിയേറ്റം വർദ്ധിക്കുന്നതു മൂലം എല്ലാ മേഖലയിലും അധികവിഭവം ആവശ്യമേ ായി വരുന്നു. ഉദാഹരണം: കുടിവെള്ളം, ഭക്ഷണം, വൈദ്യുതി, മരുന്ന്, യാത്രാസൗകര്യം, താമസസൗകര്യം മുതലായവ.

കൊച്ചി നഗരസഭാ പ്രദേശത്ത് നിലവിൽ സ്ഥിരതാമസക്കായവരിൽ മുപ്പത് ശതമാനം ആൾക്കാർക്കും സ്വന്തമായി താമസസൗകര്യം ഇല്ലാത്തവരാണ്. ഈ പ്രശ്നം നിലനിൽക്കുമ്പോഴാണ് കുടിയേറ്റത്തിന്റെ ഭാഗമായി വീണ്ടും ആളുകൾ ഇവിടേക്ക് താമസത്തിനായി എത്തുന്നത്. ഇതുമൂലം മുൻപ് രേഖപ്പെടുത്തിയ വിഭവങ്ങൾ അധികമായി കണ്ടെത്തേണ്ടിയിരിക്കുന്നു. ഇത് ടി ആവശ്യങ്ങൾക്ക് അനിയന്ത്രിതമായി വില, വാടക എന്നിവ വർദ്ധിക്കുന്നതിനും കാരണമാകുന്നു. നഗരപ്രദേശതത് കെട്ടിട വാടക അനിയന്ത്രിതമായി ഉയർന്നിട്ടുണ്ട്. ഇത് മൂലം പ്രദേശവാസികൾക്ക് വാടകക്കെട്ടിടം കിട്ടുന്നതിന് പ്രയാസം അനുഭവിക്കുന്നുണ്ട്. കൊച്ചിൻ നഗരപ്രദേശത്ത് അടുത്തകാലത്ത് മയക്കുമരുന്ന് ധാരാളമായി പിടികൂടുന്നുണ്ട്. ഇത് കുടിയേറ്റത്തിന്റെ ഭാഗമായി വർധിച്ചിട്ടുള്ളതാണ്. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ ബോധവത്ക്കരണം ആവശ്യമാണ്.

ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൂടുതൽ താമസസൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ, യാത്രാ സൗകര്യങ്ങൾ, ആരോഗ്യ, ശുചിത്വ ബോധവത്ക്കരണം എന്നിവ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്

.

ഭാഗം II

ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ

അദ്ധ്യായം 5

സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികൾ

ആമുഖം

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും ജില്ലയിലെ പ്രാദേശിക സർക്കാരുകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഉൾക്കൊള്ളിച്ച് ഇതിൽ പരാമർശിച്ചിരിക്കുന്നു.

സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നാല് കാറ്റഗറികളി ലായിട്ടാണ് തുക അനുവദിക്കുന്നത്. കാറ്റഗറി - I ൽ സംസ്ഥാനത്തിന് മുഴുവൻ പ്രയോജനം ലഭിക്കുന്ന, പ്രാദേശിക അടിസ്ഥാനത്തിൽ അല്ലാത്ത സ്കീമുകളാണ് ഉള്ളത്. കാറ്റഗറി - II ൽ സംസ്ഥാനത്തിന് മുഴുവൻ വേണ്ടിയുള്ള ജില്ലാ അടിസ്ഥാനത്തിലുള്ള സ്കീമുകളാണുള്ളത്. കാറ്റഗറി - III ൽ പ്രത്യേക പ്രദേശത്ത് മാത്രം നടപ്പാക്കുന്നതും, പ്രദേശത്തിന് പ്രയോജനപ്പെടുന്നതുമായ പദ്ധതികളും കാറ്റഗറി - IV ൽ ജില്ലാ അടിസ്ഥാനത്തിൽ സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും പ്രയോജനപ്പെടുന്നതുമായ പദ്ധതികളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

5.1 2017-18 വർഷം കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ അവലോകനം

5.1.1 സംസ്ഥാന പദ്ധതികൾ

എറണാകുളം ജില്ലയുടെ വകുപ്പുതിരിച്ചുള്ള വിഹിതം - ഒരു വിലയിരുത്തൽ

കാറ്റഗറി - I

2017-18 വർഷം കാറ്റഗറി - I ൽ 11772.68 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മേഖലാതലത്തിലുള്ള വകയിരുത്തൽ താഴെ ചേർക്കുന്നു.

പട്ടിക-5.1

ക്രമ നം.	മേഖല	തുക (കോടിയിൽ)
1	ഉൽപാദന മേഖല	235.27
2	ഗ്രാമവികസനം	744.7
3	സഹകരണം	45.35
4	ജലസേചനവും വെള്ളപ്പൊക്ക നിവാരണവും	295.77
5	ഊർജ്ജം	637.14
6	വ്യവസായം	496.83
7	ഗതാഗതവും വാർത്താവിതരണവും ടൂറിസവും	1771.64
8	ശാസ്ത്ര സാങ്കേതികവിദ്യയും പരിസ്ഥിതിയും	64.59
9	സാമൂഹ്യവും സാംസ്കാരിക സേവനങ്ങൾ	5524.28
10	സാമ്പത്തിക സേവനങ്ങൾ	1782.61
11	ജനറൽ സേവനങ്ങൾ	174.48
	ആകെ മൊത്തം	**11772.67**

അവലംബം ബഡ്ജറ്റ് - 2017-18

ചിത്രം 5.1



കാറ്റഗറി - II

2017-18 സാമ്പത്തിക വർഷത്തിൽ കാറ്റഗറി - II ൽ ആകെ സംസ്ഥാന വിഹിതം 2103 കോടിയിൽ ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ളത് 171.89 കോടിയാണ് (8.2%). വകുപ്പ് തിരിച്ചുള്ള വിഹിതം താഴെ ചേർക്കുന്നു.

പട്ടിക-5.2

ക്രമ നം.	മേഖല	സംസ്ഥാന വിഹിതം (ലക്ഷത്തിൽ)	ജില്ലാ വിഹിതം (ലക്ഷത്തിൽ)	ശതമാനം
I	**കൃഷി**	3513	82.77	2.3
1	മണ്ണ്, ജലസംരക്ഷണം	3800	23.57	0.6
2	ക്ഷീരവികസനം	345	0	0
3	മൃഗസംരക്ഷണം	4562	200	4.38
4	ഫിഷറീസ്	7450	1250	16.7
5	ഉൽപാദന മേഖല (ആകെ)		1556.34	8.75
II	**ഗ്രാമവികസനം**	1000	100	10
III	**ഊർജ്ജം**	29215	3515	12.03
IV	**ചെറുകിട വ്യവസായം**	62641	5983	9.55
V	**തുറമുഖ വകുപ്പ്**	7534	1055	14
VI	**ഗതാഗതം**	18062	1057	8.4
VII	**ശാസ്ത്ര സാങ്കേതിക പരിസ്ഥിതി**	13654	130	1
VIII	**വിദ്യാഭ്യസം**	7734	452.9	5.8
IX	**പൊതുജനാരോഗ്യം**	9445	2845.98	30
X	**പട്ടികജാതി വികസനം**	22086	272	1.2
XI	**പട്ടികവർഗ്ഗ വികസനം**	7256	15	0.21
XII	**സാമൂഹ്യനീതി**	3568.38	13	0.36
XIII	**സാമ്പത്തിക സേവനങ്ങൾ**	2170	194.4	8.9
	ആകെ മൊത്തം		**17189.62**	**8.17**

അവലംബം ബഡ്ജറ്റ് 2017-18

കാറ്റഗറി - II ൽ ഉൾപ്പെടുത്തി ജില്ലയിൽ നടപ്പാക്കുന്ന മൊത്തം പദ്ധതികളുടെ 2017-18 വിഹിതം താഴെ (S2) ആയി ചേർത്തിരിക്കുന്നു.

പട്ടിക-5.3

കോഡ് നം.	പദ്ധതിയുടെ പേര്	രൂപ ലക്ഷത്തിൽ	
		സംസ്ഥാന വിഹിതം (2017-18)	ജില്ലാ വിഹിതം (2017-18)
1	2	3	4
I. കൃഷി			
1.1 വിള സംരക്ഷണം			
AGR001	ഗവേഷണം	**2014.50**	**82.77**
1.2 മണ്ണ്, ജലസംരക്ഷണം			
	എ. മണ്ണ് സംരക്ഷണം		
SWC 016	ഉദ്യോഗസ്ഥന്മാർക്ക് പരിശീലന പരിപാടി	**330.00**	**23.57**
1.3 മൃഗസംരക്ഷണം			
	കെ.എൽ.ഡി ബോർഡ്		
AHY 066	പന്നിവളർത്തൽ	**200.00**	**200.00**

1.4 ക്ഷീരവികസനം		**345.00**	**0.00**
1.5 മത്സ്യബന്ധനം			**0.00**
	ഹാർബർ എഞ്ചിനീയറിംഗ്		
2	നബാർഡ് പദ്ധതികൾ - 4405-00-104-54	**3500.00**	**1250.00**
1.6 വനവത്ക്കരണവും വന്യജീവി സംരക്ഷണവും			**0.00**
1.8 സംഭരണം, സൂക്ഷിക്കലും വിതരണവും			**0.00**
ആകെ തുക		**6044.50**	**1556.34**
II. ഗ്രാമവികസനം			
2.4 പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി			
3	മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണ് നീക്കം ചെയ്യലും	1000.00	100.00
ആകെ തുക		**1000.00**	**100.00**
IV. ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും			
4.1 വലിയ, ഇടത്തരം ജലസേചനം			
V. ഊർജ്ജം			
5.1 കേരള സംസ്ഥാന വൈദ്യുതി ബോർഡ്			
POW 128	ഭൂതത്താൻകെട്ട്	3500.00	3500.00
POW 137	വാതക അടിസ്ഥാന ഊർജ്ജ പദ്ധതികൾ	3.00	3.00
POW 162	പെറ്റ്കോറ്റ് അധിഷ്ഠിത വൈദ്യുത പദ്ധതികൾ	2.00	2.00
POW 018	ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റ്	10.00	10.00
	ആകെ തുക	**3515.00**	**3515.00**
V. വ്യവസായവും ധാതുക്കളും			
6.2 ഇടത്തരം, വലിയ വ്യവസായങ്ങൾ			
MLI002	കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ക്ലിപ്തം (കെ.എസ്.ഐ.ഡി.സി)	5901.00	1.00
MLI009	കേരള വ്യവസായ അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷൻ (കിൻഫ്ര)	8131.00	2827.00
MLI033	അഭിവൃദ്ധിപ്പെടാൻ സാദ്ധ്യതയുള്ള പൊതുമേഖലാ യൂണിറ്റുകളുടെ പുനരുജ്ജീവനം	21195.50	3155.00
ആകെ തുക		**35227.50**	**5983.00**
VII. ഗതാഗതവും വാർത്താവിനിമയവും			
7.1 തുറമുഖങ്ങൾ			
PLS- 070(2)	കൊടുങ്ങല്ലൂർ (മുനമ്പം) തുറമുഖ വികസനം	1055.00	1055.00
7.3 റോഡ് ഗതാഗതം			
	കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ		
RPT 001	കെ.എസ്.ആർ.ടി.സി. യുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ	990.00	400.00
7.4 ജല ഗതാഗതം			

	ഫീഡർ കനാലുകളുടെ വികസനം	700.00	605.00
	ജലഗതാഗത സഹായം അനുവദിക്കൽ	100.00	20.00
	ഇന്റഗ്രേറ്റഡ് വാട്ടർ ട്രാൻസ്പോർട്ട് പദ്ധതികളുടെ സൂക്ഷ്മപരിശോധന	585.00	32.00
	ആകെ തുക	**1385.00**	**657.00**
VIII. ശാസ്ത്ര സർവ്വീസുകളും ഗവേഷണങ്ങളും			
8.1 ഗവേഷണവും ശാസ്ത്ര സർവ്വീസുകളും			
	എ. സൊഫിസ്റ്റിക്കേറ്റഡ് ടെസ്റ്റ് ആന്റ് ഇൻസ്ട്രുമെന്റേഷൻ സെന്റർ (എസ്.ടി.ഐ.സി)	130.00	130.00
IX. സാമൂഹ്യവും, സാമൂഹ്യസേവനപരവുമായ സർവ്വീസുകൾ			
9.1 പൊതുവിദ്യാഭ്യാസം			
GEN 063	ലോ കോളേജുകൾ	750.00	175.00
9.2 കലയും സംസ്കാരവും			
ATC 016	സംസ്ഥാന ലൈബ്രറി കൗൺസിൽ	92.00	7.90
ATC 005	എറണാകുളം പുരാവസ്തു മ്യൂസിയം	300.00	300.00
ATC 007	പുരാവസ്തു കെട്ടിടങ്ങൾ	600.00	40.00
ATC 039	പൈതൃക പഠന കേന്ദ്രം	105.00	105.00
	ആകെ തുക	**1097.00**	**452.90**
9.5 വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും			
	കൊച്ചിൻ ക്യാൻസർ സെന്ററിന് ധനസഹായം	2000.00	2000.00
MPS 092	തൃപ്പൂണിത്തുറ ആയുർവേദ കോളേജ്	670.00	670.00
	ആകെ തുക	**2670.00**	**2670.00**
9.11 പട്ടികജാതി, പട്ടികവർഗ്ഗ, മറ്റു പിന്നോക്ക, ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം			
	പട്ടികജാതി വികസന വകുപ്പ്		
WBC 281	വെള്ളായണി-അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പരിപാലനം	1500.00	150.00
WBC 357	എല്ലാ ജില്ലകളിലും പട്ടികജാതി വനിതാ ജീവനക്കാർക്കുള്ള ഹോസ്റ്റൽ (പുതിയ സ്കീം)	150.00	50.00
WBC 015	പട്ടികജാതി ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം (50% സംസ്ഥാന വിഹിതം)	436.00	72.60
	ആകെ	**2086.00**	**272.60**
	പട്ടികവർഗ്ഗ വികസനം		
	സംസ്ഥാനതല പദ്ധതികൾ		
WBC 123	പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ	500.00	15.00
	ആകെ തുക	**2586.00**	**287.60**
9.12 സാമൂഹ്യക്ഷേമവും സുരക്ഷിതത്വം			
SWE 013	മാർജിനലൈസഡ് ഗ്രൂപ്പുകൾക്ക് സാമൂഹ്യ സുരക്ഷിതത്വം (സ്ട്രീറ്റ് ലൈറ്റ് പ്രൊജക്ട്)	13.38	13.38
IX. സാമ്പത്തിക സർവ്വീസുകൾ			

10.1 സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ			
	പോലീസ്		
SES 070 (20)	ജില്ലാ കൺട്രോൾ റൂമുകൾ ആരംഭിക്കൽ	80.00	5.70
	വാണിജ്യ നികുതികൾ		
	മറ്റു ചെക്ക്പോസ്റ്റുകളുടെ നവീകരണവും പുന:രുദ്ധാരണവും	500.00	**35.70**
ആകെ തുക		580.00	41.40
10.3 പൊതുവായ മറ്റ് സാമ്പത്തിക സർവ്വീസുകൾ			
OGE 001	പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ - കമ്പ്യൂട്ടർവൽക്കരണവും, ആധുനീകരണവും	600.00	153.00
സാമ്പത്തിക സർവ്വീസുകൾ (ആകെ)		**1180.00**	**194.40**

അവലംബം ബഡ്ജറ്റ് 2017-18

കാറ്റഗറി - III

2017-18 വാർഷിക പദ്ധതിയിൽ പ്രത്യേക പ്രദേശത്തിനുതകുന്ന പദ്ധതികൾക്കായി സംസ്ഥാനത്ത് 933 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ജില്ലയ്ക്ക് അനുവദിച്ച വിഹിതം 157.28 കോടിയാണ്. മേഖലാതലത്തിലുള്ള വകയിരുത്തൽ താഴെ ചേർക്കുന്നു.

പട്ടിക-5.4

ക്രമ നം.	പദ്ധതികൾ	വകയിരുത്തിയത് (രൂപ ലക്ഷത്തിൽ)
1	കൃഷി വിഭാഗത്തിൽ ഗവേഷണം	16.50
2	ക്ഷീര വികസനത്തിനം	132
3	പ്രത്യേക കാർഷിക സോൺ	50
4	ഇടമലയാർ ഇറിഗേഷൻ പ്രോജക്ട്	2000
5	മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ട്	1000
6	ഭൂജല വിഭവ വികസനം	8
7	കൈത്തറി വികസനം	10
8	തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിന്റെ ആധുനികവത്ക്കരണവും ഗവേഷണവും	50
9	തുറമുഖ കപ്പൽ ഗതാഗത കോർപ്പറേഷന് POL ടാങ്കുകൾ ബാർജ്ജ് നിർമ്മാണം	632
10	പുതിയ ബൾക്ക് കാർഗോ ബാർജ് നിർമ്മാണം	300
11	സ്ലിപ്വേ കോംപ്ലക്സ് ആധുനികവത്ക്കരണം	390
12	ശുചിത്വവും കുടിവെള്ള വിതരണവും	425
13	വിശാല കൊച്ചി വികസന അതോറിറ്റി	700
14	സ്മാർട്ട് സിറ്റി മിഷൻ സംസ്ഥാന വിഹിതം (40%)	10000
15	കളക്ടറേറ്റ് കോൺഫറൻസ് ഹാൾ ആധുനികവത്ക്കരണം	13
	ആകെ	**15726.50**

അവലംബം ബഡ്ജറ്റ് 2017-18

കാറ്റഗറി - III ൽ ഉൾപ്പെടുത്തി ജില്ലയിൽ നടപ്പാക്കുന്ന മൊത്തം പദ്ധതികളുടെ 2017-18 വിഹിതം താഴെ (S3) ആയി ചേർത്തിരിക്കുന്നു.

പട്ടിക-5.5

കോഡ് നം.	പദ്ധതിയുടെ പേര്	രൂപ ലക്ഷത്തിൽ	
		സംസ്ഥാന വിഹിതം (2017-18)	ജില്ലാ വിഹിതം (2017-18)
1	2	3	4
1. കൃഷി			
1.1 വിള സംരക്ഷണം			
AGR 001	ഗവേഷണം	295.00	16.50
1.4 ക്ഷീരവികസനം			
DDT 012	പാലുൽപ്പാദനത്തിന്റെയും പാലുൽപ്പാദന കേന്ദ്രത്തിന്റെയും അഭിവൃദ്ധി (എം.എസ്.ഡി.പി-ഡയറി മേരേ+ക്ഷീരഗ്രാമം) (2404-00-109-93)	2700.00	132.00
കൃഷി		**10932.10**	**148.50**
II ഗ്രാമവികസനം			
2.4 പ്രാദേശിക വികസനത്തിനുള്ള പ്രത്യേക പരിപാടി			
SAD041	പ്രത്യേക കാർഷിക മേഖല	**1000.00**	**50.00**
IV ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും			
4.1 വലിയ, ഇടത്തരം ജലസേചനം			
MMI 008	ഇടമലയാർ ജലസേചന പദ്ധതി	2000.00	2000.00
MMI 002	മൂവാറ്റുപുഴവാലി ജലസേചന പദ്ധതി	1000.00	1000.00
ആകെ തുക		**15350.00**	**3000.00**
4.2 ചെറുകിട ജലസേചനം			
ഭൂഗർഭജലം			
MIN 007	470200-102-97 - ഭൂഗർഭജല സംരക്ഷണവും റീചാർജ്ജും	157.00	5.00
	2702-02-103-94 - ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതി	75.00	3.00
ആകെ തുക		**257.00**	**8.00**
VI വ്യവസായവും ധാതുക്കളും			
6.1 ഗ്രാമ ചെറുകിട വ്യവസായങ്ങൾ			
VSI 273	കൈത്തറി ഗ്രാമം, സംയോജിത കൈത്തറി ഗ്രാമം എന്നിവ സ്ഥാപിക്കൽ	10.00	10.00
VII ഗതാഗതവും വാർത്താവിനിമയും			
7.1 തുറമുഖങ്ങൾ			
ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്			
PLS 023	നവീകരണം, ഗവേഷണം, വികസനം - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്	1125.00	50.00

7.4 ജലഗതാഗതം			
കേരള ഷിപ്പിംഗ് & ഐലന്റ് നാവിഗേഷൻ കോർപ്പറേഷൻ			
WRT 022	പെട്രോൾ ടാങ്കർ ബാർജ് നിർമ്മാണം	632.00	632.00
WRT 039	സ്ലിപ്‌വേ കോംപ്ലക്സുകളുടെ ആധുനികവൽക്കരണം	390.00	390.00
WRT 034	കാർഗ്ഗോ ബാർജ്ജുകളുടെ നിർമ്മാണം	300.00	300.00
ആകെ തുക		**1322.00**	**1322.00**
7.5 റോഡ് ഗതാഗതം			
	കൊച്ചി നഗരത്തിലെ മെട്രോറെയിൽ പദ്ധതി	1.00	1.00
	കൊച്ചി സംയോജിത ജലഗതാഗത പദ്ധതി	1.00	1.00
ആകെ തുക		**3.00**	**2.00**
ഗതാഗതവും വാർത്താവിനിമയവും (ആകെ)		**3790.00**	**1374.00**
	ശുദ്ധജല വിതരണവും ശുചീകരണവും		
SWS 126	കേരള വാട്ടർ അതോറിറ്റിയുടെ മാലിന്യസംസ്കരണ പദ്ധതി	2000.00	250.00
SWS 129	പ്രത്യേക സ്ഥാപനങ്ങൾ/സ്ഥലങ്ങൾ ശുദ്ധജല പദ്ധതികൾ	225.00	25.00
SWS 028	നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ	10000.00	150.00
ആകെ തുക		**19825.00**	**425.00**
9.8 നഗരവികസന മേഖല			
UDT 144	ഡവലപ്പ്മെന്റ് അതോറിറ്റി, കൊച്ചി (ജി.സി.ഡി.എ)	700.00	700.00
UDT 141	സ്മാർട്ട് സിറ്റീസ് മിഷൻ (40% സംസ്ഥാന വിഹിതം)	10000.00	10000.00
ആകെ തുക		**13201.00**	**10700.00**
സാമൂഹ്യവും-സാമൂഹ്യസേവനപരവുമായ സർവ്വീസുകൾ (ആകെ)		**35176.00**	**11125.00**
X സാമ്പത്തിക സേവനങ്ങൾ			
	കളക്ടറേറ്റ് കോൺഫറൻസ് ഹാൾ നവീകരണം	40.00	13.00
സാമ്പത്തിക സേവനങ്ങൾ (ആകെ)		**4790.00**	**13.00**
ആകെ മൊത്തം		**93326.07**	**15731.50**

അവലംബം ബഡ്ജറ്റ് 2017-18

കാറ്റഗറി - IV

2017-18 വാർഷിക പദ്ധതിയിൽ സംസ്ഥാനത്ത് മൊത്തം വകയിരുത്തിയ 5463 കോടി രൂപയിൽ 402.27 കോടിയാണ് ജില്ലയ്ക്ക് അനുവദിച്ച വിഹിതം. വിവിധ മേഖലകൾക്കായി വകയിരുത്തിയ വിഹിതത്തിന്റെ വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്നു.

പട്ടിക5.6

ക്രമ നം.	മേഖല	വകയിരുത്തിയത് (രൂപ ലക്ഷത്തിൽ)
I	കൃഷി	3561
1	മണ്ണ്, ജലസംരക്ഷണം	406.1
2	മൃഗസംരക്ഷണം	1338.07
4	ക്ഷീര വികസനം	461
5	മത്സ്യ വികസനം	1093.83
6	വനം വന്യജീവി സംരക്ഷണം	1553.25
7	**സംഭരണ വിപണന കേന്ദ്രങ്ങൾ**	500
	ആകെ ഉൽപാദന മേഖല	8913.26
II	ഗ്രാമവികസനം	500.76
1	കുടുംബശ്രീ	1142.24
2	ശുചിത്വ മിഷൻ	355
3	തീരദേശ വികസനം	1259.28
	ആകെ ഗ്രാമവികസനം	3257.28
III	സഹകരണം	489.50
IV	ജലസേചനവും വെള്ളപ്പൊക്ക നിവാരണവും	1130
V	ഊർജ്ജം	5775
VI	വ്യവസായം	1323
VII	ഗതാഗതവും വാർത്താവിനിമയവും	66
VIII	ശാസ്ത്ര സാങ്കേതിക പരിസ്ഥിതി	30
IX	സാമൂഹികവും സാംസ്കാരികവുമായ സേവനങ്ങൾ	1061.79
X	ജലവിതരണവും ശുചിത്വവും	4067.14
XI	നഗര വികസനം	2995.15
XII	പട്ടികജാതി വികസനം	9424
XIII	പട്ടികവർഗ്ഗ വികസനം	693.50
XIV	ന്യൂനപക്ഷ വികസനം	234
XV	സാമൂഹ്യനീതി	52.01
XVI	ജയിൽ	0.13
	ആകെ സാമൂഹ്യ സാംസ്കാരിക സേവനങ്ങൾ	**18527.72**
XVII	സാമ്പത്തിക സേവനങ്ങൾ	430.78
XVIII	ജനറൽ സേവനങ്ങൾ	104.5
XIX	പൊതുമരാമത്ത് (60% സി.എസ്.എസ്)	180
	ആകെ ജനറൽ സേവനങ്ങൾ	284.50
	ആകെ മൊത്തം	**40227.04**

അവലംബം. ബഡ്ജറ്റ് 2017-18

ജില്ലയിൽ കാറ്റഗറി - IV ൽ ഉൾപ്പെടുത്തി ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ 2017-18 വിഹിതം താഴെ (S4) ആയി ചേർത്തിരിക്കുന്നു.

പട്ടിക-5.7

കോഡ് നം.	പദ്ധതിയുടെ പേര്	രൂപ ലക്ഷത്തിൽ	
		സംസ്ഥാന വിഹിതം (2017-18)	ജില്ലാ വിഹിതം (2017-18)
1	2	3	4
1. കൃഷി			
1.1 വിള സംരക്ഷണം			
AGR114	നെൽകൃഷി വികസനം	7000.00	300.00
AGR114	പച്ചക്കറി വികസനം	8500.00	610.00
AGR114	പയർ-കിഴങ്ങുവർഗ്ഗങ്ങളുടെ വികസനം	200.00	13.00
AGR005	നാളികേര വികസനം	4500.00	265.00
AGR124	സുഗന്ധദ്രവ്യങ്ങളുടെ വികസനം	1000.00	10.00
AGR127	മണ്ണിന്റെ ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത വർദ്ധിപ്പിക്കലും	2700.00	160.00
AGR140	വിളകളുടെ ആരോഗ്യസംരക്ഷണം	1764.00	120.00
AGR114	ജൈവകൃഷിയും മെച്ചപ്പെട്ട കാർഷിക രീതികൾ	1000.00	60.00
AGR002	മേ□യേറിയ നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും	2100.00	125.00
AGR020	ഡിപ്പാർട്ടുമെന്റൽ ലബോറട്ടറികൾ നവീകരിക്കൽ	600.00	30.00
AGR011	കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ	4300.00	290.00
AGR0116	മാനവശേഷി വികസനം	275.00	22.00
AGR125	കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും ഫാം ഫെസിലിറ്റേഷൻ സെന്റർ ഉൾപ്പെടെ	3200.00	300.00
AGR180	കാർഷിക വ്യാപനത്തിനുള്ള ഉപപദ്ധതി (സംസ്ഥാന വിഹിതം)	2000.00	150.00
	മറ്റ് കേന്ദ്രവിഷ്കൃത പദ്ധതികൾ (40% സി.എസ്.എസ്) - സ്റ്റേറ്റ് ഷെയർ	13638.00	1000.00
AGR001	ഗവേഷണം	1072.50	106.01
	ആകെ തുക	**53874.50**	**3561.01**
1.2 മണ്ണ്, ജല സംരക്ഷണം			
മണ്ണ് സംരക്ഷണം			
SWC 013	മണ്ണ് ജല സംരക്ഷണവും അടിസ്ഥാന സൗകര്യവും	4000.00	400.00
	മണ്ണ് നിരീക്ഷണം		
SWC 009	പരീക്ഷണശാലകൾ	150.00	3.00

SWC 010	മണ്ണ് വിവരകാര്യവും പ്രസിദ്ധീകരണ വിഭാഗവും	75.00	3.00
- അനധികൃതമായി കച്ചവടം നടത്തുന്ന വളം/കീടനാശിനി കണ്ടെത്തി കളക്ടർക്ക് റിപ്പോർട്ട് ചെയ്യുക - തുടങ്ങിയ കാര്യങ്ങൾ ചെയ്തുവരുന്നു.

9. സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ

കർഷകരുടെ വിത്ത് മുതൽ വിപണി വരെയുള്ള ആവശ്യങ്ങൾക്ക് അനുഭാവ പൂർണ്ണമായ സഹായങ്ങൾ നൽകുന്നു എന്നതാണ് ഹോർട്ടിക്കൾച്ചർ മിഷന്റെ പരമ പ്രധാനമായ ലക്ഷ്യം.

1. MIDH പദ്ധതി (326.305 ലക്ഷം).
2. വിള വിസ്തൃതി വ്യാപനം (വാഴ, പൈനാപ്പിൾ, സുഗന്ധവ്യഞ്ജന വിളകൾ പുഷ്പകൃഷി, സങ്കരയിനം തൈകൾ ഉപയോഗിച്ചുള്ള പച്ചക്കറി കൃഷി).

3. ജലസ്രോതസ്സുകളുടെ നിർമ്മാണം.

4. ഹോർട്ടികൾച്ചർ മേഖലയിൽ യന്ത്രവത്കരണം.

5. തണൽ വലകൾ ഉപയോഗിച്ചുള്ള സംരക്ഷിത കൃഷി.

6. ജൈവകൃഷി.

7. ഉത്പന്നങ്ങളുടെ സംസ്ക്കരണവും വിപണനവും (പ്രോജക്ട് അടിസ്ഥാനത്തിൽ)
ഈ പദ്ധതികൾക്കായി 326.305 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നു.

i. സംരക്ഷിത കൃഷി (32.2823 ലക്ഷം). ഒരു ഗുണഭോക്താവിന് പരമാവധി 4000 Sqm. വരെ ധനസഹായം നൽകുന്നു.

ii. ഓൺ ഫാം വാട്ടർമാനേജ്മെന്റ് (13 ലക്ഷം). ഡ്രിപ്പ്, സ്പ്രിംഗ്ളർ ഉപയോഗിച്ചുള്ള കണിക, ജലസേചന പദ്ധതി.

iii. ആയുഷ്മിഷൻ - ഔഷധ സസ്യങ്ങളുടെ വിള വിസ്തൃതി വ്യാപനം - (7.46403 ലക്ഷം).

iv. ആർ.കെ.വി.വൈ- കൊക്കോ വിള വിസ്തൃതി വ്യാപനം (6 ലക്ഷം).

v. ഹണിമിഷൻ-ഹോർട്ടികൾച്ചർ വിളകളുടെ പരാഗണസാധ്യത വർദ്ധിപ്പിച്ച് ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കർഷകർക്ക് തേനീച്ച വളർത്തുവാൻ ധനസഹായം നൽകും.

10. ആത്മ മുഖേന എറണാകുളം ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ് വകുപ്പുകളെ കോർത്തിണക്കി ഈ മേഖലകളിലെ കർഷകർക്കിടയിൽ നൂതന സാങ്കേതിക വിദ്യകൾ നടപ്പാക്കി അവരുടെ കാർഷിക വരുമാനവർദ്ധനവ് ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി - ആത്മ - തൻ വർഷത്തിൽ എറണാകുളം ജില്ലയിൽ താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കും.

i.ഫാം സ്കൂൾ

ജില്ലയിൽ 14 ബ്ലോക്കുകളിൽ 3 വീതം ഫാംസ്കൂളുകൾ സംഘടിപ്പിച്ചു. ഇതുപ്രകാരം 25 കർഷകരുടെ ഗ്രൂപ്പുകൾ രൂപീകരിച്ച് വിവിധ ദിവസങ്ങളിലായി പ്രത്യേകം പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നതിലേക്കായി ഗ്രൂപ്പൊന്നിന് 5,040/- രൂപ വീതം ധനസഹായം നൽകി.

ii.പ്രദർശനത്തോട്ടങ്ങൾ (ഡമോൺസ്ട്രേഷൻ)

നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ഒരു ഏക്കർ സ്ഥലത്തെ കൃഷിരീതികൾ പ്രദർശിപ്പിക്കുന്ന ഡെമോൺസ്ട്രേഷനുകൾക്ക് (പ്രദർശനത്തോട്ടങ്ങൾ) കർഷകർക്ക് 6000/- രൂപ വീതം ധനസഹായം നൽകി. ഓരോ ബ്ലോക്കുകളിലേയുംപത്ത് വീതം കർഷകർക്ക് ഇപ്രകാരം ധനസഹായം അനുവദിച്ചു.

iii. മന്ത്ലി ടെക്നോളജി അഡൈസറീസ് (എം.റ്റി.എ)

കാർഷിക അനുബന്ധ മേഖലകളിലെ സാങ്കേതിക വിദഗ്ദ്ധരേയും ശാസ്ത്രജ്ഞരേയും പങ്കെടുപ്പിച്ച് ടിമേഖലകളിൽ കർഷകർ നേരിടുന്ന പ്രതിസന്ധികൾ ചർച്ചചെയ്ത് പരിഹാരം നിർദ്ദേശിക്കുന്നതിലേയ്ക്ക് ആത്മയുടെ നേതൃത്വത്തിൽ ഓരോ മാസവും ടെക്നോളജി അഡൈസറീസ് സംഘടിപ്പിച്ചു.

iv.ഫോളോ അപ്പ് ആക്ഷൻ (എക്സ്പോഷർ വിസിറ്റ്)

ബ്ലോക്കുതലത്തിൽ മുൻവർഷങ്ങളിൽ നടത്തിയ പഠനയാത്രകളോട് അനുബന്ധമായി കർഷകർ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായംഅനുവദിച്ചു. മൂന്ന് വർഷത്തേക്ക് ധനസഹായം അനുവദിച്ചു.

v.കർഷക നൈപുണ്യ അവാർഡ്

കാർഷിക അനുബന്ധ മേഖലകളിലെ അവാർഡ് ജേതാക്കളായ കർഷകർക്ക് ദേശീയ തലത്തിലുള്ള പുതിയ പുതിയ സാങ്കേതിക വിവരങ്ങൾ മനസ്സിലാക്കുന്ന

തിനുമുള്ള അവസരങ്ങൾ ആത്മ മുഖേന നൽകി.

vi.ടെക്നോളജി മീറ്റ്

നവംബർ 19.11.2016 മുതൽ 21.11.2016 വരെ നിറകതിർ 2016 എന്ന പേരിൽ ആത്മ ടെക്നോളജി മീറ്റും പി.എം.കെ.എസ്.വൈ കിസാൻമേളയും പെരുമ്പാവൂർ കുറുപ്പംപടിയിൽ വച്ചു നടത്തുകയുണ്ടായി. ബഹു. കൃഷിവകുപ്പ് മന്ത്രി, ജില്ലാ കളക്ടർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

vii.ഡിസ്ട്രിക്റ്റ് സ്പെസിഫിക് ആക്റ്റിവിറ്റി

ചൂർണ്ണിക്കര പഞ്ചായത്തിൽ 15 വർഷമായി മലിനീകരിക്കപ്പെട്ട് തരിശായി കിടന്നിരുന്ന ചനർപാടം പാടശേഖരത്തിലെ 15ഏ. സ്ഥലം ഡിസ്ട്രിക്റ്റ് സ്പെസഫിക്ക് ആക്ടിവിറ്റി പദ്ധതി പ്രകാരം 90% പദ്ധതി തുക സബ്സിഡിയായി അനുവദിച്ച് കൃഷി ഇറക്കുകയും ഹെക്ടറിന് 9 ടൺ വിളവ് ലഭിക്കുകയും ചെയ്തു. വിളവെടുത്ത നെല്ല് അരിയാക്കി ലേബൽ ചെയ്ത് പാക്ക് ചെയ്ത് ചൂർണ്ണിക്കര കുത്തരി എന്നപേരിൽ വിൽപ്പന നടത്തുകയുണ്ടായി. ബഹു. കൃഷിവകുപ്പു മന്ത്രി നടീൽ ഉദ്ഘാടനം ചെയ്യുകയും ബഹു. മുഖ്യമന്ത്രി ചൂർണ്ണിക്കര കുത്തരിയുടെ വിപണന ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

viii.പി.എം.കെ.എസ്.വൈ – 2016-17

ഈ പദ്ധതിപ്രകാരം ട്രെയിനിംഗുകൾ എക്സ്പോഷർ വിസിറ്റ്, ഡമോൺസ്ട്രേഷൻ, കിസാൻമേള, ഫാം സ്കൂളുകൾ എന്നിവ കർഷകർക്കായി സംഘടിപ്പിച്ചതിന് 17.49 ലക്ഷം രൂപ ചിലവഴിച്ചു.

11. പച്ചക്കറി വികസന പദ്ധതി 2017-18

i. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി

കൃഷിഭവനുകൾ വഴി കർഷകർക്കും വിദ്യാർത്ഥികൾക്കും സൗജന്യമായി പച്ചക്കറിവിത്ത്, പാക്കറ്റുകൾ, തൈകൾ എന്നിവ വിതരണം ചെയ്യുന്നു.

ii.ടെറസ്സിലെ ഗ്രോബാഗ് കൃഷി

ടെറസ്സിലെ ഗ്രാബാഗ്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 3000 ഗ്രോബാഗുകൾ നൽകുന്നു. മുൻവർഷങ്ങളിൽ നൽകിയ ഗ്രോബാഗുകളുടെ പുനരുദ്ധാരണത്തിന് വളങ്ങളും മറ്റും നൽകുന്നു. ഗ്രോബാഗുകളിൽ ജലാംശം നില നിർത്താൻ തിരിനന യൂണിറ്റ് സ്ഥാപിക്കുന്നതിനും ധനസഹായം നൽകുന്നു. നഗര പ്രദേശങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കാൻ റെസിഡൻസ് അസോസിയേഷനുകൾ സംയുക്തമായി ചേർന്ന് ഹരിതഗ്രൂപ്പുകൾക്ക് രൂപം കൊടുക്കാൻ പദ്ധതിയിൽ ലക്ഷ്യമിടുന്നു.

iii. ക്ലസ്റ്റർ

വാണിജ്യ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഏകദേശം 15 കർഷകർ 5 ഭൂമിയിൽ കൃഷി ചെയ്യുന്നതിന് സഹായം നൽകുന്നു. കൃഷിക്കാവശ്യമായ പമ്പ്സെറ്റുകളും സസ്യസംരക്ഷണ ഉപകരണങ്ങളും നൽകുന്നു. ജില്ലയിൽ 70 ക്ലസ്റ്ററുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ തരിശുഭൂമിയിൽ (50) കൃഷി ചെയ്യാനും പദ്ധതിയിൽ ലക്ഷ്യമിടുന്നു.

iv.എ ഗ്രേഡ് ക്ലസ്റ്റർ

നിലവിലുള്ള ക്ലസ്റ്ററുകളിൽ മെച്ചപ്പെട്ട ക്ലസ്റ്ററുകളെ ഗ്രേഡിംഗ് ചെയ്ത് എഗ്രേഡ് ക്ലസ്റ്ററായി ഉയർത്തുന്നു. ഒരു ക്ലസ്റ്ററിന് 6.3 ലക്ഷം എന്ന നിരക്കിൽ സഹായം അനുവദിക്കുന്നു. ജില്ലയിൽ 8 ക്ലസ്റ്ററുകൾ ഉണ്ട്.

v.സ്കൂൾ പച്ചക്കറിത്തോട്ടം

വിദ്യാർത്ഥികളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 210 സ്കൂളുകളിൽ പച്ചക്കറിത്തോട്ടം നിർമിക്കുന്നതിനായി 4000/-രൂപ നൽകുന്നു. കൃഷിക്കാവശ്യമായ ട്രെയിനിംഗും പമ്പ്സെറ്റുകളും നൽകുന്നു.

vii.ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ

പച്ചക്കറി ക്ലസ്റ്ററിൽ നിന്നുള്ള ഉത്പന്നങ്ങൾ വിൽക്കുന്നതിനായി ലേല മാർക്കറ്റുകൾ

സംഘടിപ്പിക്കുന്നതിന് ധനസഹായം നൽകുന്നു.

vii.ബ്ലോക്ക് ലെവൽ നഴ്സറി
പച്ചക്കറിതൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനായി സഹായം നൽകുന്നു. മുൻവർഷങ്ങളിൽ തൈ ഉൽപ്പാദിപ്പിച്ച നഴ്സറികൾക്ക് സഹായം അനുവദിക്കുന്നു.

viii.സീറോ എനർജി കൂൾ ചേമ്പർ

പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കാൻ കൂൾ ചേമ്പർ നിർമിക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നു.

ix.മഴ മറ
മഴക്കാലത്തും പച്ചക്കറി കൃഷി ചെയ്യുന്നതിനും നല്ല വിളവ് ലഭിക്കുന്നതിനും മഴമറ നിർമ്മിക്കാൻ സഹായം അനുവദിക്കുന്നു.

x.പ്രോജക്ട് അടിസ്ഥാനത്തിൽ സർക്കാർ/സ്വകാര്യ കൃഷി
സർക്കാർ/സ്വകാര്യ സ്ഥാപനത്തിൽ ലഭ്യമായ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ഈപദ്ധതി വഴി സഹായം നൽകുന്നു.

xi.തുള്ളിനനയും വളസേചനവും
ജലത്തിന്റെ ഫലവത്തായ ഉപയോഗ ത്തോടൊപ്പം വളസേചനവും ഈ പദ്ധതി ലക്ഷ്യമിടുന്നു 50 സെന്റിൽ ഇപ്രകാരം യൂണിറ്റ് സ്ഥപിക്കുന്നതിന് 75% സബ്സിഡിയായ 30000/-രൂപ ധനസഹായം നൽകുന്നു.

xii.അവാർഡ്
മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന വിദ്യാർത്ഥികൾ, സ്ഥാപന മേധാവികൾ, സ്കൂളുകൾ, അദ്ധ്യാപകർ, കർഷകർ, ക്ലസ്റ്ററുകൾ, പ്രോജക്റ്റ് അടിസ്ഥാനത്തിൽ കൃഷി നടപ്പാക്കുന്ന സ്ഥാപനങ്ങൾ, പച്ചക്കറി കൃഷി വിദഗ്ദ്ധമായി നടപ്പാക്കുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവാർഡുകൾ നൽകി ആദരിക്കുന്നു. പച്ചക്കറി വികസന പദ്ധതിയിൽ ഈ വർഷം 512.69086 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

12.ജൈവ കൃഷി പദ്ധതി 2017 – 18

നല്ലമുറ കൃഷിരീതികൾ അഥവാ ഗാപ് എന്ന പേരിൽ ജില്ലയിൽ നടപ്പാക്കുന്ന വാർഷിക പദ്ധതിയിൽ 15 ക്ലസ്റ്ററുകൾ പള്ളിപ്പുറം, ചേന്ദമംഗലം, വരാപ്പുഴ, ചിറ്റാട്ടുകര, ശ്രീമൂലനഗരം, ചേരാനല്ലൂർ, മരട് മുനിസിപ്പാലിറ്റി, നെല്ലിക്കുഴി, പാമ്പാക്കുട, ചോറ്റാനിക്കര, എടത്തല, മഴുവന്നൂർ, തിരുവാണിയൂർ, ആയവന, മലയാറ്റൂർ എന്നീ കൃഷിഭവനുകളിലായി രൂപീകരിച്ചുവരുന്നു. 25 ഹെ. വീതമുള്ള ഓരോ ക്ലസ്റ്ററുകൾക്കും ഒരു ക്ലസ്റ്ററിന് 3000/- രൂപ എന്ന പ്രകാരം 75,000/- രൂപ വീതം ധനസഹായവും നൽകിവരുന്നു. വരുന്ന വർഷങ്ങളിലായി സമ്പൂർണ ജൈവകൃഷിയിൽ മാറുവാൻ വേ ണ്ടിയുള്ള മുന്നൊരുക്കമാണ് ക്ലസ്റ്ററുകൾ ലക്ഷ്യമിടുന്നത്. ഇങ്ങനെ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ പ്രത്യേകസർട്ടിഫിക്കറ്റോടുകൂടി വിപണനം നടത്തുന്നതിനുള്ള സജ്ജീകരണങ്ങളും നടത്തിവരുന്നു.

ഇതേ പദ്ധതിയിൽ അഞ്ച് എക്കോഷോപ്പുകൾ നെല്ലിക്കുഴി, ചേന്ദമംഗലം, രായമംഗലം, മഴുവന്നൂർ, പിറവം എന്നീ കൃഷിഭവനു കളിലായി അനുവദിച്ചിട്ടുണ്ട്. ഒരു എക്കോഷോപ്പിന് ര ണ്ടുലക്ഷം വീതം അഞ്ച് എക്കോഷോപ്പിന് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും തുടങ്ങിവരുന്നു.

കഴിഞ്ഞ വർഷം അനുവദിച്ച ഒരു എക്കോഷോപ്പ് മൂവാറ്റുപുഴ ബ്ലോക്കിലെ മഞ്ഞള്ളൂരിൽ ഇപ്പോഴും പ്രവർത്തിച്ചിവരുന്നു. ജൈവ ഉല്പന്നങ്ങളുടെ സംരക്ഷണവും വിപണനവുമാണ് എക്കോഷോപ്പുകളിലൂടെ ലക്ഷ്യമിടുന്നത്. അതാത് പ്രദേശങ്ങളിൽ ഉല്പാദിപ്പിച്ച ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനത്തിനും മറ്റുമായി 3 ലക്ഷം രൂപ കോതമംഗലം ബ്ലോക്കിന് അനുവദിച്ചിട്ടുണ്ട്.

ഇത്രയും പ്രവർത്തനങ്ങളും പദ്ധതികളുമാണ് ജൈവകൃഷി വാർഷിക പദ്ധതിയിൽ നിലവിൽ അനുവദിച്ചിട്ടുള്ളതും

നടപ്പിലാക്കിവരുന്നതും എന്ന് അറിയിച്ചുകൊള്ളുന്നു.

13.അഗ്രിനെറ്റ്നോഡ്

അഗ്രിനെറ്റ്നോഡ് സൈറ്റിൽ എറണാകുളത്തു നിന്നുള്ള എട്ടു മാർക്കറ്റുകളിൽ നിന്നുള്ള പച്ചക്കറികളുടെ മൊത്തവില നിലവാരവും അളവും ദിവസേന രാവിലെ അപ്ലോഡ് ചെയ്യുന്നു. ആലുവ, അങ്കമാലി, പെരുമ്പാവൂർ, പിറവം, കോതമംഗലം, തൃപ്പൂണിത്തുറ, മരട് (എറണാകുളം), മൂവാറ്റുപുഴ എന്നിവയാണ് ജില്ലയിലെ എട്ട് മാർക്കറ്റുകൾ. കർഷകർക്ക് ഈ സൈറ്റിൽ കയറിയാൽ പച്ചക്കറിയുടെ വിലനിലവാരവും ലഭ്യതയും അറിയുവാൻ സാധിക്കും.

14.ഫാമുകൾ

എറണാകുളം ജില്ലയിലെ 4 ഫാമുകൾ വഴി നടീൽ വസ്തുക്കളുടെ വിതരണം, തെങ്ങിൻതൈ ഉൽപാദനം, കുരുമുളക് വള്ളികളുടെ ഉൽപാദനം, മാതൃവൃക്ഷത്തോട്ട പരിപാലനം, നെൽവിത്തുൽപാദനം, ഫിറമോൺ കെണി ഉൽപ്പാദനം, ജൈവകീടരോഗ നിയന്ത്രണ ഉപാധികൾ, ഗ്രോബാഗുകൾ, ഫാമിന്റെ സമഗ്രവികസന പദ്ധതികൾ മുതലായവ നടപ്പിലാക്കിവരുന്നു. ഇതിലേക്കായി 54.90 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ജില്ലാപഞ്ചായത്തിലേക്ക് അടക്കുന്ന ഫാമുകളിലുള്ള വരുമാനം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു.

5.1.2 ജലസേചനം

കേന്ദ്ര പദ്ധതികൾ

PMKSY- പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന

- കേന്ദ്രപദ്ധതിയിലെ മാനദണ്ഡങ്ങളുമായി കേരളത്തിലെ സാഹചര്യങ്ങൾ പൊരുത്ത പ്പെടാത്തതിനാൽ ഫണ്ട് ലഭ്യമാക്കുന്നില്ല.
- കേരളത്തിനു വേണ്ടി മാനദണ്ഡങ്ങൾ ഇളവു ചെയ്യാൻ സമ്മർദ്ദം ചെലുത്തണം.

NABARD നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്പ്മെന്റ്

- നബാർഡിന്റെ വിവിധ പദ്ധതികളിലായി 7 പ്രവർത്തികൾ എറണാകുളം ജില്ലയിൽ നടന്നുവരുന്നു. അതിൽ 5 പദ്ധതികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കൂടുതൽ പദ്ധതികൾക്കായി നിർദ്ദേശങ്ങൾ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

AIBP ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം

- മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിക്കുവേണ്ടി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

പട്ടിക-5.38
പ്ലാൻ വിഹിതം

പദ്ധതികൾ	വകയിരുത്തിയത്	വകയിരുത്തേണ്ടത്
പി.വി.ഐ.പി	ഇല്ല	1500 ലക്ഷം
എം.വി.ഐ.പി	ഇല്ല	1500 ,,
ഐ.ഐ.പി	ഇല്ല	800 ,,
സി.ആർ.ഡി	ഇല്ല	300 ,,
വൻകിട ജലസേചനം	3700 ലക്ഷം	4000 ,,
ചെറുകിട ജലസേചനം	100 ലക്ഷം	500 ,,

അവലംബം ബഡ്ജറ്റ് 2017-18

സംസ്ഥാന പദ്ധതികൾ

പട്ടിക-5.39

പ്ലാൻ വിഹിതം

പദ്ധതികൾ	വകയിരുത്തിയത്	വകയിരുത്തേണ്ടത്
പി.വി.ഐ.പി	ഇല്ല	1500 ലക്ഷം
എം.വി.ഐ.പി	680 ലക്ഷം	1500 ,,
ഐ.ഐ.പി	ഇല്ല	800 ,,
സി.ആർ.ഡി	ഇല്ല	300 ,,
വൻകിട ജലസേചനം	ഇല്ല	5000 ,,
ചെറുകിട ജലസേചനം	215 ലക്ഷം	600 ,,

അവലംബം ബഡ്ജറ്റ് 2017-18

5.1.3 മണ്ണു-ജല സംരക്ഷണം

കേന്ദ്ര - സംസ്ഥാന പദ്ധതികൾ

പട്ടിക-5.40

മലനാടിന്റെ പൂർത്തീകരിച്ച ആർ. ഐ. ഡി. എഫ് പദ്ധതികൾ

ക്രമ നം.	പഞ്ചായത്ത്	നീർത്തടത്തിന്റെ പേര്
1	കുട്ടമ്പുഴ	മാമലക്കണ്ടം നീർത്തടം
2	കുട്ടമ്പുഴ	മാങ്കോട് നീർത്തടം
3	പൈങ്ങോട്ടൂർ	കടവൂർമുറി നീർത്തടം
4	കുട്ടമ്പുഴ	കുഴുമ്പേലിതോട് നീർത്തടം
5	പൈങ്ങോട്ടൂർ	പനങ്കര തോട്

അവലംബം ബഡ്ജറ്റ് 2017-18

ഇടനാട് - നടപ്പിലാക്കിയ പദ്ധതികൾ

പട്ടിക-5.41

ഡബ്ല്യൂ.ജി.ഡി.പി

ക്രമ നം.	പഞ്ചായത്ത്	നീർത്തടത്തിന്റെ പേര്
1	വാരാപ്പെട്ടി	കോഴിപ്പിള്ളി നീർത്തടം
2	പിണ്ടിമന	ആനോട് വെട്ടിമറ്റം നീർത്തടം
3	മഞ്ഞല്ലൂർ	പാനിപ്പിള്ളി തോട് നീർത്തടം
4	വാരപ്പെട്ടി	പരിപ്പ് തോട് നീർത്തടം
5	മാറാടി	കണിയാമ്പാടം നീർത്തടം
6	തിരുമാറാടി	വാളിയപാടം നീർത്തടം
7	കോട്ടപ്പടി	3-ാം തോട് നീർത്തടം
8	നെല്ലിക്കുഴി	എടനാട് നീർത്തടം
9	നെല്ലിക്കുഴി	എളമ്പ്രതോട് നീർത്തടം
10	മഞ്ഞള്ളൂർ	പാനപ്പാറ തോട്
11	മഞ്ഞള്ളൂർ	നീരമ്പുഴ തോട് നീർത്തടം
12	വാളകം	കുഞ്ഞക്കൽ വെള്ളായിപ്പള്ളയത്ത് തോട് നീർത്തടം
13	ആരക്കുഴ	മറ്റപ്പള്ളിതോട് നീർത്തടം

14	രായമംഗലം	ജെട്ടിക്കണ്ടം നീർത്തടം
15	പിറവം	കക്കാട് നീർത്തടം
16	മഞ്ഞള്ളൂർ	പിരളിമറ്റം നീർത്തടം
17	നെല്ലിക്കുഴി	എടനാട് നീർത്തടം
18	മഞ്ഞള്ളൂർ, പല്ലാരിമംഗലം	പിരളിമറ്റം - മുള്ളഞ്ചിറ നീർത്തടം
19	പല്ലാരിമംഗലം	മുള്ളൻച്ചിറ നീർത്തടം
20	മഞ്ഞള്ളൂർ	പല്ലാരിമംഗലം നീർത്തടം

അവലംബം ബഡ്ജറ്റ് 2017-18

പൂർത്തീകരിച്ച ആർ.ഐ.ഡി.എഫ് പദ്ധതികൾ

പട്ടിക-5.42

ക്രമ നം.	പഞ്ചായത്ത്	നീർത്തടത്തിന്റെ പേര്
1	വെങ്ങോല, കിഴക്കമ്പലം	ആമ്പേലിതോട് നീർത്തടം
2	തിരുവാണിയൂർ	മുറിയമംഗലം നീർത്തടം
3	വെങ്ങോല, കിഴക്കമ്പലം	കൂലം തോട് നീർത്തടം
4	പായിപ്ര	തൃക്കളത്തൂർ നീർത്തടം
5	തിരുവാണിയൂർ	ചെമ്മനാട് നീർത്തടം
6	വേങ്ങൂർ	മേക്കപ്പാലം നീർത്തടം
7	കല്ലൂർക്കാട്	മണിയന്ത്ര-നീരംമ്പുഴ തോട്
8	വാളകം	മേക്കടമ്പ് നീർത്തടം

അവലംബം ബഡ്ജറ്റ് 2017-18

നടപ്പു പദ്ധതികൾ

എറണാകുളം ജില്ലയിൽ ഇപ്പോൾ നബാർഡിന്റെ (ആർ.ഐ.ഡി.എഫ്) പദ്ധതി വിനിയോഗിച്ചുള്ള മണ്ണ്-ജല സംരക്ഷണ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. രണ്ട് തരത്തിലുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. വാട്ടർഷെഡ്ഡ് അടിസ്ഥാനത്തിലുള്ള മണ്ണ്-ജല സംരക്ഷണ പദ്ധതികളും, ഡ്രെയിനേജ് ആന്റ് ഫ്ളഡ്ഡ് കൺട്രോൾ പദ്ധതികളും നടപ്പിലാക്കി വരുന്നു. ജില്ലയിൽ 1 വാട്ടർഷെഡ്ഡ് പദ്ധതിയും 8 ഡ്രെയിനേജ് ആന്റ് ഫ്ളഡ്ഡ് കൺട്രോൾ പദ്ധതികളും നിലവിലുണ്ട്. നിലവിൽ മണ്ണു സംരക്ഷണ വകുപ്പ് പദ്ധതി പ്രവർത്തനങ്ങൾ പദ്ധതി പ്രദേശത്ത് നിന്ന് തിരഞ്ഞെടുത്ത ഗുണഭോക്തൃകമ്മിറ്റി മുഖേനയാണ് നടപ്പിലാക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്ക് 95% സബ്സിഡിയും 5% ഗുണഭോക്തൃ വിഹിതവുമാണുള്ളത്.

എറണാകുളം ജില്ലാ മണ്ണു സംരക്ഷണ ഓഫീസ് മുഖേന 2017-18 കാലഘട്ടങ്ങളിൽ നടന്നുവരുന്ന മണ്ണു സംരക്ഷണ പദ്ധതികൾ.

പട്ടിക - 5.43

ക്രമ നം.	പദ്ധതിയുടെ പേര്	പഞ്ചായത്ത്		പദ്ധതി പ്രദേശം
		സാമ്പത്തികം	പദ്ധതിയടങ്കൽ	
1.	**ആർ.ഐ.ഡി.എഫ്.-19**			
എ)	കൈപ്പട്ടൂർ തോട്	256 ഹെ.	1,20,03,000/-	എടയ്ക്കാട്ടുവയൽ
ബി)	തിരുമറയൂർ തോട്	141 ഹെ.	1,26,00,000/-	എടയ്ക്കാട്ടുവയൽ

	ഫേസ്-2			
സി)	കടവുങ്കൽ തോട്	144 ഹെ.	2,,27,00,000/-	വേങ്ങൂർ, മുടപ്പുഴ
ഡി)	കളമ്പൂർ തോട്	55 ഹെ.	44,30,000/-	പിറവം
2	**ആർ.ഐ.ഡി.എഫ്.-21**			
എ)	കുന്നപ്പള്ളി തോട്	112 ഹെ.	1,97,10,000/-	എടയ്ക്കാട്ടുവയൽ
ബി)	കടുവേലിപ്പാടം	105 ഹെ.	1,06,00,000/-	മാറാടി
സി)	ചിറ്റേപ്പാടം	75 ഹെ.	94,10,000/-	കാലടി
ഡി)	കുന്തിരിത്തോട്	600 ഹെ.	1,35,00,000/-	അയ്യൻകുഴ
3	**ആർ.ഐ.ഡി.എഫ്.-22**			
എ)	ആയപ്പാറ	52 ഹെ.	1,24,00,000/-	പിണ്ടിമല

അവലംബം ബഡ്ജറ്റ് 2017-18

സോയിൽ ഹെൽത്ത് കാർഡ് വിതരണം

കേന്ദ്ര സോയിൽ ഹെൽത്ത് കാർഡിന്റെ (NMSA) ഭാഗമായി 2015-16, 2016-17 വർഷങ്ങളിൽ പറവൂർ, മൂക്കന്നൂർ, കാഞ്ഞൂർ ചിറ്റാട്ടുകര തുടങ്ങിയ പഞ്ചായത്തുകളിൽ 8994 സോയിൽ ഹെൽത്ത്കാർഡ് കർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി.

കടമക്കുടി ശ്രീമൂലനഗരം തീരുവാണിയൂർ, പൂതൃക, ഇളംകുന്നുപുഴ, കിഴക്കമ്പലം, ചോറ്റാനിക്കര, ഞാറയ്ക്കൽ, നായരമ്പലം, എടക്കാട്ടുവയൽ, മുളന്തുരുത്തി, കരുമാലൂർ, ആലങ്ങാട്, കടുങ്ങല്ലൂർ, എന്നീ പഞ്ചായത്തുകളിൽ ഈ അടുത്ത വർഷങ്ങളിലായി ഹെൽത്ത്കാർഡ് കർഷകർക്ക് വിതരണം ചെയ്യുന്നതാണ്.

നടപ്പിലാക്കുന്ന പദ്ധതികളുടെ പോരായ്മകൾ

1. ഡിപ്പാർട്ട്മെന്റ്വഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും ഗുണഭോക്തൃകമ്മിറ്റി മുഖാന്തിരാണ് നടപ്പിലാക്കുന്നത്. ഗുണഭോക്താക്കൾ തമ്മിലുള്ള സഹകരണ മനോഭാവം വളരെ കുറവാണ്. ഗുണഭോക്താക്കൾ തമ്മിലുള്ള തർക്കംകാരണം പദ്ധതികളുടെ പുരോഗതി മന്ദഗതിയിലാക്കുന്നു. ഇതിന് പരിഹാരമായിട്ട് ടെൻഡർ സിസ്റ്റം പരീക്ഷിക്കാവു ന്നതാണ്.

2. കല്ലിന്റെ ലഭ്യതയും വിലയിലുള്ള വർദ്ധനവും - കല്ല് ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കല്ല് ഇറക്കി കയ്യാല പണിയുന്നതിനുള്ള റേറ്റും ഉൾപ്പെടുത്തേണ്ടതാണ്. പല ഏജൻസികളും കയ്യാല പണികൾ നടപ്പിലാക്കുന്നതിനാൽ ഡ്യൂപ്ലിക്കേഷൻ വരുന്നത് തടയാൻ ശ്രദ്ധിക്കേണ്ടതാണ്. കല്ലിന്റെ ലഭ്യത വളരെ കുറവായതിനാൽ കുളങ്ങളും തോടുകളും സ്ഥിരമായി വെള്ളമുള്ള അളവുവരെ കല്ലുകെട്ടി സംരക്ഷിച്ചിട്ട് ബാക്കി മുകളിലേക്കുള്ള ഭാഗം കയർഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കേണ്ടതാണ്.

3. തലക്കുളങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകേണ്ടതാണ്.

4. ഭൂഗർഭജലവിതാനം ഉയർത്താൻവേണ്ടി മലനാട്, ഇടനാട് എന്നീ പ്രദേശങ്ങളിൽ ഉള്ള കിണറുകൾ റിച്ചാർജ്ജ് ചെയ്യുന്നത് നിർബന്ധമാക്കേണ്ടതാണ്.

5. ജലാശയത്തിലുള്ള മലിനീകരണം തടയുന്നതിന് ഉറവിടമാലിന്യ സംസ്ക്കരണം നിർബന്ധമാക്കേണ്ടതാണ്.

6. ഉപ്പുവെള്ളം കയറുന്ന സ്ഥലങ്ങളിൽ ഉപ്പുവെള്ളത്തിന്റെ കാഠിന്യം കുറയ്ക്കുന്നതിന് കിണർ റീചാർജ്ജിംഗ് ചെയ്യേണ്ടത് അത്യാവശ്യമാണ്.

7. തോടുകളുടെ ജലനിർഗ്ഗമനശേഷി വർദ്ധിപ്പിക്കുന്നതിനായി കയ്യേറ്റം ഒഴിവാക്കേണ്ടതും തോടുകളുടെ ആഴവും വീതിയും വർദ്ധിപ്പിക്കേണ്ടതാണ്.

8. നെൽകൃഷി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ഭാഗമായി

ഫാം റോഡിന്റെ നിർമ്മാണം അത്യാവശ്യമാണ്.

9. പാടശേഖരങ്ങളിൽ സ്ലൂയിസുകളിൽനിന്നും വെള്ളം കയറ്റുന്നതിന് പാടത്തിന്റെ സൈഡിൽക്കൂടി പ്രത്യേക ചാലുകൾ കീറാൻ കർഷകർ സഹകരിക്കേണ്ടതാണ്.
10. ആ.ർ.ഐ.ഡി.എഫ് പദ്ധതികൾക്ക് 2 കോടിയിൽ കുറവുള്ള പദ്ധതികൾക്ക് അനുവാദം നൽകുന്നില്ല. ആയതിന് ഇളവ് നൽകേണ്ടത് അത്യാവശ്യമാണ്.
11. സാങ്കേതിക ജീവനക്കാർ വളരെ കുറവായതിനാൽ കുറച്ചു പദ്ധതികൾ മാത്രമേ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുന്നുള്ളൂ.
12. പാടശേഖരങ്ങളുടെ പണികൾ വേനൽക്കാലത്ത് മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.
13. പാടശേഖരങ്ങളുമായി ബന്ധപ്പെട്ട പണികൾക്ക് നിലവിൽ ഡി.എസ്.ആർ പ്രകാരം ഹെഡ് കൺവേയൻസ് അനുവദനീയമല്ല. എന്നാൽ റോഡുപോലുമില്ലാത്ത വളരെ നീളംകൂടിയ തോടുകളുള്ളതിനാൽ കുറച്ചെങ്കിലും ഹെഡ് കൺവേയൻസ് അനുവദിക്കേണ്ടതാണ്.

നിഗമനം

ചില തരത്തിലുള്ള പ്രവൃത്തികളുടെ ഫലമായി നിലനിൽപ്പിനു ഭീഷണിയുണ്ടാകുമ്പോഴാണ്സംരക്ഷണം ആവശ്യമായിവരുന്നത്. ഇവിടെ, ഭൂമിയിൽ മണ്ണിന്റെയും വെള്ളത്തിന്റെയും വായുവിന്റെയും പരസ്പരം ഇഴചേർന്നുള്ള നിലനിൽപ്പാണ് ഭീഷണിയിൽ. ഈ ഭീഷണി ജീവജാലങ്ങളുടെ നിലനിൽപ്പിനെതന്നെ അപായപ്പെടുത്തുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു, മാനവ സംസ്ക്കാരത്തിന്റെ അടിത്തറയും കാർഷിക സംസ്കാരത്തിന്റെ ഈറ്റില്ലവുമായ മണ്ണിനെ വേണ്ടവിധം പരിപാലിക്കേണ്ടത് ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. മണ്ണു സംരക്ഷിക്കപ്പെട്ടാൽ അതിലൂടെ ജലവും സംരക്ഷിക്കപ്പെടും. നീർത്തട അടിസ്ഥാനത്തിൽമാത്രമേ മണ്ണിനെയും ജലത്തിനെയും സംരക്ഷിക്കാൻ സാധിക്കൂ. ജില്ലയുടെ വികസനത്തിനായി സംയോജിത നീർമറി വികസന സമീപനമാണ് അഭികാമ്യമായിട്ടുള്ളത്. വരൾച്ച, വെള്ളപ്പൊക്കം എന്നിവ നേരിടുകയും പ്രകൃതി സംരക്ഷണം ഉറപ്പുവരുത്തുകയും പ്രകൃതിവിഭവങ്ങളുടെ യുക്തിബോധത്തോടെയുള്ള ഉപയോഗത്തിൽ സ്ഥായിയായ കാർഷികോൽപ്പാദനം ഉറപ്പു വരുത്തുകയും ജനങ്ങളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുകയുമാണ് സംയോജിത നീർത്തട പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഈ പ്രവർത്തനങ്ങൾ എല്ലാം ജനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുവാൻ ശ്രമിക്കേണ്ടതാണ്.

5.1.4 മൃഗസംരക്ഷണം

I.കേന്ദ്രാവിഷ്കൃത പദ്ധതികൾ

കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, പ്രത്യേക ഘടക പദ്ധതി, സ്പെഷ്യൽ കംപോണന്റ് സ്കീം, ആർ.കെ.ബി.വൈ പദ്ധതി, നാഷണൽ ലൈവ് സ്റ്റേറ്റ് മിഷന്റെ ഭാഗമായുള്ള കന്നുകാലി ഇൻഷ്വറൻസ് എന്നിവ നടപ്പിലാക്കുന്നു.

II.സംസ്ഥാനാവിഷ്കൃത പദ്ധതികൾ

വന്ധ്യതാനിവാരണ ക്യാമ്പുകൾ, ആരോഗ്യപരിപാലന ക്യാമ്പുകൾ, കുളമ്പുരോഗ നിവാരണ പദ്ധതി, ബാക്ക് യാർഡ് പൗൾട്രി റെയറിംഗ് പദ്ധതി എന്നിങ്ങനെ ഒട്ടനവധി പദ്ധതികൾ കർഷകർക്കായി 2016-17 വർഷത്തിൽ നടപ്പാക്കി. ഇതിനോടൊപ്പം തന്നെ മൃഗചികിത്സാ കേന്ദ്രങ്ങളുടെയും, ഫാമുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടു ത്തുന്നതിനാവശ്യമായ പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ജില്ലയിലെ മൃഗരോഗ ചികിത്സ മെച്ചപ്പെടുത്തുന്നതിന് രോഗനിർണ്ണയ സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും ആവശ്യമായ മരുന്നുകൾ യഥാസമയം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

നടപ്പിലാക്കിയ പദ്ധതികൾ

പട്ടിക-5.44

ക്രമ നം	പദ്ധതിയുടെ പേര്	തുക (ലക്ഷത്തിൽ)
1.	റൂറൽ ബായ്ക്ക് യാർഡ് പൗൾട്രി റെയറിംഗ്	64.00
2.	ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്	11.00
3.	താറാവ് വളർത്തൽ	1.68
4.	കറവ യന്ത്രം	25.00
5.	നഗരപ്രദേശത്ത് കൂടും കോഴിയും പദ്ധതി	2.50
6.	വന്ധ്യതാ നിവാരണ ക്യാമ്പ്	2.00
7.	ആരോഗ്യ പരിപാലന ക്യാമ്പ്	7.90
8.	ആനിമൽ വെൽഫെയർ ക്ലബ്	1.50
9.	കർഷക പരിശീലന പരിപാടികൾ	9.00
10.	കന്നുകുട്ടി പരിപാലന പദ്ധതി	322.88
11.	രാത്രികാല മെറ്ററിനറി സേവനം	29.25
12.	കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്	12.00
13.	പേവിഷ പ്രതിരോധ കുത്തിവയ്പ്	2.00
14.	ബ്ലോക്ക്തല കർഷക ബോധവൽക്കരണ സെമിനാർ	1.40

അവലംബം ബഡ്ജറ്റ് 2016-17

1. കൃത്രിമ ബീജസങ്കലനം

ജില്ലയിലെ 111 മൃഗാശുപത്രികൾ വഴിയും 84 ഐ.സി.ഡി.പി ഉപകേന്ദ്രങ്ങൾ വഴിയും 9000 - ത്തോളം കൃത്രിമ ബീജസങ്കലനം പശുക്കളിലും എരുമകളിലും ചെയ്യുന്നു. ഇത് സർക്കാർ തികച്ചും സൗജന്യമായി കർഷകർക്ക് നൽകിവരുന്നു. കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് (KLDB) ഇതിനാവശ്യമായ ബീജമാത്രകൾ എല്ലാ സ്ഥാപനങ്ങളിലും എത്തിച്ചു നൽകുന്നു. ഉല്പാദനശേഷി കൂടിയ പശുക്കൾക്ക് ഗുണമേന്മകൂടിയ ബീജമാത്രകൾ കുത്തിവയ്ക്കുന്നതിനും പാലുല്പാദനം അടുത്ത തലമുറയിൽ വർദ്ധിപ്പിക്കുന്നതിനും ഇത് സാധ്യമാക്കുന്നു.

2.ആനിമൽ ഡിസീസ് കൺട്രോൾ പ്രൊജക്ട് (എ.ഡി.സി.പി)

ജില്ലയിൽ പ്രവർത്തിക്കുന്ന എ.ഡി.സി.പി പദ്ധതി മുഖേന ജില്ലയിലെ രോഗപ്രതിരോധ പ്രവർത്തനങ്ങളും പ്രതിരോധ കുത്തിവയ്പുകൾ, പകർച്ച വ്യാധികൾ നിയന്ത്രിക്കൽ, ജന്തുജന്യരോഗ നിയന്ത്രണം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. 2016-17-ൽ ജില്ലയിൽ രണ്ട് ഘട്ടമായി നടപ്പിലാക്കിയ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പിന് 96118 കന്നുകാലികളെ വിധേയമാക്കി. അസ്കാഡ് പദ്ധതി പ്രകാരം കുടുംബശ്രീ പ്രവർത്തകരുടെ സഹകരണത്തോടെ കോഴിവസന്ത, താറാവ്വസന്ത എന്നിവയ്ക്കുള്ള പ്രതിരോധ കുത്തിവയ്പുകൾ നടപ്പിലാക്കി.

RFKVC പദ്ധതി പ്രകാരം 39110 വളർത്തുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവയ്പ്പ് എടുത്തു.
കന്നുകാലികളെ ബാധിക്കുന്ന ഹെമറാജിക് സെപ്റ്റിസീമിയ, ബ്ലാക്ക് ക്വാർട്ടർ, ആന്ത്രാക്സ് ആടുകളെ ബാധിക്കുന്ന PPR താറാവുകൾക്ക് ഡക്ക് പാസറലോസിസ് എന്നീ രോഗങ്ങൾക്കെതിരായ പ്രതിരോധ കുത്തിവയ്പുകളും നടപ്പിലാക്കി.

3.മീറ്റ് പ്രൊഡക്സ് ഓഫ് ഇന്ത്യ

ജില്ലയിൽ കൂത്താട്ടുകുളത്ത് പ്രവർത്തിക്കുന്ന മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇന്ത്യ എന്ന

സ്ഥാപനം ആരോഗ്യമുള്ള മൃഗങ്ങളെ കശാപ്പ് ചെയ്ത് ഗുണമേന്മയുള്ള ഇറച്ചി അവരുടെ വില്പന ഔട്ട്ലെറ്റുകൾവഴി ആവശ്യക്കാർക്ക് എത്തിച്ചു നൽകുന്നതുവഴി ഇറച്ചിയുടെ ആവശ്യകത ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കുന്നു.

5.1.5 ക്ഷീരവികസനം

സംസ്ഥാന പദ്ധതികൾ

പട്ടിക-5.45

(രൂപ ലക്ഷത്തിൽ)

ക്രമ നം.	പദ്ധതിയുടെ പേര്	തദ്ദേശസ്ഥാപനങ്ങളുടെ എണ്ണം	ചെലവഴിച്ച തുക
1	ഗ്രാമീണവിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ	16	22.05
2	IDDP മിൽക്ക് ഷെഡ് ഡെവലപ്പ്മെൻറ പദ്ധതി	16	352.39
3	Direct Bank Transfer Linked Cattle Feed	16	97.81
4	IDDP തീറ്റപ്പുൽ കൃഷി	16	68.89
5	ക്ഷീര സംഘങ്ങളുടെ നവീകരണം	16	157.15
6	ക്വാളിറ്റി കണ്ട്രോൾ ലാബ് ശാത്കികരണം	16	7.79
7	കടകെണിയിലായ കർഷകർക്ക്ധനസഹായം	16	20.45
8	കാൽ സാഗർ പ്ലസ്	16	8.08
	ആകെ	**128**	**734.61**

അവലംബം ബഡ്ജറ്റ് 2016-17

സംയോജിത ക്ഷീര വികസന പദ്ധതി

ക്ഷീര കർഷകരുടെ ആവശ്യങ്ങൾ സംയോജിപ്പിച്ച് സംയോജിത ക്ഷീര വികസന പദ്ധതി എറണാകുളം ജില്ലയിൽ 2016-17 കാലയളവിൽ നടത്തിയിട്ടുണ്ട്. പശു വളർത്തൽ, തീറ്റമിശ്രിതം, ആവശ്യാധിഷ്ഠിത സേവനം, തൊഴുത്ത് നിർമ്മാണം കറവയന്ത്രം, അന്തരീക്ഷ സമ്മർദ്ദം ലഘൂകരിച്ചുകൊണ്ടുള്ള ആധുനിക തൊഴുത്ത് നിർമ്മാണം, തീറ്റപ്പുൽകൃഷി, അസോള കൃഷി, യന്ത്രവത്കരണം, ജലസേചനം, സൈലേജ്, ഉണക്കപ്പുല്ല് വിതരണം, ഫോഡർ കം നഴ്സറി, വനിതാഗ്രൂപ്പുകൾക്ക് തീറ്റപ്പുല്ല് വിതരണ പദ്ധതി, സീസണൽ വിളകൾ എന്നിങ്ങനെ കർഷകരുടെ ഒട്ടേറെ ആവശ്യങ്ങൾക്ക് പരിഹാരമായി ഈ പദ്ധതി വിജയകരമായി നടപ്പാക്കി. പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനവും വകുപ്പ് പ്രദാനം ചെയ്തു.

ലാഭകരമായ ക്ഷീരോല്പാദനത്തിനുതകുന്ന ക്ലാസ്സുകൾ ഉൾപ്പെടുത്തികൊണ്ടുള്ള കർഷക സമ്പർക്ക പരിപാടികൾ ക്ഷീരോൽപാദകർക്കും ഗുണഭോക്താക്കൾക്കുമായി പാലിന്റെ ഗുണനിലവാരം സംബന്ധിച്ച ക്ലാസ്സുകൾ ക്ഷീര മേഖലയിലെ എല്ലാ ഏജൻസികളെയുംഉൾപ്പെടുത്തി മികച്ച ക്ഷീര കർഷകരെയും, ക്ഷീര സംഘങ്ങളെയും ആദരിക്കുന്നതിനും കർകഷർക്ക് അവരുടെ അഭിപ്രായങ്ങൾ കൈമാറുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ബ്ലോക്കുതലങ്ങളിലും ജില്ലാതലങ്ങളിലുമുള്ള ക്ഷീരസംഗമങ്ങൾ, സ്കൂൾ കുട്ടികൾക്ക് ഡയറിയിംഗിൽ താത്പര്യം ജനിപ്പിക്കുന്നതിനായി സ്കൂളുകളിൽ ഡയറി ക്ലബുകൾ എന്നിങ്ങനെ

വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ വകുപ്പുമുഖേന നടപ്പാക്കുന്നു. ആധുനിക രീതിയിലുള്ള തൊഴുത്ത് നിർമ്മാണം, ചാണക സംസ്കരണ യൂണിറ്റ് എന്നിങ്ങനെയുള്ള പദ്ധതികളും കൂടാതെ ഇൻഷുറൻസ് പരിരക്ഷയില്ലാതെ ചത്തുപോകുന്ന കാലികളുടെ ഉടമകൾക്ക് ആശ്വാസമെന്ന നിലയ്ക്ക് കണ്ടിജൻസി ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയും ഈശീർഷകത്തിൽ നിന്നും നടപ്പിലാക്കി വരുന്നു.

ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണം

സംഘങ്ങളുടെ ശാക്തീകരണം ലക്ഷ്യമാക്കി, ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം വകുപ്പ് പദ്ധതിയിലുൾപ്പെടുത്തി നൽകിയിട്ടുണ്ട്. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേസ് ആക്ട് സംബന്ധിച്ച പരിശീലന പരിപാടി, ഹൈജീനിക് മിൽക് കളക്ഷൻ മുറി, ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേസ് ആക്ട് പ്രകാരം ക്ഷീര സഹകരണ സംഘങ്ങളുടെ നിലവാരം ഉയർത്തുന്ന ആവശ്യങ്ങൾക്കുള്ള ധനസഹായം, പുതിയ സംഘങ്ങൾക്കും പുനരുദ്ധരിക്കുന്ന സംഘങ്ങൾക്കുമുള്ള പ്രവർത്തനാരംഭ ധനസഹായം, ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ, വിജ്ഞാന വ്യാപനത്തിനുള്ള കിയോസ്ക് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

5.1.6 മത്സ്യമേഖല

ഭാഗം 3:

മുൻകാലങ്ങളിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തൽ

ഫോറം 3.1 :പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ ആദ്യത്തെ നാല് വർഷം (2012-13, 2013-14, 2014-15, 2015-16 വാർഷിക പദ്ധതികളിൽ) നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ

പട്ടിക-5.46

sl no	Fund source	Implementing officer	Project no	Plan Gen	Plan Gen Exp	Plan Percentage	Implemeting period
1	Central fund	DD Fisheries		170486475	157699989	92.5	2012 - 2013
				29437500	26199375	89	2013 - 2014
				49123200	44309126.4	90.2	2014 - 2015
				47572000	47572000	100	2015 - 2016
				47572000	47572000	100	2016 - 2017
2	Plan fund	DD Fisheries		33772000	29719360	88	2012 -2013
				44565075	40554218.3	91	2013 - 2014
				125671700	108077662	86	2014 - 2015
				227428000	180432000	79.34	2015 - 2016
				163882000	163860000	100	2016 - 2017
3	Corporation	Sub-Inspector of Fisheries	1	750000	732000	97.6	2012-2013
			1	768000	61000	7.94	2013-2014
			2	522000	48200	9.23	2014-2015
			1	364000	36000	9.89	2015-2016
			2	950000	599408	63.1	2016-2017
4	District Panchayat	Deputy Director of Fisheries	1	500000	495876	99.18	2012-2013
			1	1000000	957626	95.76	2013-2014
			1	500000	0	0	2014-2015
5	Block Panchayat	Deputy Director (Fisharies)	1	800000	800000	100	2016-2017
6	Grama Panchayat	Sub Inspector of Fisheries	30	4815399	2795851	58.06	2012-2013
			44	7938096	4945130	62.3	2013-2014
			34	5523233	4415976	79.95	2014-2015
			45	6359510	5378375	84.57	2015-2016
			35	6925000	4574807	66.06	2016-2017
7	Muncipality	Sub Inspector of Fisheries	2	530000	500000	94.34	2012-2013
			3	920000	596902	64.88	2013-2014
			4	499000	286799	57.47	2014-2015
			5	511462	318750	62.32	2015-2016
			4	475500	256600	53.96	2016-2017

ഫോറം 3.2 : പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷം
(2017-18 സാമ്പത്തിക വർഷം)
നടപ്പിലാക്കിയ/നടപ്പിലാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ

പട്ടിക-5.47

sl no	Fund source	Implementing officer	project no	Plan Gen	Plan Gen Exp	Plan Percentage	Implemeting period
1	Corporation	Sub-Inspector of Fisheries	3	2400000	0	0	2017-2018
2	District Panchayat	Deputy Director of Fisheries	2	2490000	0	0	2017-2018
3	Grama Panchayat	Sub Inspector of Fisheries	63	8806915	2153455	24.45	2017-2018
4	Muncipality	Sub Inspector of Fisheries	7	593750	66800	11.25	2017-2018

സംസ്ഥാന പദ്ധതികൾ

1. **ഭവന നിർമാണ പദ്ധതി**
   - യഥാർത്ഥ മത്സ്യതൊഴിലാളിക്ക് ഭവന നിർമ്മാണത്തിനായി നിലവിൽ 2 ലക്ഷം രൂപ തുക 3 ഗഡുക്കളായി സഹായധനം നൽകിവരുന്നുണ്ട്.

2. **ഭവന പുനരുദ്ധാരണം**
   - പുനരുദ്ധാരണം വഴി വാസയോഗ്യമാക്കാൻ കഴിയുന്ന വീടുള്ള യഥാർത്ഥ മത്സ്യ തൊഴിലാളിക്ക് പരമാവധി സഹായധനം - 50,000/- രൂപ.

3. **സമ്പാദ്യസമാശ്വാസ പദ്ധതി**
   - മത്സ്യതൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുക പഞ്ഞമാസങ്ങളിൽ ആശ്വാസം എത്തിക്കുക എന്നീ ലക്ഷ്യളോടെ നടപ്പാക്കുന്ന പദ്ധതി കടലോര ഉൾനാടൻ മേഖലയിൽ പ്രതിമാസം 250/- രൂപ വീതം പിരിച്ചെടുത്ത് 6 മാസത്തെ തുകയായ 1500/- വും കേന്ദ്രസർക്കാർ വിഹിതമായ 1500/- രൂപയും സംസ്ഥാനസർക്കാർ വിഹിതമായ 1500/- രൂപയും ചേർത്തു ആകെ 4500/- രൂപ അപേക്ഷകന് ലഭിക്കുന്നു.

4. **സാനിറ്റേഷൻ**
   - മത്സ്യത്തൊഴിലാളികൾക്ക് ശൗചാലയം നിർമ്മിക്കുന്ന പദ്ധതി
   - സഹായധനം : 17500/- രൂപ

5. **റാഞ്ചിംഗ് പദ്ധതി (നദികളിൽ, അഴിമുഖങ്ങളിലും, കായലിലും മത്സ്യവിത്ത് നിക്ഷേപം)**
   - മത്സ്യസമ്പത്തിന്റെ സംരക്ഷണവും പരിപോഷണവും.
   - ഗുണമേന്മയുള്ള ചെമ്മീൻ/മത്സ്യവിത്തുകൾ നിക്ഷേപിക്കുക
   - മത്സ്യോത്പാദനം വർദ്ധിപ്പിക്കുക
   - നടപ്പു സാമ്പത്തിക വർഷം 30.7 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്

6. **ജനകീയ മത്സ്യകൃഷി പദ്ധതി**
   - ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി -205 ഹെക്ടർ
   - വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി - 200 ഹെക്ടർ
   - ശാസ്ത്രീയ കാർപ്പ് മത്സ്യകൃഷി - 50 ഹെക്ടർ

- ഓരുജല ചെമ്മീൻ കൃഷി- 320 ഹെക്ടർ

7. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ വിദ്യാഭ്യാസവും ഭക്ഷണവും താമസ സൗകര്യവും

- ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ, തേവര.
- മത്സ്യത്തൊഴിലാളികൾക്ക് ആൺകുട്ടികൾക്ക് 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് സൗജന്യമായിവിദ്യാഭ്യാസവുംഭക്ഷണ വുംതാമസസൗകര്യവുംലഭിക്കുന്നതാ ണ്.

8. എജ്യൂഫെസ്റ്റ്

- മത്സ്യത്തൊഴിലാളി മക്കൾക്ക് കരിയർ ഗൈഡൻസ് ക്ലാസ്സ് നടത്തിവരുന്നു.
- അഡോപ്ഷൻ സ്ക്കീം
- മത്സ്യത്തൊഴിലാളികളായ അല്ലനും അമ്മയും മരണപ്പെട്ട വിദ്യാർത്ഥികൾക്ക് തുടർ വിദ്യാഭ്യാസത്തിനായി അവരുടെ പഠനചെലവ് വഹിക്കുന്നു.

9. ഡ്രോപ്പ്ഔട്ട്

- മത്സ്യത്തൊഴിലാളികളുടെ മക്കൾ എട്ടാം ക്ലാസ്സിൽ വെച്ച് പഠനം നിർത്തിപ്പോകുന്നത് തടയാൻവേണ്ടി 90% - ത്തിലധികം ഹാജർ ഉള്ള വിദ്യാർത്ഥികളുടെ രക്ഷിതാവിന് 1000 രൂപ കൊടുക്കുന്ന പദ്ധതി.

10. ബൈസൈക്കിൾ വിതരണം

- മത്സ്യത്തൊഴിലാളികളുടെ ഹൈസ്ക്കൂളിൽ പഠിക്കുന്ന പെൺമക്കൾക്ക് സൗജന്യമായി ബൈസൈക്കിൾ കൊടുക്കുന്ന പദ്ധതി.

11. എനർജി എഫിഷ്യന്റ് ആന്റ് മാനേജ്മെന്റ് സിസ്റ്റം

- മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾക്ക് പുനർവൈദ്യൂതീകരണത്തിന് 20000/- രൂപ കൊടുക്കുന്ന പദ്ധതി.

12. വിദ്യാ തീരം

- എൻട്രൻസ് കോച്ചിംഗ്
- പി.എസ്.സി. കോച്ചിംഗ്
- ബാങ്ക് കോച്ചിംഗ്
- സിവിൽ സർവ്വീസ് കോച്ചിംഗ്

13. മെഡിക്കൽ ക്യാംപ് & ഹെൽത്ത് ക്ലബ്ബ്

- മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ മെഡിക്കൽ ക്യാംപ് നടത്തി വരുന്നു.

14. കായൽ പട്രോളിംഗ്, കായൽ മലിനീകരണം, അനധികൃത മത്സ്യബന്ധനം തടയൽ

- അനധികൃതവും നിയമവിരുദ്ധവുമായി നടത്തുന്ന ഉൾനാടൻ മത്സ്യബന്ധനം തടയുന്നു. (ഉദാ. ഏറ്റംകെട്ടൽ, പടങ്ങ്/പടൽ ഇട്ട് മത്സ്യം പിടിക്കൽ, വിഷം കലക്കൽ, വൈദ്യുതി ഉപയോഗിക്കുക, നിരോധിത വലകൾ ഉപയോഗിക്കുക)
- ഫിഷറീസ് ഇൻസ്പെക്ടർ (ബാക്ക് വാട്ടർ) എറണാകുളം, ഞായ്ക്കൽ, പറവൂർ, എറണാകുളം സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് (ബാക്ക് വാട്ടർ) എന്നിവരുടെ മേൽനോട്ടത്തിൽ തുടർച്ചയായി കായൽ പട്രോളിംഗ് നടത്തുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

- നിലവിൽ വകുപ്പ് മുഖേന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒന്നുംതന്നെ നടപ്പിലാക്കുന്നില്ല.

ഏറ്റെടുത്ത പദ്ധതിയുടെ തുടർനിർദ്ദേശങ്ങൾ

മത്സ്യത്തൊഴിലാളികൾക്ക് വല നൽകുന്ന പദ്ധതി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നുണ്ട് എന്നുവരുകിലും വല നൽകുമ്പോൾ വ്യാസസ്റ്റോറിൽ മത്സ്യഫെഡ് നെറ്റ് ഫാക്ടറിയിൽ നിർമ്മിക്കുന്ന ഗുണനിലവാരം ഉറപ്പാക്കിയതും, മേഖലക്ക് അനുസൃതമായ കൃത്യമായ കണ്ണിവലിപ്പവും, തൊഴിലാളികളുടെ ആവശ്യപ്രകാരം അതാത് സീസണുകളിൽ ഉപയോഗിക്കുന്ന വലയും ഉറപ്പ് വരുത്തേണ്ടതായുണ്ട്. സമയബന്ധിതമായി പദ്ധതി

പൂർത്തീകരണത്തിന് സമയത്ത് വലകളുടെ ലഭ്യത ഉറപ്പ് വരുത്തണം.

മത്സ്യത്തൊഴിലാളികൾക്ക് വഞ്ചിയും വലയും നൽകൽ, മത്സ്യത്തൊഴിലാളികൾക്ക് വല നൽകൽ, മത്സ്യത്തൊഴിലാളികൾക്ക് വഞ്ചി നൽകൽ എന്നീ പദ്ധതികൾക്ക് ഗുണഭോക്തൃ വിഹിതം അടക്കുവാൻ ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പദ്ധതികൾക്ക് മുഴുവൻ തുകയും സബ്സിഡിയായി അനുവദിക്കാവുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് വഞ്ചിനൽകൽ പദ്ധതിയിൽ യൂണിറ്റ്കോസ്റ്റ് 35000 രൂപയാണ് ഗ്രൂപ്പുകൾക്ക് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക വളരെ കുറവായ തിനാൽ യൂണിറ്റൊന്നിന് 40000 രൂപയായി മെച്ചപ്പെടുത്താവുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് വഞ്ചിയും വലയും നൽകൽ എന്ന പദ്ധതിയിൽ ഉൾനാടൻ മേഖലയിൽ യൂണിറ്റൊന്നിന് 25000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക വളരെ കുറവായതിനാൽ യൂണിറ്റൊന്നിന് 30000 രൂപയായി മെച്ചപ്പെടുത്താവുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് വല നൽകൽ എന്ന പദ്ധതിക്കായി സമുദ്രമേഖലയിൽ നിലവിൽ 4,500/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുകയ്ക്ക് വല അളവ് കുറവേ ലഭിക്കുകയുള്ളൂ. ടി തുക പുനർനിർണ്ണയിച്ച് യൂണിറ്റ് ഒന്നിന് 6,000/- ആക്കി മെച്ചപ്പെടുത്താവുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് വഞ്ചി നൽകൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നു. ജില്ലയിൽ ലൈസൻസ് ഉള്ള വഞ്ചിനിർമ്മാണ യൂണിറ്റുകൾ ഇല്ല. കുടിൽവ്യവസായ രീതിയിലാണ് വഞ്ചി നിർമ്മാണം നടക്കുന്നത്. ആയതിനാൽ പ്രസ്തുത യൂണിറ്റുകൾക്ക് ഇ-ടെണ്ടർ വയ്ക്കാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്ക് ഇ-ടെണ്ടർ പരിധി മാറ്റി നിശ്ചയിച്ച് നൽകാവുന്നതാണ്.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പഠനോപകരണം (ഫർണീച്ചർ) നൽകുക എന്നത് വളരെ പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമാണ്. പ്രസ്തുതപദ്ധതി മുൻവർഷങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളതിനാൽ ഗുണഭോക്താക്കളെ ലഭിക്കുവാൻ പ്രയാസമായതിനാൽ വരും വർഷങ്ങളിൽ ടി പദ്ധതി ഒഴിവാക്കാവുന്നതാണ്.

5.1.7 വനം വികസനം

കേന്ദ്രാവിഷ്കൃത പദ്ധതികൾ

കോതമംഗലം, മലയാറ്റൂർ ഡിവിഷനുകളിലായി സംയോജിത വനസംരക്ഷണ പദ്ധതിയാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. രണ്ട് ഡിവിഷനുകളിലായി ഈ പ്രോജക്ടുകൾക്ക് 26.16 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

സംസ്ഥാന പദ്ധതികൾ

പട്ടിക-5.48

ക്രമ നം.	പദ്ധതിയുടെ പേര്	തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം	(രൂപ ലക്ഷത്തിൽ)	
			പദ്ധതി വിഹിതം	ചെലവ്
1	വന സംരക്ഷണം	6	223.28	223.28
2	വന വിപുലിക്കരണം	6	120.00	120.00
3	റോഡ്		35.32	35.32
4	കെട്ടിടം		49	49.98
5	പരിസ്ഥിതി ടൂറിസം	3	61.94	61.94
6	നശിപ്പിക്കപ്പെട്ട വനങ്ങളുടെ		4.00	4.00

	പുനരുദ്ധാരണം			
7	മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപ്പടികൾ		47.00	46.99
8	ഔഷധ സസ്യങ്ങളുടെ വികസനം ഉൾപ്പെടെയുള്ള തടി ഇതര വന വിഭവങ്ങൾ		9.85	9.83
9	വിഭവ ആസൂത്രണവും ഗവേഷണവും		0.50	0.00
10	ആനകളുടെ സംരക്ഷണം	2	11.78	11.78
11	വ്യവസായിക അസംസ്കൃത ഉല്പന്നങ്ങൾ		49.99	49.99
12	ഗ്രാമീണ അടിസ്ഥാന സൗകര്യവികസന നിധി		80.00	78.14
13	ജൈവ വൈവിദ്ധ്യ സംരക്ഷണം		10.98	10.98
14	സംയോജിത വന സംരക്ഷണപദ്ധതി		16.69	16.69
	ആകെ	**17**	**720.33**	**718.92**

അവലംബം ബഡ്ജറ്റ് 2017-18

കോതമംഗലം ഡിവിഷനിൽ എറണാകുളം ജില്ലാ പരിധിയിലുള്ള നദികളായ പെരിയാർ ഇടതുകര, കാളിയാർ മുവാറ്റുപുഴയാറിൽ ചേരുന്നു. ഈ രണ്ടു നദികളും പ്രദേശത്തെ ഹരിതാഭമാക്കാനും കുടിക്കാനും മറ്റാവശ്യങ്ങൾ സാധിക്കാനുമുള്ള ജലത്തിന്റെ ലഭ്യത ഉറപ്പാക്കുകയും ചെയ്യുന്നു. വനം വകുപ്പ് ജലസേചനവും കുടിവെള്ളവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

1. **കോസ്റ്റൽ അഫോറസ്റ്റേഷൻ:** 10000 കാറ്റാടി തൈകൾ എളങ്കുന്നപ്പുഴ പഞ്ചായത്തിലെ 15, 20 വാർഡുകളിലെ കടൽതീരത്ത് വച്ചു പിടിപ്പിച്ചിട്ടുണ്ട്.

2. ***ഇൻസന്റിവൈസേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്ട്രി:*** സ്വകാര്യഭൂമികളിലെ ശോഷിച്ചു വരുന്ന തടി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും, തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, കമ്പകം, കുമ്പിൾ, തേമ്പാവ് എന്നീ വൃക്ഷതൈകൾ നട്ടുവളർത്തുന്നതിനും അതുവഴി ഭൂവുടമകൾക്ക് അധികവരുമാനം ലഭിക്കുന്നതിനും ധനസഹായം നൽകിവരുന്നു.

3. **കണ്ടൽസംരക്ഷണം:** കായലോരങ്ങളിലെ കണ്ടൽ സംരക്ഷിക്കുന്നതിനും കൂടുതൽ തൈകൾ വച്ചുപിടിപ്പിച്ച് ജൈവവൈവിധ്യം നിലനിർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്.

4. **കാവുസംരക്ഷണം:** ജൈവവൈവിധ്യ സംരക്ഷണം, ഗവേഷണം, അപൂർവ തദ്ദേശീയ ഇനം സസ്യങ്ങൾ നട്ടുപിടിപ്പിക്കൽ, കുളങ്ങൾ ശുദ്ധീകരിക്കൽ, ജന്തുജീവികളെ സംരക്ഷിക്കൽ, ജൈവവേലി നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ കാവുകളിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനായി ധനസഹായം നൽകി വരുന്നു.

5. **നക്ഷത്രവനം:** നഗരത്തിലെ പല സ്ഥാപനങ്ങളിലായി 70 സെറ്റ് നക്ഷത്ര വൃക്ഷതൈകൾ വിതരണം ചെയ്തിട്ടുണ്ട്.

6. **കുട്ടിവനം:** നഗരത്തിലെ പല സ്ഥാപനങ്ങളിലായി 250 തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

5.1.8 വ്യവസായം- വാണിജ്യം- സ്വയംതൊഴിൽ കേന്ദ്ര/സംസ്ഥാന പദ്ധതികൾ

a) സംരംഭക സഹായ പദ്ധതി

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സഹായിക്കുന്നതിനായി സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് സംരംഭക സഹായ പദ്ധതി. 01.04.2012 മുതൽ നടപ്പാക്കിവരുന്ന ഈ പദ്ധതിയിലൂടെ ജില്ലയിലെ നല്ലൊരു ശതമാനം വ്യവസായ സംരംഭങ്ങൾക്കും സഹായം ലഭിയ്ക്കുന്നുണ്ട്. ഈ പദ്ധതിയിൽ പ്രാരംഭ സഹായവും സിക്ഷേപസഹായവും നൽകി വരുന്നുണ്ട്. റബ്ബർ അധിഷ്ഠിതം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, കാർഷിക-ഭക്ഷ്യ സംസ്കരണം 100% കയറ്റുമതി, പ്ലാസ്റ്റിക് മാലിന്യ പുന:സംസ്കരണം യൂണിറ്റുകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്. കൂടാതെ പട്ടികവിഭാഗം, വനിതാ യുവ സംരംഷകർക്ക് പദ്ധതിയിൽ പ്രത്യേക പരിഗണനയും നൽകുന്നുണ്ട്. ഈ സാഹചര്യത്തിൽ സംരംഭക സഹായ പദ്ധതിയിൽ മേൽത്തട്ട്/കീഴ്ത്തട്ട് നിർദ്ദേശങ്ങളുടെ ആവശ്യകത ഇല്ലാതാകുന്നു.

പട്ടിക-5.49

സംരംഭക സഹായ പദ്ധതിയുടെ 2013-14 മുതൽ 2016-17 വരെയുള്ള അവലോകനം

സാമ്പത്തിക വർഷം	സഹായം ലഭിച്ച യൂണിറ്റുകളുടെ എണ്ണം	അനുവദിച്ച തുക
2013-14	86	4,07,63,569
2014-15	88	6,39,68,373
2015-16	92	6,39,55,827
2016-17	113	7,99,19,842

അവലംബം ബഡ്ജറ്റ് 2016-17

b) പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (പി.എം.ഇ.ജി.പി)

ഗ്രാമ-നഗര പ്രദേശങ്ങളിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിയ്ക്കുന്നതിനായി ഭാരത സർക്കാർ 2008-ൽ ആരംഭിച്ച പദ്ധതിയാണ് ഇത്. സംസ്ഥാന തലത്തിലെ ജില്ലാ വ്യവസായ കേന്ദ്രം, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് എന്നിവ മുഖേന ടി പദ്ധതി നടപ്പിലാക്കുന്നു. ഉൽപ്പാദന മേഖലയിൽ 25 ലക്ഷം വരെയും സേവന മേഖലയിൽ 10 ലക്ഷം വരെയും മുടക്കുമുതൽ വരുന്ന പുതിയ പ്രോജക്ടുകൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കാം. അർഹമായ സബ്സിഡിയുടെ വിവരം താഴെ പറയും പ്രകാരമാണ്.

പട്ടിക-5.50

ഗുണഭോക്താക്കൾ	സ്വന്തം മുതൽമുടക്ക്	സബ്സിഡി	
		ഗ്രാമപ്രദേശം	നഗരപ്രദേശം
പൊതുവിഭാഗം	10%	25%	15%
പ്രത്യേക വിഭാഗം എസ്.സി/എസ്.ടി, ഒ.ബി.സി/ന്യൂനപക്ഷം/വനിത/ വിമുക്തഭടൻ/വിഭിന്നശേഷിക്കാർ, near hill & border areas etc`	5%	35%	25%

അവലംബം ബഡ്ജറ്റ് 2017-18

യോഗ്യത

1. 18 വയസ്സിനു മുകളിൽ പ്രായമുള്ളവർ, സ്വയം സഹായ സംഘങ്ങൾ.
2. വിദ്യാഭ്യാസ യോഗ്യത ഇല്ല. (ഉൽപ്പാദന മേഖലയിൽ 10 ലക്ഷത്തിനു മുകളിലുള്ള പ്രൊജക്ടുകൾക്കും സേവന മഖലയിൽ 5 ലക്ഷത്തിനു മുകളിലുള്ളപ്രോജക്ടുകൾക്കും അപേക്ഷകർ 8-ാം ക്ലാസ്സ് പാസ്സായിരിക്കണം).
3. ഒരു കുടുംബത്തിൽ നിന്നും ഒരാൾക്ക് മാത്രം ധനസഹായത്തിന് അർഹത.

എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം മുഖേന ഈ പദ്ധതിയുടെ നേട്ടം ചുവടെ ചേർക്കുന്നു.

പട്ടിക-5.51

ക്രമ നം.	വർഷം	സംരംഭങ്ങളുടെ എണ്ണം	സബ്സിഡി തുക (ലക്ഷം)
1	2009-10	64	81.50
2	2010-11	60	57.22
3	2011-12	8	5.42
4	2012-13	81	108.23
5	2013-14	83	117.653
6	2014-15	57	99.29
7	2015-16	42	66.29
8	2016-17	91	113.74

അവലംബം ബഡ്ജറ്റ് 2016-17

നിർദ്ദേശങ്ങൾ

1. പി.എം.ഇ.ജി.പി നിബന്ധനകൾ അനുസരിച്ചുള്ള സമയപരിധിയിൽ തന്നെ അപേക്ഷകൾ തീർപ്പാക്കുന്നതിന് ബാങ്കുകളുടെ മേൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്.
2. ഈ പദ്ധതിപ്രകാരം അനുവദിക്കുന്ന വായ്പയുടെ പലിശനിരക്ക് വിവിധ ബാങ്കുകൾക്ക് അനുസരിച്ച് വ്യത്യസ്തമായിരിക്കും. പലിശനിരക്ക് ഏകീകരിക്കേണ്ടതാണ്.
3. എറണാകുളം ജില്ലയിലെ ടൂറിസത്തിന്റെ സാധ്യത കണക്കിലെടുക്കുക യാണെങ്കിൽ ടാക്സി സർവ്വീസിന് സാധ്യതയുണ്ട്. എന്നാൽ റൂറൽ ട്രാൻസ്പോർട്ട് പി.എം.ഇ.ജി.പി പദ്ധതി പ്രകാരം നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നു. ടാക്സി സർവ്വീസ് ടി പദ്ധതിയിൽ ഉൾപ്പെടുത്താ വുന്നതാണ്.
4. ഓരോ വർഷവുമുള്ള സബ്സിഡി അലോക്കേഷൻ വർദ്ധിപ്പിക്കേണ്ടതാണ്.
5. ഈ പദ്ധതി പ്രകാരം എടുക്കുന്ന ബാങ്ക് വായ്പയുടെ പിലശ നിരക്ക് ബാങ്കുകൾക്ക് അനുസരിച്ച് വ്യത്യസ്തമായിരിക്കും. പലിശ നിരക്ക് ഏകീകരിക്കേണ്ടതാണ്.

c) അസിസ്റ്റന്റ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ്സ് ആർട്ടിസാൻസ് *(ASHA)*

കരകൗശല മേഖലയിലെ വിദഗ്ദ്ധർക്ക് പുതിയ കരകൗശല വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ട ധനസഹായമാണ് ഈ പദ്ധതി വഴി സംസ്ഥാന സർക്കാർ നൽകുന്നത്. കരകൗശല വിദഗ്ദ്ധൻ എന്ന തിരിച്ചറിയൽ കാർഡ് ഉള്ള സംരംഭകന് പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. വനിത/എസ്.സി/എസ്.ടി, യുവ സംരംഭകർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 50% (പരമാവധി 3 ലക്ഷം രൂപ), അല്ലാത്ത സംരംഭകർക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 40% തുക (പരമാവധി 2 ലക്ഷം രൂപ) ധനസഹായം ലഭിയ്ക്കുന്നതാണ്. ഉൽപ്പാദനം ആരംഭിച്ച് 6

മാസത്തിനുള്ളിൽ ഈ പദ്ധതിയ്ക്ക് അപേക്ഷ സമർപ്പിയ്ക്കേണ്ടതുമാണ്.

a) 'ഒരു വീട്ടിൽ ഒരു തറി' - (Loom a House)

പരമ്പരാഗത മേഖലയായ കൈത്തറിയുടെ പുരോഗതിയ്ക്കായി വീടുകളിൽ നെയ്ത്ത് പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേകിച്ചും വനിതകളെ ഈ മേഖലയിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനുമായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഒരു വീട്ടിൽ ഒരു തറി. നെയ്തതിൽ 5 വർഷത്തെ പരിചയമുള്ളവർക്കോ സർക്കാർ സർക്കാർ അംഗീകൃത ഏജൻസിയിൽ നിന്നോ 3 മാസത്തിൽ കുറയാത്ത പരിശീലനം ലഭിച്ചിട്ടുള്ളവർക്കോ ഈ പദ്ധതിയിൽ അപേക്ഷിക്കാം. സ്വന്തമായി തറി ഇല്ലാത്തവർ ഒരു കുടുംബത്തിൽ നിന്നും ഒരാൾക്ക് എന്ന നിബന്ധന ഈ പദ്ധതയ്ക്കുണ്ട്. തറിയുടെ വിലയുടെ 75% തുക പരമാവധി 40,000/- രൂപ ഈ പദ്ധതി പ്രകാരം സർക്കാർ ഗ്രാന്റായി ലഭിയ്ക്കാം. പുതുതലമുറ ഈ മേഖലയിലേക്ക് കടന്നുവരാത്തതുകൊണ്ട് ഈ പദ്ധതി വേണ്ടവിധം നടപ്പാക്കുവാൻ കഴിയാതെ വരുന്നുണ്ട്.

എ) കയർ മേഖലയിലെ പദ്ധതികൾ

കയർ മേഖലയിലുള്ള സഹകരണ സംഘങ്ങൾക്ക് ഡീ ഫൈബറിംഗ്/മിനി ഡീഫൈബറിംഗ് സംഘങ്ങൾക്ക് വാർഷിക മെയിന്റനൻസ് ഗ്രാന്റായി പ്രതിവർഷം യഥാക്രമം 50000/- രൂപ, 10000/- എന്നിങ്ങനെ നൽകിവരുന്നു. കൂടാതെ തൊണ്ട് സംഭരണത്തിനും സർക്കാർ ധനസഹായം നൽകിവരുന്നു. കയർ വ്യവസായ പുനരുദ്ധാരണ, നവീകരണ, നൂതന സാങ്കേതിക വിദ്യ എന്നിവയിലൂടെ മേഖലയുടെ സുസ്ഥിര വികസനം ലക്ഷ്യമിട്ട് 'കയർ ഉദ്യമി യോജന' എന്ന പദ്ധതിയും നടപ്പാക്കി വരുന്നു. കയർ ഭൂവസ്ത്ര വികസനപരിപാടിയിലൂടെ കയർ ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽ ക്കരണവും സാങ്കേതിക വിദ്യ വ്യാപനവും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ പ്രവർത്തിച്ചുവരുന്നു. പരമ്പരാഗത രീതിയിലുള്ള തൊണ്ട് ചീയിക്കലിന് പകരം ഇന്ന് പച്ചത്തൊണ്ടിൽ നിന്നും നേരിട്ട് ചകിരിയെടുക്കുന്ന defibering യൂണിറ്റുകളാണ് ഉള്ളത്. അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ലഭ്യത ജില്ലയിൽ കുറവാണ് എന്നതുകൊണ്ട് ഈ മേഖല ആശാവഹമായ പ്രതീക്ഷ നൽകുന്ന ഒന്നല്ല.

ബി) എന്റെ ഗ്രാമം

ഖാദി ഗ്രാമവ്യവസായ ബോർഡ് നടപ്പാക്കിവരുന്ന പദ്ധതിയാണ് എന്റെ ഗ്രാമം. വ്യക്തികൾ, സഹകരണ സംഘങ്ങൾ, സ്ഥാപനങ്ങൾ, സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് എന്നീ വിഭാഗങ്ങൾക്ക് ഗ്രാമപ്രദേശത്ത് ഈ പദ്ധതി പ്രകാരം യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം ലഭിക്കുന്നതാണ്. പരമാവധി 5 ലക്ഷം രൂപ വരെ അടങ്കൽ തുക അനുവദിക്കുന്ന ഈ പദ്ധതിയിൽ 5 മുതൽ 10 ശതമാനം വരെ സ്വന്തം മുതൽ മുടക്ക് ഉണ്ടായിരിക്കേണ്ടതാണ്. 25 മുതൽ 40 ശതമാനം വരെ സബ്സിഡി ഈ പദ്ധതി പ്രകാരം ലഭ്യമാകുന്നതാണ്.

സി) ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം

സൂക്ഷ്മ-ലഘു-ഇടത്തരം സംരംങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം. സമാനമായ ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്ന സംരംഭങ്ങളുടെ പ്രാദേശികമായ കേന്ദ്രീകരണമാണ് ക്ലസ്റ്ററുകൾ. അത്തരം സംരംഭങ്ങളുടെ പൊതുവായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുകയെന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. സംരംഭങ്ങൾക്കായി കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുക, അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്ന എന്നിവ ഈ പദ്ധതിയിലൂടെ നടപ്പാക്കി വരുന്നു.

ജില്ലയിലെ എം.എസ്.ഇ-സി.ഡി.പി സ്ഥാപിച്ചിട്ടുള്ള ക്ലസ്റ്ററുകൾ

പട്ടിക-5.52

	ക്ലസ്റ്ററിന്റെ പേര്	മേഖല	കോമൺ ഫെസിലിറ്റി
1	ആലുവ പ്ലാസ്റ്റിക് കൺസോർഷ്യം പ്രൈവറ്റ് ലിമിറ്റഡ്	പ്ലാസ്റ്റിക്	ടൂൾ-റൂം
2	പെരുമ്പാവൂർപ്ലൈവുഡ് കൺസോർഷ്യം	പ്ലൈവുഡ്	ഹൈ ഡെൻസിറ്റി പ്രസ്സ്, റെസിൻ
3	കാലടിറൈസ്മിൽകൺസോർഷ്യം	റൈസ്	റിഫൈനിംഗ്
4	ഫർണീച്ചർ കൺസോർഷ്യം	വുഡൻ ഫർണീച്ചർ	

ഡി) സംരഭകത്വ വികസന ക്ലബ്ബുകൾ

സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖലയുടെയും ആരോഗ്യ മേഖലയുടെയും നേട്ടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വ്യാവസായിക മേഖലയുടെ വളർച്ച ഈ നേട്ടങ്ങളുമായി താദാത്മ്യം പ്രാപിക്കുന്നില്ല എന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് സംസ്ഥാനത്തിന്റെ ശക്തിയായ വിദ്യാഭ്യാസ മേഖലയിലൂടെ വ്യാവസായിക പുരോഗതിയ്ക്ക് ഉത്തേജനം നൽകുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സംരംഭകത്വ വികസന ക്ലബ്ബുകൾ. സംസ്ഥാനത്തെ സ്കൂൾ-കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുക, നൈപുണ്യം, സാങ്കേതികത എന്നിവയ്ക്കൊപ്പം ആത്മവിശ്വാസവും വർദ്ധിപ്പിച്ച് പുതു തലമുറയെ വ്യവസായ മേഖലയുടെ നാളെയുടെ പുതുനാമ്പുകളായി സൃഷ്ടിക്കുക എന്ന ദൗത്യമാണ് ഈ പദ്ധതിയിലൂടെ നിറവേറ്റപ്പെടുന്നത്. എറണാകുളം ജില്ലയിൽ നാളിതുവരെ 43 സംരംഭകത്വ ക്ലബ്ബുകൾ വിവിധ സ്കൂൾ - കോളേജുകളിലായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി 5.1 ൽ ചേർത്തിട്ടുണ്ട് .

5.1.9 ആരോഗ്യം

കേന്ദ്ര/സംസ്ഥാന സർക്കാർ പദ്ധതികൾ, അന്തർമേഖല കർമ്മപരിപാടികൾ എന്നിവ കൃത്യമായ കാര്യക്ഷമതയോടും സുതാര്യതയോടും കൂടി നടപ്പിലാക്കിവരുന്നു. മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പു മുഖേന നടപ്പിലാക്കിയ സംസ്ഥാന പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കേന്ദ്ര പദ്ധതികൾ

- ദേശീയ ആരോഗ്യ ദൗത്യം
- അമ്മമാർക്കും കുട്ടികൾക്കും വേണ്ടിയുള്ള വിവിധ പദ്ധതികൾ
- വിദ്യാലയ ആരോഗ്യ പരിപാടി
- ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം
- മാനസിക ആരോഗ്യ പദ്ധതി
- ദേശീയ ക്ഷയരോഗ ചികിത്സാ പദ്ധതി
- എൻ.വി.ബി.ഡി.പി.സി
- കായകൽപദ്ധതി
- നഗര ആരോഗ്യ പദ്ധതി

സംസ്ഥാന പദ്ധതികൾ

ആർദ്രം മിഷൻ

1. എല്ലാ പഞ്ചായത്ത് മുനിസിപ്പാലിറ്റികളിലും നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക, എറണാകുളം ജില്ലയിലെ എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളും 3 വർഷങ്ങൾ കൊണ്ട് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ലക്ഷ്യം.

നിലവിൽ 6 കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു.

2. എല്ലാ താലൂക്കുകളിലും ഒരു സ്പെഷ്യലിസ്റ്റ് ആശുപത്രി.
3. എറണാകുളം ജില്ലയിൽ ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, ജനറൽ ആശുപത്രി.
4. എറണാകുളം മെഡിക്കൽ കോളേജ്.

ആർദ്രം പദ്ധതി കൂടാതെ താഴെപറയുന്ന സ്കീമുകളും നടപ്പിലാക്കിവരുന്നു.

പട്ടിക-5.53

ക്രമ നം.	പദ്ധതിയുടെ പേര്	(രൂപ ലക്ഷത്തിൽ)	
		പദ്ധതി വിഹിതം	ചെലവ്
1	ലിമ്പ് ഫിറ്റിംഗ് സെന്റേർസ്	3.5	3.49
2	വേദനയും വേദനശമനസേവലവും വയോജന ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളും	7	6.77
3	സംക്രമിക രോഗങ്ങളുടെ നിയന്ത്രണം	2.9	2.85
4	അർബുദ രോഗ പരിചരണ പരിപാടി	44.5	44.3
5	മെഡിക്കൽ റെക്കോഡ് ലൈബ്രറിക്കളുടെ ശക്തിപ്പെടുത്തൽ	6.28	0.63
6	ഡന്റൽ ക്ളിനിക്കുകളുടെ വികസനം	1.8	1.7
7	ഫിസിക്കൽ മെഡിസിൻ പുനരധിവാസ വിഭാഗം	1	1
8	രോഗ പര്യവേക്ഷണ പ്രോഗ്രാം	13.2	12.68
9	മെച്ചപ്പെട്ട പോഷകഹാര ഗവേഷണ കേന്ദ്രങ്ങൾ	1.89	1.89
10	ORT ട്രെയ്നിംഗ്	1.65	1.65
11	Improving ORT corners	0.45	0.45
12	NVBDCP	6.55	5.5
13	NLEP	1.86	1.86
14	NCD	17.2	17.2
	ആകെ	**109.78**	**101.97**

അവലംബം ബഡ്ജറ്റ് 2017-18

ആരോഗ്യരംഗത്ത് ജില്ല നേരിടുന്ന വെല്ലുവിളികൾ

1) ജീവിതശൈലീരോഗങ്ങളുടെ കുതിച്ചു കയറ്റം.
2) പരിസ്ഥിതി ജന്യരോഗങ്ങൾ.
3) മുതിർന്ന പൗര□ാരുടെ നിരക്ക് വർദ്ധനയും അനുബന്ധ ആരോഗ്യ പ്രശ്നങ്ങളും.
4) മനുഷ്യവിഭവശേഷിയുടെ കുറവും ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നതും.
5) സാംക്രമിക രോഗങ്ങളായ ഡെങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം എ എന്നിവയുടെ ഉയർന്ന നിരക്കുകൾ.
6) അന്യസംസ്ഥാനതൊഴിലാളികളുടെ ആരോഗ്യപ്രശ്നങ്ങൾ.
7) ശാസ്ത്രീയമായ മാലിന്യസംസ്കരണത്തിന്റെ അഭാവം.
8) വ്യക്തിഗത ചികിത്സ ചെലവുകളിലുണ്ടായ വൻവർദ്ധന.

കാഴ്ചപ്പാടുകൾ
ദീർഘകാല ലക്ഷ്യങ്ങൾ

- എല്ലാ പൊതുമേഖലാ ആശുപത്രികളിൽ വരുന്ന രോഗികൾക്ക് ഗുണമേ□യും സൗഹാർദ്ദപരവുമായ സേവനം ഉറപ്പുവരുത്തുക.
- സാർവ്വത്രികവും (എല്ലാവർക്കും ആരോഗ്യ സേവനം ലഭ്യമാക്കുക) സമഗ്രവുമായ (സംരക്ഷണം, പ്രതിരോധം, ചികിത്സ, പുനരധിവാസം, സാന്ത്വന പരിചരണം) ആരോഗ്യസേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുക.
- ജനങ്ങളുടെ ആരോഗ്യത്തോടെയുള്ള ആയുർദൈർഘ്യം കൂട്ടുക.

ഹ്രസ്വകാല ലക്ഷ്യങ്ങൾ (2020)

1) മാതൃമരണനിരക്ക് 30/100000 സജീവ പ്രസവങ്ങൾ ആക്കുക.
2) ശിശുമരണ നിരക്ക് 3/1000 സജീവ പ്രസവങ്ങൾ ആക്കുക.
3) മഞ്ഞപ്പിത്തം എ വാർഷിക രോഗബാധ 50% കുറക്കുക.
4) 100% എച്ച് .ഐ.വി രോഗികളേയും കണ്ടെത്തി ART ചികിത്സ 100% രോഗികൾക്കും ലഭ്യമാക്കുക.
5) ആത്മഹത്യനിരക്ക് 16 ലക്ഷം ആയി കുറക്കുക.
6) മാനസികാരോഗബാധിതർ 50% പേരെ പുനരധിവസിപ്പിക്കുക.
7) 30 വയസ്സിനു മുകളിലുള്ള രക്താതിമർദ്ദ രോഗികളുടെ പ്രാമുഖ്യം ഇപ്പോഴുള്ള (30-40%) നിലനിർത്തുക.
8) പ്രമേഹരോഗികളുടെ പ്രാമുഖ്യം (18-20%) നിലനിർത്തുക.
9) പുകവലിയുടെ ഉപയോഗം നിലവിലെ നിരക്കിൽ നിന്ന് 50% കുറക്കുക.
10) പഴം പച്ചക്കറികളുടെ ഉപയോഗം 25% വർദ്ധിപ്പിക്കുക.
11) വ്യായാമക്കുറവ് 10% എങ്കിലും കുറക്കുക.
12) ക്ഷയരോഗനിരക്ക് ദശലക്ഷത്തിൽ ഒന്ന് എന്ന നിരക്കിൽ 2025-ൽ എത്തിക്കുക. മലമ്പനി, മന്ത് എന്നിവ 2020 ഓടുകൂടി നിർമാർജ്ജനം ചെയ്യുക.
13) എല്ലാ ആശുപത്രികളിലും സ്ത്രീകൾക്കെതിരായ അക്രമങ്ങൾ, സ്വീകരിക്കുന്നതിനായി ഏകജാല പ്രതിസ്ഥി പരിഹാരങ്ങൾ രൂപീകരിക്കുക.
14) സ്കൂൾ കുട്ടികളുടെ ദന്തക്ഷയം 30%ലേക്ക് കുറക്കുക.
15) 100% സ്വാന്തന പരിചരണ ചികിത്സയും അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുക. വൃദ്ധജന പരിപാലനം, മാനസികരോഗികൾക്കുള്ള പരിചരണം എന്നിവ കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കുക.
16) കാഴ്ച വൈകല്യം കാരണം ഉണ്ടാകുന്ന അന്ധത 25% ആയി കുറക്കുക. ഡയബറ്റിക് റെറ്റിനോപ്പതി കാരണം ഉണ്ടാകുന്ന അന്ധത 25% ആയി കുറക്കുക.
17) വായിലേയും മാറിലേയും ഗർഭാശയഗളത്തിലെയും ക്യാൻസറുകൾ 50% എങ്കിലും ആരംഭിത്തിലെ കണ്ടെത്തുക.

പ്രവർത്തന രൂപരേഖ മേൽ സൂചിപ്പിച്ച് പ്രശ്നങ്ങൾ തരണം ചെയ്യാനായി സ്വീകരിക്കുന്ന തത്ത്വങ്ങൾ

1) സാമൂഹിക സുരക്ഷയും മാനവ വികസന നടപടികളും.
2) സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ.
3) മനുഷ്യവിഭവശേഷി വികസനം.
4) ജീവിതശൈലിയിൽ ആവശ്യമായ മാറ്റം വരുത്തൽ.
5) പൊതുസ്വകാര്യ പങ്കാളിത്തം, ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുക.
6) വിവിധവകുപ്പുകളുടെ ഏകോപനം സാധ്യമാക്കുക.

കുടുംബാരോഗ്യ കേന്ദ്രങ്ങൾ

1. എല്ലാ പഞ്ചായത്ത് മുനിസിപ്പാലിറ്റികളിലും നിലവിലുള്ള

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റുക. എറണാകുളം ജില്ലയിലെ എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും പത്ത് വർഷങ്ങൾ കൊണ്ട് കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്ന ലക്ഷ്യം. ഇതിനായി ഓരോ കുടുംബാരോഗ്യ കേന്ദ്രങ്ങളെയും താഴെപറയുന്ന രീതിയിൽ സൗകര്യങ്ങൾ ഒരുക്കേണ്ടതായുണ്ട്.

2. ആധുനികവൽക്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പു വരുത്തുന്ന കൺസൽട്ടേഷൻ റൂമുകൾ, ലബോറട്ടറി സൗകര്യങ്ങൾ, (Semi Auto Analyzer ഉൾപ്പെടെ) എന്നിവ സജ്ജീകരിക്കുക. മോഡുലാൽ റാക്ക്, ഇ ഹെൽത്ത്, പൂന്തോട്ടം, കൃഷി, വെയിറ്റിംഗ് ഏരിയ, ടി.വി, കുടിവെള്ളം, എന്നീ സൗകര്യങ്ങൾ രോഗികൾക്കായി ഒരുക്കുക.
3. കുടുംബാരോഗ്യകേന്ദ്രങ്ങൾ Promotive (ആരോഗ്യത്തെ അഭിവൃദ്ധിപ്പെടുത്തുന്നകാര്യങ്ങൾ), Preventive (രോഗപ്രതിരോധം), Curative (രോഗം ഭേദമാക്കുന്നത്), Rehabilitation (പുനരധിവാസം), Palliative (സ്വാന്തന പരിചരണം) എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സജ്ജീകരിക്കും.
4. ഓരോ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 3 ഡോക്ടർമാരും 4 സ്റ്റാഫ് നഴ്സും ഉണ്ടാകേണ്ടതുണ്ട്.
5. കുടുംബ ഡോക്ടർ തലത്തിലേക്ക് എല്ലാ ഡോക്ടർമാരെ മാറ്റുന്നതിന് പരിശീലന കോഴ്സുകൾ നടത്തേണ്ടതുണ്ട്.
6. ശുദ്ധമായ കുടിവെള്ളം ഉറപ്പു വരുത്തുക, ചിട്ടയായ ഭക്ഷണശീലം വളർത്തിയെടുക്കുക, ശാരീരികമായ നിഷ്ക്രിയത്വം അവസാനിപ്പിക്കുക, മാലിന്യം ശാസ്ത്രീയമായ സംസ്കരിക്കുവാനും മാലിന്യം ഉത്പാദനം കുറക്കുവാനും ജനങ്ങളെ ശാക്തീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് കുടുംബാരോഗ്യ കേന്ദ്രം ഊന്നൽ നൽകും. 100% പ്രതിരോധകുത്തിവയ്പ്പ് നിരക്ക് കൈവരിക്കുക, സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുക, ജീവിതശൈലീ രോഗനിർണ്ണയവും നിയന്ത്രണവും കൃത്യമായ ചികിത്സയും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ലക്ഷ്യങ്ങളാണ്. ആരോഗ്യ കേന്ദ്രത്തിലെത്തുന്ന എല്ലാവർക്കും ഗുണമേ□യുള്ള ചികിത്സ ഉറപ്പുവരുത്തുവാനും തൃതീയ ദ്വിതീയ ശ്രേണിയുള്ള ആശുപത്രികളിൽ ചികിത്സ കഴിഞ്ഞെത്തുന്ന രോഗികൾക്ക് തുടർചികിത്സ ലഭ്യമാക്കാനും ആരോഗ്യകേന്ദ്രങ്ങളെ പ്രാപ്തമാക്കും.
7. ജനറൽ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യലിസ്റ്റ് സേവനം (ന്യൂറോളജിസ്റ്റ്, നെഫ്രോളജിസ്റ്റ്, കാർഡിയോളജിസ്റ്റ്, യൂറോളജിസ്റ്റ്) ലഭ്യമാക്കുകയും, അതിന്റെ ചികിത്സക്കാവിശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കുകയും ചെയ്യുക.
8. **താലൂക്ക് ആശുപത്രികളുടെ ശാക്തീകരണം** : കോതമംഗലം, മൂവാറ്റുപുഴ, കരുവേലിപ്പടി, പെരുമ്പാവൂർ, പറവൂർ, ഫോർട്ട് കൊച്ചി, ആലുവ, പിറവം, അങ്കമാലി താലൂക്ക് ആശുപത്രികൾ, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം അതിനായുള്ള അടിസ്ഥാന വികസനം എന്നിവ നടത്തി മെച്ചപ്പെടുത്തും. മേൽസൂചിപ്പിച്ച ആശുപത്രികളിലും പീഡിയാട്രിക്സ്, സർജറി, ഓർത്തോ, ഗൈനക്കോളജി, നേത്രരോഗം, ഇ.എൻ.ടി, ത്വക്ക്, മനശാസ്ത്രവിദഗ്ധർ എന്നിവരുടെ സേവനവും ഉറപ്പുവരുത്തുക. സ്പെഷ്യലിസ്റ്റ്, പാലിയേറ്റീവ് കെയർ

ലഭ്യമാക്കുക. ലാബിൽ Fully Auto Analyzer കൊണ്ടുവരുക.

9. **മെഡിക്കൽ കോളേജ്:** ഉന്നത ഗുണനിലവാരമുള്ള ചികിത്സ എല്ലാ സൂപ്പർസ്പെഷ്ലിസ്റ്റ്സേവനങ്ങൾ എന്നിവ ഒരുക്കുക. മെഡിക്കൽ വിദ്യാഭ്യാസം ഗവേഷണം എന്നതിനായി ശക്തിപ്പെടുത്തുക.

ആരോഗ്യമുള്ള എറണാകുളത്തിനായി ഒന്നിക്കാം

(Unite for Healthy Ernakulam)

എറണാകുളം ജില്ല നേരിടുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങൾക്ക് പൊതുജനാരോഗ്യ പങ്കാളിത്തം ഉറപ്പുവരുത്തുക, വിവിധ വകുപ്പുകളുടെ ഏകീകരണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ജില്ലാഭരണകൂടം നിർദ്ദേശിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തണമെന്ന് ആവശ്യപ്പെടുന്ന പദ്ധതിയാണ് 'ആരോഗ്യമുള്ള എറണാകുളത്തിനായി ഒന്നിക്കാം'. ഇത് ജില്ലയിലെ അഞ്ച് പ്രധാന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ജനകീയ മുന്നേറ്റമാണ്.

1. **മാലിന്യമകറ്റാം രോഗങ്ങളും**
   മാലിന്യത്തിന്റെ ഉത്പാദനം തന്നെ കുറക്കുക എന്നതാണിതിന്റെ ഉദ്ദേശം. ഗ്രീൻപ്രോട്ടോക്കോൾ ചട്ടം കർശനമായി നടപ്പിലാക്കുക. പൊതുസമ്മേളനങ്ങൾ, മീറ്റിംങ്ങുകൾ, പരിശീലന പരിപാടികൾ, വിവാഹ ചടങ്ങുകൾ, സത്ക്കാരങ്ങൾ, തുടങ്ങി എല്ലാ പരിപാടികൾക്കും 'ഗ്രീൻപ്രോട്ടോക്കോൾ' പാലിക്കുവാൻ ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുക. ഇതിനായി പരിശീലനങ്ങൾ, ഉത്തരവുകൾ, മോണിറ്ററിംഗ് സംവിധാനം എന്നിവ ഉണ്ടാകണം.

2. **ഇമ്മ്യൂണൈസ് എറണാകുളം**
   പ്രതിരോധകുത്തിവയ്പ് നിരക്ക് 100% ആക്കുക എന്നതാണ് ലക്ഷ്യം. സ്വകാര്യമേഖലയിൽ വാക്സിൻ എടുക്കുന്ന കുട്ടികളുടെ കണക്കുകൾ ലഭ്യമാക്കുവാൻ പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ സംവിധാനം ഒരുക്കണം. പ്രതിരോധ കുത്തിവയ്പ്പ് നിരക്ക് കുറഞ്ഞ മേഖലകളായ മട്ടാഞ്ചേരി, പശ്ചിമ കൊച്ചി, വാഴക്കുളം മേഖലകൾ കേന്ദ്രീകരിച്ച് താഴെത്തട്ടിൽ ബോധവത്ക്കരണ പദ്ധതികൾ സമൂഹ പങ്കാളിത്തത്തോടെ നടപ്പിലാക്കുക.

3. **അതിഥി ദേവോ ഭവ:-അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യക്ഷേമം**

അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുവാനായി അവരുടെ താമസസ്ഥലങ്ങളും ജോലിസ്ഥലങ്ങളും കേന്ദ്രീകരിച്ച് സമഗ്ര ക്യാംപുകൾ സംഘടിപ്പിക്കുക. മലമ്പനി, മന്ത്, ക്ഷയരോഗം, കുഷ്ടം, ടൈഫോയിഡ്, മഞ്ഞപിത്തം ബി എന്നിവ സ്ക്രീൻ ചെയ്ത് തുടർച്ച ചികിത്സക്കായി അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളെ സജ്ജമാക്കുക. എല്ലാ അന്യ സംസ്ഥാന തൊഴിലാളികൾക്കും ഇത്തരം അടിസ്ഥാന ആരോഗ്യസേവനങ്ങൾ ലഭ്യമാക്കി ഹെൽത്ത് കാർഡ് വിതരണം നടത്തുക. ഇതിനായി ലേബർ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വം ഉറപ്പുവരുത്തുക.

അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന മേഖലകളിലും ജോലി ചെയ്യുന്ന സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് അവരുടെ ക്ഷേമം ഉറപ്പുവരുത്തുവാൻ ആരോഗ്യപരിശേധനകൾ നടത്തുക. ഇത് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ രേഖപ്പെടുത്തുകയും അവർക്ക് ഹെൽത്ത് കാർഡ് നൽകുകയും ചെയ്യുക. ഇതിനായുള്ള സ്ഥിരം കേന്ദ്രങ്ങളും സജ്ജീകരിക്കണം. ഇത്തരം സേവനകേന്ദ്രങ്ങളിൽ അവരുടെ ഭാഷ അറിയാവുന്നവരുടെ സേവനം ഉറപ്പുവരുത്തേണ്ടതുണ്ട്. തുടർചികിത്സക്കായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടെ സൗകര്യങ്ങൾ ഒരുക്കണം. അവരുടെ

ഭാഷയിൽ ബോധവത്കരണം നടത്തുവാൻ വേണ്ട നടപടികൾ ഉണ്ടാകണം. ഇത്തരം പ്രവർത്തനങ്ങളെ തൊഴിൽവകുപ്പിന്റെ സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏകോപിപ്പിക്കണം. മലേറിയ, മന്ത്, ടൈഫോയ്ഡ്, ക്ഷയരോഗം, കുഷ്ഠരോഗം, പ്രമേഹം, രക്താതിമർദ്ദം എന്നിവ നിർണ്ണയിക്കാനുള്ള സംവിധാനങ്ങൾ ഹെൽത്ത് കാർഡ് നൽകുന്നതിനു മുൻപായി വേണ്ടിവരും.

4. ക്ഷയരോഗമുക്ത എറണാകുളം

ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ക്ഷയ രോഗ മുക്ത പഞ്ചായത്ത്/മുനിസിപ്പാലിറ്റി/നഗരസഭ ആയി മാറാൻ വേണ്ട നടപടികൾക്ക് നേതൃത്വം നൽകണം. 2020 ഓട് കൂടി ക്ഷയരോഗം പൂർണ്ണമായും ഇല്ലാതാക്കുവാനുള്ള ശ്രമങ്ങൾ പരമാവധി ആക്കുക. ഇതിനായി പഞ്ചായത്ത് / കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ കർമ്മപദ്ധതി രൂപീകരിക്കുക.

- ❖ ജീൻ എക്സിപോർട്ട് ടെസ്റ്റുകൾ ചെയ്യുവാനുള്ള സൗകര്യം ജില്ലയിൽ നാലു സ്ഥാപനങ്ങളിൽ സൗജന്യമായി ലഭ്യമാക്കുക. എല്ലാ ക്ഷയരോഗികൾക്കും ഈ ടെസ്റ്റ് ചെയ്ത് ഗുരുതരമായ രോഗമില്ലെന്ന് ഉറപ്പുവരുത്തുക.
- ❖ സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തം പൂർണ്ണമായും ഉറപ്പുവരുത്തുവാൻ ക്ഷയരോഗമരുന്നുകൾ സ്വകാര്യ ആശുപത്രികൾ വഴി ലഭ്യമാക്കുക. ടെസ്റ്റിംഗ് സംവിധാനവും പാവപ്പെട്ട രോഗികൾക്ക് ലഭ്യമാക്കുക. സ്വകാര്യ ആശുപത്രികളുടെ കൺസോഷ്യം ഐ.എം.എ വഴി ഉണ്ടാക്കുക.
- ❖ ജില്ലയിലെ മുഴുവൻ ആളുകളെയും സന്ദർശിച്ച് 'വൾനറബിലിറ്റി മാപ്പിംഗ്' നടത്തുകയും ക്ഷയരോഗ സാധ്യത കൂടിയ Contact, പ്രമേഹരോഗികൾ, പ്രായമായ ആളുകൾ എന്നിവരിൽ നേരത്തെ രോഗനിർണ്ണയം നടത്തുവാനുള്ള സൗകര്യങ്ങൾ ഒരുക്കുക.
- ❖ എല്ലാ ക്ഷയരോഗികൾക്കും പോഷകാഹാരം ചികിത്സ കാലയളവിൽ ലഭ്യമാക്കുക.
- ❖ ക്ഷയരോഗ ചികിത്സ ഇടക്ക് മുടക്കാതിരിക്കുവാൻ ട്രീറ്റ്മെന്റ് സപ്പോർട്ട് ഗ്രൂപ്പുകൾ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ രൂപീകരിക്കുക.
- ❖ എല്ലാ പൊതുമേഖലാ സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളിലും 'എയർബോൺ ഇൻഫക്ഷൻ കൺട്രാൾ' സംവിധാനങ്ങൾ ഉറപ്പുവരുത്തുക.
- ❖ തുമ്മുമ്പോഴും ചുമക്കുമ്പോഴും വായമൂടണം എന്ന ആശയത്തിന് ക്യാമ്പയിനുകൾ സ്കൂൾ തലത്തിൽ സംഘടിപ്പിക്കുക.
- ❖ ചേരി പ്രദേശങ്ങൾ, പട്ടികവർഗ്ഗമേഖലകൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, എന്നിവിടങ്ങളിൽ അങ്ങോട്ട് ചെന്ന് രോഗനിർണ്ണയം നടത്തുക.

5. നല്ല ഭാവിക്കായി നല്ല ശീലങ്ങൾ

വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളെ ചെറുത്തുനിർത്തുവാൻ സ്കൂൾ തലം മുതൽക്കേ നല്ല ആരോഗ്യശീലങ്ങൾ പഠിപ്പിക്കുവാ നുള്ള സംവിധാനങ്ങൾ ഉണ്ടാകണം. വ്യായാമം പ്രോത്സാഹിപ്പിക്കുക, പഴം, പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, അവയുടെ ഉപഭോഗം വർദ്ധിപ്പിക്കുക, പുകയില ശീലം തുടങ്ങാതിരി ക്കുവാൻ ആവശ്യമായ ബോധവത്കരണം നടത്തുക എന്നതാവണം ലക്ഷ്യം.

സാംക്രമിക രോഗ നിയന്ത്രണം

പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും അതുമായി ബന്ധപ്പെട്ട സാമൂഹിക, പാരിസ്ഥിതിക ഘടകങ്ങളെ ഏറ്റവും അനുയോജ്യമായി കോർത്തിണക്കി വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുവാൻ പഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപ്പറേഷനു കൾക്ക് കഴിയേണ്ടതുണ്ട്.

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തന മാർഗ്ഗരേഖ

- വാർഡ്/ഡിവിഷൻ അടിസ്ഥാനത്തിൽ ജനുവരി മാസത്തിൽ അതാതു വർഷത്തേ ആക്ഷൻപ്ലാൻ തയ്യാറാക്കൽ.
- സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ഐ.എം.എ വഴി പരിശീലനം.
- പകർച്ചവ്യാധി നിയന്ത്രിക്കുവാൻ പ്ലാന്റേഷൻ ഉടമകളുടെയും, കെട്ടിട നിർമ്മാണ ഉടമകളുടേയും കൺസോഷ്യം.
- കൊതുകുനശീകരണത്തിന് ആവശ്യമായ സ്പ്രേയറുകൾ, ഫോഗിംഗ് മെഷീനുകൾ എന്നിവ എല്ലാ സ്ഥാപനങ്ങളിലും (പഞ്ചായത്ത്/നഗരസഭ) അടിസ്ഥാനത്തിൽ ലഭ്യമാക്കൽ.
- തദ്ദേശസ്വയംഭരണം, കൃഷി, മൃഗസംരക്ഷണ വകുപ്പുകളുമായി ചേർന്ന് എലി, തെരുവുനായ നിയന്ത്രണ പ്രവർത്തനങ്ങൾ.
- കൊതുകുനിയന്ത്രണ പ്രവർത്തനങ്ങൾക്കായുള്ള ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തൽ.
- രോഗനിരീക്ഷണം, ചികിത്സ, ഔട്ട് ബോക്ക് ഇൻവസ്റ്റിഗേഷനായി മെഡിക്കൽ കോളേജുകളിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗങ്ങളെ ഏകോപിപ്പിക്കുക.
- ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി മുൻകൂട്ടി പ്രതിരോധ നടപടികൾ സ്വീകരിക്കുക.
- രോഗനിർണ്ണയത്തിനും പര്യവേഷണ സംവിധാനങ്ങൾക്കും പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ലാബ് സജ്ജമാക്കുക.
- മെഡിക്കൽ കോളേജുകളുടെ കമ്മ്യൂണിറ്റി വിഭാഗങ്ങളുടെ സേവനം, പകർച്ചവ്യാധി നിയന്ത്രണം, ലഭ്യമാക്കുക.

ദീർഘകാലരോഗങ്ങൾ ഉള്ളവർക്കായി ബ്ലോക്ക് തലത്തിൽ പരിപാലന കേന്ദ്രങ്ങൾ

ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന പരിപാലനകേന്ദ്രങ്ങൾ ദീർഘകാല രോഗങ്ങൾ, പാലീയേറ്റീവ് കെയർ, വയോജന ക്ലിനിക്കുകൾ, മാനസികാരോഗ്യ സേവനങ്ങൾ, ഹോം കെയർ, ഫിസിയോതെറാപ്പി എന്നിവക്കായുള്ള സേവനങ്ങൾ ഏകോപിക്കുവാൻ സ്ഥാപിക്കണം, സന്നദ്ധ പ്രവർത്തകർക്കായുള്ള പരിശീലനങ്ങൾ, നിശ്ചിച ദിവസ സേവനങ്ങൾ, സ്പെഷ്യലിസ്റ്റ് സേവനങ്ങൾ, സമൂഹത്തിലേക്ക് എത്തിചേരുന്ന 'ഔട്ടിറീച്ച്' സേവനങ്ങളുടെ ഏകോപനം എന്നിവയെല്ലാം ഇത്തരം കേന്ദ്രങ്ങളുടെ ലക്ഷ്യമായിരിക്കും.

പഞ്ചായത്ത് തലത്തിൽ 100 പേരടങ്ങുന്ന ആരോഗ്യസേന

പ്രാഥമിക പൊതുജനാരോഗ്യ സേവനങ്ങൾ നൽകുവാൻ പരിശീലനം സിദ്ധിച്ച 100 പേർ എല്ലാ പഞ്ചായത്തുകളിലും ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം. ഇവർക്കായി ആദ്യ ഘട്ടത്തിൽ 3ദിവസത്തെ പരിശീലനങ്ങൾ എല്ലാ പഞ്ചായത്തുകളിലും നടത്തേണ്ടി വരും.

മാതൃശിശു ആരോഗ്യം

പ്രതിരോധ കുത്തിവെയ്പ്പ് നിരക്ക് 100% കൈവരിക്കുക എന്ന ലക്ഷ്യത്തിലെത്തുവാൻ ബഹുജനപങ്കാളിത്തം ഉറപ്പുവരുത്തുക. സ്വകാര്യ ആശുപത്രികൾ, ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് എന്നിവരുടെ സഹകരണത്തോടെ റിപ്പോർട്ടിങ്ങ് ശക്തിപ്പെടുത്തുക. ഇതിനായി ഒരു മൊബൈൽ ആപ്പ് തയ്യാറാക്കുക.

നഗരങ്ങളിലെ പൊതുജനാരോഗ്യം

50,000 പേർക്ക് ഒരു നഗരപ്രാഥമികാ രോഗ്യം കേന്ദ്രം എന്നതാണ് ലക്ഷ്യം. കുടുംബാരോഗ്യ കേന്ദ്രത്തിൽ ലഭ്യമാകുന്ന എല്ലാ സേവനങ്ങളും നഗരാരോഗ്യ

കേന്ദ്രങ്ങളിലും ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം.

മാനസിക ആരോഗ്യം
സാമൂഹ്യ മാനസിക ആരോഗ്യപദ്ധതി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്കും വ്യാപിപ്പിക്കുക.

വൃദ്ധരുടെ ആരോഗ്യം
സമഗ്ര വൃദ്ധാരോഗ്യസംരക്ഷണം പരിപാടി ആസൂത്രണം ചെയ്യും. ജില്ലാ ആശുപത്രികളിൽ വൃദ്ധസൗഹൃദ വാർഡുകൾ ഒരുക്കണം. വൃദ്ധജന ക്ലബ്ബുകൾ പ്രാദേശിക തലത്തിൽ സംഘടിപ്പിക്കും. കുടുംബാരോഗ്യ കേന്ദ്രങ്ങൾ വൃദ്ധസൗഹൃദമാക്കുക.

ട്രോമ കെയർ
സന്നദ്ധ പ്രവർത്തകർക്ക് കാർഡിയോ പൾമണറി റിസസിറ്റേഷൻ പരിശീലനം നൽകുക. ആംബുലൻസ് ശൃംഖലകൾ രൂപീകരിക്കുക, എല്ലാ താലൂക്ക് ആശുപത്രികളിലും സ്പെഷ്യലിസ്റ്റ് സൗകര്യങ്ങളും, ജനറൽ ആശുപത്രിയിലും മെഡിക്കൽ കോളേജിലും ന്യൂറോളജി സേവനം ഉൾപ്പെടെ ഒരുക്കുക എന്നതാണ് ലക്ഷ്യം. എം.ആർ.ഐ സ്കാൻ ജനറൽ ആശുപത്രിയിൽ ലഭ്യമാണ്

എച്ച്.ആർ എണ്ണത്തിൽ വേണ്ടുന്ന വർദ്ധന
പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആയി മാറുമ്പോൾ 165 അധിക ഡോക്ടർമാരും 238 സ്റ്റാഫ് നഴ്സുമാരുടേയും അധിക തസ്തിക ആവശ്യമായി വരും.

പൊതുസ്വകാര്യ പങ്കാളിത്തം
സ്വകാര്യമേഖലയിലാണ് ഭൂരിഭാഗം രോഗികളും ആശ്രയിക്കുന്നത്. എന്നതിനാൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ ഉറപ്പുവരുത്തേണ്ടതുണ്ട്. അതിനായി സ്വകാര്യമേഖലയിലെ ഡോക്ടർമാർ, നേഴ്സുമാർ എന്നിവർക്കും എല്ലാ പൊതുജനാരോഗ്യ പരിശീലനങ്ങളും നൽകേണ്ടതായുണ്ട്.

ജീവിതശൈലീ രോഗനിയന്ത്രണം

- ആരോഗ്യപ്രോത്സാഹന ക്ലബ്ബുകൾ സന്നദ്ധപ്രവർത്തകരുടെ നേതൃത്തിൽ ഓരോ വാർഡുകളിലും/ ഡിവിഷനുകളിലും രൂപീകരിക്കും. ആരോഗ്യകരമായ ഭക്ഷണക്രമം, നല്ല ജീവിതശൈലി, പാരിസ്ഥിതിക ആരോഗ്യം, ശുചിത്വം തുടങ്ങിയ കാര്യങ്ങളിൽ ജനങ്ങളെ ബോധവത്ക്കരിക്കുക എന്നതാണിതിന്റെ ലക്ഷ്യം.
- ഹൃദ്രോഗ അപായ സാധ്യത കുറക്കൽ: എല്ലാ ജീവിതശൈലീ രോഗങ്ങൾ നിർണ്ണയിക്കുവാനുള്ള സംവിധാനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരുക്കുക. വ്യായാമം പ്രോത്സാഹിപ്പിക്കാനും അതിനുള്ള സൗകര്യങ്ങൾ ഒരുക്കുവാനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശ്രമിക്കണം.
- പുകയിലയുടെ ഉപയോഗം ഗണ്യമായി കുറുക്കുവാനും പുതിയതായി ഈ ശീലം തുടങ്ങാതിരിക്കുവാനും സ്കൂൾ തലത്തിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് പദ്ധതി COTPA നിയമത്തിന്റെ കർശനമായ നടത്തിപ്പ്.
- പഴം, പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയും അവയുടെ ഉപഭോഗം ജനങ്ങളിൽ വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ.

ആദിവാസികളുടെ ആരോഗ്യം
രക്തക്കുറവ്, പോഷകാഹാരക്കുറവും എന്നിവ പരിഹരിക്കുവാനുള്ള പദ്ധതികൾ. മാതൃശിശു ക്ഷേമത്തിനായി പ്രത്യേക പദ്ധതികളും രൂപീകരിക്കും. മൊബൈൽ ക്ലിനിക്കിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുക.

പാലിയേറ്റീവ് കെയർ
എല്ലാ തലത്തിലുമുള്ള ചികിത്സയും തുടർച്ചയെന്നോണം ആരോഗ്യ സംവിധാനത്തിലേക്ക് സംയോജിപ്പിക്കുക.

കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികൾ, അന്തർമേഖല കർമ്മപരിപാടികൾ എന്നിവ കൃത്യമായ കാര്യക്ഷമതയോടും സുതാര്യതയോടും കൂടി നടപ്പിലാക്കുക.

5.1.10 ഹോമിയോപ്പതി

സംസ്ഥാന പദ്ധതികൾ

1) സീതാലയം

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഗാർഹികപീഠനം, വിവാഹമോചനം, ലൈംഗികപീഠനം, കുട്ടികൾക്കെതിരെയുള്ള അതിക്രമം, കുടുംബാംഗങ്ങളുടെ മദ്യം/പുകയില തുടങ്ങിയ ലഹരികളുടെ ഉപയോഗം, ആത്മഹത്യാ പ്രവണത, കൗമാരക്കാരുടെ പ്രശ്നങ്ങൾ തുടങ്ങിയവ ഏറ്റവുമധികം വ്രണപ്പെടുത്തുന്നത് സ്ത്രീകളെയാണ്. ആയതിനാൽ അവരുടെ ശാരീരിക-മാനസിക-വൈകാരിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുവേണ്ടി തുടങ്ങിയ പദ്ധതിയാണിത്. മെഡിക്കൽ ഓഫീസറും പാരാമെഡിക്കൽ ജീവനക്കാരും വനിതകളാണ്. ചികിത്സയ്ക്ക് പുറമെ കൗൺസിലിംഗും നിയമസഹായവും ലഭ്യമാണ്.

2) സദ്ഗമയ

കൗമാരക്കാരുടെ ശാരീരിക മാനസിക പ്രശ്നങ്ങൾ മദ്യം, മയക്കുമരുന്ന് ഉപയോഗം, ആധുനിക ഇലക്ട്രോണിക് മാധ്യമങ്ങളുടെ ദുരുപയോഗം എന്നിവ സമൂഹത്തിൽ വർദ്ധിച്ചുവരുന്നു. ഇത്തരം പ്രശ്നങ്ങൾക്ക് ഹോമിയോപതിയിലൂടെ പരിഹാരം കാണുന്നതിന് 2014 ഏപ്രിലിൽ ആരംഭിച്ച പദ്ധതിയാണ് സദ്ഗമയ. സ്പെഷ്യൽ എഡ്യൂക്കേഷൻ ടീച്ചർ, സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനവും ലഭ്യമാണ്.

3) ആയുഷ്മാൻഭവ

ഇതര ആയുഷ് ചികിത്സാ രീതികളായ യോഗ, നേച്ചറോപ്പതി എന്നിവയുടെ സേവനം ഹോമിയോപ്പതി ചികിത്സയുമായി സംയോജിപ്പിച്ച് ജീവിതശൈലി രോഗചികിത്സയ്ക്കും പ്രതിരോധത്തിനും വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണിത്. 2013 സെപ്റ്റംബറിൽ എറണാകുളം ജില്ലാ ഹോമിയോ ആശുപത്രിയിലാണ് ഈ ക്ലിനിക്ക് പ്രവർത്തിച്ചുവരുന്നത്.

4) RAECH : സാംക്രമികരോഗ നിയന്ത്രണ സെൽ

ജില്ലയിലെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുകയും ചെയ്യുന്നു.

5) പാലിയേറ്റീവ് പരിചരണം

കിടപ്പുരോഗികളും വിട്ടുമാറാത്ത രോഗങ്ങളുള്ളവരും ഓരോ തദ്ദേശഭരണ പ്രദേശത്തും വർദ്ധിച്ചുവരുന്നു. രോഗാവസ്ഥയുടെ അവസാന ഘട്ടങ്ങളിൽ പാലിയേറ്റീവ് പരിചരണം ആവശ്യമായിവരുന്നു എന്നതും ആരോഗ്യമേഖലയിൽ ഈ വിഭാഗത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാണിക്കുന്നു. ഡോക്ടറുടെയും നേഴ്സിന്റെയും നേതൃത്വത്തിൽ ഗൃഹ കേന്ദ്രീകൃത പരിചരണവും ആശുപത്രിയിൽ കിടത്തിചികിത്സ ആവശ്യമായിട്ടുള്ളവർക്ക് ദ്വിതീയതലത്തിലുള്ള പരിചരണവും നൽകുന്നു.

5.1.11 ആയുർവേദം

സംസ്ഥാന പദ്ധതി

പട്ടിക-5.54

ക്രമ നം.	പദ്ധതിയുടെ പേര്	(രൂപ ലക്ഷത്തിൽ)	
		പദ്ധതി വിഹിതം	ചെലവ്
1	മരുന്ന് വാങ്ങൽ	725.06	725.06

അവലംബം ബഡ്ജറ്റ് 2017-18

5.1.12 കുടിവെള്ളം

കേന്ദ്രാവിഷ്കൃത പദ്ധതി

എറണാകുളം ജില്ലയിൽ ഇപ്പോൾ നടന്നുവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 27 പ്രവർത്തികളിൽ പൈപ്പ്ലൈൻ നീട്ടൽ, പൈപ്പ് ലൈൻ മാറ്റൽ, കുടിവെള്ള പുനരുദ്ധാരണപദ്ധതി എന്നിവക്കായി ഭരണാനുമതി ലഭിച്ച 3470.795 ലക്ഷം രൂപയുടെ പ്രവർത്തി തീരുമ്പോൾ 561678 പേർക്ക് പ്രയോജനം ലഭിക്കുന്നതാണ്.

സംസ്ഥാനാവിഷ്കൃത പദ്ധതി

എറണാകുളം ജില്ലയിൽ ഇപ്പോൾ നടന്നുവരുന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 168 പ്രവർത്തികളിൽ പൈപ്പ്ലൈൻ നീട്ടൽ, പൈപ്പ് ലൈൻ മാറ്റൽ, കുടിവെള്ള പുനരുദ്ധാരണപദ്ധതി എന്നിവക്കായി ഭരണാനുമതി ലഭിച്ച 13497.7 ലക്ഷം രൂപയുടെ പ്രവർത്തി തീരുമ്പോൾ 1978132 പേർക്ക് പ്രയോജനം ലഭിക്കുന്നതാണ്.

പട്ടിക-5.55

ക്രമ നം.	പദ്ധതിയുടെ പേര്	(രൂപ ലക്ഷത്തിൽ)	
		പദ്ധതി വിഹിതം	ചെലവ്
1	കേരള വാട്ടർ അതോറിറ്റിയുടെ കെട്ടിടം പുനരുദ്ധാരണം	10	
2	ഇനവേറ്റീവ് ടെക്നോളജീസ്	380	
3	ഒപ്റ്റിമൈസേഷൻ ഓഫ് പ്രോഡക്ഷൻ ആന്റ് ട്രാൻസ്മിഷൻ	174.5	
4	കുടിവെള്ള വിതരണ പദ്ധതി	1400	1.82
5	വാട്ടർ സപ്ലൈ ഡിവിഷൻ & സീവറേജ്	1595.93	1595.93
	ആകെ	**3560.43**	**1597.75**

അവലംബം ബഡ്ജറ്റ് 2017-18

എം.എൽ.എ ഫണ്ട്

എറണാകുളം ജില്ലയിൽ ഇപ്പോൾ നടന്നുവരുന്ന എം.എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തി 72 പ്രവർത്തികളിൽ പൈപ്പ്ലൈൻ നീട്ടൽ, പൈപ്പ് ലൈൻ മാറ്റൽ, കുടിവെള്ള പുനരുദ്ധാരണപദ്ധതി എന്നിവക്കായി ഭരണാനുമതി ലഭിച്ച 2197.41 ലക്ഷം രൂപയുടെ പ്രവർത്തി തീരുമ്പോൾ 107500 പേർക്ക് പ്രയോജനം ലഭിക്കുന്നതാണ്.

എം.പി. ഫണ്ട്

എറണാകുളം ജില്ലയിൽ ഇപ്പോൾ നടന്നുവരുന്ന എം.പി. ഫണ്ടിൽ ഉൾപ്പെടുത്തി 3 പ്രവർത്തികളിൽ പൈപ്പ്ലൈൻ നീട്ടൽ, പൈപ്പ് ലൈൻ മാറ്റൽ, കുടിവെള്ള പുനരുദ്ധാരണ പദ്ധതി എന്നിവക്കായി ഭരണാനുമതി ലഭിച്ച 69.5 ലക്ഷം രൂപയുടെ പ്രവർത്തി തീരുമ്പോൾ 1750 പേർക്ക് പ്രയോജനം ലഭിക്കുന്നതാണ്.

മൈനോരിറ്റി ഫണ്ട്

എറണാകുളം ജില്ലയിൽ ഇപ്പോൾ നടന്നുവരുന്ന മൈനോരിറ്റി ഫണ്ടിൽ ഉൾപ്പെടുത്തി 1 പ്രവർത്തിയിൽ പൈപ്പ്ലൈൻ നീട്ടൽ, പൈപ്പ് ലൈൻ മാറ്റൽ, കുടിവെള്ള പുനരുദ്ധാരണ പദ്ധതി എന്നിവക്കായി ഭരണാനുമതി ലഭിച്ച 16 ലക്ഷം രൂപയുടെ പ്രവർത്തി തീരുമ്പോൾ 750 പേർക്ക് പ്രയോജനം ലഭിക്കുന്നതാണ്.

ജിഡ, ജലനിധി

എറണാകുളം ജില്ലയിൽ ഇപ്പോൾ നടന്നുവരുന്ന മറ്റുള്ള (ജിഡ-2, ജലനിധി-2) ഫണ്ടിൽ ഉൾപ്പെടുത്തി 4 പ്രവർത്തികളിൽ പൈപ്പ്ലൈൻ നീട്ടൽ, പൈപ്പ് ലൈൻ മാറ്റൽ, കുടിവെള്ള പുനരുദ്ധാരണപദ്ധതി എന്നിവക്കായി ഭരണാനുമതി തുക യഥാക്രമം 8785, 6000 ലക്ഷം രൂപയുടെ പ്രവർത്തി തീരുമ്പോൾ 196184, 130269 പേർക്ക് പ്രയോജനം ലഭിക്കുന്നതാണ്

5.1.13 ഭൂജല വകുപ്പ്

സംസ്ഥാന സർക്കാർ വരൾച്ചാ ദുരിതാശ്വാസ പദ്ധതി 2016 –2017

പട്ടിക–5.56

ക്രമ നം.	പദ്ധതിയുടെ തരം	പൂർത്തീകരിച്ചവയുടെ എണ്ണം	ആകെ ഗുണഭോക്താക്കളുടെ എണ്ണം
1	ഹാൻഡ് പമ്പ് സ്കീം	1	20 കുടുംബങ്ങൾ
2	ഹാൻഡ് പമ്പ് റിപ്പയർ	180	3500 കുടുംബങ്ങൾ

അവലംബം ബഡ്ജറ്റ് 2016–17

മേൽപറഞ്ഞ പദ്ധതികൾക്കു പുറമെ ഭൂജല വകുപ്പു മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ എം.എൽ.എ.എസ്.ഡി.എഫ്., പട്ടികജാതി വിഭാഗങ്ങൾക്കായുള്ള കോർപ്പസ് ഫണ്ട് പദ്ധതികൾ എന്നിവയും നടപ്പിലാക്കി വരുന്നു.

ഭൂജല പരിപോഷണ സംവിധാനം

വനിതാ ഐ.ടി.ഐ., കളമശ്ശേരിയിൽ കിണർ റീചാർജ്ജിംഗ് എന്നീ പദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി/ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റ് പ്രകാരം, ജില്ലയിലെ വിവിധ സ്ഥലങ്ങളിലായി 38 കിണറുകൾ, 24 കുഴൽകിണറുകൾ, ഒരു ട്യൂബ്വെൽ എന്നിവ നിരീക്ഷണ കിണറുകളായി തെരഞ്ഞെടുത്ത് മാസംതോറും ജില്ലയിലെ ജലനിരപ്പ് അവലോകനം ചെയ്യുന്നു. പ്രസ്തുത ഡാറ്റയുടെ അടിസ്ഥാനത്തിൽ 2017 ലെ വരൾച്ചയിൽ ഭൂജല സൂചിക കണക്കാക്കി വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. നിരീക്ഷണ കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരവും പരിശോധനയ്ക്ക് വിധേയമാക്കുന്നു.

5.1.14 ശുചിത്വം

കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. **സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)**

പട്ടിക–5.57

2014–15 മുതൽ 2016–17 വരെയുള്ള സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺന്റെ) മാലിന്യശേഖരണ പദ്ധതികളുടെ സംക്ഷിപ്തരൂപം

പദ്ധതിയുടെ പേര്	പഞ്ചായത്തുകളുടെ എണ്ണം	ആകെ ചെലവായത്
ബയോഗ്യാസ് പ്ലാന്റ്	28	94,73,988/-
പൈപ്പ് കമ്പോസ്റ്റ്	27	
ബയോ ഡൈജസ്റ്റർ പോട്ട്	4	
ബക്കറ്റ് കമ്പോസ്റ്റ്	1	

അവലംബം ബഡ്ജറ്റ് 2016–17

ഒക്ടോബർ 15-ന് എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ വെളിയിട മലമൂത്ര വിസർജ്ജന രഹിതമായി പ്രഖ്യാപിച്ചു. ഈ പദ്ധതിയിലൂടെ ജില്ലയിലെ 82

പഞ്ചായത്തുകളിലായി വ്യക്തിഗത ശൗചാലയ യൂണിറ്റുകൾ പണിതു. ആയതിന് വിവിധ പഞ്ചായത്തുകളിലായി 12 കമ്മ്യൂണിറ്റി ടോയ്‌ലറ്റുകൾ പണിയുകയും 2160000/- രൂപ ജില്ലാ ശുചിത്വ മിഷൻ ചിലവാക്കി.

2. സ്വച്ഛ് ഭാരത് മിഷൻ (അർബൻ)

2015-16 മുതൽ സ്വച്ഛ് ഭാരത് അർബൻ പദ്ധതിയിലൂടെ വിവിധ നഗരസഭയിലും കോർപ്പറേഷനിലും മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് ജില്ലാ ശുചിത്വ മിഷൻ സഹായിക്കുന്നു. ജില്ലയിലെ 13 നഗരസഭകളും വെളിയിട മലമൂത്ര വിസർജ്ജനരഹിതമായി പ്രഖ്യാപിക്കുകയും കോർപ്പറേഷനിൽ വ്യക്തഗത ശൗചാലയത്തിന്റെ പണി ഏതാണ്ട് അന്തിമഘട്ടത്തിൽ എത്തിച്ചേരുകയും ചെയ്തിരിക്കുന്നു. കോർപ്പറേഷൻ ഉൾപ്പെടെ നഗര സ്ഥാപനങ്ങളിലായ് 3407 ടോയ്‌ലറ്റ് പണിതുതീർക്കുവാനുള്ളതിൽ 3290 ടോയ്‌ലറ്റ് യൂണിറ്റുകളുടെ പണിപൂർത്തിയാക്കുകയും ചെയ്തുകഴിഞ്ഞു.

കൂടാതെ വിവിധ നഗരസഭകളിലുമായ് 10 തുമ്പൂർമൊഴി മോഡൽ മാലിന്യ സംസ്കരണ സംവിധാനവും ബയോഗ്യാസ് പ്ലാന്റും സ്ഥാപിക്കുവാൻ കഴിഞ്ഞു.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

പട്ടിക-5.58

തദ്ദേശഭരണ സ്ഥാപനം	പ്രൊജക്ടിന്റെ പേര്	അനുമതി നൽകിയ തുക	റിമാർക്സ്
ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത്	ബയോഗ്യാസ് പ്ലാന്റ്	1,35,000	24 എണ്ണം പൂർത്തീകരിച്ചു
നെടുമ്പാശ്ശേരി	ബയോഗ്യാസ് പ്ലാന്റ്	4,80,000	96 എണ്ണ ംപൂർത്തീകരിച്ചു
	ബക്കറ്റ് കംപോസ്റ്റ്	81,000	108 എണ്ണം പൂർത്തീകരിച്ചു
കൂത്താട്ടുകുളം മുനിസിപ്പാലിറ്റി	എയ്റോബിക് പിൻ & ആർ.ആർ.എഫ്	4,45,500	വർക്ക് തുടരുന്നു

അവലംബം ബഡ്ജറ്റ്

ഹരിതകേരളം മിഷൻ പദ്ധതികൾ

പട്ടിക-5.59

സമഗ്ര ശുചിത്വ മാലിന്യ സംസ്കരണ പദ്ധതി (CWMP) സ്ഥിതിവിവര കണക്ക്			
തദ്ദേശഭരണ സ്ഥാപനം	ആരംഭിച്ച സ്ഥാപനങ്ങൾ	2017-18 വർഷം ആരംഭിക്കുന്ന സ്ഥാപനങ്ങൾ	2018-19 വർഷം ആരംഭിക്കുന്ന സ്ഥാപനങ്ങൾ
ബ്ലോക്കുപഞ്ചായത്തുകൾ	10	10	62
നഗരസഭകൾ	6	1	7

അവലംബം ബഡ്ജറ്റ്

5.1.15 പാർപ്പിടം

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനവും പ്രസ്തുത പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും

സ്വാതന്ത്ര്യാനന്തര ഇന്ത്യാ-പാക് വിഭജനത്തെ തുടർന്നുണ്ടായ അഭയാർത്ഥി പുനരധിവാസത്തിനായാണ് ആദ്യമായി

ഭാരതത്തിൽ പൊതുപാർപ്പിട പദ്ധതി ആരംഭിക്കുന്നത്.

1960 - കളുടെ അവസാനം ആരംഭിച്ച കേരള സർക്കാരിന്റെ എം.എ.ൻ. ലക്ഷംവീട് പദ്ധതി, കേന്ദ്ര സർക്കാർ 1957 - ൽ ആരംഭിച്ച വില്ലേജ് ഹൗസിംഗ് പ്രോഗ്രാം (വി.എച്ച്.പി), മുതലായ പദ്ധതികളിലൂടെയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഭവന പദ്ധതികൾക്ക് തുടക്കമിടുന്നത്. തുടർന്നുവന്ന തൊഴിൽദാന പദ്ധതികളായ എൻ.ആർ.ഇ.പി (1980) ആർ.എൽ.ഇ.ജി.പി (1983), ജെ.ആർ.വൈ (1993) എന്നീ പദ്ധതികൾ പാർപ്പിട മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകി. കേരള സർക്കാർ 2009-10 ൽ തുടങ്ങിയ ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയിലൂടെ 31/03/2012 വരെ 128874 വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.

ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭവനരഹിതർക്കും വീട് നൽകുക, എല്ലാ ഭൂരഹിത ഭവനരഹിതർക്കും സ്ഥലവും വീടും നൽകുക എന്നീ ലക്ഷ്യങ്ങളോടെ ആവിഷ്ക്കരിച്ചിട്ടുള്ള ഇ.എം.എസ് ഭവന പദ്ധതി 2009-10 ൽ തുടങ്ങി 2011 മാർച്ച് 31 ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഈ കാലയളവിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ നിർവ്വഹണ കാലയളവ് 2012 മാർച്ച് 31 വരെ ദീർഘിപ്പിച്ചിരുന്നു. ജനറൽ വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും യൂണിറ്റ് കോസ്റ്റ് ഒന്നിന് 2 ലക്ഷം രൂപയും പട്ടികവർഗ്ഗത്തിന് 2.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ച് 15/09/2011 മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 128874 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഇന്ദിര ആവാസ് യോജന (ഐ.എ.വൈ)

ബി.പി.എൽ വിഭാഗക്കാരുടെ പാർപ്പിട ആവശ്യം നിറവേറ്റുന്നതിന് ലക്ഷ്യമിട്ട് 1985 ൽ തുടങ്ങിയ ഇന്ദിര ആവാസ് യോജന (ഐ.എ.വൈ) 1996 ജനുവരി 2 മുതൽ ഒരു സ്വതന്ത്ര പാർപ്പിട പദ്ധതിയായി മാറ്റപ്പെട്ടു. ഇന്ദിരാ ആവാസ് യോജനയിൽ പുതിയ വീടുകളുടെ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന തുക 70000 രൂപയാണ്. ഇത് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിൽ വകയിരുത്തുന്നു. എന്നാൽ കേരളത്തിൽ ഐ.എ.വൈ ഗുണഭോക്താക്കൾക്കുള്ള യൂണിറ്റ് കോസ്റ്റ് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിന് 3 ലക്ഷമായും പൊതുവിഭാഗത്തിന് 2 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കുമുലമുണ്ടായ ബാദ്ധ്യതയിൽ യൂണിറ്റ് ഒന്നിന് 50000 രൂപ വീതം സംസ്ഥാന സർക്കാർ അധിക സഹായമായി നൽകുന്നു. കൂടാതെ പട്ടികജാതി, പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് അധികരിച്ച നിരക്കിൽ തുക നൽകുന്ന തിലേയ്ക്കായി ഒരു ലക്ഷം രൂപ വീതം പട്ടികജാതി വകുപ്പും 50000 രൂപ വീതം പട്ടികവർഗ്ഗ വകുപ്പും ബാക്കിയുള്ള തുക ഗ്രാമ- ബ്ളോക്ക് -ജില്ലാ പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിലും വകയിരുത്തുന്നുണ്ട്. 2015 -16 സാമ്പത്തിക വർഷം മുതൽ ധനസഹായം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് സംസ്ഥാനത്തു നിന്നും നൽകി വരുന്നു.

31/03/2016 - ൽ ഇന്ദിരാ ആവാസ് യോജന പദ്ധതി അവസാനിച്ചു. ഈ കാലയളവ് വരെ അനുവദിച്ച വീടുകളിൽ 460 വീടുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. 31/03/2018 - ഓടെ ഐ.എ.വൈ പദ്ധതിയിൽ അനുവദിക്കപ്പെട്ട എല്ലാ വീടുകളുടേയും നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) - പി.എം.എ.വൈ (ജി)

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായ ത്തിൽപ്പെട്ടവർക്കും സൗജന്യമായി വീട് നിർമ്മിച്ചുകൊണ്ട് അവരുടെ പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഉണ്ടായിരുന്ന ഇന്ദിര ആവാസ് യോജന പദ്ധതി 2015-16 ൽ നിർത്തലാക്കി പകരം ആരംഭിച്ച പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) 2022 -ാം ആണ്ടോടുകൂടി ഉപയോഗശൂന്യവും ജീർണ്ണിച്ചതു മായ എല്ലാ വീടുകളും എല്ലാ

അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള പൂർണ്ണ ഭവനങ്ങളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം

ഐ.എ.വൈ പദ്ധതി ഗുണഭോക്താക്കളെ ഗ്രാമസഭയാണ് തെരഞ്ഞെടുത്തിരുന്നതെങ്കിൽ PMAY(G)- യിൽ ഗുണഭോക്താക്കളെ നിർണ്ണയിക്കുന്നത് 2011-12-ൽ നടത്തിയ സാമൂഹിക - സാമ്പത്തിക - ജാതി സെൻസസ് (SECC) ലിസ്റ്റിൽ നിന്നാണ്.

ഓരോ വിഭാഗങ്ങൾക്കും അനുവദിക്കുന്ന തുക

പട്ടിക-5.60

ഫണ്ടിന്റെ സ്രോതസ്സ്	പൊതു/ന്യൂനപക്ഷ വിഭാഗം	പട്ടികജാതി വിഭാഗം	പട്ടികവർഗ്ഗ വിഭാഗം
കേന്ദ്ര/സംസ്ഥാന വിഹിതം	**120000**	**120000**	**120000**
ഗ്രാമപഞ്ചായത്ത്	**20000**	**20000**	**32500**
ബ്ലോക്ക്പഞ്ചായത്ത് വിഹിതം	**32000**	**32000**	**52000**
ജില്ലാപഞ്ചായത്ത് വിഹിതം	**28000**	**28000**	**54500**
പട്ടികജാതി വികസന വകുപ്പ്	**0**	**100000**	**0**
പട്ടികവർഗ്ഗ വികസന വകുപ്പ്	**0**	**0**	**100000**
ആകെ	**200000**	**300000**	**350000**

അവലംബം ബഡ്ജറ്റ്

പി.എം.എ.വൈ - പുരോഗതി

പി.എം.എ.വൈ പദ്ധതി മുഖേന എറണാകുളം ജില്ലയിൽ 2016-17 സാമ്പത്തിക വർഷത്തിൽ 506 വീടുകളും 2017-18 നടപ്പു സാമ്പത്തിക വർഷത്തിൽ നവംബർ 30 വരെ 87 വീടുകളും അനുവദിച്ചിട്ടുണ്ട്. വിശദമായ റിപ്പോർട്ട് താഴെ ചേർക്കുന്നു.

പട്ടിക-5.61

വർഷം	അനുവദിച്ച വീടുകളുടെ എണ്ണം					പൂർത്തീകരിച്ച വീടുകളുടെ എണ്ണം					പൂർത്തീകരിക്കാനുള്ളവ						
	എസ്.സി	എസ്.ടി	ന്യൂന പക്ഷ വിഭാഗം	മറ്റുള്ളവ	ആകെ	എസ്.സി	എസ്.ടി	ന്യൂന പക്ഷ വിഭാഗം	മറ്റുള്ളവ	ആകെ	എഫ്.വി	ഡബ്ല്യു.പി	ആർ.എൽ	എൻ.എസ്	ആർ.ആർ	തിരിച്ചടവ്	ആകെ
2016-17	97	34	172	203	506	25	2	83	95	205	86	113	79	22	0	1	301
2017-18	18	17	21	31	87	0	0	2	0	2	27	3	1	54	0	0	85
ആകെ	**115**	**51**	**193**	**234**	**593**	**25**	**2**	**85**	**95**	**207**	**113**	**116**	**80**	**76**	**0**	**1**	**386**

അവലംബം ബഡ്ജറ്റ് 2017-18

ഇനിയും ഭവന നിർമ്മാണം പൂർത്തിയാക്കാത്ത 386 വീടുകളുടേയും നിർമ്മാണം 2018 മാർച്ച 31 - ഓടുകൂടി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്.

ലൈഫ് - സമ്പൂർണ്ണ ഭവന പദ്ധതി

അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായ ഭാഗമാക്കുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമപദ്ധതികളുടേയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക

എന്നതാണ് കേരള സർക്കാരിന്റെ ലൈഫ് പദ്ധതിയുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ, പുറമ്പോക്കിലോ, തീരദേശമേഖലയിലോ, തോട്ടം മേഖലയിലോ, താൽക്കാലിക ഭവനമുള്ളവർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ച് ഏകോപിപ്പിച്ചായിരിക്കും പദ്ധതി നടപ്പാക്കുക.

ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി ഏകമാനമായ ഒരു ഭവന നിർമ്മാണ സ്ക്കീം അല്ല എന്നതാണ് ഈ മിഷൻ സമീപനത്തിന്റെ ആദ്യ സവിശേഷത. ഇത് പാർപ്പിട മേഖലയിൽ കേരളം അഭിമുഖീകരിക്കുന്ന ബഹുമുഖവും സമ്മിശ്രവുമായ പ്രശ്നങ്ങൾക്ക് ജനപങ്കാളിത്തത്തോടെയും ആധുനിക സാങ്കേതിക വിദ്യകളുടെ പിന്തുണയോടെയും പരിഹാരം കാണാനുള്ള സമഗ്ര പദ്ധതിയാണ്.

പ്രത്യേകം ശ്രദ്ധ ആവശ്യപ്പെടുന്ന വിഭാഗമാണ് ഭൂരഹിത ഭവന രഹിതർ. ആകെ ഭവന രഹിതരിൽ പകുതിയോളവും ഉൾപ്പെടുന്ന ഇവർക്കായി വീട് വെയ്ക്കുവാനുള്ള സ്ഥലവും കൂടി സർക്കാർ കണ്ടെത്തേണ്ടതുണ്ട്. അതുകൊണ്ടുതന്നെ മുൻകാല ഭവനപദ്ധതികളിൽ താരതമ്യേന കുറഞ്ഞ പരിഗണന മാത്രം ലഭിച്ചിട്ടുള്ള വിഭാഗമാണ് ഇത്. കേരളത്തിലെ സ്ഥല ലഭ്യതയുടെ കുറവുതന്നെയാണ് ഇവരുടെ പ്രശ്നപരിഹാരം ദുർവ്വഹമാക്കുന്ന ഒന്നാമത്തെ ഘടകം.

ഈ സ്ഥലം എവിടെയെങ്കിലും കണ്ടെത്തിയാൽപോര എന്നതാണ് രണ്ടാമത്തെ പ്രശ്നം. ജീവിതോപാധിയായ തൊഴിലുകളിൽ ഏർപ്പെടുന്നതിനു കൂടി സഹായകമായ സ്ഥലത്താകണം വീട്.

ലൈഫ് – പുരോഗതി

എറണാകുളം ജില്ലയിൽ പണിപൂർത്തിയാക്കാത്ത 1074 വീടുകൾ നിലവിലുണ്ട്. ജൂലൈ 31 2018 പ്രകാരം 1005 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടു്.

5.1.16 വിദ്യാഭ്യാസം, സംസ്കാരം, കായികം, യുവജനക്ഷേമം

1. സർവ്വ ശിക്ഷ അഭിയാൻ

പ്രാഥമിക വിദ്യാഭ്യാസം സാർവത്രികമാക്കുക എന്ന ലക്ഷ്യത്തോട് കൂടി കേന്ദ്ര സർക്കാർ ആരംഭിച്ച പദ്ധതിയാണ് എസ്.എസ്.എ. കേരളത്തെ സംബന്ധിച്ചിടത്തോളം സാർവത്രിക വിദ്യാഭ്യാസം എന്ന ലക്ഷ്യം നേരത്തെ തന്നെ കൈവരിച്ചിട്ടുള്ളതിനാൽ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർധനവിൽ ആണ് പദ്ധതി ലക്ഷ്യം വക്കുന്നത്. 2009 ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ നടത്തിപ്പ് എസ്.എസ്.എ വഴിയാണ് ചെയ്തു വരുന്നത്. കേന്ദ്ര-സംസ്ഥാന വിഹിതം 65:35 ആയി പദ്ധതിയിൽ സംസ്ഥാന വിഹിതം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴിയാണ് കൈമാറുന്നത്.

പട്ടിക-5.62

സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ) നടത്തിയ വികസനപ്രവർത്തനങ്ങൾ

ക്രമ നം.	നടത്തിയ വികസനപ്രവർത്തനം	ഗുണഭോക്താക്കൾ
1	സൗജന്യപാഠപുസ്തകവിതരണം	1 മുതൽ 8 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികളും
2	സൗജന്യയൂണീഫോം വിതരണം	1 മുതൽ 8 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികളും (എ.പി.എൽ. വിഭാഗം ആൺകുട്ടികൾക്കൊഴികെ)
3	10 ദിവസത്തെ അവധിക്കാല അധ്യാപക പരിശീലനം	എല്ലാ എൽ.പി. വിഭാഗം, യു.പി. വിഭാഗം അധ്യാപകരും

4	ക്ലസ്റ്റർ പരിശീലനം (3 എണ്ണം)	എല്ലാ എൽ.പി. വിഭാഗം, യു.പി. വിഭാഗം അധ്യാപകരും
5	ബി.ആർ.സി.(15 എണ്ണം), സി.ആർ.സി. (1114എണ്ണം)സംവിധാനം ശക്തിപ്പെടുത്തൽ	ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളും
6	സ്ക്കൂൾ ഗ്രാന്റ് (എൽ.പി. തലം-5000 രൂപ, യു.പി. തലം-7000 രൂപ, എൽ.പി. തലവും, യു.പി. തലവും ഒരുമിച്ചുള്ളവക്ക് - 12000).	ജില്ലയിലെ മുഴുവൻ എയ്ഡഡ് ഗവൺമെന്റ് വിദ്യാലയങ്ങളും(ആകർഷവും വൃത്തിയുള്ളതുമായ വിദ്യാലയ അന്തരീക്ഷം ഒരുക്കുന്നതിന്)
7	മെയിന്റനൻസ്ഗ്രാന്റ് (എൽ.പി.തലം -7500 രൂപ, യു.പി. തലം-7500 രൂപ, എൽ.പി.തലവും,യു.പി.തലവും ഒരുമിച്ചുള്ളവക്ക് - 12000 രൂപ	ജില്ലയിലെ മുഴുവൻ ഗവൺമെന്റ് വിദ്യാലയങ്ങളും (സ്ക്കൂൾ പൂർണ്ണമായും-ടോയ്ലറ്റുകളടക്കം - ആകർഷവും വൃത്തിയുള്ളതാക്കി മാറ്റുന്നതിന്)
8	ടീച്ചർ ഗ്രാൻഡ്	1 മുതൽ 8 വരെ ക്ലാസുകളിൽ അധ്യാപകർക്ക് 500 രൂപ പ്രതിവർഷ ടീച്ചർ ഗ്രാൻഡ്
9	(നാഷണൽ അച്ചീവ്മെന്റ് സ്റ്റഡി) ഗവേഷണവും വിലയിരുത്തലും	ജില്ലയിലെ 173 വിദ്യാലയങ്ങളിലെ 3,5,8 ക്ലാസുകളിലെ വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം വിലയിരുത്താനും പരിഹാരപ്രവർത്തനങ്ങൾക്കും
10	ഐ.ഇ.ഡി.സി.(ഭിന്നശേഷിയുള്ള കുട്ടികളുടെ വികസനം) 1) വൈദ്യപരിശോധന ക്യാമ്പ് 2) സഹായ ഉപകരണവിതരണം 3)എസ്കോർട്ട്/ട്രാൻസ്പോർട്ട് അലവൻസ് വിതരണം 4) ലോകഭിന്നശേഷി ദിനാചരണം 5) സഹവാസക്യാമ്പ് 6) പഠനവിനോദയാത്രകൾ	ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളിലേയും ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ പഠനപ്രശ്നങ്ങൾ വിലയിരുത്താനും പരിഹാരപ്രവർത്തനങ്ങൾക്കും

അവലംബം ബഡ്ജറ്റ്

പട്ടിക-5.63

സർവ്വശിക്ഷാഅഭിയാൻ (എസ്.എസ്.എ) നടത്തിയ വികസനപ്രവർത്തനങ്ങൾ

ക്രമ നം.	നടത്തിയ വികസനപ്രവർത്തനം	ഗുണഭോക്താക്കൾ
1	ഹലോ ഇംഗ്ലീഷ് (പഠന പരിപോഷണ പരിപാടി) - നിയോജക മണ്ഡലതലത്തിൽ	*എൽ. പി. തലത്തിലുള്ള (3/4 ക്ലാസ്സുകളിലെ) അധ്യാപകർക്ക് 5 ദിവസ ട്രൈഔട്ട് പരിപാടി *ഇംഗ്ലീഷ് ഭാഷയിൽ ത്മവിശ്വാസത്തോടെ ആശയവിനിമയശേഷി വികസിക്കാൻ
2	മലയാളത്തിളക്കം (പഠനപരിപോഷണ പരിപാടി) - നിയോജകമണ്ഡല തലത്തിൽ	*എൽ. പി. തലത്തിലുള്ള (3/4 ക്ലാസ്സുകളിലെ) കുട്ടികൾക്ക് 30 മണിക്കൂർ സമയത്തേക്കുള്ള ട്രൈഔട്ട് പരിപാടി *പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളിൽ ഭാഷാപഠന നിലവാരം ഉയർത്താൻ
3	സുരീലി ഹിന്ദി	*5, 6, 7 ക്ലാസിലെ കുട്ടികൾക്ക് *ഹിന്ദി പഠനം ലളിതവും രസകരവും ആസ്വാദ്യകരവുമാക്കാൻ

4	ഗണിതവിജയം	യു പി ക്ലാസുകളിലെ കുട്ടികൾക്ക് ഗണിതത്തിലുള്ള പ്രത്യേക പരിശീലനം
5	എസ്.എം.സി. പരിശീലനം/ പി.ആർ.ഐ. പരിശീലനം	*ബി.ആർ.സി.തല ഏകദിനപരിശീലനം *സമഗ്രവിദ്യാലയ വികസനത്തിനായി എസ്.എം.സി/പി.ടി.എ അംഗങ്ങളെ സജ്ജരാക്കാൻ
6	ഔട്ട് ഓഫ് സ്കൂൾ ചിൽഡ്രനു വേണ്ടി പ്രത്യേക പരിശീലനം	1) കുട്ടികളുടെ കലാസാംസ്ക്കാരിക വളർച്ച 2) പഠനതാല്പര്യം കലാസാംസ്ക്കാരിക വളർച്ച (കലാകായികം, ഒറിഗാമി, ജീവിതനൈപുണീ വികാസം, ശാസ്ത്രം, കമ്മ്യൂണിക്കേഷ് ഇംഗ്ലീഷ്, പസിൽസ്)
7	സിവിൽ വർക്കസ്	സർക്കാർ വിദ്യാലയങ്ങളിൽ മികച്ച ഭൗതിക സൗകര്യം ഒരുക്കുന്നതിന്
8	**കമ്മ്യൂണിറ്റി മൊബിലൈസേഷൻ** 1. ഏകദിനവിദ്യാഭ്യാസസെമിനാർ 2. വിദ്യാരംഗം കലാസാഹിത്യവേദിയുടെ ജില്ലാതല റസിഡൻഷ്യൽ ശില്പശാല - സർഗ്ഗോത്സവം	*ജനപ്രതിനിധികൾ, വിദ്യാഭ്യാസ ഓഫീസർമാർ *ജില്ലയിലെ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ, അധ്യാപകർ
9	പെൺകുട്ടികൾക്കുള്ള വിദ്യാഭ്യാസം-ജീവിതനൈപുണികൾ, നിയമപരിരക്ഷ,ആരോഗ്യശുചിത്വം, കൗൺസിലിംഗ്, നേതൃത്വപാടവം	ഗ്രാമപഞ്ചായത്ത് തലം 25 കുട്ടികൾക്ക് (1 കേന്ദ്രം) നഗരസഭ/കോർപ്പറേഷൻ - 75 പെൺകുട്ടികൾക്ക്
10	**മൈനോറിറ്റി വിദ്യാഭ്യാസം** 1. വൊക്കേഷണൽ ട്രെയിനിങ് 2. രക്ഷകർതൃവിദ്യാഭ്യാസം	ഗ്രാമപഞ്ചായത്ത് തലം 25 കുട്ടികൾക്ക് (1 കേന്ദ്രം) നഗരസഭ/കോർപ്പറേഷൻ - 75 കുട്ടികൾക്ക്
11	ആർ.ടി.ഇ ക്യാമ്പയിനിങ്	ആദിവാസി കോളനികളിൽ
12	ഊര് വിദ്യാകേന്ദ്രം	കുട്ടമ്പുഴ പഞ്ചായത്തിലെ ആദിവാസി ഊരുകളിൽ 10 എണ്ണം

അവലംബം ബഡ്ജറ്റ്

പട്ടിക-5.64

സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ) - നടത്തിയ വികസനപ്രവർത്തനങ്ങൾ

ക്രമ നം.	നടത്തിയ വികസനപ്രവർത്തനം	ഗുണഭോക്താക്കൾ
1	* ശാസ്ത്രോത്സവം - ശാസ്ത്രപരീക്ഷണങ്ങളും ശാസ്തോപകരണങ്ങൾ കൈകാര്യം ചെയ്യലും	15 ബി.ആർ.സി. കളിലും യു.പി. വിഭാഗം കുട്ടികളും അധ്യാപകരും
2	* ഗണിതോത്സവം	15 ബി.ആർ.സി.കളിലും 1 മുതൽ 7 വരെ എല്ലാ കുട്ടികളും അധ്യാപകരും

അവലംബം ബഡ്ജറ്റ്

2. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.)

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്ന കേന്ദ്രഗവൺമെന്റ് പദ്ധതി 11-ാം പഞ്ചവൽസര പദ്ധതികാലത്താണ് ഇന്ത്യാ ഗവൺമെന്റ് നടപ്പിലാക്കിയത്. സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പരമ പ്രധാനമായ ലക്ഷ്യം. രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്റെ ഭാഗമായി നടത്തിയ വികസന പ്രവർത്തനങ്ങൾ പട്ടിക 17 - ൽ നല്കിയിരിക്കുന്നു.

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) നടത്തിയ വികസന പ്രവർത്തനങ്ങൾ

പട്ടിക-5.65

ക്രമ നം.	നടത്തിയ വികസന പ്രവർത്തനം	ഗുണഭോക്താക്കൾ
1	സെക്കന്ററി സ്ക്കൂൾ നിർമ്മാണം * അപ്പർ പ്രൈമറി സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് സെക്കന്ററി സ്ക്കൂളാക്കൽ * സെക്കന്ററി സ്ക്കൂളുകളിൽ കൂടുതൽ ക്ലാസ്മുറികൾ പണിയുക * ലാബ്, ലൈബ്രറി, കമ്പ്യൂട്ടർമുറികൾ ഒരുക്കൽ * ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്ലറ്റുകൾ * അധ്യാപകരെ നിയമിക്കൽ	സ്ക്കൂൾ, കുട്ടികൾ,അധ്യാപകർ - ഹൈസ്ക്കൂൾതലം- ഭൗതികസൗകര്യം (സർക്കാർ)
2	അധ്യാപകർക്ക് പരിശീലനം (വർഷം 16 ദിവസം)	സ്ക്കൂൾ, കുട്ടികൾ, അധ്യാപകർ - ഹൈസ്ക്കൂൾതലം-ഗുണമേന്മ വർദ്ധന

അവലംബം ബഡ്ജറ്റ്

പട്ടിക-5.66

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) നടത്തിയ വികസന പ്രവർത്തങ്ങൾ

ക്രമ നം.	നടത്തിയ വികസനപ്രവർത്തനം	ഗുണഭോക്താക്കൾ
3	പ്രധാന അധ്യാപകർക്ക് ഭരണനേതൃത്വ പരിശീലനം	സ്ക്കൂൾ, കുട്ടികൾ, അധ്യാപകർ - ഹൈസ്ക്കൂൾതലം - ഗുണമേന്മ വർദ്ധന
4	പാഠ്യേതരപ്രവർത്തനങ്ങൾക്ക് ധനസഹായം - സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ	സ്ക്കൂൾ, കുട്ടികൾ, അധ്യാപകർ - ഹൈസ്ക്കൂൾതലം - ഗുണമേന്മ വർദ്ധന
5	അധ്യാപനപഠന സഹായികൾക്കുള്ള ഗ്രാന്റ്	സ്ക്കൂൾ, കുട്ടികൾ, അധ്യാപകർ - ഹൈസ്ക്കൂൾതലം - ഗുണമേന്മ വർദ്ധന
6	റെമിഡിയൽ ടീച്ചിംഗിനുള്ള പ്രത്യേക ധനസഹായം	സ്ക്കൂൾ, കുട്ടികൾ, അധ്യാപകർ - ഹൈസ്ക്കൂൾതലം - ഗുണമേന്മ വർദ്ധന
7	സയൻസ് കിറ്റ്	എല്ലാ സർക്കാർ എയ്ഡഡ് ഹൈസ്ക്കൂൾ
8	യോഗപരിശീലനം (5 ദിവസം)	എല്ലാ സർക്കാർ എയ്ഡഡ് ഹൈസ്ക്കൂൾ കായികാധ്യാപകർ
9	സെൽഫ് ഡിഫൻസ് ട്രൈനിംഗ് - ആയോധനപരിശീലനം	എല്ലാ ഹൈസ്ക്കൂൾ പെൺകുട്ടികളും
10	ഇൻസൈഡ്/ഔട്ട് സൈഡ് ടൂർ	എല്ലാ സർക്കാർ എയ്ഡഡ് ഹൈസ്ക്കൂളുകളിൽ നിന്ന് തെരഞ്ഞെടുത്ത കുട്ടികൾ
11	സിവിൽ വർക്ക് - മേജർ റിപ്പയർ	പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി മുഖേന
12	മെഡിക്കൽ ക്യാമ്പ് - ഭിന്നശേഷി കുട്ടികൾക്ക്	എല്ലാ സർക്കാർ എയ്ഡഡ് ഹൈസ്ക്കൂളുകളിലെ ഭിന്നശേഷിയുള്ള കുട്ടികൾ

അവലംബം ബഡ്ജറ്റ്

5.1.17 ഊർജ്ജം

കേന്ദ്രാവിഷ്കൃത പദ്ധതികൾ

1)പുന:സംഘടിപ്പിച്ച ത്വരിത ഊർജ്ജ വികസന നവീകരണ പദ്ധതി (RAPDRP)

ഈ പദ്ധതിയുടെ പ്രായോജകർ ഭാരത സർക്കാരും പദ്ധതിക്കാവശ്യമായ ഫണ്ട് വിതരണം ചെയ്യുന്നത് പവർ ഫിനാൻസ് കോർപ്പറേഷനുമാണ്. RAPDRP കൊച്ചി നഗരത്തിന്റെയും അനുബന്ധ പട്ടണങ്ങളുടെയും ഊർജ്ജമേഖലയിലെ വികസനത്തിന് ലക്ഷ്യമിട്ട് നടപ്പാക്കിയ ഈ പദ്ധതിയിൽ പാർട്ട് എ, പാർട്ട് ബി എന്ന രണ്ട് വിഭാഗങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. ഇതിൽ പാർട്ട് ബി-യിൽ, നിലവിലുള്ള 11 കെ. വി. ലൈനുകൾക്ക് പകരം 11 കെ.വി. ഭൂഗർഭ കേബിളുകൾ ഇടുക, പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പഴക്കംചെന്ന ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയവ സ്ഥാപിക്കുക, വൈദ്യുതിതടസ്സം ഒഴിവാക്കാൻ RMU- കൾ സ്ഥാപിക്കുക, ഓട്ടോമാറ്റിക് സ്ട്രീറ്റ്ലൈറ്റ് കൺട്രോളറുകൾ സ്ഥാപിക്കുക എന്നിവ ലക്ഷ്യമിട്ടിരിക്കുന്നു. കൂടാതെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തമ്മനത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവും ലക്ഷ്യമിട്ടിരുന്നത് പൂർത്തീകരിച്ചുവരുന്നു. 243 കോടി രൂപ അടങ്കൽ വരുന്ന പാർട്ട് ബി-യിലെ പദ്ധതികൾ 2018 മാർച്ചോടുകൂടി പൂർത്തീകരിക്കുന്ന രീതിയിൽ പുരോഗമിച്ചുവരുന്നു. വൈദ്യുതി പ്രസരണ, വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വിവരസാങ്കേതിക പശ്ചാത്തല സൗകര്യങ്ങൾ പ്രത്യേകിച്ച് ഡേറ്റാ സെന്റർ, വൈഡ് ഏരിയ നെറ്റ്വർക്ക് എന്നിവ ഒരുക്കുക എന്നതാണ് പദ്ധതിയിലെ പാർട്ട് എ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഡേറ്റാ സെന്റർ, കേന്ദ്രീകൃത ഉപഭോക്തൃസേവനകേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

2) സംയോജിത ഊർജ്ജവികസന പദ്ധതി (IPDS)

വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അർബൻ/സെമി അർബൻ മേഖലകളായ കൊച്ചി നഗരത്തിന്റെയും തൃപ്പൂണിത്തുറ, എറണാകുളം, നോർത്ത് പറവൂർ, അങ്കമാലി, ആലുവ, കളമശ്ശേരി, കോതമംഗലം, പെരുമ്പാവൂർ, മൂവാറ്റുപുഴ, നോർത്ത് പറവൂർ എന്നീ പട്ടണങ്ങളുടെയും ഇന്നത്തെയും അടുത്ത 5 വർഷത്തെയും ആവശ്യങ്ങൾക്കനുസൃതമായി കേന്ദ്രസർക്കാരിന്റെ ഊർജ്ജമന്ത്രാലയം ആവിഷ്കരിച്ച പദ്ധതിയാണിത്. 66 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണവും, 11 കെ.വി. മുകളിൽക്കൂടിയുള്ള പുതിയ ലൈൻ വലിക്കുക, ഭൂമിക്ക് അടിയിലൂടെയുള്ള കേബിളിടലും, എൽ.റ്റി. ലൈനുകളുടെ നിർമ്മാണം, ട്രാൻസ്ഫോർമറുകളുടെ സ്ഥാപനം, ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾ ഇലക്ട്രോണിക് മീറ്ററുകളായി മാറ്റി സ്ഥാപിക്കൽ എന്നിവ ഈ പദ്ധതിയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു. തൃപ്പൂണിത്തുറയിൽ ഇതനുസരിച്ച് ഒരു 66 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി.യുടെ സബ്സ്റ്റേഷൻ കെട്ടിടങ്ങളായ 110 KV സബ് സ്റ്റേഷൻ അയ്യമ്പുഴ, റയോൺപുരം, ബ്രഹ്മപുരം, അമ്പലമുകൾ, വൈറ്റില, കാക്കനാട് എന്നിവയുടെ മുകളിലും കളമശ്ശേരി ULDC എന്നിവിടങ്ങളിലുമായി യഥാക്രമം 20, 15, 55, 20, 25, 25, 40 കിലോ വാട്ട് എന്ന കണക്കിൽ സോളാർ പ്ലാന്റുകൾ സ്ഥാപിച്ച ഗ്രിഡിലേക്ക് ബന്ധിപ്പിക്കുന്ന പ്രവൃത്തി അതിന്റെ പൂർത്തീകരണ ഘട്ടത്തിലേക്കാണ്. ജില്ലക്ക് ഈ പദ്ധതിയിലേക്കായി 110.76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭഘട്ടത്തിൽ 33.12 കോടി രൂപ ഇതിനകം ചെലവാക്കിയിട്ടുണ്ട്.

3)ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (DDUGJY)

ഗ്രാമീണ മേഖലയിലെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് 01.01.2016-ൽ ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. എ.ടി.&സി. നഷ്ടം കുറക്കുന്നതിനും വൈദ്യുതി എല്ലാ

ഭവനങ്ങളിലും എത്തിക്കുന്നതിനും 24 മണിക്കൂറും വൈദ്യുതി ലഭ്യമാക്കുന്നതിനുമായി ഊർജ്ജമന്ത്രാലയം ആവിഷ്കരിച്ചതാണ് ഈ പദ്ധതി. കേരളത്തിലെ 14 ജില്ലകളിലും ഈ പദ്ധതിനടപ്പാക്കുന്നതിനായി കേന്ദ്രസർക്കാർ 2017 ജനുവരി 5 ന് 485.37 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ജില്ലയുടെ വിഹിതം 33.76 കോടി രൂപയാണ്. 33 കെ.വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണം, 33 കെ.വി., 11 കെ.വി. ലൈനുകളുടെ നിർമ്മാണം, ട്രാൻസ്ഫോർമറുകളുടെ സ്ഥാപനം, ഊർജ്ജമീറ്ററുകൾ മാറ്റി സ്ഥാപിക്കൽ, ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് സർവ്വീസ് കണക്ഷനുകൾ നൽകുക എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽതന്നെ ബഹു: എം.പി.മാരുടെ നിർദ്ദേശാനുസരണം നോർത്ത് പറവൂർ, തൃപ്പൂണിത്തുറ ഡിവിഷനുകൾക്ക് കീഴിലുള്ള കൊട്ടുവള്ളി, ഉദയംപേരൂർ പഞ്ചായത്തുകളെ SAGY പഞ്ചായത്തുകളായി തിരഞ്ഞെടുത്തിട്ടുണ്ട്.

4)സ്മാർട്ട്സിറ്റി പദ്ധതി

കേന്ദ്ര സർക്കാർ പദ്ധതിയായ കൊച്ചി സ്മാർട്ടസിറ്റി മിഷൻ പ്രോജക്ടിന്റെ ഭാഗമായി സ്മാർട്ടസിറ്റി പ്രോജക്ടിന്റെ പദ്ധതി വിഹിതംകൂടി ഉൾപ്പെടുത്തി കൊച്ചി സ്മാർട്ടഗ്രിഡ് പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

കെ.എസ്.ഇ.ബി.എൽ അടുത്ത രണ്ട് വർഷത്തേക്ക് എറണാകുളം ജില്ലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ.

1. കലൂർ 110 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി. സബ്സ്റ്റേഷനായി ഉയർത്തുന്ന പ്രവൃത്തി.
2. കറുകടത്തുനിന്നും (കോതമംഗലം) കോതമംഗലം 66 കെ.വി. സബ്സ്റ്റേഷനിലേക്ക് 3.6 കി.മീ. 220 കെ.വി. ലൈൻ വലിച്ച് നിലവിലുള്ള 66 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി. സബ്സ്റ്റേഷൻ ആക്കുന്ന പ്രവൃത്തി.
3. പള്ളിക്കരയിൽ നിന്നും 11.1 കി.മീ. 220 കെ.വി. ലൈൻ വലിച്ച് നിലവിലെ ആലുവ 110 കെ.വി. സബ്സ്റ്റേഷനിൽ എത്തിക്കുകയും അവിടെ 200 MVA - യുടെ രണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യുന്ന പ്രവൃത്തി.
4. നിലവിലെ 84 കി..മീ. ദൈർഘ്യമുള്ള 110 കെ.വി. പള്ളിവാസൽ ആലുവ ലൈൻ 220 കെ.വി. ആക്കാനുള്ള പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

5.1.18 വിനോദസഞ്ചാരം

പട്ടിക-5.67

ടൂറിസം വകുപ്പ് നേരിട്ട് നിർവ്വഹിക്കുന്ന പദ്ധതികൾ

ക്രമ നം.	പദ്ധതിയുടെ പേര്	നിയോജക മണ്ഡലം	ഭരണാനുമതി തുക
1	കാഞ്ഞിരമറ്റം മില്ലിങ്കൽ ടൂറിസം വികസനം	പിറവം	2,00,00,000/
2	വൈപ്പിൻ ദ്വീപിലെ ബീച്ച് ഇടനാഴി വികസനം	വൈപ്പിൻ	4,50,00,000/
3	മലയാറ്റൂർ കുരിശ്ശുമുടി തീർത്ഥാടന കേന്ദ്രം വികസനം	അങ്കമാലി	2,30,00,000/
4	മരക്കാക്കടവ് സസ്പെൻഷൻ ബ്രിഡ്ജ് നിർമ്മാണം	കുന്നത്തുനാട്	1,25,79,800/
5	മറൈൻഡ്രൈവിലെ ചിൽഡ്രൻസ് പാർക്ക് വികസനം	എറണാകുളം	4,00,00,000/

അവലംബം ബഡ്ജറ്റ്

പട്ടിക – 5.68

ടൂറിസം വകുപ്പ് ഡി.റ്റി.പി.സി മുഖാന്തിരം നിർവ്വഹിക്കുന്ന പദ്ധതികൾ

ക്രമ നം.	പദ്ധതിയുടെ പേര്	നിയോജക മണ്ഡലം	ഭരണാനുമതി തുക
1	ടേക്ക് എ ബ്രേക്ക്	പിറവം	46,00,000/
2	കല്ലിടുമ്പിൽ ആറ്റുതീരത്തെ നടവഴിയുടെ നിർമ്മാണവും അടിസ്ഥാനസൗകര്യ വികസനം	പിറവം	1,50,00,000/
3	ഇലഞ്ഞി കുന്നുമല ടൂറിസം വികസനം	പിറവം	50,00,000/
4	മണപ്പാട്ടുച്ചിറ പാർക്ക്	അങ്കമാലി	1,00,00,000/
5	മണപ്പാട്ടുച്ചിറയിൽ ഹൈമാസ്റ്റ്ലൈറ്റ് സ്ഥാപിക്കൽ	അങ്കമാലി	25,81,250/
6	ഏഴാറ്റുമുഖം പ്രകൃതിഗ്രാമം പുനരുദ്ധാരണം	അങ്കമാലി	49,99,000/
7 G.O(Rt) No. 469/13/TSM dtd 27.03.13	ഇന്ദ്രംച്ചിറ ലിഷർ ടൂർ പാക്കേജ്	കുന്നത്തുനാട്	2,09,21,389/
8	പാഴൂർ ശിവക്ഷേത്രം തീർത്ഥാടന കേന്ദ്രം	പിറവം	50,00,000/
9	തിരുവൈരാണിക്കുളം ക്ഷേത്രത്തിലെ കാർപാർക്കിംഗ് സൗകര്യം	ആലുവ	4,00,00,000/
10	പരുന്തുച്ചിറദ്വീപ് ഇക്കോ ടൂറിസം വികസനം	ആലുവ	66,50,000/
11	ദർബാർ ഹാൾ ഗ്രൗണ്ട് നവീകരണം	എറണാകുളം	47,75,000/
12	ചെറായി പാർക്കിലെ ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം	വൈപ്പിൻ	25,00,000/

അവലംബം ബഡ്ജറ്റ്

ജില്ലയിൽ ടൂറിസം വകുപ്പ് ഏറ്റെടുത്ത നടത്തുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

5.1.19 പട്ടികജാതി വികസനം

കേന്ദ്ര/സംസ്ഥാന പദ്ധതികൾ

എസ്.സി.എ.ടു എസ്.സി.പി

പ്രത്യേക ഘടകപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്രസഹായ പദ്ധതി പ്രകാരം 2016-17-ൽ 3 പദ്ധതികൾക്ക് വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും 105.85 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രോജക്ട് തിരിച്ചുള്ള ഭൗതികനേട്ടവും പദ്ധതിചെലവും താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പട്ടിക-5.69

ക്രമ നം.	പദ്ധതിയുടെ പേര്	നിർവ്വഹണ ഉദ്യോഗസ്ഥൻ	SCA-SCSP- ൽ അനുവദിച്ച തുക	ചെലവഴിച്ച തുക	നിലനിൽക്കുന്ന തുക	ഗുണഭോക്താക്കളുടെ എണ്ണം		
						പുരുഷൻ	സ്ത്രീ	ആകെ
1	കാർഷിക സബ്സിഡി	ജില്ലാ പട്ടികജാതി വികസന ആഫീസ്സർ	5875000	3467360	2407640	131	50	181
2	മിനി ഡയറി യൂണിറ്റ് സ്ഥാപിക്കൽ	ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസന വകുപ്പ്	4560000	4560000	0	33	27	60

3	ആട് വളർത്തൽ പദ്ധതി	ജില്ലാ മൃഗസംരക്ഷണ ഓഫീസ്സർ	150000	150000	0	11	9	20
ആകെ			**10585000**	**8177360**	**2407640**	**175**	**86**	**261**

അവലംബം ബഡ്ജറ്റ്

5.1.20 പട്ടികവർഗ്ഗം

2015-16 വരെ പുതിയ വീടുകൾക്കും തുടർന്ന് സ്പിൽഓവർ വീടുകൾക്കുമായി തുക അനുവദിച്ചുവരുന്നു. 2015-16, 2016-17 വർഷങ്ങളിലായി യഥാക്രമം 1,59,12,1500, 1,38,85,000 രൂപയും നടപ്പുവർഷം 43,60,661 രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇടയ്ക്കാട്ടുവയൽ, നേര്യമംഗലം പുനരധിവാസ ഭൂമിയിൽ ഭവന നിർമ്മാണം പുരോഗമിച്ചു വരുന്നു.

പട്ടിക-5.70

വർഷം	എണ്ണം	ചെലവായ തുക
201516	352	1600000
201617	398	1500000
201718	205	1194177

അവലംബം ബഡ്ജറ്റ്

നടപ്പുപദ്ധതികളുടെ അവലോകനം

2015-16, 2016-17, 2017-18 എന്നീ വർഷങ്ങളിൽ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി തുക അനുവദിച്ച പദ്ധതികളിൽ പ്രധാനപ്പെട്ട പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. പ്രീമെട്രിക് വിദ്യാഭ്യാസം

2015-16, 2016-17, 2017-18 എന്നീ വർഷങ്ങളിൽ പ്രീമെട്രിക് തലത്തിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ വിതരണം ചെയ്യുന്നതിന് ലഭിച്ച തുകയും ചെലവായ തുകയും താഴെ ചേർക്കുന്നു.

പട്ടിക-5.71

വർഷം	സ്കൂളുകളുടെ എണ്ണം	കുട്ടികളുടെ എണ്ണം	അലോട്ട്മെന്റ് തുക	ചെലവായ തുക
2015-16	325	1758	4000000	3949894
2016-17	348	1827	4700000	4700000
2017-18	335	1815	4700000	2574865

അവലംബം ബഡ്ജറ്റ്

2. പോസ്റ്റുമെട്രിക് വിദ്യാഭ്യാസം

2015-16, 2016-17, 2017-18 എന്നീ വർഷങ്ങളിൽ ഇ-ഗ്രാന്റ്സ് മുഖേന അല്ലാതെ പോസ്റ്റുമെട്രിക് തലത്തിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് ലഭിച്ച തുകയും ചെലവായ തുകയും താഴെ ചേർക്കുന്നു.

പട്ടിക-5.72

വർഷം	സ്കൂളുകളുടെ എണ്ണം	കുട്ടികളുടെ എണ്ണം	അലോട്ട്മെന്റ് തുക	ചെലവായ തുക
201516	10	18	500000	400000
201617	9	16	560000	560000
201718	4	6	560000	187820

അവലംബം ബഡ്ജറ്റ്

3. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം

2015-16, 2016-17, 2017-18 എന്നീ വർഷങ്ങളിൽ സമർത്ഥരായ വിദ്യാർത്ഥികൾക്ക് ധനസഹായം പദ്ധതിയിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക-5.73

വർഷം	കുട്ടികളുടെ എണ്ണം	അലോട്ട്മെന്റ് തുക	ചെലവായ തുക
2015-16	90	350000	350000
2016-17	116	472500	472500
2017-18	89	500000	347500

അവലംബം ബഡ്ജറ്റ്

4. ചികിത്സാ ധനസഹായം

പട്ടിക-5.74

വർഷം	ഗുണഭോക്താക്കളുടെ എണ്ണം	അലോട്ട്മെന്റ് തുക	ചെലവായ തുക
2015-16	352	1600000	1600000
2016-17	398	1500000	1500000
2017-18	205	1500000	1194177

അവലംബം ബഡ്ജറ്റ്

5. ഭവന നിർമ്മാണം

പട്ടിക-5.75

വർഷം	ഗുണഭോക്താക്കളുടെ എണ്ണം	അലോട്ട്മെന്റ് തുക	ചെലവായ തുക
2015-16	190	16500000	15912500
2016-17	സ്പിൽഓവർ	15000000	13885000
2017-18	സ്പിൽഓവർ	11500000	4360661

അവലംബം ബഡ്ജറ്റ്

കേന്ദ്ര - സംസ്ഥാന പദ്ധതികൾ

1. പ്രീമെട്രിക് വിദ്യാഭ്യാസം

എസ്.എസ്.എൽ.സി വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യായനവർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സംഗ്രാന്റ് പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവയുടെ നിരക്ക് ചുവടെ ചേർക്കുന്നു.

പട്ടിക-5.76

ക്രമ. നം.	എൽ.പി. വിഭാഗം	ലംപ്സംഗ്രാന്റ്	പ്രതിമാസ സ്റ്റൈപ്പന്റ്
1	1 മുതൽ 4 വരെ	320/-	130/-
2	യു.പി. വിഭാഗം 5 മുതൽ 8 വരെ	630/-	160/-
3	ഹൈസ്കൂൾ വിഭാഗം	940/- (ഒരു ക്ലാസ്സിൽ തോറ്റ് രണ്ടാം വർഷം പഠിക്കുന്ന കുട്ടികൾക്ക് ലംപ്സംഗ്രാന്റിന്റെ 50% നൽകുന്നു.)	190/-

അവലംബം ബഡ്ജറ്റ്

2. പോസ്റ്റ്മെട്രിക് പഠനം

പത്താംക്ലാസ്സ് പഠനം പൂർത്തിയാക്കി വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും, വാർഷിക ലംപ്സംഗ്രാന്റും, പ്രതിമാസ സ്റ്റൈപ്പന്റും നൽകുന്നു. യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും ഈ ആനുകൂല്യം ലഭിക്കുന്നു. വിവിധ കോഴ്സുകൾക്ക് വ്യത്യസ്ത നിരക്കിലാണ് ലംപ്സംഗ്രാന്റ് നൽകുന്നത്.

പട്ടിക-5.77

കോഴ്സ്	ലംപ്സം ഗ്രാന്റ്	പ്രതിമാസ സ്റ്റൈപ്പന്റ്	
		8 കി.മി. നുള്ളിൽ താമസിക്കുന്നവർക്ക്	8 കി.മി. പുറത്ത് താമസിക്കുന്നവർക്ക്
Plus two/ Vocational HS തത്തുല്ല്യം	1130/-	630/-	750/-
BA/B.Sc/B.Com/B.Ed തത്തുല്ല്യം	1190/-	630/-	750/-
MA/ M.Sc/ .Com തത്തുല്ല്യം	1570/-	630/-	750/-
Engineering/Vetenary/ Agricultural മുതലായവ	2250/-	630/-	750/-
MBBS/MS/MD	3130/-	630/-	750/-

അവലംബം ബഡ്ജറ്റ്

കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ച് പഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിന് പകരം യഥാർത്ഥ താമസ-ഭക്ഷണ ചെലവും പോക്കറ്റുമണിയും നൽകുന്നു.

3. പ്രീമെട്രിക് ഹോസ്റ്റലുകൾ

പട്ടികവർഗ്ഗക്കാരുടെ ആവാസകേന്ദ്രങ്ങൾ പലതും വിദ്യാഭ്യാസ സൗകര്യം ലഭ്യമല്ലാത്ത ദുർഘടപ്രദേശങ്ങളിലാണ്. ആയതിനാൽ പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഒരുക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. ഇതിൽ 6 എണ്ണം ആൺകുട്ടികൾക്കും 44 എണ്ണം പെൺകുട്ടികൾക്കും 1 എണ്ണം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും (മിക്സഡ്) ആയി പ്രവർത്തിക്കുന്നു. ഇതിൽ 99 ഹോസ്റ്റലുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്. ചില ഹോസ്റ്റലുകളുടെ കെട്ടിട നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ് 34 ഹോസ്റ്റലുകൾക്ക് സ്ഥലത്തിന്റെ അഭാവത്താൽ സ്വന്തമായ കെട്ടിടം നിർമ്മിക്കാൻ സാധിച്ചിട്ടില്ല. ഹോസ്റ്റലുകളിൽ താമസം, ഭക്ഷണം, പഠനോപകരണങ്ങൾ തുടങ്ങിയ എല്ലാ വിദ്യാഭ്യാസ ചെലവുകളും അന്തേവാസികൾക്ക് സൗജന്യമാണ്. ഹോസ്റ്റൽ അന്തേവാസികളുടെ ആഹാര ചെലവുകൾക്ക് 1 മുതൽ 10-ാംക്ലാസ്സ് വരെയുള്ളവർക്ക് 3000/- രൂപയും +1, +2 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് 3450/- രൂപയുമാണ്.

4. പോസ്റ്റുമെട്രിക് ഹോസ്റ്റലുകൾ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ +2 ക്ലാസ്സിനു മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിനായി നിലവിൽ 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അഞ്ച് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ കൂടി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

5. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (എം.ആർ.എസ്)

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിന് റസിഡൻഷ്യൽ സൗകര്യത്തോടുകൂടി ആരംഭിച്ചുള്ളവയാണ് എം.ആർ.എസ്.കൾ. പട്ടിക വർഗ്ഗ വികസന വകുപ്പിന് കീഴിൽ 17 എം.ആർ.എസ്. സ്കൂളുകളും, തിരുവനന്തപുരം ഞാറനീലിയിൽ കുറ്റിച്ചാൽ എന്നിവിടങ്ങളിൽ രണ്ട് സി.ബി.എസ്.ഇ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഈ 19 സ്ഥാപനങ്ങളിലായി 5769 കുട്ടികൾ പഠിച്ചുവരുന്നു. ഇവയിൽ 1990-91-ൽ ആരംഭിച്ച കട്ടേല, നല്ലൂർനാട്, എം.ആർ.എസ്.കൾ കൂടാതെ നിലവിൽ കാസറഗോഡ്, കണ്ണൂർ, ചാലക്കുടി, മൂന്നാർ, വടശ്ശേരിക്കര, നൂൽപ്പുഴ, കൽപ്പറ്റ, നിലമ്പൂർ, ഞാറനീലി (CBSE) എന്നീ സ്കൂളുകളും മോഡൽ റസിഡൻഷ്യൽ ഹയർ സെക്കൻഡറി സ്കൂളുകളാണ്. മലപ്പുറം (നിലമ്പൂർ), വയനാട് (നൂൽപ്പുഴ), പാലക്കാട് (മലമ്പുഴ) എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന 3 സ്കൂളുകൾ പ്രത്യേക ദുർബല വിഭാഗക്കാർക്കായി ആരംഭിച്ചിട്ടുള്ളവയാണ്. തിരുനെല്ലിയിൽ (വയനാട്) പ്രവർത്തിക്കുന്ന എം.ആർ.എസ്. അടിയ/പണിയ വിഭാഗക്കാർക്ക് പ്രത്യേക പ്രവേശനം നൽകി വരുന്നു. പട്ടികജാതി/ പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ നിയന്ത്രണത്തിലാണ് എം.ആർ.എസ്-കൾ പ്രവർത്തിക്കുന്നത് സ്കൂളുകളുടെ കെട്ടിടനിർമ്മാണത്തിന് 100% കേന്ദ്രസഹായം ലഭിക്കുന്നവയെ എം.ആർ.എസ്-കൾ എന്നും, 50% കേന്ദ്രസഹായം ലഭിക്കുന്നവയെ ആശ്രമം സ്കൂളുകളെന്നും സർക്കാർ തരംതിരിച്ചിട്ടുണ്ട്. ആർട്ടിക്കിൾ 275(1) ൽ ഉൾപ്പെടുത്തി 100% കേന്ദ്രസഹായം ലഭിച്ചിട്ടുള്ള 3 എം.ആർ.എസ് -കൾ പ്രവർത്തിക്കുന്നുണ്ട്. എം.ആർ.എസ്-കളിലും, ഞാറനീലി കുറ്റിച്ചൽ സി.ബി.എസ്.ഇ സ്കൂളിലും പ്രവേശനം ലഭിക്കുന്ന എല്ലാ കുട്ടികൾക്കും താമസം, ഭക്ഷണം തുടങ്ങി എല്ലാ വിദ്യാഭ്യാസ ചെലവുകളും സൗജന്യമായിരിക്കും.

ഡിസംബർ/ജനുവരി മാസങ്ങളിൽ എം.ആർ.എസ് പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ അർഹരായ അപേക്ഷകരിൽ നിന്ന് യോഗ്യരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. എം.ആർ.എസ്പ്രവേശനത്തിന് തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 1,00,000/- രൂപയാണ്. ജില്ലകളിലെ ഐ.ടി.ഡി പ്രോജക്ട് ഓഫിസർ/പട്ടികവർഗ്ഗ വികസന ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്.

എറണാകുളം ജില്ലയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളൊന്നും പ്രവർത്തിക്കുന്നില്ല.

6. ഗോത്രസാരഥി

14 വയസ്സുവരെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം ഭരണഘടന ഉറപ്പുനൽകുന്നു. പട്ടികവർഗ്ഗ ഊരുകൾ ദുർഘട വനപ്രദേശത്തോ മതിയായ വാഹന സൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങളിലോ, വാഹന സൗകര്യമില്ലായ്മയും വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണിയും സ്കൂളിലെത്താൻ കുട്ടികൾക്ക് പ്രയാസമുണ്ടാകുന്നു. ഇവർക്കെല്ലാം പ്രവേശനം നൽകാൻ മതിയായ ഹോസ്റ്റൽ സൗകര്യവും ഇല്ലാത്തതിനാൽ സ്വന്തം ഊരുകളിൽ നിന്ന് സ്കൂളുകളിൽ പോയി വരുന്ന ഇത്തരം വിദ്യാർത്ഥികൾക്ക് സ്കൂൾ പി.ടി.എ. യുടെയും സ്കൂളിലെ അദ്ധ്യാപകരുടെയും സഹകരണത്തോടെ സ്കൂളിൽ പോയിവരാൻ വാഹന സൗകര്യം ചെയ്തുകൊടുക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് ഗോത്രസാരഥി. വീട്ടിൽ നിന്നും സ്കൂളിൽ എത്താനുള്ള വാഹന വാടക (ഓട്ടോ/ജീപ്പ്/വാൻ തുടങ്ങിയ വാഹനങ്ങൾക്കുള്ള വാടക) നൽകുന്ന പദ്ധതിയാണ്. 2013-14 മുതൽ സംസ്ഥാനത്ത് മുഴുവനായി ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

7. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് പദ്ധതി

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ 5-ാം ക്ലാസ്സ് മുതലുള്ള തുടർപഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിന്

ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ/എയ്ഡസ് സ്കൂളുകളിലെ 4-ാം ക്ലാസ്സിൽ പഠിക്കുന്ന മിടുക്കരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഒരു മത്സരപരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തുവരുന്നു. ഇവർക്ക് 10-ാം ക്ലാസ്സുവരെ തുടർന്ന് സ്കോളർഷിപ്പ് നൽകുന്നു. പുസ്തകം, പഠനസാമഗ്രികൾ, യൂണിഫോം പ്രതിമാസ സ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങളും വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. 5-ാം ക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് 5,900/- രൂപയും 6 മുതൽ 10 വരെ ക്ലാസ്സിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും 4,900/- രൂപ വീതവും സ്കോളർഷിപ്പായി ലഭിക്കുന്നു. ഓരോ വർഷവും 200 വിദ്യാർത്ഥികളെയാണ് തെരഞ്ഞെടുക്കുന്നത്.

8. ട്യൂട്ടോറിയൽ ഗ്രാന്റ്

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നു. 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അടുത്തുള്ള പാരലൽ കോളേജുകളിൽ/ട്യൂഷൽ സെന്ററിൽ ചേർന്ന് പഠിക്കുന്നതിന് പ്രതിമാസ ട്യൂഷൻഫീസ് രക്ഷാകർത്താക്കൾ മുഖേന നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. വർഷാവസാനം പരീക്ഷയ്ക്ക് മുമ്പായി എസ്.എസ്.എൽ.സി, +2 വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.

ഈ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ

1). ഹൈസ്കൂളുകളിലെയും, 11, 12 ക്ലാസ്സുകളിലെയും വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ ഫീസ് നൽകുക.

2). എസ്.എസ്.എൽ.സി, പ്ലസ്ടൂ എന്നീ പരീക്ഷകളിൽ പരാജിതരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തോറ്റ വിഷയങ്ങൾ പഠിക്കുവാൻ ട്യൂഷൻ ഫീസ് നൽകുക.

3). പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്ന പാർട്ട് ടൈം ട്യൂട്ടർമാരുടെ ഓണറേറിയം നൽകുക.

9. വസ്ത്ര വിതരണം

ട്രൈബൽ സ്കൂളുകളിലും വെൽഫെയർ സ്കൂളുകളിലുമുള്ള ലോവർ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും രണ്ടു ജോഡി യൂണിഫോം നൽകി വരുന്നു. ഇതിനുള്ള ചെലവ് ഒരു കുട്ടിക്ക് 500/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

10. ബോർഡിംഗ് ഗ്രാന്റ്

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംഗീകാരമുള്ളതും സന്നദ്ധ സംഘടനകൾ നടത്തുന്നതുമായ ഹോസ്റ്റലുകളിൽ അന്തേവാസികളായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ബോർഡിംഗ്ഗ്രാന്റ് നൽകുന്നു. കേരളത്തിൽ ഇപ്പോൾ 7 ഹോസ്റ്റലുകൾക്കാണ് ധനസഹായം നൽകുന്നത്.

പട്ടിക-5.78

ഇനം	ക്ലാസ്സ്	നിരക്ക്
ബോർഡിംഗ് ഗ്രാന്റ്	1 മുതൽ 10 വരെയുള്ള വിദ്യാർത്ഥികൾക്ക്	700/-
	+1,+2 വിദ്യാർത്ഥികൾക്ക്	800/-
യൂണിഫോം അലവൻസ്	1 മുതൽ 9 വരെയുള്ള വിദ്യാർത്ഥികൾക്ക്	500/-
	10 മുതൽ 12 വരെയുള്ള വിദ്യാർത്ഥികൾക്ക്	700/-

അവലംബം ബഡ്ജറ്റ്

11. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

അക്കാദമിക്-കലാകായിക മത്സരങ്ങളിൽ ഉന്നതവിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്.എൽ.സി., +2 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000/- രൂപയും ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാംക്ലാസ്സിൽ പാസ്സാകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500/-, 6000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകി വരുന്നു.

ബിരുദ കോഴ്സുകളിൽ ഒന്നാം ക്ലാസ്സിൽ താഴെ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ 5 വിദ്യാർത്ഥികൾക്ക് വീതവും മറ്റു ജില്ലകളിൽ 2 വിദ്യാർത്ഥികൾക്ക് വീതവും യഥാക്രമം 3000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകി വരുന്നു.

***12.* ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തൽ**

സ്കൂളുകളിലെ അഡ്മിഷൻ 100% ഉറപ്പുവരുത്തുക, ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കുക, പഠനനിലവാരം നിശ്ചയിക്കുന്നതിന് ടെസ്റ്റ് നടത്തുക, പരിഹാര അധ്യായനം നടത്തുക, സ്പെഷ്യൽ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുക, പ്രവേശന പരീക്ഷകളിൽ പങ്കെടുക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, സമർത്ഥിരായ വിദ്യാർത്ഥികളെ പ്രശസ്തമായ വിദ്യാലയങ്ങളിൽ ചേർത്ത് പഠിപ്പിക്കുക എന്നീ പരിപാടികളിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ പദ്ധതി ഉദ്ദേശിക്കുന്നത്. അധിക കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ഈപദ്ധതി പ്രകാരം എം.ആർ.എസ്.കളിൽ കൗൺസിലർമാരെ നിയമിക്കുക, +1,+2 സയൻസ് ബാച്ചുകൾക്ക് പ്രവേശനം പരീക്ഷ പരിശീലനം എം.ആർ.എസ്-കളിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ പ്രത്യേക പരിശീലനം എന്നിവയും നടപ്പിലാക്കി വരുന്നു.

13. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിടുക്കരായ 30 ആൺകുട്ടികൾക്കും 30 പെൺ കുട്ടികൾക്കും ഇന്ത്യയിലെ ചരിത്രപ്രാധാന്യമുള്ള വിവിധസ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുന്ന പദ്ധതിയാണ് ഭാരത ദർശൻ. ഭാരതദർശൻ പരിപാടിക്ക് പുറമെ പഠനത്തിൽ മികവ്പുലർത്തുന്ന +2 വിലും ഡിഗ്രി ക്ലാസ്സിലും ബിരുദാനന്തര ബിരുദത്തിനും പ്രൊഫഷണൽ ഡിഗ്രി ഡിപ്ലോമ കോഴ്സുകളിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾവഴി വിനോദയാത്രയും പഠനയാത്രക്കുവേണ്ടിയുള്ള യഥാർത്ഥ ചെലവ് സാമ്പത്തിക സഹായമായി അനുവദിച്ചു നൽകി വരുന്നു.

14. മാതാപിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്

പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയയ്ക്കുന്നതിന് വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിമാസം 50/- രൂപ നിരക്കിൽ 10 മാസത്തേയ്ക്ക് 500/- രൂപ പ്രോത്സാഹന ധനസഹായം നൽകി വരുന്നു. ഓരോ അദ്ധ്യായന വർഷവും ഫെബ്രുവരി വരെയുള്ള ഹാജർ കണക്കാക്കി 75% ഹാജരുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ് നൽകി വരുന്നു.

ആരോഗ്യം

15. പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷ

സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പുവഴി നടപ്പാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും, സർക്കാർ മെഡിക്കൽ കോളേജുകളിലും, പരിയാരം സഹകരണ മെഡിക്കൽ കോളേജുകളിലും, മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം,

ശ്രീചിത്ര മെഡിക്കൽസെന്റർ എന്നിവിടങ്ങളിൽ ചികിത്സക്കെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ഈ പദ്ധതി പ്രകാരം സൗജന്യചികിത്സ ലഭിക്കുന്നു.

ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സാ ചെലവ് (മരുന്ന വാങ്ങൽ, മെഡിക്കൽ ടെസ്റ്റ് തുടങ്ങിയവ) 10,000/- രൂപ വരെ ബി.പി.എൽ/എ.പി.എൽ അന്തരമില്ലാതെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ലഭിക്കുന്നു. 10,000/- രൂപയ്ക്ക് മുകളിൽ ചികിത്സാചെലവ് വരുന്ന കേസുകൾ പട്ടികവർഗ്ഗക്കാരിൽ ബി.പി.എൽ വിഭാഗക്കാർക്ക് മാത്രമായി പരമമിതപ്പെടു ത്തിയിരിക്കുന്നു. വ്യക്തിഗത കേസുകളിൽ 10,000/- രൂപ വരെ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടും 50,000/- രൂപ വരെ ആശുപത്രി വികസന സമിതിയും 50,000/- രൂപയ്ക്ക് മുകളിൽ ചെലവുവരുന്ന കേസുകളിൽ സർക്കാർ അനുമതിയോടെ ആശുപത്രി അധികൃതർ ധനസഹായം അനുവദിക്കുന്നതാണ്. ആവശ്യമായ ഫണ്ട് ഡി.എം.ഒ വഴി തുക ആശുപത്രികൾക്ക് വിതരണം നടത്തുന്നു. മെഡിക്കൽകോളേജ് ആശുപത്രികൾക്ക് ബന്ധപ്പെട്ട സൂപ്രണ്ട്മാർക്ക് അനുവദിക്കുന്നു.

16. ജനനി - ജന്മരക്ഷ

പട്ടികവർഗ്ഗ വിഭാഗത്തിൽ അമ്മയുടെയും, കുട്ടിയുടെയും പോഷകാഹാര ലഭ്യത ആരോഗ്യരംഗത്തെ പ്രധാന പ്രശ്നമാണ്. ആവശ്യസമയത്ത് സാമ്പത്തിക സഹായം ലഭിച്ചെങ്കിലെ പ്രസവത്തിന് മുമ്പും പിമ്പും അവർക്ക് വേണ്ടത്ര പരിചരണം ഉണ്ടാവൂ. അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാര ലഭ്യത ഉറപ്പുവരുത്താൻ ആവിഷ്കരിച്ച പദ്ധതിയാണ് ജനനി-ജ□രക്ഷ. ഗർഭിണിയായതിനുശേഷമുള്ള 3 മാസം മുതൽ കുട്ടിക്ക് 1 വയസ്സാകുന്നതുവരെയുള്ള 18 മാസക്കാലം 1,000/- രൂപവീതം ഓരോ മാസത്തിലും ഈ പദ്ധതിവഴി നൽകിവരുന്നു. ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മുഖേനയാണ് ധനസഹായം നൽകി വരുന്നത്.

17. പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി

പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ള രോഗികൾക്കും മറ്റ് ദുരിതം അനുഭവിക്കുന്നവർക്കും ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഗുണഭോക്താവിന്റെ കുടുംബവാർഷിക വരുമാനം 1,00,000/- രൂപയിൽ താഴെ ആയിരിക്കണം. ക്യാൻസർ, വൃക്കരോഗം, ഹൃദയശസ്ത്രക്രിയ തുടങ്ങിയ മാരകമായ രോഗചികിത്സയ്ക്ക് 1 ലക്ഷം രൂപ വരെയും മറ്റ് രോഗങ്ങൾക്ക് രോഗങ്ങളുടെ തീവ്രത പരിണിച്ച് 50,000/- രൂപ വരെയും ധനസഹായം ഈ പദ്ധതിയിൽ അനുവദിക്കാവുന്നതാണ്. കുടുംബത്തിന്റെ ഏകവരുമാനദായകന്റെ അപകട മരണത്തിന് നിബന്ധനകൾക്ക് വിധേയമായി 50,000 വരെ ഈ പദ്ധതിയിൽ അനുവദിക്കാ വുന്നതാണ്. അസുഖങ്ങൾകൊണ്ട് കഷ്ടപ്പെടുന്ന പട്ടികവർഗ്ഗക്കാർക്ക് 1 ലക്ഷം രൂപ വരെ ഡോക്ടറുടെ ശുപാർഷ പ്രകാരം ധനസഹായം നൽകി വരുന്നു. കൂടാതെ പ്രകൃതിക്ഷോഭം, തീപിടുത്തങ്ങൾ മുതലായവമൂലം ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് 50,000/- രൂപ വീതം നിബന്ധനകൾക്ക് വിധേയമായി നൽകിവരുന്നു.

സാമൂഹ്യ സാമ്പത്തിക ഉന്നമന പദ്ധതികൾ

18. ഭക്ഷ്യസഹായ പരിപാടി

വർഷകാലത്ത് പട്ടികവർഗ്ഗക്കാർക്ക് പുറത്തുപോയി അവർ സാധാരണ ചെയ്യുന്ന ജോലിചെയ്യുവാൻ പലപ്പോഴും സാധിക്കാതെ വരുന്നു. അവർക്കിടയിൽ മൺസൂൺ കാലത്ത് പട്ടിണിയും കഷ്ടപ്പാടും വർദ്ധിക്കുവാൻ അത് കാരണമാകുന്നു. ഈ കാലയളവിൽ അവർക്ക് ജോലിയും ആഹാരവും ഉറപ്പുവരുത്തുന്നതാണ് ഈ പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത്. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള 4 മാസങ്ങളിലാണ ഊരുകൂട്ടങ്ങൾ മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ പഞ്ചായത്തായ ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ ദേവികുളം ഗിരിജൻ സർവ്വീസ് സംഘം മുഖേന വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ

ചുമട്ടുകൂലിയും ഈ പദ്ധതി പ്രകാരമാണ് നൽകി വരുന്നത്.

19. കൈത്താങ്ങ് (അനാഥർക്കുള്ള ധനസഹായം)

മാതാപിതാക്കൾ സംരക്ഷിക്കാനില്ലാത്ത അനാഥരും-അശരണരുമായ പട്ടികവർഗ്ഗ കുട്ടികൾക്ക് പ്രത്യേക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ കുട്ടികളെ സംരക്ഷിക്കുകയും അവരെ പരിപാലിച്ച് വളർത്തുകയും ചെയ്യുന്നതിനാവശ്യമായ ചെലവ് ഈ പദ്ധതിയിലൂടെ അനുവദിക്കുന്നു.
പ്രായപൂർത്തിയാകുന്നതുവരെയോ, സ്വന്തമായി വരുമാനം ഉണ്ടാകുന്നതുവരെയോ ജീവിക്കാനും, വിദ്യാഭ്യാസത്തിനും ഈ പദ്ധതിയിലൂടെ സഹായം നൽകുന്നു. ഇത്തരത്തിലുള്ള കുട്ടികളെ സർവ്വെ ചെയ്ത് കണ്ടെത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും ഈപദ്ധതി വിഭാവനംചെയ്യുന്നു. ടി വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപവീതം 18 വയസ്സുവരെയോ സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതു വരെയോ അനുവദിച്ചു വരുന്നു.

20. പൂൾഡ് ഫണ്ട് പദ്ധതികൾ

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായി പ്രയോജനം ലഭിക്കുന്ന പ്രത്യേക പദ്ധതികൾ എല്ലാ വികസന വകുപ്പുകളും അവരുടെ പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കണമെന്ന് 13.08 ലെ 1385/എ/08/പ്ലാനിംഗ് നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു. പൊതുവിദ്യാഭ്യാസം, സാമൂഹ്യനീതി, കല, സംസ്ക്കാരം, കായികവിനോദം, യുവജനക്ഷേമം, ആരോഗ്യം മുതലായ വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ പട്ടികവർഗ്ഗ വികസനത്തിന് മുൻഗണന നൽകേണ്ട വൈദ്യുതി, കുടിവെള്ളം, കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ പ്രോജക്ട് പ്രൊപ്പോസലുകൾക്കും ഈ പദ്ധതിയിൽ പരിഗണന നൽകുന്നു. പ്രസ്തുത വകുപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ പട്ടികവിഭാഗക്കാർക്ക് പ്രയോജനപ്രദമാണെന്ന് സംസ്ഥാന ജില്ലാതല വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പുവരുത്തി പദ്ധതി നടപ്പിലാക്കുന്നു.

21. ഗോത്ര സംസ്കൃതി (കേരള സംസ്ഥാന ട്രൈബൽ കോംപ്ലക്സ്)

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരമ്പരാഗത കലാപ്രദർശനത്തിനും ഉൽപ്പന്നങ്ങളുടെ വിപണത്തിനും വംശീയ ചികിത്സ, വംശീയ ഭക്ഷണം എന്നിവയ്ക്കെല്ലാമുള്ള സൗകര്യങ്ങളും താല്ക്കാലിക വിശ്രമസൗകര്യവും ഒരുക്കാൻ കൊച്ചി നഗരത്തിൽ 1.18 ഏക്കർ സ്ഥലത്ത് 2229ച.കി.മീ. വിസ്തൃതിയിൽ 3 നിലകളിലായി ട്രൈബൽ കോംപ്ലക്സ് നിർമ്മിച്ചു.

22. ആദിവാസി പുനരധിവാസ വികസന മിഷൻ (ടി.ആർ.ഡി.എം)

ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 3 ഏക്കർ മുതൽ പരമാവധി 5 ഏക്കർ വരെ ഭൂമി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 1 ഏക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് 1 ഏക്കർ ഭൂമി ഉറപ്പാക്കുന്നതിനാവശ്യമായ ഭൂമി ലഭിക്കുന്നതിന് അർഹതയുണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങളെ ഇതിനായി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർപ്ലാൻ അനുസരിച്ച് പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കു ന്നതിനും നിർവ്വഹണം നടത്തുന്നതിനുമായി ട്രൈബൽ റീഹാബിലിറ്റേഷൻ ആന്റ് ഡവലപ്മെന്റ് മിഷൻ (ടി.ആർ.ഡി.എം) രൂപീകരിച്ചിട്ടുണ്ട്.

പുനരധിവാസ പ്രവർത്തനങ്ങളിൽ താല്ക്കാലിക വാസസ്ഥലങ്ങൾ, കാർഷിക സാമഗ്രികൾ, ഭവനനിർമ്മാണം, ഊർജ്ജം, കുടിവെള്ളം, റോഡ് നിർമ്മാണം, മണ്ണ് സംരക്ഷണം, മൃഗസംരക്ഷണം, ജലസേചന ഫെറോ സിമന്റ് ടാങ്ക്, തൊഴിൽ ലഭ്യമാക്കൽ പദ്ധതി, അംഗൻവാടി, കമ്മ്യൂണിറ്റി ഹാൾ, വയനാട്, പാലക്കാട് ജില്ലകളിൽ ഭൂമി വാങ്ങൽ എന്നിവ പ്രധാന പദ്ധതികളാണ്. ഈ പദ്ധതിയിൽ ഇതുവരെ ഭൂരഹിതർക്ക് ഏക്കർ ഭൂമി വിതരണം ചെയ്തുകഴിഞ്ഞു.

വിതരണം ചെയ്ത ഭൂമിയിൽ മറ്റ് ഡിപ്പാർട്ടുമെന്റുകളുടെയും തദ്ദേശ സ്വയംഭരണ വകുപ്പുകളുടെയും ഏകോപനത്തോടെ വികസന പദ്ധതികൾ പുരോഗമിച്ചുവരുന്നു.

23. പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം
നിർദ്ധനരായ പട്ടികവർഗ്ഗ യുവതികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുവേണ്ടിയുള്ള പദ്ധതിയാണിത്. വിവാഹ ധനസഹായം 50,000/- രൂപ നിരക്കിലാണ് നൽകിവരുന്നത്. വിവാഹ തീയതിയ്ക്ക് ഒരു മാസത്തിന് മുമ്പ് ധനസഹായ ത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട ടി.ഇ.ഒ.മാർക്ക് സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷിക്കാൻ സാധിക്കാത്തവർക്ക് വിവാഹത്തിന് ശേഷം അപേക്ഷിക്കുകയാണെങ്കിൽ ആയത് ഡയറക്ടറുടെ വിവേചന അധികാരമുപയോഗിച്ച് മാത്രമെ അനുവദിച്ച് നൽകുവാൻ സാധിക്കുകയുള്ളു.

24. പട്ടികവർഗ്ഗ പ്രൊമോട്ടർമാർ
പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന പഞ്ചായത്തുകളിൽ വികസനത്തിന്റെ കണ്ണിയായി പ്രവർത്തിക്കുക, പഞ്ചായത്തുകളും മറ്റുവകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ സിംഗിൾ വിൻഡോ ആയി പ്രവർത്തിക്കുക, ഗുണ ഭോക്താക്കളെ ബോധവൽക്കരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി വിദ്യാഭ്യാസമുള്ള 1007 പട്ടികവർഗ്ഗ യുവതീ യുവാക്കളെ നിയമിച്ചിരിക്കുന്നു. കൂടാതെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചികിത്സതേടിയെത്തുന്ന പട്ടികവർഗ്ഗക്കാരെ സഹായിക്കുന്നതിന് ആവശ്യമായ 116 ഹെൽത്ത് പ്രൊമോട്ടർമാരെയും പി.വി.റ്റി.ജി പദ്ധതി പ്രകാരം 216 പ്രൊമോട്ടർമാരെ ദുർബല ഗോത്ര ഊരുകളിലും നിയമിച്ചിട്ടുണ്ട്. ഇവർക്ക് പ്രതിമാസം 9,000/- രൂപ ഹോണറേറിയവും 625/- രൂപ യാത്രാചെലവ് ഇനത്തിലും നൽകി വരുന്നു.

25. ഊരുകൂട്ടങ്ങൾ
എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും ഊരുകൂട്ടങ്ങൾ കൂടുന്നതിന് ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പരിശീലനം നൽകുന്നതിനും ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി. സൂഷ്മതലത്തിലുള്ള ആസൂത്രണം പ്രാഥമിക ആരോഗ്യ പരിപാലനം, സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ, നിർവ്വഹണത്തിലും മോണിറ്ററിങ്ങിലും പങ്കാളിത്തം വർദ്ധിപ്പിക്കൽ എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി യായിരിക്കും പരിശീലനം നൽകുന്നത്. 3 മാസത്തിലൊരിക്കലെങ്കിലും ഊരുകൂട്ടങ്ങൾ യോഗം ചേരേണ്ടതുണ്ട്.

26. പ്രത്യേക കേന്ദ്ര സഹായ പദ്ധതി
പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സ്വയംതൊഴിൽ പദ്ധതികൾ, പരിശീലന പരിപാടികൾ, കാർഷിക പദ്ധതികൾ തുടങ്ങിയ സാമ്പത്തിക ഉന്നമന പരിപാടികൾ പ്രത്യേകം തെരെഞ്ഞടുത്ത പ്രദേശങ്ങളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഈ പദ്ധതിയിൽ നടപ്പിലാക്കുന്നു. ഇതിനായി തയ്യാറാക്കുന്ന പദ്ധതികൾ സംസ്ഥാന ജില്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് നടപ്പിലാക്കി വരുന്നത്.

27. ഭവനരഹിതർക്ക് ഭവനം
ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഭവനനിർമ്മാണ ധനസഹായ ഗ്രാന്റ് നിലവിൽ 3.5 ലക്ഷം രൂപയായിട്ടാണ് നൽകിവരുന്നത്. ടി പദ്ധതിയ്ക്കായി നടപ്പുസാമ്പത്തികവർഷം 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

28. ആർട്ടിക്കിൾ 275 (1) പ്രകാരമുള്ള ഗ്രാന്റിനാൽ നടപ്പിലാക്കുന്ന പദ്ധതികൾ
വിദ്യാഭ്യാസം, സാമ്പത്തികം ഉന്നമനം, ആരോഗ്യം, ജലസേചനം, റോഡുകൾ, പാലങ്ങൾ, വൈദ്യുതീകരണം, കൃഷി, മൃഗസംരക്ഷണം, വാർത്താവിനിമയം, ഗ്രാമീണ മാർക്കറ്റുകൾ, ഭക്ഷ്യസംസ്ക്കരണം,

ചെറുകിട വനവിഭവങ്ങളുടെ സംസ്ക്കരണം, സാങ്കേതിക വൊക്കേഷണൽ മേഖലകളിലെ മാനവശേഷി വികസനം, ജലസംഭരണം, പുറമ്പോക്കിലു ള്ളവരുടെ പുനരധിവാസം, ആദിവാസികളുടെ ഭൂപരിപാലനം, കായിക വികസനം തുടങ്ങിയ മാനവ വികസന സൂചകങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതും മേഖലകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതുമായ പരിപാടികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

29. ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ

പട്ടികവർഗ്ഗക്കാരുടെ സാംസ്ക്കാരിക പരിപാടികൾ, നാടൻ കലോൽസവങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുവാനും പട്ടികവർഗ്ഗക്കാർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പ്രദർശന വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണവുമായി ബന്ധപ്പെട്ട പരിപാടികൾ, വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ ഡോക്യുമെന്റേഷൻ, പട്ടികവർഗ്ഗ ഉപദേശക സമിതി യോഗം ചേരൽ, പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം തേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠന വസ്തുക്കൾ നൽകൽ, ഐ.ടി.ഐ/ഐ.ടി.സി പാസ്സായ കുട്ടികൾക്കുള്ള അപ്രന്റീസ് പരിശീലനം, എം.ആർ.എസ്-കളിലെ കുട്ടികളുടെ സംസ്ഥാനതല വാർഷിക ആഘോഷം തുടങ്ങിയ പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

30. ഗിരിവർഗ്ഗ പദ്ധതി മോണിട്ടർ ചെയ്യുന്നതിനും ഭരണം ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ

പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമഗ്രമായ ആധുനിക സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയാണിത്. വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് വിവരസാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനും ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും കമ്പ്യൂട്ടർവൽക്കരണത്തിനും, ഇന്റർനെറ്റ്/ഇ-മെയിൽ കണക്ഷൻ ഏർപ്പെടുത്താനും പഴയ വാഹനങ്ങൾ റിപ്പയർ ചെയ്യുന്നതിനും ആവശ്യമെങ്കിൽ പഴയ വാഹനം മാറ്റി പുതിയ വാഹനം വാങ്ങുന്നതിനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

31. പ്രതിബദ്ധതയുള്ള സാമൂഹ്യ പ്രവർത്തകരുടെ സേവനം

പ്രതിബദ്ധതയുള്ള സാമൂഹ്യപ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തി പട്ടികവർഗ്ഗക്കാർക്കിടയിൽ കൗൺസലിംഗ് നടത്തുക, സെമിനാറുകൾ സംഘടിപ്പിക്കുക, മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗത്തിന്റെ ദോഷവശങ്ങൾ മനസ്സിലാക്കി കൊടുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തുടക്കത്തിൽ ഈ പദ്ധതി വയനാട് ജില്ലയിലും അട്ടപ്പാടിയിലും മാത്രം നടപ്പിലാക്കുകയും അതിന്റെ വിജയത്തിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗക്കാർ ധാരാളമായുള്ള മറ്റ് ജില്ലകളിലേക്കുംകൂടി ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

32. ഗിരിവർഗ്ഗ പ്രദേശത്തുള്ള സൗകര്യങ്ങൾ വർധിപ്പിക്കൽ

വളരെ പിന്നാക്കംനിൽക്കുന്ന പട്ടികവർഗ്ഗ പ്രദേശത്തിനുള്ള സ്കൂളുകളിലും ആശുപത്രികളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്താനും ചികിത്സ ലഭ്യമാക്കാനും ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതിയാണിത്. കുറഞ്ഞത് 20% ൽ കൂടുതൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിലും പട്ടികവർഗ്ഗ മേഖലകളിലും, ആശുപത്രി കളിലെയും പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെയും സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ പദ്ധതിമൂലം സാധിക്കുന്നു.

നിയമപരിരക്ഷ

33. അതിക്രമങ്ങൾ തടയുന്നതിന് വേണ്ടി സ്കീം നടപ്പാക്കൽ

പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ അധിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമസഹായം, ധനസഹായം, ആശ്രിതർക്കുള്ള ധനസഹായം, വീടുകൾ, കിണറുകൾ, ഭൂമി എന്നിവ നഷ്ടമാക്കുന്ന കേസുകളിൽ അവ പുന:സ്ഥാപിക്കുന്നതിനുള്ള ധനസഹായം, കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം, വിവിധ പുനരധിവാസ പരിപാടികൾക്കുള്ള ചെലവുകൾ എന്നിവയാണ് സർക്കാർ ലഭ്യമാക്കുന്നത്. വയനാട്ടിലെ സ്പെഷ്യൽ മൊബൈൽ സ്കാഡിന്റെ ചെലവും ഇതിൽ ഉൾപ്പെടുന്നു. ഈ നിയമം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതും ഈ പദ്ധതിയിൽ വരുന്നു.

34. വനാവകാശ നിയമം 2006 (ഫോറസ്റ്റ് റൈറ്റ്സ് ആക്ട്)

കേന്ദ്രസർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തി 2007 ജനുവരി 2 ന് ഈ നിയമം നിലവിൽ വന്നു. 01.10.2008 - ന് നിയമം നടപ്പിലാക്കുന്നതിനായുള്ള ചട്ടങ്ങൾ പ്രസിദ്ധീകരിച്ചു. 2012-ൽ ഈ നിയമത്തിന് ഭേദഗതി ഇന്ത്യാ ഗവൺമെന്റ് പുറപ്പെടുവിച്ചു. വനഭൂമിയിൽ തലമുറകളായി താമസിച്ചിരിക്കുന്നവരും എന്നാൽ അവകാശങ്ങൾ രേഖപ്പെടുത്താൻ കഴിയാത്തവരുമായ വനവാസികളായ പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗത വനവാസികളുടെയും വനാവ കാശങ്ങളും വനഭൂമിയിലെ ജീവിതവൃത്തിയും അംഗീകരിക്കുന്നതിനും വനാവകാശങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനും നിക്ഷിപ്തമാക്കുന്നതിനും വേണ്ടിയുള്ളതാണ് ഈ നിയമം. പട്ടികവർഗ്ഗക്കാരായ വനവാസികളെ സംബന്ധിച്ച് 2005 ഡിസംബർ 13-നോ അതിന് മുമ്പോ കൈവശ മുണ്ടായിരുന്ന വനഭൂമിയാണ് ഈ നിയമപ്രകാരം ലഭിക്കുക. അതിനു മുമ്പ് കൈവശ മുണ്ടായിരിക്കുകയും സർക്കാർ പദ്ധതികൾക്കായി ഏറ്റെടുക്കുകയും ചെയ്ത വനഭൂമിക്ക് പകരം ഭൂമിയോ, ആ വനഭൂമി തന്നെയോ പട്ടികവർഗ്ഗക്കാരന് നൽകാനും വ്യവസ്ഥയുണ്ട്.

35. കടം എഴുതിതള്ളുന്ന പദ്ധതി

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും, 01.04.2014 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായപ്കൾ (മുതലും പലിശയും, പിഴപ്പലിശയും മറ്റുചെലവുകളും ഉൾപ്പെടെ) എഴുതിതള്ളുന്ന പദ്ധതി സ.ഉ (അ) നം.71/2015/പജ.പവ.വിവ തീയതി, 01.10.2015 പ്രകാരം അനുവദിച്ചുവരുന്നു.

36. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്ന പദ്ധതി

സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് 25 സെന്റ് മുതൽ 1 ഏക്കർവരെ വാങ്ങുന്നതിന് 10 ലക്ഷം രൂപവരെ സർക്കാർ ധനസഹായമായി നൽകുന്ന പദ്ധതി.

37. വംശീയ വൈദ്യൻമാർക്ക് ധനസഹായം

പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്ക് 10,000/- രൂപ വാർഷിക ഗ്രാന്റായി ഈ പദ്ധതിവഴി നൽകുന്നു. കിർത്താഡ്സിന്റെ സഹായത്തോടെ വൈദ്യൻമാരെ തെരഞ്ഞെടുക്കുകയും തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യുന്നു.

38. ലാപ്ടോപ്പ് വിതരണം

അംഗീകൃത യൂണിവേഴ്സിറ്റികളിൽ/ സ്ഥാപനങ്ങളിൽപ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതാണ് പ്രസ്തുത പദ്ധതി. എം.ബി.എ., എം.ബി.ബി.എസ്., എം.എസ്.സി. കമ്പ്യൂട്ടർ സയൻസ്,

എം.സി.എ, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.വി.എസ്.സി ആന്റ് എ.എച്ച്, ബി.ടെക്, എം.ടെക് എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

39. പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം

പട്ടികവർഗ്ഗയുവാക്കളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഉപജീവന മാർഗ്ഗത്തിനുവേണ്ടി സ്വയംതൊഴിൽ സംവിധാനംവഴി സഹായം നൽകാൻ ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നു. പരമാവധി ധനസഹായം 1.5 ലക്ഷം രൂപയാണ്. 50 ശതമാനത്തോളം ഗുണഭോക്താക്കൾ സ്ത്രീകൾ ആയിരിയ്ക്കണം. അനാഥർ, വിധവകൾ, അവിവാഹിതരായ അമ്മമാർ, സ്ത്രീകൾ ഗൃഹനാഥകളായുള്ള കുടുംബം എന്നിവർക്ക് മുൻഗണന നൽകുന്നതാണ്.

പ്രശ്ന പരിഹാര സാദ്ധ്യതകൾ

പട്ടികവർഗ്ഗ മേഖലയിലെ വികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് പരമാവധി പ്രയോജനപ്പെടുത്താവുന്ന സാദ്ധ്യതകൾ ചുവടെ വിവരിക്കുന്നു.

1. ജില്ലയിൽ നിരക്ഷരരും താഴ്ന്ന വിദ്യാഭ്യാസ നിലവാരമുള്ളവരുമായ മാതാപിതാക്കളുടെ മക്കൾ അപൂർവമായി മാത്രമേ ഉന്നത വിദ്യാഭ്യാസതലങ്ങളിൽ പ്രത്യേകിച്ച് സാങ്കേതിക പ്രൊഫഷണൽമേഖലകളിൽ പ്രവേശിക്കുന്നുള്ളുവെന്നാണ് കാണുന്നത്. എല്ലാവർക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നതിലുപരി പാവപ്പെട്ടവരിൽ പാവപ്പെട്ടവർക്ക് വിദ്യാഭ്യാസ വളർച്ചക്ക് ആവശ്യമായ സമഗ്രപരിപാടികൾ നടത്തേണ്ടതാണ്.

2. പട്ടികവർഗ്ഗക്കാർക്കിടയിൽ കുടുംബബന്ധങ്ങളുടെ ശിഥിലീകരണം വ്യാപകമാണെന്നാണ് കാണുന്നത്. പട്ടികവർഗ്ഗ മേഖലകളിൽ ഫാമിലി കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിച്ച് ഈ അവസ്ഥയ്ക്ക് പരിഹാരം കാണാവുന്നതാണ്.

3. പട്ടികവർഗ്ഗക്കാരിൽ 40.3 ശതമാനം മാത്രമാണ് തൊഴിലെടുക്കുന്നത്. തൊഴിലെടുക്കാൻ പ്രാപ്തിയുള്ളവരിൽ 21.8% തൊഴിലില്ലാത്തവരാണ്. അടിസ്ഥാന സൗകര്യങ്ങൾക്ക് ഊന്നൽ നൽകുന്നതിനോടൊപ്പംതന്നെ തൊഴിലും വരുമാനവുമുണ്ടാക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കേണ്ടത് ആവശ്യമാണ്.

4. മുഖ്യ തൊഴിലനോടൊപ്പം ഉപതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ താരതമ്യേന കുറവാണ്. കുടുംബങ്ങളിലെ സാമ്പത്തികപരാധീനത പരിഹരിക്കാൻ ഉപതൊഴിലുകൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

5. കോളനികളിലെ പട്ടികവർഗ്ഗക്കാരുടെ വരുമാനത്തിന്റെ നല്ലൊരു പങ്കും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിന് ചെലവഴിക്കുന്നതായി കാണുന്നു. കോളനികളിൽ തുടർച്ചയായി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് ആവശ്യമാണ്.

6. പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പ്രചാരത്തിലുള്ള തനതുകലാരൂപങ്ങളെ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തുക വഴിയായി ടി ജനവിഭാഗത്തെ സാംസ്ക്കാരികമായി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് സാധിക്കും.

7. ജില്ലയിലെ പട്ടികവർഗ്ഗക്കാർ, പ്രത്യേകിച്ച് കോതമംഗലം, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിലെ പട്ടികവർഗ്ഗക്കാർ കൃഷിയോട് ആഭിമുഖ്യമുള്ളവരാണ്. കൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലും, പ്രത്യേകിച്ച് ജൈവകൃഷിയിൽ, ഊന്നിയുള്ള വികസന പരിപാടികൾ

ഈ പ്രദേശനിവാസികൾക്ക് അഭികാമ്യമായിരിക്കും.

8. പ്രായാടിസ്ഥാനത്തിൽ പരിശോധിച്ചാൽ ജില്ലയിലെ പട്ടികവർക്കാരിൽ ഏറ്റവും കൂടുതൽ പേർ 30-44 വയസ്സിനിടയിൽ പ്രായമുള്ളവരാണെന്ന് കാണാം. മാനവശേഷി വികസന പ്രോജക്ടുകളും, തൊഴിലധിഷ്ഠിത സംരംഭങ്ങളും നടപ്പിലാക്കാനുള്ള വിപുലമായ സാധ്യതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

9. വൃദ്ധരിൽ തൊഴിലെടുക്കാനുള്ള പ്രാപ്തിയും അഭിരുചിയുമുള്ളവരുമുണ്ട്. അവരെ കഠിനമല്ലാത്ത തൊഴിലുകളിലേർപ്പെടാൻ സഹായിക്കാവുന്നതാണ്. തൊഴിലെടുക്കാൻ പ്രാപ്തിയില്ലാത്തവർക്കുവേണ്ടി സാമൂഹ്യക്ഷേമ പദ്ധതികളും, പരിചരണ പാക്കേജുകളും ആവിഷ്ക്കരിക്കാവുന്നതാണ്.

10. പട്ടികവർഗ്ഗക്കാരിൽ നല്ലൊരു ശതമാനംപേരും കടബാധ്യതയുള്ളവരാണ്. ഏറ്റവും കൂടുതൽപേർ കടമെടുത്തിട്ടുള്ളത് സ്വകാര്യവ്യക്തികളിലും, സ്ഥാപനങ്ങളിലും നിന്നാണ്. പട്ടികവർഗ്ഗക്കാർക്ക് പൊതുമേഖലാ ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ മാത്രമേ ഈ പ്രവണത ഇല്ലാതാക്കാൻ കഴിയുകയുള്ളൂ.

11. പാരമ്പര്യ ചികിത്സാരീതി 11 കോളനികളിൽ പ്രചാരത്തിലുണ്ട്. ഒട്ടുമിക്ക രോഗങ്ങൾക്കും പാരമ്പര്യചികിത്സ ലഭ്യമാണ്. പാരമ്പര്യചികിത്സാ രീതികൾ പ്രോത്സാഹിപ്പിച്ചാൽ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

12. കുട്ടമ്പുഴ പഞ്ചായത്തിലെ മിക്ക കോളനികളും വനത്തിനുള്ളിലാണ്. ഇവരിൽ വളരെപേർ വനവിഭവ ശേഖരണം നടത്തുന്നു. വനവിഭവ ശേഖരണം കൂടുതൽ ആദായകരവും തൊഴിൽദായകവുമാക്കുന്നതിന് വനവിഭവങ്ങളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണിയിൽ ഇറക്കാനുള്ള സമഗ്ര പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്.

13. ആരോഗ്യകേന്ദ്രങ്ങളുടെ അപ്രാപ്യതയാണ് പട്ടികവർഗ്ഗക്കാർ നേരിടുന്ന മറ്റൊരു വെല്ലുവിളി. വനത്തിനുള്ളിലെ കോളനികളിലുള്ളവർക്ക് ആരോഗ്യ കേന്ദ്രങ്ങളെല്ലാം തന്നെ അപ്രാപ്യമാണ്. ടി കോളനികളിൽ ആരോഗ്യ പ്രവർത്തനങ്ങൾ ശക്തമാക്കേണ്ടതും, മാസത്തിൽ ഒരിക്കലെങ്കിലും മെഡിക്കൽ ക്യാമ്പ് നടത്തേണ്ടതുമാണ്.

14. അവിവാഹിതരായ 16 അമ്മമാർ ജില്ലയിലുണ്ടെന്നത് പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ ബലഹീനതയുടെ തെളിവാണ്. ഇവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്.

15. ജില്ലയിലെ മിക്ക കോളനികളിലും കുടിവെള്ളക്ഷാമം നേരിടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനായി എല്ലാ കോളനികളിലും പൊതുകിണർ സ്ഥാപിക്കാവുന്നതാണ്.

16. വ്യവസായങ്ങൾ ആരംഭിക്കുവാനും നിലവിലുള്ളവ മെച്ചപ്പെടുത്താനും 1,50,000/-രൂപ വരെ പലിശയില്ലാത്ത വായ്പ നൽകാവുന്നതാണ്.

17. ജില്ലയിൽ 2 പട്ടികവർഗ്ഗ സഹകരണ സംഘങ്ങളാണുള്ളത്. അവയുടെ പ്രവർത്തനം വളരെ ശോചനീയമാണ്. ആയതിനാൽ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തി ഫലപ്രദമായ പ്രവർത്തനം ഉറപ്പുവരുത്തേണ്ടതാണ്.

18. പുരുഷ വനിതാ സ്വാശ്രയ സംഘങ്ങളുടെയും കുടുംബശ്രീകളുടെയും പ്രവർത്തനം പട്ടികവർഗ്ഗ മേഖലയിൽ വ്യാപിപ്പിക്കുക. പാലിയേറ്റീവ് കെയർ, കമ്മ്യൂണിറ്റി കിച്ചൻ, കൃഷി, തയ്യൽ, കരകൗശലം എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുക.

19. കോളനികളിൽ പരമ്പരാഗത നൈപുണ്യങ്ങളും കൈത്തൊഴിലുകളും മെച്ചപ്പെടുത്തു ന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. ഊരുകളിൽ നിർമ്മിക്കുന്ന പരമ്പരാഗത ഉത്പന്നങ്ങൾ ഇടനിലക്കാർ ശേഖരിക്കുന്നതു കൊണ്ട് ന്യായമായ വില ലഭിക്കുന്നില്ല.

20. ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട് ആവശ്യമായ പരിശീലനം ലഭിക്കുന്നതിന് കൂടുതൽ അവസരമുണ്ടാക്കുക

21. മിശ്രവിവാഹിതർക്ക് ധനസഹായം 1,00,000/-രൂപയായി വർദ്ധിപ്പിക്കുക

22. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സാഹിത്യകാരൻമാരുടെ കൃതികൾ പ്രസിദ്ധീകരിക്കു ന്നതിന് ധനസഹായം നൽകുക

23. പട്ടികവർഗ്ഗക്കാർ മൃഗപരിപാലന പ്രവർത്തനങ്ങളോട് ആഭിമുഖ്യമുള്ളവരാണ്. മിക്ക കോളനികളിലും മൃഗപരിപാലനത്തിന് അനുകൂല സാഹചര്യങ്ങൾ ഉണ്ട്. മൃഗപരിപാലനവുമായി ബന്ധപ്പെട്ട് ടി മേഖലകളിൽ തൊഴിൽ സൃഷ്ടിക്കാൻ കഴിയും.

24. വനത്തിനുള്ളിലെ കോളനികളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വനത്തിൽ നിന്ന് പുറത്തേയ്ക്കു വരുന്നതിന് താത്പര്യമില്ലാത്തതായി കാണുന്നു. ടി കോളനികളിൽ നിന്നും ടൂറിസ്റ്റ് ഗൈഡ് ആവാൻ താത്പര്യമുള്ളവരെ തെരഞ്ഞെടുത്ത് ടി മേഖലയിൽ പരിശീലനം നൽകുന്നത് നന്നായിരിക്കും. കാടിന്റെ ഓരോ മേഖലയെക്കുറിച്ചും വ്യക്തമായ ധാരണയുള്ള ഇവർക്ക് ടി മേഖലയിൽ പ്രശോഭിക്കാൻ കഴിയും. അതുവഴി കുടുംബത്തിന് നല്ലൊരു വരുമാന മാർഗ്ഗവുമാകും.

25. കോളനികളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള ദൂരം പട്ടികവർഗ്ഗ വിദ്യാർത്ഥികൾ നേരിടുന്ന ഒരു പ്രശ്നമാണ്. ടി പ്രശ്നം പരിഹരിക്കുന്നതിന് കൂടുതൽ പ്രീമെട്രിക്, പോസ്റ്റുമെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

26. പട്ടികവർഗ്ഗ ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ജില്ലാ വികസന സമിതിയിൽ പട്ടികവർഗ്ഗ പ്രതിനിധിയെ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.

27. വിവാഹിതരുടെ പ്രായം പരിശോധിച്ചതിൽ ജില്ലയിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ, പ്രത്യേകിച്ചും മുതുവാൻ വിഭാഗക്കാരിൽ പ്രായപൂർത്തിയാകാതെ വിവാഹങ്ങൾ, പ്രത്യേകിച്ച് പെൺകുട്ടികളുടെ, നടക്കുന്നുണ്ടെന്ന് അനുമാനിക്കാവുന്നതാണ്. ഇതിനെതിരെ ജാഗ്രത പുലർത്തേണ്ടതും ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുമാണ്.

28. സോളാർ ലൈറ്റിംഗ് സംവിധാനം കോളനികളിൽ ഏർപ്പെടുത്താവുന്നതാണ്.

29. സർക്കാർ വകുപ്പുകളിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പരിപാടികളെ സംബന്ധിച്ചുള്ള അറിയിപ്പുകൾ യഥാസമയം പട്ടികവർഗ്ഗ മേഖലയിൽ എത്തിക്കുക.

30. വന്യമൃഗ ഭീഷണി നേരിടുന്ന കോളനികളിൽ സംരക്ഷണ ഉപാധികൾ സ്ഥാപിക്കുക.

അവസ്ഥ

1. കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ വളരെയധികം പ്രയോജനകരമാണ്. എന്നാൽ വ്യക്തിഗത സ്വയംതൊഴിൽ പദ്ധതികൾ പലതും ഫലവത്തായി കാണുന്നില്ല.

2. ഭൂമി വാങ്ങി നൽകുന്ന പദ്ധതി ജില്ലയിൽ വളരെയധികം ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെട്ടുവെങ്കിലും കാർഷികാടിസ്ഥാനത്തിലുള്ള പദ്ധതി ആയതിനാൽ ജില്ലയിൽ പ്രായോഗിക പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ചുരുങ്ങിയത് 25 സെന്റ് എന്നത് 5-15 സെന്റ് എന്നാക്കിക്കുറച്ച് പദ്ധതി കൂടുതൽപേർക്കായി നടത്താവുന്നതാണ്.

3. പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനും ലാപ്ടോപ്പ് വിതരണത്തിനും കർശനമായും വരുമാന പരിധി ഏർപ്പെടുത്തേണ്ടതാണ്.

4. ജനനി ജന്മരക്ഷ പദ്ധതിയ്ക്കും വരുമാന പരിധി ഏർപ്പെടുത്തേണ്ട താണ്. നിലവിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം അർഹരായ പലർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത സാഹചര്യമാണുള്ളത്.

5. ഭക്ഷ്യ സുരക്ഷ പദ്ധതി ജില്ലയിലെ ഗുണഭോക്താക്കൾക്ക് വളരെ പ്രയോജനകരമായി കാണുന്നു. നിലവിൽ പദ്ധതിയിൽ 60 വയസിനുമേൽ പ്രായമുള്ളവരെയും രോഗികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

വരും വർഷങ്ങളിൽ നടപ്പാക്കേണ്ട പ്രത്യേക പദ്ധതികൾ

1. വയോജന പരിപാലന പദ്ധതി

- വാർദ്ധക്യം കൊണ്ടും രോഗങ്ങൾ കൊണ്ടും ഒറ്റപ്പെട്ടവരും അഗതികളുമായ നിരവധിയാളുകൾ എല്ലാ സങ്കേതങ്ങളിലുമുണ്ട്. അവരുടെ ശാരീരികവും മാനസികവുമായ ഉല്ലാസത്തിനും ആരോഗ്യ സംരക്ഷണത്തിനുമായുള്ള പരിപാടി.

- സങ്കേതങ്ങൾക്കകത്തോ സമീപത്തോ തയ്യാറാക്കുന്ന പൊതു വിശ്രമസ്ഥലങ്ങൾ പരാമ്പരാഗത രീതിയിൽ തയ്യാറാക്കുന്ന 'പുരകൾ'.

- കാർഷികവൃത്തി ചെയ്യാൻ കഴിവുള്ളവർക്ക് അതിനും മുളയുൽപ്പന്നങ്ങൾ ചെയ്യാനാവുന്നവർക്ക് അതിനുമുള്ള സൗകര്യങ്ങൾ.

- തുടർച്ചയായ മെഡിക്കൽ ക്യാമ്പുകളും ആരോഗ്യ പരിശോധനകളും.

- പൊതു അടുക്കളയും പാചകവും.

- ഒരു ഫെസിലിറ്റേറ്ററുടെ സഹായം.

***3.* ആശ്രിതരില്ലാത്ത രോഗികൾക്ക് കൂട്ടിരിപ്പിന് ആളെ നൽകൽ**

- നോക്കാനാളില്ലാത്ത രോഗികൾക്ക് ആശുപത്രികളിൽ കൂട്ടിരിക്കാൻ ആരുമില്ലാത്ത സാഹചര്യം തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടാറുണ്ട്. ഇക്കാരണത്താൽ ആശുപത്രിയിൽ പോകാത്ത രോഗികളുമുണ്ട്. ആശ്രിതരില്ലാത്ത പട്ടികവർഗ്ഗ രോഗികൾക്ക് ആശുപത്രിയിൽ കൂട്ടിരിക്കാനും സഹായിക്കാനുമായി ബൈസ്റ്റാൻഡേഴ്സ് ബാങ്ക്.

- അതോടൊപ്പം നിയമസഹായം വേണ്ടവർക്ക് ഒപ്പം ചെല്ലാനും സാക്ഷിയാകാനും ഇത്തരക്കാരെ നിയോഗിക്കുവാനും കഴിയും.

- പട്ടികവർഗക്കാരായ യോഗ്യതയുള്ളവരെ ബൈസ്റ്റാൻഡേഴ്സ് ബാങ്കിലേയ്ക്ക് കണ്ടെത്തുന്നു. ആവശ്യമുള്ളിടങ്ങളിൽ 'ഹെൽത്ത് പ്രമോട്ടർമാർ' മുഖാന്തിരം എത്തിക്കുന്നു.

- സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതിയുടെ ഭാഗമായി കൂട്ടിരിപ്പുകാർക്കുള്ള ആനുകൂല്യത്തിനൊപ്പം ഒരു വിഹിതം അധികമായി ദിനബത്തയായി അനുവദിക്കും.

- അതിക്രമങ്ങൾ തടയൽ ആക്ട് ഉൾപ്പെടെ നിരവധി നിയമസഹായങ്ങൾ വേണ്ടവർക്ക് പോലീസ് സ്റ്റേഷനിലും കോടതിയിലും ഒപ്പം പോകാനും സഹായിക്കാനുമായി ഇവരെ വിനിയോഗിക്കാം.

4. ചെറുകിട വ്യവസായ നൈപുണ്യ പരിപാടികൾ

- നൈപുണ്യമുണ്ടായിട്ടും തൊഴിലവസരങ്ങളില്ലാത്ത പട്ടികവർഗ വനിതകൾ എല്ലാ സങ്കേതങ്ങളിലുമു്. തറിനെയ്ത്ത്, തയ്യൽ, ബാംബൂ ഉല്പന്നങ്ങളുടെ നിർമ്മാണം, പേപ്പർ ബാഗ്നിർമ്മാണം, ഫുഡ് പ്രോസ്സസിംഗ്, കുട നിർമാണം, സാനിട്ടറി നാപ്കിൻ നിർമാണം തുടങ്ങിയവയിൽ പ്രാവീണ്യമുള്ള വനിതകൾക്കായി ഒരേ കുടകീഴിൽ വ്യവസായ പാർക്കുകൾ.

- നിലവിൽ പ്രവർത്തന രഹിതമായതോ നാമമാത്രമായി പ്രവർത്തിക്കുന്നതോ ആയ പട്ടികവർഗ സഹകരണ സംഘങ്ങൾ പരിവർത്തനം ചെയ്യാനുള്ള സാധ്യത.

- ആധുനിക അപ്പാരൽ പാർക്കുകളുടെ മാതൃകയിലുള്ള സംവിധാനങ്ങൾ.

- പരിശീലനത്തിനുള്ള പ്രത്യേക സംവിധാനം.

- ഉല്പാദനത്തിനും കച്ചവടത്തിനും സാധ്യതകൾ

മറ്റുള്ള പദ്ധതികൾ

1. വ്യവസായം

പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി' മാത്രമാണ് വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നത്. ടി പദ്ധതി പ്രകാരം 25 ലക്ഷം രൂപവരെയുള്ള ഉൽപ്പാദന മേഖലയിലുള്ള പ്രോജക്ടുകളും 10 ലക്ഷം രൂപവരെയുള്ള സേവന മേഖലയിലെ പ്രോജക്ടുകളും നടപ്പിലാക്കാവുന്നതാണ്. പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർ 5% പദ്ധതി വിഹിതം സ്വയമായി എടുക്കുകയും 35% ഗ്രാമപ്രദേശങ്ങളിൽ (25% നഗരപ്രദേശങ്ങളിൽ) ഉള്ളവർക്ക് സബ്സ്ഡിയായി ലഭിക്കുകയും ബാക്കി തുക ബാങ്ക് വായ്പയായി എടുക്കേണ്ടതുമാണ്.

ബാർബർ ഷോപ്പ്, ഗാർമെന്റ്സ്, കൊക്കോ പ്രോസസിംഗ്, സ്കാഫോൾഡിംഗ് എന്നീ മേഖലകളിലാണ് അപേക്ഷകൾ ലഭിക്കാറുള്ളത്. ഈറ്റ, മുള, വനവിഭവങ്ങൾ മുതലായ വയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അപേക്ഷകരെ കണ്ടെത്തേണ്ടിയിരിക്കുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും മതിയായ അപേക്ഷകർ മുന്നോട്ടു വരുന്നില്ല. നല്ല സംരംഭകരെ സൃഷ്ടിക്കുന്നതിനും മികച്ച പദ്ധതികൾ അവരിലൂടെ നടപ്പിലാക്കുന്നതിനുമായി പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന മേഖലകളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവരുടെ നിലവിലെ തൊഴിലിൽ നിന്നും അവരുടെ മേഖലയിൽ ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തിക്കൊണ്ടും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിയ്ക്കുന്നതിനുള്ള സംരംഭങ്ങൾ നടപ്പാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. ഈറ്റ, മുള എന്നിവയുടെ ഉൽപ്പന്നങ്ങൾ വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം, നൈപുണ്യ വികസന പരിശീലനം, ആയതിലുള്ള യന്ത്രവൽക്കരണം തുടങ്ങിയ സഹായങ്ങൾ വ്യവസായ വകുപ്പ് മുഖാന്തരം ലഭ്യമാക്കുവാൻ സാധിയ്ക്കും.

കൂടാതെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അനുയോജ്യമായ സ്ഥലം കണ്ടെത്തി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

2. കലാകായികം

ജില്ലയിലെ പട്ടികവർഗ്ഗക്കാരിൽ നിന്നും കലാപരമായി ആരുംതന്നെ ഉയർന്നുവരുന്നില്ല. ട്രൈബൽ യൂത്ത് ഫെസിറ്റിവൽ നിർത്തിവച്ചതിനാലും കലാകായിക മികവുകളെ പ്രോത്സാഹിപ്പിക്കാത്തതിനാലും പട്ടികവർഗ്ഗമേഖലയിൽ പ്രതിഭകൾ ഉയർന്നുവരുന്നില്ല.

പട്ടികവർഗ്ഗക്കാർക്കിടയിൽ കലാസാംസ്ക്കാരിക ക്ലബ്ബുകൾക്ക് രൂപംകൊടുത്തു കൊണ്ടും കലാകായിക മികവുകൾക്ക് വേദികൾ ഒരുക്കിയും പ്രതിഭകളെ ഉയർത്തിക്കൊണ്ടു വരാവുന്നതാണ്.

3. വിദ്യാഭ്യാസം

ആദിവാസി സമൂഹത്തിന്റെ സാമൂഹ്യ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള ശക്തമായ ഒരു ഉപാധി വിദ്യാഭ്യാസമാണ്. ജില്ലയിൽ പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് മാത്രമായി സമഗ്ര വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. ഇതിന്റെ ഘടകങ്ങൾ താഴെപ്പറയുന്ന പ്രകാരമാകാം.

എ) പത്താംതരംവരെ (ശിശുവിദ്യാഭ്യാസം മുതൽ) ശക്തമായ ഇടപെടൽ മറ്റു വിദ്യാർത്ഥികൾക്കൊപ്പമോ, അതിനുമീതെയോ എത്തിക്കലാവണം ലക്ഷ്യം.ആദ്യവർഷം ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കിടയിലും സമാന കർമ്മപരിപാടികൾ ആവശ്യമായിവരും.

ബി) ഭാഷാശേഷിവികസനത്തിന് എന്റെ മലയാളം

എല്ലാ ക്ലാസ്സുകളിലും ഭാഷാശേഷി ഉറപ്പിക്കലാവണം ലക്ഷ്യം. എഴുത്തും വായനയ്ക്കുമപ്പുറം സർഗശേഷി വികസനവും സാഹിത്യ അഭിരുചി വളർത്തലും ഗൗരവതരത്തിൽ വായനയെ വളർത്തലും ലക്ഷ്യമിടണം. ഇതിനായി സ്കൂൾ ലൈബ്രറി, വായനാമുറി എന്നിവ ട്രൈബൽ മേഖലയിലെ സ്കൂളുകളിൽ ഉറപ്പുവരുത്തണം. ഒരു ലൈബ്രേറിയന്റെ സേവനം (സ്കൂളിലെ പൂർവ്വവിദ്യാർത്ഥി, മാതൃസമിതി അംഗം) പി.ടി.എ.യുടെ നേതൃത്വത്തിൽ ലഭ്യമാക്കുക. ആനുകാലികങ്ങൾ, ലൈബ്രറി നടത്തിപ്പ് എന്നിവയ്ക്ക് സ്കൂളിന് അലവൻസ് അനുവദിക്കുക.

സി) ഇംഗ്ലീഷ് ഭാഷാ ശേഷിവികസനത്തിന് മൈ ഇംഗ്ലീഷ് പദ്ധതി

ഒരു അതിഥി അധ്യാപകന്റെ സേവനം 2 മാസം പ്രയോജനപ്പെടുത്തി ഇംഗ്ലീഷിൽ ആശയവിനിമയശേഷി ഉറപ്പിക്കലാണ് പദ്ധതിലക്ഷ്യം. ആവശ്യമായ പഠനസാമഗ്രികൾ ലഭ്യമാക്കണം. അതിഥി അധ്യാപകന് 2 മാസ ഓണറേറിയം പദ്ധതിയുടെ ഭാഗമായി നൽകണം.

ഡി) ശാസ്ത്രജാലകം പദ്ധതി

ആദിവാസി മേഖലയിലെ പിണവൂർകുടി, മാമലക്കണ്ടം ഹൈസ്കൂളുകളിൽ ശാസ്ത്ര ലബോറട്ടറികൾ സജ്ജമാക്കുക, ശാസ്ത്ര പരീക്ഷണങ്ങളിലെ കൗതുകങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രാഭിരുചി വളർത്തൽ പദ്ധതി-ശാസ്ത്ര കൗതുകം, പ്ലാനറ്റോറിയം, ശാസ്ത്ര ഗവേഷണ കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കാനുള്ള പദ്ധതി, ശാസ്ത്രോത്സവ ക്യാമ്പുകൾ

വിദ്യാലയ അടിസ്ഥാനത്തിൽ സംഘടിപ്പിക്കൽ എന്നിവ നടത്താവുന്നതാണ്.

ഇ)ഗണിതം മധുരം
ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിനുള്ള കർമ്മപദ്ധതി ഗണിതം മധുരത്തിലൂടെ രസകരമായ ഗണിതാനുഭവങ്ങൾ നൽകി ചതുഷ്ക്രിയകൾ ഉൾപ്പടെയുള്ള ഗണിതാശയങ്ങൾ നൽകൽ, പഠനോത്സവം, ക്യാമ്പുകൾ എന്നിവ നടത്താവുന്നതാണ്.

എഫ്) പത്താംതരത്തിൽ മികച്ച ഗ്രേഡോടെ സമ്പൂർണ്ണ വിജയം ഉറപ്പാക്കുന്നതിന് വിജയശ്രീ പദ്ധതി

പിയർ ഗ്രൂപ്പ്പഠനം, പ്രതിമാസ പരീക്ഷകൾ, പഠനോത്സവം ക്യാമ്പുകൾ, ഭവന സന്ദർശനം, അതിഥിക്ലാസുകൾ, പഠനസഹായികൾ നൽകൽ തുടങ്ങിയവ ടി പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

ജി) സമഗ്ര കായിക പരിശീലനം

സമഗ്രകായിക വികസനത്തിന് ജംപിംഗ്ബഡ് ഉൾപ്പടെയുള്ള കായിക ഉപകരണങ്ങൾ നൽകൽ, പരിശീലന ക്യാമ്പുകൾ, എയ്റോബിക്സ് പരിശീലനം, യോഗ പരിശീലനം തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്.

എച്ച്) ഉന്നത കോഴ്സുകൾക്ക്/ജോലിക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനുള്ള കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. കോളനികളിൽ പൊതുവായനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

4. തൊഴിൽ

എ) 2018-19 വർഷം പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതൽ കേന്ദ്രീകരിച്ചിട്ടുള്ള കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ തുടങ്ങിയ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസമെങ്കിലും ലഭിച്ച പട്ടികവർഗ്ഗക്കാർക്ക് നമ്മുടെ സംസ്ഥാനത്തും മറ്റു സംസ്ഥാനങ്ങളിലും നിലവിലുള്ള ജോലിസാധ്യതകളെക്കുറിച്ചും ഉയർന്നജോലികൾ കരസ്ഥമാക്കുവാൻ വേണ്ട പരിശീലനങ്ങളെക്കുറിച്ചും മറ്റുമുള്ള മാർഗ്ഗനിർദ്ദേക ക്ലാസ്സുകൾ നൽകാവുന്നതാണ്. ഇതിന്റെ കൂടെ മോട്ടിവേഷൻ ക്ലാസ്സുകൾ, ഇന്റർവ്യൂ സ്കിൽസ്, ഉന്നതവിദ്യാഭ്യാസ സാധ്യതകൾ തുടങ്ങിയ വിഷയങ്ങളും ഉൾക്കൊള്ളിക്കാവുന്നതാണ്. ഈ ക്ലാസ്സുകൾ നടത്തുന്നതിനായി സമീപപ്രദേശങ്ങളിലുള്ള ഹൈസ്കൂളുകൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ഹാളുകൾ, പ്രൊജക്ടർ സംവിധാനങ്ങൾ, സൗണ്ട് സിസ്റ്റം മുതലായവ പ്രയോജനപ്പെടുത്താവുന്നതാണ്.

ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പിലാക്കിവരുന്ന സ്വയംതൊഴിൽ പദ്ധതികളായ കെസ്റു, വിധവകൾ, 30 വയസ്സിനു മുകളിലുള്ള അവിവാഹിതകൾ, പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർ തുടങ്ങിയവർക്ക് പ്രത്യേകമായി നടപ്പിലാക്കുന്ന ശരണ്യ, തുടങ്ങിയ വിവിധ സ്വയംതൊഴിൽ പദ്ധതികൾ സംബന്ധിച്ചുള്ള അപേക്ഷകൾ, പ്രൊജക്ടുകൾ എന്നിവ തയ്യാറാക്കുന്നവിധം, ബാങ്ക് നടപടിക്രമങ്ങൾ മുതലായവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബോധവത്ക്കരണ ക്ലാസ്സുകളും പ്രായോഗിക തലത്തിൽ ഈ പദ്ധതികൾക്ക് വരാവുന്ന ബുദ്ധിമുട്ടുകൾ നേരിടുന്നതിനായും മറ്റും ഒരു ദിവസത്തെ പരിശീലന ക്ലാസ്സുകൾ കോതമംഗലം, കുന്നത്തുനാട്, മൂവാറ്റുപുഴ എന്നീ താലൂക്കുകളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി സംഘടിപ്പിക്കാവുന്നതാണ്.

സി) പട്ടികവർഗ്ഗ വിഭാഗത്തിലെ പത്താം ക്ലാസ്സ് മുതൽ വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സരപരീക്ഷകൾക്കായുള്ള 20 ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി താലൂക്കുതോറും സംഘടിപ്പിക്കാവുന്നതാണ്.

ഡി) പട്ടികവർഗ്ഗ വിഭാഗത്തിലെ വനിതകൾക്കായുള്ള സോപ്പ് നിർമ്മാണം, വാഷിംഗ് പൗഡർ, ക്ലിയറിംഗ്

സൊല്യൂഷൻസ്, ഹാൻഡ്‌വാഷ് തുടങ്ങിയ സാമഗ്രികൾ നിർമ്മിച്ച് സ്വയംതൊഴിൽ കണ്ടെത്താനുള്ള പരിശീലനവും നൽകാവുന്നതാണ്.

അനിവാര്യമായ പദ്ധതികൾ

1. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ കുറവും നിരക്ഷരരും

- പ്രീ-പ്രൈമറി വിദ്യാഭ്യാസം ശക്തിപ്പെടുത്തുകയാണ് ഭാവിതലമുറയെ ശാക്തീകരിക്കു വാനുള്ള മാർഗം. ആയതിലേക്കുള്ള വിവിധ പദ്ധതികൾ അത്യാവശ്യമാണ്. ആകർഷണീയമായ അങ്കണവാടികൾ ഒരുക്കുക. ദൂരക്കൂടുതൽമൂലം സങ്കേതങ്ങളിൽ നിന്നും എത്തിച്ചേരാൻ കഴിയാത്ത കുട്ടികൾക്ക് വാഹനസൗകര്യം നൽകുക.
- സ്പോൺസർഷിപ്പിലൂടെ അങ്കണവാടികൾക്ക് ആധുനിക സൗകര്യങ്ങൾ സ്ഥാപിക്കുക. ഇവയിലൂടെ കുട്ടികളുടെ സമഗ്രവികസനം സാധ്യമാക്കുക, പ്രത്യേകിച്ചും ആരോഗ്യ മേഖലയിൽ ആധുനിക കിന്റർഗാർട്ടനുകൾ വകുപ്പ് ആരംഭിക്കുക.
- നിരക്ഷരതയും പട്ടികവർഗ്ഗ വിഭാഗങ്ങളെ പിന്നോട്ട് വലിക്കുന്ന പ്രധാന ഘടകമാണ്. സങ്കേതങ്ങൾ കേന്ദ്രീകരിച്ച് തുടർവിദ്യാഭ്യാസപരിപാടി നടപ്പിലാക്കണം. സാക്ഷരതായജ്ഞം പുനരാരംഭിക്കുക.
- സാക്ഷരതാ പ്രേരക്മാരെ ഊരിലേക്ക് അയയ്ക്കുക.
- വാഹനസൗകര്യം ഏർപ്പെടുത്തുക, ബോധവത്ക്കരണം നടത്തുക.
- ട്യൂഷൻ എടുക്കുന്നതിന് പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ നൽകുക. സാമൂഹ്യ
- പഠനകേന്ദ്രങ്ങൾ വ്യാപിപ്പിക്കുക.
- തൊഴിലധിഷ്ഠിത കോഴ്സുകളുടെ സംരംഭം തുടങ്ങുക.
- ആവശ്യാനുസരണം ഹോസ്റ്റലുകൾ.
- സങ്കേതങ്ങൾ കേന്ദ്രീകരിച്ച് വാഹനങ്ങൾ ഏർപ്പെടുത്തുക.
- ഊരുകൂട്ടത്തിലെ നിർദ്ദേശങ്ങൾ പരിശോധനാടിസ്ഥാനത്തിൽ മേൽനടപടിക്ക് വിടണം. ധനസഹായങ്ങളും അർഹമായ സ്ഥാനങ്ങളും നൽകി വിജയികളെ പ്രോത്സാഹിപ്പിക്കുക.

2. കുറയുന്ന ആയുർദൈർഘ്യം

- ആദിവാസി ജനതയുടെ ആയുർദൈർഘ്യം കുറഞ്ഞുവരുന്നത് തികച്ചും ആശങ്കാജനകമായ ഒന്നാണ്. അതിന് പരിഹാരമാകുന്ന പദ്ധതികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതുണ്ട്.
- കിഴങ്ങ്, ഇലക്കറികൾ എന്നിവ കൃഷിചെയ്ത് ഉപയോഗിക്കുവാനുള്ള പദ്ധതികൾ രൂപീകരിക്കുക.
- ബോധവൽക്കരണ ക്ലാസ്സ് നടത്തുക.
- കുടുംബശ്രീ മുഖേന ഊരുകളിൽ മദ്യവിൽപ്പന തടയുക.
- നല്ല മാതൃകാ കുടുംബങ്ങളെ ആദരിക്കൽ.
- തൊഴിലുറപ്പ് മുഖേനെ ഊരുകൾ ശുചീകരിക്കുന്ന പ്രവൃത്തി ചെയ്യാൻ ജനമൈത്രി പോലീസിന്റെ സഹായം തേടുക.
- പഞ്ചായത്ത് തലത്തിൽ ജെ.പി.എച്ച്, ജെ.എച്ച്, പാലിയേറ്റീവ് സഹായം തേടുക.
- പോഷാകാഹാരം അടങ്ങിയ ആഹാര കിറ്റുകൾ പഞ്ചായത്ത് നൽകുക.

ഒഴിവാക്കേണ്ടവ

1. ബോർഡിംഗ് ഗ്രാന്റ്

പട്ടികവർഗ്ഗ വികസനവകുപ്പിന് കീഴിലുള്ള പ്രീമെട്രിക്ഹോസ്റ്റലുകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും കുട്ടികളുടെ ഒഴിവ് നികത്താതെകിടക്കുന്ന സാഹചര്യത്തിൽ സന്നദ്ധസംഘടനകൾ നടത്തുന്ന ഹോസ്റ്റലുകളിൽ നൽകുന്ന

ബോർഡിംഗ് ഗ്രാന്റ്
നിർത്തലാക്കാവുന്നതാണ്.

2. വസ്ത്ര വിതരണം
ട്രൈബൽ സ്കൂളുകളിലെ ലോവർ പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും 2 ജോഡി യൂണിഫോം നൽകുന്ന പദ്ധതി വിദ്യാഭ്യാസ വകുപ്പ് മുഖേനയും സൗജന്യ യൂണിഫോം നൽകുന്നതിനാൽ നിൽത്തലാക്കാവുന്നതാണ്.

3. മാതാപിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്
പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയയ്ക്കുന്നതിന് വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിമാസം 50/- രൂപ നിരക്കിൽ നൽകുന്ന പദ്ധതിക്ക് വരുമാന പരിധി നിശ്ചയിക്കാവുന്നതാണ്.

4. ഓണക്കോടി/ഓണക്കിറ്റ് വിതരണം

പട്ടികവർഗ്ഗക്കാർക്ക് നൽകുന്ന ഓണക്കിറ്റ് വിതരണത്തിനും 60 വയസിനു മുകളിലുള്ളവർക്ക് നൽകുന്ന ഓണക്കോടി വിതരണത്തിനും സർക്കാർ ജീവനക്കാരെയും സ്ഥിരവരുമാനമുള്ളവരെയും ഒഴിവാക്കി വരുമാനപരിധി ഏർപ്പെടുത്താവുന്നതാണ്.

5.1.21 സാമൂഹ്യക്ഷേമം (വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ വിഭാഗം എന്നിവരുടെ വികസനം

കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. ഐ.സി.ഡി.എസ്.
എ) അംഗൻവാടികളിലെ അനൗപചാരിക പ്രീപ്രൈമറി വിദ്യാഭ്യാസം
ബി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ
സി) സ്കൂൾ കൗൺസിലിംഗ് പ്രോഗ്രാം
ഡി) അനുപൂരക പോഷകാഹാരപദ്ധതി
ഇ) SABLA, THRS, IGMSY, BBBP തുടങ്ങിയവ

2. ഐ.സി.പി.എസ്. (സംയോജിത ശിശു സംരക്ഷണ പദ്ധതി)
എ) ബാലനീതി നിയമം നടപ്പാക്കൽ
ബി) ചൈൽഡ് ലൈൻ സർവ്വീസുകൾ
സി) സനാഥ ബാല്യം/ഫോസ്റ്റർ കെയർ
ഡി) സ്ഥാപനസംരക്ഷണം (ജെ.ജെ. സ്ഥാപനങ്ങൾ)
ഇ) അഡോപ്ഷൻ സേവനങ്ങൾ
എഫ്) സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്

3. നാഷണൽ ചൈൽഡ് അവാർഡ് ഫോർ എക്സെപ്ഷണൽ അച്ചീവ്മെന്റ്
എ) വിദ്യാഭ്യാസം
ബി) കല
സി) കായികം
ഡി) സാഹിത്യം

സംസ്ഥാന പദ്ധതികൾ

സ്റ്റേറ്റ് ചൈൽഡ് പോളിസി
1) വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്
2) സ്നേഹപൂർവ്വം (കെ.എസ്.എസ്.എം)
3) അംഗപരിമിതരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്
4) ബാല വികലാംഗ സദനം
5) തടവുകാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം
6) കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് Braille Kit, Talking Calculator, Daisy Player എന്നിവ നൽകുന്ന പദ്ധതി
7) ക്യാൻസർ സുരക്ഷ (കെ.എസ്.എസ്.എം.)
8) താലോലം (കെ.എസ്.എസ്.എം)
9) ശ്രുതിതരംഗം (കെ.എസ്.എസ്.എം)
10) എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം (കെ.എസ്.എസ്.എം)
11) ജില്ലയിൽ ഉയർന്ന മാർക്ക് നേടുന്ന അംഗവൈകല്യമുള്ള വിദ്യാർത്ഥികൾക്കുള്ള (SSLC, Higher Secondary) പ്രൊഫിഷ്യൻസി അവാർഡ്

12) വിദ്യാഭ്യാസ വായ്പാപദ്ധതി (പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് (Job Oriented) അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ)

13) കേരള സംസ്ഥാന ശിശുക്ഷേമ സമിതി

1. ദത്തെടുക്കൽ കേന്ദ്രം
2. അങ്കണവാടി പരിശീലന കേന്ദ്രം
3. പുനർജനി
4. മോണ്ടിസോറി ഹൗസ് ഓഫ് ചിൽഡ്രൻ
5. ഡോൾസ് മ്യൂസിയം
6. അമ്മത്തൊട്ടിലുകൾ
7. കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ ഓർഫനേജ് കൺട്രോൾ ബോർഡ്
8. ഫൗണ്ട്ലിങ്ങ് ഹോമുകൾക്കും അഗതികളായവർക്കും കുട്ടികൾക്കുമുള്ള അനാഥാലയ ഗ്രാന്റ്.
9. അനാഥാലയത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സീറ്റ് റിസർവേഷൻ
10. അനാഥാലയത്തിലെ (എസ്.എസ്.എൽസി, +2) കഴിഞ്ഞ കുട്ടികൾക്ക് ഉന്നത പഠനത്തിനുള്ള ധനസഹായം.
11. ഓർഫനേജ് ഫെസ്റ്റ്(കുട്ടികളുടെ കലാകായിക പരിപാടികൾ, സ്നേഹസംഗമം) നിഷ്.

കുട്ടികളുടെ മേഖലയിൽ സ്ഥിതിവിവരകണക്കുകൾ ലഭ്യമാകുന്നതിന് എറണാകുളം ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനത്തിനും ചുവടെ പറയുന്നവ ഉപയോഗ പ്പെടുത്തിയിട്ടുള്ളതാണ്.

1. വാർഷിക സർവ്വേ (അങ്കണവാടിതലം)
2. സെൻസസ് റിപ്പോർട്ട്
3. വൈകല്യമുള്ളവരുടെ സെൻസസ് റിപ്പോർട്ട് 2015
4. അംഗൻവാടിയുടെ അവസ്ഥാവിശകലനത്തിനായി അംഗൻവാടിയുടെ ഗ്രേഡിംഗ്
5. ജില്ലാതല കുടുംബാരോഗ്യ സർവ്വേ
6. സ്റ്റേറ്റ് ന്യൂട്രീഷൻ സർവ്വെ

ഇതുകൂടാതെ നിലവിലുള്ള നിയമങ്ങൾ (ബാലാവകാശ സംരക്ഷണ നിയമം, ബാലനീതി നിയമം, ശൈശവ വിവാഹ നിരോധന നിയമം, ബാലവേല നിരോധന നിയമം, പോക്സോ ആക്ട് എന്നിവയും ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് അടിസ്ഥാന മാർഗ്ഗരേഖയായിപ്പെടുത്തിയിട്ടുണ്ട്.

സംയോജിത ശിശുവികസന സേവന പദ്ധതി

1974ൽ ദേശീയശിശുനയത്തിന്റെ ഭാഗമായി 1975 ഒക്ടോബർ 2ന് ആരംഭിച്ച 'സമഗ്ര ശിശുവികസന' പരിപാടിയാണ് ഐസിഡിഎസ്. ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വികസനത്തിന് അടിത്തറപാകുന്നത് ബാല്യകാലത്താണ്. ഈ കാലഘട്ടത്തിൽ വികസനത്തിനനുയോജ്യമായ സേവനപരിപാടികൾ പ്രത്യേകിച്ച് അരക്ഷിതരും ദുർബ്ബലരുമായ സമൂഹവിഭാഗങ്ങൾക്കുവേണ്ടി ലഭ്യമാക്കുകയാണെങ്കിൽ ശിശുമരണം, അംഗവൈകല്യം, പോഷണക്കുറവ് വിദ്യാഭ്യാസത്തിലെ പിന്നോക്ക നില, മാനസിക കഴിവുകളുടെ വികസനകുറവ് എന്നിത്യാദി പ്രശ്നങ്ങളെ ലഘൂകരിക്കുവാൻ കഴിയും. എന്ന അനുഭവം പ്രാവർത്തികമാക്കുകയാണ ഈ പരിപാടികൊണ്ടുദ്ദേശിക്കുന്നത്. ആരോഗ്യമുള്ള ശിശുക്കൾക്ക് ജന്മംനൽകുവാൻ ആരോഗ്യമുള്ള സ്ത്രീകൾക്ക് മാത്രമേ കഴിയൂ എന്നതുകൊണ്ട് അമ്മമാരുടെ പോഷണപരിപാടിയും ഇതിന്റെ അവിഭാജ്യ ഘടകമാണ്. 800 ജനസംഖ്യയ്ക്കും ഒരു അംഗൻവാടി വീതം പ്രവർത്തിപ്പിക്കുകയാണ് പ്രാവർത്തിക പരിപാടി.

എണ്ണൂറ് ജനതക്കുള്ളിലെ 10 ഗർഭിണികളും 10 പാലൂട്ടുന്ന അമ്മമാരും 35 പ്രീസ്കൂൾ കുട്ടികളും (3-6 വയസ്സ്). 3 വയസ്സിൽ താഴെ 35 കുട്ടികളും ഉൾപ്പെടെ ഏതാണ്ട് 90 ഗുണ ഭോക്താക്കൾ ഒരു അങ്കണവാടിക്കു കീഴിൽ ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

ലക്ഷ്യങ്ങൾ

1. 6 വയസ്സുവരെയുള്ള കുട്ടികളുടെ പോഷണനിലവാരം മെച്ചപ്പെടുത്തുക.
2. ശിശുവിന്റെ മാനസികവും ശാരീരികവും സാമൂഹ്യപരവുമായ വികസനത്തിന് ശരിയായ അടിത്തറ പാകുക.
3. ശിശുമരണനിരക്ക്, രോഗാതുരത, പോഷണക്കുറവ്, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് ഇവയുടെ തോത് കുറയ്ക്കുക.
4. ശിശുവിന്റെ വികസനത്തിന് അനുയോജ്യമായ വിധത്തിൽ വിവിധവകുപ്പുകൾ തമ്മിൽ നയ രൂപീകരണത്തിലും നടത്തിപ്പിലും ഏകോപനം വരുത്തുക.
5. ശിശുക്കളുടെ ശരിയായ ആരോഗ്യവും, പോഷകാവശ്യകതയും ശ്രദ്ധിക്കുവാൻ തക്കവിധത്തിൽ അമ്മമാരുടെ കഴിവ് വർദ്ധിപ്പിക്കുക.

സേവനങ്ങൾ

1. അനുപൂരക പോഷകാഹാരം, വളർച്ചാ നിരീക്ഷണം
2. ആരോഗ്യ പരിശോധന
3. റഫറൽ സർവ്വീസസ്
4. ആരോഗ്യ പ്രതിരോധ കുത്തിവെയ്പും, ചികിത്സയും
5. ആരോഗ്യ പോഷണ വിദ്യാഭ്യാസം
6. അനൗപചാരിക പ്രീ-പ്രൈമറി വിദ്യാഭ്യാസം

അംഗൻവാടികൾ

മാനവശേഷി വികസനത്തിന് ഉതകുന്ന മാതൃശിശുസംരക്ഷണ സേവനങ്ങൾ ഒരു കുടക്കീഴിൽകൊണ്ടുവന്ന് സാധാരണക്കാരായ ജനങ്ങളിലേക്ക് എത്തിക്കുന്ന സാമൂഹ്യ വിഭവകേന്ദ്രമാണ് അംഗൻവാടി.നിലവിൽ 15 ബ്ലോക്കുകളിലും കൊച്ചി കോർപ്പറേഷനുമായി 2858 അങ്കണവാടികൾ അനുവദിച്ചിട്ടുണ്ട്. അവയിൽ 1902 അംഗൻവാടികൾ സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. 136 അംഗൻവാടികൾ വാടകരഹിത കെട്ടിടങ്ങളിലും 820 അംഗൻവാടികൾ വാടകകെട്ടിടങ്ങളിലും ആണ് പ്രവർത്തിക്കുന്നത്. പോഷകാഹാര വിതരണത്തിന്റെ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. 2017 മാർച്ചിലെ കണക്കനുസരിച്ച് താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് പോഷകാഹാര പദ്ധതിയുടെ ആനുകൂല്യം അനുഭവിക്കുന്നവരാണ്.

- 6 മാസം മുതൽ 3 വയസ്സുവരെ
- 3-6 വയസ്സുവരെ
- ഗർഭിണികൾ
- മുലയൂട്ടുന്ന അമ്മമാർ
- കൗമാരക്കാർ

അങ്കണവാടി പ്രീ-സ്കൂൾ വിദ്യാഭ്യാസം

ശൈശവകാലപരിചരണത്തിനും വിദ്യാഭ്യാസത്തിനും ഗണ്യമായ പരിഗണന നൽകുന്ന സമൂഹത്തിന് മാത്രമേ ആരോഗ്യവും വിദ്യാഭ്യാസവുമുള്ള ഒരു ജനതയെ വാർത്തെടുക്കുവാനും അതുവഴി രാഷ്ട്രത്തെ പുരോഗതിയിലേക്ക് നയിക്കുവാനും സാധിക്കുകയുള്ളൂ. വിദ്യാഭ്യാസ അവകാശ നിയമം 2009 ന്റെയും 2013 ലെ ശൈശവകാല പരിരക്ഷയുടെ വിദ്യാഭ്യാസവും സംബന്ധിച്ച ദേശീയ നയരേഖയുടേയും വെളിച്ചത്തിലാണ് പാഠ്യപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. പ്രായത്തിനനുയോജ്യമായതും വികാസ മേഖലകളെ പരിപോഷിപ്പിക്കുന്നതുമായ നിരവധി പ്രവർത്തനങ്ങൾ കളിരീതിയിലൂടെ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. കുട്ടിയുടെ ഏറ്റവും അടുത്ത പരിസരത്തിൽ നിന്ന് നടപടി ക്രമേണ വികാസം പ്രാപിക്കുന്ന തരത്തിൽ 24 തീമുകളും 6 ഉപതീമുകളും പ്രയോജനപ്പെടുത്തിയാണ് കളിപ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. അംഗൻവാടി പ്രവർത്തകർ മുതൽ വിദ്യാഭ്യാസ മന:ശാസ്ത്രജ്ഞർ വരെയുള്ളവരുടെ കൂട്ടായ്മയിൽ ഉരുത്തിരിഞ്ഞുവന്നിട്ടുള്ളതും, ശിശുകേന്ദ്രീകൃത അനൗപചാരിക വിദ്യാഭ്യാസരീതിയുമാണ് അംഗൻവാടികളിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

കുഞ്ഞിന്റെ 6 വയസ്സുവരെയുള്ള കാലഘട്ടത്തിൽ ധ്രുതഗതിയിലുള്ള മസ്തിഷ്ക വികാസവും, ശാരീരിക വളർച്ചയും നടക്കുന്നതിനാൽ ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരും ഭാഷാപരമായ വ്യത്യാസമുള്ളവരുമായ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അംഗൻവാടികൾ മുഖേന പ്രത്യേക ശ്രദ്ധയും പരിചരണവും നൽകിവരുന്നു.

സാമൂഹ്യസുരക്ഷാമിഷന്റെപദ്ധതികൾ

1. സ്നേഹസ്പർശം :

ചൂഷണത്തിന് വിധേയരായി അവിവാഹിതാവസ്ഥയിൽ അമ്മമാരാകുന്ന അഗതികൾക്ക് പ്രതിമാസധനസഹായം നൽകി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണിത്. പ്രതിമാസം1000/-രൂപനിരക്കിൽധനസഹായം അനുവദിക്കുന്നു.

'പ്രത്യാശ' വിവാഹധനസഹായ പദ്ധതി

വ്യക്തികളോ, സ്ഥാപനങ്ങളോ 25,000/- രൂപയോ അതിന്റെ ഗുണിതങ്ങളോ സംഭാവനയായി നൽകിയാൽ തത്തുല്യമായ തുക മിഷനും വഹിച്ചുകൊണ്ട് 50,000/- രൂപ ഒരു ദരിദ്രയുവതിക്ക്വിവാഹധനസഹായമായി നൽകുന്ന പദ്ധതിയാണിത്. ഈ ഇനത്തിൽ സംഭാവന ലഭിക്കുന്ന മുറക്ക് മാത്രമേ ഈ പദ്ധതിക്ക് ധനസഹായം ലഭിക്കുകയുള്ളു. ചുവടെ പറയുന്ന പ്രകാരം പദ്ധതി നടപ്പാക്കിവരുന്നു.

ഈ പദ്ധതിയിലേക്ക് 25,000/- രൂപയോ അതിന്റെ ഗുണിതങ്ങളോ സംഭാവനയായി നൽകുന്നവർക്ക് ഗുണഭോക്താക്കളെ നിർദ്ദേശിക്കാവുന്നതാണ്.

ഗുണഭോക്താക്കൾ 22 വയസ്സ് പൂർത്തിയായവരും നിർദ്ധനകുടുംബങ്ങളിലെ അംഗങ്ങളുമായിരിക്കണം.

വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ

വായ്പാ പദ്ധതികൾ

വനിതകൾക്കുള്ള വിവിധതരം വായ്പ പദ്ധതികൾ കോർപ്പറേഷന്റെ പ്രവർത്തനങ്ങളിലെ മുഖ്യ ഇനമാണ്. 3% മുതൽ 6% വരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നു എന്നതാണ് കോർപ്പറേഷന്റെ വായ്പ പദ്ധതികളുടെ സവിശേഷത. 18 നും 55നും ഇടയിൽ പ്രായമുള്ള വനിതകൾക്ക്, സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യമോ സ്ഥലത്തിന്റെ ഈടോ അടിസ്ഥാനമാക്കി വായ്പ അനുവദിക്കുന്നു. നഗരപ്രദേശങ്ങളിൽ 1,03,000/- രൂപയും ഗ്രാമപ്രദേശങ്ങളിൽ 81,000/-രൂപയുമാണ് അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി.

വിമൻസ് കോളജുകളിൽ വിമൻസ് സെൽ

കേരളത്തിൽ വനിത കോളേജുകളിൽ വനിത വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ഓരോ വിമൻസ് സെൽ പ്രവർത്തിച്ചു വരുന്നു. വിമൻസ് സെൽ മുഖേന വിദ്യാർത്ഥിനികൾക്ക് വിവിധതരത്തിലുള്ള പരിശീലന പരിപാടികൾ, കരിയർ ഗൈൻസ് പ്രോഗ്രാം, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയും നടത്തിവരുന്നു. സാമൂഹികപ്രാധാന്യം അർഹിക്കുന്ന മേഖലകളിലേക്ക് പുതുതലമുറയെ ബോധവൽക്കരിക്കുക എന്ന ഉദ്ദേശത്തോടെ കേരളത്തിലെ 40 വിമൻസ് കോളേജുകളിൽ വിമൻസ് സെൽ രൂപികരിക്കുകയും ഈ കോളുജുകളിൽ പുതുതലമുറയുടെ ശാക്തീകരണത്തിനായും അവബോധത്തിനായും ഇച്ഛാശക്തി വളർത്തുന്നതിനുമായും സ്ത്രീ ശാക്തീകരണ പരിപാടികൾ, സോഫ്റ്റ് സ്കിൽ, ഐ.റ്റി. സ്കിൽ എന്നിവയിൽ പരിശീലനം, സെമിനാറുകൾ, കൈയെഴുത്തു മാസിക പ്രസിദ്ധീകരണം, തെരുവുനാടകം, ജെന്റർ ബോധവൽക്കരണ പരിപാടി എന്നിവ കൂടാതെ മറ്റ് ക്രിയാത്മകമായപരിപാടികളും വിമൻസ് സെൽ വഴി നടത്തി വരുന്നു.

സ്വയംപ്രതിരോധിക്കാൻ പെൺകുട്ടികൾക്ക് ആയോധനകലയിൽ പരിശീലനം

സംസ്ഥാന സർക്കാരിന്റെ ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെന്റർ അവയർനെസ്സ്

പദ്ധതിയുടെ ഭാഗമായി 8 മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കൗമാരക്കാരായ പെൺകുട്ടികൾക്ക് വനിതാവികസന കോർപ്പറേഷൻ ആയോധന കലയിൽ പരിശീലനം നൽകി വരുന്നു. പ്രസ്തുത പദ്ധതി മുഖേന വടക്കൻ കേരളത്തിലെ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 50 സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 2000 പെൺകുട്ടികൾക്ക് ആയോധനകലയിൽ പരിശീലന വായ്പ നൽകുകയും ചെയ്യുന്നു.

ടാക്സി വായ്പാ പദ്ധതി

സ്ത്രീകൾ തന്നെ സംരഭരാകുന്ന ഈ നൂതന പദ്ധതിക്ക് വനിതവികസന കോർപ്പറേഷൻ ആവശ്യമായ വായ്പ സഹായം നൽകി വരുന്നു. 8% പലിശ നിരക്കിൽ ആറ് വർഷത്തെ തിരിച്ചടവ് കാലാവധിയിലാണ് വായ്പ നൽകി വരുന്നത്.

ഷീ ടൊയ്ലറ്റ്

സുരക്ഷിതവും വൃത്തിയുള്ളതും അനായാസേന ഉപയോഗിക്കാൻ കഴിയുന്നതുമായ ശൗചാലയങ്ങൾ നൂതനസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇൻസിനറേറ്റർ, നാപ്കിൻ വെന്റിംഗ് മെഷീൻ എന്നീ ആധുനിക സൗകര്യങ്ങൾ സ്ത്രീകൾക്ക് ലഭ്യമാക്കുന്ന പദ്ധതിയാണ് ഷീ-ടൊയ്ലറ്റ്. തിരുവനന്തപുരം ജില്ലയിൽ 23 ഷീ-ടൊയ്ലറ്റ് യൂണിറ്റുകൾ വനിത വികസന കോർപ്പറേഷൻ സ്ഥാപിക്കുകയുണ്ടായി. കൂടാതെ സംസ്ഥാന വ്യാപകമായി 25 ഷീ-ടൊയ്ലറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

അദ്ധ്യായം 6

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി - വിലയിരുത്തൽ

73, 74 ഭരണഘടനാ ഭേദഗതിയിലൂടെ ത്രിതല പഞ്ചായത്തുകളും നഗരസഭകളും പ്രാദേശിക സർക്കാരുകളായി മാറി വിപുലമായ അധികാരവും, വിഭവങ്ങളും കൈവന്നു. സംസ്ഥാന സർക്കാരിനും, വകുപ്പുകളിലും നിക്ഷിപ്തമായിരുന്ന അധികാരങ്ങളും, ചുമതലകളും പ്രാദേശിക സർക്കാരുകളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടു. സംസ്ഥാന ബഡ്ജറ്റിന്റെ 40% വരുന്ന തുക ത്രിതല പഞ്ചായത്തുകൾക്കും, നഗരസഭകൾക്കും കൈമാറി 9-ാം പദ്ധതിയിൽ സർക്കാർ വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിച്ചു. 9-ാം പദ്ധതിയുടെ ആരംഭത്തിൽ തന്നെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് ആരംഭം കുറിച്ചു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണത്തിനും, നിർവ്വഹണത്തിനും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തി കൈക്കൊണ്ട തീരുമാനം രാജ്യത്തിനു തന്നെയും, ലോകത്തിനു മാതൃകയാണ്. 9-ാം പദ്ധതി മുതൽ 13-ാം പദ്ധതി വരെയുള്ള കഴിഞ്ഞ 2 ദശാബ്ദകാലം പ്രാദേശിക സർക്കാരുകളിലൂടെ സംസ്ഥാനം ഏറെ നേട്ടങ്ങൾ കൈവരിച്ചു. 9-ാം പദ്ധതി ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തുടർന്നുള്ള പദ്ധതികളിൽ ജനകീയ പങ്കാളിത്തം കുറഞ്ഞു വന്നു. ആസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും ഘട്ടങ്ങളിൽ അധികാരം ജനപ്രതിനിധികളിലേക്കും, ഉദ്യോഗസ്ഥരിലേക്കും കേന്ദ്രീകരിച്ചതു മൂലമാണ് ജനകീയ പങ്കാളിത്തത്തിൽ കുറവു വന്നത്.

എന്നാൽ 13-ാം പദ്ധതിയിൽ 'നവകേരളത്തിന് ജനകീയാസൂത്രണം' എന്ന മുദ്രാവാക്യത്തിലൂടെ പദ്ധതി ആസൂത്രണത്തിനും നിർവ്വഹണത്തിനും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. 4 മിഷനുകൾക്ക് സർക്കാർ രൂപം നൽകി.

1. ആർദ്രം
2. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം
3. ലൈഫ്
4. ഹരിതകേരളം

ഈ മിഷനുകളുടെ പ്രവർത്തനം 13-ാം പദ്ധതിയിൽ സംസ്ഥാനത്തിന്റെ വികസനത്തിനും, ആരോഗ്യ മേഖലയുടെ

വളർച്ചയ്ക്കും, മാലിന്യ നിർമ്മാർജ്ജനത്തിനും, കാർഷിക മേഖലയുടെ ഉന്നമനത്തിനും, വിദ്യാഭ്യാസ പുരോഗതിക്കും ആക്കം കൂട്ടും എന്ന കാര്യത്തിൽ സംശയമില്ല. സർക്കാരിന് ടി ലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ടിയുള്ള പ്രവർത്തനത്തിൽ ജില്ലാ പദ്ധതി രൂപീകരിച്ച് നമുക്കും പങ്കാളികളാകാം.

13-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷങ്ങളായ 2017-18 വർഷത്തിൽ ജില്ലയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി അംഗീകാരം നേടിയ വാർഷിക പദ്ധതി വിലയിരുത്തി ആയതിന്റെ അടിസ്ഥാനത്തിൽ ജില്ല ഒട്ടാകെയും അവംലംബിച്ച രീതി വിലയിരുത്തി ജില്ലയുടെ വികസനത്തിന് ഉതകുന്ന ഒരു പദ്ധതി രൂപീകരിക്കുകയാണ് നാം ഏറ്റെടുത്തിട്ടുള്ള ലക്ഷ്യം.

ടി നേട്ടം നേടുന്നതിന് വാർഷിക പദ്ധതി രൂപീകരണവും , നടത്തിപ്പും വിലയിരുത്തി പോരായ്മകൾ പരിഹരിക്കുക എന്ന നടപടിയാണ് ആദ്യമായി ജില്ലാ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാനുള്ളത്.

സംസ്ഥാന ബഡ്ജറ്റിന്റെ അനുബന്ധം 4 അനുസരിച്ച് സംസ്ഥാന ഗവൺമെന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന വികസന ഫണ്ട്, ലോകബാങ്കുമായി സർക്കാർ ഉണ്ടാക്കിയ കരാർ പ്രകാരം ലഭിക്കുന്ന ലോകബാങ്ക് ധനസഹായം, കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭ്യമാക്കുന്ന ധനകാര്യകമ്മീഷൻ ഗ്രാന്റ്, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, തനത് ഫണ്ട്, സംയുക്ത പ്രോജക്ട് വിഹിതം, ഗുണഭോക്തൃ വിഹിതം, കേന്ദ്ര-സംസ്ഥാനാവിഷ്കൃത വിഹിതം എന്നിവയാണ് പ്രധാനമായും വിഭവ സ്രോതസ്സുകളായി തദ്ദേശ സ്ഥാപനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്.

എന്നാൽ കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത സ്കീമുകൾ ഫലപ്രദമായി തയ്യാറാക്കുന്നതിന് ഇപ്പോഴും പ്രാദേശിക സർക്കാരുകളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി രൂപീകരണത്തിൽ ബന്ധപ്പെടുത്തുന്നില്ല എന്നാണ് കാണാൻ കഴിയുന്നത്. ഇന്നത്തെ നിലയിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ മുഖ്യമായ വിഭവ സ്രോതസ്സ് സംസ്ഥാന സർക്കാരിൽ നിന്നുള്ള ധനസഹായമാണ്.

ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് തനത് ഫണ്ട് ഇല്ലാത്തതിനാൽ വർദ്ധിച്ച തോതിൽ പദ്ധതി വിഹിതത്തെ ആശ്രയിച്ചു കൊണ്ടുള്ള പദ്ധതി രൂപീകരണമാണ് നടത്തിയിരുന്നതെന്നും വ്യക്തമാണ്. ആയതുകൊണ്ട് തന്നെ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളെ അധികവിഭവ സമാഹരണ സാധ്യതകളായി ഉൾപ്പെടുത്താനും സാധിക്കേണ്ടതാണ്. എന്നാൽ ആയത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കാര്യമായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

തനത് ഫണ്ട് പ്രാദേശിക പദ്ധതിയുടെ ഭാഗമായി വികസന പ്രവർത്തനങ്ങൾക്ക് വകയിരുത്തി പദ്ധതി തയ്യാറാക്കുന്നുണ്ടെങ്കിലും ചെലവ് വരുത്തുന്നതിൽ ശ്രദ്ധ ചെലുത്തുന്നില്ലായെന്നും കാണുന്നു. തനത് ഫണ്ട് പെരുപ്പിച്ച് കാണിച്ച് മുൻവർഷങ്ങളിൽ പദ്ധതി തയ്യാറാക്കുന്ന പ്രവണത ഏറെ ഉണ്ടായിരുന്നുവെങ്കിലും നിലവിൽ പൂർണ്ണമായും മാറിയിട്ടില്ലെങ്കിലും ആയതിന് കുറവ് വന്നിട്ടുണ്ട് എന്നു കാണുന്നു.

എറണാകുളം ജില്ലയിലെ വിവിധ തദ്ദേക സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ് വിഹിതമായി 2017-18ൽ അനുവദിച്ച് നൽകിയ വികസന ഫണ്ട് തുക ചുവടെ ചേർക്കുന്നു.

പട്ടിക 6.1

(തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനങ്ങൾ	സാധാരണ വിഹിതം	എസ്.സി.പി	ടി.എസ്.പി	എഫ്.സി	ആകെ
ഗ്രാമപഞ്ചാത്ത്	11359.34	4415.60	211.20	6310.55	22296.69
ബ്ലോക്ക്പഞ്ചായത്ത്	4065.64	1494.99	71.22		5631.85
നഗരസഭ	4139.97	1612.88	27.58	4934.37	10714.8
കോർപ്പറേഷൻ	4914.17	814.80	0	4964.82	10693.79
ജില്ലാപഞ്ചായത്ത്	4065.75	1495	71.25		5632.00
ആകെ	**28544.9**	**9833.3**	**381.21**	**16209.74**	**54969.13**

ജില്ലയിൽ അനുവദിച്ച വികസന ഫണ്ട് വിഹിതത്തിന്റെ 40.56 ശതമാനം ഗ്രാമപഞ്ചായത്തുകൾക്കും, 10.24 ശതമാനം ബ്ലോക്ക് പഞ്ചായത്തുകൾക്കും, 19.49 ശതമാനം നഗരസഭകൾക്കും, 19.45 ശതമാനം കോർപ്പറേഷനും, 10.24 ശതമാനം ജില്ലാ പഞ്ചായത്തിനുമാണ് ലഭിച്ചത്.

തദ്ദേശഭരണ സ്ഥാപനങ്ങൾ 2017-18 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് അവലംബിച്ച രീതി

ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ 2017-18 വാർഷിക പദ്ധതി ആവിഷ്കരിക്കുന്നതിന് ചുവടെ വിവരിക്കുന്ന പ്രകാരം ഘട്ടങ്ങളാണ് അവലംഭിച്ചിട്ടുള്ളത്.

1. ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കൽ
2. വികസനരേഖ തയ്യാറാക്കൽ
3. ഗ്രാമസഭകൾ/ഊരുകൂട്ടങ്ങൾ യോഗം
4. വികസന സെമിനാർ
5. വാർഷിക പദ്ധതി അന്തിമരൂപം നൽകൽ
6. പ്രോജക്ടുകൾ തയ്യാറാക്കൽ
7. വാർഷിക പദ്ധതി - ജില്ലാ ആസൂത്രണ സമിതി അംഗീകാരം
8. പ്രോജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും
9. വാർഷിക പദ്ധതി നിർവ്വഹണവും, മോണിറ്ററിംഗും

ഗ്രാമസഭക്ക് സമാനമായി ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ ജനപ്രതിനിധികളേയും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ജില്ലാ പഞ്ചായത്തിലേയും ഗ്രാമപഞ്ചായത്തുകളിലേയും ജനപ്രതിനിധികളേയും ഗ്രാമപഞ്ചായത്തുകളിലെ ആസൂത്രണ സമിതി ഉപാദ്ധ്യക്ഷൻമാരേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം വിളിച്ചു കൂട്ടുകയും ആ യോഗത്തെ ഗ്രാമസഭാ യോഗമായി പരിഗണിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്തുകളിലെ ആസൂത്രണ സമിതി ഉപാദ്ധ്യക്ഷ□ാർ എന്നിവരുടെ യോഗം ഗ്രാമസഭാ യോഗത്തിന് സമാനമായി വിളിച്ച് ചേർത്ത് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നു.

വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശവും ഗ്രാമപഞ്ചായത്തിന്റെ അവസ്ഥാ രേഖയുടെ രത്നചുരുക്കവും അച്ചടിച്ച് ഗ്രാമസഭാ യോഗത്തിൽ വിതരണം ചെയ്തത് ഗ്രാമസഭ ചർച്ച ചെയ്ത് അന്തിമമാക്കി മിനിറ്റ്സാക്കുന്നു.

തുടർന്ന് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് ഗ്രാമസഭാ/ ഊരുകൂട്ട നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഭരണസമിതിയ്ക്ക് സമർപ്പിക്കുന്നു. ഭരണസമിതിയുടെ പരിഗണനയ്ക്കു ശേഷം അവ വികസന സെമിനാറിൽ അച്ചടിച്ച് വിതരണം ചെയ്ത് വർക്കിംഗ് ഗ്രൂപ്പടിസ്ഥാനത്തിൽ ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കുന്നു. തുടർന്ന് വായ്പാ ബാദ്ധ്യത പ്രോജക്ടുകളുടെ വായ്പാ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ബാങ്ക് സഹകരണ സംഘ പ്രതിനിധികളുമായി ചർച്ച ചെയ്ത് വായ്പാബന്ധിത പ്രോജക്ടുകൾ തയ്യാറാക്കുന്നു. ഗ്രാമസഭാ, വികസന സെമിനാർ എന്നിവയിലെ നിർദ്ദേശങ്ങളിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ പരിഹാരം കാണേണ്ടതായ നിർദ്ദേശങ്ങൾ പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകുന്നു. ബ്ലോക്ക്-ജില്ലാ പഞ്ചായത്ത്, സംസ്ഥാന തലങ്ങളിൽ നടപടി ആവശ്യമുള്ള അതത് തലത്തിലേക്ക് കൈമാറുന്നു. തുടർന്ന് വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടിന്റെ അടങ്കൽ തുകയെക്കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തി ഫലപ്രാപ്തിയുള്ളതും അനിവാര്യവുമായ പദ്ധതികൾ കണ്ടെത്തുന്നു. വികസന സെമിനാറിൽ ഉണ്ടായിട്ടുള്ള നിർദ്ദേശങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മുൻഗണനകൾ എന്നിവ പരിഗണിച്ച് ഓരോ വിഷയമേഖലയിലേയും ഉപമേഖലയ്ക്കും ഓരോ വിഭാഗത്തിനും വകയിരുത്താവുന്ന അടങ്കൽ തുക ഭരണസമിതി പ്രമേയത്തിലൂടെ തീരുമാനിക്കുകയും തുടർന്ന് ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും അതിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നു.

പദ്ധതിയ്ക്ക് അന്തിമരൂപം നൽകുന്നതിന്റെ മുന്നോടിയായി മേഖലാ വിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്ന വിഭവ സ്രോതസ്സുകൾ , പദ്ധതി അടങ്കൽ, ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാന്റിംഗ്കമ്മിറ്റിയും നൽകുകയും അവ പരിശോധിച്ച് അന്തിമ തീരുമാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശിന്മേൽ ഭരണ സമിതി കൈക്കൊള്ളുന്നു. അപ്രകാരം ഭരണസമിതി ഏറ്റെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പുകളെക്കൊണ്ട് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നു. തുടർന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി ടി പ്രോജക്ടുകൾ അംഗീകരിക്കുകയും 2016-17 സ്പിൽ ഓവർ പ്രോജക്ടുകളും ഭരണസമിതി കണ്ടെത്തുന്ന പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പദ്ധതി രേഖ തയ്യാറാക്കുന്നു . സ്റ്റാന്റിംഗ് കമ്മിറ്റികൾ അന്തിമരൂപം നൽകിയ പദ്ധതിയും പ്രോജക്ടുകളും ഭരണസമിതി യോഗത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അവതരിപ്പിച്ച് ഭരണസമിതി യോഗം ചർച്ചകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കും പ്രോജക്ടുകൾക്കും അംഗീകാരം നൽകുന്നു. ഭരണസമിതി അംഗീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ടുകൾ അതാത് വിഷയമേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ സുലേഖ സോഫ്റ്റ്വെയർ മുഖേന ഡാറ്റാ എൻട്രി നടത്തി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് അയച്ച് കൊടുക്കുകയും സെക്രട്ടറി ഭരണസമിതി തീരുമാനം,സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം എന്നിവ രേഖപ്പെടുത്തി ബന്ധപ്പെട്ട വെറ്റിംഗ് ആഫീസർക്ക് അയച്ച് നൽകുകയും വെറ്റിംഗ് ലഭിച്ചതിനുശേഷം ടി പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതിക്ക് അംഗീകാരത്തിനായി സുലേഖ സോഫ്റ്റ് വെയർ മുഖേന സമർപ്പിക്കുകയും ചെയ്യുന്നു.

നിർബന്ധമായും വികസന ഫണ്ടിൽ നിന്നും വിഹിതം മാറ്റി വയ്ക്കേണ്ടതായ ഇനങ്ങൾ

1. അങ്കണവാടി പോഷകാഹാര വിതരണം
2. എസ്. എസ്. എ വിഹിതം
3. പാലിയേറ്റീവ് കെയർ പ്രോജക്ടിനുള്ള വിഹിതം (ഗ്രാമപഞ്ചായത്തുകൾ മാത്രം)
4. ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും, ബത്തയും

5. പി.എം.എ. വൈ വിഹിതം
6. ആശ്രയ പ്രോജക്ട് വിഹിതം
7. ഐ.കെ. എം ന് സർക്കാർ നിശ്ചയിക്കുന്ന തുക നൽകൽ

വിഭവങ്ങളുടെ മേഖല വിഭജനം

പൊതുവിഭാഗം, പ്രത്യേക ഘടക പദ്ധതി (എസ്. സി. പി) , പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) എന്നീ ഫണ്ടുകൾ ഉല്പാദനം, സേവനം, പശ്ചാത്തലം എന്നീ മേഖലകൾക്ക് വിഭജിച്ച് വകയിരുത്തുന്നതിനുള്ള നിബന്ധനകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചുവടെ പറയും പ്രകാരം നടപ്പിലാക്കുന്നു.

1. ഗ്രാമപഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും, ജില്ലാ പഞ്ചായത്തുകളും പൊതുവിഭാഗം വികസന ഫണ്ടിന്റെ ഏറ്റവും കുറഞ്ഞത് 30 ശതമാനമെങ്കിലും ഉല്പാദന മേഖലയ്ക്ക് വകയിരുത്തണം.
2. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ ഏറ്റവും കുറഞ്ഞത് 10 ശതമാനമെങ്കിലും മാലിന്യ സംസ്കരണത്തിന് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള പ്രോജക്ടുകൾക്ക് വകയിരുത്തണം.
3. ഗ്രാമ പഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിന്റെ 30 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താൻ പാടില്ല.
4. ബ്ലോക്ക് പഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിന്റെ 25 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താൻ പാടില്ല.
5. ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിന്റെ 40 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താൻ പാടില്ല.
6. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ പട്ടികജാതി ഉപപദ്ധതി (എസ്.സി.പി) വിഹിതത്തിന്റെ 30 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താൻ പാടില്ല.
7. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ പട്ടികജാതി ഉപപദ്ധതി (ടി.എസ്.പി) വിഹിതത്തിന്റെ 30 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്താൻ പാടില്ല.
8. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ട്, എസ്. സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാ ഘടക പദ്ധതിയ്ക്ക് വകയിരുത്തണം.
9. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ട്, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം തുക കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗ വിഭാഗം എന്നിവയുടെ വികസനത്തിനും കുറഞ്ഞത് 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ പദ്ധതി ഫണ്ടുകൾ ഉല്പാദനം, സേവനം, പശ്ചാത്തലം എന്നിങ്ങനെ മൂന്ന് മേഖലകളിലായാണ് വകയിരുത്തുന്നത്. ഉല്പാദന മേഖലയിൽ കൃഷിയും, അനുബന്ധ വിഭാഗങ്ങളും, മണ്ണും ജലസംരക്ഷണവും, ജലസേചനം, വ്യവസായം എന്നിവയും സേവനമേഖലകളിൽ വിദ്യാഭ്യാസവും ബന്ധപ്പെട്ട മേഖലകളും ആരോഗ്യവും, അനുബന്ധ സേവനങ്ങളും, സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം തൊഴിലും തൊഴിലാളി ക്ഷേമവും മാലിന്യ നിർമ്മാർജ്ജനം എന്നിവയുംപശ്ചാത്തല വികസന മേഖലയിൽ ഊർജ്ജം, ഗതാഗതം, കെട്ടിട നിർമ്മാണം എന്നിവയും ഉൾപ്പെടുന്നു.

വിഭാഗങ്ങൾ തിരിച്ചുള്ള പ്രവർത്തന വിലയിരുത്തൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം പൊതുവിഭാഗം, പ്രത്യേക

ഘടകപദ്ധതി (എസ്.സി.പി), പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) എന്നീ മൂന്നു വിഭാഗങ്ങളായി അനുവദിക്കുന്നു. സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഓരോ വിഭാഗത്തിനുമുള്ള പദ്ധതി വിഹിതം നിശ്ചയിക്കുന്നത്.

2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി 54969.13 ലക്ഷം രൂപ വിവിധ വിഭാഗങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി. ഇതിൽ പൊതുവിഭാഗത്തിന് 81.4 ശതമാനവും, എസ്.സി.പി, ടി.എസ്.പി എന്നിവയ്ക്ക് യഥാക്രമം 17.88 ശതമാനവും, 0.69 ശതമാനവുമാണ് വകയിരുത്തിയിട്ടുള്ളത്.

ഉല്പാദന മേഖല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2017-18 വർഷത്തിൽ ഉല്പാദന മേഖലയ്ക്ക് വകയിരുത്തിയ പ്ലാൻ ഫണ്ടിന്റെ 50 ശതമാനത്തിൽ അധികം തുകയാണ് കൃഷി അനുബന്ധ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി മാറ്റിവെച്ചത്. 2017-18 വർഷത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വ്യവസായം, ഊർജ്ജം, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, ജലസേചനം, മണ്ണ്-ജല സംരക്ഷണം തുടങ്ങിയ മേഖലകളെ അപേക്ഷിച്ച് കൃഷിക്കും, അനുബന്ധ മേഖലകൾക്കുമാണ് കൂടുതൽ മുൻഗണന നൽകിയത്.

സേവന മേഖല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സേവന മേഖലയിലെ മുൻഗണനാ അടിസ്ഥാന സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനാണ്. പ്രത്യേകിച്ചും വിദ്യാഭ്യാസം, കലാസംസ്കാരം, കായിക വികസനം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, മാലിന്യ പരിപാലനം, പോഷകാഹാരം, സാമൂഹ്യക്ഷേമം തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയത്. ഉല്പാദന പശ്ചാത്തല മേഖലകളെ അപേക്ഷിച്ച് കൂടുതൽ വിഹിതം വകയിരുത്തിയിരിക്കുന്നത് സേവന മേഖലയിലാണ്.

പശ്ചാത്തല മേഖല

റോഡുകളുടെ നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾക്കുമാണ് പ്രാധാന്യം നൽകി പ്രോജക്ട് തയ്യാറാക്കുന്നത്. ആഫീസ് കെട്ടിടങ്ങൾ, കെട്ടിടങ്ങളുടെ വൈദ്യുതീകരണം, തോടുകൾ, കുളങ്ങൾ എന്നിവയുടെ പാർശ്വഭിത്തി സംരക്ഷണം, ഫാം റോഡ്, ട്രാക്ടർ റാമ്പ് എന്നിവയും പശ്ചാത്തല മേഖലയിൽ ഉൾപ്പെടുന്നു.

2017-18 വാർഷിക പദ്ധതി തയ്യാറാക്കൽ - ജനപങ്കാളിത്തം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്രാദേശിക പദ്ധതി ആസൂത്രണത്തിന്റെ ജീവനാഡി ജനപങ്കാളിത്തമാണ്. ആസൂത്രണത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കുവാൻ ജനങ്ങൾക്ക് എത്രമാത്രം അവസര മുണ്ടാകുന്നുവോ അത്രമാത്രം പദ്ധതി രൂപീകരണം നല്ലതാകുന്നു. വികസന കാഴ്ചപ്പാടുകളും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറാക്കി ഗ്രാമസഭകളിലേക്ക് പോകുന്നതിന് മുമ്പ് അവ വർക്കിംഗ് ഗ്രൂപ്പുകളിലും, അയൽ സഭകളിലും ഇതര വേദികളിലും ചർച്ച ചെയ്യുന്നുണ്ടെങ്കിലും ജനപങ്കാളിത്തം വർദ്ധിച്ച തോതിൽ ഉണ്ടാകുന്നില്ലായെന്നത് ഒരു വസ്തുതയാണ്. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾ രൂപം നൽകേണ്ടത്. എന്നാൽ മുകൾത്തട്ടിൽ വരുമ്പോൾ ആയതിന് ചില മാറ്റം വരുന്ന പ്രവണത ചില സ്ഥാപനങ്ങളിലെങ്കിലും കണ്ടുവരുന്നു. ആയത് ഒഴിവാക്കേണ്ടതാണ്.

ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് വിപുലമായ ജനപങ്കാളിത്തം ഉറപ്പുവരുത്തുവാൻ ഇന്റർനെറ്റ്, വിവര സാങ്കേതിക വിദ്യ, നവമാധ്യമങ്ങൾ തുടങ്ങിയവയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിക്കുന്നില്ലായെന്നതും യുവജനങ്ങൾ, വനിതകൾ, കുട്ടികൾ, ഭിന്നലിംഗം എന്നീ

വിഭാഗങ്ങൾക്കും സ്റ്റേക്ക് ഹോൾഡർമാർ, ബാങ്ക് സഹകരണ സംഘം പ്രതിനിധികൾ എന്നിവരേയും ഉൾപ്പെടുത്തി കൂടിയാലോചനാ യോഗങ്ങൾ അർത്ഥവത്തായി നടപ്പാകുന്നില്ല എന്നതും ജനപങ്കാളിത്തം കുറയുന്നതിന് ചിലയിടങ്ങളിലെങ്കിലും കാരണമാകുന്നു.

ഗ്രാമ-നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ പ്രക്രിയയുടെ അടിസ്ഥാന ഘടകം വാർഡുസഭ/ഗ്രാമസഭകളാണ്. ആയത് ശക്തിപ്പെടേണ്ടത് അനിവാര്യമാണ്. നിലവിൽ ഗ്രാമസഭകൾ ശുഷ്കമാണ്. ആയതിന് മാറ്റം വരുത്തുന്ന രീതിയിലുള്ള നടപടികൾ ഉണ്ടാകണം. ഗ്രാമസഭകളിൽ പദ്ധതി രൂപീകരണത്തിൽ ഉയർന്നുവരുന്ന ആശയങ്ങൾ മുൻഗണനാ ക്രമത്തിൽ തന്നെ വിഷയഗ്രൂപ്പിലെ അംഗങ്ങളുടെ ഒപ്പോടുകൂടി രേഖപ്പെടുത്തലുകൾ ഉണ്ടാകുകയും ആയത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യണം. വികസന സെമിനാറിലെ നിർദ്ദേശങ്ങളുടെ കാര്യത്തിലും മേൽ പ്രക്രിയ അവലംബിക്കാവുന്നതാണ്. ഗ്രാമസഭയിലും, വികസന സെമിനാറിലും ഉയർന്നുവന്ന നിർദ്ദേശങ്ങൾ തന്നെയാണ് മുൻഗണനാ ക്രമത്തിൽ പ്രോജക്ടുകളാകുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ആയതിന് പെർഫോർമൻസ് ആഡിറ്റ് ടീമിനെ വിനിയോഗിക്കാവുന്നതാണ്. ഗ്രാമസഭയിൽ അവതരിപ്പിച്ച തങ്ങളുടെ നിർദ്ദേശങ്ങൾക്ക് പരിഗണന ലഭിക്കുന്നതായി ഗ്രാമസഭാംഗങ്ങൾക്ക് ബോധ്യപ്പെട്ടാൽ മാത്രമേ ഗ്രാമസഭയുടെ പങ്കാളിത്തം വർദ്ധിക്കുകയും ഗ്രാമസഭ ശക്തിപ്പെടുകയും ചെയ്യുകയുള്ളൂ.

കേന്ദ്രാവിഷ്കൃത പദ്ധതികൾ തദ്ദേശസ്ഥാപന പദ്ധതികളുമായി സംയോജിപ്പിക്കൽ

1994ലെ കേരള പഞ്ചായത്ത്രാജ് നിയമവും, നഗരപാലിക നിയമവും ഇവിടുത്തെ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കൃത്യമായ ചുമതലകൾ നൽകിയിട്ടുണ്ട് (കെ.പി. ആർ ആക്ട് പട്ടിക 3,4,5 മുനിസിപ്പൽ നിയമം പട്ടിക 1) കൂടാതെ സംസ്ഥാന വാർഷിക പദ്ധതിയും, സംസ്ഥാന ബഡ്ജറ്റിന്റെ ഏകദേശം 1/3 വിഹിതവും നൽകി പോരുന്നു. കൂടാതെ മെയിന്റനൻസ് ഫണ്ടും, ജനറൽ പർപ്പസ് ഫണ്ടും വിവിധ വകുപ്പ് ആഫീസും ജീവനക്കാരേയും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി വിന്യസിച്ചിട്ടുണ്ട്. കൂടാതെ നൽകിയ ചുമതലകൾ നിറവേറ്റുന്നതിനുള്ള പരമാധികാരവും, അത്വഴി അവ പ്രാദേശിക സർക്കാരുകളായി പ്രവർത്തിക്കുന്നു. ഭരണഘടന അനുശാസിക്കുന്ന സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കുമുള്ള പദ്ധതികൾ ജനപങ്കാളിത്തത്തോടെ തയ്യാറാക്കി നടപ്പിൽ വരുത്തുന്നതിന് പ്രസ്തുത നിയമങ്ങൾ തദ്ദേശ സ്ഥാപനങ്ങളെ അധികാരപ്പെടുത്തുന്നു. ഫലത്തിൽ ഗ്രാമപ്രദേശങ്ങളിൽ 5 സർക്കാരുകൾ (കേന്ദ്ര സംസ്ഥാന സർക്കാരുകൾ 3 പ്രാദേശിക സർക്കാരുകളും ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ) നിലവിലുണ്ട് നഗര പ്രദേശങ്ങളിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളും നഗരസഭയും നിലനിൽക്കുന്നു.

വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ അവയുടെ വിഷയവുമായി ബന്ധപ്പെട്ട ജനഹിതമനുസരിച്ച് മുൻഗണനകൾ പാലിച്ചു കൊണ്ട് പദ്ധതി തയ്യാറാക്കുന്നത് മൊത്തം ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ച് കൊണ്ടും മുൻഗണനകൾ പരിഗണിച്ച് കൊണ്ടുമായിരിക്കണം. ആയതിനാൽ തന്നെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്ന ഉദ്യോഗസ്ഥൻ ജനങ്ങളുടെ ആവശ്യം പരിഗണിച്ച് മൊത്തം പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കുന്ന പദ്ധതിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സ്കീമുകൾ പ്രകാരം ചെയ്യാവുന്ന പ്രവൃത്തികൾ അവരുമായി ആലോചിച്ചു തീരുമാനിക്കുകയും ശേഷിക്കുന്നവ ത്രിതല പഞ്ചായത്ത് പദ്ധതികൾ മുഖാന്തിരം നടപ്പിൽ വരുത്തേണ്ടതുമാണ്. തദ്ദേശസ്ഥാപനം തയ്യാറാക്കുന്ന പദ്ധതിയിൽ പ്രസ്തുത വിവരങ്ങൾ വേർതിരിച്ച് കാണിക്കേണ്ടതാണ്. സംസ്ഥാനാവിഷ്കൃത

പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരും ഒന്നുതന്നെ ആയ വിഷയങ്ങളിൽ ആയത് വളരെ എളുപ്പമാണ്. എന്നാൽ ഇത് വരെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം ഇതൊന്നും കണക്കാക്കാതേയും പരിഗണിക്കാതെയുമാണ് തയ്യാറാക്കി വരുന്നത്. തദ്ദേശ ഭരണസ്ഥാപനം മുഖേന നടപ്പിലാക്കുന്ന കേന്ദ്രസംസ്ഥാനാവിഷ്കൃത പദ്ധതികളുടെ കാര്യത്തിലും കൂടി ഇതാണ് നടക്കുന്നത്. (ഉദാ. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പൊതുകുളങ്ങളുടെ സംരക്ഷണം തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന/തനത് ഫണ്ട് വിനിയോഗിച്ച് ഇപ്പോഴും പല തദ്ദേശഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്നു. ഫലത്തിൽ ഇത് മൂലം വികസന/തനത് ഫണ്ട് നഷ്ടപ്പെടുന്നു). കൂടാതെ തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾക്ക് പരിഗണന നൽകുകയോ അവയുടെ നിർവ്വഹണ ഉദ്യോഗസ്ഥർ വഴി ചർച്ച നടത്തുകയോ ചെയ്യുന്നില്ല. (ഉദാ:- കേന്ദ്രാവിഷ്കൃത പദ്ധതിയിൽ എൻ.ആർ.എം., എസ്.എസ്.ഏ എന്നിവ പദ്ധതികൾ തയ്യാറാക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടി ചർച്ചചെയ്തു പ്രവൃത്തികൾ നിശ്ചയിക്കണമെന്നാണ് നിയമമെങ്കിലും ഏകപക്ഷീയമായി നിർവ്വഹണം നടത്തി പോരുന്നു) പലതും ആവർത്തനങ്ങളായി ഫണ്ട് നഷ്ടം വരുത്തുന്നതിനും മുൻഗണനാ പാലിക്കാതെയും ചെയ്യുന്നതിന് അവസരം നൽകുകയും ചെയ്യുന്നു. ഉദാ:- 1) വിദ്യാഭ്യാസ ആരോഗ്യമേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ തയ്യാറാക്കുന്നു. ആയത് മുൻഗണനകൾ തെറ്റിക്കുന്നതിനും ഇരട്ടിപ്പിനും പാഴ്ചെലവിനും അവസരമൊരുക്കുന്നു. 2) വകുപ്പ് മുഖാന്തിരം ഡിസ്പെൻസറികളിൽ മരുന്ന് വാങ്ങുന്നതിനുള്ള ഫണ്ട് നിലവിലിരിക്കെ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് അവ ചെയ്യുന്നു. വിവിധ കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതും ഗ്രാമസഭ/വാർഡ്സഭ വഴിയായിരിക്കണമെന്നും തദ്ദേശ സ്ഥാപനത്തിന്റെ പദ്ധതികളുമായി അവയുടെ ഏകോപനവും, സംയോജനവും നടത്തണമെന്ന നിയമം നിലവിലിരിക്കെ തന്നെ ആയത് തമസ്ക്കരിച്ച് കൊണ്ട് സ്വതന്ത്രമായ പ്രവർത്തനമാണ് വിവിധ ഡിപ്പാർട്ടുമെന്റുകൾ നടത്തി ക്കൊണ്ടിരിക്കുന്നത്. വകുപ്പ് അവലോകന യോഗത്തിലും തദ്ദേശസ്ഥാപന അവലോകന യോഗത്തിലും മറ്റുള്ളവർ ചെയ്യുന്ന പ്രവൃത്തികൾ ഒന്നും തന്നെ ചർച്ച ചെയ്യപ്പെടാതെയാണ് പോകുന്നത്. ആയത് വിവിധ സർക്കാരുകളുടെ പദ്ധതികളുടെ പ്രയോജനം ജനങ്ങൾക്ക് ഫലത്തിൽ ലഭിക്കാതെ പോകുന്നതിനും അഴിമതിക്കും ഹേതുവാകുന്നു. ആയതിനാൽ തന്നെ വികേന്ദ്രീകൃത ഭരണത്തിന്റെ സാക്ഷാത്ക്കരിക്കുന്നതിൽ പരാജയപ്പെടുന്നതായും കാണുന്നു. മേൽ പറഞ്ഞ അപാകതകൾക്കുള്ള മുഖ്യകാരണങ്ങളിൽ ഒന്ന് ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും കേന്ദ്ര-സംസ്ഥാനാവിഷ്കൃത സ്കീമുകളെക്കുറിച്ചുള്ള അറിവ് കുറവാണെന്നുള്ളതാണെന്നും മനസ്സിലാക്കുന്നു. കേന്ദ്ര-സംസ്ഥാനാ വിഷ്കൃത സ്കീമുകൾ ഏതെല്ലാം തദ്ദേശസ്വയംഭരണ പദ്ധതിയുമായി സംയോജിപ്പിക്കാം, ഏകോപിപ്പിക്കാം എന്നത് ഫലപ്രദമായി നടപ്പാക്കുന്നതിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദീർഘവീക്ഷണം അടിയന്തിരമായി പതിയേണ്ട മേഖലയെന്നും കാണുന്നു. ഇതിന് വേണ്ടി ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാനാവിഷ്കൃത സ്കീമുകൾ ഹൃദിസ്ഥമാക്കുകയും തദ്ദേശ സ്ഥാപനത്തിന്റെ മൊത്തം പദ്ധതി തയ്യാറാക്കുകയും ആയതിൽ കേന്ദ്ര സംസ്ഥാനാവിഷ്കൃത സ്കീമുകൾ വഴി ചെയ്യാവുന്നവ പ്രത്യേകം എടുക്കുകയും അവശേഷിക്കുന്നവയ്ക്ക് മാത്രം ത്രിതല പഞ്ചായത്ത് തലത്തിലും, നഗരസഭ തലത്തിലും പദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്തുന്നത് ഫണ്ട് ഇരട്ടിപ്പിനും, പാഴ്ച്ചെലവിനും ഉള്ള അവസരം ഇല്ലായ്മ ചെയ്യുന്നു.

2017-18 വാർഷിക പദ്ധതി രൂപീകരണം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതികളും, വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി ആസൂത്രണത്തിൽ ഫലപ്രദമായി ഇടപെടുന്നില്ല എന്നതിനാൽ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ ചുരുക്കം ചില ഉദ്യോഗസ്ഥരുടെ കരങ്ങളിലേക്ക് ഒതുക്കപ്പെടുന്നു. യഥാർത്ഥത്തിൽ വർക്കിംഗ് ഗ്രൂപ്പുകളും, ആസൂത്രണ സമിതികളും, ഗ്രാമസഭകളും കാര്യക്ഷമമല്ലാതായി മാറുന്നുവെന്നും, പ്രൊക്യൂർമെന്റ് കമ്മിറ്റികളും, മോണിറ്ററിംഗ് സമിതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലായെന്നത് വലിയ പോരായ്മയാണ്.

കേരള പഞ്ചായത്ത്രാജ് ചട്ടപ്രകാരം, വിട്ടുകിട്ടിയ സ്ഥാപന മേധാവികൾ ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ, ഒരു അധിക ജോലിയായിട്ടാണ് പദ്ധതി നിർവ്വഹണത്തെ കാണുന്നതെന്നും ഒട്ടുമിക്ക നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി സംബന്ധിച്ച സോഫ്റ്റ് വെയർ ആയ സുലേഖ എന്തെന്നോ, അതിന്റെ പ്രവർത്തനം എങ്ങനെയെന്നോ അറിയില്ലെന്നും ആയത് പഠിക്കുവാനോ, മനസ്സിലാക്കുവാനോ തയ്യാറാകുന്നില്ലെന്നും കാണുന്നു. ഭരണസമിതി അംഗീകരിച്ചു നൽകുന്ന വർക്കിംഗ് ഗ്രൂപ്പുകളിൽ ക്രിയാത്മകമായ പദ്ധതികൾ നിർദ്ദേശിച്ച് വികസന സെമിനാറിലും ഗ്രാമസഭകളിലും ആയത് അവതരിപ്പിച്ച് പദ്ധതികൾ ഡാറ്റാ എൻട്രി നടത്തി നൽകേണ്ടത് അതത് നിർവ്വഹണ ഉദ്യോഗസ്ഥരാണ്. എന്നാൽ മിക്ക നിർവ്വഹണ ഉദ്യോഗസ്ഥരും ഗൗരവമായി പദ്ധതി രൂപീകരണത്തെ കാണുന്നില്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഫണ്ട് വകയിരുത്തുന്നതിൽ ഭരണസമിതിയിൽ ഏകോപനമില്ലായ്മയും ഒരു പ്രാധാന പ്രശ്നമാണ്. വാർഷിക പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പരിമിതമായ ജീവനക്കാരെ ഉപയോഗിച്ച് കാര്യക്ഷമതയും, ഫലപ്രാപ്തിയും ആർജ്ജിക്കുക ഏറെ ദുഷ്കരമാണ്. വിഷയ സമിതികൾക്ക് കൺവീനർ, ചെയർമാൻ, അംഗങ്ങൾ എന്നിവരെയെല്ലാം നിയമാനുസൃതം തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും സന്നദ്ധ പ്രവർത്തനത്തിന് ആരും തയ്യാറാകാത്ത സാഹചര്യമാണുള്ളത്. പദ്ധതി പ്രവർത്തനത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ഭരണസമിതിയുടേയും, ഉദ്യോഗസ്ഥരുടേയും പൂർണ്ണ സഹകരണം ഉണ്ടെങ്കിൽ മാത്രമേ തൃപ്തികരമായ നിർവ്വഹണവും, റിപ്പോർട്ടിംഗും സമയബന്ധിതമായി പദ്ധതി പൂർത്തീകരണവും സാധ്യമാകുക. ബില്ലുകൾ തയ്യാറാക്കുന്നത് ഓൺലൈനിലായതിനാൽ ആയതിനും ടെണ്ടർ നടപടികൾക്കും, ക്ലറിക്കൽ സ്റ്റാഫില്ലാത്ത നിർവ്വഹണ ഉദ്യോഗസ്ഥർ ഏറെ ബുദ്ധിമുട്ടുന്ന അവസ്ഥ ഉണ്ട്. പ്രോജക്ട് അംഗീകാരം , റിവിഷൻ അംഗീകാരം മുതലായവ നടക്കുന്ന സമയങ്ങളിൽ സമയബന്ധിതമായി പ്രോജക്ടുകൾ വെറ്റിംഗ് നടത്തി നൽകാത്തത് ആയതിന് കാലതാമസം നേരിടുന്നതിന് കാരണമാകുന്നുണ്ട്. ആയതിനുള്ള നിർദ്ദേശം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും നൽകേണ്ടതാണെന്ന് കാണുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി ആസൂത്രണത്തിന്റെ രൂപീകരണത്തിനും മോണിറ്ററിംഗിന് നിലവിൽ പ്രത്യേക വിഭാഗം ജീവനക്കാരില്ല. നിലവിലുള്ള ജീവനക്കാർ മറ്റ് ചുമതലകൾക്കിടക്കാണ് പദ്ധതി ആസൂത്രണ നടപടികൾ നിർവ്വഹിക്കുന്നത് എന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആരോഗ്യ വിഭാഗം, എൻജീനിയറിംഗ് വിഭാഗം എന്നിങ്ങനെ പദ്ധതി ആസൂത്രണത്തിനു പ്രത്യേക വിഭാഗം രൂപീകരിക്കേണ്ടതുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുക ചെലവ് ചെയ്യുന്നതിനും പിന്നോക്കം നിൽക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചീനിയറിംഗ് വിഭാഗമാണെന്നതിനാൽ പദ്ധതി വിഭാഗത്തിന്റെ സിംഹഭാഗവും കൈകാര്യം ചെയ്യുന്ന എഞ്ചീനിയറിംഗ്

വിഭാഗം (എൽ.എസ്.ജി.ഡി സെക്ഷൻ) പൂർണ്ണമായും പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ വന്നാൽ മാത്രമേ പദ്ധതി നിർവ്വഹണം കാര്യക്ഷമമായി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കൂ എന്നും കാണുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും സ്വന്തമായി ഒരു അസിസ്റ്റന്റ് എഞ്ചിനീയറേയും, എൽ.എസ്.ജി.ഡി എഞ്ചീനിയറിംഗ് വിംങ്ങിൽ ക്ലാർക്കിനേയും നിയമിക്കേണ്ടത് കാര്യക്ഷമമായി പദ്ധതി നിർവ്വഹണം നടത്തുന്നതിന് അത്യന്താപേക്ഷിതമാണെന്നും കാണുന്നു. ഇപ്പോൾ എഞ്ചീനിയറിംഗ് വിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ നിന്നും മാറി പ്രത്യേക വകുപ്പ് എന്ന രീതിയിലാണ് പ്രവർത്തിക്കുന്നത്.

പദ്ധതി നിർവ്വഹണ പുരോഗതി സംബന്ധിച്ച് റിപ്പോർട്ടുകൾ ബന്ധപ്പെട്ട സോഫ്റ്റ് വെയറിൽ ക്രമീകരിച്ച്; പ്രതിദിനം റിപ്പോർട്ടുകൾ ആവശ്യപ്പെടുന്നത് ഒഴിവാക്കി റിപ്പോർട്ടുകൾക്ക് ഏകീകൃത സ്വഭാവം ഉണ്ടാക്കുക, ആയതിന് വേണ്ട ക്രമീകരണം നടത്തുന്നതിന് ഐ.കെ.എംനോട് നിർദ്ദേശിക്കുക, അതത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വകുപ്പ് നേരിട്ട് ശേഖരിക്കുകയും പദ്ധതി സംബന്ധിച്ച എല്ലാ റിപ്പോർട്ടുകളും ബന്ധപ്പെട്ട സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കത്തക്കവിധത്തിൽ സോഫ്റ്റ്വെയർ ക്രമീകരിക്കുകയും ചെയ്യേണ്ടതാണ്.

ആയതിനാൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന പദ്ധതി രൂപീകരണം, ഡാറ്റാ എൻട്രി, ഡി.പി.സി അംഗീകാരം വാങ്ങൽ എന്നിവ നടപ്പിലാക്കുക. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനം അവരുടെ വകുപ്പ് തലത്തിൽ കൂടി വിലയിരുത്തുക. നിസ്സഹകരണം പ്രകടിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികൾ വകുപ്പു തലത്തിൽ സ്വീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് വകുപ്പ് മേലധികാരികൾക്കുകൂടി നൽകാവുന്നതുമാണ്.

2. പദ്ധതി നിർവ്വഹണ ചുമതലകൾ അതത് ഉദ്യോഗസ്ഥൻ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് ആവശ്യമായ റിപ്പോർട്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ശേഖരിക്കുകയും അതാത് വകുപ്പു മേധാവികൾ കൂടി പ്രതിമാസം പദ്ധതി നിർവ്വഹണം സംബന്ധിച്ച അവലോകനം വകുപ്പ് തലത്തിൽ നടത്തി പ്ലാനിംഗ് ആഫീസർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും റിപ്പോർട്ട് നൽകുന്ന രീതിയിൽ ക്രമീകരിക്കാവുന്നതാണ്.

2017-18 വാർഷിക പദ്ധതി നൂതന പ്രോജക്ടുകൾ ഏറ്റെടുത്തിരിക്കുന്ന തദ്ദേശസ്ഥാപനങ്ങൾ

2017-18 വാർഷിക പദ്ധതിയിൽ നൂതന പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ള ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്

പ്രോജക്ടിന്റെ പേര്

പ്രാഥമിക വിള ആരോഗ്യകേന്ദ്രം, ഭൗതിക സൗകര്യം ഒരുക്കൽ - മരുന്ന് വാങ്ങൽ അടങ്കൽ- 4,00,000/-

കൃഷി വകുപ്പ് ജീവനക്കാരുടെ നേതൃത്വത്തിൽ കാർഷിക വിളകൾ കൃഷി ചെയ്യുന്നിടത്ത് നേരിട്ട് ചെന്ന് ശാസ്ത്രീയമായി മണ്ണിന്റെ ഫലഭൂയിഷ്ഠത, സസ്യങ്ങൾക്ക് ആവശ്യമായ വളങ്ങൾ, കീടനാശിനികൾ എന്നിവ കണ്ടെത്തി കൃത്യമായി കീടനിയന്ത്രണം, വളപ്രയോഗം എന്നിവ നടത്തുന്നതിന് ഉദ്ദേശിച്ച് തയ്യാറാക്കിയിട്ടുള്ള പ്രോജക്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാനപങ്ങളും ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

2. വാഴക്കുളം ഗ്രാമപഞ്ചായത്ത്

എ) എസ്. സി വനിതകൾക്കായി കോഫീ കോർണർ (കുടുംബശ്രീ മുഖേന)

അടങ്കൽ - 60,000/-
നടപ്പിലാക്കുന്നത് പി.എച്ച്.സി കോമ്പൗണ്ടിൽ
കുടുംബശ്രീയുടെ പങ്കാളിത്തത്തോടെ
വനിതകളുടെ പ്രത്യേകിച്ചും
പട്ടികജാതിയിൽപ്പെട്ടവരുടെ
സ്വയംപര്യാപ്തത ലക്ഷ്യമിടുന്നു.

ബി) എസ്. സി വനിതകൾക്കായി തൊഴിലിടം (കുടുംബശ്രീ മുഖേന)

അടങ്കൽ - 2,10,000/-
നടപ്പിലാക്കുന്നത് പഞ്ചായത്ത് ആഫീസ്
പരിസരത്ത്.
കുടുംബശ്രീയുടെ പങ്കാളിത്തത്തോടെ
പട്ടികജാതിയിൽപ്പെട്ട വനിതകളുടെ
സ്വയംപര്യാപ്തത ലക്ഷ്യമിടുന്നു.

3. ജില്ലാ പഞ്ചായത്ത്

എ) പെരിയാർ കുപ്പിവെള്ള പ്രോജക്ട്

അടങ്കൽ - 50,00,000/-

ബി) നെല്ലുപുഴുങ്ങി കുത്തി അരി ഉല്പാദിപ്പിക്കുന്ന കുടുംബശ്രീ യൂണിറ്റ്

അടങ്കൽ - 80,00,000/-
കുടുംബശ്രീയുടെ പങ്കാളിത്തത്തോടെ
വനിതകളുടെ സ്വയംപര്യാപ്തത
ലക്ഷ്യമിടുന്നു.

ജനകീയാസൂത്രണ പദ്ധതി പ്രകാരം തദ്ദേശഭരണ സ്ഥാപനം നടപ്പാക്കി വിജയിച്ച നൂതന പദ്ധതി

ജില്ലയിൽ ആദ്യമായി ചൂർണ്ണിക്കര
പഞ്ചായത്തിൽ പ്രകൃതിദത്തമായ
കീടനിയന്ത്രണ പദ്ധതി ജനകീയാസൂത്രണ
പദ്ധതി പ്രകാരം നടപ്പാക്കി വിജയം
കൈവരിച്ചു. രണ്ടു പതിറ്റാണ്ട് തരിശു കിടന്ന
ചവർ പാടത്ത് 15 ഏക്കർ സ്ഥലത്ത് തരിശു
നെൽക്കൃഷിയാണ് നടപ്പാക്കിയത്.
സർക്കാരിന്റെ 'റൈസ് ഇന്നോവേഷൻ'
പദ്ധതിയിലും ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്.
രാസകീടനാശിനി പ്രയോഗം പൂർണ്ണമായി
ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ
പാടത്തിനു ചുറ്റും ഒന്നരക്കിലോമീറ്റർ
നീളത്തിൽ ബന്തിച്ചെടികൾ നട്ടു
വളർത്തിയിരിക്കുന്നു. കുറ്റിപ്പയറുമുണ്ട്.
മൂന്നു തട്ടായാണ് കൃഷി. ഏറ്റവും മുകളിൽ
റോഡരികിൽ ബന്തിച്ചെടി, തൊട്ടുതാഴെ
കുറ്റിപ്പയർ, അതിനും താഴെ നെൽച്ചെടികൾ.
പഞ്ചായത്തും കൃഷിഭവനും 'അടയാളം'
സ്വയം സഹായസംഘവുമാണ് നേതൃത്വം
നൽകുന്നത്. ബന്തിപ്പൂക്കളുടെ പൂമ്പൊടിയും
തേനും നുകരാനെത്തുന്ന മിത്രകീടങ്ങൾ,
നെൽച്ചെടിയെ ആക്രമിക്കാനെത്തുന്ന
ശത്രുകീടങ്ങളെ പാടത്തെത്തും മുൻപേ
കൊന്നൊടുക്കുന്നു. ശത്രുകീടങ്ങളുടെ
മുട്ടയും, ലാർവ്വയും തിന്ന് അവ പെരുകുന്നത്
തടയുകയും ചെയ്യും. മറ്റൊരു
കീടനിയന്ത്രണരീതിയായ 'ട്രൈക്കോകാർഡ്'
പദ്ധതിയും ചവർപാടത്ത് പരീക്ഷിക്കുന്നു

ചിത്രം – 6.1









<u>വാർഷിക പദ്ധതി – നിലവിൽ കാണുന്ന പ്രധാനപ്പെട്ട ചിലപോരായ്മകൾ</u>

1. വാർഡ് അടിസ്ഥാനത്തിലല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഒറ്റ യൂണിറ്റായി വിഭാവനം ചെയ്തുകൊണ്ടുള്ള വികസനതന്ത്രവും സമീപനവും സ്വീകരിക്കുന്നതിൽ മിക്ക സ്ഥാപനങ്ങളും ദീർഘവീക്ഷണം പുലർത്തുന്നില്ലായെന്നു കാണുന്നു. ആയത് ഫണ്ടുകൾ വാർഡ് അടിസ്ഥാനത്തിൽ വിഭജിച്ചു പോകുന്നതിനും തദ്ദേശ സ്ഥാപനത്തിന് മൊത്തത്തിൽ പ്രയോജനം ലഭിക്കുന്ന പദ്ധതി ഏറ്റെടുക്കുന്നതിന് സാധ്യമല്ലാത്ത സാഹചര്യം ഒരുക്കുകയും ചെയ്യുന്നു.
2. വാർഷിക പദ്ധതി വ്യക്തിഗത ഗുണഭോക്തൃലിസ്റ്റ് മാർക്കിന്റെ മുൻഗണനാ ക്രമത്തിൽ തദ്ദേശ സ്ഥാപനതല ലിസ്റ്റ് ആക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ വീതം വെക്കുന്ന പ്രവണത കണ്ടുവരുന്നു.
3. പ്രോജക്ട് വെറ്റിംങ്ങിൽ പ്രശ്നങ്ങൾ ഉള്ളതായി പഞ്ചായത്തുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു പ്രോജക്ടിന് ഒരു ഉദ്യോഗസ്ഥൻ അംഗീകാരം നൽകേണ്ടത് ആ പ്രോജക്ട് തന്റെ കീഴുദ്യോഗസ്ഥൻ

നിർവ്വഹണം നടത്തുന്നതാണോ എന്നതിനനുസരിച്ചല്ല അത് ഏത് വിഷയവുമായി ബന്ധപ്പെട്ട പ്രോജക്ടാണ് എന്നതിനനുസരി ച്ചായിരിക്കണം എന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നുണ്ടെങ്കിലും വെറ്റിംങ്ങിൽ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായും പലപ്പോഴും റിട്ടേൺ ചെയ്യുന്ന പ്രവണതയും കണ്ടുവരുന്നു. ഉദാ:- പട്ടികജാതി വിസനവുമായി ബന്ധപ്പെട്ട, എസ്.സി വിവാഹ ധനസഹായം, കിണർ നിർമ്മാണം തുടങ്ങിയ പ്രോജക്ടുകളും, ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പൊതുവിഭാഗത്തിൽ പ്പെടുന്ന പ്രോജക്ടുകളും.

4. ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ അനിവാര്യമായും തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുക്കണമെന്നും വികസന ഫണ്ടിൽ നിന്നും 10% തുകയും (ഗ്രാമ/ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾ) 15% തുകയും (മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) മാറ്റി വയ്ക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപ്രദേശത്തുള്ള മാലിന്യങ്ങൾ പൊതുവേ കുറവായ തദ്ദേശ സ്ഥാപനങ്ങൾ ടി തുകയ്ക്ക് ജനങ്ങൾക്ക് പ്രയോജനകരവും കാര്യക്ഷമവുമായ പദ്ധതികൾ ഏറ്റെടുക്കുന്നതിൽ പലപ്പോഴും പരാജയപ്പെടുന്നതായും വാലിഡേഷൻ ഒപ്പിക്കുന്നതിനു വേണ്ടി പദ്ധതികൾ തയ്യാറാക്കുന്നതായും ടി തുക ചെലവഴിക്കാതെ പോകുന്നതായും കാണുന്നു.

5. പി.എം.എ. വൈ - എസ്.എസ്.എ വിഹിതം മാറി നൽകുന്നതിൽ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പ്രശ്നങ്ങൾ നേരിടുന്നു. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് വിഹിതമായി നൽകേണ്ട തുക സംബന്ധിച്ച അറിയിപ്പ് സമയബന്ധിതമായി ലഭിക്കുന്നില്ലെന്നും ഗുണഭോക്തൃ ലിസ്റ്റിലുള്ളവർ ടി പ്രോജക്ട് പ്രകാരമുള്ള ഭവനനിർമ്മാണത്തിന് സന്നദ്ധരാകുന്നില്ലായെന്നും റിപ്പോട്ടുകൾ ലഭിക്കുന്നുണ്ട്.

6. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളായ RIDF, ARWSS, MPLADS, MLA ഫണ്ടുപയോഗിച്ചുള്ള ലക്ഷങ്ങളുടേയും ചിലപ്പോൾ അടങ്കൽ തുക കോടികൾ വരുന്നതും സാങ്കേതിക വൈദഗ്ദ്യം ആവശ്യമുള്ളതുമായ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ചുമതല അസിസ്റ്റന്റ് എഞ്ചീനിയർമാർക്കും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനിയർമാർക്കും നൽകേണ്ടത് അനിവാര്യമായി കാണുന്നു.

7. തെരുവ് വിളക്ക് പരിപാലനം എന്ന പ്രോജക്ട് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഓരോ തരത്തിലാണ് ചെയ്യുന്നതെന്നും ആയതിന് ഏകീകൃത സ്വഭാവമില്ലെന്നും കാണുന്നു. അക്രഡിറ്റഡ് ഏജൻസി വഴിയാണെങ്കിലും കരാറുകാർ വഴിയാണെങ്കിലും പലപ്പോഴും സമയബന്ധിതമായി മരാമത്ത് പ്രവൃത്തികൾ ചെയ്യുന്നില്ലായെന്നും കാണുന്നു.

8. പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ കൃത്യമായ കണക്കുകൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമായി പുതുക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ടെന്നും പദ്ധതി രൂപീകരണ, നിർവ്വഹണ പ്രവർത്തനങ്ങളിൽ ആയത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായും കാണുന്നു. ആസ്തി രജിസ്റ്റർ സമയബന്ധിതമായി പുതുക്കുന്നതിന് എഞ്ചീനിയറിംഗ് വിഭാഗവും തദ്ദേശസ്ഥാപനങ്ങളും ശ്രദ്ധിക്കേണ്ടതാണ്.

9. തദ്ദേശസ്ഥാപനങ്ങൾ എസ്.എസ്.എ വിഹിതം നൽകുന്നുണ്ടെങ്കിലും ടി വിഹിതം മൂലം തദ്ദേശ സ്ഥാപന തലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ലായെന്നും തദ്ദേശ സ്ഥാപനങ്ങളിലെ സ്കൂളുകളുടെ പ്രശ്നങ്ങൾ എസ്. എസ്. എ പ്രോജക്ട് വിഭാഗം ഭരണസമിതിയുമായോ

ഉദ്യോഗസ്ഥരുമായോ അന്വേഷിക്കാറില്ലെന്നും തൻമൂലം അടിയന്തിരമായി ഓരോ തദ്ദേശ സ്ഥാപനത്തിലേയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങളല്ല എസ്. എസ്. എ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതെന്നും തന്മൂലം തദ്ദേശ സ്ഥാപനങ്ങൾക്ക് തങ്ങളുടെ സ്ഥാപന പരിധിയിൽ വരുന്ന സ്കൂൾ കെട്ടിടങ്ങളുടേയും മറ്റും അടിസ്ഥാന സൗകര്യ വികസനത്തിന് പലപ്പോഴും അടിയന്തിരമായി ഫണ്ട് കണ്ടെത്തേണ്ടിവരുന്ന സാഹചര്യം ഉണ്ടാകുന്നു. ആയത് മറ്റ് മേഖലകളിൽ നടപ്പാക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്ന പ്രോജക്ടുകൾ ഒഴിവാക്കുന്നതിനോ അടങ്കൽ വെട്ടിക്കുറക്കുന്നതിനോ ഇടവരുത്തുന്നതായും കാണുന്നു.

10. മറ്റ് വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ ലക്ഷ്യങ്ങൾ, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ തദ്ദേശസ്ഥാപനങ്ങളെ മുൻകൂട്ടി അറിയിക്കാത്തതുമൂലം പലപ്പോഴും ഗുണഭോക്താക്കളെ നൽകാൻ കഴിയാതെ വരികയും ടി വകുപ്പുകൾക്ക് ആനുകൂല്യം നൽകുന്നതിന് ആവശ്യമായ ഗുണഭോക്താക്കളെ കിട്ടാതെ വരികയും ചെയ്യുന്നു.

(ഉദാ:- പട്ടികജാതി വികസന വകുപ്പു മുഖേന നടപ്പിലാക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി)

11. കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലില്ല. പദ്ധതി നിർവ്വഹണം കാര്യക്ഷമതയും, സുതാര്യതയും നടപ്പിലാക്കുന്നതിന് മോണിറ്ററിംഗ് അത്യന്താപേക്ഷിതമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനം ശക്തമായ മോണിറ്ററിംഗ് സാന്നിദ്ധ്യം ഉണ്ടാകേണ്ടതിന് നടപടി സ്വീകരിക്കണം.

<u>പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യവാർഷിക പദ്ധതി ആസൂത്രണ മാർഗ്ഗ രേഖയും, സബ്സിഡി മാർഗ്ഗ രേഖയും വ്യക്തത വരുത്തേണ്ട വിഷയങ്ങൾ സംബന്ധിച്ച്</u>

1. സ. ഉ. (എം. എസ്) നമ്പർ 80/17/തസ്വഭവ തീയതി 3.4.2017 പ്രകാരം പട്ടികവർഗ്ഗ വിഭാഗം ഗുണഭോക്താക്കളുടെ കാര്യത്തിൽ വരുമാന പരിധി ബാധകമല്ല എന്നും പറയുന്നു. സർക്കാർ ജീവനക്കാർക്ക് പ്രത്യേകിച്ചും പാർട്ട് ടൈം സ്വീപ്പർ, ലാസ്റ്റ് ഗ്രേഡ് തുടങ്ങിയവർക്കും പെൻഷൻ പറ്റിയ ടി വിഭാഗക്കാർക്കും ബി.പി.എൽ വിഭാഗത്തിന്റെ ആനുകൂല്യം നൽകാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് വ്യക്ത വരുത്തേണ്ടതാണെന്ന് കാണുന്നു.
2. സ. ഉ. (എം. എസ്) നമ്പർ 80/17/തസ്വഭവ തീയതി 3.4.17ലെ പഞ്ചായത്ത് രാജ്/ നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും, അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയുടെ 2.17 പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള പരമാവധി കുടുംബ വാർഷിക സബ്സിഡി പരിധി പൊതുവിഭാഗത്തിന് 30,000 രൂപയും പട്ടികജാതി വിഭാഗത്തിന് 50,000/- രൂപയുമായിരിക്കുമെന്നും പട്ടികവർഗ്ഗ വിഭാഗത്തിന് പരിധിയില്ലെന്നുമാണ്. എന്നാൽ താഴെ പറയുന്നവയുടെ സബ്സിഡി നിരക്കുകൾ ചുവടെ കാണിച്ചിരിക്കും പ്രകാരമാണ്.

പട്ടിക 6.2

ക്രമ നം	ഇനം	കാറ്റഗറി	സബ്സിഡി പരമാവധി
1	മേൽക്കൂര മാറ്റി പുതിയമേൽക്കൂര നിർമ്മിക്കൽ (പേജ് 33, സ.ഉ (എം.എസ്) നം. 80/17/തസ്വഭവ തീയതി 3.4.17	പൊതുവിഭാഗം പട്ടികജാതി പട്ടികവർഗ്ഗം	50000/-രൂപ 75000/-രൂപ 75000/-രൂപ
2	വീട് വാസയോഗ്യമാക്കൽ (പേജ് 34)	പൊതുവിഭാഗം പട്ടികജാതി പട്ടികവർഗ്ഗം	100000/-രൂപ 150000/-രൂപ പരമാവധി തുക
3	വിവാഹ ധനസഹായം(പേജ് 55)	പട്ടികജാതി പട്ടികവർഗ്ഗം	75000/-രൂപ
4	മിശ്രവിവാഹ ധനസഹായം		50000/- രുപ
5	വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം (പേജ്55)		50000/- രുപ
6	സ്വയംതൊഴിലിന് ടാക്സി, കാർ, പിക്കപ്പ് വാൻ (പേജ് 39)	പട്ടികജാതി പട്ടികവർഗ്ഗം പൊതുവിഭാഗം	പരമാവധി 2,00,000/- രൂപ പലിശസബ്സിഡി പരമാവധി 150000/- രൂപ

മേൽ പരാമർശിച്ചിരിക്കുന്നവയുടെ പരമാവധി സബ്സിഡി 2.17ൽ പറയുന്നതിനേക്കാൾ കൂടുതലാണ് സബ്സിഡി പരമാവധി സ. ഉ. 80/174 തീയതി 3.4.17ലെ 2.17ൽ (പേജ് 5) പരാമർശിക്കും വിധം ബാധകമാക്കി നിജപ്പെടുത്താമോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണെന്ന് കാണുന്നു.

3. സ. ഉ (എം. എസ്) നമ്പർ 80/17/തസ്വഭവ തീയതി 3.4.17 പ്രകാരം ഖണ്ഡിക 6.4ൽ പരാമർശിക്കുന്നത് ഖണ്ഡിക 6.1, 6.2, 6.3 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നവർക്ക് സംരംഭം ആരംഭിക്കുന്നതിന് ധനസഹായം നൽകാമെന്നാണ് (പേജ് 8, 9) എന്നാൽ 6.1ൽ 12 പ്രകാരം സംരംഭകർക്ക് സബ്സിഡി നൽകുന്നതല്ല എന്ന് പറയുന്നുണ്ട്. എന്നാൽ സൂചന 8.7ൽ (പേജ് 37) പത്ത് കാര്യങ്ങൾക്ക് ബാക്ക് എൻഡഡ് ആയി സബ്സിഡി നൽകാമെന്ന് പറയുന്നുണ്ട്. സൂചന ഉത്തരവിലെ ഖണ്ഡിക 6 ഉം, 8.7 തമ്മിൽ അവ്യക്തത അനുഭവപ്പെടുന്നു. കൂടാതെ സർക്കാർ ഉത്തരവ് സ. ഉ (എം.എസ്) 72/2017/തസ്വഭവ തീയതി 29.03.2017 പ്രകാരം എല്ലാ തൊഴിൽ സംരംഭ പ്രോജക്ടുകളും വായ്പാബന്ധിത മായിരിക്കണമെന്നും പറയുന്നുണ്ട്.

4. സ. ഉ. (എം. എസ്) നം. 80/17/തസ്വഭവ തീയതി 3.4.17 പ്രകാരം ഖണ്ഡിക 6.2ൽ അംഗീകൃത പ്രോജക്ട് കോസ്റ്റിന്റെ 10% തുക റിവോൾവിംഗ് ഫണ്ട് അനുവദിക്കാവുന്നതാണെന്ന് പറയുന്നുണ്ട്. ഗ്രൂപ്പ് സംരംഭത്തിന്റെ കാര്യത്തിൽ സംരംഭ കോസ്റ്റിന്റെ 10% തുകയാണോ ഗ്രൂപ്പിന് നൽകേണ്ടത്, അതോ 6.2ലെ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന വിധം പരമാവധി നിജപ്പെടുത്തിക്കൊണ്ട് ഒരംഗത്തിന് 10% വീതം ലഭിയ്ക്കത്തക്ക രീതിയിൽ നൽകാമോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണെന്ന് കാണുന്നു.

5. സ. ഉ. (എം. എസ്) നം. 80/17/തസ്വഭവ തീയതി 3.4.17 പ്രകാരം ഖണ്ഡിക 8.1.9ൽ (പേജ് 17) തുറന്ന കിണർ (എല്ലാ വിഭാഗങ്ങൾക്കും) വികസന ഫണ്ട് ഉപയോഗിക്കാൻ പാടില്ല എന്ന് സബ്സിഡി മാർഗ്ഗരേഖ 8.1(9)ലും (പേജ് 16) 8.5(1) ലും (പേജ് 31) വ്യക്തമാക്കുന്നു. ഇതേ ആവശ്യത്തിന് പതിനാലാം

ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിൽ തടസ്സം ഉണ്ടോ എന്നത് സംബന്ധിച്ച് വ്യക്ത വരുത്തേണ്ടതാണെന്ന് കാണുന്നു.

6. സ.ഉ. (എം. എസ്) നമ്പർ 80/17/തസ്വഭവ തീയതി 3.4.17 പ്രകാരം ഖണ്ഡിക 8.8ൽ പറയുന്ന കാര്യങ്ങൾക്ക് സ്വല്പഭാരത് മിഷൻ ധനസഹായം ലഭ്യമാണോ എന്നതും സംബന്ധിച്ചും ശതമാനം സംബന്ധിച്ചും വ്യക്തമാക്കിയിട്ടില്ല. (പേജ് 42, 43) ആയത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണെന്ന് കാണുന്നു.

7. സ. ഉ. (എം.എസ്) നം. 80/17/തസ്വഭവ തീയതി 3.4.17 പ്രകാരം ഖണ്ഡിക 8.8.4ൽ പരാമർശിക്കുന്ന സ്കൂൾ, ആശുപത്രി, ഹോസ്റ്റൽ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് മാലിന്യ സംസ്കരണ സംവിധാനം ഒരുക്കൽ (പേജ് 43) സംബന്ധിച്ച് പരമാവധി യൂണിറ്റ് നിരക്കിന്റെ 50% എന്നാണ് വ്യക്തമാക്കിയിരിക്കുന്നത് (സബ്സിഡി തുക, സ്ഥാപനം ഒന്നിന് 100000/- രൂപയുൽ കവിയാവുന്നതല്ല) സർക്കാർ സ്കൂൾ, എയ്ഡഡ് സ്കൂൾ, സർക്കാർ ആശുപത്രി എന്നിവയ്ക്ക് 100% സബ്സിഡി അനുവദിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണെന്ന് കാണുന്നു.

8. സ.ഉ.(എം. എസ്) 72/2017/തസ്വഭവ തീയതി 29.3.17 പ്രകാരം ഖണ്ഡിത 12.121ൽ (പേജ് 42) കാർഷിക മേഖലയിലെ ഇടപെടലുകൾ ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് ആസൂത്രണം ചെയ്യണം എന്ന് വ്യക്തമാക്കുന്നു. ഹരിതകേരളം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശമായി ഇറങ്ങിയിട്ടുള്ള ബഹുമാനപ്പെട്ട ശുചിത്വമിഷൻ ഡയറക്ടറുടെ നം.2152/G/2016/sml എന്ന ഏപ്രിൽ 2017ൽ ഇറങ്ങിയിട്ടുള്ള മാർഗ്ഗരേഖയിൽ 29-ാം പേജിൽ നം.5 പറയുന്നത് ഗാർഹീകതല ജൈവ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് പാവപ്പെട്ടവർക്ക് മാത്രം ഉറവിട മാലിന്യ സംസ്കരണ സംവിധാനത്തിന് സബ്സിഡി അനുവദിക്കുക എന്നതാണ്. എന്നാൽ സ.ഉ.(എം.എസ്) നം. 80/17/തസ്വഭവ തീയതി 3.4.17 ൽ ഖണ്ഡിക 8.8 പ്രകാരം എല്ലാ വിഭാഗത്തിൽ പ്പെട്ടവർക്കും നൽകാവുന്നതാണെന്ന് വ്യക്തമാക്കുന്നു. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഉറവിട മാലിന്യ സംസ്കരണ സംവിധാനത്തിന് സബ്സിഡി അനുവദിക്കുന്നതിൽ തടസ്സമുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണെന്ന് കാണുന്നു.

9. സ. ഉ. (എം.എസ്) 72/2017/തസ്വഭവ തീയതി 29.03.2017 പ്രകാരം ഖണ്ഡിക 12.13.2ൽ 6ൽ പരാമർശിക്കുന്നത് സ്ത്രീകൾക്കും, പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കായി വനിതാഘടക പദ്ധതിയിലെ തുക വിനിയോഗിക്കാൻ പാടില്ല എന്നാണ്. വനിതകൾ മാത്രമുള്ള കുടുംബങ്ങൾക്ക് സ്ത്രീക്കും, പുരുഷനും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കായി വനിതാഘടക പദ്ധതി തുക വകയിരുത്തുന്നതും വിനിയോഗിക്കുന്നതും സംബന്ധിച്ചും, ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ എന്നിവരുടെ തുക ചെലവഴിക്കുന്നതിന് ടി മാനദണ്ഡം പാലിക്കേണ്ടത് സംബന്ധിച്ചും വ്യക്തത വരുത്തേണ്ടതാണെന്ന് കാണുന്നു.

10. സ. ഉ. (എം.എസ്) 72/2017/തസ്വഭവ തീയതി 29.03.2017 പ്രകാരം ഖണ്ഡിക 10ൽ പരാമർശിക്കുന്നത് കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതി പ്രകാരമുള്ള ഭവനങ്ങളിൽ മാത്രമേ വ്യക്തിഗത കക്കൂസ് നൽകാവൂ എന്നാണ്. എന്നാൽ ഖണ്ഡിക 13.1(13) 13.2 (13) പ്രകാരം ടി ആനുകൂല്യം നൽകാം എന്നും പരാമർശിക്കുന്നതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ട താണെന്നും കാണുന്നു.

11. സ. ഉ. (എം.എസ്) 80/2017/തസ്വഭവ തീയതി 3.4.2017 പ്രകാരം ഖണ്ഡിക 8.7.3 (പേജ് 37) പ്രകാരം പരമ്പരാഗത

കൈതൊഴിലുകളുടെ പ്രോത്സാഹനം എന്ന പദ്ധതി നടപ്പാക്കുന്നതിന് കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പ് രൂപീകരിക്കണം എന്നും അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് ഒറ്റതവണ ധനസഹായം ഗ്രൂപ്പിന് നൽകാവുന്നതാണ് എന്നും വ്യക്തമാക്കിയിരിക്കുന്നു. എന്നാൽ പരമ്പരാഗത കൈതൊഴിലുകൾ ചെയ്യുന്നവർക്ക് ഒറ്റത്തവണ മാത്രം ധനസഹായം നൽകിയാൽ തുടർ വർഷങ്ങളിൽ ടി ആനുകൂല്യം നൽകുന്നതിന് ഗുണഭോക്താക്കളെ ലഭിക്കാതെ വരും എന്നതിനാലും പരമ്പരാഗത കൈതൊഴിലുകൾ ഇല്ലാതാകും എന്നതിനാലും 5 പേരുള്ള ഗ്രൂപ്പ് രൂപീകരിക്കണം എന്നതും ഒറ്റതവണ ധനസഹായം ഗ്രൂപ്പിന് നൽകാവുന്നതാണ് എന്നും വ്യക്തമാക്കിയിരിക്കുന്നത് ഭേദഗതി ചെയ്ത് പരമ്പരാഗതമായി കൈതൊഴിലുകൾ ചെയ്യുന്ന വ്യക്തികൾക്ക് എല്ലാ വർഷവും അനുകൂല്യം നൽകേണ്ടവിധം മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണെന്നും കാണുന്നു.

12. സ. ഉ. (എം.എസ്) 80/2017/തസ്വഭവ തീയതി 03.04.2017 പ്രകാരം ഖണ്ഡിക 8.7.5, 8.7.6, 8.7.7 (പേജ് 38,39)ൽ സ്വയം തൊഴിൽ സംരംഭങ്ങൾ - ഇരുചക്ര വാഹനം, ടാക്സി കാർ, പിക്കപ്പ് വാൻ എന്നിവ വാങ്ങുന്നത് സംബന്ധിച്ച് ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെട്ട അറിയിപ്പ് ലഭിച്ച ശേഷം പുതിയ വാഹനം അപേക്ഷകന്റെ പേരിൽ വാങ്ങിക്കണമെന്നും തുടർന്ന് വാഹനം ഏത് കടയിൽ നിന്നാണോ വാങ്ങിയത് ആ കടയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി തുക നൽകണം/ ബാങ്ക് വായ്പ ആണെങ്കിൽ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം എന്നും മാനദണ്ഡങ്ങളിൽ വ്യക്തമാക്കുന്നു. ആയത് നടപ്പാക്കുന്നതിൽ പ്രായോഗികമായി ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെട്ട അറിയിപ്പ് ലഭിച്ച ശേഷം പുതിയ വാഹനം അപേക്ഷകന്റെ പേരിൽ വാങ്ങിക്കണമെന്നുള്ളതിൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ടെന്നും കാണുന്നു.

പട്ടിക 6.3

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വിഷയഗ്രൂപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ - 2017-18

ക്രമ നം.	വിഷയഗ്രൂപ്പ്	ഗ്രാമ പഞ്ചായത്ത് (82)		ബ്ലോക്ക് പഞ്ചായത്ത് (14)		മുനിസിപ്പാലിറ്റി (13)		ജില്ലാ പഞ്ചായത്ത് (1)		കോർപ്പറേഷൻ (1)	
		എണ്ണം	തുക	എണ്ണം	തുക	എണ്ണം	തുക	എണ്ണം	തുക	എണ്ണം	തുക
1	കൃഷി	541	283470974	50	45545242	77	34951374	16	41305500	10	8716650
2	ജലസേചനം	137	67065628	86	58441281	21	11332104	39	59874338	1	300000
3	മണ്ണ്സംരക്ഷണം	72	27090431	15	8980800	15	25856625	13	17200000	3	1050000
4	മൃഗസംരക്ഷണം	563	261627188	2	4600000	85	29071255	3	10750000	12	32200000
5	ക്ഷീരവികസനം	94	54891559	15	26750689	16	6593000				
6	മത്സ്യബന്ധനം	54	19252500	2	5370000	10	2233500	2	6300000	31	26350000
7	വ്യവസായം	181	89958683	47	46180960	39	34177100	15	33112500	23	21600000
8	ഊർജ്ജം	315	148317679	27	19489575	49	69040645	1	600000	19	9330000
9	വിദ്യഭ്യാസം	781	249480719	41	34043651	222	133987937	171	292227053	82	76650000
10	ആരോഗ്യം	618	186314844	100	40590407	144	89848241	10	37108356	66	67649200
11	കുടിവെള്ളം	481	178445944	31	20930705	64	40589151	27	42020000	23	24341500
12	ശുചിത്വം,മാലിന്യസംസ്ക്കരണം	407	273467973	47	61843043	115	174259311	6	41657500	65	140284823
13	പാർപ്പിടം	402	415644798	42	76126942	66	167117935			67	138650000
14	സാമൂഹ്യക്ഷേമം	541	216166926	51	47175861	101	73316762	6	19200000	25	66797500
15	പോഷകാഹാരം	126	187113175	3	1102978	17	41190000	1	1200000	4	27930000
16	അംഗൻവാടികൾ	457	197283922	26	17215704	85	72782513	31	32000000	121	74277100
17	തൊഴിൽ	5	490000	16	9769550	2	80000				
18	കമ്പ്യൂട്ടർവത്ക്കരണം	409	54484693	61	10166714	69	29071085	4	8900000	6	4375000

19	പദ്ധതിരൂപീകരണം	82	17016653	24	2349240	18	9143700	1	500000	1	1400000
20	ഗതാഗതം	4026	1573633261	206	122143602	1016	764111158	511	604785000	377	534084950
21	പശ്ചാത്തലം	4859	2018174795	296	172120418	1195	1034955504	529	642853495	471	614529950
22	കലാസാംസ്ക്കാരിക കായിക വികസനം, യുവജനക്ഷേമം	124	44714386	37	27859627	40	28256066	29	58140000	85	49600000
	ആകെ	**15275**	**6564106731**	**1225**	**858796989**	**3466**	**2871964966**	**1415**	**1949733742**	**1492**	**1920116673**

അവലംബം: ഐ.കെ.എം, ഡാറ്റാബേസ്

എറണാകുളം ജില്ലയിൽ വിവിധ വിഷയമേഖലകളുമായി ബന്ധപ്പെട്ട് 2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തുകൾ 65641.07 ലക്ഷം രൂപയുടെ 15275 പ്രൊജക്ടുകളും, ബ്ലോക്ക് പഞ്ചായത്തുകൾ 8587.97 ലക്ഷം രൂപയുടെ 1225 പ്രൊജക്ടുകളും, നഗരസഭകൾ 28719.65 ലക്ഷം രൂപയുടെ 3466 പ്രൊജക്ടുകളും, ജില്ലാ പഞ്ചായത്ത് 19497.34 ലക്ഷം രൂപയുടെ പ്രൊജക്ടുകളും, കൊച്ചി കോർപ്പറേഷൻ 19201.17 ലക്ഷം രൂപയുടെ 1492 പ്രൊജക്ടുകളുമാണ് നടപ്പാക്കുന്നത്.

ചിത്രം: 6.2



വിവിധ വിഷയമേഖലകൾ തിരിച്ചുള്ള അവലോകനം വിശദമായി താഴെ ചേർത്തിരിക്കുന്നു:-

6.1 ഉല്പാദന മേഖല

പട്ടിക 6.4

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വിഷയഗ്രൂപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ 2017-18 (തുക ലക്ഷത്തിൽ)						
ക്രമ. നം	**വിഷയ ഗ്രൂപ്പ്**	**ഗ്രാമ പഞ്ചായത്ത്**	**ബ്ലോക്ക് പഞ്ചായത്ത്**	**മുനിസിപ്പാലിറ്റി**	**ജില്ലാ പഞ്ചായത്ത്**	**കോർപ്പറേഷൻ**
1	കൃഷി	2834.71	455.45	349.51	413.06	87.17
2	ജലസേചനം	670.66	584.41	113.32	598.74	3.00
3	മണ്ണ്സംരക്ഷണം	270.90	89.81	258.57	172.00	10.50
4	മൃഗസംരക്ഷണം	2616.27	46.00	290.71	107.50	322.00
5	ക്ഷീരവികസനം	548.91	267.51	65.93	0	0
6	മത്സ്യബന്ധനം	192.53	53.70	22.34	63.00	263.50
	ആകെ	**7133.98**	**1496.88**	**1100.38**	**1354.30**	**686.17**

(അവലംബം: ഐ.കെ.എം, ഡാറ്റാബേസ്)

ചിത്രം: 6.3



6.1.1 കൃഷി

2017-18 സാമ്പത്തിക വർഷത്തിൽ എറണാകുളം ജില്ലയിൽ കൃഷി വകുപ്പുവഴി നടപ്പിലാക്കുന്ന ജനകീയാസൂത്രണ പദ്ധതികൾ

പട്ടിക 6.5

ക്രമ നം.	തദ്ദേശസ്ഥാപനം	പദ്ധതി (തുക)
1	ഗ്രാമപഞ്ചായത്ത് (82 എണ്ണം)	1265.73
2	മുനിസ്സിപാലിറ്റി (13 എണ്ണം)	365.82
3	കോർപ്പറേഷൻ (1 എണ്ണം)	68.17
4	ബ്ലോക്ക് പഞ്ചായത്ത് (14 എണ്ണം)	331.999
5	ജില്ലാ പഞ്ചായത്ത് (1 എണ്ണം)	200.005

(അവലംബം: ഐ.കെ.എം, ഡാറ്റാബേസ്)

2016-17 വർഷത്തിൽ ജില്ലയിലെ വിവിധ തദ്ദേശഭരണസ്ഥാപനങ്ങളിൽ കൃഷി വകുപ്പ് നടപ്പാക്കിയ പ്രധാനപ്പെട്ട പദ്ധതികൾ താഴെ പറയും പ്രകാരമാണ്:-

പട്ടിക 6.6

ക്രമ നം.	പദ്ധതിയുടെ പേര്
1	ഗ്രോബാഗ്
2	കുറ്റികുരുമുളക്
3	വളംവിതരണം
4	പച്ചക്കറി കൃഷിക്ക് കൂലിച്ചിലവ്
5	സങ്കരയിനം തെങ്ങിൻ തൈ വിതരണം
6	ജലസേചനത്തിന് പമ്പ് സെറ്റ്
7	തെങ്ങ് കൃഷി വികസനം
8	വാഴകൃഷി വികസനം
9	മഴമറ പച്ചക്കറികൃഷി
10	പുഷ്പ കൃഷി
11	കേടായ തെങ്ങ് വെട്ടിമാറ്റി പകരം തൈ നടൽ
12	ഫലവൃക്ഷ കിറ്റ് വിതരണം
13	മഴവെള്ള സംഭരണം
14	കിണർ റീ ചാർജ്ജിങ്ങ്
15	പുല്ലുവെട്ട് യന്ത്രം
16	ഇടവിള കൃഷി
17	ഡി*ടി തെങ്ങിൻ തൈ വിതരണം
18	കാർഷികോല്പന്നങ്ങൾക്കു താങ്ങുവില
19	ഹരിതഭവനം
20	മട്ടുപ്പാവിൽ പച്ചക്കറി കൃഷി
21	കൊയ്ത്തു മെതി യന്ത്രം
22	പുഴയോര സംരക്ഷണം
23	പ്രാദേശിക കാർഷിക വിപണി വികസനം
24	ജാതികൃഷി വികസനം
25	കാർഷിക കർമ്മസേന
26	തരിശു നെൽകൃഷി
27	ഗ്രൂപ്പ് ഫാമിങ്ങ്
28	മാതൃക ഔഷധ സസ്യത്തോട്ടം
29	സമഗ്ര കേര കൃഷി വികസനം
30	സ്വാശ്രയ ഗ്രൂപ്പുകൾക്ക് കൃഷിക്ക് ധനസഹായം
31	കുടുംബശ്രീ മുഖേന പച്ചക്കറി കൃഷി

(അവലംബം: ഐ.കെ.എം, ഡാറ്റാബേസ്)

പൊതുനിർദ്ദേശങ്ങൾ

വരുന്ന വർഷങ്ങളിൽ കൂടുതൽ പൊക്കാളി പാടങ്ങളിൽ കൃഷിയിറക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് പദ്ധതികൾ നടപ്പാക്കുന്നതാണ്. പൊക്കാളി വിത്തിന്റെ അപര്യാപ്തതയാണ് പ്രധാനമായും കൃഷി കുറയുന്നതിനുള്ള കാരണം. അതിനായി താഴെ പറയുന്ന പദ്ധതി ആസൂത്രണം ചെയ്യുന്നതാണ്.

പൊക്കാളി വിത്ത് വിതരണം

2017-18 വർഷത്തിൽ 6 ടൺ പൊക്കാളി വിത്താണ് കൃഷിക്കായി വിതരണം ചെയ്തത്. അടുത്തി സീസണിലേക്ക് വിതരണം ചെയ്യുന്ന വിത്തിന്റെ വിതരണം താഴെ പറയും പ്രകാരം വിഭാവനം ചെയ്തിരിക്കുന്നു.

നോർത്ത് പറവൂർ	-	30 ടൺ
ആലുവ	-	35
കളമശ്ശേരി	-	25
വൈറ്റില	-	19
ഞാറയ്ക്കൽ	-	10
ആകെ	-	119 ടൺ

ഫാർമർ ടു ഫാർമർ എക്ചേഞ്ച് പ്രോഗ്രാം വഴി മറ്റ് കർഷകർക്ക് വിത്ത് നൽകുന്നതിന് പരിപാടി ആസൂത്രണം ചെയ്തു വരുന്നു. വിത്ത് സൗജന്യനിരക്കിൽ വിതരണം

ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ അടുത്ത വർഷങ്ങളിലെ തദ്ദേശസ്വയംഭരണ പദ്ധതികളിൽ ഉൾപ്പെടുത്തി പൊക്കാളി വിത്തിന് കൂടുതൽ വില നൽകി (വില കിലോയ്ക്ക് 90/-രൂപ നിരക്കിൽ) സംഭരിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പൊക്കാളി വയലിൽ യന്ത്രവൽക്കരണം നടത്തുന്നതിന് കേരള കാർഷിക സർവ്വകലാശാലയുമായി സഹകരിച്ച് പുതിയ യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

തോട്ടറപുഞ്ച

എറണാകുളം ജില്ലയുടെ നെല്ലറ എന്നറിയപ്പെടുന്ന തോട്ടറപുഞ്ചയിൽ സമഗ്ര നെൽകൃഷി വികസന പദ്ധതികളിലൂടെ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ പ്രതാപം വീണ്ടെടുക്കാനുള്ള പദ്ധതികൾ വിജയകരമായി മുന്നോട്ട് പോവുകയാണ്. മുളന്തുരുത്തി ബ്ലോക്കിലെ എടയ്ക്കാട്ടുവയൽ, ആമ്പല്ലൂർ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന തോട്ടറപുഞ്ചയിൽ 2017-18 വർഷത്തിൽ 37 ലക്ഷം രൂപയുടെ പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. കൃഷിക്കാവശ്യമായ പമ്പുസെറ്റുകൾ, വൈദ്യുതി കണക്ഷനുകൾ എന്നിവയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഈ മേഖലയിൽ 550 ഏക്കർ സ്ഥലത്ത് നെൽകൃഷി ഇറക്കി 1500 ടൺ നെല്ല് ഉൽപ്പാദിപ്പിക്കുകയാണ് പ്രഖ്യാപിതലക്ഷ്യം. ഇതിലൂടെ ഏകദേശം 300 ടൺ ധാന്യം ലഭ്യമാക്കുവാനാണ് വിഭാവനം ചെയ്യുന്നത്.

6.1.2 ജലസേചനം

തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ പദ്ധതികൾ

1. കാരിച്ചാൽ തോട് നവീകരണം
2. ഓഞ്ഞിത്തോടിന് മെഷ് വയ്ക്കൽ
3. ഇടതുകര കനാൽ അറ്റകുറ്റപ്പണികൾ
4. കല്ലുപാലം ലിഫ്റ്റ് ഇറിഗേഷൻ
5. കണ്ണത്തോട് ലിഫ്റ്റ് ഇറിഗേഷൻ
6. മൂന്നാംപറമ്പ് ലിഫ്റ്റ് ഇറിഗേഷൻ
7. പാമ്പൻചിറ ലിഫ്റ്റ് ഇറിഗേഷൻ
8. ചുരുളിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ
9. കരയാമ്പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ
10. പനിച്ചയം ലിഫ്റ്റ് ഇറിഗേഷൻ
11. പൂമല ലിഫ്റ്റ് ഇറിഗേഷൻ
12. അശമന്നൂർ ലിഫ്റ്റ് ഇറിഗേഷൻ
13. നീറുങ്ങൽ പരിപ്പിൻതോട് ലിഫ്റ്റ് ഇറിഗേഷൻ
14. തൃക്കണിക്കാവ് ലിഫ്റ്റ് ഇറിഗേഷൻ
15. ആമ്പിളളിച്ചിറ നവീകരണം
16. കോടമ്പിളളിച്ചിറ നവീകരണം
17. കടിഞ്ഞൂൽച്ചിറ നവീകരണം
18. കട്ടേപ്പാടം കാരോത്തുകുഴി തോട് നവീകരണം
19. ചവർപ്പാടം തോട് നവീകരണം
20. കൈവേലിപ്പാടം കാട്ടിക്കുഴിത്തോട് നവീകരണം
21. നടുത്തുഴിത്താഴം ഷട്ടർ നിർമ്മാണം
22. നടുത്തുഴിത്താഴം ചീപ്പ് അറ്റകുറ്റപ്പണികൾ
23. തടയണ സ്ഥാപിക്കൽ
24. ജലസേചനത്തിന് പമ്പ് സെറ്റ്
25. ജലസേചന കിണർ

നിലവിൽ ജലസേചന പദ്ധതികളെല്ലാം നിർവ്വഹണം നടത്തുന്നത് തദ്ദേശഭരണ വകുപ്പു മുഖേനയാണ്. ജലസ്രോതസ്സുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ജലസേചന വകുപ്പിന്റെ അംഗീകാരത്തോടെ നടപ്പാക്കുകയാണെങ്കിൽ പദ്ധതി കാര്യക്ഷമമാക്കാൻ സാധിക്കും. ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതും, മൂടപ്പെട്ടവ ജനപങ്കാളിത്തത്തോടെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതുമാണ്.

6.1.3 മണ്ണു-ജല സംരക്ഷണം

മണ്ണ്-ജലസംരക്ഷണ പ്രവൃത്തികളെല്ലാം തന്നെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഏറ്റെടുക്കാവുന്നതിനാൽ ഈ വകുപ്പുമായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതികളൊന്നും തന്നെ നടപ്പാക്കുന്നില്ല.

6.1.4 മൃഗസംരക്ഷണം

തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ പദ്ധതികൾ

മൃഗസംരക്ഷണ വകുപ്പ് മുഖേന താഴെ പറയുന്ന പദ്ധതികളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത്

1. കാലിത്തീറ്റ വിതരണ പദ്ധതി
2. കിടാരി വളർത്തൽ പദ്ധതി
3. ആട് വളർത്തൽ പദ്ധതി
4. കറവപ്പശു വളർത്തൽ പദ്ധതി
5. താറാവ് വളർത്തൽ പദ്ധതി
6. മുട്ടക്കോഴി വളർത്തൽ പദ്ധതി
7. കന്നുകുട്ടി പരിപാലന പദ്ധതി
8. ചികിത്സാ സേവനം മെച്ചപ്പെടുത്തുന്നതിന് മരുന്നു വാങ്ങുക.
9. വന്ധ്യതാ നിവാരണ ക്യാമ്പുകൾ
10. ആരോഗ്യ പരിപാലന ക്യാമ്പ്
11. എ.ബി.സി പ്രോഗ്രാം
12. ചാണകം ഉണക്കിപ്പൊടിച്ച് ജൈവവളം ആക്കുന്ന പദ്ധതി
13. പശുക്കൾക്ക് വന്ധ്യതാ നിവാരണ ക്യാമ്പ്
14. സമഗ്ര കന്നുകാലി ഇൻഷുറൻസ്
15. അറവുശാല നിർമ്മാണം

ജില്ലയിലെ മുഴുവൻ വളർത്തുനായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ്, വന്ധ്യംകരണം, ലൈസൻസ് നൽകൽ എന്നിവയ്ക്കായി സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതുവഴി പേവിഷബാധ നിയന്ത്രണം തടയാനും, അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ എണ്ണം കുറയ്ക്കാനും, മനുഷ്യരിലേയ്ക്കുള്ള രോഗബാധ തടയാനും സാധിക്കും. പ്രജനനത്തിനായി വളർത്തുന്ന നായ്ക്കൾക്ക് പ്രത്യേക ലൈസൻസ് നൽകാൻ നടപടി സ്വീകരിക്കാവുന്നതാണ്. ജില്ലകളിലെ മുട്ട ഉൽപ്പാദനം കൂട്ടാൻ കൂടുതൽ എഗ്ഗർ നഴ്സറികൾ സ്ഥാപിക്കുക. ചെറിയ കോഴി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകണം. ബ്രോയിലർ പൗൾട്രി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിക്കുകയാണെങ്കിൽ പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ തന്നെ ആവശ്യമുള്ളവയെ ലഭിക്കുന്നതിനുള്ള സാഹചര്യം ഉറപ്പാക്കാൻ സാധിക്കും.

6.1.5 ക്ഷീരവികസനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള പദ്ധതികൾ

ജില്ലയിലെ ബ്ലോക്കുപഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയിലൂടെ പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരകർഷകർക്ക് അനുവദിച്ച ധനസഹായ പദ്ധതി പ്രകാരം 3.69 കോടി രൂപയും, ക്ഷീരകർഷകർക്ക് കറവപശുവിനെ വാങ്ങുന്നതിന് പരിശരഹിതവായ്പ അനുവദിക്കുന്നതിലേക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി അനുവദിച്ച 2.5 കോടി രൂപയുമുൾപ്പെടെ 6.19 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

നിർദ്ദേശങ്ങൾ

1. നിലവിൽ ഗ്രാമസഭ അംഗീകരിച്ച പട്ടിക അടിസ്ഥാനപ്പെടുത്തിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. എന്നാൽ തെരഞ്ഞെടുപ്പ് ആവശ്യമില്ലാത്തതിനാലും സംഘത്തിൽ പാലളക്കുന്നവരെല്ലാം ഇതിന് അർഹരായതിനാലും സംഘം സമർപ്പിക്കുന്ന പട്ടിക ഗ്രാമസഭയിൽവച്ച് അംഗീകാരം നൽകേണ്ടതാണ്.
2. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിലേക്കുള്ള വിഹിതം അലോട്ട്മെന്റായി നൽകി ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതി നിർവ്വഹണം സുഗമമാക്കുക.

6.1.6 മത്സ്യവികസനം

മത്സ്യകൃഷി പ്രോത്സാഹനത്തിന് മത്സ്യകർഷക ക്ലബുകളുടെ പങ്കും സാധ്യതകളും

ഉൾനാടൻ മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുകയും ഉൾനാടൻ മത്സ്യോത്പാദനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കത്തക്ക വിധത്തിൽ മത്സ്യ

കൃഷിയുടെ പുരോഗമിച്ച സാങ്കേതിക വശങ്ങൾ പ്രചരിപ്പിക്കുകയും നടപ്പിലാക്കുകയും മൂലം ജനങ്ങൾക്ക് വർദ്ധിച്ച തോതിൽ മത്സ്യം ലഭ്യമാക്കുകയാണ് മത്സ്യകർഷക ക്ലബുകളുടെ ലക്ഷ്യം. എറണാകുളം ജില്ലയിൽ 97 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മത്സ്യകർഷക ക്ലബുകൾ രൂപീകരിക്കുകയും 7 ഗ്രാമ പഞ്ചായത്തുകളിൽ മത്സ്യകർഷക ക്ലബുകൾക്ക് സ്വന്തമായി കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളായ പമ്പ് സെറ്റ്, വിളവെടുപ്പ് വല, ഫർണ്ണീച്ചർ എന്നിവയും നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത പ്രധാന പദ്ധതികൾ

1. മത്സ്യത്തൊഴിലാളികൾക്ക് വഞ്ചിയും വലയും നൽകൽ
2. മത്സ്യത്തൊഴിലാളികൾക്ക് വല നൽകൽ
3. മത്സ്യത്തൊഴിലാളികൾക്ക് വഞ്ചി നൽകൽ
4. മത്സ്യവിപണനത്തിന് ഐസ് ബോക്സ് നൽകൽ
5. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പഠനോപകരണം നൽകൽ
6. കൂട് മത്സ്യകൃഷി
7. മത്സ്യ സംരക്ഷണ വല
8. അക്വാപോണിക്സ്

നിർദ്ദേശങ്ങൾ

1. പൊതു ജലാശയങ്ങളിലെ മത്സ്യഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി സീറാഞ്ചിംഗ്, ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കാവുന്നതാണ്.
2. പൊതു ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനു വേണ്ടി കായൽ ഡ്രഡ്ജിംഗ്.
3. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ കോമൺ സാനിറ്റേഷൻ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വെള്ളക്കെട്ട് നിർമ്മാർജനം ചെയ്യുന്നതിനുമുള്ള പദ്ധതികൾ.
4. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാതൃക മത്സ്യകൃഷിക്കുളം സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും, ഗ്രൂപ്പ് അടിസ്ഥാനത്തിൽ സംയോജിത കൃഷി നടത്തുന്നതിനുള്ള പദ്ധതിയും ഏറ്റെടുക്കാവുന്നതാണ്.

6.1.7 വനവികസനം

തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി മുൻഗണനകൾ

മനുഷ്യ-വന്യമൃഗസംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷതയിൽ മനുഷ്യ-വന്യമൃഗ സംഘർഷം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാര്യക്ഷമമായി ഈ പ്രശ്നം പരിഹരിക്കുന്നതിന് തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ ഈ ഡിവിഷനിലെ എറണാകുളം ജില്ലാ പരിധിയിലുള്ള കവളങ്ങാട്, കീരംപാറ പഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ

- സൗരോർജ്ജ ഉത്പാദനം/ സോളാർ കുക്കിംഗ് എന്നിവയ്ക്ക് പ്രോത്സാഹനം.
- മത്സ്യബന്ധനം ശാസ്ത്രീയവും, സുസ്ഥിരവും ആക്കുന്നതിനുള്ള പദ്ധതികൾ.
- പ്രാദേശിക അറിവിനെ അടിസ്ഥാനമാക്കി സസ്യ-ജന്തു ജാതികളുടെ കാര്യത്തിൽ നടത്താവുന്ന മൂല്യവർധിത പദ്ധതികൾ.
- തേനിച്ച വളർത്തൽ (വലുതും ചെറുതും) കൂൺ കൃഷി, തദ്ദേശീയ പുഷ്പിത സസ്യങ്ങൾ എന്നിവയ്ക്കുള്ള പ്രോത്സാഹന പദ്ധതികൾ.
- പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികളുടെ സാധ്യതകളും നടത്തിപ്പും.

- പ്രാദേശിക ജൈവ ഉല്പന്നങ്ങളുടെ ഉല്പാദനം, ഗുണനിലവാരം, വിപണനം എന്നിവയ്ക്കു വേണ്ട സഹായങ്ങൾ.
- കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും വ്യാപനത്തിനുമുള്ള സഹായ പദ്ധതികൾ
- കടൽത്തീര സംരക്ഷണ പരിപാടികൾ.

2016-17 വർഷം ജില്ലയിൽ നടപ്പാക്കിയ ഏതാനും മോഡലുകൾ താഴെ ചേർക്കുന്നു.

1. തൈകളുടെ ഉല്പാദനവും വിതരണവും
2. കണ്ടെയ്നറുകളിൽ അലങ്കാര ചെടികളും കുറ്റിച്ചെടികളും വളർത്തൽ

ചിത്രം - 6.4



ചിത്രം - 6.5

3. ബ്രഹ്മപുരം മാലിന്യ സംസ്ക്കരണപ്ലാന്റിനു ചുറ്റും സംരക്ഷണബെൽറ്റ് 2000 ചെടി/മരം 6,50,000



4. പച്ചതുരുത്തുകൾ വികസിപ്പിക്കൽ.

ചിത്രം-6.6



5. ബ്ലോക്ക് തിരിച്ചുള്ള മരം വച്ചുപിടിപ്പിക്കൽ

ചിത്രം-6.7



6. വെർട്ടിക്കിൾ കൃഷി/ഗ്രീൻവാൾ

ചിത്രം-6.8



7. ലാൻഡ്സ്കേപ്പിംഗ്

ചിത്രം-6.9



8. കണ്ടൽക്കാടുകളുടെ സംരക്ഷണം

ചിത്രം-6.10



9. ഗ്രീൻ സംരക്ഷണ വേലി നിർമ്മാണം

ചിത്രം-6.11



6.1.8 വ്യവസായം

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷികപദ്ധതികൾ

2017-18 വർഷത്തിൽ ജനകീയാസൂത്രണം പദ്ധതി പ്രകാരം എറണാകുളം ജില്ലയിലെ ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുള്ള പ്രൊജക്ടുകൾ.

പട്ടിക 6.7

ക്രമ നം.	തദ്ദേശഭരണ സ്ഥാപനം	പ്രോജക്ട്
1	ജില്ലാ പഞ്ചായത്ത്	പെരിയാർ കുപ്പിവെള്ളം പ്രോജക്ട്
2	ജില്ലാ പഞ്ചായത്ത്	നെല്ല് പുഴുങ്ങി അരി ഉൽപ്പാദിപ്പിക്കുന്ന കുടുംബശ്രീ യൂണിറ്റ്
3	കോർപ്പറേഷൻ	ചെറുകിട വ്യവസായ ഉൽപ്പന്ന വിപണന മേള
	മുനിസിപ്പാലിറ്റി	
4	കോതമംഗലം	മെഴുകുതിരി തിർമ്മാണം
5	അങ്കമാലി	പേപ്പർ ബാഗ് നിർമ്മാണം
6	കളമശ്ശേരി	സ്വയംതൊഴിലിന് ഓട്ടോറിക്ഷ, ടാക്സി, പിക്-അപ് വാൻ
7	ഏലൂർ	സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം, സ്വയംതൊഴിലിന് പിക്അപ് ഓട്ടോറിക്ഷ, പട്ടികജാതിയിൽപ്പെട്ടവർക്ക് തൊഴിലാവശ്യങ്ങൾക്ക് ഇരുചക്ര വാഹനം, കുടുംബശ്രീ ഉൽപ്പന്ന വിപണന മേളയ്ക്ക് ധനസഹായം
8	നോർത്ത് പറവൂർ	ജീവിതശൈലീ രോഗങ്ങൾക്ക് പരിശോധനാ യൂണിറ്റ്
9	തൃക്കാക്കര	സ്വയം തൊഴിലിന് ഓട്ടോറിക്ഷ വാങ്ങൽ, സേവന സംരംഭങ്ങൾ
10	മൂവാറ്റുപുഴ	വനിത ഗ്രൂപ്പിന് ബാഗ് നിർമ്മാണം, മൂവാറ്റുപുഴ അർബൻ ഹാറ്റിൽ 30 വനിതകൾക്ക് മൂല്യവർദ്ധിത ഉൽപ്പാദന യൂണിറ്റുകൾ ആരംഭിയ്ക്കുന്നതിന് സബ്സിഡി
11	തൃപ്പൂണിത്തുറ	പട്ടികജാതി യുവാക്കൾക്ക് ഇരുചക്ര വാഹന സബ്സിഡി, സ്വയം തൊഴിലിന് ടാക്സി, പിക്-അപ് വാൻ.
12	ആലുവ	സ്വയം തൊഴിലിന് ഓട്ടോറിക്ഷ വാങ്ങൽ
	ബ്ലോക്ക് പഞ്ചായത്ത്	
13	മൂവാറ്റുപുഴ	വനിത ഗ്രൂപ്പിന് പേപ്പർ ബാഗ്, പേപ്പർ പ്ലേറ്റ് നിർമ്മാണത്തിന് സബ്സിഡി, വനിത ഫുഡ് പ്രോസസിംഗ് യൂണിറ്റ്
14	ഇടപ്പള്ളി	വനിതകൾക്ക് ഷീ-ടാക്സി, എസ്.സി സ്വയം തൊഴിൽ സംരംഭങ്ങൾ, വനിത ഗ്രൂപ്പ് ഭക്ഷ്യ സംസ്കരണ യൂണിറ്റ്
15	പള്ളുരുത്തി	വനിത പട്ടികജാതി ഗ്രൂപ്പിന് വാദ്യോപകരണങ്ങൾ, വനിതാ ഗ്രൂപ്പിന് ശിങ്കാരി മേളം, ഫിഷ് ഡ്രൈയിംഗ് യൂണിറ്റ്, ഫ്ളവർ മിൽ, വസ്ത്രനിർമ്മാണ യൂണിറ്റ്.

16	പറവൂർ	വനിതാ സ്വയം സഹായ സംഘങ്ങളിലെ ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം
17	പാറക്കടവ്	വനിത ഗ്രൂപ്പുകൾക്ക് വ്യവസായ യൂണിറ്റ്
18	വടവുകോട്	പട്ടികജാതി വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം
19	വാഴക്കുളം	ഗ്രൂപ്പുകൾക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സബ്സിഡി.

പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. പ്രദേശത്തിന്റെ കാർഷിക മേഖലയെ അടിസ്ഥാനമാക്കി ഭക്ഷ്യ സംസ്കരണ മേഖലയിൽ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്.
2. കുടുംബിനികളായ വീട്ടമ്മമാർക്ക് നൈപുണ്യ വികസനത്തിനായി വിവിധ മേഖലകളിൽ പരിശീലനം നൽകി
3. വീടുകളിൽ ചെയ്യാവുന്ന, പരിസ്ഥിതി സൗഹൃദമായ നാനോ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതുവഴി കുടംബത്തിന്റെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്തുവാൻ കഴിയും.
4. ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ കുടുംബിനികളായ യുവതികൾക്ക് നെയ്ത്തിൽ പരിശീലനം നൽകി തറി ഇട്ട് ഒരു സംരംഭം ആരംഭിയ്ക്കുന്നതിന് പ്രോത്സാഹനം നൽകാവുന്നതാണ്.

6.2 സേവന മേഖല

പട്ടിക 6.8

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വിഷയഗ്രൂപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ 2017-18 (തുക ലക്ഷത്തിൽ)

ക്രമ. നം	വിഷയ ഗ്രൂപ്പ്	ഗ്രാമ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	മുനിസിപ്പാലിറ്റി	ജില്ലാ പഞ്ചായത്ത്	കോർപ്പറേഷൻ
1	വ്യവസായം	899.59	461.81	341.77	331.13	216.00
2	ഊർജ്ജം	1483.18	194.90	690.41	6.00	93.30
3	വിദ്യഭ്യാസം	2494.81	340.44	1339.88	2922.27	766.50
4	ആരോഗ്യം	1863.15	405.90	898.48	371.08	676.49
5	കുടിവെള്ളം	1784.46	209.31	405.89	420.20	243.42
6	ശുചിത്വം, മാലിന്യ സംസ്ക്കരണം	2734.68	618.43	1742.59	416.58	1402.85
7	പാർപ്പിടം	4156.45	761.27	1671.18	0	1386.50
8	സാമൂഹ്യക്ഷേമം	2161.67	471.76	733.17	192.00	667.98
9	പോഷകാഹാരം	1871.13	11.03	411.90	12.00	279.30
10	അംഗൻവാടികൾ	1972.84	172.16	727.83	320.00	742.77
11	തൊഴിൽ	4.90	97.70	0.80	0	0
12	കമ്പ്യൂട്ടർവത്ക്കരണം	544.85	101.67	290.72	89.00	43.75
13	പദ്ധതിരൂപീകരണം	170.17	23.49	91.44	5.00	14.00
14	കലാസാംസ്ക്കാരിക കായിക വികസനം, യുവജനക്ഷേമം	447.14	278.60	282.56	581.40	496.00
ആകെ		**22589.02**	**4148.47**	**9628.62**	**5666.66**	**7028.86**

ചിത്രം-6.12



6.2.1 ആരോഗ്യം

അലോപ്പതി

<u>തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷികപദ്ധതികൾ</u>

1. ആശുപത്രിക്ക് മരുന്നു വാങ്ങൽ
2. പാലിയേറ്റീവ് കെയർ പദ്ധതി
3. വനിതകളിലെ ജീവിതശൈലീരോഗ നിർണ്ണയ ക്യാമ്പ്
4. ആശുപത്രികൾക്ക് ഉപകരണങ്ങൾ വാങ്ങൽ
5. ജെറിയാട്രിക് സെന്റർ നിർമ്മാണം
6. ക്യാൻസർ നിർണ്ണയ ക്യാമ്പ്
7. മഴക്കാല പകർച്ചവ്യാധി നിയന്ത്രണം
8. ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനം
9. അത്യാഹിത വിഭാഗം

<u>പൊതുനിർദ്ദേശങ്ങൾ</u>

1. എല്ലാ പഞ്ചായത്ത് മുനിസിപ്പാലിറ്റികളിലും നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റുക. എറണാകുളം ജില്ലയിലെ എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും പത്ത് വർഷങ്ങൾ കൊണ്ട് കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കിമാറ്റുക എന്ന ലക്ഷ്യം. ഇതിനായി ഓരോ കുടുംബാരോഗ്യ കേന്ദ്രങ്ങളെയും താഴെപറയുന്ന രീതിയിൽ സൗകര്യങ്ങൾ ഒരു ക്കേണ്ടതായുണ്ട്.
2. ആധുനികവൽക്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൽട്ടേഷൻ കെമുകൾ ലബോറട്ടറി സൗകര്യങ്ങൾ,(Semi Auto Analyzer ഉൾപ്പെടെ) എന്നിവ സജ്ജീകരിക്കുക. മോഡുലാൽ റാക്ക്, ഇ-ഹെൽത്ത്, പൂന്തോട്ടം, കൃഷി, വെയിറ്റിംഗ് ഏരിയ, ടി.വി, കുടിവെള്ളം, എന്നീ സൗകര്യങ്ങൾ രോഗികൾക്കായി ഒരുക്കുക.
3. കുടുംബാരോഗ്യ കേന്ദ്രങ്ങൾ Promotive (ആരോഗ്യത്തെ അഭിവൃദ്ധിപ്പെടുത്തുന്ന കാര്യങ്ങൾ), Preventive (രോഗപ്രതിരോധം), Curative (രോഗം ഭേദമാക്കുന്നത്), Rehabilitation (പുനരധിവാസം), Paliative (സ്വാന്തന പരിചരണം) എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സജ്ജീകരിക്കും.

4. ഓരോ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 3 ഡോക്ടർമാരും 4 സ്റ്റാഫ് നഴ്സും ഉണ്ടാകേണ്ടതുണ്ട്.

5. കുടുംബ ഡോക്ടർ തലത്തിലേക്ക് എല്ലാ ഡോക്ടർമാരെ മാറ്റുന്നതിന് പരിശീലന കോഴ്സുകൾ നടത്തേണ്ടതുണ്ട്.

6. ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുക, ചിട്ടയായ ഭക്ഷണശീലം വളർത്തിയെടുക്കുക, ശാരീരികമായ നിഷ്ക്രിയത്വം അവസാനിപ്പിക്കുക, മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുവാനും മാലിന്യം ഉത്പാദനം കുറക്കുവാനും ജനങ്ങളെ ശാക്തീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്ക് കുടുംബാരോഗ്യ കേന്ദ്രം ഊന്നൽ നൽകും. 100% പ്രതിരോധകുത്തിവയ്പ്പ് നിരക്ക് കൈവരിക്കുക, സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുക, ജീവിതശൈലീ രോഗനിർണ്ണയവും നിയന്ത്രണവും കൃത്യമായ ചികിത്സയും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ലക്ഷ്യങ്ങളാണ്. ആരോഗ്യ കേന്ദ്രത്തിലെത്തുന്ന എല്ലാവർക്കും ഗുണമേന്മയുള്ള ചികിത്സ ഉറപ്പുവരുത്തുവാനും തൃതീയ-ദ്വിതീയ ശ്രേണിയുള്ള ആശുപത്രികളിൽ ചികിത്സ കഴിഞ്ഞെത്തുന്ന രോഗികൾക്ക് തുടർചികിത്സ ലഭ്യമാക്കാനും ആരോഗ്യ കേന്ദ്രങ്ങളെ പ്രാപ്തമാക്കും.

7. **ജനറൽ ആശുപത്രിയിൽ** സൂപ്പർ സ്പെഷ്യലിസ്റ്റ് സേവനം (ന്യൂറോളജിസ്റ്റ്, നെഫ്രോളജിസ്റ്റ്, കാർഡിയോളജിസ്റ്റ്, യൂറോളജിസ്റ്റ്) ലഭ്യമാക്കുകയും, അതിന്റെ ചികിത്സക്കാവിശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കുകയും ചെയ്യുക.

8. **താലൂക്ക് ആശുപത്രികളുടെ ശാക്തീകരണം** : കോതമംഗലം, മൂവാറ്റുപുഴ, കരുവേലിപ്പടി, പെരുമ്പാവൂർ, പറവൂർ, ഫോർട്ട് കൊച്ചി, ആലുവ, പിറവം, അങ്കമാലി താലൂക്ക് ആശുപത്രികൾ, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം അതിനായുള്ള അടിസ്ഥാന വികസനം എന്നിവ നടത്തി മെച്ചപ്പെടുത്തും. മേൽസൂചിപ്പിച്ച ആശുപത്രികളിലും പീഡിയാട്രിക്സ്, സർജറി, ഓർത്തോ, ഗൈനക്കോളജി, നേത്രരോഗം, ഇ.എൻ.ടി, ത്വക്ക്, മനശാസ്ത്രവിദഗ്ധർ എന്നിവരുടെ സേവനവും ഉറപ്പുവരുത്തുക. സ്പെഷ്യലിസ്റ്റ്, പാലിയേറ്റീവ് കെയർ ലഭ്യമാക്കുക. ലാബിൽ Fully Auto Analyzer കൊണ്ടുവരിക.

9. പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും അതുമായി ബന്ധപ്പെട്ട സാമൂഹിക, പാരിസ്ഥിതിക ഘടകങ്ങളെ ഏറ്റവും അനുയോജ്യമായി കോർത്തിണക്കി വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുവാൻ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്ക് കഴിയേണ്ടതുണ്ട്.

10. കൊതുകുനശീകരണത്തിന് ആവശ്യമായ സ്പ്രേയറുകൾ, ഫോഗിംഗ് മെഷീനുകൾ എന്നിവ എല്ലാ സ്ഥാപനങ്ങളിലും (പഞ്ചായത്ത്/ നഗരസഭ) അടിസ്ഥാനത്തിൽ ലഭ്യമാക്കൽ.

11. തദ്ദേശസ്വയംഭരണം, കൃഷി, മൃഗസംരക്ഷണ വകുപ്പുകളുമായി ചേർന്ന് എലി, തെരുവുനായ നിയന്ത്രണ പ്രവർത്തനങ്ങൾ.

12. കൊതുകുനിയന്ത്രണ പ്രവർത്തനങ്ങൾക്കായുള്ള ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തൽ.

- അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുവാനായി അവരുടെ താമസസ്ഥലങ്ങളും ജോലിസ്ഥലങ്ങളും കേന്ദ്രീകരിച്ച് സമഗ്ര ക്യാപുകൾ സംഘടിപ്പിക്കുക. മലമ്പനി, മന്ത്, ക്ഷയരോഗം, കഷ്ടം, ടൈഫോയിഡ്, മഞ്ഞപിത്തം ബി എന്നിവ സ്ക്രീൻ ചെയ്ത് തുടർച്ച ചികിത്സക്കായി അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളെ സജ്ജമാക്കുക. എല്ലാ അന്യ സംസ്ഥാന തൊഴിലാളികൾക്കും ഇത്തരം അടിസ്ഥാന ആരോഗ്യസേവനങ്ങൾ ലഭ്യമാക്കി ഹെൽത്ത് കാർഡ് വിതരണം നടത്തുക.

- 2020 ഓട് കൂടി ക്ഷയരോഗം പൂർണ്ണമായും ഇല്ലാതാക്കുവാനുള്ള ശ്രമങ്ങൾ പരമാവധി ആക്കുക. ഇതിനായി പഞ്ചായത്ത്/കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ കർമ്മപദ്ധതി രൂപീകരിക്കുക.
- 50,000 പേർക്ക് ഒരു നഗര പ്രാഥമികാരോഗ്യം കേന്ദ്രം എന്നതാണ് ലക്ഷ്യം. കുടുംബാരോഗ്യ കേന്ദ്രത്തിൽ ലഭ്യമാകുന്ന എല്ലാ സേവനങ്ങളും നഗരാരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം.
- ആരോഗ്യപ്രോത്സാഹന ക്ലബ്ബുകൾ സന്നദ്ധപ്രവർത്തകരുടെ നേതൃത്തിൽ ഓരോ വാർഡുകളിലും/ ഡിവിഷനുകളിലും രൂപീകരിക്കും. ആരോഗ്യകരമായ ഭക്ഷണക്രമം, നല്ല ജീവിതശൈലി, പാരിസ്ഥിതിക ആരോഗ്യം, ശുചിത്വം തുടങ്ങിയ കാര്യങ്ങളിൽ ജനങ്ങളെ ബോധവത്ക്കരിക്കുക എന്നതാണിതിന്റെ ലക്ഷ്യം.
- ഹൃദ്രോഗ അപായ സാധ്യത കുറക്കൽ: എല്ലാ ജീവിതശൈലീ രോഗങ്ങൾ നിർണ്ണയിക്കുവാനുള്ള സംവിധാനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരുക്കുക. വ്യായാമം പ്രോത്സാഹിപ്പിക്കാനും അതിനുള്ള സൗകര്യങ്ങൾ ഒരുക്കുവാനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശ്രമിക്കണം.

6.2.2 ഹോമിയോപ്പതി

ജില്ലയിലെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയ പ്രധാനപ്പെട്ട പദ്ധതികൾ താഴെ പറയും പ്രകാരമാണ്.

പട്ടിക 6.9

ക്രമ നം.	പദ്ധതിയുടെ പേര്
1	ജില്ലാ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
2	പാലിയേറ്റീവ് കെയർ – ഹോമിയോ ആശുപത്രി
3	വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്ന് വാങ്ങൽ
4	എൻ.ആർ.എച്ച്.എം ഹോമിയോ ഡിസ്പെൻസറികൾക്ക് വിവിധ ഉപകരണങ്ങൾ വാങ്ങൽ
5	വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഹോമിയോ ഡിസ്പെൻസറികൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ

നിർദ്ദേശങ്ങൾ

സ്വന്തമായി കെട്ടിടമില്ലാത്ത ഹോമിയോ ഡിസ്പെൻസറികൾക്ക് കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. ബേബി ഫീഡിംഗ് റൂം, ഭിന്നശേഷിക്കാർക്കായി റാമ്പ്, ടോക്കൺ മെഷീൻ, സൗരോർജ്ജ സംവിധാനം, മാലിന്യ സംസ്ക്കരണ സംവിധാനം എന്നിവയ്ക്കും മുൻഗണന നൽകേണ്ടതാണ്.

6.2.3 ആയുർവ്വേദം

ആയുർവ്വേദ ആശുപത്രിക്ക് മരുന്ന്, ഉപകരണങ്ങൾ വാങ്ങൽ, വൃദ്ധർക്ക് മരുന്ന്, ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതികളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നത്.

നിർദ്ദേശങ്ങൾ

1. ഓരോ പ്രദേശത്തും അധികമായി കാണുന്ന രോഗത്തിനനുസരിച്ച് പ്രത്യേക ചികിത്സാ പദ്ധതികൾ പഞ്ചായത്തു തലത്തിൽ നടത്തുവാൻ ഇപ്പോൾ നിലനിൽക്കുന്ന ജനകീയാസൂത്രണ പദ്ധതി മാർഗ്ഗ രേഖയിലെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുക. സ്പെഷ്യൽ പ്രോജക്ടുകൾക്ക് അനുമതി നൽകുക.

2. ഓരോ ബ്ലോക്കിലും ഒരു 'ഫാമിലി ആയുഷ് സെന്റർ' സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

3. കൊതുക് നിർമ്മാർജ്ജനത്തിനായി പഞ്ചായത്തുമായി സഹകരിച്ചുകൊണ്ട് ആയുർവേദ ഔഷധങ്ങളായ അപരാജിത ചൂർണ്ണം, ടങ്കണം തുടങ്ങിയവയുടെ ഉപയോഗം കാര്യക്ഷമമാക്കുക.

4. ഔഷധ ദ്രവ്യങ്ങളുടെ അഭാവം നേരിടുന്നതിനായി എല്ലാ വാർഡുകളിലും ഔഷധ സസ്യകൃഷി നടപ്പിൽ വരുത്തുക.

5. സ്കൂൾ കുട്ടികൾക്കായി യോഗക്ലാസ്സ്, വിളർച്ച പോഷകാഹാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ, ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടുകൂടി ആരംഭിക്കുക.

6.2.4 കുടിവെള്ളം

ജില്ലയിലെ വിവിധ തദ്ദേശഭരണസ്ഥാപനങ്ങളിൽ പ്ലാൻ ഫണ്ട് മുഖേന നടപ്പാക്കിയ പ്രധാനപ്പെട്ട പദ്ധതികൾ താഴെ പറയും പ്രകാരമാണ്.

പട്ടിക 6.10

ക്രമ നമ്പർ	പദ്ധതിയുടെ പേര്
1	എസ്.സി കുടിവെള്ള പദ്ധതി
2	കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ
3	കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ, ടാങ്ക് നിർമ്മാണം
4	കുടിവെള്ളം - നവീകരണം
5	വാട്ടർ റിച്ച് പ്രൊജക്ട്
6	ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ
7	ലീഡിംഗ് ചാനൽ മെയിന്റനൻസും, നിർമ്മാണവും
8	മോട്ടോർ ഷെഡ് എക്സ്റ്റൻഷൻ
9	ശുദ്ധജല വിതരണ പദ്ധതി
10	കുടിവെള്ള പദ്ധതി - സംരക്ഷണഭിത്തി നിർമ്മാണം
11	കിണർ അറ്റകുറ്റപ്പണികൾ
12	വാട്ടർകണക്ഷൻ സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ
13	ഗാർഹിക കുടിവെള്ള കണക്ഷൻ
14	തുറസ്സായ കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ
15	വാട്ടർസപ്ലൈ പദ്ധതിക്ക് പ്യൂരിഫയർ സ്ഥാപിക്കൽ
16	കുടിവെള്ള വിതരണത്തിന് എ.ടി.എം സ്ഥാപിക്കൽ
17	പൊതുകുളങ്ങളുടെ പുനരുദ്ധാരണം
18	പൊതുകുളങ്ങൾ സംരക്ഷിക്കൽ
19	പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക്
20	ജലസേചന പൈപ്പ്ലൈൻ നീട്ടൽ
21	കുടിവെള്ള പദ്ധതി - ഇലക്ട്രിഫിക്കേഷൻ
22	ജലസംഭരണിയിൽ ഗോവണി നിർമ്മാണം
23	കിണർ റീചാർജ്ജിംഗ്
24	കുഴൽക്കിണർ നിർമ്മാണം
25	മഴവെള്ള സംഭരണി നിർമ്മാണം
26	സിന്തറ്റിക് ഫൈബർ ടാങ്ക് വിതരണം
27	ഉപയോഗശൂന്യമായ പൈപ്പ്ലൈൻ വില്ലേദിക്കൽ

എറണാകുളം ജില്ലയിൽ ഇപ്പോൾ നടന്നു വരുന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ മൊത്തം ഡിപ്പോസിറ്റ് തുകയിൽ ഉൾപ്പെടുത്തി 318 പ്രവൃത്തികളിൽ

പൈപ്പ്‌ലൈൻ നീട്ടൽ, പൈപ്പ് ലൈൻ മാറ്റൽ, കുടിവെള്ള പുനരുദ്ധാരണപദ്ധതി എന്നിവക്കായി ഭരണാനുമതി ലഭിച്ച 383.01 ലക്ഷം രൂപയുടെ പ്രവർത്തി തീരുമ്പോൾ 158250 പേർക്ക് പ്രയോജനം ലഭിക്കുന്നതാണ്.

നിർദ്ദേശങ്ങൾ

- നിലവിലുള്ള കിണറുകളും തോടുകളും കുളങ്ങളും പരിപാലിക്കുന്നത് ഗ്രാമ പഞ്ചായത്തുകളുടെ ചുമതല ആയിരിക്കും. ഇവയുടെ എണ്ണം വാർഡ് അടിസ്ഥാനത്തിൽ കണക്കെടുത്ത് സൂക്ഷിക്കണം. കൂടാതെ സ്വകാര്യ വ്യക്തികൾക്ക് കുളങ്ങളും കിണറുകളും നികത്തുന്നതിനു അനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മുൻകൂട്ടി വാങ്ങിക്കേണ്ടതും ഇപ്രകാരമുള്ള അനുമതി ബന്ധപ്പെട്ടവർ നിഷ്ക്കർഷതയോടെ മാത്രം നൽകേണ്ടതുമാണ്.
- മഴവെള്ള സംഭരണ മാർഗ്ഗങ്ങൾ അവലംബിക്കുക, മഴവെള്ള സംഭരണ പ്രവർത്തനങ്ങളും കോണ്ടൂർ ബണ്ട് നിർമ്മാണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതാണ്.
- തടയണകളും അടിയണകളും നിർമ്മിക്കുകയും ഭൗമോപരിതല ജലപരിപാലനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർവ്വഹിക്കാൻ കഴിയും.
- ശുദ്ധജലത്തിന്റെ ദുരുപയോഗവും അമിതോപയോഗവും തടയാനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണം

6.2.5 ഭൂഗർഭ

തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ളാൻ ഫണ്ട് ഉപയോഗപ്പെടുത്തി കുഴൽ കിണറുകളുടെ നിർമ്മാണം, ചെറുകിട കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം എന്നിവയും നടപ്പിലാക്കുന്നു.

1.2.6 ശുചിത്വം

'സാനിറ്റേഷൻ' എന്ന വാക്കുകൊണ്ട് ആരോഗ്യം വർദ്ധിപ്പിക്കുന്നതിനും രോഗ പ്രതിരോധത്തിനും സഹായകമായ രീതിയിൽ ഉള്ള സ്ഥായിയായ വിവിധ പരിസരാരോഗ്യ പ്രവർത്തനങ്ങൾ ആണ് അർത്ഥമാക്കുന്നത്. ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളും ഉപയോഗപ്രദമായ ടോയ്‌ലറ്റ് സൗകര്യങ്ങളും സാനിറ്റേഷൻ പ്രവർത്തനങ്ങളിൽപ്പെടുന്നു.

ആരോഗ്യ സംരക്ഷണത്തിൽ പരിസരത്തിന്റെ പ്രാധാന്യം ചെറുതല്ല. മിക്കവാറുമുള്ള രോഗാവസ്ഥ പാരിസ്ഥിതിക ഘടകങ്ങളിലുള്ള തകരാറുമായി ബന്ധപ്പെടുത്താവുന്നതാണ്. വ്യവസായ വത്ക്കരണവും നഗര വത്ക്കരണവും വഴിയായ് പരിസര മലിനീകരണത്തിന്റെ തോത് വർദ്ധിക്കുന്നു. നഗരങ്ങളിലെ പോലെ തന്നെ നമ്മുടെ ഗ്രാമങ്ങളിലും മാലിന്യം നിറയുന്ന അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്.

പഠന റിപ്പോർട്ടുകൾ തെളിയിക്കുന്നത് പ്രതിദിനം ജില്ലയിൽ 395 ടൺ മാലിന്യം പുറപ്പെടുവിക്കുന്നുണ്ട് എന്നാണ്. ചുരുക്കം ചില നഗരങ്ങളിലെ മാലിന്യസംസ്കരണ സംവിധാനമൊഴിച്ചാൽ ജില്ലയിലെ മാലിന്യ പരിപാലന രീതി മെച്ചപ്പെടുത്തേണ്ടതുണ്ട്. വ്യക്തി ശുചിത്വത്തിൽ അതീവ ശ്രദ്ധാലുക്കളായ നമ്മൾ സാമൂഹിക ശുചിത്വത്തിനും വേണ്ട വില കൊടുക്കേണ്ടതുണ്ട്.

നിലവിലെ സ്ഥിതി അപഗ്രഥിക്കുമ്പോൾ അജൈവ മാലിന്യ സംസ്കരണം ഫലവത്താകാത്തതാണ് മാലിന്യ സംവിധാനങ്ങൾ മെച്ചപ്പെടുത്താത്തതിന്റെ കാരണം എന്ന് മനസ്സിലാകും. വിജയകരമായ അജൈവ മാലിന്യ സംസ്കരണത്തിന് വെല്ലുവിളി പ്ലാസ്റ്റിക് കാരി ബാഗുകളുടെ അമിത ഉപയോഗമാണ്. ആയതിനാൽ ഇവ വളരെ അത്യാവശ്യ സാഹചര്യങ്ങളിൽ മാത്രം ഉപയോഗിക്കുന്നതിനും (Reduce) പരമാവധി പുനരുപയോഗത്തിനും (Reuse) സാധിക്കുന്നിടത്തോളം പുനഃചക്രമണം

നടത്തുന്നതിനും ഉള്ള നടപടി തദ്ദേശ സ്ഥാപനതലത്തിൽ ഏറ്റെടുക്കേണ്ടതാണ്.

ഇന്ത്യൻ ഭരണഘടന പ്രകാരം 'സാനിറ്റേഷൻ' സംസ്ഥാന പരിധിയിൽ വരുന്ന ഒരു മേഖലയാണ്. ആയതിനാൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ഒരു വലിയ പങ്ക് വഹിക്കാനാവും. സമഗ്ര ശുചിത്വ പരിപാലന പ്രവർത്തനങ്ങളുടെ വിജയത്തിനായി തദ്ദേശ സ്ഥാപനങ്ങൾ വളരെ നിർണ്ണായകമായ നേതൃത്വം നൽകേണ്ടതുണ്ട്. ഫലപ്രദമായി പദ്ധതി നിർവ്വഹണത്തിന് വാർഡ് തലത്തിലെ പ്രശ്നങ്ങളെ അപഗ്രഥനം ചെയ്തുകൊണ്ട് തദ്ദേശ സ്ഥാപനങ്ങൾ പ്രൊജക്ടുകൾ ഏറ്റെടുക്കേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ നമ്മുടെ ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളുടെ ശുചിത്വ-മാലിന്യ സംസ്കരണ രംഗത്തെ നിലവിലുള്ള പ്രോജക്ടുകളെക്കുറിച്ച് പഠിക്കുന്നത് അഭികാമ്യമായിരിക്കും.

2016-2017 വാർഷിക പദ്ധതിയിൽ ജില്ലയിൽ തദ്ദേശ സ്ഥാപനങ്ങൾ വഴി ഏറ്റെടുത്ത ശുചിത്വ മാലിന്യ സംസ്കരണ പ്രൊജക്ടുകൾ

പട്ടിക 6.11

പ്രോജക്ടിന്റെ പേര്	തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം	യൂണിറ്റുകളുടെ എണ്ണം	ആകെ തുക (ലക്ഷത്തിൽ)
ഗാർഹിക ബയോഗ്യാസ്	48	6369	695.875
ബയോ ഡൈജസ്റ്റർപോട്ട്	8	444	63.054
ബക്കറ്റ് കമ്പോസ്റ്റ്	4	7355	63.55
പൈപ്പ് കമ്പോസ്റ്റ്	6	5400	34.092
റിങ് കമ്പോസ്റ്റ്	2	1016	25.4

2017-2018 വാർഷിക പദ്ധതിയിൽ ജില്ലയിൽ തദ്ദേശ സ്ഥാപനങ്ങൾ വഴി ഏറ്റെടുത്ത ശുചിത്വ മാലിന്യ സംസ്കരണ പ്രൊജക്ടുകൾ

പട്ടിക 6.12

പ്രോജക്ടിന്റെ പേര്	തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം	യൂണിറ്റുകളുടെ എണ്ണം	ആകെ തുക (ലക്ഷത്തിൽ)
ഗാർഹിക ബയോഗ്യാസ്	4	404	48.93
ബയോ ഡൈജസ്റ്റർ പോട്ട്	3	1612	24.986
ബക്കറ്റ് കമ്പോസ്റ്റ്	1	160	1.6
റിങ് കമ്പോസ്റ്റ്	1	1016	1.025

പ്രൊജക്ടുകളുടെ വിശകലനം

ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളും തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ യാണ് നടപ്പാക്കപ്പെടുക. എന്നാൽ നിലവിലെ അവസ്ഥ പരിശോധിക്കുമ്പോൾ ജനപങ്കാളിത്തത്തിന്റെ കുറവ് വ്യക്തമായി കാണുന്നു. നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെങ്കിലും ജനകീയ പങ്കാളിത്തം കുറവാണ്. പല പദ്ധതികളും തദ്ദേശവാസികളുടെ എതിർപ്പുമൂലം നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്. മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് കേവലം കുറച്ചാളുകളുടെ പങ്കാളിത്തം കൊണ്ട് മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയില്ല. 'My waste is my responsibility' അഥവാ മാലിന്യം പുറപ്പെടുവിക്കുന്ന ആൾ തന്നെയാണ് മാലിന്യം സംസ്കരിക്കുന്നതിനും വേണ്ട

ഉത്തരവാദിത്വം വഹിക്കേണ്ടത് എന്ന ഉത്തരവാദിത്വബോധം എല്ലാവരിലും ജനിപ്പിച്ച് എല്ലാവരേയും ഈ പദ്ധതികളിലേക്ക് പങ്കാളിയാക്കുക വളരെ അത്യാവശ്യമാണ്. ഒരു ദേശത്തെ ഓരോ വ്യക്തിയേയും സ്ഥാപനങ്ങളേയും ബന്ധിപ്പിച്ചുകൊണ്ട് നടപ്പിലാക്കിയാൽ മാത്രമേ ശാശ്വത പരിഹാരം കണ്ടെത്താനാവൂ. ഇതിനായി വിപുലമായ ഒരു ജന സംവിധാനവും പദ്ധതി നിർവ്വഹണരീതിയും നയസമീപനവും വിഭാവനം ചെയ്യേണ്ടത് ആവശ്യമാണ്. ആയതിലേക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ ചേർക്കുന്നു.

നിർദ്ദേശങ്ങൾ

1. പദ്ധതി നിർവ്വഹണം - സംവിധാനം

ഒരു ശുചിത്വ സഭയിൽ ഗ്രാമപഞ്ചായത്തിൽ 75-100 വീടുകൾ, കടകൾ, സ്ഥാപനങ്ങളും നഗരപ്രദേശങ്ങളിൽ 125-150 വീടുകൾ, കടകൾ, സ്ഥാപനങ്ങൾ എന്നിവരുമാണ് അംഗങ്ങളായിട്ടുള്ളത്. ഒരു വാർഡിൽ പരമാവധി 4 - 5 ശുചിത്വ സഭകൾ ഉണ്ടാകും. നഗരപ്രദേശങ്ങളിൽ കടകൾ, ഹോട്ടലുകൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ എന്നിവർക്കായ് പ്രത്യേകം ശുചിത്വ സഭകളും രൂപീകരിക്കേണ്ടത് ആവശ്യമാണ്. അതുപോലെ ഫ്ളാറ്റുകൾക്കായ് പ്രത്യേകം ശുചിത്വ സഭകളും ആവശ്യമാണ്. ഈ ശുചിത്വ സഭകളുടെ രൂപീകരണത്തിനായ് നിലവിലുള്ള റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, വ്യാപാരി വ്യവസായി സമിതികൾ, പ്രാദേശിക ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണം വാർഡ് മെമ്പറിന്റെ നേതൃത്വത്തിൽ ഉറപ്പാക്കേണ്ടത് ആവശ്യമാണ്. ഓരോ ശുചിത്വ സഭയ്ക്കും കൃത്യമായി ഒരു അംഗത്വലിസ്റ്റ് ഉണ്ടാക്കുകയും ബൈലോയുടെ അടിസ്ഥാനത്തിൽ ഒരു ഭരണസമിതി രൂപീകരിക്കുകയും വേണം. ഈ ഭരണസമിതിയിൽ തത്പ്രദേശത്തെ വിവിധ പങ്കാളികളുടെ പ്രതിനിധികൾ ഉണ്ടായിരിക്കണം. വീടുകൾ, ഹോട്ടലുകൾ, സ്ഥാപനങ്ങൾ, വ്യാപാരികൾ, റസിഡൻസ് അസോസിയേഷനുകൾ, കേറ്ററിംഗ് യൂണിറ്റ്, കുടുംബശ്രീ ഓരോ അംഗങ്ങളിലേക്കും നിരന്തരം എളുപ്പത്തിൽ എത്തിപ്പെടാനുള്ള സംവിധാനമാണ് നമ്മൾ ലക്ഷ്യമിടേണ്ടത്. താഴെത്തട്ടിൽ ശുചിത്വസഭകളും തദ്ദേശ സ്ഥാപനതലത്തിൽ ശുചിത്വ കൗൺസിലുകളും ബ്ലോക്ക്തലത്തിൽ ശുചിത്വസമിതികളും ജില്ലാതലത്തിൽ ജില്ലാ ശുചിത്വ (സാനിറ്റേഷൻ) സമിതിയും സജീവമായി പ്രവർത്തിക്കേണ്ടത് പദ്ധതികളുടെ ശരിയായ നിർവ്വഹണത്തിന് ആവശ്യമാണ്. വ്യക്തിമുതൽ ജില്ല വരെയുള്ള വിവിധ ശുചിത്വ സംഘടനാ സംവിധാനങ്ങൾ കൃത്യമായി കൂടുകയും ഇവരുടെ പങ്കാളിത്തത്തോടെ മാത്രം പ്രോജക്ടുകൾ തിരഞ്ഞെടുക്കുകയും പ്രോജക്ടുകളുടെ നിർവ്വഹണം കൃത്യമായ ഇടവേളകളിൽ മേൽപറഞ്ഞ ശുചിത്വ സഭകളുടെ നേതൃത്വത്തിൽ വിലയിരുത്തുന്നതും നിലവിലുള്ള ശുചിത്വ-മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പരിരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യുന്നത് ശുചിത്വ മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ സുസ്ഥിരത ഉറപ്പാക്കുവാൻ സാധിക്കും.

2. പദ്ധതി നടത്തിപ്പ് രീതി

ഒരു പ്രദേശത്തെ ഓരോ വ്യക്തിയേയും, വീട്, വ്യാപാര-വാണിജ്യ സ്ഥാപനം, വിദ്യാഭ്യാസ ഭരണ സ്ഥാപനം എന്നിങ്ങനെയുള്ള ഒന്നിനെയോ അതിലധികമോ ആയ സ്ഥാപനങ്ങളെ തത്പ്രദേശത്തിലെ ശുചിത്വസഭയിൽ അംഗമാക്കേണ്ടതുണ്ട്. കൂടാതെ തദ്ദേശ സ്ഥാനപനതലത്തിലും വാർഡ് തലത്തിലും ആശാവർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ, വ്യാപാര - വ്യവസായ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരെ ഉപയോഗിച്ച് ക്യാമ്പയിൻ രൂപത്തിൽ ശുചിത്വ മാലിന്യ പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്. ഇവരുടെ സഹായത്തോടെ ശുചിത്വസഭയിൽ ഓരോ പ്രദേശത്തിലെയും ഓരോരുത്തരുടെയും പ്രശ്നങ്ങൾ, പരിഹാരം ഇവരുടെ താത്പര്യം ഇവ കണ്ടെത്തുക. ഇതിന്റെ അടിസ്ഥാനത്തിൽ തത്പ്രദേശത്ത്

നടപ്പിലാക്കേണ്ട ശുചിത്വ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ നിശ്ചയിക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ തത്വർഷത്തെ തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കേണ്ട പ്രോജക്ടുകൾ നിശ്ചയിക്കുക. ഇങ്ങനെ ചെയ്തുകൊണ്ട് അടുത്ത അഞ്ചു വർഷത്തിനുള്ളിൽ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും കടകളിലും മാലിന്യ നിർമാർജ്ജന സംവിധാനം ഉണ്ടെന്നു ഉറപ്പുവരുത്തുകയാണ് ലക്ഷ്യം.

എല്ലാ മാസവും ശുചിത്വസഭ കൂടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും വാർഡ് തലത്തിൽ ബോധവത്കരണ പരിപാടികൾ ഈ ശുചിത്വസഭയുടെ നേതൃത്വത്തിൽ നടപ്പിലാക്കുകയും വേണം. ഇതോടൊപ്പം ശുചിത്വസഭയിലേക്ക് തദ്ദേശ സ്ഥാപനത്തിലെ ഹരിത കർമ്മസേനയിലെ അംഗങ്ങളെ ഉൾപ്പെടുത്തുന്നതും നന്നായിരിക്കും. ഇവരുടെ സഹായത്തോടെ അജൈവ മാലിന്യങ്ങളുടെ പ്രതിമാസ ശേഖരണം, ജൈവമാലിന്യ സംസ്കരണത്തിന്റെ അവസ്ഥ എന്നിവയുടെ പ്രതിമാസ സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ ശുചിത്വസഭയിൽ ചർച്ച ചെയ്യപ്പെടുന്നത് ഉത്തമമായിരിക്കും.

3. പദ്ധതി നടത്തിപ്പ് – സമീപനം

എല്ലാ വിഭാഗം ജനങ്ങളിലും ശുചിത്വ മനോഭാവശീലം വളർത്തുക, ജൈവ-അജൈവ മാലിന്യങ്ങളും അവയെ ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക എന്നതായിരിക്കണം ത്രിതല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സ്വീകരിക്കേണ്ട നയ സമീപനം. ഓരോ പ്രദേശത്തിലെ ഓരോ വ്യക്തിയേയും ലക്ഷ്യമാക്കി ഓരോരുത്തരുടെയും പങ്കാളിത്തം ഉറപ്പാക്കി കൊണ്ട് മാത്രമേ ശുചിത്വ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ വിജയത്തിലെത്തിക്കാനാകൂ. ഇതിനായ് താഴെ പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടത് ആവശ്യമാണ്.

1. ഓരോരുത്തരും ഉത്പാദിപ്പിക്കുന്ന മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കേണ്ട ഉത്തരവാദിത്വം അവനവനാണെന്ന് ബോധ്യം ഉണ്ടാക്കുക. മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിരുത്സാഹപ്പെടുത്തുക. വഴിയോരത്ത് എറിയുന്നവർക്കെതിരെ നിയമനടപടികൾ എടുക്കുക. പൊതുസ്ഥലങ്ങളിൽ ക്യാമറ നിരീക്ഷണം ഏർപ്പെടുത്തുക.
2. എല്ലാ ചടങ്ങുകളിലും പൊതു പരിപാടികളിലും (വീടുകളിലും ഓഫീസുകളിലും സ്ഥാപനങ്ങളിലും നിർബന്ധമായും ഹരിത പെരുമാറ്റച്ചട്ടം (Green Protocol) പാലിക്കപ്പെടണം. ഇതിന് നിയമ സ്വീകാര്യത വരുത്തണം. ഇതിനുവേണ്ട വ്യാപകമായ ബോധവത്കരണ പരിപാടികൾ നടത്തണം. എല്ലാ ഓഫീസുകളിലും ഹരിത പെരുമാറ്റച്ചട്ടങ്ങൾ പ്രദർശിപ്പിക്കണം.
3. മാലിന്യങ്ങൾ വേർതിരിച്ചു ശേഖരിക്കുന്നത് നിർബന്ധമാക്കണം. ജൈവമാലിന്യങ്ങൾ (സ്ഥാപനങ്ങളിലും ഓഫീസുകളിലും കടകളിലും വീടുകളിലും) ഉറവിടത്തിൽ തന്നെ സംസ്കരിക്കണം. കൂടാതെ കമ്മ്യൂണിറ്റി കമ്പോസ്റ്റിനുള്ള സാധ്യതകളും ഉറപ്പു വരുത്തണം. അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ഹരിത കർമ്മസേന വഴി പുനഃചക്രമണത്തിനു നൽകണം. ഹരിത കർമ്മസേനയ്ക്കു കൃത്യമായി യൂസർ ഫീ ലഭിക്കുവാനുള്ള സംവിധാനം ഉണ്ടാകണം.
4. എല്ലാ ഗ്രാമപഞ്ചായത്തുകളിലും നിർബന്ധമായും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക. എല്ലാ നഗരസഭകളിലും ബ്ലോക്ക്പഞ്ചായത്തുകളിലും റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക എന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കണം.
5. എല്ലാ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ആവശ്യമായ പബ്ലിക് ടോയ്ലറ്റുകൾ ഉണ്ടാക്കുന്നതിനു വേണ്ട നടപടികൾ എടുക്കണം. അതോടൊപ്പം റീജിയണൽ തലത്തിൽ ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ്

പ്ലാന്റും സ്ലോട്ടർഹൗസും ഉറപ്പു വരുത്തണം.

ഗ്രാമ പഞ്ചായത്ത്/നഗരസഭ/ കോർപ്പറേഷൻതല നിർദ്ദേശങ്ങൾ

- പുതിയ വീടുകൾ നിർമ്മിക്കുമ്പോൾ ശാസ്ത്രീയമായി വിവിധ മലിനജല-സെപ്റ്റിക് മാലിന്യ സംസ്കരണം ഉറപ്പാക്കുക.
- മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്കരിക്കുന്നത് നിർബന്ധമാക്കണം. ഇത് പ്രവർത്തി പദത്തിൽ കൊണ്ടുവരുവാൻ വേണ്ട അനന്തര നടപടികൾ തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുക്കണം.
- റസിഡൻസ് അസോസിയേഷൻ, സ്റ്റുഡന്റ്സ് പോലീസ് കാഡറ്റ്സ്, നാഷണൽ സർവ്വീസ് സ്കീം വോള ന്റിയേഴ്സ്, സ്കൗട്ട്, സയൻസ് ക്ലബ്ബ്, നേച്ചർ ക്ലബ്ബ്, പി.ടി.എ., എൻ.ജി.ഒ.കൾ തുടങ്ങി വിവിധ സാമൂഹിക സാംസ്കാരിക പ്രസ്ഥാനങ്ങളെ മാലിന്യസംസ്കരണ പരിപാടികൾക്കായി സംഘടിപ്പിക്കുക
- ജൈവ മാലിന്യങ്ങൾ ഉപയോഗിച്ച് ഉണ്ടാക്കുന്ന ജൈവവളം ശേഖരിച്ച് വിപണനം ചെയ്യുന്നതിനുള്ള സൗകര്യം തദ്ദേശസ്ഥാപന തലത്തിൽ ഉറപ്പാക്കുക
- പുതിയ വീടുകൾ നിർമ്മിക്കുമ്പോൾ ശാസ്ത്രീയമായി മലിനജല-സെപ്റ്റിക് മാലിന്യ സംസ്കരണം ഉറപ്പാക്കുക. പുതിയ വീടുകളിൽ toilet linked biogas plant നിർബന്ധമാക്കുക.
- വ്യാപാര സ്ഥാപനങ്ങൾക്ക് അവ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളിൽ മാലിനജലസംസ്കരണ സംവിധാനങ്ങൾ ഉറപ്പുവരുത്തുകയും അതിനുശേഷം മാത്രം ലൈസൻസ് നൽകുകയും ചെയ്യുക.

- സ്വയം സഹായ സംഘങ്ങളുടെ മാലിന്യ സംസ്കരണ യൂണിറ്റുകൾക്ക് സ്ഥലം ലഭ്യമാക്കുക.

അനിവാര്യ നിർദ്ദേശങ്ങൾ

ബ്ലോക്ക് തലം

പഞ്ചായത്ത് തലത്തിൽ മാലിന്യ സംസ്കരണ പദ്ധതികളുടെ അവലോകനം നടത്തുവാൻ ജില്ലാ ശുചിത്വ മിഷനെ സഹായിക്കുക.

ഗ്രാമ പഞ്ചായത്ത്/ നഗരസഭ/ കോർപ്പറേഷൻ തലം

- സംസ്ഥാന/ജില്ലാതല നിർദ്ദേശ മനുസരിച്ച്, മാലിന്യ സംസ്കരണ നിയമങ്ങളുടെ ബന്ധപ്പെട്ട വകുപ്പുകൾ ഉപയോഗിച്ച് ഷോപ്പിംഗ് മാളുകളിലും വസ്ത്ര വ്യാപാര സ്ഥാപനങ്ങളിലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിർത്തലാക്കുകയും ന്യായമായ യൂസർ ഫീ ഈടാക്കി പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള സഞ്ചി ഉപയോഗിക്കുന്നത് നിയമപരമായി നിർബന്ധമാക്കുകയും ഇത് ലംഘിക്കുന്നവർ ക്കെതിരെ കർശനമായി പിഴ ഈടാക്കുക. ഇതിനുവേണ്ട നടപടികൾ തലത്തിൽ സ്വീകരിക്കുക.
- വ്യാപര സ്ഥാപനങ്ങളുടെ ശുചിത്വ - മാലിന്യ സംസ്കരണ സംവിധാനങ്ങൾ പരിശോധിച്ച് ഗ്രേഡിങ് നിശ്ചയിക്കുക.
- ഇറച്ചി -മത്സ്യവ്യാപാര സ്ഥാപനങ്ങൾ സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുകയും അവയുടെ പ്രവർത്തനശേഷിയും കൃത്യതയും തദ്ദേശസ്ഥാപനങ്ങൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന് ശേഷം മാത്രം ലൈസൻസ് നൽകുക.
- പട്ടണങ്ങൾ, ചന്തകൾ, ബസ് സ്റ്റാന്റുകൾ എന്നിങ്ങനെ ധാരാളം ആളുകൾ വന്നുപോകുന്നിടങ്ങളിൽ ആവശ്യത്തിന് പബ്ലിക് കംഫർട്ട് സ്റ്റേഷൻ ഉറപ്പാക്കുക.
- മാലിന്യ സംസ്കരണ സംവിധാനങ്ങളെ സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് നിർബന്ധമായും നടത്തുക.
- സെപ്റ്റിക് മാലിന്യം നീക്കം ചെയ്യുന്ന ടാങ്കർ ലോറികൾക്ക് ലൈസൻസ് സംവിധാനം ഒരുക്കുകയും, അനധികൃത സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് വാഹനങ്ങളുടെ

പ്രവർത്തനം അവസാനിക്കാൻ വേണ്ട നടപടികൾ ചെയ്യുക.

- പഞ്ചായത്ത് - നഗരസഭ - കോർപ്പറേഷൻ തലത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പരിശോധനകളും ലൈസൻസ് നടപടികളും സുതാര്യമാക്കുക
- എല്ലാ തദ്ദേശസ്ഥാപനങ്ങളിലും മാലിന്യങ്ങൾ കൃത്യമായി ശേഖരിക്കുന്നതിന് ഹരിതകർമ്മസേനയെ നിയോഗിക്കുകയും ഇവർ കൃത്യമായി മാലിന്യ ശേഖരണം നടത്തി കളക്ഷൻ സെന്ററിൽ എത്തിക്കുന്നതും ഉറപ്പുവരുത്തുക.

അഭികാമ്യ നിർദ്ദേശങ്ങൾ

ഗ്രാമ പഞ്ചായത്ത്/ നഗരസഭ/ കോർപ്പറേഷൻ തലം

- സ്വയം സഹായ സംഘങ്ങളെ മത്സ്യമാംസ മാലിന്യ കമ്പോസ്റ്റ് വിപണനത്തിനായി പ്രോത്സാഹിപ്പിക്കുക.
- ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുവാൻ വേ സ്റ്റീൽ പാത്രങ്ങൾ വിതരണം ചെയ്യുവാൻ വേണ്ടി എന്റർപ്രൈസ് സംഘം രൂപീകരിക്കുക ഈ സംഘം നൽകി വരുന്ന പാത്രങ്ങളുടെ ശുചീകരണം ഉറപ്പു വരുത്തുക.

6.2.7 പാർപ്പിടം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴിയുള്ള ഭവന പദ്ധതികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാതു വർഷത്തെ പ്ലാൻ ഫണ്ടിൽ തുക വകയിരുത്തി ഭവന നിർമ്മാണ പ്രോജക്ടുകൾ വെച്ച് നിർവ്വഹണം നടത്തുന്നു. എറണാകുളം ജില്ലയിലെ ബ്ളോക്കുകൾ, ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ പാർപ്പിട പദ്ധതിക്കു വേണ്ടി ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിൽ ധാരാളം തുകകൾ വകയിരുത്തിയിട്ടുണ്ട്.

ജില്ലയിലെ 14 ബ്ളോക്ക് പഞ്ചായത്തുകളിലായി ജനറൽ വിഭാഗത്തിൽ 295.01 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽ 1023.94 ലക്ഷം രൂപയും, പട്ടികവർഗ്ഗ വിഭാഗത്തിൽ 74.30 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

ജില്ലയിൽ 82 ഗ്രാമപഞ്ചായത്തുകളിലായി ജനറൽ വിഭാഗത്തിൽ 1411.52 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽ 1210.07 ലക്ഷം രൂപയും, പട്ടികവർഗ്ഗ വിഭാഗത്തിൽ 87.31 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

13 മുനിസിപ്പാലിറ്റികളിലായി ജനറൽ വിഭാഗത്തിൽ 339.47 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽ 393.70 ലക്ഷം രൂപയും ആണ് വകയിരുത്തിയിട്ടുള്ളത്.

ജില്ലയിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ വഴിയും, കോർപ്പറേഷൻ, നഗരസഭ എന്നിവ വഴിയും മൃഗസംരക്ഷണ വകുപ്പ് ഉല്പാദന മേഖലയിൽ ഉൾപ്പെടുത്തി ഏകദേശം 48 കോടി രൂപ കർഷകർക്ക് സഹായമെത്തിച്ചിട്ടുണ്ട്.

ലൈഫ് മിഷൻ

അടുത്ത 5 വർഷം കൊണ്ട് കേരളത്തിലെ മുഴുവൻ ഭൂരഹിത ഭവനരഹിതർക്കും സുരക്ഷിതത്വമുള്ള ഭവനത്തോടൊപ്പം ജീവനോപാധി ഉറപ്പാക്കാൻ കഴിയുന്ന ഭവന സംവിധാനമൊരുക്കുന്നതിനായി ആവിഷ്ക്കരിച്ചിരിക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയാണ് ലൈഫ്. 4 ലക്ഷം രൂപയാണ് യൂണിറ്റ് കോസ്റ്റ്.

അഭികാമ്യ നിർദ്ദേശങ്ങൾ

1) സാധന സാമഗ്രികൾ ഏകീകൃതമായി വാങ്ങുവാനുള്ള ആസൂത്രണം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചെയ്യുക.
2) വീടു നിർമ്മാണത്തിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച് ഗുണഭോക്താവിനെ ബോധവൽക്കരിക്കുന്നതിനായി മുൻ

നിശ്ചയപ്രകാരമുള്ള തീയതികളിൽ ബ്ളോക്കുതലത്തിൽ ബോധവൽക്കരണ പരിപാടി നടത്തണം.

3) ഗുണഭോക്താവിന് വീട് നിർമ്മാണത്തിന് വായ്പ ലഭിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള ബാങ്കുകൾ, പരിശീലനം ലഭിച്ച മേസ്തിരികൾ, സംയോജിത സേവനങ്ങൾ നൽകുന്ന വകുപ്പുകൾ, സേവനം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നൽകുക.

4) ബ്ളോക്കു തലത്തിൽ മേസ്തിരി പരിശീലനം ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടതാണ്.

6.2.8 വിദ്യാഭ്യാസം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴിയുള്ള പദ്ധതികൾ

1. സ്മാർട്ട് ക്ലാസ് റൂം
2. കമ്പ്യൂട്ടർ വിതരണം
3. സ്കൂളുകളുടെ കണ്ടിജന്റ് ചെലവുകൾ
4. സ്പോർട്സ് ഉപകരണങ്ങൾ
5. സ്കൂൾ ബസുകൾ
6. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ
7. ഇ-ജാഗ്രത (സൈബർ ബോധവൽക്കരണം)
8. പുതുയുഗം (എൻട്രൻസ് പരീക്ഷ പരിശീലനം)
9. റോഷ്നി പദ്ധതി (ഇതര സംസ്ഥാന കുട്ടികൾക്കായിട്ടുള്ള പ്രത്യേക വിദ്യാഭ്യാസ പദ്ധതി)
10. ടോയ്ലറ്റ് നിർമ്മാണം

നിർദ്ദേശങ്ങൾ

- സർക്കാർ കൈവശമുള്ള പുറമ്പോക്ക് സ്ഥലങ്ങളിൽ വിസ്തൃതി അനുസരിച്ച് കളിക്കളങ്ങൾ നിർമ്മിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സഹായങ്ങൾ നൽകുക.
- കുട്ടികളുടെ എണ്ണത്തിനും, സ്കൂളുകളുടെ സൗകര്യങ്ങൾക്കും ആനുപാതികമായി കായിക ഉപകരണങ്ങൾ നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക
- ഗേൾ ഫ്രണ്ട്ലി ടോയ്ലറ്റുകൾ, നാപ്കിൻ വെൻഡിംഗ് മെഷീൻ തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ
- കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ (ചുറ്റുമതിൽ, ടോയ്ലറ്റ്, സ്മാർട്ട് ക്ലാസ് റൂം, ഡൈനിംഗ് ഹാൾ, അടുക്കള, മഴവെള്ള സംഭരണി, പബ്ളിക് അഡ്രസ്സിംഗ് സിസ്റ്റം മുതലായവ) ഒരുക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുക
- ഭിന്നശേഷിക്കാരായ കുട്ടികൾക്കും അമ്മമാർക്കും തൊഴിൽ പരിശീലനകേന്ദ്രങ്ങൾ തുടങ്ങണം.
- വിദ്യാഭ്യാസ അവകാശനിയമപ്രകാരം പാർശ്വവൽക്കരിക്കപ്പെട്ടവരുടെ വിദ്യാഭ്യാസത്തിനായി 5 കിലോമീറ്ററിനുള്ളിൽ ഓട്ടിസം പാർക്ക്, സ്ക്കിൽ പാർക്ക്, അംഗനവാടി എന്നിവ ആദിവാസിമേഖലയിലെ കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും ഗുണം ചെയ്യും.

പശ്ചാത്തലമേഖല

പട്ടിക 6.13

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വിഷയഗ്രൂപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ - 2017-18(തുക ലക്ഷത്തിൽ)						
ക്രമ. നം	വിഷയ ഗ്രൂപ്പ്	ഗ്രാമ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	മുനിസിപ്പാലിറ്റി	ജില്ലാ പഞ്ചായത്ത്	കോർപ്പറേഷൻ
		തുക	തുക	തുക	തുക	തുക
1	ഗതാഗതം	15736.33	1221.44	7641.11	6047.85	5340.85
2	പശ്ചാത്തലം	20181.75	1721.20	10349.56	6428.53	6145.30
	ആകെ	**35918.08**	**2942.64**	**17990.67**	**12476.38**	**11486.15**

ചിത്രം-6.13



6.3.1 ഊർജ്ജം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻ വർഷങ്ങളിൽ വൈദ്യുതി ലൈൻ നീട്ടി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയും, തെരുവ് വിളക്കുകളുടെ പരിപാലനവും ആണ് പ്രധാനമായും ഊർജ്ജ മേഖലയിൽ നടപ്പാക്കി വന്നിരുന്നത്.

ജില്ലയിലെ തെരുവു വിളക്കുകളിൽ ഭൂരിഭാഗം എണ്ണത്തിനും ആവശ്യമായി വരുന്ന വൈദ്യുതിയുടെ യൂണിറ്റ് അളക്കുന്നതിനു വേണ്ടി മീറ്റർ ഘടിപ്പിക്കാത്ത അവസ്ഥയിലാണ്. ആയതിനാൽ വൈദ്യുതി ഉപയോഗം ശരാശരിയായിട്ടാണ് കണക്കാക്കിപ്പോരുന്നത്. കൂടാതെ CFL, LED എന്നീ ബൾബുകളെ അപേക്ഷിച്ച് ഓർഡിനറി ബൾബ്, ട്യൂബ് ലൈറ്റ്, മെർക്കുറി വേപ്പർ ലാംമ്പ്, സോഡിയം വേപ്പർ ലാംമ്പ് എന്നിവയ്ക്ക് വൈദ്യുതി ഉപയോഗം വളരെ കൂടുതലുമാണ്. ജില്ലക്കകത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ EMC യുമായി ചേർന്ന് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ വയ്ക്കുന്നു. ഊർജ്ജ ഉത്പാദനം പോലെത്തന്നെ പ്രാധാന്യമുള്ളതാണ് ഊർജ്ജ സംരക്ഷണവും. ചൂടാറാപ്പെട്ടി (താപഭരണി) പോലുള്ള ഊർജ്ജ സംരക്ഷണോപാധികൾ ഇന്ന് വിപണിയിൽ ലഭ്യമാണ്. എന്നാൽ ഇതുസംബന്ധിച്ച് ജനങ്ങൾക്ക് വേണ്ടത്ര ധാരണയില്ലാത്ത തിനാൽ ഇതിന്റെ ഉപയോഗം വ്യാപക മായിട്ടില്ല. ജനസംഖ്യാ വർദ്ധനവിന് അനുസൃതമായി ഊർജ്ജ ഉപഭോഗം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നതും ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.

നിർദ്ദേശങ്ങൾ

1. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അടിയന്തിരമായി തെരുവുവിളക്കുകൾ എൽ.ഇ.ഡി.യിലേക്ക് മാറ്റുവാനും കഴിയുന്നിടത്തോളം റൂഫ്ടോപ്പ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

2. ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതയും ഇവിടെയുണ്ട്. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകേണ്ടതാണ്.

3. ഓർഡിനറി ബൾബുകൾക്കും, ട്യൂബ് ലൈറ്റുകൾക്കും പകരമായി LED ബൾബുകൾ ഉപയോഗിക്കുക.
കെ.എസ്.ഇ.ബി LED ബൾബുകൾ വില കുറച്ചു നൽകുന്നതിന് പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾകൂടി ഈ ദൗത്യം ഏറ്റെടുക്കുക.

4. ഫ്രിഡ്ജ്, എയർ കണ്ടീഷണർ തുടങ്ങി. ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയോ സഹകരണ സംഘങ്ങൾ വഴിയോ ഉപഭോക്താവിന് വില കുറച്ച് തവണ വ്യവസ്ഥകളിൽ നൽകാനുള്ള സൗകര്യങ്ങൾ ഒരുക്കുക.

6.3.2 ഗതാഗതം, നിർമ്മാണമേഖല

റോഡുകളുടെ നിർമ്മാണം, അറ്റകുറ്റപ്പണി, ആഫീസ് കെട്ടിടങ്ങൾ, കെട്ടിടങ്ങളുടെ വൈദ്യുതീകരണം, തോടുകൾ, കുളങ്ങൾ എന്നിവയുടെ പാർശ്വഭിത്തി സംരക്ഷണം, എന്നിവയുമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്.

നിർദ്ദേശങ്ങൾ

- എല്ലാ ബ്ളോക്കു തലത്തിലും ഒരു മോഡൽ റോഡ് ഓരോ വർഷവും ഉൾപ്പെടുത്തി വിവിധ ഏജൻസികൾ നടത്തുന്ന പ്രവൃത്തി ഏകോപിപ്പിക്കുക.
- റോഡ് നിർമ്മാണ വേളയിൽ തന്നെ ഓടകളുടെ നിർമ്മാണം ഉറപ്പ് വരുത്തുക.
- റോഡ്കൈയ്യേറ്റങ്ങൾ ഒഴിവാക്കുന്നരീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കുക.
- വളവുകൾ, കയറ്റിറക്കങ്ങൾ ക്രമീകരിക്കുന്നതിനും ബ്ളാക്ക് സ്പോട്ടിൽ അപകടങ്ങൾ കുറക്കുന്നതിനും മുൻകരുതൽ സ്വീകരിക്കുന്നതരത്തിൽ പദ്ധതി വിഭാവനം ചെയ്യുക.
- മുന്നറിയിപ്പ് ബോർഡുകൾ, ദിശാസൂചകങ്ങൾ മറ്റ് വേഗത നിയന്ത്രിക്കുന്ന മാർഗങ്ങൾ അവലംബിക്കുന്നതിന് മുൻഗണന നൽകുക.
- റോഡ് കണക്ടിവിറ്റി സാധ്യമാക്കി വിവിധ പ്രദേശങ്ങൾ ക്രോഡീകരിക്കുക.
- വാർഷിക കലണ്ടർ തയ്യാറാക്കി റോഡുകളുടെ അറ്റകുറ്റ പണികൾ നടപ്പിലാക്കുക പാർക്കിംഗ് സ്ഥലങ്ങൾ വികസിപ്പിക്കുന്നതിന് നിലവിലുള്ള റോഡുകളുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ ലഭ്യമാണോ എന്ന് ഉറപ്പ് വരുത്തുക.

6.4 പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

6.4.1 പട്ടികജാതി വികസനം

തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. **മെറിറ്റോറിയസ് സ്കോളർഷിപ്പ്** : പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരായ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ദേശീയ/ അന്തർ ദേശീയ സർവ്വകലാശാലകളിൽ പ്രവേശനം ലഭിച്ചാൽ അഡ്മിഷൻ ഉൾപ്പെടെയുള്ള ചെലവുകൾക്കായി ധനസഹായം നൽകി വരുന്ന പദ്ധതിയാണിത്. ഗുണഭോക്താവിനെ ഗ്രാമസഭയും വാർഡുസഭയും അംഗീകരിച്ചിരിക്കണം. കോഴ്സിന് പോകുന്ന രാജ്യം/സ്ഥലം എന്നിവ പരിഗണിച്ച് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതായിരിക്കും ധനസഹായ തുക.

2. **മെച്ചപ്പെട്ട വിദ്യാഭ്യാസം** :
സമർത്ഥരായ പട്ടികജാതി വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട

വിദ്യാഭ്യാസം നൽകുന്നതിന് നിലവാര മുള്ള റസിഡൻഷ്യൽ സ്ക്കൂളുകളിൽ ചേർത്ത് അവർക്ക് പ്രത്യേകം പരിശീലനം നൽകുന്നു. താമസിച്ചു പഠിക്കുന്ന സ്ഥാപനത്തിന് വിദ്യാർത്ഥി കൾക്കുള്ള താമസം, ഭക്ഷണം എന്നിവയ്ക്കായി ധനസഹായം നൽകുന്നു.

3. **കേന്ദ്ര സംസ്ഥാന പ്രവേശന പരീക്ഷയിൽ യോഗ്യത നേടി പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം** : പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷങ്ങളിലും സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

4. **പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്** : കേന്ദ്ര സംസ്ഥാനതല പ്രവേശന പരീക്ഷയിൽ യോഗ്യത നേടി പഠനം നടത്തി വരുന്ന എല്ലാ വിദ്യാർത്ഥി കൾക്കും സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകി വരുന്നു.

5. പ്രീ മെട്രിക് ഹോസ്റ്റൽ ദൈനംദിന ചെലവുകൾ വഹിക്കുന്നതിനുള്ള പദ്ധതികൾ ബ്ളോക്ക് തലത്തിൽ നടപ്പിലാക്കുന്നു

6. **ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്** : നേഴ്സറി മുതലുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പ് നൽകി വരുന്നു.

7. **ഉയർന്ന ക്ളാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്** : ബിരുദം, ബിരുദാനന്തര ബിരുദം, ഡിപ്ലോമ , മെഡിക്കൽ, എൻജിനീയറിംഗ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെയും വകുപ്പിൽ നിന്നും നൽകിയിട്ടില്ലെന്നുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിലാണ് ലാപ്ടോപ് വിതരണം ചെയ്യുന്നത്.

8. **8,9,10 ക്ളാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതികൾ**

   സ്ക്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം നൽകേണ്ടത്. സൈക്കിൾ വാങ്ങി സ്ക്കൂൾ അധികൃതർ മുഖേന വിതരണം ചെയ്തുവരുന്നു.. ഒരു വിദ്യാർത്ഥിയ്ക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം ലഭിക്കൂ. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർക്ക് അർഹതയില്ല.

9. **പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം ചെയ്യുന്ന പദ്ധതി** : പ്രസ്തുത പദ്ധതി പ്രകാരം 5000/- രൂപയാണ് ധനസഹായമായി നൽകി വരുന്നത്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യുന്നു. ഒരു വിദ്യാർത്ഥിയ്ക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം ലഭിക്കൂ. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർക്ക് അർഹതയില്ല.

10. **വിവാഹ ധനസഹായം** : പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് 75000/- രൂപ ധനസഹായം നൽകുന്നു.

11. **മിശ്രവിവാഹിതർക്ക് ധനസഹായം** : മിശ്രവിവാഹിതരായ ദമ്പതിമാർക്ക് വിവാഹത്തെതുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനുമായി 50000/- രൂപ ഗ്രാന്റായി നൽകുന്നു.

12. **ഭൂരഹിത പുനരധിവാസ പദ്ധതി:** പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് (ലൈഫ് വ്യവസ്ഥകൾക്കു വിധേയമായി) ധനസഹായം നൽകി വരുന്നു.

13. **ഗാർഹിക കുടിവെള്ള കണക്ഷൻ നൽകൽ പദ്ധതി** : പ്രസ്തുത പദ്ധതി പ്രകാരം 2 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വ്യക്തിഗത കുടിവെള്ള കണക്ഷൻ എടുക്കുന്നതിന് പരമാവധി 7500 രൂപ വരെ സബ്സിഡി തുക നൽകുന്നു.

14. **പി.വി.സി. വാട്ടർടാങ്ക് (500 ലിറ്റർ)** : പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഗ്രാമ പഞ്ചായത്ത്/നഗരസഭ വാട്ടർ ടാങ്ക് വാങ്ങി നൽകുന്നു. 75% (പരമാവധി 3000 രൂപ വരെ) രൂപയാണ് സബ്സിഡിയായി അനുവദിക്കുന്നത്. ഗുണഭോക്തൃ വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അടയ്ക്കേണ്ടതാണ്.

15. **പുതിയ തുറന്ന കിണർ** : പ്രസ്തുത പദ്ധതി പ്രകാരം 2 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് കിണർ നിർമ്മിച്ചു നൽകുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ/അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായിട്ടാണ് പ്രവർത്തികൾ നടപ്പിലാക്കുന്നത്.

16. **തുറസ്സായ കിണറുകൾ ശുചിത്വ കിണറുകൾ ആക്കൽ**: പട്ടികജാതി ക്കാർക്ക് 2 ലക്ഷം രൂപയാണ് വരുമാന പരിധി. കേരള സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷന്റെ മാർഗ്ഗരേഖ പ്രകാരം കിണറുകളുടെ ഉൾവശം സിമന്റ് പൂശുക, ചുറ്റുമതിൽ കെട്ടുക, ഫ്ളാറ്റ്ഫോം നിർമ്മിക്കുക, മലിനജലം ഒഴുകി പ്പോകുന്നതിന് ചാൽ നിർമ്മിക്കുക. മുകൾഭാഗത്ത് സംരക്ഷണ വല കെട്ടുക മുതലായ പ്രവൃത്തികൾ ചെയ്ത് തുറസ്സായ കിണറിനെ സാനിട്ടറി കിണറാക്കി മാറ്റുന്നതിന് പരമാവധി 6,000/- രൂപ വരെ സബ്സിഡിയായി നÂകുന്നു.

17. **മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ** : പ്രസ്തുത പദ്ധതി പ്രകാരം 1 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് മേൽക്കൂര മാറ്റി പുതിയത് നിർമ്മിക്കുന്നതിന് 75000 രൂപ അനുവദിക്കുന്നു.

18. **വീട് വാസയോഗ്യമാക്കൽ:** പ്രസ്തുത പദ്ധതി പ്രകാരം വാസയോഗ്യ മല്ലാത്ത ഭവനം വാസയോഗ്യമാക്കുന്നതിന് പരമാവധി 150000 രൂപ വരെ അനുവദിക്കുന്നു. 8 വർഷമെങ്കിലും കാലപ്പഴക്കമുള്ള വീടുകൾക്ക് മാത്രമേ ധനസഹായം ലഭിക്കൂ.

19. **വീട് വയറിംഗ്** : പ്രസ്തുത പദ്ധതി പ്രകാരം 1 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് വയറിംഗ് നടത്തുന്നതിന് 5,000/- രൂപ ധനസഹായം അനുവദിക്കുന്നു. മെയിൻ സ്വിച്ച്, എർത്തിംഗ് എന്നിവയ്ക്ക് പുറമെ കുറഞ്ഞത് 3 പോയിന്റ് വയറിംഗ് നടത്തണം.വി.ഇ.ഒ/ഓവർസിയർ സാക്ഷ്യപ്പെടുത്തി KSEB യിൽ ഡി.ഡി. അടച്ച് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയാൽ സബ്സിഡി തുക അനുവദിക്കാവുന്നതാണ്.

20. **സ്വയംതൊഴിൽ പദ്ധതി :** സ്വയംതൊഴിൽ പദ്ധതി ആരംഭിക്കുന്നതിനായി 2 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ബാങ്ക് വായ്പയുടെ 70% (പരമാവധി 50,000/- രൂപ വരെ) ബാങ്കിലേയ്ക്ക് ബാക്ക് എൻഡഡ് സബ്സിഡിയായി നൽകുന്നു.

21. **സ്വയംതൊഴിൽ ഗ്രൂപ്പ് സംരംഭം:** സ്വയംതൊഴിൽ പദ്ധതി ആരംഭിക്കുന്ന തിനായി 2 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽ പ്പെട്ട കുറഞ്ഞത് 5 പേരെങ്കിലും ഉള്ള

ഗ്രൂപ്പ് സംരംഭകർക്ക് ബാങ്ക് വായ്പയുടെ 75% (പരമാവധി 2,00,000/- രൂപ വരെ) ബാങ്കിലേയ്ക്ക് സബ്സിഡിയായി നൽകുന്നു.

22. **ഓട്ടോറിക്ഷ/പിക് അപ് ഓട്ടോറിക്ഷ :** സ്വയംതൊഴിലിനായി 2 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ലഭിച്ചിട്ടുള്ളവർക്ക് 50,000/- രൂപ ബാങ്കിലേയ്ക്ക് ബാക്ക് എൻഡഡ് സബ്സിഡിയായി നൽകുന്നു.

23. **ഇരുചക്ര വാഹനം (മോട്ടോർ സൈക്കിൾ/സ്ക്കൂട്ടർ:** ഇരുചക്ര വാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പ്പന നടത്തി ഉപജീവന സ്വയം തൊഴിലിനായി 2 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ലഭിച്ചിട്ടുള്ളവർക്ക് 50,000/- രൂപ ബാങ്കിലേയ്ക്ക് ബാക്ക് എൻഡഡ് സബ്സിഡിയായി നൽകുന്നു.

24. **സ്വയംതൊഴിലിന് ടാക്സികാർ/ പിക് അപ് വാൻ:** സ്വയംതൊഴിലിനായി 2 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ലഭിച്ചിട്ടുള്ളവർക്ക് വാഹന വിലയുടെ 33 1/3% (പരമാവധി 2,00,000/- രൂപ) സബ്സിഡിയായി നൽകുന്നു.

25. **ശാരീരിക വൈകല്യമുള്ളവർക്ക് പെട്ടിക്കട :** പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശാരീരിക വൈകല്യമുള്ള 2 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്ക് സ്വയംതൊഴിലിനായി പെട്ടിക്കട തുടങ്ങുന്നതിന് പരമാവധി 50,000/- രൂപ വരെ സബ്സിഡിയായി നൽകുന്നു. കച്ചവടത്തിന്അനുയോജ്യമായ സ്ഥലത്തായിരിക്കണം പെട്ടിക്കട തുടങ്ങേണ്ടത്. നടത്തിപ്പിനുള്ള അവകാശം മാത്രമേ ലഭിക്കൂ.

26. **മൊബൈൽ സെയിൽസ് ആന്റ് സർവ്വീസ് യൂണിറ്റ് :** പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയംതൊഴിലിനായി മോട്ടോർ ഘടിപ്പിക്കാത്ത നാല് ചക്ര വാഹനത്തിൽ പഴം, പച്ചക്കറി വില്പ്പന, ഇസ്തിരിയിടൽ, ഇളനീർ ഉൾപ്പെടെയുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിനായി പരമാവധി 50,000/- രൂപ വരെ ധനസഹായം നൽകുന്നു.

27. **ജീവിത ശൈലി രോഗങ്ങളുടെ പരിശോധന - വനിതകൾക്കു മാത്രം (മൊബൈൽ യൂണിറ്റുകൾ) :** കുടുംബശ്രീ സംവിധാനത്തിലൂടെ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം ലഭിച്ച യോഗ്യതയുള്ള വനിതകൾക്ക് വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നതാണ്. ആയത് നടപ്പിലാക്കുന്നതിന് ഉപകരണങ്ങളുടെ വിലയും വാഹനത്തിന്റെ വിലയും ഉൾപ്പെടെയുള്ള തുക ഗുണഭോക്തൃ വിഹിതമായോ ബാങ്ക് വായ്പയായോ ലഭ്യമാക്കുന്നു.

28. **ഗാർഹിക ബയോഗ്യാസ് പ്ലാന്റ് :** കൂടുതൽ മാലിന്യം ഉത്പ്പാദിപ്പിക്കുന്നതും ബയോഗ്യാസ് പ്ലാന്റ് പരിപാലിക്കുവാൻ സന്നദ്ധതയുള്ളതുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 75% സബ്സിഡിയായി അനുവദിക്കുന്നതാണ്.

29. **സൗര റാന്തൽ & മെച്ചപ്പെട്ട വിറക് അടുപ്പ് :** അനർട്ട് സംസ്ഥാന തലത്തിൽ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളെ പട്ടികയിൽ പെടുത്തി ഉപകരണങ്ങളുടെ സാങ്കേതിക ഗുണനിലവാരം പരിശോധിച്ച് സ്പെസിഫിക്കേഷൻ നിശ്ചയിച്ച് സ്ഥാപനങ്ങളെ എം പാനൽ ചെയ്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുകയും ടി സ്ഥാപനങ്ങളിൽ നിന്ന് നിർദ്ദിഷ്ട സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങൾ മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ച് വാങ്ങാവുന്നതാണ്. ഗുണഭോക്താവിന് സബ്സിഡി തുക ബാക്ക് എൻഡഡ്

സബ്സിഡിയായി വായ്പ അക്കൗണ്ടിലേയ്ക്ക് നൽകുന്നതാണ്.

30. **പട്ടികജാതി യുവജനങ്ങളുടെ ഗ്രൂപ്പുകാർക്ക് വാദ്യോപകരണം വാങ്ങുന്ന പദ്ധതി** : ടി പദ്ധതി പ്രകാരം പട്ടികജാതി യുവജനങ്ങളുടെ ഗ്രൂപ്പുകളിൽ വരുന്നു. 5% ഗുണഭോക്തൃ വിഹിതമായി നൽകേണ്ടതാണ്. നിലവിൽ ലഭിച്ചിട്ടുള്ളവർക്ക് 5 വർഷങ്ങൾക്കു ശേഷം മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ. ഒരു ഗ്രൂപ്പിൽ പരിചയവും പ്രാവീണ്യവുമുള്ള 10 മുതൽ 15 വരെ അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

31. **പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി** : ഹൈസ്ക്കൂൾ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് അത്യാവശ്യ സൗകര്യങ്ങളോടുകൂടി വീടിനോട് ചേർന്ന് റൂം നിർമ്മിക്കുന്നതിനുള്ള ധനസഹായം

32. **പട്ടികജാതി വൃദ്ധജനങ്ങൾക്ക് കട്ടിൽ** : 60 വയസ് കഴിഞ്ഞ പട്ടികജാതിയിൽ പ്പെട്ടവർക്ക് കട്ടിൽ വാങ്ങി നൽകുന്ന പദ്ധതിയാണിത്.

അനിവാര്യമായ വികസന ഇടപെടലുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. നഗരങ്ങൾ കേന്ദ്രീകരിച്ച് ഫ്ളാറ്റുകൾ നിർമ്മിച്ച് പട്ടികജാതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ടി വിഭാഗത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ വളരെയേറെ സഹായിക്കും. ഇന്ന് ടി വിഭാഗങ്ങളിലെ ഭൂരഹിതർക്ക് അനുവദിക്കുന്ന ഭൂമി വളരെ ഒറ്റപ്പെട്ട പ്രദേശങ്ങളിലാണ്. ഇക്കാരണങ്ങളാൽ ടി ജനവിഭാഗം ഇപ്പോഴും വിദ്യാഭ്യാസ, ആരോഗ്യ, സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ വളരെ പിന്നാക്കം നിൽക്കുന്നു.

2. ഒറ്റപ്പെട്ട് താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

3. സ്വഭാവ വൈകൃതം ശ്രദ്ധയിൽപ്പെടുന്ന കൗമാരക്കാർക്ക് ബോധവൽക്കരണ ക്ളാസ്സുകളും കൗൺസിലിംഗും നൽകി സ്വഭാവ പരിവർത്തനം നടത്തുക.

4. പട്ടികജാതി കുടുംബങ്ങൾക്ക് സൗജന്യമായി പുകയില്ലാത്ത അടുപ്പുകൾ നിർമ്മിച്ചു നൽകുന്നതിന് പദ്ധതി രൂപീകരിക്കുക.

5. പട്ടിക ജാതി കോളനികളിൽ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ നടപ്പിലാക്കുക.

6. സ്കൂൾ കുട്ടികളുടെ കൊഴിഞ്ഞു പോക്ക് കണ്ടെത്തി തുടർപഠനത്തിനുള്ള സാധ്യത ഒരുക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

7. അടഞ്ഞുകിടക്കുന്നതും പ്രവർത്തിക്കാത്തതുമായ കമ്മ്യൂണിറ്റിഹാളുകൾ സാംസ്കാരിക നിലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് വിജ്ഞാനകേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതും കരിയർ ഗൈഡൻസ് ക്ളാസ്സുകൾ, കൗൺസിലിംഗ് മുതലായവ സംഘടിപ്പിക്കാവുന്നതുമാണ്.

8. 8,9,10 ക്ളാസ്സുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കൂൾ തലത്തിൽ പ്രത്യേക ട്യൂഷൻ സമ്പ്രദായം, മാതാപിതാക്കൾക്കുള്ള പ്രത്യേക അവബോധനക്ളാസ്സുകൾ, വിദ്യാർത്ഥികൾക്കുള്ള കൗൺസിലിംഗ് എന്നിവ ഉൾക്കൊള്ളുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്.

9. +1,+2, ഡിഗ്രി തലത്തിൽ പ്രത്യേക ട്യൂഷൻ നൽകി പഠന നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

10. പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികാജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് നൽകുന്ന പദ്ധതി.

6.4.2 പട്ടികവർഗ്ഗ വികസനം

ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ പ്രധാന പ്രോജക്ടുകൾ

1. ഭവന നിർമ്മാണം
2. പാർപ്പിടം, വീട് വൈദ്യുതീകരണം
3. ജലസേചനം, കുടിവെള്ളം, വാട്ടർടാങ്ക് വിതരണം
4. ശുചിത്വം, മാലിന്യസംസ്ക്കരണം - സമ്പൂർണ ശൗചാലയം.
5. തെരുവു വിളക്ക് / വൈദ്യുതിലൈൻ
6. വിദ്യാഭ്യാസം കമ്പ്യൂട്ടർ/ലാപ്ടോപ്പ് വിതരണം, ഫർണിച്ചർ, പഠനോപകരണ വിതരണം, പഠനമുറി,
7. മൃഗസംരക്ഷണം - പശു വളർത്തൽ
8. സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം - മെഡിക്കൽ ക്യാമ്പ്, കട്ടിൽ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ക്ഷേമപദ്ധതി.
9. അംഗൻവാടി - പോഷകാഹാരം/ ഫർണിച്ചർ.
10. മെഡിക്കൽ ക്യാമ്പ്/ഗവ: ആയുർവേദ ആശുപത്രിയ്ക്കു മരുന്നു വാങ്ങൽ

പ്രധാന നിർദ്ദേശങ്ങൾ

- ഭവനനിർമ്മാണം, അനുബന്ധ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നുവെന്നു ഗ്രാമപഞ്ചായത്തു ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തണം. ഗ്രാമപഞ്ചായത്തുകൾ ഭവനനിർമ്മാണ പദ്ധതികൾക്ക് മുൻഗണന നൽകണം. കൂലിചെലവ് കൂടുതലായതിനാൽ വീട് പൂർത്തീകരിക്കുവാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം. കൂലിചെലവ് കൂടുതലായതിനാൽ ലഭിക്കുന്ന തുക ഉപയോഗിച്ച് വീട് പൂർത്തീകരിക്കുവാൻ സാധിക്കാത്തവർക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം.
- വനാന്തര മേഖലകളിൽ താമസിക്കുന്നവരുടെ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ജലം ശേഖരിച്ചു വെയ്ക്കുന്നതിനായി 1000 ലിറ്ററിന്റെ വാട്ടർടാങ്ക് എല്ലാ കുടുംബങ്ങൾക്കും ലഭ്യമാകുന്നതിനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകണം.
- .സാമൂഹ്യക്ഷേമ പദ്ധതികൾ പരിഗണിക്കുമ്പോൾ –അശരണരായ വർക്ക് മുൻഗണന നൽകുന്നതാവണം പകൽ വീട് പോലെയുള്ള പദ്ധതികൾക്ക് പഞ്ചായത്ത് ശ്രദ്ധ ചെലുത്തേണ്ടതാണ്.
- വകുപ്പിൽ നിന്നും പ്രൊഫഷണൽ കോഴ്സ്, പി.ജി, എൽ.എൽ.ബി എന്നീ കോഴ്സുകൾക്കു പഠിക്കുന്നവർക്കു ലാപ്ടോപ്പ് നൽകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ടി സഹായം ബിരുദധാരികൾക്ക് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പട്ടികവർഗ വികസന വകുപ്പിൽ നിന്നും സഹായം ലഭിച്ചിട്ടില്ല എന്നും ഉറപ്പു വരുത്തണം.
- യൂണിഫോം, ഫർണിച്ചർ, പഠനോപകരണം ഇവ പല ഏജൻസികൾ വഴി നൽകുന്നു. ഒരാളിന് ഒന്നിലധികം ഏജൻസികളിൽ നിന്നും ഒരേ കാര്യത്തിനു സഹായം ലഭിക്കുന്നില്ല എന്നു ഉറപ്പു വരുത്തണം.
- സ്വയംതൊഴിലിന് ഇരുചക്രവാഹനം, ഓട്ടോറിക്ഷ വിതരണം ഇവ ഫലപ്രദമായ ഉപയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തണം.
- പട്ടികവർഗക്കാരായ അഭ്യസ്ത വിദ്യരായ യുവതീയുവാക്കളുടെ തൊഴിൽ ശേഷി വികസിപ്പിക്കു വാനാകുംവിധമുള്ള പ്രോജക്ടുകൾക്കു മുൻഗണന നൽകണം.

6.4.3. സാമൂഹ്യനീതി

തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതികൾ

1. അംഗൻവാടി പോഷകാഹാരം
2. ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്
3. ഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം

4. അംഗനവാടി കുട്ടികൾക്ക് കളിയുപകരണങ്ങൾ വാങ്ങൽ
5. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് അടിസ്ഥാന സൗകര്യ വികസനം
6. പകൽവീട് അന്തേവാസികൾക്ക് സൗജന്യഭക്ഷണ വിതരണം
7. പകൽവീട് അടിസ്ഥാന സൗകര്യ വികസനം

നിർദ്ദേശങ്ങൾ

1. രോഗത്തിന്റെ അടിസ്ഥാനത്തിലുള്ള ചികിത്സ, ഇതിനായി ആരോഗ്യാവസ്ഥ, ജീവിതശൈലി രോഗങ്ങൾ, മറ്റുരോഗങ്ങൾ എന്നിവയുടെ സർവ്വെ.
2. വയോജന കൗൺസിലിംഗ് സെന്റർ.
3. മറവിരോഗം, സ്മൃതിനാശം എന്നിവയ്ക്കുള്ള ചികിത്സാ സൗകര്യം പ്രത്യേക ക്ലിനിക്കുകൾ.
4. വൈകല്യമുള്ള വയോജനങ്ങൾക്ക് പ്രത്യേക പരിപാലനം.
5. ജറിയാട്രിക് ക്ലിനിക് - പി.എച്ച്.സി/സി.എച്ച്.സി.
6. സ്ത്രീജന്യ രോഗങ്ങൾക്ക് പ്രത്യേക പരിഗണന.
7. വൈകല്യത്തിനനുസൃതമായ സഹായ ഉപകരണങ്ങൾ.
8. കിടപ്പിലായവയോജനങ്ങൾക്ക് വീട്ടിൽ ചെന്നുള്ള പരിശീലനം.
9. സാമ്പത്തിക സ്രോതസ്സിനായി സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ.
10. വയോജനസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ബോധവത്കരണ പരിപാടികൾ.
11. വയോജനങ്ങളുടെ പോഷകാഹാരകുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ.
12. ശയ്യാവലംബർ, ബോധക്ഷയം ബാധിച്ചവർക്കുള്ള പരിപാലന കേന്ദ്രങ്ങൾ.
13. വയോജനങ്ങളെ സഹായിക്കുന്ന വയോജന സൗഹൃദ സ്ഥാപനങ്ങൾ (ഡേ കെയർ/ഓൾഡ് ഏജ് ഹോം).
14. പാലിയേറ്റീവ് കെയർ വയോജനങ്ങളുടെ പരിപാലനത്തിനായി ഉപയോഗ പ്പെടുത്തുന്നത്.
15. ജറിയാട്രിക് പരിശീലനം ലഭിച്ച ഡോക്ടർ, നഴ്സുമാർ, പരിചാരകർ എന്നിവരുടെ വിവരങ്ങൾ.
16. ജറിയാട്രിക്/ഡിമെൻഷ്യ കെയർ പരിശീലന പരിപാടികൾ
17. സൗജന്യ ശസ്ത്രക്രിയാ സഹായ പദ്ധതികൾ മുതിർന്നവർക്കായി
18. സൗജന്യ മരുന്നുകളുടെ ലഭ്യത
19. ഒറ്റപ്പെട്ടവരും സാമ്പത്തിക സ്ഥിതിയുള്ള വരുമായ വയോജന സംരക്ഷണം ഉറപ്പു വരുന്ന ഒരുമിച്ച് താമസിക്കാൻ കഴിയുന്ന പെയ്ഡ് ഹോമുകൾ, റെസ്ക്യൂ കെയർ ഹോമുകൾ വില്ല/ഫ്ളാറ്റ് എന്നീ സംവിധാനങ്ങൾ.
20. 60 വയസ്സിന് മുകളിൽ അർഹത യുള്ളവർക്ക് പെൻഷൻ.
21. വയോജന സൗഹൃദമായ പൊതു സ്ഥലങ്ങൾ, ഓഫീസുകൾ, പഞ്ചായത്തുകൾ, ആശുപത്രികൾ.
22. ആരോഗ്യ സുരക്ഷ/ഇൻഷുറൻസ് പദ്ധതികൾ.
23. കുടുംബത്തിലെ വയോജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനുള്ള നടപടികൾ/ബോധവത്കരണ പരിപാടികൾ.
24. ആരോഗ്യകരമായ/സന്തോഷകരമായ വാർദ്ധക്യത്തിന് തയ്യാറാക്കുന്ന പദ്ധതികൾ/പരിപാടികൾ.
25. വയോജനങ്ങൾക്ക് വീൽചെയർ, സ്റ്റിക്ക് മറ്റ് സൗകര്യങ്ങൾ.
26. വയോജനങ്ങൾക്ക് യോഗ/മെഡിറ്റേഷൻ/ ഫിസിയോ തെറാപ്പി സൗകര്യങ്ങൾ.
27. വയോജന കൂട്ടായ്മകൾ.

ലോകബാങ്ക്

കേരളത്തിലെ പഞ്ചായത്തുകളേയും നഗരസഭകളേയും ശാക്തീകരിക്കുന്നതിനും സർവ്വീസ് മെച്ചപ്പെടുത്തുന്നതിനുവേണ്ടി 2011-2012 കാലയളവിൽ ലോകബാങ്കിന്റെ ധനസഹായത്തോടെ കേരള ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതിയാണ് കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് (KLGSDP). 2011-12 മുതൽ 2016-17 കാലയളവിൽ എറണാകുളം ജില്ലയിലെ പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും വളരെ വ്യത്യസ്തവും സമകാലിക പ്രസക്തവുമായ ആയിരക്കണക്കിനു പദ്ധതികൾ ഇതിനോടകം പൂർത്തീകരിച്ചു കഴിഞ്ഞു. പഞ്ചായത്തുകളും നഗരസഭകളും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും പഴയ കെട്ടിടങ്ങൾ നവീകരിച്ച് ആധുനികവത്കരിക്കുകയും, അംഗനവാടികൾ, കമ്മ്യൂണിറ്റി ഹാളുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ശ്മശാനങ്ങൾ, സ്കൂളുകൾ, കാത്തിരിപ്പു കേന്ദ്രങ്ങൾ, മാർക്കറ്റുകൾ, ബസ് സ്റ്റാന്റുകൾ, കുളങ്ങളുടെയും നീർത്തട ങ്ങളുടെയും സംരക്ഷണം, റോഡുകളുടെ നിർമ്മാണവും പരിപാലനവും തുടങ്ങിയ പദ്ധതികൾ KLGSDP ഫണ്ട് ഉപയോഗിച്ച് ചെയ്തിട്ടുണ്ട്. 2011-12 മുതൽ എറണാകുളം ജില്ലക്ക് അനുവദിച്ച KLGSDP ഫണ്ട് വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക 6.14

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)
201112	1155.31
201213	2337.99
201314	2461.29
201415	2646.26
201617	4242.35*
ആകെ	**12843.20**

(*അധികമായി ലഭിച്ച 6 കോടി ഉൾപ്പെടെ)

പട്ടിക 6.15

തദ്ദേശഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശങ്ങൾ (തുക ലക്ഷത്തിൽ)

തദ്ദേശഭരണ സ്ഥാപനം	അനുവദിച്ച തുക (നീക്കിയിരിപ്പ് ഉൾപ്പെടെ)	ചെലവ്	ശതമാനം
ഗ്രാമപഞ്ചായത്ത് (82)	2874.77	1384.39	48.16%
നഗരസഭ (14)	1367.58	489.41	35.79
ആകെ	**4242.35**	**1873.80**	**44.16%**

(അവലംബം: സുലേഖ റിപ്പോർട്ട്)

.....

അദ്ധ്യായം 7

മേൽത്തട്ട് & കീഴ്ത്തട്ട് നിർദ്ദേശങ്ങളും സംയോജന സാധ്യതകളും

I ഉത്പാദന മേഖല

7.1 കൃഷി വകുപ്പ്

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പൊക്കാളികൃഷി, ലോകശ്രദ്ധയാർജ്ജിച്ച പരിസ്ഥിതി സൗഹൃദ കൃഷിയെന്ന രീതിയിൽ സംരക്ഷിച്ചു നിറുത്തുന്നതിനും വാണിജ്യ നഗരത്തിലെ കർഷക തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ പ്രത്യേക പരിഗണന നൽകി വിളവെടുപ്പ് തുടങ്ങിയ കാർഷിക പ്രവൃത്തികൾ കർഷകർക്കും തൊഴിലാളികൾക്കും പ്രയോജന പ്പെടുത്തുന്നതിനായി തൊഴിലുറപ്പ് കേന്ദ്രാവിഷ്കൃത പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുക.
2. പൊക്കാളി അരിക്ക് സമ്പൂർണ്ണ ജൈവ സർട്ടിഫിക്കറ്റ് നൽകുന്നതിനും, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണനവും ഭക്ഷ്യമേളയും കൊച്ചി മേഖലയിൽ ഉത്പാദന സമിതികളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച് വിപണന സാധ്യതകൾ പ്രയോജന പ്പെടുത്തുക. ഉയർന്ന വില സർക്കാർതല സംഭരണത്തിനും നൽകുക.
3. പൊക്കാളി മേഖലയിലെ വെള്ളത്തിലെ കൊയ്ത്ത് ശ്രമകരമായതിനാൽ നിലവിലുള്ള കർഷകതൊഴിലാളികൾക്ക് കൊയ്ത്ത് ഇൻസന്റീവും ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പ് വരുത്തുക.
4. ജലസേചനം, വൈദ്യുതി തുടങ്ങിയ മേഖലകളിലും കർഷകർക്ക് മുൻഗണന നൽകുക.
5. വെള്ളം നിയന്ത്രണത്തിന് മോട്ടോർ ഉപയോഗിക്കുന്നവർക്ക് പമ്പിംഗ് സബ്സിഡി കുട്ടനാട് പാടശേഖരങ്ങൾക്ക് നൽകുന്ന നിരക്കിൽ ലഭ്യമാക്കുക.
6. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനു കർഷകർക്ക് സബ്സിഡി അനുവദിക്കുക.
7. നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഫയൽരഹിത ഓഫീസായി, കാർഷിക സാങ്കേതിക വിദ്യ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം,

കർഷകർക്ക് വിപണന/വിൽപ്പന വിവരങ്ങൾ, ലഭ്യമാകുന്ന വിധത്തിൽ കൃഷി ഭവനിൽ വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കുക.

8. പങ്കാളിത്ത ഗവേഷണത്തിലൂടെയും മാതൃകാ കൃഷിത്തോട്ടങ്ങളിലൂടെയും കാർഷിക യൂണിവേഴ്സിറ്റിയുടെ കണ്ടെത്തലുകൾ കർഷകരിലേക്കും ഗവേഷണ സാധ്യതകൾ ശാസ്ത്രജ്ഞരിലേക്കും എത്തിക്കുന്നതിനുള്ള കാർഷിക പഠനകേന്ദ്രമായി ഉയർത്തുക.

9. ഇറക്കുമതി, കയറ്റുമതി മേഖലയായ എറണാകുളം ജില്ലയിൽ, രാജ്യത്തിന്റെ ജൈവസുരക്ഷ ഉറപ്പാക്കുവാൻ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ജൈവ സംരക്ഷണ സെൽ (Bio Security Cell) ആരംഭിക്കുകയും കൃഷി ഭവൻ കീടനിരീക്ഷണ യൂണിറ്റായി സജ്ജീകരിക്കുകയും ചെയ്യുക.

10. തോട്ടറ പുഞ്ചയുടെ അടിസ്ഥാന സൗകര്യ വികസനം

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. അത്യുത്പാദനശേഷിയുള്ള നെല്ലിനങ്ങളുടെ വികസനവും, പാരമ്പര്യ ഇനങ്ങളുടെ സംരക്ഷണവും കൃഷിയിലൂടെ തന്നെ ഉറപ്പുവരുത്തുക.

2. നൂതന കൃഷിരീതികളായ, സൂക്ഷ്മജലസേചന രീതി, വളസേചനം, മഴമറ, പുതയിടൽ മുതലായവ പ്രോത്സാഹിപ്പിക്കുവാനുള്ള പരിപാടികൾക്ക് ഊന്നൽ നൽകുക.

3. സർക്കാർ ഫാമുകൾ കേന്ദ്രീകരിച്ചും കാർഷിക സർവ്വകലാശാല കേന്ദ്രീകരിച്ചും കർഷകരിൽ നിന്നുമുള്ള പരമ്പരാഗത ഇനങ്ങൾ ശേഖരിച്ച് സംരക്ഷിക്കുവാനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, ഫലസംസ്ക്കരണ യൂണിറ്റുകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുവാനുള്ള യൂണിറ്റുകളും ആരംഭിക്കുക.

4. താരതമ്യേന കീടരോഗ പ്രതിരോധശേഷി കൂടിയതും ഉത്പാദന ചെലവ് കുറഞ്ഞതുമായ ചെറുധാന്യങ്ങൾ, ഉഴുന്ന്, എള്ള്, തിന, കൂവരക്, നിലക്കടല, അന്യംനിന്നു പോകുന്ന കിഴങ്ങുവർഗ്ഗ വിളകൾ, പരമ്പരാഗത നെല്ലിനങ്ങളുടെയും കൃഷി വ്യാപിപ്പിക്കുവാനും പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

5. ജാതി, തെങ്ങ്, റബ്ബർ മുതലായ വിളകളുടെ ഉൽപ്പന്നങ്ങൾ കൃഷിയിടത്തിൽ കെട്ടിക്കിടന്ന് വ്യാപക പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നത് ഒഴിവാക്കുവാൻ ടി വിളകളുടെ ഉൽപ്പന്നങ്ങൾക്ക് നൂതന സംസ്ക്കരണ സാധ്യതകൾ കണ്ടെത്തുവാനുള്ള ഗവേഷണങ്ങൾ നടത്തുകയും ഫലപ്രദമായ സംസ്ക്കരണ സാധ്യതകൾക്ക് വ്യാപക പ്രോത്സാഹനം നൽകുകയും വേണം.

6. വിള ആരോഗ്യ പരിപാലനകേന്ദ്രം എന്ന രീതിയിൽ കൃഷി ഭവനുകൾ അടിസ്ഥാന സൗകര്യം ഉൾപ്പെടെ വർദ്ധിപ്പിച്ച് സജ്ജമാക്കുക, ഉൽപ്പാദനോപാധികളുടെയും ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പ്രത്യേക വിഭാഗമായി കൃഷി ഭവനെ ഉയർത്തുക, തനത് ഇനങ്ങൾ സംരക്ഷിക്കുന്ന കാർഷിക സർവ്വകലാശാല നൂതന സാങ്കേതിക വിദ്യകൾ, ഫാം ട്രയലുകൾ എന്നിവ കൃഷി ഭവൻ മുഖാന്തിരം നടപ്പിലാക്കുക.

7. അഗ്രികൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസിയുടെ കർഷക കൂട്ടായ്മ ശാക്തീകരണം.

8. കർഷക കൂട്ടായ്മ/സംഘങ്ങളിലൂടെ കാർഷികോത്പാദനോപാധികളുടെ യൂണിറ്റുകൾ, വിപണന യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുക.

9. കൃഷി അടിസ്ഥാനമാക്കി ഫാം ടൂറിസം പദ്ധതി പ്രോത്സാഹിപ്പിക്കുക. കർഷകരുടെ പാരമ്പര്യ കൃഷിരീതികളും കർഷകരുടെ തനത് ഉൽപ്പന്നങ്ങളും പരിചയ പ്പെടുത്തുവാനും ഇതു സഹായകമാകും.

10. പോഷക മൂലകങ്ങളുടെ കുറവ് പരിഹരിച്ച് മണ്ണിന്റെ ആരോഗ്യം സംരക്ഷിച്ചു നിർത്തേണ്ടതാണ്. പോഷകസമ്പന്നമായ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും ഇത് അത്യന്താപേക്ഷിതമാണ്.

11. ചെറിയ കൃഷിയിടങ്ങളാകയാൽ പ്രാദേശിക കർഷക കൂട്ടായ്മയിലൂടെ വിത്ത് മുതൽ വിപണി വരെ ഉൽപന്ന വൈവിധ്യമുൾപ്പെടെയുള്ള മേഖലകളിലെ സാധ്യതയും ഭക്ഷ്യസംസ്ക്കരണ സാധ്യതകളും പൂർണ്ണമായും പ്രയോജന പ്പെടുത്തേണ്ടതുണ്ട്.

12. തരിശുകിടക്കുന്ന നെൽപ്പാടങ്ങൾ പരിവർത്തനം നടത്തുവാൻ അനുവദിക്കാതെ ജലസംരക്ഷണത്തിന് മുൻതൂക്കം നൽകി നെൽകൃഷി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോൽസാഹിപ്പിക്കുന്നു.

13. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവും വികസനവും ജലസേചന പദ്ധതികളുടെ കാര്യക്ഷമത കൂട്ടി നിലവിലെ കൃഷി സംരക്ഷിക്കണം.

14. Minor Tuber കൃഷി പ്രോൽസാഹിപ്പിക്കണം.

നൂതന ആശയങ്ങൾ

❖ ഗ്രാമീണ കാർഷിക വിപണന കേന്ദ്രങ്ങൾ

കൃഷി വകുപ്പ്-കുടുംബശ്രീ സംയുക്ത സംരംഭമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഗ്രാമീണ കാർഷിക ആഴ്ച ചന്തകൾ ആരംഭിക്കുകയാണ്. കർഷകൻ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഉപഭോക്താവിന് നേരിട്ട് അതാതു സ്ഥലങ്ങളിൽ നിന്നുതന്നെ വാങ്ങുവാൻ ഈ പദ്ധതി മൂലം സഹായകമാകും. അങ്ങനെ ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന താരതമ്യേന വിഷം കുറഞ്ഞ (Safe to Eat) പച്ചക്കറികൾ ഇവിടെ തന്നെ ഉപയോഗിക്കുവാൻ സാധിക്കും.ഓരോ ചന്തയ്ക്കും ഒരു ലക്ഷം രൂപ വീതം സഹായധനം അനുവദിച്ചിട്ടുണ്ട്. **75000**/- രൂപ താൽക്കാലിക ഷെഡ്, ത്രാസ്, ബില്ലിംഗ് മെഷീൻ, റേക്കറ്റുകൾ മുതലായവയ്ക്കും ബാക്കി **25000**/- രൂപ റിവോൾവിംഗ് ഫണ്ടായിട്ടും നൽകുന്നതാണ്. എറണാകുളം ജില്ലയിൽ **35** ആഴ്ച ചന്തകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ **42** ഗ്രാമ പഞ്ചായത്തുകളിൽ കുടുംബശ്രീ നേരിട്ട് ഇതേരീതിയിലുള്ള ചന്തകൾ നടത്തുന്നുണ്ട്. ഘട്ടം ഘട്ടമായി എറണാകുളം ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി കർഷകരുടെ തനതായ ഉൽപ്പന്നങ്ങൾക്ക് ഇടനിലക്കാരുടെ ചൂഷണമില്ലാതെ ശാശ്വതമായ വിപണി കണ്ടെത്തേണ്ടതാണ്.

❖ ഇക്കോഷോപ്പ്

ഇക്കോഷോപ്പുകളിലൂടെ ഉപഭോക്താക്കൾക്ക് ജൈവ ഉൽപ്പന്നങ്ങൾ നല്ല കാർഷിക മുറകൾ പാലിച്ച് ഉൽപ്പാദിപ്പിച്ച ഉൽപ്പന്നങ്ങൾ പ്രാദേശികമായ രാസകീടനാശിനികൾ വിമുക്തമായ ഉൽപ്പന്നങ്ങൾ എന്നിവ ലഭിക്കും. കൂടാതെ കർഷകർക്ക് ജൈവ ഉൽപ്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കും. നല്ല കാർഷിക മുറകൾ പാലിച്ച് ഉൽപ്പാദിപ്പിച്ച ഉൽപ്പന്നങ്ങൾ ഇക്കോ ഷോപ്പുകളിലൂടെ ശരിയായ പായ്ക്കിംഗ്, ലേബലിങ്ങ് എന്നിവ നടത്തി വിൽക്കും. ഒരു ഇക്കോഷോപ്പിന് രണ്ട് ലക്ഷം രൂപാ വീതം അനുവദിച്ചിട്ടുണ്ട്. അതിൽ ഒരു ലക്ഷം രൂപ അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തന മൂലധനം, ട്രാൻസ്പോർട്ടേഷൻ, സംഭരണം, ഉൽപ്പന്നങ്ങൾ വൃത്തിയാക്കൽ, തരംതിരിക്കൽ പാക്കിങ്ങ്, ലേബലിങ്ങ് എന്നിവയ്ക്കും ബാക്കി ഒരു ലക്ഷം റിവോൾവിങ്ങ് ഫണ്ടായും ഉപയോഗിക്കാം.ജില്ലയിൽ ഇപ്രകാരമുള്ള 30 ഇക്കോഷോപ്പുകൾ വിപണി വികസന പദ്ധതിയിലും (25) ജൈവകൃഷി പദ്ധതിയിലും (5) ഉൾപ്പെടുത്തി ഈ വർഷം സ്ഥാപിക്കുന്നതായിരിക്കും. വരുംവർഷങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ സംരംഭത്തിനും ആവശ്യമായ സഹായങ്ങൾ ചെയ്യേണ്ടതാണ്.

സംയോജന പദ്ധതികൾ

❖ ഫാം ടൂറിസം

നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിലെ സംയോജിത കൃഷി സമ്പ്രദായത്തിന്റെയും കൃഷി അധിഷ്ഠിത വിനോദ സഞ്ചാരത്തിന്റെയും സാദ്ധ്യതകൾ പരമാവധി പ്രയോജന പ്പെടുത്തുക. 19.35 കോടി രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. 1965 ൽ സ്ഥാപിതമായ ഈ തോട്ടത്തിന് നിലവിൽ 116.45 ഹെക്ടർ സ്ഥലമാണ് ഉള്ളത്. കൃഷി ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ 16 ഭാഗങ്ങളായി തോട്ടത്തിനെ തിരിച്ചിട്ടുണ്ട്. വടക്കുകിഴക്കായി പെരിയാർപുഴയും തെക്കുഭാഗത്തായി കൊച്ചി – ധനുഷ്കോടി ദേശീയപാത 49 ഉം കടന്നുപോകുന്നു. തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ കിഴക്ക് വടക്കായാണ് ഫാം സ്ഥിതി ചെയ്യുന്നത്. ഭൗതിക സാഹചര്യങ്ങളുടെ സൗന്ദര്യവത്കരണം, സംയോജിത കൃഷി രീതിയുടെ തുടക്കം, കാർഷിക ഉത്പന്നങ്ങളുടെ വിപണനം ഇവയാണ് പ്രധാനപ്പെട്ട സാദ്ധ്യതകൾ. ഭൗതികസാഹചര്യങ്ങളുടെ സൗന്ദര്യ വത്കരണത്തിൽ ഉൾപ്പെടുത്താവുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ, നടപ്പാതകളുടെ സൗന്ദര്യവത്കരണം, അലങ്കാര മത്സ്യങ്ങൾക്കായി ചെറുകുളങ്ങൾ നിർമ്മിക്കുക, പെരിയാർപുഴ തീര സൗന്ദര്യവത്കരണം, വിദേശയിന സസ്യങ്ങളുടെയും വിചിത്ര സസ്യ ശേഖരത്തിന്റെയും പ്രദർശനത്തോട്ടം, ആയുർവ്വേദ സസ്യങ്ങളുടെ ശേഖരണവും പ്രദർശനത്തോട്ടവും ഇവയാണ്. സംയോജിത കൃഷി രീതിയുടെ തുടക്കത്തിൽ ഉൾപ്പെടുത്താവുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ മത്സ്യത്തിന്റെയും വളർത്തു പക്ഷികളുടെയും സംയോജിത കൃഷിരീതി, തേനീച്ച വളർത്തലിന്റെ പ്രാധാന്യം നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ, പക്ഷികളുടെ വ്യവസായിക അടിസ്ഥാനത്തിലുള്ള പ്രദർശനകൃഷി എന്നിവയാണ്. വിദേശീയ ഫലവൃക്ഷ പ്രദർശനത്തോട്ടം, വിവിധയിനം തീറ്റപ്പുല്ല് ഇനങ്ങളുടെ പ്രദർശനത്തോട്ടം, വിവിധയിനം ബാംബു പ്രദർശനത്തോട്ടം, വിവിധയിനം അത്യുൽപാദനശേഷിയുള്ള ജാതികളുടെ പ്രദർശനത്തോട്ടം, തദ്ദേശീയ മാവിനങ്ങളുടെ പ്രദർശനത്തോട്ടം, പന്തൽ ഫലങ്ങളുടെ പ്രദർശനത്തോട്ടം, അത്യുൽപാദന ശേഷിയുള്ള കിഴങ്ങുകളുടെ വർഗ്ഗ വിളകളുടെ പ്രദർശനത്തോട്ടം, മൈനർ ഫ്രൂട്ട് മാതൃവൃക്ഷ പ്രദർശനത്തോട്ടം, സ്വദേശീയ/ വിദേശീയ പ്ലാവിനങ്ങളുടെ പ്രദർശനത്തോട്ടം എന്നീ പ്രധാനപ്പെട്ട പ്രദർശനത്തോട്ടങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. അടിസ്ഥാന സൗകര്യ വികസനത്തിൻകീഴിൽ കർഷക പഠനകേന്ദ്രം, ഉദ്യോഗസ്ഥർക്കായുള്ള ക്വാർട്ടേഴ്സിന്റെ നിർമ്മാണം, ഫാം റീഫ്രെഷ്മെന്റ് സെന്ററുകൾ, മൂല്യവർദ്ധിത ഉത്പാദന യൂണിറ്റ്, ഡിജിറ്റൽ ക്യാമറ നിരീക്ഷണ സൗകര്യം എന്നിവയാണ് ലക്ഷ്യമിടുന്നത്.

❖ 'ഒരു നെല്ല് ഒരു മീൻ പദ്ധതി'

പൊക്കാളി നിലങ്ങളിലെ പ്രകൃതിയുടെ സന്തുലനാവസ്ഥ നിലനിർത്തുന്നതിനും ജൈവ വൈവിധ്യം നിലനിർത്തിക്കൊണ്ടു പോകുന്നതിനും പൊക്കാളി നെൽകൃഷിയും തുടർന്ന് ചെമ്മീൻ/മത്സ്യകൃഷിയും മാറിമാറി ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

ഇതിനായി 'ഒരു നെല്ല് ഒരു മീൻ പദ്ധതി' ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കാവുന്നതാണ്. താഴെപറയുന്ന കാര്യങ്ങളിൽ ഗവൺമെന്റ്തലത്തിൽ നടപടികൾ സ്വീകരിക്കുകയാണെങ്കിൽ പൊക്കാളികൃഷി കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കും.

- മീൻകൃഷി ചെയ്യുന്ന എല്ലാവർക്കും ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ലൈസൻസ് നിർബന്ധമാക്കേണ്ടതും നെൽകൃഷി ചെയ്യാത്ത പാടശേഖരങ്ങളിൽ മത്സ്യകൃഷി ചെയ്യാൻ ലൈസൻസ് നൽകാതിരിക്കുക.

- പാടശേഖരങ്ങളിലെ നെൽകൃഷി ചെയ്യാവുന്ന വിസ്തീർണ്ണത്തിന്റെ 20% എങ്കിലും നെൽകൃഷി ചെയ്യാത്ത പാടശേഖരങ്ങളിൽ മത്സ്യകൃഷിക്കായി ലേലം അനുവദിക്കാതിരിക്കുക.

- പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പാടശേഖര സമിതികൾ ഇല്ലാത്തതുമൂലം നെൽകൃഷിക്ക് കൃത്യസമയത്ത് വെള്ളം വറ്റിക്കുന്നതിന് സാധിക്കാതെ വരുന്നു. ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇടപെടാവുന്നതാണ്. അടിസ്ഥാന സൗകര്യ വികസനം ജലസേചന വകുപ്പുമായി ചേർന്ന് ചെയ്യാവുന്നതാണ്.

പൊക്കാളി വിത്തുല്പാദനത്തിനും കൃഷി വർദ്ധിപ്പിക്കുന്നതിനുമായ കാര്യങ്ങൾ കൃഷി വകുപ്പും, മത്സ്യകൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഫിഷറീസ് വകുപ്പും, അടിസ്ഥാന സൗകര്യ വികസനം മുതലായവ ജലസേചന വകുപ്പും സംയോജിതമായി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള കൂട്ടായ്മയും അത്യന്താപേക്ഷിതമാണ്.

7.2 ജലസേചനം

മേല്ത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിൽ പെരിയാർ വാലി, മൂവാറ്റുപുഴ വാലി, ഇടമലയാർ, ചാലക്കുടിപ്പുഴ എന്നീ നാല് വൻകിട പദ്ധതികളും 138 ചെറുകിട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും നിലവിലുണ്ട്. ഇതിൽ മൂവാറ്റുപുഴ വാലി, ചാലക്കുടിപ്പുഴ എന്നീ പദ്ധതികൾ ജില്ലയ്ക്ക് ഭാഗികമായി പ്രയോജനം ചെയ്യുന്നവയും ബാക്കിയുള്ളവ ജില്ലയ്ക്ക് പൂർണ്ണ പ്രയോജനം ലഭിക്കുന്നവയുമാണ്. വൻകിട ജലസേചന പദ്ധതികളിലെ കനാലുകളിൽ കൂടി എല്ലാ വർഷവും ഡിസംബർ 15-ഓടു കൂടി വെള്ളം ഒഴുക്കുന്നതിനുവേണ്ടി ഡാമുകളിൽ വെള്ളം സംഭരിക്കാനുള്ള നടപടികൾ കേരള സംസ്ഥാന വിദ്യുല്ലക്തി ബോർഡുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ട താണ്. ഇവയുടെ പരിപൂർണ്ണ പ്രയോജനം ലഭിക്കുന്നതിന് കനാലുകൾ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണത്തിന് പ്രാപ്ത മാക്കേണ്ടതാണ്. കൂടാതെ എല്ലാ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിലും ഓരോ മോട്ടോർ കൂടുതലായി വെയ്ക്കേണ്ടതാണ്. ഓരോ വർഷവും ഇതിന് മതിയായ ഫണ്ട് വകയിരുത്തേണ്ടതാണ്. ഓരോ വർഷവും 30 കോടിയെങ്കിലും വകയിരുത്തേണ്ടതാണ്.

2. ജലസേചന പദ്ധതികളുടെ സ്രോതസ്സുകളായ പെരിയാർ, മൂവാറ്റുപുഴയാർ എന്നീ നദികളും അതിന്റെ കൈവഴികളും ഘട്ടം ഘട്ടമായി വൃത്തിയാക്കി പുനരുദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതിനായി പെരിയാർ നദീസംരക്ഷണ അതോറിറ്റിയും, മൂവാറ്റുപുഴ നദീ സംരക്ഷണ അതോറിറ്റിയും രൂപീകരിക്കാവുന്നതാണ്. ജില്ലയിലെ 48 കിലോമീറ്ററോളം വരുന്ന കടൽത്തീരം സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ (പുലിമുട്ട്, കടൽഭിത്തി) അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

3. ജില്ലയിലെ ഓരോ മൈക്രോവാട്ടർ ഷെഡിലും കഴിയുന്നിടത്തോളം കുളങ്ങൾ വൃത്തിയാക്കി ജലസംഭരണത്തിന് പ്രാപ്ത മാക്കേണ്ടതാണ്. ഇതിന് ജലസേചനം, മണ്ണ് സംരക്ഷണം, കൃഷി എന്നീ വകുപ്പുകളുടെ ഫണ്ട് ഉപയോഗ പ്പെടുത്താവുന്നതാണ്. കൂടാതെ വൃത്തിയാക്കുന്ന കുളങ്ങൾ MGNREGS ഉൾപ്പെടുത്തി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കാവുന്നതാണ്.

4. ഓരോ വാട്ടർ ഷെഡിലേയും ഓരോ തോടെങ്കിലും ഓരോ വർഷവും സംരക്ഷിക്കാനുള്ള നടപടികൾ എടുക്കേണ്ടതാണ്. ഈ തോട്ടിലേക്കുള്ള 1st ഓർഡർ നീർച്ചാലുകളിൽ മണ്ണു സംരക്ഷണ വകുപ്പിനും പ്രധാന തോട്ടിൽ ജലസേചന വകുപ്പിനും തടയണകൾ നിർമ്മിക്കാവുന്നതാണ്. ആയതു വഴി പ്രദേശത്തെ ജലവിതാനം ഉയർത്താവുന്നതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും മലിനീകരണം തടയുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ.

1. മഴക്കാലം കഴിയുന്നതോടെ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ അധികജലസംഭരണത്തിനുള്ള നടപടികൾ സ്വീകരിക്കുക.
2. മൂടപ്പെട്ടുപോയ ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുക.
3. ഓരോ വ്യക്തിയും അവരവരുടെ കൃഷി സ്ഥലങ്ങളിൽ ജലസംഭരണത്തിനും സംരക്ഷണത്തിനുമുള്ള പരമ്പരാഗത മാർഗ്ഗങ്ങൾ സ്വീകരിക്കുക.
4. അശാസ്ത്രീയ നിർമ്മാണങ്ങൾ പുനർനിർമ്മിച്ച് ജലത്തിന്റെ ഒഴുക്കിനെ സുഗമമാക്കുക.
5. വേമ്പനാട്ട് കായൽ പൂർണ്ണമായും മാലിന്യ വിമുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, തോടും ആറും മാലിന്യ വിമുക്തമാക്കുക, ജലസ്രോതസ്സുകളിൽ മാലിന്യം തള്ളുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുക.
6. പാറമടയിലെ ജലസംഭരണം കൂടുതൽ പ്രയോജനപ്പെടുത്തുക.
7. ഹരിത സാക്ഷരത, സ്കൂളുകളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.
8. നദികളിൽ നിന്നും വെള്ളമെടുക്കുന്നതിനുള്ള അനുമതി വ്യാവസായിക ആവശ്യത്തിന് നൽകുമ്പോൾ കൃത്യമായി വില ഈടാക്കുകയും ആയത് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യാം.
9. താത്ക്കാലികമായി നിർമ്മിക്കപ്പെട്ടിട്ടുള്ള ചെറു ഓരുമുട്ടുകൾക്ക് പകരമായി സ്ഥിരം സംവിധാനം ഏർപ്പെടുത്തി ചെറുതോടുകളെ പുനരുജ്ജീവിപ്പിക്കുക.

സംയോജന സാധ്യതകൾ

❖ പാറമടകളിൽ കെട്ടികിടക്കുന്ന വെള്ളം ഉപയോഗയോഗ്യമാക്കാനുള്ള പദ്ധതി

പാറമടകളിൽ കെട്ടികിടക്കുന്ന വെള്ളം ഉപയോഗയോഗ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. എറണാകുളം ജില്ലയിൽ പൊതുവായും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുമായി ഏകദേശം 136 പാറമടകൾ കണ്ടെത്തിയിട്ടുണ്ട്. വിവിധ പഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന പാറമടകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു. ഇവയിൽ ചില പാറമടകളിൽ മീൻവളർത്തൽ നടക്കുന്നുണ്ട്. ഒട്ടു മിക്കവാറും പാറമടകൾ ഉപയോഗ ശൂന്യമായും ആൾമറയില്ലാതെയും കിടക്കുകയാണ്. ആൾമറയില്ലാത്ത പാറമടകൾ വളരെ അപകട സാധ്യതയുള്ളതാണ്.

ഒന്നാംഘട്ടമായി പൊതുഉടമസ്ഥതയിലുള്ള പാറമടകളിലെ വെള്ളം ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കി കുടിവെള്ളം, കൃഷി എന്നിവയ്ക്ക് ഉപയോഗയോഗ്യമാണോ എന്ന് പരിശോധിക്കാം. ഉപയോഗ പ്പെടുത്തുവാൻ കഴിയുമെങ്കിൽ പുറത്തെ മലിനജലം മടയിലേക്കു പ്രവേശിക്കാതെ മറകെട്ടി സംരക്ഷിക്കാം. ജലം പമ്പ് ചെയ്ത് പുറത്തെടുക്കാൻ പമ്പ്സെറ്റ്, ഇലക്ട്രിസിറ്റി കണക്ഷൻ, പമ്പ് ഹൗസ്, പ്രഷർ ഫിൽറ്റർ, ശേഖരിക്കുവാൻ ഏകദേശം 100,000 ലിറ്റർ (10X5X2മീ.) കൊള്ളുന്ന ഉയരത്തിലുള്ള ജലസംഭരണി അനുബന്ധ പൈപ്പ് കണക്ഷൻ ഇവ നിർമ്മിക്കാം. വേനൽ കാലത്ത് ഈ വെള്ളം ടാങ്കർ വഴി വിതരണം ചെയ്യാം (സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ). ഇപ്രകാരം അതാത് പഞ്ചായത്തുകൾക്ക് ഒരു വരുമാന മാർഗ്ഗം കണ്ടെത്താം. പാറമടകളിലെ വെള്ളം പുനരുപയോഗം ചെയ്യുകവഴി ഭൂജല ചൂഷണം വലിയപരിധിവരെ ഒഴിവാക്കാം. പാറമടകൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് സമീപ പഞ്ചായത്തുകളെ ആശ്രയിക്കാവുന്നതാണ്. ജില്ലയിലെ മൊത്തപാറമടകൾ/ ജലസംഭരണികൾ ഇവയിലെ ജലത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ജില്ലാ

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജലസേചന വകുപ്പുമായി സഹകരിച്ച് ഒരു ലബോറട്ടറി സ്ഥാപിക്കാവുന്നതാണ്. അതുവഴി ഗുണനിലവാര പരിശോധനയ്ക്ക് സ്വകാര്യ ലബോറട്ടറികളെ ആശ്രയിക്കുന്നത് ഒഴിവാക്കാവുന്നതാണ്. ഗുണനിലവാര പരിശോധനയ്ക്ക് മൊബൈൽ ടെസ്റ്റിംഗ് ലാബ് സ്ഥാപിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്. **(കൃഷി, മത്സ്യബന്ധനം, കുടിവെള്ളം, ജലസേചനം, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ)**

❖ **ഹരിത കേരളം മിഷനുമായി ബന്ധപ്പെട്ട് ജലസേചനം, റവന്യു, MGNREGS, അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, മണ്ണു സംരക്ഷണം** എന്നീ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് താഴെപറയുന്ന ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം നടത്താവുന്നതാണ്. ജലസേചനവകുപ്പ് നദികളും പുഴകളും വൃത്തിയാക്കി ആഴം കൂട്ടുന്ന പ്രവൃത്തി നടത്തുന്നതാണ്. നദികളുടെയും പുഴകളുടെയും അതിരുകൾ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ സഹായ ത്തോടുകൂടി റവന്യു വകുപ്പ് അടയാളപ്പെടുത്തി തരുന്നതാണ്. നദികളുടെയും പുഴകളുടെയും തീരങ്ങൾ സംരക്ഷിക്കുന്ന പ്രവൃത്തി മണ്ണു സംരക്ഷണവും MGNREGS എന്നീവകുപ്പുകളുടെ സഹായത്തോടുകൂടി നടത്താവുന്നതാണ്.

- **വേമ്പനാട്ട് കായൽ പുനർജ്ജീവനം**

കോട്ടയം – ആലപ്പുഴ, എറണാകുളം ജില്ലകളിലായി 1512 ചതുരശ്ര കി.മീ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന വേമ്പനാട്ട് കായൽ നിലവിൽ പ്ലാസ്റ്റിക്കും പോളയും ഉൾപ്പെടെ ഗുരുതരമായി മാലിന്യങ്ങൾ നിറഞ്ഞ് പരിസ്ഥിതി നാശത്തിലേയ്ക്കും ജലമലിനീകരണ ത്തിലേയ്ക്കും മത്സ്യങ്ങൾ അടക്കം ഉള്ള ജീവജാലങ്ങളുടെ നിലനിൽപ്പില്ലായ്മ യിലേയ്ക്കും ജലത്തിൽ ഓക്സിജന്റെ അളവു കുറയുന്നതിലേയ്ക്കും നിരവധി രോഗങ്ങൾ ഉണ്ടാകുന്നതിലേയ്ക്കും എത്തി ചേർന്നിരിക്കുന്നു. ആയതിനാൽ അതീവ ഗൗരവ പ്രധാന്യം നൽകി ഈ കായലിന്റെ 'പുനർജീവനം' സാധ്യമാക്കേണ്ടതുണ്ട്. ആയതിനു വേണ്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- നിലവിൽ കായലിൽ ഉള്ള പോളകൾ ശാസ്ത്രീയമായി നീക്കം ചെയ്യുന്നതിനും ആയവ സംസ്കരിക്കുന്നതിനും തദ്ദേശസ്വയം ഭരണസ്ഥാപനത്തിന്റെ സഹായത്തോടുകൂടി നടപടികൾ സ്വീകരിക്കാവുന്നതാണ്.
- ഹൗസ്ബോട്ട് പോലുള്ള ജലഗതാഗത മാർഗ്ഗങ്ങളിൽ മത്സ്യ വകുപ്പിന്റെ സഹായത്തോടു കൂടി സോളാർ സംവിധാനം നടപ്പിലാക്കാവുന്നതാണ്. ആയതുവഴി 'ഡീസൽ ചോർച്ച' തുടങ്ങിയ മാലിന്യങ്ങളിൽ നിന്നും കായലിനെ സംരക്ഷിക്കാവുന്നതാണ്.
- പ്ലാസ്റ്റിക് പോലുള്ള മാലിന്യങ്ങൾ കായലിൽ നിറഞ്ഞിരിക്കുന്നത് നീക്കം ചെയ്യുന്നതിനു തദ്ദേശസ്വയം ഭരണസ്ഥാപനത്തിന്റെയും ടൂറിസം വകുപ്പിന്റെയും ശുചിത്വ മിഷന്റെയും സഹായത്തോടുകൂടി വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ ഹൗസ് ബോട്ടുകളിൽ നിന്നും തീരപ്രദേശങ്ങളിലുള്ള വീടുകളിൽ നിന്നും റിസോർട്ടുകളിൽ നിന്നുമുള്ള വിവിധത്തിലുള്ള മാലിന്യങ്ങൾ കായലിൽ എത്തുന്നത് വളരെ കർശനമായ നിയമം മൂലം തടയുകയും ആയത് സംസ്കരിക്കുന്നതിനു വേണ്ടി കായൽപ്രദേശങ്ങളിൽ സംസ്കരണയൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.
- ജൈവകൃഷികൾ പ്രോത്സാഹിപ്പിക്കുന്നത് രാസവളം, കീടനാശിനികൾ എന്നിവ കായലിൽ എത്തുന്നത് ഒരു പരിധിവരെ തടയുന്നതിനു സഹായകരമാണ്.
- കായലിൽ നിന്നും പുറത്തേയ്ക്കും അകത്തേയ്ക്കും ഉള്ള ഒഴുക്ക് സുഗമമാക്കുന്നതിന് വേണ്ട നടപടികൾ സമയാസമയങ്ങളിൽ സ്വീകരിക്കുകയും തണ്ണീർമുക്കം, കരിയാർ, തോട്ടപ്പള്ളി

സ്പിൽവേ മുതലായ ബണ്ടുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കുകയും ചെയ്യേണ്ടതാണ്.

- **(മത്സ്യബന്ധനം, ഹരിതകേരളം, ജലസേചനം, ശുചിത്വം, തദ്ദേശഭരണം, ജലഗതാഗതം, ടൂറിസം, കൃഷി)**

o അങ്കമാലി - മാഞ്ഞാലിതോട് നായത്തോടുതുറ മുതൽ വൃത്തിയാക്കി പുനരുദ്ധീകരിക്കുക.
o ഇടപ്പള്ളിത്തോടും കൈവഴികളും വൃത്തിയാക്കി പുനരുദ്ധീകരിക്കുക.
o കോണോത്തുപുഴയും കൈവഴികളും വൃത്തിയാക്കി പുനരുദ്ധീകരിക്കുക.
o ചെങ്ങൽത്തോട് വൃത്തിയാക്കി പുനരുദ്ധീകരിക്കുക.
o അടിയാക്കൽ തോട് വൃത്തിയാക്കി പുനരുദ്ധീകരിക്കുക.
o തലക്കോട്-കണയന്നൂർ-കിടന്നയം തോട് വൃത്തിയാക്കി പുനരുദ്ധീകരിക്കുക.
o പട്ടപ്പറമ്പ്-തണ്ണാച്ചിറ തോട് വൃത്തിയാക്കി പുനരുദ്ധീകരിക്കുക.
o ചേപ്പനാട്ട് ചാൽ വൃത്തിയാക്കി പുനരുദ്ധീകരിക്കുക.

❖ **കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം**

പാടശേഖരങ്ങളിലെ പുറംബണ്ട് ഉയർത്തുകയും ബലപ്പെടുത്തുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ കരിങ്കല്ല് ഉപയോഗിച്ചാണ് നിർമ്മിച്ചു വരുന്നത്. ഇതു പോലെയുള്ള കരിങ്കൽ നിർമ്മിതികൾ അത്യാവശ്യ സ്ഥലങ്ങളിലേയ്ക്ക് പരിമിതപ്പെടുത്തേണ്ടതാണ്. പുരാതന കാലങ്ങളിൽ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തിയിരുന്നത്, തോടുകളിലെ തന്നെ ചെളിക്കട്ട ഉപയോഗിച്ചായിരുന്നു. ആയതുകൊണ്ടുതന്നെ തോട്ടിൽ കൃത്യമായ ആഴം സൃഷ്ടിക്കപ്പെട്ടിരുന്നു. കാലവർഷക്കെടുതിയിൽ ഇതേ പുറം ബണ്ടിലെ തേയ്മാനങ്ങൾ വീണ്ടും ചെളിക്കട്ട ഉപയോഗിച്ച് ബലപ്പെടുത്തിയിരുന്നു. തോടിനെ സംരക്ഷിക്കുന്നതിനും, കൃഷിയെ സംരക്ഷിക്കുന്നതിനും പുരാതന രീതിയിലുള്ളചിലവു കുറഞ്ഞ പുറംബണ്ട് നിർമ്മാണം അനിവാര്യമായിരിക്കുന്നു. ഈ പുറംബണ്ടിലെ വർഷാ വർഷം ഉണ്ടാകുന്ന തേയ്മാനം ഒഴിവാക്കുന്നതിനു വേണ്ടി കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബണ്ട് ആവരണം ചെയ്യുകയും അതിൽ അനുയോജ്യമായ ചെടികൾ വച്ച് പിടിപ്പിച്ച് ബണ്ട് ബലപ്പെടുത്തുകയും ചെയ്യാവുന്നതാണ്. മറ്റു ജില്ലകളിൽ വിജയകരമായി നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന ഈ രീതി നമ്മുടെ പാടശേഖരങ്ങളിലും കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തി കൂടുതൽ ജലം സംഭരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കുളങ്ങൾ വൃത്തിയാക്കുന്നതിനും വശങ്ങൾ ബലപ്പെടുത്തുന്നതിനുമായി എം.ജി.എൻ.ആർ.ഇ.എസ്-നെ ഉൾപ്പടുത്തി പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. **(തൊഴിലുറപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, വ്യവസായം, ജലസേചനം)**

7.3 മണ്ണു - ജല സംരക്ഷണ വകുപ്പ്

മേല്ത്തട്ട് നിർദ്ദേശങ്ങൾ

1. എല്ലാ പദ്ധതികളും ഗുണഭോക്തൃകമ്മിറ്റി മുഖാന്തിരാണ് നടപ്പിലാക്കുന്നത്. ഗുണഭോക്താക്കൾ തമ്മിലുള്ള സഹകരണമനോഭാവം വളരെ കുറവാണ്. ഗുണഭോക്താക്കൾ തമ്മിലുള്ള തർക്കം കാരണം പദ്ധതികളുടെ പുരോഗതി മന്ദഗതിയിലാക്കുന്നു. ഇതിന് പരിഹാര മായിട്ട് ടെൻഡർ സിസ്റ്റം ഈ മേഖലയിലും നിർബന്ധ മാക്കാവുന്നതാണ്.
2. കല്ലിന്റെ ലഭ്യതയും വിലയിലുള്ള വർദ്ധനവും - കല്ല് ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കല്ല് ഇറക്കി കയ്യാല പണിയുന്നതിനുള്ള റേറ്റും ഉൾപ്പെടുത്തേണ്ടതാണ്. പല ഏജൻസികളും കയ്യാല പണികൾ നടപ്പിലാക്കുന്നതിനാൽ ഡ്യൂപ്ലിക്കേഷൻ വരുന്നത് തടയാൻ ശ്രദ്ധിക്കേണ്ടതാണ്. കല്ലിന്റെ ലഭ്യത വളരെ കുറവായതിനാൽ കുളങ്ങളും തോടുകളും സ്ഥിരമായി വെള്ളമുള്ള അളവുവരെ കല്ലുകെട്ടി സംരക്ഷിച്ചിട്ട് ബാക്കി മുകളിലേക്കുള്ള ഭാഗം ജിയോടെക്സ് നൽകി സംരക്ഷിക്കേണ്ടതാണ്.

3. ജലാശയത്തിലുള്ള മലിനീകരണം തടയുന്നതിന് മാലിന്യ സംസ്ക്കരണം നിർബന്ധമാക്കേണ്ടതാണ്.

4. ഡിപ്പാർട്ട്മെന്റിൽ 2 കോടി കുറവുള്ള പദ്ധതികൾക്ക് അനുവാദം നൽകുന്നില്ല. ആയതിന് ഇളവ് നൽകേണ്ടത് അത്യാവശ്യമാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. തലക്കുളങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകേണ്ടതാണ്.

2. ഭൂഗർഭജലവിതാനം ഉയർത്താൻവേണ്ടി മലനാട്, ഇടനാട് എന്നീ പ്രദേശങ്ങളിൽ ഉള്ള കിണറുകൾ റിച്ചാർജ്ജ് ചെയ്യുന്നത് നിർബന്ധമാക്കേണ്ടതാണ്.

3. ഉപ്പുവെള്ളം കയറുന്ന സ്ഥലങ്ങളിൽ ഉപ്പുവെള്ളത്തിന്റെ കാഠിന്യം കുറയ്ക്കേണ്ടതിന് റീചാർജ്ജിംഗ് ചെയ്യേണ്ടത് അത്യാവശ്യമാണ്.

4. നെൽകൃഷി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ഭാഗമായി ഫാം റോഡിന്റെ നിർമ്മാണം അത്യാവശ്യമാണ്.

5. പാടശേഖരങ്ങളിൽ സ്ലൂയിസുകളിൽ നിന്നും വെള്ളം കയറ്റുന്നതിന് പാടത്തിന്റെ സൈഡിൽക്കൂടി പ്രത്യേക ചാലുകൾ കീറാൻ കർഷകർ സഹകരിക്കേണ്ടതാണ്.

6. നീർത്തട അടിസ്ഥാനത്തിലുള്ള മണ്ണു ജലസംരക്ഷണ പ്രവർത്തനം നടത്തണം. ഓരോ നീർത്തട ത്തിലേയും ഭൂമിയുടെകിടപ്പ് മണ്ണിന്റെ തരം മുതലായവ കണക്കിലെടുത്താണ് മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്. ചരിവുള്ള പ്രദേശങ്ങളിൽ മണ്ണു സംരക്ഷണ പ്രവർത്തനത്തിനും വെള്ളക്കെട്ടുള്ള താഴ്ന്ന പ്രദേശങ്ങളിൽ ജല നിർഗ്ഗമനത്തിനും മഴ കുറഞ്ഞ പ്രദേശങ്ങളിൽ മഴ പെയ്യുന്ന സ്ഥലത്തുതന്നെ സംഭരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കേത്.

7. നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുക. ജലവിതാനം താഴ്ന്ന് ജലക്ഷാമവും വരൾച്ചയും ഉണ്ടാവുകയും നിലവിലുള്ള തോടുകൾക്കും നീർച്ചാലുകൾക്കും ശരിയായ രീതിയിൽ സംരക്ഷണം നൽകാത്തതുമൂലം ഇരുകരകളും ഇടിഞ്ഞ് നീരൊഴുക്ക് തടസ്സപ്പെടുകയും തന്മൂലം വർഷകാലങ്ങളിൽ കൃഷിനിലങ്ങളിൽ രൂക്ഷമായ വെള്ളക്കെട്ട് അനുഭവ പ്പെടുകയും വേനൽക്കാലങ്ങളിൽ യഥാസമയം വെള്ളം ലഭിക്കാത്തതുമൂലം കൃഷി നടപ്പാക്കാനാവാതെ കർഷകർ ഭൂമി തരിശ്ശിടുകയും ചെയ്യുന്നു.

സംയോജന സാധ്യത

❖ **തലക്കുളങ്ങളുടെ നിർമ്മാണം**

തലക്കുളങ്ങൾ പാടശേഖരത്തിന്റെ ഏറ്റവും മുകളിലായി കാണുന്ന കുളങ്ങളാണ്. വേനൽക്കാലത്ത് കൃഷിക്കാവശ്യമായ വെള്ളം ഈ തലക്കുളങ്ങളിൽ നിന്നും ഉപയോഗിക്കാവുന്നതാണ്. തലക്കുളങ്ങളുടെ ചെളി കോരി ആഴം വർദ്ധിപ്പിക്കൽ, മൂന്നു സൈഡ് കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുന്നത് തൊഴിലുറപ്പ് മുഖാന്തിരം നടപ്പിലാക്കാവുന്നതാണ്. ഒരു സൈഡ് മാത്രം പടവുകൾ ഉൾപ്പടെ ആ വശം കല്ല് കെട്ടി നിർമ്മിക്കുന്നത് മണ്ണ് സംരക്ഷണ വകുപ്പു മുഖേന നടപ്പിലാക്കാവുന്നതാണ്.

7.4 മൃഗസംരക്ഷണ വകുപ്പ്

മേല്ത്തട്ട് നിർദ്ദേശങ്ങൾ

1. എല്ലാ താലൂക്കിലും ലബോട്ടറികൾ വിപുലീകരിക്കേണ്ടത് മെച്ചപ്പെട്ട സേവനം കർഷകർക്ക് നല്കാൻ അനിവാര്യമാണ്.

2. രാത്രികാല മൃഗചികിത്സ സേവന ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും വ്യാപിപ്പിക്കാൻ മൃഗസംരക്ഷണവകുപ്പ് നടത്തുന്ന പദ്ധതിക്ക് സമാനമായ പദ്ധതികൾ വിഭാവനം ചെയ്ത്

നടപ്പാക്കാൻ നടപടി സ്വീകരിക്കുക. ജില്ലയിലെ മൃഗ ചികിത്സ സൗകര്യങ്ങളും രോഗനിർണ്ണയ സൗകര്യങ്ങളും മെച്ചപ്പെടുത്തുവാനുള്ള നടപടികൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

3. ജില്ലയിൽ മുട്ടക്കോഴി കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ ആധുനിക സംവിധാന ങ്ങളോടുകൂടിയ ഹാച്ചറി സ്ഥാപിക്കുക.

4. പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിൽ മേഖല, ഭക്ഷ്യസുരക്ഷാ ഉറപ്പാക്കുന്ന പദ്ധതികളായതിനാൽ ആയത് പരിഗണിച്ച് മലിനീകരണ നിയന്ത്രണ ബോഡിന്റെ ചട്ടങ്ങളിൽ അത്തരത്തിൽ ആവശ്യമായ പരിഗണനകൾ നൽകേണ്ടതാണ്.

5. എ.പി.എൽ - ബി.പി.എൽ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയാൽ ആനുകൂല്യങ്ങൾ കൂടുതൽ കർഷകരിലേയ്ക്ക് എത്തിക്കാനും മേഖലയിൽ ഉണർവ്വ് നൽകാനും സാധിക്കും.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. സംയോജിത കൃഷി അഥവാ ഇന്റഗ്രേറ്റഡ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുകവഴി ഈ മേഖലയിലെ മാലിന്യം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കും.

2. ജില്ലയിൽ കുറുപ്പംപടിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫാം എയ്ഡ് യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകവഴി മെച്ചപ്പെട്ട പ്രവർത്തനം വിസ്തൃതി കൂടിയ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ സാധിക്കും.

3. അസ്കാഡ് പദ്ധതി നടപ്പാക്കുമ്പോൾ കുടുംബശ്രീയുടെ പങ്കാളിത്തം ഉറപ്പുവരുത്തുക വഴി മുഴുവൻ വളർത്തുപക്ഷികളെയും പ്രതിരോധ കുത്തിവയ്പ്പിനു വിധേയമാക്കാം.

4. ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന മാലിന്യ നിർമ്മാർജ്ജനം പരിഹരിക്കുന്നതിനും, ചാണക സംഭരണത്തിനും, സംസ്ക്കരണത്തിനും വിപണനത്തിനും കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

5. നാടൻ പശുക്കളെ സംരക്ഷിക്കുക, നാടൻ പശുവളർത്തൽ പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്ക് പദ്ധതി തയ്യാറാക്കാവുന്നതാണ്.

6. സ്കൂൾ പൌൾട്രി ക്യാപ്, റൂറൽ ബാക്ക്യാർഡ് പൌൾട്രിക്ലബ്, അനിമൽ വെൽഫെയർ ക്ലബ് എന്നിവ കൂടുതൽ വ്യാപിപ്പിക്കുന്നത് കുട്ടികളിൽ താല്പര്യം വർദ്ധിപ്പിക്കുന്നതിനും, ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും, ഉല്ലാസത്തിനും സഹായിക്കും.

7. കൂടുതൽ ബാങ്ക് വായ്പ ലഭ്യമാക്കി താല്പര്യമുള്ള കർഷകർക്ക് പശു വളർത്തലിന് സഹായം നൽകുക.

8. ഫാമുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ലൈസൻസ് ഉറപ്പാക്കിയതിനു ശേഷം പ്രവർത്തനാനുമതി നൽകുക.

നൂതന ആശയങ്ങൾ

- ജില്ലയിൽ ന്യായവില മെഡിക്കൽ ഷോപ്പ് ആരംഭിക്കുകവഴി കർഷകർക്ക് വില കുറച്ച് മരുന്നുകൾ ലഭ്യമാക്കാനുള്ള സാഹചര്യം ലഭിക്കുന്നു. ജില്ലാ വെറ്റിനറി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർ കൂടുതലുള്ള പ്രദേശത്ത് സൗകര്യം ഒരുക്കാവുന്നതാണ്.

- ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് വിലകയറ്റമാണ്. ന്യായവില ഉറപ്പാക്കുന്നതിനായി ഒരു കാലിത്തീറ്റ യൂണിറ്റ് ജില്ലയിൽ സ്ഥാപിക്കാവുന്നതാണ്. കാലിത്തീറ്റ യൂണിറ്റിനോട നുബന്ധമായി സ്റ്റോറും വില്പന ഔട്ട്ലറ്റുകളും സ്ഥാപിക്കാവുന്നതാണ്.

- കുടുംബശ്രീ, പ്രൈവറ്റ്/സർക്കാർ എഗ്ഗർ നഴ്സറികൾ, മൃഗസംരക്ഷണ വകുപ്പ്

എന്നിവയുടെ സഹകരണത്തോടുകൂടി ബ്രോയ്ലർ കോഴിക്കുഞ്ഞുങ്ങളെ വളർത്തി QR കോഡിംഗ്, ആന്റി ബയോട്ടിക്സിന്റെ സാന്നിദ്ധ്യം അറിയുന്നതിനുള്ള മാംസ പരിശോധന എന്നിവ നടത്തി SLMAP സർട്ടിഫൈ ചെയ്യുന്നതുവഴി ആന്റിബയോട്ടിക് രഹിത മാംസം ജനങ്ങൾക്ക് നൽകാൻ സാധിക്കുന്നു. ഇതോടൊപ്പം മാലിന്യ സംസ്ക്കരണത്തിനായി തുമ്പൂർമൊഴി മാതൃകയിലുള്ള യാണിറ്റുകളും പദ്ധതിയിൽ വിഭാവനം ചെയ്ത് നടപ്പിലാക്കണം.

സംയോജന സാധ്യതകൾ

❖ ആധുനിക അറവുശാല നിർമ്മാണം

ജില്ലയിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു അറവുശാല നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്തുമായോ ഒന്നിൽ കൂടുതൽ ബ്ലോക്കു പഞ്ചായത്തുകളുടെ സംയോജനം വഴിയോ നടപടി സ്വീകരിച്ചാൽ ജില്ലയിൽ ഗുണമേന്മയുള്ള ഇറച്ചിയുടെ ലഭ്യത ഉറപ്പുവരുത്താം. എല്ലാ ബ്ലോക്ക് തലങ്ങളിലും മീറ്റ് സ്റ്റോക്കുകൾ സ്ഥാപിക്കുന്നത് മാംസവിപണനം സഹായിക്കും. ആധുനിക അറവുശാലയോട് ചേർന്ന് അറവ് അവശിഷ്ടങ്ങളിൽ നിന്നും, അറവിന് യോഗ്യമല്ലാത്ത മൃഗങ്ങളിൽ നിന്നും ഉപോൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് റെൻഡറിംഗ് പ്ലാന്റ് സ്ഥാപിക്കാവുന്നതാണ്.

❖ മൃഗപരിപാലക കർഷകസംഘം

ഗ്രാമങ്ങളിലെ സമാനമനസ്ക്കരായ കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് മൃഗപരിപാലക കർഷകസംഘം രൂപീകരിക്കുകവഴി മൃഗകർഷകർക്ക് മാറ്റത്തിന്റെ ഒരു പുതിയ വഴിയാണ് സൃഷ്ടിക്കപ്പെടുന്നത്. ഗ്രാമ കേന്ദ്രങ്ങളോടു ചേർന്ന് പ്രവർത്തിക്കുന്ന ഇതിന്റെ ഓഫീസ് കർഷകർക്ക് അവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനുള്ള ഒരു സ്ഥിരം സംവിധാനമാണ്. ഇതിന്റെ പ്രവർത്തനത്തിന് ആവശ്യമായ തുക കർഷകർ അവരിൽനിന്നും തന്നെ സ്വരൂപിക്കുന്നു. ഇതിൽ ചേരുന്നതിന് താല്പര്യമുള്ള കർഷകർ ഒരു രൂപ കൊടുത്തുകൊണ്ട് ഒരു അക്കൗണ്ട് തുടങ്ങുന്നു. കർഷകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ബാങ്ക് ലോണുകൾ ലഭ്യമാക്കുന്നതിനുള്ള സഹായങ്ങൾ ചെയ്യുക, കർഷക കൂട്ടായ്മകൾ മാസംതോറും സംഘടിപ്പിക്കുക, കാർഷികോത്പന്നങ്ങൾ വിൽക്കുന്നതിന് പൊതുമാർക്കറ്റുകൾ ഉണ്ടാക്കുക എന്നിവ ഈ സംഘങ്ങളുടെ പ്രവർത്തന മേഖലയിൽ ഉൾപ്പെടുന്നു. മൃഗപരിപാലക കർഷക സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാടൻകോഴി വളർത്തൽ കേന്ദ്രത്തിലൂടെ ജനങ്ങൾക്ക് ആവശ്യമായ നാടൻമുട്ട, ഇറച്ചിക്കോഴി എന്നിവ ഉത്പാദിപ്പിക്കുകയും ഇവരുടെ പൊതുമാർക്കറ്റുകൾ മുഖേന വിൽക്കപ്പെടുകയും ചെയ്യുന്നു. പശുവളർത്തൽ കേന്ദ്രത്തിൽ ഉത്പാദിപ്പിക്കുന്ന പാലിൽ നിന്ന് വ്യത്യസ്ഥ തരത്തിലുള്ള ജ്യൂസും, പനീരിൽ നിന്ന് കട്ലറ്റും ഉണ്ടാക്കുന്നു. ഇവയ്ക്ക് പൊതുമാർക്കറ്റിൽ നല്ല ഡിമാന്റാണ് ഉള്ളത്. ചാണകം കൃഷിയ്ക്ക് ഉപയോഗിക്കുകയും ബയോഗ്യാസ് ഉണ്ടാക്കുന്നതിന് ഉപയോഗിക്കുകയും ചെയ്യുന്നു. ഇതിന്റെകീഴിൽ പ്രവർത്തിക്കുന്ന ആട് വളർത്തൽ കേന്ദ്രത്തിൽ വളരെ വ്യത്യസ്ഥ ഇനം ആടുകളെ കാണാൻ കഴിയും. ഗുണമേൻമയുള്ള ആട്ടിൻപാൽ സാധാരണക്കാരന് ലഭ്യമാക്കുന്നു. ആട്ടിൻകാഷ്ടം ഉണക്കിപ്പൊടിച്ച് വളമായും നൽകുന്നുണ്ട്. കാടക്യഷി, മത്സ്യകൃഷി എന്നിവയും ഈ സംഘത്തിന് കഴീൽ വരുന്നുണ്ട്.

ജനങ്ങൾക്ക് ആരോഗ്യപൂർണ്ണവും വിഷവിമുക്തവുമായ പാൽ, മുട്ട, ഇറച്ചി എന്നിവ ലഭ്യമാക്കുകയും അതോടൊപ്പം തന്നെ കർഷകർക്ക് മാറ്റത്തിന്റെ ഒരു പുതുയുഗം സൃഷ്ടിക്കുകയുമാണ് ഈ സംഘത്തിന്റെ ലക്ഷ്യം.

7.5 ക്ഷീര വികസനം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പാലുൽപാദനമുള്ള ഉരുക്കളുടെ വില വർദ്ധിച്ചതിനാലും തൊഴുത്ത് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ചെലവ് വർദ്ധിച്ചതിനാലും പശുയൂണിറ്റിനുള്ള ധനസഹായം വർദ്ധിപ്പിക്കേണ്ടതാണ്.

2. കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതിയിൽ തൊഴുത്ത് പണി പൂർത്തിയാക്കിയതിനു ശേഷം എൽഎസ്ജിഡി എഞ്ചനീയറുടെ വാല്യുവേഷൻ ഹാജരാക്കണമെന്ന നിബന്ധന ഒഴിവാക്കണം.

3. പശുക്കളെ കുറഞ്ഞ ചെലവിൽ വർഷം മുഴുവൻ ഇൻഷ്വർ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തണം.

4. കാഫ്സ്റ്റാർട്ടർ എല്ലാ കന്നുകുട്ടികൾക്കും ലഭ്യമാക്കാൻ ആവശ്യമായ പദ്ധതി രൂപപ്പെടുത്തണം.

5. നിലവിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും പദ്ധതിയുടെ ഭാഗമായി പശുക്കളെ കൊണ്ടുവരുന്നതുമൂലം കർഷകർ ചൂഷണത്തിനുവിധേയ മാകുന്നുണ്ട്. ആയതിനാൽ നിലവിൽ പദ്ധതിയുടെ ഭാഗമായി വരുന്ന അഞ്ച് ഉരുക്കളിൽ കൂടുതലുള്ള ഫാം വികസിപ്പിച്ചെടുത്ത് രജിസ്റ്റർ ചെയ്ത് അതിൽ നിന്ന് പദ്ധതിക്കാവശ്യമായ പശുക്കളെ എടുക്കുവാൻ സാധിക്കുന്ന രീതിയിൽ പദ്ധതി ക്രമപ്പെടുത്തണം.

6. കിടാരിയൂണിറ്റുകളെ സംബന്ധിച്ച് സത്വര വരുമാനം ഇല്ലാത്ത സാഹചര്യത്തിൽ ഉരുക്കൾക്ക് കൂടുതൽ കാലയളവിൽ തീറ്റകൊടുക്കുവാൻ സഹായകരമാകുന്ന തരത്തിൽ യൂണിറ്റ് സബ്സിഡി വർദ്ധിപ്പിക്കണം.

7. ക്ഷീര കർഷകർ ഫാം തുടങ്ങുമ്പോൾ ലൈസൻസ് മാലിന്യനിയന്ത്രണ സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ ലഭിക്കുന്നതിന് വേണ്ടി കടന്നുപോകുന്ന നടപടി ലഘൂകരിക്കണം. ക്ഷീര കർഷകർക്ക് കൃഷി ആവശ്യങ്ങൾ ക്കുള്ളതുപോലെ ബാങ്ക് വായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്നതിനും കാലതാമസം വരാതെ വായ്പ അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

8. പാലുൽപാദനം വർദ്ധിക്കുമ്പോൾ പാൽ സംഭരണം മെച്ചപ്പെടുത്താനും മുഴുവൻ പാലും ഉപയോഗപ്രദമാക്കുവാനും സാധ്യമാകത്തക്കവിധം മിൽമയിൽ വൈവിധ്യ മാർഗ്ഗങ്ങളിലൂടെ പുതിയ ഉൽപന്നങ്ങൾ നിർമ്മിക്കുക.

9. നഗരവത്കരണം, ലാന്റ് ഫ്രാഗ്മന്റേഷൻ, മലിനീകരണ നിയന്ത്രണ അധികാരികളുടെ സമ്മർദ്ദം, സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് ഫണ്ട് ലഭിക്കുന്നതിലുള്ള കാലതാമസം, കർഷകർക്ക് ചികിത്സ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ട്, കാലിത്തീറ്റയുടെ വിലവർദ്ധനവ്, നിലവിലുള്ള പദ്ധതികളിലെ അപാകതകൾ തുടങ്ങിയവ ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്നു. വകുപ്പ് ഉദ്യോഗസ്ഥരുടെ എണ്ണത്തിലുള്ള കുറവ് ഈ മേഖലയിൽ കർഷകർക്ക് സഹായം എത്തിക്കുന്നതിന് ഒരു പ്രധാന തടസ്സമായി ചൂണ്ടിക്കാട്ടാവുന്നതാണ്.

10. സംഘങ്ങൾക്ക് കമ്പ്യൂട്ടർ വത്കരണം നടപ്പിലാക്കി യൂണിഫോം സോഫറ്റ് വെയറിലൂടെ സംഘങ്ങളെ ഒരു ശൃംഖലയിൽ ഉൾപ്പെടുത്തുന്ന തിനാവശ്യമായ പദ്ധതി നടപ്പിലാക്കണം.

11. ഓരോ പഞ്ചായത്തിലും ഒരു ഡയറിഫാം ഇൻസ്ട്രക്ടറെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിയമിക്കേണ്ടതാണ്.

12. ക്ഷീര വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ ജില്ലാ ആസ്ഥാനത്ത് പൂർണ്ണ സജ്ജീകരണത്തോടെ പ്രവർത്തിക്കുന്ന പാൽ പരിശോധന ലബോറട്ടറിയുടെ പ്രവർത്തനം വിപുലീകരിച്ച് പ്രയോജനപ്പെടുത്തി ശുദ്ധവും നിശ്ചിത ഗുണ നിലവാരമുള്ള പാൽ, ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുവാനുള്ള പരിശോധന

അധികാരം ക്ഷീര വികസന വകുപ്പിൽ നിക്ഷിപ്തമാക്കണം. ആയതിനുള്ള സർക്കാർ ഉത്തരവ് ഉണ്ടാക്കണം.

13. ഡയറി ഫാമുകളിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് കാർഷിക മേഖലയ്ക്ക് നൽകുന്ന സൗജന്യം ലഭ്യമാക്കി ഉത്തരവുണ്ടാകണം.

14. കാർഷിക മേഖലയ്ക്ക് നൽകുന്ന ഉദാരമായ ലോൺ വ്യവസ്ഥ ഡയറി ഫാമുകൾക്കും നൽകണം.

15. ഡയറി ഫാമുകളിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് കാർഷിക മേഖലയ്ക്ക് നൽകുന്ന സൗജന്യം ലഭ്യമാക്കി ഉത്തരവുണ്ടാകണം.

16. കാർഷിക മേഖലയ്ക്ക് നൽകുന്ന ഉദാരമായ ലോൺ വ്യവസ്ഥ ഡയറി ഫാമുകൾക്കും നൽകണം

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പാൽ സ്വയംപര്യാപ്തഃ-409.8 ലക്ഷം ലിറ്റർ പാൽ സംഘങ്ങളിലൂടെ സംഭരിക്കുന്നുണ്ട്. 943 ലക്ഷം ലിറ്റർ പാൽ അധികമായി ഉൽപാദിപ്പിക്കേണ്ടതുണ്ട്. 300 ഹെ.പുൽകൃഷി ഇനിയും നടപ്പാക്കേണ്ടതുണ്ട്.

2. നിലവിൽ കെട്ടിടം പണിയുന്നതിന് സംഘങ്ങൾക്ക് ധനസഹായം നൽകുമ്പോൾ എൽഎസ്ജിഡി/ പിഡബ്ല്യുഡി എഞ്ചനീയർ പ്ലാനും എസ്റ്റിമേറ്റും അംഗീകരിക്കുകയും പണിപൂർത്തിയായതിനുശേഷം വാല്യുവേഷൻ നൽകേണ്ടതു മാണ്. ഈ പ്രവൃത്തി ടി ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വങ്ങളിലുൾപ്പെടുത്തി നടപടികൾ ലളിതമാക്കേണ്ടതാണ്.

3. വൈവിധ്യവത്കരണത്തിലൂടെ സംഘം പ്രവർത്തനം ആകർഷകമാക്കുന്നതിന്റെ ഭാഗമായി കാലിത്തീറ്റ ബ്ലെന്റിംഗ് യൂണിറ്റ്, ചാണകം ഉണക്കിപൊടിക്കുന്ന യൂണിറ്റ്, കർഷകരുടെ ഉൽപന്നങ്ങൾ വിപണനം നടത്തുന്ന സംരംഭങ്ങൾ തുടങ്ങിയ പദ്ധതികളിലൂടെ സംഘങ്ങളെ നവീകരിക്കുക.

4. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിലേക്കുള്ള വിഹിതം അലോട്ട്മെന്റായി നൽകി ഗ്രാമ പഞ്ചായത്തിലെ പദ്ധതി നിർവ്വഹണം സുഗമമാക്കുക.

5. ക്ഷീരവികസന വകുപ്പ് പാൽ ഇൻസെന്റീവായി ഒരു രൂപ ഡിബിറ്റി സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നത് എൽഎസ്ജിഡിപദ്ധതി പ്രകാരമുള്ള പരമാവധി തുകയ്ക്ക് പുറമെയായിരിക്കണം.

6. കാലിത്തീറ്റ വിലവർദ്ധനവിന് ആനുപാതികമായി പാൽ ഇൻസെന്റീവ് കാലോചിതമായി വർദ്ധിപ്പിക്കണം.

7. സബ്സിഡികൾ വിതരണം ചെയ്യുന്നതിന് സംഘം ജീവനക്കാർക്ക് ഏറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ അവരുടെ അദ്ധ്വാനത്തിന് ഒരു പ്രതിഫലം പദ്ധതി നടത്തിപ്പ് ചെലവായി വകയിരുത്തണം.

8. നിലവിൽ ക്ഷീരവികസന വകുപ്പ് മുഖേനയുള്ള DBT സംവിധാനം പരിഷ്കരിച്ച് എൽഎസ്ജിഡി ധനസഹായ വിതരണത്തിനും ഉപയോഗപ്പെടുത്താൻ സാധിക്കുന്ന വിധത്തിൽ സോഫ്റ്റ് വെയർ പരിഷ്കരിക്കണം.

9. മൊബൈൽ മിൽക്കിംഗ് യൂണിറ്റ് സ്ഥാപിക്കുക.

സംയോജന സാധ്യതകൾ

- ക്ഷീര കർഷകർക്ക് ഏറെ പ്രയോജനകരമായതും, കാര്യക്ഷമമായി നിർവ്വഹണം നടത്തി വരുന്നതുമായ 'പാലിന് ഇൻസെന്റീവ്' എന്ന പദ്ധതി പഞ്ചായത്തുകളും, സമാനമായി നടത്തി വരുന്ന വകുപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് വർഷം മുഴുവനും ഇൻസെന്റീവ് ലഭ്യമാകത്തക്ക രീതിയിൽ സംയോജനം നടത്തി പദ്ധതി നിർവ്വഹണം ഗ്രാമപഞ്ചായത്ത് തലത്തിൽ നിർവ്വഹണം നടത്തണം. പദ്ധതി രൂപീകരണ വേളയിൽ തന്നെ

ഫണ്ടുകളുടെ ലഭ്യത ഉറപ്പ് വരുത്തണം. ഇപ്രകാരം സംയോജനം നടത്തുക വഴി പദ്ധതിയുടെ ഇരട്ടിപ്പും, നിർവ്വഹണത്തിലെ നിലവിലെ സങ്കീർണ്ണതകളും ഒഴിവാക്കാൻ കഴിയും.

- സാന്ദ്രീകൃത കാലിത്തീറ്റയുടെ ഗണ്യമായ വിലവർദ്ധനവ് മൂലം ദുരിതമനുഭവിക്കുന്ന ക്ഷീര കർഷകരെ സഹായിക്കുന്നതിനായി പോഷകസമൃദ്ധമായ തീറ്റപ്പുൽ വർദ്ധിപ്പിക്കുന്നതിന് തൊഴിൽ ഉറപ്പ് പദ്ധതി ഗുണഭോക്താക്കളുടെ സഹായത്തോടെ ഗ്രാമീണ തലത്തിൽ പുൽകൃഷി തോട്ടങ്ങൾ ഉണ്ടാക്കണം. നടീൽ വസ്തിക്കളും സാങ്കേതിക സഹായങ്ങളും വകുപ്പിൽ നിന്നും ലഭ്യമാക്കുന്നു. ലഭ്യമായ സ്ഥലത്തെല്ലാം സ്ഥല ഉടമസ്ഥരുടെ സഹകരണത്തോടെ പുൽകൃഷി യഥാർത്ഥമാക്കുന്നു.

- ലാഭകരമായ ക്ഷീരോത്പാദനത്തിന് ശാസ്ത്രീയ കാലിത്തൊഴുത്തുകൾ അനിവാര്യമാണ്. ക്ഷീര വികസന വകുപ്പിന്റെ വിവിധ ഡയറി യൂണിറ്റ് പദ്ധതികൾക്കും ഗ്രാമ പഞ്ചായത്ത് പദ്ധതികൾക്കും ആവശ്യമായി വരുന്ന തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് തൊഴുത്ത് നിർമ്മാണം നടത്തുവാൻ കഴിയും. ഇതിനായി തൊഴിലുറപ്പ് പദ്ധതിയിലെ വിദഗ്ധ തൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

- ജില്ലയിൽ പാലുല്പാദന രംഗത്ത് സ്വയം പര്യാപ്തത കൈ വരിക്കുവാൻ വിവിധ വകുപ്പുമായി സംയോജിപ്പിച്ച് പദ്ധതികൾ രൂപീകരിക്കുവുന്നതാണ്. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ തങ്ങളുടെ കീഴിലുള്ള ഏതെങ്കിലും ഒരു വാർഡിനെ പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ രൂപീകരിക്കാവുന്നതാണ്. കൃഷി വകുപ്പുമായി സംയോജിപ്പിച്ച് പ്രസ്തുത വാർഡിലെ തിരഞ്ഞെടുക്കപ്പെട്ട പ്രദേശത്ത് തീറ്റപ്പുൽ കൃഷി ആരംഭിക്കേണ്ടതാണ്. അടുത്തപടിയായി മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടുകൂടി മൃഗാശുപത്രിയുടെ സേവനം ലഭ്യമാക്കേണ്ടതും നല്ലയിനം നാടൻ പശുക്കളെ ഗുണഭോക്താക്കൾക്ക് നൽകുവാനായി തിരഞ്ഞെടുക്കേണ്ടതും ആണ്. മേല്പറഞ്ഞ കാര്യങ്ങൾ സജ്ജീകരിച്ചതിനുശേഷം തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് പശുവും തൊഴുത്തും അനുബന്ധ സൗകര്യങ്ങളും നൽകുന്നതിനായുള്ള പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്. ഉത്പാദിപ്പിക്കുന്ന പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ക്ഷീരവകുപ്പിന്റെ നിരന്തരമായ മോണിറ്ററിങ്ങ് സംവിധാനം ഉണ്ടാകേണ്ടതാണ്. കുടുംബശ്രീയുടെ സഹായത്തോടുകൂടി ഉത്പാദിപ്പിക്കപ്പെടുന്ന പാലും പാലുൽപ്പന്നങ്ങളും വ്യവസായ വകുപ്പുമായി സംയോജിപ്പിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം ഓരോ തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെയും ഒരു വാർഡിനെ പാലുല്പാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കുന്നതാണ്.

7.6 മത്സ്യവികസനം

മേൽത്തട്ട് നിർദ്ദേശങ്ങൾ

ജില്ലയിലെ മത്സ്യത്തൊഴിലാളിയുടെ പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കാൻ ജില്ല ഫിഷറീസ് വകുപ്പിന് സാധിക്കുന്നുണ്ട്. എന്നിരുന്നാലും ഇനിയും ഒട്ടേറെ പദ്ധതികൾ ഈ മേഖലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ മാത്രമേ മേഖലയുടെ പൂർണ്ണവികസനം സാധ്യമാകുകയുള്ളൂ.

1. **മത്സ്യത്തൊഴിലാളികൾക്ക് വല, വഞ്ചി, എന്നിവ നൽകുന്ന പദ്ധതികൾ**

   വ്യാസസ്റ്റോറിൽ മത്സ്യഫെഡ് നെറ്റ് ഫാക്ടറിയിൽ നിർമ്മിക്കുന്ന ഗുണനിലവാരം ഉറപ്പാക്കിയതും, മേഖലക്ക് അനുസൃതമായ കൃത്യമായ കണ്ണി വലിപ്പവും, തൊഴിലാളികളുടെ ആവശ്യപ്രകാരം അതാത് സീസണുകളിൽ ഉപയോഗിക്കുന്ന

വലയും ഉറപ്പ് വരുത്തുക. ടി പദ്ധതികൾക്ക് ഗുണഭോക്തൃ വിഹിതം അടക്കുവാൻ ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പദ്ധതികൾക്ക് മുഴുവൻ തുകയും സബ്സിഡിയായി അനുവദിക്കാവുന്നതാണ്. വഞ്ചിക്ക് യൂണിറ്റ് കോസ്റ്റ് 35000 രൂപ ഗ്രൂപ്പുകൾക്ക് വകയിരുത്തിയിട്ടുള്ളത് 40000 രൂപയായും, മത്സ്യത്തൊഴിലാളികൾക്ക് വല, വഞ്ചി, എന്നിവ ഉൾനാടൻ മേഖലയിൽ യൂണിറ്റൊന്നിന് 25000 രൂപയിൽ നിന്നും 30000 രൂപയായും, സമുദ്രമേഖലയിൽ നിലവിലുള്ള 4,500/- രൂപ പുനർനിർണ്ണയിച്ച് യൂണിറ്റ് ഒന്നിന് 6,000/-യാക്കി മെച്ചപ്പെടുത്താവുന്നതാണ്.

2. മത്സ്യ സാങ്ചറികൾ സ്ഥാപിക്കൽ.
3. കടൽ ഭിത്തി നിർമ്മാണം.
4. കേരളത്തിന്റെ തനതായ മത്സ്യങ്ങളെ ഒരു കുടക്കീഴിൽ അണിനിരത്തുന്ന ഫിഷ് പാർക്ക് എന്ന പദ്ധതി.
5. മാലിന്യമുക്തമാക്കുന്നതിന് വിവിധനിയമങ്ങളുംനയങ്ങളും കർശനമായി നടപ്പാക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പൊതുജലാശയങ്ങളിലെ മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി സീറാഞ്ചിംഗ്, ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതികൾ നടപ്പിലാക്കുക.
2. കായലുകളിലും ഡാമുകളിലും മത്സ്യങ്ങളുടെയും മറ്റ്ജീവികളുടെയും പ്രജനനത്തിനും, വളർച്ചയ്ക്കും ഇണങ്ങുന്ന ഫിഷ് അഗ്രിഗേറ്റിംഗ് സംവിധാനങ്ങൾ സ്ഥാപിക്കൽ പദ്ധതി.
3. കണ്ടൽകാട് സംരക്ഷണവും കണ്ടൽചെടി നട്ടുപിടിപ്പിച്ച് പരിപാലിക്കുന്നതിനുള്ള പദ്ധതികൾ.
4. ജൈവവേലി നിർമ്മാണ പദ്ധതികൾ തീരസംരക്ഷണത്തിനും ഉൾനാടൻ പ്രദേശ സംരക്ഷണത്തിനും ആവശ്യമാണ്.
5. വേമ്പനാട് കായലിൽ ഉദയംപേരൂർ, ആമ്പല്ലൂർ എന്നീ പ്രദേശങ്ങളിലെ കക്ക സംരക്ഷണത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാവുന്നതാണ്.
6. പൊതു ജലാശയങ്ങളിൽ നിന്ന് പോളപായൽ നീക്കം ചെയ്യുന്നതിനുള്ള പദ്ധതി.
7. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ റോഡുകളുടെ നവീകരണം.
8. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ വൈദ്യുതീകരണ നടപടികൾക്കുള്ള പദ്ധതികൾ.
9. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ ശുചീകരണത്തിനും, മാലിന്യ സംസ്കരണത്തിനും വേണ്ടുന്ന കോമൺ ഫെസിലിറ്റി ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി.
10. ലാന്റിംഗ് സെന്ററുകൾ നവീകരണ പദ്ധതി.
11. ലാന്റിംഗ് സെന്ററുകളിൽ ലേലഹാൾ സ്ഥാപിക്കൽ.
12. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ സ്കൂളുകളുടെ നവീകരണം അടിസ്ഥാന സൗകര്യവികസനവും.
13. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലെ കുടിവെള്ള പദ്ധതി.
14. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ വായനാശാലകൾക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ.
15. കളിസ്ഥല വികസനം.
16. വീട് ഇല്ലാത്തവർക്ക് വീട് നൽകുന്നതിന് മത്സ്യവകുപ്പുമായി ചേർന്ന് സംയുക്ത പദ്ധതി നടപ്പിലാക്കാവുന്നതാണ്.
17. വീട്പണി പൂർത്തീകരിക്കാത്ത മത്സ്യതൊഴിലാളികൾക്ക് വീട്പണി പൂർത്തീകരിക്കുന്ന തിനുള്ള ധനസഹായം.
18. മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് വള്ളം, വല, ബോട്ട് എന്നിവയ്ക്കുള്ള ധനസഹായം.
19. കടലാക്രമണത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെടുന്ന ഗ്രൂപ്പുകൾക്ക് ധനസഹായം.

20. കടൽ ക്ഷോഭത്തിലും, പ്രകൃതി ക്ഷോഭത്തിലും വീട് നഷ്ടപ്പെടുന്നവർക്ക് ധനസഹായം.
21. മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന തിനുള്ള പദ്ധതി.
22. മത്സ്യത്തൊഴിലാളി സ്ഥാപനങ്ങൾക്ക് മത്സ്യവിപണത്തിനായി ശീതീകരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ധനസഹായം.
23. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് റീവോൾവിംഗ് ഫണ്ട്.
24. മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയംതൊഴിൽ പരിശീലനം/സംരംഭം തുടങ്ങുന്നതിനുള്ള സഹായം.
25. മത്സ്യകർഷക ഗ്രൂപ്പുകൾക്ക് ഉത്പാദനോ പാധികൾക്കുള്ള ധനസഹായം.
26. മത്സ്യകുഞ്ഞ് ഉത്പാദനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി.
27. മത്സ്യകർഷക മത്സ്യതൊഴിലാളി ഗ്രൂപ്പുകൾക്ക് കൂട് മത്സ്യകൃഷി നടത്തുന്നതിനുള്ള സഹായം.
28. വനിതാ ഗ്രൂപ്പുകൾ വഴി അലങ്കാര മത്സ്യകൃഷി നടത്തുന്നതിനുള്ള സഹായം.
29. മത്സ്യകർഷക ഗ്രൂപ്പുകൾ വഴി ചെമ്മീൻ കൃഷി, ഓരുജല മത്സ്യകൃഷി എന്നിവ നടത്തുന്നതിനുള്ള പദ്ധതി.
30. മത്സ്യകുളം ബണ്ട് നിർമ്മിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പദ്ധതി.
31. അക്വാപോണിക്സ് പദ്ധതി.

നൂതന ആശയങ്ങൾ

- **മത്സ്യകൃഷി പ്രോത്സാഹനത്തിന് മത്സ്യ കർഷക ക്ലബുകളുടെ പങ്കും സാധ്യതകളും**

ഉൾനാടൻ മത്സ്യകൃഷിയെ പ്രോത്സാഹി പ്പിക്കുകയും ഉൾനാടൻ മത്സ്യോത്പാദനം ഗണ്യമായ തോതിൽ വർദ്ധിപ്പിക്കത്തക്ക വിധത്തിൽ മത്സ്യകൃഷിയുടെ പുരോഗമിച്ച സാങ്കേതിക വശങ്ങൾ പ്രചരിപ്പിക്കുകയും നടപ്പിലാക്കുകയും മൂലം ജനങ്ങൾക്ക് വർദ്ധിച്ച തോതിൽ മത്സ്യം ലഭ്യമാക്കുകയാണ് മത്സ്യകർഷക ക്ലബുകളുടെ ലക്ഷ്യം. എറണാകുളം ജില്ലയിൽ 97 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മത്സ്യകർഷക ക്ലബുകൾ രൂപീകരിക്കുകയും 7 ഗ്രാമപഞ്ചായത്തുകളിൽ മത്സ്യകർഷക ക്ലബുകൾക്ക് സ്വന്തമായി കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളായ പമ്പ് സെറ്റ്, വിളവെടുപ്പ് വല, ഫർണ്ണീച്ചർ എന്നിവയും നൽകിയിട്ടുണ്ട്. വേണ്ടത്ര അക്വാകൾച്ചർ പ്രമോട്ടർമാരുടെയും മത്സ്യ വകുപ്പ് ജീവനക്കാരുടെയും സേവനം ജില്ലയിൽ ലഭ്യമല്ലാത്തതിനാൽ ജില്ലയിലെ മത്സ്യകർഷക ക്ലബുകളുടെ പ്രവർത്തനം നല്ല രീതിയിൽ നടപ്പിലാക്കുവാൻ സാധിക്കുന്നില്ല.

- **അലങ്കാര മത്സ്യകൃഷിയുടെ സാധ്യതകൾ**

ഫിർമ, കാവിൽ എന്നീ ഏജൻസികളുടെ മേൽനോട്ടത്തിൽ അലങ്കാര മത്സ്യകൃഷിയുടെ ഉത്പാദനത്തിനും വിപണത്തിനും, കയറ്റുമതിക്കുമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും വേണ്ടത്ര സാങ്കേതിക വിദഗ്ദ്ധൻമാരുടെയും മാനേജ്മെന്റ് വിദഗ്ദ്ധൻമാരുടെയും പോരായ്മമൂലം ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. നിലവിൽ ജില്ലയിൽ കാവിലിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള 19 അലങ്കാരമത്സ്യ കൃഷി യൂണിറ്റുകളുടേയും പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും, ഏകോപിപ്പി ക്കുന്നതിനും എഫ്.എഫ്.ഡി.എ.യുടെയും എൻ. എഫ്.ഡി.ബി യുടെയും മേൽനോട്ടത്തിൽ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. സ്കൂൾ കുട്ടികളിൽ അലങ്കാര മത്സ്യകൃഷിയിൽ താത്പര്യം സൃഷ്ടിക്കുന്നതിന് ജില്ലയിലെ 2 സ്കൂളുകളിൽ അലങ്കാര മത്സ്യ കൃഷിയിൽ പരിശീലനം നൽകി സക്കൂളുകളിൽ ടാങ്കുകൾ സ്ഥാപിക്കാൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സാഫിന്റെ കീഴിലുള്ള സ്ത്രീകളുടെ സ്വയം സംരംഭത്തിന്റെ മേൽനോട്ടത്തിൽ ജില്ലയിൽ അലങ്കാര മത്സ്യ കൃഷിക്ക് സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ മത്സ്യതൊഴിലാളികളുടെ

ശാക്തീകരണത്തിനും തൊഴിൽ സംരംഭകത്ത്വത്തിനും പ്രോത്സാഹനമായിരിക്കും.

സംയോജന സാധ്യതകൾ

മത്സ്യകൃഷിയുടെ വികസനത്തിനായി മറ്റുവകുപ്പുകളുടെ സംയോജനം വഴി നടപ്പിലാക്കാവുന്ന പദ്ധതികൾ

- അക്വാപോണിക്സ് കൃഷി രീതി:- പൊക്കാളിപ്പാടങ്ങളിലെ തൂമ്പു കുഴി പ്രദേശങ്ങളിൽ കൂട് മത്സ്യകൃഷി, മത്സ്യവും പച്ചക്കറികളും ഒരുമിച്ച് കൃഷി ചെയ്യുന്ന അക്വാപോണിക്സ് കൃഷി രീതി എന്നിവ നടപ്പിലാക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൃഷി വകുപ്പും, മത്സ്യ വകുപ്പും സംയോജിപ്പിച്ച് അക്വാപോണിക്സ് കൃഷിരീതി നടപ്പിലാക്കാവുന്നതാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതിയിൽ മേൽ പ്രൊജക്ടിന് അംഗീകാരം നേടിയെടുത്ത് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും വിശദമായ ട്രെയിനിംഗ് സംഘടിപ്പിച്ച് കൃഷി വകുപ്പ് പച്ചക്കറി വിത്തുകളും മറ്റും നൽകിയും മത്സ്യ വകുപ്പ് മത്സ്യ കുഞ്ഞുങ്ങളെയും അക്വാപോണിക്സിനുള്ള സബ്സിഡി ആനുകൂല്യങ്ങൾ നൽകിയും മേൽ പദ്ധതി നടപ്പിലാക്കാവുന്നതാണ്.
- തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പൊതുജലാശയങ്ങളുടെ നവീകരണം, കുളം വൃത്തിയാക്കൽ മത്സ്യകൃഷിക്കായി പടുതാക്കുളം നിർമ്മിക്കൽ എന്നീ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. ഇത് കൂടാതെ മത്സ്യബന്ധന വകുപ്പ് വഴി നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതി, സാനിറ്റേഷൻ എന്നീ പദ്ധതികളും നടപ്പിലാക്കാവുന്നതാണ്.
- വനം വന്യജീവി വകുപ്പുമായി സംയോജിപ്പിച്ച് തീരപ്രദേശത്ത് കണ്ടൽചെടികൾ വച്ച് പിടിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത് കടൽതീരത്തിന്റെ സുസ്ഥിര സംരക്ഷണത്തിന് സഹായകമാകുന്നതാണ്.
- എറണാകുളം ജില്ലയിലെ കീരംപാറ പഞ്ചായത്തിലെ കൂരികുളം എന്ന പ്രദേശത്ത് ഫിഷറീസ് വകുപ്പിന്റേയും ജില്ലാ പഞ്ചായത്തിന്റേയും സഹകരണത്തോടെ ഒരു 'മൾട്ടി സ്പീഷീസ് എക്കോ ഹാച്ചറി' സ്ഥാപിച്ചിട്ടുണ്ട്. പെരിയാർവാലി ഇറിഗേഷൻ പദ്ധതിയുടെ അധീനതയിലുള്ള 60 ഏക്കർ സ്ഥലം ഫിഷറീസ് വകുപ്പിനായി കൈമാറി നൽകിയിട്ടുണ്ട്. ഇതിൽ 13 ഏക്കർ കരഭാഗവും ബാക്കി 47 ഏക്കർ ജല നിബിഡവുമാണ്. കരഭാഗത്തിൽ 5 ഏക്കർ സ്ഥലത്താണ് ഹാച്ചറി സ്ഥിതി ചെയ്യുന്നത്. പദ്ധതി പ്രകാരം ഹാച്ചറിയുടെ ഉല്പാദനശേഷി പ്രതിവർഷം 10 മില്യൺ മത്സ്യ വിത്തുകളാണ്. നിലവിൽ ഹാച്ചറി കെട്ടിടം, തീറ്റ ഉത്പാദനത്തിനുള്ള കെട്ടിടം, 8 നേഴ്സറി കുളങ്ങൾ, ഒരു വളർത്തുകുളം, ഒരു ബ്രൂഡ് സ്റ്റോക്ക് കുളം എന്നിവയാണ് ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ. നിലവിൽ പ്രദേശത്ത് സുരക്ഷാ വേലി ഇല്ല, തീറ്റ ഉത്പാദനത്തിനു വേണ്ട യന്ത്ര സാമഗ്രികൾ ഒന്നുംതന്നെയില്ല. ഹാച്ചറിയിൽ വിത്തുല്പാദനം തുടങ്ങുന്നതിന് അടിസ്ഥാന സൗകര്യങ്ങളായ ഓവർ ഹെഡ് ടാങ്ക് പമ്പ് സെറ്റ് എന്നിവ അത്യാവശ്യമാണ്. നിലവിൽ മത്സ്യവിത്തുകളുടെ സ്പോൺ കൊണ്ടു വന്ന് ഹാച്ചറിയിൽ തീറ്റ നൽകി വളർത്തി വലുതാക്കി മത്സ്യകർഷകർക്ക് ലഭ്യമാക്കുകയാണ് ചെയ്തു വരുന്നത്. കാർപ്പ് മത്സ്യ ഇനങ്ങളായ കട്ല, രോഹു, മൃഗാൽ, ഗ്രാസ് കാർപ്പ് എന്നിവയാണ് ലഭ്യമാക്കുന്നത്. ഹാച്ചറിയുടെ പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി നിലവിൽ ഒരു ഫാം ഇൻ ചാർജ്ജ്, ഒരു എക്സ്റ്റൻഷൻ ഓഫീസർ (കോൺട്രാക്റ്റ്) മാത്രമേയുള്ളു. കാഷ്വൽ ലേബർ, വാച്ച്മാൻ സൗകര്യങ്ങൾ ഒന്നും തന്നെയില്ല. നിലവിൽ അത്യാവശ്യ സാഹചര്യങ്ങളിൽ ദിവസകൂലിക്ക് ആളെ നിയോഗിച്ചാണ് കുളം ശുചീകരണവും മറ്റു പ്രവർത്തനങ്ങളും നടത്തി വരുന്നത്. പ്രസ്തുത പദ്ധതിക്കായി 6.05 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

ഇതിൽ 2 കോടി രൂപ ജില്ലാ പഞ്ചായത്ത്, 2.5 കോടി ആർ.കെ.വി.വൈ പദ്ധതി, 1.55 കോടി സംസ്ഥാന സർക്കാരുമാണ് നൽകേണ്ടത്. ഇതിൽ ജില്ലാപഞ്ചായത്തിന്റെ വിഹിതമായി 1.45 കോടിയും ആർ.കെ.വി.വൈ-യുടെ വിഹിതമായി മുഴുവൻ തുകയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 1.3 കോടി രൂപയും ചേർത്ത് ആകെ 5.25 കോടി രൂപ നാളിതുവരെ ലഭ്യമായിട്ടുണ്ട്. ബാക്കി തുക എത്രയും വേഗം ലഭ്യമാക്കുകയും അടിസ്ഥാന സൗകര്യങ്ങളും മനുഷ്യ വിഭവശേഷിയും വർദ്ധിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത പദ്ധതിയുടെവികസനം സാധ്യമാക്കി മത്സ്യവിത്തുല്പാദന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും സാധിക്കുന്നതാണ്. ഇതു കൂടാതെ പ്രസ്തുത പ്രദേശത്ത് വികസനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ടൂറിസവുമായി ബന്ധപ്പെടുത്തി ജല വിസ്തൃതിയുള്ള പ്രദേശം, ബോട്ടിംഗ്, വിനോദത്തിനായുള്ള മത്സ്യബന്ധനം എന്നീ പരിപാടികൾ നടപ്പിലാക്കുന്നതിന് സാദ്ധ്യതകളേറെയുണ്ട്. ഇതിനായി ഏകദേശം ഒരു കോടി രൂപ ചെലവുവരുമെന്ന് പ്രതീക്ഷിക്കുന്നു.

സംയോജന ഏകോപന സാധ്യതകൾ

1. മത്സ്യകൃഷി മേഖല

പട്ടിക - 7.1

ക്രമ നം.	പ്രവർത്തനങ്ങൾ	ചുമതല/സ്ഥാപനങ്ങൾ			
		തദ്ദേശ സ്വയം ഭരണ സ്ഥാപനം	മത്സ്യവകുപ്പ്	മറ്റു വകുപ്പുകൾ	മിഷനുകൾ
1	പടുതാക്കുള നിർമ്മാണം	ഗ്രാമപഞ്ചായത്ത്			തൊഴിലുറപ്പ് പദ്ധതി
2	പൊതുജലാശയങ്ങളുടെ നവീകരണം	ഗ്രാമപഞ്ചായത്ത്			തൊഴിലുറപ്പ് പദ്ധതി
3	കുളം വൃത്തിയാക്കൽ	ഗ്രാമപഞ്ചായത്ത്			തൊഴിലുറപ്പ് പദ്ധതി
4	പൊക്കാളി പാടശേഖരങ്ങളിൽ ഒരു നെല്ലും ഒരു മീനും പദ്ധതി	ഗ്രാമപഞ്ചായത്ത്		കൃഷി വകുപ്പ്	
5	പൊക്കാളിപ്പാടങ്ങളിലെ തൂമ്പുകുഴി പ്രദേശങ്ങളിൽ കൂട് മത്സ്യകൃഷി ,	ഗ്രാമപഞ്ചായത്ത്		കൃഷി വകുപ്പ്	
6	അക്വാപോണിക്സ് കൃഷി രീതി	ഗ്രാമപഞ്ചായത്ത്		കൃഷി വകുപ്പ്	
7	ഫിഷ് പാർക്ക് പദ്ധതി	ജില്ലാ പഞ്ചായത്ത്		ടൂറിസം	

2. തീര സംരക്ഷണം

പട്ടിക - 7.2

ക്രമ നം.	പ്രവർത്തനങ്ങൾ	ചുമതല/സ്ഥാപനങ്ങൾ			
		തദ്ദേശ സ്വയം ഭരണസ്ഥാപനം	മത്സ്യവകുപ്പ്	മറ്റു വകുപ്പുകൾ	മിഷനുകൾ
1	തീരപ്രദേശത്ത് കണ്ടൽചെടികൾ വച്ചുപിടിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.	ഗ്രാമപഞ്ചായത്ത്		വനം വന്യജീവി	ഹരിതകേരളം മിഷൻ
2	പുലിമുട്ട് നിർമ്മാണം	ജില്ലാ പഞ്ചായത്ത്		ഹാർബർ എഞ്ചിനീയറിംഗ്	

I. സേവന മേഖല

പട്ടിക – 7.3

ക്രമ നം.	പ്രവർത്തനങ്ങൾ	ചുമതല/സ്ഥാപനങ്ങൾ			
		തദ്ദേശ സ്വയം ഭരണസ്ഥാപനം	മത്സ്യവകുപ്പ്	മറ്റു വകുപ്പുകൾ	മിഷനുകൾ
1	ഗാർഹീക പീഡനം, മദ്യം, മയക്കു മരുന്ന് ഉപയോഗം, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങൾ	ഗ്രാമപഞ്ചായത്ത്		സാമൂഹ്യക്ഷേമം	
2	പോഷകാഹാരക്കുറവ് പരിഹരിക്കുന്നത്	ഗ്രാമപഞ്ചായത്ത്		സാമൂഹ്യക്ഷേമം	
3	ബോയ്സ്/ഗേൾസ്ക്ലബുകൾ രൂപീകരിക്കുക	ഗ്രാമപഞ്ചായത്ത്		സാമൂഹ്യക്ഷേമം	
4	ജെറിയാട്രിക് കെയർ	ഗ്രാമപഞ്ചായത്ത്		സാമൂഹ്യക്ഷേമം	
5	ഭിന്നശേഷിക്കാർക്ക് ക്ഷേമം	ഗ്രാമപഞ്ചായത്ത്		സാമൂഹ്യക്ഷേമം	
6	തീരദേശ മേഖലയിലെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുക	ഗ്രാമപഞ്ചായത്ത്		വിദ്യാഭ്യാസം	
6	പഠനവൈകല്യം കണ്ടെത്തി വേണ്ട പരിഹാരമാർഗ്ഗങ്ങൾ അവലംബിക്കണം	ഗ്രാമപഞ്ചായത്ത്		വിദ്യാഭ്യാസം	
8	സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം	ഗ്രാമപഞ്ചായത്ത്		വിദ്യാഭ്യാസം	

1. ശുചിത്വം

പട്ടിക – 7.4

ക്രമ നം.	പ്രവർത്തനങ്ങൾ	ചുമതല/സ്ഥാപനങ്ങൾ			
		തദ്ദേശ സ്വയം ഭരണ സ്ഥാപനം	മത്സ്യവകുപ്പ്	മറ്റു വകുപ്പുകൾ	മിഷനുകൾ
1	കമ്മ്യൂണിറ്റിടോയ്ലറ്റുകൾ സ്ഥാപിക്കുക	ഗ്രാമ പഞ്ചായത്ത്	മത്സ്യവകുപ്പ്	ആരോഗ്യം	
2	മാലിന്യ നിർമ്മാർജന യൂണിറ്റുകൾ സ്ഥാപിക്കുക	ഗ്രാമ പഞ്ചായത്ത്	മത്സ്യവകുപ്പ്	ആരോഗ്യം	
3	തോടുകളുടെപുനരുദ്ധാരണം	ഗ്രാമ പഞ്ചായത്ത്	മത്സ്യവകുപ്പ്	ജലസേചന വകുപ്പ്	
4	മത്സ്യത്തൊഴിലാളി ഹെൽത്ത് കാർഡ്	ഗ്രാമ പഞ്ചായത്ത്	മത്സ്യവകുപ്പ്	ആരോഗ്യം	
5	മെഡിക്കൽ ക്യാമ്പ്	ഗ്രാമ പഞ്ചായത്ത്	മത്സ്യവകുപ്പ്	ആരോഗ്യം	
6	കളിസ്ഥലം	ഗ്രാമ പഞ്ചായത്ത്	മത്സ്യവകുപ്പ്	ആരോഗ്യം	

2. പ്രത്യേക പദ്ധതികൾ
പട്ടിക – 7.5

ക്രമ നം.	പ്രവർത്തനങ്ങൾ	നടപ്പിലാക്കേണ്ട പ്രദേശം
1	തീരദേശത്തെ കടൽ ഭിത്തികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് പുലിമുട്ടുകൾ സ്ഥാപിക്കൽ	തീരദേശ പഞ്ചായത്തുകളായ ചെല്ലാനം, എളങ്കുന്നപ്പുഴ, ഞാറക്കൽ, എടവനക്കാട്, നായരമ്പലം, കുഴുപ്പിള്ളി, പള്ളിപ്പുറം
2	മാലിന്യ നിർമാർജ്ജന യൂണിറ്റുകൾ സ്ഥാപിക്കൽ	തീരദേശ പഞ്ചായത്തുകളായ ചെല്ലാനം, എളങ്കുന്നപ്പുഴ, ഞാറക്കൽ, എടവനക്കാട്, നായരമ്പലം, കുഴുപ്പിള്ളി, പള്ളിപ്പുറം
3	പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള പദ്ധതികൾ	ചെല്ലാനം

മിഷനുകളുമായുള്ള സംയോജനം

തീരദേശത്ത് പ്രാഥമീകാരോഗ്യകേന്ദ്രങ്ങളുടെ അവസ്ഥ ശോചനീയമാണ്. മുരിക്കും പാടം, വളപ്പ് സബ്സെന്ററുകൾക്ക് നിലവിൽ കെട്ടിടം ഇല്ലാത്ത അവസ്ഥയാണ്. മാലിപ്പുറം കമ്മ്യൂണിറ്റി ഹെൽപ്പ് സെന്ററിൽ 30 രോഗികൾക്ക് നിലവിൽ 5 ഡോക്ടർമാർ ആണ് ഉള്ളത്. സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പുതിയതായി കെട്ടിടവും ഡോക്ടർമാരും അനുബന്ധ സേവകരും ആവശ്യമാണ്. ഫിഷറീസ് വകുപ്പ്, ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, കുടിവെള്ള പദ്ധതി, സാമൂഹ്യനീതി വകുപ്പ്, ഉൾനാടൻ വികസനം, ഭക്ഷ്യവകുപ്പ്, റവന്യൂ വകുപ്പ് എന്നിവ ചേർന്ന് ജില്ലാതലത്തിൽ സംയുക്തകമ്മിറ്റി രൂപീകരിക്കണം. പ്രസ്തുത വകുപ്പുകൾ മത്സ്യമേഖലയ്ക്ക് പ്രത്യേകമായി പദ്ധതികൾ തയ്യാറാക്കി പ്ലാൻ ഫണ്ടിന്റെ 20% ചിലവഴിച്ച് ഒരു സബ്പ്ലാൻ സെക്ടർ പ്ലാൻ തയ്യാറാക്കി മത്സ്യമേഖലയുടെ പിന്നാക്കാവസ്ഥയ്ക്ക് പരിഹാരം കാണാവുന്നതാണ്.

7.7 വനം വകുപ്പ്

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പ്രാദേശികതലത്തിൽ മണ്ണിന്റെ അറ്റ്ലസ് (സോയിൽ അറ്റ്ലസ്)ഉണ്ടാക്കുക. ഉണ്ടെങ്കിൽ കാലാനുസൃതമായി നവീകരിക്കുക.
2. മണ്ണിന്റെ ഗുണനിലവാരം നിർണ്ണയിക്കുക.
3. മണ്ണെടുപ്പ്, ക്വാറിയിംഗ് എന്നിവയുടെ പാരിസ്ഥിതിക ആഘാത പഠനം/ സാമൂഹ്യ ഓഡിറ്റിംഗ്.
4. ജലസ്രോതസ്സുകളുടെ മാപ്പിംഗ്.
5. ജലത്തിന്റെ ഗുണനിലവാര പഠന പദ്ധതികൾ.
6. പ്രകൃതി ദുരന്തങ്ങളെ മുൻകൂട്ടി അറിയിക്കുന്നതിനും, തടയുന്നതിനും (വെള്ളക്കെട്ട്, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ മുതലായവ) ഉതകുന്ന പദ്ധതികൾ.
7. വ്യവസായ മേഖലകളിലും കൊച്ചി പോലുള്ള നഗരങ്ങളിലും വായു ഗുണ നിലവാര പഠനങ്ങൾ/തുടർച്ചയായ നിരീക്ഷണം.
8. നിലവാര തകർച്ച ശ്രദ്ധയിൽപ്പെട്ടാൽ നിയന്ത്രണ പദ്ധതികൾ.
9. വാഹനങ്ങളുടെ വായു മലിനീകരണ ടെസ്റ്റിംഗ് സെന്ററുകൾ (കുടുംബശ്രീ).
10. കാർബൺ രഹിത വാഹനങ്ങൾ വാങ്ങുന്നതിനും, പൊതു ഉപയോഗങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതികൾ (സൈക്കിൾ, വൈദ്യുതി വണ്ടികൾ).
11. സസ്യാവരണം വർദ്ധിപ്പിക്കുന്നതിനുള്ള സംയുക്ത സംരഭങ്ങൾ (വനംവകുപ്പ്).
12. ജൈവ പദാർത്ഥങ്ങൾ (കരിയില/മറ്റ് വസ്തുക്കൾ) കത്തിച്ചുകളയുന്നത് നിരുത്സാഹ പ്പെടുത്തിക്കൊണ്ട് അവയെ ജൈവവളമാക്കുന്നതിനുള്ള പദ്ധതികൾ.

13. വികസന പദ്ധതികളുടെ സാമൂഹ്യ - സാമ്പത്തിക - പാരിസ്ഥിതിക നേട്ടങ്ങൾ/ കോട്ടങ്ങൾ വിലയിരുത്തി അവ സുസ്ഥിരവും, ജനക്ഷേമകരവും ആണോ എന്ന് തിരിച്ചറിയുന്നതിനുള്ള പരിപാടികൾ.

14. ഇത്തരം പഠനവിവരങ്ങളുടെ പ്രസിദ്ധീകരണം/ലഭ്യമാക്കൽ.

15. ഊർജ്ജ ഓഡിറ്റിംഗ്/സംരക്ഷണ ബോധവത്ക്കരണ

16. പദ്ധതികൾ എന്നിങ്ങനെ വിവിധങ്ങളായ പദ്ധതികൾ വികസനവും ജീവിത ഗുണമേന്മയുമായി കൂട്ടിയിണക്കി ആവിഷ്ക്കരിക്കുന്നതിനു സാധിക്കും.

17. സസ്യ-ജന്തു ജാലങ്ങളുടെ കണക്കെടുപ്പും, അമിത ചൂഷണം തടയുന്നതിനുമുള്ള ശ്രമങ്ങൾ. (ജൈവ വൈവിധ്യ പരിപാലന സമിതി - ബിഎംസി, സംസ്ഥാന ബോർഡ് എന്നിവയും സഹകരണത്തോടെ)

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ഗുണചോർച്ച ഉണ്ടെങ്കിൽ പരിഹാര പദ്ധതികൾ ആവിഷ്കരിക്കുക. (മണ്ണു സംരക്ഷണ - കൃഷി വകുപ്പിന്റെ സഹായം)

2. മണ്ണൊലിപ്പ് തടയുന്നതിനുള്ള പദ്ധതികൾ. (കയ്യാല, സസ്യാവരണം, കൂവസ്ത്രം)

3. കാർഷിക പ്രവർത്തനങ്ങളിൽ മണ്ണു സംരക്ഷണത്തിനുവേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തുക, നടപ്പാക്കുക.

4. തരിശു നിലങ്ങളുടെയും കരഭൂമിയുടെയും വീണ്ടെടുക്കൽ പദ്ധതികൾ.

5. ജൈവകൃഷി പ്രോത്സാഹന പരിപാടികൾ.

6. ജൈവവളങ്ങളും (കമ്പോസ്റ്റ്, ചാണകം, പച്ചില) ജൈവ കീടനാശിനികളും ഉണ്ടാക്കുന്നതിനും, ഉപയോഗിക്കുന്നതിനുമുള്ള സാധ്യതകൾ.

7. കള-കീടനാശിനികളുടെ ഉപയോഗത്തിലുള്ള നിയന്ത്രണം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ (കാർഷിക കൂട്ടായ്മകൾ, കുടുംബശ്രീ, തൊഴിലുറപ്പ്).

8. മണ്ണിന്റെ പുനർജീവന പദ്ധതികൾ.

9. മട്ടുപ്പാവ്/വീട്ടുവളപ്പ്/വെർട്ടിക്കൽ ഫാമിംഗ് പദ്ധതികൾ എന്നിങ്ങനെ ഒട്ടേറെ സാധ്യതകൾ മണ്ണും കൃഷിയുമായി ബന്ധപ്പെട്ട് രൂപപ്പെടുത്താവുന്നതാണ്.

10. ജലസ്രോതസ്സുകളുടെ (അരുവികൾ, തോടുകൾ, കുളങ്ങൾ, പുഴകൾ, കിണറുകൾ) സംരക്ഷണ പുനർജ്ജീവന പദ്ധതികൾ. (ജൈവപരവും പ്രകൃതിക്ക് ഇണങ്ങുന്നതും)

11. പുഴയോര പുറമ്പോക്കുകൾ തിരിച്ച് പുഴയോര സസ്യവത്ക്കരണം.

12. മഴവെള്ള സംഭരണികൾ/മഴക്കുഴികൾ എന്നിവയുടെ നിർമ്മാണം/പരിപാലനം.

13. കാർഷികാവശ്യത്തിന് ട്രിപ്പ് ഇറിഗേഷനുള്ള പദ്ധതികൾ.

14. ജലസേചന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ.

15. ജലജന്യ രോഗ പ്രതിരോധ പരിപാടികൾ.

16. ജല വിനിയോഗ ഓഡിറ്റിംഗ്/ ജലസാക്ഷരത പദ്ധതികൾ - ഇവയെല്ലാം ഇതിൽ അടുത്തതലം പദ്ധതികൾ തദ്ദേശീയ തലത്തിൽ പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് കഴിയും.

17. കാൽ നടക്കാർക്ക് നടപ്പുവഴിയും സുരക്ഷയും, പ്രോത്സാഹാനവും.

18. കൃഷി, വ്യവസായം, മത്സ്യബന്ധനം എന്നീ മേഖലകളിലെ വെല്ലുവിളികൾ കണ്ടെത്തുന്നതിനും, പരിഹരിക്കുന്നതിനുമുള്ള പദ്ധതികൾ. (വിവിധ ഏജൻസികൾ - പബ്ലിക് - പ്രൈവറ്റ്)

19. പരിസ്ഥിതി സൗഹൃദ ചെറുകിട/ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ. (ഇവ വരുമാന വർദ്ധനവിന്

ഉതകുന്നതും സുസ്ഥിരവുമാണെന്ന് ഉറപ്പാക്കണം)

20. വികസന പദ്ധതികൾക്കായി ഭൂപ്രകൃതിയിൽ വരുത്തിയിരിക്കുന്ന മാറ്റങ്ങൾ (മരംവെട്ട്/ മണ്ണെടുപ്പ്/കുളം നികത്തൽ/കായൽ നികത്തൽ) ലഘൂകരിക്കുന്നതിനുള്ള പദ്ധതികൾ. (വനം വകുപ്പും - മറ്റു ഡിപ്പാർട്ടുമെന്റുകളുമായും സഹകരിച്ച്)
21. വ്യവസായശാലകൾ, മാലിന്യ നിർമ്മാർജ്ജന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഹരിത ഭിത്തി (ഗ്രീൻ വാൾ/ബെൽറ്റ്) നിർമ്മാണം.
22. പൊതു ഇടങ്ങളിൽ ശലഭോദ്യാനം/ നക്ഷത്രവനങ്ങൾ/തദ്ദേശീയ വൃക്ഷ സമൂഹങ്ങൾ എന്നിവയുടെ നട്ടുവളർത്തൽ.
23. ഊർജ്ജ സംരക്ഷണ ഉപഭോഗ നിയന്ത്രണ പദ്ധതികൾ.
24. ഖര-ജൈവ മാലിന്യങ്ങൾ കുറയ്ക്കുന്നതിനും, സംസ്ക്കരിക്കുന്നതിനുമുള്ള പദ്ധതികൾ.
25. ദ്രവ മാലിന്യങ്ങൾ പൊതു ഇടങ്ങളിലേക്കും ജലസ്രോതസ്സുകളിലേക്കും ഒഴുകുന്നത് തടയുന്നതിനുള്ള പദ്ധതികൾ.
26. തദ്ദേശീയ മത്സ്യ സമ്പത്തിന്റെ പുനർജീവന സാധ്യതകൾ. (ഫിഷറീസ് വകുപ്പ്, സർവ്വകലാശാല, വിവിധ ഏജൻസികൾ)
27. ഉൾനാടൻ മത്സ്യകൃഷിക്കുള്ള സഹായ പദ്ധതികൾ. (കെയ്ജ് ഫാമിംഗ് പോലെ)
28. പച്ചക്കറി കൃഷി, ഔഷധസസ്യ തോട്ടങ്ങൾ, എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ. (ഉല്പാദനവും, വിപണനവും)
29. ജൈവവൈവിധ്യം അടിസ്ഥാനമാക്കി ജിവിതോപാധികളുടെ കാര്യത്തിൽ നൂതനവും പ്രായോഗികവുമായ വരുമാന വർദ്ധന പദ്ധതികൾ.
30. ഗ്രീൻ ഇന്ത്യ വിഷന്റെ ഹരിത സംഘങ്ങളുടെ തുടർ പ്രവർത്തനം സാധ്യമാക്കൽ.
31. അഗ്രോഫൊറസ്ട്രി/ഫാം ഫോറസ്ട്രി പ്രോത്സാഹനം.
32. കന്നുകാലി, കോഴി, താറാവ് എന്നിവയെ വളർത്തുന്നതിനും, ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുമുള്ള സഹായങ്ങൾ.
33. ഗ്രാമചന്തകൾ/സഹകരണ വിപണന പദ്ധതികൾ.
34. ഹരിതവേലികൾ (ഗ്രീൻ ഫെൻസ് / ഹെഡ്ജ് റോസ്), കാവുകൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ.
35. പാരമ്പര്യ കാർഷിക പ്രവർത്തനങ്ങളുടെ പുനർസൃഷ്ടി സാധ്യമാക്കുന്ന പദ്ധതികൾ.
36. ചൂടിനെ ചെറുക്കുന്ന, കുറഞ്ഞ ജലം വേണ്ട കാർഷിക പ്രാധാന്യമുള്ള സസ്യ ഇനങ്ങളുടെ കണ്ടെത്തൽ, പ്രജനന, വിതരണ പദ്ധതികൾ.
37. വനപ്രദേശങ്ങളിലെ പങ്കാളിത്ത വനപരിപാലന സംഘങ്ങളുടെ (വി.എസ്.എസ് & ഇ.ഡി.സി.എസ്) പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ.
38. വനവിഭവ വിപണനത്തിനുള്ള സഹായങ്ങൾ.

- ഹരിതകേരളം 2017 പദ്ധതിയിൽ പെടുത്തി 325000 വിവിധ ഇനം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് സ്ക്കൂൾ, കോളേജ്, സന്നദ്ധസംഘടനകൾ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, മീഡിയ, വ്യക്തികൾ എന്നിവർക്ക് വിതരണം ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക – 7.6

സ്ഥാപനം	എണ്ണം	വിതരണം ചെയ്ത തൈകളുടെഎണ്ണം
സ്ക്കൂൾ	191	62981
കോളേജ്	40	12680
പഞ്ചായത്ത്/മുനിസിപ്പാലിറ്റി	79	54780
മീഡിയ	4	14650
രാഷ്ട്രീയ പാർട്ടികൾ	64	44370
മതസ്ഥാപനങ്ങൾ	70	25475
വിവിധ വകുപ്പുകൾ	36	13675
എൻ.ജി.ഒ.	97	84631
വ്യക്തികൾ		4437
ആകെ		317679

2018-19 വർഷത്തിൽ 375000 വിതരണം ചെയ്യുന്നതിലേക്കായി തൈകൾ ഉത്പാദിപ്പിച്ചു കൊണ്ടിരിക്കുന്നു.

വഴിയോരത്തണൽ പദ്ധതി: ടി പദ്ധതി പ്രകാരം താഴെപറയുന്ന പാതയോരങ്ങളിൽ തൈകൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്.

പട്ടിക – 7.7

പ്ലാന്റ് ചെയ്ത റോഡിന്റെ പേര്	എണ്ണം
നെടുങ്ങാടി ബോട്ട്ജെട്ടി റോഡ്	130
നെടുങ്ങാട് അണിയിൽ റോഡ്	80
ഹെർബർട്ട് ബ്രിഡ്ജ് റോഡ്	50
വീട്ടൂർ ഡിപ്പോ റോഡ്	246
തങ്കളംകാക്കനാട്ബൈപാസ് റോഡ്I	600
തങ്കളംകാക്കനാട്ബൈപാസ് റോഡ്II	250
എം.സി. റോഡ്വല്ലം ജംഗ്ഷൻ	100
എൻ.എച്ച്.66 കുണ്ടന്നൂർ	320

വ്യവസായം-വാണിജ്യം-സ്വയംതൊഴിൽ സംരംഭങ്ങൾ

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പാരമ്പര്യമായി തുടർന്നു പോരുന്ന സംരംഭങ്ങൾ ആകയാൽ പുതുതായി ആരംഭിയ്ക്കുന്ന സംരംഭങ്ങൾ വളരെ കുറവാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള യൂണിറ്റുകളുടെ വിപുലീകരണം, വർക്ക്ഷെഡ് മെയിന്റനൻസ് എന്നിവ പദ്ധതിയിലുൾപ്പെടുത്തേണ്ടതാണ്.
2. കരകൗശല മേഖലയിൽ ഈറ്റ, ചൂരൽ തുടങ്ങിയ അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്ന സംരംഭകർക്ക് അവരുടെ യൂണിറ്റിന്റെ ഉൽപ്പാദന ശേഷിയുടെ അടിസ്ഥാനത്തിൽ പ്രവർത്തന മൂലധന ഗ്രാന്റും പരിഗണിക്കാവുന്നതാണ്.
3. സ്വയം തൊഴിൽ പദ്ധതി എന്ന നിലയിൽ ബിസിനസ്സ് സംരംഭങ്ങൾ കൂടി പദ്ധതിയിൽ പരിഗണിച്ചാൽ പദ്ധതിയ്ക്ക് കൂടുതൽ പ്രചാരം ലഭിയ്ക്കുന്നതാണ്.

കീഴ്ത്തട്ട് നിർദ്ദേശം

1. ഗ്രാമപഞ്ചായത്ത് തലങ്ങളിൽ കുടുംബിനികളായ യുവതികൾക്ക് നെയ്ത്തിൽ പരിശീലനം നൽകി. തറി ഇട്ട് സംരംഭം ആരംഭിയ്ക്കുന്നതിന് പ്രോത്സാഹനം നൽകാവുന്നതാണ്.

2. ഉൽപ്പന്നങ്ങൾ കൈത്തറി സഹകരണ സംഘങ്ങൾ വഴിയും ഹാൻടെക്സ്, ഹാൻവീവ് തുടങ്ങിയ സർക്കാർ സംവിധാനങ്ങൾ വഴിയും വിപണനം നടത്താവുന്നതാണ്.

സംയോജന സാധ്യതകൾ

- പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമായി സംയോജിച്ചുകൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സംരംഭകത്വ വികസന പരിപാടിയും സ്കിൽ പരിശീലനവും നൽകിക്കൊണ്ട് പ്രസ്തുത വകുപ്പുകളക്ക് വകമാറ്റിയിട്ടുള്ള ഫണ്ട് ഉപയോഗിച്ച് വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുക. ഇത് നടപ്പാക്കുന്നതിനായി ഗുണഭോക്താക്കളെ വകുപ്പുകൾ സംയുക്തമായി നടത്തുന്ന കൂടിക്കാഴ്ചയിലൂടെ തെരഞ്ഞെടുക്കാവുന്നതും പട്ടികജാതി/വർഗ്ഗവികസന വകുപ്പിൽ 'ട്രെയിനിംഗ്& എംപ്ലോയ്മെന്റ്'- നായി ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ച് വ്യവസായ വകുപ്പ് സംരംഭകത്വ വികസനം, നൈപുണ്യ പരിശീലനം എന്നിവ നൽകിക്കൊണ്ട് സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള സേവനങ്ങൾ നൽകാവുന്നതുമാണ്.

- ജില്ലാ എംപ്ലോയ്മെന്റ് ഓഫീസിന്റെ പദ്ധതികൾ പ്രയോജനപ്പെടുത്തി 5 ലക്ഷത്തിൽ അധികരിക്കാത്ത മുതൽമുടക്ക് വരുന്നതും 5 എച്ച്.പി-യിൽ അധികരിക്കാത്ത ഇലക്ട്രിക് പവർ ഉപയോഗിക്കുന്നതുമായ വൈറ്റ് കാറ്റഗറി സംരംഭങ്ങൾ നാനോ ഹൗസ് ഹോൾഡ് സംരംഭങ്ങൾ എന്ന നിലയിൽ പ്രോത്സാഹിപ്പിച്ച് ഓരോ കുടുംബങ്ങളേയും സംരംഭവൽക്കരിക്കുന്നതിനുള്ള ഊർജ്ജിതമായ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പും തൊഴിൽ വകുപ്പും സംയുക്തമായി നടപ്പാക്കാവുന്നതാണ്. ഇതിനായി വകുപ്പുകൾ സംയുക്തമായി കൂടിക്കാഴ്ച സംഘടിപ്പിച്ച് പദ്ധതികൾക്ക് അർഹരായവരെ തെരഞ്ഞെടുക്കുകയും എംപ്ലോയ്മെന്റ് നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതിയിലൂടെ വായ്പ സൗകര്യം ഒരുക്കാവുന്നതുമാണ്. ഗുണഭോക്താക്കൾക്കായി വ്യവസായ വകുപ്പ് വഴി സംരംഭകത്വ പരിശീലനവും നൽകാവുന്നതാണ്.

II സേവന മേഖല

7.8 ആരോഗ്യം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. കേന്ദ്രപദ്ധതികൾ ആവശ്യാനുസരണം മാത്രം സംസ്ഥാനത്ത് നടപ്പിലാക്കുക. നടപ്പിലാക്കുന്നതിന് മുൻപ് ശരിയായ മുന്നൊരുക്കങ്ങൾ താഴെതട്ടിൽ നടന്നിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ സംവിധാനങ്ങൽ ഒരുക്കുക, പ്രതിരോധകുത്തിവയ്പ്പുകൾക്കും മറ്റ് പൊതുജനാരോഗ്യ സംവിധാനങ്ങൾ താറുമാറാകുംവിധം പ്രവർത്തിക്കുന്നവർക്ക് എതിരെ നിയമം ശക്തമാക്കുവാൻ നടപടി സ്വീകരിക്കുക.

2. ക്ഷയരോഗികൾ, എച്ച്.ഐ.വി. ബാധിച്ചവർ, തുടങ്ങിയവർക്ക് പോഷകാഹാരം നൽകുന്നതിനായി നിലവിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്റ്റ് വയ്ക്കാൻ തടസ്സമുണ്ട്. അത് മാറ്റുവാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം.

3. മാലിന്യസംസ്കരണം ശാസ്ത്രീയമായി നടപ്പിലാക്കുവാൻ ആവശ്യമായ നിയമനിർമ്മാണം, മാനവശേഷി എന്നിവ നടപ്പിലാക്കണം.

4. അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവരുടെ ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ പ്രത്യേക സെൽ രൂപീകരണിക്കണം.

5. സ്വകാര്യമേഖലയുടെ പങ്കാളിത്തം പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ ഉണ്ടാകുവാൻ പര്യാപ്തമായ രീതിയിൽ സംസ്ഥാനതലത്തിൽ പ്രവർത്തനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നയരൂപീകരണവും ഉണ്ടാക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രോജക്റ്റുകൾ ജില്ലയുടെ ആരോഗ്യലക്ഷ്യങ്ങൾക്ക് യോജിച്ച രീതിയിൽ തയ്യാറാക്കുക.
2. അതാതു സ്ഥലത്തെ പ്രശ്നങ്ങൾ മനസ്സിലാക്കി അതു പരിഹരിക്കുവാൻ കഴിയുന്ന രീതിയിലുള്ള പദ്ധതികണ് അഭികാമ്യം. ആർദ്രം, പാലിയേറ്റീവ് കെയർ, മാലിന്യ സംസ്കരണം, ക്ഷയരോഗനിർമ്മാർജ്ജനം, അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം, ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന പദ്ധതികളാണ് ആവശ്യം.

ആർദ്രം മിഷൻ

അതാതു പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യകേന്ദ്രം, താലൂക്ക് ജില്ല ആശുപത്രികൾ രോഗീ സൗഹൃദമാക്കുവാൻ ആവശ്യമായ കാര്യങ്ങൾക്ക് മുൻഗണന നൽകണം. ഇതിനായി നിലവിൽ ജില്ലയിലെ 15 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റുവാൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. മഞ്ഞപ്പിത്തം വാർഷികരോഗബാധ 50% കുറക്കുക, 100% എച്ച്.ഐ.വി രോഗികളേയും കണ്ടെത്തി ചികിത്സ ലഭ്യമാക്കുക, ആത്മഹത്യാനിരക്ക് കുറക്കുക, മാനസിക രോഗബാധിതരെ പുനരധിവസിപ്പിക്കുക, പുകവലിയുടെ ഉപയോഗം ഇല്ലാതാക്കുക, ക്ഷയരോഗ നിരക്ക് കുറയ്ക്കുക, മലമ്പനി, മന്ത് എന്നിവ നിർമാർജ്ജനം ചെയ്യുക, വായിലേയും മാറിലേയും ഗർഭാശയഗളത്തിലെയും ക്യാൻസറുകൾ 50% എങ്കിലും ആരംഭത്തിലെ കണ്ടെത്തുക എന്നീ ലക്ഷ്യങ്ങൾക്കായി പദ്ധതികൾ ആവിഷ്കരിക്കുക.

'ആരോഗ്യമുള്ള എറണാകുളത്തിനായി ഒന്നിക്കാം'. :-മാലിന്യമകറ്റാം രോഗങ്ങളും, ഇമ്മ്യൂണൈസ് എറണാകുളം, അതിഥി ദേവോഭവ- അന്യസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യക്ഷേമം, ക്ഷയരോഗമുക്ത എറണാകുളം, നല്ല ഭാവിക്കായി നല്ല ശീലങ്ങൾ എന്നീ അഞ്ച് പ്രധാന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ജനകീയ മുന്നേറ്റമാണ് ഉദ്ദേശിക്കുന്നത്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പാക്കാവുന്നതാണ്. ദീർഘകാലരോഗങ്ങൾ ഉള്ളവർക്കായി ബ്ലോക്ക് തലത്തിൽ പരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്.ആദിവാസികളുടെ ആരോഗ്യത്തിനായി രക്തക്കുറവും, പോഷകാഹാരക്കുറവും പരിഹരിക്കുവാനുള്ള പദ്ധതികളും മാതൃ-ശിശു ക്ഷേമത്തിനായി പ്രത്യേക പദ്ധതികളും രൂപീകരിക്കാവുന്നതാണ്. മൊബൈൽ ക്ലിനിക്കിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്.

സംയോജന സാധ്യതകൾ
പട്ടിക-7.8

ക്രമ നം.	സംയോജന സാദ്ധ്യതയുള്ള പ്രവൃത്തികൾ	സംയോജിപ്പിക്കാവുന്ന വകുപ്പുകൾ
1	അന്യസംസ്ഥാനക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ	1. തദ്ദേശവകുപ്പ് (ത്രിതലം) 2. നഗരവൽക്കരണവും കുടിയേറ്റവും വകുപ്പ് 3. ശുചിത്വ വകുപ്പ് 4. ആരോഗ്യം
2	മോഡുലാർറാക്ക്, ഇഹെൽത്ത്, പൂന്തോട്ടം, കൃഷി, വെയിറ്റിംഗ് ഏരിയ, ടി.വി, കുടിവെള്ളം, എന്നീ സൗകര്യങ്ങൾ രോഗികൾക്കായി ഒരുക്കുക.	1. കൃഷി വകുപ്പ് 2. കുടിവെള്ളം 3. ആരോഗ്യം

3	ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുക, ചിട്ടയായ ഭക്ഷണശീലം വളർത്തിയെടുക്കുക, ശാരീരികമായ നിഷ്ക്രിയത്വം അവസാനിപ്പിക്കുക, മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുവാനും മാലിന്യം ഉത്പാദനം കുറക്കുവാനും ജനങ്ങളെ ശാക്തീകരിക്കുക	1. ശുചിത്വ വകുപ്പ് 2. കൃഷി വകുപ്പ് 4. കുടിവെള്ളം 5. തദ്ദേശവകുപ്പ് (ത്രിതലം) 6. ആരോഗ്യം
4	'ഗ്രീൻപ്രോട്ടോക്കോൾ'	1. തദ്ദേശവകുപ്പ് (ത്രിതലം) 2. ശുചിത്വ വകുപ്പ് 3. ആരോഗ്യം
5	ആദിവാസികളുടെ ആരോഗ്യം	1. പട്ടികവർഗ്ഗ വകുപ്പ് 2. ആരോഗ്യം

7.9 ഹോമിയോപ്പതി

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. മൊബൈൽ ക്ലിനിക്ക്
2. വയോജനങ്ങൾക്കായുള്ള ജെറിയാട്രിക് കെയർ പദ്ധതി
3. വന്ധ്യതാ നിവാരണ ആശുപത്രി

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ഡിസ്പെൻസറികളിൽ ഉച്ചയ്ക്ക് ശേഷം ഒ.പി.യും ലബോറട്ടറി സൗകര്യവും ഏർപ്പെടുത്തുക.
2. ഡിസ്പെൻസറികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.
3. സ്ഥാപനങ്ങൾക്ക് കുടിവെള്ള ലഭ്യത ഏർപ്പെടുത്തുക.
4. ഡിസ്പെൻസറികൾക്ക് ശുചിമുറി സജ്ജീകരിക്കുക.
5. സ്ഥലസൗകര്യങ്ങൾ അനുകൂലമായ 55 ഡിസ്പെൻസറികളിൽ രോഗികൾക്ക് താഴെപറയുന്ന സൗകര്യങ്ങൾ ഒരുക്കുക.
6. ബേബി ഫീഡിംഗ് റൂം
7. ഭിന്നശേഷിക്കാർക്കായി റാമ്പ്.
8. ടോക്കൺ മെഷീൻ
9. ഹോട്ട് & കോൾഡ് വാട്ടർ ഡിസ്പെൻസർ
10. ടെലിവിഷൻ
11. സൗരോർജ്ജ സംവിധാനം
12. മാലിന്യ സംസ്കരണ സംവിധാനം
13. ഹോമിയോപ്പതിക് സോഫ്റ്റ്വെയർ

സംയോജന സാധ്യതകൾ

പട്ടിക - 7.9

ലഹരി വിമുക്ത പദ്ധതി	നീതിന്യായ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, എക്സൈസ്, തൊഴിൽ വകുപ്പ്
വന്ധ്യതാ നിവാരണ പദ്ധതി	ആദിവാസി ക്ഷേമകാര്യം, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വകുപ്പുകളുമായി ആരോഗ്യ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്
സാന്ത്വന ചികിത്സ	ആരോഗ്യമേഖലയിലെ ഇതര ചികിത്സ വിഭാഗങ്ങളുമായി മലപ്പുറം ജില്ലയിൽ വളരെ ഫലപ്രദമായി പ്രവർത്തിച്ചു വരുന്ന ക്യാൻസർ ചികിത്സ കേന്ദ്രമായ ചേതനയ്ക്ക് സമാനമായ ഒരു ക്യാൻസർ ചികിത്സ കേന്ദ്രം റീജീയണൽ ക്യാൻസർ സെന്ററുമായി സഹകരിച്ച് നടപ്പിൽ വരുത്തുക
ഹോമിയോപ്പതി സ്പോർട്സ് മെഡിസിൻ യൂണിറ്റുകൾ ആരംഭിക്കുക.	യുവജന ക്ഷേമം, കായികം എന്നീ വകുപ്പുകളുമായി സഹകരിച്ച്

അഭികാമ്യമായ നിർദ്ദേശങ്ങൾ

- വേദനാ നിയന്ത്രണ സാന്ത്വന ചികിത്സ ലക്ഷ്യമിട്ടുള്ള പദ്ധതി.മൂവാറ്റുപുഴ, പറവൂർ ആശുപത്രികളിലും കൂടി ക്രമീകരിക്കുക.
- കിടപ്പ്രോഗികൾക്ക് ഹോം കെയർ ഉൾപ്പെടെയുള്ള സമഗ്ര ചികിത്സ. (കത്തീറ്ററൈസേഷൻ ഡ്രെസ്സിംഗ്, റൈൻസ് ട്യൂബ് ഫീഡിംഗ്, വാട്ടർബെഡ്, എയർബെഡ്, വാക്കർ, വീൽചെയർ, കോളോസ്റ്റമി ബാഗ് തുടങ്ങിയവ സൗജന്യമായി)
- വന്ധ്യതാ ചികിത്സാ ക്ലിനിക്ക്. എറണാകുളം, പറവൂർ ആശുപത്രികളിലും കൂടി ക്രമീകരിക്കുക.
- കണ്ണൂരിലെ ജനനി ആശുപത്രിയുടെ മാതൃകയിൽ എറണാകുളം ജില്ലയിൽ ഒരു ആശുപത്രി.
- വയോജനങ്ങൾക്കായുള്ള ജെറിയാട്രിക് കെയർ പദ്ധതി.
- ഹോമിയോപ്പതി ചികിത്സയോടൊപ്പം ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനംകൂടി ലഭ്യമാക്കാവുന്നതാണ്.
- ജില്ലയിൽ വാഹനസൗകര്യം കുറവായ കിഴക്കൻ മേഖലയിലെ അതിവിദൂര പ്രദേശങ്ങളിലെ ജനങ്ങൾക്ക് വിവിധ കേന്ദ്രങ്ങളിൽ ഒരു നിശ്ചിത ദിവസം ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യം.

7.11 ഭാരതീയ ആയുർവേദം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഭാരതീയ ചികിത്സാ വകുപ്പിനു കീഴിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളും KASH നിലവാരത്തിലേക്ക് കൊണ്ടുവരിക. എല്ലാ സ്ഥാപനങ്ങളിലും നൂതന സൗകര്യങ്ങൾ, ടോക്കൺ സംവിധാനം, പ്രത്യേക കൗണ്ടറുകൾ പൂന്തോട്ടം തുടങ്ങിയവ സജ്ജമാക്കേണ്ടതാണ്.
2. ആരോഗ്യ വകുപ്പിലേതുപോലെ തന്നെ ഒരു അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ തസ്തിക ഭാരതീയ ചികിത്സാ വകുപ്പിലും ആരംഭിക്കേണ്ടതാണ്. കൂടാതെ 'ആയുഷ് ഹെൽത്ത് വോളണ്ടിയർ' എന്ന ഒരു തസ്തികയും (ആശാ വർക്കർമാർക്ക് തത്തുല്യമായത്) വകുപ്പിൽ ആരംഭി ക്കേണ്ടതാണ്. കുറഞ്ഞത് ആയുർവേദ നേഴ്സിംഗ് യോഗ്യതയുള്ളവരെ ഇതിലേക്കായി തിരഞ്ഞെടു ക്കാവുന്നതാണ്.
3. ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ക്ലറിക്കൽ തസ്തികകൾ സൃഷ്ടിക്കുക.
4. ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ ഒരു ഡാറ്റാ മാനേജ്മെന്റ് വിഭാഗത്തിന് വിഭാവനം ചെയ്യുക.
5. ഹെൽത്ത് ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പുമായി സഹകരിച്ചുകൊണ്ട് ആശുപത്രികളിൽ പുതിയ പദ്ധതികൾ കൊണ്ടുവരിക.
6. മുൻ വർഷങ്ങളിലെപ്പോലെതന്നെ 2017-18 സാമ്പത്തിക വർഷവും ഭാരതീയ ചികിത്സാ വകുപ്പ് അനേകം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരത്തിലുള്ള പദ്ധതികൾ എല്ലാ സ്ഥാപനങ്ങളിലും കൊണ്ടുവരിക വഴി കൂടുതൽ ജനങ്ങൾക്ക് ഇതിന്റെ ഗുണഭോക്താക്കളാകുവാൻ സാധിക്കും.
7. ആയുർവേദ സ്ഥാപനങ്ങളിൽ പലതും ഇപ്പോഴും വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങൾ കണ്ടെത്തി ഉടനടി കെട്ടിട നിർമ്മാണം നടത്തുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ജീവനക്കാർക്കും രോഗികൾക്കുമായി പ്രത്യേകം ശൗചാലയം, ഡിസ്പെൻസറിക്ക് സ്വന്തമായി വാട്ടർ കണക്ഷൻ/കിണർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.
8. എല്ലാ ചികിത്സകളുടെയും ഗുണഫലങ്ങൾ ഒന്നിച്ച് ഒരു രോഗിക്ക് ലഭിക്കത്തക്കവിധം ഒരു 'ഹോളിസ്റ്റിക്ക്' ചികിത്സാ സമ്പ്രദായം രൂപപ്പെടുത്തിയെടുക്കുക.
9. വാഹന സൗകര്യം കുറവായ സ്ഥലങ്ങളിലാണ് പല ഡിസ്പെൻസറികളും സ്ഥിതി ചെയ്യുന്നത്

എന്ന കാര്യവും പ്രസക്തമാണ്. ഇത് പലപ്പോഴും ആവശ്യക്കാരായ രോഗികൾക്ക് ഡിസ്പെൻസറിയിൽ എത്തിച്ചേരുന്നതിന് തടസ്സമാകാറുണ്ട്. ഇത്തരം മേഖലകളെ വേർതിരിച്ച് അവിടെ പുതിയ ഡിസ്പെൻസറികൾ, എൻ.എച്ച്.എം ഡിസ്പെൻസറികൾ മുതലായവ ആരംഭിക്കണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. കൊതുക് നിർമ്മാർജ്ജനത്തിനായി പഞ്ചായത്തുമായി സഹകരിച്ചുകൊണ്ട് ആയുർവേദ ഔഷധങ്ങളായ അപരാജിത ഉപയോഗം കാര്യക്ഷമമാക്കുക. ചൂർണ്ണം, ടങ്കണം തുടങ്ങിയവയുടെ
2. ഔഷധദ്രവ്യങ്ങളുടെ അഭാവം നേരിടുന്നതിനായി എല്ലാ വാർഡുകളിലും ഔഷധ സസ്യകൃഷി നടപ്പിൽ വരുത്തുക.
3. കിടത്തി ചികിത്സാ സൗകര്യങ്ങളുള്ള കൂടുതൽ ആശുപത്രികൾ അനിവാര്യ മാണ്. എല്ലാ ആശുപത്രികളിലും കൂടുതൽ സ്പെഷ്യാലിറ്റികൾ ആരംഭിക്കേണ്ടതാണ്. എല്ലാ ബ്ലോക്കിലും ഒരു 'അഷ്ടാംഗ' ആശുപത്രി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. ഒരു ലാബ് എന്നുള്ളത് ആരോഗ്യ സ്ഥാപനത്തിൽ ആവശ്യം ഉണ്ടായിരിക്കേണ്ട സൗകര്യമാണ്. പ്രായമായ രോഗികൾ കൂടുതലായെത്തുന്ന ആയുർവേദ സ്ഥാപനങ്ങളിൽ ഇത്തരം ഒരു സൗകര്യം ഏർപ്പെടുത്തുന്നത് രോഗികൾക്ക് വളരെ ആശ്വാസകര മായിരിക്കും. അതാതു പഞ്ചായത്തുകൾ വഴി ഇതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാവുന്നതാണ്.

നൂതന ആശയങ്ങൾ

- മിനി പഞ്ചകർമ്മ തീയേറ്റർ/ ഒബ്സർവേഷൻ തീയേറ്റർ: ഔഷധങ്ങൾ നൽകുന്നതിനോടൊപ്പം ചെയ്യാവുന്ന ചില ക്രിയാ ക്രമങ്ങൾ കൂടി ചെയ്യുക യാണെങ്കിൽ പെട്ടന്നുതന്നെ രോഗശമനം ലഭ്യമാക്കുവാൻ സാധിക്കും. ഇതിനായി ആരു മിനി പഞ്ചകർമ്മ തീയേറ്റർ ഒരുക്കേണ്ടതുണ്ട്. എല്ലാ ആയുർവ്വേദ ഡിസ്പെൻസറികളിലും ഇലക്കിഴി, സ്വേദനം, നസ്യം, നേത്രസേകം, രക്തമോക്ഷം തുടങ്ങിയ കർമ്മങ്ങൾ ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉള്ള ഒരു മിനി പഞ്ചകർമ്മ തീയേറ്റർ സ്ഥാപിക്കേണ്ടതാണ്.പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന സാഹചര്യങ്ങളിൽ, രോഗികളെ കുറഞ്ഞത് 24 മണിക്കൂർ നേരമെങ്കിലും നിരീക്ഷണത്തിൽ വെയ്ക്കുവാൻ സാധിക്കുന്ന തരത്തിലുള്ള ഒബ്സർവേഷൻ തീയേറ്റർ ഡിസ്പെൻസറികളിൽ സജ്ജമാക്കേണ്ടതാണ്.
- ഫാമിലി ആയുഷ് സെന്റർ :ഓരോ ബ്ലോക്കിലും ഒരു 'ഫാമിലി ആയുഷ് സെന്റർ' സ്ഥാപിക്കുക. ആയതിൽ ചുവടെ പറയുംപ്രകാരം ജീവനക്കാരെ വിന്യസിക്കേണ്ടതാണ്.

പട്ടിക 7.10

മെഡിക്കൽ ഓഫീസർ	3 തസ്തിക (ജനറൽ മെഡിസിൻ, ശല്യതന്ത്രം, സ്വസ്ഥവൃത്തം എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം ഉള്ളവർ)
യോഗ ട്രെയ്നർ	4 തസ്തിക
ഹെൽത്ത് ഇൻസ്പെക്ടർ	3 തസ്തിക
ലാബ് ടെക്നീഷ്യൻ	1 തസ്തിക

- ഫാമിലി ആയുഷ് സെന്ററിനോട് അബന്ധിച്ച് ഒരു മൊബൈൽ ലാബ്, മൊബൈൽ ഡ്രഗ് ഡിസ്പെൻസിംഗ് യൂണിറ്റ് എന്നിവ കൂടി സജീകരി ക്കേണ്ടതാണ്. ഇതിനെ ഭാരതീയ ചികിത്സാ വകുപ്പിന്റെ 'Community Field Centre' ആയി വിഭാവനം ചെയ്യേണ്ടതാണ്. ഓരോ ബ്ലോക്കിലെയും

യോഗ പരിശീലനം, ജീവിതശൈലി രോഗനിർണ്ണയം, പാലിയേറ്റീവ് കെയർ, സ്കൂൾതല ആരോഗ്യ പദ്ധതികൾ തുടങ്ങിയവ പൂർണ്ണമായും FAC വഴി നടപ്പിലാക്കുക. പ്രസ്തുത പദ്ധതികൾ ബ്ലോക്ക് തലത്തിൽ ആവിഷ്ക്കരിച്ച് പഞ്ചായത്ത് തലത്തിൽ അതതു ആയുർവ്വേദ ഡിഡ്പെൻസറികളുമായി സഹകരിച്ച് നടപ്പിലാക്കേണ്ടതാണ്.

- ഡാറ്റാ മാനേജ്മെന്റ് വിഭാഗം: ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ ഒരു ഡാറ്റാ മാനേജ്മെന്റ് വിഭാഗത്തിന് വിഭാവനം ചെയ്യുക.

- എമർജൻസി സെൽ, ഡാറ്റാ മാനേജ്മെന്റ് സെൽ: പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്ന തരത്തിലുള്ള അടിയന്തിര ഘട്ടങ്ങളിൽ ഒരു എമർജൻസി സെൽ രൂപീകരിച്ച് അവരുടെ നിരീക്ഷണ കുറിപ്പുകൾ പ്രകാരം നൂതന പദ്ധതികൾ നടപ്പിലാക്കുകയും ഇതിന്റെ റിപ്പോർട്ടുകൾ ഒരു ഡാറ്റാ മാനേജ്മെന്റ് സെൽ ക്രോഡീകരിക്കുകയും ചെയ്യുക. ഇത്തരത്തിൽ രണ്ടു വിഭാഗങ്ങൾ തയ്യാറാക്കുന്ന ഡാറ്റ കൂടുതൽ കൃത്യതയുള്ളതായിരിക്കും എന്ന കാരണത്താൽ ആയത് ഗവൺമെന്റിലേക്ക് തുടർ നടപടി കൾക്കായി സമർപ്പിക്കുവാൻ സാധിക്കും. ഇത് വകുപ്പിന്റെ പ്രവർത്തനങ്ങളുടെ സുതാര്യത വർദ്ധിപ്പിക്കുന്നതാണ്.

- പൊതുജനങ്ങൾക്കും പുതുതലമുറക്കും അറിവ് നൽകുന്നതിനായി ചെറിയ ഔഷധ ഉദ്യാനങ്ങൾ ആരംഭിക്കാവുന്നതാണ്. കൂടാതെ എല്ലാ വാർഡുകളിലും വീടുകളിലും ഔഷധ സസ്യകൃഷി നടപ്പിൽ വരുത്തേണ്ടതാണ്. ഒരു വാർഡിൽ ഒന്നോ രണ്ടോ ഔഷധസസ്യം ഹ്രസ്വകാല അടിസ്ഥാനത്തിൽ വിളവെടുക്കാ വുന്നവയും ദീർഘകാലാടിസ്ഥാനത്തിൽ വിളവെടുക്കാവുന്നവയും വിതരണം ചെയ്യുക. പ്രധാന കൃഷി ഇനങ്ങളുടെ ഇടവിളയായി കൃഷി ചെയ്യാവുന്ന ചെടികളെ ഈ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്.

- 'ഔഷധി'യിൽ നിന്നും മരുന്നുകൾ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ സമാനമായ ഔഷധ നിർമ്മാണ യൂണിറ്റുകൾ തുടങ്ങുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

- ഒക്കുപ്പേഷണൽ തെറാപ്പി ക്ലിനിക്കുകൾ: മറ്റു ജില്ലകളെ അപേക്ഷിച്ച് എറണാകുളം ജില്ലയിൽ ഐ.ടി കമ്പനികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം വളരെ കൂടുതലാണ്. ഇവർക്ക് ജോലി സംബന്ധമായ ശാരീരിക അസ്വസ്ഥതകൾ കുറയ്ക്കുന്നതിനും മാനസിക പിരിമുറക്കം ലഘൂകരി ക്കുന്നതിനും ഉതകുന്ന പഞ്ചകർമ്മ, യോഗ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒക്കുപ്പേഷണൽ തെറാപ്പി ക്ലിനിക്കുകൾ ആരംഭിക്കാവുന്നതാണ്. വിദേശികൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് യഥാർത്ഥ ആയുർവേദ ചികിത്സയുടെ ഗുണഫലം അനുഭവിച്ചറിയുവാൻ ഇത് സഹായകരമാവും.

- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ : എറണാകുളം ജില്ല വികസനത്തിലും വർദ്ധിച്ചുവരുന്ന ജനസാന്ദ്രതയിലും മറ്റു ജില്ലകളെ അപേക്ഷിച്ച് വളരെ മുന്നിലാണ്. ഈ സാഹചര്യം പലപ്പോഴും പകർച്ച വ്യാധികൾ അനിയന്ത്രിതമായി വർദ്ധിക്കുവാനും ഇടവരുത്താറുണ്ട്. കഴിഞ്ഞ കുറച്ചു കാലങ്ങളായി കൊതുക് പരത്തുന്നതും ചിലപ്പോഴെങ്കിലും മരണകാരിയായേക്കാവുന്നതുമായ പകർച്ച വ്യാധികൾ ജില്ലയിൽ വർദ്ധിച്ചു വരുന്നു. ഇവയ്ക്കുള്ള പ്രതിവിധി കൊതുക് നിർമ്മാർജ്ജനം മാത്രമാണ്. കൂത്താടികളുടെ പ്രജനന കേന്ദ്രങ്ങളെ നശിപ്പിക്കുന്നതിനായി വേപ്പെണ്ണ പുകയില കഷായം പ്രയോഗിക്കുക, പുകയ്ക്കുന്നതിനായി അപരാജിത ധൂമ ചൂർണ്ണം, ടങ്കണം തുടങ്ങിയ മരുന്നുകൾ ഉപയോഗിക്കുക എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. മഴക്കാലത്തിന് മുന്നോടിയായിത്തന്നെ ജൈവ കീടനാശിനികളുടെ പ്രയോഗം, ജൈവ

കൊതുക് നശീകരണ ഔഷധങ്ങളുടെ പുകയ്ക്കൽ എന്നിവ നടത്തുക വഴി പകർച്ചവ്യാധി പ്രതിരോധരംഗത്ത് സംസ്ഥാനത്തിന് തന്നെ മാതൃകയാവുന്ന ഒരു രീതി വികസിപ്പിച്ചെടുക്കാൻ നമുക്ക് സാധിക്കും.

- യുവജനങ്ങളിലെ ബോധവൽക്കരണം: നമ്മുടെ സമൂഹം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് യുവജനങ്ങളിലെ ലഹരിമരുന്നുകളുടെ ഉപയോഗമാണ്. ഐ.സി.ഡി.എസ്, ആശാ വർക്കർമാർ, പോലീസ് വകുപ്പ് എന്നിവയുടെ ഏകോപനത്തോടുകൂടി കൗമാരക്കാരായ കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ, ശില്പശാലകൾ, സത്വാവജയ ചികിത്സ തുടങ്ങിയവ ഏർപ്പെടുത്താ വുന്നതാണ്. ആയുർവേദത്തിൽ രോഗത്തിന്റെ മൂലകാരണമായി പറയുന്നത് 'പ്രജ്ഞാപരാധമാണ്' തെറ്റായ പ്രവർത്തികളാണെന്ന് അറിഞ്ഞുകൊണ്ട് കുട്ടികൾ കുറ്റം ചെയ്യുന്നത് 'പ്രജ്ഞാപരാധം' തന്നെയാണ്. കുട്ടികളിലെ സാത്വിക ഗുണത്തെ വർദ്ധിപ്പിക്കുവാനുതകുന്ന ചികിത്സകളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടപ്പാക്കാവുന്നതാണ്.
- എറണാകുളം ജില്ലയിൽ അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം കഴിഞ്ഞ 5 വർഷത്തിനിടയിൽ ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഭാഗങ്ങളിൽ പകർച്ചവ്യാധികളും, സാംക്രമിക രോഗങ്ങളും വളരെ വേഗത്തിൽ പടർന്നു പിടിക്കുന്നതായി കണ്ടുവരുന്നു. അടിസ്ഥാന സൗകര്യ ങ്ങളുടെ അപര്യാപ്തതയും ശുചിത്വ മില്ലായ്മയുമാണ് രോഗങ്ങളുടെ മുഖ്യഹേതു. അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ പ്രത്യേക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകവഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ സാധിക്കും. ഇവരുടെ കണക്കുകൾ ശേഖരിക്കുകയും കൃത്യമായി രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നപക്ഷം ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ ഔഷധങ്ങൾ ലഭ്യമാക്കുവാൻ സാധിക്കും.
- സ്കൂൾ ഹെൽത്ത് പ്രോഗ്രാം: എല്ലാ സർക്കാർ സ്കൂളുകളിലും യോഗ ക്ലാസ്സുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടുകൂടി ആരംഭിക്കുക. ഇതിനു വേണ്ട പരിശീലകന്റെ യോഗ്യത BNYS / BAMS ആയി നിജപ്പെടുത്തുക. അതുവഴി കുട്ടികളിൽ ചെറുപ്രായത്തിൽ തന്നെ യോഗയോടൊപ്പം നല്ല ഭക്ഷണം – നല്ല ആരോഗ്യം എന്ന ചിന്ത വളർത്തുന്നതിന് സഹായകമാകും.
- കൗമാരക്കാരിലെ വിളർച്ച പരിഹരിക്കുന്നതിന് ജില്ലാപദ്ധതി ആവിഷ്കരിക്കേണ്ടതാണ്. കുട്ടികൾക്കെതിരെയുള്ള ലൈംഗിക ചൂഷണം വർദ്ധിച്ചുവരുന്ന സാഹചര്യങ്ങളിൽ സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിക്കുക വഴി, കുട്ടികളെ ജാഗരൂകരാക്കുവാനും, പ്രതികരണശേഷിയുള്ള ഒരു തലമുറയെ വാർത്തെടുക്കുവാനും സാധിക്കും.

സംയോജന സാധ്യതകൾ

❖ **ഔഷധ സസ്യകൃഷി**

ആയുർവ്വേദ മേഖല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മരുന്നുകൾ നിർമ്മിക്കുന്നതിനുള്ള ഔഷധ സസ്യങ്ങളുടെ അഭാവമാണ്. ഇതിന് പരിഹാരമായി ജില്ലയിൽ ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നേതൃത്വം നൽകണം. ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ സ്ഥലലഭ്യതയുള്ള പക്ഷം കൃഷി ആരംഭിക്കാവുന്നതാണ്. ഉത്പാദിപ്പിക്കുന്ന മരുന്നുകൾ ഔഷധി പോലുള്ള കമ്പനികൾ വാങ്ങി ഉപയോഗിക്കുമെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഔഷധ സസ്യ ബോർഡ്, കൃഷി വകുപ്പ് എന്നിവയുടെ സഹകരണത്തോടു കൂടി വേണം പദ്ധതികൾ നടപ്പിലാക്കുവാൻ.

❖ **ഹെൽത്ത് ടൂറിസം:**

കേരളം ഇന്ന് ഹെൽത്ത് ടൂറിസത്തിന്റെ പ്രധാന ആകർഷണ കേന്ദ്രമാണ്. വിദഗ്ദ്ധ ചികിത്സ തേടി കേരളത്തിലെത്തുന്ന മറ്റ് സംസ്ഥാനക്കാരും അന്യരാജ്യക്കാരുമായിട്ടുള്ളവരുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ ആധികാരികമായ ചികിത്സ ലഭ്യമാകുന്ന രീതിയിലുള്ള സ്ഥാപനങ്ങൾ ജില്ലയിലെ ടൂറിസം രംഗത്തെ പ്രധാന ആകർഷണ സ്ഥലങ്ങളെ കേന്ദ്രീകരിച്ച് ആരംഭിക്കാവുന്നതാണ്. എറണാകുളം ജില്ലയിലെ ആലുവ ഗവ.ആയുർവേദ ആശുപത്രി, മട്ടേഞ്ചേരി ഗവ. ആയുർവേദ ആശുപത്രി, ജില്ലാ ആയുർവേദ ആശുപത്രി എന്നീ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും വിദേശികൾക്കായി സ്യൂട്ട്പോലെയുള്ള താമസസൗകര്യങ്ങൾ ഒരുക്കുവാനും വേണ്ട ശുപാർശകൾ ഡി.റ്റി.പി.സി യ്ക്ക് നൽകാവുന്നതാണ്. വിദേശികളുടെ ചികിത്സയ്ക്കായി ഒരു ഔദ്യോഗിക വെബ്സൈറ്റ് ആരംഭിക്കുകയും രോഗികൾ ഓൺലൈൻ വഴി ആദ്യംതന്നെ പ്രത്യേകം രൂപീകരിച്ചിട്ടുള്ള പാനലിന് രോഗ വിവരങ്ങളും റിപ്പോർട്ടുകളും അയച്ചു കൊടുക്കുകയും ചെയ്യണം. പാനലിന് രോഗിയും രോഗവും പ്രസക്തമാണെന്ന് തോന്നുന്ന പക്ഷം മാത്രം അവർക്ക് ചികിത്സയ്ക്ക് എത്തുന്നതിനുള്ള അനുമതി നൽകുക. ഇത്തരത്തിലുള്ള സംവിധാനം നടപ്പിലാക്കുക വഴി ആരോഗ്യ രംഗത്തെ ചൂഷണം തടയുവാനും വ്യാജവൈദ്യം കുറയ്ക്കുവാനും സാധിക്കും.

7.12 കുടിവെള്ളം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. പുതിയ റോഡുകളോ, പുതിയ പദ്ധതികളോ ആവിഷ്ക്കരിക്കുമ്പോഴും നിലവിലുള്ള റോഡുകൾ വീതി കൂട്ടുമ്പോഴും വാട്ടർ അതോറിറ്റിക്ക് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുവേണ്ട സ്ഥലം കൂടി പരിഗണിക്കേണ്ടതാണ് (ഉദാ: ഇപ്പോൾ ഫുട്പാത്തും ഡ്രൈനും കൊടുക്കുന്നതുപോലെ)
2. ഇപ്പോൾ ചെയ്യുന്ന പദ്ധതികളിൽ കുടിവെളള വിതരണപൈപ്പുകൾ സ്ഥാപിക്കുമ്പോൾ പി.ഡബ്ലു.ഡി.ക്ക് ഡെപ്പോസിറ്റ് ചെയ്യാതെ ആ റോഡിൽ പുനരുദ്ധാരണം കൂടി ജല അതോറിറ്റിക്ക് അനുവദിക്കാവുന്നതാകുന്നു. വർക്കിന്റെ ഗുണനിലവാരം പി.ഡബ്ലു.ഡി.ക്ക് സൂപ്പർവൈസ് ചെയ്യുന്നതിനും അതിന്റെ സൂപ്പർവൈസറി ചാർജ്ജ് പി.ഡബ്ലു.ഡി.ക്ക് അടക്കാവുന്നതുമായാൽ പൈപ്പ്ലൈൻ സ്ഥാപിച്ച് പുനരുദ്ധാരണവും കഴിഞ്ഞ് പി.ഡബ്ലു.ഡി.ക്ക് കൈമാറാൻ കഴിയുന്നതാകുന്നു.
3. നഗരങ്ങളിലെ ഹോട്ടലുകളിലും ആശുപത്രികളിലും ലോഡ്ജുകളിലും മറ്റും പൊതുവിതരണത്തിലൂടെ ലഭിക്കുന്ന ശുദ്ധജലത്തിന്റെ ഉപയോഗം കുടിക്കുന്നതിനും പാചകത്തിനും മാത്രമായി പരിമിതപ്പെടുത്തുകയും മറ്റാവശ്യങ്ങൾക്ക് വേണ്ടിവരുന്ന വെള്ളം അതതു സ്ഥാപനങ്ങൾ കണ്ടെത്തുകയും ചെയ്യുക. ഇതു കർശനമായി നിഷ്കർഷിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. നഗരങ്ങളിൽ പുതിയ കെട്ടിടങ്ങളും വീടുകളും നിർമ്മിക്കുമ്പോൾ മഴവെള്ള സംഭരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
2. ജലവിതരണ ശൃംഖലയിലെ കേടുപാടുകൾ ഉടൻ നന്നാക്കുന്നതിന് പ്രാദേശികമായി ജനപങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെയുള്ള സംവിധാനം ഉണ്ടാക്കുക.
3. നിലവിലുള്ള ശുദ്ധജലപദ്ധതികൾ ശക്തിപ്പെടുത്തുക.
4. ജലസ്രോതസ്സുകൾ മലിനമാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
5. ശുദ്ധജലത്തിന്റെ ദുർവിനിയോഗം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

6. പുഴകളിലെ മണൽവാരൽ കർശനമായി നിയന്ത്രിക്കുക.
7. ജലസാക്ഷരതാപരിപാടി വ്യാപകമായി നടപ്പാക്കുക.
8. ജില്ലയിലെ ശുദ്ധജലവിതരണ ശൃംഖലയുടെ മാപ്പ് തയ്യാറാക്കി എല്ലാ ജലഅതോറിറ്റി ഓഫീസുകളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കുക, മാപ്പ് തയ്യാറാക്കുന്നതിനു വേണ്ട സഹായങ്ങൾ ജില്ലാ പഞ്ചായത്ത് ജല അതോറിറ്റിയുമായി ചേർന്ന് നിർവ്വഹിക്കുക.
9. വ്യാവസായിക ആവശ്യത്തിന് എടുക്കുന്ന വെള്ളത്തിന്റെ അളവു പരിശോധിക്കുകയും സെസ്സ് ഏർപ്പെടുത്തുകയും ചെയ്യുക.
10. പുതിയ കുഴൽക്കിണറുകൾക്ക് അനുമതി നൽകുന്നത് പരിമിതപ്പെടുത്തുകയും പഞ്ചായത്തു തലത്തിൽ നിരീക്ഷിക്കുകയും വേണം.
11. നിലവിലുള്ള കുഴൽക്കിണറുകളുടെ പ്രവർത്തനം നിരീക്ഷിച്ച് ദോഷം ചെയ്യുന്നുവെങ്കിൽ നിർത്തലാക്കുകയും അനുമതി നൽകുന്നതിനു പഞ്ചായത്തു തലത്തിൽ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയും വേണം.
12. നിലവിലുണ്ടായിരുന്ന തോടുകളും നീർച്ചാലുകളും കയ്യേറ്റങ്ങൾ കണ്ടുപിടിച്ച് ഒഴിവാക്കി പുനരാവിഷ്ക്കരിക്കേണ്ട താകുന്നു. തോടുകളുടെ വീതി പലസ്ഥലങ്ങളിലും കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെടുത്താൻ ജനങ്ങളുടെ സഹകരണം തേടേണ്ടതാണ്.
13. കുടിവെള്ള സ്രോതസ്സുകൾ പരിരക്ഷിക്കപ്പെടേണ്ടതും ഗുണനിലവാരം നിലനിർത്തേണ്ട തുമാകുന്നു. ജല അതോറിറ്റിയുടെ കീഴിലുള്ള സ്രോതസ്സുകൾ രൂപീകരിക്കേണ്ടതും നിരീക്ഷിക്കേണ്ടതുമാകുന്നു.
14. കുളങ്ങൾ കുളിക്കുന്നതിനും മത്സ്യകൃഷിക്കും കൃഷിയാവശ്യങ്ങൾക്കും ഉപയോഗിക്കേണ്ടതാകുന്നു.

നൂതന ആശയങ്ങൾ

- ജനസാന്ദ്രതയേറിയ ഗ്രാമപ്രദേശങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പൊതുവായുള്ള സെപ്റ്റിക് ടാങ്കുകളും മാലിന്യം ശേഖരിക്കുന്ന യൂണിറ്റുകളും ഒരു പൊതുസീവേജ് പദ്ധതിയുടെ ഭാഗമാക്കണം.
- നിലവിൽ പൊതു റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുവേണ്ട സാങ്കേതിക സഹായത്തിനു ഒരു കമ്മിറ്റി രൂപവത്ക്കരിച്ച് ത്വരിതഗതിയിൽ പ്രവർത്തനം കൊണ്ടുപോകുന്നതിനു ശ്രമിക്കണം.
- ജനസാന്ദ്രതയേറിയ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങൾ ഒഴികെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ കീഴിൽ വരുന്ന സ്ഥലങ്ങളുടെ വിസ്തീർണ്ണം കണക്കാക്കി ഒരു വീടിനു ഒരു കിണർ എന്ന നിലയിലോ അഞ്ചു വീട്ടുകാർക്ക് ഒരു കിണർ എന്ന നിലയിലോ പരമാവധി കിണറുകൾ നിർമ്മിക്കുന്നതിനും പരമാവധി സ്ഥലം ഉള്ള ഇടങ്ങളിൽ കുളങ്ങൾ നിർമ്മിക്കുന്നതിനും വാർഡ് തലത്തിൽ നടപടികൾ എടുക്കേണ്ടതാണ്.
- അതുപോലെത്തന്നെ അഞ്ചു വീട്ടുകാരെ ഉൾപ്പെടുത്തി ശാസ്ത്രീയമായ രീതിയിലുള്ള സെപ്റ്റിക്ക് ടാങ്കുകൾ പൊതുവായി ഉണ്ടാക്കി കിണറുകൾ ദൂരപരിധിക്കുള്ളിൽ സ്ഥാപിച്ചാൽ കുടിവെള്ളം രോഗാണുക്കളാൽ (വിസർജ്ജജന്യ രോഗാണുക്കൾ) മലിനമാകുന്നത് തടയാൻ കഴിയും.

സംയോജന സാദ്ധ്യതകൾ

പട്ടിക-7.11

ക്രമ നം.	സംയോജന സാദ്ധ്യതയുള്ള പ്രവൃത്തികൾ	സംയോജിപ്പിക്കാവുന്ന വകുപ്പുകൾ
1	കുടിവെള്ളത്തിൽ മാലിന്യം കലരുന്നതു മൂലമുണ്ടാകുന്ന ജലജന്യ രോഗങ്ങളും വലിയഭീഷണിയാകുന്നു. പരിഹാര പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.	1. തദ്ദേശവകുപ്പ് ത്രിതലം) 2. ശുചിത്വ മിഷൻ 3. ആരോഗ്യം 4. ജല അതോറിറ്റി
3	കെട്ടിടങ്ങളുടെ മുകളിൽ പെയ്യുന്ന മഴവെള്ളം പ്രത്യേക സംവിധാനംവഴി സംഭരണികളിൽ ശേഖരിച്ച് കുളിക്കുന്നതിനും മറ്റാവശ്യങ്ങൾക്കുമായി ഉപയോഗിക്കുകയും ശുദ്ധീകരിച്ച് കുടിക്കുന്നതിനുമായി ഉപയോഗിക്കുകയും ചെയ്യാം.	1. പാർപ്പിട മേഖല 2. നിർമ്മാണ മേഖല 3. തദ്ദേശഭരണ വകുപ്പ് 4. ജല അതോറിറ്റി

7.13 ഭൂജലവകുപ്പ്

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. കുഴൽകിണർ നിർമ്മാണത്തിനുള്ള നവീനമായ സംവിധാനങ്ങൾ വാങ്ങുക. വകുപ്പിന്റെ ദൈനംദിന പ്രവർത്തനത്തി നായുള്ള വാഹനങ്ങൾ ലഭ്യമാക്കുക.
2. ജില്ലാമേധാവിയ്ക്ക് പദ്ധതികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള അധികാരപരിധി ഉയർത്തുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

ജില്ലയിലെ കുടിവെള്ള ക്ഷാമം രൂക്ഷമായിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുയോജ്യമായ പ്രദേശങ്ങളിൽ കുഴൽകിണർ ജലസ്രോതസ്സായി മൈക്രോ കുടിവെള്ള പദ്ധതികൾക്ക് പണം വകയിരുത്തേണ്ടതും ഭൂജലവകുപ്പ് മുഖാന്തിരം പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

7.14 ശുചിത്വ മിഷൻ

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഉത്തരവാദിത്വ മാലിന്യ പരിപാലന ത്തിനുള്ള പാഠങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.
2. ടൂറിസം കേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നിയമപരമാക്കുക.
3. ഫ്ളാറ്റ് കോംപ്ലക്സുകളിൽ മാലിന്യ സംസ്കരണ സംവിധാനം നിയമപരമാക്കുക.
4. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും ഹരിത പെരുമാറ്റചട്ടം പാലിക്കേണ്ടത് നിയമപരമാക്കുക.
5. മാലിന്യങ്ങൾ പൊതുസ്ഥലത്ത് വലിച്ചെറിയുന്നവർക്കെതിരെയുള്ള നടപടികൾക്ക് നിയമസാദ്ധ്യത വരുത്തുക.
6. മാലിന്യ സംസ്കരണ നിയമങ്ങളുടെ ബന്ധപ്പെട്ട വകുപ്പുകൾ ഉപയോഗിച്ച് ഷോപ്പിംഗ് മാളുകളിലും വസ്ത്ര വ്യാപാര സ്ഥാപനങ്ങളിലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിർത്തലാക്കുകയും ന്യായമായ യൂസർ ഫീ ഈടാക്കി പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള സഞ്ചി ഉപയോഗിക്കുന്നത് നിയമപരമായി നിർബന്ധമാക്കുകയും ഇത് ലംഘിക്കുന്നവർക്കെതിരെ കർശനമായി പിഴ ഈടാക്കുക. ഇതിനുവേണ്ട നടപടികൾ സംസ്ഥാന തലത്തിൽ സ്വീകരിക്കുക.
7. മാലിന്യ സംസ്കരണം നിയമപരമായി നടപ്പിലാക്കുക. കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, ഹസാർഡസ് & അതർ വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016,

ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, കേരള സംസ്ഥാന മുനിസിപ്പൽ ആക്ടിലെ 334, 334(A), 334(B) സെക്ഷനുകൾ, കേരള പഞ്ചായത്ത്രാജ് ആക്ടിലെ 219 A to X സെക്ഷനുകൾ, കേരള തദ്ദേശസ്വയം ഭരണ വകുപ്പിന്റെ GO(Rt)No.2511/ 2017/LSGD Dt:22.07.2017 എന്നിവ നടപ്പിലാക്കുവാൻ സർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽ നിർബന്ധിത ഉത്തരവാദിത്വം ചുമത്തുക.

8. വേസ്റ്റ് മാനേജ്മെന്റിന് യൂസർഫീ ശേഖരിക്കുന്നതിന് നികുതി സംവിധാനം പോലെ ഗവൺമെന്റിന് മാസഫീസ് നൽകുന്ന സംവിധാനം നിയമപരമാക്കുക.

9. എല്ലാ ആശുപത്രികളിലും ജൈവ-അജൈവ ബയോമെഡിക്കൽ മാലിന്യങ്ങൾ പ്രത്യേകം തരം തിരിക്കുന്നതിനും ഓരോന്നും ശാസ്ത്രീയമായി സംസ്കരിക്കേ ണ്ടതും നിയമപരമാക്കുക.

10. ബയോമെഡിക്കൽ മാലിന്യ സംസ്കരണ സ്ഥാപനമായ ഇമേജിന്റെ സബ് സെന്ററുകൾ ഓരോ ജില്ലയിലും സ്ഥാപിക്കുക.

11. തദ്ദേശ സ്ഥാപനങ്ങൾക്ക് വിവരവിജ്ഞാനവ്യാപന പ്രവർത്തനങ്ങൾക്കായി ലഭിച്ച ഫണ്ടിന്റെ വിനിയോഗത്തിനനുപാതികമായി മാത്രം മറ്റു മാലിന്യ സംസ്കരണ പദ്ധതികൾക്കും ഫണ്ട് അലോക്കേഷൻ നടത്തുക.

12. സ്വന്തമായി മാലിന്യ സംസ്കരണം ചെയ്യുവാൻ സഹായിക്കുന്നതുമായ യൂണിറ്റുകളുമായോ, മറ്റേതെങ്കിലും ഏജൻസികളുമായോ ധാരണപത്രം ഒപ്പിടാത്തതും സംസ്കരണം നടക്കാത്തതുമായ മത്സ്യ-മാംസ (സംസ്കരണ) വിപണനം ചെയ്യുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം 90 ദിവസത്തെ സമയ പരിധി നൽകി നിർത്തി വയ്ക്കുക.

13. അറവു-മത്സ്യ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ ഉത്പാദനങ്ങളുടെ വിപണനം കൃഷിഭവൻ വഴിയും സബ്സിഡി നൽകിയും പ്രോത്സാഹിപ്പിക്കുക. ആവശ്യമുള്ള ഫാമുകൾ, അടിയന്തിരമായി ബന്ധപ്പെട്ട ഉത്തരവുകൾ തുടങ്ങിയവ സർക്കാർ തലത്തിൽ എത്രയും വേഗം തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതല നൽകുക.

14. നിലവിലുള്ള വ്യാപാര സ്ഥാപനങ്ങൾക്ക് 90 ദിവസത്തെ സമയപരിധിയും, പുതിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പ് മാലിന്യ സംസ്കരണ സംവിധാനം ഉണ്ടെന്നും ഉറപ്പുവരുത്തുക. നിശ്ചിത 90 ദിവസത്തെ സമയ പരിധിക്ക് ശേഷവും മേൽ സൂചിപ്പിച്ച സംവിധാനങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങൾ പ്രവർത്തിച്ചാൽ അതിനെ സംബന്ധിച്ച ശിക്ഷാനടപടികൾ പ്രസ്തുത തദ്ദേശ ഭരണ സ്ഥാപനത്തിൽ ഹെൽത്ത് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുക.

15. മാലിന്യ സംസ്കരണ സ്വയംസഹായ യൂണിറ്റുകൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനും സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് ലഭ്യമാക്കുന്നതിനും ഏകജാലക സംവിധാനം ഒരുക്കുക.

16. സ്ഥലപരിമിതിയുള്ള വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കാൻ സ്വയം സഹായസംഘങ്ങൾ രൂപീകരിച്ച് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇവയെ ഈ രംഗത്തുള്ള വ്യാപാര സ്ഥാപനങ്ങൾ അംഗീകൃത സർവ്വീസ് പ്രൊവൈഡർമാർ തുടങ്ങിയവരുമായി ധാരണപത്രം ഒപ്പു വയ്ക്കുവാൻ സഹായിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഇവർക്കു ലൈസൻസ് നൽകുകയും ചെയ്യാവുന്നതാണ്.ഇത് സംസ്ഥാന തലത്തിൽ ഒരു നയമായി രൂപപ്പെടുത്തിയെടുക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. മാതൃകാ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക.സാങ്കേതിക വിദഗ്ദ്ധരുടെ സേവനങ്ങൾ വ്യാപാര സ്ഥാപനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ ലഭ്യമാക്കുക.
2. പുതിയ വീടുകൾ നിർമ്മിക്കുമ്പോൾ ശാസ്ത്രീയമായി വിവിധ മലിനജല-സെപ്റ്റിക് മാലിന്യ സംസ്കരണം ഉറപ്പാക്കുക.
3. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്കരിക്കുന്നത് നിർബന്ധമാക്കണം. ഇത് പ്രവർത്തി പഥത്തിൽ കൊണ്ടുവരുവാൻ വേണ്ട അനന്തര നടപടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.
4. റസിഡൻസ് അസോസിയേഷൻ, സ്റ്റുഡന്റ്സ് പോലീസ് കാഡറ്റ്സ്, നാഷണൽ സർവ്വീസ് സ്കീം വോള ന്റിയേഴ്സ്, സ്കൗട്ട്, സയൻസ് ക്ലബ്ബ്, നേച്ചർ ക്ലബ്ബ്, പി.ടി.എ., എൻ.ജി.ഒ.കൾ തുടങ്ങി വിവിധ സാമൂഹിക സാംസ്കാരിക പ്രസ്ഥാനങ്ങളെ മാലിന്യ സംസ്കരണ പരിപാടികൾക്കായി സംഘടിപ്പിക്കുക.
5. ജൈവ മാലിന്യങ്ങൾ ഉപയോഗിച്ച് ഉണ്ട ാക്കുന്ന ജൈവവളം ശേഖരിച്ച് വിപണനം ചെയ്യുന്നതിനുള്ള സൗകര്യം തദ്ദേശഭരണ സ്ഥാപനതലത്തിൽ ഉറപ്പാക്കുക.
6. പുതിയ വീടുകൾ നിർമ്മിക്കുമ്പോൾ ശാസ്ത്രീയമായി മലിനജല-സെപ്റ്റിക് മാലിന്യ സംസ്കരണം ഉറപ്പാക്കുക. പുതിയ വീടുകളിൽ toilet linked biogas plant നിർബന്ധമാക്കുക.
7. വ്യാപാര സ്ഥാപനങ്ങൾക്ക് അവ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളിൽ മാലിനജല സംസ്കരണ സംവിധാനങ്ങൾ ഉറപ്പുവരുത്തുകയും അതിനുശേഷം മാത്രം ലൈസൻസ് നൽകുകയും ചെയ്യുക.
8. സ്വയംസഹായ സംഘങ്ങളുടെ മാലിന്യ സംസ്കരണ യൂണീറ്റുകൾക്ക് സ്ഥലം ലഭ്യമാക്കുക.
9. എല്ലാ തദ്ദേശസ്ഥാപന തലത്തിലും മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിക്കുകയും ഹരിത കർമ്മസേന രൂപീകരിക്കുകയും ചെയ്യേണ്ടത് അടിയന്തിര ആവശ്യമാണ്.
10. കോംപ്രിഹൻസീവ് വേസ്റ്റ് മാനേജ്മെന്റ് പ്ലാൻ (CWMP) എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഉറപ്പാക്കുക. മാലിന്യ സംസ്കരണ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും ജില്ലാ തലത്തിൽ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ പ്രൊജക്ട് ക്ലിനിക്കുകൾ നടപ്പിലാക്കുകയും എല്ലാ മാസവും പ്രൊജക്ടുകളുടെ അവലോകനവും നടത്തുക.
11. ജില്ലയിലെ മൂന്ന് മേഖലകളിലായ് മൂന്ന് സെപ്റ്റിക് മാലിന്യ സംസ്കരണ പ്ലാന്റുകൾ പൈലറ്റ് അടിസ്ഥാനത്തിൽ നിർമ്മിക്കുകയും അവയുടെ പ്രവർത്തനം സംബന്ധിച്ച് പൊതു സമൂഹത്തിന് അവബോധം നൽകി അവയുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ട സാഹചര്യം ഉണ്ടാക്കുക.
12. മാലിന്യ സംസ്കരണ നിയമങ്ങളുടെ ബന്ധപ്പെട്ട വകുപ്പുകൾ ഉപയോഗിച്ച് ഷോപ്പിംഗ് മാളുകളിലും വസ്ത്ര വ്യാപാര സ്ഥാപനങ്ങളിലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിർത്തലാക്കുകയും ന്യായമായ യൂസർ ഫീ ഈടാക്കി പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള സഞ്ചി ഉപയോഗി ക്കുന്നത് നിർബന്ധമാക്കുക. ഇതിനുവേണ്ട നടപടികൾ ജില്ലാ തലത്തിൽ സ്വീകരിക്കുക.
13. അറവു-മത്സ്യമാലിന്യ സംസ്കരണ യൂണിറ്റുകളുടെ ഉത്പാദനങ്ങളുടെ വിപണനം കൃഷിഭവൻ വഴിയും സബ്സിഡി നൽകിയും പ്രോത്സാഹിപ്പിക്കുക. ആവശ്യമുള്ള ഫാമുകൾ, അടിയന്തിരമായി ബന്ധപ്പെട്ട ഉത്തരവുകൾ തുടങ്ങിയവ സർക്കാർ തലത്തിൽ എത്രയും വേഗം തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതല നൽകുക.

14. ജില്ലയിൽ പൊതു ശൗചാലയങ്ങളുടെ ലഭ്യത കുറവാണ്. സ്ഥലലഭ്യത ക്കുറവുമൂലമാണ് ആവശ്യത്തിന് പൊതു ശൗചാലയങ്ങൾ പണിയാൻ സാധിക്കാത്തത്. ഇതിനുവേണ്ടി ഹൈവേ അതോറിറ്റിയുമായി സംസാരിച്ച് സ്ഥലം ലഭ്യമാക്കുവാൻ വേണ്ട നടപടി ജില്ലാ അഡ്മിനിസ്ട്രേഷന്റെ നേതൃത്വത്തിൽ നടപ്പാക്കണം.

15. ജില്ലയിലെ മൂന്ന് മേഖലകളിലായ് മൂന്ന് സെപ്റ്റിക് മാലിന്യ സംസ്കരണ .പ്ലാന്റുകൾ പൈലറ്റ് അടിസ്ഥാനത്തിൽ നിർമ്മിക്കുകയും അവയുടെ പ്രവർത്തനം സംബന്ധിച്ച് പൊതു സമൂഹത്തിന് അവബോധം നൽകി അവയുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ട സാഹചര്യം ഉണ്ടാക്കുക.

16. മാലിന്യ സംസ്കരണ നിയമങ്ങളുടെ ബന്ധപ്പെട്ട വകുപ്പുകൾ ഉപയോഗിച്ച് ഷോപ്പിംഗ് മാളുകളിലും വസ്ത്ര വ്യാപാര സ്ഥാപനങ്ങളിലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിർത്തലാക്കുകയും ന്യായമായ യൂസർ ഫീ ഈടാക്കി പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള സഞ്ചി ഉപയോഗി ക്കുന്നത് നിർബന്ധമാക്കുക. ഇതിനു വേണ്ട നടപടികൾ ജില്ലാ തലത്തിൽ സ്വീകരിക്കുക.

17. 5000-ന് മുകളിൽ ജനസംഖ്യ ഉള്ള നഗരങ്ങളിൽ സെപ്റ്റേജ് ട്രീറ്റ്മെന്റിനുള്ള സൗകര്യങ്ങൾ ഒരുക്കുക. പൊതു ശൗചാലയങ്ങൾ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ, റിസോഴ്സ് റിക്കവറി ഫെസിലിറ്റി എന്നിവ സ്ഥാപിക്കാൻ സ്ഥല ലഭ്യത ഇല്ലാത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ പുറമ്പോക്കോ, മറ്റ് സർക്കാർ ഏജൻസിയുടെ സ്ഥലമോ വിട്ടു കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുക.

18. ജില്ലയിലെ 2-3 കേന്ദ്രങ്ങളിൽ അറവുമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് കേരള വെറ്ററിനറി യൂണിവേഴിസിറ്റിയുടെ മണ്ണുത്തിയിൽ ഉള്ള പ്ലാന്റിന്റെ മാതൃകയിലുള്ള അറവുമാലിന്യ സംസ്കരണ സംവിധാനം ജില്ലാ പഞ്ചായത്തിന്റെ നേതൃത്തിൽ നടപ്പിലാക്കുക.

19. കൊച്ചിൻ കോർപ്പറേഷനും 13 നഗരസഭകളും ഉള്ള എറണാകുളം ജില്ലയിൽ തിരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ മാതൃകാപരമായ കേന്ദ്രീകൃത സംവിധാനം ഉചിതമായ സാങ്കേതിക വിദ്യ ഉറപ്പാക്കി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

നൂതന ആശയങ്ങൾ

- ഒരു സമഗ്ര ശുചിത്വ പ്ലാൻ (CWMP) എല്ലാ തദ്ദേശസ്ഥാപനങ്ങളിലും നടപ്പിലാക്കേണ്ടതാണ്.

- തീരദേശപ്രദേശങ്ങളിലും മത്സ്യ മാർക്കറ്റുകളിലെയും മാലിന്യ സംസ്കരണത്തിനു വേണ്ട നടപടികൾ എടുക്കണം. അറവുശാലകളുടെയും ചിക്കൻ സെന്ററുകളുടെയും മത്സ്യവിപണനകേന്ദ്രങ്ങളുടെയും പ്രവർത്തനത്തിന് മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കണം. ഇതോടൊപ്പം തന്നെ മത്സ്യ മാലിന്യ കമ്പോസ്റ്റിംഗിനായ് സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ച ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ ജില്ലയിലെ ഒന്ന് രണ്ട് മാർക്കറ്റുകളിൽ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതും ഉചിതമായിരിക്കും. പച്ചക്കറി മാർക്കറ്റുകളിലും നിർബന്ധിത കമ്പോസ്റ്റിംഗ് വ്യവസ്ഥ കൊണ്ടുവരേണ്ടതും ആവശ്യമാണ്.

- സെപ്റ്റേജ് സീവേജ് ട്രീറ്റ്മെന്റിനുള്ള അവസരങ്ങൾ ഉണ്ടാക്കുക എന്നതും വളരെ ആവശ്യമാണ്. സെപ്റ്റേജ് മാലിന്യങ്ങൾ പൊതു സ്ഥലത്ത് തള്ളുന്നവർക്കെതിരെ കർശന നടപടി എടുക്കുന്നതോടൊപ്പം പ്രാദേശിക തലത്തിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് വ്യവസ്ഥകൊണ്ടുവരേണ്ടതുമാണ്.

- ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുക, എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും പബ്ലിക് ആസിഡ് വേസ്റ്റ്

മാനേജ്മെന്റ് റൂൾസ് നടപ്പിലാക്കാൻ വേണ്ട നടപടികൾ എടുക്കേണ്ടതും ആവശ്യമാണ്.

സംയോജന സാധ്യതകൾ

❖ **അപ്പാർട്ട്മെന്റുകളിൽ ചെയ്യാവുന്ന മാലിന്യ സംസ്കരണ മോഡലുകൾ:-**

റസിഡൻസ് അസോസിയേഷൻ, കെട്ടിട സമുല്ലയങ്ങൾ, ഹൈറേസ്ഡ് അപ്പാർട്ട്മെന്റുകൾ എന്നിവിടങ്ങളിൽ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരം തിരിക്കുകയും, ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റിംഗിന് വിധേയമാക്കി ജൈവവളം നിർമ്മിക്കുകയും, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് റീസൈക്കിൾ ചെയ്യുന്ന ഏജൻസികളെ ഏൽപ്പിക്കുന്ന പദ്ധതി മാതൃകാപരമായി ഓരോ മോഡലുകൾ പൈലറ്റ് ആയി എല്ലാ തദ്ദേശ സ്ഥാപന ങ്ങളിലും ശുചിത്വ മിഷനുമായി ഏകോപിപ്പിച്ച് ആരംഭിക്കുകയും, അത് പിന്നീട് ജില്ലയിൽ ഉടനീളം വ്യാപിപ്പിക്കുകയും ചെയ്യാവുന്ന തുമാണ്. ഉദാഹരണം, ഇപ്പോൾ നഗര പ്രദേശങ്ങളിലെ ഫ്ളാറ്റുകളിൽ ചെയ്യുന്ന Credai Clean City Movement ന്റെ മാതൃക, മൂവാറ്റുപുഴ മുനിസിപ്പാലിറ്റി 19-ാം വാർഡ് ഹൗസിംഗ് ബോർഡ് ആരംഭിച്ചിരിക്കുന്ന സീറോ വേസ്റ്റ് സൊസൈറ്റി പദ്ധതി. ഈ പദ്ധതി ആറുമാസം കൊണ്ട് സ്വയം പര്യാപ്തമാക്കുവാൻ പ്രാപ്തമായ രീതിയിലാണ് നടപ്പിലാക്കുന്നത്.

❖ **അറവു മാലിന്യ സംസ്കരണ മോഡൽ:-**

ഇറച്ചി/മാംസ മാലിന്യത്തെ ഓപ്പൺ വിൻഡ്രോ കമ്പോസ്റ്റിംഗിന് വിധേയമാക്കി ഗുണമേന്മയുള്ള ജൈവവളമാക്കി മാറ്റുന്നതിനായ് തദ്ദേശീയമായി കുടുംബശ്രീ യൂണീറ്റുകൾക്ക് സംരംഭക മോഡൽ ആയി ആരംഭിക്കാവുന്നതും, ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ജൈവവളം കൃഷി വകുപ്പുമായി സംയോജിപ്പിച്ച് വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്നതിനുള്ള സാങ്കേതിക സാഹയങ്ങൾ ജില്ലാ തലത്തിൽ ആവിഷ്കരിക്കാവുന്നതാണ്.

❖ **സെപ്റ്റിക് മാലിന്യ സംസ്കരണ യൂണീറ്റുകൾ:-**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം ഏറ്റെടുത്ത് പ്ലാന്റുകൾ നിർമ്മിക്കുകയും അവയുടെ ദൈനംദിന പ്രവർത്തനങ്ങളും പരിപാലനവും സ്ഥാപനതല അസോസിയേഷനെയോ പ്രൊഫഷണൽ പാർട്ടണേഴ്സിനെയോ ഏൽപ്പിക്കുകയും ഇതിന്റെ പ്രവർത്തന മോണിറ്ററിംഗിനായ് ശുചിത്വ മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനം, പ്രൊഫഷണൽ പാർട്ണർ എന്നിവരുൾപ്പെടുന്ന ത്രികക്ഷി (triparty) സംവിധാനം രൂപപ്പെടുത്താവുന്നതാണ്. പ്രാദേശിക തലത്തിൽ, കുറഞ്ഞത് എല്ലാ താലൂക്കിലും ഒരു പ്ലാന്റ് എങ്കിലും പ്രവർത്തിക്കുന്ന ഒരു സംവിധാനം സൃഷ്ടിക്കുന്നത് ഉചിതമായിരിക്കും.

❖ **എം.ജി.എൻ.ആർ.ഇ.ജി.എസ്**

ഇതര വകുപ്പുകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ എം.ജി.എൻ. ആർ.ഇ.ജി.എസ് വളരെ വലിയ സംഭാവന ജില്ലയിൽ മാലിന്യ സംസ്കരണ സംവിധാനം കൊണ്ടുവരുവാൻ സഹായിച്ചു. 2016 മുതൽ താഴെപ്പറയുന്ന ശുചിത്വ സംവിധാനങ്ങൾ എം.ജി.എൻ.ആർ.ഇ.ജി.എസ്. മുഖേന നടത്തിയിട്ടുണ്ട്.

പട്ടിക-7.12

കമ്പോസ്റ്റ്	353
നടേപ്പ്	712
വെർമി	33
വ്യക്തിഗത ശൗചാലയം	1399

❖ **ആരോഗ്യ മേഖലയുമായി ചേർന്ന് ബയോമെഡിക്കൽ വേസ്റ്റ് സംസ്കരണ പദ്ധതികൾ**

പകർച്ചവ്യാധികൾ വരുവാൻ സാധ്യതയുള്ളതും ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും ഉത്പാദിപ്പിക്കപ്പെടുന്നതുമായ

മാലിന്യങ്ങൾ ബയോമെഡിക്കൽവേസ്റ്റ് ആയി കണക്കാക്കപ്പെടുന്നു. പൊതുവെ ആശുപത്രികൾ, ഹെൽത്ത് ക്ലിനിക്കുകൾ, നഴ്സിംഗ് ഹോമുകൾ, മെഡിക്കൽ റിസർച്ച് ലബോറട്ടറികൾ, സ്പെഷ്യലിസ്റ്റ് ക്ലിനിക്കുകൾ, വെറ്റിനറി ആശുപത്രികൾ എന്നിവിടങ്ങളിലാണ് ബയോമെഡിക്കൽ വേസ്റ്റ് ഉത്പാദിപ്പിക്കപ്പെടുന്നത്. ഉപയോഗിച്ച ബാൻഡേജുകൾ, ഡ്രെസിംഗ്സ്സുകൾ, ഗ്ലൗസുകൾ, മെഡിക്കൽ ഉപകരണങ്ങൾ, ഉപയോഗശൂന്യമായ മൈക്രോ ബയോളജിക്കൾ കൾച്ചറുകൾ, രക്താംശങ്ങൾ, ശരീര അവശിഷ്ടങ്ങൾ മറ്റ് ലബോറട്ടറി മാലിന്യങ്ങൾ ഇവയാണ് ബയോ മെഡിക്കൽ വേസ്റ്റിൽപ്പെടുന്നത്. പകർച്ചവ്യാധി വെല്ലുവിളി ഉണ്ടാവുന്നതിനാൽ ബയോമെഡിക്കൽ വേസ്റ്റ് ശാസ്ത്രീയമായി സംസ്കരിക്കേണ്ടതിന്റെ ആവശ്യകത ഏറെയാണ്. മാലിന്യ ശേഖരണം, ഇവയുടെ ട്രാൻസ്പോർട്ടേഷൻ, റീസൈക്ലിംഗ്, ഡിസ്പോസൽ ഇവ ഓരോന്നും വളരെയേറെ പ്രാധാന്യം അർഹിക്കുന്നു. കാർഡ്ബോർഡ്, പാക്കേജ് എന്നിവ മാത്രമേ റീസൈക്ലിംഗിന് സാധ്യതയുള്ളൂ.

❖ ഊർജ്ജ മേഖല

ഊർജ്ജ മേഖലയുമായി സംയോജിച്ച് ബയോഗ്യാസ് പ്ലാന്റുകൾ, വൈദ്യുതി ഉൽപാദനം എന്നിവ നടപ്പിലാക്കാവുന്നതാണ്.

ഹരിത കേരളം മിഷൻ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുവാനും അജൈവമാലിന്യങ്ങൾ ശേഖരിച്ചു (യൂസർഫീ ഈടാക്കിക്കൊണ്ട്) സംഭരിച്ചു റീസൈക്ലിങ് മേഖലയ്ക്കു കൈമാറ്റം ചെയ്യുകയും അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികൾ സൃഷ്ടിക്കുകയും ചെയ്യുകയും അങ്ങനെ കേരളം മാലിന്യ സംസ്കരണത്തിൽ ഒരു രാജ്യാന്തര മോഡൽ ആവുകയും ആണ് ഹരിതകേരള മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ലക്ഷ്യം മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ഒരു സമഗ്ര ശുചിത്വ പ്ലാൻ (CWMP) തയ്യാറാക്കുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഈ സമഗ്ര ശുചിത്വ പ്ലാൻ (CWMP) ന്റെ വിവിധ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

1. ഹരിത കർമ്മസേന 2. ഹരിത സഹായ സ്ഥാപനം 3. കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് സംവിധാനം 4. ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ 5. എം.ജി.എൻ.ആർ.ഇ.ജി.എസ്. ന്റെ സഹായത്തോടെ സൃഷ്ടിക്കാവുന്ന ഉറവിട മാലിന്യ സംസ്കരണ കുഴികൾ 6. മാർക്കറ്റുകൾക്കുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ 7. ഗ്രീൻ പ്രോട്ടോക്കോൾ 8. ഹരിത കർമ്മ സേന, കമ്മ്യൂണിറ്റി ലെവൽ സ്ഥാപനങ്ങൾ (CBO), ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർക്കുള്ള പരിശീലനങ്ങൾ, ശുചിത്വ പദ്ധതികൾ നടപ്പിലാക്കുവാനുള്ള സാങ്കേതിക വൈദഗ്ദ്ധ്യം 9. സ്വഭാവ മാറ്റത്തിന് പ്രേരകമായ പദ്ധതികൾ (behavior change education) 10. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ (Information Education Communication) എന്നിവയാണ്.

7.15 പാർപ്പിടം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഭവനപദ്ധതിയുടെ ഗുണഭോക്താക്കൾക്ക് നിർമ്മാണ വേളയിൽ 90 ദിവസത്തെ അവിദഗ്ദ്ധ കായികത്തൊഴിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നിർബന്ധമായും ചെയ്യണമെന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുക.
2. ഭവന നിർമ്മാണത്തിനാവശ്യമായ നിർമ്മാണ സാമഗ്രികൾ (കട്ട, കട്ടിള, ജാളി) മുതലായവ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നിർമ്മിച്ചു കൊടുക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുക.
3. വീടിന്റെ വ്യത്യസ്ത രൂപ മാതൃകകൾ വികസിപ്പിക്കുക.

4. ബാങ്കുകളിൽ നിന്നും വായ്പാ ലഭ്യമാകുന്നതിനുവേണ്ട നടപടികൾ
5. എസ്.എൽ.ബി.സി/ഡി.എൽ.സി.സി യോഗങ്ങളിൽചർച്ചചെയ്ത് നടപ്പാക്കുക.
6. ന്യായവിലക്ക് സാധനസാമഗ്രികൾ സംഭരിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ സ്ഥാപിക്കാനുള്ള നടപടികൾ ചെയ്യുക.
7. ഗുണഭോക്താക്കൾക്ക് നിർമ്മാണ സാമഗ്രികൾ സബ്സിഡി നിരക്കിൽ കൊടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
8. വീടുകളുടെ ഡിസൈനുകളും (മാതൃകകളും) വാസസ്ഥലം നിൽക്കുന്ന പ്രദേശത്തിനു യോജിച്ച സാങ്കേതിക വിദ്യയും ജില്ലാടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
9. ജില്ലാതലത്തിൽ നിർമ്മാണ സാമഗ്രികൾ ഒരുമിച്ച് ശേഖരിക്കുന്നതിനായി മെറ്റീരിയൽ ബാങ്കുകൾ സ്ഥാപിക്കുന്ന കാര്യം സംസ്ഥാനം പരിഗണിക്കണം. സാങ്കേതിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി മൂന്നാം കക്ഷിയുടെ പരിശോധനയോടെ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കണം.
10. മുൻകൂട്ടി നിർമ്മിച്ച സാധനസാമഗ്രികൾ വീട് നിർമ്മാണത്തിന്
11. ഉപയോഗിക്കുന്നതിന്, ഗുണഭോക്താക്കൾ ആഗ്രഹിക്കുന്ന പക്ഷം അഭികാമ്യ മെങ്കിലും പ്രോത്സാഹിപ്പിക്കണം.
12. സി.എസ്.ആർ മുഖേന ലഭ്യമാകുന്ന പണം ജില്ലയിൽ കേന്ദ്രീകൃതമായി ഏറ്റവും അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് കിട്ടത്തക്ക രീതിയിൽ നടപ്പാക്കുക.
13. വായ്പ ലഭ്യമാകുന്നതിനെക്കുറിച്ച് സംസ്ഥാനവും ബാങ്കുകളും വ്യാപകമായി പ്രചരണം നടത്തണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പ്രായാധിക്യമുള്ളവർ എന്നിവർക്ക് ഗ്രാമപഞ്ചായത്ത്/സന്നദ്ധ സേവകർ/സി.എസ്.ആർ വഴി വീടു നിർമ്മിച്ചു നൽകുക.
2. ബി.എൽ.ബി.സി യോഗങ്ങളിൽ വായ്പ ലഭ്യമാക്കൽ നിബന്ധനകൾ, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയവ ചർച്ച ചെയ്യണം.
3. ഗുണഭോക്താവ് വായ്പ ഉപയോഗപ്പെടുത്തുവാൻ താത്പര്യ പ്പെടുന്നുവെങ്കിൽ അവരെ സഹായിക്കുന്നതിനുള്ള നടപടികൾ ചെയ്യേണ്ടതാണ്.

സംയോജന സാധ്യതകൾ

പട്ടിക-7.13

ക്രമ നം.	സംയോജന സാദ്ധ്യതയുള്ള പ്രവൃത്തികൾ	സംയോജിപ്പിക്കാവുന്ന വകുപ്പുകൾ
1.	പി.എം.എ.വൈ (ജി)	1. പട്ടികജാതി വകുപ്പ് 2. പട്ടികവർഗ്ഗ വകുപ്പ്, 3. ഫിഷറീസ് വകുപ്പ്
2.	ഭൂമി ഇല്ലാത്തവർക്ക് ഫ്ളാറ്റ് നിർമ്മിക്കാൻ ആവശ്യമായ ഭൂമി വാങ്ങുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംയുക്തമായി പ്രോജക്ട് രൂപീകരിക്കാവുന്നതാണ്. ഇപ്രകാരം നിർമ്മിക്കുന്ന എല്ലാ ഭവനങ്ങളിലും കിണർ നിർമ്മാണം, കിണർ റീചാർജിംഗ് സംവിധാനം, കമ്പോസ്റ്റ് പിറ്റ് നിർമ്മാണം, ശൗചാലയം എന്നിവ MGNREGS-ലൂടെ നടപ്പാക്കേണ്ടതാണ്.	1. തദ്ദേശ വകുപ്പ് (ത്രിതലം) 2. ജല വകുപ്പ് 3. ശുചിത്വ വകുപ്പ്

3.	സ്ഥിരതാമസക്കാരായ അന്യസംസ്ഥാന തൊഴിലാളികൾക്ക് അവരുടെ ജനസംഖ്യ കേന്ദ്രീകൃതമായ സ്ഥലങ്ങളിൽ പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ചുകൊടുക്കുവാനുള്ള നടപടികൾ ചെയ്യുക.	കുടിയേറ്റ വകുപ്പ്

- കേന്ദ്ര പദ്ധതിയായ പി.എം.എ.വൈ (ജി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭവന പദ്ധതികൾ, പട്ടികജാതി, പട്ടിക വർഗ്ഗവകുപ്പ്, ഫിഷറീസ് വകുപ്പ് എന്നിവയുടെ ഭവനപദ്ധതികൾ, ലൈഫ് പദ്ധതി എന്നിവയുടെ നിർവ്വഹണത്തിൽ മഹാത്മാ ഗാന്ധി ദേശീയ-ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനം നിർബന്ധമാക്കുക. മേൽ പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും മനുഷ്യാദ്ധ്വാന ദിനങ്ങൾ, സിമിന്റ് കട്ട, കട്ടിള, ജനൽ മുതലായവ MGNREGS -ലൂടെ നിർബന്ധമായും നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

- ഭൂമി ഇല്ലാത്തവർക്ക് ഫ്ളാറ്റ് നിർമ്മിക്കാൻ ആവശ്യമായ ഭൂമി വാങ്ങുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംയുക്തമായി പ്രോജക്ട് രൂപീകരിക്കാവുന്നതാണ്. ഇപ്രകാരം നിർമ്മിക്കുന്ന എല്ലാ ഭവനങ്ങളിലും കിണർ നിർമ്മാണം, കിണർ റീചാർജിംഗ് സംവിധാനം, കമ്പോസ്റ്റ് പിറ്റ് നിർമ്മാണം, ശൗചാലയം എന്നിവ MGNREGS -ലൂടെ നടപ്പാക്കേണ്ടതാണ്. ജില്ലയിലെ തീരപ്രദേശങ്ങളിലെ കടൽക്ഷോഭത്തിനിരയാകുന്ന തീരദേശവാസികളെ പുനരധിവസിപ്പിക്കുന്നതിന് ബന്ധപ്പെട്ട പ്രദേശങ്ങളിൽ സ്ഥലം വാങ്ങുവാനും തീരദേശവാസികൾ വാങ്ങിയ സ്ഥലങ്ങളിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് അവിടെ പുനരധിവസിപ്പിക്കുവാൻ സാധിക്കുന്നത് സാധാരണക്കാരായ അശരണർക്ക് നല്ലൊരു സഹായമായിത്തീരുന്നതാണ്. സ്ഥലം വാങ്ങുവാനും ഫ്ളാറ്റുകൾ നിർമ്മിക്കുവാനും ഉള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകളും ബ്ളോക്ക് പഞ്ചായത്തുകളും സംയുക്തമായി ഏറ്റെടുക്കേണ്ടതാണ്.

- അർഹതപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും സബ്സിഡിയോടുകൂടി ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

- CSR മുഖേനയുള്ള സഹായങ്ങൾ ജില്ലയിൽ ഒരു കേന്ദ്രീകൃത രീതിയിൽ ഏറ്റവും അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് കിട്ടത്തക്ക രീതിയിൽ നടപ്പാക്കുക.

- ഓരോ പ്രദേശങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വീടുകളെ കേന്ദ്രീകരിച്ച് പാലിയേറ്റീവ് കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

- ജില്ലയിലെ ചേരിപ്രദേശങ്ങൾ നവീകരിച്ച് എല്ലാ അടിസ്ഥാന സൗകര്യങ്ങളും നൽകുക. ഇനി വരുന്ന അഞ്ചു വർഷത്തിനുള്ളിൽ എറണാകുളം ജില്ലയെ ചേരി രഹിത ജില്ലയാക്കി മാറ്റുക.

- കന്നുകാലി വളർത്തൽ, ആടുവളർത്തൽ, കോഴി വളർത്തൽ തുടങ്ങിയ ഉപജീവന മാർഗ്ഗങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് ആവശ്യമായ കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് തുടങ്ങിയവ തൊഴിലുറപ്പു പദ്ധതിയിൽ നിർമ്മിച്ചു കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം.

- പി.എം.എ.വൈ, ലൈഫ്, ആശ്രയ, വ്യക്തിഗതഭവനനിർമ്മാണം എന്നീ പദ്ധതികളിലൂടെ നിർമ്മിക്കുന്ന ഭവനങ്ങളിൽ കേന്ദ്ര സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ലൈഫ്

എറണാകുളം ജില്ലയിൽ വരുന്ന അഞ്ചു വർഷത്തിനുള്ളിൽ അർഹതയുള്ള എല്ലാ ഭവന രഹിതർക്കും ഭവനം നൽകുക

എന്നതാണ് കാഴ്ചപ്പാട്. ആദ്യഘട്ടമായി ജില്ലയിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ലക്ഷ്യമിടുന്നു. സ്വന്തമായി ഭൂമിയുള്ള ഭവന രഹിതർക്ക് അടുത്ത 5 വർഷത്തിനുള്ളിൽ ഭവനം അനുവദിക്കുകയും വീട് ചെലവ് കുറച്ച് നിർമ്മിക്കുവാനുള്ള സാങ്കേതികവിദ്യകൾ പ്രയോജന പ്പെടുത്തുകയും പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗ പ്പെടുത്തുകയും ചെയ്യുക. വീട് നിർമ്മാണത്തിന് പരിശീലനം ലഭിച്ച വിദഗ്ദ്ധ തൊഴിലാളികളെ ഉപയോഗിക്കുകയും ലക്ഷ്യമിടുന്നു. ഭൂമിയില്ലാത്ത ഭവനരഹിതർ അടുത്ത 5 വർഷത്തിനുള്ളിൽ ജീവനോ പാധികൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടുകൂടി പാർപ്പിടസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുവാനും ലക്ഷ്യമിടുന്നു.

7.16 വിദ്യാഭ്യാസം

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. മലയോര മേഖലയിലുള്ള ബദൽ സ്കൂളുകൾ (MGLC) അപ്ഗ്രേഡ് ചെയ്ത് പ്രൈമറി വിദ്യാലയങ്ങൾ ആക്കുക.
2. ഹൈസ്ക്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി എന്നിവ ഒരുമിച്ച് പ്രവർത്തിക്കുന്നിടത്ത് ഇവ ഒരു മേധാവിയുടെ കീഴിലാക്കുക.
3. തദ്ദേശ സ്ഥാപനങ്ങൾക്ക് അക്കാദമിക മേഖലയിൽ പ്രോജക്ടുകൾ വയ്ക്കുന്നതിന് നിലവിലുള്ള മാർഗ്ഗ രേഖകൾ പ്രകാരം കഴിയുന്നില്ല (ഉദാ: കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്). ഇതിനാവശ്യമായ ഭേദഗതി ഉത്തരവ് ഉണ്ടാകണം.
4. ജില്ലാ പഞ്ചായത്തിന് അവശ്യ സാഹചര്യങ്ങളിൽ പ്രൈമറി സ്കൂളുകളിലും തിരിച്ച് ഗ്രാമ പഞ്ചായത്തുകൾക്ക് ഹൈസ്ക്കൂൾ/ ഹയർസെക്കണ്ടറി സ്കൂളുകളിലും ഫണ്ട് ചിലവഴിക്കുന്നതിനുള്ള അനുമതി ഉണ്ടാകേണ്ടതുണ്ട്.
5. ട്രൈബൽ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സവിശേഷ സ്ഥിതി പരിഗണിച്ച് 50% ത്തിൽ താഴെ ട്രൈബൽ കുട്ടികളെ ഉള്ളൂ എങ്കിലും ഈ വിഭാഗങ്ങൾക്കുള്ള ഫണ്ട് വിനിയോഗി ക്കുന്നതിനുള്ള അനുവാദം വേണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. സ്ക്കൂൾ വിദ്യാർത്ഥികൾക്ക് കായികക്ഷമത പരിശീലനം ഉറപ്പാക്കണം.
2. മാനസികവളർച്ചക്കും കായികക്ഷമതക്കും കളിസ്ഥലങ്ങളും ഗ്രൗണ്ടും എല്ലാ സ്ക്കൂളുകളിലും ഉറപ്പാക്കണം.
3. എല്ലാ സ്ക്കൂളുകളിലും വൃത്തിയും ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കള ഉറപ്പാക്കണം.
4. എല്ലാ സ്കൂളുകളിലും ഡൈനിംഗ് ഹാളുകൾ.
5. അംഗനവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉറപ്പാക്കണം.
6. അംഗനവാടികൾക്ക് പഠനോ പകരണങ്ങൾ, കളിപ്പാട്ടങ്ങൾ നൽകണം.
7. ജില്ലയിലെ എല്ലാ വിദ്യാലയങ്ങളിലും എല്ലാ ക്ലാസുമുറികളും സ്മാർട്ടാക്കണം.
8. സാക്ഷരത പ്രേരകമാർക്ക് ഐ.ടി. പരിശീലനം നൽകണം.

സംയോജന സാധ്യതകൾ

ജില്ലയിൽ നിന്നും മുന്നോട്ടുവയ്ക്കുന്ന പ്രത്യേക പ്രോജക്ടുകൾ

സർക്കാർ സ്കൂളുകളിൽ സിന്തറ്റിക് ട്രാക്ക് & ഫീൽഡ് സംസ്ഥാന തലത്തിലും, ദേശീയ അന്തർദേശീയ തലത്തിലും പ്രതിഭ തെളിയിച്ച നിരവധി കായിക താരങ്ങൾക്ക് എറണാകുളം ജില്ല ജന്മം നൽകിയിട്ടുണ്ട്. എന്നാൽ ജില്ലയിലെ എല്ലാ പ്രദേശങ്ങളിലുമുള്ള വിദ്യാർത്ഥികൾക്ക് ഇത്തരം അവസരം ലഭിക്കാറില്ല. ഇതിനു പ്രധാന കാരണം പരിശീലന സൗകര്യങ്ങൾ ജില്ലയിലെ ചുരുക്കം കേന്ദ്രങ്ങളിലെ ലഭ്യമാകുന്നുള്ളൂ എന്നതാണ്. നിലവിൽ സ്ഥല സൗകര്യമുള്ള തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് സ്കൂളുകളിൽ ട്രാക്കും ഫീൽഡും തയ്യാറാക്കുകയും സ്പോട്സ് കൗൺസിൽ പോലുള്ള ഏജൻസികളുമായി ബന്ധപ്പെട്ട് പരിശീലകരെ ലഭ്യമാക്കുകയും ചെയ്താൽ കായിക രംഗത്ത് ജില്ലക്ക് ഒരു കുതിച്ചുചാട്ടം തന്നെ ഉണ്ടാകും. സ്കൂളിലെ സൗകര്യങ്ങൾ മറ്റ് മുതിർന്ന കായിക താരങ്ങൾക്കും ഉപയോഗപ്രദമാകും ഇതിനായി താഴെ പറയുന്ന സ്കൂളുകളുടെ സൗകര്യങ്ങൾ നിർദ്ദേശിക്കുന്നു.

1. ഗവ: ഹയർസെക്കണ്ടറി സ്കൂൾ, ചോറ്റാനിക്കര- 400 മീ.ട്രാക്ക്
2. ഗവ: ഹയർസെക്കണ്ടറി സ്കൂൾ, മണീട് - 200 മീ.ട്രാക്ക്, ഫീൽഡ്
3. ഗവ: ഹയർസെക്കണ്ടറി സ്കൂൾ, നാമക്കുഴി - 200 മീ.ട്രാക്ക്, ഫീൽഡ്

1. ഗേൾ ഫ്രണ്ട്ലി ടോയ്ലറ്റ്, നാപ്കിൻ വെൻഡിംഗ് മെഷീൻ: - സ്കൂളുകളിൽ ഗേൾ ഫ്രണ്ട്ലി ടോയ്ലറ്റുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശമുണ്ടെങ്കിലും എല്ലാ സ്കൂളുകളിലും ഇത് സ്ഥാപിച്ചിട്ടില്ല. മാത്രമല്ല പെൺകുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്ലറ്റുകൾ ഇല്ലാത്ത സാഹചര്യവും ഉണ്ട്. എല്ലാ ഗവ/എയ്ഡഡ്/ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകളിലും (259 എണ്ണം) ഗേൾ ഫ്രണ്ട്ലി ടോയ്ലറ്റുകൾ സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത്/ കോർപ്പറേഷൻ/മുൻസിപ്പാലിറ്റികൾ വഴി പദ്ധതികൾ തയ്യാറാക്കാവുന്നതാണ്. ഇതോടൊപ്പം തന്നെ സൗജന്യ നാപ്കിൻ വെൻഡിംഗ് മെഷീനുകളും സ്ഥാപിക്കാവുന്നതാണ്.

2. ഇതരസംസ്ഥാന തൊഴിലാളികളുടെ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിശീലനം:- സംസ്ഥാനത്ത് ഏറ്റവുമധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന ജില്ലയാണ് എറണാകുളം. ഇത്തരം തൊഴിലാളികളുടെ രണ്ടായിരത്തിലധികം വിദ്യാർത്ഥികൾ ജില്ലയിലെ ഇരുപതോളം സ്കൂളുകളിൽ പഠിക്കുന്നുണ്ട്. പ്രധാനമായും ബംഗാൾ, ആസാം, ഉത്തർപ്രദേശ്, തമിഴ്നാട് സംസ്ഥാനക്കാരാണിവർ. ഇവർ ചേർന്ന് പഠിക്കുന്ന വിദ്യാലയങ്ങൾ മലയാളം മാധ്യമത്തിലുള്ളതായതിനാൽ കുട്ടികളുടെ പഠന പ്രക്രിയയെ ഇത് സാരമായി ബാധിക്കുന്നുണ്ട്.

പൈലറ്റ് അടിസ്ഥാനത്തിൽ ജില്ലാ ഭരണകൂടം നടത്തിവരുന്ന 'റോഷ്നി' എന്ന പ്രജക്ടിൽ, കുട്ടികൾക്ക് അവരവരുടെ മാതൃഭാഷ അറിയാവുന്ന ഒരാളുടെ സഹായത്തോടെ അധ്യായനം നടത്തുന്നതിന് അവസരം നൽകുന്നുണ്ട്. ഇതോടൊപ്പം കുട്ടികൾക്ക് പ്രഭാത ഭക്ഷണവും നൽകി വരുന്നു. എഡ്യൂക്കേഷണൽ വളണ്ടിയർക്കു നൽകുന്ന ഹോണറേറിയം, പ്രഭാത ഭക്ഷണത്തിനു നൽകുന്ന തുക എന്നിവ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന രീതിയിൽ ഈ പ്രൊജക്ട് നടപ്പിലാക്കാവുന്നതാണ്.

III. പശ്ചാത്തല മേഖല

7.17 ഊർജ്ജമേഖല

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. തെരുവ് വിളക്കുകൾ പൂർണ്ണമായും എൽ.ഇ.ഡി.യി.ലേക്കും സൗരോർജ്ജത്തിലേക്കും മാറണം.
2. 2018-19 സാമ്പത്തിക വർഷത്തിൽ എല്ലാ സർക്കാർ സ്ഥാപനങ്ങളുടെയും സ്കൂളുകളുടെയും വൈദ്യുതി ഉപഭോഗം സൗരോർജ്ജത്തിലേക്ക് മാറണം. സാധ്യമായ സ്ഥലങ്ങളിലെല്ലാം റൂഫ്ടോപ്പ് സോളാർ സ്ഥാപിക്കണം.

3. 2000 സ്ക്വയർഫീറ്റിന് മുകളിലുള്ള വീടുകൾക്ക് സൗരോർജ്ജ ഉത്പാദനം നിർബന്ധമാക്കിക്കൊണ്ട് കെട്ടിട നിർമ്മാണ നിയമം ഭേദഗതി ചെയ്യണം.
4. സേവനദാതാക്കൾക്ക് യൂട്ടിലിറ്റിഡക്ട് നിർമ്മിക്കുക. കൂടെക്കൂടെ റോഡ് വെട്ടിപ്പൊളിക്കുന്നത് അവസാനിക്കും.
5. പൊതുയാത്രാ സൗകര്യം മെച്ചപ്പെടുത്തി സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കാവുന്നതാണ്.
6. ഉത്പാദനരംഗത്ത് ഇതിനകം സാധ്യതാ പഠനം പൂർത്തിയാക്കിയ മിനി മൈക്രോ ഹൈഡൽ പദ്ധതികളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി ഉണ്ടാകുകയും മറ്റ് സാധ്യത പഠിക്കുന്നതിനുള്ള ഏർപ്പാടാക്കുകയും ചെയ്യണം.
7. ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരണം വർധിപ്പിക്കുന്നതിനായി പലതരത്തിലുള്ള ഇളവുകൾ (നികുതി, സൗജന്യ പാർക്കിംഗ്) നടപ്പിൽ വരുത്തുക.
8. ജില്ലയിലെ ഗവൺമെന്റ് കെട്ടിടങ്ങൾ, ഗവൺമെന്റ് സ്ഥാപനങ്ങൾ, ബോർഡുകൾ തുടങ്ങിയവയിൽ എൽ.ഇ.ഡി. നിർബന്ധമാക്കുക.
9. ഡൊമസ്റ്റിക് മേഖലയിൽ സോളാർ വാട്ടർ ഹീറ്റർ പ്രോത്സാഹിപ്പിക്കുക. കൂടാതെ ആശുപത്രികൾ, ഹോട്ടലുകൾ, ഗവൺമെന്റ് കെട്ടിടങ്ങൾ, റസിഡൻഷ്യൽ സ്ക്കൂളുകൾ, കോളേജുകൾ, ഹോസ്റ്റലുകൾ, ടൂറിസം കോംപ്ലക്സുകൾ, സർവ്വകലാശാലകൾ തുടങ്ങിയവയിലും സോളാർ വാട്ടർ ഹീറ്റർ നിർബന്ധമാക്കുക.
10. സ്റ്റാർ റേറ്റഡ് പമ്പ് സെറ്റുകൾ കാർഷിക മേഖലയിൽ നിർബന്ധമാക്കുക.
11. നിലവിലുള എല്ലാ കുടിവെള്ള പദ്ധതികളുടെയും കാലപ്പഴക്കം ചെന്ന പമ്പ് സെറ്റുകൾ (വാട്ടർ അതോറിറ്റി) അടക്കം മാറ്റി ഊർജ്ജക്ഷമതയുളല പമ്പ് സെറ്റുകൾ സ്ഥാപിക്കുക.
12. HT/LT, ഹൈറൈസ് ബിൽഡിംഗ് എന്നിവ കേന്ദ്രീകരിച്ച് എനർജി ഓഡിറ്റ് നടത്താൻ നിഷ്കർഷിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. സിറ്റി ഗ്യാസ് പദ്ധതി – വൈപ്പിനിലെ പെട്രോനെറ്റ് എൽ.എൻ.ജി. സ്റ്റേഷനിൽ ദ്രവ രൂപത്തിലെത്തുന്ന പ്രകൃതി വാതകം പുനർവാതീകരിച്ച് പൈപ്പുവഴി സിറ്റിയിലാകെ എത്തിക്കുവാനുള്ള പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
2. ജില്ലയിലെ വീടുകൾ കാര്യക്ഷമതയേറിയ അടുപ്പ് സ്ഥാപിക്കാനുള്ള പ്രവർത്തനം സമയബന്ധിതമായി നടപ്പാക്കാവുന്നതാണ്.
3. താപഭരണി/ചൂടാറാപ്പെട്ടിയുടെ ഊർജ്ജ സംരക്ഷണ സാദ്ധ്യതയെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുകയും ഇത് എല്ലാ വീടുകളിലും ഉപയോഗിക്കുന്നതിന് പ്രേരിപ്പിക്കുകയും ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് സംവിധാനമുണ്ടാക്കുകയും ചെയ്യാവുന്നതാണ്.
4. നഗരമാലിന്യങ്ങളിൽ നിന്നും ഗ്യാസ് ഉത്പാദിപ്പിച്ച് സിലിണ്ടറുകളിൽ നിറച്ച് പയോഗിക്കുന്ന സംവിധാനം പ്രചരിപ്പിക്കാവുന്നതാണ്.
5. വൈദ്യുതി ഉപയോഗിച്ചുള്ള വെള്ളം ചൂടാക്കൽ നിരുത്സാഹപ്പെടുത്തി പകരം സോളാർ ഹീറ്ററുകൾ ഉപയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.
6. ഇലക്ട്രിക് വാഹനങ്ങൾക്കായി കൂടുതൽ ചാർജ്ജിംഗ് പോയിന്റുകൾ കണ്ടെത്തുക.
7. എല്ലാ തെരുവ്വിളക്കുകൾക്കുമുള്ള വൈദ്യുതി എനർജി മീറ്റർ വഴിയാക്കി കൃത്യമായ ബില്ലിംഗ് ഉറപ്പ് വരുത്തുക.
8. തെരുവ് വിളക്കുകൾ കൃത്യമായി കത്തിക്കുന്നതിനും ഓഫ് ചെയ്യുന്നതിനുമായി ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ സ്ഥാപിക്കുക.
9. കഴിയുന്നത്ര പ്രദേശങ്ങളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക.
10. ഐസ് പ്ലാന്റുകൾ കേന്ദ്രീകരിച്ച് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

11. എനർജി മാനേജ്മെന്റിന്റെ നേതൃത്വത്തിൽ ഊർജ്ജ സംരക്ഷണത്തിനുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
12. ഊർജ്ജ ക്ഷമത കൂടിയ വൈദ്യുതി ഉപകരണ്ങൾ ഉപയോഗിക്കുന്നതു കൊണ്ടുള്ള ഗുണങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
13. കാലപ്പഴക്കം ചെന്ന വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുക.

സംയോജന സാധ്യതകൾ

ഏറ്റവും ചിലവ് കുറഞ്ഞതും ഇന്നത്തെ വൈദ്യുത കമ്മി ഒരു പരിധി വരെ തരണം ചെയ്യുന്നതിനുമുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം ഊർജ്ജ സംരക്ഷണമാണ്. ഡിമാൻഡ് സൈഡ് മാനേജ്മെന്റ് (ഡിഎസ്എം) ഫലപ്രദമായി നടപ്പാക്കുന്നതിലൂടെ ജനറേഷൻ, ട്രാൻസിമിഷൻ, ഡിസ്ട്രിബ്യൂഷൻ മേഖലയിൽ ചിലവഴിക്കുന്ന തുക ഒരു പരിധി വരെ കുറക്കാൻ പറ്റും. കൂടാതെ അന്തരീക്ഷ മലിനീകരണം കുറക്കുന്നതിനും ഇത് സഹായകരമാകുന്നു. കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓട്ടോണമസ് സ്ഥാപനമായ എനർജി മാനേജ്മെന്റ് സെന്റർ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേരിട്ട് നേതൃത്വം നൽകിവരുന്നു. ജില്ലയ്ക്കകത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇ.എം.സി.യുമായി ചേർന്ന് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലേക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ വെയ്ക്കുന്നു.
ഊർജ്ജ ഉത്പാദനം പോലെതന്നെ പ്രാധാന്യമുള്ളതാണ് ഊർജ്ജസംരക്ഷണവും. ചൂടാറാപ്പെട്ടി (താപഭരണി) പോലുള്ള ഊർജ്ജ സംരക്ഷണോപാധികൾ ഇന്ന് വിപണിയിൽ ലഭ്യമാണ്. എന്നാൽ ഇതു സംബന്ധിച്ച് ജനങ്ങൾക്ക് വേണ്ടത്ര ധാരണയില്ലാത്തതിനാൽ ഇതിന്റെ ഉപയോഗം വ്യാപകമായിട്ടില്ല. ജനസംഖ്യാ വർദ്ധനവിന് അനുസ്യൂതമായി ഊർജ്ജ ഉപഭോഗം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നതും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു.
കെ.എസ്.ഇ.ബി.എൽ. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിൽ ഗാർഹിക ഉപഭോക്താക്കൾക്ക് 9 വാട്ടിന്റെ രണ്ട് എൽ.ഇ.ഡി. ബൾബ് വീതം നൽകുന്ന ഗാർഹിക പ്രകാശകാര്യക്ഷമത പരിപാടി (D.E.L.P.) നടപ്പാക്കി വരുന്നു.

അനിവാര്യ പദ്ധതികൾ

- തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ നിലവിലുള്ള മുകളിൽക്കൂടിയുള്ള ലൈനുകൾ മാറ്റി ഭൂഗർഭ കേബിളുകൾ ഇടുക.
- ഭൂഗർഭ കേബിൾ, ABC, Covered Conductor RMU ഇവ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിച്ചാൽ invertor/generator ന്റെ ഉപയോഗം കുറക്കാം. കൂടാതെ വൈദ്യുതി ലൈൻ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാനും കഴിയുന്നതാണ്.
- ഒന്നിൽ കൂടുതൽ പഞ്ചായത്തുകൾക്ക് യോജിച്ച് "dedicated feeder" വലിച്ചാൽ ആ പ്രദേശത്തെ വോൾട്ടേജ് ക്ഷാമത്തിനും വൈദ്യുതി മുടക്കത്തിനും പരിഹാരം കാണാം.
- ധാരാളം ചെറുതും വലുതുമായ വെള്ളച്ചാട്ടങ്ങൾ ജില്ലയുടെ കിഴക്കൻ പ്രദേശത്തുണ്ട്. ഇവ പരമാവധി പ്രയോജനപ്പെടുത്തി വൈദ്യുതി ഉത്പാദന രംഗത്ത് പ്രവേശിക്കാവുന്നതാണ്.

7.18 ഗതാഗതം

മേല്ത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയുടെ കിഴക്കൻ മേഖലയിലെ പ്രധാനമായും പട്ടിക വർഗ്ഗ കോളനികളിലേക്കുള്ള സഞ്ചാര മാർഗ്ഗങ്ങൾ വിപുലികരിക്കുന്നതിന് വനംവകുപ്പുമായി ബന്ധപ്പെട്ട് അനുമതികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
2. ടൂറിസം മേഖലയിലെ സാധ്യതകൾക്ക് അനുമതിക്ക് പദ്ധതി വിഭാവനം

ചെയ്യുന്നതിന് ബന്ധപ്പെട്ട വിവിധ വകുപ്പുകളുമായി സ്ഥിരംസമിതി ക്രോഡീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് മുൻകൈയെടുക്കുക.

3. എൽ.എസ്.ജി.ഡി വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ എണ്ണം കുറച്ച് ഒരു പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുംവിധം പദ്ധതികൾ ക്രമീകരിക്കുന്നു എന്ന് ഉറപ്പാക്കുക, മാർഗ്ഗനിർദ്ദേശങ്ങളിൽ റോഡ് സുരക്ഷ, വിവിധ റോഡുകളുടെ കണക്ടിവിറ്റി എന്നിവ ജില്ലാ തലത്തിൽ ക്രോഡീകരിച്ച് സൂക്ഷിക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികളിൽ വാർഡുതലത്തിൽ പദ്ധതി നടപ്പിലാക്കുന്നതിന് കുറച്ച് പൊതുവായ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മുൻഗണന നൽകുക.

4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കോർപ്പറേഷൻ, മുനിസിപ്പൽ, പഞ്ചായത്ത് എന്നിവ നടപ്പിലാക്കുന്ന പദ്ധതികൾ കണക്ടിവിറ്റി ഉറപ്പാക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ SC/STഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ മാനദണ്ഡളിൽ സംസ്ഥാനത്തിന്റെ അവസ്ഥ അനുസരിച്ച് പുനഃക്രമീകരിക്കുക.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1 വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് മാത്രമേ ഒരു ഉയർന്ന സംസ്ക്കാരമുള്ള ഗതാഗത സംവിധാനം പ്രാവർത്തിക മാക്കÂ കഴിയൂ. ആയതിനാÂ പൊതുമരാമത്ത്, എÂ.എസ്.ജി ഡി, പോലീസ്, മോട്ടോർ വാഹനവകുപ്പ്, കെ.എസ്. ആർ.ടി.സി ടൂറിസം മേഖലയിലെ ജിÃാതലത്തിലുള്ള ഉദ്യോഗസ്ഥരുടെ സ്ഥിരം സമിതി മാസത്തി ലൊരിക്കÂ അവലോകനം നടത്തണം. സമിതിയിലെ നിർദ്ദശങ്ങൾ ജിÃാ ഭരണകൂടം പരിഗണിക്കുകയും യഥാസമയം നടപ്പിലാക്കുന്നതിനുള്ള അനുമതികൾ ലഭ്യ മാക്കുന്നതിന് ത്വരിതപ്പെടുത്തുക. ഭാവിയിÂ വരുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് നടപ്പിലാക്കുന്ന പദ്ധതി ഗുണകരമാകും എന്ന് ഉറപ്പിലാക്കുക.

2 സ്ഥലം ഏറ്റെടുപ്പ് മുതലായ വിഷയങ്ങൾ മേൽത്തട്ടിൽ പദ്ധതി തയ്യാറാക്കുന്നതിന് മുമ്പ് വിവര സാങ്കേതികവിദ്യ പ്രയോജന പ്പെടുത്തി വിലയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനൊപ്പം സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതിനുള്ള മാർഗങ്ങൾ സ്വീകരിക്കുക.

3 വെള്ളക്കെട്ടുള്ള സ്ഥലങ്ങൾക്ക് യോജിച്ച നിർമ്മാണ വിദ്യകൾ ഉപയുക്തമാക്കുക.

4 വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ പരസ്പരം ബന്ധിപ്പിക്കുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ തയ്യാറാക്കുക.

5 വെളിച്ചം ലഭ്യത രാത്രിയിലും ഉറപ്പിലാക്കുന്ന സംവിധാനങ്ങൾ ഉറപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

6 കൃഷി-ടൂറിസം എന്നിവ ബന്ധിപ്പിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകുക.

8 നഗരത്തിന് പൂറത്ത് പാർക്കിംഗ് ഏരിയയിÂ ക്രമീകരിച്ച് മെട്രോയുമായി ബന്ധിപ്പിക്കുന്നതിനുള്ള ഫീഡർ സർവ്വീസുകൾ കാര്യക്ഷമമാക്കുക. പാർക്കിംഗ് സ്വകാര്യ മേഖലയിÂ അനുവദിക്കാതെ സാങ്കേതികനിലവാരം ഉയർത്തി കുടുംബശ്രീ പോലുള്ള വനിതാ പുരുഷ കൂട്ടായ്മകളെ ഏർപ്പെടുത്തി ബഹുനില പാർക്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് മുൻകൈ എടുക്കുക.

9 റോഡുകളിലെ അനധികൃത കൈയ്യേറ്റങ്ങൾ പരസ്യ ബോർഡുകൾ എന്നിവ നീക്കം ചെയ്യുന്നതിന് വിവിധമേഖലകൾ തിരിച്ച് കലണ്ടർ തയ്യാറാക്കി കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത് ഉറപ്പാക്കുക.

ലക്ഷ്യങ്ങൾ

- ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന പദ്ധതി.
- ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികൾ ചിലവഴിക്കുന്ന സമയം വർദ്ധിപ്പിക്കുക.
- ജലഗതാഗത സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- ഉൾനാടൻ ടൂറിസ വികസനം.
- പാർക്കിംഗ് ഒരുക്കുന്നത് വഴി തൊഴിലും വരുമാനവു.
- വൈപ്പിൻ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള മാർഗ്ഗം.
- ഉൾനാടൻ പ്രദേശങ്ങളിലെ ജനങ്ങളുടെ വികസനം.
- സർക്കുലർ സർവ്വീസ് വഴി കെ. എസ്. ആർ. ടി.സി.യുടെ വികസനം.
- ജലഗതാഗതം ടൂറിസം ഹബായി ജില്ലയെ മുന്നോട്ട് ദിശ കാണിക്കുന്ന പദ്ധതി.
- ജലഗതാഗതത്തിന് തോടുകളെ പാർക്കിംഗുമായി ബന്ധിപ്പിക്കുന്നു.

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

➢ **വൈപ്പിൻ ടൂറിസം-സർക്യൂട്ട് - കടമകുടി-പാർക്കിങ്ങ് സൗകര്യം**

പട്ടിക - 7.14

സാധ്യത പഠനം	6 മാസം	പൊതുമരാമത്തു വകുപ്പ്
സ്ഥലമേറ്റെടുക്കൽ	10 മാസം	റവന്യൂവകുപ്പ്
വിശദമായ എസ്റ്റിമേറ്റ്	3 മാസം	പൊതുമരാമത്തു വകുപ്പ്
ഭരണാനുമതി	1 മാസം	പൊതുമരാമത്തു വകുപ്പ്
സാങ്കതിക അനുമതി	1 മാസം	പൊതുമരാമത്തു വകുപ്പ്
ദർഘാസ് നടപടികൾ	3 മാസം	പൊതുമരാമത്തു വകുപ്പ്
കരാർ കാലാവധി	24 മാസം	പൊതുമരാമത്തു വകുപ്പ്
അനുബന്ധ റോഡുകൾ	12 മാസം	തദ്ദേശസ്വയംഭരണ വകുപ്പ്
പൂർത്തീകരണം		പൊതുമരാമത്തു വകുപ്പ്

തൃപ്പൂണിത്തുറ S.N. ജംങ്ഷൻ - ഇരുമ്പനം - കരിങ്ങാച്ചിറ - പുതിയകാവ് മോഡൽ - ഫ്ളൈ ഓവർ കം - റിംഗ് എബോട്ട് - റിംഗ് റോഡ്

കൊച്ചി മെട്രോ ഒന്നാം ഘട്ടം

അവസാനിക്കുന്ന തൃപ്പൂണിത്തുറ S.N. ജംഗ്ഷനിൽ തുടങ്ങി (റെയിൽവേ ഓവർ ബ്രിഡ്ജിന് സമീപം) ഫ്ളൈ ഓവറായി വന്ന് ഇരുമ്പനം ജംഗ്ഷനിൽ റിംങ് എബോട്ടായി രൂപപ്പെട്ട് - കാക്കനാട് - അമ്പലമുകൾ - കരിങ്ങാച്ചിറ എന്നീ നിലവിലെ റോഡുകളെ ബന്ധിപ്പിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്യുന്നത്. കരിങ്ങാചിറയിൽ ഫ്ളൈഓവറായി അവസാനിക്കുന്ന ഭാഗത്ത് നിന്ന് ആരംഭിച്ച് തൃപ്പുണിത്തുറ റെയിൽവേ സ്റ്റേഷനോട് അനുബന്ധിച്ചുള്ള പാലത്തിന് സമാന്തരമായി റെയിൽവേ മേൽപ്പാലം നിർമ്മിച്ച് പുതിയകാവിലേക്ക് ബൈപാസ് നിർമ്മാണം.തൃപ്പുണിത്തുറ - വൈക്കം റോഡിൽ നിലവിൽ 300 കോടി രൂപ നാലുവരി പാതക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തൃപ്പുണിത്തുറ കുണ്ടന്നൂർ ബൈപാസിലേക്ക് നിലവിലെ റോഡ് വീതി കൂട്ടി ബന്ധിപ്പിക്കാവുന്നതാണ്.

ലക്ഷ്യം

- സീപോർട്ട് - എയർപോർട്ട് റോഡ് , പേട്ട തൃപ്പുണിത്തുറ - കുണ്ടന്നൂർ, തൃപ്പൂണിത്തുറ - വൈക്കം, തൃപ്പുണിത്തുറ - തിരുവാങ്കുളം റോഡുകളിലൂടെ വരുന്ന വാഹനങ്ങൾക്ക് തൃപ്പുണിത്തുറ ടൗണിൽ പ്രവേശിക്കാതെ വിവിധ സ്ഥലങ്ങളിലേക്ക് സുഗമമായ യാത്ര.
- കൊച്ചി മെട്രോ യാത്രക്കാർക്ക് ആയാസരഹിതമായി മെട്രോ സ്റ്റേഷനിലേക്ക് കടന്ന് വരവ്.
- ഫ്ളൈ ഓവറുകളുടെ അടി വശത്ത് പാർക്കിംഗിനായി ഉപയോഗിക്കാം.
- തൃപ്പുണിത്തുറ - മുനിസിപ്പൽ പാർക്കിനുള്ള പാർക്കിംഗ്.

- ഇരുമ്പനം സ്ക്കൂളിലെ വിദ്യാർത്ഥികൾക്ക് സുഗമമായ ക്രോസിംഗ് സൗകര്യം.
- ടൂറിസം കേന്ദ്രമായ ഹിൽപാലസ് - കൊച്ചി എന്നിവയെ ബന്ധിപ്പിക്കുന്ന മാർഗമായി രൂപപ്പെടുത്തുന്നതിന് ഉപകരിക്കും.
- ചോറ്റാനിക്കര ക്ഷേത്രം സന്ദർശിക്കുവാനുള്ള സൗകര്യം.
- ഓയിൽ കോർപ്പറേഷനുകളുമായി ബന്ധപ്പെട്ട ഭാര വാഹനങ്ങളുടെ സൗകര്യം.

➢ **പുതിയ കാവ് - 120 കോടി രൂപ**

പട്ടിക - 7.15

1	സാധ്യത പഠനം	6	മാസം	പൊതുമരാമത്തു വകുപ്പ്
2	സ്ഥലമേറ്റെടുക്കൽ	12	മാസം	റവന്യൂവകുപ്പ്
3	വിശദമായ എസ്റ്റിമേറ്റ്	3	മാസം	പൊതുമരാമത്തു വകുപ്പ്
4	ഭരണാനുമതി	1	മാസം	പൊതുമരാമത്തു വകുപ്പ്
5	സാങ്കതിക അനുമതി	1	മാസം	പൊതുമരാമത്തു വകുപ്പ്
6	ദർഘാസ് നടപടികൾ	3	മാസം	പൊതുമരാമത്തു വകുപ്പ്
7	കരാർ കാലാവധി	30	മാസം	പൊതുമരാമത്തു വകുപ്പ്
8	അനുബന്ധ റോഡുകൾ			പൊതുമരാമത്തു വകുപ്പ്

7.19 വിനോദ സഞ്ചാരം

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ജില്ലയിലെ സുസ്ഥിര വികസനത്തിന്റെ ചലനാത്നകവും സുപ്രധാനവുമായ പങ്ക് വിനോദസഞ്ചാരം വഹിക്കും.
2. ജില്ലയിലെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളും അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കും.
3. ദൈവത്തിന്റെ സ്വന്തം നാട് എന്ന് പുകൾപെറ്റ കേരളത്തിലെ ഏറ്റവും പ്രമുഖ ടൂറിസം ബ്രാന്റായി എറണാകുളം ജില്ലയെ മാറ്റും.
4. ജില്ലയിലെ വികസനത്തിൽ ഏറ്റവുമധികം നിക്ഷേപം വരുന്ന മേഖലയായി വിനോദസഞ്ചാരം മാറും.
5. ജില്ലയിലെ എല്ലാതരം വിനോദസഞ്ചാര ഉത്പ്പന്നങ്ങളുടെയും സമഗ്രവും സുസ്ഥിരവുമായ വികസനം മാസ്റ്റർ പ്ലാനിലൂടെയും വ്യത്യസ്ത പദ്ധതികളിലൂടെയും സാദ്ധ്യമാക്കും.
6. തദ്ദേശീയർക്ക് വിനോദ സഞ്ചാരത്തിന്റെ സമ്പൂർണ്ണ പ്രയോജനവും സാമ്പത്തിക അഭിവൃദ്ധിയും മൂല്യവും ഗുണഫലങ്ങളും ലഭിക്കും.
7. സാമൂഹികവും സാംസ്കാരികവും പാരിസ്ഥിതികവുമായ സുസ്ഥിര വിനോദസഞ്ചാര വികസനത്തിൽ എറണാകുളം ജില്ലയെ ഒരു അനുകരണീയ മാതൃകയായി വികസിപ്പിക്കും.
8. ഗുണനിലവാരമുള്ള മാനവവിഭവശേഷി വികസിപ്പിച്ചെടുത്ത് ടൂറിസ്സത്തെ ജില്ലയിൽ ഏറ്റവുമധികം തൊഴിൽ സൃഷ്ടിക്കുന്ന മേഖലയാക്കും.

മേൽത്തട്ട് നിർദ്ദേശങ്ങൾ

വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾക്കായി സമാഹരിക്കാൻ സാധിക്കുന്ന വിഭവലഭ്യത പ്രധാനമായും കേന്ദ്രാവിഷ്കൃതവും സംസ്ഥാനാ വിഷ്കൃതവുമായ ഫണ്ടിലൂടെയാണ്. കിഫ്ബി പോലുള്ള പുതിയ ഫണ്ടിംഗ് സംവിധാന ത്തിലൂടെയും വിനോദസഞ്ചാര വികസന ത്തിനായുള്ള ഫണ്ട് കണ്ടെത്താനാവുന്നതാണ്.

1. എയർപോർട്ട്, പ്രധാന ടൂറിസം കേന്ദ്രങ്ങളായ ഫോർട്ട്കൊച്ചി, മട്ടാഞ്ചേരി തുടങ്ങിയവയെല്ലാം മെട്രോ റെയിലുമായി ബന്ധിപ്പിക്കുക.

2. അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ കൂടുതൽ പുരോഗതി കാലത്തിനനുസൃതമായ വളർച്ചകൂടി കണക്കിലെടുത്ത് വികസിപ്പിക്കേണ്ട തായിട്ടുണ്ട്. ഭാവി ആവശ്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടുള്ള വികസനം അടിയന്തിര പ്രാധാന്യ മർഹിക്കുന്നുണ്ട്.

3. രാജ്യത്തിന്റെ മറ്റിടങ്ങളിലേക്കും ലോകത്തേക്കും സംസ്കാരങ്ങളുടെ വാതിലുകൾ തുറക്കുന്നു. ക്രമേണ കൂടുതൽ തൊഴില വസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതുവഴി ദാരിദ്ര്യവും തൊഴിലില്ലായ്മയും വലിയൊരളവുവരെ വിനോദസഞ്ചാര മേഖല പരിഹാരമാകുന്നു.

നിർദ്ദേശങ്ങൾ

1. ജില്ലയിലെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളും ഏറ്റവും വൃത്തിയുള്ളതാക്കി മാറ്റുക. ഇതിനായി എല്ലാ കേന്ദ്രങ്ങളിലും തദ്ദേശസ്ഥാപനങ്ങളുടെ സഹായത്തോടെ സമഗ്ര മാലിന്യ സംസ്ക്കരണവും നിർമാർജ്ജനവും സാദ്ധ്യമാക്കുക.

2. എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും വൃത്തിയുള്ള ശൗചാലയങ്ങൾ ഉറപ്പു വരുത്തുക. പ്രവർത്തനരഹിതമായ ശൗചാലയങ്ങൾ വീണ്ടും നല്ലരീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുക

3. വിനോദസഞ്ചാര കേന്ദ്രങ്ങളിലെല്ലാം ആവശ്യത്തിന് വഴിവിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക. പല സ്ഥലങ്ങളിലും പ്രവർത്തന രഹിതമായവ മാറ്റി പുതിയത് സ്ഥാപിക്കുക. സൗരോർജ്ജവും എൽ.ഇ.ഡി ലൈറ്റുകളും പോലുള്ളവയ്ക്ക് മുൻഗണന നൽകുക.

4. പല കേന്ദ്രങ്ങളിലും ശുദ്ധമായ കുടിവെള്ളം സഞ്ചാരികൾക്ക് ലഭ്യമല്ല. ഇതിനുവേണ്ട അടിസ്ഥാന നടപടികൾ ഉടൻ സ്വീകരിക്കണം.

5. എല്ലാ കേന്ദ്രങ്ങളിലും വിനോദ സഞ്ചാരികൾക്ക് വൃത്തിയും ഗുണമേന്മ യുള്ളതുമായ ഭക്ഷണം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. ആരോഗ്യ വകുപ്പുമായി ചേർന്ന് കൃത്യമായ പരിശോധനയിലൂടെ ഗുണനിലവാരം ഉറപ്പുവരുത്തുക.

6. എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും സഞ്ചാരികൾക്ക് പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തുക. സമുദ്രതീരങ്ങൾ, കായലുകൾ, നദീതീരങ്ങൾ, തടാകങ്ങൾ, വെള്ളച്ചാട്ടങ്ങൾ തുടങ്ങിയ വിനോദ കേന്ദ്രങ്ങളിൽ ലൈഫ് ഗാർഡുകൾ, ടൂറിസം പോലീസ്, ജീവൻരക്ഷാ ഉപകരണങ്ങൾ, മറ്റ് സുരക്ഷാ സംവിധാനങ്ങൾ എന്നിവ ഉറപ്പുവരുത്തുക.

7. അംഗവൈകല്യമുള്ള സഞ്ചാരികൾക്കും വയോജനങ്ങൾക്കും നമ്മുടെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഹൃദ്യമായൊരു അനുഭവം ലഭ്യമാക്കാൻവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ചെയ്ത് കൊടുക്കുക.

8. ജില്ലയിലെ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും വിവിധ ഭാഷകളിൽ സംസാരിക്കാൻ അറിയുന്ന എല്ലാ യോഗ്യതകളുമുള്ള ഡെസ്റ്റിനേഷൻ മാനേജർമാരേയും ഇൻഫർമേഷൻ ഓഫീസർമാരേയും നിയമിക്കുക. സഞ്ചാരികൾക്ക് എല്ലാവിധ വിവരവിനിമയവും നല്ല രീതിയിൽ ലഭ്യമാക്കേണ്ടതാണ്.

9. ടൂറിസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരേയും കോർത്തിണക്കി ഉത്തരവാദപരമായ വികസനം നടപ്പിൽ വരുത്തുക. സ്ത്രീ ശാക്തീകരണം, തദ്ദേശ ഉല്പന്നങ്ങളുടെ വിപണനം, തദ്ദേശോത്സവങ്ങളുടേയും കലകളുടേയും പ്രോത്സാഹനം ഇവയെല്ലാം ടൂറിസവുമായി ബന്ധപ്പെടുത്തി ചെയ്യുക. ഇത്തരം സേവനദാതാക്കളുടെ ഡയറക്ടറി തയ്യാറാക്കുക.

ജില്ലയിലെ എല്ലാ ടൂറിസം കേന്ദ്രങ്ങളുടെയും വികസനത്തിനായി നഗരത്തിൽ നിന്നും ഇവയിലേക്ക് ടൂർ പാക്കേജുകൾ നടത്തുക. ഇതിനായി വിവിധ വിനോദ കേന്ദ്രങ്ങളെ ചെറിയ മിനി ടൂറിസം സർക്യൂട്ടുകളായി തരംതിരിക്കുകയും വിപണനം ചെയ്യുകയും

വേണം. പ്രധാനമായും തുടങ്ങേണ്ട സർക്യൂട്ടുകൾ താഴെ വിശദമായി പറയുന്നു.

- കുമ്പളങ്ങി – ചെല്ലാനം – അന്ധകാരനഴി (ആലപ്പുഴ ജില്ല) ⟶ ഗ്രാമീണ ടൂറിസം സർക്യൂട്ട് – ജലമാർഗ്ഗമുള്ള ടൂർ പാക്കേജും നടപ്പിലാക്കുക.
- നെടുങ്ങാട് – കടമക്കുടി – പിഴല ⟶ ഗ്രാമീണ ടൂറിസം സർക്യൂട്ട് – ജല മാർഗ്ഗമുള്ള ടൂർപാക്കേജ്.
- വൈപ്പിൻ ദ്വീപ് സർക്യൂട്ട്: മാലിപ്പുറം – ഞാറക്കൽ അക്വാ ടൂറിസം: കുഴുപ്പിള്ളി – ചെറായി – മുനമ്പം ബീച്ചുകൾ.
- പൂത്തോട്ട – പാലക്കരി ഫിഷ് ഫാം കായൽ ടൂറിസം പാക്കേജ്.
- പെരുമ്പാവൂർ – ഇരിങ്ങോൾക്കാവ് – കല്ലിൽ ഗുഹാ ക്ഷേത്രം – പാണിയേലിൽ പോര് സർക്യൂട്ട്.
- ഏഴാറ്റുമുഖം – തുമ്പൂർമൂഴി – അതിരപ്പിള്ളി – വാഴച്ചാൽ (തൃശ്ശൂർ ജില്ല) സർക്യൂട്ട്.
- കാലടി – മലയാറ്റൂർ മണപ്പാട്ടിച്ചിറ – കോടനാട് – കപ്രിക്കാട് സർക്യൂട്ട്.
- മൂവാറ്റുപുഴ – രണ്ടാർ പുഴയോര ടൂറിസം സർക്യൂട്ട്.
- കടമ്പ്രയാർ – ഇന്ദ്രൻ ചിറ ലിഷർ ടൂർ പാക്കേജ്.
- ഭൂതത്താൻകെട്ട് – തട്ടേക്കാട് – ഇടമലയാർ ഇക്കോ ടൂറിസം സർക്യൂട്ട്.

സംയോജനപദ്ധതികൾ

❖ **എ. ഗ്രീൻ കാർപ്പെറ്റ് പദ്ധതി**

നിലവിലെ ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും, സന്ദർശകർക്ക് മികച്ച അനുഭവം സമ്മാനിക്കുന്നതിനുമായി ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ച ഈ പദ്ധതിയിൽ താഴെ പറയുന്ന വകുപ്പുകൾക്കും ഏജൻസികൾക്കും യോജിച്ചുള്ള പദ്ധതികൾ തയ്യാറാക്കി ടൂറിസം വകുപ്പിന്റെ ഭരണാനുമതി നേടിയെടുക്കാവുന്നതാണ്. അവയുടെ വിവരങ്ങൾ അനുബന്ധം 7.1 ആയി ചേർക്കുന്നു.

- **ശാസ്ത്രീയ മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട പദ്ധതികൾ**

ടൂറിസം കേന്ദ്രങ്ങൾ ശുചിത്വത്തോടെയും ഹരിത വത്ക്കരണത്തിലൂടെയും പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി സമർപ്പിക്കാവുന്നതാണ്. ഹരിത പെരുമാറ്റ ചട്ടം പൂർണ്ണമായി പാലിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളും ഇതിന്റെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്. കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ കൂടി പങ്കാളിത്തത്തോടെയുള്ള ലഘു സംരംഭങ്ങൾ, വേസ്റ്റുബിന്നുകൾ ശുചീകരണ – മാലിന്യം തരം തിരിക്കുന്നതിനും മറ്റുമായ സാധന സാമഗ്രികൾ എന്നിവയെല്ലാം സജ്ജമാക്കുന്നതിനുള്ള പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിയ രൂപരേഖ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സമർപ്പിച്ച് അംഗീകാരം നേടിയെടുക്കാവുന്നതാണ്.

- **പൊതുശൗചാലയങ്ങൾ/വിഭിന്നശേഷി സൗഹൃദ പൊതു സൗകര്യങ്ങൾ സജ്ജമാക്കൽ**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ പൊതു ശൗചാലയങ്ങൾ, മറ്റ് പൊതു സൗകര്യങ്ങളായ, നടപ്പാത, ഇരിപ്പിടങ്ങൾ, പ്രകാശ സംവിധാനങ്ങൾ, ലഘു വിനോദോപാധികൾ, വിശ്രമസ്ഥലങ്ങൾ, തുറന്ന സ്റ്റേജുകൾ, വിവര/സൂചനാ ബോർഡുകൾ, സുരക്ഷിതത്വവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ, തുടങ്ങിയ ഘടകങ്ങൾ മെച്ചപ്പെട്ട ഗുണനിലവാരത്തോടെ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പുറമേ, നിലവിലെ ടൂറിസം കേന്ദ്രത്തിന്റെ സ്ഥലം ഉടമസ്ഥതയുള്ള ഇതര വകുപ്പുകൾക്കും (ഇറിഗേഷൻ, വനം, വൈദ്യുതി, റവന്യൂ, പൊതുമേഖലാ സ്ഥാപനങ്ങൾ, മത്സ്യ ബന്ധനം, പോർട്ട്, തുറമുഖം) പ്രപ്പോസൽ തയ്യാറാക്കി സമർപ്പിച്ച് ടൂറിസം വകുപ്പിന്റെ കൂടി ഭരണാനുമതി നേടിയെടുക്കുന്നതാണ്.

- **കുടിവെള്ള കിയോസ്ക്കുകൾ**

കുടുംബശ്രീ പോലെയുള്ള സംരംഭക യൂണിറ്റുകളുടെ നേതൃത്വത്തിൽ കുടിവെള്ള കിയോസ്ക്കുകൾ ഏർപ്പെടുത്തി കുപ്പിവെള്ള വിതരണ വഴിയുള്ള പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതികൾ ടൂറിസം വകുപ്പിന് സമർപ്പിക്കാവുന്നതാണ്.

- **പരിശീലനങ്ങൾ/തദ്ദേശ സ്വയം സംരംഭക സാധ്യതകൾ യാഥാർത്ഥ്യമാക്കൽ**

ഓരോ ടൂറിസം കേന്ദ്രത്തിലെയും തദ്ദേശവാസികളുടെ പരമ്പരാഗരത തൊഴിലുകളെയും, സിദ്ധികളെയും, കലാസാസ്ക്കാരിക വൈവിധ്യങ്ങളെയും ടൂറിസം മേഖലയുമായി കൂട്ടി യോജിപ്പിച്ച്, നാട്ടുകാർക്ക് നേരിട്ട് വരുമാനം ലഭിക്കുന്നതിനു സഹായകരമായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംരംഭക പ്രോത്സാഹന/പരിശീലന പരിപാടികൾക്കുള്ള പദ്ധതികൾക്ക് ടൂറിസം വകുപ്പിനും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും സംയുക്തമായി പദ്ധതികൾ വയ്ക്കാവുന്നതാണ്. പരമ്പരാഗത തൊഴിലുകളെ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനും, അവയെ സഞ്ചാരികൾക്കു കൂടി പ്രായോഗികമായി പരീക്ഷണ അടിസ്ഥാനത്തിൽ ഉപയോഗിക്കുന്നതിനൊ പ്രവർത്തിപ്പിക്കുന്നതിനോ ഉള്ള അവസരങ്ങൾ ഒരുക്കുവാൻ കഴിഞ്ഞാൽ ആയത് ഒരു ടൂറിസം പ്രവർത്തനം എന്ന നിലയിൽ വിപണനം ചെയ്യുന്നതിനുള്ള സഹായം/ അംഗീകാരം എന്നിവ ടൂറിസം വകുപ്പിനും ഡിറ്റിപിസിക്കും നൽകുവാൻ കഴീയുന്നതാണ്. പ്രാദേശിക അടിസ്ഥാനത്തിലുള്ള കലാപരിപാടികൾ/ ഭക്ഷ്യമേളമറ്റ് പരമ്പരാഗത തൊഴിലുമായി ബന്ധപ്പെട്ട മത്സരങ്ങൾ/പരിപാടികൾ തുടങ്ങിയവ എല്ലാം ഇത്തരത്തിൽ സംയോജിപ്പിക്കുവാനുള്ള സാധ്യതയുണ്ട്. ഇത്തരം നൂതന ഗ്രാമീണ സംരംഭങ്ങളെ ടൂറിസം മേഖലയ്ക്ക് യുക്തമായ രീതിയിൽ അവതരിപ്പിക്കുന്നതിനും അവയെ മികച്ച സംരംഭങ്ങളാക്കി ഗ്രാമീണ തൊഴി□ അവസരങ്ങൾ പരമാവധി, ടൂറിസം മേഖലയിൽകൂടി യാഥാർത്ഥ്യമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഡിറ്റിപിസിക്കും സംയുക്തമായി ആവിഷ്ക്കരിക്കുവാൻ കഴിയുന്നതാണ്. നിലവിലെ ഉത്തരവാദിത്ത വിനോദ സഞ്ചാരമെന്ന സർക്കാർ നയത്തിനനുസൃതമായി ഇവ വിജയകരമായി, ടൂറിസം കേന്ദ്രങ്ങളിലെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശിക്കാവുന്നതാണ്.

❖ **ആയുർവ്വേദ ടൂറിസം**

ആയുർവ്വേദ ടൂറിസത്തിന് നിലവിൽ സ്വകാര്യ മേഖലയാണ് മുന്നിട്ട് നിൽക്കുന്നതെങ്കിലും സർക്കാർ ആയുർവ്വേദ വിഭാഗത്തിന് ടൂറിസം വകുപ്പുമായി സംയോജിച്ച് വിവര വിനിമയ സെന്ററുകൾ, പ്രത്യേക - ആധുനിക സൗകര്യങ്ങളുള്ള ചികിത്സാ സൗകര്യ കേന്ദ്രങ്ങൾ, മസ്സാജ് സെന്ററുകൾ, ഔഷധ സസ്യ ഉദ്യാനങ്ങൾ എന്നിവയുൾപ്പെടെയുള്ള യൂണിറ്റുകൾ സംയുക്തമായി സജ്ജമാക്കാവുന്നതും, ഇത്തരം യൂണിറ്റുകളുടെ / കേന്ദ്രങ്ങളുടെ വിപണനത്തിന് ടൂറിസം വകുപ്പിന്റെ അംഗീകാരം ഉറപ്പു വരുത്താവുന്നതും, ടൂറിസവുമായി ബന്ധപ്പെട്ട ഘടകങ്ങളെ ഉൾപ്പെടുത്തിയുള്ള പദ്ധതികൾക്ക് ഭരണാനുമതിക്കായി സമർപ്പിക്കാവുന്നതുമാണ്.

❖ **ഫാം ടൂറിസം പദ്ധതികൾ**

കൃഷി, അനുബന്ധ തൊഴിലുകളും കൃഷിയിടങ്ങൾ, പ്ലാന്റേഷനുകൾ, ഫാമുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള പദ്ധതികൾക്ക് ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ ബന്ധപ്പെട്ട വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കി നടപ്പാക്കുവാൻ കഴിയുന്നതാണ്. ഇത്തരം പദ്ധതികൾക്കാവശ്യമായ, സന്ദർശകർക്കുള്ള പ്രത്യേക സൗകര്യങ്ങളുടെ ക്രമീകരണങ്ങൾക്ക്, വിപണന പ്രവർത്തനങ്ങൾക്ക് ടൂറിസം വകുപ്പിന്റെ ഭരണാനുമതി നേടിയെടുക്കുന്നതിനുള്ള സംയുക്ത പദ്ധതി നിർദ്ദേശങ്ങളായി തയ്യാറാക്കാവുന്നതാണ്.

❖ **പുതിയ ടൂറിസം കേന്ദ്രങ്ങളും/ വിനോദ സഞ്ചാര സൗകര്യങ്ങളും**

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അവരുടെ അധീനതയിലുൾപ്പെടുന്ന കുളങ്ങൾ, കായലുകൾ, പുഴകൾ, പ്രകൃതി രമണീയമായ കുന്നിൻ പുറങ്ങൾ, കനാലുകൾ, വയലേലകൾ, ചരിത്ര പൈതൃക മേഖലകൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ടൂറിസം - അടിസ്ഥാന സൗകര്യങ്ങൾക്കുള്ള പദ്ധതി നിർദ്ദേശങ്ങൾ സംയുക്ത പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് പദ്ധതി തയ്യാറാക്കാവുന്നതാണ്.

സ്ഥലമുടസ്ഥത സംബന്ധിച്ച നിരാക്ഷേപ പത്രം തുടക്കത്തിലെ ലഭ്യമാക്കേണ്ടതായിട്ടുണ്ട്. സന്ദർശകർ എത്താൻ സാധ്യതയുള്ള അഥവാ അവരെ ആകർഷിക്കാൻ സാധ്യതയുള്ളതാണ് പ്രസ്തുത കേന്ദ്രങ്ങളെങ്കിൽ അവിടെ സന്ദർശകർക്ക് ആവശ്യമായ പ്രാഥമിക അടിസ്ഥാന സൗകര്യങ്ങൾ ഘടകങ്ങളായുള്ള പദ്ധതികൾ തയ്യാറാക്കാവുന്നതും വിനോദാപാധികൾ ഏർപ്പെടുത്തി സൂചനാ ബോർഡുകളും, മറ്റ് പൊതു സൗകര്യങ്ങളും ഉറപ്പാക്കിയുള്ള പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ടൂറിസം വകുപ്പിന് സമർപ്പിച്ച് അംഗീകാരം നേടിയെടുക്കാൻ കഴിയുന്നതാണ്. ഇത്തരം പദ്ധതികൾ തയ്യാറാക്കുമ്പോൾ പ്രദേശത്തിന്റെ സ്വഭാവിക പ്രകൃതി ഭംഗി നിലനിർത്തുന്നതിനും സുസ്ഥിരമായ വികസനം ലക്ഷ്യമിട്ടു കൊണ്ടുള്ളതുമായ പദ്ധതികളാകണം ഘടകങ്ങളായി ഉൾപ്പെടുത്തേണ്ടത്. കുടുംബശ്രീ പോലുള്ള ഗ്രാമീണ/ സാമൂഹ്യ സംരംഭങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കത്തക്ക രീതിയിലും സാമ്പത്തികമായി വിജയിക്കുന്നതുമായ ആശയങ്ങൾക്ക് മുൻഗണനാ നൽകി തയ്യാറാക്കുവാൻ കഴിഞ്ഞാൽ ടൂറിസം വകുപ്പിന്റെ ഭരണാനുമതി ലഭ്യമാക്കുവാൻ കഴിയുന്നതാണ്. പുതിയ ടൂറിസം കേന്ദ്രങ്ങളും പാക്കേജുകളും സംബന്ധിച്ച പദ്ധതികൾ ടൂറിസം വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന്, മറ്റിതര വകുപ്പുകൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവയ്ക്ക് കഴിയുന്നതാണ്. ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായം ഉറപ്പു വരുത്തുന്നതിന് സഹായകരമായ ഒന്നാകണം അത്തരം പദ്ധതിയിലെ ഘടകങ്ങൾ . ഡിറ്റിപിസി മുഖേന സംയുക്ത പരിപാലനവും മാനേജ്മെന്റും ഉറപ്പു വരുത്തുന്നതിനും തയ്യാറാകേണ്ടതുണ്ട്. ഇത്തരം പദ്ധതികൾക്ക് സ്ഥലമുടമസ്ഥത കൈമാറേണ്ടതില്ലായെങ്കിലും, നിരാക്ഷേപ പത്രം/നിർമ്മാണാനുമതി എന്നിവ തുടക്കത്തിലെ ഉറപ്പുവരുത്തേണ്ടതാണ്. വനം, ജലസേചനം, കൃഷി, മത്സ്യ ബന്ധനം, തുറമുഖം, വൈദ്യുതി, തുടങ്ങി ഏത് വകുപ്പിനും, അവരുടെ വകുപ്പിന്റെ അധീനതയിലുള്ള ടൂറിസം സാധ്യതാ പദ്ധതികൾക്ക് പങ്കാളിത്ത ധനസഹായമായി ടൂറിസം വകുപ്പിന് പദ്ധതികൾ ഡിറ്റിപിസി മുഖേന സമർപ്പിക്കുവാൻ കഴിയുന്നതാണ്. കൂടാതെ ഇതര ഏജൻസികളായ മത്സ്യഫെഡ്, കുടുംബശ്രീ, വനസംരക്ഷണസമിതികൾ, മത്സ്യ തൊഴിലാളി സംരംഭങ്ങളായ (സാഫ്), ഹരിത കേരളം മിഷൻ, ആരോഗ്യ ആയുർവ്വേദ രംഗത്തെ ഏജൻസികൾ വിദ്യാഭ്യാസ/കോളേജ്/ എൻഎസ്എസ്/ എൻസിസി തുടങ്ങി ഏതു മേഖലയിൽ ഉള്ളവർക്കും ടൂറിസവുമായി അംഗീകാരത്തിനായി സമർപ്പിക്കാവുന്നതാണ്. വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് മേഖലാതലത്തിൽ സംയോജന സാദ്ധ്യതയുള്ള പ്രവൃത്തികളും സംയോജിപ്പിക്കാവുന്ന വകുപ്പുകളും താഴെ സംഗ്രഹിക്കുന്നു.

പട്ടിക - 7.16

ക്രമ നം.	സംയോജന സാദ്ധ്യതയുള്ള പ്രവൃത്തികൾ	സംയോജിപ്പിക്കാവുന്ന വകുപ്പുകൾ
1	ശൗചാലയങ്ങൾ	1. തദ്ദേശവകുപ്പ് (ത്രിതലം) 2. ശുചിത്വ മിഷൻ
2	സാമൂഹ്യ സൗകര്യങ്ങൾ	1. തദ്ദേശവകുപ്പ് (ത്രിതലം) 2. സാമൂഹ്യനീതി വകുപ്പ് 3. വനിതാവികസന കോർപ്പറേഷൻ
3	ഹെറിട്ടേജ് ടൂറിസം	1. പുരാവസ്തു വകുപ്പ് 2. സാംസ്കാരിക വകുപ്പ്

4	ഇക്കോ ടൂറിസം	1. വനം 2. ഇക്കോ ടൂറിസം വകുപ്പ്
5	സാഹസിക വിനോദസഞ്ചാരം	1. കെ.എ.ടി.പി.എസ് 2. സ്പോർട്സ് കൗൺസിൽ
6	ഡാമുകൾ/നദി/ടൂറിസം	1. ജലസേചന വകുപ്പ് 2. കെ.എസ്.ഇ.ബി
7	റോഡുകൾ (വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് നയിക്കുന്നവ)	1. പി.ഡബ്ല്യൂ.ഡി 2. തദ്ദേശവകുപ്പിന്റെ കീഴിലുള്ള റോഡുകൾ
8	തീർത്ഥാടക ടൂറിസം (ക്ഷേത്രങ്ങൾ)	1. ദേവസ്വം വകുപ്പ്
9	ഫാം ടൂറിസം	1. കൃഷി വകുപ്പ് 2. മൃഗസംരക്ഷണ വകുപ്പ് 3. ഫിഷറീസ്
10	ഉത്തരവാദ ടൂറിസം	1. തദ്ദേശവകുപ്പ് (ത്രിതലം) 2. കരകൗശല കോർപ്പറേഷൻ 3. സാംസ്കാരിക വകുപ്പ്

IV പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

7.20 പട്ടികജാതി മേൽത്തട്ട് & കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ഇന്ന് നമുക്ക് പരിചിതമായിരിക്കുന്ന പല തൊഴിൽ മേഖലകളും അടുത്ത പത്തിരുപത് വർഷങ്ങൾക്കുള്ളിൽ അപ്രത്യക്ഷമാകുമെന്നുറപ്പാണ്. പകരം നമ്മൾ ഇന്നോളം കേട്ടിട്ടില്ലാത്തതരത്തിൽ നവീനമായ തൊഴിലുകളിലേക്കാവും

   വരും തലമുറകൾ നടന്നടുക്കുന്നത്. അവയെല്ലാം തന്നെ വൈവിധ്യമാർന്ന സർഗശേഷികളും ആഴത്തിലുള്ള അറിവം ആവശ്യം വേണ്ടുന്ന മേഖലകളുമാകും.

2. പൊതുവിദ്യാഭ്യാസം മാത്രം കൈമുതലായുള്ള ഒരു ജനതയെ വരും നാളുകളിൽ തൊഴിൽ വിപണി കൈയൊഴിയുമെന്നു തന്നെ ഓർക്കുക.

3. രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയിലും വ്യവസായ രംഗത്തും തൊഴിൽ മേഖലകളിലും നടക്കുന്ന അമ്പരപ്പിക്കുന്ന മാറ്റങ്ങൾ രക്ഷിതാക്കളും വിദ്യാർത്ഥികളും ഭരണകർത്താക്കളും ഒരു പോലെ തിരിച്ചറിയുകയും അവ ഉൾക്കൊള്ളുകയും ചെയ്യണം.

4. ടെക്നോളജി, ഇന്റർനെറ്റ് മേഖലകളാണ് കണ്ണഞ്ചിപ്പിക്കുന്ന വേഗത്തിൽ പരിവർത്തനങ്ങൾക്ക് വിധേയമാകുന്നത്. ഇനിയുള്ള കാലം ഏത് തൊഴിൽ മേഖല തെഞ്ഞെടുത്താലും അത് ഇന്റർനെറ്റിലും ആധുനിക സാങ്കേതിക വിദ്യകളിലും അധിഷ്ഠിതമായിരിക്കുമെന്നും അവ നിരന്തരമായ മാറ്റങ്ങൾക്ക് വിധേയമായിരിക്കുമെന്നും രക്ഷിതാക്കളും വിദ്യാർത്ഥികളും ഒരു പോലെ തിരിച്ചറിയേണ്ടതുണ്ട്.

5. ഇനി രൂപപ്പെടുന്ന തൊഴിലുകൾ ആഗോള തലത്തിൽ തൊഴിലുകൾ ലഭിക്കാനു തകുന്നവയാണ്. സംരഭകരുടെ എണ്ണം വർദ്ധിക്കും. അക്കൗണ്ടിംഗ്, ബാങ്കിങ്ങ്, മാനേജ്മെന്റ് മെഷീൻ ലേണിംഗ്, ഡാറ്റ അനലിസ്റ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ആയുർവേദ,ം യോഗ, ആൻഡ്രോയ്ഡ് വികസനം, കമ്പ്യൂട്ടിങ്ങ്, അഗ്രി ബിസിനസ്സ്, പൊളിറ്റിക്കൽ മാനേജ്മെന്റ്, ഫുഡ് ആന്റ് ഡയറ്റെറ്റിക്സ്, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നിവയിൽ ലക്ഷക്കണക്കിന് തൊഴി□ അവസരങ്ങളുണ്ടാകും.

6. കോഴ്സുകൾ കാലാനുസതമായി പരിഷ്കരിക്കണം. വരുന്ന 15 വർഷക്കാലത്തേക്ക് ഇണങ്ങിയ നൂതന കോഴ്സുകൾ തുടങ്ങണം.

7. പുതിയ സാങ്കേതികതയ്ക്കനുസരിച്ച് പാഠ്യപദ്ധതി പരിഷ്കരണം ആവശ്യമാണിന്ന്. കമ്പ്യൂട്ടർമേഖലയിൽ ഇന്റർനെറ്റ് ഓഫ് തിങ്ക്സ് (ഐ.ഒ.ടി)

മെഷീൻ ലേണിങ്ങ് ബിഗ് ഡേറ്റാ എന്നിവയിൽ സാധ്യതകൾ ഏറെയുണ്ട്.

8. എൻജിനീയറിംഗ് മേഖലയിൽ എനർജി ആന്റ് എൻവയോൺമെന്റ് ആണ് സാധ്യതയുള്ള മേഖല. പരിസ്ഥിതിയുടെയും ഊർജത്തിന്റെയും പ്രാധാന്യം വരും കാലങ്ങളിൽ വർദ്ധിക്കുകയേ ഉള്ളൂ.
9. പാഠ്യപദ്ധതികളിലും പഠനരീതികളിലും കാലികമായ മാറ്റങ്ങൾ വരണം. സാങ്കേതികതയ്ക്കായിരിക്കണം കൂടുതൽ ഊന്നൽ നൽകേണ്ടത്.
10. കോളനികൾ കേന്ദ്രീകരിച്ച് കുടുംബാരോഗ്യ ഉപക്ഷേമ കേന്ദ്രങ്ങൾ (ഹെൽത്ത്സെന്റർ ജിംനേഷ്യം) മുതലായവ ആരംഭിക്കാവുന്നതാണ്.
11. പ്ളാസ്റ്റിക് നിർമ്മാർജനത്തിന്റെ ഭാഗമായി പേപ്പർബാഗ്, പേപ്പർ ഗ്ളാസ്, തുണി സഞ്ചി, കമുകിൻ പാളകൊണ്ടുള്ള ഉത്പ്പന്നങ്ങൾ, ഈറ്റ, മുള എന്നിവ കൊ□ുള്ള ഉൽപ്പന്നങ്ങൾ തുടങ്ങിയവയിൽ പരിശീലനം നൽകി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാവുന്നതാണ്.
12. മരത്തിൽ കൊത്തുപണി നടത്തുന്നതിന് പരിശീലനം നൽകി യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകാവുന്നതാണ്.
13. പട്ടികജാതി സങ്കേതങ്ങൾ കേന്ദ്രീകരിച്ച് മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.
14. കോളനികൾ കേന്ദ്രീകരിച്ച് മഴവെള്ളസംഭരണികൾ സ്ഥാപിച്ച് കൃഷിക്കും വീട്ടാവശ്യത്തിനുമുള്ള വെള്ളം സംഭരിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കാവുന്നതാണ്.
15. അഭ്യസ്ഥവിദ്യരായ പട്ടികജാതിക്കാർക്ക് ട്യൂഷൻ സെന്റർ ആരംഭിക്കുന്നതിന് പ്രാരംഭ ചെലവിന് ധനസഹായം കൊടുക്കുന്ന പദ്ധതി നടപ്പിലാക്കാവുന്നതാണ്.
16. കോളനികൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ളാസ്സുകൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.
17. കാർഷികരംഗം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്ത് പട്ടികജാതി യുവാക്കൾക്ക് 1 ട്രാക്ടർ/1 ട്രില്ലർ വാങ്ങുന്നതിന് ധനസഹായം കൊടുക്കുന്നതിനുള്ള പദ്ധതി വളരെ പ്രയോജനം ചെയ്യും.
18. തെങ്ങുകയറ്റ തൊഴിലാളികൾക്ക് തെങ്ങു കയറ്റയന്ത്രം വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകാവുന്നതാണ്.

അഭികാമ്യ നിർദ്ദേശങ്ങൾ

- ബി.ഡി.എസ് കോഴ്സ് പാസ്സായ പട്ടികജാതിക്കാർക്ക് ദന്തÂ ക്ളിനിക് തുടങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. മുനിസിപ്പാലിറ്റികൾ/കോർപ്പറേഷൻ പ്രദേശത്ത് തുടങ്ങുന്നതായിരിക്കും അഭികാമ്യം.
- ബി.എച്ച്.എം.എസ് കോഴ്സ് പാസ്സായ പട്ടികജാതിക്കാർക്ക് ഹോമിയോ ക്ളിനിക് തുടങ്ങുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.
- ബി.എ.എം.എസ് കോഴ്സ് പാസ്സായ പട്ടികജാതിക്കാർക്ക് ആയുർവേദ സെന്റർ തുടങ്ങുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.
- തരിശ് കിടക്കുന്ന കൃഷി ഭൂമി ദീർഘ കാലത്തേക്ക് (5 മുതൽ 10 വർഷം വരെ) പാട്ടത്തിനെടുത്ത് കൃഷി ചെയ്യാൻ താല്പര്യമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കാവുന്നതാണ്.
- സ്പ്രേ പെയിന്റിംഗ്, അലുമിനിയം ഫാബ്രിക്കേഷൻ, വുഡ് ക്രാഫ്റ്റിംഗ്, വെൽഡിംഗ്, തയ്യൽ, ഗാർഡനിംഗ് മുതലായവയിൽ തൊഴിൽ പരിശീലനം നൽകി വിദേശത്ത് അയക്കുന്ന പരിപാടി നടപ്പിലാക്കാവുന്നതാണ്. (അങ്കമാലി ബ്ളോക്ക് നടപ്പിലാക്കിയ പദ്ധതി വിപുലീകരിക്കാവുന്നതാണ്.)

- പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് പട്ടികജാതി വനിതകൾക്ക് തയ്യൽ യൂണിറ്റ് ആരംഭിച്ച് ഗാർമെന്റ്സ് വിദേശത്തേക്ക് കയറ്റി അയക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാവുന്നതാണ്.
- പട്ടികജാതി കുടുംബങ്ങളിൽ അക്വാപോണിക്സ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.
- കോളനികൾ കേന്ദ്രീകരിച്ച് കൂൺകൃഷി നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.
- ഗ്രാമങ്ങളിലും പട്ടണങ്ങളിലും ലേബർ ബാങ്ക് പദ്ധതി ആരംഭിച്ചാൽ അത് പട്ടികജാതി വിഭാഗക്കാർക്ക് വളരെയേറെ പ്രയോജനപ്പെടു. പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്.
- ഫിനിഷിംഗ് സ്കൂൾ ആരംഭിക്കുന്നതിനുള്ള പദ്ധതി പട്ടികജാതി വിഭാഗക്കാർക്ക് വളരെയേറെ പ്രയോജനകരമാണ്.
- ഇന്ന് ഏറ്റവും കൂടുതൽ തൊഴിൽ സാധ്യതയുള്ള ഒരു മേഖലയാണ് ഓട്ടോമൊബൈൽ. 5 മുതൽ 10 വരെ പട്ടികജാതിക്കാരെ ഉൾപ്പെടുത്തി ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്.
- എൻട്രൻസ് കോച്ചിംഗിനുള്ള ധനസഹായം ഉയർത്തിയാൽ അത് പട്ടികജാതി കുട്ടികൾക്ക് വളരെയേറെ പ്രയോജനകരമായിരിക്കും. (5000 രൂപ 25000രൂപയാക്കി ഉയർത്തുക)
- ഭൂരഹിതർക്ക് അനുവദിച്ച പട്ടയമില്ലാത്ത ഭൂമിക്ക് പട്ടയം കൊടുക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാവുന്നതാണ്.
- സംസ്ഥാന കലോത്സവ വിജയികളുടെ രക്ഷിതാക്കൾക്ക് സാമ്പത്തിക സഹായം കൊടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

മേല്ത്തട്ട് - കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

എ. പാർപ്പിടം - അടിസ്ഥാന സൗകര്യ വികസനം

1. അടുത്ത 5 വർഷം കൊണ്ട് ജില്ലയിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമി, ഉറപ്പുള്ള ഭവനം എന്നിവ സാദ്ധ്യമാക്കുക.
2. പുറമ്പോക്ക് താമസക്കാരുടെ സമ്പൂർണ്ണ പുനരധിവാസം സാദ്ധ്യമാക്കുക.
3. വാസയോഗ്യമല്ലാത്ത മുഴുവൻ ഭവനങ്ങളും പുനരുദ്ധാരണം നടത്തി വാസയോഗ്യ മാക്കുക.
4. മുഴുവൻ കുടുംബങ്ങൾക്കും സാനിറ്ററി ടോയ്ലറ്റ് ഉറപ്പാക്കുന്ന വിധം പദ്ധതികൾ രൂപീകരിക്കുക.

ബി. സങ്കേതങ്ങളുടെ വികസന പദ്ധതികൾ

1. മുഴുവൻ പട്ടികജാതി സങ്കേതങ്ങളുടെയും സ്ഥിതി വിവര ശേഖരണം എസ്.സി. പ്രൊമോട്ടർമാർ മുഖേന നടപ്പിലാക്കുക.
2. സങ്കേതങ്ങളുടെ വികസനത്തിനായി പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ സമഗ്ര വികസന പദ്ധതികൾക്ക് പ്രാമുഖ്യം നൽകുക.
3. സങ്കേതങ്ങളിൽ കുടിവെള്ളം ലഭ്യത - ഹൗസ് കണക്ഷൻ ഉറപ്പാക്കുക.
4. ആവശ്യത്തിന് വെളിച്ചം ഉറപ്പാക്കുന്നതിന് സോളാർ-ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
5. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് സംരക്ഷണ മതിൽ, മണ്ണിട്ട് നികത്ത എന്നിവ നടപ്പിലാക്കുക.
6. സങ്കേതങ്ങൾ കേന്ദ്രീകരിച്ച് പുരയിട കൃഷിയ്ക്ക് പദ്ധതിയൊരുക്കുക. ഹരിത സങ്കേതം എന്ന സങ്കല്പത്തിന് ഉതകും വിധം പച്ചക്കറി കൃഷി വ്യാപകമാക്കുക. സബ്സിഡി നിരക്ക് ഉയർത്തുക.
7. സങ്കേതങ്ങളിൽ മാലിന്യ സംസ്കരണ ത്തിനുള്ള പദ്ധതികൾ രൂപീകരിക്കുക.
8. 50ലധികം വീടുകളുള്ള സങ്കേതങ്ങളിൽ സ്വാശ്രയ ഗ്രാമം മാതൃകയിൽ സംയോജിത പദ്ധതികൾ നിർവ്വഹിക്കുക.

9. മുഴുവൻ സങ്കേതങ്ങൾക്കും പട്ടയം ഉറപ്പാക്കുക.

10. ഫീസിബിലിറ്റി – 5 വീടുകളുള്ള സങ്കേതങ്ങളിൽ 51% എന്ന അനുപാതം ഉറപ്പാക്കി പശ്ചാത്തല സൗകര്യ പദ്ധതികൾകൂടി ഏറ്റെടുക്കുക.

സി. വിദ്യാഭ്യാസം

1. വിദ്യാഭ്യാസ പുരോഗതി ഉറപ്പാക്കുന്ന പദ്ധതികൾക്ക് ഊന്നൽ നൽകുക. ഇ-ഗ്രാന്റ്സ് സോഫ്റ്റ് വെയർ നവീകരിച്ച് കൂടുതൽ കാര്യക്ഷമ മാക്കുക. പഠനം ആരംഭിച്ച് 3 മാസത്തിനുള്ളിൽ ഗ്രാന്റ് ലഭിച്ചു തുടങ്ങുന്ന സ്ഥിതി ഉറപ്പാക്കുക.

2. കൂടുതൽ കോഴ്സുകളും സ്ഥാപനങ്ങളും ഇ-ഗ്രാന്റ്സ് പരിധിയിൽ കൊണ്ടുവന്ന് വിദ്യാർത്ഥികൾക്ക് പ്രയോജനം സിദ്ധിക്കുന്ന രീതിയിൽ ഉത്തരവുകൾ കാലോചിതമായി പരിഷ്കരിക്കുക. പി.ഇ.റ്റി.സി.കൾ വകുപ്പിന്റെ വിദ്യാഭ്യാസ മേഖലയുടെ മുഖമുദ്രയാകേണ്ടതാണ്. എല്ലാ ജില്ലകളിലും പി.ഇ.റ്റി.സി.കൾ ആരംഭിക്കുക. അവ മികവിന്റെ കേന്ദ്രങ്ങളാക്കുക, പ്രൊഫഷണൽ സ്ഥാപനങ്ങളായി ഉയർത്തുകയും ചെയ്യുക.

3. എല്ലാ ജില്ലകളിലും പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമായി എം.ആർ.എസ്.കൾ സ്ഥാപിക്കുക.

4. വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് പൂർണ്ണമായും തടയാൻ zero drop out സാധ്യമാക്കുക. drop outന് കാരണ മായ ഘടകങ്ങൾ കണ്ടെത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണ ത്തോടെ പഠനം നടത്തി പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കുക.

5. ഇ-ഗ്രാന്റ്സ് സംബന്ധിച്ചും ഗവണ്മെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് സംബന്ധിച്ചും വിവിധ വിദ്യാഭ്യാസ പദ്ധതികൾ സംബന്ധിച്ചും ഗ്രാമ പഞ്ചായത്തുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുക.

6. വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തല പദ്ധതികൾ നടപ്പിലാക്കുക.

7. പ്രത്യേക ട്യൂഷൻ പദ്ധതികൾക്ക് അനുമതി നേടി ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പ്രോജക്ടുകൾ വെയ്ക്കുക.

8. അയ്യങ്കാളി സ്കോളർഷിപ്പ് മാതൃകയിൽ പദ്ധതികൾ ആവിഷ്കരിച്ച് ഗ്രാമ പഞ്ചായത്ത് ലെവലിൽ നടപ്പിലാക്കുക.

9. എൻട്രൻസ് കോച്ചിംഗ് തുക 5000 മുതൽ 20000 ആയി ഉയർത്തുക.

ഡി. തൊഴിൽമേഖല

1. സ്കിൽ ട്രെയിനിംഗ് സെന്റർ ആരംഭിക്കുക.

2. സ്വയം സഹായ സംഘങ്ങൾ വകുപ്പിൽ രജിസ്റ്റർ ചെയ്യുന്നതിന് ജില്ലാതല ആഫീസ്സുകളിൽ പ്രത്യേക വിഭാഗം രൂപീകരിക്കുക.

3. സ്വയംസഹായ സംഘങ്ങൾ/സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് സംഘടിത തൊഴിൽ സംരംഭങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി വ്യാപകമാക്കുക.

4. സ്വയംസഹായ സംഘങ്ങൾക്കായി കൂടുതൽ സബ്സിഡി നൽകി പദ്ധതിയ്ക്ക് ആകർഷ ണീയത ഉറപ്പാക്കുക.

5. റിസർച്ച് അസിസ്റ്റന്റ് തസ്തികയുടെ മാതൃകയിൽ A.Exe./AE/Oversear തസ്തികകൾ ഡെപ്യൂട്ടേഷനിൽ ക്രമീകരിച്ച് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികളുടെ കാര്യക്ഷമത ഉറപ്പാക്കുക.

6. ASK- അയ്യങ്കാളി സേവന കേന്ദ്രം – അക്ഷയ മാതൃകയിൽ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റി കളിലും ഓൺലൈൻ പദ്ധതികളുടെ നിർവ്വഹണം നടത്തുന്നതിനായി

സ്ഥാപിക്കുക. ഈ കേന്ദ്രങ്ങളിലൂടെ അപ്രന്റീസ് ക്ലാർക്കുമാരെ ഓരോ കേന്ദ്രങ്ങളിലും നിയമിച്ച് തൊഴിൽ അവസരങ്ങൾ ഉറപ്പാക്കാവുന്നതാണ്.

7. സ്വയംതൊഴിൽ : സ്വയംതൊഴിൽ സബ്സിഡി 50% ആക്കിക്കൊണ്ട് പദ്ധതി കൂടുതൽ ആകർഷകമാക്കുക.

8. ജോബ് ഫെയർ, ട്രേഡ് ഫെയർ എന്നിവ എല്ലാ വർഷവും എല്ലാ ജില്ലകളിലും നടത്തുക

9. ഫിനിഷിംഗ് സ്ക്കൂൾ അഭ്യസ്തവിദ്യരായ യുവതീ/യുവാക്കളെ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്നു. സ്പോക്കൺ ഇംഗ്ലീഷ്, മോക്ക് ഇൻറർവ്യൂ, വ്യക്തിത്വ വികസനം എന്നിവയിൽ പ്രത്യേക പരിശീലനം സാദ്ധ്യമാക്കുക.

10. വിദേശ തൊഴിൽ പദ്ധതിയ്ക്ക് പരിശീലനം ഉൾപ്പെടെ 1 ലക്ഷം രൂപ നൽകുന്ന പദ്ധതി നടപ്പിലാക്കുക.

11. IELTS : വിദേശത്ത് പഠിക്കുവാനും, ജോലി ചെയ്യുവാനും താത്പര്യമുള്ള നേഴ്സുമാർ, എൻജിനീയർമാർ, ടീച്ചർമാർ എന്നിവർക്കായി ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിനും കൂടിക്കാഴ്ചയിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്നതിനും IELTS കോഴ്സുകൾ സൗജന്യമായി നടപ്പിലാക്കി വരുന്നു.

12. കായിക പരിശീലനവും കായിക ക്ഷമതാ വികസന പരിശീലനവും നടപ്പിലാക്കുക, സൈനിക - പോലീസ് സേനകളിൽ കൂടുതൽ തൊഴിലുകൾ ഉറപ്പാക്കുക.

13. ലേബർ ബാങ്ക് രൂപീകരണം - ഇലക്ട്രിക്കൽ, പ്ലംബിംഗ്, കെട്ടിട നിർമ്മാണം മുതലായ മേഖലകളിൽ തൊഴിൽ പ്രാവീണ്യം നേടി യുവതീ യുവാക്കളെ ഉൾപ്പെടുത്തി തൊഴിൽ സ്ഥിരത ഉറപ്പാക്കുക.

14. ജോബ് ഫെയർ - അഭ്യസ്ത വിദ്യരായ പട്ടികജാതി യുവതീ യുവാക്കൾക്ക് വിവിധ തൊഴിൽ മേഖലകളിൽ നേരിട്ട് ജോലി ലഭിക്കുന്നതിനായി വിവിധ കേന്ദ്രങ്ങളിൽ വർഷത്തിൽ ഒരിക്കൽ ജോബ് ഫെയർ സംഘടിപ്പിക്കുന്നു.

15. ട്രേഡ് ഫെയർ : പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഉത്പ്പന്നങ്ങളുടെ വിപണനത്തിനും പ്രദർശനത്തിനും സൗകര്യം ഒരുക്കുന്നു.

16. പാട്ട കൃഷിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് കാർഷിക സബ്സിഡി പദ്ധതി ആകർഷകമാക്കുക.

ഇ. ആരോഗ്യം

1. മൊബൈൽ മെഡിക്കൽ യൂണിറ്റ് പട്ടികജാതി കോളനികളിൽ രോഗ നിർണ്ണയവും ചികിത്സയും,ഭക്ഷണ ശുചിത്വ ആരോഗ്യകാര്യങ്ങളിൽ ബോധവത്ക്കരണവും നടത്തുന്നു

2. 100ൽ അധിക കുടുംബങ്ങളുള്ള കോളനികളിൽ ഹോമിയോ/ഹെൽത്ത് ഡിസ്പെൻസറികൾ.

3. വാത്സല്യ നിധി - പ്രചരണം നൽകുന്നതിന്

4. ആരോഗ്യ കർമ്മ സേനാ ക്രമീകരണം - T-grantz പ്രചരണം

5. വയോജന കേന്ദ്രം വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലി ക്കുന്നതിനും കോളനികൾ കേന്ദ്രീകരിച്ച് വയോജനകേന്ദ്രങ്ങൾ സ്ഥാപിക്കുക.

എഫ്. ആസ്തി സംരക്ഷണം

6. ജില്ലയിൽ SCP ഫണ്ട് ഉപയോഗപ്പെടുത്തി വിവിധ സങ്കേതങ്ങളിലും മറ്റ് സ്ഥലങ്ങളിലും പണി കഴിപ്പിച്ചിട്ടുള്ള മുഴുവൻ ആസ്തികളുടെയും വിവര ശേഖരണം.

7. അനുയോജ്യമായ പദ്ധതികൾ ക്രമീകരിച്ച് അവ ഉപയോഗ യോഗ്യമാക്കുക.

1. നവീകരണത്തിനായി ഫണ്ട് വകയിരുത്തുക

2. 5 വർഷം കൊണ്ട് മുഴുവൻ നിർജ്ജീവ ആസ്തികളും സജീവമാക്കുക.

ജി. ഇതര പൊതു നിർദ്ദേശങ്ങൾ

പട്ടികജാതി ജനവിഭാഗങ്ങളും ഇതര സമൂഹവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് മിശ്ര വിവാഹം ഏറെ ഗുണകരമാണെന്ന് നിരീക്ഷിക്കുന്നു. മിശ്ര വിവാഹം പ്രോത്സാഹിപ്പിക്കുന്നതിനായി ഡോ.അംബേദ്കർ ഫൗണ്ടേഷൻ മാതൃകയിൽ ഉയർന്ന ധനസഹായം നൽകുന്നത് ഉചിതമാണ്. നിലവിലുള്ള 75,000/- രൂപ 2,00,000/- രൂപയാക്കി വർദ്ധിപ്പിക്കാവു ന്നതാണ്. വരുമാന പരിധിയും തതുല്യമാക്കി ഉയർത്തുക. ടി ഗ്രാന്റ്സ് മാതൃകയിൽ വിവാഹ ധനസഹായം ഓൺലൈൻ ആക്കാവുന്നതാണ്.

എസ്.സി.എസ്.പി. വിനിയോഗത്തിന് ഫീസിബിലിറ്റി മാനദണ്ഡങ്ങൾ കാലോചിത മായി പരിഷ്കരിക്കുക.

മാതൃകം : ഗർഭ കാല പരിരക്ഷാ പദ്ധതി ഗർഭിണികളായ വനിതകൾക്കായി പ്രത്യേക ധനസഹായം ആവിഷ്കരിക്കാവുന്നതാണ്.

മരണ/ദുരിത സഹായ നിധി : പട്ടികജാതി കുടുംബങ്ങളിൽ അംഗങ്ങൾ മരണപ്പെടുമ്പോൾ/ദുരിതങ്ങളിൽ പെടുമ്പോൾ പെട്ടെന്നുള്ള ചെലവുകൾക്കായി ധനസഹായം അനുവദിക്കാവുന്നതാണ്.

സംയോജന സാധ്യതകൾ

2020 ആകുമ്പോഴേയ്ക്കും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 20 വ്യത്യസ്തങ്ങളായ സംരംഭ കേന്ദ്രങ്ങൾ 20 പേർ വീതം ആരംഭിക്കുന്നു. അപ്രകാരം ഓരോ തൊഴിൽ കേന്ദ്രത്തിലും 20 പേർക്ക് വീതം തൊഴിൽ ലഭ്യമാകുന്നു. ഈ പദ്ധതിയിലൂടെ 400 കുടുംബങ്ങൾക്ക് സ്വയംപര്യാപ്തത കൈവരിക്കുവാൻ സാധിക്കും. ഇപ്രകാരം 20 സംരംഭ കേന്ദ്രങ്ങളാണ് വിഷൻ 20:20 യിലൂടെ സംപ്രാപ്തമാകുന്നത്. ഉൽപ്പാദന കേന്ദ്രങ്ങളായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ വിവിധ കാലഘട്ടങ്ങളിൽ പട്ടികജാതി വികസന ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവയെ പ്രയോജന പ്പെടുത്താവുന്നതാണ്

പട്ടിക - 7.17

ക്രമ നം.	പദ്ധതിയുടെ പേര്	സംയോജിത വകുപ്പുകൾ	നടപ്പിലാക്കേണ്ട പ്രവൃത്തികൾ	ചുമതല
1.	**ഹാന്റിക്രാഫ്റ്റ് സെന്റർ:** കുളവാഴ, തഴപ്പായ തുടങ്ങിയവ ഉപയോഗിച്ച് പരമ്പരാഗത മൂല്യവർദ്ധിത ഉÂപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും. KASE ന് കീഴിലുള്ള കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡിസൈനിന്റെ സാങ്കേതിക സഹായം ഇതിനായി ലഭ്യമാക്കാവുന്നതാണ്.	പട്ടികജാതി വികസന വകുപ്പ്	പ്രവർത്തന കേന്ദ്രം, ഗുണഭോക്താക്കളെ കണ്ടെത്തൽ, ഫണ്ട്.	പട്ടികജാതി വികസന വകുപ്പ്/ ജില്ലാ പഞ്ചായത്ത്
		ജില്ലാ വ്യവസായ കേന്ദ്രം, KASE, KSID	പരിശീലനം, വിപണനം.	ജില്ലാ വ്യവസായ കേന്ദ്രം, KASE, KSID
		ജില്ലാ പഞ്ചായത്ത്	ഫണ്ട് വിനിയോഗം& മോണിറ്ററിംഗ്	ജില്ലാ പഞ്ചായത്ത്
2.	**അപ്പാരൽ പാർക്ക്:** വിദഗ്ദ്ധ തയ്യൽ പരിശീലനം ലഭിച്ച പട്ടികജാതി യുവതീ/യുവാക്കളെ വസ്ത്രനിർമ്മാണവും വിപണനവും നടത്തുന്നതിന് പ്രാപ്തരാക്കുന്ന യൂണിറ്റ്. ആധുനിക മെഷീനുകളുടെ സഹായത്തോടെ ഉൽപ്പാദനം ആരംഭിക്കുക.	പട്ടികജാതി വികസന വകുപ്പ്	പ്രവർത്തന കേന്ദ്രം, ഗുണഭോക്താക്കളെ കണ്ടെത്തൽ	പട്ടികജാതി വികസന വകുപ്പ്
		ജില്ലാ വ്യവസായ കേന്ദ്രം തൊഴിൽ വകുപ്പ്, കുടുംബശ്രീ	പരിശീലനം, വിപണനം.	ജില്ലാ വ്യവസായ കേന്ദ്രം, തൊഴിൽ വകുപ്പ്, കുടുംബശ്രീ.

	<u>സാധ്യത</u> : വകുപ്പിന് കീഴിലുള്ള എം.ആർ.എസുകൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കൊച്ചി മെട്രോ, ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഓർഡർ പ്രകാരം യൂണിഫോമുകൾ, ബെഡ്ഷീറ്റുകൾ, പിÃാ കവറുകൾ എന്നിവ ഉÂപ്പാദിപ്പിച്ച് സ്ഥിരം വരുമാനം ആർജ്ജിക്കുവാൻ സാധിക്കുന്നു.	ജില്ലാ പഞ്ചായത്ത്	ഫണ്ട് വിനിയോഗം& മോണിറ്ററിംഗ്	ജില്ലാ പഞ്ചായത്ത്
3	**<u>സമൃദ്ധി കേന്ദ്ര</u>** ഫർണ്ണീച്ചർ നിർമ്മാണ മേഖലയിൽ പരിശീലനം നേടിയ യുവാക്കൾക്ക് യൂണിറ്റ് ആരംഭിച്ച് നിർമ്മാണം നടത്തി സർക്കാർ വകുപ്പുകൾ അടക്കമുള്ള സ്ഥാപനങ്ങൾക്ക് പ്രാദേശികമായും വിപണനം നടത്തുന്നു. (ഉദാ: സമൃദ്ധി കേന്ദ്രം, മംഗലം, പാലക്കാട്)	പട്ടികജാതി വികസന വകുപ്പ്/ കുടുംബശ്രീ വ്യവസായ പരിശീലന വകുപ്പ് ജില്ലാ പഞ്ചായത്ത്	പ്രവർത്തന കേന്ദ്രം, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ	പട്ടികജാതി വികസന വകുപ്പ്/ കുടുംബശ്രീ
			പരിശീലനം, സാങ്കേതിക സഹായം	വ്യവസായ പരിശീലന വകുപ്പ്
			ഫണ്ട് വിനിയോഗം& മോണിറ്ററിംഗ്	ജില്ലാ പഞ്ചായത്ത്
4	**<u>ഖാദി ഉൽപ്പാദന കേന്ദ്രം</u>** ഖാദി ബോർഡുമായി സംയോജിപ്പിച്ച് നടത്തുന്ന തൊഴിÂ പദ്ധതി.	പട്ടികജാതി വികസന വകുപ്പ്/കുടുംബശ്രീ കേരള ഖാദി ബോർഡ് ജില്ലാ പഞ്ചായത്ത്	പ്രവർത്തന കേന്ദ്രം, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ	പട്ടികജാതി വികസന വകുപ്പ്/ കുടുംബശ്രീ
			പരിശീലനം,സാങ്കേതിക സഹായം, വിപണനം	കേരള ഖാദി ബോർഡ്
			ഫണ്ട് വിനിയോഗം& മോണിറ്ററിംഗ്	ജില്ലാ പഞ്ചായത്ത്
5	**<u>ഡയറി ഫാം</u>** പാലുൽപ്പാദനവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും ലക്ഷ്യമിട്ട് ഡയറി ഫാമുകൾ ആരംഭിക്കുന്നു.	പട്ടികജാതി വികസന വകുപ്പ് ക്ഷീര വികസന വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ് ജില്ലാ പഞ്ചായത്ത്	ഗുണഭോക്താക്കളെ കണ്ടെത്തൽ	പട്ടികജാതി വികസന വകുപ്പ്
			പരിശീലനം സാങ്കേതിക സഹായം	ക്ഷീര വികസന വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്
			ഫണ്ട് വിനിയോഗം & മോണിറ്ററിംഗ്	ജില്ലാ പഞ്ചായത്ത്
6	**<u>ഫിഷ് ഫാം</u>** ജില്ലയുടെ തീരപ്രദേശത്ത് (വൈപ്പിൻ, ചെല്ലാനം) മത്സ്യകൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങൾ തെരഞ്ഞെടുത്ത് മത്സ്യ കൃഷിയും അതിന്റെ വിപണനവും. ഫിഷറീസ് വകുപ്പിന്റെ സാങ്കേതിക സഹായം ലഭ്യമാക്കാം.	പട്ടികജാതി വികസന വകുപ്പ് ഫിഷറീസ് വകുപ്പ് ജില്ലാ പഞ്ചായത്ത്	ഗുണഭോക്താക്കളെ കണ്ടെത്തൽ	പട്ടികജാതി വികസന വകുപ്പ്
			പരിശീലനം,സാങ്കേതിക സഹായം	ഫിഷറീസ് വകുപ്പ്
			ഫണ്ട് വിനിയോഗം & മോണിറ്ററിംഗ്	ജില്ലാ പഞ്ചായത്ത്
	<u>ഗ്രീൻ ഫാം</u> തരിശായി കിടക്കുന്ന ഭൂമി	പട്ടികജാതി വികസന വകുപ്പ്	ഗുണഭോക്താക്കളെ കണ്ടെത്തൽ	പട്ടികജാതി വികസന വകുപ്പ്

7.	പാട്ടത്തിനെടുത്ത് നെല്ല്, വാഴ, പച്ചക്കറി തുടങ്ങിയവയുടെ കൃഷിയും വിപണനവും. ഏഴിക്കര സർവ്വീസ് സഹകരണ ബാങ്ക് പോലുള്ള സ്ഥാപനങ്ങളുടെ വിജയ കഥമാതൃകയാക്കാവുന്നതാണ്.	കൃഷി വകുപ്പ് ജില്ലാ പഞ്ചായത്ത്	പരിശീലനം സാങ്കേതിക സഹായം	കൃഷി വകുപ്പ്
			ഫണ്ട് വിനിയോഗം & മോണിറ്ററിംഗ്	ജില്ലാ പഞ്ചായത്ത്
8.	**<u>സൈബർ പാർക്ക്</u>** വിവരസാങ്കേതികവിദ്യയിÂ വൈദിഗ്ധ്യമുള്ള യുവതീ/ യുവാക്കൾക്ക് ഐ.ടി മേഖലയിÂ തൊഴിÂ ലഭിക്കുന്നു. മൊബൈÂ ആപ്ലിക്കേഷനുകൾ, സോഫ്റ്റ് വെയർ ഡെവലപ്മെന്റ് എന്നിവ തയ്യാറാക്കുന്ന സ്റ്റാർട്ട് അപ് സംവിധാനം. ഇൻഫോപാർക്ക്, സ്മാർട്ട് സിറ്റി എന്നിവയുമായി സംരംഭം ബന്ധിപ്പിക്കാവുന്നതാണ്.	പട്ടികജാതി വികസന വകുപ്പ് ഐ.ടി.മിഷൻ ജില്ലാ വ്യവസായ കേന്ദ്രം ജില്ലാ പഞ്ചായത്ത്	ഗുണഭോക്താക്കളെ കണ്ടെത്തൽ	പട്ടികജാതി വികസന വകുപ്പ്
			പരിശീലനം, സാങ്കേതിക സഹായം	ഐ.ടി.മിഷൻ ജില്ലാ വ്യവസായ കേന്ദ്രം
			ഫണ്ട് വിനിയോഗം& മോണിറ്ററിംഗ്	ജില്ലാ പഞ്ചായത്ത്
9.	**<u>കിച്ചൺ പ്രോഡക്ട്സ്</u>** പ്രകൃതിദത്തമായ, കലർപ്പില്ലാത്ത കറിപ്പൊടികൾ, മസാലകൾ, വിവിധയിനം അച്ചാറുകൾ, പലഹാരങ്ങൾ എന്നിവ നിർമ്മിച്ച് ബ്രാൻറ് നെയിം ഉൾപ്പെടെ വിപണനം നടത്തുന്നതിന് യൂണിറ്റ് രൂപീകരിക്കുന്നു.	പട്ടികജാതി വികസന വകുപ്പ്/കുടുംബശ്രീ ജില്ലാ വ്യവസായ കേന്ദ്രം ജില്ലാ പഞ്ചായത്ത്	പ്രവർത്തന കേന്ദ്രം, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ	പട്ടികജാതി വികസന വകുപ്പ്/ കുടുംബശ്രീ
			പരിശീലനം, വിപണനം.	ജില്ലാ വ്യവസായ കേന്ദ്രം
			ഫണ്ട് വിനിയോഗം& മോണിറ്ററിംഗ്	ജില്ലാ പഞ്ചായത്ത്
10	**<u>ഓട്ടോമൊബൈൽ സർവ്വീസ് സ്റ്റേഷൻ</u>** ഓട്ടോമോബൈൽ ട്രേഡിൽ ഐ.ടി.ഐ., പോളി ഡിപ്ലോമ, ബിടെക്ക് യോഗ്യത നേടിയ അഭ്യസ്തവിദ്യർക്ക് വേണ്ടി സ്വകാര്യ വാഹന നിർമ്മാതാക്കളും വിൽപ്പന-വിതരണ-സർവ്വീസ് സെന്ററുകളുമായിച്ചേർന്ന്, ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ സർവ്വീസ് സെന്റർ സ്ഥാപിക്കുക. ഒരു സെന്ററിൽ ഇരുപത് പേർക്ക് തൊഴിൽ ലഭ്യത.	പട്ടികജാതി വികസന വകുപ്പ് വ്യവസായ പരിശീലന വകുപ്പ് ജില്ലാ പഞ്ചായത്ത്	ഗുണഭോക്താക്കളെ കണ്ടെത്തൽ	പട്ടികജാതി വികസന വകുപ്പ്
			പരിശീലനം, സാങ്കേതിക സഹായം	വ്യവസായ പരിശീലന വകുപ്പ്
			ഫണ്ട് വിനിയോഗം& മോണിറ്ററിംഗ്	ജില്ലാ പഞ്ചായത്ത്
11	**<u>മൊബൈൽ കാർ വാഷ് യൂണിറ്റ്</u>** ആധുനിക മെഷീനുകൾ ഉപയോഗപ്പെടുത്തി വെള്ളത്തിന്റെ ഉപയോഗം കുറച്ച്, സ്റ്റീം പമ്പിംഗ്	പട്ടികജാതി വികസന വകുപ്പ്	ഗുണഭോക്താക്കളെ കണ്ടെത്തൽ ഫണ്ട് വിനിയോഗം& മോണിറ്ററിംഗ്	പട്ടികജാതി വികസന വകുപ്പ്

	മുഖേന കാർ വാഷിംഗ് നടത്തുന്ന യൂണിറ്റ്. എറണാകുളം ജില്ലയുടെ നഗരപ്രദേശങ്ങളിലും, ഫ്ളാറ്റുകളിലും ഒരേ സമയം 2 വാഹനങ്ങൾ വാഷ് ചെയ്യാൻ പറ്റുന്ന മെഷിനറി ഉപയോഗപ്പെടുത്തി കുറഞ്ഞ സമയത്തിനുള്ളിൽ കാർ വാഷ് ചെയ്യാവുന്നതാണ്.	ജില്ലാ വ്യവസായ കേന്ദ്രം	പരിശീലനം	ജില്ലാ വ്യവസായ കേന്ദ്രം
12	**<u>ലേബർ ബാങ്ക്</u>** ഇലക്ട്രിക്കൽ, പ്ലംബിംഗ്, കെട്ടിടനിർമ്മാണം മുതലായ മേഖലകളിൽ തൊഴിൽ പ്രാവീണ്യം നേടിയ യുവതീ/യുവാക്കളെ ഉൾപ്പെടുത്തി ഇവർക്ക് തൊഴിൽ സ്ഥിരത ഉറപ്പാക്കുന്നു. ലൈഫ് മിഷൻ വഴിയുള്ള പാർപ്പിട നിർമ്മാണം പൂർണ്ണമായും ലേബർ ബാങ്ക് വഴി ചെയ്യാവുന്നതാണ്.	പട്ടികജാതി വികസന വകുപ്പ് കുടുംബശ്രീ ലൈഫ് മിഷൻ ജില്ലാ പഞ്ചായത്ത്	ഗുണഭോക്താക്കളെ കണ്ടെത്തൽ	പട്ടികജാതി വികസന വകുപ്പ്
			പരിശീലനം, സാങ്കേതിക സഹായം	കുടുംബശ്രീ ലൈഫ് മിഷൻ
			ഫണ്ട് വിനിയോഗം& മോണിറ്ററിംഗ്	ജില്ലാ പഞ്ചായത്ത്
13	**<u>ഈവന്റ് മാനേജ്മെന്റ്</u>** വിവാഹം പോലുള്ള വിവിധ ചടങ്ങുകൾ കരാർ വ്യവസ്ഥയിൽ ഏറ്റെടുത്ത് നടത്തുന്നതിന് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഹോട്ടൽ മാനേജ്മെന്റ് മേഖലകളിൽ പ്രാവീണ്യം നേടിയ യുവാക്കൾക്കായുള്ള സംരംഭം. ഇതിന് അനുയോജ്യമായ മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി കൂടുതൽ പ്രചാരം നൽകാവുന്നതാണ്.	പട്ടികജാതി വികസന വകുപ്പ്/കുടുംബശ്രീ ജില്ലാ പഞ്ചായത്ത്	പ്രവർത്തന കേന്ദ്രം, ഗുണഭോക്തൃ ഗ്രൂപ്പിനെ കണ്ടെത്തൽ	പട്ടികജാതി വികസന വകുപ്പ്/ കുടുംബശ്രീ
			ഫണ്ട് വിനിയോഗം& മോണിറ്ററിംഗ്	ജില്ലാ പഞ്ചായത്ത്
14.	**<u>ഭക്ഷ്യ സംസ്കരണം</u>** പൈനാപ്പിൾ കൃഷി വ്യാപകമായ പ്രദേശങ്ങളിൽ പൈനാപ്പിൾ സംസ്കരണത്തിനുള്ള യൂണിറ്റ്.	പട്ടികജാതി വികസന വകുപ്പ് വ്യവസായ പരിശീലന വകുപ്പ് കൃഷി വകുപ്പ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ	ഗുണഭോക്താക്കളെ കണ്ടെത്തൽ ഫണ്ട് വിനിയോഗം& മോണിറ്ററിംഗ്	പട്ടികജാതി വികസന വകുപ്പ്
			പരിശീലനം	വ്യവസായ പരിശീലന വകുപ്പ കൃഷി വകുപ്പ്
			സാങ്കേതിക സഹായം	വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ
15.	**<u>ബാംബു പ്രോഡക്ട്സ്</u>** ഈറ്റ, മുള തുടങ്ങിയവ ഉപയോഗിച്ച് പരമ്പരാഗത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും	പട്ടികജാതി വികസന വകുപ്പ് ബാംബു കോർപ്പറേഷൻ	ഗുണഭോക്താക്കളെ കണ്ടെത്തൽ	പട്ടികജാതി വികസന വകുപ്പ്
			പരിശീലനം സാങ്കേതിക സഹായം	ബാംബു കോർപ്പറേഷൻ

	വിപണനവും.	ജില്ലാ പഞ്ചായത്ത്	ഫണ്ട് വിനിയോഗം& മോണിറ്ററിംഗ്	ജില്ലാ പഞ്ചായത്ത്
16.	**പ്ലാസ്റ്റിക് റീ സൈക്ലിംഗ് സെന്റർ** കോളനികളെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു യൂണിറ്റ് സ്ഥാപിക്കുന്നു.	പട്ടികജാതി വികസന വകുപ്പ് ജില്ലാവ്യവസായ കേന്ദ്രം,വ്യവസായ പരിശീലന വകുപ്പ്. ജില്ലാ പഞ്ചായത്ത്	ഗുണഭോക്താക്കളെ കണ്ടെത്തൽ പരിശീലനം സാങ്കേതിക സഹായം ഫണ്ട് വിനിയോഗം& മോണിറ്ററിംഗ്	പട്ടികജാതി വികസന വകുപ്പ് ജില്ലാ വ്യവസായ കേന്ദ്രം, വ്യവസായ പരിശീലന വകുപ്പ്. ജില്ലാ പഞ്ചായത്ത്
17	**റബർ പാർക്ക്** റബർ ഉപയോഗിച്ച് വിവിധ ഉൽപ്പനങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകളുടെ വ്യവസായ കേന്ദ്രം സ്ഥാപിക്കുന്നു.	പട്ടികജാതി വികസന വകുപ്പ് ജില്ലാ വ്യവസായ കേന്ദ്രം, റബർ ബോർഡ് ജില്ലാ പഞ്ചായത്ത്	ഗുണഭോക്താക്കളെ കണ്ടെത്തൽ പരിശീലനം സാങ്കേതിക സഹായം ഫണ്ട് വിനിയോഗം & മോണിറ്ററിംഗ്	പട്ടികജാതി വികസന വകുപ്പ് ജില്ലാ വ്യവസായ കേന്ദ്രം, റബർ ബോർഡ് ജില്ലാ പഞ്ചായത്ത്
18	**കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം** ഹോളോബ്രിക്സ്, ഇന്റർലോക്ക് ബ്രിക്സ്, കോൺക്രീറ്റ് കട്ടിള, ജനൽ എന്നിവ നിർമ്മിക്കുന്ന യൂണിറ്റ്. **സാധ്യത :** ലേബർ ബാങ്കുമായി സംയോജിപ്പിച്ച് കൂടുതൽ വിജയകരമാക്കാവുന്നതാണ്.	പട്ടികജാതി വികസന വകുപ്പ് ജില്ലാ വ്യവസായ കേന്ദ്രം ജില്ലാ പഞ്ചായത്ത്	ഗുണഭോക്താക്കളെ കണ്ടെത്തൽ പരിശീലനം സാങ്കേതിക സഹായം ഫണ്ട് വിനിയോഗം & മോണിറ്ററിംഗ്	പട്ടികജാതി വികസന വകുപ്പ് ജില്ലാ വ്യവസായ കേന്ദ്രം, റബർ ബോർഡ് ജില്ലാ പഞ്ചായത്ത്
19	പേപ്പർ ഗ്ലാസ്, പേപ്പർ പ്ലേറ്റ്, സാനിറ്ററി നാപ്കിൻ, പേപ്പർ ബാഗ് തുടങ്ങിയവയുടെ നിർമ്മാണം	പട്ടികജാതി വികസന വകുപ്പ് ജില്ലാ വ്യവസായ കേന്ദ്രം ജില്ലാ പഞ്ചായത്ത്	ഗുണഭോക്താക്കളെ കണ്ടെത്തൽ പരിശീലനം സാങ്കേതിക സഹായം ഫണ്ട് വിനിയോഗം & മോണിറ്ററിംഗ്	പട്ടികജാതി വികസന വകുപ്പ് ജില്ലാ വ്യവസായ കേന്ദ്രം ജില്ലാ പഞ്ചായത്ത്
20	**പൗൾട്രി ഫാം** മുട്ടക്കോഴി, ഇറച്ചിക്കോഴി എന്നിവയുടെ ഉൽപ്പാദനത്തിനായി മൃഗ സംരക്ഷണ വകുപ്പ്, കെപ്കോ എന്നിവയുടെ സഹായത്തോടെ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.	പട്ടികജാതി വികസന വകുപ്പ് മൃഗ സംരക്ഷണ വകുപ്പ് ജില്ലാ പഞ്ചായത്ത്	ഗുണഭോക്താക്കളെ കണ്ടെത്തൽ പരിശീലനം സാങ്കേതിക സഹായം ഫണ്ട് വിനിയോഗം & മോണിറ്ററിംഗ്	പട്ടികജാതി വികസന വകുപ്പ് മൃഗ സംരക്ഷണ വകുപ്പ് ജില്ലാ പഞ്ചായത്ത്

7.21 പട്ടികവർഗ്ഗ വികസനം

മേൽത്തട്ട്

1. സാക്ഷരതാ യജ്ഞം പുനരാരംഭിക്കുക.
2. 4, 7, 10 ക്ലാസുകളിൽ തുല്യത ക്ലാസുകൾ നടത്തുക.

3. മദ്യവിമുക്ത ഗ്രാമങ്ങൾ സൃഷ്ടിക്കുക.
4. ആകർഷണീയമായ അംഗൻവാടികൾ ഒരുക്കുക.
5. പട്ടികവർഗ വിദ്യാർത്ഥികൾക്കായി കേന്ദ്രീയ വിദ്യാലയം ജില്ലയിൽ ആരംഭിക്കുക.
6. ത്രിതല പഞ്ചായത്ത്, എം.എൽ.എ., എം.പി. ഫണ്ടുകൾ സംയോജിപ്പിച്ചു കൊണ്ട് കൃഷിക്കായി കീടനാശിനിരഹിത കൃഷിക്കായി പദ്ധതികൾ.
7. വന്യമൃഗശല്യം മൂലം കൃഷി നശിച്ചവർക്ക് പഞ്ചായത്ത് തലത്തിൽ നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടി.

കീഴ്ത്തട്ട്

1. പഞ്ചായത്ത് വാർഷിക പദ്ധതി നടപ്പിലാക്കുമ്പോൾ വിദ്യാഭ്യാസത്തിന് പ്രത്യേക ഫണ്ട് മാറ്റി വയ്ക്കുക.
2. ട്യൂഷൻ എടുക്കുന്നതിന് പഞ്ചായത്തിൽ നിന്നും ആനുകൂല്യങ്ങൾ നൽകുക.
3. ഗോത്രസാരഥി പദ്ധതി പഞ്ചായത്ത് വഴി നടപ്പിലാക്കുക.
4. പഞ്ചായത്ത് തലത്തിൽ ഹൈസ്കൂൾ മുതൽ സാമ്പത്തിക നിലവാരം വിലയിരുത്തി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകുക.
5. ജനറൽ ഫണ്ടിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് റോഡുകൾ നൽകുക.
6. ദൂരക്കൂടുതലുള്ള ഊരുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുക.
7. പാട്ടകൃഷി ഭൂമി പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്ത് നടത്തുക.

അഭികാമ്യമായ നിർദ്ദേശങ്ങൾ

- ജില്ലയിൽ നിരക്ഷരരും താഴ്ന്ന വിദ്യാഭ്യാസ നിലവാരമുള്ളവരുമായ മാതാപിതാക്കളുടെ മക്കൾ അപൂർവമായി മാത്രമേ ഉന്നത വിദ്യാഭ്യാസ തലങ്ങളിൽ പ്രത്യേകിച്ച് സാങ്കേതിക പ്രൊഫഷണൽ മേഖലകളിൽ പ്രവേശിക്കുന്നുള്ളു വെന്നാണ് കാണുന്നത്. എല്ലാവർക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നതിലുപരി പാവപ്പെട്ടവരിൽ പാവപ്പെട്ടവർക്ക് വിദ്യാഭ്യാസ വളർച്ചക്ക് ആവശ്യമായ സമഗ്ര പരിപാടികൾ നടത്തേണ്ടതാണ്.
- പട്ടികവർഗ്ഗക്കാർക്കിടയിൽ കുടുംബബന്ധങ്ങളുടെ ശിഥിലീകരണം വ്യാപക മാണെന്നാണ് കാണുന്നത്. പട്ടികവർഗ്ഗമേഖലകളിൽ ഫാമിലി കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിച്ച് ഈ അവസ്ഥയ്ക്ക് പരിഹാരം കാണാവുന്നതാണ്.
- പട്ടികവർഗ്ഗക്കാരിൽ 40.3 ശതമാനം മാത്രമാണ് തൊഴിലെടുക്കുന്നത്. തൊഴിലെടുക്കാൻ പ്രാപ്തി ഉള്ളവരിൽ 21.8 ശതമാനം തൊഴിൽ ഇല്ലാത്തവരാണ്. അടിസ്ഥാന സൗകര്യങ്ങൾക്ക് ഊന്നൽ നൽകുന്നതിനോടൊപ്പം തന്നെ തൊഴിലും വരുമാനവുമുണ്ടാക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കേണ്ടത് ആവശ്യമാണ്.
- മുഖ്യതൊഴിലിനോടൊപ്പം ഉപതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ താരതമ്യേന കുറവാണ്. കുടുംബങ്ങളിലെ സാമ്പത്തിക പരാധീനത പരിഹരിക്കാൻ ഉപതൊഴിലുകൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.
- കോളനികളിലെ പട്ടികവർഗ്ഗക്കാരുടെ വരുമാനത്തിന്റെ നല്ലൊരു പങ്കും ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിന് ചെലവഴിക്കുന്നതായി കാണുന്നു. കോളനികളിൽ തുടർച്ചയായി ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് ആവശ്യമാണ്.
- പട്ടികവർഗ്ഗവിഭാഗങ്ങളിൽ പ്രചാരത്തിലുള്ള തനതു കലാരൂപങ്ങളെ നിലനിർത്തുന്നതിനും പരിപോഷിപ്പി ക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തുക വഴിയായി ടി ജനവിഭാഗത്തെ സാംസ്ക്കാരികമായി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് സാധിക്കും.

- ജില്ലയിലെ പട്ടികവർഗ്ഗക്കാർ, പ്രത്യേകിച്ച് കോതമംഗലം, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിലെ പട്ടികവർഗ്ഗക്കാർ കൃഷിയോട് ആഭിമുഖ്യമുള്ളവരാണ്. കൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലും, പ്രത്യേകിച്ച് ജൈവകൃഷിയിൽ, ഊന്നിയുള്ള വികസന പരിപാടികൾ ഈ പ്രദേശ നിവാസികൾക്ക് അഭികാമ്യമായിരിക്കും.

- പ്രായാടിസ്ഥാനത്തിൽ പരിശോധിച്ചാൽ ജില്ലയിലെ പട്ടികവർഗ്ഗക്കാരിൽ ഏറ്റവും കൂടുതൽ പേർ 30-44 വയസ്സിനിടയിൽ പ്രായമുള്ളവരാണെന്ന് കാണാം. മാനവശേഷി വികസന പ്രോജക്ടുകളും, തൊഴിലധിഷ്ഠിതസംരംഭങ്ങളും നടപ്പിലാക്കാനുള്ള വിപുലമായ സാധ്യതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

- വൃദ്ധരിൽ തൊഴിലെടുക്കാനുള്ള പ്രാപ്തിയും അഭിരുചിയുമുള്ളവരുമുണ്ട്. അവരെ കഠിനമല്ലാത്ത തൊഴിലുകളിൽ ഏർപ്പെടാൻ സഹായിക്കാവുന്നതാണ്. തൊഴിലെടുക്കാൻ പ്രാപ്തിയില്ലാത്തവർക്കു വേണ്ടി സാമൂഹ്യക്ഷേമ പദ്ധതികളും, പരിചരണ പാക്കേജുകളും ആവിഷ്ക്കരിക്കാവുന്നതാണ്.

- പട്ടികവർഗ്ഗക്കാരിൽ നല്ലൊരു ശതമാനം പേരും കടബാധ്യതയുള്ളവരാണ്. ഏറ്റവും കൂടുതൽപേർ കടമെടുത്തിട്ടുള്ളത് സ്വകാര്യ വ്യക്തികളിലും, സ്ഥാപനങ്ങളിലും നിന്നാണ്. പട്ടികവർഗ്ഗക്കാർക്ക് പൊതുമേഖലാ ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ മാത്രമേ ഈ പ്രവണത ഇല്ലാതാക്കാൻ കഴിയുകയുള്ളൂ.

- പാരമ്പര്യ ചികിത്സാരീതി 11 കോളനികളിൽ പ്രചാരത്തിലുണ്ട്. ഒട്ടുമിക്ക രോഗങ്ങൾക്കും പാരമ്പര്യ ചികിത്സ ലഭ്യമാണ്. പാരമ്പര്യ ചികിത്സാരീതികൾ പ്രോത്സാഹിപ്പിച്ചാൽ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും.

- കുട്ടമ്പുഴ പഞ്ചായത്തിലെ മിക്ക കോളനികളും വനത്തിനുള്ളിലാണ്. ഇവരിൽ വളരെ പേർ വനവിഭവശേഖരണം നടത്തുന്നു. വനവിഭവശേഖരണം കൂടുതൽ ആദായകരവും തൊഴിൽദായകവുമാക്കുന്നതിന് വനവിഭവങ്ങളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണിയിൽ ഇറക്കാനുള്ള സമഗ്ര പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്.

- ആരോഗ്യകേന്ദ്രങ്ങളുടെ അപ്രാപ്യതയാണ് പട്ടികവർഗ്ഗക്കാർ നേരിടുന്ന മറ്റൊരു വെല്ലുവിളി. വനത്തിനുള്ളിലെ കോളനികളി□ ഉള്ളവർക്ക് ആരോഗ്യകേന്ദ്രങ്ങളെല്ലാം തന്നെ അപ്രാപ്യമാണ്. ടി കോളനികളിൽ ആരോഗ്യപ്രവർത്തനങ്ങൾ ശക്തമാക്കേണ്ടതും, മാസത്തിൽ ഒരിക്കലെങ്കിലും മെഡിക്കൽ ക്യാമ്പ് നടത്തേണ്ടതുമാണ്.

- അവിവാഹിതരായ 16 അമ്മമാർ ജില്ലയിലുണ്ടെന്നത് പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യബലഹീനതയുടെ തെളിവാണ്. ഇവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്.

- ജില്ലയിലെ മിക്കകോളനികളിലും കുടിവെള്ളക്ഷാമം നേരിടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനായി എല്ലാ കോളനികളിലും പൊതുകിണർ സ്ഥാപിക്കാവുന്നതാണ്.

- വ്യവസായങ്ങൾ ആരംഭിക്കുവാനും നിലവിലുള്ളവ മെച്ചപ്പെടുത്താനും 1,50,000/-രൂപ വരെ പലിശയില്ലാത്ത വായ്പ നൽകാവുന്നതാണ്.

- ജില്ലയിൽ 2 പട്ടികവർഗ്ഗ സഹകരണ സംഘങ്ങളാണുള്ളത്. അവയുടെ പ്രവർത്തനം വളരെ ശോചനീയമാണ്. ആയതിനാൽ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തി ഫലപ്രദമായ പ്രവർത്തനം ഉറപ്പുവരുത്തേണ്ടതാണ്.

- പുരുഷ വനിതാ സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തനം പട്ടികവർഗ്ഗ മേഖലയിൽ വ്യാപിപ്പിക്കുക.
- കോളനികളിൽ പരമ്പരാഗത നൈപുണ്യങ്ങളും കൈത്തൊഴിലുകളും മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. ഊരുകളിൽ നിർമ്മിക്കുന്ന പരമ്പരാഗത ഉത്പന്നങ്ങൾ ഇടനിലക്കാർ ശേഖരിക്കുന്നതു കൊണ്ട് ന്യായമായ വില ലഭിക്കുന്നില്ല.
- ഇൻഫർമേഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട് ആവശ്യമായ പരിശീലനം ലഭിക്കുന്നതിന് കൂടുതൽ അവസരമുണ്ടാക്കുക.
- മിശ്രവിവാഹിതർക്ക് ധനസഹായം 1,00,000/-രൂപയായി വർദ്ധിപ്പിക്കുക.
- പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട സാഹിത്യകാരൻമാരുടെ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം നൽകുക.
- പട്ടികവർഗ്ഗക്കാർ മൃഗപരിപാലന പ്രവർത്തനങ്ങളോട് ആഭിമുഖ്യ മുള്ളവരാണ്. മിക്ക കോളനികളിലും മൃഗപരിപാലനത്തിന് അനുകൂല സാഹചര്യങ്ങൾ ഉണ്ട്. മൃഗപരിപാലനവുമായി ബന്ധപ്പെട്ട് ടി മേഖലകളിൽ തൊഴിൽ സൃഷ്ടിക്കാൻ കഴിയും.
- വനത്തിനുള്ളിലെ കോളനികളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വനത്തിൽ നിന്ന് പുറത്തേയ്ക്കു വരുന്നതിന് താത്പര്യമില്ലാത്തതായി കാണുന്നു. ടി കോളനികളിൽ നിന്നും ടൂറിസ്റ്റ് ഗൈഡ് ആവാൻ താത്പര്യ മുള്ളവരെ തെരഞ്ഞെടുത്ത് ടി മേഖലയിൽ പരിശീലനം നൽകുന്നത് നന്നായിരിക്കും. കാടിന്റെ ഓരോ മേഖലയെക്കുറിച്ചും വ്യക്തമായ ധാരണയുള്ള ഇവർക്ക് ടി മേഖലയിൽ പ്രശോഭിക്കാൻ കഴിയും. അതുവഴി കുടുംബത്തിന് നല്ലൊരു വരുമാന മാർഗ്ഗവുമാകും.
- കോളനികളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള ദൂരം പട്ടികവർഗ്ഗ വിദ്യാർത്ഥികൾ നേരിടുന്ന ഒരു പ്രശ്നമാണ്. ടി പ്രശ്നം പരിഹരിക്കുന്നതിന് കൂടുതൽ പ്രീമെട്രിക്, പോസ്റ്റുമെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കേണ്ടിയിരിക്കുന്നു.
- പട്ടികവർഗ്ഗ ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ജില്ലാ വികസന സമിതിയിൽ പട്ടികവർഗ്ഗ പ്രതിനിധിയെ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.
- വിവാഹിതരുടെ പ്രായം പരിശോധിച്ചതിൽ ജില്ലയിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ, പ്രത്യേകിച്ചും മുതുവാൻ വിഭാഗക്കാരിൽ പ്രായപൂർത്തിയാകാതെ വിവാഹങ്ങൾ, പ്രത്യേകിച്ച് പെൺകുട്ടികളുടെ, നടക്കുന്നുണ്ടെന്ന് അനുമാനിക്കാ വുന്നതാണ്. ഇതിനെതിരെ ജാഗ്രത പുലർത്തേണ്ടതും ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പി ക്കേണ്ടതുമാണ്.
- സോളാർ ലൈറ്റിംഗ് സംവിധാനം കോളനികളിൽ എർപ്പെടുത്താവുന്നതാണ്.
- സർക്കാർ വകുപ്പുകളിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പരിപാടികളെ സംബന്ധിച്ചുള്ള അറിയിപ്പുകൾ യഥാസമയം പട്ടികവർഗ്ഗ മേഖലയിൽ എത്തിക്കുക.
- വന്യമൃഗ ഭീഷണി നേരിടുന്ന കോളനികളിൽ സംരക്ഷണ ഉപാധികൾ സ്ഥാപിക്കുക.

സംയോജന സാധ്യതകൾ

- ഐ.ടി.ഐ യിൽ ഓരോ വർഷവും വിജയകരമായി പഠനം പൂർത്തിയാക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക്, പ്രവർത്തി പരിചയം ലഭിക്കുന്നതിനും ഫീൽഡിൽ തുടരുന്നതിനും മതിയായ പണിയുപകരണങ്ങൾ ഇല്ലാത്തതിനാൽ സാധിക്കാതെ വരുന്നുണ്ട്. ഇവർക്ക്

സഹായകമായി, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും പട്ടികവർഗ വികസന വകുപ്പിന്റെയും സംയോജിത പദ്ധതിയായി പണിയുപകരണങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങി നൽകാവുന്നതാണ്. ഇതിനൊപ്പം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ സ്കിൽ അപ്ഡേഷൻ പരിപാടികളിൽ ഇവരെ പങ്കെടുപ്പിക്കുന്നതും പദ്ധതി തയ്യാറാക്കാവുന്നതാണ്.

- ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി പൊതു വിപണിയിൽ ലഭ്യമാക്കുന്നതിന് വ്യവസായ വകുപ്പിന്റെ സഹായത്തോടെ പ്രൊജക്ടുകൾ രൂപീകരിക്കാവുന്നതാണ്. ഉദാഹരണത്തിന് ഈറ്റ കൊണ്ട് തയ്യാറാക്കാവുന്ന ആധുനിക ഉൽപ്പന്നങ്ങൾക്ക് ഇന്ത്യയിൽ മാത്രമല്ല, വിദേശ രാജ്യങ്ങളിൽ പോലും നല്ല വിപണി ലഭിക്കുന്നുണ്ട്. ബാംബൂ ബോർഡിന്റെ സഹായത്തോടെ വ്യവസായ വകുപ്പും പട്ടികവർഗ വികസന വകുപ്പും ചേർന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കി പ്രത്യേക വിപണി കണ്ടെത്തി വിറ്റഴിക്കുന്നതിന് പദ്ധതി തയ്യാറാക്കാവുന്നതാണ്.

- വനാവകാശ നിയമപ്രകാരം ലഭിച്ച ഭൂമിയിൽ വനത്തിന്റെ തനിമ നിലനിർത്തിക്കൊണ്ട് വികസന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. ഇതിനായി വനം വകുപ്പുമായി സംയോജിച്ച് പ്രകൃതി സൗഹൃദ വികസന പ്രവർത്തനങ്ങൾ, പട്ടികവർഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാവുന്നതാണ്. കൂടാതെ വനമേഖലയിൽ വനസൗഹൃദ വിനോദസഞ്ചാരവും നടപ്പിലാക്കാവുന്നതാണ്. പരമ്പരാഗത ആദിവാസി കുടിലുകളും ഭക്ഷണവും സന്ദർശകർക്കായി നൽകി, ഊരുകളിലെ യുവാക്കളുടെ നേതൃത്വത്തിൽ കാടു കാണുന്നതിനും അനുഭവിക്കുന്നതിനുമുള്ള പദ്ധതി രൂപീകരിക്കാവുന്നതാണ്. ഇതിനായി വനം വകുപ്പിന്റെ കീഴിലുള്ള വനസംരക്ഷണ സമിതിയുടെ സേവനവും ലഭ്യമാക്കാവുന്നതാണ്. ഇതിലൂടെ ആദിവാസി യുവാക്കൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കാനാകും.

- സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യം പട്ടികവർഗ മേഖലയിൽ ഏറെ ശ്രദ്ധിക്കേണ്ട ഒരു വിഷയമാണ്. ഇതിനായി ആരോഗ്യ വകുപ്പിന്റെയും ഗ്രാമപഞ്ചായത്തിന്റെയും സഹായത്തോടെ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളെ കണ്ടെത്തി, ആവശ്യമായ പരിശീലനം നൽകി, കോളനികളിൽ ആരോഗ്യ പ്രവർത്തകരായി നിയോഗിക്കാവുന്നതാണ്. ഒരു കോളനിയിൽ നിശ്ചിത എണ്ണം വീടുകൾക്ക് ഒരു ആരോഗ്യ പ്രവർത്തക എന്ന നിലയിൽ ഇവരുടെ സേവനം ലഭ്യമാക്കാവുന്നതും ഇതിനായി ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു കോർഡിനേറ്ററെ ചുമതല പ്പെടുത്താവുന്നതുമാണ്. ആരോഗ്യ പ്രവർത്തകർ ഓരോ വീട്ടിലെയും ഓരോ അംഗത്തിന്റെയും ആരോഗ്യകാര്യങ്ങളും ആഹാരരീതികളും നിരീക്ഷിക്കേണ്ടതും ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതുമാണ്. നിരന്തരം നിരീക്ഷണത്തിലൂടെ യഥാസമയം പ്രതിരോധ കുത്തിവയ്പ്പുകളും പോഷകാഹാരങ്ങളും ആവശ്യമായവർക്ക് ലഭ്യമാക്കാനാകും. കൂടാതെ ഓരോ വീട്ടിലെയും പൊതുവായ ശുചിത്വ കാര്യങ്ങളും സാമൂഹിക അന്തരീക്ഷവും മെച്ചപ്പെടുത്താനും ഇവർക്ക് സാധിക്കും.

- പട്ടിക വർഗ്ഗ വിഭാഗത്തിനായി പല പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും അവരിൽ നിലനിൽക്കുന്ന പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ സാധിച്ചിട്ടില്ല. അവരുടെ ഇന്നത്തെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനും മയക്കുമരുന്ന്, മദ്യം എന്നീ ലഹരി വസ്തുക്കളിൻ നിന്നും അവരെ മോചിപ്പിക്കുന്നതിനുവേണ്ടി ഒരു സമ്പാദ്യ പദ്ധതി ആവിഷ്ക്കരിക്കുന്നത് ഉചിതമായിരിക്കും. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ അവരുടെ കീഴിലുള്ള പട്ടികവർഗ്ഗ കോളനികളിലെ വീടുകളിലെ

സ്ത്രീകളെ പട്ടിക വർഗ്ഗ വകുപ്പിന്റെയും ദേശീയ സമ്പാദ്യ പദ്ധതിയുടെയും സഹായത്താൽ ഒരു അക്കൗണ്ട് തുടങ്ങുന്നതിനും തങ്ങളുടെ സമ്പാദ്യം അതിൽ നിക്ഷേപിക്കുന്നതിനും ഉള്ള മാർഗ്ഗനിർദ്ദേശം നൽകേണ്ടതാണ്.

- ❖ എക്സൈസ് വകുപ്പുമായി സംയോജിച്ച് മദ്യത്തിനും മയക്കുമരുന്നിനും എതിരായ ബോധവൽക്കരണ പരിപാടികൾ ഓരോ കോളനിയിലും നടത്താനാകും. ഓരോ ഊരുക്കൂട്ടത്തിലും ഇത്തരം ക്ലാസുകൾ നൽകുന്നത് വളരെയധികം പ്രയോജനകര മായിരിക്കും. ഇതിനായി പട്ടികവർഗ വികസന വകുപ്പിന്റെ ഫണ്ട് ലഭ്യമാക്കാവുന്നതാണ്.

നൂതന ആശയങ്ങൾ

1. വ്യവസായം

പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി' മാത്രമാണ് വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നത്. ടി പദ്ധതി പ്രകാരം 25 ലക്ഷം രൂപ വരെയുള്ള ഉൽപ്പാദന മേഖലയിലുള്ള പ്രോജക്ടുകളും 10 ലക്ഷം രൂപ വരെയുള്ള സേവനമേഖലയിലെ പ്രോജക്ടുകളും നടപ്പിലാക്കാവുന്നതാണ്. പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർ 5% പദ്ധതി വിഹിതം സ്വയമായി എടുക്കുകയും 35% ഗ്രാമപ്രദേശങ്ങളിൽ (25% നഗര പ്രദേശങ്ങളിൽ)ഉള്ളവർക്ക് സബ്സ്ഡിയായി ലഭിക്കുകയും ബാക്കി തുക ബാങ്ക് വായ്പയായി എടുക്കേണ്ടതുമാണ്. ബാർബർ ഷോപ്പ്, ഗാർമെന്റ്സ്, കൊക്കോപ്രോസസിംഗ്, സ്കാഫോൾഡിംഗ് എന്നീ മേഖലകളിലാണ് അപേക്ഷകൾ ലഭിക്കാറുള്ളത്. ഈറ്റ, മുള, വനവിഭവങ്ങൾ മുതലായവയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അപേക്ഷകരെ കണ്ടെത്തേണ്ടിരിക്കുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും മതിയായ അപേക്ഷകർ മുന്നോട്ടു വരുന്നില്ല. നല്ല സംരംഭകരെ സൃഷ്ടിക്കുന്നതിനും മികച്ച പദ്ധതികൾ അവരിലൂടെ നടപ്പിലാക്കുന്ന തിനുമായി പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന മേഖലകളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവരുടെ നിലവിലെ തൊഴിലിൽ നിന്നും അവരുടെ മേഖലയിൽ ലഭ്യമാകുന്ന അസംസ്കൃതവസ്തുക്കൾ ഉപയോഗപ്പെടുത്തിക്കൊണ്ടും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിയ്ക്കുന്നതിനുള്ള സംരംഭങ്ങൾ നടപ്പാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. ഈറ്റ, മുള എന്നിവയുടെ ഉൽപ്പന്നങ്ങൾ വ്യാവസായിക അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം, നൈപുണ്യ വികസന പരിശീലനം, ആയതിലുള്ള യന്ത്രവൽക്കരണം തുടങ്ങിയ സഹായങ്ങൾ വ്യവസായ വകുപ്പ് മുഖാന്തരം ലഭ്യമാക്കുവാൻ സാധിയ്ക്കും. കൂടാതെ പട്ടികവർഗ്ഗവിഭാഗങ്ങൾക്കായി അനുയോജ്യമായ സ്ഥലം കണ്ടെത്തി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

2. കലാകായികം

ജില്ലയിലെ പട്ടികവർഗ്ഗക്കാരിൽ നിന്നും കലാപരമായി ആരുംതന്നെ ഉയർന്നു വരുന്നില്ല. ട്രൈബൽ യൂത്ത്ഫെസ്റ്റിവൽ നിർത്തിവച്ചതിനാലും കലാകായിക മികവുകളെ പ്രോത്സാഹിപ്പിക്കാത്തതിനാലും പട്ടികവർഗ്ഗമേഖലയിൽ നിന്നും പ്രതിഭകൾ ഉയർന്നുവരുന്നില്ല. പട്ടികവർഗ്ഗക്കാർക്കിടയിൽ കലാസാംസ്കാരിക ക്ലബ്ബുകൾക്ക് രൂപംകൊടുത്തു കൊണ്ടും കലാകായിക മികവുകൾക്ക് വേദികൾ ഒരുക്കിയും പ്രതിഭകളെ ഉയർത്തിക്കൊണ്ടു വരാവുന്നതാണ്.

3. വിദ്യാഭ്യാസം

ആദിവാസി സമൂഹത്തിന്റെ സാമൂഹ്യ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള ശക്തമായ ഒരു ഉപാധി വിദ്യാഭ്യാസമാണ്. ജില്ലയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമായി സമഗ്ര വിദ്യാഭ്യാസപദ്ധതി ആവിഷ്കരിക്കാവുന്നതാണ്. ഇതിന്റെ ഘടകങ്ങൾ താഴെപ്പറയുന്ന പ്രകാരമാകാം.

എ) പത്താംതരംവരെ (ശിശുവിദ്യാഭ്യാസം മുതൽ) ശക്തമായ ഇടപെടൽ മറ്റു

വിദ്യാർത്ഥികൾക്കൊപ്പമോ, അതിനു മീതെയോ എത്തിക്കലാവണം ലക്ഷ്യം. ആദ്യവർഷം ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കിടയിലും സമാന കർമ്മ പരിപാടികൾ ആവശ്യമായി വരും.

ബി) ഭാഷാശേഷി വികസനത്തിന് എന്റെ മലയാളം: എല്ലാ ക്ലാസ്സുകളിലും ഭാഷാശേഷി ഉറപ്പിക്കലാവണം ലക്ഷ്യം. എഴുത്തും വായനയ്ക്കുമപ്പുറം സർഗശേഷി വികസനവും സാഹിത്യ അഭിരുചി വളർത്തലും ഗൗരവതരത്തിൽ വായനയെ വളർത്തലും ലക്ഷ്യമിടണം. ഇതിനായി സ്കൂൾ ലൈബ്രറി, വായനാ മുറി എന്നിവ ട്രൈബൽ മേഖലയിലെ സ്കൂളുകളിൽ ഉറപ്പുവരുത്തണം. ഒരു ലൈബ്രേറിയന്റെ സേവനം (സ്കൂളിലെ പൂർവ്വ വിദ്യാർത്ഥി, മാതൃസമിതി അംഗം) പി.ടി.എ. യുടെ നേതൃത്വത്തിൽ ലഭ്യമാക്കുക. ആനുകാലികങ്ങൾ, ലൈബ്രറി നടത്തിപ്പ് എന്നിവയ്ക്ക് സ്കൂളിന് അലവൻസ് അനുവദിക്കുക.

സി) ഇംഗ്ലീഷ് ഭാഷാ ശേഷി വികസനത്തിന് മൈ ഇംഗ്ലീഷ് പദ്ധതി: ഒരു അതിഥി അധ്യാപകന്റെ സേവനം 2 മാസം പ്രയോജനപ്പെടുത്തി ഇംഗ്ലീഷിൽ ആശയവിനിമയശേഷി ഉറപ്പിക്കലാണ് പദ്ധതി ലക്ഷ്യം. ആവശ്യമായ പഠന സാമഗ്രികൾ ലഭ്യമാക്കണം. അതിഥി അധ്യാപകന് 2 മാസ ഓണറേറിയം പദ്ധതിയുടെ ഭാഗമായി നൽകണം.

ഡി) ശാസ്ത്രജാലകം പദ്ധതി:- ആദിവാസി മേഖലയിലെ പിണവൂർകുടി, മാമലക്കണ്ടം ഹൈസ്കൂളുകളിൽ ശാസ്ത്ര ലബോറട്ടറികൾ സജ്ജമാക്കുക, ശാസ്ത്ര പരീക്ഷണങ്ങളിലെ കൗതുകങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രാഭിരുചി വളർത്തൽ പദ്ധതി - ശാസ്ത്ര കൗതുകം, പ്ലാനറ്റോറിയം, ശാസ്ത്ര ഗവേഷണ കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കാനുള്ള പദ്ധതി, ശാസ്ത്രോത്സവ ക്യാമ്പുകൾ വിദ്യാലയ അടിസ്ഥാനത്തിൽ സംഘടിപ്പിക്കൽ എന്നിവ നടത്താവുന്നതാണ്.

ഇ) ഗണിതം മധുരം: ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നതിനുള്ള കർമ്മപദ്ധതി ഗണിതം മധുരത്തിലൂടെ രസകരമായ ഗണിതാനുഭവങ്ങൾ നൽകി ചതുഷ്ക്രിയകൾ ഉൾപ്പടെയുള്ള ഗണിതാശയങ്ങൾ നൽകൽ, പഠനോത്സവം, ക്യാമ്പുകൾ എന്നിവ നടത്താവുന്നതാണ്.

എഫ്) പത്താംതരത്തിൽ മികച്ച ഗ്രേഡോടെ സമ്പൂർണ്ണ വിജയം ഉറപ്പാക്കുന്നതിന് വിജയശ്രീ പദ്ധതി:പിയർ ഗ്രൂപ്പ് പഠനം, പ്രതിമാസ പരീക്ഷകൾ, പഠനോത്സവം ക്യാമ്പുകൾ, ഭവന സന്ദർശനം, അതിഥി ക്ലാസുകൾ, പഠനസഹായികൾ നൽകൽ തുടങ്ങിയവ ടി പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

ജി) സമഗ്ര കായിക പരിശീലനം: സമഗ്ര കായിക വികസനത്തിന് ജംപിംഗ് ബഡ് ഉൾപ്പടെയുള്ള കായിക ഉപകരണങ്ങൾ നൽകൽ, പരിശീലന ക്യാമ്പുകൾ, എയ്റോബിക്സ് പരിശീലനം, യോഗപരിശീലനം തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്.

എച്ച്) ഉന്നത കോഴ്സുകൾക്ക്/ജോലിക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുള്ള കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. കോളനികളിൽ പൊതുവായനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

4. തൊഴിൽ

എ) 2018-19 വർഷം പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതൽ കേന്ദ്രീകരിച്ചിട്ടുള്ള കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ തുടങ്ങിയ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസമെങ്കിലും ലഭിച്ച പട്ടികവർഗ്ഗക്കാർക്ക് നമ്മുടെ സംസ്ഥാനത്തും മറ്റു സംസ്ഥാനങ്ങളിലും നിലവിലുള്ള ജോലി സാധ്യതകളെക്കുറിച്ചും ഉയർന്ന ജോലികൾ കരസ്ഥമാക്കുവാൻ വേണ്ട പരിശീലനങ്ങളെ ക്കുറിച്ചും മറ്റുമുള്ള മാർഗ്ഗ നിർദ്ദേശ ക്ലാസ്സുകൾ നൽകാവുന്നതാണ്. ഇതിന്റെ കൂടെ മോട്ടിവേഷൻ ക്ലാസ്സുകൾ, ഇന്റർവ്യൂ സ്കിൽസ്, ഉന്നത വിദ്യാഭ്യാസ സാധ്യതകൾ തുടങ്ങിയ വിഷയങ്ങളും ഉൾക്കൊള്ളിക്കാ

വുന്നതാണ്. ഈ ക്ലാസ്സുകൾ നടത്തുന്നതിനായി സമീപ പ്രദേശങ്ങളിലുള്ള ഹൈസ്കൂളുകൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ഹാളുകൾ, പ്രൊജക്ടർ സംവിധാനങ്ങൾ, സൗണ്ട് സിസ്റ്റം മുതലായവ പ്രയോജനപ്പെടുത്താവുന്നതാണ്.

ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പിലാക്കി വരുന്ന സ്വയംതൊഴിൽ പദ്ധതികളായ കെസ്റ്റു, വിധവകൾ, 30 വയസ്സിനു മുകളിലുള്ള അവിവാഹിതകൾ, പട്ടിക വർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർ തുടങ്ങിയവർക്ക് പ്രത്യേകമായി നടപ്പിലാക്കുന്ന ശരണ്യ, തുടങ്ങിയ വിവിധ സ്വയംതൊഴിൽ പദ്ധതികൾ സംബന്ധിച്ചുള്ള അപേക്ഷകൾ, പ്രൊജക്ടുകൾ എന്നിവ തയ്യാറാക്കുന്ന വിധം, ബാങ്ക് നടപടിക്രമങ്ങൾ മുതലായവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബോധവത്ക്കരണ ക്ലാസ്സുകളും പ്രായോഗിക തലത്തിൽ ഈ പദ്ധതികൾക്ക് വരാവുന്ന ബുദ്ധിമുട്ടുകൾ നേരിടുന്നതിനായും മറ്റും ഒരു ദിവസത്തെ പരിശീലന ക്ലാസ്സുകൾ കോതമംഗലം, കുന്നത്തുനാട്, മൂവാറ്റുപുഴ എന്നീ താലൂക്കുകളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി സംഘടിപ്പിക്കാവുന്നതാണ്.

സി) പട്ടികവർഗ്ഗ വിഭാഗത്തിലെ പത്താംക്ലാസ്സ് മുതൽ വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് വിവിധ മത്സര പരീക്ഷകൾക്കായുള്ള 20 ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി താലൂക്ക് തോറും സംഘടിപ്പിക്കാവുന്നതാണ്.

ഡി) പട്ടികവർഗ്ഗ വിഭാഗത്തിലെ വനിതകൾക്കായുള്ള സോപ്പ് നിർമ്മാണം, വാഷിംഗ് പൗഡർ, ക്ലിയറിംഗ് സൊല്യൂഷൻസ്, ഹാൻഡ് വാഷ് തുടങ്ങിയ സാമഗ്രികൾ നിർമ്മിച്ച് സ്വയംതൊഴിൽ കണ്ടെത്താനുള്ള പരിശീലനവും നൽകാവുന്നതാണ്.

7.22 സാമൂഹ്യ നീതി വകുപ്പ്

മേല്‍ത്തട്ട്

1. എല്ലാ അങ്കണവാടികളുടെയും കെട്ടിടനിർമ്മാണത്തിനായി സ്ഥലം കണ്ടെത്തുക. (പുറമ്പോക്ക് ഭൂമി, ഒഴിഞ്ഞു കിടക്കുന്ന സ്കൂൾ കെട്ടിടങ്ങൾ, മറ്റ് ഡിപ്പാർട്ട്മെന്റിന്റെ ഭൂമി, ഉപേക്ഷിക്കപ്പെട്ട റോഡുകൾ, LSGD പ്രോജക്ടുവെച്ച് വാങ്ങുന്ന ഭൂമി, പൊന്നും വിലയ്ക്ക് വാങ്ങുന്ന ഭൂമി).

2. ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും ബാലസൗഹൃദ പഞ്ചായത്തായി ഉയർത്തണമെന്നും അതുവഴി കേരള സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ബാലസൗഹൃദ ജില്ലകളായി പ്രഖ്യാപിക്കാവാനുള്ള പദ്ധതികൾ വാർഷിക പദ്ധതിയിൽ അനിവാര്യമായി ഉൾപ്പെടുത്തേണ്ടതാണ്.

3. സർക്കാർ സ്കൂളുകൾ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പ്രീ-സ്കൂൾ അനുവദിക്കാതിരിക്കുക. കൂൺപോലെ പൊട്ടിമുളക്കുന്ന നഴ്സറിസ്കൂളുകൾക്ക് അനുമതി നൽകാതിരിക്കുക.

4. അംഗൻവാടി പ്രവർത്തകരുടെ സേവന ചട്ടങ്ങൾ അന്തിമ ഉത്തരവ് അംഗീകരിച്ച് നടപ്പിലാക്കുക വഴി അങ്കണവാടികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ കഴിയ അംഗൻവാടി പ്രവർത്തകരുടെ മിനിമം വിദ്യാഭ്യാസ യോഗ്യത +2 ആയി ഉയർത്തുക.എ.സി.ഡി.എസ് വിഭാവനം ചെയ്യുന്ന രീതിയിലുള്ള കളിസ്ഥലങ്ങൾ എല്ലാ അംഗൻവാടികളിലും ഉറപ്പുവരുത്തുക. അംഗൻവാടി പ്രവർത്തകരുടെ പെൻഷൻ പ്രായം 60 ലേക്ക് നിജപ്പെടുത്തി, പെൻഷൻ തുക ഉയർത്തണം.

5. **'ഗ്രീൻ പ്രോട്ടോകോൾ'** പോലെ ഒരു **'ഭിന്നശേഷി സൗഹൃദ പ്രോട്ടോക്കോൾ'** സംസ്ഥാനമൊട്ടാകെ നിർബന്ധമായും നടപ്പാക്കണം. റോഡായാലും, ഫുട്പാത്തായാലും, പാർക്കായാലും e-toilet ആയാലും അത് ഭിന്നശേഷി സൗഹൃദമായിരിക്കണം. സംസ്ഥാനത്ത് സർക്കാർ വകുപ്പുകളും തദ്ദേശ സ്വയം

ഭരണ സ്ഥാപനങ്ങളും പുതുതായി ഉണ്ടാക്കുന്ന എല്ലാ നിർമ്മിതിയും ഭിന്നശേഷിക്കാരെ കൂടി പരിഗണിക്കുന്ന ഒന്നായിരിക്കണം. നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി കൂട്ടിച്ചേർക്കലുകളും മാറ്റങ്ങളും വരുത്താൻ തയ്യാറാകുകയും വേണം.

6. ഔദ്യോഗികമായി ടി വിഭാഗക്കാരെ ട്രാൻസ്ജെൻഡർ എന്നുമാത്രമെ വിശേഷിപ്പിക്കാവൂ. **ഭിന്ന ലിംഗം** എന്ന വാക്ക് വിശേഷണ പദം ടി വിഭാഗങ്ങൾ ഇഷ്ടപ്പെടുന്നില്ല. Focus group discussion നിലുടനീളം ഇവർ ഐക്യകണ്ഠേന ഉന്നയിച്ചകാര്യമാണ്. ആയതിനാൽ നമുക്കത് പരിഗണിക്കാതിരിക്കാൻ കഴിയില്ല.

7. ട്രാൻസ്ജെൻഡേഴ്സിനായി സംഗമ സ്ഥലമെന്നരീതിയിൽ ഇവരുടെ CBO യ്ക്ക് പ്രവർത്തിക്കുന്നതിനായി അത്യാവശ്യ സൗകര്യങ്ങളോടുകൂടിയ വാടക/വാടക രഹിത കെട്ടിടം ഓഫീസ് പ്രവർത്തനത്തിനായി ഇവർക്ക് ആവശ്യമാണ്. Community Based Transgender Project Office

8. ട്രാൻസ്ജെൻഡറിനായി നിശ്ചിതശതമാനം തുക വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചിലവഴിക്കണം.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. എല്ലാ അംഗൻവാടികളുടെയും കെട്ടിട നിർമ്മാണത്തിനായി സ്ഥലം കണ്ടെത്തുക. (പുറമ്പോക്ക് ഭൂമി, ഒഴിഞ്ഞുകിടക്കുന്ന സ്കൂൾ കെട്ടിടങ്ങൾ, മറ്റ് ഡിപ്പാർട്ട്മെന്റിന്റെ ഭൂമി, ഉപേക്ഷിക്കപ്പെട്ട റോഡുകൾ, LSGD പ്രോജക്ട് വച്ച് വാങ്ങുന്ന ഭൂമി, പൊന്നും വിലയ്ക്ക് വാങ്ങുന്ന ഭൂമി) കെട്ടിടങ്ങളുള്ള അങ്കണവാടികൾക്ക് ആധുനിക സൗകര്യങ്ങൾ ഓരോ ബ്ലോക്കിലും മാതൃക അങ്കണവാടി നിർമ്മാണം, അങ്കണവാടികളോടനുബന്ധിച്ച് നടത്തുന്ന ദിനാചരണങ്ങൾക്കായി LSGD തുക വകയിരുത്തുക, അങ്കണവാടിയിൽ – Smart Class Room പ്രാവർത്തികമാക്കുക.
2. ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ച് ട്രാൻസ്ജെൻഡർ വിഭാഗക്കാർക്ക് ഫ്ളാറ്റ് പണിതു നൽകുക
3. വ്യക്തിക്കും കുടുംബത്തിനുമുള്ള തുടർച്ചയായ കൗൺസിലിംഗ് പരിപാടിയുടെ അഭാവം
4. ജില്ലാതലത്തിലുള്ള കൃത്യമായ സ്ഥിതിവിവരകണക്കുകൾ ഉണ്ടാക്കുക. ജില്ലയിലെ എല്ലാ അപേക്ഷകളിലും റിക്കോർഡുകളിലും ട്രാൻസ്ജെൻഡർ കോളം ഉൾപ്പെടുത്തുക.
5. വയോജന ക്ലബ്ബുകൾ രൂപീകരിക്കുവാൻ മുൻകൈ എടുക്കുകയും പ്രവർത്തനങ്ങൾക്കുവേണ്ട ധനസഹായം നൽകുകയും ചെയ്യുക.
6. തദ്ദേശഭരണതലത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്ന വയോജനങ്ങൾക്ക് meals on wheels പ്രോഗ്രാം പോലെയുള്ള പദ്ധതികൾ.
7. അപകടങ്ങൾ മൂലം വൈകല്യം സംഭവിച്ചവർക്ക് പ്രതിസന്ധി മറികടക്കുന്നതും, സ്വയം പര്യാപ്തത നേരിടാനും ഉള്ള മാനസിക ധൈര്യവും, പിന്തുണയും നൽകുന്നതിനുള്ള കൗൺസിലിങ്ങ് സംവിധാനം ഏർപ്പെടുത്തുക.
8. ഗർഭശുശ്രൂക്ഷയ്ക്കായി കുടുംബശ്രീകളെ സംയോജിപ്പിച്ചുകൊണ്ട് പരിപാലന ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുക. കുറഞ്ഞ ചിലവിൽ ഗർഭശുശ്രൂഷ ലഭ്യമാക്കുന്ന രീതിയിലായിരിക്കണം ഇത് നടത്തേണ്ടത്.
9. ജില്ലയിൽ, റെയിൽവേ സ്റ്റേഷൻ, ബസ്സ് സ്റ്റേഷൻ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് യാത്രക്കാരായ സ്ത്രീകൾക്ക് Night stay & short & stay home നടപ്പിലാക്കുക – ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കുക.

സംയോജന സാദ്ധ്യതകൾ

സാമൂഹ്യനീതിവകുപ്പ് നടത്തുന്ന പരിപാടികൾ (ഐ.ഡി. കാർഡ്, തൊഴിൽ പരിശീലനം, സ്കോളർഷിപ്പ് തുടങ്ങിയവ) സാക്ഷരതാമിഷൻ പരിപാടിയുമായി (തുല്യതാപഠനം) പ്രാദേശികതലത്തിൽ സംയോജിപ്പിച്ച് നടത്താവുന്നതാണ്. ആരോഗ്യ പരിരക്ഷ, എസ്.ആർ.എസ് എന്നിവ സംബന്ധിച്ച നടപടികൾക്ക് ആരോഗ്യവകുപ്പുമായി സ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും ജീവിതനൈപുണ്യ പരിശീലനത്തിനും കൗൺസിലിംഗും സപ്പോർട്ടിംഗുമായി വിദ്യാഭ്യാസ വകുപ്പുമായും പൊതുസുരക്ഷ ഉറപ്പു വരുത്തുന്നതിന് പോലീസ് വകുപ്പുമായും പ്രവർത്തനങ്ങൾ, പരിപാടികൾ ഏകോപിപ്പിക്കുക. ദുർബല ജനവിഭാഗങ്ങൾക്കായി സാമൂഹ്യനീതിവകുപ്പ് നടപ്പാക്കുന്ന കേന്ദ്രസംസ്ഥാന പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യം, (ARSH, NCD Clinics, Palliative Care) കുടുംബശ്രീ (Vulnerability mapping, പോഷകാഹാര സേവനങ്ങൾ), AIDS Control Society, ലേബർ (ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ), Employment And Skill വകുപ്പ് (തൊഴിൽ, വൊക്കേഷണൽ പരിശീലനം) എന്നീ വകുപ്പുകളുമായി പ്രവർത്തനം ഏകോപിപ്പിക്കാവുന്നതാണ്.

ഭിന്നശേഷി വിഭാഗക്കാർക്കുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കേന്ദ്ര സംസ്ഥാന സർക്കാരുകളും, കെ.എസ്.എസ്.എം., വികലാംഗ ക്ഷേമ കോർപ്പറേഷൻ, വികലാംഗ കമ്മീഷണറേറ്റ്, NISH, വിവിധ എൻ.ജി.ഒ., സന്നദ്ധ സംഘടനകൾ, റസിഡന്റ് അസോസിയേഷനുകൾ തുടങ്ങി വിവിധ ഏജൻസികൾ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഇവ പരസ്പരം സംയോജിപ്പിച്ചു നടപ്പാക്കുന്നതിന് സാധിച്ചാൽ തന്നെ നല്ലൊരു ശതമാനം വിഭാഗത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നു. അതിലൂടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും സാധിക്കുന്നു.

- ''കാരുണ്യ ലോട്ടറി'' മോഡലിൽ കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പുമായി സംയോജിപ്പിച്ച് ഭിന്നശേഷിക്കാരുടെ കുടുംബക്ഷേമത്തിനായി ഒരു ലോട്ടറി സംവിധാനം ഉണ്ടാക്കുകയും അതുവഴി സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

- മുഴുവൻ സമയവും ഭിന്നശേഷിക്കാരെ പരിചരിക്കുകയോ കാത്തുരക്ഷിക്കുകയോ ചെയ്യേണ്ടിവരുന്നവർ ധാരാളമാണ്. അത്തരം രക്ഷിതാക്കൾക്ക് വീടിനു പുറത്തു പോയി ജോലി ചെയ്യാനോ ജീവിതമാർഗ്ഗം കണ്ടെത്താനോ കഴിയുന്നില്ല. അത്തരക്കാർക്ക് വീട്ടിലിരുന്ന് ചെയ്യാവുന്ന തൊഴിൽ പരിശീലനവും, പലിശ രഹിത വായ്പയും വ്യവസായ വകുപ്പുമായി സംയോജിപ്പിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. അവർ ഉത്പാദിപ്പിക്കുന്ന വസ്തുക്കൾ വിപണനം ചെയ്യുന്നതിന് **കുടുംബശ്രീ** വഴി വിപണന സൗകര്യം ഉറപ്പു വരുത്തേണ്ടതാണ്. അതിനായി കുടുംബശ്രീ വിപണന ശൃംഖലയുമായി ടൈഅപ്പ് ഉണ്ടാക്കണം. ഇങ്ങനെ ലഭിക്കുന്ന വരുമാനം ആദായ നികുതിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

- സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മുഴുവൻ സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ കമ്പനികൾ, ബാങ്കുകൾ എന്നിവയുടെ CSR Fund (Corporate Social Response Fund) -ൽ നിന്നും നിശ്ചിത ശതമാനം തുക ഭിന്നശേഷിക്കാർക്കായുണ്ടാകേണ്ട സംസ്ഥാന ഫണ്ടിലേക്ക് നിർബന്ധമായും മാറ്റണം. അതിനുള്ള ഭരണപരവും നിയമപരവുമായ നടപടികൾ സർക്കാർ കൈക്കൊള്ളണം. നിലവിൽ ഇത്തരം ഫണ്ട് ചിലവഴിക്കുന്നതിന് മാനദണ്ഡങ്ങൾ ഇല്ല. ഓരോ സ്ഥാപനങ്ങൾ അവരുടെ ഇഷ്ടത്തിനാണ് ഫണ്ട് ചിലവഴിച്ചുവരുന്നത്.

7.23 നിർമ്മാണ മേഖല

മേൽത്തട്ട്

നിലവിലുള്ള നിരത്തുകൾ മെച്ചപ്പെടുത്തുന്നതിന് ഇന്ത്യൻ നിരത്ത് കോൺഗ്രസിന്റെ മാനദണ്ഡങ്ങൾ അനുവർത്തിക്കേണ്ടതാണ്. ബജറ്റിലുള്ള വിഭവങ്ങളോടൊപ്പം എംഎൽ/ എഎംപി എന്നിവരുടെ ഫണ്ടുകളും ഉപയോഗിക്കാനുള്ള സാധ്യത ആരായേണ്ടതാണ്. നിരത്തുകളെ സംബന്ധിച്ച പദ്ധതികൾ തയ്യാറാക്കുമ്പോൾ അടുത്ത് 15 വർഷത്തെ ആവശ്യങ്ങൾ മുന്നിൽകാണണം. നമ്മുടെ സംസ്ഥാനത്തിന്റെ 80% ഗതാഗതം നടക്കുന്നത് ദേശീയ-സംസ്ഥാന-മുഖ്യ ജില്ലാനിരത്തുകൾ വഴിയാണ്. അതുകൊണ്ട് ഈ ഗതാഗതത്തിന്റെ ഒരു ഭാഗം മറ്റു നിരത്തുകളിൽ കൂടി തിരിച്ച്വിട്ട് തിരക്ക് കുറയ്ക്കാൻ ശ്രമിക്കുന്നത് നന്നായിരിക്കും. കൊച്ചി മെട്രോ പ്രാരംഭ നിർമ്മാണ ഘട്ടത്തിൽ ഈരീതി കൊച്ചി നഗരത്തിൽ വിജയകരമായി നടപ്പാക്കിയിരുന്നു. ഏതാണ്ട് 80 ശതമാനത്തോളം നിരത്തുകൾ കൈകാര്യം ചെയ്യുന്നത് പ്രാദേശിക സർക്കാരുകളാണ്. 15% നിരത്തുകൾ പൊതുമരാമത്തു വകുപ്പിന്റെ കീഴിലാണ്. ഏറ്റവും രസകരമായ കാര്യം ചില സംസ്ഥാന പാതകളും അംഗീകൃത മാനദണ്ഡങ്ങൾക്കും താഴെയാണ്. സംസ്ഥാനത്തെ 61% പാലങ്ങൾ പുനർനിർമ്മാണമോ നവീകരണമോ ആവശ്യമുള്ളവയാണ്. തദ്ദേശീയ സർക്കാരുകളും ഈ ആവശ്യം പരിഗണിക്കേണ്ടതാണ്.

കീഴ്ത്തട്ട്

എറണാകുളം ജില്ലയിലെ നിർമ്മാണ മേഖലയുടെ വളർച്ചാ തോതിലെ അനുപാതം കൂട്ടാൻ അതായത് കൂടുതൽ തൊഴിലും വരുമാനവും കൂട്ടുന്നതിന് നിർമ്മാണ മേഖലയെ ഇനിയും ശക്തിപ്പെടുത്തണം. പൊതുനിരത്തിനെ സംബന്ധിച്ച് എറണാകുളം ജില്ലയ്ക്ക് പ്രത്യേകമായ പദ്ധതികൾ ആവശ്യമാണ്. സംസ്ഥാനത്തെ 61% പാലങ്ങൾ പുനർനിർമ്മാണമോ നവീകരണമോ ആവശ്യമുള്ളവയാണ്. തദ്ദേശീയ സർക്കാരുകളും ഈ ആവശ്യം പരിഗണിക്കേണ്ടതാണ്.

7.24 നഗരവൽക്കരണവും കുടിയേറ്റവും

മേൽത്തട്ട് നിർദ്ദേശങ്ങൾ

1. ഇതര സംസ്ഥാന തൊഴിലാളികളെ ആശങ്കയോടെ അകറ്റി നിർത്തുന്നതിനു പകരം അവരുടെ അടിസ്ഥാന വിവരങ്ങൾ ക്രോഡീകരിച്ചു വിലയിരുത്തുകയും ജീവിത സാഹചര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെടുത്തുകയുമാണ് വേണ്ടത്.

2. കേരളത്തിൽ ജോലി തേടിയെത്തുന്ന ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിന്റെ സംസ്കാരത്തിലും സ്വഭാവത്തിലും വരുത്തിയ മാറ്റങ്ങൾ ഏറെയാണ്.

3. എല്ലാ ഇന്ത്യാക്കാർക്കും എല്ലാ സംസ്ഥാനത്തും താമസിക്കാനും തൊഴിലെടുക്കാനുമുള്ള ഭരണഘടനാ സ്വാതന്ത്ര്യത്തെ പരിഗണിച്ച് അവർക്കും നമുക്കുമിടയിൽ സൗഹാർദ്ദ തൊഴിൽ സമീപനം സൃഷ്ടിക്കണം.

4. ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാ നഗരസഭ തലത്തിലും ജാഗ്രത സമിതികൾ രൂപീകരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പോലീസിന്റെയും സഹകരണത്തോടെ ഓരോ പ്രദേശത്തെയും ലേബർക്യാംപ് വാസസ്ഥലവും സന്ദർശിക്കുകയും തൊഴിലാളികളെ നേരിൽ കണ്ട് കാര്യങ്ങൾ തിരക്കി ഒരു രജിസ്റ്റർ തയ്യാറാക്കുകയും വേണം.

5. ഇവരിലെ ക്രിമിനലുകളെ കണ്ടുപിടിച്ച് കുറ്റകൃത്യങ്ങളുടെ സാധ്യത ഇല്ലാതാക്കണം. അവർക്ക് മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. വിശ്വസനീയമല്ലാത്ത തിരിച്ചറിയൽ രേഖയില്ലാതെ ആരും സംസ്ഥാനത്ത് താമസിക്കാൻ അനുവദിക്കരുത്.

6. ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും വിസ്തൃതി കുറവുമായതിനാൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ട സ്ഥലം ലഭിക്കുന്നതിന് നഗരങ്ങളിൽ ബുദ്ധിമുട്ട് നേരിടുന്നു. ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനും പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനും സ്ഥലം ലഭ്യമാക്കുന്നതിനും മറ്റുമായി സർക്കാർ തലത്തിൽ തീരുമാനങ്ങളും നടപടികളും ഉണ്ടാകേണ്ടതുണ്ട്.

7. മെട്രോലെയിൻ കടന്നുപോകുന്ന എൻ എച്ചിന്റെ വശങ്ങളിൽ അനധികൃത പാർക്കിങ് പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയത് രണ്ട് മേഖലകളായി തിരിച്ച് നോർത്ത് കളമശ്ശേരി പത്തടിപ്പാലം പ്രദേശങ്ങളിൽ സ്ഥലം കണ്ടെത്തി പാർക്കിങ് സൗകര്യം ഒരുക്കുന്നതിനും ഡ്രൈവർമാർക്കും ക്ലീനർമാർക്കും ആവശ്യമായ വിശ്രമ മുറിയും ടോയ്ലറ്റ് സൗകര്യം ഉൾപ്പടെ സജ്ജീകരി ക്കേണ്ടതാണ്. നഗരത്തിലെ റോഡുകളിലെ ഗതാഗതക്കുരുക്കും അശാസ്ത്രീയമായ റോഡ് നിർമ്മാണവും സിഗ്നൽ സംവിധാനവും കാരണം നഗരസഭ വെല്ലുവിളികൾ നേരിടുന്നുണ്ട്. ആയതിനാവശ്യമായ മേൽപ്പാലങ്ങളും സിഗ്നൽ ബോർഡുകളും സ്ഥാപിച്ചു പരിഹാരം കാണേണ്ടതാണ്.മെട്രോ റെയിലും നിലവിലുള്ള റെയിൽവേ സ്റ്റേഷനും ബസ് സ്റ്റാന്റും തമ്മിൽ ബന്ധിപ്പിക്കാത്തതു കാരണം മെട്രോ റെയിലിന്റെ നിർമ്മാണം കളമശ്ശേരി നഗരസഭയിൽ പ്രതീക്ഷിച്ച ഫലം കാണുന്നില്ല. ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

8. തൊഴിലാളികൾക്ക് കുറഞ്ഞ ചിലവിൽ താമസിക്കുന്നതിന് സർക്കാർ ഉടമസ്ഥതയിൽ കെട്ടിടം നിർമ്മിച്ചു നൽകുന്നത് പരിഗണിക്കാവുന്നതാണ്.

9. ഗുരുതരമായ ഗതാഗത കുരുക്കാണ് നഗരം നേരിടുന്ന വെല്ലുവിളി. വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവിന് ആനുപാതികമായി റോഡുകൾ വികസിച്ചിട്ടില്ല. ചാലിക്കടവ് പാലത്തെ തൊടുപുഴ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്, മുറിക്കല്ല് പാലത്തിന്റെ അപ്രോച്ച് റോഡ് എന്നിവയുടെ പൂർത്തീകരണം കൊണ്ട് മാത്രമെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ. ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ ഇടങ്ങളിലേക്ക് പുതിയ റോഡുകൾ നിർമ്മിക്കണം. കാൽനട യാത്രക്കാർക്ക് സുരക്ഷിതമായി നടക്കാനുള്ള സംവിധാനങ്ങൾ നഗരത്തിൽ വളരെ അപര്യാപ്തമാണ്. പ്രധാന റോഡുകളുടെ ഇരുവശവും നടപ്പാതകൾ നിർമ്മിക്കണം.

10. കെഎസ്ആർടിസി ബസ് സർവീസുകളും പ്രൈവറ്റ് ബസ് സർവീസുകളുമാണ് ഇതര പ്രദേശങ്ങളുമായി ബന്ധപ്പെടാനുള്ള സൗകര്യം ഒരുക്കുന്നത്. ഈ സർവീസുകൾക്കായി ഒരു കെ എസ് ആർ ടി സി ബസ് സ്റ്റാന്റും രണ്ട് പ്രൈവറ്റ് ബസ് സ്റ്റാന്റുകളുമാണ് ഉള്ളത്. നിലവിൽ ഈ സൗകര്യങ്ങൾ തുലോം അപര്യാപ്തമാണ്.

11. പറവൂർ പട്ടണത്തിലെ ഗതാഗതം സുഗമമാക്കുന്നതിനായി പറവൂരിൽ ഒരു ബൈപ്പാസ് എന്ന ആശയം പ്രാവർത്തികമാക്കേണ്ടതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

1. ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണം, ഐ. ഡി. രജിസ്ട്രേഷൻ, എന്നിവ പോലീസ്, ലേബർ വകുപ്പ്, സന്നദ്ധസംഘടനകൾ എന്നിവരുടെ സഹകരണത്തോടെ ബോധവൽക്കരണം നടത്താവുന്നതാണ്. പോലീസിന്റെ സഹകരണത്തോടെ ഓരോ പ്രദേശത്തേയും ലേബർ ക്യാമ്പുകൾ സന്ദർശിക്കുകയും തൊഴിലാളികളെ നേരിൽക്കണ്ട് കാര്യങ്ങൾ തിരക്കി ഒരു രജിസ്റ്റർ തയ്യാറാക്കിയിരിക്കണം. പൊതുജനങ്ങളുടേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും കൂട്ടായ പരിശ്രമത്തോടെ പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

.....

2. നഗരസഭ കെട്ടിടങ്ങളിലും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലും സോളാർ പാനൽ സ്ഥാപിച്ച് അവയുടെ പ്രവർത്തനത്തിനാവശ്യമായ വൈദ്യുതി സ്വന്തമായി ഉല്പാദിപ്പിക്കണം.
3. ദൈനംദിനം നഗരത്തിലെത്തുന്ന അനേകായിരം ജനങ്ങൾക്ക് പ്രാഥമിക കൃത്യങ്ങൾ നിർവഹിക്കുന്നതിന് പര്യാപ്തമായ ശുചിമുറികൾ നഗരത്തിലില്ല. ജനസാന്ദ്രതയുള്ള കേന്ദ്രങ്ങളിൽ പൊതുകക്കൂസുകൾ സ്ഥാപിക്കണം, ജലലഭ്യത ഉറപ്പുവരുത്തണം.
4. തെരുവുനായ്ക്കളുടെ ജനനനിയന്ത്രണ പരിപാടികൾ നഗരസഭാ തലത്തിൽ നടപ്പിലാക്കുന്നു.

സംഗ്രഹം

പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പ്രധാന നിഗമനങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1. കൃഷി

ശാസ്ത്രീയമായ കൃഷിരീതികൾ കർഷകർ പൂർണ്ണമായും അനുവർത്തിക്കാത്തത് ഉൽപ്പാദനക്ഷമതയിൽ കുറവ് വരുത്തുന്നുണ്ട്. മണ്ണ് പരിശോധനയിൽ അധിഷ്ഠിതമായ വളപ്രയോഗം വ്യാപകമാക്കാത്തതും വിദഗ്ധ തൊഴിലാളികളുടെ അഭാവവും കാർഷിക ഉൽപ്പന്നങ്ങളുടെ വിലസ്ഥിരതയില്ലായ്മയും സാമ്പത്തിക ഭദ്രതയെ സാരമായി ബാധിക്കുന്നു. സാങ്കേതിക വൈദഗ്ധ്യം ലഭിച്ച ജീവനക്കാർ ഉണ്ടെങ്കിലും ജോലി ത്തിരക്കുമൂലം ഗവേഷണ സ്ഥാപനങ്ങളുടെ കണ്ടെത്തലുകൾ കൃഷിയിടങ്ങളിലേക്ക് ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്നില്ല. ജലസേചന സൗകര്യങ്ങളുടെ കാര്യക്ഷമത ക്കുറവ്, യന്ത്രങ്ങളുടെയും പ്രാദേശിക സംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തത, ഉത്പാദനോപാദികളുടെ ലഭ്യതക്കുറവ്, ഉയർന്ന കൂലിചെലവ്, പ്രതികൂല കാലാവസ്ഥയെ അതിജീവി ക്കാനുള്ള ബുദ്ധിമുട്ട് എന്നിവയാണ് കാർഷികമേഖലയിലെ പ്രധാന പ്രശ്നങ്ങൾ.

പൊക്കാളികൃഷി, ലോകശ്രദ്ധയാർജ്ജിച്ച പരിസ്ഥിതി സൗഹൃദ കൃഷിയെന്ന രീതിയിൽ സംരക്ഷിച്ചു നിർത്തുക, വാണിജ്യ നഗരത്തിലെ കർഷക തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിൽ പ്രത്യേക പരിഗണന നൽകി വിളവെടുപ്പ് തുടങ്ങിയ കാർഷിക പ്രവൃത്തികൾ കർഷകർക്കും തൊഴിലാളി കൾക്കും പ്രയോജന പ്പെടുത്തുന്നതിനുള്ള പദ്ധതി, മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുക, അത്യുത്പാദന ശേഷിയുള്ള നെല്ലിനങ്ങളുടെ വികസനവും, സംരക്ഷണവും, സർക്കാർ ഫാമുകളും കാർഷിക സർവ്വകലാശാല കേന്ദ്രീകരിച്ചും ഫലസംസ്ക്കരണ യൂണിറ്റുകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പി ക്കുവാനുള്ള യൂണിറ്റുകളും ആരംഭിക്കുക. കഴിയുന്നത്ര ഗ്രാമീണ- കാർഷിക വിപണന കേന്ദ്രങ്ങൾവഴി പച്ചക്കറി സ്വയംപര്യാപ്ത കൈവരിക്കുക തുടങ്ങിയവയാണ് പ്രധാന നിർദ്ദേശങ്ങൾ.

2. ജലസേചനം

ജില്ലയിലെ തെക്കുപടിഞ്ഞാറൻ മേഖലകളിൽ വേനൽക്കാലത്ത് കായലുകളിൽ നിന്നും ഉപ്പുവെള്ളം കയറി കൃഷി നശിക്കാതിരി ക്കുന്നതിനായി സ്ഥാപിക്കുന്ന ഉപ്പുവെള്ള നിയന്ത്രണ ബണ്ടുകൾ കുടിവെള്ളത്തിന്റെ ലഭ്യതയ്ക്കും വ്യവസായ മേഖലയുടെ സംരക്ഷണത്തിനുംകൂടി സഹായകമാണ്. കുളങ്ങളുടെ നവീകരണം, ചെക്ക് ഡാമുകളുടെ നിർമ്മാണം, ഉപയോഗ ശൂന്യമായ പാറമടകളുടെ പുനരുപയോഗം, വെള്ളപ്പൊക്ക നിയന്ത്രണ/നിരോധന പണികൾ, കടലാക്രമണ നിരോധന/ പ്രതിരോധ പ്രവൃത്തികൾ, ഉൾനാടൻ ഗതാഗതം സുഗമമാക്കുന്നതിനുള്ള പ്രവൃത്തികൾ എന്നിവയാണ് വൻകിട ചെറുകിട ജലസേചന വിഭാഗത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ.

എല്ലാ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിലും ഓരോ stand by motor വെക്കേണ്ടതാണ്. ജലത്തിന്റെ സുഗമമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന അശാസ്ത്രീയ നിർമ്മാണങ്ങൾ പുനർനിർമ്മിക്കുക., വേമ്പനാട്ട് കായൽ, പെരിയാർ എന്നിവ പൂർണ്ണമായും മാലിന്യ വിമുക്തമാക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുക, താത്ക്കാലികമായി നിർമ്മിക്കപ്പെട്ടിട്ടുള്ള ചെറു ഓരുമുട്ടുകൾക്ക് പകരമായി സ്ഥിരം സംവിധാനം ഏർപ്പെടുത്തി ചെറുതോടുകളെ പുനരുജ്ജീവിപ്പിക്കുക. പാറമടകളിൽ കെട്ടികിടക്കുന്ന വെള്ളം ഉപയോഗയോഗ്യ മാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. പാറമടകളിൽ മത്സ്യകൃഷി ആരംഭിക്കുക. പാറമടകളിലെ വെള്ളം കുടിവെള്ളത്തിനോ കൃഷിക്കോ ഉപയോഗിക്കുക, ഗുണനിലവാര പരിശോധനയ്ക്ക് മൊബൈൽ ടെസ്റ്റിംഗ് ലാബ് സ്ഥാപിക്കുക എന്നിവയാണ് പ്രധാന നിർദ്ദേശങ്ങൾ.

3. മണ്ണ് - ജലസംരക്ഷണം

അനുവദനീയ മണൽവാരലിനേക്കാൾ 30 ഇരട്ടിയുടെ മുകളിൽ മണലൂറ്റുകൾ കാരണം താഴ്ന്ന ഭാഗത്ത് വലിയ കുഴികൾ രൂപാന്തരപ്പെടുകയും അവ ഓരുവെള്ളം കയറി ശുദ്ധജലത്തെ മലിനമാക്കുകയും ചെയ്യുന്നു. മണ്ണൊലിപ്പ് ഉണ്ടാകുന്ന തിനുള്ള പ്രധാന കാരണങ്ങൾ വനനശീകരണം, നദികളിലെ അനിയന്ത്രിതമായ മണൽ വാരലും നദീതീര മണ്ണിടിച്ചിലും, മലകളും കുന്നുകളും വെട്ടിമാറ്റലും വയൽ നികത്തലും, ജലസ്രോതസ്സു കളുടെ സംരക്ഷണക്കുറവും മലിനീകരണവും, അപകടകരവും അനിയന്ത്രിതവുമായ ഭൂപരിവർത്തനങ്ങൾ, അശാസ്ത്രീയമായ ഭൂവിനിയോഗം, തെറ്റായ കൃഷിരീതികൾ, സംരക്ഷണപരമല്ലാത്ത വിള തെരഞ്ഞെടുക്കലും വിള സംവിധാനവും, ജൈവവളശോഷണം എന്നിവയാണ്.

തോടുകളുടെ ജലനിർഗ്ഗമനശേഷി വർദ്ധിപ്പിക്കുന്നതിനായി കയ്യേറ്റം തടയേണ്ടതും തോടുകളുടെ ആഴവും വീതിയും പരമാവധി വർദ്ധിപ്പിക്കേണ്ടതുമാണ്. നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടാതെ ജലവിതാനം താഴ്ന്ന് ജലക്ഷാമവും വരൾച്ചയും ഉണ്ടാകുന്നു. ഇരുകരകളും ഇടിഞ്ഞ് നീരൊഴുക്ക് തടസ്സപ്പെടുകയും തന്മൂലം വർഷകാലങ്ങളിൽ കൃഷി നിലങ്ങളിൽ രൂക്ഷമായ വെള്ളക്കെട്ട് അനുഭവപ്പെടുകയും വേനൽക്കാലങ്ങളിൽ യഥാസമയം വെള്ളം ലഭിക്കാത്തതുമൂലം കൃഷി നടപ്പാക്കാനാവാതെ കർഷകർ ഭൂമി തരിശ്ശിടുകയും ചെയ്യുന്നതിനു പരിഹാരമായി നിലവിലുള്ള തോടുകൾക്കും നീർച്ചാലുകൾക്കും ശരിയായ രീതിയിൽ സംരക്ഷണം നൽകേണ്ടതാണ്.

4. മൃഗസംരക്ഷണ വകുപ്പ്

പ്രധാനമായും പാൽ, മുട്ട, മാംസം എന്നിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്ന തിനുതകുന്ന പ്രവർത്തനങ്ങളാണ് ഈ മേഖല നൽകിവരുന്നത്. അതോടൊപ്പംതന്നെ രോഗചികിത്സ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുക എന്നിവയും ചെയ്തു വരുന്നു. ജില്ലയിൽ മൂന്ന് അംഗീകൃത അറവുശാലകൾ പ്രവർത്തിക്കു ന്നുണ്ടെങ്കിലും ആവശ്യത്തിന് മാംസം എത്തിച്ചു നൽകുന്നതിന് അന്യ സംസ്ഥാനങ്ങളെയും ആശ്രയിക്കേണ്ടി വരുന്നു.

ജില്ലയിൽ മുട്ടക്കോഴി കുഞ്ഞുങ്ങളുടെ ദൗർലഭ്യം പരിഹരിക്കേണ്ടതും ലഭ്യത ഉറപ്പുവരുത്താൻ ആധുനിക സംവിധാന ങ്ങളോടുകൂടിയ ഹാച്ചറി സ്ഥാപിക്കുക. ആധുനിക സൗകര്യങ്ങളോടുകൂടി ഒരു അറവുശാല നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുക, പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിൽമേഖലയെ ഭക്ഷ്യസുരക്ഷാ ഉറപ്പാക്കുന്ന പദ്ധതികളായി പരിഗണിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചട്ടങ്ങളിൽ ആവശ്യമായ ഇളവുകൾ നൽകാൻ നടപടി കൈക്കൊള്ളുക. ന്യായവില കാലിത്തീറ്റ സ്റ്റോർറൂമും വില്പന ഔട്ട്ലെറ്റുകളും ജില്ലയിൽ ആരംഭിക്കുവാൻ പദ്ധതി ആവിഷ്ക്കരിക്കുക എന്നിവയാണ് പ്രധാന നിർദ്ദേശങ്ങൾ.

5. ക്ഷീര വികസന വകുപ്പ്

ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് ക്ഷീര വികസന വകുപ്പിലൂടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ജില്ലാതലത്തിലുള്ള ക്വാളിറ്റി കൺട്രോൾ ഓഫീസുകൾ ക്ഷീര സഹകരണസംഘത്തിൽ കൈകാര്യം ചെയ്യുന്ന പാലിന്റെ ഗുണ നിലവാരം ഉറപ്പാക്കുന്നതിന് ക്ഷീര

സഹകരണ സംഘങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ക്ഷീര ഉൽപാദകരെ ബോധവൽക്കരിക്കുന്നതിനും ഉൽപാദകരുടെയും ഉപഭോക്താക്കളുടെയും പരാതികൾ പരിഹരിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുകയും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

വൈവിധ്യവത്കരണത്തിലൂടെ സംഘം പ്രവർത്തനം ആകർഷകമാക്കുന്നതിന്റെ ഭാഗമായി കാലിത്തീറ്റ ബ്ലെന്റിംഗ് യൂണിറ്റ്, ചാണകം ഉണക്കിപൊടിക്കുന്ന യൂണിറ്റ്, കർഷകരുടെ ഉൽപന്നങ്ങൾ വിപണനം നടത്തുന്ന സംരംഭങ്ങൾ തുടങ്ങിയ പദ്ധതി കളിലൂടെ സംഘങ്ങളെ നവീകരിക്കുക, മൊബൈൽ മിൽക്കിംഗ് യൂണിറ്റ് സ്ഥാപിക്കുക എന്നിവയാണ് ക്ഷീര വികസന വകുപ്പ് നൽകിയിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ.

6. മത്സ്യബന്ധന മേഖല

തീരദേശത്തെ മത്സ്യബന്ധന പ്രവർത്തനങ്ങളാണ് ജില്ലയിലെ മത്സ്യബന്ധ മേഖലയെ സ്വാധീനിക്കുന്ന പ്രധാന വരുമാനമാർഗം. വിവിധ ജലാശയങ്ങളും വൈവിദ്ധ്യമാർന്ന ജലവിഭവങ്ങളും പൂർണ്ണമായി ഉപയോഗപ്പെടുത്തു കയാണെങ്കിൽ മത്സ്യത്തിന്റെ വളർച്ച ഗണ്യമായി ഉയർത്തുവാൻ സാധിക്കും. ജലജീവികൾ അതിന്റെ പ്രജനനത്തിനും വളർച്ചയ്ക്കും കണ്ടൽകാടുകളെ ആശ്രയിക്കുന്നതിനാൽ അവ സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

കായലുകളിലും ഡാമുകളിലും മത്സ്യങ്ങളുടെയും മറ്റ് ജീവികളുടെയും പ്രജനനത്തിനും വളർച്ചയ്ക്കും ഇണങ്ങുന്ന ഫിഷ് അഗ്രിഗേറ്റിംഗ് സംവിധാനങ്ങൾ സ്ഥാപിക്കൽ പദ്ധതി, കണ്ടൽകാട് സംരക്ഷണവും കണ്ടൽചെടി നട്ടുപിടിപ്പിച്ച് പരിപാലിക്കുന്നതിനുള്ള പദ്ധതികൾ, പൊതുജലാശയങ്ങളിൽ നിന്ന് പോളപായൽ നീക്കം ചെയ്യുന്നതിനുള്ള പദ്ധതി, മത്സ്യകുഞ്ഞ് ഉത്പാദനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവയാണ് പ്രധാന നിർദ്ദേശങ്ങൾ.

7. വനം വകുപ്പ്

വനസംരക്ഷണത്തോടൊപ്പംതന്നെ വന്യജീവി സംരക്ഷണവും വനം വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളാണ്. അതോടൊപ്പം കാട്ടുതീയിൽ നിന്നുള്ള വന സംരക്ഷണവും പ്രധാന്യമർഹിക്കുന്നു. വന്യജീവി മേഖലകളെ സാങ്ച്വറികൾ, നാഷണൽ പാർക്കുകൾ എന്നിവയായി പ്രഖ്യാപിച്ച് പ്രത്യേക പരിപാലന പ്രവർത്തനങ്ങൾ നടത്തുന്നു.

കാർബൺരഹിത വാഹനങ്ങൾ വാങ്ങുന്നതിനും, പൊതു ഉപയോഗങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതികൾ (സൈക്കിൾ, വൈദ്യുതി വണ്ടികൾ), സസ്യാവരണം വർദ്ധിപ്പിക്കുന്നതിനുള്ള സംയുക്ത സംരഭങ്ങൾ (വനംവകുപ്പ്), സസ്യ-ജന്തു ജാലങ്ങളുടെ കണക്കെടുപ്പും, അമിത ചൂഷണം തടയുന്നതിനുമുള്ള ശ്രമങ്ങൾ (ജൈവ വൈവിധ്യ പരിപാലന സമിതി - ബിഎംസി, സംസ്ഥാന ബോർഡ് എന്നിവയും സഹകരണത്തോടെ), ചുടിനെ ചെറുക്കുന്ന, കുറഞ്ഞ ജലം വേണ്ട കാർഷിക പ്രാധാന്യമുള്ള സസ്യ ഇനങ്ങളുടെ കണ്ടെത്തൽ, പ്രജനന വിതരണ പദ്ധതികൾ എന്നിവയാണ്.

8. വ്യവസായം-വാണിജ്യം-സ്വയം തൊഴിൽ സംരംഭങ്ങൾ

കയർ, കൈത്തറി, മുള, മത്സ്യം മുതലായ പരമ്പരാഗത വ്യവസായങ്ങളും രാസവളം, രാസവസ്തുക്കൾ, ലോഹങ്ങൾ, കപ്പൽ നിർമ്മാണം, എണ്ണ ശുദ്ധീകരണം, യന്ത്രസാമഗ്രികൾ, കീടനാശിനികൾ തുടങ്ങിയ വൻകിട ഇടത്തരം വ്യവസായങ്ങളും ജില്ലയിൽ പ്രവർത്തിക്കുന്നു. സംസ്ഥാനത്തുള്ള 8 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ 4 എണ്ണവും എറണാകുളം ജില്ലയിലാണ്. അവശ്യ ഉൽപ്പാദന യൂണിറ്റ് എന്ന നിലയിൽ വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന എണ്ണ ശുദ്ധീകരണ ശാലയും ജില്ലയിലുണ്ട്.

നിലവിലുള്ള യൂണിറ്റുകളുടെ വിപുലീകരണം, വർക്ക് ഷെഡ് മെയിന്റനൻസ്, ഈറ്റ, ചൂരൽ തുടങ്ങിയ അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കുന്ന സംരംഭകർക്ക് അവരുടെ യൂണിറ്റിന്റെ ഉത്പാദനശേഷിയുടെ അടിസ്ഥാനത്തിൽ മൂലധന ഗ്രാന്റ് അനുവദിക്കുക, കുടുംബിനികളായ യുവതികൾക്ക് നെയ്ത്തിൽ പരിശീലനം നൽകി തറ ഇട്ട് സംരംഭം ആരംഭിക്കുന്ന തിനുള്ള

ധനസഹായം നൽകുക തുടങ്ങിയവയാണ് പ്രധാന നിർദ്ദേശങ്ങൾ.

9. ആരോഗ്യ വകുപ്പ്

അലോപ്പതി

ഉയർന്ന ചികിത്സാ ചെലവ്, ജീവിതശൈലീ രോഗങ്ങളുടെ വർദ്ധനവ്, മഴക്കാല പകർച്ചവ്യാധി രോഗങ്ങൾ തുടങ്ങിയവയെല്ലാം ഈ രംഗത്തെ സങ്കീർണ്ണതകൾ വർദ്ധിപ്പിക്കുന്നു. സ്കൂൾ കുട്ടികളിൽ വർദ്ധിച്ചുവരുന്ന പൊണ്ണത്തടി, കൗമാരക്കാരിലെ ലഹരി ഉപയോഗം, സ്ത്രീകളുടെ ശാരീരിക നിഷ്ക്രിയത്വം, അന്യസംസ്ഥാനക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ, മാലിന്യനിർമ്മാർജ്ജനം പദ്ധതികളുടെ അഭാവം എന്നിവയെല്ലാം ഈ മേഖലയെ നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും ഒരു പ്രധാന പ്രശ്നമായി കാണുന്നു.

ആരോഗ്യമുള്ള എറണാകുളത്തിനായി ഒന്നിക്കാം' – മാലിന്യത്തിന്റെ ഉത്പാദനം തന്നെ കുറക്കുക, ഗ്രീൻപ്രോട്ടോക്കോൾ ചട്ടം കർശനമായി നടപ്പിലാക്കുക, പ്രതിരോധ കുത്തിവയ്പ് നിരക്ക് 100% ആക്കുക, അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുവാനായി അവരുടെ താമസസ്ഥലങ്ങളും ജോലിസ്ഥലങ്ങളും കേന്ദ്രീകരിച്ച് സമഗ്ര ക്യാമ്പുകൾ സംഘടിപ്പിക്കുക, ക്ഷയരോഗമുക്ത ജില്ല, പുകയിലയുടെ ഉപയോഗം ഗണ്യമായി കുറുക്കുവാനും പുതിയതായി ഈ ശീലം തുടങ്ങാതിരിക്കുവാനും സ്കൂൾ തലത്തിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ഇഛഠജ്ഞ നിയമത്തിന്റെ കർശനമായ നടത്തിപ്പ്, പഴം, പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയും അവയുടെ ഉപഭോഗം ജനങ്ങളിൽ വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളുണ്ടാക്കുകയും ചെയ്യണം. രക്തക്കുറവ്, പോഷകാഹാരക്കുറവും എന്നിവ പരിഹരിക്കുവാനുള്ള പദ്ധതികളും മാതൃ-ശിശു ക്ഷേമത്തിനായി പ്രത്യേക പദ്ധതികളൾ രൂപീകരിക്കുക, മൊബൈൽ ക്ലിനിക്കിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുക എന്നിവയും പ്രധാനപ്പെട്ട നിർദ്ദേശങ്ങളാണ്.

ഹോമിയോപ്പതി

ജില്ലയിൽ നിലവിൽ 63 ഗവ. ഹോമിയോ ഡിസ്പെൻസറികളും 41 എൻ.എച്ച്.എം ഡിസ്പെൻസറികളും 3 ആശുപത്രികളും ആണ് ഉള്ളത്. ടി സ്ഥാപനങ്ങളിൽ നിന്ന് പ്രതിവർഷം 21,67,274 രോഗികൾക്ക് ഒ.പി. ചികിത്സയും 8663 രോഗികൾക്ക് ഐ.പി. ചികിത്സയും ലഭ്യമാക്കി വരുന്നു. സ്ത്രീകളുടെ ശാരീരിക-മാനസിക പ്രശ്ന പരിഹാരത്തിനുള്ള സീതാലയം, കുട്ടികളിലെ പഠന-പെരുമാറ്റ-സ്വഭാവ വൈകല്യങ്ങൾ പരിഹരിക്കുന്നതിനുള്ള സദ്ഗമയ ക്ലിനിക്, ജീവിതശൈലീ രോഗനിയന്ത്രണത്തിനുള്ള ആയുഷ്മാൻഭവ ക്ലിനിക്, ലഹരി വിമോചന ക്ലിനിക്, വന്ധ്യതാ നിവാരണ ക്ലിനിക്, സാന്ത്വന ചികിത്സയും ഹോംകെയറും നൽകുന്ന പെയിൻ & പാലിയേറ്റീവ് ക്ലിനിക് തുടങ്ങി നിരവധി സ്പെഷ്യൽ ക്ലിനിക്കുകളും ഹോമിയോ ആശുപത്രികൾ കേന്ദ്രീകരിച്ച് നൽകി വരുന്നു.

ഹോമിയോപ്പതി ചികിത്സയോടൊപ്പം ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനംകൂടി ലഭ്യമാക്കുക, വയോജനങ്ങൾക്കുള്ള ജെറിയാട്രിക് പദ്ധതി, മൊബൈൽ ക്ലിനിക്ക്, വന്ധ്യതാ നിവാരണ ആശുപത്രി തുടങ്ങിയ നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ആയുർവേദം

ഭാരതീയ ചികിത്സാ സമ്പ്രദായമായ ആയുർവേദം സർക്കാർ തലത്തിലും സ്വകാര്യ മേഖലയിലും വേരൂന്നിയിട്ടുള്ള എറണാകുളം ജില്ലയിൽ സർക്കാർ മേഖലയിൽ 14 ആയുർവേദ ആശുപത്രികളും, 68 ഡിസ്പെൻസറികളും, 22 എൻ.എച്ച്.എം താൽക്കാലിക ഡിസ്പെൻസറികളും നിലവിലുണ്ട്. പിണവൂർക്കുടിയിൽ ഗിരിവർഗ്ഗത്തിനായി ഒരു ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു.

കിടത്തിചികിത്സാ സൗകര്യങ്ങളുള്ള കൂടുതൽ ആശുപത്രികൾ അനിവാര്യമാണ്. എല്ലാ ആശുപത്രികളിലും കൂടുതൽ

സ്പെഷ്യാലിറ്റികൾ ആരംഭിക്കേണ്ടതാണ്. എല്ലാ ബ്ലോക്കിലും ഒരു 'അഷ്ടാംഗ' ആശുപത്രി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രായമായ രോഗികൾ കൂടുതലായെത്തുന്ന ആയുർവ്വേദ സ്ഥാപനങ്ങളിൽ ലാബ് സൗകര്യം ഏർപ്പെടുത്തന്നത് രോഗികൾക്ക് വളരെ ആശ്വാസകരമായിരിക്കും. എല്ലാ ആയുർവ്വേദ ഡിസ്പെൻസറികളിലും ഇലക്കിഴി, സ്വേദനം, നസ്യം, നേത്രസേകം, രക്തമോക്ഷം തുടങ്ങിയ കർമ്മങ്ങൾ ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉള്ള ഒരു മിനി പഞ്ചകർമ്മ തീയേറ്റർ സ്ഥാപിക്കേണ്ടതാണ്. യുവജനങ്ങളിലെ ലഹരിമരുന്നുകളുടെ ഉപയോഗം തടയുന്നതിന് ബോധവത്ക്കരണം ആവശ്യമാണ്.

10. കുടിവെള്ളം

നമ്മുടെ പരമ്പരാഗത സ്രോതസ്സുകളായ കിണറുകൾ, കുളങ്ങൾ, തോടുകൾ മറ്റു ജലാശയങ്ങൾ എന്നിവ ഭൂരിഭാഗവും മദ്ധ്യ വേനൽ ആകുന്നതോടെ വറ്റിവരളുകയും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു. കൂടാതെ കുടിവെള്ളത്തിൽ മാലിന്യം കലരുന്നതു മൂലമുണ്ടാകുന്ന ജലജന്യ രോഗങ്ങളും വലിയഭീഷണിയാകുന്നു. മാത്രമല്ല വേനൽ രൂക്ഷമാകുന്നതോടെ കുടിവെള്ളത്തിന്റെ ദുരുപയോഗവും കൂടുന്നു. പുഴകളിലും തോടുകളിലും അടിയണകളും തടയണകളും നിർമ്മിച്ച് മഴക്കാലത്തുണ്ടാകുന്ന വെള്ളം കെട്ടിനിർത്തി ഉപയോഗിച്ചാൽ കുടിവെള്ള സ്രോതസ്സുകൾ വറ്റാതിരിക്കും.

ജനസാന്ദ്രതയേറിയ ഗ്രാമപ്രദേശങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പൊതുവായുള്ള സെപ്റ്റിക് ടാങ്കുകളും മാലിന്യം ശേഖരിക്കുന്ന യൂണിറ്റുകളും ഒരു പൊതുസീവേജ് പദ്ധതിയുടെ ഭാഗമാക്കണം. കൂടാതെ പുതിയ റോഡുകളോ, പുതിയ പദ്ധതികളോ ആവിഷ്ക്കരിക്കുമ്പോഴും നിലവിലുള്ള റോഡുകൾ വീതികൂട്ടുമ്പോഴും വാട്ടർ അതോറിറ്റിക്ക് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുവേണ്ട സ്ഥലംകൂടി പരിഗണിക്കേണ്ടതാണ്. ജലവിതരണ ശൃംഖലയിലെ കേടുപാടുകൾ ഉടൻ നന്നാക്കുന്നതിന് പ്രാദേശികമായി ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെയുള്ള സംവിധാനം ഉണ്ടാക്കുക, ജില്ലയിലെ ശുദ്ധജല വിതരണ ശൃംഖലയുടെ മാപ്പ് തയ്യാറാക്കി എല്ലാ ജലഅതോറിറ്റി ഓഫീസുകളിലും സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കുക, ജനസാന്ദ്രതയേറിയ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളൊഴികെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന സ്ഥലങ്ങളുടെ വിസ്തീർണ്ണം കണക്കാക്കി ഒരു വീടിനു ഒരു കിണർ എന്ന നിലയിലോ അഞ്ചു വീട്ടുകാർക്ക് ഒരു കിണർ എന്ന നിലയിലോ പരമാവധി കിണറുകൾ നിർമ്മിക്കുന്നതിനും പരമാവധി സ്ഥലമുള്ള ഇടങ്ങളിൽ കുളങ്ങൾ നിർമ്മിക്കുന്നതിനും വാർഡ്തലത്തിൽ നടപടികൾ എടുക്കേണ്ടതാണ്.

11. ശുചിത്വമിഷൻ

ആധുനിക മനുഷ്യസമൂഹം നേരിടുന്ന പ്രധാന ഭീഷണികളിലൊന്നാണ് മലിനീകരണം. ജീവന്റെ നിലനിൽപ്പും ജനകോടികളുടെ ആരോഗ്യവും മലിനീകരണമൂലം അപകടത്തിലാകുന്നു. ഓരോ വർഷവും മാലിന്യങ്ങളുടെ തോത് വർദ്ധിച്ചുവരുന്നു. അവ ശേഖരിക്കാനോ മറ്റൊരിടത്തേക്ക് കൊണ്ടുപോകാനോ പുനരുപയോഗത്തിന് സാധ്യമാകാതെ മാലിന്യക്കൂമ്പാരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. തന്മൂലം അസഹനീയമായ ദുർഗന്ധം, കീടങ്ങളുടെ പെരുകൽ, വായു മലിനീകരണം, മാലിന്യങ്ങളിൽ നിന്ന് ഒളിച്ചുവരുന്ന മലിനദ്രാവക (ലിച്ചേറ്റ്) കാരണമുള്ള ജല/ഭൂഗർഭജല മലിനീകരണം തുടങ്ങിയ പ്രശ്നങ്ങൾ ഉടലെടുക്കുന്നു. മാലിന്യ സംസ്കരണ നിയമങ്ങളുടെ ബന്ധപ്പെട്ട വകുപ്പുകൾ ഉപയോഗിച്ച് ഷോപ്പിംഗ്മാളുകളിലും വസ്ത്ര-വ്യാപാര സ്ഥാപനങ്ങളിലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിർത്തലാക്കുകയും ന്യായമായ യൂസർ ഫീ ഈടാക്കി പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള സഞ്ചി ഉപയോഗിക്കുന്നത് നിയമപരമായി നിർബന്ധമാക്കുകയും ഇത്

ലംഘിക്കുന്നവർക്കെതിരെ കർശനമായി പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സംസ്ഥാനതലത്തിൽ സ്വീകരിക്കുക, ഇറച്ചി-മത്സ്യവ്യാപാര സ്ഥാപനങ്ങൾ സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുകയും അവയുടെ പ്രവർത്തന ശേഷിയും കൃത്യതയും തദ്ദേശസ്ഥാപനങ്ങൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന് ശേഷം മാത്രം ലൈസൻസ് നൽകുക, സെപ്റ്റിക് മാലിന്യം നീക്കംചെയ്യുന്ന ടാങ്കർ ലോറികൾക്ക് ലൈസൻസ് സംവിധാനം ഒരുക്കുകയും, അനധികൃത സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് വാഹനങ്ങളുടെ പ്രവർത്തനം അവസാനിക്കാൻ വേണ്ട നടപടികൾ ചെയ്യുക, മാലിന്യങ്ങൾ പൊതുസ്ഥലത്ത് വലിച്ചെറിയുന്നവർക്കെതിരെയുള്ള നടപടികൾക്ക് നിയമസാദ്ധ്യത വരുത്തുക തുടങ്ങിയവയാണ് പ്രധാന ശുപാർശകൾ.

12. പാർപ്പിടം

ലൈഫ് സർവ്വേ പ്രകാരം ജില്ലയിൽ ഭവന രഹിതരായി 49,144 കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്. ഇതിൽ 38,447 ഭൂരഹിത ഭവനരഹിതരും 10,697 ഭൂമിയുള്ള ഭവനരഹിതരും ഉണ്ട്. വരുന്ന അഞ്ചുവർഷത്തിനുള്ളിൽ അർഹതയുള്ള എല്ലാ ഭവനരഹിതർക്കും ഭവനം നൽകുക എന്നതാണ് കാഴ്ചപ്പാട്. ആദ്യഘട്ടമായി ജില്ലയിൽ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ലക്ഷ്യമിടുന്നു.

ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് നിർമ്മാണ വേളയിൽ 90 ദിവസത്തെ അവിദഗ്ദ്ധ കായികത്തൊഴിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർബന്ധമായും ചെയ്യണമെന്ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുക, ഭവന നിർമ്മാണത്തിന് ആവശ്യമായ നിർമ്മാണ സാമഗ്രികൾ (കട്ട, കട്ടിള, ജാളി) മുതലായവ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നിർമ്മിച്ചു കൊടുക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുക, ഗുണഭോക്താവിന് വീട് നിർമ്മാണത്തിന് വായ്പ ലഭിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള ബാങ്കുകൾ, പരിശീലനം ലഭിച്ച മേസ്തിരികൾ, സംയോജിത സേവനങ്ങൾ നൽകുന്ന വകുപ്പുകൾ, സേവനം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നൽകുക, ബി.എൽ.ബി.സി യോഗങ്ങളിൽ വായ്പ ലഭ്യമാക്കൽ നിബന്ധനകൾ, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയവ ചർച്ച ചെയ്യുക, സ്ഥിരതാമസക്കാരായ അന്യസംസ്ഥാന തൊഴിലാളികൾക്ക് അവരുടെ ജനസംഖ്യ കേന്ദ്രീകൃതമായ സ്ഥലങ്ങളിൽ പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ചുകൊടുക്കുവാനുള്ള നടപടികൾ ചെയ്യുക തുടങ്ങിയവയാണ് പ്രധാന നിർദ്ദേശങ്ങളായി ഉൾപ്പെടുത്തിയിട്ടുള്ളത്.

13. വിദ്യാഭ്യാസം

കേരള സർക്കാർ മുന്നോട്ടുവച്ചിട്ടുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന ദൗത്യം വിഭാവനം ചെയ്യുന്നത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതികവും അക്കാദമിക വുമായ നിലവാരവർധന അന്താരാഷ്ട്ര മാനദണ്ഡങ്ങളെയാണ് ലക്ഷ്യം വയ്ക്കുന്നത്. ജില്ലയിലെ തെരഞ്ഞെടുത്ത സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്നതിനും 8 മുതൽ 12 വരെ കുട്ടികളെ ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സ്കൂളുകൾക്ക് ആവശ്യമായ കെട്ടിടം, ടോയ്ലറ്റ് സംവിധാനം, കളിസ്ഥലം, സ്മാർട്ട് ക്ലാസ്സ്റൂം, ലൈബ്രറി, ജൈവവൈദ്യ പാർക്ക്, നീന്തൽകുളം എന്നിവ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക എന്ന നിർദ്ദേശങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്.

14. ഊർജ്ജം

ജലവൈദ്യുതിനിലയങ്ങൾ, താപവൈദ്യുതിനിലയങ്ങൾ, കാറ്റാടിപ്പാടങ്ങൾ, സോളാർ വൈദ്യുതി നിലയങ്ങൾ എന്നിവ വഴിയാണ് കേരളത്തിൽ വൈദ്യുതോത്പാദനം നടത്തുന്നത്. കേരളത്തിൽ ജലവൈദ്യുത നിലയങ്ങളുടെ പ്രവർത്തനം പ്രധാനമായും കാലവർഷത്തെ

ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതിൽ വർഷങ്ങളായി നിലനിൽക്കുന്ന അപര്യാപ്തത, വർദ്ധിച്ച ആവശ്യ വിതരണ വ്യതിയാനം, ജലവൈദ്യുതി പദ്ധതിയിൽ അധിഷ്ഠിതമായ വിതരണരംഗം, പരിമിതമായ പാരമ്പര്യേതര ഊർജ്ജം, എനർജി കൺസർവേഷൻ പൊട്ടൻഷ്യലും റിയലൈസേഷനും തമ്മിലുള്ള അന്തരം, സ്വതന്ത്ര ഊർജ്ജ ഉത്പാദകരുടെയും കോ-ജനറേറ്റിംഗ് സ്റ്റേഷനുകളുടെയും വിരളമായ സാന്നിദ്ധ്യം, സ്റ്റാർ ലേബൽ ഉത്പന്നങ്ങളുടെ വിരളമായ ഉപയോഗം ഇവയാണ് സംസ്ഥാനത്തെ വൈദ്യുതി മേഖല നേരിടുന്ന വെല്ലുവിളികൾ.

തെരുവ്വിളക്കുകൾ പൂർണ്ണമായും എൽ.ഇ.ഡി.യി.ലേക്കും സൗരോർജ്ജത്തിലേക്കും മാറ്റുക, 2000 സ്കയർഫീറ്റിന് മുകളിലുള്ള വീടുകൾക്ക് സൗരോർജ്ജ ഉത്പാദനം നിർബന്ധമാക്കിക്കൊണ്ട് കെട്ടിട നിർമ്മാണ നിയമം ഭേദഗതി ചെയ്യുക, പൊതുയാത്രാ സൗകര്യം മെച്ചപ്പെടുത്തി സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം നിയന്ത്രിക്കുക, ഇലക്ട്രിക് വാഹനങ്ങളുടെ പ്രചാരണം വർധിപ്പിക്കുന്നതിനായി പലതരത്തിലുള്ള ഇളവുകൾ (നികുതി, സൗജന്യ പാർക്കിംഗ്) നടപ്പിൽവരുത്തുക, നിലവിലുള എല്ലാ കുടിവെള്ള പദ്ധതികളുടെയും കാലപ്പഴക്കംചെന്ന പമ്പ്സെറ്റുകൾ (വാട്ടർ അതോറിറ്റി) അടക്കം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കുക, ഇലക്ട്രിക് വാഹനങ്ങൾക്കായി കൂടുതൽ ചാർജ്ജിംഗ് പോയിന്റുകൾ കണ്ടെത്തുക, കാലപ്പഴക്കം ചെന്ന വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുക എന്നീ ആശയങ്ങളാണ് പ്രധാനമായും ഉൾക്കൊള്ളിച്ചിട്ടുള്ളത്.

15. ഗതാഗതം

കേരളത്തിന്റെ വ്യാവസായിക തലസ്ഥാനമായി കണക്കാക്കപ്പെടുന്ന ജില്ലയുടെ വികസന കാഴ്ച്ചപ്പാട് വിലയിരുത്തുമ്പോൾ പശ്ചാത്തല മേഖലയുടെ സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. പ്രധാനപ്പെട്ട സ്ഥലങ്ങളുടെ വികസനം ദേശീയപാതയും സംസ്ഥാന പാതകളും സംഗമിക്കുന്ന സ്ഥലങ്ങളുടെ വികസനങ്ങൾക്ക് ആക്കം വർദ്ധിപ്പിച്ചു. വാഹനത്തോത് അനുസരിച്ച് റോഡുകളും മറ്റ് അനുബന്ധ സൗകര്യങ്ങളും വികസിക്കുക എന്നത് അത്യന്താപേക്ഷിതമാണ്. വിനോദ സഞ്ചാരികളെ ജലഗതാഗതം ശീലിപ്പിക്കുന്നതിൽ വരുത്തുന്ന വീഴ്ചകളും കായൽ ടൂറിസത്തിന്റെ സാധ്യതകൾ സംയോജിപ്പിക്കുന്നതിനുള്ള വീഴ്ച്ചകളും ശ്രദ്ധിക്കണം. ആഭ്യന്തര സഞ്ചാരികൾക്ക് ഉതകുംവിധം ചെറായി ബീച്ച്, മുനമ്പം ബീച്ച്, കുഴുപ്പിള്ളി ബീച്ച്, എന്നിവ വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. കപ്പൽ ഗതാഗതം വഴിയുള്ള ചരക്ക് - വിനോദസഞ്ചാരങ്ങൾക്ക് ഉണ്ടായിട്ടുള്ള വീഴ്ച്ചകളാണ്.

റോഡ് നിർമ്മാണ വേളയിൽതന്നെ ഓടകളുടെ നിർമ്മാണം ഉറപ്പുവരുത്തുക, വളവുകൾ, കയറ്റിറക്കങ്ങൾ ക്രമീകരിക്കുന്നതിനും ബ്ളാക്ക് സ്പോട്ടിൽ അപകടങ്ങൾ കുറക്കുന്നതിനും മുൻകരുതൽ സ്വീകരിക്കുന്ന തരത്തിൽ പദ്ധതി വിഭാവനം ചെയ്യുക, വെള്ളക്കെട്ടുള്ള സ്ഥലങ്ങൾക്ക് യോജിച്ച നിർമ്മാണ വിദ്യകൾ ഉപയുക്തമാക്കുക, വെളിച്ചം ലഭ്യത രാത്രിയിലും ഉറപ്പാക്കുന്ന സംവിധാനങ്ങൾക്കായി നടപടികൾ സ്വീകരിക്കുക, നഗരത്തിന് പുറത്ത് പാർക്കിംഗ് ഏരിയയിൽ ക്രമീകരിച്ച് മെട്രോയുമായി ബന്ധിപ്പിക്കുന്നതിനുള്ള ഫീഡർ സർവ്വീസുകൾ കാര്യക്ഷമമാക്കുക, ജില്ലയുടെ കിഴക്കൻ മേഖലയിലെ പ്രധാനമായും പട്ടികവർഗ്ഗ കോളനികളിലേക്കുള്ള സഞ്ചാരമാർഗ്ഗങ്ങൾ വിപുലികരിക്കുന്നതിന് വനംവകുപ്പുമായി ബന്ധപ്പെട്ട് അനുമതികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കോർപ്പറേഷൻ, മുനിസിപ്പൽ, പഞ്ചായത്ത് എന്നിവ നടപ്പിലാക്കുന്ന പദ്ധതികൾ കണക്ടിവിറ്റി ഉറപ്പാക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ SC/ST ഫ□ുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ മാനദണ്ഡങ്ങളിൽ സംസ്ഥാനത്തിന്റെ

അവസ്ഥ അനുസരിച്ച് പുന:ക്രമീകരിക്കുക, വൈറ്റില, ഹബ്ബ്, എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിൽ മെട്രോ, റെയിൽ, ജല, റോഡ് ഗതാഗതം സംയോജിപ്പിക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുക എന്നിവയാണ് പ്രധാനപ്പെട്ട ശുപാർശകൾ.

16. വിനോദ സഞ്ചാരം

അന്താരാഷ്ട്ര വിമാനത്താവളവും, തുറമുഖവും, ആധുനിക നഗര സ്വഭാവത്തിലേക്കുള്ള വികസന കുതിപ്പുകളും, ഭൂമിശാസ്ത്ര പ്രത്യേകതകളും ഏറ്റവുമധികം വിനോദസഞ്ചാരികളെ വരവേൽക്കുന്ന ഒരു ജില്ലയായി എറണാകുളത്തെ മാറ്റിയിരിക്കുകയാണ്. മറൈൻഡ്രൈവ്, ഉദ്യാനങ്ങൾ, ഷോപ്പിംഗ് കേന്ദ്രങ്ങൾ, മെട്രോറെയിൽ, ബോട്ടിംഗ് സൗകര്യങ്ങൾ, ഹോട്ടലുകൾ എന്നിവ സമ്മേളന ടൂറിസം കേന്ദ്രങ്ങളുടെയും മെഡിക്കൽ ടൂറിസത്തിനനുസൃതമായ ആശുപത്രി സമുച്ചയങ്ങളുടെയും കേന്ദ്രം കൂടിയാണ്. തട്ടേക്കാട് പക്ഷിസങ്കേതം, ഭൂതത്താൻകെട്ട്, കോടനാട്, പാണിയേലിൽപോര് വെള്ളച്ചാട്ടം, അഭയാരണ്യം തുടങ്ങി വനമേഖലകളും, ചാലക്കുടി പുഴയോരത്തുള്ള ഏഴാറ്റുമുഖം പ്രകൃതിഗ്രാമം പാർക്ക് എന്നിവയും വിനോദസഞ്ചാരികളെ ആകർഷിക്കുന്ന കേന്ദ്രങ്ങളാണ്.

എയർപോർട്ട്, പ്രധാന ടൂറിസം കേന്ദ്രങ്ങളായ ഫോർട്ട്കൊച്ചി, മട്ടാഞ്ചേരി തുടങ്ങിയവയെല്ലാം മെട്രോ റെയിലുമായി ബന്ധിപ്പിക്കുക. ജില്ലയിലെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളും വൃത്തിയുള്ളതാക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ സമഗ്ര മാലിന്യ സംസ്ക്കരണവും നിർമാർജ്ജനവും സാദ്ധ്യമാക്കുക, അതോടൊപ്പം ശുദ്ധമായ കുടിവെള്ള സൗകര്യം ലഭ്യമാക്കുക, സഞ്ചാരികൾക്ക് പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തുക, അംഗവൈകല്യമുള്ള സഞ്ചാരികൾക്കും വയോജനങ്ങൾക്കും ഹൃദ്യമായൊരു അനുഭവം ലഭ്യമാക്കാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ചെയ്തു കൊടുക്കുക എന്നിവ പ്രധാന നിർദ്ദേശങ്ങളാണ്.

17. പട്ടികജാതി വികസനം

ജില്ലയിലെ മൊത്തം ജനസംഖ്യയിൽ 8.18% വും പട്ടികജാതി ജനവിഭാഗമാണ്. പുലയൻ, പറയൻ, വേട്ടുവൻ, വേലൻ, ഭാരതൻ, ചക്കിലിയൻ തുടങ്ങിയവയാണ് പ്രധാന വിഭാഗങ്ങൾ. നൂറ്റാണ്ടുകളായി അടിമത്വത്തിന്റെ കീഴിൽ ജീവിച്ച ഈ ജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധിക്കൂ. സ്വന്തമായി ഭൂമിയും ഭവനവും ഇല്ലാത്തവർക്ക് അവ സജ്ജമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ പരിശീലനവും നൽകേണ്ടതാണ്. കോളനികൾ കേന്ദ്രീകരിച്ച് മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, അഭ്യസ്തവിദ്യരായ പട്ടികജാതിക്കാർക്ക് ട്യൂഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, കോളനികൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണ ക്ളാസ്സുകൾ സംഘടിപ്പിക്കുക, പട്ടികജാതി യുവാക്കൾക്ക് 1 ട്രാക്ടർ/1 ട്രില്ലർ വാങ്ങുന്നതിനുള്ള ധനസഹായം നൽകുക, തെങ്ങുകയറ്റ തൊഴിലാളികൾക്ക് തെങ്ങു കയറ്റയന്ത്രം വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുക, ബി.എച്ച്.എം.എസ്/ബി.എ.എം.എസ് കോഴ്സ് പാസ്സായവർക്ക് യഥാക്രമം ഹോമിയോ ക്ലിനിക്/ആയുർവേദ സെന്റർ തുടങ്ങുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക, തരിശ് കൃഷിഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക, എൻട്രൻസ് കോച്ചിംഗിനുള്ള ധനസഹായം ഉയർത്തുക, ഭൂരഹിതർക്ക് അനുവദിച്ച പട്ടയമില്ലാത്ത ഭൂമിക്ക് പട്ടയം കൊടുക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

18. പട്ടികവർഗ്ഗ വികസനം

ജില്ലയിലെ പട്ടികവർഗ്ഗക്കാർ സാമ്പത്തികമായി വളരെ പിന്നോക്കാ

വസ്ഥയിലാണ്. പട്ടികവർഗ്ഗക്കാരിൽ ഭൂരിഭാഗവും മറ്റു സമുദായങ്ങളെപ്പോലെ ഗ്രാമാന്തരീക്ഷത്തിൽ കഴിയുന്നവരാണ്. കോതമംഗലം താലൂക്കിലും കുന്നത്തുനാട് താലൂക്കിലും അധിവസിക്കുന്ന പട്ടികവർഗ്ഗക്കാർ കൂടുതലും വനപ്രദേശങ്ങളിൽ കഴിയുന്നവരാണ്. കോളനികളിൽ പലർക്കും പ്രീ-സ്കൂളുകൾ/ അങ്കണവാടി പ്രവേശനം പ്രാപ്യവുമല്ല. ശൈശവകാലത്തെ പോഷകാഹാരക്കുറവും, വീടുകളിലെ പ്രതികൂല സാഹചര്യവും, രക്ഷിതാവിന്റെ മദ്യപാനവും കുട്ടികളുടെ പഠനത്തെ കാര്യമായി ബാധിക്കുന്നു. തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് മതിയായ സാമ്പത്തിക പുരോഗതി കൈവരിക്കാൻ സാധിക്കുന്നില്ല എന്നതും ഒരു പോരായ്മയാണ്.

വന്യമൃഗശല്യംമൂലം കൃഷി നശിച്ചവർക്ക് പഞ്ചായത്ത് തലത്തിൽ നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടി, ദൂരക്കൂടുതലുള്ള ഊരുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുക, പാട്ടകൃഷി ഭൂമി പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്ത് നടത്തുക, വൃദ്ധരിൽ തൊഴിലെടുക്കൻ പ്രാപ്തിയും അഭിരുചിയുമുള്ളവർക്ക് ആയതിനുള്ള സഹായം നൽകുക, സാമൂഹ്യക്ഷേമ പദ്ധതികളും, പരിചരണ പാക്കേജുകളും ആവിഷ്ക്കരിക്കുക, കടബാധ്യതയുള്ളവർക്ക് വായ്പാ സ്വകാര്യം ഏർപ്പെടുത്തുക, പുരുഷ വനിതാ സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുക, കോളനികളിൽ നിന്നും ടൂറിസ്റ്റ് ഗൈഡ് ആകുവാൻ താത്പര്യമുള്ളവർക്ക് ആവശ്യമായ പരിശീലനം നൽകുക, കൂടുതലായി പ്രീമെട്രിക്, പോസ്റ്റുമെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുക, ശൈശവ വിവാത്തിനെതിരെ ബോധവത്ക്കരണം നടത്തുക എന്നിവയാണ് പ്രധാനമായും നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ.

19. സാമൂഹ്യനീതി വകുപ്പ്

ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വികസനത്തിന് അടിത്തറ പാകുന്നത് ബാല്യകാലത്താണ്. ഈ കാലഘട്ടത്തിൽ വികസനത്തിന് അനുയോജ്യമായ സേവന പരിപാടികൾ പ്രത്യേകിച്ച് അരക്ഷിതരും ദുർബ്ബലരുമായ സമൂഹ വിഭാഗങ്ങൾക്കുവേണ്ടി ലഭ്യമാക്കുകയാണെങ്കിൽ ശിശുമരണം, അംഗവൈകല്യം, പോഷണക്കുറവ് വിദ്യാഭ്യാസത്തിലെ പിന്നോക്ക നില, മാനസിക കഴിവുകളുടെ വികസന കുറവ് എന്നിത്യാദി പ്രശ്നങ്ങളെ ലഘൂകരിക്കുവാൻ കഴിയും. കുഞ്ഞിന്റെ 6 വയസ്സ് വരെയുള്ള കാലഘട്ടത്തിൽ ദ്രുതഗതിയിലുള്ള മസ്തിഷ്ക വികാസവും, ശാരീരിക വളർച്ചയും നടക്കുന്നതിനാൽ ശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും ഏറെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരും ഭാഷാപരമായ വ്യത്യാസമുള്ളവരുമായ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അങ്കണവാടികൾ മുഖേന പ്രത്യേക ശ്രദ്ധയും പരിചരണവും നൽകി വരുന്നു.

കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി കൊണ്ട് അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ തദ്ദേശ ഭരണ സ്ഥാപനത്തിന് കൈമാറുകയും ചെയ്യുക, കായികവും, മാനസികവുമായ വളർച്ചയ്ക്കും, സുരക്ഷിതത്വത്തിനുമുള്ള അന്തരീക്ഷം ഒരുക്കുക, മദ്യം, മയക്കുമരുന്ന്, കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ എന്നിവയ്ക്കെതിരെയുള്ള പരിപാടികൾക്ക് നേതൃത്വം നൽകുക. വയോജന കൗൺസിലിംഗ് സെന്റർ, മറവിരോഗം, സ്മൃതിനാശം എന്നിവയ്ക്കുള്ള ചികിത്സാ സൗകര്യം പ്രത്യേക ക്ലിനിക്കുകൾ, സ്ത്രീജന്യ രോഗങ്ങൾക്ക് പ്രത്യേക പരിഗണന, വൈകല്യത്തിനനുസൃതമായ സഹായ ഉപകരണങ്ങൾ, കിടപ്പിലായ വയോജനങ്ങൾക്ക് വീട്ടിൽച്ചെന്നുള്ള പരിപാലനം, വയോജനങ്ങളുടെ പോഷകാഹാരകുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ, പൊതുസ്ഥലങ്ങൾ, ഓഫീസുകൾ, പഞ്ചായത്തുകൾ, ആശുപത്രികൾ എന്നിവ വയോജന സൗഹൃദമാക്കുക എന്നിവയാണ് പ്രധാന നിർദ്ദേശങ്ങൾ.

ഉപസംഹാരം

1. ജില്ലാ പദ്ധതിയിലെ ജില്ലാ വികസന പരിക്രേ്ഷ്യവും മാർഗ്ഗനിർദ്ദേശങ്ങളും പരിഗണിച്ചുവേണം തദ്ദേശഭരണ സ്ഥാപനങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ അവയുടെ പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കി നടപ്പാക്കേണ്ടത്. ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ ഗൗരവമായി പരിഗണിക്കുവാൻ വികസന വകുപ്പുകളും ഏജൻസികളും തയ്യാറാകേണ്ടതാണ്.

2. ജില്ലാ പദ്ധതിയുടെ ഒന്നാംഭാഗമായ ജില്ലാ വികസന പരിപേക്ഷ്യം കൂടുതൽ സ്ഥിര സ്വഭാവമുള്ളതാണെങ്കിലും ഓരോ പഞ്ചവത്സര പദ്ധതിയുടെയും തുടക്കത്തിൽ ജില്ലാ വികസന പരിപ്രേക്ഷ്യം പരിഷ്കരിക്കേണ്ടതാണ്. എന്നാൽ അഞ്ചു വർഷത്തിനു മുൻപുതന്നെ ജില്ലാ ആസൂത്രണ സമിതിക്ക് ആവശ്യമെന്നുകണ്ടാൽ ജില്ലാ വികസന പരിപ്രേക്ഷ്യം അപ്രകാരം പുതുക്കി ശക്തിപ്പെടുത്താവുന്നതാണ്.

3. കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളുടെയും പ്രാദേശിക സർക്കാരുകളുടെയും വരുംവർഷത്തെ പദ്ധതി തയ്യാറാക്കുമ്പോൾ എടുക്കേണ്ട കരുതലുകളെക്കുറിച്ച് ജില്ലാ ആസൂത്രണ സമിതി നൽകുന്ന നിർദ്ദേശങ്ങളാണ് ജില്ലാ പദ്ധതിയുടെ രണ്ടാംഭാഗം. ഇത് എല്ലാ വർഷവും പുതുക്കേണ്ടതാണ്.

••••••••••••••

അനുബന്ധങ്ങൾ

അനുബന്ധ പട്ടികകൾ

അനുബന്ധ പട്ടികകൾ

ക്രമ നം.	ഇനം	പേജ് നം.
പട്ടിക 1.1	ജില്ലയിലെ ഭൂപ്രദേശങ്ങൾ	
പട്ടിക 1.2	ജില്ലയിലെ ജനപ്രകൃതി	
പട്ടിക 1.3	ജില്ലയിലെ വികസന ബ്ലോക്കടിസ്ഥാനത്തിലുള്ള ജനസംഖ്യയും ജനസാന്ദ്രതയും സാക്ഷരതാനിരക്കും	
പട്ടിക 1.4	ജില്ലയിലെ നഗരസഭകളിലെജനസംഖ്യയും ജനസാന്ദ്രതയും സാക്ഷരതാനിരക്കും	
പട്ടിക 1.5	ജില്ലയിലെ നഗരസഭ തലത്തിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ അവലോകനം	
പട്ടിക 1.6	ജില്ലയിലെ ബ്ലോക്ക് തലത്തിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ അവലോകനം	
പട്ടിക 1.7	എറണാകുളം ജില്ലയിലെ മൊത്തം സംയോജിത മൂല്യം (അടിസ്ഥാന വില - 2011-12) (ലക്ഷത്തിൽ)	
പട്ടിക 1.8	വിവിധ സൂചകങ്ങൾ അടിസ്ഥാനമാക്കി എറണാകുളം ജില്ലയിലെ ദരിദ്ര ഗ്രാമീണ കുടുംബങ്ങളുടെ ശതമാന കണക്ക്	
പട്ടിക 2.1	സംസ്ഥാനത്തെ തൊഴിലാളികളുടെ എണ്ണവും തൊഴിൽ പങ്കാളിത്ത നിരക്കും	
പട്ടിക 2.2	ജില്ലയിലെ നഗരസഭാ തലത്തിലുള്ള തൊഴിൽ പങ്കാളിത്ത നിരക്ക്	
പട്ടിക 2.3	ജില്ലയിലെ ബ്ലോക്ക് തലത്തിലുള്ള തൊഴിൽ പങ്കാളിത്ത നിരക്ക്	
പട്ടിക 2.4	ജില്ലയിലെ 2005 മുതൽ 2011 കാലയളവിൽ ലഭിച്ച മഴയുടെ അളവ്	
പട്ടിക 2.5	ജില്ലയിലെ ബ്ലോക്കനുസരിച്ചുള്ള ഭൂഗർഭജലലഭ്യത	
പട്ടിക 4.1	ചെറുകിട ജലസേചന വിഭാഗം : ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ വിശദവിവരങ്ങൾ	
പട്ടിക 4.2	മേജർ ഇറിഗേഷൻ വർക്സ്	
പട്ടിക 4.3	മൂവാറ്റുപുഴ നദീതടപദ്ധതിയുടെ എറണാകുളം ജില്ലയിൽവരുന്ന കനാലുകളുടെ വിശദാംശങ്ങൾ	
പട്ടിക 4.4	ഇടമലയാർ ജലസേചന പദ്ധതി കടന്നുപോകുന്ന പ്രദേശത്തെ പഞ്ചായത്ത്/നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ	
പട്ടിക 4.5	ക്ഷീര വികസന യൂണിറ്റിന്റെ കീഴിലുള്ള ഡെയറി ഫാം, പുൽകൃഷി എന്നിവയുടെ വിവരങ്ങൾ	
പട്ടിക 4.6	2016-17 കാലഘട്ടത്തിൽ ആയുർവേദ ഡിസ്പെൻസറികളിൽ ചികിത്സ നടത്തിയ പുറമെ നിന്നുള്ള രോഗികൾ	
പട്ടിക 4.7	ശുദ്ധജലത്തിന്റെ ആവശ്യകതയും ലഭ്യതയും	
പട്ടിക 4.8	കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പദ്ധതികൾ	
പട്ടിക 4.9	എറണാകുളം ജില്ലക്കുവേി കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജലവിതരണ സംവിധാനത്തിന്റെ വിശദാംശങ്ങൾ	
പട്ടിക 4.10	കൺസ്യൂമർമാരെ സംബന്ധിച്ച സ്ഥിതിവിവര കണക്ക് - ഇന്ന്	
പട്ടിക 4.11	ജലനിരപ്പ് സൂചികാ വിവരങ്ങൾ	
പട്ടിക 4.12	മാലിന്യ പ്രശ്നങ്ങൾ - ഗുരുലഘുത്വം	
പട്ടിക 4.13	ജില്ലയിലെ ജലഗതാഗത സംവിധാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ	
പട്ടിക 4.14	ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, അറവുശാലകൾ എന്നിവിടങ്ങളുടെ ലിസ്റ്റ്	
പട്ടിക 4.15	പട്ടികജാതിക്കാരുടെ കൈവശഭൂമി	
പട്ടിക 5.1	ജില്ലയിലെ സംരംഭകത്വ വികസന ക്ലബ്ബുകളുടെ വിവരങ്ങൾ	
പട്ടിക 5.2	ടൂറിസം വകുപ്പ് നടത്തുന്ന വിവിധ പദ്ധതികൾ	

പട്ടിക-1.1 ജില്ലയിലെ ഭൂപ്രദേശങ്ങൾ

ക്രമ നം.	ബ്ലോക്ക് പഞ്ചായത്തുകളുടെ പേര്	പഞ്ചായത്തുകളുടെ പേര്	തണ്ണീർത്തടങ്ങൾ		വരണ്ട പ്രദേശങ്ങൾ		പുറമ്പോക്ക്		വനം		തരിശുഭൂമി		ആകെ	
			പ്ലോട്ടുകളുടെ എണ്ണം	സെന്റിലെ ഏരിയ	പ്ലോട്ടുകളുടെ എണ്ണം	സെന്റിലെ ഏരിയ	പ്ലോട്ടുകളുടെ എണ്ണം	സെന്റിലെ ഏരിയ	പ്ലോട്ടുകളുടെ എണ്ണം	സെന്റിലെ ഏരിയ	പ്ലോട്ടുകളുടെ എണ്ണം	സെന്റിലെ ഏരിയ	പ്ലോട്ടുകളുടെ എണ്ണം	സെന്റിലെ ഏരിയ
1	ആലങ്ങാട്	ആലങ്ങാട്	2041	230404	2134	223204							4175	453608
2		കടുങ്ങല്ലൂർ	2446	227972	1563	182493							4009	410465
3		കരുമാല്ലൂർ	2343	282589	1367	244413							3710	527002
4		വരാപ്പുഴ	432	93557	988	164826							1420	258383
5	അങ്കമാലി	അയ്യമ്പുഴ	1801	78456	6791	338842	74	34504					8666	451802
6		കാലടി	5209	152239	5574	215151	1383	44706					12166	412096
7		കാഞ്ഞൂർ	2540	83621	6231	204420	72	65021					8743	353062
8		കറുകുറ്റി	3620	163683	8537	478050	88	62267			3	11467	12248	715467
9		മലയാറ്റൂർ-നീലേശ്വരം	2534	110406	5831	347771	1820	114172			19	14902	10204	587251
10		മഞ്ഞപ്ര	2939	93313	4376	148400	35	19412					7350	261125
11		മൂക്കന്നൂർ	2369	103165	6038	368396	60	42166			5	86	8472	513813
12		തുറവൂർ	3802	135992	5732	294416	28	22183					9562	452591
13	ഇടപ്പള്ളി	ചേരാനെല്ലൂർ	549	122495	604	135056							1153	257551
14		എളങ്കുന്നപ്പുഴ	438	35987	1508	345752							1946	381739
15		കടമക്കുടി	725	150665	665	163867							1390	314532
16		മുളവുകാട്	559	90413	599	3878							1158	478213
17	കൂവപ്പടി	അശമന്നൂർ	4355	149680	7054	372160							11409	521840
18		മുടക്കുഴ	5824	202543	7828	535696							13652	738239
19		കൂവപ്പടി	3779	105793	6068	43632							9847	542095
20		ഒക്കൽ	6059	157947	5824	257654							11883	415601
21		രായമംഗലം	6494	227606	12084	675077							18578	902683
22		വേങ്ങൂർ	3714	16282	9692	83163			1	360434			13407	1354884
23	കോതമംഗലം	കീരാമ്പാറ	821	143811	839812								1480	983623
24		കവളങ്ങാട്	556	113959	627576								1094	741535
25		കോട്ടപ്പടി	1146	139976	653201								2910	793177
26		കുട്ടമ്പുഴ	181	11574	710120								2985	721694
27		നെല്ലിക്കുഴി	3349	275804	394291								6734	370095
28		പൈങ്ങോട്ടൂർ	858	109703	486181								1740	595884
29		പല്ലാരിമംഗലം	640	71612	322248								1381	393860
30		പിണ്ടിമന	866	110354	512402								1885	622756
31		പോത്താനിക്കാട്	848	81751	357705								2248	439456

32		വാരപ്പെട്ടി	2258	184993	331653								4666	516646
33	മൂവാറ്റുപുഴ	ആരക്കുഴ	1236	107655	628824								4656	736479
34		ആവോലി	1030	91769	364643								3058	456412
35		ആയവന	1613	143161	598397								4643	741558
36		കല്ലൂർക്കാട്	751	85148	523837								2456	608985
37		മഞ്ഞള്ളൂർ	883	89490	468701								2947	558191
38		മാറാടി	1531	107847	390179								3721	498026
39		പായിപ്ര	2996	261907	589427								6432	851334
40		വാളകം	3172	209766	367771								6374	577543
41	മുളന്തുരുത്തി	ആമ്പല്ലൂർ	542	204557	353949								1559	558506
42		ചോറ്റാനിക്കര	553	187765	12562								1439	313385
43		എടയ്ക്കാട്ടുവയൽ	2130	904	561327								10785	651737
44		മണീട്	1602	142243	504904								3808	647147
45		മുളന്തുരുത്തി	862	138428	392245								2362	530673
46		ഉദയംപേരൂർ	1550	158749	455487								4144	614236
47	പള്ളുരുത്തി	ചെല്ലാനം	532	992									1524	451997
48		കുമ്പളം	823	1129									1952	513667
49		കുമ്പളങ്ങി	506	1318									1824	377811
50	പാമ്പാക്കുട	ഇലഞ്ഞി	1406	105444	2968	623853							4374	729297
51		കൂത്താട്ടുകുളം	1621	116333	2436	455408							4057	571741
52		പാലക്കുഴ	973	80304	2135	479361							3108	559665
53		പാമ്പാക്കുട	2057	170914	2881	587555							4938	758469
54		പിറവം	2403	202108	2976	512831							5379	714939
55		രാമമംഗലം	1932	151534	2300	392813							4232	5444347
56		തിരുമാറാടി	2704	181691	3007	543390							5711	725081
57	പാറക്കടവ്	ചെങ്ങമനാട്	3251	149553	7001	222464	60	61483					10312	433500
58		കുന്നുകര	2728	323624	1154	122891							3882	446515
59		നെടുമ്പാശ്ശേരി	7070	21191	8353	254384	103	91117					15526	556692
60		നെടുമ്പാശ്ശേരി	5517	201532	9258	380784	12	27453					14787	609769
61		ശ്രീമൂലനഗരം	3159	124286	5703	171347	43	64544			4	217	8909	360794
62		പുത്തൻവേലിക്കര	1848	219269	1709	270171							3557	489440
63	പറവൂർ	ചേന്ദമംഗലം	266	38935	920	228786							1186	267721
64		ചിറ്റാറ്റുകര	583	59687	1752	167799							2335	227486
65		ഏഴിക്കര	2261	166288	1481	208564							3742	374852
66		കോട്ടുവള്ളി	1657	163074	1941	290483							3598	453557

67		വടക്കേക്കര	816	37811	2600	243294							3416	281105
68	വടവുകോട്	ഐക്കരനാട്	3630	122218	7936	510317							11566	632535
69		കുന്നത്തുനാട്	5035	199136	8944	470194							13979	669330
70		മഴുവന്നൂർ	8814	292842	17516	858654							26330	1151496
71		പൂതൃക്ക	4555	181131	8683	461228							13238	642359
72		തിരുവാണിയൂർ	3436	184673	8849	467525							12285	652198
73		വടവുകോട്-പുത്തൻകുരിശ്	2998	120081	9998	681374							12996	801455
74	വാഴക്കുളം	ചൂർണ്ണിക്കര	1675	63741	5919	106120	18	24072					7612	193933
75		എടത്തല	3591	107559	8180	211190	70	148792			12	534	11853	472774
76		കീഴ്മാട്	2421	113184	6867	2328239	39	52332					9327	403755
77		കിഴക്കമ്പലം	7552	224854	10062	549618							17614	774472
78		വാഴക്കുളം	3847	136787	7067	354930							10914	489717
79		വെങ്ങോല	6705	219967	10967	658135							17672	878102
80	വൈപ്പിൻ	എടവനക്കാട്	420	83876	898	193762							1318	277638
81		കുഴുപ്പിള്ളി	356	91864	516	98871							872	190735
83		ഞാറയ്ക്കൽ	431	55069	951	158181							1382	213250
84		പള്ളിപ്പുറം	298	44858	1621	367678							1919	412536
85	നഗരസഭകളും കോർപ്പറേഷനും	ആലുവ(എം)	351	9093	5798	103858	44	41725			4	4451	6197	159128
86		അങ്കമാലി(എം)	4645	161620	7490	282487	1528	57626					13663	501733
87		ഏലൂർ(എം)	1473	115756	1361	187326							2834	303082
88		കളമശ്ശേരി(എം)	2795	195443	1903	401116							4698	596559
89		കോതമംഗലം(എം)	3108	281932	3742	648068							6850	930000
90		മരട്(എം)	1025	119853	1193	185116							2218	304969
91		മൂവാറ്റുപുഴ(എം)	1205	90620	2002	232684							3207	323304
92		നോർത്ത് പറവൂർ (എം)	322	19540	1804	203272							2126	222812
93		പെരുമ്പാവൂർ(എം)	1929	118567	1516	217613							3445	336180
94		തൃക്കാക്കര(എം)	2557	171102	2011	291522							4568	462624
